# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

2015 ഡിസംബർ 15, ചൊവ്വ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 160 - നമ്പർ 9

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

2015 ഡിസംബർ 15, ചൊവ്വ

സ്പീക്കർ
**ശ്രീ. എൻ. ശക്തൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. പാലോട് രവി**

സെക്രട്ടറി
**ശ്രീ. പി. ഡി. ശാരംഗധരൻ**

ചീഫ് എഡിറ്റർ
**ശ്രീ. ബി. മഹേന്ദ്ര കുമാർ**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. ഉമ്മൻ ചാണ്ടി |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | ശ്രീ. പി. കെ. അബ്ദു റബ്ബ് |
| റവന്യൂവും കയറും വകുപ്പുമന്ത്രി | : | ശ്രീ. അടൂർ പ്രകാശ് |
| പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | : | ശ്രീ. എ. പി. അനിൽ കുമാർ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. അനൂപ് ജേക്കബ് |
| ഊർജ്ജ വകുപ്പുമന്ത്രി | : | ശ്രീ. ആര്യാടൻ മുഹമ്മദ് |
| മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. കെ. ബാബു |
| സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി | : | ശ്രീ. സി. എൻ. ബാലകൃഷ്ണൻ |
| പൊതുമരാമത്ത് വകുപ്പുമന്ത്രി | : | ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് |
| പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീമതി പി. കെ. ജയലക്ഷ്മി |
| ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി | : | ശ്രീ. കെ. സി. ജോസഫ് |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. പി. ജെ. ജോസഫ് |
| വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി | : | ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി |
| നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി | : | ശ്രീ. മഞ്ഞളാംകുഴി അലി |
| കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി | : | ശ്രീ. കെ. പി. മോഹനൻ |
| പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ഡോ. എം. കെ. മുനീർ |
| ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | : | ശ്രീ. രമേശ് ചെന്നിത്തല |
| തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി | : | ശ്രീ. ഷിബു ബേബി ജോൺ |
| ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. ശിവകുമാർ |
| വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി | : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ |

# ഉള്ളടക്കം

പേജ്

I ചോദ്യോത്തരങ്ങൾ

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ 1

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ 25

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ 25

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ 61

II അടിയന്തരപ്രമേയം

ബാർകോഴ സംബന്ധിച്ച ക്വിക്ക് വെരിഫിക്കേഷൻ
(അവതരണാനുമതി നിഷേധിച്ചു) 342

III ശ്രദ്ധ ക്ഷണിക്കൽ

1. കണ്ണൂർ വിമാനത്താവള നിർമ്മാണം—
ശ്രീ. സണ്ണി ജോസഫ് 368

2. കയർമേഖല നേരിടുന്ന പ്രതിസന്ധി—
ഡോ. ടി. എം. തോമസ് ഐസക് 373

IV സബ്മിഷൻ

1. പുതുതായി ആരംഭിച്ച മെഡിക്കൽ കോളേജുകളുടെ
ഏറ്റെടുക്കൽ—
പ്രതിപക്ഷ നേതാവ്
(ശ്രീ. വി. എസ്. അച്ചുതാനന്ദൻ) 377

V ക്രമപ്രശ്നം

പ്രസംഗത്തിലെ ഭാഗങ്ങൾ സഭാരേഖയിൽനിന്നും നീക്കം ചെയ്യൽ
378

സബ്മിഷൻ(തുടർച്ച) 379

2. പ്രകൃതിക്ഷോഭത്തിനുള്ള മുൻകരുതലുകൾ—
ശ്രീ. സി. എഫ്. തോമസ് 383

3. ബസ് അപകടത്തിൽ മരണപ്പെട്ടവരുടെ
കുടുംബാംഗങ്ങൾക്കുള്ള ധനസഹായം—
ശ്രീ. ഇ. പി. ജയരാജൻ 384

4. ചാലക്കുടി താലൂക്ക് ഓഫീസ് രൂപീകരണം—

ശ്രീ. ബി. ഡി. ദേവസ്സി 386

5. ടോൾ നൽകുന്നതിൽനിന്നും പഞ്ചായത്തുകളെ ഒഴിവാക്കൽ—

ശ്രീ. എ. എം. ആരിഫ് 387

6. സമഗ്ര കുടിവെള്ള പദ്ധതി—

ശ്രീ. റ്റി. വി. രാജേഷ് 388

7. കരുനാഗപ്പള്ളി സർക്കാർ ആർട്സ് കോളേജിന്റെ പ്രവർത്തനം—

ശ്രീ. സി. ദിവാകരൻ 388

8. അരുവിക്കര ഡാം റിസർവോയർ മാലിന്യമുക്തമാക്കൽ—

ശ്രീ. കെ. എസ്. ശബരീനാഥൻ 389

9. പുല്ലൂർ കശുവണ്ടി ഫാക്ടറി—

ശ്രീ. തോമസ് ഉണ്ണിയാടൻ 390

10. C-APT-നെ അഴിമതി മുക്തമാക്കൽ—

ശ്രീ. ബി. സത്യൻ 390

11. കെ.എസ്.ഇ.ബി. മസ്ദൂർ തസ്തിക—

ശ്രീ. കെ. ശിവദാസൻ നായർ 392

12. വനാവകാശ നിയമം—

ശ്രീ. എ. കെ. ശശീന്ദ്രൻ 394

13. നിർമ്മാണ മേഖലയിലെ പ്രതിസന്ധി—

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ 395

14. വൈദ്യുതി ശ്മശാനം—

ശ്രീ. പി. സി. വിഷ്ണുനാഥ് 394

15. കാസർഗോഡ് ജില്ലയിൽ എക്സൈസ് സർക്കിൾ ഓഫീസും റെയ്ഞ്ച് ഓഫീസും—

ശ്രീ. പി. ബി. അബ്ദുൾ റസാക് 398

16. വടകര നാഷണൽ ഹൈവേയിലെ അപകടസാധ്യത—
ശ്രീ. സി. കെ. നാണു 399

17. അങ്കമാലിയിലെ ഗതാഗതക്കുരുക്ക്—
ശ്രീ. ജോസ് തെറ്റയിൽ 400

18. കണ്ണൂർ-വളപട്ടണം-മാഹി ബൈപ്പാസിന് പ്രത്യേക സ്കീം—
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി 401

19. താനൂരിലെ ബദർപ്പള്ളി പാലത്തിന്റെ നിർമ്മാണം—
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി 402

20. പാണത്തൂർ റോഡിന്റെ നവീകരണം—
ശ്രീ. ഇ. ചന്ദ്രശേഖരൻ 403

21. കടുത്തുരുത്തി ആശുപത്രി കെട്ടിട നിർമ്മാണം—
ശ്രീ. മോൻസ് ജോസഫ് 403

22. ശബരിമലയെ ദേശീയ തീർത്ഥാടന കേന്ദ്രമാക്കൽ—
ശ്രീ. രാജു എബ്രഹാം 405

**VI മേശപ്പുറത്തുവച്ച കടലാസുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനമായ

ചട്ടം 47(2), ചട്ടം 236(6) എന്നിവ അനുസരിച്ചുള്ള കടലാസ്സുകൾ 406

**VII റിപ്പോർട്ട് സമർപ്പണം**

1. സബ്ജക്ട് കമ്മിറ്റി IX-ന്റെ 2015-ലെ കേരള നഗര-ഗ്രാമാസൂത്രണ ബില്ലിനെ സംബന്ധിച്ച റിപ്പോർട്ട് 407

2. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ നൂറ്റിമൂന്ന് മുതൽ നൂറ്റിപ്പത്ത് വരെയുള്ള റിപ്പോർട്ടുകൾ 407

3. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ നാൽപ്പത്തിയാറ് മുതൽ അൻപത്തിരണ്ട് വരെയുള്ള റിപ്പോർട്ടുകൾ 407

4. സബോർഡിനേറ്റ് ലെജിസ്ലേഷൻ സംബന്ധിച്ച സമിതിയുടെ ഇരുപത്തിയൊൻപത് മുതൽ മുപ്പത്തിരണ്ട് വരെയുള്ള റിപ്പോർട്ടുകൾ 407

5. മേശപ്പുറത്തുവച്ച കടലാസ്സുകൾ സംബന്ധിച്ച സമിതിയുടെ പത്ത് മുതൽ പന്ത്രണ്ട് വരെയുള്ള റിപ്പോർട്ടുകൾ 408

**VIII ക്രമപ്രശ്നം**

നിലവിലുള്ള ചട്ടങ്ങളിലെ ഭേദഗതി—
ശ്രീ. വി. എസ്. സുനിൽ കുമാർ 408

**IX നിയമനിർമ്മാണകാര്യം**

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബില്ലുകൾ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

1. 2015-ലെ കേരള സ്പോർട്സ് (ഭേദഗതി) ബിൽ 413
2. 2015-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ 544
3. 2015-ലെ ഹിന്ദു പിൻതുടർച്ച (കേരള ഭേദഗതി) 596

**X റൂളിംഗ്** 441

**നിയമനിർമ്മാണകാര്യം(തുടർച്ച)** 442

# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

*2015 ഡിസംബർ 15, ചൊവ്വ*

വാല്യം 160] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 9

നിയമസഭ 2015 ഡിസംബർ മാസം 15-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

<u>മി.സ്പീക്കർ</u>: ഓർഡർ......ഓർഡർ......ചോദ്യം നമ്പർ *241

(ചോദ്യോത്തരവേള ആരംഭിച്ചപ്പോൾ മുഖ്യമന്ത്രിയും മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രിയും രാജിവയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ബാനറുകളും പ്ലക്കാർഡുകളും പിടിച്ചുകൊണ്ട് എഴുന്നേറ്റുനിന്ന് മുദ്രാവാക്യം വിളിച്ച് ബഹളം വച്ചുകൊണ്ടിരുന്ന പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുശേഷം നിശബ്ദരാകുകയും സ്വസ്ഥാനങ്ങളിൽ ഉപവിഷ്ടരാകുകയും ചെയ്തു.)

### സ്വകാര്യ ഏജൻസികൾ മുഖേനയുള്ള പരീക്ഷാ നടത്തിപ്പ്

1 (*241) <u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u>

<u>ശ്രീ. റ്റി. വി. രാജേഷ്:</u>

<u>ശ്രീ. ആർ. രാജേഷ്:</u>

<u>ഡോ. കെ. ടി. ജലീൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാലകളിലെ പരീക്ഷാ നടത്തിപ്പ് സ്വകാര്യ ഏജൻസികളെ ഏൽപ്പിക്കുന്നതിന് നയപരമായി തീരുമാനം എടുത്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സാങ്കേതിക സർവ്വകലാശാലകളിലെ പരീക്ഷാ നടത്തിപ്പ് ഏജൻസിയെ ഏൽപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഏത് തലത്തിലാണ് പ്രസ്തുത തീരുമാനം കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) പരീക്ഷാ നടത്തിപ്പ് സ്വകാര്യ ഏജൻസികളെ ഏൽപ്പിക്കുന്നതിനെതിരെ നടക്കുന്ന വിദ്യാർത്ഥി പ്രക്ഷോഭം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പരീക്ഷാ നടത്തിപ്പ് സ്വകാര്യ ഏജൻസികളെ ഏൽപ്പിക്കുന്നത് വിദ്യാഭ്യാസ മികവിനെ പ്രതികൂലമായി ബാധിക്കുമോ; പ്രസ്തുത തീരുമാനം പിൻവലിക്കാൻ തയ്യാറാകുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്):സർ,

(എ) പരീക്ഷാ നടത്തിപ്പ് സ്വകാര്യ ഏജൻസികളെ ഏൽപ്പിക്കുന്നതിന് നയപരമായ തീരുമാനം എടുത്തിട്ടില്ല.

(ബി) എ.പി.ജെ. അബ്ദുൾകലാം സാങ്കേതികശാസ്ത്ര സർവ്വകലാശാലയുടെ പരീക്ഷാ നടത്തിപ്പ് ഏജൻസിയെ ഏൽപ്പിച്ചിട്ടില്ല. "വെബ് എനേബിൾഡ് എക്സാമിനേഷൻ മാനേജ്മെന്റ് സിസ്റ്റം" നടപ്പിലാക്കുന്നതിന് ഇ-ടെൻഡർവഴി സോഫ്റ്റ്‌വെയർ, ഹാർഡ്‌വെയർ സംവിധാനങ്ങൾ ഒരുക്കുന്നതിനും ആയത് പ്രവർത്തിപ്പിക്കുന്നതിന് ഏജൻസിയെ കണ്ടെത്തുന്നതിനും നടപടികൾ ആരംഭിച്ചിരുന്നു. എന്നാൽ അദ്ധ്യാപക-വിദ്യാർത്ഥി സംഘടനകളുടെ ആശങ്കകളുടെ അടിസ്ഥാനത്തിൽ സർക്കാരുമായി കൂടിയാലോചിച്ച് സർവ്വകലാശാല പ്രസ്തുത തീരുമാനം നടപ്പിലാക്കേണ്ടതില്ലെന്ന് തീരുമാനിച്ചു. 'എക്സിക്യൂട്ടീവ് കമ്മിറ്റി' തലത്തിലാണ് വെബ് എനേബിൾഡ് എക്സാമിനേഷൻ മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കുവാൻ തീരുമാനമെടുത്തത്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) പരീക്ഷാ നടത്തിപ്പിനാവശ്യമായ സോഫ്റ്റ്‌വെയർ, പ്രിന്റർ, സ്കാനർ, കമ്പ്യൂട്ടർ, വെബ് ക്യാമറ എന്നിവയും ഇവ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ ഓപ്പറേറ്റർ എന്നിവയുമാണ് ഏജൻസിയെ ഏൽപ്പിച്ചത്. ചോദ്യപേപ്പർ തയ്യാറാക്കൽ, ഉത്തരക്കടലാസ് മൂല്യനിർണ്ണയം എന്നിവ അതിന്റെ രഹസ്യ സ്വഭാവം കാത്ത് സൂക്ഷിച്ച് അദ്ധ്യാപകർ തന്നെയാണ് കൈകാര്യം ചെയ്യുന്നത്. പരീക്ഷാ നടത്തിപ്പ് വിഭാവനം ചെയ്തതുപോലെ ഏജൻസി മുഖാന്തരം നടത്തിയാൽ വിദ്യാഭ്യാസ

മികവിനെ ബാധിക്കില്ല. എന്നാൽ അദ്ധ്യാപക-വിദ്യാർത്ഥി സമൂഹത്തിന്റെ ആശങ്കകളുടെ അടിസ്ഥാനത്തിൽ വെബ് എനേബിൾഡ് പരീക്ഷാ സംവിധാനം പിൻവലിച്ചിട്ടുണ്ട്. യൂണിവേഴ്സിറ്റി/സർക്കാർ ഏജൻസി സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നതുവരെ പരമ്പരാഗതമായ രീതിയിൽ പരീക്ഷ നടത്തുന്നതാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, കേരളത്തിൽ ആദ്യമായാണ് ഒരു സർവ്വകലാശാല പരീക്ഷാ നടത്തിപ്പ് സ്വകാര്യ ഏജൻസിയെ ഏൽപ്പിക്കാൻ തീരുമാനിച്ചത്. നൂറ് കോടി രൂപ ചെലവഴിച്ചുകൊണ്ട് പരീക്ഷാ നടത്തിപ്പ് സ്വകാര്യ ഏജൻസിയെ ഏൽപ്പിക്കാൻ തീരുമാനിച്ചത് വലിയ തോതിലുള്ള വെട്ടിപ്പ് നടത്തുന്നതിനുള്ള ആസൂത്രിതമായ ശ്രമമായിരുന്നില്ലേ; ഏതെങ്കിലും സർവ്വകലാശാലകൾ ഇത്തരത്തിൽ പരീക്ഷ നടത്തിയതിന്റെ പഠനം നടത്തിയിട്ടുണ്ടോ; ഇന്ത്യയിലെ മറ്റു ചില സർവ്വകലാശാലകളിൽ നടത്തി പരാജയമാണെന്നു കണ്ട് വേണ്ടെന്നു വച്ച സമ്പ്രദായം കേരളത്തിൽ കൊണ്ടുവരാൻ ഏത് പഠനത്തിന്റെ അടിസ്ഥാനത്തിലാണ് ഗവൺമെന്റ് അല്ലെങ്കിൽ സർവ്വകലാശാല തീരുമാനമെടുത്തത്?

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ഇത് എവിടെയെങ്കിലും പരാജയപ്പെട്ടുവെന്നത് സംബന്ധിച്ച വിവരമൊന്നും ഗവൺമെന്റിന് ലഭിച്ചിട്ടില്ല. അതേസമയം കേരളത്തിൽത്തന്നെ എം.ബി.എ പോലുള്ളപരീക്ഷകളിൽ ഈ സംവിധാനം ഉപയോഗിച്ചിട്ടുമുണ്ട്. അതുകൊണ്ട് പരാജയപ്പെട്ട സംവിധാനം കൊണ്ടുവന്നു എന്നുള്ളതല്ല. പരീക്ഷാ നടത്തിപ്പും അതിന്റെ വാല്യുവേഷനുമെല്ലാം നിലവിലെ രീതിയിൽ തന്നെയാണ് നടക്കുന്നത്. പരീക്ഷയുടെ റിസൽട്ട് വേഗത്തിലാക്കാനും ഓരോ സെമസ്റ്റർ കഴിയുമ്പോഴും കുട്ടികൾക്ക് അതിന്റെ സേ പരീക്ഷ അടുത്ത സെമസ്റ്റർ തുടങ്ങുന്നതിന് മുമ്പ് തന്നെ എഴുതുവാനും പരീക്ഷ നടത്തി എത്രയും വേഗം ഫലം പ്രസിദ്ധീകരിക്കുവാനും വേണ്ടിയാണ് ഇങ്ങനെയൊരു ശ്രമം കൊണ്ടുവന്നത്. മറ്റ് സംസ്ഥാനങ്ങളിലെല്ലാം ഈ സംവിധാനമുണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, സാങ്കേതിക സർവ്വകലാശാലയുടെ ഇപ്പോഴത്തെ നടത്തിപ്പ് നോക്കിയാൽ ഒരു വൈസ് ചാൻസലറും എട്ട് ആളുകളും. കിട്ടുണ്ണി സർക്കസ് പോലെയാണ് സാങ്കേതിക സർവ്വകലാശാല പ്രവർത്തിക്കുന്നത്. ഡിസംബർ 21-ന് സർവ്വകലാശാലയുടെ ഗവേണിംഗ് ബോഡി കൂടുകയാണ്. ബഹുമാനപ്പെട്ട സ്പീക്കർ ശ്രദ്ധിക്കേണ്ട കാര്യമാണ്. ആക്ട് പ്രകാരം അഞ്ച് എം.എൽ.എ.-മാർ ഗവേണിംഗ് ബോഡിയിൽ ഉണ്ട്. അഞ്ച് എം.എൽ.എ.-മാരെ ഉൾപ്പെടുത്താതെയാണ് 21-ാം തീയതി ഗവേണിംഗ് ബോഡി യോഗം വിളിച്ചു ചേർത്തിരിക്കുന്നത്. ഇത് ഈ നിയമസഭയോടുള്ള അവഹേളനമാണ്. നിയമസഭയിൽ

പ്രാതിനിധ്യമുള്ള അഞ്ച് എം.എൽ.എ-മാരെ പങ്കെടുപ്പിക്കാതെ ഇലക്ഷൻ പോലും നടത്താതെ നടപടികളുമായി മുന്നോട്ടുപോകുന്നതെന്തിനാണ്? അതിൽ ഭൂരിപക്ഷവും ഭരണപക്ഷത്തുള്ള എം.എൽ.എ.-മാരല്ലേ വരുന്നത്? ജനപ്രതിനിധികളായ എം.എൽ.എ.-മാരെ ഇരുട്ടിൽ നിർത്തിക്കൊണ്ട് സർവ്വകലാശാലയുടെ നടത്തിപ്പ് സ്വകാര്യ വ്യക്തികൾ നടത്തുന്നതിന്റെ ഭാഗമായാണ് സ്വകാര്യ ഏജൻസിയെ ഏൽപ്പിച്ചത്. അതുകൊണ്ട് ഇതിനു പിന്നിൽ നടന്ന എല്ലാ കള്ളക്കളികളും ഈ നിയമസഭയ്ക്കറിയണം. എം.എൽ.എ.-മാരുടെ പ്രതിനിധിയെ ഉൾപ്പെടുത്താനുള്ള സംവിധാനം എപ്പോഴുണ്ടാക്കുമെന്ന് സഭയെ അറിയിക്കണം.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ബോർഡ് ഓഫ് ഗവർണേഴ്സിൽ വിവിധ കാറ്റഗറിയിൽപ്പെട്ട ആളുകളുണ്ട്. അതിൽ അക്കാഡമിക് കമ്മിറ്റി ഫോം ചെയ്യുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ച് ഗവൺമെന്റും ചാൻസലറും ഉത്തരവുകൾ ഇറക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് പറഞ്ഞതുപോലെ ബോർഡ് ഓഫ് ഗവർണേഴ്സിന്റെ ആദ്യ യോഗം ഡിസംബർ 21-ന് വിളിച്ചു ചേർത്തിട്ടുണ്ട്. ആഗസ്റ്റ് മാസത്തിലാണ് ഈ ആക്ട് പാസ്സാക്കിയത്. മൂന്ന് മാസത്തെ സമയം കൊണ്ടാണ് ഇത് ചെയ്തു തീർത്തത്. എം.എൽ.എ.-മാരെയും മറ്റ് ഉദ്യോഗസ്ഥരെയും ഇതിൽ ഉൾപ്പെടുത്തുന്നതാണ്.

ശ്രീ. റ്റി. വി. രാജേഷ്: സർ, ബഹുമാന്യനായ മന്ത്രി നൽകിയ മറുപടിയിൽ പരീക്ഷാ നടത്തിപ്പ് സ്വകാര്യ ഏജൻസിയെ ഏൽപ്പിക്കുന്നതിന് നയപരമായ തീരുമാനമെടുത്തിട്ടില്ലെന്ന് പറഞ്ഞത് ശരിയല്ല. പരീക്ഷാ നടത്തിപ്പ് 'മെറിറ്റ് ട്രാക്ക്' എന്ന കമ്പനിയെ ഏൽപ്പിച്ചിരിക്കുകയാണ്. കമ്പനി തന്നെയാണ് പരീക്ഷയുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും ചെയ്യുന്നത്. ക്വസ്റ്റ്യൻ പേപ്പർ തയ്യാറാക്കി പരീക്ഷാ ദിവസം അവരുടെ സർവ്വറിൽ എത്തും. കമ്പനിയുടെ സ്റ്റാഫ് തന്നെയാണ് പരീക്ഷാ ഹാളിൽ ക്വസ്റ്റ്യൻ പേപ്പർ എത്തിക്കുന്നത്. ഞാൻ ചോദിക്കുന്ന ചോദ്യം, ഇത്തരത്തിൽ ഒരു കമ്പനിയുമായി സർക്കാർ കരാർ ഒപ്പുവച്ചിട്ടുണ്ടോ? നയപരമായി തീരുമാനമെടുത്തിട്ടില്ലെന്നു പറയുന്നു, എന്നാൽ ഇവിടെ 'മെറിറ്റ് ട്രാക്ക്' എന്ന കമ്പനിയുമായി കരാർ ഒപ്പുവച്ചിട്ടുണ്ട്. യഥാർത്ഥത്തിൽ വിദ്യാഭ്യാസ വകുപ്പുമന്ത്രി രേഖാമൂലം നൽകിയ മറുപടി വസ്തുതാവിരുദ്ധമാണ്. കരാർ നൽകിയ 'മെറിറ്റ് ട്രാക്ക്' എന്ന കമ്പനിക്ക് ഇതുവരെ പരീക്ഷ നടത്തിയ അനുഭവമില്ല. അവർ C.B.S.E-യുടെയും C.A.T Entrance-ന്റെയും ഒബ്ജക്ടീവ് ടൈപ്പ് പരീക്ഷയാണ് നടത്തിയിട്ടുള്ളത്. ഡിസ്ക്രിപ്റ്റീവ് ടൈപ്പ് പരീക്ഷ നടത്തിയ അനുഭവം അവർക്കില്ല. റ്റി. സി. എസ്. ഉൾപ്പെടെയുള്ള കമ്പനികൾ വന്നിരുന്നു. ഈ കമ്പനിയെ കരാർ ഏൽപ്പിക്കാനുള്ള കാരണമെന്താണ്;

കാരാർ ഒപ്പുവച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തുകൊണ്ടാണ് സഭയിൽ അത് മറച്ചുവയ്ക്കുന്നത് എന്നതു സംബന്ധിച്ച് ബഹുമാന്യനായ മന്ത്രി വിശദീകരിക്കണം.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ആദ്യത്തെ ചോദ്യം തന്നെ പരീക്ഷകളുടെ നടത്തിപ്പ് സ്വകാര്യ ഏജൻസിയെ ഏൽപ്പിച്ചിട്ടുണ്ടോ എന്നാണ്. അങ്ങനെ ഏൽപ്പിച്ചിട്ടില്ല. ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിൽ എഞ്ചിനീയറിംഗ് കോളേജുകളിലെ പരീക്ഷയും റിസൽട്ടും വരുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ വേണ്ടി, സെമസ്റ്ററുകൾ നഷ്ടപ്പെടാതിരിക്കാൻ വേണ്ടി രണ്ട് തവണ ഇ-ടെണ്ടർ ചെയ്തു കൊണ്ടാണ് കമ്പനിയെ തെരഞ്ഞെടുത്തത്. (.....ബഹളം....) (പരീക്ഷാ നടത്തിപ്പിന് ഇ-ടെണ്ടർ സംവിധാനത്തിലൂടെ കമ്പനിയെ തെരഞ്ഞെടുത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ സീറ്റിൽനിന്നും എഴുന്നേറ്റ് ബഹളം വച്ചുകൊണ്ട് ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസിനടുത്തേക്ക് നീങ്ങി)

മി. സ്പീക്കർ: ഇത് ചോദ്യോത്തരവേളയാണ്. (.....ബഹളം....) ചോദ്യോത്തര സമയത്ത് ബഹളമുണ്ടാക്കുന്നത് ശരിയല്ല. സീറ്റിലിരുന്ന് മൈക്കിലൂടെ പറഞ്ഞാലല്ലേ കേൾക്കാൻ കഴിയുകയുള്ളൂ. (......ബഹളം....) ഇത് ശരിയല്ല. ദയവായി അംഗങ്ങൾ സീറ്റിലേക്ക് പോകണം. പ്രതിപക്ഷ ഉപനേതാവ് പറയുന്നത് ചെയർ ശ്രദ്ധിക്കാം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, പ്രസ്തുത മെമ്പർമാർക്ക് ചോദ്യം ചോദിക്കാൻ അവസരം കൊടുത്താൽ ക്ലാരിഫിക്കേഷൻ നൽകാമല്ലോ, പറഞ്ഞിരിക്കുന്ന വിവരം തെറ്റാണെന്നതാണ് ബഹുമാനപ്പെട്ട മെമ്പർമാർ ഇവിടെ ഉന്നയിക്കുന്ന പ്രശ്നം. ചോദ്യം ചോദിക്കാനുള്ള അവസരം കൊടുത്ത് ക്ലാരിഫൈ ചെയ്യാനുള്ള സാഹചര്യം ഉണ്ടാക്കണം.

മി. സ്പീക്കർ: അവസരം കൊടുക്കാം. യെസ്...പ്ലീസ്...പ്ലീസ്....

(ബഹുമാനപ്പെട്ട സ്പീക്കറുടെ നിർദ്ദേശ പ്രകാരം പ്രതിപക്ഷാംഗങ്ങൾ തിരികെ പോവുകയും സ്വസ്ഥാനങ്ങളിൽ ഉപവിഷ്ടരാവുകയും ചെയ്തു)

ശ്രീ. പി. കെ. അബ്ദു റബ്ബ്: ഞാൻ നേരത്തെ പറഞ്ഞതുപോലെ ഇ-ടെണ്ടറിലൂടെയാണ് കമ്പനിയെ തെരഞ്ഞെടുത്തത്. ആദ്യത്തെ ടെണ്ടറിൽ ആളുകൾ ഇല്ലാത്തതുകൊണ്ടാണ് രണ്ടാമത് ടെണ്ടർ ചെയ്തത്. ടെണ്ടർ നടപടികളും ഏജൻസി തെരഞ്ഞെടുപ്പും നടത്തിയത് പതിനൊന്ന് അംഗ വിദഗ്ദ്ധ സമിതിയാണ്. അഡീഷണൽ സെക്രട്ടറി (ഫിനാൻസ്), അഡീഷണൽ സെക്രട്ടറി (ഹയർ എഡ്യൂക്കേഷൻ), മാനേജർ (ഐ.ടി മിഷൻ), സി.ഇ.ഒ (സ്റ്റാർട്ട് അപ് മിഷൻ), ഡയറക്ടർ (ഐ.ഐ.റ്റി.എം.കെ.), ഡി.റ്റി.ഇ, സി.ഇ.ഒ, ഐ.സി.റ്റി. അക്കാഡമി

ഡയറക്ടർ, കംപ്യൂട്ടർ സെന്റർ (കേരള യൂണിവേഴ്സിറ്റി), പ്രോജക്ട് ടെക്നിക്കൽ ഓഫീസർ (ഐ.റ്റി.ഇ), Two Computer Professors from Engineering College എന്നിവരടങ്ങുന്ന കമ്മിറ്റിയാണ് ടെണ്ടർ നടത്തിയതും കമ്പനിയെ തെരഞ്ഞെടുത്തതും. അല്ലാതെ പ്രൈവറ്റായി കൊടുത്തതല്ല. ഗവൺമെന്റ് ഉദ്യോഗസ്ഥരടങ്ങുന്ന കമ്മിറ്റിയാണ് തെരഞ്ഞെടുത്തത്.

ശ്രീ. ആർ. രാജേഷ്: സർ, ഒരു സർവ്വകലാശാലയുടെ പരീക്ഷാ നടത്തിപ്പ് ടെണ്ടർ കൊടുക്കാൻ അത് റോഡ് നിർമ്മാണമോ പാലം നിർമ്മാണമോ അല്ല. പുതിയ തലമുറയെ വാർത്തെടുക്കുന്ന പരീക്ഷാ സമ്പ്രദായമാണ്. എന്തിനാണ് പരീക്ഷാ കൺട്രോളർ? പരീക്ഷാ നടത്തിപ്പ് മാത്രമല്ല അദ്ധ്യാപക പരിശീലനം സംരംഭക പരിശീലനമടക്കമുള്ള കാര്യങ്ങൾ കൂടി സ്വകാര്യ ഏജൻസികൾക്ക് കൊടുക്കുകയാണ്. പതിനയ്യായിരം ഡോളർ മുതൽ മുപ്പത്തിയയ്യായിരം ഡോളർ വരെ അദ്ധ്യാപക പരിശീലനത്തിനും സംരംഭക പരിശീലനത്തിനുമായി അമേരിക്കൻ യൂണിവേഴ്സിറ്റിയിലെ രാജ് നായർ, എം.ഐ.റ്റി.-യെ ഏൽപ്പിക്കാൻ സർവ്വകലാശാല തീരുമാനിച്ചിട്ടുണ്ടോയെന്ന് മന്ത്രി മറുപടി പറയണം.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ഒരു പരീക്ഷയും സ്വകാര്യ ഏജൻസിയെ ഏൽപ്പിക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടില്ല. മാത്രവുമല്ല, ഞാൻ നേരത്തെ പറഞ്ഞതുപോലെ ഇതിന്റെ ഉപകരണങ്ങൾ സജ്ജമാക്കാൻ വേണ്ടിയാണ് ഏജൻസിയെ ഏൽപ്പിച്ചത്. ബാക്കി എല്ലാ കാര്യങ്ങളും പരീക്ഷാ കൺട്രോളറും ബന്ധപ്പെട്ട യൂണിവേഴ്സിറ്റിയും യൂണിവേഴ്സിറ്റിയിലെ ഉദ്യോഗസ്ഥരും തന്നെയാണ് ചെയ്യുന്നത്. ചോദ്യപേപ്പർ തയ്യാറാക്കുന്നത് അധ്യാപകർ തന്നെയാണ്. ഇതിനായി മൂന്നംഗ വിദഗ്ധ സമിതിയെ നിയോഗിക്കുന്നു. ഓരോ വിഷയത്തിനും ഒരു ടീം ഉണ്ടായിരിക്കും. ഇവർ തയ്യാറാക്കുന്ന അഞ്ച് സെറ്റ് ക്വസ്റ്റ്യൻ പേപ്പർ കൺട്രോളർ സുരക്ഷാ സംവിധാനത്തിലൂടെ എക്സാം സിസ്റ്റത്തിൽ സൂക്ഷിക്കുകയാണ് ചെയ്യുന്നത്. പരീക്ഷ ദിവസം ഒരു മണിക്കൂർ മുമ്പ് ഇതിൽ ഒരു ക്വസ്റ്റ്യൻ പേപ്പർ പരീക്ഷാ കേന്ദ്രങ്ങളിൽ സോഫ്റ്റ് വെയറിലൂടെ ലഭ്യമാക്കുന്നു. അതല്ലാതെ പരീക്ഷയുടെ നടത്തിപ്പുമായി സ്വകാര്യ ഏജൻസിക്ക് യാതൊരു ബന്ധവുമില്ല. വെബ് ക്യാമറ പോലെയുള്ള സംവിധാനങ്ങൾ സജ്ജമാക്കുന്നതിനാണ് ഏജൻസിയെ ഏൽപ്പിച്ചിട്ടുള്ളത്. പരീക്ഷാ നടത്തിപ്പിന്റെ ചുമതല പൂർണ്ണമായും എക്സ്റ്റേർണൽ എക്സാമിനർക്കും ബന്ധപ്പെട്ട സ്ഥാപനത്തിലെ സൂപ്രണ്ടിനുമാണ്. അവർക്ക് പ്രത്യേകമായ പാസ് വേർഡ് കൊടുത്ത് ആ പാസ്സ് വേർഡ് ഉപയോഗിച്ചാൽ മാത്രം തുറക്കാൻ കഴിയുന്ന രീതിയിലാണ് ക്വസ്റ്റ്യൻ പേപ്പർ തയ്യാറാക്കുന്നത്. ആ ക്വസ്റ്റ്യൻ പേപ്പറാണ് അവിടെ വച്ച് പൊട്ടിച്ച് കുട്ടികൾ പരീക്ഷ എഴുതുന്നത്. പരീക്ഷ എഴുതിക്കഴിഞ്ഞതിനുശേഷം ആൻസർഷീറ്റ് സ്കാൻ ചെയ്ത് മൂല്യനിർണ്ണയം

നടത്തുന്ന കേന്ദ്രങ്ങളിൽ എത്തുകയാണ്. എല്ലാം സുതാര്യമായി വളരെ വേഗത്തിൽ ചെയ്യാൻ വേണ്ടിയാണിത് ചെയ്തിട്ടുള്ളത്. പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് യൂണിവേഴ്സിറ്റി ചെയ്യേണ്ട ഒരു കാര്യവും ഈ ഏജൻസി ചെയ്യുന്നില്ല. അതിന്റെ മെഷിനറിയും കാര്യങ്ങളും മാത്രമാണ് ഏജൻസിയെ ഏൽപ്പിച്ചിട്ടുള്ളത്. കേരളത്തിലും മറ്റു പല സംസ്ഥാനങ്ങളിലും ഇതിനു മുമ്പ് ഈ രീതിയിൽ പരീക്ഷ നടത്തിയിട്ടുണ്ട്. ഇപ്പോഴും വിജയകരമായി ചെയ്തുകൊണ്ടിരിക്കുന്നു. മാത്രവുമല്ല വിദ്യാർത്ഥി സംഘടനകളും അധ്യാപക സംഘടനകളും മാധ്യമങ്ങളുമെല്ലാം ഈ പ്രശ്നം ഉന്നയിച്ചപ്പോൾ അതുമായി ബന്ധപ്പെട്ട് എല്ലാവരും പങ്കെടുക്കുന്ന യോഗം ഞാൻ തന്നെ വിളിച്ചുചേർക്കുകയും ഉന്നത വിദ്യാഭ്യാസ വകുപ്പിലേയും സാങ്കേതിക സർവ്വകലാശാലയിലേയും ഉദ്യോഗസ്ഥൻമാരും പങ്കെടുത്ത് അത് വിശദീകരിക്കുകയും ചെയ്തു. ഈ സെമസ്റ്ററിൽ നടത്തുന്ന പരീക്ഷ ഈ ഡിസംബറിൽ നടക്കേണ്ടതായിരുന്നു. അത് താൽക്കാലികമായി ഡിസംബർ ലാസ്റ്റിൽ അല്ലെങ്കിൽ ജനുവരിയിൽ നടത്താൻ തീരുമാനിക്കുകയും അടുത്ത പരീക്ഷ ആരംഭിക്കുന്നതിനു മുൻപായി യൂണിവേഴ്സിറ്റിയോ അല്ലെങ്കിൽ ഗവൺമെന്റോ ഉണ്ടാക്കുന്ന ഈ സംവിധാനം ഉപയോഗിച്ച് പരീക്ഷ നടത്താൻ കഴിയുമോയെന്ന് പരിശോധിക്കുന്നതുമാണ്. സ്വകാര്യ ഏജൻസിയെ ഏൽപ്പിക്കുന്നത് നിർത്തി വച്ചിട്ടുണ്ട് എന്ന് അന്നത്തെ യോഗത്തിൽ ഞാൻ തന്നെ പ്രഖ്യാപിച്ചതാണ്. ....(ബഹളം).....

<u>മി. സ്പീക്കർ</u>: ബഹുമാന്യരായ അംഗങ്ങൾ ഒരു കാര്യം ശ്രദ്ധിക്കണം. നിയമസഭയിൽ ചോദ്യോത്തരവേളയിൽ ബഹളം ഉണ്ടാക്കുന്നത് നിയമസഭയുടെ ഉന്നത നിലവാരത്തിന് യോജിക്കുന്നതല്ല. ദയവ് ചെയ്ത് ബഹുമാനപ്പെട്ട അംഗങ്ങൾ നിയമസഭയുടെ നിലവാരം താഴ്ത്തിക്കൊണ്ടു പോകരുത്. ഉപചോദ്യം ചോദിക്കാനുള്ളവർക്ക് മുഴുവൻ അവസരം നൽകുന്നതാണ്. ഏതെങ്കിലും ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി നൽകുന്ന മറുപടി തെറ്റാണെങ്കിൽ നിങ്ങൾക്ക് മറ്റു നടപടി സ്വീകരിക്കാം. അതിനുപകരം ബഹളം വയ്ക്കുന്നത് നിയമസഭയുടെ നിലവാരത്തിന് യോജിച്ചതല്ലായെന്നുള്ളത് ചെയർ വ്യക്തമാക്കുകയാണ്.

<u>ഡോ. കെ. ടി. ജലീൽ</u>: സർ, ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയുടെ കാര്യത്തിൽ സർക്കാരിന്റെ ഭാഗത്തുനിന്നും തികഞ്ഞ അലംഭാവമാണ്. ബോർഡ് ഓഫ് ഗവർണേഴ്സ്, എക്സിക്യൂട്ടീവ് കമ്മിറ്റി, അക്കാഡമിക് കമ്മിറ്റി ആന്റ് റിസർച്ച് കൗൺസിൽ എന്നിങ്ങനെ അതോറിറ്റീസ് ഓഫ് ദി യൂണിവേഴ്സിറ്റി നാല് സംവിധാനങ്ങളാണുള്ളത്. ഇതിൽ ഭാഗികമായി ബോർഡ് ഓഫ് ഗവർണേഴ്സ് 20-7-2015-ന് കോൺസ്റ്റിറ്റ്യൂട്ട് ചെയ്തതാണ്. അഞ്ച് മാസം തികയാൻ പോകുമ്പോഴാണ് വരുന്ന 21-ാം തീയതി ബോർഡ് ഓഫ് ഗവർണേഴ്സിന്റെ എം.എൽ.എ.മാർ ഇല്ലാതെ യോഗം വിളിക്കാൻ പോകുന്നത്. ഈ അഞ്ചു മാസമായി ഇത്തരം ഒരു സംവിധാനം നിലനിന്നിട്ടും വളരെ പ്രമാദമായിട്ടുള്ള

വിഷയങ്ങളിൽ എന്തിനാണ് ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയുടെ വൈസ്ചാൻസലറും അവിടെയുള്ള നാൽവർ സംഘവും ഈ തീരുമാനങ്ങൾ എടുത്ത് സർക്കാരിനെ ബുദ്ധിമുട്ടിച്ചത്. അതിന് സർക്കാർ മറുപടി പറയണം. മറ്റൊരു കാര്യം എനിക്ക് ചോദിക്കാനുള്ളത് ഒബ്ജക്റ്റീവ്ടൈപ്പ് ക്വസ്റ്റ്യൻസ് മാത്രമുള്ള പരീക്ഷകളാണ് സാധാരണ രീതിയിൽ ഓൺലൈൻ പരീക്ഷകളായിട്ട് നടത്തുന്നത്. ഡിസ്ക്രിപ്റ്റീവ് അൻസേഴ്സ് ആവശ്യമുള്ള പരീക്ഷകൾ ഓൺലൈൻ പരീക്ഷകളായി നടത്തി വിജയിച്ചതിന് നമ്മുടെ രാജ്യത്ത് എവിടെയെങ്കിലും തെളിവുള്ളതായി അങ്ങേക്ക് സൂചിപ്പിക്കുവാൻ സാധിക്കുമോ?

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, നമ്മുടെ സംസ്ഥാനത്ത് കെ.റ്റി.യു. മുന്നോട്ട് വച്ച സംവിധാനത്തിലൂടെ യൂണിവേഴ്സിറ്റി അഫിലിയേറ്റ് ചെയ്ത എം.ബി.എ. കോഴ്സിന്റെ പരീക്ഷകൾ നടത്തിയിട്ടുണ്ട്. സി.ഇ.റ്റി.യിലെ എം.ബി.എ. കോഴ്സ് മാത്രമേ 2015-16 വർഷത്തിൽ കെ.റ്റി.യു.വിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ളൂ. വിദ്യാർത്ഥികൾക്ക് നവംബർ 19 മുതൽ 30 വരെ ഈ സംവിധാനംവഴി പരീക്ഷ നടത്തി രണ്ട് ദിവസത്തിനകം ഡിസംബർ 2-ാം തീയതി തന്നെ ഫലം പ്രസിദ്ധീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഡോ. കെ. ടി. ജലീൽ പറയുന്നത് കുട്ടികളുടെ മുൻപിൽ ക്വസ്റ്റ്യൻ പേപ്പർ സൈറ്റിലൂടെ വന്ന് അവിടെ വച്ചുതന്നെ ആൻസർ ചെയ്യുന്ന ഒബ്ജക്ടീവ് രീതിയാണ്. ഇത് അങ്ങനെയല്ല. ഞാൻ നേരത്തെ പറഞ്ഞതു പോലെ, ക്വസ്റ്റ്യൻ പേപ്പർ ഒരു മണിക്കൂർ മുമ്പ് എക്സ്റ്റേർണൽ എക്സാമിനറും ആ സ്ഥാപനത്തിലെ സൂപ്രണ്ടും നൽകിയിട്ടുള്ള പാസ് വേർഡ് ഉപയോഗിച്ച് സൈറ്റ് തുറന്ന് അവിടെനിന്ന് ഡൗൺലോഡ് ചെയ്ത് ആ ക്വസ്റ്റ്യൻ പേപ്പർ പ്രിന്റ് ഔട്ട് ചെയ്ത് എടുത്തതിനു ശേഷം കുട്ടികൾക്ക് കൊടുക്കുകയാണ്. ആ പരീക്ഷ കുട്ടികൾ പരീക്ഷാ പേപ്പറിൽ തന്നെയാണ് എഴുതുന്നത്. അത് സ്കാൻ ചെയ്ത് ഓൺ ലൈനായി തിരിച്ച് മൂല്യനിർണ്ണയ ക്യാമ്പിലേക്ക് പോകുന്നു. അതാണ് ഒബ്ജക്റ്റീവ് ടൈപ്പും ഇതും തമ്മിലുള്ള വ്യത്യാസം.

ശ്രീ. പി. സി. വിഷ്ണുനാഥ് : സർ, നമ്മൾ വളരെ അഭിമാനത്തോടുകൂടി ഈ സഭയിൽ നിയമം കൊണ്ടുവന്ന് നിലവിൽ വന്ന യൂണിവേഴ്സിറ്റിയാണ് ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി. അവിടത്തെ വൈസ് ചാൻസലർക്കും ചുമതലക്കാർക്കുമെല്ലാം നവീനമായ നിരവധി ആശയങ്ങളും ലോകത്തുണ്ടാകുന്ന വിദ്യാഭ്യാസ മാറ്റങ്ങളെ സംബന്ധിച്ച കാഴ്ച്പ്പാടുകളുമുണ്ട്. പക്ഷേ, ഒരു പുതിയ പരിഷ്കാരം നടപ്പിലാക്കുമ്പോൾ, അതുമായി ബന്ധപ്പെട്ട ആളുകളെ ശരിയായ രീതിയിൽ ബോധ്യപ്പെടുത്തി കാര്യങ്ങൾ നടപ്പിലാക്കുന്നതിൽ ഒരു വീഴ്ച വന്നിട്ടുണ്ട്. പ്രതിപക്ഷം ഉയർത്തുന്ന ചോദ്യങ്ങൾക്ക് അങ്ങ് നന്നായി മറുപടി പറയുന്നുണ്ടെങ്കിലും കുറച്ചൊന്ന് പ്രയാസപ്പെട്ട് മറുപടി പറയേണ്ട സാഹചര്യം ഉണ്ടായത് അതുകൊണ്ടാണ്. യൂണിവേഴ്സിറ്റി അധികാരികൾ പ്രോപ്പർ കമ്മ്യൂണിക്കേഷനില്ലാതെ നടപ്പിലാക്കുന്ന ഇത്തരം

കാര്യങ്ങളിൽ ഗവൺമെന്റ് ഇടപെടുമോ; ഏത് യൂണിവേഴ്സിറ്റിയാണെങ്കിലും ഇതുമായി ബന്ധപ്പെട്ട് രക്ഷകർത്താക്കൾക്കും കുട്ടികൾക്കുമെല്ലാം ആശങ്കയുണ്ടായതു കൊണ്ടാണ് മാധ്യമങ്ങളിൽ വാർത്ത വന്നതും ഇടപെടേണ്ടി വന്നതും. അതുകൊണ്ട് സർവ്വകലാശാല ഇത്തരം പരിഷ്കാരങ്ങൾ നടപ്പിലാക്കുമ്പോൾ ബന്ധപ്പെട്ട ആളുകളുമായി പ്രോപ്പറായിട്ടുള്ളൊരു കമ്മ്യൂണിക്കേഷനുവേണ്ടി ഗവൺമെന്റ് കൃത്യമായി അറിഞ്ഞ് നടപ്പിലാക്കാനുള്ള നിർദ്ദേശം നൽകുമോ?

ശ്രീ. പി. കെ. അബ്ദു റബ്ബ് : സർ, വേണ്ടത്ര കൂടിയാലോചനകളില്ലാതെ നടപ്പിലാക്കിയെന്ന് ബോധ്യപ്പെട്ടതുകൊണ്ടാണ് വിദ്യാർത്ഥി സംഘടനകളുമായും അധ്യാപക സംഘടനകളുമായും മാനേജ്മെന്റുകളുമായും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായും കഴിഞ്ഞ 7-ാം തീയതി വളരെ ദീർഘമായ ചർച്ചകൾ നടത്തി എല്ലാവരുടേയും അഭിപ്രായങ്ങളും വികാരങ്ങളും മാനിച്ചുകൊണ്ട് ഫസ്റ്റ് സെമസ്റ്ററിന്റെ പരീക്ഷ പരമ്പരാഗത രീതിയിൽ നടത്തിയാൽ മതിയെന്ന് തീരുമാനിച്ചത്. യൂണിവേഴ്സിറ്റിയുടെ ഭാഗത്തുനിന്ന് ഒരു കൂടിയാലോചനയുടെ കുറവുണ്ടായിയെന്ന് ബോധ്യപ്പെട്ടതുകൊണ്ട് തന്നെയാണ് അങ്ങനെ ചെയ്തത്.

ശ്രീ. എ. കെ. ബാലൻ : സർ, കേരളത്തിലെ സർവ്വകലാശാലകളിലെ പരീക്ഷകൾ എങ്ങനെ നടത്തണമെന്നതിനെ സംബന്ധിച്ച് ചട്ടമുണ്ട്. അത് പ്രകാരമാണ് കേരളത്തിലെ എല്ലാ യൂണിവേഴ്സിറ്റികളും പരീക്ഷ നടത്തുന്നത്. ആ പരീക്ഷ നടത്തിപ്പിന്റെ ചുമതല എക്സാമിനേഷൻ കൺട്രോളർക്കാണ്. ആ ചട്ടം നിലനിൽക്കെ ആരുടെ ബുദ്ധിയിലാണിത് ഉദിച്ചത്? ആ ചട്ടം ഭേദഗതി ചെയ്തിട്ടുണ്ടോ; ബഹുമാനപ്പെട്ട വകുപ്പുമന്ത്രി 'മെരിറ്റ് ട്രാക്കിന് ടെണ്ടർ കൊടുത്ത് അവാർഡ് ചെയ്തുകഴിഞ്ഞു. പരീക്ഷ നടത്താൻ പോകുന്ന സമയത്ത് വിദ്യാർത്ഥികൾ പ്രശ്നമുണ്ടാക്കി. അതിന്റെ ഫലമായി ഈ സെമസ്റ്റർ പരീക്ഷ മാറ്റിവച്ചിരിക്കുകയാണ്. 45,000 വിദ്യാർത്ഥികളുടെ ഭാവിയാണ് ഇതിന്റെ ഭാഗമായിട്ട് അലങ്കോലപ്പെടുന്നത്. എന്ത് വിദ്യാഭ്യാസ വകുപ്പാണിത്. ഇതുകണ്ട് മടുത്തിട്ടാണ് ശ്രീ. എ. കെ. ആന്റണി പറഞ്ഞത് അഴിമതിയുടെ കൂത്തരങ്ങാണ് കേരളത്തിലെ വിദ്യാഭ്യാസ രംഗമെന്ന്. ഈ സെമസ്റ്ററിലെ പരീക്ഷ എപ്പോൾ നടത്താൻ പറ്റുമെന്നറിയില്ല. അതുകൊണ്ട് ഒരു രൂപത്തിലും ഓൺലൈൻ പ്രകാരമുള്ള പരീക്ഷ നടക്കില്ല. മാത്രമല്ല, ഈ കമ്പനിക്ക് ഇതുവരെ വല്ല കാശും കൊടുത്തിട്ടുണ്ടോ? ഇതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കണം.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, വിദ്യാർത്ഥികളെ സംബന്ധിച്ച് ശ്രീ. എ. കെ. ബാലന് ഉള്ളതിനേക്കാൾ വലിയ ആശങ്ക ഗവൺമെന്റിനുള്ളതുകൊണ്ടാണ് സമയാസമയങ്ങളിൽ പരീക്ഷ നടത്തി റിസൾട്ട് വരണമെന്ന് പറയുന്നത്. ഇതിന്റെ ഇപ്പോഴത്തെ സ്ഥിതിയെന്താണ്? ഒന്നാം സെമസ്റ്റർ പരീക്ഷയുടെ റിസൾട്ട് വരുന്നത്

നാലാം സെമസ്റ്റർ ആകുമ്പോഴാണ്. അതിനുപകരം ഓരോ സെമസ്റ്ററിന്റെയും പരീക്ഷയും റിസൾട്ടും കൃത്യസമയത്ത് വരികയും കുട്ടികൾ തോറ്റിട്ടുണ്ടെങ്കിൽ ഒരാഴ്ചയ്ക്കുള്ളിൽ അവർക്ക് സേ പരീക്ഷയ്ക്കുള്ള അനുമതി കൊടുക്കുകയും രണ്ടാം സെമസ്റ്റർ തുടരാൻ കഴിയുകയും ചെയ്യുന്ന ഒരു സംവിധാനമാണ് കൊണ്ടു വന്നിട്ടുള്ളത്. സർവ്വകലാശാലകളിലെ വൈസ് ചാൻസലറുടെയോ പ്രോ ചാൻസലറുടെയോ ഫിനാൻസ് ഓഫീസറുടെയോ കൺട്രോളർ ഓഫ് എക്സാമിനേഷന്റെയോ അധികാരത്തിൽ ആരും കൈകടത്തിയിട്ടില്ല. പരീക്ഷാ നടത്തിപ്പുമായോ; ചോദ്യപേപ്പറുമായോ; ഉത്തരക്കടലാസ് നോക്കുന്നതുമായോ; അതിന്റെ വാല്യൂവേഷനുമായോ ഈ കമ്പനിക്ക് യാതൊരു ബന്ധവുമില്ല. സ്പീഡ് അപ് ചെയ്യാൻ വേണ്ടി സയന്റിഫിക്കായി; ടെക്നിക്കലായി ഒരു മെക്കാനിസം ഉപയോഗിച്ചു. അതിനു വേണ്ടി ഏഴംഗങ്ങൾ അടങ്ങുന്ന കമ്മിറ്റി രണ്ടുതവണ ടെണ്ടർ ചെയ്ത് ഏറ്റവും കുറഞ്ഞ നിരക്കിൽ ക്വാട്ട് ചെയ്ത കമ്പനിയെ ഏല്പിച്ചു. ഗവൺമെന്റ് അവർക്ക് ഇതുവരെ ഒരു പൈസയും കൊടുത്തിട്ടില്ല. ശ്രീ. എ. കെ. ആന്റണി പറഞ്ഞ കാര്യം ഇതുമായി ബന്ധപ്പെട്ടതല്ല, സ്വകാര്യ സ്ഥാപനങ്ങളിൽ നടന്നുകൊണ്ടിരിക്കുന്ന കാര്യങ്ങളാണ്. അതിനെപ്പറ്റി ഇവിടെ പരാമർശിക്കേണ്ട കാര്യമില്ല.

ശ്രീ. എൻ. ഷംസുദ്ദീൻ: ഒരുപാട് വർഷങ്ങളായി നമുക്കിടയിലുള്ള ഒരു ആശയമാണ് ഏകീകൃത സർവ്വകലാശാല നിയമമെന്നുള്ളത്. പരീക്ഷാ നടത്തിപ്പും സിലബസുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും അതിൽ പറഞ്ഞിട്ടുണ്ട്. നമുക്ക് ഏകീകൃത സർവ്വകലാശാല നിയമമില്ലെങ്കിൽക്കൂടി വിദ്യാർത്ഥികളുടെ പ്രവേശനം മുതൽ സെമസ്റ്റർ പരീക്ഷകളുടെ ഫലപ്രഖ്യാപനം വരെ കൃത്യമായ തീയതികൾ പറഞ്ഞുകൊണ്ടുള്ള ഒരു ഏകീകൃത അക്കാദമിക് കലണ്ടർ വേണമെന്നുള്ള ശിപാർശ ഉന്നത വിദ്യാഭ്യാസ കൗൺസിൽ വിദ്യാഭ്യാസ വകുപ്പിന് നൽകിയിട്ടുണ്ട്. അത് പ്രാവർത്തികമാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; അങ്ങനെയാണെങ്കിൽ എന്നു മുതൽ അത് നടപ്പിലാകും? വിദ്യാഭ്യാസരംഗത്ത് ഒരു പരിഷ്കാരവും പാടില്ല, മറ്റുള്ളവരുടെ ആരുടെയും ആശയങ്ങൾ സ്വീകരിക്കുവാൻ പാടില്ല എന്നതിനോട് കേരളത്തിലെ അക്കാദമിക് സമൂഹം യോജിക്കുമെന്ന് എനിക്ക് തോന്നുന്നില്ല. ഇത്തരം പരിഷ്കാരങ്ങൾക്കുവേണ്ടി അല്ലെങ്കിൽ പുതിയ വിജ്ഞാനം പുറമെ നിന്ന് തേടുന്നതിന് യാതൊരു പ്രയാസവുമില്ല. ഇന്നത്തെ വിദ്യാഭ്യാസ രംഗത്തെ പ്രത്യേകിച്ച് ഉന്നതവിദ്യാഭ്യാസ മേഖലയെ വളരെ നന്നായി മുന്നോട്ടുകൊണ്ടു പോകുന്ന വിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രത്യേകം അഭിനന്ദനമർഹിക്കുന്നു എന്നു കൂടി ഞാൻ ഓർമ്മപ്പെടുത്തുകയാണ്.

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: സർ, ഏകീകൃത കലണ്ടർ സംവിധാനം വേണമെന്നുള്ളത് കഴിഞ്ഞ കുറേ വർഷങ്ങളായിട്ടുള്ള ആശയമാണ്. ഇക്കാര്യം പല യൂണിവേഴ്സിറ്റികളോടും നേരത്തെ തന്നെ ആവശ്യപ്പെട്ടിരുന്നതാണ്. പുതിയ ഗവർണർ വന്നതിനുശേഷം വിളിച്ചുകൂട്ടിയ ഗവർണേഴ്സ് കൗൺസിലിൽ ഇതുമായി ബന്ധപ്പെട്ട് എല്ലാ യൂണിവേഴ്സിറ്റികളോടും ഏകീകൃത കലണ്ടർ തയ്യാറാക്കാൻ നിർദ്ദേശിച്ചു. അതിന്റെയടിസ്ഥാനത്തിൽ കലണ്ടർ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. അടുത്ത അദ്ധ്യയന വർഷം മുതൽ ആ രീതിയിൽ നടത്താൻ കഴിയും. അഡ്മിഷൻ നടത്താനും ക്ലോസ് ചെയ്യുന്നതിനും പരീക്ഷകൾ നടത്താനും റിസൾട്ട് പ്രഖ്യാപിക്കാനും കൃത്യമായ ദിവസം. ഇതെല്ലാം സ്ട്രീംലൈൻ ചെയ്യാനാണ് ശ്രമിക്കുന്നത്. ഒരു ഉദാഹരണം ഞാൻ പറയാം. സി.ഇ.ടി.-യിലെ ആഘോഷത്തിനിടയിൽ ജീപ്പ് കയറി ഒരു കുട്ടി മരിച്ചു. അതിൽ പ്രതികളായി അറസ്റ്റ് ചെയ്യപ്പെട്ട കുട്ടികളിൽ ഒന്നാം സെമസ്റ്റർ പാസ്സാകാത്ത കുട്ടികളുണ്ട്. അവർ പഠിക്കുന്നത് ഏഴാം സെമസ്റ്ററിലാണ്. അതൊഴിവാക്കാൻ വേണ്ടിയാണ് ഓരോ സെമസ്റ്റർ കഴിയുമ്പോഴും അതിന്റെ പരീക്ഷ നടത്തി റിസൾട്ടുകൾ പ്രഖ്യാപിച്ച് സ്ട്രീംലൈൻ ചെയ്യാൻ ശ്രമിക്കുന്നത്. ഏതായാലും അടുത്ത അദ്ധ്യയന വർഷം മുതൽ ഏകീകൃത കലണ്ടർ നടപ്പിലാക്കാൻ സാധിക്കും.

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u>: സർ, സാങ്കേതിക വിദ്യാഭ്യാസ രംഗത്തെ പരീക്ഷാ നടത്തിപ്പ് വൈകുന്നുണ്ടെന്നുള്ളത് ശരിയാണ്. പരീക്ഷാ നടത്തിപ്പ് വൈകുന്നതിന്റെ പേരിൽ സ്വകാര്യ കമ്പനിയെ ഏല്പിക്കലാണോ പരിഹാര മാർഗ്ഗം? അങ്ങനെയാണെങ്കിൽ സെക്രട്ടേറിയറ്റിൽ ഫയലുകൾ നീങ്ങാൻ വൈകുന്ന സമയത്ത് അത് സ്വകാര്യ കമ്പനികളെ ഏല്പിക്കാറുണ്ടോ? ഇവിടെ മനസ്സിലാക്കേണ്ട കാര്യം, ഉത്തരക്കടലാസുകൾ മൊബൈൽ ഫോണിൽ സ്കാൻ ചെയ്ത് വാല്യുവേഷൻ നടത്തേണ്ട അദ്ധ്യാപകർക്ക് അയച്ചുകൊടുക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. മൊബൈൽ ഫോണിൽ ഇത് സ്കാൻ ചെയ്യുന്നത് ബന്ധപ്പെട്ട കമ്പനി നിയമിക്കുന്ന ഡി.ടി.പി. ഓപ്പറേറ്റർമാരാണ്. കേരളത്തിലെ സാങ്കേതിക വിദ്യാഭ്യാസ രംഗത്തെ വ്യാജ വിദ്യാഭ്യാസത്തിന്റെ ഒരു ഹബ്ബാക്കി മാറ്റാനാണ് ഈ ഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. 24000 സീറ്റുകൾ ഒഴിഞ്ഞുകിടക്കുകയാണ്. അവിടെ ചേരുന്നയാളുകളിൽ പലരും പാസ്സാകുന്നില്ല. 4 ശതമാനമാണ് പാസാകുന്നതെന്ന് കോടതി തന്നെ നിരീക്ഷിച്ചു. സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾക്ക് സ്വതന്ത്രമായി പരീക്ഷ നടത്തി കുട്ടികളെ വിജയിപ്പിക്കാൻ വേണ്ടുന്ന ഒരു പദ്ധതിയുടെ ഗൂഢമായ ആസൂത്രണമാണിത്. ഈ ആസൂത്രണത്തിൽനിന്നും

ഗവൺമെന്റ് പിൻവാങ്ങുമോ എന്നുള്ളതാണ് അറിയേണ്ടത്.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ആടിനെ പട്ടിയാക്കുന്ന രീതിയിലാണ് ശ്രീ. പി. ശ്രീരാമകൃഷ്ണൻ സംസാരിക്കുന്നത്. ഇവിടെ കോളേജുകൾക്ക് പരീക്ഷ നടത്താനുള്ള അധികാരമില്ല. യൂണിവേഴ്സിറ്റിയാണ് പരീക്ഷ നടത്തുന്നത്. മാത്രവുമല്ല, മൊബൈൽ ഫോണിൽ സ്കാൻ ചെയ്തത് ഒരു ട്രയൽ എക്സാമിനേഷൻ നടത്തി നോക്കിയതാണ്. മൊബൈൽ ഫോണിൽ അല്ല സ്കാൻ ചെയ്യുന്നത്. സ്കാൻ ചെയ്യാൻ അതിന്റേതായ സംവിധാനമുണ്ട്. മൊബൈൽ ഫോണിൽ ഓരോന്നും സ്കാൻ ചെയ്യാൻ എത്ര സമയം വേണമെന്ന് എല്ലാവർക്കുമറിയാം. വെറുതെ കുപ്രചരണങ്ങൾ നടത്തുകയാണ്. ഒന്നോ രണ്ടോ പേപ്പറുകൾക്ക് മൊബൈൽ ഫോണിലൂടെ ട്രയൽ എക്സാമിനേഷൻ നടത്തിയെന്നുള്ളത് ശരിയാണ്. ഇത് സ്കാൻ ചെയ്യുന്നത് ഏജൻസിയുടെ ആളുകളല്ല. ഞാൻ നേരത്തെ പറഞ്ഞതുപോലെ ഓരോ കോളേജിലുമുള്ള സൂപ്രണ്ടിന്റേയും മറ്റു കോളേജുകളിൽനിന്നും വന്നിട്ടുള്ള എക്സ്റ്റേണൽ എക്സാമിനർമാരുടെയും സാന്നിദ്ധ്യത്തിലാണ് ഇത് സ്കാൻ ചെയ്ത് അപ്‌ലോഡ് ചെയ്ത് അയച്ചുകൊടുക്കുന്നത്.

ശ്രീ. എം. ഉമ്മർ: സർ, കേരളത്തിന്റെ അയൽ സംസ്ഥാനങ്ങളായ കർണ്ണാടക, തമിഴ്നാട് പോലുള്ള സംസ്ഥാനങ്ങളിൽ പഠിക്കുന്നവർ പ്രൊഫഷണൽ കോഴ്സുകൾ പൂർത്തീകരിച്ചു വരുമ്പോൾ അവരോടൊപ്പം അതേ കോഴ്സിന് ചേർന്ന കുട്ടികൾക്ക് കേരളത്തിൽ പലപ്പോഴും ഒരു വർഷം കഴിഞ്ഞിട്ടാണ് പരീക്ഷയെഴുതി പുറത്തുവരാൻ കഴിയുന്നത്. ഇങ്ങനെ പരീക്ഷകൾ ലാഗ് ചെയ്ത് വിദ്യാർത്ഥികളുടെ ഒരു വർഷം നഷ്ടപ്പെടുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകുമെന്നാണ് വിചാരിക്കുന്നത്. അതുകൊണ്ട് പ്രൊഫഷണൽ കോഴ്സുകളുടെയും ഡിഗ്രി കോഴ്സുകളുടേയും പരീക്ഷകൾ കൃത്യമായി നടത്തുന്നതിനുള്ള കർക്കശമായ നിലപാട് ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ഞാൻ പറഞ്ഞുവന്നത് അതാണ്. പരീക്ഷ നീട്ടിവച്ചുവെന്ന് ശ്രീ. എ. കെ. ബാലൻ ഇവിടെ പറഞ്ഞത് ശരിയാണ്. ഡിസംബർ മാസത്തിൽ നടത്തേണ്ട പരീക്ഷയായിരുന്നു. ഇതുപോലുള്ള ചില അഭിപ്രായ വ്യത്യാസങ്ങൾ വന്നപ്പോൾ അത് കഴിഞ്ഞതിനുശേഷം നടത്തിയാൽ മതിയെന്ന് തീരുമാനിച്ചു. ഡിസംബർ 30-നോ ജനുവരി 1-നോ പരീക്ഷ നടക്കാൻ പോകുകയാണ്. പരീക്ഷ അനിശ്ചിതമായി നീട്ടിക്കൊണ്ടുപോകുന്ന പ്രശ്നമില്ല. ഇപ്പോൾ ഒന്നാം സെമസ്റ്റർ പാസാകാത്തവരും കോളേജ് ഹോസ്റ്റലിൽ കുടിയിരിക്കുകയാണ്. സി.ഇ.ടി. സംഭവവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള സംഭവത്തിൽ

ഞാനും ആഭ്യന്തര വകുപ്പുമന്ത്രിയും വിളിച്ചുകൂട്ടിയ യോഗത്തിൽ റഗുലർ കോഴ്സിന് പഠിക്കുന്നില്ലെങ്കിൽ ഹോസ്റ്റലിൽ താമസിക്കാൻ പാടില്ലെന്ന തീരുമാനമെടുത്തു. ഒന്നാം സെമസ്റ്റർ പോലും പാസ്സാകാതെ ഹോസ്റ്റലിൽ താമസിച്ച് ഏഴാമത്തെതോ എട്ടാമത്തെയോ സെമസ്റ്ററിൽ പഠിക്കുകയാണ്. അവിടെയുള്ള എല്ലാ സമരങ്ങൾക്കും നേതൃത്വം കൊടുക്കുന്ന തരത്തിലുള്ള പ്രവണത ഇനി അനുവദിക്കുകയില്ല എന്നുള്ളതിന്റെയടിസ്ഥാനത്തിലാണ് അത് വേണ്ടെന്നു വച്ചത്.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, സർവ്വകലാശാല ഭരണസമിതിയിൽ 5 എം.എൽ.എ.-മാരെ ഉൾക്കൊള്ളിക്കേണ്ടതാണ് എന്ന വ്യവസ്ഥയുണ്ടോ; ഉണ്ടെങ്കിൽ നാളിതുവരെയായി നിയമസഭയിലെ 5 എം.എൽ.എ.-മാരെ ഉൾക്കൊള്ളിക്കാതിരുന്ന തിന്റെ കാരണമെന്താണ്; നിയമസഭയുടെ അവകാശം നിഷേധിച്ചുകൊണ്ടുള്ള ഇത്തരം നീക്കങ്ങൾ എന്നത്തേയ്ക്ക് തിരുത്തും; ഒപ്പം ഇക്കാര്യത്തിൽ നിയമസഭയുടെ അവകാശങ്ങൾ ഹനിച്ച ഗവൺമെന്റിന് സ്പീക്കറുടേതായ ഒരു റൂളിംഗ് നൽകാൻ അങ്ങ് തയ്യാറാകുമോ?

മി. സ്പീക്കർ: സ്പീക്കറുടെ റൂളിംഗ് എങ്ങനെയാണ് ബഹുമാനപ്പെട്ട മന്ത്രി നൽകുന്നത്?

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ആഗസ്റ്റ് മാസത്തിലാണ് ഈ ബിൽ പാസ്സായത്. പല യൂണിവേഴ്സിറ്റികളിലും എം.എൽ.എ.-മാരെ നോമിനേറ്റ് ചെയ്യുന്നത് എത്രയോ വർഷങ്ങൾ കഴിഞ്ഞിട്ടാണ്. ഇവിടെ രണ്ടോ മൂന്നോ മാസമേ ആയിട്ടുള്ളൂ. ഉടൻ തന്നെ അക്കാര്യങ്ങൾ ചെയ്യുന്നതാണ്.

**ഓരോ പഞ്ചായത്തിലും ഓരോ വില്ലേജ് ഓഫീസ്**

2 (*242) ശ്രീ. ഹൈബി ഈഡൻ:
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ പഞ്ചായത്തിലും ഓരോ വില്ലേജ് ഓഫീസ് എന്ന ആശയം നടപ്പിലാക്കാൻ കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ;

(സി) പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ,

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് ഒരു പഞ്ചായത്തിന് ഒരു വില്ലേജ് എന്ന രീതി നടപ്പിലാക്കുന്നതിലൂടെ ഒന്നിൽ കൂടുതൽ പഞ്ചായത്തുകളിൽ ഉൾപ്പെടുന്ന വില്ലേജുകളെയും പല പഞ്ചായത്തുകളിലായി കിടക്കുന്ന വില്ലേജ് ഓഫീസുകളെയും ഒരിടത്ത് പ്രവർത്തിപ്പിക്കുക എന്ന ഉദ്ദേശ്യലക്ഷ്യം കൈവരിക്കാൻ കഴിയുന്നതാണ്. കൂടാതെ ടി പദ്ധതി പ്രാവർത്തികമായി കൂടുതൽ വില്ലേജുകൾ നിലവിൽ വരുന്നതോടെ നാളിതുവരെ നിലവിലുണ്ടായിരുന്ന ഭരണപരമായ അസൗകര്യങ്ങളും ജനങ്ങളുടെ യാത്രാക്ലേശവും ഒഴിവാക്കി കൂടുതൽ കാര്യക്ഷമവും വേഗത്തിലുള്ളതുമായ സേവനം പ്രദാനം ചെയ്യുവാനും കഴിയുന്നതാണ്.

(സി) സംസ്ഥാനത്ത് നിലവിൽ വില്ലേജ് ഓഫീസുകൾ ഇല്ലാത്ത 31 ഗ്രാമപഞ്ചായത്തുകളിൽ വില്ലേജുകൾ രൂപീകരിച്ച് 29-5-2013-ലെ സ.ഉ.(എം. എസ്.) നമ്പർ 230/13/റവന്യൂ, 29-10-2012-ലെ ജി.ഒ.(എംഎസ്.) നമ്പർ 392/12/റവന്യൂ എന്നീ ഉത്തരവുകൾ പ്രകാരം പ്രസ്തുത 31 വില്ലേജുകളുടെയും വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി. അവയിൽ 29 വില്ലേജുകളിൽ ജീവനക്കാരെ നിയമിച്ച് പ്രവർത്തനമാരംഭിച്ചു കഴിഞ്ഞു. ഇനി പ്രവർത്തനം ആരംഭിക്കുവാനുള്ള ഇടുക്കി ജില്ലയിലെ മൂന്നാർ, ഇടമലക്കുടി എന്നീ വില്ലേജുകൾക്ക് അനുയോജ്യമായ കെട്ടിടം കണ്ടെത്തി വില്ലേജുകളുടെ പ്രവർത്തനം താമസംവിനാ ആരംഭിക്കുമെന്ന് ഇടുക്കി ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

9.00 AM]

ശ്രീ. ഹൈബി ഈഡൻ: സർ, ജനസംഖ്യയുടെ അടിസ്ഥാനത്തിലാണ് പണ്ട് വില്ലേജ് ഓഫീസുകൾ രൂപീകരിച്ചിരുന്നത്. പക്ഷേ, അന്ന് കോർപ്പറേഷൻ ഉൾപ്പെടുന്ന പ്രദേശത്ത് ജനസംഖ്യാടിസ്ഥാനത്തിലായിരുന്നു വില്ലേജ് ഓഫീസുകൾ രൂപീകരിച്ചിരുന്നതെങ്കിൽ ഇന്ന് ഫ്ലാറ്റ് സമുച്ചയങ്ങളും റെസിഡൻഷ്യൽ ഏരിയകളും ജനസംഖ്യയും ഒരുപാട് വർദ്ധിച്ചതിന്റെ അടിസ്ഥാനത്തിൽ പുതിയ വില്ലേജ് ഓഫീസുകൾ കോർപ്പറേഷൻ മേഖലയിൽ തുടങ്ങുന്ന കാര്യം ആലോചിക്കുമോ?

ശ്രീ. അടൂർ പ്രകാശ്: സർ, വില്ലേജ് ഓഫീസുകളുടെ പുതിയ രൂപീകരണത്തിലൂടെ ജനങ്ങൾക്ക് നല്ല സേവനം വേഗത്തിൽ കൊടുക്കുകയെന്ന

ലക്ഷ്യമാണ് ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളമുള്ളത്. ബഹുമാനപ്പെട്ട അംഗം വളരെ പ്രധാനപ്പെട്ട കാര്യമാണ് ചോദിച്ചത്. ജനസംഖ്യ കൂടുന്നതനുസരിച്ച് ഫ്ലാറ്റ് സിസ്റ്റം പട്ടണ പ്രദേശങ്ങളിൽ ഉണ്ടാകുമ്പോൾ കൂടുതൽ ആളുകൾ അവിടെ താമസിക്കുന്നു, കൂടുതൽ കുടുംബങ്ങൾ അവിടെ വരുന്നു. അതിനനുസരിച്ച് പുതിയ വില്ലേജുകൾ രൂപീകരിക്കുമോയെന്ന് ചോദിക്കുമ്പോൾ അതിനായി ചില മാനദണ്ഡങ്ങൾ എടുക്കേണ്ടതുണ്ട്. ആ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമെ തീരുമാനങ്ങൾ കൈകൊള്ളുവാൻ കഴിയുകയുള്ളൂ. പുതിയ വില്ലേജ് ഓഫീസ് എന്ന് പറയുമ്പോൾ സാമ്പത്തികമായി വളരെയധികം ബുദ്ധിമുട്ടുകളുണ്ടാകുന്ന പ്രശ്നങ്ങളാണെങ്കിൽ പോലും ഇത്തരം കാര്യങ്ങൾ പരിഹരിക്കാൻ കഴിയുമോയെന്ന് നിശ്ചയമായും ഗവൺമെന്റ് ആലോചിക്കുന്നതാണ്.

<u>ശ്രീ. ഹൈബി ഈഡൻ</u>: സർ, റവന്യൂ ഭരണം പൊതുജനങ്ങൾക്ക് പ്രയോജനകരമാകണം. ഇന്ന് വില്ലേജ് ഓഫീസുകളിൽ ഒരുപാട് ജോലികളുണ്ട്. അമിതമായ ജോലി ഭാരവും ജീവനക്കാരുടെ പര്യാപ്തതയും വലിയ പ്രശ്നം തന്നെയാണ്. ജനസംഖ്യയോടൊപ്പം ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും പരിഗണിച്ച് ഇത് പരിഹരിക്കാൻ വേണ്ട ശ്രമങ്ങൾ മന്ത്രിയുടെയും ഗവൺമെന്റിന്റെയും ഭാഗത്തുനിന്ന് ഉണ്ടാകുമോ? സംസ്ഥാനത്തെ പല വില്ലേജ് ഓഫീസുകളിലും ജീവനക്കാരുടെ അപര്യാപ്തതമൂലം പല പ്രവർത്തനങ്ങളും തടസ്സപ്പെട്ടിരിക്കുകയാണ്. പഞ്ചായത്തുകളിൽ ഒരു വില്ലേജ് എന്ന ഞാൻ പറഞ്ഞ ആശയം വളരെ നല്ലതാണ്. നഗരസഭയുൾപ്പെടുന്ന പ്രദേശങ്ങളിൽ ഒരുപാട് ജനസംഖ്യ വർദ്ധിച്ചതുകൊണ്ട് തന്നെ അതിന്റേതായ ബുദ്ധിമുട്ടുകളുണ്ട്. അതുകൂടി പരിഗണിക്കണമെന്ന് പറയുകയാണ്.

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, ഞാൻ ആദ്യം തന്നെ മറുപടി പറഞ്ഞതാണ്. ജനസംഖ്യയുടെ അടിസ്ഥാനത്തിൽ പലയിടങ്ങളിലും വില്ലേജുകൾ രൂപീകരിക്കേണ്ടതിന്റെ ആവശ്യകത ധാരാളം ഉയർന്നുവരുന്നുണ്ട്. അത്തരത്തിലുള്ള എല്ലാ കാര്യങ്ങളും പരിഗണിച്ചുകൊണ്ടു മാത്രമേ ഇക്കാര്യം പരിഹരിക്കാൻ സാധിക്കുകയുള്ളൂ. സാമ്പത്തികമായുള്ള പരാധീനതകളും പ്രശ്നങ്ങളും ഇതിന്റെ ഒരു പ്രധാനപ്പെട്ട ഘടകമായി തന്നെയാണ് ഗവൺമെന്റ് കാണുന്നത്. എങ്കിൽപോലും ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാനുള്ള നടപടികൾ ഉണ്ടാകും.

<u>ശ്രീ. ലൂഡി ലൂയിസ്</u>: സർ, സംസ്ഥാനത്ത് എല്ലാ ജില്ലകളിലും സ്മാർട്ട് വില്ലേജ് ഓഫീസുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? ബഹുമാനപ്പെട്ട

മുഖ്യമന്ത്രി നടത്തിയ ബഹുജന സമ്പർക്ക പരിപാടിയുടെ അടിസ്ഥാനത്തിൽ ജനങ്ങൾക്ക് ലഭിക്കുന്ന ഒട്ടനവധി പുതിയ സേവനങ്ങളുണ്ട്. അതുപോലെ ആ സേവനങ്ങൾ ലഭിക്കുന്ന മാനദണ്ഡങ്ങൾക്ക് ഒട്ടനവധി മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. ഈ വിവരങ്ങൾ വില്ലേജ് ഓഫീസിൽ പ്രദർശിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. അടൂർ പ്രകാശ്: സർ, എന്തൊക്കെ സേവനങ്ങൾ വില്ലേജ് ഓഫീസുകൾ മുഖാന്തരം ലഭ്യമാകുന്നുവെന്ന് ബോർഡുകൾ വച്ച് ഇപ്പോൾ തന്നെ അവിടെ പ്രദർശിപ്പിച്ചിട്ടുണ്ട്. അതുപേലെ തന്നെ ലഘുലേഖകൾ വിതരണം ചെയ്യാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. കെ. മുരളീധരൻ: സർ, ഭൂപരിഷ്ക്കരണ ചരിത്രത്തിലെ നാഴിക കല്ലായി വിശേഷിപ്പിക്കുന്നതാണ് ഓൺലൈൻ പോക്കുവരവ് സമ്പ്രദായം. എല്ലാ വില്ലേജുകളിലും ഓൺലൈൻ പോക്കുവരവ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ എല്ലായിടത്തും ഏർപ്പെടുത്താൻ ഗവൺമെന്റ് ശ്രദ്ധിക്കുമോ? പഞ്ചായത്തുകളിൽ വില്ലേജ് ഓഫീസ് പഞ്ചായത്ത് ആസ്ഥാനത്തായിരിക്കും. പക്ഷേ, കോർപ്പറേഷനുകളുടെ സ്ഥിതി അതല്ല. ഉദാഹരണമായി, എന്റെ നിയോജകമണ്ഡലത്തിൽ കുടപ്പനക്കുന്ന് വില്ലേജ് ഓഫീസിന്റെ ആസ്ഥാനം പേരൂർക്കടയാണ്. പേരൂർക്കടയുടെ ആസ്ഥാനം 5 കി.മീ. ദൂരത്തുള്ള നെട്ടയത്താണ്. ഇതുപോലുള്ള അപാകതകൾ പരിഹരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. അടൂർ പ്രകാശ്: സർ, ഓൺലൈൻ പോക്കുവരവിന് ആരംഭം കുറിച്ചത് പാലക്കാട് ജില്ലയിലാണ്. 17 വില്ലേജുകളിലായി 2011-ലാണ് ആരംഭം കുറിച്ചത്. ഓൺലൈൻ പോക്കുവരവുമായി ബന്ധപ്പെട്ട് ചില അപാകതകൾ മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ അത് പരിഹരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓൺലൈൻ പോക്കുവരവിന് പ്രാധാന്യം കൊടുക്കുമെന്നും അതിന് തുടക്കം കുറിക്കുമെന്നും ഞാൻ ഈ സഭയിൽ തന്നെ പ്രഖ്യാപിച്ചിട്ടുള്ള കാര്യമാണ്. അതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട അംഗം കൂടി പങ്കെടുത്തുകൊണ്ട് 17-8-2015 ചിങ്ങമാസം ഒന്നാം തീയതി തന്നെ ഇന്റഗ്രേറ്റഡ് ഓൺലൈൻ പോക്കുവരവ് സംസ്ഥാനത്ത് ബഹുമാന്യനായ മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുകയുണ്ടായി. ആദ്യം തിരുവനന്തപുരം ജില്ലയിലെ 12 വില്ലേജുകളിൽ ആരംഭം കുറിച്ചുവെങ്കിൽ ഇപ്പോൾ 17 വില്ലേജുകളിൽ തുടങ്ങിക്കഴിഞ്ഞിരിക്കുകയാണ്. ഓൺലൈൻ പോക്കുവരവ് സംസ്ഥാനത്തുടനീളം നടപ്പാക്കുകയെന്നുള്ളതാണ് ഗവൺമെന്റ് ലക്ഷ്യം വച്ചിട്ടുള്ളത്. ഈ വരുന്ന സാമ്പത്തിക വർഷത്തിന്റെ

ആരംഭത്തോടുകൂടി 420 വില്ലേജുകളിൽ ഓൺലൈൻ പോക്കുവരവ് നടപ്പാക്കാൻ വേണ്ട നടപടികൾക്ക് തുടക്കം കുറിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. ഒരു പുതിയ കാര്യമെന്നുള്ള നിലയിൽ ജനങ്ങളുടെ ബുദ്ധിമുട്ടുകൾ ഒഴിവാക്കുവാൻ കഴിയുന്ന തരത്തിൽ ഇതിന് മുൻതൂക്കം കൊടുത്തു കൊണ്ടുള്ള നടപടികളാണ് ഇപ്പോൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. വരുന്ന സാമ്പത്തിക വർഷാരംഭത്തോടുകൂടി 420 വില്ലേജുകളിൽ ഇത് വ്യാപിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, നമ്മുടെ നാട്ടിലെ സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങൾക്ക് സർക്കാർ ഉദ്യോഗസ്ഥനുമായി ആദ്യം സംസാരിക്കാനുള്ള first touch point ഒരു village office ആണ്. വില്ലേജ് ഓഫീസിലെ ഉദ്യോഗസ്ഥർക്ക് ജോലി ഭാരം കാരണം പലപ്പോഴും സംസാരിക്കുമ്പോൾ മാനുഷികമായ പരിഗണന കൊടുക്കാൻ സാധിക്കുന്നില്ല. ഇതിനുവേണ്ടി വില്ലേജ് ഓഫീസുകളിലെ ജീസമ്മേളനകാലത്തിലേക്ക്വനക്കാർക്ക് ബിഹേവിയറൽ ട്രെയിനിംഗ് കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? വില്ലേജ് ഓഫീസ് മുഖാന്തരം എത്രത്തോളം സർട്ടിഫിക്കറ്റുകളാണ് കഴിഞ്ഞ അഞ്ചുവർഷം കൊണ്ട് ഈ സർക്കാരിന്റെ കാലയളവിൽ നൽകാൻ കഴിഞ്ഞിട്ടുള്ളത്?

ശ്രീ. അടൂർ പ്രകാശ്: സർ, ജനങ്ങൾക്ക് നല്ല സേവനം നൽകുക എന്നുള്ളതു തന്നെയാണ് മുഖ്യമായ ലക്ഷ്യം. ഇവരുടെ ജോലി ഭാരം വളരെ കൂടുതലാണ്. ജീവനക്കാരുടെ ജോലി ഭാരം കുറയ്ക്കുകയെന്നുള്ളതാണ് ഏറ്റവും പ്രധാനമായുള്ളത്. വില്ലേജ് ഓഫീസുകളിൽ സർട്ടിഫിക്കറ്റിനുവേണ്ടി ചെല്ലുന്ന അവസരത്തിൽ വില്ലേജ് ഓഫീസർ അവിടെയില്ലാത്തതുകൊണ്ട് സർട്ടിഫിക്കറ്റുകൾ സമയബന്ധിതമായി കിട്ടുന്നില്ലായെന്നുള്ള പരാതികൾ പലപ്പോഴും ഉയർന്നുവരാറുണ്ടായിരുന്നു. ഇപ്പോൾ അതിനൊരു മാറ്റം ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്ത് ഇ-ഡിസ്ട്രിക്ട് പദ്ധതി പ്രാവർത്തികമാക്കി. കഴിഞ്ഞ കേന്ദ്ര സർക്കാരിന്റെ കാലത്ത് എല്ലാ സംസ്ഥാനത്തും രണ്ട് ജില്ലകൾ തെരഞ്ഞെടുക്കാൻ ആവശ്യപ്പെട്ട് നിർദ്ദേശം ലഭിച്ചിരുന്നു. അങ്ങനെ വന്നപ്പോൾ 14 ജില്ലകളും തെരഞ്ഞെടുത്ത് ഇ-ഡിസ്ട്രിക്ട് പദ്ധതി നടപ്പാക്കികൊണ്ട് മറ്റ് ഇതര സംസ്ഥാനങ്ങൾക്ക് മാതൃകയായി മാറാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. ഈ പദ്ധതി നടപ്പാക്കിയതിനുശേഷം 13-12-2015 വരെ 1,72,99,984 സർട്ടിഫിക്കറ്റുകൾ ഇതിനോടകം കൊടുക്കാൻ കഴിഞ്ഞിട്ടുണ്ട്. എല്ലാ ദിവസങ്ങളിലും കൊടുക്കുന്ന സർട്ടിഫിക്കറ്റുകളുടെ എണ്ണം വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രിയെന്നുള്ള നിലയിൽ കൃത്യമായി എസ്.എം.എസ്. സന്ദേശംവഴി

എനിക്ക് ലഭിക്കുന്നുണ്ട്. അങ്ങനെയുള്ള സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. ഇന്ന് ജീവനക്കാരുടെ ജോലി ഭാരവും ജനങ്ങളുടെ പരാതികളും കുറച്ചുകൊണ്ട് മുന്നോട്ടുപോകുവാൻ ഈ പദ്ധതി നടപ്പിലാക്കിയതിലൂടെ കഴിഞ്ഞിട്ടുണ്ട്.

ശ്രീ. പി. റ്റി. എ. റഹീം: സർ, ഇടക്കാലത്ത് ഗവൺമെന്റ് പഞ്ചായത്തുകൾ ഭാഗിച്ചത് ഹൈക്കോടതി റദ്ദാക്കുകയുണ്ടായി. അതിന് പറഞ്ഞ പ്രധാനപ്പെട്ട കാരണം, വില്ലേജുകൾ പല പഞ്ചായത്തുകളിലും ആകുന്നുവെന്നുള്ളതാണ്. ഇതിന് ഗവൺമെന്റിന് അധികാരമില്ലായെന്ന് പറഞ്ഞുകൊണ്ടാണ് ബഹുമാനപ്പെട്ട ഹൈക്കോടതി ആ പഞ്ചായത്തുകളുടെ രൂപീകരണം റദ്ദാക്കിയത്. ഇതിൽനിന്ന് പാഠം ഉൾക്കൊണ്ടുകൊണ്ട് ഒരേ പഞ്ചായത്തിലുള്ള ആളുകൾ വ്യത്യസ്തമായ വില്ലേജുകളിൽ പോകേണ്ട സ്ഥിതിവിശേഷം ഒഴിവാക്കുന്നതിനുവേണ്ടി വില്ലേജ്-പഞ്ചായത്തുകൾ രൂപീകരിക്കുന്നതിനുള്ള പ്രാഥമികമായ നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. അടൂർ പ്രകാശ്: സർ, പഞ്ചായത്തുകളുടെ അടിസ്ഥാനത്തിൽ തന്നെയാണ് വില്ലേജുകൾ രൂപീകരിച്ചിട്ടുള്ളത്. വില്ലേജുകൾ രൂപീകരിച്ച മേഖലകളിൽ ബഹുമാനപ്പെട്ട പല അംഗങ്ങളും ആവശ്യപ്പെട്ടതനുസരിച്ച് ചില വില്ലേജുകളുടെ മേഖലകൾ മാറ്റി മറ്റൊരു വില്ലേജിലേക്ക് ആക്കണമെന്ന് ചില നിർദ്ദേശങ്ങൾ പലപ്പോഴും ഉണ്ടാകാറുണ്ട്. ആ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നടപടികളും സ്വീകരിക്കുന്നുണ്ട്. ജനങ്ങളുടെ ബുദ്ധിമുട്ട് ഒഴിവാക്കുകയെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട ലക്ഷ്യം.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: സർ, തൃശ്ശൂർ ജില്ലയിൽ ഗ്രൂപ്പ് വില്ലേജുകൾ പലയിടങ്ങളിലും ഒരു ഓഫീസായി പ്രവർത്തിക്കുന്നതുകൊണ്ട് പ്രായോഗികമായി വളരെയധികം ബുദ്ധിമുട്ടുണ്ട്. ചുരുങ്ങിയത് നഗരാതിർത്തിയിലെങ്കിലുമുള്ള ഗ്രൂപ്പ് വില്ലേജുകൾ അടിയന്തരമായി bifurcate ചെയ്യാൻ തയ്യാറാകുമോ? ഉദാഹരണമായി തൃശ്ശൂർ നഗരത്തിൽ അയ്യന്തോൾ-പൂങ്കുന്നം ഗ്രൂപ്പ വില്ലേജ്, ഒല്ലേരി - എൽത്തുരുത്ത് ഗ്രൂപ്പ് വില്ലേജ്. ഗ്രാമങ്ങളിലാകുന്നതിനു മുമ്പുതന്നെ നിലവിലുള്ള ഗ്രൂപ്പ വില്ലേജുകൾ നഗരത്തിൽ bifurcate ചെയ്യാൻ തീരുമാനിക്കുമോ?

ശ്രീ. അടൂർ പ്രകാശ്: സർ, സംസ്ഥാനത്ത് ഗ്രൂപ്പ വില്ലേജുകൾ ഇപ്പോൾ തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കാസർഗോഡ് ജില്ലകളിലാണ് പ്രവർത്തിക്കുന്നത്. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ തൃശ്ശൂർ ജില്ലയിലാണ് ഏറ്റവും കൂടുതൽ ഗ്രൂപ്പ വില്ലേജുകൾ നിലനിൽക്കുന്നത്. ഇന്ന് 100 വില്ലേജുകളിലായി 129

ഗ്രൂപ്പ് വില്ലേജുകൾ എന്ന നിലയിൽ പ്രവർത്തിക്കുകയാണ്. ചില വില്ലേജുകളിൽ 2 എണ്ണവും മറ്റു ചില വില്ലേജുകളിൽ 3 എണ്ണവും പ്രവർത്തിക്കുന്നുണ്ട്. ഇത് വളരെയധികം ബുദ്ധിമുട്ടുകളുണ്ടാക്കുന്നുണ്ടെന്നത് ഉത്തമ ബോദ്ധ്യമുള്ള കാര്യമാണ്. പക്ഷേ അക്കാര്യത്തിൽ നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടിയുള്ള നിർദ്ദേശങ്ങൾ റവന്യൂ വകുപ്പ് ഇതിനോടകംതന്നെ നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞ പ്രധാനപ്പെട്ട ഒരു കാര്യമായിത്തന്നെ ഇതിനെ ഉൾക്കൊള്ളുന്നു. തീർച്ചയായും ഇത്തരം കാര്യങ്ങൾക്ക് എന്ത് നടപടി സ്വീകരിക്കാൻ കഴിയുമെന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്.

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: സർ, ജനങ്ങളുടെ സൗകര്യത്തിനനുസരിച്ച് പഞ്ചായത്തടിസ്ഥാനത്തിൽ വില്ലേജ് രൂപീകരിക്കുന്ന കാര്യത്തെക്കുറിച്ചാണല്ലോ ചോദ്യം. കേരളത്തിൽ ചില താലൂക്കുകളിൽ ആറോ ഏഴോ വില്ലേജുകളും ചില താലൂക്കുകളിൽ മുപ്പതും മുപ്പത്തിരണ്ടും വില്ലേജുകളുമാണുള്ളത്. ഇങ്ങനെ പഞ്ചായത്തടിസ്ഥാനത്തിൽ വില്ലേജ് രൂപീകരിക്കുന്നതിനോടൊപ്പംതന്നെ കേരളത്തിലാകെ നീതി ലഭിക്കുന്നതിന്റെ ഭാഗമായി താലൂക്കുകളുടെ എണ്ണം വർദ്ധിപ്പിച്ച് വില്ലേജുകൾ ഉൾക്കൊള്ളുന്നത് കുറച്ചുകൊണ്ടുവരാനുള്ള ശ്രമം കൂടി നടത്താൻ തയ്യാറാകുമോ?

ശ്രീ. അടൂർ പ്രകാശ്: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം കേരളത്തിൽ 12 പുതിയ താലൂക്കുകൾ പ്രഖ്യാപിച്ചു. ഈ 12 പുതിയ താലൂക്കുകളുടെയും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ചില ജില്ലകളിൽ ഒരു പഞ്ചായത്തിൽതന്നെ കൂടുതൽ വില്ലേജുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് ശരിയാണ്. പക്ഷേ അത്തരം വില്ലേജുകൾ പ്രവർത്തിക്കുന്നത് നിർത്തൽ ചെയ്യാൻ കഴിയുകയില്ല. കാരണം, ഓരോ ഭാഗത്തും ആരംഭിച്ച വില്ലേജുകൾ നിർത്തൽ ചെയ്യാൻ വേണ്ടി സർക്കാർ ഒരു ഉത്തരവ് ഇറക്കിയാൽ അതിലുണ്ടാകുന്ന പ്രത്യാഘാതം എന്തായിരിക്കുമെന്ന് ബഹുമാനപ്പെട്ട അംഗത്തിനുൾപ്പെടെ എല്ലാവർക്കുമറിയാം. ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാത്ത തരത്തിൽ നല്ല സേവനങ്ങൾ നൽകുന്നതിനുവേണ്ടിയുള്ള നടപടികളുമായി മുന്നോട്ടുപോകുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നുണ്ട്.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, പോക്കുവരവുമായി ബന്ധപ്പെട്ടാണ് ഇവിടെ സംസാരിച്ചത്. ഈ ഗവൺമെന്റ് വന്നതിനുശേഷം ഇടുക്കി ജില്ലയിൽ ധാരാളം പട്ടയങ്ങൾ കൊടുക്കാൻ സാധിച്ചു. പക്ഷെ പട്ടയങ്ങൾ പോക്കുവരവു ചെയ്തു കിട്ടുന്നതിനുള്ള കാലതാമസം ഏറെ ശ്രദ്ധേയമാണ്. ഏറ്റവും പ്രധാനപ്പെട്ട ഒരു

വിഷയം, ഇടുക്കി ജില്ലാ ഹെഡ്ക്വാർട്ടേഴ്സ്, ജില്ലാ കളക്ടറേറ്റ് ഇരിക്കുന്ന ഇടുക്കി വില്ലേജ്, അവിടെ റീ-സർവ്വേ പൂർത്തീകരിച്ച ബ്ലോക്കുകളിൽ പട്ടയം കൊടുക്കുന്നതിനുവേണ്ടി റവന്യൂ ഡിപ്പാർട്ടുമെന്റിൽനിന്ന് ഒരു ഉത്തരവ് കൂടി ലഭിക്കേണ്ടതായിട്ടുണ്ട്. ആ ഉത്തരവ് എത്രയും വേഗം ലഭ്യമാക്കി പട്ടയനടപടികൾ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. അതോടൊപ്പംതന്നെ അങ്ങയുടെ നേതൃത്വത്തിൽ നടന്നിട്ടുള്ള പദ്ധതിപ്രദേശ പട്ടയം അനുസരിച്ച് പത്ത് ചെയിൻ പ്രദേശത്തെ പട്ടയം കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനു വേണ്ടി ഓഫീസുകളോ ജീവനക്കാരെയോ കൊടുക്കാൻ കഴിഞ്ഞിട്ടില്ല. ഇടുക്കിയുടെ സുപ്രധാനമായൊരു വിഷയം എന്ന രീതിയിൽ ഈ ഭൂപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഇതുവരെ എടുത്ത താൽപ്പര്യത്തിന്റെ അടിസ്ഥാനത്തിൽ കുറെക്കൂടി കാര്യക്ഷമമായി അത് നടപ്പിലാക്കാനാവശ്യമായ നടപടി സ്വീകരിക്കുകയും റവന്യൂ ഡിപ്പാർട്ടുമെന്റിൽനിന്ന് ലഭ്യമാകേണ്ട ഓർഡർ നൽകി റീ-സർവ്വേ പൂർത്തീകരിച്ച പ്രദേശത്ത് എത്രയും പെട്ടെന്ന് പട്ടയം കൊടുക്കാൻ, അങ്ങ് തന്നെ നൽകിയ വാഗ്ദാനം പാലിക്കാനാവശ്യമായ നിർദ്ദേശം നൽകുമോയെന്നതാണ് എന്റെ ചോദ്യം.

<u>ശ്രീ. അടൂർ പ്രകാശ്:</u> സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം കേരളത്തിൽ മൊത്തത്തിൽ 148119 ആളുകൾക്ക് പട്ടയം നൽകാൻ കഴിഞ്ഞിട്ടുണ്ട്. അതിൽ ഇടുക്കി ജില്ലയിൽ മാത്രം 42189 പേർക്ക് പട്ടയം കൊടുത്തു. ഇത് ഒരുപക്ഷെ മുൻകാല ചരിത്രങ്ങൾ പരിശോധിച്ചു നോക്കിയാൽ ഏറ്റവും കൂടുതൽ പട്ടയം നൽകിയ ഒരു ഗവൺമെന്റ് UDF ഗവൺമെന്റാണെന്ന് അങ്ങേക്ക് ബോദ്ധ്യം വരും. ഇടുക്കി ജില്ലയിലെ മുഴുവൻ പ്രശ്നങ്ങൾക്കും പരിഹാരം ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട അംഗം പറഞ്ഞ പത്ത് ചെയിൻ പ്രദേശത്തും അതുപോലെയുള്ള പല പ്രദേശങ്ങളിലും ഇനിയും പട്ടയം കൊടുക്കാൻ ബാക്കി നിൽക്കുകയാണ്. അതിന് ആവശ്യമായ ക്രമീകരണങ്ങളും നടപടികളും സ്വീകരിച്ചുകൊണ്ട് മുന്നോട്ടുപോവുകയാണ്. ഈ ഗവൺമെന്റിന്റെ മുഖ്യമായ ലക്ഷ്യം, ഭൂമി കൈവശം വച്ചിരിക്കുന്ന ആളുകളുടെ ന്യായമായ അവകാശങ്ങൾ സംരക്ഷിക്കപ്പെടുക എന്നുള്ളതാണ്. പ്രത്യേകിച്ച് കർഷകർ. ഇടുക്കി പോലുള്ള പ്രദേശത്ത് കുടിയേറ്റ കർഷകർ വർഷങ്ങളായി കൈവശം വച്ചിരിക്കുന്ന ഭൂമിയുടെ അവകാശമാണ് അവർ ചോദിക്കുന്നത്. ആ അവകാശങ്ങൾ സംരക്ഷിക്കപ്പെട്ടുന്നതിന്, അനധികൃതമായി ഭൂമി കൈവശം വച്ചിരിക്കുന്ന ആളുകളെ സംരക്ഷിക്കപ്പെടേണ്ടതില്ല എന്നുകൂടി ഞാൻ അടിവരയിട്ടു പറയുന്നു. പക്ഷെ ന്യായമായി ചെയ്യേണ്ട കാര്യങ്ങൾ കൃത്യമായി ചെയ്യുന്നതിന് ആവശ്യമായ

നടപടികൾ അവിടെ സ്വീകരിക്കുന്നതാണ്. ഇടുക്കി ജില്ലയിലും ഏറ്റവും കൂടുതൽ പട്ടയം കൊടുക്കാൻ കഴിഞ്ഞിട്ടുള്ളത് ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിലാണ്.

ശ്രീ. രാജു എബ്രഹാം: സർ, വില്ലേജാഫീസുകൾ അഴിമതിയുടെ കേന്ദ്രങ്ങളാണ്. അഴിമതിയില്ലാത്ത അപൂർവ്വം വില്ലേജ് ഓഫീസുകളുമുണ്ട്. അത് ഞാൻ നിഷേധിക്കുന്നില്ല. സർക്കാർ ഇറക്കുന്ന പല ഉത്തരവുകളും അഴിമതിക്ക് വേണ്ടി ഉപയോഗിക്കാനാണ് ശ്രമിക്കുന്നത്. അതുകൊണ്ട് അഴിമതി വിമുക്തമായ വില്ലേജ് ഓഫീസ് എന്ന ഒരു സങ്കൽപ്പത്തിലേക്ക് പോകാനുള്ള നടപടികൾ സ്വീകരിക്കാൻ അങ്ങ് എന്തൊക്കെയാണ് ചെയ്യാനുദ്ദേശിക്കുന്നത്?

ശ്രീ. അടൂർ പ്രകാശ്: സർ, സർക്കാർ ഇറക്കുന്ന ഉത്തരവുകൾ അഴിമതിക്കു കൂട്ടുനിൽക്കുന്ന തരത്തിലുള്ള ഉത്തരവുകളാണെന്ന ദുരൂഹത വച്ചുകൊണ്ടാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത്. അതൊരു ശരിയായ കാര്യമല്ല. ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട അംഗത്തിന് നന്നായി അറിയാം. പലയിടങ്ങളിലും പലതരത്തിൽ ഉദ്യോഗസ്ഥന്മാർ കാണിക്കുന്ന ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾക്ക് അറുതി വരുത്തണം എന്ന് തന്നെയാണ് ഈ ഗവൺമെന്റിന്റെ മുഖ്യമായ ലക്ഷ്യം. അതിനാവശ്യമായ നടപടികൾ പലപ്പോഴും സ്വീകരിക്കുന്നുണ്ട്. അങ്ങനെ അഴിമതി കാണിക്കുന്നവരെ വിജിലൻസ് ഉൾപ്പെടെയുള്ള ആളുകൾ കണ്ടെത്തി പിടിക്കുന്നതിനും അവർക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിനും ഡിപ്പാർട്ട്മെന്റ് മുൻതൂക്കം കൊടുത്തുകൊണ്ടുതന്നെയാണ് മുന്നോട്ടുപോകുന്നത്. ഏതായാലും അഴിമതി രഹിതമായ ഒരു വില്ലേജ് ഓഫീസ് എന്നുള്ള പ്രവർത്തനം തന്നെയാണ് നമ്മുടെ ലക്ഷ്യം. സർട്ടിഫിക്കറ്റുകൾക്കുവേണ്ടി ചെല്ലുന്ന ആളുകൾക്ക് വേഗത്തിൽ സർട്ടിഫിക്കറ്റ് കിട്ടുന്നതിനുവേണ്ടി മുമ്പ് ചില ഏർപ്പാടുകൾ ഉണ്ടാക്കിയിട്ടുണ്ടായിരുന്നുവെങ്കിൽ ഇന്നിപ്പോൾ അതിന്റെ ആവശ്യം വരുന്നില്ല. ഇ-ഡിസ്ട്രിക്ട് പദ്ധതിയിലൂടെ അക്ഷയ സെന്റർവഴി അപേക്ഷ നൽകിയാൽ മുൻഗണനാ ക്രമത്തിൽ അവർക്ക് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. ആദ്യം അപേക്ഷ കൊടുക്കുന്ന ആളിന് ഏറ്റവും ആദ്യം സർട്ടിഫിക്കറ്റ് കിട്ടും. ആ മുൻഗണനാ ക്രമത്തിൽത്തന്നെ കിട്ടാനുള്ള നടപടികളൊക്കെ സ്വീകരിച്ചിട്ടുണ്ട്. ഉദ്യോഗസ്ഥന്മാരുടെയും ജീവനക്കാരുടെയും ഇടയിൽ അങ്ങ് സൂചിപ്പിച്ചതുപോലുള്ള പ്രശ്നമുള്ളത് കുറച്ചു കൊണ്ടുവരാനുള്ള നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായിട്ടാണ് ഈ ആധുനിക കാലഘട്ടത്തിൽ ചെയ്യേണ്ട ഇത്തരത്തിലുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളത്.

ശ്രീ. ജോസഫ് വാഴയ്ക്കൻ: സർ, വില്ലേജ് ഓഫീസുകളുടെ പ്രാധാന്യത്തെ

കുറിച്ച് ഇവിടെ പറഞ്ഞു. ഏറ്റവും കൂടുതൽ ജനങ്ങൾ ഇന്ന് ആശ്രയിക്കുന്നത് വില്ലേജാഫീസിനെയാണ്. അതുപോലെതന്നെ ഏറ്റവും മോശം കെട്ടിടവും ഓഫീസും സൗകര്യങ്ങളുമുള്ളതും വില്ലേജാഫീസിലാണ്. മിക്കവാറും വില്ലേജാഫീസുകൾ എവിടെയെങ്കിലും പഴകി തുരുമ്പിച്ച ഒരു കെട്ടിടത്തിൽ ഒരു സൗകര്യവുമില്ലാതെ ചോർന്നൊലിച്ചു കിടക്കുന്ന കാഴ്ചയാണ് കാണാൻ കഴിയുന്നത്. അതുപോലെതന്നെ പലതും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഏറ്റവും കൂടുതൽ ഭൂമിയുടെ അവകാശമുള്ളത് റവന്യൂ വകുപ്പിനാണ്. അതുകൊണ്ടുതന്നെ ഈ കാര്യത്തിൽ വില്ലേജ് ആഫീസുകൾക്ക് ഏറ്റവും നല്ല രീതിയിലുള്ള കെട്ടിടവും സൗകര്യപ്രദമായ ഓഫീസുകളും ഉണ്ടാക്കുന്ന കാര്യത്തിൽ റവന്യൂ വകുപ്പ് ശ്രദ്ധിക്കുമോ എന്നുള്ളതാണ് ഒരു ചോദ്യം. അതുപോലെതന്നെ ഭൂമിയുടെ സർവ്വേ നമ്പരുകൾ മാറിക്കിടക്കുന്ന ഒട്ടനവധി കേസുകൾ ഉണ്ട്. ഇടുക്കി ജില്ലയിൽ ആയിരക്കണക്കിനു കേസുകൾ ഉണ്ട്. പക്ഷേ കൃത്യമായി ഒരു നിയമം ഇല്ലാത്തതുകൊണ്ട് അത് കറക്ട് ചെയ്യാൻ കഴിയാത്ത ഒരവസ്ഥയുണ്ട്. പക്ഷെ അതിനുവേണ്ടി ആളുകൾ ഓഫീസുകൾ കയറിയിറങ്ങുകയാണ്. ഇക്കാര്യത്തിൽ ഗവൺമെന്റ് കുറച്ചു കാര്യങ്ങൾ ഈ അടുത്ത കാലത്ത് ചെയ്തിട്ടുണ്ട്. അക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചു എന്നുകൂടി വ്യക്തമാക്കുമോ?

ശ്രീ. അടൂർ പ്രകാശ്: സർ, വില്ലേജ് ഓഫീസുകളുടെ ഇന്നത്തെ ശോചനീയാവസ്ഥ പരിഹരിക്കപ്പെടുന്നതിനുവേണ്ടി ഈ ഗവൺമെന്റ് വന്നതിനു ശേഷം 2012-ൽ സ്മാർട്ട് വില്ലേജ് ഓഫീസ് എന്നൊരു ആശയം കൊണ്ടുവന്നു. ഈ ആശയം കൊണ്ടുവന്നതിനുശേഷം വില്ലേജ് ആഫീസുകൾ നവീകരിക്കുന്നതിനു വേണ്ടി എല്ലാ ജില്ലകളിൽനിന്നും ഓരോ വില്ലേജ് ഓഫീസ് എടുത്തുകൊണ്ട് ആദ്യ ഘട്ടത്തിൽ പതിനാല് വില്ലേജ് ഓഫീസുകളെ നവീകരിച്ച് സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി മാറ്റിയെടുത്തു. വീണ്ടും അടുത്ത സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തുക വകകൊള്ളിച്ചുകൊണ്ട് വില്ലേജ് ഓഫീസുകൾക്കുവേണ്ടി ഏറ്റവും മനോഹരമായ കെട്ടിടം നിർമ്മിച്ച് ഫർണിഷിംഗ് ഉൾപ്പെടെയുള്ള പണികൾ പൂർത്തിയാക്കി ഇതൊരു കോർപ്പറേറ്റ് ഓഫീസിന് തുല്യമാക്കി മാറ്റിയെടുക്കുന്ന തരത്തിലേക്ക് വില്ലേജ് ഓഫീസുകളുടെ ക്രമീകരണങ്ങളുണ്ടാക്കാൻ ശ്രമം നടത്തി. അങ്ങനെ രണ്ടാം ഘട്ടത്തിൽ പതിനൊന്ന് വില്ലേജ് ഓഫീസുകളെ നവീകരിച്ച് സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി. നമ്മുടെ മനസ്സിലുള്ള സങ്കല്പമാണ് ഞാൻ പറയുന്നത്. അല്ലാതെ കോർപ്പറേറ്റ് ഓഫീസുകളാക്കുക എന്നുള്ളതല്ല. ബഹുമാനപ്പെട്ട അംഗത്തിന് അങ്ങനെയൊരു ആശങ്ക വേണ്ട. കോർപ്പറേറ്റ് ഓഫീസുകളോട് കിടപിടിക്കത്തക്ക വിധത്തിൽ നല്ല കെട്ടിടങ്ങളുണ്ടാകണമെന്നാണ് ആഗ്രഹിക്കുന്നത്.

മൂന്നാം ഘട്ടത്തിൽ എട്ട് വില്ലേജ് ഓഫീസുകളെ നവീകരിച്ച് സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി. കേരളത്തിൽ വിവിധ ജില്ലകളിലായി ആകെ 33 സ്മാർട്ട് വില്ലേജ് ഓഫീസുകൾ പുതിയതായി പണികഴിപ്പിച്ച് അതിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുകയാണ്. ബഹുമാനപ്പെട്ട അംഗം മറ്റൊരു ചോദ്യം ചോദിച്ചത്, സർവ്വേ നമ്പറുകൾ മാറിക്കിടക്കുന്നു എന്നുള്ളതാണ്. പ്രത്യേകിച്ച് ഇടുക്കി ജില്ലയിലെ ചില പ്രദേശങ്ങളിൽ ചെല്ലുമ്പോൾ കേൾക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു പരാതിയാണ് സർവ്വേ നമ്പരുകൾ മാറിക്കിടക്കുന്നു എന്നുള്ളത്. ജനങ്ങളുടെ കുറ്റം കൊണ്ടല്ല അങ്ങനെ സംഭവിച്ചിട്ടുള്ളത്. ഒരു പക്ഷേ ഉദ്യോഗസ്ഥൻമാർ ഏതെങ്കിലും അവസരത്തിൽ എഴുതിവച്ചതിലുള്ള അപാകതയിൽനിന്നും ഉണ്ടായതാണെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. അത് പരിഹരിക്കുവാൻ വേണ്ടി ഗവൺമെന്റ് എല്ലാ ശ്രമങ്ങളും നടത്തിക്കൊണ്ടിരിക്കുകയാണ്. ശ്രീ. ജോസഫ് വാഴയ്ക്കനും ശ്രീ. റോഷി അഗസ്റ്റിനും മറ്റും ഈ ആവശ്യം ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ ഞാൻ തന്നെ പല യോഗങ്ങളും വിളിച്ചുചേർത്ത് അതിനുള്ള നടപടിക്രമങ്ങൾ നടപ്പിലാക്കി മുന്നോട്ട് പോകുകയാണ്.

<u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u>: സർ, വില്ലേജ് ആഫീസുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനെക്കുറിച്ചും ഡബിളായി പ്രവർത്തിക്കുന്നതിനെക്കുറിച്ചും ബഹുമാനപ്പെട്ട മന്ത്രി നേരത്തെ സംസാരിക്കുകയുണ്ടായി. എന്റെ മണ്ഡലത്തിൽ നാല് വില്ലേജ് ആഫീസുകൾ ഇതുപോലെ പ്രവർത്തിക്കുകയാണ്. കഴിഞ്ഞ പ്രാവശ്യം രണ്ടെണ്ണം വേർതിരിച്ചു. രണ്ടെണ്ണം ഇപ്പോഴും അങ്ങനെ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. അതിനൊരു പരിഹാരമുണ്ടാക്കണമെന്ന് കാണിച്ച് കഴിഞ്ഞ പ്രാവശ്യം ഞാൻ നേരിട്ട് നിവേദനം തന്നിരുന്നു. ഇതുവരെയും അത് പരിഹരിച്ചില്ല. അതുപോലെ നമ്മുടെ പട്ടണങ്ങളിൽ വിസ്തീർണ്ണമുള്ള ചില താലൂക്ക് ഓഫീസുകളും വില്ലേജ് ഓഫീസുകളുമുണ്ട്. അത് വിഭജിക്കണമെന്നാവശ്യപ്പെട്ട് ഞാൻ നിവേദനം തന്നിരുന്നു. ഇതുവരെ അതും പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല. ഒരു വില്ലേജ് ഓഫീസിൽ എത്തണമെങ്കിൽ പതിനഞ്ചും ഇരുപതും കിലോമീറ്റർ നടന്ന് പോകണം. ജനങ്ങളുടെ സൗകര്യത്തിനുവേണ്ടി അങ്ങനെയുള്ള വില്ലേജ് ഓഫീസുകൾ വിഭജിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നതാണ് എന്റെ ആവശ്യം. ഇനിയുള്ള ബഡ്ജറ്റിന് മുമ്പെങ്കിലും ഇതിന് എന്തെങ്കിലും നടപടി സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. അതുപോലെ ലക്ഷക്കണക്കിന് ആളുകൾക്ക് പട്ടയം കൊടുത്ത കാര്യം അങ്ങ് ഇവിടെ പറഞ്ഞു. കാസർഗോഡ് ജില്ലയിൽ പട്ടയമേള നടത്തിയ അവസരത്തിൽ അങ്ങ് സമൂഹത്തോട് പറഞ്ഞ ഒരു പ്രധാനപ്പെട്ട കാര്യമുണ്ട്. ഞാൻ ആ യോഗത്തിൽ ഉന്നയിച്ച ആവശ്യത്തിന്

മറുപടിയായി അങ്ങ് പറഞ്ഞതാണ്. കാസർഗോഡ് ജില്ലയിൽ ആയിരക്കണക്കിന് ആളുകൾ കൈവശം വച്ച് അനുഭവമുണ്ടാക്കിയെടുത്ത ഭൂമിക്ക് പട്ടയം കൊടുത്തില്ല. എറണാകുളത്തും തിരുവനന്തപുരത്തുമുള്ള ആയിരക്കണക്കിന് ആളുകൾക്കാണ് നിങ്ങൾ പട്ടയം കൊടുത്തത്. നിങ്ങൾ കാസർഗോഡ് പട്ടയം കൊടുത്ത സ്ഥലം പി.ഡബ്ല്യൂ.ഡി. റോഡാണ്. അത് എന്റെ മണ്ഡലത്തിലാണ്. അങ്ങനെ അവർക്ക് ചായ്പ് കെട്ടാൻ കഴിയാത്തതുകൊണ്ട് എന്നോട് പറഞ്ഞപ്പോൾ ഞാൻ മറ്റൊരു സ്ഥലം കാണിച്ചുകൊടുത്തു. എന്റെ സുഹൃത്തായതുകൊണ്ട് ഞാൻ സ്ഥലം കാണിച്ചുകൊടുത്തതാണ്. അവിടെ താമസിച്ച ആളുകൾക്കെല്ലാം അടുത്ത മാസം തന്നെ പട്ടയം കൊടുക്കുമെന്ന് അങ്ങ് പ്രഖ്യാപിച്ചതാണ്. അതിനുശേഷം അങ്ങ് കാസർഗോഡ് വന്നിട്ടില്ല. അതുകൊണ്ട് കാസർഗോഡ് കൈവശമുള്ള ഭൂമിക്ക് പട്ടയം കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. അല്ലെങ്കിൽ പട്ടയമേള എന്ന പരിപാടിയെ ഞങ്ങൾ വെറുക്കുമെന്ന് ഞാനിവിടെ പറയുകയാണ്.

ശ്രീ. അടൂർ പ്രകാശ്: സർ, പട്ടയം കൊടുക്കുമെന്ന് പറഞ്ഞതിനുശേഷം ഞാൻ കാസർഗോഡ് വന്നിട്ടില്ലെന്ന് പറയുന്നത് ശരിയല്ല. അതിനുശേഷം പല പരിപാടികളുമായി ബന്ധപ്പെട്ട് ഞാൻ കാസർഗോഡ് വന്നിരുന്നു. അങ്ങയുടെ നിയോജക മണ്ഡലത്തിൽ ഒരു പക്ഷേ വന്നിട്ടില്ലെന്നുമാത്രമേയുള്ളൂ. മറ്റുള്ള എം.എൽ.എ. മാരുടെയെല്ലാം നിയോജക മണ്ഡലങ്ങളിലുണ്ടായിരുന്ന പരിപാടികളിൽ പങ്കെടുക്കാൻ ഞാൻ പോയിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽത്തന്നെ 13729 ആളുകൾക്ക് പട്ടയം കൊടുത്തു. ഭൂമി കൈവശമുള്ള ആളുകൾക്ക് പട്ടയം കൊടുക്കുമെന്നുള്ള കാര്യത്തിൽ ഒരു സംശയവും വേണ്ട. കൈവശക്കാരന് ഭൂമിയുടെ അവകാശം കൊടുക്കുക എന്നുള്ളതുതന്നെയാണ് ഗവൺമെന്റിന്റെ ഏറ്റവും പ്രധാനപ്പെട്ട ലക്ഷ്യം. ഞാൻ എപ്പോഴും ആവർത്തിച്ച് പറയുന്ന ഒരു കാര്യമാണിത്. അതാത് ജില്ലകളിൽ അതിനുള്ള നടപടികൾ നടപ്പിലാക്കാനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ ഇനിയും കുറെ ആളുകൾക്ക് പട്ടയം കൊടുക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പൂർത്തീകരിച്ച് വരുന്നുണ്ടെന്ന് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. ലഭിക്കുന്ന എല്ലാ അപേക്ഷകളും പരിശോധന നടത്തി അതിന്റെ നടപടികളെല്ലാം പൂർത്തീകരിച്ച് പട്ടയം കൊടുക്കാൻ കഴിയുന്ന അവസരത്തിലേക്ക് വരുമ്പോൾ തീർച്ചയായും അങ്ങയുടെ ആശങ്കയ്ക്ക് വഴിയില്ല. അങ്ങ് പറഞ്ഞ കാര്യങ്ങൾ നടപ്പിലാക്കാൻവേണ്ട നടപടികൾ ചെയ്യുന്നതാണ്.

ശ്രീ. സി. പി. മുഹമ്മദ്: സർ, ഒരു പഞ്ചായത്തിന് ഒരു വില്ലേജ് ഓഫീസ് എന്നുള്ള നയം ശരിയാണ്. പക്ഷേ കേരളത്തിൽ വളരെ വിസ്തൃതമായ പഞ്ചായത്തുകളിൽ

രണ്ട് വില്ലേജ് ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. എന്റെ നിയോജക മണ്ഡലമായ പട്ടാമ്പിയിലെ ഓങ്ങല്ലൂരിൽ രണ്ട് വില്ലേജ് ഓഫീസുകളുണ്ട്. ഒരു പഞ്ചായത്തിന് ഒരു വില്ലേജ് ഓഫീസ് എന്ന നയം പ്രാവർത്തികമാക്കുമ്പോൾ രണ്ട് വില്ലേജ് ഓഫീസുകളുള്ള വിസ്തൃതമായ പഞ്ചായത്തുകളിൽനിന്നും ഒരെണ്ണം ഒഴിവാക്കാതിരിക്കുന്ന കാര്യം പരിഗണിക്കുമോ?

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, ഞാൻ ഇക്കാര്യം നേരത്തെ ഇവിടെ സൂചിപ്പിച്ചതാണ്. ഇപ്പോൾ പല പഞ്ചായത്തുകളിലും രണ്ട് വില്ലേജ് ഓഫീസുകൾ പ്രവർത്തിക്കുന്ന സ്ഥലങ്ങളുണ്ട്. പട്ടാമ്പിയിലെ ഒരു പഞ്ചായത്തിൽ രണ്ട് വില്ലേജ് ഓഫീസുകൾ പ്രവർത്തിക്കുന്ന കാര്യത്തെക്കുറിച്ചാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത്. ഒരു കാരണവശാലും അങ്ങനെ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന വില്ലേജ് ഓഫീസുകൾ നിർത്തലാക്കുന്ന നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുകയില്ലെന്ന് ഈ സഭയ്ക്ക് ഞാൻ ഉറപ്പ് നൽകുകയാണ്.

<u>ശ്രീ. ബാബു എം. പാലിശ്ശേരി</u>: സർ, വില്ലേജ് ഓഫീസുകളുടെയും താലൂക്ക് ഓഫീസുകളുടെയും പ്രവർത്തനങ്ങളുടെ ഭാഗമായി കഴിഞ്ഞ 45 വർഷമായി നമ്മുടെ സംസ്ഥാനത്ത് റീ സർവ്വേ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. അങ്ങും ഞാനും മറ്റ് മെമ്പർമാരുമൊക്കെ ചേർന്ന് വിവിധ സംസ്ഥാനങ്ങളിലൊക്കെ പോയി അവിടെയൊക്കെ വളരെ വിജയകരമായി റീ-സർവ്വേ പൂർത്തീകരിച്ചതിന്റെ അനുഭവങ്ങളൊക്കെ പങ്കിട്ടു. അതൊക്കെ വച്ചുകൊണ്ട് നമ്മുടെ സംസ്ഥാനത്ത് എന്തെങ്കിലും നടപടി ആവിഷ്കരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഏഴ് വില്ലേജ് ഓഫീസുകൾ മുതൽ പന്ത്രണ്ട് വില്ലേജ് ഓഫീസുകൾ വരെയുള്ള താലൂക്കുകൾ വിഭജിച്ചിട്ടുണ്ട്. 74 വില്ലേജ് ഓഫീസുകളുള്ള തലപ്പള്ളി താലൂക്കിൽ നിന്നാണ് ഞാൻ വരുന്നത്. കേരളത്തിലെ ഏറ്റവും വലിയ താലൂക്കാണിത്. 74 വില്ലേജ് ഓഫീസുള്ള തലപ്പള്ളി താലൂക്ക് വിഭജിച്ച് കുന്നംകുളം താലൂക്കുണ്ടാക്കാൻ അങ്ങ് ദയവ് കാണിക്കുമോ?

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, ഈ താലൂക്ക് വിഭജിച്ച് പുതിയ താലൂക്കുണ്ടാക്കുന്ന കാര്യത്തെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം ഈ സഭയിൽ മാത്രമല്ല വ്യക്തിപരമായും പല പ്രാവശ്യം എഴുതി തന്നിട്ടുള്ളതാണ്. അതുമായി ബന്ധപ്പെട്ട റിപ്പോർട്ടുകളും മറ്റും എടുക്കുന്നതിനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. പുതിയ താലൂക്കുകൾ രൂപീകരിക്കുക എന്നുപറയുമ്പോൾ സാമ്പത്തികമായി വളരെയധികം പ്രശ്നങ്ങളുള്ള ഒരു കാര്യമാണ്. എന്നിരുന്നാലും ജനങ്ങളുടെ ബുദ്ധിമുട്ടുകൾ ഒഴിവാക്കുക എന്ന ലക്ഷ്യത്തോടെയാണ് പുതിയ താലൂക്കുകളും വില്ലേജുകളുമൊക്കെ രൂപീകരിക്കുന്നത്. ബഹുമാനപ്പെട്ട

അംഗം പറഞ്ഞ കാര്യങ്ങൾ പരിശോധിക്കുന്നതാണ്.

ശ്രീ. സി. എഫ്. തോമസ്: സർ, അക്ഷയ കേന്ദ്രങ്ങളുടെ സേവനങ്ങൾ പ്രധാനപ്പെട്ടതാണ്. വില്ലേജ് ഓഫീസുകളിൽനിന്നും കൊടുക്കുന്ന സർട്ടിഫിക്കറ്റുകൾക്കെല്ലാം അക്ഷയ കേന്ദ്രങ്ങളിലേക്ക് പോകണമെന്നുള്ള ഒരു നിർദ്ദേശം കൊടുക്കുന്നുണ്ട്. അങ്ങനെ വന്നാൽ ഫീസ് കൊടുക്കണം. ഒരു സേവനം ജനങ്ങൾക്ക് ലഭ്യമാക്കാനുള്ള വില്ലേജ് ആഫീസിന്റെ ഉദ്ദേശ്യം തന്നെ പ്രധാനപ്പെട്ടതാണ്. അതുകൊണ്ട് പരമാവധി സർട്ടിഫിക്കറ്റുകൾ വില്ലേജ് ആഫീസുകളിൽനിന്നും കൊടുക്കാനുള്ള നിർദ്ദേശം നൽകുമോ?

ശ്രീ. അടൂർ പ്രകാശ്: സർ, ഈ പദ്ധതി ആരംഭിക്കുന്ന സമയത്ത് അപേക്ഷകൾ നേരിട്ട് കൊടുക്കാമെന്നൊരു നിർദ്ദേശം ഞാൻ തന്നെ കൊടുത്തിരുന്നു. അതിനുശേഷം പരിശോധന നടത്തിയപ്പോൾ പല വില്ലേജ് ഓഫീസുകളും അപേക്ഷകൾ വാങ്ങി കൂട്ടി വയ്ക്കുന്നതല്ലാതെ സമയബന്ധിതമായി സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുന്നില്ല എന്നു മനസ്സിലായി. അതൊരു അപാകതയാണെന്ന് മനസ്സിലാക്കിയതുകൊണ്ടാണ് അപേക്ഷകൾ കൃത്യമായി അക്ഷയ സെന്റർവഴി മുൻഗണനാക്രമത്തിൽ കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകിയത്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ അങ്ങനെയൊരു നിർദ്ദേശം ആദ്യം ഞാൻ കൊടുത്തിരുന്നു. വേഗത്തിൽ കാര്യങ്ങൾ നടക്കട്ടെ എന്നുകരുതിയാണ് അങ്ങനെയൊരു നിർദ്ദേശം കൊടുത്തത്. പക്ഷേ അത് തെറ്റാണെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിലാണ് ഇങ്ങനെയൊരുതീരുമാനമെടുത്തിട്ടുള്ളത്.

(ചോദ്യോത്തര സമയം കഴിഞ്ഞു)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

#### രജിസ്ട്രേഷൻ വഴിയുള്ള വരുമാനം

3(*243) ശ്രീ. സി. കൃഷ്ണൻ :
ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വഴിയുള്ള വരുമാനം ഗണ്യമായി കുറഞ്ഞിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരത്തിൽ കുറവ് വരാൻ ഇടയായ സാഹചര്യം എന്തായിരുന്നുവെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(സി) ആയതിന് പരിഹാരമായി കൈമാറ്റം ചെയ്യുന്ന വസ്തുവിലുള്ള കെട്ടിടത്തിന് ധാരണാവില ഏർപ്പെടുത്തിയിട്ടുണ്ടോ ; ഇതുവഴി ഉണ്ടാകുന്ന വരുമാന വർദ്ധനവ് വിശദമാക്കുമോ ;

(ഡി) പ്രസ്തുത തീരുമാനംവഴി ഉണ്ടാകുന്ന നികുതി ഭാരം കണക്കിലെടുത്തിട്ടുണ്ടോ; വിശദമാക്കുമോ ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) :

(എ) 2011-12 സാമ്പത്തിക വർഷത്തെ വരുമാനം അടിസ്ഥാനമാക്കി പരിശോധിക്കുമ്പോൾ വരുമാനത്തിൽ തുടർന്നുള്ള സാമ്പത്തിക വർഷങ്ങളിൽ കുറവ് വന്നിട്ടുണ്ട്. എന്നാൽ 2014-15 സാമ്പത്തിക വർഷം മുൻ സാമ്പത്തിക വർഷത്തേക്കാൾ വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുമുണ്ട്.

(ബി) പരിശോധിച്ചിട്ടുണ്ട്. വരുമാനം കുറഞ്ഞതിന് പ്രധാന കാരണം ആധാരങ്ങളുടെ എണ്ണത്തിലുണ്ടായ കുറവാണ്.

(സി) കെട്ടിടത്തിനുള്ള ധാരണാവില നാളിതുവരെ നിശ്ചയിക്കപ്പെട്ടിട്ടില്ല.

(ഡി) ബാധകമല്ല.

**റോഡുകളിലെ സുരക്ഷാസംവിധാനം**

4(*244) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകളിലെ സുരക്ഷാസംവിധാനം കാര്യക്ഷമമാക്കുന്നത് സംബന്ധിച്ച സർക്കാർ തീരുമാനം വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് റോഡുകൾ നിർമ്മിക്കുമ്പോൾ സുരക്ഷാ ഓഡിറ്റുകൾ നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ രീതിയിൽ റോഡുകൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) :

(എ) സംസ്ഥാനത്തെ റോഡുകളിലെ സുരക്ഷാ സംവിധാനം കാര്യക്ഷമമാക്കുന്നതിനായി സർക്കാർ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ റോഡപകടങ്ങൾ കുറയ്ക്കുന്നതിന് ബഹു. ഗതാഗത വകുപ്പുമന്ത്രി ചെയർമാനും, ബഹു. പൊതുമരാമത്ത് വകുപ്പുമന്ത്രി കോ-ചെയർമാനുമായി ഇന്ത്യയിലാദ്യമായി 'റോഡ് സേഫ്റ്റി അതോറിറ്റി' 7-1-2006-ൽ കേരളത്തിൽ നിലവിൽ വന്നു. ഇതുകൂടാതെ ജില്ലാതലത്തിൽ റോഡ് സുരക്ഷാ അതോറിറ്റിയുടെ കീഴിൽ ജില്ലാ കളക്ടർമാർ അദ്ധ്യക്ഷനായുള്ള റോഡ് സുരക്ഷാ കൗൺസിലുകളും രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ റോഡപകടങ്ങളുടെ കണക്ക് പോലീസ് വകുപ്പിൽനിന്നും എല്ലാ മാസവും ശേഖരിക്കുകയും അവ അവലോകനം ചെയ്ത് അപകടനിരക്ക് കുറയ്ക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുകയും ചെയ്തു വരുന്നു. റോഡ് സുരക്ഷ സംബന്ധിക്കുന്ന എല്ലാ പദ്ധതികളും നടപ്പിലാക്കുന്നതിനായി ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ, കേരള റോഡ് സുരക്ഷാ അതോറിറ്റി എന്നിവയുടെ യോഗങ്ങൾ, ബഹു. പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ സംസ്ഥാനതല അവലോകനയോഗം എന്നിവ സംഘടിപ്പിച്ചു വരുന്നു. ഇന്ത്യയിൽ ആദ്യമായി റോഡ് സുരക്ഷാ വിഭാഗം രൂപീകരിച്ചത് കേരള പൊതുമരാമത്ത് വകുപ്പാണ്. റോഡുകളിലെ സുരക്ഷാസംവിധാനം കാര്യക്ഷമമാക്കുന്നതിനും അപകടനിരക്ക് ഗണ്യമായി കുറയ്ക്കുന്നതിനുമായി അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും സുരക്ഷാസജ്ജീകരണങ്ങൾ ഏർപ്പെടുത്തുകയും ചെയ്തുവരുന്നു. ഇതിനായി എല്ലാ സാമ്പത്തിക വർഷത്തിലേയും പദ്ധതി/പദ്ധതിയേതര ഫണ്ടുകളിൽ ഉൾക്കൊള്ളിച്ച് വിവിധ അപകട നിവാരണ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൂടാതെ, കേരള റോഡ് സുരക്ഷാ അതോറിറ്റി ഫണ്ട് ഉപയോഗപ്പെടുത്തിയും അപകടനിരക്ക് കുറയ്ക്കുവാനുള്ള പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. പ്രസ്തുത ഫണ്ടുകളുടെ ലഭ്യതയനുസരിച്ച്, അപകട സാധ്യതയുള്ള റോഡിന്റെ വശങ്ങളിൽ ക്രാഷ് ബാരിയർ, സൈൻ ബോർഡ്, റോഡ് മാർക്കിംഗുകൾ, ട്രാഫിക് സിഗ്നലുകൾ, അപകടസാധ്യത മേഖലകളിൽ മുന്നറിയിപ്പിനായുള്ള ബ്ലിങ്കർ ലൈറ്റുകൾ, റിഫ്ലക്ടറുകൾ, സ്റ്റഡുകൾ, ഡിലിനിയേറ്റർ പോസ്റ്റുകൾ, ഒബ്ജക്ട് ഹസാർഡ് മാർക്കറുകൾ, ഷെവറോൺ സൈൻ ബോർഡുകൾ, മീഡിയൻ മാർക്കറുകൾ മുതലായ സുരക്ഷാ ഉപാധികൾ

സ്ഥാപിച്ചുവരുന്നു. ഇതിനുപുറമേ ജ്യോമട്രിക് ഇംപ്രൂവ്മെന്റ്, ജംഗ്ഷൻ ഇംപ്രൂവ്മെന്റ്, സൈറ്റ് ഡിസ്റ്റൻസ് ഇംപ്രൂവ്മെന്റ് എന്നിവയും നടപ്പിലാക്കിവരുന്നു.

(ബി) സംസ്ഥാനത്ത് പുതിയതായി റോഡുകൾ നിർമ്മിക്കുമ്പോൾ സുരക്ഷാ ഓഡിറ്റുകൾ നടത്തി അനന്തര നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) സംസ്ഥാനത്ത് കാലാവസ്ഥയനുസരിച്ച് റോഡ് നിർമ്മിക്കുന്നതിന്റെ ഭാഗമായി പരമ്പരാഗതമായി ചെയ്തുവരുന്ന 20 എം.എം. ചിപ്പിംഗ് കാർപ്പറ്റിനു പകരം ആധുനിക രീതിയിലുള്ളതും ഈടുറ്റതുമായ ബി.എം.&ബി.സി. ഉപയോഗിച്ച് റോഡ് നിർമ്മാണം നടപ്പിലാക്കി വരുന്നു. ഇവ ഒരു പരിധി വരെ കാലാവസ്ഥയ്ക്ക് അനുയോജ്യമാണെന്ന് കണ്ടെത്തുകയും ഈ രീതിയിൽ ബി.എം.&ബി.സി. ഉപയോഗിച്ച് കൂടുതൽ റോഡുകളുടെ ഉപരിതലം പുതുക്കുകയും ചെയ്തുവരുന്നു. എന്നാൽ കോൺക്രീറ്റ് റോഡുകൾ കൂടുതൽ കാലം നിലനിൽക്കുമെന്ന് കണ്ടതിനാൽ ഒരു തുടക്കമായി എറണാകുളം ജില്ലയിൽ HMT ജംഗ്ഷൻ മുതൽ മണലിമുക്ക് വരെയുള്ള 5.2 കി.മീ. ദൂരം കോൺക്രീറ്റ് റോഡ് നിർമ്മാണം പൈലറ്റ് പ്രോജക്ട് ആയി നടപ്പിലാക്കിവരുന്നു.

**പൊതുവിതരണത്തിനായുള്ള ഭക്ഷ്യസാധനങ്ങൾ മറിച്ച് വില്ക്കുന്നത്**

5(*245) ശ്രീ. കെ. കെ. നാരായണൻ :
ശ്രീ. കെ.രാധാകൃഷ്ണൻ :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ വാങ്ങാത്ത കാർഡ് ഉടമകളുടെ പേരിൽ വിതരണം ചെയ്തതായി കാണിച്ച്, പൊതുവിതരണത്തിനായുള്ള ഭക്ഷ്യസാധനങ്ങൾ മറിച്ച് വിൽക്കപ്പെടുന്നതും കരിഞ്ചന്തയിൽ എത്തുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നാളിതുവരെ റേഷൻ വാങ്ങാത്ത കാർഡുടമകൾ വരെ കൃത്യമായി റേഷൻ വാങ്ങുന്നുവെന്ന രീതിയിൽ നടക്കുന്ന വെട്ടിപ്പിന് ഉദ്യോഗസ്ഥ ബന്ധമുള്ളതായുള്ള ആക്ഷേപങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ;

(സി) സബ്സിഡി ഭക്ഷ്യസാധനങ്ങൾ കരിഞ്ചന്തയിലേക്ക് എത്തിക്കുന്നവരും അതിനു സഹായം ചെയ്യുന്ന ഉദ്യോഗസ്ഥന്മാരും സംരക്ഷിക്കപ്പെടുന്നുവെങ്കിൽ ആയതിനുള്ള കാരണങ്ങൾ ഇല്ലാതാക്കാമോ;

(ഡി) ഭക്ഷ്യധാന്യ വിതരണ വിവരങ്ങൾ പൂർണ്ണമായും ഓൺലൈനാക്കുവാനുള്ള സംവിധാനം സജ്ജമാകാത്തത് എന്തുകൊണ്ടാണെന്നറിയിക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) :

(എ) ചുരുക്കം ചില സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പരിശോധിച്ചിട്ടുണ്ട്.

(സി) ഇല്ലാതാക്കും. ഭക്ഷ്യ ധാന്യങ്ങൾ കരിഞ്ചന്തയിലേക്ക് എത്തിക്കുന്നതിന് സഹായിക്കുന്ന ഉദ്യോഗസ്ഥരെ സംരക്ഷിക്കാറില്ല. കേന്ദ്ര സർക്കാർ അനുവദിക്കുന്ന ഉയർന്ന സബ്സിഡി നിരക്കിലുള്ള റേഷൻ സാധനങ്ങളിൽ തട്ടിപ്പ് നടത്തുന്നതിനെ സർക്കാർ അതീവ ഗൗരവത്തോടെയാണ് കാണുന്നത്. ക്രമക്കേട് കണ്ടെത്തുന്ന മൊത്ത/ചില്ലറ റേഷൻ വ്യാപാരികൾക്കെതിരെയും അതിൽ ഏർപ്പെടുന്ന ഉദ്യോഗസ്ഥർക്കെതിരെയും കർശന നടപടി സ്വീകരിക്കുന്നതായിരിക്കും. റേഷൻ വിതരണ രംഗം സമഗ്രമായി കമ്പ്യൂട്ടർവൽക്കരിക്കുന്നതോടെ ഈ ക്രമക്കേടുകൾക്കറുതി വരുത്താൻ കഴിയുന്നതാണ്.

(ഡി) ഭക്ഷ്യ ധാന്യ വിതരണം പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് ലക്ഷ്യം ഇട്ടിട്ടുള്ള എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷൻ പദ്ധതിയുടെ പ്രവർത്തനങ്ങൾ നടന്നുവരുന്നു. പദ്ധതിക്ക് ആവശ്യമായ വിവിധ സോഫ്റ്റ് വെയറുകൾ തയ്യാറാക്കിയും ആയതിന്റെ സെക്യൂരിറ്റി ആഡിറ്റ്, ഇന്റഗ്രേഷൻ, ആവശ്യമായ സെർവറുകളുടെ സ്ഥാപനം, റേഷൻ കടകളിൽ ബയോമെട്രിക് സംവിധാനമുള്ള E-PoS മെഷീൻ സ്ഥാപിക്കൽ, ഭക്ഷ്യധാന്യങ്ങൾ നേരിട്ട് റേഷൻ കടകളിൽ എത്തിക്കൽ തുടങ്ങിയ നടപടികളാണ് കമ്പ്യൂട്ടറൈസേഷൻ പദ്ധതിയുടെ ഒരു പൈലറ്റ് പ്രോജക്ട് ആയി നടത്തിവരുന്നത്. ഈ പ്രക്രിയകൾ പൂർത്തിയാക്കുന്ന മുറയ്ക്ക് സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കുവാനാണ് ലക്ഷ്യമിടുന്നത്.

**ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ പുരോഗതി**

6(*246) ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. എം.ഉമ്മർ :
ശ്രീ. കെ. എം. ഷാജി :
ശ്രീ. പി. ബി. അബ്ദുൾ റസാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരം വ്യക്തമാക്കുമോ;

(ബി) പദ്ധതി പ്രകാരം അപേക്ഷ നൽകിയതിൽ അർഹതയുള്ളവർക്കെല്ലാം വിതരണം ചെയ്യാൻ ആവശ്യമായത്ര ഭൂമി ലഭ്യമായിട്ടുണ്ടോ; വിതരണ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) :

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ പുരോഗതി വിലയിരുത്താറുണ്ട്. വിവിധ ഘട്ടങ്ങളായിട്ടാണ് പദ്ധതി പൂർത്തിയാക്കാൻ തീരുമാനിച്ചിട്ടുള്ളത്. ഒന്നാംഘട്ടം 14 ജില്ലകളിലും പൂർത്തിയായിക്കഴിഞ്ഞു. കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ മുഴവൻ ഗുണഭോക്താക്കൾക്കും ഒന്നാംഘട്ടത്തിൽ തന്നെ ഭൂമി നൽകാൻ കഴിഞ്ഞിട്ടുണ്ട്. ഇടുക്കി ജില്ലയിലെ അർഹരായ മുഴവൻ ഗുണഭോക്താക്കൾക്കും ഭൂമി നൽകിയിട്ടുണ്ട്. കണ്ണൂർ, കാസർഗോഡ്, ഇടുക്കി ജില്ലകളെ രാജ്യത്തെ തന്നെ ആദ്യത്തെ ഭൂരഹിതരില്ലാത്ത ജില്ലകളായി പ്രഖ്യാപിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം 43,437 ഭൂരഹിത കുടുംബങ്ങൾക്ക് പട്ടയം അനുവദിച്ചിട്ടുണ്ട്. ജില്ലാടിസ്ഥാനത്തിലുള്ള ഗുണഭോക്താക്കളുടെയും പട്ടയം അനുവദിച്ചവരുടെയും എണ്ണം താഴെ ചേർക്കുന്നു:

| ജില്ല | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച പട്ടയങ്ങളുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 35,851 | 3,181 |
| കൊല്ലം | 28,591 | 683 |
| പത്തനംതിട്ട | 6,807 | 883 |
| ആലപ്പുഴ | 14,163 | 256 |
| കോട്ടയം | 10,388 | 1,309 |
| ഇടുക്കി | 7,970 | 8,561 (പിന്നീട് കിട്ടിയ അപേക്ഷകരേയും ഉൾപ്പെടുത്തി) |
| എറണാകുളം | 31,379 | 1,449 |
| തൃശ്ശൂർ | 26,776 | 510 |

| | | |
|---|---|---|
| പാലക്കാട് | 23,874 | 2,114 |
| മലപ്പുറം | 23,962 | 843 |
| കോഴിക്കോട് | 8,304 | 1,550 |
| വയനാട് | 4,546 | 727 |
| കണ്ണൂർ | 11,099 | 11,100 |
| കാസർഗോഡ് | 10,218 | 10,271 |
| ആകെ | 2,43,928 | 43,437 |

1-2-2014 മുതൽ 31-3-2014 വരെ ലഭ്യമായതും മുഖ്യമന്ത്രിയുടെ പൊതുജന സമ്പർക്ക പരിപാടികളിലും ജില്ലാതലത്തിൽ റവന്യൂ വകുപ്പ് മന്ത്രി നടത്തിയ റവന്യൂ സർവ്വേ അദാലത്തുകളിലും ലഭ്യമായ അപേക്ഷകളിൽനിന്നുകൂടി അർഹതപ്പെട്ട ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. രണ്ടാംഘട്ടത്തിൽ പട്ടയ വിതരണത്തിനുള്ള നടപടികൾ നടന്നുവരുന്നു.

(ബി) കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഒന്നാം ഘട്ടത്തിലെ ഗുണഭോക്താക്കൾക്കും ഇടുക്കി ജില്ലയിലെ മുഴുവൻ ഗുണഭോക്താക്കൾക്കും നൽകാനാവശ്യമായ ഭൂമി ലഭ്യമായിരുന്നു. ആവശ്യമായ ഭൂമി കണ്ടെത്തുന്ന പ്രവർത്തനം ഊർജ്ജിതമായി പുരോഗമിച്ചുവരുകയാണ്. ചില ജില്ലകളിൽ പദ്ധതി പൂർത്തിയാക്കുന്നതിന് ആവശ്യമായത്രയും സർക്കാർ അധീനതയിലുള്ള ഭൂമി കണ്ടെത്തുന്നതിന് കഴിഞ്ഞിട്ടില്ല. സർക്കാർ ഭൂമി ലഭ്യമാകുന്നതിനനുസൃതമായി രണ്ടാംഘട്ട പട്ടയം വിതരണം നടത്താനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. പൊതുജന പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് ഈ പദ്ധതിയിലേക്ക് ഭൂമി ദാനമായി നൽകിയിട്ടുണ്ട്. കൂടാതെ തൃശ്ശൂർ ജില്ലയിൽ കല്യാൺ ജ്വവലേഴ്സ് 24 ഫ്ലാറ്റുകൾ സൗജന്യമായി വച്ച് തരുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ഇടുക്കി ജില്ലയിൽ എസ്.ഡി. ഫൗണ്ടേഷൻ 20 വില്ലകൾ സൗജന്യമായി പണിതു തരുന്നുണ്ട്. ഇവയുടെ നടപടികൾ നടന്നുവരുന്നു.

**ഇ-രേഖാ പദ്ധതി**

7(*247) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇ-രേഖാ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) :

(എ) ഉണ്ട്. ഇ-രേഖാ പദ്ധതിപ്രകാരം സർവ്വേ സംബന്ധമായ റിക്കോർഡുകൾ സംരക്ഷിക്കുന്നതിനും, സംരക്ഷിക്കപ്പെട്ട റിക്കോർഡുകൾ വേഗതയിലും സുതാര്യമായും പൊതുജനത്തിന് ലഭ്യമാക്കുവാനായി ഇന്റർനെറ്റ് സഹായത്താൽ "Online payment gateway" വഴി പണമടച്ച് കൈപ്പറ്റുവാനും അതിലൂടെ സർവ്വേ വകുപ്പിന്റെ സേവനങ്ങളെ കൂടുതൽ ആധുനികവത്കരിച്ച് ജനകീയവും സുതാര്യവും ആക്കുന്നതിനും പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തിലൂടെ ലക്ഷ്യമിടുന്നു.

(ബി) കേരളാ ലാൻറ് ഇൻഫർമേഷൻ മിഷന്റെ 9-ാമത് എംപവേർഡ് കമ്മിറ്റിയിൽ സർവ്വേ വകുപ്പിലെ പുരാതന റിക്കോർഡുകൾ ഭൗതികമായി സംരക്ഷിക്കുന്നതിനും ഡിജിറ്റൈസ് ചെയ്യുന്നതിനും, അവ ഓൺലൈൻ ആയി പൊതുജനങ്ങൾക്ക് നൽകുന്നതിനുമായി ഇ-രേഖ എന്ന പദ്ധതിക്ക് അംഗീകാരം നൽകുകയുണ്ടായി. കേന്ദ്രാവിഷ്കൃത പദ്ധതിയായ എൻ.എൽ.ആർ.എം.പി.-യിൽ ഉൾപ്പെടുത്തി ടി പദ്ധതി നടപ്പാക്കാനായി 5 കോടി രൂപ അനുവദിക്കുകയും ജില്ലകളിൽ 1 വീതം ഡിജിറ്റൈസേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിനായി 3.50 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഡിജിറ്റൈസ് ചെയ്തതായ സർവ്വേ റെക്കോർഡുകളെല്ലാം പൊതുജനങ്ങൾക്ക് ലഭ്യമാക്കുവാൻ വേണ്ടി GIS അധിഷ്ഠിതമായ സോഫ്റ്റ്‌വെയർ സംവിധാനം ഒരുക്കുന്നതിനും ഡാറ്റ ഡിജിറ്റലായി സൂക്ഷിക്കുന്നതിനായി ബാക്ക് അപ്പ് സെർവർ സംവിധാനവും നൽകുന്നതിനും 9-ാം എംപവേർഡ് കമ്മിറ്റി അനുമതി നൽകിയിട്ടുണ്ട്. ആയതിന് സർക്കാർ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് നിലവിലുള്ള ഭൂരേഖകൾ ജില്ലാതലത്തിൽ ഡിജിറ്റൈസ് ചെയ്യുന്നതിന് 12 ജില്ലകളിൽ ഡിജിറ്റൈസേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിന് ലക്ഷ്യമിടുകയും ഇതിൽ മുഴുവൻ ഡിജിറ്റൈസേഷൻ സെന്ററുകളും പ്രവർത്തന സജ്ജമായിട്ടുള്ളതുമാകുന്നു. ജില്ലാതല ഡിജിറ്റൈസേഷൻ സെന്ററുകളുടെ ഏകോപനത്തിനായി തിരുവനന്തപുരത്ത് സെൻട്രൽ ഡിജിറ്റൈസേഷൻ സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിനുപുറമേ ജില്ലാതലങ്ങളിലുള്ള റെക്കോർഡുകൾ സംരക്ഷിക്കുന്നതിനായുള്ള മോഡേൺ സർവ്വേറെക്കോർഡ് റൂമുകൾ

സ്ഥാപിക്കുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലുമാണ്.

## വിദ്യാഭ്യാസ അവകാശ നിയമം

8(*248) ശ്രീ. ഇ. ചന്ദ്രശേഖരൻ :

ശ്രീ. വി. എസ്. സുനിൽ കുമാർ :

ശ്രീമതി ഇ. എസ്. ബിജിമോൾ :

ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ അവകാശ നിയമം അനുശാസിക്കുംവിധത്തിൽ സ്കൂളുകളുടെ ഘടനാമാറ്റം പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വിശദമാക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്) :

(എ&ബി) 2009-ലെ കേന്ദ്രവിദ്യാഭ്യാസ അവകാശ നിയമപ്രകാരം പ്രാഥമിക വിദ്യാഭ്യാസം 1 മുതൽ 8 വരെ ക്ലാസുകളിലായാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. കേന്ദ്ര നിയമത്തിന്റെ ചുവടുപിടിച്ച് 30-4-2011-ലെ ജി.ഒ.(പി) 100/11/പൊവി.വ. പ്രകാരം സംസ്ഥാനം വിദ്യാഭ്യാസ അവകാശചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 6(2) പ്രകാരം ആ പ്രദേശത്തെ വിദ്യാഭ്യാസ ആവശ്യവും നിലവിലുള്ള അയൽപക്ക സ്കൂളുകളിൽ ആവശ്യമായ ക്ലാസുകളുടെ ലഭ്യതയും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടേയും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെയും വ്യക്തമായ ശിപാർശയും കണക്കിലെടുത്ത് നിലവിലുള്ള 1 മുതൽ 4 വരെ ക്ലാസുകളുള്ള ഗവൺമെൻറ്/എയ്ഡഡ് സ്കൂളുകളിൽ 5 മുതൽ 8 വരെയും നിലവിലുള്ള 5-ാം ക്ലാസ് മുതലുള്ള സ്കൂളുകളിൽ 1 മുതൽ 4 വരെ ക്ലാസുകളും ചേർത്ത് അപ്ഗ്രേഡ് ചെയ്യുന്ന കാര്യം ഘട്ടംഘട്ടമായി പരിശോധിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ കേരളത്തിലെ വിദ്യാഭ്യാസ സാഹചര്യവും സാമ്പത്തികാവസ്ഥയും കണക്കിലെടുക്കുമ്പോൾ യാന്ത്രികമായ ഒരു ഘടനാമാറ്റം വൻ സാമ്പത്തിക ബാധ്യതയ്ക്കും ധാരാളമായി അധ്യാപകരുടെ അശാസ്ത്രീയമായ തരംതാഴ്ത്തലുകൾക്കും പുനർവിന്യാസത്തിനും കാരണമാകുമെന്ന് കണ്ടതിനാൽ 3-5-2013-ലെ ജി.ഒ.(എംഎസ്.)154/13/ പൊ.വി.വ. നമ്പരായി കേരളത്തിൽ പ്രാഥമിക വിദ്യാഭ്യാസം 1 മുതൽ 8 വരെ പ്രഖ്യാപിച്ചുകൊണ്ടും V-ാം ക്ലാസ്സുകൾപ്പെട്ട യു.പി. സ്കൂളുകളെയെല്ലാം ലോവർ & അപ്പർ പ്രൈമറി സ്കൂളുകൾ എന്നും VIII-ാം

ക്ലാസുൾപ്പെട്ട ഹൈസ്കൂളുകളെ അപ്പർപ്രൈമറി & ഹൈസ്കൂൾ എന്നും പുനർനാമകരണം ചെയ്തിട്ടുണ്ട്. സ്കൂളുകളുടെ ഘടനയിൽ മാറ്റം വരുത്തുന്ന വിഷയം പരിഗണനയിലില്ല.

**റോഡുകൾക്ക് മിനിമം ഗ്യാരന്റി**

9(*249) ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡുകൾക്ക് മിനിമം ഗ്യാരന്റി ഉറപ്പാക്കുന്നതിന് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കാമോ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) :

(എ) സംസ്ഥാനത്ത് റോഡുകളുടെ മിനിമം ഗ്യാരന്റി ഉറപ്പാക്കുന്നതിനുള്ള നിബന്ധന പൊതുമരാമത്ത് മാന്വൽ പ്രകാരം നിലവിലുണ്ട്. റോഡുകളുടെ പ്രവൃത്തി ഏറ്റെടുത്ത് നടത്തിയശേഷം നിശ്ചിത കാലാവധിക്ക് ഗ്യാരന്റി ഉറപ്പാക്കുന്നതിനുള്ള ഉത്തരവ് നടപ്പാക്കിയിട്ടുണ്ട്. ഇതുപ്രകാരം പണി ഏറ്റെടുക്കുന്ന കരാറുകാർ തന്നെ പ്രവൃത്തിയുടെ ഗ്യാരന്റി പിരീഡിൽ ഉണ്ടാകുന്ന കേടുപാടുകൾ അവരുടെ ചെലവിൽതന്നെ ചെയ്യേണ്ടതാണ്. ഇതുകൂടാതെ 5 വർഷം മെയിന്റനൻസ് ഗ്യാരന്റിയോടുകൂടി ഉപരിതലം പുതുക്കുന്നതിന് ഹെവി മെയിന്റനൻസ് പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. ദേശീയപാതകളുടെ നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കും മോർത്ത് സ്പെസിഫിക്കേഷനും, ഐ.ആർ.സി. ഗൈഡ് ലൈൻസും അനുസരിച്ചുള്ള ഡിസൈനും നിർമ്മാണരീതിയുമാണ് നിലവിലുള്ളത്. നിർമ്മാണ പ്രവർത്തനങ്ങളെല്ലാം പേവർ ഫിനിഷർ, ബിറ്റുമിനസ് സ്പ്രേയർ, വൈബ്രേറ്ററി റോളർ തുടങ്ങിയ ആധുനിക യന്ത്രസംവിധാനങ്ങൾ ഉപയോഗിച്ചാണ് നിർവ്വഹിക്കുന്നത്. കൂടാതെ നിർമ്മാണ ഘട്ടത്തിൽ പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി എല്ലാ

സംവിധാനങ്ങളോടും കൂടിയ ഗുണനിലവാര പരിശോധന ലബോറട്ടറി സംവിധാനങ്ങൾ കരാർ പ്രകാരം സൈറ്റിൽ കോൺട്രാക്ടർ സ്ഥാപിച്ച ദേശീയപാതയുടെ കീഴിലുള്ള ഗുണനിലവാര പരിശോധനാ വിഭാഗത്തിന്റെ മേൽനോട്ടത്തിൽ ടെസ്റ്റുകൾ നടത്തി നിർമ്മാണ നിലവാരം ഉറപ്പുവരുത്തുന്നുണ്ട്.

(ബി) റോഡിന്റെ ഉപരിതലത്തിൽ കാലാകാലങ്ങളിലുണ്ടാകുന്ന കേടുപാടുകൾ നീക്കി സുഖകരമായ യാത്ര ലഭ്യമാക്കുക, റോഡിന്റെ സ്ഥിതി മെച്ചപ്പെടുത്തുക, റോഡിന്റെ പരിപാലനത്തിന് ചെലവ് കുറയ്ക്കുക എന്നിവയാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്.

(സി) ടി പദ്ധതി നടപ്പിലാക്കുന്നതിലേക്കായി ജി.ഒ.(എംഎസ്.)നമ്പർ 73/2013/പൊ.മ.വ. തീയതി 31-8-2013 എന്ന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുപ്രകാരം കരാറുകാർ പണികൾ ഏറ്റെടുക്കുമ്പോൾ ടി പണികൾക്കായുള്ള ഗ്യാരന്റി പിരീഡ് നിശ്ചയിച്ചുനൽകുന്നതുകൊണ്ട് പ്രസ്തുത കാലയളവിൽ ടി പണികളുടെ അറ്റകുറ്റപ്പണികൾ അതാത് കരാറുകാർ തന്നെ ചെയ്യേണ്ടതാണ്.

**സ്കൂളുകളിൽ ഉച്ചഭക്ഷണ വിതരണം**

10(*250) ശ്രീ. ബി. സത്യൻ :
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിലെ ഉച്ചഭക്ഷണ വിതരണം പ്രതിസന്ധിയിലായിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉച്ചഭക്ഷണ പദ്ധതിക്ക് നൽകുന്ന തുക പ്രസ്തുത പദ്ധതി സുഗമമായി നടത്തുന്നതിന് പര്യാപ്തമല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഓരോ കുട്ടിക്കും ഉച്ചഭക്ഷണം നൽകുന്നതിന് നിലവിൽ എത്ര തുകയാണ് നൽകിവരുന്നത്;

(ഡി) നിത്യോപയോഗ സാധനങ്ങളുടെ വിലയിലും പാചകക്കൂലിയിലും ഉണ്ടായ വർദ്ധനവ് മൂലമുണ്ടായ ബാധ്യത വഹിക്കാൻ സർക്കാർ തയ്യാറാകാത്തത് എന്തുകൊണ്ടെന്നറിയിക്കുമോ;

(ഇ) പ്രസ്തുത സാഹചര്യത്തിൽ കണ്ടിജന്റ് ചാർജ്ജ് വർദ്ധിപ്പിക്കണമെന്ന മോണിറ്ററിംഗ് കമ്മിറ്റിയുടെ ആവശ്യം അംഗീകരിക്കാത്തതിന്റെ കാരണം

വിശദമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി-ഇ) പച്ചക്കറി, പലവ്യഞ്ജനം, പയർവർഗ്ഗങ്ങൾ, എണ്ണ, വിറക് എന്നിവയുടെ ക്രമാതീതമായ വിലവർദ്ധനവുമൂലം സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ നടത്തിപ്പിന് കണ്ടിജന്റ് ഇനത്തിൽ നൽകിവരുന്ന തുക കാലോചിതമായി പരിഷ്കരിക്കേണ്ട ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രൈമറി, അപ്പർ പ്രൈമറി വിഭാഗത്തിന് സ്കൂൾ പ്രവൃത്തി ദിവസം കുട്ടിയൊന്നിന് 5 രൂപ നിരക്കിൽ നൽകി വരുന്ന തുക കുട്ടിയൊന്നിന് 10 രൂപ എന്ന നിരക്കിലേക്ക് വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

## റോഡ് നിർമ്മാണത്തിന് പ്ലാസ്റ്റിക്

11(*251) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. വർക്കല കഹാർ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡ് നിർമ്മാണത്തിന് പ്ലാസ്റ്റിക് ഉപയോഗിക്കുന്നതിന് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതിവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ;

(സി) പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) :

(എ) ഉണ്ട്. ഗ്രാമീണ റോഡുകളിലും ഗതാഗതം കുറഞ്ഞ റോഡുകളിലും നാഷണൽ റൂറൽ ഡെവലപ്മെന്റ് ഏജൻസിയുടെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി പ്ലാസ്റ്റിക് പാഴ്വസ്തുക്കൾ ഉപയോഗിച്ച് പരീക്ഷണാടിസ്ഥാനത്തിൽ റോഡുകൾ നിർമ്മിക്കുന്നതിനും/പുനരുദ്ധരിക്കുന്നതിനും അനുമതി നൽകിക്കൊണ്ട് 20-7-2013-ലെ

സ.ഉ.(എംഎസ്.)നമ്പർ 61/2013/പൊ.മ.വ. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ, ഒരു നിശ്ചിത അളവ് പ്ലാസ്റ്റിക് മാലിന്യങ്ങൾ ചേർത്ത് നഗരപരിധിയുടെ 50 കി.മീ. ചുറ്റളവിനകത്തുള്ള റോഡുകളുടെ ടാറിംഗിന d ഉപയോഗിക്കുന്നത് സംബന്ധിച്ച് 9-11-2015 തീയതിയിലെ RW/NH-33044/24/2015-S&R(R) നമ്പരിലുള്ള പരിപത്ര പ്രകാരം കേന്ദ്ര സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി&സി) കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെയും (KHRI) നാറ്റ്പാക്കിന്റെയും (NATPAC) സാങ്കേതിക സഹായത്തോടെ പ്ലാസ്റ്റിക് ഉപയോഗിച്ച് പരീക്ഷണാടിസ്ഥാനത്തിൽ സംസ്ഥാനത്ത് ചില റോഡുകൾ നിർമ്മിച്ചിട്ടുണ്ട്. ഉപയോഗശൂന്യമായ പ്ലാസ്റ്റിക് ശേഖരിച്ച് വേർതിരിച്ചെടുത്ത് വൃത്തിയാക്കി ഷ്രഡ് ചെയ്തശേഷമാണ് ടാറിംഗിന് ഉപയോഗിക്കുന്നത്. ഇതുവഴി പ്ലാസ്റ്റിക് മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്നതിനും, റോഡിന്റെ ഈട് വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നു. കൂടുതൽ റോഡുകൾ പ്ലാസ്റ്റിക് ഉപയോഗിച്ച് നിർമ്മിക്കുന്നതിനും ഓരോ ജില്ലയിലും 5 കി.മീ. റോഡുകളെങ്കിലും പ്ലാസ്റ്റിക് ഉപയോഗിച്ച് ടാർ ചെയ്യാനുമാണ് സർക്കാർ ഉദ്ദേശിക്കുന്നത്. എറണാകുളം ജില്ലയിൽ സിവിൽ സ്റ്റേഷൻ - IMG- നിലംപതിഞ്ഞി റോഡ്, തിരുവനന്തപുരം നഗരത്തിലെ എസ്.എസ്. കോവിൽ റോഡ്, വയനാട് ജില്ലയിലെ കൈതയ്ക്കൽ റോഡ്, കാസർഗോഡ് ജില്ലയിലെ ബന്തടുക്ക-വീട്ടിയാടി-ചാമുണ്ടിക്കുന്ന്-ബളാംതോട് റോഡ് എന്നിവ പരീക്ഷണാടിസ്ഥാനത്തിൽ പ്ലാസ്റ്റിക് ഉപയോഗിച്ച് ടാർ ചെയ്തുകഴിഞ്ഞു.

**പാലിന്റെ ഗുണനിലവാരം**

12(*252) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. സി. ദിവാകരൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽനിന്നും ദിനംപ്രതി സംസ്ഥാനത്തേക്ക് എത്തുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കാറുണ്ടോ; എങ്കിൽ ഗുണനിലവാര പരിശോധനയ്ക്കുള്ള എന്തെല്ലാം സജ്ജീകരണങ്ങൾ സംസ്ഥാന ചെക്കുപോസ്റ്റുകളിൽ ഏർപ്പെടുത്തിയിട്ടുണ്ട്; വിശദമാക്കുമോ;

(ബി) സമാന്തര ചെക്കുപോസ്റ്റുകളിൽകൂടി സംസ്ഥാനത്തേക്ക് പാൽ എത്തുന്ന

വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പാലിൽ സാധാരണ ചേർക്കുന്ന രാസപദാർത്ഥങ്ങൾ എന്തെല്ലാമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

(ഡി) അനാരോഗ്യകരമായ സാഹചര്യത്തിൽ പാൽ കൊണ്ടുവരുന്നവർക്ക് എതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് വിശദമാക്കുമോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) അന്യസംസ്ഥാനങ്ങളിൽ നിന്നും ദിനംപ്രതി സംസ്ഥാനത്തേക്ക് എത്തുന്ന പാലിന്റെ ഗുണനിലവാരം ദിവസവും പരിശോധിക്കുന്നില്ല. എന്നാൽ നിശ്ചിത ഇടവേളകളിൽ എല്ലാ ജില്ലകളിലും വിതരണം ചെയ്യപ്പെടുന്ന അന്യ സംസ്ഥാനത്ത് നിന്നും വരുന്നതുൾപ്പെടെയുള്ള എല്ലാ ബ്രാൻഡുകളിലുമുള്ള പാലുകൾ പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്. കൂടാതെ പ്രതിദിന ഉപഭോഗം കൂടുതലായിട്ടുള്ള ഉത്സവ സീസണുകളിലും മറ്റ് പ്രധാന സന്ദർഭങ്ങളിലും ചെക്ക്പോസ്റ്റുകൾ കേന്ദ്രീകരിച്ച് ലബോറട്ടറി സജ്ജീകരിച്ച് പരിശോധനകൾ നടത്താറുണ്ട്. പാലിന്റെ ഗുണനിലവാരം പരിശോധിക്കുവാൻ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിലെ റീജിയണൽ അനലറ്റിക്കൽ ലാബോറട്ടറികളിൽ സ്ഥിര സംവിധാനം നിലവിലുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ നിശ്ചിത നിലവാരമില്ലാത്തതും സുരക്ഷിതമല്ലാത്തതുമായ പാൽ, പാൽ ഉല്പന്നങ്ങൾ എന്നിവ വിൽക്കുന്നവർക്കും ഉൽപ്പാദിപ്പിക്കുന്ന ഡയറികൾക്കുമെതിരെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം 2006 അനുബന്ധചട്ടങ്ങളും അനുശാസിക്കുംപ്രകാരം നിയമനടപടികൾ സ്വീകരിക്കാറുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ന്യൂട്രിലൈസറുകൾ (സോഡിയം ഹൈഡ്രോക്സൈഡ്, സോഡിയം കാർബണേറ്റ്, സോഡിയം ബൈകാർബണേറ്റ്) യൂറിയ, ഫോർമാൽഡിഹൈഡ്, ഹൈഡ്രജൻ പെറോക്സൈഡ് മുതലായവയാണ് പാലിൽ ചേർക്കുന്ന രാസ പദാർത്ഥങ്ങൾ. എന്നാൽ ലബോറട്ടറികളിൽ നടത്തിയ പരിശോധനകളിൽ ഇത്തരം രാസപദാർത്ഥങ്ങളുടെ സാന്നിദ്ധ്യം കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ല.

(ഡി) അനാരോഗ്യകരമായ സാഹചര്യത്തിൽ കൊണ്ടുവരുന്ന പാലിന്റെ

ഗുണനിലവാരം പരിശോധിക്കുവാൻ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിലെ റീജിയണൽ അനലിറ്റക്കൽ ലബോറട്ടറികളിൽ സ്ഥിരസംവിധാനം നിലവിലുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ നിശ്ചിത നിലവാരമില്ലാത്തതും സുരക്ഷിതമല്ലാത്തതുമായ പാൽ, പാൽ ഉല്പന്നങ്ങൾ തുടങ്ങിയവയ്ക്കെതിരെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം 2006-ഉം അനുബന്ധചട്ടങ്ങളും അനുശാസിക്കുംപ്രകാരം നിയമനടപടികൾ സ്വീകരിക്കാറുണ്ട്.

**പൈതൃക കെട്ടിട സംരംക്ഷണം**

13(*253) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൈതൃക കെട്ടിട സംരക്ഷണത്തിന് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) :

(എ&ബി) പൈതൃക കെട്ടിട സംരക്ഷണത്തിന് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ മേൽനോട്ടത്തിലുള്ള പൈതൃക കെട്ടിടങ്ങളെ സംരക്ഷിക്കാനുള്ള മാർഗ്ഗരേഖകൾ രൂപീകരിക്കുകയും അത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്.

(സി) 31-1-2012-ലെ സർക്കാർ ഉത്തരവ് (സാധാ)നമ്പർ 154/2012/ പൊ.മ.വ. പ്രകാരം പൈതൃക കെട്ടിടങ്ങളുടെ സംരക്ഷണത്തിനായി ഒരു പ്രത്യേക സെൽ രൂപീകരിക്കുകയും 5-10-2012-ലെ സർക്കാർ ഉത്തരവ് (സാധാ)നമ്പർ 1698/12/ പൊ.മ.വ. പ്രകാരം പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ നിർദ്ദേശിച്ച എംപാനൽഡ് ആർക്കിടെക്റ്റുമാരുടെ ലിസ്റ്റ് അംഗീകരിക്കുകയും പൈതൃക സംരക്ഷണ പദ്ധതിയിൽ ഉൾപ്പെട്ട കെട്ടിടങ്ങളുടെ സംരക്ഷണ പ്രവർത്തനങ്ങൾക്കായി ടി ലിസ്റ്റിൽ ഉൾപ്പെട്ട ആർക്കിടെക്റ്റുമാരെ

ചുമതലപ്പെടുത്തുകയും ചെയ്തു. പ്രസ്തുത പദ്ധതി പ്രകാരം 16 പൈതൃക നിർമ്മിതികളെ തെരഞ്ഞെടുക്കുകയും 10 നിർമ്മിതികളുടെ ആധാരരേഖകളുടെയും പ്രമാണ ഗ്രന്ഥങ്ങളുടെയും പരിശോധന പൂർത്തിയാക്കി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ളവയുടെ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. 16 പൈതൃക നിർമ്മിതികളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു. പ്രസ്തുത പൈതൃക കെട്ടിടങ്ങളിൽ ഗവൺമെന്റ് ആർട്സ് കോളേജ്, തിരുവനന്തപുരം, കേരള പാലസ്, കുറ്റാലം; ടൗൺഹാൾ തൃശ്ശൂർ; കൊച്ചി സ്റ്റേറ്റ് അസംബ്ലി ഹാൾ, ഗവൺമെന്റ് ലോ കോളേജ്, എറണാകുളം; മഹാരാജാസ് കോളേജ്, എറണാകുളം; യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം എന്നിവയുടെ ഡോക്കുമെന്റേഷൻ പൂർത്തിയായിട്ടുണ്ട്.

## അക്കാദമിക് സിറ്റി

14(*254) ശ്രീ. കെ. മുരളീധരൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അക്കാദമിക് സിറ്റിയുടെ പ്രവർത്തനത്തിന് കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

(എ-സി) നിയമനിർമ്മാണത്തിന് വിധേയമായി വിദേശ സർവ്വകലാശാലകളുടെ സഹകരണത്തോടുകൂടി കേരളത്തിൽ അക്കാദമിക് സിറ്റി രൂപീകരിക്കുന്നതിനായുള്ള പ്രക്രിയയ്ക്ക് ആരംഭം കുറിച്ചിട്ടുണ്ട്. അന്താരാഷ്ട്രതലത്തിൽ പ്രശസ്തമായ വിദേശ സർവ്വകലാശാലകൾക്ക് സംസ്ഥാനത്തെ സർവ്വകലാശാലകളുമായി ചേർന്ന് ടിന്നിംഗ് പ്രോഗ്രാം മുഖേന വിദ്യാർത്ഥികൾക്ക് കോഴ്സുകൾ വാഗ്ദാനം ചെയ്യാൻ അവസരമൊരുക്കുക എന്നതാണ് അക്കാദമിക് സിറ്റിയുടെ പ്രധാന ലക്ഷ്യം. ഇതിലൂടെ കേരളത്തെ ഉന്നത വിദ്യാഭ്യാസത്തിനായുള്ള ഒരു അന്താരാഷ്ട്ര ഹബ്ബായി മാറ്റാൻ സാധിക്കും എന്നാണ് പ്രതീക്ഷിക്കുന്നത്. അക്കാദമിക് സിറ്റി രൂപീകരിക്കുന്നതിന്റെ

ആദ്യപടിയായി 2016 ജനുവരി 29,30 തീയതികളിൽ കോവളത്തുവച്ച് ഒരു ആഗോള വിദ്യാഭ്യാസ സംഗമം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ഈ സംഗമത്തിൽനിന്നും ഉരുത്തിരിഞ്ഞുവരുന്ന ആശയങ്ങളെ അടിസ്ഥാനപ്പെടുത്തിയായിരിക്കും അക്കാദമിക് സിറ്റിയെ സംബന്ധിച്ച തുടർ നടപടികൾ സ്വീകരിക്കുക.

**കോളേജുകളിലെ വിദ്യാഭ്യാസ നിലവാരം**

15(*255) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക സർവ്വകലാശാലയുടെ കീഴിലുള്ള കോളേജുകളിലെ വിദ്യാഭ്യാസ നിലവാരം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) പ്രസ്തുത സർവ്വകലാശാലയുടെ കീഴിലുള്ള സ്വാശ്രയകോളേജുകളിലെ അദ്ധ്യാപകരെ എ.ഐ.സി.റ്റി.ഇ. മാനദണ്ഡം അനുസരിച്ചാണോ നിയമിക്കുന്നത്;

(സി) പ്രസ്തുത അദ്ധ്യാപകർക്ക് മെച്ചപ്പെട്ട സേവന-വേതന വ്യവസ്ഥകൾ ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

(എ) എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല 2015-16 അദ്ധ്യയന വർഷം മുതലാണ് കോളേജുകൾക്ക് അഫിലിയേഷൻ നൽകിയത്. അതിന്റെ തുടർച്ചയായി കോളേജുകളുടെ അക്കാദമികവും ഭൗതികസാഹചര്യങ്ങളും ഉൾപ്പെടെ വിലയിരുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് സ്വാശ്രയമേഖലയിലുള്ള എഞ്ചിനീയറിംഗ് കോളേജുകളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ട്. ചില എഞ്ചിനീയറിംഗ് കോളേജുകളിൽ അസ്സോസ്സിയേറ്റ്, പ്രൊഫസർ തസ്തികകളിൽ യോഗ്യരായ അദ്ധ്യാപകർ എ.ഐ.സി.റ്റി. ഇ-മാനദണ്ഡപ്രകാരം ഇല്ലായെന്നും വിജയശതമാനം കുറവുള്ളതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ നിലവാരത്തകർച്ച നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാലയുടെ കീഴിലുള്ള അദ്ധ്യാപകരെ അതത് മാനേജ്മെന്റ് ആണ് നിയമിക്കുന്നത്. എന്നാൽ അധ്യാപക നിയമനം നടക്കുമ്പോൾ എ.ഐ.സി.റ്റി.ഇ. നിബന്ധനകൾ

പാലിയ്ക്കണമെന്ന് സർവ്വകലാശാല നിഷ്കർഷിച്ചിട്ടുണ്ട്.

(സി) സാങ്കേതിക ശാസ്ത്ര സർവ്വകലാശാല, അധ്യാപകർക്ക് എ.ഐ.സി.റ്റി.ഇ. മാനദണ്ഡം അനുസരിച്ചുള്ള സേവന-വേതന വ്യവസ്ഥകൾ ഉറപ്പാക്കണമെന്ന് അനുശാസിച്ചുകൊണ്ട് ഉത്തരവ് നൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധം (എ) ആയി ചേർക്കുന്നു*. അൺ-എയ്ഡഡ് കോളേജുകളിലെ അധ്യാപകരുടെ സേവന-വേതന വ്യവസ്ഥകൾ സംബന്ധിച്ച് സർക്കാർ GO(MS)No. 552/2014/H.Edn dated 19-7-2014 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധം (ബി)* ആയി ചേർക്കുന്നു.

**അദ്ധ്യാപക പരിശീലനം**

16(*256) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. കെ.രാജു :
ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അദ്ധ്യാപകർക്ക് പുതിയ പാഠപുസ്തക പ്രകാരമുള്ള പരിശീലനം യഥാസമയം നൽകാൻ കഴിയാതെ വന്നതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പാഠപുസ്തകം അടിസ്ഥാനമാക്കി ഏതു തരത്തിൽ ക്ലാസ്സുകൾ നടത്തണമെന്ന ലഘുലേഖ അദ്ധ്യാപകർക്ക് യഥാസമയം വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസം വന്നത് എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്താമോ;

(സി) കാലഘട്ടത്തിനനുസരിച്ച് പുസ്തകത്തിനൊപ്പം അദ്ധ്യാപകരേയും നവീകരിക്കുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടോ; എങ്കിൽ വിശദമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

(എ) പുതിയ പാഠപുസ്തകപ്രകാരമുള്ള പരിശീലനം അദ്ധ്യാപകർക്ക് യഥാസമയം നൽകിയിട്ടുണ്ട്. 2015-16 അദ്ധ്യയന വർഷത്തിൽ സ്കൂളുകളിൽ ഏർപ്പെടുത്തിയ പരിഷ്കരിച്ച പാഠ്യപദ്ധതിയുടെയും പാഠപുസ്തകങ്ങളുടെയും അടിസ്ഥാനത്തിൽ സംസ്ഥാനത്തെ പ്രൈമറി, ഹൈസ്കൂൾ വിഭാഗങ്ങളിലെ മുഴുവൻ അദ്ധ്യാപകർക്കും 2015 ഏപ്രിൽ, മെയ് മാസങ്ങളിൽ പരിശീലനം നൽകിയിരുന്നു. കൂടാതെ പരിശീലന ഷെഡ്യൂളുകൾ തയ്യാറാക്കിയാണ് സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിന് പരിശീലനം

---
* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നൽകിയത്. പുതിയ പാഠപുസ്തകങ്ങളെ അടിസ്ഥാനമാക്കി എല്ലാ അദ്ധ്യാപകർക്കും ക്ലസ്റ്റർ പരിശീലനവും നൽകുന്നുണ്ട്.

(ബി) ക്ലാസ് റൂം വിനിമയം എങ്ങനെയാവണമെന്ന നിർദ്ദേശങ്ങൾ ഉൾപ്പെടെ, എല്ലാ ക്ലാസ്സുകളിലെയും എല്ലാ വിഷയങ്ങളുടെയും അദ്ധ്യാപക സഹായികൾ (അദ്ധ്യാപക കൈപ്പുസ്തകം) യഥാസമയം തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്.

(സി) കാലഘട്ടത്തിനനുസരിച്ചും പാഠ്യ പദ്ധതി പരിഷ്കരണത്തിനനുസൃതമായും അധ്യാപകർക്ക് പരിശീലനം നൽകുന്നതിനായി അധ്യാപകശാക്തീകരണ പദ്ധതികൾ നടന്നുവരുന്നു. അവധിക്കാല അദ്ധ്യാപക പരിശീലനം, ക്ലസ്റ്റർതല പരിശീലനം, സ്കൂൾ അധിഷ്ഠിത പരിശീലനം, ഐ.സി.റ്റി. പരിശീലനം, റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ് എന്ന സ്ഥാപനത്തിന്റെ നേതൃത്വത്തിൽ എൽ.പി. അധ്യാപകർക്കുള്ള സ്പെഷ്യൽ ഇംഗ്ലീഷ് ട്രെയിനിംഗ്, രാഷ്ട്രീയ ആവിഷ്കാർ അഭിയാനുമായി ചേർന്ന് സയൻസ്, മാത്സ് വിഷയങ്ങളിലെ അധ്യാപകർക്കായി പ്രത്യേക പരിശീലനം. അധ്യാപകർക്ക് തത്സമയം സഹായം നൽകുന്നതിലേക്കായി ട്രെയിനർമാരെയും ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാരെയും പ്രാപ്തരാക്കുന്നതിന് പ്രത്യേക പരിശീലനം നൽകൽ എന്നിവയാണ് അധ്യാപക നവീകരണത്തിനായി ആവിഷ്കരിച്ചിട്ടുള്ള പ്രധാന പദ്ധതികൾ, അതോടൊപ്പം ഡയറ്റിന്റെയും വിദ്യാഭ്യാസ വിദഗ്ധരുടെയും വിദ്യാഭ്യാസ ഓഫീസർമാരുടെയും നേതൃത്വത്തിലുള്ള ഇന്റേൺ സപ്പോർട്ട് മിഷൻ (ഐ.എസ്.എം.) അദ്ധ്യാപകർക്കാവശ്യമായ പിന്തുണ സ്കൂളുകളിൽ നൽകിവരുന്നു.

**കരമന - കളിയിക്കാവിള ദേശീയപാത വികസനം**

17(*257) ശ്രീ. എം. എ. ബേബി :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരമന - കളിയിക്കാവിള ദേശീയപാത വികസനത്തിന്റെ ഒന്നാംഘട്ടം എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; അത് പൂർത്തീകരിക്കുകയുണ്ടായോ ; ഇല്ലെങ്കിൽ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഒന്നാം ഘട്ട പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണങ്ങളെന്താണെന്ന് വ്യക്തമാക്കുമോ ; പ്രാവച്ചമ്പലം - വഴിമുക്ക് മേഖലയിൽ നിശ്ചയിച്ച ഭൂമി വിലയിൽനിന്ന് സർക്കാർ

809/2017

1356/2017

പിൻമാറുകയുണ്ടായോ ; വ്യക്തമാക്കുമോ;

(സി) ഭൂമി ഏറ്റെടുത്ത സ്ഥലങ്ങളിലെ കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഒന്നാംഘട്ട റോഡ് വികസന പ്രവർത്തന പൂർത്തീകരണത്തിന് തടസ്സമായി നിന്നിരുന്ന ഏതെങ്കിലും സ്ഥാപനങ്ങളോ ആരാധാനാലയങ്ങളോ മാറ്റി സ്ഥാപിക്കുവാൻ കഴിയാത്തതുമൂലം ഇപ്പോഴും നിർമ്മാണ പ്രവർത്തനം തടസ്സപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ;

(ഇ) വകുപ്പുകളുടെ ഏകോപനമില്ലായ്മമൂലം പ്രദേശവാസികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ അവസാനിപ്പിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കാമോ ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) :

(എ) കരമന-കളിയിക്കാവിള ദേശീയപാതാ വികസനത്തിന്റെ ഒന്നാം ഘട്ടത്തിലെ ഒന്നാം ഭാഗമായ കരമന-പ്രാവച്ചമ്പലം (5.50 കി.മീ) റോഡിന്റെ 4 വരിപ്പാത നിർമ്മാണം പൂർത്തിയാക്കി 13-1-2016-ന് റോഡ് ഉദ്ഘാടനം ചെയ്യാനാണ് ഇപ്പോൾ നിശ്ചിച്ചിട്ടുള്ളത്. ഇപ്പോൾ 90 ശതമാനത്തോളം പണി പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ഒന്നാം ഘട്ടത്തിലെ ഒന്നാം ഭാഗമായ കരമന മുതൽ പ്രാവച്ചമ്പലം വരെയുള്ള (5.50 കി.മീ.) പ്രവർത്തനങ്ങൾ നിശ്ചയിച്ചപ്രകാരം പൂർത്തിയാക്കാൻ കഴിഞ്ഞില്ല. കോടതിയുടെ സ്റ്റേ ഉത്തരവുകൾ കാരണം ഭൂമി ഏറ്റെടുക്കുന്നതിലെ കാലതാമസം, വിവിധ യൂട്ടിലിറ്റി ഏജൻസികളുടെ (കെ.എസ്.ഇ.ബി. ബി.എസ്.എൻ.എൽ, കേരള വാട്ടർ അതോറിറ്റി) പൈപ്പുകളും കേബിളുകളും സമയബന്ധിതമായി മാറ്റി സ്ഥാപിക്കുന്നതിന് ഉണ്ടായ കാലതാമസം, നേമം ഭാഗത്ത് അധിക ജോലിയായി ഒരു അടിപ്പാത നിർമ്മിക്കേണ്ടിവന്നത്. പപ്പനംകോട് ഭാഗത്തെ മുസ്ലീം പള്ളി, ഖബർ എന്നിവ മാറ്റി സ്ഥാപിക്കുന്നതിന് പകരം സ്ഥലം കണ്ടെത്തുന്നതിനു വന്ന കാലതാമസം തുടങ്ങിയ കാരണങ്ങളാൽ പ്രസ്തുത പണി പൂർത്തിയാക്കാൻ കൂടുതൽ സമയം വേണ്ടി വന്നു. ഒന്നാം ഘട്ടത്തിലെ രണ്ടാം ഭാഗമായ പ്രാവച്ചമ്പലം-വഴിമുക്ക് ഭാഗത്ത് ഭൂമി ഏറ്റെടുക്കുന്നതിന് ജില്ലാതല പർച്ചേസ് കമ്മിറ്റി നിശ്ചയിച്ച വില സ്റ്റേറ്റ് ലെവൻ എംപവേർഡ് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി അംഗീകരിച്ച വിലയായ 266 കോടി രൂപ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) കരമന-പ്രാവച്ചമ്പലം ഭാഗത്ത് സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് 11 കുടുംബങ്ങളെയാണ് പുനരധിവസിപ്പിക്കേണ്ടി വന്നിട്ടുള്ളത്. ഇതിനുവേണ്ടി നേമം ഭാഗത്ത് സർക്കാർ പാട്ടത്തിന് നൽകിയിരുന്ന ഭൂമിയുടെ പാട്ടം റദ്ദ് ചെയ്ത്

ഏറ്റെടുത്ത് ആയത് പുനരധിവാസത്തിന് ഉപയോഗപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ നടപടിക്രമങ്ങൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

(ഡി) പാപ്പനംകോട് ഭാഗത്ത് മുസ്ലിം പള്ളിയും ഖബറും മാറ്റി സ്ഥാപിക്കാൻ തടസ്സം നേരിട്ടത് പണിയുടെ പുരോഗതിയെ ബാധിച്ചിട്ടുണ്ട്. എന്നാൽ ഇത് മാറ്റി സ്ഥാപിക്കുന്നതിനുവേണ്ടി കെ.എസ്.ആർ.ടി.സി.-യിൽ നിന്നും 4 സെന്റ് സ്ഥലം വിട്ടു നൽകിയിട്ടുണ്ട്. ഖബറ് മാറ്റി സ്ഥാപിക്കുന്നതിന് നടപടി 14-12-2015-ന് ആരംഭിച്ചു കഴിഞ്ഞു.

(ഇ) പ്രദേശവാസികൾക്ക് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സമയബന്ധിതമായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**കയർ തൊഴിലാളികളുടെ വിരമിക്കൽ വേതനം**

18(*258) ശ്രീ. കെ. ദാസൻ :
ശ്രീ. ജി.സുധാകരൻ :
ഡോ. ടി. എം. തോമസ് ഐസക് :

ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ തൊഴിലാളികളുടെ വിരമിക്കൽ വേതനം അനുവദിച്ച് ഉത്തരവായത് എന്നാണ്; പ്രസ്തുത ഉത്തരവിന് എന്നുമുതൽ പ്രാബല്യമുണ്ട്; വ്യക്തമാക്കുമോ;

(ബി) എന്നുമുതൽ വിരമിച്ച തൊഴിലാളികൾക്കാണ് ഇത് കൊടുത്തു തുടങ്ങിയത്; വ്യക്തമാക്കുമോ;

(സി) പ്രാബല്യപ്പെടുത്തിയതു മുതൽ നല്കിത്തുടങ്ങിയതുവരെയുള്ള കാലത്ത് വിരമിച്ചവർക്ക് ഇപ്പോൾ പ്രസ്തുത വേതനം നൽകുന്നുണ്ടോയെന്നു വ്യക്തമാക്കുമോ;

(ഡി) ഇതുമായി ബന്ധപ്പെട്ടുണ്ടായ സമരത്തെ തുടർന്നുണ്ടായ സർക്കാർ വാഗ്ദാനമെന്തായിരുന്നു; അത് നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) :

(എ) 24-2-2011-ലെ GO(RT)No. 283/2011/ID സർക്കാർ ഉത്തരവ് പ്രകാരമാണ് വിരമിക്കൽ ആനുകൂല്യം അനുവദിച്ചത്. പ്രസ്തുത ഉത്തരവിന് എന്നു

മുതൽ പ്രാബല്യമുണ്ട് എന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടില്ല. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) 1-4-2006 മുതൽ 31-3-2011 വരെ വിരമിച്ചവർക്കാണ് വിരമിക്കൽ ആനുകൂല്യം വിതരണം ചെയ്തിട്ടുള്ളത്.

(സി) 1-4-2006 മുതൽ 31-3-2011 വരെയുള്ള കാലയളവിൽ വിരമിച്ചിട്ടുള്ളവരും ഈ ധനസഹായം കൈപ്പറ്റാത്തവരുമായവർക്ക് ടി ആനുകൂല്യം വിതരണം ചെയ്തുവരുന്നു.

(ഡി) ഇതുമായി ബന്ധപ്പെട്ട് സമരവും തീരുമാനവും ഉണ്ടായിട്ടില്ല.

**റോഡ് നവീകരണം**

19(*259) ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴക്കാലകെടുതികൾമൂലം കേടുപാടുകൾ സംഭവിച്ച റോഡുകൾ നവീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ;

(ബി) പ്രസ്തുത റോഡുകൾ സമയബന്ധിതമായി നവീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) :

(എ&ബി) മഴക്കാലകെടുതികൾമൂലം കേടുപാടുകൾ സംഭവിച്ച ദേശീയപാത വിഭാഗത്തിലെ റോഡുകളുടെ അറ്റകുറ്റപ്പണികൾ തീർക്കുന്നതിന് കേന്ദ്ര സർക്കാർ 2015-16 വർഷം 5.76 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിലേക്കായുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അനുമതി തേടുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അനുമതി ലഭിക്കുന്ന മുറയ്ക്ക് റോഡുകളുടെയെല്ലാം കേടുപാടുകൾ അടിയന്തരമായി പരിഹരിക്കുന്നതാണ്. നിരത്തുവിഭാഗത്തിൻ കീഴിൽ കാലവർഷംമൂലം കേടുപാടുകൾ സംഭവിച്ച റോഡുകളുടെ അറ്റകുറ്റ പണികൾ തീർക്കുന്നതിന് നോൺപ്ലാൻ ഫണ്ടിൽനിന്നും മഴക്കാലപൂർവ്വ പ്രവർത്തികൾക്കായി 15.63 കോടി രൂപയുടെയും പോസ്റ്റ് മൺസൂൺ പ്രവർത്തികൾക്കായി 210.34

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കോടി രൂപയുടെയും ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

**കായൽ പ്രദേശങ്ങളുടെ വിസ്തീർണ്ണം**

20(*260) ശ്രീ. എസ്. ശർമ്മ :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായൽ പ്രദേശങ്ങളുടെ വിസ്തീർണ്ണം ഗണ്യമായി കുറഞ്ഞതായുള്ള സി.ഡബ്ല്യു.ആർ.ഡി.എം.-ന്റെ പഠനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കയ്യേറ്റങ്ങൾ സംബന്ധിച്ച് റവന്യൂ വകുപ്പ് പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(സി) വ്യാപകമായി നടക്കുന്ന കയ്യേറ്റങ്ങൾക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; അതിൻെറ തുടർ നടപടികൾ എന്തായെന്ന് വ്യക്തമാക്കുമോ;

(ഡി) അന്യാധീനപ്പെട്ട പ്രസ്തുത ഭൂമികൾ തിരിച്ചുപിടിക്കാൻ സർക്കാർ തലത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ആയത് ഫലം കണ്ടിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ;

(ഇ) ജലസേചനത്തെ ബാധിക്കുന്നതായ കയ്യേറ്റങ്ങൾ സംബന്ധിച്ച് ജലസേചന വകുപ്പ് റവന്യൂ വകുപ്പിൻെറ ശ്രദ്ധയിൽപ്പെടുത്തിയവയിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) :

(എ) സി.ഡബ്ല്യൂ.ആർ.ഡി.എം. തയ്യാറാക്കിയ ശാസ്താംകോട്ട, വെള്ളായണി, കവ്വായി എന്നീ കായലുകളുടെ  കർമ്മ പദ്ധതി രൂപരേഖയിൽനിന്നും ടി കായലുകളുടെ വിസ്തൃതി കുറഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) സംസ്ഥാനത്തെ കായൽ കയ്യേറ്റങ്ങളെപ്പറ്റി പ്രത്യേക പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. എന്നാൽ ലഭ്യമായ വിവരങ്ങൾ പ്രകാരം തിരുവനന്തപുരം ജില്ലയിൽ വെള്ളായണി കായൽ സംബന്ധിച്ച് കണക്കെടുപ്പ് നടത്തിയിട്ടുണ്ട്. ടി കായൽ പുനഃരുദ്ധാരണ സർവ്വേയുടെ ഭാഗമായി ജില്ലാ കളക്ടറുടെ

8-10-2013-ലെ ജെ4-79893/13 ഉത്തരവ് പ്രകാരം പരിശോധന നടത്തി വെങ്ങാനൂർ-കല്ലിയൂർ വില്ലേജിൽ കയ്യേറ്റങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ടി കയ്യേറ്റങ്ങളിന്മേൽ ലാന്റ് കൺസർവൻസി നിയമപ്രകാരം കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കോട്ടയം താലൂക്കിൽ കുമരകം വില്ലേജിൽ 12 കേസുകളിലായി 6.43.32 ഹെക്ടർ കായൽ പുറമ്പോക്ക് കയ്യേറ്റം കണ്ടെത്തിയിട്ടുണ്ട്. അവ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. എറണാകുളം ജില്ലയിൽ കൊച്ചി താലൂക്കിൽ 4 ഹെക്ടർ 33 ച.മീ. സ്ഥലത്ത് കായൽ കയ്യേറിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ 72 ആർ. 46 ച.മീ. പുറമ്പോക്ക് ഭൂമി തിരിച്ചുപിടിച്ചിട്ടുണ്ട്. കായലുകളിലും ജലസ്രോതസ്സുകളിലും ഉണ്ടാകുന്ന കയ്യേറ്റങ്ങളെപ്പറ്റി ജലസേചന വകുപ്പിലെ ഉദ്യോഗസ്ഥന്മാർ റവന്യൂ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്താറുണ്ട്. പ്രധാനപ്പെട്ട ചിറകൾ, കായലുകൾ എന്നിവയുടെ സുസ്ഥിര സംരക്ഷണത്തിനായി പദ്ധതികൾ തയ്യാറാക്കുന്നതിന്റെ ഭാഗമായി നടത്തിയിട്ടുള്ള പഠനങ്ങളിൽ ശാസ്താംകോട്ട, അഷ്ടമുടി, വേമ്പനാട് എന്നീ റാംസർ സൈറ്റുകളായി പ്രഖ്യാപിക്കപ്പെട്ട കായലുകളുടെ വിസ്തീർണ്ണം കുറഞ്ഞതായി CWRDM രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ചിറകൾ, തടാകങ്ങൾ, കുളങ്ങൾ എന്നിവയുടെ സംരക്ഷണ പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ജലസേചന വകുപ്പ് നടത്തുന്ന പഠന പര്യവേഷണങ്ങളിലും ജലസ്രോതസ്സുകളുടെ വിസ്തൃതിയിൽ കുറവ് വന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തണ്ണീർത്തടങ്ങളുടെ കയ്യേറ്റങ്ങൾ സംബന്ധിച്ച് ജലസേചന വകുപ്പിൽ വിവരം നൽകുന്നതിൽ പ്രത്യേക ശ്രദ്ധ ഉണ്ടാകണമെന്ന് ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) 12-11-2013-ൽ പുറപ്പെടുവിച്ച സർക്കുലറിൽ പ്രസ്തുത വകുപ്പിൻ കീഴിലെ എല്ലാ ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) കയ്യേറ്റം കണ്ടെത്തിയ പ്രദേശങ്ങളിൽ അവ ഒഴിപ്പിക്കുന്നതിനു നടപടി സ്വീകരിച്ചു വരുന്നുണ്ട്.

(ഇ) കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ട കേസുകളിൽ അവ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ ഇരു വകുപ്പുകളും ചേർന്ന് സ്വീകരിച്ചുവരുന്നു.

**വിദ്യാർത്ഥി രാഷ്ട്രീയത്തിന്റെ അതിപ്രസരം**

21(*261) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥി രാഷ്ട്രീയത്തിന്റെ അതിപ്രസരം സുരക്ഷിത പഠനത്തിന് ഭീക്ഷണിയാവുന്നുണ്ടെന്ന റിപ്പാർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിദ്യാർത്ഥി സംഘടനകളുടെ ഭീഷണി നേരിടാൻ കഴിയാത്തതുമൂലം പഠനം പൂർത്തിയാക്കാതെ കുട്ടികൾ കൊഴിഞ്ഞുപോകുന്ന സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

(സി) എങ്കിൽ ഈ പ്രശ്നത്തിൽ അടിയന്തര പരിഹാരമുണ്ടാക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

(എ) ഇല്ല. ബഹു. കേരള ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ സ്കൂളുകളിലെ രാഷ്ട്രീയ പ്രവർത്തനം നിരോധിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) ബാധകമല്ല.

**കയർ മേഖലയിലെ പുതിയ വിപണന സാദ്ധ്യതകൾ**

22(*262) ശ്രീ. പി. എ. മാധവൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ മേഖലക്ക് പുതിയ വിപണന സാദ്ധ്യതകൾ കണ്ടെത്തുന്നതിന് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) :

(എ) ഉണ്ട്. കയർ മേഖലയ്ക്ക് ദേശീയവും അന്തർദേശീയവുമായ പുതിയ വിപണന സാധ്യതകൾ കണ്ടെത്തുന്നതിന്റെ ഭാഗമായി പുതിയ ഉല്പന്നങ്ങൾ വിപണിയിൽ ഇറക്കിയും ദേശീയ അന്തർദേശീയ എക്സിബിഷനുകളിൽ പങ്കെടുത്തും വിപണന സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ പുതിയ വിപണന ശാലകൾ ആരംഭിക്കുന്നതിനും ഓൺലൈൻ വിപണന സാദ്ധ്യതകൾ കണ്ടെത്തുന്നതിനും കർമ്മപദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്.

(ബി) കയറും കയറുല്പന്നങ്ങളുടെയും ദേശീയ അന്തർദ്ദേശീയ വിപണി വർദ്ധിപ്പിക്കുകയും അതുവഴി കയർ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാകുവാനും സാഹചര്യമൊരുക്കുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.

(സി) പദ്ധതിയുടെ നടത്തിപ്പിനായി ആഭ്യന്തര തലത്തിൽ വിവിധയിടങ്ങളിൽ ബയർ സെല്ലർ മീറ്റുകൾ നടത്തുകയും കയർ കേരള പോലുള്ള മേളകൾ സംഘടിപ്പിക്കുകയും ഒരു വീട്ടിൽ "ഒരു കയറുല്പന്നം" തുടങ്ങിയ പ്രചാരണ പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. കയർ മേഖലയ്ക്ക് പുതിയ വിപണന സാദ്ധ്യകൾ കണ്ടെത്തുന്നതിന് ലക്ഷ്യമിട്ട് നടപ്പുവർഷം ഓൺലൈൻ വിപണനത്തിനുള്ള പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

## ലൈറ്റ് മെട്രോ പദ്ധതി

23(T *263) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈറ്റ് മെട്രോ പദ്ധതിയുടെ കൺസൾട്ടന്റിനെ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടത്തിപ്പിനുള്ള പണം കണ്ടെത്തിയിട്ടുണ്ടോ; എങ്ങനെയാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി സംബന്ധിച്ച് വ്യക്തമായ നിലപാട് സ്വീകരിച്ചു കൊണ്ടാണോ കേന്ദ്ര നഗര വികസന മന്ത്രാലയത്തിന് കേരളം രണ്ടാമതും കത്തയച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ ;

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ഡി) 2008 ജനുവരിയിൽ കൊച്ചി മെട്രോയുടെ അനുമതിക്കായി കേരളം സമർപ്പിച്ച അപേക്ഷയിൽ, ഡി.എം.ആർ.സി. ആകും പദ്ധതി നടപ്പിലാക്കുക എന്ന് വ്യക്തമാക്കിയിട്ടുണ്ടായിരുന്നത് അറിയാമായിരുന്നുവോ;

(ഇ) കേന്ദ്രാനുമതി ലഭിച്ചതിനുശേഷം കൺസൾട്ടന്റിനെ നിയമിച്ചാൽ മതിയെന്ന നിലപാട് സ്വീകരിച്ചതിന്റെ കാരണം വെളിപ്പെടുത്താമോ; ലൈറ്റ് മെട്രോ പദ്ധതിയിൽ ഡി.എം.ആർ.സി.യുടെ പങ്ക് എന്താണെന്ന് കേന്ദ്ര സർക്കാരിനയച്ച ആദ്യത്തെ കത്തിലൂടെ സംസ്ഥാന സർക്കാർ അറിയിച്ചിട്ടുണ്ടായിരുന്നുവോ?

പൊതുമരാമത്ത് വകുപ്പുമന്ത്രി <u>(ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്)</u> :

(എ) ഇല്ല.

(ബി) പദ്ധതി ചെലവിന്റെ 20% കേരള സർക്കാരും 20% കേന്ദ്ര സർക്കാരും ബാക്കി തുക ബാങ്കുകളിൽനിന്നും മറ്റു സ്വദേശ/വിദേശ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയായി സമാഹരിക്കണമെന്നും വിശദമായ പദ്ധതിരേഖയിൽ വിഭാവനം ചെയ്യുന്നു. ഭൂമി ഏറ്റെടുക്കലിന് ആവശ്യമായ തുക സംസ്ഥാന സർക്കാരാണ് വഹിക്കേണ്ടത്. സംസ്ഥാന സർക്കാർ 2015-16-ലെ ബഡ്ജറ്റിൽ/ തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികൾക്കായി ടോക്കൺ പ്രൊവിഷനായി 1,00,000 (ഒരു ലക്ഷം രൂപ മാത്രം) രൂപ വകയിരുത്തിയിട്ടുണ്ട്. അധികമായി വേണ്ടിവരുന്ന തുക 'മേജർ ഇൻഫ്രാസ്ട്രക്ചറൽ ഡവലപ്മെന്റ് പ്രോജക്ട്സ്' എന്ന പുതിയ ശീർഷകത്തിൽ നിന്നും ലഭ്യമാക്കുന്നതാണ്.

(സി) കേന്ദ്ര നഗര വികസന മന്ത്രാലയത്തിന് സംസ്ഥാന സർക്കാരിൽ നിന്നും അയച്ച കത്തുകളിൽ തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളെ സംബന്ധിച്ച കേരള സർക്കാരിന്റെ നിലപാട് വ്യക്തമാക്കിയിട്ടുണ്ട്.

(ഡി) കൊച്ചി മെട്രോ റെയിൽ പദ്ധതി, ഗതാഗത വകുപ്പുവഴിയാണ് നടപ്പിലാക്കിവരുന്നത്. കൊച്ചി മെട്രോ റെയിൽ പദ്ധതി നടപ്പിലാക്കുന്നതിന് ഡി.എം.ആർ.സി.-യെ ചുമതലപ്പെടുത്തിക്കൊണ്ട് 8-1-2008-ൽ അന്നത്തെ സംസ്ഥാന സർക്കാർ തീരുമാനമെടുത്തിരുന്നതായി അറിയാം.

(ഇ) 29-7-2015-ൽ ചേർന്ന മന്ത്രിസഭായോഗ തീരുമാനപ്രകാരമാണ് കേന്ദ്രാനുമതി ലഭിച്ചതിനുശേഷം കൺസൾട്ടന്റിനെ നിയമിച്ചാൽ മതിയെന്ന നിലപാട് സ്വീകരിച്ചത്. ലൈറ്റ് മെട്രോ പദ്ധതിയിൽ ഡി.എം.ആർ.സി.-യുടെ പങ്ക് എന്താണെന്ന് കേന്ദ്ര സർക്കാരിനയച്ച ആദ്യ കത്തിലൂടെ അറിയിച്ചിട്ടുണ്ടായിരുന്നില്ല.

## സർക്കാർ ഭൂമി കയ്യേറ്റം

24(*264) ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. എ. കെ. ബാലൻ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൻതോതിൽ സർക്കാർ ഭൂമി കയ്യേറ്റം നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വൻകിട കയ്യേറ്റക്കാർ കൈയടക്കിയ ഭൂമി തിരിച്ചുപിടിക്കുന്നതിനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദീകരിക്കാമോ;

(സി) വൻകിട കയ്യേറ്റക്കാർ അനധികൃതമായി കൈവശം വയ്ക്കുന്ന സർക്കാർ ഭൂമിയുടെ അളവ് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) അനധികൃതമായി കൈവശം വയ്ക്കുന്ന വനം, റവന്യൂ ഭൂമിയും പാട്ട ഭൂമിയും മറിച്ചുവില്ക്കുന്നകാര്യം അറിവുള്ളതാണോ; ഇങ്ങനെ മറിച്ചുവില്ക്കപ്പെട്ട ഭൂമിയുടെ അളവ് എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; എ.വി.ടി. കമ്പനി മറിച്ചു വില്പന നടത്തിയ ഭൂമിയുടെ അളവെത്ര;

(ഇ) കയ്യേറ്റ ഭൂമിയും പാട്ടഭൂമിയും മറിച്ച് വില്ക്കുന്നതിന് സഹായിക്കുന്ന ഉദ്യോഗസ്ഥരുടെ പേരിൽ കടുത്ത നടപടി സ്വീകരിക്കുന്നതിൽ വിമുഖത കാണിക്കുന്നുണ്ടോ; വിശദമാക്കാമോ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) :

(എ) ഉണ്ട്.

(ബി) കയ്യേറ്റം ശ്രദ്ധയിൽപ്പെടുന്ന കേസുകളിൽ ഭൂമി തിരിച്ചുപിടിക്കുന്നതിനായി കേരള ഭൂസംരക്ഷണ നിയമപ്രകാരം നടപടി സ്വീകരിച്ചുവരുന്നു.

(സി) കോട്ടയം ജില്ലയിൽ കുമരകം വില്ലേജിൽ ബ്ലോക്ക് 11-ൽപ്പെട്ട വേമ്പനാട് കായൽ പുറമ്പോക്കിൽ 5.29.86 ഹെക്ടർ കുമരകം ലേക്ക് റിസോർട്ട് ഉടമകൾ കയ്യേറിയിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ വിതുര വില്ലേജിൽ ആറ്റുപുറമ്പോക്ക് ഭൂമി ഏതാണ്ട് 5 ഏക്കറോളം കയ്യേറി The Dukes Forest Resort നിർമ്മിച്ചിട്ടുള്ളതായി പരാതി ലഭിച്ചിട്ടുണ്ട്. ആലപ്പുഴ

ജില്ലയിൽ അമ്പലപ്പുഴ താലൂക്കിൽ കലവൂർ വില്ലേജിൽ ഉൾപ്പെട്ടുവരുന്ന ഫിഷർമെൻ ബീച്ച് റിസോർട്ട്, ആര്യാട് തെക്ക് വില്ലേജിലെ ബീച്ച് റിസോർട്ട്, മുല്ലയ്ക്കൽ വില്ലേജിലെ ക്ലബ് ലേക്ക് റിസോർട്ട് എന്നിവയുടെ ഭാഗങ്ങൾ സർക്കാർ ഭൂമിയിൽ ഉൾപ്പെട്ടുവരുന്ന 3 കേസുകളും ചേർത്തല താലൂക്കിൽ സൈറസ്, കാപ്പികോ റിസോർട്ടുകളുടെ കയ്യേറ്റവും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് സർക്കാർ ഭൂമി കയ്യേറ്റം നടന്ന കേസുകളുടെ ജില്ലതിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) പത്തനംതിട്ട ജില്ലയിൽ കോന്നി താലൂക്കിൽ കൂടൽ, കലഞ്ഞൂർ വില്ലേജുകളിലായി എ.വി.റ്റി. കമ്പനി 112.77.84 ഹെക്ടർ ഭൂമി മറിച്ചു വിൽപ്പന നടത്തിയതായി കണ്ടെത്തിയിട്ടുണ്ട്. കൂടാതെ ഹാരിസൺസ് മലയാളം ലിമിറ്റഡ് കമ്പനി 7 ജില്ലകളിലായി അനധികൃതമായി കൈവശം വച്ചിരിക്കുന്നതും അവർ മറിച്ചു വിറ്റതുമായ ഭൂമി ഏറ്റെടുക്കുന്നതിലേക്കായി സർക്കാർ സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്. സ്പെഷ്യൽ ഓഫീസർ ഇതനുസരിച്ച് കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി എന്നീ ജില്ലകളിലെ ഹാരിസൺസ് മലയാളം ലിമിറ്റഡ് കൈവശ ഭൂമിയും അവർ വിറ്റ ഭൂമിയും ഉൾപ്പെട്ട 37220 ഏക്കർ ഭൂമി ഏറ്റെടുത്തുകൊണ്ട് നടപടിക്രമം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഭൂമിക്ക് പുറമെ മലയാളം പ്ലാന്റേഷൻസ് (യു.കെ.) ലിമിറ്റഡ് എന്ന വിദേശ കമ്പനി വയനാട് ജില്ലയിൽ 2 കരാർ ഉടമ്പടി പ്രകാരം ഏകദേശം 35,000 ഏക്കർ ഭൂമിയും തൃശ്ശൂർ ജില്ലയിൽ 6063 ഏക്കർ ഭൂമിയും കൈവശം വച്ചിട്ടുണ്ട്. പ്രസ്തുത ഭൂമി സംബന്ധിച്ച് കേരള ഭൂസംരക്ഷണ നിയമപ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നു. സ്പെഷ്യൽ ഓഫീസറുടെ നടപടിക്രമത്തിനെതിരെ ഹാരിസൺസ് മലയാളം ലിമിറ്റഡ് കമ്പനി ഫയൽ ചെയ്ത കേസിൽ കോടതി ഉത്തരവ് പ്രകാരം തൽസ്ഥിതി തുടരുകയാണ്. കൊല്ലം ജില്ലയിലെ കുളിർകാട് മേഖലയിൽ വനം, റവന്യൂ ഭൂമിയുടെ വൻതോതിലുള്ള കയ്യേറ്റം സ്പെഷ്യൽ ഓഫീസർ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ വനം, റവന്യൂ വകുപ്പുകളുടെ സംയുക്ത സർവ്വേ നടത്താനും കയ്യേറ്റം ഒഴിപ്പിക്കുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്. കൂടാതെ ഇടുക്കി ജില്ലയിൽ ട്രാവൻകൂർ റബർ&ടീ കമ്പനിയുടെ കൈവശഭൂമി സംബന്ധിച്ച വിഷയത്തിലും മനുഷ്യാവകാശ കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുന്നതിലേക്കായി സ്പെഷ്യൽ ഓഫീസറെ നിയമിക്കാൻ തീരുമാനമായിട്ടുണ്ട്.

(ഇ) കയ്യേറ്റ ഭൂമിയും, പാട്ടഭൂമിയും മറിച്ചുവിൽക്കുന്നതിൽ ഉദ്യോഗസ്ഥർ സഹായിക്കുന്നതായി ശ്രദ്ധയിൽപ്പെടുന്നപക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സപ്ലൈകോ വഴി വിതരണം ചെയ്യുന്ന സബ്സിഡി ഉല്പന്നങ്ങൾ

25(*265) ശ്രീമതി കെ. കെ. ലതിക :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ വഴി വിതരണം ചെയ്യുന്ന ഏതെല്ലാം ഉല്പന്നങ്ങളുടെ സബ്സിഡി വെട്ടിക്കുറച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) സബ്സിഡി ഉല്പന്നങ്ങളുടെ 2011 ജനുവരി മാസത്തെ വിലയും ഇപ്പോഴത്തെ വിലയും എത്രയെന്ന് വ്യക്തമാക്കുമോ ;

(സി) മാവേലി സ്റ്റോറുകളിലൂടെ റേഷൻകാർഡുടമകൾക്ക് വിതരണം ചെയ്തിരുന്ന പരിപ്പ്, ഉഴുന്ന പരിപ്പ്, കടല, ചെറുപയർ എന്നിവയുടെ വില വർദ്ധിപ്പിക്കുകയും അളവ് കുറയ്ക്കുകയും ചെയ്തിട്ടുണ്ടോ ; വിശദമാക്കാമോ ;

(ഡി) ആഴ്ചതോറും മാവേലി സ്റ്റോറുകൾവഴി നൽകിയിരുന്ന സബ്സിഡിയുള്ള അരി ഇപ്പോൾ വിതരണം ചെയ്യുന്നുണ്ടോ ; ഇത് രണ്ടാഴ്ചയിലൊരിക്കൽ എന്ന രീതിയിൽ മാറ്റിയിട്ടുണ്ടോ ;വ്യക്തമാക്കുമോ;

(ഇ) പൊതുമാർക്കറ്റിൽ വിലക്കയറ്റം രൂക്ഷമാക്കുന്ന തരത്തിൽ സപ്ലൈകോയുടെ പ്രവർത്തനം തിരുത്തുമോ; വ്യക്തമാക്കുമോ;

(എഫ്) സപ്ലൈകോ വില്പനശാലയിൽനിന്നും ജനങ്ങളെ അകറ്റുന്ന തരത്തിലുള്ള നയം പുനഃപരിശോധിക്കുവാൻ തയ്യാറാകുമോ ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) :

(എ&ബി) സപ്ലൈകോ വിൽപ്പനശാലകളിൽ പൊതുവെ വിൽപ്പന കുറവുള്ള കടുക്, ജീരകം, ഉലുവ, ഉഴുന്ന് പിളർന്നത്, പീസ് പരിപ്പ്, ബോധന അരി എന്നിവയെ സബ്സിഡി നൽകുന്ന ഇനങ്ങളിൽനിന്നും ഒഴിവാക്കി, ജനങ്ങൾക്ക് കൂടുതലായി ആവശ്യമുള്ള ചെറുപയർ, വൻകടല, ജയ അരി, കുറവ അരി, വെളിച്ചെണ്ണ എന്നിവയെ ഉൾപ്പെടുത്തി 6-7-2012-ൽ സബ്സിഡി പട്ടിക പുനർനിർണ്ണയിച്ചിരിക്കുന്നു. സബ്സിഡി ഉല്പന്നങ്ങളുടെ 2011 ജനുവരി മാസത്തെ

വിലയും ഇപ്പോഴത്തെ വിലയും സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു*. എന്നാൽ ചെറുപയർ, ഉഴുന്ന്, വൻകടല, വൻപയർ, തുവര പരിപ്പ്, പഞ്ചസാര എന്നിവയുടെ വിലയിൽ 1-12-2014 മുതലും മല്ലി, മട്ട അരി, പഞ്ചസാര, വെളിച്ചെണ്ണ എന്നിവയുടെ വിലയിൽ 1-8-2015 മുതലും കുറവ് വരുത്തിയിരുന്നു.

(സി) 1-8-2013, 24-8-2014, 6-11-2014 എന്നിങ്ങനെ മൂന്നുതവണ ഭക്ഷ്യോൽപ്പന്നങ്ങളുടെ സബ്സിഡി നിരക്കുകൾ വർദ്ധിപ്പിച്ചിട്ടുണ്ട്. സപ്ലൈകോയുടെ വാങ്ങൽ വില, കടത്തുകൂലി, കയറ്റിറക്കുകൂലി, അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾ എന്നിവ മാസംതോറും കൂടിക്കൊണ്ടിരിക്കുകയും നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതുമൂലമുള്ള നഷ്ടം വളരെയധികം വർദ്ധിക്കുകയും ഇത് സപ്ലൈകോയുടെ മാർക്കറ്റിടപെടൽ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള പ്രതിദിന പ്രവർത്തനങ്ങളെ ബാധിക്കുന്ന രീതിയിൽ വളരുകയും ചെയ്തതുകൊണ്ട് ഈ സാധനങ്ങളുടെ വില്പന വില പുനർനിർണ്ണയിച്ചിട്ടുണ്ട്. ഇതിനാൽ സാധനങ്ങളുടെ ലഭ്യത ഉറപ്പ് വരുത്തുവാൻ സപ്ലൈകോയ്ക്ക് കഴിഞ്ഞിട്ടുണ്ട്. എന്നാൽ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവ് കുറച്ചിട്ടില്ല.

(ഡി) സപ്ലൈകോ വിൽപ്പനശാലകളിൽ കൂടി രണ്ടാഴ്ചയിലൊരിക്കൽ '5' കി. ഗ്രാം എന്ന തോതിൽ പ്രതിമാസം 10 കിലോ ഗ്രാം സബ്സിഡി അരിയാണ് വിതരണം ചെയ്തിരുന്നത്. ഈ അളവിൽ കുറവ് വരുത്താതെ തന്നെ നിലവിലും സബ്സിഡി അരിയുടെ വിതരണം തുടർന്നുവരുന്നു.

(ഇ&എഫ്) സപ്ലൈകോയുടെ മാർക്കറ്റിടപെടൽ പദ്ധതി പ്രകാരം പൊതുവിപണിയിൽ 13 ഇനം അവശ്യ സാധനങ്ങൾ സബ്സിഡി നിരക്കിൽ നിശ്ചിത അളവിലും മറ്റ് സാധനങ്ങൾ ന്യായമായ വിലയിൽ ആവശ്യമായ അളവിലും ലഭ്യമാക്കി അതുവഴി പൊതുവിപണിയിലെ വിലക്കയറ്റത്തിൽനിന്നും സാധാരണക്കാർക്ക് ആശ്വാസമേകുന്ന പ്രവർത്തനം നിലവിലും കാര്യക്ഷമമായി തുടർന്നുവരുന്നു. സപ്ലൈകോവഴി നൽകുന്ന സബ്സിഡി സാധനങ്ങളുടെ അളവിൽ മൊത്തമായുണ്ടായ ഗണ്യമായ വർദ്ധനവും വിറ്റുവരവിലെ വർദ്ധനവും സൂചിപ്പിക്കുന്നത് കൂടുതൽ ആളുകൾ സപ്ലൈകോയെ ആശ്രയിക്കുന്നു എന്നാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സ്കൂളുകളിലെ ആരോഗ്യ പദ്ധതികൾ

26(T*266) ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാലയ അന്തരീക്ഷം ആരോഗ്യ പൂർണ്ണമാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതികൾവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതികൾ നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

(എ) വിദ്യാലയ അന്തരീക്ഷം ആരോഗ്യ പൂർണ്ണമാക്കുന്നതിന് ക്ലീൻ ക്യാമ്പസ്, സേഫ് ക്യാമ്പസ് പദ്ധതി, സ്വച്ഛ് വിദ്യാലയ പദ്ധതി, സൗഹൃദ ക്ലബ്ബുകൾ എന്നിവ ആവിഷ്കരിച്ചിട്ടുണ്ട്. അതോടൊപ്പം ഗ്രാമീണ ആരോഗ്യ ദൗത്യത്തിന്റെയും ആരോഗ്യ വിദ്യാഭ്യാസ വകുപ്പുകളുടെയും സംയുക്ത സംരംഭമായി വിദ്യാലയ ആരോഗ്യ പദ്ധതിയും നടപ്പിലാക്കിവരുന്നു.

(ബി)
1. വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ക്ലാസ്സ് മുറികളും, ഫർണ്ണീച്ചറുകളും മറ്റും വൃത്തിയും വെടിപ്പുമുള്ളതാക്കുക.
2. വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പരിസരപ്രദേശങ്ങളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തി വൃത്തിയും വെടിപ്പുമുള്ളതാക്കുക, പരമാവധി പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് സുരക്ഷിതമായ രീതിയിൽ നിർമ്മാർജ്ജനം ചെയ്യുക.
3. വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ക്ലാസ്സ് മുറികളിലേയും ശുചിമുറികളിലേയും ചുമരുകളിൽ ചായം പൂശുക
4. മതിയായ ശുചി മുറികൾ നിർമ്മിക്കുക, മലിന ജലം കെട്ടി കിടക്കാതിരിക്കാൻ വേണ്ട സംവിധാനങ്ങൾ നടപ്പാക്കുക.

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

പച്ചക്കറി തോട്ടം/പൂന്തോട്ടം നിർമ്മിക്കുക.

5. കുടിവെള്ള സംവിധാനം കാര്യക്ഷമമാക്കുക, കിണറുകളും കുടിവെള്ള ടാങ്കുകളും വൃത്തിയാക്കുക, പൊട്ടിയ ടാപ്പുകൾ നന്നാക്കുക തുടങ്ങിയവ.

6. പ്ലാസ്റ്റിക് കവറുകൾ നിക്ഷേപിക്കുന്നതിനും, നശിപ്പിക്കുന്നതിനും പ്രത്യേക സംവിധാനം ഏർപ്പെടുത്തുക. മറ്റ് ഖരമാലിന്യങ്ങൾ സംഭരിക്കുന്നതിനും നശിപ്പിക്കുന്നതിനുമുള്ള സംവിധാനങ്ങൾ നടപ്പാക്കുക.

7. ഉച്ചഭക്ഷണം തയ്യാറാക്കുന്ന അടുക്കള, പാത്രങ്ങൾ, പരിസരം എന്നിവ വൃത്തിയും വെടിപ്പുമുള്ളതാക്കുക.

8. മദ്യത്തിന്റേയും മയക്കുമരുന്നുകളുടേയും ഉപയോഗംമൂലമുള്ള ദൂഷ്യവശങ്ങൾ, പരിസര ശുചീകരണത്തിന്റെ പ്രാധാന്യം എന്നിവ പ്രചരിപ്പിക്കുന്നതിനായി പ്ലക്കാർഡുകളും മറ്റും ഉൾപ്പെടുത്തി റാലികൾ സംഘടിപ്പിക്കുക. വിദഗ്ധരെ ഉൾക്കൊള്ളിച്ചുകൊണ്ട് വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും മറ്റ് പൊതുജനങ്ങൾക്കുമായി ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.

9. ശാരീരിക മാനസിക സാമൂഹ്യാരോഗ്യം മെച്ചപ്പെടുത്തുക.

10. വിവിധങ്ങളായ ആരോഗ്യ വിദ്യാഭ്യാസ പ്രവർത്തനങ്ങൾവഴി തങ്ങളുടെ ആരോഗ്യം കാത്ത് സൂക്ഷിച്ചുവച്ച് മെച്ചപ്പെട്ട ആരോഗ്യം കൈവരിക്കുന്നതിനും ഇതുവഴി ആരോഗ്യ സംബന്ധമായ കാര്യങ്ങളിൽ ബുദ്ധിപൂർവ്വമായ തീരുമാനങ്ങൾ എടുക്കാൻ പ്രാപ്തരാക്കുക.

(സി) ജനപ്രതിനിധികൾ, തദ്ദേശസ്ഥാപനങ്ങൾ, പ്രമുഖ വ്യക്തിത്വങ്ങൾ, സന്നദ്ധ സംഘടനകൾ, അദ്ധ്യാപക രക്ഷകർതൃ സംഘടനകൾ, എൻ.സി.സി., എൻ.എസ്.എസ്., സ്കൗട്ട്സ് & ഗൈഡ്സ് ഇവ വഴി വിദ്യാലയ അന്തരീക്ഷം ആരോഗ്യ പൂർണ്ണമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഹയർ സെക്കണ്ടറി വകുപ്പിൽ 1202 സ്കൂളുകളിൽ സൗഹൃദ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. സ്കൂൾ ആരോഗ്യ പദ്ധതിയുടെ നടത്തിപ്പിലേക്കായി പ്രത്യേകം നിയോഗിക്കപ്പെട്ട

സ്കൂൾ ഹെൽത്ത് നഴ്സുമാർക്കും അതോടൊപ്പം ആരോഗ്യ വകുപ്പിലെ ജെ.എച്ച്.ഐ., അദ്ധ്യാപകർ, പ്രധാനാദ്ധ്യാപകർ എന്നിവർക്ക് സ്കൂൾ ഹെൽത്ത് പ്രോഗ്രാമിനെ സംബന്ധിച്ച ട്രെയിനിംഗ് നൽകിയിട്ടുണ്ട്. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി ഹെൽത്ത് റെക്കോർഡുകൾ, ഹെൽത്ത് രജിസ്റ്ററുകൾ, ആരോഗ്യ വിദ്യാഭ്യാസ പോസ്റ്ററുകൾ, വൈദ്യപരിശോധനയ്ക്കായി പരിശോധനാ കിറ്റുകൾ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്.

**കോളേജുകളുടെ ഭൗതിക സാഹചര്യം**

27(*267) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആർട്ട്സ് & സയൻസ്, പ്രൊഫഷണൽ കോളേജുകളുടെ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(ബി) പ്രശസ്തമായ പല സർക്കാർ കോളേജുകളും ശോച്യാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) പ്രസ്തുത കോളേജുകളുടെ ക്ലാസ് റൂമുകൾ കാലോചിതമായി നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

(എ&ബി) സംസ്ഥാനത്തെ ആർട്സ് & സയൻസ്, പ്രൊഫഷണൽ കോളേജുകളുടെ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കുന്നതിന് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്:

1. Starting of new courses and upgrading of Existing courses.
2. Development of Lab and Library in Government Colleges.
3. Matching grant.

4. Accreditation of Colleges by NAAC
5. College Infrastructure Upgradation Programme (CIUP)
6. College Quality Improvement Programme (CQIP)
7. Centre of Excellence in 10 selected colleges including Heritage Conservation.

2011-12 സാമ്പത്തിക വർഷം മുതൽ 2015-16 സാമ്പത്തിക വർഷം വരെ എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക് കോളേജുകൾ, ഫൈൻ ആർട്സ് കോളേജുകൾ, ടെക്നിക്കൽ ഹൈസ്കൂൾ എന്നിവയ്ക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനായി ഏകദേശം 215 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്.

**മോഡേൺ സർവ്വേ റിക്കോർഡ് റൂം**

28(*268) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോഡേൺ സർവ്വേ റെക്കാർഡ് റൂം ആരംഭിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) :

(എ) ഉണ്ട്.

(ബി) ഇ-രേഖ പദ്ധതി മുഖാന്തരം വിവിധങ്ങളായ പ്രക്രിയകളിലൂടെ സംരക്ഷണം നടത്തിയിട്ടുള്ള റെക്കോർഡുകളെ നവീന രീതിയിലുള്ള മൂവബിൾ കോംപാക്ടറുകളിലേക്ക് മാറ്റി അവയെ ഒരു മാപ്പ് ലൈബ്രറിയിലൂടെ ശാസ്ത്രീയമായി Cataloging ഏർപ്പെടുത്തി retrieval എളുപ്പം സാധ്യമാക്കുന്നതാണ് ടി പദ്ധതി. സർവ്വേ ഭവന്റെ മൂന്നാമത്തെ നിലയിൽ ടി പദ്ധതിക്കായി കോംപാക്ടറുകൾ സ്ഥാപിച്ച് ഇ-രേഖ പദ്ധതിയിലൂടെ സംരക്ഷണം നടത്തിയ റിക്കോർഡുകൾ ടി

കോംപാക്ടറുകളിൽ സൂക്ഷിച്ചുവരുന്ന ജോലി പുരോഗതിയിലുമാണ്. കൂടാതെ ജില്ല കളക്ടേറ്ററുകൾ കേന്ദ്രീകരിച്ച് സൂക്ഷിച്ചിട്ടുള്ള ലാന്റ് റിക്കോർഡുകൾ സംരക്ഷിക്കപ്പെടേണ്ടത് മുൻനിർത്തി എല്ലാ ജില്ലാ സർവ്വേ സൂപ്രണ്ട് ഓഫീസുകളിലും സർവ്വേ ഭവനം കേന്ദ്രീകരിച്ച് മോഡേൺ സർവ്വേ റിക്കോർഡ് റൂമുകൾ നിർമ്മിക്കുന്ന പദ്ധതി കേരള ലാന്റ് ഇൻഫർമേഷൻ മിഷൻ നടപ്പാക്കിവരുന്നു. ഇതിൽ സ്ഥല ലഭ്യതയുള്ള 10 ജില്ലകളിൽ കോംപാക്ടറുകൾ സ്ഥാപിച്ച് സിവിൽ ജോലി പുരോഗതിയിലുമാണ്. എറണാകുളം ജില്ലയിലെ 7 താലൂക്ക് ഓഫീസുകളിലും റവന്യൂ ഡിവിഷൻ ഓഫീസുകളിലും റിക്കോർഡ് സംരക്ഷണത്തിനായി കേരളാ ലാൻറ് ഇൻഫർമേഷൻ മിഷൻ മുഖാന്തിരം മോഡേൺ റിക്കോർഡ് റൂം സ്ഥാപിക്കുന്ന ജോലി പുരോഗതിയിലാണ്.

(സി) ജില്ലാതലങ്ങളിലെ റിക്കോർഡുകൾ സംരക്ഷിക്കുന്നതിനായുള്ള മോഡേൺ സർവ്വേ റിക്കോർഡ് റൂമുകൾ ഓരോ ജില്ലയിൽ 1 വീതവും സർവ്വേ ഭവനിലും സ്ഥാപിക്കുന്നതിനുള്ള അനുമതി 2012-13-ലെ ഡിപ്പാർട്ട്മെന്റ് വർക്കിംഗ് ഗ്രൂപ്പിൽ ലഭ്യമായിട്ടുണ്ട്. ടി പദ്ധതി നടത്തിപ്പിനായി G.O.(Rt.)No. 6071/2013/ RD ഉത്തരവ് പ്രകാരം 4,85,31,900 രൂപ അനുവദിക്കുകയും ടി തുക ഉപയോഗിച്ച് ടി പദ്ധതി നടപ്പാക്കിവരുകയും ചെയ്യുന്നു. 2012-13 വർഷത്തിൽ കൂടിയ എംപവേർഡ് കമ്മിറ്റി തീരുമാനപ്രകാരം സർവ്വേ ഭവൻ കേന്ദ്രീകരിച്ച് ഇ-രേഖ പദ്ധതി പ്രകാരം സംരക്ഷിക്കപ്പെട്ട റിക്കോർഡ് സൂക്ഷിക്കുന്നതിന് റിക്കോർഡ് റൂം സ്ഥാപിക്കുകയും ആയതിലേക്കായി 1 കോടി രൂപ അനുവദിക്കുകയും ടി തുക ഉപയോഗിച്ച് ടി പദ്ധതി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. എറണാകുളം ജില്ലയിലെ എല്ലാ താലൂക്ക് ഓഫീസുകളിലും ഒരു റവന്യൂ ഡിവിഷൻ ഓഫീസിലും മോഡേൺ റിക്കോർഡ് റൂം സ്ഥാപിക്കുന്നതിനായി G.O.(Rt.)1379/2015/RD നമ്പർ ഉത്തരവ് പ്രകാരം 2,41,70,360 രൂപ അനുവദിക്കുകയും ടി തുക ഉപയോഗിച്ച് റിക്കോർഡ് റൂമിന്റെ ജോലി നടന്നുവരികയും ചെയ്യുന്നു.

**ദേശീയപാത വികസനം**

29(*269) ശ്രീ. എളമരം കരീം :
ശ്രീ. ജി. സുധാകരൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :
ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എൻ.എച്ച്-17, എൻ.എച്ച്-47 എന്നീ ദേശീയ

പാതകളുടെ വികസനപ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) പ്രസ്തുത പാതകളുടെ വികസന പ്രവർത്തനങ്ങളിൽനിന്നും പിന്മാറിയ നാഷണൽ ഹൈവേ അതോറിറ്റി വീണ്ടും സഹകരിക്കാൻ തയ്യാറായിട്ടുണ്ടോ; ഇത് സംബന്ധിച്ച് ഏതെങ്കിലും വ്യവസ്ഥകൾ മുന്നോട്ടുവച്ചിട്ടുണ്ടോ;

(സി) ദേശീയപാത വികസനത്തിന് പ്രത്യേക ഉപസമിതിക്ക് രൂപം നൽകിയിട്ടുണ്ടോ; ഈ സമിതിയുടെ ഇതുവരെയുള്ള പ്രവർത്തനം വിശദമാക്കാമോ;

(ഡി) റോഡ് വികസനത്തിനായി സ്ഥലമേറ്റെടുക്കുമ്പോൾ സ്ഥലമുടമകൾക്ക് മതിയായ നഷ്ടപരിഹാരം നൽകുന്നതിന് പ്രത്യേക പാക്കേജ് തയ്യാറാക്കിയിട്ടുണ്ടോ ; ഇതിനാവശ്യമായ ഫണ്ടിന്റെ ലഭ്യത സംബന്ധിച്ച് വിശദമാക്കാമോ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) :

(എ&ബി) സംസ്ഥാനത്തെ പ്രധാനപ്പെട്ട ദേശീയപാതകളായ എൻ.എച്ച്. 17-ഉം എൻ.എച്ച്. 47-ഉം നാലുവരിപ്പാതയായി വികസിപ്പിക്കുവാൻ കേന്ദ്ര സർക്കാരിന്റെ എൻ.എച്ച്.ഡി.പി. ഫേയ്സ് 2,3,4-ൽ ആണ് ഉൾപ്പെടുത്തിയിരുന്നത്. ഇതിൽ ഫേയ്സ് 2&3-ൽ ഉൾപ്പെടുത്തിയിരുന്ന എൻ.എച്ച്. 47-ന്റെ (പുതിയ എൻ.എച്ച്. 544) വാളയാർ മുതൽ വടക്കഞ്ചേരി (കി.മീ. 182.250 മുതൽ 240.00) വരെയുള്ള 57.75 കി.മീ. ഭാഗത്തിന്റെ നാലുവരിപ്പാത നിർമ്മാണം ദേശീയപാതാ വികസന അതോറിറ്റി പൂർത്തിയാക്കിയിട്ടുണ്ട്. വടക്കഞ്ചേരി മുതൽ തൃശ്ശൂർ (കി.മീ. 240.00 മുതൽ 270.00) വരെയുള്ള 30 കി.മീ. ഭാഗത്തിന്റെ 6 വരിപ്പാതാ നിർമ്മാണം ദേശീയപാതാ വികസന അതോറിറ്റിയുടെ നേതൃത്വത്തിൽ പുരോഗമിക്കുന്നു. തൃശ്ശൂർ മുതൽ അങ്കമാലി (കി.മീ. 270.00 മുതൽ 316.700) വരെ 46.70 കി.മീ. ദൂരവും അങ്കമാലി മുതൽ ഇടപ്പള്ളി വരെ (കി.മീ. 316.700 മുതൽ 342.00) 25.3 കി. മീ. ദൂരവും നാലുവരിപ്പാതാ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. തലപ്പാടി മുതൽ ഇടപ്പള്ളി വരെയും (പുതിയ എൻ.എച്ച്. 66) ചേർത്തല മുതൽ കഴക്കൂട്ടം വരെയും (പുതിയ എൻ.എച്ച്. 66) ഉള്ള ദേശീയ പാതാ വികസനത്തിന്റെ സ്ഥലം ഏറ്റെടുപ്പ് നടപടികളിലുണ്ടായ കാലതാമസം കാരണം ദേശീയപാതാ വികസന അതോറിറ്റി ഈ പാതയുടെ വികസന പദ്ധതിയിൽനിന്നും പിൻമാറുകയുണ്ടായി. ദേശീയപാതാ വികസനത്തിനായി 45 മീറ്റർ വീതിയിൽ സ്ഥലം അടിയന്തരമായി ഏറ്റെടുത്ത് ദേശീയപാതാ വികസന അതോറിറ്റിക്ക് കൈമാറാം എന്ന സംസ്ഥാന സർക്കാരിന്റെ ഉറപ്പിന്റേയും നിരന്തരമായ അഭ്യർത്ഥനയുടേയും അടിസ്ഥാനത്തിൽ കേന്ദ്ര മന്ത്രാലയം ഈ പദ്ധതി പുനരാരംഭിക്കുവാൻ ദേശീയപാതാ വികസന അതോറിറ്റിക്ക് നിർദ്ദേശം

നൽകിയിട്ടുണ്ട്. ഈ വികസനത്തിനുവേണ്ട പുതിയ ഡി.പി.ആർ. തയ്യാറാക്കാൻ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ ടെണ്ടർ വിളിച്ചിട്ടുണ്ട്.

(സി) സ്ഥലമെടുപ്പ് പൂർത്തീകരിക്കുന്നതിലേക്കായി അലൈൻമെന്റിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുവാൻ അതായത് ആരാധനാലയങ്ങൾ, സാമൂഹിക, സാംസ്കാരിക പ്രാധാന്യമുള്ള കെട്ടിടങ്ങൾ എന്നിവ സംരക്ഷിക്കുന്നതിന് അലൈൻമെന്റിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിന് സംസ്ഥാന ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ദേശീയപാതയുടെ അലൈൻമെന്റിലെ ഓരോ പ്രദേശങ്ങളിൽനിന്നുള്ള മേൽപ്പറഞ്ഞ തരത്തിലുള്ള പരാതികൾ ബന്ധപ്പെട്ട ജില്ലാ ഭരണകൂടം പരിശോധിച്ചുവരുന്നു.

(ഡി) ദേശീയപാതാ വികസനത്തിനായി ഭൂമി ഏറ്റെടുക്കുമ്പോൾ ഇപ്പോൾ നഷ്ടപരിഹാരം കണക്കാക്കുന്നത് കേന്ദ്ര സർക്കാരിന്റെ പുതിയ സ്ഥലമേറ്റെടുക്കൽ നിയമപ്രകാരമാണ്. സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് സംസ്ഥാന സർക്കാരിന്റെ റീഹാബിലിറ്റേഷൻ ആന്റ് റീ-സെറ്റിൽമെന്റ് പാക്കേജിലെ (15-11-2011-ലെ സ.ഉ.(കൈ) നമ്പർ 419/11/റവ.) വ്യവസ്ഥകൾ കൂടി പരിഗണിച്ച് പദ്ധതി ബാധിതർക്ക് മെച്ചപ്പെട്ട നഷ്ടപരിഹാരം ഉറപ്പുവരുത്തുന്ന രീതിയിൽ വില നിശ്ചയിക്കണമെന്ന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുത്തു നൽകിയാൽ നഷ്ടപരിഹാരം നൽകുന്നതിനുള്ള ഫണ്ടും കേന്ദ്ര സർക്കാർ ലഭ്യമാക്കുന്നതാണ്.

**ആധുനിക രീതിയിൽ റോഡുകളിലെ കുഴിയടയ്ക്കുന്നതിന് കർമ്മപദ്ധതി**

30(*270) ശ്രീ. എം. എ. വാഹീദ് :

ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധുനിക രീതിയിൽ റോഡുകളിലെ കുഴിയടയ്ക്കുന്നതിന് കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) :

(എ) ഉണ്ട്.

(ബി) ആധുനിക രീതിയിൽ പോട്ട് ഹോൾ ഫില്ലിംഗ് മെഷീൻ ഉപയോഗിച്ച് റോഡുകളിലുണ്ടാകുന്ന കുഴികൾ സമയബന്ധിതമായി അടയ്ക്കുവാനും, റോഡുകളിൽ ടാർ ചൂടാക്കുന്നതുമൂലമുണ്ടാകുന്ന പരിസ്ഥിതി പ്രശ്നങ്ങൾ ഒഴിവാക്കുന്നതിനും, പോട്ട് ഹോൾ ഫില്ലിംഗ് പണികൾ ചെയ്യുമ്പോൾ ഉണ്ടാകുന്ന ട്രാഫിക് ബ്ലോക്കുകൾ കുറയ്ക്കുവാനും അറ്റകുറ്റപ്പണികളുടെ ഈട് കൂട്ടുവാനുമാണ് ടി പദ്ധതിയിലൂടെ ഉദ്ദേശിച്ചിരിക്കുന്നത്.

(സി) 28-5-2014-ലെ സ.ഉ.(സാധാ) 708/14/പൊ.മ.വ. പ്രകാരം ആലപ്പുഴ, എറണാകുളം, മൂവാറ്റുപുഴ റോഡ്സ് ഡിവിഷനുകളിലെ 274 കി.മീ. ദൈർഘ്യം വരുന്ന റോഡുകളിലെ കുഴിയടയ്ക്കുന്നതിന് M/s കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് മുഖേന "Python 5000" എന്ന Pothole patching equipment ഉപയോഗിച്ച് ഒരു പൈലറ്റ് പ്രോജക്ട് ചെയ്യുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവെങ്കിലും പണി ഏറ്റെടുക്കുവാനായി മുന്നോട്ടുവന്ന കമ്പനി പിൻവാങ്ങിയതിനാൽ ഇക്കാര്യത്തിൽ തുടർ നടപടികൾ ആയിട്ടില്ല.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### യു.ജി.സി. ശമ്പള പരിഷ്കരണ പാക്കേജ്

1(2829) <u>ശ്രീ. സി. മോയിൻകുട്ടി</u> :
<u>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി</u> :
<u>ശ്രീ. പി. കെ. ബഷീർ</u> :
<u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജുകളിൽ യു.ജി.സി. ശമ്പള പരിഷ്കരണ പാക്കേജ് പ്രകാരം ലഭിക്കേണ്ട സാമ്പത്തിക സഹായം ലഭിക്കുന്നതിൽ തടസ്സങ്ങളെന്തെങ്കിലും ഉണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പ്രതിസന്ധി പരിഹരിക്കാനാവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) യു.ജി.സി.-യുടെ 2010-ൽ നടപ്പാക്കിയിട്ടുള്ള ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരമുള്ള പ്ലേയ്സ്മെന്റുകൾ അദ്ധ്യാപകർക്ക് അനുവദിക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ട്. 2010-ലെ യു.ജി.സി. റഗുലേഷൻസ് പ്രകാരം പ്ലേയ്സ്മെന്റുകൾ അക്കാഡമിക് പെർഫോമൻസ് ഇൻഡിക്കേറ്റർ (എ.പി.ഐ.)

മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് അനുവദിക്കേണ്ടത്. പ്രസ്തുത മാനദണ്ഡങ്ങൾ സംബന്ധിച്ച് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## സി-ആപ്റ്റിന്റെ പ്രവർത്തനങ്ങൾ

2(2831) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സി-ആപ്റ്റ് എന്ന സ്ഥാപനത്തിൽ ഈ സർക്കാർ വന്നതിനുശേഷം ഉണ്ടായ നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സി-ആപ്റ്റിന്റെ വിറ്റുവരവ് എത്രയായിരുന്നെന്നും ഇപ്പോഴത്തെ വിറ്റ് വരവ് എത്രയെന്നും വിശദീകരിക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ എത്ര പ്രതിവാര ലോട്ടറി ടിക്കറ്റുകൾ അച്ചടിച്ചിരുന്നുവെന്നും ഇപ്പോൾ എത്ര ടിക്കറ്റുകൾ അച്ചടിക്കുന്നുണ്ടെന്നും വിശദമാക്കാമോ ;

(ഡി) ജീവനക്കാർക്ക് ഈ സർക്കാരിന്റെ കാലത്ത് ശമ്പളം കുടിശ്ശികയുണ്ടോയെന്നും എന്തെല്ലാം ആനുകൂല്യങ്ങൾ പുതുതായി നൽകിയെന്നും വിശദമാക്കുമോ ;

(ഇ) ലോട്ടറി ടിക്കറ്റ് അച്ചടിക്കുന്നതിന് വേരിയബിൾ ഡാറ്റാ പ്രിന്റർ വാടകയ്ക്ക് എടുത്തതുവഴി സെന്ററിന് ഉണ്ടായ നേട്ടങ്ങളെ സംബന്ധിച്ച് എ.ജി.യുടെ പരമാർശം ഉണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(എഫ്) പുതിയ യന്ത്രസംവിധാനം ഏർപ്പെടുത്തുന്നതിനെതിരെ സ്വകാര്യ അച്ചടിശാലകളുടെ ലോബികൾ പ്രചരണം നടത്തുന്നത് ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(ജി) പുതിയ യന്ത്രസംവിധാനം അടിയന്തരമായി ഏർപ്പെടുത്തി സി-ആപ്റ്റിനെ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) ഈ സർക്കാരിന്റെ കാലത്ത് ശമ്പള കുടിശ്ശിക ഭൂരിഭാഗം കൊടുത്തു തീർക്കുകയും ശേഷിക്കുന്ന കുടിശ്ശികയുടെ അന്തിമ കണക്ക് തയ്യാറാകുന്ന മുറയ്ക്ക് കൊടുത്തു തീർക്കുന്നതുമാണ്. ജീവനക്കാരുടെ ദീർഘകാല ആവശ്യമായ ശമ്പള പരിഷ്കരണം നടപ്പിലാക്കിയത് ഈ സർക്കാരിന്റെ കാലത്താണ്. സെന്ററിന്റെ

ജീവനക്കാരുടെ ഡി.എ. കുടിശ്ശിക നൽകിയതും ഈ സർക്കാരിന്റെ കാലത്താണ്. വിരമിക്കുന്ന ജീവനക്കാരുടെ ആനുകൂല്യങ്ങൾ യഥാസമയം നൽകുന്നതിന് സെന്ററിൽ ഗ്രാറ്റുവിറ്റി ഫണ്ട് ആരംഭിക്കാനും ഉദ്ദേശം ഒരു കോടി രൂപ ആ ഫണ്ടിൽ നിക്ഷേപിക്കാനും സാധിച്ചിട്ടുണ്ട്. ജീവനക്കാരുടെ ക്ഷേമത്തിനായി സി-ആപ്റ്റിന്റെയും ജീവനക്കാരുടെയും സഹകരണത്തോടെ സി-ആപ്റ്റ് എംപ്ലോയീസ് വെൽഫെയർ അസോസിയേഷൻ ആരംഭിച്ചതും ഈ സർക്കാരിന്റെ കാലത്താണ്. നീണ്ട 20 കൊല്ലത്തിനുശേഷം സെന്ററിൽ പുതിയ വെബ് ഓഫ്സെറ്റ് മെഷീൻ സ്ഥാപിച്ചത് ഈ സർക്കാരിന്റെ കാലത്താണ്. ഒരു പുതിയ ഫോർ കളർ വെബ് ഓഫ്സെറ്റ് മെഷീൻ വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ബി) 2012-13-ന് ശേഷം വാർഷിക കണക്ക് സർക്കാരിൽ സമർപ്പിച്ചിട്ടില്ലാത്തതിനാൽ വിറ്റുവരവ് എത്രയെന്ന് തിട്ടപ്പെടുത്തുവാൻ സാധിച്ചിട്ടില്ല.

(സി) 2010-11 വർഷത്തിൽ പ്രതിവർഷം 5,53,00,000 ടിക്കറ്റ് അച്ചടിച്ചിരുന്ന സെന്റർ 2014-15 വർഷത്തിൽ 6 ഇരട്ടി വർദ്ധിച്ച് 30,97,50,000 ടിക്കറ്റ് ആയിട്ടുണ്ട്.

(ഡി) ഈ സർക്കാരിന്റെ കാലത്ത് ശമ്പള കുടിശ്ശിക ഭൂരിഭാഗം കൊടുത്തു തീർക്കുകയും ശേഷിക്കുന്ന കുടിശ്ശികയുടെ അന്തിമ കണക്ക് തയ്യാറാകുന്ന മുറയ്ക്ക് കൊടുത്തുതീർക്കുന്നതുമാണ്. ജീവനക്കാരുടെ ദീർഘകാല ആവശ്യമായ ശമ്പള പരിഷ്കരണം നടപ്പിലാക്കിയത് ഈ സർക്കാരിന്റെ കാലത്താണ്. സെന്ററിന്റെ ജീവനക്കാരുടെ ഡി.എ. കുടിശ്ശിക നൽകിയതും ഈ സർക്കാരിന്റെ കാലത്താണ്. വിരമിക്കുന്ന ജീവനക്കാരുടെ ആനുകൂല്യങ്ങൾ യഥാസമയം നൽകുന്നതിന് സെന്ററിൽ ഗ്രാറ്റുവിറ്റി ഫണ്ട് ആരംഭിക്കാനും ഉദ്ദേശം ഒരു കോടി രൂപ ആ ഫണ്ടിൽ നിക്ഷേപിക്കാനും സാധിച്ചിട്ടുണ്ട്. ജീവനക്കാരുടെ ക്ഷേമത്തിനായി സി-ആപ്റ്റിന്റെയും, ജീവനക്കാരുടെയും സഹകരണത്തോടെ സി-ആപ്റ്റ് എംപ്ലോയീസ് വെൽഫെയർ അസോസിയേഷൻ ആരംഭിച്ചതും ഈ സർക്കാരിന്റെ കാലത്താണ്.

(ഇ) ഉണ്ട്. നിലവിലുള്ള സംവിധാനം ഉപയോഗപ്പെടുത്തി ടിക്കറ്റ് പ്രിന്റ് ചെയ്യുന്നതും വാടകയ്ക്കെടുത്ത മെഷീൻ ഉപയോഗിച്ച് പ്രിന്റ് ചെയ്യുമ്പോഴും ഉണ്ടാവുന്ന ചെലവിനെ സംബന്ധിച്ച് എ.ജി. നടത്തിയ താരതമ്യ പഠന പ്രകാരം നിലവിലുള്ള പ്രിന്റിംഗ് സംവിധാനം പ്രയോജനപ്പെടുത്തിയാൽ ഒരു ടിക്കറ്റിന് 0.06 രൂപ നിരക്കും വാടകയ്ക്കെടുത്ത മെഷീൻ ഉപയോഗിച്ചാൽ ഒരു ടിക്കറ്റ് പ്രിന്റ് ചെയ്യാൻ 0.12 രൂപ നിരക്കും സി-ആപ്റ്റിന് ചെലവ് വരുന്നുണ്ട്. ഇതിൽ നിന്ന് വ്യക്തമാക്കുന്നത് വാടകയ്ക്കെടുത്ത മെഷീൻ ഉപയോഗിക്കുന്നതിനേക്കാൾ കുറഞ്ഞ നിരക്കിൽ സി-ആപ്റ്റിന് സ്വന്തം പ്രിന്റിംഗ് സംവിധാനം പ്രയോജനപ്പെടുത്തി

പ്രിന്റിംഗ് ജോലികൾ ചെയ്യാൻ കഴിയും എന്നുള്ളതാണ്.

നിലവിലുള്ള സംവിധാനത്തിനു പുറമേ സി-ആപ്റ്റ് വാടകയ്ക്കെടുക്കുന്ന മെഷീന്റെ അതേ കപ്പാസിറ്റിയുംഉള്ള ഒരു പുതിയ മെഷീൻ വാങ്ങിയിരുന്നെങ്കിൽ എല്ലാ ചെലവും ഉൾപ്പെടെ ഒരു ടിക്കറ്റ് അച്ചടിക്കുന്നതിന് 0.02 രൂപ മാത്രമേ ചെലവ് വരികയുള്ളൂ. മെഷീൻ വാടകയ്ക്കെടുക്കുന്നതിലൂടെ സി-ആപ്റ്റിന് 9.63 ലക്ഷം രൂപയുടെ ലാഭമുണ്ടായെങ്കിലും ഒരു പുതിയ മെഷീൻ വാങ്ങി പ്രിന്റിംഗ് വർക്ക് ചെയ്തിരുന്നെങ്കിൽ സി-ആപ്റ്റിന് പ്രതിമാസം 29.09 ലക്ഷം രൂപയും പ്രതിവർഷം 349.07 ലക്ഷം രൂപയും ലാഭമുണ്ടായിരുന്നേനേ എന്നും പ്രസ്തുത റിപ്പോർട്ടിൽ എ. ജി. പരാമർശിക്കുന്നു.

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ജി) ഒരു പുതിയ ഫോർ കളർ വെബ് ഓഫ്സെറ്റ് മെഷീൻ വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

**ഡോ. കെ. മുഹമ്മദ് ബഷീറിന്റെ നിയമനം**

3(2832) ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സർവ്വകലാശാല വൈസ്-ചാൻസലർ ഡോ.കെ. മുഹമ്മദ് ബഷീറിന്റെ നിയമനം ചട്ടപ്രകാരമാണോ നടത്തിയിട്ടുള്ളത്;

(ബി) കേരള സർവ്വകലാശാല രജിസ്ട്രാർ ആയിരുന്ന ഡോ. കെ. മുഹമ്മദ് ബഷീറിനെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലാണോ കോഴിക്കോട് സർവ്വകലാശാലയിൽ വൈസ്-ചാൻസലറായി നിയമിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) വൈസ്-ചാൻസലർ നിയമനത്തിന് യു.ജി.സി. അനുശാസിക്കുന്ന യോഗ്യതകൾ ഡോ. മുഹമ്മദ് ബഷീറിനുണ്ടോ;

(ഡി) കോഴിക്കോട് സർവ്വകലാശാലയിൽ വൈസ്-ചാൻസലർ സ്ഥാനത്തു നിന്ന് സ്ഥാനമൊഴിയുന്ന മുറയ്ക്ക് കേരള സർവ്വകലാശാലയിൽ വീണ്ടും രജിസ്ട്രാർ ആയി തുടരുന്നതിനാണ് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ വൈസ്-ചാൻസലർ സ്ഥാനമേൽക്കുന്നത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഒരു സർവ്വകലാശാലയിൽ വൈസ്-ചാൻസലർ ആയിരുന്ന ആളെ പിന്നീട് മറ്റൊരു സർവ്വകലാശാലയിൽ

രജിസ്ട്രാർ ആയി നിയമിക്കാൻ നിയമം വ്യവസ്ഥ ചെയ്യുന്നുണ്ടോ;

(ഇ) ഡോ. കെ. മുഹമ്മദ് ബഷീറിനെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചത് എന്തുകൊണ്ടാണ്; വിശദമാക്കുമോ;

(എഫ്) ഡെപ്യൂട്ടേഷൻ സമ്പ്രദായത്തിൽ വൈസ്-ചാൻസലർ നിയമനം നടത്തുന്നത് ചട്ടപ്രകാരം ശരിയായ നടപടിയാണോയെന്ന് യൂണിവേഴ്സിറ്റി നിയമവ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) അതെ.

(ബി) ഡോ. കെ. മുഹമ്മദ് ബഷീറിന്റെ സേവന-വേതന വ്യവസ്ഥകൾ നിർണ്ണയിച്ചിട്ടില്ല.

(സി) ഉണ്ട്.

(ഡി) ഇല്ല. ഒരു സർവ്വകലാശാലയിൽ വൈസ്-ചാൻസലർ ആയിരുന്ന ആളെ പിന്നീട് മറ്റൊരു സർവ്വകലാശാലയിൽ രജിസ്ട്രാർ ആയി നിയമിക്കുന്നതിന് നിയമ തടസ്സമുള്ളതായി ആക്ടിൽ കാണുന്നില്ല.

(ഇ) ഡോ. കെ. മുഹമ്മദ് ബഷീറിന്റെ സേവന-വേതന വ്യവസ്ഥകൾ നിർണ്ണയിച്ചിട്ടില്ല.

(എഫ്) ഡെപ്യൂട്ടേഷൻ സമ്പ്രദായത്തിൽ നിയമനം നടത്തുന്നത് സംബന്ധിച്ച നിയമ വ്യവസ്ഥകൾ സർവ്വകലാശാല ആക്ടിൽ സ്പഷ്ടമല്ല.

**ബി.എ, ബി.എസ്.സി, ബി.കോം കോഴ്സുകൾ**

4(2833) <u>ശ്രീ. തോമസ് ഉണ്ണിയാടൻ</u> : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ബി.എ, ബി.എസ്.സി, ബി.കോം എന്നീ കോഴ്സുകൾക്ക് സർക്കാർ കോളേജുകളിൽ സീറ്റ് വർദ്ധിപ്പിക്കുന്നതിനും പ്രസ്തുത കോഴ്സുകളിൽ തൊഴിലധിഷ്ഠിത വിഷയങ്ങൾ കൂടി ഉൾപ്പെടുത്തി സിലബസ് പരിഷ്കരിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

ശിപാർശ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

**ഉന്നത വിദ്യാഭ്യാസ മേഖലയിൽ പ്രത്യേക വിദ്യാഭ്യാസ മേഖല**

5(2841) <u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ മേഖലയിൽ പ്രത്യേക വിദ്യാഭ്യാസ മേഖല സൃഷ്ടിക്കുന്ന നടപടി സാധാരണക്കാരായ വിദ്യാർത്ഥികളെ ദോഷകരമായി ബാധിക്കും എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയിൽ സർക്കാരിന്റെ നിയന്ത്രണം എത്രമാത്രമായിരിക്കും എന്ന് വിശദീകരിക്കാമോ; നിബന്ധനകൾ എന്തെല്ലമാണ്; വ്യക്തമാക്കുമോ;

(സി) ഇതിനായി സർക്കാർ തലത്തിൽ എന്തെങ്കിലും പ്രാരംഭ യോഗമോ സംഗമമോ നടത്തുന്നുണ്ടോ; അതിനായി എന്തു തുക ചെലവാകും; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത വിദ്യാഭ്യാസ മേഖലയ്ക്ക് സർക്കാർ ചെലവിൽ എന്തെല്ലാം സൗകര്യങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്നത്;വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) സർക്കാർ രൂപീകരിക്കുന്ന അക്കാദമിക് സിറ്റി അതോറിറ്റിയാണ് ഉന്നത അക്കാദമിക് മേഖലയുടെ മേൽനോട്ടം നിർവ്വഹിക്കുവാൻ ഉദ്ദേശിക്കുന്നത്. അക്കാദമിക് സിറ്റി അതോറിറ്റി രൂപീകരിച്ചിട്ടില്ല.

(സി) 2016 ജനുവരി 29, 30 തീയതികളിലായി ഒരു ആഗോള വിദ്യാഭ്യാസ സംഗമം സർക്കാർ, ഉന്നത വിദ്യാഭ്യാസ കൗൺസിൽ, FICCI എന്നിവയുമായി ചേർന്ന് നടത്തുവാൻ ഉദ്ദേശിക്കുന്നു. ചെലവ് സംബന്ധിച്ച് അന്തിമ തീരുമാനമായിട്ടില്ല. പ്രസ്തുത യോഗത്തിൽ ഉരുത്തിരിഞ്ഞുവരുന്ന അഭിപ്രായങ്ങളും കൂടി പരിഗണിച്ചു മാത്രമേ സർക്കാർ ഇക്കാര്യത്തിൽ നയപരമായ തീരുമാനമെടുക്കുകയുള്ളൂ.

(ഡി) ഉന്നത വിദ്യാഭ്യാസ അക്കാദമിക് മേഖലകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന സ്വകാര്യ സംരംഭകർക്ക് പ്രത്യേക എക്സ്പോർട്ട് മേഖലകൾക്ക് നൽകിവരുന്ന രജിസ്ട്രേഷൻ, സ്റ്റാമ്പ് ഡ്യൂട്ടി ഇളവുകളും പ്രസ്തുത മേഖലയിലേക്കുള്ള ഗതാഗത സൗകര്യങ്ങൾ, വൈദ്യുതി, വെള്ളം, ഇന്റർനെറ്റ് സൗകര്യങ്ങളും അവരുടെ അതിർത്തിവരെ നൽകുന്നതിന് ഉദ്ദേശിക്കുന്നു. കൂടാതെ ഏകജാലക സംവിധാനത്തിലൂടെ സർക്കാർ യൂണിവേഴ്സിറ്റികളുടെ അനുമതികൾ നൽകുന്നതിനും

ശ്രമിക്കുന്നതാണ്.

**അറബിക് സർവകലാശാല**

6(2845) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അറബിക് സർവകലാശാല ആരംഭിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) ഈ ഗവൺമെന്റിന്റെ കാലത്ത് പ്രസ്തുത സർവകലാശാല യാഥാർത്ഥ്യമാക്കാൻ കഴിയുമോ; എങ്കിൽ എന്നത്തേക്ക് പ്രവർത്തനമാരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് അറബിക് സർവ്വകലാശാല ആരംഭിക്കുന്നതു സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

**കോളേജ് അധ്യാപകർക്ക് പ്ലേയ്സ്മെന്റുകൾ നല്കുന്നത്**

7(2848) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ കോളേജ് അധ്യാപകർക്ക് 2010-ൽ നടപ്പാക്കിയ ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായ പ്ലേയ്സ്മെന്റുകൾ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ;

(ബി) പ്രസ്തുത ആനുകൂല്യം നൽകുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും ആയത് എന്നത്തേക്ക് നൽകാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) യു.ജി.സി.യുടെ 2010-ൽ നടപ്പാക്കിയിട്ടുള്ള ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരമുള്ള പ്ലേയ്സ്മെന്റുകൾ അധ്യാപകർക്ക് അനുവദിക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ട്. 2010-ലെ യു.ജി.സി. റഗുലേഷൻസ് പ്രകാരം പ്ലേയ്സ്മെന്റുകൾ അക്കാഡമിക് പെർഫോമൻസ് ഇൻഡിക്കേറ്റർ (എ.പി.ഐ.) മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് അനുവദിക്കേണ്ടത്. പ്രസ്തുത മാനദണ്ഡങ്ങൾ സംബന്ധിച്ച് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ പ്രൊപ്പോസ്സൽ സമർപ്പിച്ചിട്ടുണ്ട്.

ആയത് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

**പുനലൂർ നിയോജകമണ്ഡലത്തിൽ ഗവ. ആർട്സ് & സയൻസ് കോളേജ്**

8(2852) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുനലൂർ നിയോജക മണ്ഡലത്തിൽ ആര്യങ്കാവ്, തെൻമല, കുളത്തൂപ്പുഴ എന്നീ മലയോര പഞ്ചായത്തുകളിൽ ഉന്നത വിദ്യാഭ്യാസ സൗകര്യങ്ങൾ ഏറെ കുറവായതിനാൽ പ്രസ്തുത പഞ്ചായത്തുകളിൽ ഏതെങ്കിലും ഒന്നിൽ ഒരു ഗവ. ആർട്സ് & സയൻസ് കോളേജ് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

ഇപ്പോൾ പരിഗണനയിലില്ല.

**സ്വയംഭരണ കോളേജുകൾ**

9(2853) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര സ്വയംഭരണ കോളേജുകളാണ് ആരംഭിച്ചതെന്നും ഇവ എവിടെയെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കോളേജുകളിൽ ഏതെല്ലാം കോഴ്സുകളിലായി എത്ര കുട്ടികൾ ആണ് പഠിക്കുന്നത്; വിശദാംശം നല്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ചുവടെ ചേർത്തിട്ടുള്ള 13 കോളേജുകൾക്ക് യു.ജി.സി. സ്വയംഭരണ പദവി അനുവദിച്ചിട്ടുണ്ട്.

1. മാർ ഇവാനിയോസ് കോളേജ്, തിരുവനന്തപുരം,
2. ഫാത്തിമ മാതാ നാഷണൽ കോളേജ്, കൊല്ലം
3. സെന്റ് ബെർക്ക്മാൻസ് കോളേജ്, ചങ്ങനാശ്ശേരി
4. മഹാരാജാസ് കോളേജ്, എറണാകുളം
5. സെന്റ് തെരേസാസ് കോളേജ്, എറണാകുളം

6. സേക്രട്ട് ഹാർട്ട് കോളേജ്, തേവര, എറണാകുളം
7. രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്, എറണാകുളം
8. സെന്റ് തോമസ് കോളേജ്, തൃശ്ശൂർ
9. എം.ഇ.എസ്. കോളേജ്, മാമ്പാട്, മലപ്പുറം
10. ഫറോക്ക് കോളേജ്, കോഴിക്കോട്
11. സെന്റ് ജോസഫ്സ് കോളേജ്, ദേവഗിരി, കോഴിക്കോട്
12. ക്രൈസ്റ്റ് കോളേജ്, ഇരിഞ്ഞാലക്കുട, തൃശ്ശൂർ
13. വിമല കോളേജ്, തൃശ്ശൂർ (2016-17 മുതൽ)

(ബി) സ്വയംഭരണ പദവി ലഭിച്ച കോളേജുകളിലെ കോഴ്സുകളെയും പഠിക്കുന്ന കുട്ടികളെയും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## പ്രത്യേക വിദ്യാഭ്യാസ മേഖല

10(2854) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് പ്രത്യേക വിദ്യാഭ്യാസ മേഖല സൃഷ്ടിക്കുന്നത് പ്രത്യേക സാമ്പത്തിക മാതൃകയിലാണോ ;

(ബി) പ്രത്യേക വിദ്യാഭ്യാസ മേഖലയിൽ സംസ്ഥാന സർക്കാരിന്റെ നിയന്ത്രണം പൂർണ്ണമായും ഒഴിവാക്കുന്ന തരത്തിൽ നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) 20 ഏക്കർ സ്ഥലവും ബിരുദാനന്തര ബിരുദ കോഴ്സുകൾ നടത്തി 5 വർഷത്തെ പരിചയവും വിദേശ സർവ്വകലാശാലകളുമായുള്ള ധാരണാ പത്രവും ഉള്ളവർക്ക് പ്രത്യേക വിദ്യാഭ്യാസ സോണുകൾ ആരംഭിക്കാമെന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പ് ഉത്തരവിറക്കിയതായി ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കുമോ ;

(ഡി) പ്രത്യേക വിദ്യാഭ്യാസ മേഖലയുടെ ഭാഗമായി ആഗോള വിദ്യാഭ്യാസ സംഗമം സംഘടിപ്പിക്കാൻ സർക്കാരോ ഉന്നത വിദ്യാഭ്യാസ കൗൺസിലോ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എവിടെയാണെന്നും ആയതിന് ചെലവഴിക്കാൻ ഉദ്ദേശിക്കുന്ന തുക എത്രയെന്നും വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) നിലവിൽ ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ചെയർമാനും കൗൺസിൽ അംഗങ്ങളും ആരൊക്കെ ; പ്രസ്തുത കൗൺസിലിന് കാലാവധി നീട്ടിക്കൊടുത്തിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(എഫ്) ഇത്തരത്തിലുള്ള ഉന്നത വിദ്യാഭ്യാസ മേഖല സൃഷ്ടിക്കുന്ന തീരുമാനം രാജ്യത്തിനകത്തെ വൻകിട വിദ്യാഭ്യാസ കച്ചവടക്കാർക്ക് അവസരമൊരുക്കു വാനാണോ ഉദ്ദേശിക്കുന്നത് , വിശദാംശം വ്യക്തമാക്കുമോ ;

(ജി) ഈ സർക്കാർ വന്നതിന് ശേഷം ഉന്നത വിദ്യാഭ്യാസ രംഗത്ത് എത്ര കോടി മുതൽമുടക്ക് വരുന്ന പുതിയ പദ്ധതികളുടെ പഠന റിപ്പോർട്ട് കേന്ദ്ര മാനവശേഷി മന്ത്രാലയത്തിന് സമർപ്പിക്കുകയുണ്ടായി ; ആയത് പ്രകാരം എത്ര കോടി രൂപ കേന്ദ്രം അനുവദിച്ചു ; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) അതെ.

(ബി) പ്രത്യേക വിദ്യാഭ്യാസ മേഖലയുടെ ഘടനയും ചട്ടങ്ങളും സംബന്ധിച്ച് അന്തിമ തീരുമാനം സർക്കാർ കൈക്കൊണ്ടിട്ടില്ല.

(സി) അത്തരത്തിലൊരു സർക്കാർ ഉത്തരവ് ഉന്നത വിദ്യാഭ്യാസ വകുപ്പിൽനിന്നും പുറപ്പെടുവിച്ചിട്ടില്ല.

(ഡി) ആഗോള വിദ്യാഭ്യാസ സംഗമം 2016 ജനുവരി 29,30 തീയതികളിൽ കോവളത്തുവച്ച് സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിലേക്കായി വരുന്ന ചെലവ് സംബന്ധിച്ച് അന്തിമ തീരുമാനമായിട്ടില്ല.

(ഇ) നിലവിൽ ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ചെയർമാൻ ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രി ആണ്. കൗൺസിലിന്റെ അംഗങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. ശ്രീ. ടി. പി. ശ്രീനിവാസൻ (വൈസ് ചെയർമാൻ)
2. ഡോ. പി. അൻവർ (മെമ്പർ സെക്രട്ടറി)
3. ശ്രീ. ബി. ശ്രീനിവാസ് ഐ.എ.എസ്. (ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി)
4. പ്രൊഫ. സി. ഐ. അബ്ദുൾ റഹിമാൻ
5. ഡോ. ആർ. ജയപ്രകാശ്

6. പ്രൊഫ. ഡി. കെ. ജോൺ

7. ഡോ. വീരമണികണ്ഠൻ എൻ.

8. ഡോ. ഷീന ഷുക്കൂർ

നിലവിലുള്ള കൗൺസിലിന്റെ കാലാവധി 11-10-2015-ൽ അവസാനിച്ചു. എന്നാൽ സ്റ്റാറ്റ്യൂട്ട് പ്രകാരം 6 മാസത്തെ കാലാവധി കൂടി ഗവൺമെന്റ് അനുവദിച്ചിട്ടുണ്ട്.

(എഫ്) അന്താരാഷ്ട്രതലത്തിൽ പ്രശസ്തരായ വിദേശ സർവ്വകലാശാലകളുമായി ചേർന്ന് ബിരുദ-ബിരുദാനന്തര കോഴ്സുകളും സ്കിൽ അടിസ്ഥാനത്തിൽ അന്താരാഷ്ട്ര തലത്തിലെ നവീനവും ഭാവിയുടെ ആവശ്യങ്ങൾ നിറവേറ്റാൻ കഴിയുന്ന കോഴ്സുകളും ചെലവ് കുറഞ്ഞ നിരക്കിൽ സംസ്ഥാനത്തിനകത്ത് ലഭ്യമാക്കാനും അതിലൂടെ പരോക്ഷമായി ഉന്നത വിദ്യാഭ്യാസ മേഖലയിലെ മേന്മ ഉയർത്തുക എന്നതാണ് ഉന്നത വിദ്യാഭ്യാസ മേഖല സൃഷ്ടിക്കുന്നതിലൂടെ സർക്കാർ ലക്ഷ്യം വയ്ക്കുന്നത്. ഇതുകൂടാതെ സ്വദേശ-വിദേശ വിദ്യാർത്ഥികൾക്ക് ചെലവ് കുറഞ്ഞ തരത്തിൽ വിദേശ സർവ്വകലാശാലകളിലെ കോഴ്സുകൾ പഠിക്കുന്നതിന് സൗകര്യങ്ങൾ ലഭിക്കുന്നതിലൂടെ, കേരളം മികവുറ്റ ഉന്നത വിദ്യാഭ്യാസത്തിന്റെ കേന്ദ്രമാകുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.

(ജി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേന്ദ്രാവിഷ്കൃത പദ്ധതിയായ റൂസയുടെ ഭാഗമായി 2014-15 സാമ്പത്തിക വർഷം റൂസ ഫണ്ട് ലഭിക്കുന്നതിനായി സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ പ്ലാൻ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇൻഫ്രാസ്ട്രക്ചർ ഗ്രാന്റായി 110 കോടി രൂപയും പ്രിപ്പറേറ്ററി ഗ്രാന്റായി 4 കോടി രൂപയും ലഭിച്ചിട്ടുണ്ട്. അതിൽ ഇൻഫ്രാസ്ട്രക്ചർ ഗ്രാന്റിന്റെ ആദ്യ ഗഡുവായി 11,87,50,000 രൂപ കേരളത്തിന് ലഭിക്കുകയും അത് നിശ്ചയിച്ച 15 ഗവൺമെന്റ് കോളേജുകൾക്കും 4 യൂണിവേഴ്സിറ്റികൾക്കും നൽകുകയുണ്ടായി.

## പ്രൊഫഷണൽ കോളേജുകളിലെ ആംഗ്ലോ-ഇന്ത്യൻ വിദ്യാർത്ഥികളുടെ എണ്ണം

11(2857) ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ആംഗ്ലോ-ഇന്ത്യൻ വിദ്യാർത്ഥികൾക്ക് സംവരണം അനുവദിച്ച 23-5-2014-ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഈ അദ്ധ്യയന വർഷം പ്രൊഫഷണൽ

കോളേജുകളിലെ ഓരോ കോഴ്സിലും പ്രവേശനം ലഭിച്ച ആഗ്ലോ-ഇന്ത്യൻ വിദ്യാർത്ഥികളുടെ എണ്ണം വ്യക്തമാക്കുമോ?

ഉത്തരം

സംവരണ വിഭാഗത്തിൽ 9 വിദ്യാർത്ഥികൾക്ക് അലോട്ട്മെന്റ് ലഭിച്ചിട്ടുണ്ട്. അലോട്ട്മെന്റ് ലഭിച്ച 9 ആഗ്ലോ-ഇന്ത്യൻ വിദ്യാർത്ഥികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | കോഴ്സിന്റെ പേര് | വിദ്യാർത്ഥികളുടെ എണ്ണം |
|---|---|---|
| 1. | ആർക്കിടെക്ചർ | 1 |
| 2. | കംപ്യൂട്ടർ സയൻസ് & എഞ്ചിനീയറിംഗ് | 1 |
| 3. | സിവിൽ എഞ്ചിനീയറിംഗ് | 1 |
| 4. | മെക്കാനിക്കൽ എഞ്ചിനീയറിംഗ് | 3 |
| 5. | ഇലക്ട്രോണിക്&കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ് | 1 |
| 6. | ഇലക്ട്രിക്കൽ&ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് | 1 |
| 7. | ബി.ഡി.എസ്സ്. | 1 |

**വടക്കാഞ്ചേരി കമ്മ്യൂണിറ്റി കോളേജിലെ വിദ്യാർത്ഥി പ്രവേശനം**

12(T 2860) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി കമ്മ്യൂണിറ്റി കോളേജിലെ നടപ്പു വർഷത്തെ വിദ്യാർത്ഥി പ്രവേശനം തടസ്സപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കാരണം വ്യക്തമാക്കുമോ;

(ബി) പ്രവേശനം പുനരാംരംഭിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എന്നത്തേക്ക് പ്രവേശനം ആരംഭിക്കും;വ്യക്തമാക്കുമോ;

(സി) ഇൻക്യൂബേറ്റിംഗ് ഏജൻസിയുമായി സർക്കാർ എം.ഒ.യു. ഒപ്പ് വച്ചിട്ടുണ്ടോ; എങ്കിൽ എത്ര വർഷത്തേക്കാണ് പുതിയ എം.ഒ.യു.;വിശദമാക്കുമോ;

(ഡി) പ്രസ്തുത കോളേജിൽ പുതിയ കോഴ്സുകൾ ആരംഭിക്കാൻ

ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി&ഡി) ഇല്ല.

**കരുനാഗപ്പള്ളി സർക്കാർ കോളേജ്**

13(2861) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കരുനാഗപ്പള്ളിയിൽ പുതിയതായി സർക്കാർ കോളേജ് ആരംഭിക്കുന്നതിന്റെ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; കോപ്പി ലഭ്യമാക്കുമോ ; ഇല്ലെങ്കിൽ പ്രസ്തുത ഉത്തരവ് പുറപ്പെടുവിക്കാനുള്ള കാലതാമസം എന്തെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

കരുനാഗപ്പള്ളിയിൽ ഗവൺമെന്റ് കോളേജ് ആരംഭിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സജീവ പരിഗണനയിലാണ്.

**സ്കൂളുകളിലെ ഉച്ചഭക്ഷണ വിതരണം**

14(2865) <u>പ്രൊഫ. സി. രവീന്ദ്രനാഥ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സ്കൂളുകളിലാണ് ഉച്ചഭക്ഷണം വിതരണം ചെയ്തുവരുന്നത്;

(ബി) ഉച്ചഭക്ഷണ പദ്ധതിയുടെ ഫണ്ടിന്റെ സ്രോതസ്സ് എങ്ങനെയെന്ന് വെളിപ്പെടുത്താമോ;

(സി) ഈ അദ്ധ്യയന വർഷത്തേക്ക് ഉച്ചഭക്ഷണ പദ്ധതിക്കായി എന്ത് തുക ചെലവ് വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; തുക വകയിരുത്തിയിട്ടുണ്ടോ;

(ഡി) 2015 നവംബർ 30 വരെ ഈ ഇനത്തിൽ എന്ത് തുക ഖജനാവിൽ നിന്നും പിൻവലിക്കപ്പെട്ടു എന്ന് വ്യക്തമാക്കാമോ;

(ഇ) ഉച്ചഭക്ഷണ ചെലവിനത്തിൽ പ്രധാന അദ്ധ്യാപകർക്ക് കുടിശ്ശിക നൽകാനുണ്ടോ; എങ്കിൽ എന്നു മുതൽക്കുള്ള എത്ര തുകയാണ് കുടിശ്ശികയെന്ന്

വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ഗവ./എയ്ഡഡ് മേഖലകളിലായി ആകെ 12358 സ്കൂളുകളിൽ ഉച്ചഭക്ഷണം വിതരണം ചെയ്തുവരുന്നു.

(ബി) സ്കൂൾ ഉച്ചഭക്ഷണ പരിപാടി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത പരിപാടിയായിട്ടാണ് ഇപ്പോൾ നടത്തിവരുന്നത്. സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ നടത്തിപ്പിനു ഓരോ സാമ്പത്തിക വർഷം കേന്ദ്രം താഴെപ്പറയും പ്രകാരം സംസ്ഥാനത്തിനു ഫണ്ട് അനുവദിച്ചുനൽകുന്നു.

1. അരിയും ആയത് FCI-ൽ നിന്നും നൽകുന്നതിലേക്കായി മെട്രിക് ടണ്ണിന് 5650 രൂപ പ്രകാരം നൽകുന്നുണ്ട്.

2. എഫ്.സി.ഐ.-യിൽ നിന്നും ടി അരി എടുത്തു വിതരണം ചെയ്യുന്നതിനു കടത്തുകൂലിയായി മെട്രിക് ടണ്ണിനു 750 രൂപ

3. സ്കൂൾ പാചക തൊഴിലാളിക്ക് മാസം 750 രൂപ

4. പലവ്യഞ്ജനം, പയറുവർഗ്ഗങ്ങൾ, എണ്ണ, വിറക്, പച്ചക്കറി എന്നിവയ്ക്ക് കുട്ടി ഒന്നിന് പ്രൈമറി അപ്പർ പ്രൈമറി വിഭാഗത്തിനു സ്കൂൾ പ്രവൃത്തി ദിവസം യഥാക്രമം 2.82 രൂപ, 4.23 രൂപ നൽകിവരുന്നു.

5. അരിയുടെ വില, കടത്തുകൂലി, കണ്ടിജന്റ് ചാർജ്, സ്കൂൾ പാചകത്തൊഴിലാളികളുടെ വേതനം എന്നിവയ്ക്കായി അനുവദിക്കുന്ന ആകെ തുകയുടെ 1.8% തുക പദ്ധതിയുടെ നടത്തിപ്പിനായി കേന്ദ്ര സർക്കാർ നൽകിവരുന്നു.

   സംസ്ഥാനം മേൽ തുകയോടൊപ്പം കടത്തുകൂലിയായി മെട്രിക് ടണ്ണിനു 1400 രൂപയും സ്കൂൾ പാചകത്തൊഴിലാളികൾക്ക് സ്കൂൾ പ്രവൃത്തി ദിവസം മിനിമം 350 രൂപയും പരമാവധി 400 രൂപ നിരക്കിലും പലവ്യഞ്ജനം, പയറുവർഗ്ഗങ്ങൾ, എണ്ണ, വിറക്, പച്ചക്കറി എന്നിവയ്ക്ക് പ്രൈമറി അപ്പർ പ്രൈമറി വിഭാഗത്തിനും യഥാക്രമം 2.18 രൂപ, 77 പൈസ എന്നീ നിരക്കിലും കൂടി ചേർത്ത് പദ്ധതിയുടെ നടത്തിപ്പിനായി സംസ്ഥാന സർക്കാർ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നൽകിവരുന്നു.

(സി) ഈ അദ്ധ്യയന വർഷത്തേക്ക് കേന്ദ്ര സംസ്ഥാന വിഹിതമായി 631.67 കോടി രൂപ വക കൊള്ളിച്ചിട്ടുണ്ട്. അത്രയും രൂപ ചെലവ് വരുമെന്ന്

പ്രതീക്ഷിക്കുന്നു.

(ഡി) 2015 നവംബർ 30 വരെ ഈ ഇനത്തിൽ 293.13 കോടി രൂപ ഖജനാവിൽ നിന്നും പിൻവലിച്ചിട്ടുണ്ട്.

(ഇ) ഉച്ചഭക്ഷണ ചെലവിനത്തിൽ പ്രധാന അദ്ധ്യാപകർക്ക് കുടിശ്ശികയൊന്നും നൽകാനില്ല.

## അധ്യാപകനായ ശ്രീ. അച്ചുതൻ വടക്കയിലിന്റെ ഹയർസെക്കണ്ടറി പ്രൊമോഷൻ

15(2866) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കണ്ടറി ഡയറക്ടറുടെ 29-9-2014-ലെ 30320/14 നമ്പർ ഉത്തരവുപ്രകാരം ബൈട്രാൻസ്ഫർ പ്രൊമോഷൻ ലഭിച്ചതും വയനാട് വെള്ളമുണ്ട ഹയർസെക്കണ്ടറി സ്കൂളിൽ നിയമിച്ചിട്ടുള്ളതുമായ ശ്രീ. അച്ചുതൻ വടക്കയിൽ എന്ന അധ്യാപകൻ പ്രസ്തുത സ്കൂളിൽ ജോയിൻ ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ശ്രീ. അച്ചുതൻ വടക്കയിൽ, വെള്ളമുണ്ട ഹയർസെക്കണ്ടറി സ്കൂളിൽ ജോയിൻ ചെയ്തിട്ടില്ല. ആയതിന്റെ കാരണം വ്യക്തമല്ല.

## ടി.ടി.സി സപ്ലിമെന്ററി പരീക്ഷ

16(2867) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 ഏപ്രിൽ മാസം നടന്ന ടി.ടി.സി. സപ്ലിമെന്ററി പരീക്ഷയ്ക്ക് എത്ര പേർ രജിസ്റ്റർ ചെയ്തിരുന്നുവെന്നും അതിൽ എത്രപേർ പരീക്ഷ എഴുതിയിരുന്നുവെന്നും വ്യക്തമാക്കുമോ;

(ബി) ആയതിന്റെ ഫലം പ്രസിദ്ധീകരിച്ചുവോ; എങ്കിൽ എന്ന് പ്രസിദ്ധീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഫലം പ്രസിദ്ധീകരിച്ചുവെങ്കിൽ എത്രപേർ വിജയിച്ചു;

വിജയികളായ എല്ലാപേർക്കും സർട്ടിഫിക്കറ്റുകൾ നൽകിയോ ;

(ഡി) ഇല്ലെങ്കിൽ സർട്ടിഫിക്കറ്റ് എന്ന് വിതരണം ചെയ്യുമെന്നും പ്രസ്തുത കാലതാമസത്തിനുള്ള കാരണമെന്തെന്നും വിശദമാക്കുമോ?

ഉത്തരം

(എ) 2015 ഏപ്രിൽ മാസം നടന്ന ടി.ടി.സി. പരീക്ഷയ്ക്ക് ആകെ 2999 പേർ രജിസ്റ്റർ ചെയ്തിരുന്നു. അതിൽ 2558 പേർ പരീക്ഷ എഴുതി.

(ബി&സി) 20-7-2015-ന് ഫലം പ്രസിദ്ധീകരിച്ചു. 2150 പേർ വിജയിച്ചിട്ടുണ്ട്. എല്ലാപേർക്കും സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല.

(ഡി) 2013-14 അധ്യയന വർഷം മുതൽ ടി.ടി.സി. പരീക്ഷ ഡി.എഡ്. എന്ന പേരിൽ നാല് സെമസ്റ്ററുകളിലാണ് നടത്തുന്നത്. 2013-ലെ ഡി.എഡിന്റെ ആദ്യ ബാച്ച് പുറത്തിറങ്ങിയത് 2015 ഏപ്രിലിൽ നടത്തിയ നാലാം സെമസ്റ്റർ പരീക്ഷയോടെയാണ്. ഡി.എഡ് പരീക്ഷയുടെ നാല് സെമസ്റ്ററുകളുടെയും മാർക്ക് ലിസ്റ്റും സർട്ടിഫിക്കറ്റുകളും അംഗീകരിച്ച് വിതരണം നടത്തുന്നതിന് ആദ്യ പരിഗണന നൽകുകയും അവ പൂർത്തിയാക്കിയതിനു ശേഷമാണ് പ്രൈവറ്റ് വിഭാഗത്തിൽ പരീക്ഷ എഴുതിയ ടി.ടി.സി.-യുടെ സർട്ടിഫിക്കറ്റ് പ്രിന്റിംഗ് തുടങ്ങിയത്. കൂടാതെ ടി.ടി.സി. വിഭാഗത്തിന്റെ പുനർ മൂല്യനിർണ്ണയം കഴിഞ്ഞ് ഫലപ്രഖ്യാപനം നവംബർ മാസത്തിൽ വന്നതുകൂടി പരിഗണിച്ചുള്ള സർട്ടിഫിക്കറ്റാണ് ഇപ്പോൾ പ്രിന്റ് ചെയ്യുന്നത്. അതിൽ ആലുവ മുതൽ കാസർഗോഡ് വരെയുള്ള 20 ഡി.ഇ.ഒ.-കളിൽ സർട്ടിഫിക്കറ്റുകൾ എത്തിക്കുന്നതിന് 9-12-2015-ന് ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട്. ബാക്കിയുള്ളവ ഡിസംബർ 30-ന് മുമ്പായി വിതരണം നടത്തുന്നതിനുള്ള ക്രമീകരണം ചെയ്തിട്ടുണ്ട്.

**സ്കൂൾ യുവജനോൽസവങ്ങൾ**

17(2868) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന-റവന്യൂ ജില്ലാ സ്കൂൾ യുവജനോൽസവങ്ങളിലേക്ക് അപ്പീൽ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട ആക്ഷേപങ്ങൾ ശ്രദ്ധിച്ചിരുന്നോ;

(ബി) കഴിഞ്ഞ സംസ്ഥാന, റവന്യൂ ജില്ലാ സ്കൂൾ യുവജനോത്സവങ്ങളിൽ അനുവദിച്ച അപ്പീലുകളുടെ വിശദാംശം തരംതിരിച്ച്അറിയിക്കുമോ;

(സി) മുൻവർഷം അപ്പീൽ കാര്യങ്ങളിൽ നടന്ന ക്രമക്കേടുകളും വീഴ്ചകളും

അന്വേഷിച്ച് കുറ്റക്കാരെ കണ്ടെത്തി ശിക്ഷിച്ചിട്ടുണ്ടോ;

(ഡി) നടപ്പുവർഷം യുവജനോത്സവങ്ങളിൽ അപ്പീൽ കാര്യത്തിൽ ക്രമക്കേടുകളും വീഴ്ചകളും ഉണ്ടാകാതിരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി)

| | | | |
|---|---|---|---|
| 1. | വിദ്യാഭ്യാസ ഉപഡയറക്ടർമാർ അനുവദിച്ച അപ്പീലുകൾ | - | 974 |
| 2. | ബഹു. ഹൈക്കോടതി അനുവദിച്ച അപ്പീലുകൾ | - | 23 |
| 3. | കീഴ്ക്കോടതികൾ അനുവദിച്ച അപ്പീലുകൾ | - | 9 |
| 4. | ലോകായുക്ത അനുവദിച്ച അപ്പീലുകൾ | - | 160 |
| 5. | മുനിസിഫ് കോടതി അനുവദിച്ച അപ്പീലുകൾ | - | 152 |
| 6. | ബാലാവകാശ കമ്മീഷൻ അനുവദിച്ച അപ്പീലുകൾ | - | 121 |
| 7. | ചൈൽഡ് വെൽഫയർ കമ്മിറ്റി വയനാട് അനുവദിച്ച അപ്പീലുകൾ | - | 6 |
| | ആകെ | - | 1445 |

(സി) അപ്പീലുകൾ അധികമായി അനുവദിച്ച വിദ്യാഭ്യാസ ഉപഡയറക്ടർമാരോട് വിശദീകരണം ചോദിച്ചിട്ടുണ്ട്.

(ഡി) നടപ്പുവർഷത്തിൽ അധികമായി അപ്പീലുകൾ അനുവദിക്കാതിരിക്കാൻ വേണ്ടി എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരുടെ ഓഫീസുകളിലും അപ്പീൽ കമ്മിറ്റിയിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറെ പ്രതിനിധീകരിച്ച് ഒരു ഉദ്യോഗസ്ഥനെ നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ബഹു. ഹൈക്കോടതിയിലെ ഗവൺമെൻറ് പ്ലീഡറുമായി ആലോചിച്ച് കോടതി മുഖാന്തിരവും മറ്റ് അർദ്ധ ജുഡീഷ്യൽ സ്ഥാപനങ്ങളിൽ നിന്നുമുള്ള അപ്പീൽ കുറയ്ക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**സ്കൂളുകളുടെ അംഗീകാരം**

18(2869) <u>ശ്രീ. റ്റി. യു. കുരുവിള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അംഗീകാരമില്ലാതെ എത്ര സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) കുറഞ്ഞത് അഞ്ച് വർഷമെങ്കിലും പ്രവർത്തിച്ചിട്ടുള്ള സ്കൂളുകൾക്ക് അംഗീകാരം നൽകി ദേശീയ വിദ്യാഭ്യാസ നയം നടപ്പാക്കുന്നതിന് തീരുമാനം ഉണ്ടാകുമോ;

(സി) പാവപ്പെട്ട ഗ്രാമീണ വിദ്യാർത്ഥികൾക്ക് മികച്ച നിലവാരത്തിലുള്ള അദ്ധ്യയനം നൽകുന്ന വിദ്യാലയങ്ങൾക്ക് അംഗീകാരം നൽകി പൊതു വിദ്യാഭ്യാസം സാർവ്വത്രികമാക്കുന്നതിന് നടപടികൾ ഉണ്ടാകുമോ;

(ഡി) സ്കൂളുകളിൽ എല്ലാ ഭൗതിക സാഹചര്യങ്ങളും ഒരുക്കിയിട്ടും പല കാരണങ്ങൾ പറഞ്ഞ് ഉദ്യോഗസ്ഥർ അംഗീകാരത്തിനുള്ള അപേക്ഷകൾ നിരസിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

## ഉത്തരം

(എ) അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകളുടെ എണ്ണം ശേഖരിച്ചിട്ടില്ല.

(ബി&സി) കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന പാഠ്യപദ്ധതി പിന്തുടരുന്നതും 1-6-2012-ൽ ചുരുങ്ങിയത് അഞ്ചു വർഷമെങ്കിലും പൂർത്തിയാക്കിയതും സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നതുമായ സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടികളാണ് ഇപ്പോൾ സ്വീകരിച്ചിട്ടുള്ളത്. ഇത്തരത്തിൽ അപേക്ഷ സമർപ്പിക്കുന്നതിനുള്ള തീയതി 31-12-2014-ൽ അവസാനിച്ചിട്ടുണ്ട്. അതുപോലെ അപേക്ഷ സമർപ്പിക്കുന്ന സമയത്ത് 5 വർഷം പ്രവർത്തനം പൂർത്തിയാക്കിയ സി.ബി.എസ്.ഇ.,/ ഐ.സി.എസ്.ഇ., സ്കൂളുകൾക്ക് നിരാക്ഷേപപത്രം നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള തീയതി 31-1-2015-ൽ അവസാനിച്ചിരുന്നു.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

### ശാന്തിഗ്രാം ഗാന്ധിജി ഇംഗ്ലീഷ് മീഡിയം ഗവ. ഹൈസ്കൂൾ

19(2870) <u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ ശാന്തിഗ്രാം ഗാന്ധിജി ഇംഗ്ലീഷ് മീഡിയം ഗവ. ഹൈസ്കൂളിൽ ഏതൊക്കെ തസ്തികകളാണ് സൃഷ്ടിച്ചിട്ടുള്ളത് ; ഇതു സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) ഈ തസ്തികകളിലെല്ലാം നിയമനം നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ആർ.എം.എസ്.എ. പദ്ധതിയിൽ ഉൾപ്പെടുത്തി 2009-10-ൽ അപ്ഗ്രേഡ് ചെയ്ത 60 സ്കൂളുകളിൽ ഉൾപ്പെട്ടതാണ് ഇടുക്കി ജില്ലയിലെ ശാന്തിഗ്രാം ഗാന്ധിജി ഇംഗ്ലീഷ് മീഡിയം ഗവൺമെന്റ് ഹൈസ്കൂൾ. 19-5-2011-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 114/2011/പൊ.വി.വ. പ്രകാരം ശാന്തിഗ്രാം ഗാന്ധിജി ഇംഗ്ലീഷ് മീഡിയം ഗവൺമെന്റ് ഹൈസ്കൂളിൽ ഹൈസ്കൂൾ അദ്ധ്യാപകരുടെ 6 (ആറ്) തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. (കോർ വിഷയങ്ങൾ - 4, ഭാഷാ വിഷയങ്ങൾ - 2). കൂടാതെ പ്രസ്തുത ഉത്തരവ് പ്രകാരം ടി സ്കൂളിൽ ഒരു ക്ലാർക്കിന്റേയും രണ്ട് പ്യൂണിന്റേയും രണ്ട് ഫുൾടൈം മീനിയലിന്റേയും തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. 1 മുതൽ 7 വരെ ക്ലാസ്സുകളിലേക്ക് 7 പ്രൈമറി അദ്ധ്യാപക തസ്തികകളും മേൽ ഉത്തരവ് പ്രകാരം സൃഷ്ടിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു*.

(ബി) ശാന്തിഗ്രാം ഗാന്ധിജി ഇംഗ്ലീഷ് മീഡിയം ഗവൺമെന്റ് ഹൈസ്കൂളിൽ താഴെപ്പറയുന്ന തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ട്:

| | | |
|---|---|---|
| ഹെഡ്മാസ്റ്റർ | - | 1 |
| എച്ച്.എസ്.എ. കോർ സബ്ജക്ട് (മലയാളം മാധ്യമം) | - | 3 |
| എച്ച്.എസ്.എ. ഹിന്ദി | - | 1 |
| എച്ച്.എസ്.എ. മലയാളം | - | 1 |
| പ്രൈമറി ടീച്ചേഴ്സ് | - | 7 |
| ക്ലാർക്ക് | - | 1 |

ആർ.എം.എസ്.എ.-യുടെ 2015-16-ലെ വാർഷിക പദ്ധതിയിൽ ഹെഡ്മാസ്റ്റർക്കും 5 ഹൈസ്കൂൾ അദ്ധ്യാപകർക്കും മാത്രമാണ് കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ അംഗീകാരം ലഭിച്ചിട്ടുള്ളത്. ശാന്തിഗ്രാം ഗാന്ധിജി ഇംഗ്ലീഷ് മീഡിയം ഗവൺമെന്റ് ഹൈസ്കൂളിൽ സൃഷ്ടിക്കപ്പെട്ട മറ്റ് വിഭാഗങ്ങളിൽപ്പെട്ട തസ്തികകൾക്ക് കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ അംഗീകാരം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ലഭിച്ചിട്ടില്ല. അംഗീകാരം ലഭിച്ച തസ്തികകൾക്ക് ആർ.എം.എസ്.എ.-യുടെ ഫണ്ടിൽനിന്നും ശമ്പളം നൽകാൻ കഴിയുന്നുണ്ട്. കേന്ദ്ര മാനവ വിഭവശേഷി വകുപ്പിന്റെ നിശ്ചിത അംഗീകാരത്തിന്റെ അഭാവം കാരണം ശാന്തിഗ്രാം ഗാന്ധിജി ഇംഗ്ലീഷ് മീഡിയം ഗവൺമെന്റ് ഹൈസ്കൂളിൽ സൃഷ്ടിച്ച എല്ലാ തസ്തികകളിലും നിയമനം നടത്താനാകാത്ത സാഹചര്യം കണക്കിലെടുത്ത് മറ്റു തസ്തികകളിൽ കെ.ഇ.ആർ. പ്രകാരം നിയമനം നടത്തുന്നതിനും അദ്ധ്യാപകരുടെ ശമ്പളം സ്പാർക്ക് വഴി വിതരണം ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## മാനേജ്മെന്റ് സ്കൂളുകളുടെ ഭൂമി വിൽപ്പന

20(2871) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി വിൽക്കുന്നതിനും വ്യാപാര സമുച്ചയങ്ങൾ പണിയുന്നതിനുമായി 2011 മേയ് മാസത്തിന് ശേഷം നാളിതുവരെ എത്ര എയ്ഡഡ് സ്കൂളുകൾ അടച്ചുപൂട്ടുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ടെന്ന കാര്യം അറിയിക്കുമോ; വിശദമാക്കുമോ ;

(ബി) ഈ പ്രവണതയോട് സർക്കാർ സമീപനമെന്താണ് ; വ്യക്തമാക്കുമോ ;

(സി) മാനേജ്മെന്റുകളുടെ ഇത്തരം അപേക്ഷകളിൽ സർക്കാർ കൈക്കൊണ്ട നടപടി എന്തെന്ന് വിശദമാക്കാമോ ;

(ഡി) ഇങ്ങനെ അടച്ചുപൂട്ടിയ സ്കൂളുകളുടെ എണ്ണമെത്രയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ-ഡി) ഭൂമി വിൽക്കുന്നതിനും വ്യാപാര സമുച്ചയങ്ങൾ പണിയുന്നതിനുമായി 2011 മേയ് മാസത്തിനുശേഷം സ്കൂളുകൾ അടച്ചുപൂട്ടുന്നതിനായി നോട്ടീസ് ലഭിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കുട്ടികളുടെ കുറവ് ചൂണ്ടിക്കാട്ടി വിവിധ മാനേജുമെന്റുകൾ സ്കൂളുകൾ അടച്ചുപൂട്ടുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്. എന്നാൽ അത്തരം സ്കൂളുകൾ അടച്ചുപൂട്ടുന്നതിന് അനുമതി നൽകിയിട്ടില്ല. കുട്ടികളുടെ അഭാവംമൂലം പ്രവർത്തനം നിലച്ചുപോയ കൊല്ലം ജില്ലയിലെ കുരീപ്പുഴ സാലിഹ മെമ്മോറിയൽ ഹൈസ്കൂൾ 17-3-2015-ലെ സ.ഉ.(കൈ) നമ്പർ 71/15/പൊ.വി. പ്രകാരം 2015-16 അദ്ധ്യായന വർഷം മുതൽ അടച്ചുപൂട്ടിയിട്ടുണ്ട്.

## സ്പെഷ്യലിസ്റ്റ് അധ്യാപകരുടെ നിയമനം

21(2872) <u>ശ്രീ. വി. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിൽ ജി.ഒ.പി. നമ്പർ 317/05 - 17-8-2015 എന്ന ഉത്തരവ് പ്രകാരം അധിക തസ്തിക നിയമന നിരോധനം കാരണം 2006 മുതൽ അധിക തസ്തിക ലഭിക്കാതിരുന്ന ഏതെങ്കിലും സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർക്ക് (കായികം, ആർട്സ്, മ്യൂസിക്, പ്രവൃത്തി പരിചയം) 1-6-2011 മുതലോ അല്ലെങ്കിൽ 2011 അക്കാദമിക് വർഷം മുതലോ മാതൃവിദ്യാലത്തിൽ നിയമന അംഗീകാരം നൽകിയിട്ടുണ്ടോ ;

(ബി) ജി.ഒ.(പി) 199/2011 - 1-10-2011 എന്ന ഉത്തരവ് പ്രകാരം അധിക തസ്തികകളിൽ 2006 മുതൽ ചേർന്ന അദ്ധ്യാപകരെ അപ്പൻഡിക്സ് - 1 ൽ ഉൾപ്പെടുത്തി 1-6-2011 മുതൽ അംഗീകാരം നൽകാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; ഈ പട്ടികയിൽ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർ ഉൾപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതുപ്രകാരം സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർക്ക് നിയമനം നൽകിയിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന അൺഎയ്ഡഡ് വിദ്യാലയങ്ങൾ**

22(2873) <u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന അൺഎയ്ഡഡ് വിദ്യാലയങ്ങൾക്ക് അംഗീകാരം നൽകുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പ്രസ്തുത അംഗീകാരമില്ലാത്ത എത്ര വിദ്യാലയങ്ങൾ ഉണ്ടായിരുന്നെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) 2009-ലെ കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന

സിലബസ് പിന്തുടരുന്ന വിദ്യാലയങ്ങൾക്ക് അംഗീകാരം നൽകുന്നതിനായി സ.ഉ. (കൈ.) നമ്പർ 184/13/പൊ.വി. തീയതി 10-6-2013 പ്രകാരം സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. ഇതനുസരിച്ച് സ്കൂളുകൾ അംഗീകാരത്തിനായി അപേക്ഷിക്കുകയും ആയത് വിദ്യാഭ്യാസ അധികാരികൾ വിശദമായി പരിശോധന നടത്തി മാനദണ്ഡങ്ങൾ പാലിച്ചിരുന്ന 395 സ്കൂളുകൾക്ക് ഇതുവരെ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിനുപുറമേ, സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. പാഠ്യപദ്ധതി പിന്തുടരുന്ന 555 സ്കൂളുകൾക്ക് നിരാക്ഷേപ പത്രം (എൻ.ഒ.സി.) നൽകിയിട്ടുണ്ട്.

(ബി) അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകളുടെ എണ്ണം ശേഖരിച്ചിട്ടില്ല.

**എൽ.എ.സി. - എ.ഡി.എസ്. സ്കീം**

23(2874) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.എ.സി.-എ.ഡി.എസ്. സ്കീമിൽ വിദ്യാലയങ്ങളിൽ കംപ്യൂട്ടർ വൽക്കരണം, സ്മാർട്ട് ക്ലാസ്സ് റൂം, ഐ.ടി. എംപവർമെന്റ് തുടങ്ങിയ പദ്ധതികൾ ഏതെല്ലാം നിയോജക മണ്ഡലങ്ങളിലാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ബി) സമർപ്പിക്കപ്പെട്ട മുഴുവൻ പ്രോജക്ടിന്റെ രേഖകളുടെ പകർപ്പും മണ്ഡലം തിരിച്ച് ലഭ്യമാക്കുമോ; ഇവയ്ക്ക് ഭരണാനുമതി നൽകിയ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ ;

(സി) പൊതു വിദ്യാഭ്യാസ വകുപ്പിൽ എൽ.എ.സി.-എ.ഡി.എസ്. സ്കീമിൽ ഉൾപ്പെടുത്തി സ്കൂൾ ബസ്സ് വാങ്ങുന്നതിന് ഭരണാനുമതി നൽകിയിട്ടുള്ളത് ഏതെല്ലാം മണ്ഡലങ്ങളിലാണെന്നും പ്രസ്തുത മണ്ഡലങ്ങളിൽനിന്ന് സമർപ്പിച്ച പ്രോജക്ടിന്റെ പൂർണ്ണ പകർപ്പുകളും (മുഴുവൻ രേഖകളും അടങ്ങിയത്) ലഭ്യമാക്കുമോ; ഇവയ്ക്ക് ഭരണാനുമതി നൽകിയ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ-സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

**ഡി.പി.ഐ.-ലെ ഫയൽ സംബന്ധമായ വിവരങ്ങൾ**

24(2875) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി.പി.ഐ.-ൽ ഫയൽ സംബന്ധമായ അന്വേഷണത്തിനെത്തുന്ന നിയമസഭാ സാമാജികരുടെ അസിസ്റ്റന്റുമാർക്കുപോലും കൃത്യമായ വിവരങ്ങൾ നൽകുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അവ പരിശോധിക്കുവാനും അടിയന്തര പരിഹാര നടപടികൾ സ്വീകരിക്കുവാനും നടപടി സ്വീകരിക്കുമോ;

(സി) മലപ്പുറം ജില്ലയിലെ എച്ച്.എസ്.എ. മലയാളം തസ്തികയിൽ ജോലി ചെയ്യുന്ന സി. കെ. രാജൻ ഉൾപ്പെടെ ആറ് അധ്യാപകരുടെ സീനിയോറിറ്റിയുമായി ബന്ധപ്പെട്ട G.O(ആർറ്റി.) നമ്പർ 3066/15 നമ്പർ ഉത്തരവ് എന്നാണ് ഡി.പി.ഐ.-യിൽ ലഭിച്ചത്; തപാലിൽ ചേർത്ത് ഫയലാക്കി സെക്ഷൻ ക്ലാർക്ക് സമർപ്പിച്ചത് എന്നാണ്; പ്രസ്തുത ഫയൽ കൈകാര്യം ചെയ്ത ഓരോ ഉദ്യോഗസ്ഥനും എത്ര ദിവസം കൈവശം വച്ചു; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) G.O.(ആർറ്റി.)നമ്പർ 3066/15 നമ്പർ സർക്കാർ ഉത്തരവ് ഡി.പി.ഐ.-യിൽ ലഭിച്ചത് 29-7-2015-നാണ്. പ്രസ്തുത തപാൽ സീനിയോറിറ്റി സെക്ഷനിൽ ലഭിക്കുന്നത് 1-8-2015-നും അന്നേ ദിവസം തന്നെ സെക്ഷൻ ക്ലർക്ക് പ്രസ്തുത തപാൽ ഫയലാക്കി പരിശോധിച്ച് യൂണിറ്റ് ഓഫീസർക്ക് സമർപ്പിച്ചിരുന്നു. യൂണിറ്റ് ഓഫീസർ 31-7-2015-ന് വിരമിച്ചു. പുതിയ ഓഫീസർ 23-9-2015-ന് ജോയിൻ ചെയ്യുകയും ചെയ്തു. 25-9-2015-ന് തന്നെ യൂണിറ്റ് ഓഫീസർ ഫയൽ പരിശോധനയ്ക്ക് ഹയർ ഓഫീസർക്ക് സമർപ്പിച്ചു. ടി ഓഫീസറുടെ ഉത്തരവനുസരിച്ച് മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് റിപ്പോർട്ട് ആവശ്യപ്പെട്ടുകൊണ്ട് കത്ത് നൽകി. ഈ റിപ്പോർട്ടിന്റെ മറുപടി (Lr. No. T3/3421 20-11-2015) നേരിട്ട് ലഭിച്ചു. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഫയൽ അന്നേ ദിവസം തന്നെ സെക്ഷൻ സമർപ്പിക്കുകയും ആയത് പരിശോധിച്ച് സൂപ്രണ്ട് യൂണിറ്റ് ഓഫീസർക്ക് സമർപ്പിച്ചു. യൂണിറ്റ് ഓഫീസർ 23-11-2015-ന് ഉത്തരവ് നൽകി.

## ഡി.പി.ഐ. ഓഫീസിൽനിന്നും നിയമനാംഗീകാരം നൽകുന്നതിൽ കാലതാമസം

25(2876) <u>ശ്രീ. സി. മോയിൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി.പി.ഐ. ഓഫീസിൽ നിന്നും നിയമനാംഗീകാരം സംബന്ധിച്ച് ഉത്തരവുകൾ നൽകുന്നതിൽ മനഃപൂർവ്വമായ കാലതാമസം വരുത്തുന്നതുമൂലം എയ്ഡഡ് അദ്ധ്യാപകർക്ക് ശമ്പളം ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഡി.പി.ഐ.-ലെ അക്കാദമിക് വിഭാഗത്തിന്റെ ബോധപൂർവ്വമായ ഫയൽ വൈകിക്കൽ നിരവധി അദ്ധ്യാപകരെ ബുദ്ധിമുട്ടിലാക്കുന്നുവെന്നത് പരിശോധിക്കുമോ;

(സി) 2014, 2015 വർഷങ്ങളിലെ ഇത്തരത്തിലുള്ള എത്ര ഫയലുകളിൽ തീരുമാനമെടുക്കാതെ ശേഷിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതുസംബന്ധിച്ച് വ്യക്തമായ പരാതി ലഭിച്ചാൽ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി-ഡി) ഇക്കാര്യത്തിൽ പരാതിയൊന്നും ലഭിച്ചിട്ടില്ല. വ്യക്തമായ പരാതി ലഭിക്കുന്നപക്ഷം അവ പരിശോധിക്കുന്നതാണ്.

## എം.ജി.എൽ.സി. അധ്യാപകർ

26(2877) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.ജി.എൽ.സി. അധ്യാപകർ സമർപ്പിച്ച നിവേദനത്തിലെ പ്രസ്തുത അധ്യാപകരുടെ സേവന വേതന വ്യവസ്ഥകളെ സംബന്ധിച്ച പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണ് ;

(ബി) എം.ജി.എൽ.സി. സ്കൂളുകളെ സർക്കാർ എൽ.പി. സ്കൂളുകളായി ഉയർത്തി ഉത്തരവ് ഇറക്കിയതിനുശേഷം ആയത് പ്രാബല്യത്തിൽ വരുത്തുന്നതിന് കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണ് ; വ്യക്തമാക്കുമോ ;

(സി) എം.ജി.എൽ.സി. അധ്യാപകർക്ക് നൽകിവരുന്ന വേതനം അതേ സ്കൂളുകളിൽ പാചകം ചെയ്യുന്ന ജീവനക്കാർക്ക് ലഭിക്കുന്ന വേതനത്തിൻെറ പകുതിപോലും ഇല്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത അധ്യാപകർക്ക് നിലവിൽ നൽകിവരുന്ന വേതനത്തിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടോ ; എങ്കിൽ ആയത് നൽകുന്നതിന് അടിയന്തര നടപടി

സ്വീകരിക്കുമോ ;

(ഇ) യാത്രാസൗകര്യംപോലുമില്ലാത്ത മലയോര വനമേഖലകളിൽ 15 വർഷത്തിലധികമായി സേവനം ചെയ്യുന്ന എം.ജി.എൽ.സി അധ്യാപകരുടെ സേവന കാലയളവ് പരിഗണിച്ച് അവരുടെ വിദ്യാഭ്യാസ യോഗ്യത മാനദണ്ഡമാക്കി സ്ഥിരം ജീവനക്കാരാക്കുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിക്കുമോ ; വിശദാംശം വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ-ഇ) നിലവിൽ വിദ്യാവോളന്റിയർമാർക്ക് 2015 ഒക്ടോബർ, നവംബർ മാസങ്ങളിലെ ശമ്പള കുടിശ്ശിക നൽകാനുണ്ട്. ആയത് കൊടുത്ത് തീർക്കുന്നതിന് സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. എം.ജി.എൽ.സി. സ്കൂളുകളുടെ അപ്ഗ്രേഡേഷൻ സംബന്ധിച്ച വിഷയം വീണ്ടും മന്ത്രിസഭാ യോഗത്തിന് മുന്നിൽ സമർപ്പിക്കാൻ 12-11-2015-ൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. 12-11-2015-ലെ യോഗത്തിന്റെ മിനിട്ട്സ് അനുബന്ധമായി ചേർക്കുന്നു.*

## എം.ജി.എൽ.സി. സ്കൂളുകൾ

27(2878) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര എം.ജി.എൽ.സി. സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്; പ്രസ്തുത സ്കൂളുകളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകരുടെ എണ്ണം മണ്ഡലം തിരിച്ച് എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) എം.ജി.എൽ.സി.-യെ അപ്ഗ്രേഡ് ചെയ്ത് എൽ.പി., യു.പി. സ്കൂളുകൾ ആക്കിയിട്ടുണ്ടോ; എങ്കിൽ മണ്ഡലം തിരിച്ച് പ്രസ്തുത സ്കൂളുകളുടെ പേരുവിവരം നൽകുമോ;

(സി) എം.ജി.എൽ.സി. സ്കൂൾ അദ്ധ്യാപകർക്കു നൽകിവരുന്ന ശമ്പളം എത്രയാണ് ; ഇത് വർദ്ധിപ്പിക്കാൻ ആലോചനയുണ്ടോ; ഇപ്പോൾ ശമ്പള കുടിശ്ശികയുണ്ടോ; എങ്കിൽ വിശദമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) എം.ജി.എൽ.സി. സ്കൂളുകൾ സ്വന്തം കെട്ടിടത്തിലാണോ പ്രവർത്തിക്കുന്നത്; അല്ലെങ്കിൽ സ്വന്തമായി കെട്ടിടം നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 11 വിദ്യാഭ്യാസ ഉപഡയറക്ടർമാരുടെ കീഴിൽ 304 എം.ജി.എൽ.സി.-കൾ പ്രവർത്തിക്കുന്നു. ജോലി ചെയ്യുന്ന വിദ്യാവോളണ്ടിയർമാരുടെ എണ്ണം ഇതോടൊപ്പം ചേർത്തിരിക്കുന്ന അനുബന്ധം I-ൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.* മണ്ഡലം തിരിച്ചുള്ള കണക്കുകൾ ശേഖരിച്ചു നൽകുന്നതാണ്.

(ബി-ഡി) അദ്ധ്യാപകർക്ക് പ്രതിമാസം 5000 രൂപ വീതം നൽകിവരുന്നു. ശമ്പള വർദ്ധനവ് സംബന്ധിച്ച് പ്രൊപ്പോസൽ ഒന്നുംതന്നെ നിലവിലില്ല. നിലവിൽ സെപ്തംബർ മാസം വരെയുള്ള ശമ്പളം കൊടുത്തിട്ടുണ്ട്. ഒക്ടോബർ, നവംബർ മാസങ്ങളിലെ ശമ്പള കുടിശ്ശിക ഉണ്ട് എം.ജി.എൽ.സി. സ്കൂളുകൾ ഭൂരിഭാഗവും പ്രവർത്തിക്കുന്നത് സ്വന്തം കെട്ടിടത്തിൽ അല്ല. എം.ജി.എൽ.സി. സ്കൂളുകളുടെ അപ്ഗ്രേഡേഷൻ സംബന്ധിച്ച് വിഷയം വീണ്ടും മന്ത്രിസഭാ യോഗത്തിന് മുന്നിൽ സമർപ്പിക്കാൻ 12-11-2015-ൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്.

**ഹയർ സെക്കണ്ടറി ഇക്കണോമിക്സ് തസ്തികയിലെ ഒഴിവുകൾ**

28(2879) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എച്ച്.എസ്.എസ്.ടി. ഇക്കണോമിക്സ് ജൂനിയർ/സീനിയർ തസ്തികകളിലായി നിലവിൽ എത്ര ഒഴിവുകളാണ് ഉള്ളതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത തസ്തികയിലേക്ക് പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോയെന്ന് അറിയാമോ;

(സി) പ്രസ്തുത തസ്തികയിലെ നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്നും വ്യക്തമാക്കുമോ ;

(ഡി) റാങ്ക് ലിസ്റ്റ് നിലവിലിരിക്കെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാതിരിക്കുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) എച്ച്.എസ്.എസ്.ടി. സീനിയർ ഇക്കണോമിക്സ് തസ്തികയിൽ - 29 ഒഴിവുകളും എച്ച്.എസ്.എസ്.റ്റി. ജൂനിയർ ഇക്കണോമിക്സ് തസ്തികയിൽ - 39 ഒഴിവുകളും നിലവിലുണ്ട്.

(ബി) ഉണ്ട്.

(സി) പി.എസ്.സി. മുഖേന നിയമനം നടത്തേണ്ട ഒഴിവുകളെല്ലാം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) ഉണ്ട്.

**എസ്.പി.സി. പദ്ധതി**

29(2880) ശ്രീ. ടി. എൻ. പ്രതാപൻ :

ശ്രീ. വി. ടി. ബൽറാം :

ശ്രീ. എ .റ്റി. ജോർജ് :

ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാലയങ്ങളിൽ എസ്.പി.സി. പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) സംസ്ഥാനത്ത് 430 സ്കൂളുകളിൽ എസ്.പി.സി. പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) എസ്.പി.സി. പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:

1. നിയമത്തെ അംഗീകരിക്കുകയും അനുസരിക്കുകയും ചെയ്യുന്ന ഒരു സമൂഹത്തെ സൃഷ്ടിക്കുക
2. വിദ്യാർത്ഥികളിൽ പൗരബോധം, സമത്വബോധം, മതേതര വീക്ഷണം, അന്വേഷണത്വര, നിരീക്ഷണപാടവം, നേതൃത്വശേഷി, സാഹസിക മനോഭാവം തുടങ്ങിയ മൂല്യങ്ങൾ വളർത്തുക
3. വിദ്യാർത്ഥികളിൽ സാമൂഹ്യ പ്രതിബദ്ധതയും സേവന സന്നദ്ധതയും സഹജീവി സ്നേഹവും വളർത്തുക

4. സാമൂഹിക തിൻമകളായ തീവ്രവാദം, വിഘടനവാദം, വർഗ്ഗീയത, ജാതീയത, ലഹരിഭ്രമം തുടങ്ങിയവയ്ക്കെതിരെ പ്രതികരിക്കാനും പ്രവർത്തിക്കാനും വിദ്യാർത്ഥികളെ സജ്ജരാക്കുക
5. ആഭ്യന്തര സുരക്ഷ, കുറ്റകൃത്യനിവാരണം, ക്രമസമാധാന പാലനം, ഗതാഗത നിയന്ത്രണം, സാമൂഹ്യ സേവനം തുടങ്ങിയ പ്രവർത്തനങ്ങളിൽ പോലീസ് സേനയോടൊപ്പം പ്രവർത്തിക്കുന്നതിന് വിദ്യാർത്ഥികളെ പ്രാപ്തരാക്കുക
6. എൻ.സി.സി., എൻ.എസ്.എസ്. തുടങ്ങിയ സന്നദ്ധ സംഘടനകളെപ്പോലെ സ്റ്റുഡന്റ് പോലീസ് കേഡറ്റിനെ ഒരു സ്വതന്ത്ര സാമൂഹ്യ സേവന വിഭാഗമായി വളർത്തുക
7. വിദ്യാർത്ഥികളിൽ പ്രകൃതി സ്നേഹം, പരിസ്ഥിതി സംരക്ഷണ ബോധം, പ്രകൃതി ദുരന്തങ്ങൾക്കെതിരെ പ്രവർത്തിക്കാനുള്ള സന്നദ്ധത എന്നിവ വളർത്തിയെടുക്കുക
8. സാമൂഹ്യ പ്രശ്നങ്ങളിൽ ഇടപെടാനും ദുരന്തഘട്ടങ്ങളിൽ ഉണർന്ന് പ്രവർത്തിക്കാനുമുള്ള മനോഭാവം വിദ്യാർത്ഥികളിൽ വളർത്തുക.
9. സ്വഭാവ ശുദ്ധിയിലും പെരുമാറ്റശീലത്തിലും മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതിലും ഒരു മാതൃകാ വിദ്യാർത്ഥി സമൂഹത്തെ വാർത്തെടുക്കുക.
10. സമൂഹത്തിന്റെ സർവ്വോൻമുഖമായ പുരോഗതിക്കുവേണ്ടി നിസ്വാർത്ഥമായി പ്രവർത്തിക്കുന്ന ഒരു യുവസമൂഹത്തെ സൃഷ്ടിക്കുക.

(സി) പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ താഴെ പറയുന്നവയാണ്:

1. സർക്കാർ ഉത്തരവ് (പി)നമ്പർ 121/2010/ആഭ്യന്തരം, തീയതി 25-5-2010 പ്രകാരമാണ് സംസ്ഥാനത്തെ സ്കൂളുകളിൽ എസ്.പി.സി. പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഈ ഉത്തരവിൽ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ, ഘടന, പോലീസ് സ്റ്റുഡന്റ് ലെയ്സൺ ഓഫീസറുടെ ചുമതലകളും പ്രവർത്തനങ്ങളും, പദ്ധതി നടപ്പിലാക്കുന്നതിന് സ്കൂളുകളെ തെരഞ്ഞെടുക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, സ്കൂളുകളിൽ കേഡറ്റുകളെ

തെരഞ്ഞെടുക്കുന്നതിന് വേണ്ടിയുള്ള യോഗ്യതകൾ, കേഡറ്റുകളുടെ യൂണിഫോം, ഭരണ നിർവ്വഹണം, ധനകാര്യം, കേഡറ്റുകളുടെ പരിശീലനം, വിവിധ തരം ക്യാമ്പുകൾ എന്നിവയെക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്.

2. എസ്.പി.സി. പദ്ധതി ഫണ്ട് കൈകാര്യം ചെയ്യുന്നതിനായി പോലീസ് ആസ്ഥാനത്തിന്റെ ചുമതലയുള്ള ഐ.ജി.-യുടേയും എസ്.പി.സി. പദ്ധതിയുടെ സംസ്ഥാന നോഡൽ ഓഫീസറുടേയും പേരിൽ എസ്.ബി.റ്റി.-യുടെ തിരുവനന്തപുരം മെയിൻ ബ്രാഞ്ചിൽ ഒരു ജോയിന്റ് അക്കൗണ്ട് സർക്കാർ ഉത്തരവ് (സാധാ) നമ്പർ 3085/2010/ആഭ്യന്തരം, തീയതി 6-10-2010 പ്രകാരം ആരംഭിക്കുകയുണ്ടായി.

3. സർക്കാർ ഉത്തരവ് നമ്പർ 3284/11/പൊ.വി.വ., തീയതി 12-8-2011 പ്രകാരം സ്റ്റുഡന്റ് പോലീസ് കേഡറ്റ് പ്രോജക്ടിൽ കമ്മ്യൂണിറ്റി പോലീസ് ഓഫീസർ/അഡീഷണൽ കമ്മ്യൂണിറ്റി പോലീസ് ഓഫീസർ ആയി പ്രവർത്തിച്ചു വരുന്ന അദ്ധ്യാപകരെ 5 വർഷത്തേക്ക് സ്ഥലം മാറ്റാൻ പാടുള്ളതല്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

4. സർക്കാർ ഉത്തരവ് (കൈ) 214/2012/ആഭ്യന്തരം തീയതി 4-8-2012 പ്രകാരം എസ്.പി.സി. പദ്ധതിയിൽ ചേർന്ന് രണ്ട് വർഷത്തെ പരിശീലനം 75% ഹാജരോടുകൂടി കാര്യക്ഷമമായി പൂർത്തിയാക്കുന്ന എസ്.എസ്.എൽ.സി., ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി കേഡറ്റുകൾക്ക് 5% ഗ്രേസ് മാർക്ക് നൽകി വരുന്നു.

5. സർക്കാർ ഉത്തരവ് (കൈ)നമ്പർ 291/2012/ആഭ്യന്തരം, തീയതി 20-11-2012 പ്രകാരം എസ്.പി.സി. പദ്ധതിയിൽ സി.പി.ഒ./എ.സി.പി.ഒ.-മാരായി പ്രവർത്തിക്കുന്ന അദ്ധ്യാപകർക്ക് പ്രതിമാസം 500 രൂപാ നിരക്കിൽ ഓണറേറിയം നൽകി വരുന്നുണ്ട്.

6. എസ്.പി.സി. പദ്ധതിയിൽ സി.പി.ഒ./എ.സി.പി.ഒ.-മാരായി

പ്രവർത്തിക്കുന്ന അദ്ധ്യാപകരുടെ കർത്തവ്യങ്ങളും ഉത്തരവാദിത്തങ്ങളും സർക്കാർ ഉത്തരവ് (എംഎസ്.)നമ്പർ 216/13/ പൊ.വി.വ., തീയതി 20-7-2013-ൽ വ്യക്തമാക്കിയിട്ടുണ്ട്.

7. തിരുവനന്തപുരം ചാല ഗവൺമെന്റ് ഗേൾസ് ഹൈസ്കൂൾ അങ്കണത്തിൽ വിദ്യാഭ്യാസ വകുപ്പിന്റെ അനുവാദത്തോടെ എസ്.പി.സി. അക്കാദമിയും ഡയറക്ടറേറ്റും രൂപീകരിക്കുന്നതിനായി സൗകര്യം അനുവദിക്കുകയും 12-12-2014-ന് ഡയറക്ടറേറ്റിന്റെ ഉദ്ഘാടനകർമ്മം ബഹു. മുഖ്യമന്ത്രി നിർവ്വഹിക്കുകയുമുണ്ടായി.

8. എസ്.പി.സി. പദ്ധതിയിൽ ഡ്രിൽ ഇൻസ്ട്രക്ടർമാരായി സർവ്വീസിൽനിന്ന് വിരമിച്ച 60 വയസ്സിനു താഴെ പ്രായമുള്ള മികച്ച ശാരീരിക ക്ഷമതയുള്ളവരും താല്പര്യമുള്ളവരുമായ പോലീസ് ഉദ്യോഗസ്ഥരെ പ്രതിമാസം 3000 രൂപാ (മൂവായിരം രൂപ മാത്രം) നിരക്കിൽ നിയമിക്കുവാൻ സ.ഉ. (സാധാ)നമ്പർ 3318/2014/ആഭ്യന്തരം, തീയതി 11-12-2014 പ്രകാരം ഉത്തരവായിട്ടുണ്ട്.

9. പോലീസ് നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി എസ്.പി.സി. പദ്ധതി പ്രവർത്തനങ്ങൾക്കായി 2011-12 സാമ്പത്തിക വർഷം 59,80,000 രൂപയും (അമ്പത്തൊമ്പത് ലക്ഷത്തി എൺപതിനായിരം രൂപ) 2012-13 സാമ്പത്തിക വർഷം 2,20,00,000 രൂപയും (രണ്ട് കോടി ഇരുപത് ലക്ഷം രൂപ) 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ ആറ് കോടി രൂപ വീതവും 2015-16 സാമ്പത്തിക വർഷം പത്ത് കോടി രൂപയും അനുവദിച്ചു നൽകുകയുണ്ടായി.

10. സംസ്ഥാന പോലീസ് മേധാവിയുടെ 12-7-2011 തീയതിയിലെ സർക്കുലർ നമ്പർ 19/2011-ൽ എസ്.പി.സി. പദ്ധതിയുടെ ഭരണ നിർവ്വഹണത്തിനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതിൽ ജില്ലാ പോലീസ് മേധാവി, ജില്ലാ നോഡൽ

ഓഫീസർ, സബ് ഡിവിഷണൽ ഓഫീസർ, സർക്കിൾ ഇൻസ്പെക്ടർ (പി.എസ്.എൽ.ഒ.) എസ്.എച്ച്.ഒ., ഡ്രിൽ ഇൻസ്ട്രക്ടർ എന്നിവരുടെ ചുമതലകൾ രേഖപ്പെടുത്തിയിട്ടുണ്ട്.

**എസ്.എസ്.എൽ.സി. ബുക്കിലെ ജനന തീയതി**

30(2881) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി. ബുക്കിലെ ജനന തീയതി തിരുത്തുന്നതിനായി നന്ദുമോൻ, എ.ബി.വി.എച്ച്.എസ്. മുഹമ്മ എന്ന വിദ്യാർത്ഥി അപേക്ഷ നൽകിയെങ്കിലും (ഫയൽ നമ്പർ ജെ1/67722/13) നാളിതുവരെ എസ്.എസ്. എൽ.സി. ബുക്ക് തിരികെ ലഭിച്ചിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത കാരണത്താൽ വിദ്യാർത്ഥിയുടെ തുടർപഠനം മുടങ്ങിയതിനാൽ എസ്.എസ്.എൽ.സി. ബുക്ക് അടിയന്തരമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) എസ്.എസ്.എൽ.സി. ബുക്കിലെ ജനനത്തീയതി തിരുത്തുന്നതിനായി ശ്രീ. നന്ദുമോൻ നൽകിയ അപേക്ഷയിന്മേൽ നടപടി എടുത്തതിനുശേഷം 1-11-2013-ൽ പരീക്ഷാ ഭവനിൽനിന്നും എ.ബി. വിലാസം ഹൈസ്കൂൾ ഹെഡ്മാസ്റ്റർക്ക് സർട്ടിഫിക്കറ്റ് അയച്ചുകൊടുത്തിരുന്നു.

(ബി) എ.ബി. വിലാസം ഹൈസ്കൂൾ ഹെഡ്മാസ്റ്റർ, ശ്രീ. നന്ദുമോൻ സ്കൂളിൽ നൽകിയിരുന്ന ടെലഫോൺ നമ്പരിൽ നിരന്തരം ബന്ധപ്പെട്ടുവെങ്കിലും സർട്ടിഫിക്കറ്റ് കൈപ്പറ്റിയിരുന്നില്ല എന്നും ആയത് 9-12-2015-ൽ ടിയാൻ നേരിട്ട് കൈപ്പറ്റിയതായും അറിയിച്ചിട്ടുണ്ട്.

**റോസ്മല ഗവ. എൽ.പി.എസ്., യു.പി.എസ്. ആയി അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള നടപടികൾ**

31(2882) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ വിദ്യാഭ്യാസ ജില്ലയിൽ ഉൾപ്പെടുന്ന റോസ്‌മല ഗവ.എൽ.പി.സ്കൂൾ യു.പി . സ്കൂൾ ആയി അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) റോസ്‌മല എൽ.പി.സ്കൂളിൽനിന്ന് തൊട്ടടുത്ത യു.പി. സ്കൂളിലേക്ക് എത്താൻ കുട്ടികൾക്ക് വനമേഖലയിലൂടെ 13 കി. മീറ്റർ സഞ്ചരിക്കേണ്ടി വരുന്ന എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ റോസ് മല എൽ.പി.സ്കൂൾ യു.പി. സ്കൂൾ ആയി അപ്ഗ്രേഡ് ചെയ്യുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) റോസ്മല ഗവൺമെന്റ് എൽ.പി. സ്കൂൾ, യു.പി. സ്കൂളായി ഉയർത്തുന്ന വിഷയത്തിൽ തീരുമാനമെടുക്കുന്നതിനായി മന്ത്രിസഭ മുമ്പാകെ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അപ്ഗ്രഡേഷനുള്ള നടപടി അന്തിമ ഘട്ടത്തിലാണ്.

**കേരള ടീച്ചേഴ്സ് എലിജിബിലിറ്റി ടെസ്റ്റ്**

32(2883) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അദ്ധ്യാപകർ കേരള ടീച്ചേഴ്സ് എലിജിബിലിറ്റി ടെസ്റ്റ് പാസ്സാവണമെന്ന നിബന്ധനയുണ്ടോ ;

(ബി) ഇതനുസരിച്ചാണോ പബ്ലിക് സർവ്വീസ് കമ്മീഷൻ റിക്രൂട്ട്മെൻറ് നടത്തുന്നത് ;

(സി) ഒരു പ്രാവശ്യം ടെസ്റ്റ് പാസ്സായ ആൾ ഏഴ് വർഷത്തിനകം ജോലിയിൽ പ്രവേശിച്ചില്ലെങ്കിൽ വീണ്ടും ടെസ്റ്റ് പാസാകേണ്ടതുണ്ടോ ;

(ഡി) ഇത്തരം ഒരു നിബന്ധന നെറ്റ് പാസായവർക്കോ സെറ്റ് പാസായവർക്കോ ഏർപ്പെടുത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ പ്രസ്തുത നിബന്ധന ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) അല്ല. ഇതിന് പ്രത്യേകമായി സർക്കാർ ഉത്തരവു പുറപ്പെടുവിക്കേണ്ടതുണ്ട്.

(സി) ഉണ്ട്.

(ഡി) ഇല്ല. പരിശോധിക്കുന്നതാണ്.

**ജോലി നഷ്ടപ്പെട്ട അദ്ധ്യാപകരെ സർക്കാർ സർവ്വീസിൽ ലയിപ്പിക്കുന്നത് സംബന്ധിച്ച്**

33(2884) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനാദായകരമായി പ്രവർത്തിച്ചിരുന്ന കോഴിക്കോട് ജില്ലയിലെ ചെറുവണ്ണൂർ എ.എം.എൽ.പി. സ്കൂൾ അടച്ചുപൂട്ടിയതിനെത്തുടർന്ന് ജോലി നഷ്ടപ്പെട്ട അദ്ധ്യാപകരെ സർക്കാർ സർവ്വീസ്സിൽ ലയിപ്പിക്കണമെന്ന കാര്യത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) 1-6-2005 മുതൽ വിവിധ സർക്കാർ സ്കൂളുകളിൽ ജോലി ചെയ്തുവരുന്ന പ്രസ്തുത അദ്ധ്യാപകരുടെ സർവ്വീസ് റഗുലറൈസ് ചെയ്യുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വിശദമാക്കുമോ;

(സി) പ്രസ്തുത അദ്ധ്യാപകരുടെ സർവ്വീസ് ആനുകൂല്യങ്ങൾ മുടങ്ങി കിടക്കുന്നതുമൂലമുള്ള പ്രയാസങ്ങൾ ദൂരീകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

**ലാബ് അസിസ്റ്റന്റ് തസ്തികയിലെ നിയമനം**

34(2885) <u>ശ്രീ. പി. കെ. ഗുരുദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ ലാബ് അസിസ്റ്റന്റ് തസ്തികയിൽ എത്രപേർക്ക് നിയമനം നൽകിയെന്ന് ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കുമോ;

(ബി) പ്രസ്തുത തസ്തികയിൽ നിലവിലുള്ള ഒഴിവ് എത്രയാണെന്നറിയിക്കുമോ;

ഒഴിവുകൾ സംബന്ധിച്ച ജില്ല തിരിച്ചുള്ള വിവരം നൽകുമോ; പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ;

(സി) ഒഴിവുകൾ യഥാസമയം പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിൽ കാലതാമസം ഉണ്ടാകുന്ന എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ?

<u>ഉത്തരം</u>

(എ)

| | | |
|---|---|---|
| തിരുവനന്തപുരം | - | 32 |
| കൊല്ലം | - | 34 |
| പത്തനംതിട്ട | - | 3 |
| ആലപ്പുഴ | - | 15 |
| കോട്ടയം | - | 15 |
| ഇടുക്കി | - | 13 |
| എറണാകുളം | - | 23 |
| തൃശ്ശൂർ | - | 34 |
| പാലക്കാട് | - | 33 |
| മലപ്പുറം | - | 20 |
| കോഴിക്കോട് | - | 36 |
| വയനാട് | - | 14 |
| കണ്ണൂർ | - | 31 |
| കാസർഗോഡ് | - | 10 |

(ബി) ആകെ ഒഴിവുകൾ 223 ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| തിരുവനന്തപുരം | - | 20 |
| കൊല്ലം | - | 22 |
| പത്തനംതിട്ട | - | 16 |

| | | |
|---|---|---|
| ആലപ്പുഴ | - | 15 |
| കോട്ടയം | - | 9 |
| ഇടുക്കി | - | 12 |
| എറണാകുളം | - | 19 |
| തൃശ്ശൂർ | - | 15 |
| പാലക്കാട് | - | 31 |
| മലപ്പുറം | - | 12 |
| കോഴിക്കോട് | - | 19 |
| വയനാട് | - | 6 |
| കണ്ണൂർ | - | 14 |
| കാസർഗോഡ് | - | 13 |

കെ.പി.എസ്.സി. മുഖാന്തരം നിയമനം നടത്തേണ്ട തസ്തികകളിലെ ഒഴിവുകൾ അതാത് കെ.പി.എസ്.സി. ജില്ലാ ഓഫീസർക്ക് റിപ്പോർട്ട് ചെയ്യുന്നതിനും ബൈട്രാൻസ്ഫർ മുഖാന്തിരം നിയമനം നടത്തേണ്ട തസ്തികകളിലെ ഒഴിവുകൾ അതത് ജില്ലയിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റിൽനിന്നും നികത്തുന്നതിമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന അധ്യാപകർ**

35(2888) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.പി. തലം മുതൽ ഹയർസെക്കന്ററി വരെയുള്ള വിദ്യാലയങ്ങളിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന എത്ര അദ്ധ്യാപകരുണ്ടെന്ന് കാറ്റഗറി തിരിച്ച് വ്യക്തമാക്കുമോ ;

(ബി) നിലവിൽ ഒഴിവുള്ള തസ്തികകളിൽ ദിവസ വേതനാടിസ്ഥാനത്തിൽ

അധ്യാപകരെ നിയമിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**ആർ.എം.എസ്.എ. പദ്ധതി**

36(2889) <u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.എം.എസ്.എ. പദ്ധതി പ്രകാരം പ്രവർത്തിക്കുന്ന സ്കൂളുകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ശമ്പളം യഥാസമയം വിതരണം ചെയ്യാൻ സാധിക്കാനാകാത്ത സാഹചര്യമുണ്ടോ; വിശദീകരിക്കുമോ;

(ബി) പ്രസ്തുത സ്കൂളുകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് യഥാസമയം ശമ്പളം ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) 2015-16-ലെ ആർ.എം.എസ്.എ.-യുടെ വാർഷിക പദ്ധതിയിൽ 94 ഹെഡ്മാസ്റ്റർമാർക്കും 561 ഹൈസ്കൂൾ അദ്ധ്യാപകർക്കും മാത്രമാണ് എം.എച്ച്.ആർ.ഡി.-യുടെ അംഗീകാരം ലഭിച്ചിട്ടുള്ളത്. ഇവർക്ക് യഥാസമയം ശമ്പളം നൽകിവരുന്നുണ്ട്. ഇതിനുപുറമേ അപ്ഗ്രേഡ് ചെയ്ത സ്കൂളുകളിൽ അദ്ധ്യാപകർ ജോലി ചെയ്യുന്നുണ്ട്. ഇവർക്ക് ശമ്പളം ലഭിക്കുന്നതിൽ തടസ്സം നേരിടുന്നുണ്ട്. ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) അപ്ഗ്രേഡ് ചെയ്ത സ്കൂളുകളിലെ എം.എച്ച്.ആർ.ഡി. അംഗീകാരം ലഭിച്ച തസ്തികകൾക്കുപരിയായി അധിക തസ്തികകളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകർക്കുള്ള ശമ്പളം സംസ്ഥാന സർക്കാർ ഫണ്ടിൽനിന്നും നൽകുന്നതിനു വേണ്ടി പ്രസ്തുത സ്കൂളുകളെ മറ്റു സർക്കാർ സ്കൂളുകളെപ്പോലെ പരിഗണിച്ച് ഇവരുടെ ശമ്പളം 'SPARK' സംവിധാനത്തിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

**ആർ.എം.എസ്.എ. സ്കൂളുകൾ**

37(2890) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.എം.എസ്.എ. പദ്ധതി പ്രകാരം പ്രവർത്തിക്കുന്ന സ്കൂളുകൾ വലിയ പ്രതിസന്ധിയിലാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ നിജസ്ഥിതി എന്തെന്നും കൈക്കൊണ്ട പരിഹാരമാർഗ്ഗങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം സംസ്ഥാനത്ത് എത്ര സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് മണ്ഡലം തിരിച്ചുള്ളുള്ള കണക്കുനൽകുമോ; ഓരോ സ്കൂളിലെയും അദ്ധ്യാപകരുടെയും കുട്ടികളുടെയും എണ്ണം തരം തിരിച്ച് നൽകുമോ;

(സി) ആർ.എം.എസ്.എ. സ്കൂളുകളിൽ ജോലിചെയ്യുന്ന അധ്യാപകർക്ക് ശമ്പളം കിട്ടാത്ത അവസ്ഥ നിലവിലുണ്ടോ; എങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കുമോ;ഏതെല്ലാം സ്കൂളുകളിലെ എത്ര അദ്ധ്യാപകർക്ക് വീതമാണ് ശമ്പള കുടിശ്ശിക ഉള്ളത് എന്ന മണ്ഡലം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ; ശമ്പള കുടിശ്ശിക എപ്പോഴാണ കൊടുത്തു തീർക്കുക എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. അപ്ഗ്രേഡ് ചെയ്ത സ്കൂളുകളിലെ എം.എച്ച്.ആർ.ഡി. അംഗീകാരം ലഭിച്ച തസ്തികകൾക്കുപരിയായി അധിക തസ്തികകളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകർക്ക് ശമ്പളം നൽകുന്നതിന് തടസ്സം നേരിടുന്നുണ്ട്. ഇവർക്ക് സർക്കാർ ഫണ്ടിൽനിന്നും ശമ്പളം നൽകുന്നതിനുവേണ്ടി പ്രസ്തുത സ്കൂളുകളെ മറ്റു സർക്കാർ സ്കൂളുകളെപ്പോലെ പരിഗണിച്ച് ഇവരുടെ ശമ്പളം 'SPARK' സംവിധാനത്തിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഒന്നാംഘട്ടത്തിൽ അപ്ഗ്രേഡ് ചെയ്ത 60 സ്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെയുള്ള കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്കായി ആർ.എം.എസ്.എ. വഴി ഫണ്ട് നൽകിയിട്ടുള്ളതും അതാത് ജില്ലാ പഞ്ചായത്ത്/മുനിസിപ്പാലിറ്റികളുടെ നേതൃത്വത്തിൽ ആയതു പ്രവർത്തനം പുരോഗമിച്ചുവരികയും ചെയ്യുന്നു. രണ്ടാംഘട്ടത്തിലും മൂന്നാം ഘട്ടത്തിലുമായി അപ്ഗ്രേഡ് ചെയ്ത യഥാക്രമം 36, 16 എന്നീ സ്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെയുള്ള കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ആർ.എം.എസ്.എ. പദ്ധതി പ്രകാരം സംസ്ഥാനത്ത് 110 സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. സ്കൂളുകളുടെ ജില്ലതിരിച്ചുള്ള കണക്ക് അദ്ധ്യാപകരുടെയും

കുട്ടികളുടെയും എണ്ണം എന്നിവ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

(സി) 2015-16-ലെ ആർ.എം.എസ്.എ.-യുടെ വാർഷിക പദ്ധതിയിൽ 94 ഹെഡ്മാസ്റ്റർമാർക്കും 561 ഹൈസ്കൂൾ അദ്ധ്യാപകർക്കും മാത്രമാണ് എം.എച്ച്.ആർ.ഡി.-യുടെ അംഗീകാരം ലഭിച്ചിട്ടുള്ളത്. ഇവർക്ക് യഥാസമയം ശമ്പളം നൽകിവരുന്നുണ്ട്. ഇതിനുപുറമേ അപ്ഗ്രേഡ് ചെയ്ത സ്കൂളുകളിൽ അദ്ധ്യാപകർ ജോലി ചെയ്യുന്നുണ്ട്. ഇവർക്ക് ശമ്പളം ലഭിക്കുന്നതിൽ തടസ്സം നേരിടുന്നുണ്ട്. ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ശമ്പളം ലഭിക്കാത്ത അദ്ധ്യാപകരുടെ വിവരം (ബി) പിരിവിലെ അനുബന്ധത്തോടൊപ്പം ചേർത്തിട്ടുണ്ട്.*

## എൽ.എസ്.എസ്, യു.എസ്.എസ്. സ്കോളർഷിപ്പ്

38(2891) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.എസ്.എസ്., യു.എസ്.എസ്. സ്കോളർഷിപ്പ് തുകകൾ വർദ്ധിപ്പിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏങ്കിൽ പ്രസ്തുത സ്കോളർഷിപ്പ് തുകകൾ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) എൽ.എസ്.എസ്., യു.എസ്.എസ്. സ്കോളർഷിപ്പ് തുകകൾ യഥാക്രമം 200, 300 എന്നീ ക്രമത്തിൽ 14-9-2015-ലെ ജി.ഒ.(എംഎസ്.)നമ്പർ 236/2015/പൊ.വി. ഉത്തരവ് പ്രകാരം വർദ്ധിപ്പിച്ചിട്ടുണ്ട്.

## ഹയർസെക്കണ്ടറി മലയാളം അദ്ധ്യാപക തസ്തിക

39(2893) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014 നവംബർ 30 വരെ എത്ര എച്ച്.എസ്.എസ്.ടി. മലയാളം സീനിയർ തസ്തിക ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) എച്ച്.എസ്.എസ്.ടി. മലയാളം സീനിയർ തസ്തികയിൽ എത്ര ഗസ്റ്റ്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ലക്ചറർമാർ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) 2015-ൽ എത്ര എച്ച്.എസ്.എസ്.ടി. മലയാളം അദ്ധ്യാപകരെ പി. എസ്. സി. വഴി നിയമിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ഡി) 2010 മുതൽ 2013 വരെ അനുവദിക്കപ്പെട്ട സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ എത്ര എച്ച്.എസ്.എസ്.ടി ജൂനിയർ മലയാളം തസ്തികകൾ സൃഷ്ടിക്കാനുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) 2014 മുതൽ അനുവദിക്കപ്പെട്ട സ്കൂളുകളിലും അധിക ബാച്ചുകളിലും എച്ച്.എസ്.എസ്.ടി. മലയാളം ജൂനിയർ അദ്ധ്യാപകരുടെ എത്ര തസ്തികകൾ സൃഷ്ടിക്കാനുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 21.

(ബി) ഗസ്റ്റ് അദ്ധ്യാപകരെ നിയമിക്കുന്നത് ബന്ധപ്പെട്ട പ്രിൻസിപ്പൽമാരാണ്. ആയതിനാൽ ഗസ്റ്റ് അദ്ധ്യാപകരുടെ എണ്ണം സർക്കാരിൽ ലഭ്യമല്ല.

(സി) 1.

(ഡി) 2010 മുതൽ 2013 വരെ സർക്കാർ മേഖലയിൽ പുതുതായി ഹയർ സെക്കണ്ടറി സ്കൂളുകൾ അനുവദിച്ചിട്ടില്ല.

(ഇ) 2014 മുതൽ അനുവദിക്കപ്പെട്ട സ്കൂളുകളിലെയും ബാച്ചുകളിലേയും തസ്തിക നിർണ്ണയ നടപടികൾ പുരോഗമിച്ചുവരുന്നു.

**ഹയർസെക്കണ്ടറി സ്കൂൾ അധ്യാപക നിയമനം**

40(2894) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മുതൽ 2015 വരെ സർക്കാർ മേഖലയിൽ അനുവദിച്ച പ്ലസ് ടു അധിക ബാച്ചുകളിലേയ്ക്ക് തസ്തിക സൃഷ്ടിക്കുന്നകാര്യം പരിഗണനയിലുണ്ടോ;

(ബി) എച്ച്.എസ്. എസ്. ഹിസ്റ്ററി വിഷയത്തിന് എത്ര അധിക തസ്തികകൾ

സൃഷ്ടിക്കേണ്ടതായിട്ടുണ്ട്; ഇതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ ;

(സി) ഈ സർക്കാരിന്റെ കാലയളവിൽ 2015 വരെ അനുവദിച്ച അധിക ബാച്ചുകൾക്ക് തസ്തിക സൃഷ്ടിക്കുമോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) 2011 മുതൽ 2013 വരെ സർക്കാർ മേഖലയിൽ അനുവദിച്ച പ്ലസ് ടു അധിക ബാച്ചുകളിലേക്ക് തസ്തിക നിർണ്ണയം പൂർത്തിയായിട്ടുണ്ട്. 2014-ൽ പുതുതായി അനുവദിച്ച സ്കൂളുകളിലേക്കും അധിക ബാച്ചിലേക്കുമുള്ള തസ്തിക നിർണ്ണയ നടപടികൾ പുരോഗമിച്ചുവരുന്നു. തസ്തിക നിർണ്ണയം പൂർത്തിയായതിനു ശേഷം മാത്രമേ ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളുകയുള്ളൂ.

**ഹയർസെക്കണ്ടറി മേഖലയിലെ അധ്യാപക സ്ഥലം മാറ്റം**

41(2895) <u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കണ്ടറി അധ്യാപക സ്ഥലം മാറ്റവുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ പരിശോധിക്കാൻ സമിതിയെ നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) പ്രസ്തുത സമിതി റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ കണ്ടെത്തിയ പ്രധാന ക്രമക്കേടുകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) സ്ഥലംമാറ്റത്തിലെ അപാകതമൂലം മിക്ക സ്കൂളുകളിലും പല വിഷയങ്ങൾക്കും അധ്യാപകരില്ലാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. സ്ഥലം മാറ്റം സംബന്ധിച്ച വിവിധ കേസ്സുകളിന്മേൽ ഉള്ള <u>ബഹു.</u> കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 1-10-2015-ലെ ഉത്തരവിലെ നിർദ്ദേശം അനുസരിച്ച് 7-10-2015-ലെ സ.ഉ.(സാധാ) 4757/2015/പൊ.വി.വ. നമ്പർ ഉത്തരവ് പ്രകാരം സമിതിയെ നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. സമിതി കണ്ടെത്തിയ പ്രധാന ക്രമക്കേടുകൾ സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(സി) ഉണ്ട്. അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള നടപടികൾ ഹയർ സെക്കണ്ടറി ഡയറക്ടർ സ്വീകരിച്ചുവരുന്നു.

**ഹയർസെക്കണ്ടറി വകുപ്പിൽ എച്ച്.എസ്.എസ്.റ്റി.- ഹിസ്റ്ററി ഒഴിവുകൾ**

42(2896) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കണ്ടറി വകുപ്പിൽ എച്ച്.എസ്.എസ്.റ്റി. - ഹിസ്റ്ററി വിഷയത്തിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്; വിശദമാക്കാമോ;

(ബി) പ്രസ്തുത ഒഴിവിൽ സീനിയർ/ജൂനിയർ തസ്തിക എത്രയെന്ന് വിശദമാക്കാമോ;

(സി) നിലവിലുള്ള ഒഴിവുകളിൽ റിപ്പോർട്ട് ചെയ്ത ഒഴിവുകൾ എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ഡി) നടപടി ക്രമങ്ങൾ പൂർത്തീകരിച്ച് നിലവിലുള്ള ഒഴിവുകളിലേക്ക് എന്നത്തേക്ക് നിയമനം നൽകാൻ സാധിക്കും എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) ഹയർസെക്കണ്ടറി വകുപ്പിൽ എച്ച്.എസ്.എസ്.റ്റി. (ഹിസ്റ്ററി) വിഷയത്തിൽ എച്ച്.എസ്.എസ്.റ്റി. (സീനിയർ) തസ്തികയിൽ 40 ഒഴിവുകളും ജൂനിയർ തസ്തികയിൽ 32 ഒഴിവുകളും നിലവിലുണ്ട്.

(സി) എച്ച്.എസ്.എസ്.റ്റി. (സീനിയർ) തസ്തികയിൽ 2 ഒഴിവുകളും ജൂനിയർ തസ്തികയിൽ 8 ഒഴിവുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്ത സീനിയർ തസ്തികയിലെ 2 ഒഴിവുകളിലേക്കും ജൂനിയർ തസ്തികയിലെ 8 ഒഴിവുകളിലേക്കും പി.എസ്.സി.-യിൽ നിന്ന് നിയമനോപദേശം ലഭിക്കുന്ന മുറയ്ക്ക് നിയമനം നൽകുന്നതാണ്. ശേഷിക്കുന്ന ഒഴിവുകൾ സ്പെഷ്യൽ റൂൾസ് പ്രകാരം തസ്തികമാറ്റ നിയമനത്തിനായി മാറ്റിവച്ചിട്ടുള്ളതാണ്.

**ഹയർസെക്കണ്ടറി വിദ്യാഭ്യാസരംഗം**

43(2897) ശ്രീ. ഇ. പി. ജയരാജൻ :

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :

ശ്രീ. സാജു പോൾ :

ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കണ്ടറി വിദ്യാഭ്യാസരംഗം കുത്തഴിഞ്ഞ അവസ്ഥയിലാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഹയർസെക്കണ്ടറി സ്കൂളുകളിൽ അദ്ധ്യാപകരുടെ അഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിദ്യാർത്ഥികളുടെ പഠനത്തെ ഇത് പ്രതികൂലമായി ബാധിച്ചിട്ടുണ്ടെന്നറിയാമോ ;

(സി) നടപ്പു അദ്ധ്യയന വർഷാരംഭത്തിൽ തന്നെ പുതിയ അദ്ധ്യാപക നിയമനത്തിനും സ്ഥലംമാറ്റത്തിനുമുള്ള നടപടികൾ പൂർത്തീകരിക്കാൻ കഴിയാതിരുന്നതെന്തു കൊണ്ടെന്ന് വിശദീകരിക്കുമോ ;

(ഡി) അദ്ധ്യയനവർഷം പകുതി പിന്നിട്ടശേഷം മാനദണ്ഡങ്ങൾ പാലിക്കാതെയുള്ള കൂട്ട സ്ഥലംമാറ്റം അദ്ധ്യാപകരെ എങ്ങനെ ബാധിച്ചുവെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(ഇ) ഹയർസെക്കണ്ടറി മേഖലയിൽ നിലനില്ക്കുന്ന പ്രസ്തുത പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(എഫ്) ഈ സർക്കാർ പുതുതായി അനുവദിച്ച എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളുകളെത്ര ; അവയിലെ അദ്ധ്യാപക തസ്തികകൾ എത്ര ; അവയ്ക്കെല്ലാം അനുമതി നൽകിയിട്ടുണ്ടോ ; പുതുതായി അനുവദിക്കപ്പെട്ട സ്കൂളുകളിലെ അദ്ധ്യാപകർക്കെല്ലാം കൂടി പ്രതിവർഷം എത്ര തുക ചെലവ് പ്രതീക്ഷിക്കുന്നു; വിശദമാക്കുമോ ?

ഉത്തരം

(എ-എഫ്) വിവരം ശേഖരിച്ച് വരുന്നു.

**ഹയർസെക്കണ്ടറി കോമേഴ്സ് അദ്ധ്യാപകരുടെ ഒഴിവുകൾ**

44(2898) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കണ്ടറി കോമേഴ്സ് (സീനിയർ/ജൂനിയർ, നോൺ വൊക്കേഷണൽ) അദ്ധ്യാപകരുടെ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ബി) ഇതിൽ സീനിയർ/ജൂനിയർ വിഭാഗങ്ങളിലായി എത്ര പേരെ

പി.എസ്.സി. അഡ്വൈസ് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത തസ്തികകളിലെ എല്ലാ ഒഴിവുകളും നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) എച്ച്.എസ്.എസ്.റ്റി. കൊമേഴ്സ് സീനിയർ അദ്ധ്യാപകരുടെ 32 ഒഴിവുകളും എച്ച്.എസ്.എസ്.റ്റി. കൊമേഴ്സ് ജൂനിയർ അദ്ധ്യാപകരുടെ 358 ഒഴിവുകളും നോൺ വൊക്കേഷണൽ സീനിയർ തസ്തികയിലെ 22 ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വൊക്കേഷണൽ ഹയർസെക്കണ്ടറി വകുപ്പിൽ നോൺ വൊക്കേഷണൽ ടീച്ചർ കൊമേഴ്സിൽ സീനിയർ തസ്തിക മാത്രമേ നിലവിലുള്ളു.

(ബി) എച്ച്.എസ്.എസ്.റ്റി. കൊമേഴ്സ് സീനിയർ തസ്തികയിലെ 32 ഒഴിവുകളിലേക്കും എച്ച്.എസ്.എസ്.റ്റി. കൊമേഴ്സ് ജൂനിയർ തസ്തികയിലെ 356 ഒഴിവുകളിലേക്കും നിയമന നിർദ്ദേശം നൽകിയിട്ടുണ്ട്. നോൺ വൊക്കേഷണൽ തസ്തികയിലെ 22 സീനിയർ ഒഴിവുകളിലേക്ക് പി.എസ്.സി.-യിൽനിന്നും നിയമന നിർദ്ദേശം ലഭിച്ചതനുസരിച്ച് വകുപ്പിൽനിന്നും നിയമന ഉത്തരവ് നൽകിയിട്ടുണ്ട്.

(സി) എല്ലാ ഒഴിവുകളും നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഹയർസെക്കണ്ടറി പ്രിൻസിപ്പാൾമാരുടെ ജോലിഭാരം**

45(2899) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കണ്ടറി പ്രിൻസിപ്പാൾമാരുടെ ജോലിഭാരം കുറയ്ക്കാനും അവരെ ഭരണ ചുമതലയിൽ മാത്രം നിലനിർത്തി നോൺ-ടീച്ചിംഗാക്കി മാറ്റാനുമുള്ള എന്തെങ്കിലും നടപടികളുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ ഹയർസെക്കണ്ടറി സ്കൂളുകളിൽ (എയ്ഡഡ്) അഞ്ചു വർഷം പൂർത്തീകരിച്ച ജൂനിയർ അദ്ധ്യാപകർക്ക് സീനിയർ പദവി നല്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ആവശ്യം പരിഗണിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഹയർസെക്കണ്ടറി പ്രിൻസിപ്പാൾമാരുടെ ജോലിഭാരം കുറയ്ക്കുന്നതിന്റെ ഭാഗമായി 17-8-2015-ലെ സ.ഉ.(കൈ.)നമ്പർ 220/15/പൊ.വി.വ. നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ ഹയർസെക്കണ്ടറി സ്കൂളുകളിൽ LDC, PTM/FTM,

ലൈബ്രേറിയൻ ഗ്രേഡ് 4 എന്നീ തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം പഠിച്ച് തുടർ നടപടികൾ സ്വീകരിക്കാൻ പൊതുവിദ്യാഭ്യാസ അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഒരു കമ്മിറ്റി രൂപീകരിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. പ്രിൻസിപ്പാൾമാരെ നോൺ ടീച്ചിംഗ് ആക്കി മാറ്റുന്ന വിഷയം തൽക്കാലം സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

**ഹയർസെക്കണ്ടറി കോമേഴ്സ് അധ്യാപകരുടെ ഒഴിവുകൾ**

46(2900) ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കണ്ടറി കോമേഴ്സ് അദ്ധ്യാപകരുടെ ജൂനിയർ/സീനിയർ വിഭാഗങ്ങളിൽ എത്ര സ്ഥിരം ഒഴിവുകൾ 30-11-2015 വരെ നിലവിലുണ്ട്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഒഴിവുകളിൽ എത്ര എണ്ണം P.S.C.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(സി) ഇനി റിപ്പോർട്ട് ചെയ്യാനുള്ള ഒഴിവുകൾ എത്രയാണ് ;

(ഡി) നിലവിലുള്ള എല്ലാ ഒഴിവുകളും P.S.C.-ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത തസ്തികകളിലേക്കുള്ള P.S.C റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോയെന്ന് അറിയുമോ; എങ്കിൽ അതിൽ നിന്ന് എത്ര പേർക്ക് നിയമനം നൽകിയെന്നറിയാമോ;

(എഫ്) റാങ്ക് ലിസ്റ്റിലുള്ള മുഴുവൻ പേർക്കും നിയമനം നൽകാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(ജി) അഡ്വൈസ് അയച്ചിട്ടും ജോയിൻ ചെയ്യാത്ത ജൂനിയർ/സീനിയർ ടീച്ചർമാരുടെ (കോമേഴ്സ്) കണക്ക് വ്യക്തമാക്കാമോ; പ്രസ്തുത ഒഴിവുകൾ കൂടി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഹയർസെക്കണ്ടറി കോമേഴ്സ് ജൂനിയർ അദ്ധ്യാപകരുടെ 110 ഒഴിവുകളും സീനിയർ അദ്ധ്യാപകരുടെ 15 ഒഴിവുകളും നിലവിലുണ്ട്.

(ബി) ഹയർസെക്കണ്ടറി കോമേഴ്സ് ജൂനിയർ അദ്ധ്യാപകരുടെ 61 എൻ.ജെ.ഡി. ഒഴിവുകളും സീനിയർ അദ്ധ്യാപകരുടെ 4 എൻ.ജെ.ഡി. ഒഴിവുകളും പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) ഹയർസെക്കണ്ടറി കോമേഴ്സ് ജൂനിയർ അദ്ധ്യാപകരുടെ 16 ഒഴിവുകൾ

റിപ്പോർട്ട് ചെയ്യാനുണ്ട്. ടി ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. സീനിയർ തസ്തികയിൽ റിപ്പോർട്ട് ചെയ്യാൻ ഒഴിവുകളില്ല.

(ഡി) ഹയർസെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിലെ എച്ച്.എസ്.എസ്.റ്റി. കൊമേഴ്സ് ജൂനിയർ/സീനിയർ മുഴുവൻ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ സാധിക്കില്ല. ഹയർസെക്കണ്ടറി സ്പെഷ്യൽ റൂൾ പ്രകാരം നേരിട്ടുള്ള നിയമനത്തിലേക്കായി മാറ്റിവയ്ക്കേണ്ട ഒഴിവുകൾ മാത്രമേ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതുള്ളൂ.

(ഇ) എച്ച്.എസ്.എസ്.റ്റി. കോമേഴ്സ് ജൂനിയർ/സീനിയർ തസ്തികയിലേക്കുള്ള റാങ്ക് ലിസ്റ്റുകളിൽനിന്നും യഥാക്രമം 356-ഉം 32-ഉം പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്.

(എഫ്) ഹയർസെക്കണ്ടറി സ്പെഷ്യൽ റൂൾസ് പ്രകാരം നേരിട്ടുള്ള നിയമനത്തിനായി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേക്ക് പി.എസ്.സി. നിയമന നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് നിയമനം നൽകുന്നതാണ്.

(ജി) എച്ച്.എസ്.എസ്.റ്റി. കൊമേഴ്സ് ജൂനിയർ - 67 എച്ച്.എസ്.എസ്.റ്റി. കൊമേഴ്സ് സീനിയർ - 4 പ്രസ്തുത എൻ.ജെ.ഡി. ഒഴിവുകളിൽ എച്ച്.എസ്.എസ്.റ്റി. കൊമേഴ്സ് ജൂനിയറിന്റെ - 61 ഒഴിവുകളും എച്ച്.എസ്.എസ്.റ്റി. കൊമേഴ്സ് സീനിയറിന്റെ 4 ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തു. ശേഷിക്കുന്ന ഒഴിവുകൾ ഉടൻതന്നെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## ഹയർസെക്കണ്ടറി അദ്ധ്യാപകരുടെ സ്ഥലംമാറ്റം

47(2901) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ നിയമിച്ച കമ്മിറ്റിയും അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലും ക്രമക്കേട് കണ്ടെത്തിയ ഹയർസെക്കണ്ടറി അദ്ധ്യാപകരുടെ സ്ഥലം മാറ്റ പട്ടിക റദ്ദാക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ;

(ബി) അദ്ധ്യാപക സ്ഥലംമാറ്റംമൂലം അദ്ധ്യയനം തടസ്സപ്പെടാതിരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഹയർസെക്കണ്ടറി ഡയറക്ടർ 21-9-2015-ൽ പുറപ്പെടുവിച്ച ഹയർ

സെക്കണ്ടറി അദ്ധ്യാപകരുടെ സ്ഥലമാറ്റ ഉത്തരവിൽ ചില അപാകതകളും/ പിശകുകളും കടന്നുകൂടിയതായി ശ്രദ്ധയിൽപ്പെട്ടതിനെതുടർന്ന് 29-9-2015-ലെ 52982/യു1/15/പൊ.വി. കത്ത് പ്രകാരം ടി സ്ഥലംമാറ്റ ഉത്തരവ് സർക്കാർ മരവിപ്പിക്കുകയുണ്ടായി.

(ബി) അദ്ധ്യയനം തടസ്സപ്പെടാതിരിക്കുന്നതിന് അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള അടിയന്തര നടപടികൾ ഹയർസെക്കണ്ടറി ഡയറക്ടർ സ്വീകരിച്ചുവരുന്നു.

**എച്ച്.എസ്.എസ്.ടി. കോമേഴ്സ് അദ്ധ്യാപക നിയമനം**

48(2903) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കണ്ടറി വകുപ്പിൽ എച്ച്.എസ്.എസ്.ടി.(കോമേഴ്സ്) ജൂനിയർ, സീനിയർ, തസ്തികകളിൽ പുതിയ ഒഴിവുകൾ, എൻ.ജെ.ഡി. എന്നിവ തരംതിരിച്ച് ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) വകുപ്പ് തലവൻമാർ പ്രസ്തുത തസ്തികയിൽ എൻ.ജെ.ഡി. ഉൾപ്പെടെയുള്ള വിവിധ ഒഴിവുകൾ യഥാസമയം പി.എസ്.സി.-യെ അറിയിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) എച്ച്.എസ്.എസ്.റ്റി. കൊമേഴ്സ് ജൂനിയർ 110 ഒഴിവുകളിൽ 67 എൻ.ജെ.ഡി. ഒഴിവുകൾ എച്ച്.എസ്.എസ്.റ്റി. കൊമേഴ്സ് സീനിയർ 15 ഒഴിവുകളിൽ 4 എൻ.ജെ.ഡി. ഒഴിവുകൾ.

(ബി) എൻ.ജെ.ഡി. ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തതിന്റെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.*

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിഹരിക്കുവാൻ അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**എച്ച്.എസ്.എസ്.റ്റി. കോമേഴ്സ് നിയമനം**

49(2904) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ എൽ.പി.എസ്.എ., യു.പി.എസ്.എ., എച്ച്.എസ്.എ.മാരിൽ എത്ര പേർക്ക് എച്ച്.എസ്.എസ്.റ്റി. കോമേഴ്സ് തസ്തികയിൽ പ്രൊമോഷൻ ലഭിക്കാൻ അർഹതയുണ്ട്; ഇതിനായി എത്ര തസ്തികകൾ ഒഴിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) ബൈ ട്രാൻസ്ഫർ പ്രൊമോഷന് അർഹരായവർ ഇല്ലാത്ത പക്ഷം പ്രസ്തുത ഒഴിവുകളിലേക്ക് നിലവിലുള്ള എച്ച്.എസ്.എസ്.റ്റി. കോമേഴ്സ് റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ;

(സി) എൻ. വി. റ്റി. തസ്തികയിൽ എത്ര ഒഴിവുകളാണ് നിലവിലുള്ളത്; ഈ തസ്തികയിലെ എൻ.ജെ.ഡി. ഒഴിവുകൾ എത്ര; ഈ തസ്തികയിൽ നിലവിലുള്ള റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്താൻ നടപടി സ്വീകരിയ്ക്കുമോ?

ഉത്തരം

(എ) 30-11-2011 വരെയുള്ള ഒഴിവുകളിലേക്കുള്ള തസ്തികമാറ്റ നിയമനത്തിന് അർഹരായവരുടെ സീനിയോറിറ്റി ലിസ്റ്റിൽനിന്നും 2 പേർക്ക് എച്ച്.എസ്.എസ്.റ്റി. (കൊമേഴ്സ്) തസ്തികയിൽ നിയമനം നൽകുന്നതിന് ഒഴിവ് ശേഷിക്കുന്നു. അതിലേക്കായി 2 ഒഴിവ് മാറ്റിവച്ചിട്ടുണ്ട്.

(ബി) എച്ച്.എസ്.എസ്.റ്റി. കൊമേഴ്സ് തസ്തികയിൽ ബൈട്രാൻസ്ഫർ പ്രൊമോഷൻ യോഗ്യരായവർ ഉണ്ട്.

(സി) നോൺ വൊക്കേഷണൽ ടീച്ചർ (സീനിയർ) തസ്തികയിൽ നേരിട്ടുള്ള നിയമനത്തിന് 22 ഒഴിവുകളും ബൈട്രാൻസ്ഫർവഴി യോഗ്യരായ മിനിസ്റ്റീരിയൽ വിഭാഗത്തിൽനിന്നും 4 ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിൽ നേരിട്ട് നിയമനത്തിനുള്ള 22 ഒഴിവുകളിലേക്ക് പി.എസ്.സി. അഡ്വൈസ് ലഭിച്ച മുറയ്ക്ക് വകുപ്പിൽനിന്നും നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. എൻ.ജെ.ഡി. ഒഴിവുകൾ സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ ലഭ്യമായിട്ടില്ല. വിവരങ്ങൾ ലഭിക്കുന്ന മുറയ്ക്ക് പി.എസ്.സി.-യെ കൃത്യമായി അറിയിക്കുന്നതാണ്.

**ഫ്ലെയർ പദ്ധതി**

50(2905) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. ഷാഫി പറമ്പിൽ :

ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫ്ലെയർ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള കോളേജുകളിലും സർവ്വകലാശാലകളിലും പുതുതായി പ്രവേശിച്ച അദ്ധ്യാപകർക്ക് മികച്ച രീതിയിലുള്ള അദ്ധ്യാപക പരിശീലനവും അദ്ധ്യാപനത്തിലും റിസർച്ചിലും മികച്ച ദേശീയ അന്തർദ്ദേശീയ സ്ഥാപനങ്ങളിൽ പരിശീലനവും പദ്ധതി പ്രകാരം നൽകുന്നു. ആരംഭ വർഷത്തിൽ (2013-14) ഇതിന്റെ പ്രയോജനം സർക്കാർ കോളേജുകൾക്കും അഞ്ച് സർവ്വകലാശാലകൾക്കുമായി പരിമിതപ്പെടുത്തിയിരുന്നു. എന്നാൽ 2014-15 വർഷത്തിൽ കേരളത്തിലെ എല്ലാ എയ്ഡഡ് കോളേജുകളിലും പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. അഞ്ച് വർഷത്തിൽ താഴെ സർവ്വീസിലുള്ള ഇനിയും 20 വർഷം സർവ്വീസിലുള്ളവരുമായ യുവ അദ്ധ്യാപകരെയാണ് ഫ്ലെയർ പരിശീലനങ്ങൾക്ക് തെരഞ്ഞെടുത്തിട്ടുള്ളത്. അദ്ധ്യാപക ഗവേഷണ മേഖലകളിലെ പുത്തൻ പ്രവണതകൾ പരിചയപ്പെടുത്താനായിട്ടുള്ള പരിശീലനങ്ങളാണ് മുഖ്യമായും നൽകുന്നത്. അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഉന്നത നിലവാരത്തിലുള്ളതും നൂതനവുമായ ആശയങ്ങൾക്കും പ്രസിദ്ധീകരണങ്ങൾക്കും പ്രചോദനം നൽകുവാനും പദ്ധതി വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഫ്ലെയർ ഇന്റേൺഷിപ്പ് പ്രകാരം യുവ അദ്ധ്യാപകർക്ക് ദേശീയ അന്തർദേശീയ സ്ഥാപനങ്ങളിലെ അദ്ധ്യാപകരോടൊപ്പം പ്രവർത്തിച്ച് അവരുടെ അനുഭവം പങ്കിടാനുള്ള അവസരം ലഭിക്കുന്നു. പ്രമുഖ അദ്ധ്യാപകരുടെ ക്ലാസുകൾ വീക്ഷിക്കാനുള്ള അവസരം അവരുടെ ലാബോറട്ടറികളിൽ പ്രവർത്തിക്കാനുള്ള അവസരം എന്നിവയും ലഭിക്കുന്നു. കോളേജുകളിലെ

ഗവേഷണ പ്രവർത്തനങ്ങൾക്ക് പ്രചോദനം നൽകാനായി. 'ഫ്ലെയർ ഫോർ റിസർച്ച്' എന്ന പദ്ധതിയും ഈ സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കിവരുന്നു.

(സി) ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ഫ്ലെയർ പദ്ധതി ഉൾപ്പെടുന്ന പുതിയ സംരംഭങ്ങൾക്കായി ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടിയുടെ കീഴിൽ ഒരു പ്രത്യേക ഓഫീസ് പ്രവർത്തിക്കുന്നു. ഫ്ലെയർ പദ്ധതിയുടെ നടത്തിപ്പിനായി ഒരു പ്രോഗ്രാം ഡയറക്ടറും വർക്ക് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ പ്രവർത്തിക്കുന്നു. അക്കാഡമിക് പരിശീലനം രൂപപ്പെടുത്താനും അത് നൽകുവാനുമായി ബാംഗ്ലൂരിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലെ ഡോ. എൻ. ജെ. റാവുവിന്റെ നേതൃത്വത്തിൽ ഒൻപതു പേരടങ്ങുന്ന ഒരു പരിശീലക ടീം പ്രവർത്തിക്കുന്നു. പദ്ധതിയിനത്തിൽ ഉൾപ്പെടുത്തി ഈ പരിപാടിക്കായി നടപ്പ് സാമ്പത്തിക വർഷം 2.12 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

## മാതൃകാ സ്കൂൾ സ്ഥാപിക്കുന്നത് സംബന്ധിച്ച്

51(2906) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ നിയോജക മണ്ഡലങ്ങളിലും ഓരോ മാതൃകാ സ്കൂൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ മാതൃകാ സ്കൂളുകൾ സ്ഥാപിക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) മങ്കട നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട ഏത് സ്കൂളാണ് മാതൃകാ സ്കൂളായി അപ്ഗ്രേഡ് ചെയ്യാനുദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ?

ഉത്തരം

(എ-സി) സർക്കാർ സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തുന്നതിനുള്ള 'പ്രിസം പദ്ധതി' സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ആയതിനായി ഫണ്ട് ശേഖരണം സംബന്ധിച്ചും ഗവേർണിംഗ് ബോഡിയും എക്സിക്യൂട്ടീവ് കമ്മിറ്റിയും രൂപീകരിക്കുന്നത് സംബന്ധിച്ചുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## എയ്ഡഡ് സ്കൂളുകൾ

52(2907) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് എത്ര എയ്ഡഡ്

സ്കൂളുകൾ ആരംഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; ഇതിൽ പുതിയ സ്കൂളുകൾ എത്ര; നിലവിലുള്ള സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകിയവ എത്ര;

(ബി) എയ്ഡഡ് സ്കൂളുകൾ അനുവദിച്ച ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

**മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കായുള്ള സ്പെഷ്യൽ സ്കൂളുകൾ**

53(2908) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> :

<u>ശ്രീ. വി.ശശി</u> :

<u>ശ്രീ. ചിറ്റയം ഗോപകുമാർ</u> :

<u>ശ്രീ. പി. തിലോത്തമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കായി എത്ര സ്പെഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട് ;

(ബി) പ്രസ്തുത സ്കൂളുകൾക്ക് ഏതെല്ലാം തരത്തിലുള്ള കേന്ദ്രസഹായങ്ങളാണ് ലഭിച്ചുകൊണ്ടിരിക്കുന്നത് ; പ്രസ്തുത സഹായങ്ങൾ ഇപ്പോൾ മുടങ്ങിയിട്ടുണ്ടോ ; എങ്കിൽ മുടങ്ങാനുണ്ടായ കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) ഒരു കുട്ടിക്ക് പ്രതിമാസം പരമാവധി എത്ര തുക വീതം കേന്ദ്ര സഹായമായി ലഭിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ) മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കായി സംസ്ഥാനത്ത് 302 സ്പെഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ടി വിഭാഗത്തിലെ 50-ഓളം സ്കൂളുകൾക്ക് ദീൻ ദയാൽ റീഹാബിലിറ്റേഷൻ ഡിസേബിൾഡ് സ്കീമിൽ (ഡി.ഡി.ആർ.എസ്.) കേന്ദ്ര സഹായം ലഭിക്കുന്നുണ്ട്. 230-ഓളം സ്ഥാപനങ്ങൾക്ക് സംസ്ഥാന സർക്കാരിന്റെ

സാമ്പത്തിക സഹായം ലഭിച്ചുവരുന്നു. പ്രസ്തുത സഹായങ്ങൾ മുടങ്ങിയിട്ടില്ല. 2015-16 വർഷത്തെ കേന്ദ്ര സഹായത്തിനുള്ള ഓൺ ലൈൻ അപേക്ഷകൾ സംബന്ധിച്ച് തുടർനടപടി സ്വീകരിച്ചുവരുന്നു.

(സി) സാമൂഹ്യനീതി വകുപ്പ് മുഖാന്തിരമാണ് കേന്ദ്ര സഹായം വിതരണം നടത്തുന്നത് എന്നതിനാൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ ഇതുസംബന്ധിച്ച് കൃത്യമായ വിവരം ലഭ്യമല്ല. ടി വകുപ്പിനോട് വിവരം ലഭ്യമാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

**മികച്ച അദ്ധ്യാപകനുള്ള അവാർഡ്**

54(T 2910) <u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മികച്ച അദ്ധ്യാപകനുള്ള കേന്ദ്ര സർക്കാരിന്റെ അവാർഡ് ലഭിക്കുന്നവർക്ക് സംസ്ഥാന സർക്കാർ പ്രോത്സാഹനമായി എന്തെങ്കിലും ആനുകൂല്യങ്ങൾ നൽകുന്നുണ്ടോ;

(ബി) കേന്ദ്ര അവാർഡ് ലഭിക്കുന്നവർക്ക് മറ്റു സംസ്ഥാന സർക്കാരുകൾ, പ്രോത്സാഹന സമ്മാനങ്ങൾ നൽകി ആദരിക്കാറുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കേരളത്തിലും ഇത്തരം അദ്ധ്യാപകർക്ക് പ്രോത്സാഹനമായി രണ്ട് ഇൻക്രിമെന്റോ മറ്റോ നൽകി ആദരിക്കുന്ന കാര്യം പരിഗണിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യകതമാക്കുമോ?

<u>ഉത്തരം</u>

(എ-സി) ദേശീയ അവാർഡ് നേടുന്ന അദ്ധ്യാപകർക്ക് സർവ്വീസ് നീട്ടിനൽകണമെന്നും മറ്റ് അധിക ആനുകൂല്യങ്ങൾ നൽകണമെന്നുമുള്ള ആവശ്യങ്ങൾ സർക്കാർ പരിശോധിച്ച് സംസ്ഥാന സർക്കാർ നൽകുന്ന പ്രത്യേക പരിഗണന എന്ന നിലയിൽ പ്രസ്തുത അദ്ധ്യാപകരെ കരിക്കുലം കമ്മിറ്റിയിൽ പ്രത്യേക ക്ഷണിതാവാക്കി ഉൾപ്പെടുത്തിക്കൊണ്ട് സ.ഉ.(സാധാ) നമ്പർ 837/2015/ പൊ.വി.വ. തീയതി 2-3-2015 പ്രകാരം ഉത്തരവായിട്ടുണ്ട്. മറ്റ് ആനുകൂല്യങ്ങൾ നൽകുന്നകാര്യം പരിഗണനയിലില്ല.

**മലയാളം നിർബന്ധമാക്കാൻ നടപടി**

55(2911) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ മലയാളം നിർബന്ധമായും പഠിപ്പിക്കുന്നതിന് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ-സി) 1-9-2011-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 183/2011/പൊ.വി. പ്രകാരം സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും മലയാള ഭാഷാപഠനം നിർബന്ധമാക്കിയിട്ടുണ്ടെങ്കിലും മലയാള ഭാഷാപഠനവുമായി ബന്ധപ്പെട്ട് കർമ്മപദ്ധതികളൊന്നും തന്നെ പൊതുവിദ്യാഭ്യാസ ഡയറക്ടർ തലത്തിൽ ആവിഷ്കരിച്ചിട്ടില്ല.

**കരുത്ത് പദ്ധതി**

56(2912) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാലയങ്ങളിൽ കരുത്ത് പദ്ധതി നടപ്പിൽ വരുത്തിയിട്ടുണ്ടോ;

(ബി) ഏതൊക്കെ ആയോധന കലകളിൽ ഏതെല്ലാം വിഭാഗത്തിനാണ് പരിശീലനം നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(സി) കരുത്ത് പദ്ധതി ലക്ഷ്യമിടുന്നതെന്തൊക്കെയാണെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആയോധന കലകളായ കരാട്ടെ, തായ്ക്കൊണ്ടാ, കുങ്ഫു, വുഷു തുടങ്ങിയവയിൽ ഹയർസെക്കണ്ടറി പ്ലസ് വൺ, പ്ലസ് ടു വിദ്യാർത്ഥികൾക്കാണ് പരിശീലനം നൽകുന്നത്. ഇതിനുപുറമേ കരാട്ടെ, കുങ്ഫു തുടങ്ങിയ ആയോധന കലകളിൽ എല്ലാ ബി.ആർ.സി.-കളിലും 30 പെൺകുട്ടികൾക്ക് എസ്.എസ്.എ.

മുഖേനയും പരിശീലനം നൽകിവരുന്നു.

(സി) കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ ആത്മധൈര്യവും മാനസികവും ശാരീരികവും സാമൂഹ്യപരവുമായ പുരോഗതിയും സമൂഹത്തിൽ സ്വയം പ്രതിരോധിക്കാനുള്ള ശേഷി വർദ്ധിപ്പിക്കുകയുമാണ് "കരുത്ത്" എന്ന പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്.

## നാഷണൽ മീൻസ്-കം-മെറിറ്റ് സ്കോളർഷിപ്പ്

57(2913) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ മീൻസ്-കം-മെറിറ്റ് സ്കോളർഷിപ്പ് നേടിയ കോഴിക്കോട് വളയം ഗവ: ഹയർസെക്കണ്ടറി സ്കൂളിലെ എത്ര വിദ്യാർത്ഥികൾക്ക് പ്രസ്തുത സ്കോളർഷിപ്പ് തുക നൽകാൻ ബാക്കിയുണ്ടെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് തുക നൽകാതിരുന്നതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്ഥുത തുക എപ്പോൾ നൽകും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിൽ (എം.എച്ച്.ആർ.ഡി.) നിന്നും നാഷണൽ മീൻസ്-കം-മെറിറ്റ് സ്കോളർഷിപ്പ് തുക അർഹരായ കുട്ടികളുടെ ബാങ്ക് അക്കൗണ്ടിലേക്ക് ഡി.ബി.റ്റി. മുഖേന നേരിട്ട് നിക്ഷേപിക്കുകയാണ് ചെയ്യുന്നത്. കുട്ടികളുടെ ബാങ്ക് അക്കൗണ്ട് നമ്പരിലെ പിഴവുകൾ മൂലമാണ് കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിന് ഡി.ബി.റ്റി. മുഖേന സ്കോളർഷിപ്പ് തുക നിക്ഷേപിക്കുവാൻ സാധിക്കാത്തത്. ശരിയായ വിവരങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് പൊതുവിദ്യാഭ്യാസ ഡയറക്ടർ എം.എച്ച്.ആർ.ഡി.-യെ അറിയിക്കുകയും അതുവഴി സ്കോളർഷിപ്പ് തുക ലഭ്യമാക്കുകയും ചെയ്യുന്നതാണ്.

## ഓപ്പൺ സ്കൂളിലെ ജീവനക്കാരുടെ നിയമനം

58(2915) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്പൺ സ്കൂളിൽനിന്നും നിലവിലുള്ള ജീവനക്കാരെ ആരെയെങ്കിലും പിരിച്ചുവിടാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനത്തിൽ നിലവിൽ എത്ര ജീവനക്കാരുണ്ട്; ഇവർ എത്രകാലമായി ജോലി ചെയ്യുന്നവരാണ്;

(സി) പുതിയ നിയമനത്തിനായി അപേക്ഷ ക്ഷണിച്ചിരുന്നോ; ഏതെല്ലാം തസ്തികകളിലേക്ക് എത്ര ഒഴിവുകളിലേക്കാണ് അപേക്ഷ ക്ഷണിച്ചത്;

(ഡി) പുതിയ നിയമനത്തിന് എഴുത്തു പരീക്ഷ നടത്തിയിരുന്നോ; തെരഞ്ഞെടുക്കപ്പെട്ടവരുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചിരുന്നോ; ഇതു സംബന്ധിച്ച് പരാതി ഉയർന്നിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ഇ) ക്രമക്കേട് നടന്നു എന്ന് ആരോപണമുള്ള ലിസ്റ്റിൽനിന്നും നിയമനം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂളിനെ പുനഃസംഘടിപ്പിച്ച് നിലവിൽ സ്വതന്ത്ര സ്ഥാപനമായ സ്കോൾ കേരളയാക്കി മാറ്റിയിട്ടുള്ള സാഹചര്യത്തിൽ ജീവനക്കാരുടെ കാര്യം സ്കോൾ കേരളയുടെ ആദ്യ കൗൺസിൽ തീരുമാനിക്കുന്നതായിരിക്കും.

(ബി) 12 ഡെപ്യൂട്ടേഷൻ ജീവനക്കാരും 63 താൽക്കാലിക ജീവനക്കാരുമുണ്ട്. ടി താൽക്കാലിക ജീവനക്കാരിൽ ഒന്നര വർഷം മുതൽ പതിനാല് വർഷം വരെ പ്രവൃത്തി പരിചയമുള്ളവരുണ്ട്. ഇവർ ദിവസവേതന/കൺസോളിഡേറ്റഡ് വേതന വ്യവസ്ഥയിൽ ജോലി ചെയ്യുന്നു.

(സി) എസ്.സി.ഇ.ആർ.ടി. ഓപ്പൺ സ്കൂൾ സ്ഥാപനങ്ങളിലേക്ക് അപേക്ഷ ക്ഷണിച്ചിരുന്നു. തസ്തികകളുടെ വിശദാംശങ്ങൾ (അനുബന്ധം) ചുവടെ ചേർക്കുന്നു:* ഓപ്പൺ സ്കൂളിലേക്ക് ജില്ലാ കോ-ഓർഡിനേറ്റർ, കോ-ഓർഡിനേറ്റർ റിസർച്ച് ആന്റ് ഡോക്യുമെന്റേഷൻ, അക്കാദമിക് അസോസിയേറ്റ്, സ്റ്റേറ്റ് കോഡിനേറ്ററുടെ പി. എ., എക്സിക്യൂട്ടീവ് അസിസ്റ്റന്റ്, കംപ്യൂട്ടർ അസിസ്റ്റന്റ്, ക്ലറിക്കൽ അസിസ്റ്റന്റ്, ഓപ്പൺ സ്കൂളിലേക്കും എസ്.സി.ഇ.ആർ.ടി.-യിലേക്കും കൊമേഴ്സ്യൽ അക്കൗണ്ടന്റ് സിസ്റ്റം അനലിസ്റ്റ്, ലയ്സൺ ഓഫീസർ, ഡാറ്റാ എൻട്രി ഓപ്പറേറ്റർ, റിസപ്ഷനിസ്റ്റ്, ഡ്രൈവർ, പ്യൂൺ, സ്വീപ്പർ, എസ്.സി.ഇ.ആർ.ടി.-യിലേക്ക് ലൈബ്രറി അസിസ്റ്റന്റ്, പ്രിന്റർ, ബൈന്റർ നിലവിൽ ഒഴിവുള്ളതും ഭാവിയിൽ ഉണ്ടാകുന്നതുമായ ഒഴിവിലേക്കാണ് അപേക്ഷ ക്ഷണിച്ചിരിക്കുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) എഴുത്ത് പരീക്ഷ നടത്തിയിരുന്നു. എഴുത്ത് പരീക്ഷയുടെ മൂല്യ നിർണ്ണയം എൽ.ബി.എസ്. നടത്തിയിട്ടുണ്ട്. ഇതുസംബന്ധിച്ച് ബഹു. ലോകായുക്തയ്ക്ക് നൽകിയ പരാതിയിന്മേൽ കഴമ്പില്ല എന്ന് കാണിച്ച് ബഹു. ലോകായുക്ത കേസ് തള്ളിയിട്ടുണ്ട്.

(ഇ) എഴുത്ത് പരീക്ഷ സുതാര്യമാണെന്ന് ബഹു. ലോകായുക്ത കണ്ടെത്തിയിട്ടുള്ള സാഹചര്യത്തിൽ സ്കോൾ കേരളയുടെ ജനറൽ കൗൺസിലാണ് ഇതുസംബന്ധിച്ച തീരുമാനമെടുക്കുന്നത്.

**സ്കൂൾ ഉച്ചഭക്ഷണ ഫണ്ട്**

59(2916) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ ഉച്ചഭക്ഷണ ഫണ്ട് അപര്യാപ്തമാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) നിലവിൽ എച്ച്.എം./പ്രിൻസിപ്പാൾ-മാർക്ക് ഇക്കാര്യത്തിൽ കുടിശ്ശിക നൽകാനുണ്ടോ; എങ്കിൽ അടിയന്തരമായി ഫണ്ട് അനുവദിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. വിപണിയിലെ വില വർദ്ധനവുമൂലം സ്കൂൾ ഉച്ചഭക്ഷണത്തിന് അനുവദിച്ച തുക കാലോചിതമായി പരിഷ്കരിക്കേണ്ടതുണ്ട്. പ്രൈമറി, അപ്പർ പ്രൈമറി വിഭാഗത്തിന് സ്കൂൾ പ്രവൃത്തി ദിവസം കുട്ടിയൊന്നിന് 5 രൂപ നിരക്കിൽ നിലവിൽ നൽകിവരുന്നു. ആയത് വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

(ബി) നിലവിൽ യാതൊരുവിധ കുടിശ്ശികയും ഉച്ചഭക്ഷണ പദ്ധതിയുടെ ഭാഗമായി പ്രഥമാധ്യാപകർക്ക് നൽകാനില്ല.

**അനധികൃത സ്കൂളുകൾക്കുള്ള അനുമതി**

60(2917) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
പ്രൊഫ. സി. രവീന്ദ്രനാഥ് :

ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനധികൃതമായി പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് അംഗീകാരം നൽകുന്ന നടപടി തുടരുന്നുണ്ടോ; അടുത്ത കാലത്തായി പ്രസ്തുത വിഭാഗത്തിൽപ്പെട്ട ഏതാനും സ്കൂളുകൾക്ക് കൂടി അംഗീകാരം നൽകുകയുണ്ടായോ; വിശദമാക്കാമോ;

(ബി) പ്രസ്തുത നടപടി പൊതു വിദ്യാലയങ്ങളെ തകർച്ചയിലേക്ക് നയിക്കുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) സ്വകാര്യ അൺ-എയ്ഡഡ് വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുന്ന നയം തിരുത്തുന്നതിന് തയ്യാറാകുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് അനംഗീകൃത സ്കൂളുകൾക്ക് അംഗീകാരം നൽകുന്ന നടപടി തുടരുന്നുണ്ട്. സ.ഉ.(കൈ.)നമ്പർ 114/15/പൊ.വി. തീയതി 14-5-2015 പ്രകാരം 308 സ്കൂളുകൾക്കും, സ.ഉ.(കൈ) നമ്പർ 282/2015/പൊ.വി. തീയതി 9-11-2015 പ്രകാരം 87 സ്കൂളുകൾക്കും അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) വളരെ വർഷങ്ങളായി അംഗീകാരമില്ലാതെ പ്രവർത്തിച്ചുവരുന്ന സ്കൂളുകൾക്കാണ് അംഗീകാരം നൽകുന്നത്. ആയതിനാൽ അത്തരം സ്കൂളുകൾക്ക് അംഗീകാരം നൽകുന്നത് പൊതുവിദ്യാലയങ്ങളെ ബാധിച്ചിട്ടില്ല.

(സി) സ്വകാര്യ അൺ എയ്ഡഡ് വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുന്ന നയം സർക്കാർ സ്വീകരിച്ചിട്ടില്ല. എന്നാൽ വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി കുട്ടികളുടെ വിദ്യാഭ്യാസ അവകാശം സംരക്ഷിക്കപ്പെടുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

**സ്കൂൾ വിദ്യാർത്ഥികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ**

61(2918) ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വിദ്യാർത്ഥികൾക്ക് ഇൻഷ്വറൻസ് പരിരക്ഷയ്ക്കായി കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) 10-1-2013-ലെ സ.ഉ.(എംഎസ്.)നമ്പർ 8/2013/പൊ.വി.വ. ഉത്തരവ് പ്രകാരം സ്കൂൾ വിദ്യാർത്ഥികൾക്ക് അപകടമരണം സംഭവിക്കുകയാണെങ്കിൽ 50,000 രൂപയും ഗുരുതരമായ പരിക്ക് ഉണ്ടാവുകയാണെങ്കിൽ 10,000 രൂപയും സഹായധനമായി ലഭിക്കുന്ന വിധത്തിലുള്ള പദ്ധതിയാണ് കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുള്ളത്. ഈ പദ്ധതി കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുന്നതിന് ധനകാര്യ വകുപ്പുമായി ആലോചിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

**ശ്രീമതി കെ. എം. പത്മിനിയുടെ സർവ്വീസ് റഗുലറൈസേഷൻ**

62(2919) <u>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുത്താളി വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളിലെ എഫ്.ടി. സി. എം, ശ്രീമതി കെ. എം. പത്മിനിയുടെ സർവ്വീസ് റഗുലറൈസേഷൻ സംബന്ധിച്ച 35357/2014/എൻ1/ പൊ.വി. ഫയലിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് ഡി.പി.ഐ.-യിൽ നിന്ന് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ എപ്പോഴാണ് റിപ്പോർട്ട് ലഭിച്ചത് എന്ന് അറിയിക്കുമോ;

(സി) പ്രസ്തുത അപേക്ഷയിന്മേൽ കാലതാമസം ഒഴിവാക്കി ശ്രീമതി കെ. എം. പത്മിനിയുടെ സർവ്വീസ് റഗുലറൈസേഷൻ നടത്തി ഉത്തരവ് പുറപ്പെടുവിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) കുത്താളി വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളിലെ

എഫ്.റ്റി.സി.എം. ശ്രീമതി കെ. എം. പത്മിനിയുടെ സർവ്വീസ് റഗുലറൈസേഷൻ സംബന്ധിച്ച വിഷയം 35357/2014/എൻ1/പൊ.വി. ഫയലിൽ സർക്കാർ പരിശോധിച്ചുവരുന്നു. ശ്രീമതി കെ. എം. പത്മിനിക്ക് 1-7-2002 മുതൽ മാത്രം നിയമനാംഗീകാരം നൽകുവാനുള്ള കാരണവും ടിയാൾ 31-3-1992 മുതൽ 30-6-2002 വരെ റഗുലർ തസ്തികയിൽ ജോലി ചെയ്തിരുന്നുവോ എന്നും 30-3-1992-ലെ അംഗീകൃത മാനേജർ ആരാണെന്ന് വ്യക്തമാക്കുവാനും ടിയാളുടെ സർവ്വീസ് ബുക്ക് ലഭ്യമാക്കുവാനും പൊതു വിദ്യാഭ്യാസ ഡയറക്ടറോട് 10-12-2014-ലെ കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു. ഇത് സംബന്ധിച്ച പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് 10-12-2015-ൽ പൊതു വിദ്യാഭ്യാസ (എൻ) വകുപ്പിൽ ലഭ്യമായിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീമതി പത്മിനിയുടെ സർവ്വീസ് റഗുലറൈസ് ചെയ്യുന്ന വിഷയം പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതാണ്.

## കലോത്സവ മാന്വവൽ പരിഷ്കരണം

63(2921) <u>ശ്രീ. സി. കെ. സദാശിവൻ</u> : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന സ്കൂൾ കലോത്സവങ്ങളിൽ ബാന്റ് മത്സരം ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം മത്സരയിനമാക്കി കലോത്സവ മാന്വവൽ പരിഷ്കരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

7-8-2015-ലെ സർക്കാർ ഉത്തരവ് നമ്പർ (കൈ)214/2015/പൊ.വി. പ്രകാരം കലോത്സവ മാന്വൽ പരിഷ്കരിക്കുന്നതിന് ഒരു കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി ബാന്റ് മത്സരം ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം മത്സരയിനമാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## പുതുതായി അനുവദിച്ച ഹയർസെക്കണ്ടറി അദ്ധ്യാപക തസ്തികകൾ

64(2922) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് പുതുതായി എത്ര ഹയർസെക്കണ്ടറി അദ്ധ്യാപകരുടെ തസ്തികകൾ ഇതുവരെ അനുവദിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത തസ്തികകളിൽ സീനിയർ/ജൂനിയർ അദ്ധ്യാപകരുടെ എണ്ണം എത്രയാണ്;

(സി) ഓരോ വിഷയത്തിനും എത്ര ജൂനിയർ/സീനിയർ അദ്ധ്യാപകരുടെ തസ്തികകൾ അനുവദിച്ചിട്ടുണ്ട്?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

**മലപ്പുറം ജില്ലയിൽ ഹയർസെക്കണ്ടറി അദ്ധ്യാപക ഒഴിവുകൾ**

65(2923) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ ഹയർസെക്കണ്ടറി സ്കൂളുകളിൽ ഏതെല്ലാം വിഭാഗങ്ങളിൽ ഒഴിവുകൾ ഉണ്ടെന്നും അവ നികത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും വിശദമാക്കുമോ;

(ബി) ഹയർസെക്കണ്ടറിയിലെ അഞ്ചു വർഷത്തെ സ്ഥലം മാറ്റ വ്യവസ്ഥ പ്രകാരം എത്ര പേർ വിദ്യാലയങ്ങളിൽനിന്ന് വിടുതൽ ചെയ്തുവെന്നും എത്ര പേർ പുതുതായി ജോലിയിൽ പ്രവേശിച്ചുവെന്നും വ്യക്തമാക്കാമോ;

(സി) നിലവിൽ ഒഴിവുകളില്ലാതിരിക്കുകയും സ്ഥലം മാറ്റ പ്രകാരം ജോലിയിൽ പ്രവേശിക്കുകയും വഴി ഒരേ തസ്തികയിൽ ഒന്നിലധികം പേർ ജോലി ചെയ്യുന്ന വിദ്യാലയങ്ങൾ ഉണ്ടോ; എങ്കിൽ അവ ഏതെല്ലാമാണ്; ഇവരെ പുനഃക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

**ചടയമംഗലം മണ്ഡലത്തിലെ വിവിധ സ്കൂളുകളിൽ നടപ്പിലാക്കിയ നിർമ്മാണ പ്രവർത്തനങ്ങൾ**

66(2924) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചടയമംഗലം മണ്ഡലത്തിലെ വിവിധ സ്കൂളുകളിൽ വിദ്യാഭ്യാസ വകുപ്പു മുഖേന നടപ്പിലാക്കിയ നിർമ്മാണ പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിക്കായി ചെലവഴിച്ച തുകയും സ്കൂളുകളുടെ പേരും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

**പ്രവേശനം അവസാനിപ്പിച്ച ശേഷം ഹയർസെക്കണ്ടറി സ്കൂളുകൾക്ക് അനുമതി**

67(2925) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ അദ്ധ്യയന വർഷത്തെ പ്രവേശനം അവസാനിപ്പിച്ച ശേഷം നാളിതു വരെ എത്ര ഹയർസെക്കണ്ടറി സ്കൂളുകൾക്ക് അനുമതി നൽകിയെന്ന് അറിയിക്കാമോ; ഇതിൽ എയിഡഡ് മേഖലയിൽ എത്രയെണ്ണമുണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

ഈ അദ്ധ്യയന വർഷത്തെ പ്രവേശനം അവസാനിപ്പിച്ചശേഷം പുതിയ ഹയർസെക്കണ്ടറി സ്കൂളുകൾക്കൊന്നും അനുമതി നൽകിയിട്ടില്ല.

**ചാലക്കുടി പ്രീ-മെട്രിക് ഹോസ്റ്റൽ**

68(2927) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി ഗവ. ഗേൾസ് ഹൈസ്കൂൾ കോമ്പൗണ്ടിൽ 46 സെന്റ് സ്ഥലം, ഉടമസ്ഥാവകാശം വിദ്യാഭ്യാസ വകുപ്പിൽ തന്നെ നിലനിർത്തി, പട്ടികവർഗ്ഗ വിഭാഗക്കാരായ പെൺകുട്ടികൾക്കായി ഒരു പ്രീ-മെട്രിക് ഹോസ്റ്റൽ നിർമ്മിക്കുന്നതിനായുള്ള അനുമതിക്കായി വിദ്യാഭ്യാസ വകുപ്പിൽ സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ വർഷങ്ങൾ പിന്നിട്ടിട്ടും നടപടി സ്വീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അനുമതി നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) പരിശോധിച്ച് വരികയാണ്.

**പാഠപുസ്തക അച്ചടി**

69(2928) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാഠപുസ്തക അച്ചടി കെ.ബി.പി.എസ്. പൂർത്തീകരിച്ചിട്ടുണ്ടോയെന്ന്

വിശദമാക്കുമോ ?

<u>ഉത്തരം</u>

പൂർത്തീകരിച്ചിട്ടുണ്ട്. സ്കൂൾ ഹെഡ്മാസ്റ്റർമാർ നൽകിയ ഇൻഡന്റ് പ്രകാരമുള്ള പാഠപുസ്തകങ്ങളുടെ വിതരണം പൂർത്തിയായതായി കെ.ബി.പി.എസ്. അറിയിച്ചിട്ടുണ്ട്. അധികമായി ആവശ്യമുള്ള പുസ്തകങ്ങൾക്കുള്ള ഇൻഡന്റ് 7-12-2015-നകം നൽകുവാൻ സ്കൂൾ അധികൃതർക്ക് നിർദ്ദേശം നൽകിയിരുന്നു.

**പാഠപുസ്തക വിതരണം**

70(2929) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാഠപുസ്തക വിതരണം പൂർത്തീകരിച്ചോ; ഇപ്പോഴും പുസ്തകം വിതരണം നടന്നിട്ടില്ലെന്നുള്ള കാര്യം ശരിയാണോ; ഇക്കാര്യത്തിൽ വീഴ്ച വന്നിട്ടുള്ളതായി കരുതുന്നുണ്ടോ;

(ബി) അർദ്ധവാർഷിക പരീക്ഷ ആയിട്ടും പുസ്തക വിതരണം നടന്നിട്ടില്ലെങ്കിൽ ആയത് പൊതു വിദ്യാഭ്യാസ രംഗത്തെ തകർക്കുമെന്ന ആക്ഷേപത്തിൻമേൽ നിലപാട് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) സ്കൂൾ ഹെഡ്മാസ്റ്റർമാർ നൽകിയ ഇൻഡന്റ് പ്രകാരമുള്ള പാഠപുസ്തകങ്ങളുടെ വിതരണം പൂർത്തിയായതായി കെ.ബി.പി.എസ്. അറിയിച്ചിട്ടുണ്ട്. അധികമായി ആവശ്യമുള്ള പുസ്തകങ്ങൾക്കുള്ള ഇൻഡന്റ് 7-12-2015-നകം നൽകുവാൻ സ്കൂൾ അധികൃതർക്ക് നിർദ്ദേശം നൽകിയിരുന്നു. ഹയർസെക്കണ്ടറി/ വൊക്കേഷണൽ ഹയർസെക്കണ്ടറി പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും പൂർത്തിയായിട്ടുണ്ട്.

**പാഠപുസ്തക അച്ചടി ടെൻഡർ**

71(2930) <u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> :

<u>ശ്രീ. തോമസ് ചാണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ പാഠപുസ്തക അച്ചടിയിൽ വ്യാപകമായി ക്രമക്കേട് നടന്നതായ ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒന്നു മുതൽ എട്ടു വരെ ക്ലാസ്സുകളുടെ പാഠപുസ്തകങ്ങൾ അച്ചടിക്കാൻ ആരെയാണ് ഏല്പിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) പാഠപുസ്തകങ്ങൾ അച്ചടിക്കാനായി ടെണ്ടർ ക്ഷണിച്ചിരുന്നത് എന്നാണ്; ഇതിനായി നിർദ്ദേശം നൽകിയത് ആരാണെന്നും എത്ര സ്ഥാപനങ്ങളാണ് പ്രസ്തുത ടെൻഡറിൽ പങ്കെടുത്തതെന്നും വ്യക്തമാക്കുമോ ;

(ഡി) ടെണ്ടർ നടപടിക്രമപ്രകാരം ബാങ്ക് വഴി ഗ്യാരന്റി സമർപ്പിക്കാൻ 48 മണിക്കൂർ വേണമെന്നിരിക്കേ, മണിപ്പാൽ ടെക്നോളജീസ് എന്ന സ്ഥാപനം മാത്രം സമയപരിധിക്കുള്ളിൽ ടെൻഡർ നല്കിയതിനെ കുറിച്ചും കുറഞ്ഞ തുകയ്ക്ക് ടെൻഡർ നൽകിയ മററു രണ്ടു സ്ഥാപനങ്ങൾ ടെണ്ടറിൽനിന്നും പുറത്തായതിനെക്കുറിച്ചും വിശദമായ അന്വേഷണം നടത്തുമോ;

(ഇ) പാഠപുസ്തകങ്ങൾ അച്ചടിക്കാൻ സി-ആപ്റ്റിന് സാങ്കേതിക സംവിധാനങ്ങൾ ഉണ്ടോയെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ പാഠപുസ്തക അച്ചടി സി-ആപ്റ്റിനെ ഏല്പിച്ചത് എന്തിനാണ്?

ഉത്തരം

(എ&ബി) 2010-11 അദ്ധ്യയന വർഷം മുതൽ കെ.ബി.പി.എസ്.-നെയാണ് 1 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ അച്ചടി ഏൽപ്പിച്ചിരിക്കുന്നത്. 29-4-2015-ൽ ബഹു. വിദ്യാഭ്യാസ മന്ത്രി വിളിച്ചു ചേർത്ത പാഠപുസ്തക അവലോകന യോഗത്തിൽ 31-5-2015-നകം ഒന്നാംഘട്ട പാഠപുസ്തക അച്ചടി പൂർത്തീകരിക്കാൻ കഴിയില്ലെന്ന് കെ.ബി.പി.എസ്. അറിയിച്ചതിനെ തുടർന്ന് സ.ഉ.(കൈ)174/15/ഉ.വി.വ. തീയതി 15-5-2015 പ്രകാരം 60,38,000 പുസ്തകങ്ങൾ വാഴൂർ, മണ്ണന്തല, ഷൊർണ്ണൂർ എന്നീ ഗവ. പ്രസ്സുകൾ മുഖാന്തിരം അച്ചടിക്കുന്നതിന് അനുമതി ഉത്തരവ് ഉന്നത വിദ്യാഭ്യാസ (എച്ച്) വകുപ്പിൽനിന്നും പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഉത്തരവായ പ്രകാരമുള്ള തീയതിയിൽ (1-6-2015) ഗവ. പ്രസ്സുകൾക്കും അച്ചടി പൂർത്തിയാക്കാൻ കഴിയാതെ വന്ന സാഹചര്യത്തിൽ സി.ആപ്റ്റ് മുഖേന 43 ലക്ഷത്തോളം പുസ്തകങ്ങൾ പുറം കരാർവഴി അച്ചടിക്കാൻ മന്ത്രിസഭായോഗത്തിൽ തീരുമാനമെടുത്തെങ്കിലും ആയത് കാലതാമസവും അധിക സാമ്പത്തിക ബാദ്ധ്യതയും വരുത്തുമെന്ന്

ബോദ്ധ്യപ്പെട്ടതിനാൽ, കെ.ബി.പി.എസ്. സന്നദ്ധത അറിയിച്ചതിനെ തുടർന്ന് ഗവൺമെന്റ് പ്രസ്സിൽ അച്ചടിക്കാതെ ശേഷിച്ച 43 ലക്ഷം ഒന്നാംഘട്ട പാഠപുസ്തകങ്ങൾ 2015 ജൂലൈ 20-നകം അച്ചടി പൂർത്തീകരിച്ച് നൽകണമെന്ന വ്യവസ്ഥയിൽ സ.ഉ. (സാധാ) നമ്പർ 2507/15/പൊ.വി.വ. തീയതി 23-6-2015 പ്രകാരം കെ.ബി.പി.എസ്.-ന് അനുമതി ഉത്തരവ് നൽകുകയുണ്ടായി. C-apt മുഖേന അച്ചടി നൽകിയതിൽ ക്രമക്കേട് നടന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ധനകാര്യ പരിശോധനാവിഭാഗം അന്വേഷണം നടത്തുകയും റിപ്പോർട്ടിന്മേൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് മേൽ നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു.

(സി) 1 മുതൽ 8 വരെ ക്ലാസ്സിലെ 43,39,700 പാഠപുസ്തകങ്ങൾ അച്ചടിക്കാൻ ടെൻഡർ ക്ഷണിച്ചത് 6-6-2015-ലാണ്. ടെൻഡറിൽ മൂന്നു സ്ഥാപനങ്ങളാണ് പങ്കെടുത്തത്. ടെൻഡർ നടപടികൾക്ക് കാലതാമസമെടുക്കുമെന്നതിനാലും സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുമെന്നതും കണക്കിലെടുത്ത് ഇക്കാര്യത്തിൽ C-apt-ന് നൽകിയ നിർദ്ദേശം റദ്ദാക്കുകയുണ്ടായി.

(ഡി) ഈ വിഷയത്തെക്കുറിച്ച് ധനകാര്യ പരിശോധന വിഭാഗം അന്വേഷണം നടത്തിയതിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ ക്രമക്കേടുകളിന്മേലുള്ള നടപടി ശിപാർശ റിപ്പോർട്ടിന്മേൽ ഉന്നത വിദ്യാഭ്യാസ (കെ) വകുപ്പിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) പാഠപുസ്തകങ്ങൾ അച്ചടിക്കാനുള്ള സാങ്കേതിക സംവിധാനങ്ങൾ ഉണ്ടെന്ന് സി-ആപ്റ്റ് അറിയിച്ചിരുന്നു.

**കൊടക്കാട് മോഡൽ റസിഡൻഷ്യൽ സ്കൂളിൽ പ്ലസ് ടു കോഴ്സ്**

72(2931) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കൊടക്കാട് പട്ടികജാതി വിഭാഗക്കാർക്കായുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളിൽ പ്ലസ്ടു കോഴ്സ് അനുവദിക്കുന്നതിന് തടസ്സങ്ങൾ വല്ലതുമുണ്ടോ;

(ബി) ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ഉള്ള പ്രസ്തുത സ്കൂളിൽ പ്ലസ്ടു കോഴ്സ് അനുവദിക്കുന്നതിന് എപ്പോൾ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) പുതിയ ഹയർസെക്കണ്ടറി സ്കൂളുകളോ അധിക ഹയർ സെക്കണ്ടറി ബാച്ചുകളോ അനുവദിക്കുന്നകാര്യം വിവിധ കോടതി വിധികളുടെ വെളിച്ചത്തിൽ സർക്കാർ നയപരമായ തീരുമാനമെടുക്കുന്ന മുറയ്ക്ക് മാത്രമേ പരിശോധിക്കാൻ

കഴിയുകയുള്ളൂ.

**അദ്ധ്യാപക പാക്കേജ്**

73(2932) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ 2015-16 വർഷത്തെ അദ്ധ്യാപക പാക്കേജ് ഹൈക്കോടതി തടഞ്ഞു വക്കുകയുണ്ടായോ; ഇതിനിടയായ സാഹചര്യം എന്തായിരുന്നു;

(ബി) 2014-15-ലെ അദ്ധ്യാപക പാക്കേജ് തടഞ്ഞുവച്ച ഹൈക്കോടതി സിംഗിൾ ബഞ്ചിന്റെ വിധിക്കെതിരെ ഡിവിഷൻ ബെഞ്ചിൽ അപ്പീൽ നല്കിയിട്ടുണ്ടായിരുന്നുവോ; പ്രസ്തുത അപ്പീലിൽ തീരുമാനം ആകുന്നതിനിടയിൽ വീണ്ടും പാക്കേജ് പ്രഖ്യാപിച്ചത് ആരുടെ നിയമോപദേശപ്രകാരമായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(സി) അദ്ധ്യാപക പാക്കേജുകൾ സംബന്ധിച്ച് കോടതിയുടെ പരിഗണനയിലിരിക്കുന്ന കേസുകൾ ഏതൊക്കെ; ഏതെല്ലാം കേസുകളിൽ വിധി പ്രസ്താവിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ ;

(ഡി) അദ്ധ്യാപക പാക്കേജ് നടപ്പിലാക്കുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

**ഉത്തരം**

(എ) 2015-16 വർഷം ജി.ഒ.(പി) 213/15/പൊ.വി.വ. നമ്പരായി പുറപ്പെടുവിച്ച അദ്ധ്യാപക പാക്കേജ് ബഹു. ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുണ്ട്. ചില മാനേജർമാർ ടി ഉത്തരവിനെതിരെ റിട്ട് ഹർജി ഫയൽ ചെയ്തതിനെ തുടർന്നാണ് സ്റ്റേ വന്നിട്ടുള്ളത്.

(ബി) ബഹു. ഹൈക്കോടതിയുടെ സിംഗിൾ ബഞ്ച് വിധിക്കെതിരെ 812/15-ാം നമ്പർ റിട്ട് അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. അദ്ധ്യാപകരുടെ നിയമനാംഗീകാരവും തസ്തികനിർണ്ണയ നടപടികളും തടസ്സപ്പെട്ട സാഹചര്യത്തിൽ, 2015-16-ലെ തസ്തിക നിർണ്ണയം നടത്തുവാൻ സഹായകമാകുമെന്നതിനാൽ നിയമ വകുപ്പിന്റെ കൂടി അഭിപ്രായമാരാഞ്ഞ ശേഷമാണ് ജി.ഒ.(പി)213/15/ പൊ.വി.വ. പ്രകാരം പുതിയ പാക്കേജ് ഉത്തരവ് പുറപ്പെടുവിച്ചത്.

(സി&ഡി) സർക്കാരിന്റെ പാക്കേജ് ഉത്തരവിനും അനുബന്ധ ഉത്തരവുകൾക്കെതിരെയും WA 812/15, WP(C)67/15, WP(C) 26111/15, WP(C) 23933/14 തുടങ്ങിയ നിരവധി കേസുകൾ കോടതിയുടെ പരിഗണനയിലാണ്. അവയിൽ വിധി പ്രഖ്യാപിച്ചിട്ടില്ല. പാക്കേജുമായി ബന്ധപ്പെട്ട ഉത്തരവുകളെല്ലാം ഹൈക്കോടതിയുടെ

പരിഗണനയിലും സ്റ്റേയിലുമായതിനാലാണ് നിലവിൽ അവ നടപ്പാക്കുവാൻ കഴിയാത്തത്.

**പാഠപുസ്തക അച്ചടിയിലെ ക്രമക്കേട്**

74(2933) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 അധ്യയന വർഷം വിദ്യാലയങ്ങളിലെ പാഠപുസ്തക അച്ചടിയും വിതരണവും നടത്തുവാൻ ചുമതലപ്പെടുത്തിയ സ്ഥാപനങ്ങൾ ഏതെല്ലാമെന്നും പ്രസ്തുത സ്ഥാപനങ്ങൾ ഈ അധ്യയനവർഷം എത്ര പുസ്തകങ്ങൾ നാളിതുവരെ അച്ചടിച്ചുവെന്നും ഇനി ഈ വർഷം എത്ര പുസ്തകങ്ങൾ കൂടി അച്ചടിക്കുവാനുണ്ട് എന്നും വ്യക്തമാക്കുമോ;

(ബി) 2015-16 അധ്യയന വർഷം പ്രസ്തുത അച്ചടിക്കും വിതരണത്തിനുമായി എത്ര തുകയാണ് നാളിതുവരെ പ്രസ്തുത സ്ഥാപനങ്ങൾക്ക് നൽകിയതെന്നും ഓരോ സ്ഥാപനത്തിനും ഈയിനത്തിൽ എത്ര തുക നൽകാനുണ്ട് എന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത പാഠപുസ്തക അച്ചടിയിൽ വ്യാപകമായ ക്രമക്കേട് നടന്നതായി ധനകാര്യ പരിശോധനാ വിഭാഗം കണ്ടെത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) 2015-16 അധ്യയന വർഷം ഒന്നു മുതൽ എട്ടു വരെയുള്ള ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ അച്ചടിച്ചു നൽകുവാൻ സർക്കാരോ, സർക്കാർ നിശ്ചയിച്ച സ്ഥാപനമോ, സി-ആപ്റ്റ് എന്ന സ്ഥാപനത്തെ ഏൽപ്പിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പുസ്തകങ്ങൾ അച്ചടിക്കുവാനാണ്ഏൽപ്പിച്ചത്; വിശദമാക്കുമോ;

(ഇ) സർക്കാരോ സർക്കാർ നിയോഗിച്ച സ്ഥാപനങ്ങളോ അറിയാതെ, സി-ആപ്റ്റ് ആർക്കാണ് പ്രസ്തുത അച്ചടിക്ക് പുറം കരാർ നൽകിയത്; പ്രസ്തുത കരാർ ഏറ്റെടുത്ത സ്ഥാപനത്തിന്റെ ആസ്ഥാനം എവിടെയാണ്; ടെൻഡർ നടപടികളിൽ എന്തെല്ലാം ക്രമക്കേടുകളാണ് സി-ആപ്റ്റ് നടത്തിയത് എന്നാണ് ധനകാര്യ പരിശോധനാവിഭാഗം കണ്ടെത്തിയത്; വെളിപ്പെടുത്തുമോ;

(എഫ്) ഇത്തരത്തിൽ സി-ആപ്റ്റ് പുറം കരാർ നൽകിയതുവഴി എത്ര പുസ്തകങ്ങൾ ഈ അധ്യയന വർഷം അച്ചടിച്ചു നൽകി; ആയതിനു ചെലവഴിച്ച തുക എത്ര; വ്യക്തമാക്കുമോ; പ്രസ്തുത കാലയളവിൽ സി-ആപ്റ്റിന്റെ മാനേജിംഗ് ഡയറക്ടർ ആരായിരുന്നു എന്നും ഇദ്ദേഹത്തിനെതിരെ എന്തെല്ലാം വകുപ്പുതല

നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ;

(ജി) ഈ സർക്കാരിന്റെ കാലയളവിനുള്ളിൽ നാളിതുവരെ അധിക പുസ്തകം അച്ചടിച്ചത്, സിലബസ് മാറ്റം തുടങ്ങിയ കാരണങ്ങളാൽ എത്ര പുസ്തകങ്ങൾ നശിപ്പിച്ചു; ആയതുമായി ബന്ധപ്പെട്ട് സർക്കാർ ഖജനാവിന് എന്ത് തുകയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 29-4-2015-ൽ ബഹു. വിദ്യാഭ്യാസ മന്ത്രി വിളിച്ചു ചേർത്ത പാഠപുസ്തക അവലോകന യോഗത്തിൽ 31-5-2015-നകം ഒന്നാംഘട്ട പാഠപുസ്തക അച്ചടി പൂർത്തീകരിക്കാൻ കഴിയില്ലെന്ന് കെ.ബി.പി.എസ്. അറിയിച്ചതിനെ തുടർന്ന് സ.ഉ.(കൈ)174/15/ഉ.വി.വ. തീയതി 15/5/2015 പ്രകാരം 60,38,000 പുസ്തകങ്ങൾ വാഴൂർ, മണ്ണന്തല, ഷൊർണ്ണൂർ എന്നീ ഗവ. പ്രസ്സുകൾ മുഖാന്തരം അച്ചടിക്കുന്നതിന് അനുമതി ഉത്തരവ് ഉന്നത വിദ്യാഭ്യാസ (എച്ച്) വകുപ്പിൽനിന്നും പുറപ്പെടുവിച്ചു. എന്നാൽ ഉത്തരവായ പ്രകാരമുള്ള തീയതിയിൽ (1-6-2015) ഗവ. പ്രസ്സുകൾക്കും അച്ചടി പൂർത്തിയാക്കാൻ കഴിയാതെ വന്ന സാഹചര്യത്തിൽ കെ.ബി.പി.എസ്. സന്നദ്ധത അറിയിച്ചതിനെ തുടർന്ന് ഗവ. പ്രസ്സിൽ അച്ചടിക്കാതെ ശേഷിച്ച 43 ലക്ഷം ഒന്നാംഘട്ട പാഠപുസ്തകങ്ങൾ 2015 ജൂലൈ 20-നകം അച്ചടി പൂർത്തീകരിച്ച് നൽകണമെന്ന വ്യവസ്ഥയിൽ സ.ഉ.(സാധാ)നമ്പർ 2507/15/പൊ.വി.വ. തീയതി 23-6-2015 പ്രകാരം കെ.ബി.പി.എസ്.-ന് അനുമതി ഉത്തരവ് നൽകിയിരുന്നു. അതുപ്രകാരം ഒന്നാംഘട്ട പാഠപുസ്തകങ്ങൾ 20-7-2015-നകം തന്നെ അച്ചടി പൂർത്തീകരിച്ചിട്ടുള്ളതും വിതരണം നടത്തിയിട്ടുള്ളതുമാണ്. രണ്ടാംഘട്ട പാഠ പുസ്തകങ്ങളുടെ അച്ചടി സംബന്ധിച്ചിടത്തോളം സ്കൂൾ ഹെഡ്മാസ്റ്റർമാർ നൽകിയ ഇൻഡന്റ് പ്രകാരമുള്ള പാഠപുസ്തകങ്ങളുടെ വിതരണം പൂർത്തിയായതായി കെ.ബി.പി.എസ്. അറിയിച്ചിട്ടുണ്ട്. അധികമായി ആവശ്യമുള്ള പുസ്തകങ്ങൾക്കുള്ള ഇൻഡന്റ് 7-12-2015-നകം നൽകുവാൻ സ്കൂൾ അധികൃതർക്ക് നിർദ്ദേശം നൽകിയിരുന്നു. ഹയർസെക്കണ്ടറി/വൊക്കേഷണൽ ഹയർസെക്കണ്ടറി പാഠ പുസ്തകങ്ങളുടെ അച്ചടിയും വിതരണവും പൂർത്തിയായിട്ടുണ്ട്.

(ബി) പാഠപുസ്തക അച്ചടിക്കായി 2015-16 അദ്ധ്യയന വർഷത്തിൽ 1,91,33,333 രൂപ അഡ്വാൻസായി ടെക്സ്റ്റ് ബുക്ക് ഓഫീസിൽനിന്നും, കെ.ബി.പി.എസ്-ന് നൽകിയിട്ടുണ്ട്. ബാക്കി നൽകാനുള്ള തുക അച്ചടി സംബന്ധിച്ച് അനുബന്ധ രേഖകൾ സമർപ്പിക്കുന്ന മുറയ്ക്ക് കെ.ബി.പി.എസ്-ന്

നല്കേണ്ടതായിട്ടുണ്ട്. ഹയർസെക്കണ്ടറി പാഠപുസ്തക അച്ചടിക്കായി തുക അനുവദിച്ചിട്ടില്ല. പാഠപുസ്തകങ്ങൾ വിദ്യാർത്ഥികൾക്ക് നല്കികഴിഞ്ഞശേഷം ലഭ്യമാകുന്ന തുക അതാതു പ്രിൻസിപ്പാൾമാർ പ്രിന്ററെ ഏൽപ്പിക്കുകയാണ് ചെയ്യാറുള്ളത്.

(സി&ഡി) ഒന്നു മുതൽ എട്ടുവരെയുള്ള ക്ലാസ്സുകളിലെ 2015-16 അദ്ധ്യായന വർഷത്തെ പാഠപുസ്തക അച്ചടി സി-ആപ്റ്റ് പുറം കരാർ നൽകിയതിൽ വ്യാപക ക്രമക്കേട് നടന്നതായുള്ള ആരോപണങ്ങളിന്മേൽ ധനകാര്യ പരിശോധനാ വിഭാഗം നടത്തിയ അന്വേഷണ റിപ്പോർട്ട് സർക്കാരിൽ ലഭ്യമായിട്ടുണ്ട്. പുറം കരാർ നൽകിയ ടെൻഡർ നടപടിക്രമങ്ങളിൽ സുതാര്യതയില്ലാത്തതിനാലും M/s മണിപ്പാൽ ടെക്നോളജീസ് ലിമിറ്റഡിനെ കൂടിയ രൂപയ്ക്ക് ടെണ്ടർ ഏൽപ്പിച്ച നടപടി സംശയമുളവാക്കുന്നതിനാലും മാനേജിംഗ് ഡയറക്ടർ എന്ന നിലയ്ക്ക് ശ്രീ. സജിത്ത് വിജയരാഘവൻ ആർജ്ജിച്ച സ്വത്തുകളിന്മേൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ മുഖേന അന്വേഷണം നടത്തുവാനും റിപ്പോർട്ടിൽ ശിപാർശ ചെയ്തിരിക്കുന്നു. ആയതിന്മേൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് തുടർ നടപടി സ്വീകരിച്ചുവരുന്നു. 1 മുതൽ 8 വരെ ക്ലാസ്സിലെ 4339700 പാഠപുസ്തകങ്ങൾ അച്ചടിക്കാൻ സി-ആപ്റ്റിന് ഉന്നത വിദ്യാഭ്യാസ (എച്ച്) വകുപ്പിന്റെ 10-6-2015-ലെ 15856/എച്ച്2/2015/ഉ.വി.വ. കത്ത് പ്രകാരം നിർദ്ദേശം നൽകിയിരുന്നു. എന്നാൽ സി-ആപ്റ്റ് മുഖേന അച്ചടി നടക്കുകയുണ്ടായിട്ടില്ല.

(ഇ&എഫ്) കെ.ബി.പി.എസ്-നും സർക്കാർ പ്രസ്സുകൾക്കും സമയബന്ധിതമായി അച്ചടി പൂർത്തീകരിക്കാൻ കഴിയാതെ വന്ന സാഹചര്യത്തിൽ 3-6-2015-ലെ മന്ത്രിസഭാ തീരുമാനപ്രകാരം 43 ലക്ഷത്തോളം പുസ്തകങ്ങൾ സി-ആപ്റ്റ് വഴി പുറം കരാർ നൽകി അച്ചടിക്കാൻ തീരുമാനമെടുത്തുവെങ്കിലും ടെൻഡർ നടപടികൾക്ക് കാലതാമസമെടുക്കുമെന്നതിനാലും സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുമെന്നത് കണക്കിലെടുത്തും ഉന്നത വിദ്യാഭ്യാസ (എച്ച്) വകുപ്പിൽനിന്നും 10-6-2015-ൽ 15856/എച്ച്2/15/ഉ.വി.വ. നമ്പർ കത്ത് പ്രകാരം നൽകിയ നിർദ്ദേശം റദ്ദാക്കുകയുണ്ടായി. തുർന്ന് കെ.ബി.പി.എസ്. അച്ചടി തുടരാൻ സന്നദ്ധത അറിയിച്ചതനുസരിച്ച് സ.ഉ.(സാധാ) 2907/15/പൊ.വി.വ. തീയതി 23-6-2015 പ്രകാരം ഒന്നാംഘട്ട പാഠപുസ്തകങ്ങളിൽ ശേഷിച്ച അച്ചടി 2015 ജൂലൈ 20-നകം പൂർത്തിയാക്കണമെന്ന വ്യവസ്ഥയിൽ കെ.ബി.പി.എസ്-നെ ചുമതലപ്പെടുത്തി ഉത്തരവായിരുന്നു. 6-6-2015-ന് തയ്യാറാക്കിയ ടെണ്ടർ നോട്ടീസ് 7-6-2015-ന് വൈകുന്നേരം 5.16-ന് ഇ-ടെണ്ടറായി അപ്‌ലോഡ് ചെയ്യുകയും ഹിന്ദു, മംഗളം ദിനപ്പത്രത്തിൽ മാത്രം 8-6-2015-ന് പ്രസിദ്ധീകരിക്കുകയും ചെയ്തു.

കേരളത്തിൽ പ്രചാരത്തിലുള്ള പ്രമുഖ ദിനപത്രങ്ങളെ ഒഴിവാക്കിയ സി-ആപ്റ്റ് മാനേജിംഗ് ഡയറക്ടറുടെ നടപടി മനഃപൂർവ്വമായി കാണുന്നു. സ്റ്റോർ പർച്ചേയ്സ് മാന്വൽ 2013 സെക്ഷൻ 7.13 പ്രകാരം ടെണ്ടർ നോട്ടിഫിക്കേഷന് വ്യാപക പ്രചാരണം നൽകേണ്ടതാണ്. ടെണ്ടർ തുറക്കുന്നതിനുള്ള സമയം, തീയതി, ജോലിയുടെ അടിയന്തര സ്വഭാവം, ടെണ്ടർ കാലയളവ് വെട്ടിചുരുക്കൽ, നിരതദ്രവ്യം അടയ്ക്കുന്നതിനുള്ള കുറഞ്ഞ സമയം, എന്നിവ സംബന്ധിച്ച വിവരങ്ങൾ വിന്റോ പരസ്യത്തിൽ നൽകാതിരുന്ന മാനേജിംഗ് ഡയറക്ടറുടെ നടപടികൾ ഗുരുതര വീഴ്ചയാണ്. ലേലം സംബന്ധിച്ച വിവരങ്ങൾ രഹസ്യമായി സൂക്ഷിച്ച സി-ആപ്റ്റ് മാനേജരുടെ പ്രവർത്തി കുറ്റകരം തന്നെയാണ്. ഈ കാര്യങ്ങളാണ് ധനകാര്യ പരിശോധന വിഭാഗത്തിന്റെ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളത്. ശ്രീ. സജിത്ത് വിജയരാഘവൻ ആയിരുന്നു സി-ആപ്റ്റിന്റെ മാനേജിംഗ് ഡയറക്ടർ. M/s മണിപ്പാൽ ടെക്നോളജീസ് ലിമിറ്റഡിന് കൂടിയതുകയ്ക്ക് ടെണ്ടർ ഏൽപ്പിച്ച നടപടി സംശയമുളവാക്കുന്നതിനാലും മാനേജിംഗ് ഡയറക്ടർ എന്ന നിലയ്ക്ക് ശ്രീ. സജിത്ത് വിജയരാഘവൻ ആർജ്ജിച്ച സ്വത്തുകളിന്മേൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ മുഖേന അന്വേഷണം നടത്തുവാൻ റിപ്പോർട്ടിൽ ശിപാർശ ചെയ്തിരിക്കുന്നു. ആയതിന്മേൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് തുടർ നടപടി സ്വീകരിച്ചുവരുന്നു. സി-ആപ്റ്റ് മുഖേന അച്ചടി നടക്കുകയുണ്ടായില്ല.

(ജി) ഈ സർക്കാരിന്റെ കാലത്ത് പാഠപുസ്തകങ്ങൾ നശിപ്പിച്ചതായി അറിവില്ല.

## പാഠപുസ്തക അച്ചടിയിലെ ക്രമക്കേട്

75(2934) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാഠപുസ്തക അച്ചടിയുമായി ബന്ധപ്പെട്ട് സി-ആപ്റ്റിൽ ഏതെങ്കിലും തരത്തിലുള്ള ക്രമക്കേടുകൾ നടന്നിട്ടുള്ളതായുള്ള ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് സി-ആപ്റ്റ് എം.ഡി.യെ പുറത്താക്കാൻ ധനകാര്യ പരിശോധനാ വിഭാഗം ശിപാർശ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) സി-ആപ്റ്റ് എം.ഡി.-യെ ടിയാളുടെ മാതൃ സ്ഥാപനത്തിലേക്ക് തിരികെ അയയ്ക്കുവാൻ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഇതിന്മേലുള്ള തുടർനടപടികൾ ഉന്നത വിദ്യാഭ്യാസ (കെ) വകുപ്പിന്റെ ഫയലിൽ സ്വീകരിച്ച് വരുന്നു.

**അയോഗ്യരും അഴിമതിക്കാരുമായ സ്ഥാപന മേധാവികൾ**

76(2935) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിന് കീഴിൽ വരുന്ന വിവിധ സ്ഥാപനങ്ങളിൽ അയോഗ്യരും അഴിമതിക്കാരുമായ ഉദ്യോഗസ്ഥരെ സ്ഥാപന മേധാവികളായി നിയമിക്കുന്നത് സംബന്ധിച്ച് ആക്ഷേപമുയർന്നിട്ടുണ്ടോ ;

(ബി) ഓപ്പൺ സ്കൂൾ സ്റ്റേറ്റ് കോ-ഓർഡിനേറ്ററായി നിയമിക്കപ്പെടുന്നതിന് വേണ്ട യോഗ്യത എന്താണ്; പ്രസ്തുത തസ്തികയിൽ നിയമിക്കപ്പെട്ട ശ്രീ. പി. അബ്ദുൾ ജലീലിന് നിർദ്ദിഷ്ട യോഗ്യതയുണ്ടോ ;

(സി) ശ്രീ. പി. അബ്ദുൾ ജലീൽ കോ-ഓർഡിനേറ്ററായി ചുമതലയേറ്റതിനു ശേഷം സ്ഥാപനത്തിൽ ഫണ്ട് ക്രമക്കേട് നടന്നതായി പരാതി ഉയർന്നിട്ടുണ്ടോ ; ധനകാര്യ പരിശോധനാ വിഭാഗവും വിജിലൻസും ക്രമക്കേട് കണ്ടെത്തിയിട്ടുണ്ടോ; ഇതു സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ടോ ; ഇതു സംബന്ധിച്ച് ആരുടെയെല്ലാം പേരിൽ ലോകായുക്തയിൽ കേസ് ഉണ്ടെന്നറിയിക്കുമോ ;

(ഡി) ഓപ്പൺ സ്കൂളിനെ പുനഃസംഘടിപ്പിച്ച് രൂപീകരിച്ച സ്കോൾ കേരളയുടെ ഡയറക്ടർ സ്ഥാനത്തേക്ക് ശ്രീ. പി. അബ്ദുൾ ജലീലിനെ നിയമിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ഇ) എസ്.സി.ഇ.ആർ.ടി. ഡയറക്ടറുടെ നിയമനം സംബന്ധിച്ച് ആക്ഷേപം ഉയർന്നിട്ടുണ്ടോ ; സർക്കാർ സർവ്വീസിലുള്ളവരെ മാത്രം നിയമിക്കുന്ന ഈ തസ്തികയിൽ എയ്ഡഡ് മേഖലയിൽ നിന്നുള്ള ഡോ. പി. എ. ഫാത്തിമയെ നിയമിക്കാനിടയായ സാഹചര്യം വിശദമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടില്ല.

(ബി) കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂളിന് സർക്കാർ നിഷ്കർഷിക്കുന്ന സ്പെഷ്യൽ റൂൾസ് ഇല്ലാത്തതിനാൽ നിലവിൽ പ്രത്യേക യോഗ്യത നിശ്ചയിച്ച് ഉത്തരവായിട്ടില്ല. ശ്രീ. അബ്ദുൾ ജലീൽ ഹയർസെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽനിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ആണ് ഇപ്പോൾ ജോലി ചെയ്തുവരുന്നത്. ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂൾ അദ്ധ്യാപകനായ ശ്രീ. അബ്ദുൾ ജലീലിന് സ്റ്റാറ്റിസ്റ്റിക്സ് വിഷയത്തിൽ ബിരുദാനന്തര ബിരുദവും B.Ed യോഗ്യതയും ഉണ്ട്.

(സി) ഓപ്പൺ സ്കൂൾ ഫണ്ട് തിരിമറികൾ ഉണ്ടെന്ന് കാണിച്ച് ബഹു. ലോകായുക്ത മുമ്പാകെ സമർപ്പിച്ച ആക്ഷേപത്തിന്മേൽ പ്രാഥമികാന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ക്രൈംബ്രാഞ്ച് എസ്.പി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതുസംബന്ധിച്ച മറ്റ് വിവരങ്ങൾ ലഭ്യമല്ല.

(ഡി) ഇതുസംബന്ധിച്ച് നിലവിൽ തീരുമാനമൊന്നും ആയിട്ടില്ല.

(ഇ) എസ്.സി.ഇ.ആർ.ടി. ഡയറക്ടറുടെ നിയമനത്തെ സംബന്ധിച്ച് ആക്ഷേപം ഉണ്ടായിട്ടില്ല. 18-7-2014-ൽ എസ്.സി.ഇ.ആർ.ടി. ഡയറക്ടറായിരുന്ന പ്രൊഫ. ഹാഷിം സ്ഥാനമൊഴിഞ്ഞശേഷം പ്രസ്തുത സ്ഥാപനത്തിൽ ഒരു സ്ഥിരം ഡയറക്ടർ ഉണ്ടായിട്ടില്ല. പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് പ്രസ്തുത ചാർജ് നൽകുകയാണ് ചെയ്തിരുന്നത്. [ജി.ഒ.(ആർ.ടി.) നമ്പർ 2802/14/പൊ.വി.വ. തീയതി 15-7-2014] തുടർന്ന് 1-10-2014-ലെ ജി.ഒ.(ആർ.ടി.)നമ്പർ 3947/14/ പൊ.വി.വ. പ്രകാരം എസ്.സി.ഇ.ആർ.ടി.-യിലെ കരിക്കുലം തലവനായിരുന്ന ഡോ. എസ്. രവീന്ദ്രൻ നായർക്ക് എസ്.സി.ഇ.ആർ.ടി. ഡയറക്ടറുടെ അധിക ചുമതല നൽകുകയുണ്ടായി. കൂടാതെ എസ്.സി.ഇ.ആർ.ടി.-യുടെ മെമ്മോറാണ്ടം ഓഫ് അസോസിയേഷനിൽ (MOA) വ്യക്തമാക്കുന്നതനുസരിച്ച് സംസ്ഥാന സർക്കാരാണ് എസ്.സി.ഇ.ആർ.ടി. ഡയറക്ടറെ നിയമിക്കേണ്ടത്. 18-7-2014 മുതലുള്ള നീണ്ട കാലയളവ് എസ്.സി.ഇ.ആർ.ടി.-യിൽ സ്ഥിരം ഡയറക്ടർ ഇല്ലാത്തതിനാലാണ് MOA-യിലെ ആർട്ടിക്കിൾ 19 പ്രകാരം സംസ്ഥാന സർക്കാർ നെടുങ്കണ്ടം എം.ഇ.എസ്. കോളേജിലെ പ്രിൻസിപ്പാളായിരുന്ന ഡോ. പി. എ. ഫാത്തിമയെ എസ്.സി.ഇ.ആർ.ടി. ഡയറക്ടറായി നിയമിച്ച് ജി.ഒ.(ആർടി.)നമ്പർ 5243/15/ പൊ.വി.വ. തീയതി 9-11-2015 പ്രകാരം ഉത്തരവ്

പുറപ്പെടുവിച്ചത്.

**നെടുങ്ങോലം ഗവ. ഹയർസെക്കണ്ടറി സ്കൂളിന് ക്ലാസ് മുറികൾ**

77(2936) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ നെടുങ്ങോലം ഗവ. ഹയർ സെക്കന്ററി സ്കൂളിന് ആവശ്യത്തിലേക്കുതകുന്ന ക്ലാസ് മുറികൾ ഇല്ലാത്തത് സംബന്ധിച്ച അപേക്ഷകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 70 വർഷത്തിൽപ്പരം പഴക്കമുള്ളതും എൽ.പി. വിഭാഗം പ്രവർത്തിച്ചിരുന്നതുമായ ക്ലാസ് മുറികളിൽ പഠനം നടത്തുന്ന ഹയർസെക്കണ്ടറി കുട്ടികൾക്ക് ആവശ്യമായ മുറികൾ നിർമ്മിച്ച് നൽകുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശം അറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നെടുങ്ങോലം ഗവ. ഹയർസെക്കണ്ടറി സ്കൂളിന് 200 ലക്ഷം രൂപ മതിപ്പു ചെലവിൽ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നൽകുന്നതിനുള്ള ശിപാർശ സർക്കാർ പരിശോധിച്ചുവരുകയാണ്.

**കൽപ്പറ്റ നിയോജക മണ്ഡലത്തിലെ സമഗ്ര വിദ്യാഭ്യാസ പദ്ധതി**

78(2938) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജക മണ്ഡലത്തിൽ നടപ്പാക്കുന്ന സമഗ്ര വിദ്യാഭ്യാസ പദ്ധതി നിലവിൽ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഏതെല്ലാം പ്രവർത്തനങ്ങളാണ് നടപ്പാക്കിയതെന്ന് വ്യക്തമാക്കുമോ;

(സി) നടപ്പു സാമ്പത്തിക വർഷം നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ഇനം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ; ആയതിന് എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സമഗ്ര വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി കൽപ്പറ്റ അസംബ്ലി നിയോജകമണ്ഡലത്തിൽ സീമാറ്റ്-കേരളയുടെ ആഭിമുഖ്യത്തിൽ നിയോജക

മണ്ഡലത്തിന്റെ വിദ്യാഭ്യാസ പുരോഗതിക്കായി ചെയ്യേണ്ട പ്രവർത്തനങ്ങളെ കുറിച്ച് ഒരു ആശയരൂപീകരണ ശില്പശാല നടത്തുകയും, തുടർപ്രവർത്തനം എന്ന നിലയിൽ സ്കൂളുകളെ സംബന്ധിച്ച് ഡേറ്റ ശേഖരണം നടത്തുകയും, പൊതുവായ (ഭൗതികവും അക്കാഡമികവുമായ) ആവശ്യങ്ങൾ കണ്ടെത്തി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തിരുന്നു. കൂടാതെ സീമാറ്റ്-കേരളയുടെ ആഭിമുഖ്യത്തിൽ കൽപ്പറ്റ നിയോജകമണ്ഡലത്തിലെ പ്രഥമാദ്ധ്യാപകർക്ക് (പ്രൈമറി തലം മുതൽ ഹയർസെക്കണ്ടറി തലംവരെ) മാനേജ്മെന്റ് പരിശീലനം നൽകുകയും മണ്ഡലത്തിൽ നടപ്പിലാക്കുന്ന സമഗ്രവിദ്യാഭ്യാസ പദ്ധതിയുടെ പ്രോജക്ട് അവരെ പരിചയപ്പെടുത്തുകയും ചെയ്തിരുന്നു.

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ആശയ രൂപീകരണം, പ്രോജക്ട് ഫൈനലൈസേഷൻ, മാനേജ്മെന്റ് പരിശീലന മൊഡ്യൂൾ തയ്യാറാക്കൽ, പ്രൈമറി തലംമുതൽ ഹയർസെക്കണ്ടറിതലംവരെയുള്ള സ്കൂൾ പ്രഥമാദ്ധ്യാപകർക്ക് സമഗ്രവിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കുന്നതു സംബന്ധിച്ച മാനേജ്മെന്റ് പരിശീലനം എന്നിവ സീമാറ്റ്-കേരളയുടെ നേതൃത്വത്തിൽ നടപ്പിലാക്കിക്കഴിഞ്ഞു. ബാക്കി പ്രവർത്തനങ്ങൾ പ്രോജക്ടിൽ പറയും പ്രകാരം ബഹു. എം.എൽ.എ. ചെയർമാനായ നിയോജകമണ്ഡലം സമിതിയുടെയും, മുനിസിപ്പൽ ചെയർമാൻ ചെയർമാനായ മുനിസിപ്പൽ കമ്മിറ്റിയുടെയും ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായ ഗ്രാമപഞ്ചായത്തു കമ്മിറ്റിയുടെയും നേതൃത്വത്തിലാണ് നടക്കുന്നത്.

(സി) സീമാറ്റ്-കേരള ചെയ്യുന്ന പ്രവർത്തനങ്ങളായ ആശയ രൂപീകരണം, പ്രോജക്ട് ഫൈനലൈസേഷൻ, മാനേജ്മെന്റ് പരിശീലന മൊഡ്യൂൾ തയ്യാറാക്കൽ, പ്രൈമറിതലം മുതൽ ഹയർസെക്കണ്ടറിതലം വരെയുള്ള സ്കൂൾ പ്രഥമാദ്ധ്യാപകർക്കുള്ള മാനേജ്മെന്റ് പരിശീലനം എന്നിവയ്ക്കുള്ള ചെലവുകൾ സീമാറ്റ്-കേരളയുടെ ഫണ്ടിൽ നിന്നാണ് ചെലവഴിക്കുന്നത്. മണ്ഡലത്തിൽ നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങൾ അതാത് മണ്ഡലങ്ങളിലെ എം.എൽ.എ. അദ്ധ്യക്ഷനായ നിയോജകമണ്ഡല കമ്മിറ്റികളുടെ നേതൃത്വത്തിലാണ് നടക്കുന്നത്. എം.എൽ.എ.-മാരുടെ വികസന ഫണ്ട്, ആർ.എം.എസ്.എ. ഫണ്ട്, സ്പോൺസർഷിപ്പ്, സന്നദ്ധ സംഘടനകൾ എന്നീ സ്രോതസ്സുകൾ വിനിയോഗിച്ചാണ് സമഗ്ര വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കി വരുന്നത്.

**പുതുക്കോട് സർവ്വജന ഹയർസെക്കണ്ടറി സ്കൂളിന്റെ മാനേജ്മെന്റ്**

79(2939) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് പുതുക്കോട് സർവ്വജന ഹയർസെക്കണ്ടറി സ്കൂളിന്റെ മാനേജ്മെന്റ് നിലവിൽ ആരിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്കൂൾ സർക്കാർ ഏറ്റെടുക്കണമെന്ന നാട്ടുകാർ, പി.ടി.എ, സ്ഥലം എം.എൽ.എ. എന്നിവരുടെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സ്കൂൾ മാനേജ്മെന്റിന് അവകാശവാദമുന്നയിച്ച് ആരെങ്കിലും അപേക്ഷ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരാണ് അപേക്ഷകൻ; ഇതിൻമേൽ സർക്കാർ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറാണ് നിലവിൽ സർവ്വജന ഹയർ സെക്കണ്ടറി സ്കൂളിന്റെ മാനേജർ.

(ബി) ഉണ്ട്.

(സി) പുതുക്കോട് സർവ്വജന ഹയർസെക്കണ്ടറി സ്കൂളിന്റെ മുൻ മാനേജർ ശ്രീ. കൃഷ്ണസ്വാമി സ്കൂളിന്റെ മാനേജുമെന്റ് അവകാശം സ്ഥാപിച്ചു കിട്ടുന്നതിനു വേണ്ടി ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത ഒ.പി. നമ്പർ 4128/2003 ഹർജിയിലെ 21-11-2014-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ വിഷയം വിശദമായി പരിശോധിക്കുകയും 15-9-2015-ലെ സ.ഉ.(സാധാ)നമ്പർ 4094/2015/പൊ.വി. പ്രകാരം പ്രസ്തുത സ്കൂൾ സർക്കാർ സ്ഥിരമായി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചും ഇക്കാര്യത്തിൽ അനുയോജ്യമായ നിർദ്ദേശം സമർപ്പിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയും ഉത്തരവായിട്ടുണ്ട്.

## കാസർഗോഡ് ജില്ലയിൽ സർക്കാർ ഏറ്റെടുത്ത മാനേജ്മെന്റ് സ്കൂളുകൾ

80(2940) <u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് കാസർഗോഡ് ജില്ലയിലെ ഏതൊക്കെ മാനേജ്മെന്റ് സ്കൂളുകൾ സർക്കാർ ഏറ്റെടുത്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) സ്കൂളുകൾ ഏറ്റെടുത്തിട്ട് വർഷങ്ങളായിട്ടും പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരുടെയും അധ്യാപകരുടെയും സർവ്വീസ് സംബന്ധിച്ച് യാതൊരു നടപടിയും ഇതുവരെ സ്വീകരിച്ചിട്ടില്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ സർവ്വീസ് കാര്യങ്ങളിൽ അടിയന്തര തീരുമാനം ഉണ്ടാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**വൈലത്തൂർ കേന്ദ്രമായി പുതിയ എ.ഇ.ഒ. ഓഫീസ്**

81(2941) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) വിദ്യാലയങ്ങളുടേയും വിദ്യാർത്ഥികളുടേയും, അദ്ധ്യാപകരുടേയും ബാഹുല്യം മലപ്പുറം ജില്ലയിലെ എ.ഇ.ഒ. ഓഫീസുകളുടെ പ്രവർത്തനത്തെ ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മലപ്പുറം ജില്ലയിലെ താനൂർ എ.ഇ.ഒ. ഓഫീസ് വിഭജിച്ച് വൈലത്തൂർ കേന്ദ്രമായി ഒരു പുതിയ എ.ഇ.ഒ. ഓഫീസ് ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇക്കാര്യം പരിഗണിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ-സി) ഉണ്ട്.

(ഡി) വൈലത്തൂർ ആസ്ഥാനമായി വിദ്യാഭ്യാസ ഉപജില്ല രൂപീകരിക്കുന്നത് സംബന്ധിച്ച പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പ്രൊപ്പോസൽ 28307/എൻ1/14/ പൊ.വി. നമ്പർ ഫയലിൽ പരിശോധിച്ചുവരുന്നു.

**സംസ്ഥാനത്തെ സ്കൂളുകളിലെ സിലബസ്**

82(2943) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒന്നാം ക്ലാസ്സ് മുതൽ പത്താം ക്ലാസ്സ് വരെ ഏതെല്ലാം സിലബസിൽ അദ്ധ്യായനം നടത്തുന്നുണ്ട് ; ഓരോ സിലബസിനും ഒന്നാം ക്ലാസ്സിൽ കഴിഞ്ഞ വർഷം ചേർന്ന കുട്ടികളുടെ കണക്ക് ലഭ്യമാക്കുമോ ;

(ബി) സംസ്ഥാന സർക്കാരിന്റെ സിലബസിൽ ചേർന്നു പഠിക്കുന്ന കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്ന സാഹചര്യമാണോ നിലവിലുള്ളത് ; എങ്കിൽ എന്താണ് കാരണമെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനും സർക്കാർ സിലബസിലേക്ക് കൂടുതൽ വിദ്യാർത്ഥികളെ ആകർഷിക്കുന്നതിനുമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**സ്മാർട്ട് ക്ലാസ് മുറികൾ**

83(2944) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുഴുവൻ ക്ലാസ് മുറികളും സ്മാർട്ട് ക്ലാസ് മുറികളാക്കി മാറ്റിയിട്ടുണ്ടോ ;ഇതിനായി ഓരോ ബഡ്ജറ്റിലും എത്ര തുക വീതം നീക്കി വയ്ക്കുകയുണ്ടായി ;അതിൽ ചെലവഴിക്കുന്നതിനായി പിൻവലിച്ച തുക എത്ര; ഇതിനായി ചെലവഴിച്ച തുകയ്ക്കനുസൃതമായ പ്രവർത്തനങ്ങൾ ഈ രംഗത്ത് ഉണ്ടായിട്ടില്ലാത്ത ആക്ഷേപം നിലനിൽക്കുന്നതാണോ ;

(ബി) സംസ്ഥാനത്തെ സർക്കാർ സ്കൂളുകളുടെ ക്ലാസ് മുറികളിൽ കുറഞ്ഞ അടിസ്ഥാന സൗകര്യങ്ങളെങ്കിലും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ; ഇവയുടെ അഭാവംമൂലം ചില സ്കൂളുകളെ ആരോഗ്യവകുപ്പ് ലിസ്റ്റ് ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല. ഈ ലക്ഷ്യം നേടുന്നതിലേക്കായി 2013-14 വർഷത്തിൽ ഒരു കോടി രൂപ സ്മാർട്ട് ക്ലാസ് റൂമിനും 2.5 കോടി രൂപ മൾട്ടിമീഡിയ ക്ലാസ് റൂമിനും, 2014-15 വർഷത്തിൽ മൾട്ടിമീഡിയ ക്ലാസ് റൂമിന് 1.8 കോടി രൂപയും അനുവദിച്ചിരുന്നു. പ്രസ്തുത തുക ഉപയോഗിച്ച് ഒരു ജില്ലയിൽനിന്നും ഒരു സ്കൂളിനെ

തെരഞ്ഞെടുത്ത് മോഡൽ സ്മാർട്ട് ക്ലാസ് റൂമുകളും 738 ഗവൺമെന്റ് ഹൈസ്കൂളുകളിൽ ഓരോ മൾട്ടിമീഡിയ ക്ലാസ് റൂമുകളും നടപ്പിലാക്കുന്നതിനുമുള്ള നടപടികൾ അവസാനഘട്ടത്തിലാണ്.

(ബി) അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ കേരളത്തിലെ മിക്ക സ്കൂളുകളും ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ മുന്നിലാണ്. എന്നാൽ ചില പ്രദേശങ്ങളിലെങ്കിലും ഇനിയും പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല. ഇതിനുള്ള ശ്രമം തുടരുന്നു. ആരോഗ്യ വകുപ്പ് മാത്രമല്ല, പ്രാദേശിക ഭരണകൂടങ്ങളും ചില സ്കൂളുകളുടെ വികസന പ്രവർത്തനങ്ങളിൽ പങ്കാളിത്തം വഹിക്കുന്നുണ്ട്.

## സെൻട്രൽ സെക്ടർ സ്കോളർഷിപ്പ്

84(2945) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയം ഏർപ്പെടുത്തിയ സെൻട്രൽ സെക്ടർ സ്കോളർഷിപ്പിന് അപേക്ഷിക്കുന്നതിനുള്ള മാനദണ്ഡമെന്താണ് ; അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന ദിവസമെന്നാണ് ;

(ബി) 80 ശതമാനത്തിന് മുകളിൽ മാർക്ക് വാങ്ങിയ പല വിദ്യാർത്ഥികൾക്കും അപേക്ഷ സമർപ്പിക്കുന്നതിന് സാധിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) ഉയർന്ന മാർക്ക് വാങ്ങിയിട്ടും അപേക്ഷ സമർപ്പിക്കാൻ കഴിയാത്ത വിദ്യാർത്ഥികൾക്ക് വീണ്ടും അവസരം നൽകുമോ ; വിശദാംശം നൽകുമോ ?

### ഉത്തരം

(എ) സെൻട്രൽ സെക്ടർ സ്കോളർഷിപ്പ് ഫ്രഷിന് അപേക്ഷിക്കാൻ ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർസെക്കണ്ടറി പരീക്ഷയ്ക്ക് 80% മാർക്കോ അതിനു മുകളിലോ നേടിയിരിക്കണം. അതത് വർഷം തന്നെ ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർസെക്കണ്ടറി, പരീക്ഷ പാസ്സായിരിക്കണം. എസ് സി.,എസ് ടി., ഒ.ബി.സി. വിഭാഗങ്ങൾക്ക് 15%, 7.5%, 27% എന്നീ ക്രമത്തിലും, ഓരോ വിഭാഗത്തിലും 3% ഭിന്നശേഷിയുള്ളവർക്കും സംവരണം ചെയ്തിട്ടുണ്ട്. സയൻസ്, കൊമേഴ്സ്, ഹ്യുമാനിറ്റീസ് വിഭാഗങ്ങൾക്ക് 3:2:1 എന്ന ക്രമത്തിലാണ് സംവരണം ചെയ്തിട്ടുള്ളത്. രക്ഷിതാക്കളുടെ വാർഷിക വരുമാനം 6

ലക്ഷം രൂപയിൽ താഴെയായിരിക്കണം. ആകെ സ്കോളർഷിപ്പിന്റെ 50% പെൺകുട്ടികൾക്കും സംവരണം ചെയ്തിട്ടുണ്ട്. ഈ വർഷം അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 30-11-2015 ആയിരുന്നു.

(ബി) 80 ശതമാനത്തിനു മുകളിൽ മാർക്ക് വാങ്ങിയ ചില വിദ്യാർത്ഥികൾക്ക് സെൻട്രൽ സെക്ടർ സ്കോളർഷിപ്പിന് അപേക്ഷിക്കാൻ സാധിച്ചില്ല എന്ന പരാതികൾ ലഭിച്ചിരുന്നു. പ്രസ്തുത പരാതികളെല്ലാം തന്നെ (MHRD) എം.എച്ച്.ആർ.ഡി.-ക്ക് അയച്ചു കൊടുത്തിട്ടുണ്ട്. കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയത്തിൽനിന്നും മറുപടി ലഭിക്കുന്ന മുറയ്ക്ക് പരാതിക്കാരെ അക്കാര്യം അറിയിക്കുകയും ചെയ്യുന്നുണ്ട്. 2008-2009 അദ്ധ്യായന വർഷം മുതൽ 2014-2015 അദ്ധ്യയന വർഷം വരെ 80% ത്തിനു മുകളിൽ മാർക്ക് ലഭിക്കുന്ന എല്ലാ കുട്ടികൾക്കും അപേക്ഷ (CSS Fresh) നൽകുവാൻ അവസരമുണ്ടായിരുന്നു. മൊത്തം ലഭിച്ച അപേക്ഷകരിൽനിന്നും മുകളിൽ സൂചിപ്പിച്ച മാനദണ്ഡമനുസരിച്ചായിരുന്നു കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകിയിരുന്നത്. എന്നാൽ ഈ അദ്ധ്യായന വർഷം (2015-16) കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയം നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ എന്ന വെബ്സൈറ്റ് തുടങ്ങുകയും അതിൽ ഹയർസെക്കണ്ടറിയിൽനിന്നും വൊക്കേഷണൽ ഹയർസെക്കണ്ടറിയിൽ നിന്നും ലഭിച്ച 2015 മാർച്ചിൽ പാസ്സായ കുട്ടികളുടെ പട്ടികയും സെൻട്രൽ സെക്ടർ സ്കളോർഷിപ്പിന്റെ മാനദണ്ഡവും അനുസരിച്ച് 80%-ത്തിന് മുകളിൽ മാർക്ക് ലഭിച്ച കുട്ടികളുടെ ഒരു പട്ടിക പ്രസിദ്ധപ്പെടുത്തുകയും ചെയ്തിരുന്നു. പ്രസ്തുത പട്ടികയിൽ ഉൾപ്പെടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പിന് അപേക്ഷിക്കുവാൻ അവസരം നൽകിയിട്ടുണ്ട്. ഈ പ്രശ്നം പരിഹരിക്കുന്നതിനായി അടുത്ത അദ്ധ്യയന വർഷം മുതൽ 80%-ത്തിനു മുകളിൽ മാർക്ക് ലഭിക്കുന്ന എല്ലാ കുട്ടികൾക്കും അപേക്ഷ നൽകുവാൻ അവസരം നൽകണമെന്ന് കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുമുണ്ട്.

(സി) സെൻട്രൽ സെക്ടർ സ്കോളർഷിപ്പിന് (ഫ്രഷ്) അപേക്ഷിക്കാൻ കഴിയാത്ത വിദ്യാർത്ഥികൾക്ക് വീണ്ടും ഒരവസരം നൽകുക എന്നത് എം.എച്ച്. ആർ.ഡി.-യുടെ (MHRD) വിവേചനാധികാരമാണ്. ആയതിനാൽ ഈ വിഷയത്തിൽ കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയമാണ് അന്തിമ തീരുമാനമെടുക്കേണ്ടത്.

**വിദ്യാഭ്യാസ വകുപ്പിലെ ഒഴിവുകൾ**

85(2946) <u>ശ്രീ. സാജു പോൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നത് സർക്കാർ നിരീക്ഷിക്കാറുണ്ടോ;

(ബി) എറണാകുളം ജില്ലയിൽ എൽ.പി.എസ്.എ. തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും ഇതിൽ എത്ര എണ്ണം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും മുഴുവൻ ഒഴിവും റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ കാരണം എന്താണെന്നും വ്യക്തമാക്കുമോ;

(സി) പി.എസ്.സി അഡ്വൈസ് മെമ്മോ അയച്ച എത്ര ഉദ്യോഗാർത്ഥികൾക്ക് എറണാകുളം ജില്ലയിൽ നിയമനം നൽകാൻ ബാക്കിയുണ്ടെന്നും കാലതാമസത്തിന്റെ കാരണം എന്താണെന്നും വിശദമാക്കുമോ;

(ഡി) പ്രസ്തുത ജില്ലയിലെ റാങ്ക് ഹോൾഡർമാർ ജനസമ്പർക്ക പരിപാടിയിൽ സമർപ്പിച്ച നിവേദനം പരിഗണിച്ച് നിയമനം ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 2014-15-ലെ തസ്തിക നിർണ്ണയപ്രകാരം 41 ഒഴിവുകളിൽ 25 എണ്ണം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തു. ബാക്കിയുള്ള ഒഴിവുകൾ അന്തർജില്ലാ സ്ഥലംമാറ്റം, ബൈട്രാൻസ്ഫർ എന്നിവയ്ക്കായി മാറ്റിവച്ചിരിക്കുന്നു.

(സി) എറണാകുളം ജില്ലയിൽ പി.എസ്.സി. നിയമന ശിപാർശ അയച്ച ഒരു ഉദ്യോഗാർത്ഥിക്കും നിയമനം നൽകാൻ ബാക്കിയില്ല.

(ഡി) എറണാകുളം ജില്ലയിലെ റാങ്ക് ഹോൾഡർമാരുടെ നിവേദനം സർക്കാരിൽ ലഭിച്ചാലുടൻ നടപടി സ്വീകരിക്കുന്നതാണ്.

**അനാദായകരമായ സ്കൂളുകൾ**

86(2948) <u>ശ്രീ. എം. ഹംസ</u> :
<u>ശ്രീ. പുരുഷൻ കടലുണ്ടി</u> :
<u>ശ്രീ. രാജു എബ്രഹാം</u> :
<u>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ മേഖല പ്രതിസന്ധി നേരിടുന്നുണ്ടോ ; എങ്കിൽ ഇതിനുള്ള കാരണങ്ങൾ വിശദമാക്കാമോ ;

(ബി) സർക്കാർ സ്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോ; ടോയ്‌ലറ്റ് ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്ത സ്കൂളുകൾ സംബന്ധിച്ച ആരോഗ്യ വകുപ്പിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; ഇതു സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ;

(സി) സംസ്ഥാനത്ത് അനാദായകരമെന്ന് കണക്കാക്കപ്പെട്ട സ്കൂളുകളുടെ എണ്ണം വർദ്ധിച്ചുവരുന്നുണ്ടോ ; സ്കൂളുകൾ അനാദായകരമാകാനിടയായ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ ;

(ഡി) അനാദായകരമായതിനാൽ അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന സ്കൂളുകളുടെ എണ്ണം എത്ര ;

(ഇ) പ്രസ്തുത സ്കൂളുകൾ പുനരുജ്ജീവിപ്പിക്കുന്നതിനും വിദ്യാർത്ഥികളെ ആകർഷിക്കുന്നതിനും പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ; ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) പൊതുവിദ്യാഭ്യാസ മേഖല പ്രതിസന്ധി നേരിടുന്നതിനാൽ വിലയിരുത്തിയിട്ടില്ല.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) അനാദായകരമായ സ്കൂളുകളുടെ എണ്ണം വർദ്ധിച്ചുവരുന്നുണ്ട്. പൊതു വിദ്യാലയങ്ങളിൽ പ്രവേശനം നേടുന്ന കുട്ടികളുടെ എണ്ണത്തിൽ ക്രമാനുഗതമായ കുറവ് കഴിഞ്ഞ കുറേ വർഷങ്ങളായി കാണപ്പെടുന്നുണ്ട്. സി.ബി.എസ്.ഇ. സ്കൂളുകളോടുള്ള ആഭിമുഖ്യവും അൺ എയ്ഡഡ് സ്കൂളുകളിൽ കൂടുതൽ കുട്ടികൾ പ്രവേശനം നേടുന്നതും പൊതുവിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം കുറയാൻ കാരണമായിട്ടുള്ളതായി വിലയിരുത്തിയിട്ടുണ്ട്.

(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഇ) സർവ്വശിക്ഷാ അഭിയാന്റെ നേതൃത്വത്തിൽ ഫോക്കസ് 15 എന്ന പദ്ധതി നടപ്പാക്കുകയുണ്ടായി. ഈ പദ്ധതിയിലൂടെ 50 കുട്ടികളിൽ കുറവുള്ള 1423 സ്കൂളുകളെ പ്രത്യേക പരിഗണന അർഹിക്കുന്ന സ്കൂളുകളുടെ ഗണത്തിൽപ്പെടുത്തി സെൻസിറ്റേഷൻ പ്രോഗ്രാം സംഘടിപ്പിച്ച് സ്കൂൾ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തി, അദ്ധ്യാപകർക്ക് പ്രത്യേക പരിശീലനം നൽകുകയുണ്ടായി. ഇതിന്റെ ഫലമായി പല അനാദായകരമായ

വിദ്യാലയങ്ങൾ ഈ വർഷം ആദായകരമായി മാറിയിട്ടുണ്ട്.

**ഏകാദ്ധ്യാപക വിദ്യാലയങ്ങൾ**

87(2949) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഏകാധ്യാപക വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ വിദ്യാലയത്തിലും എത്ര കുട്ടികൾ പഠിക്കുന്നുണ്ട്; എല്ലാ വിദ്യാലയങ്ങളിലും അദ്ധ്യാപകരുണ്ടോ;

(സി) ഏകാദ്ധ്യാപക വിദ്യാലയങ്ങൾ പ്രതിസന്ധി നേരിടുന്നുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) പ്രസ്തുത വിദ്യാലയങ്ങളിൽ അദ്ധ്യാപകർക്ക് യഥാസമയം വേതനം നൽകുന്നുണ്ടോ; ഇവരുടെ വേതനം എത്രയാണ്; വേതനം കുടിശ്ശികയുണ്ടോ; എത്ര കാലത്തെ കുടിശ്ശികയുണ്ട്;

(ഇ) ആദിവാസി മേഖലകളിൽ എത്ര ഏകാദ്ധ്യാപക വിദ്യാലയങ്ങളാണ് പ്രവർത്തിക്കുന്നത്;

(എഫ്) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഏകാദ്ധ്യാപക വിദ്യാലയങ്ങൾ അടച്ചുപൂട്ടിയിട്ടുണ്ട്; ഇതിനുള്ള കാരണം വിശദമാക്കാമോ?

ഉത്തരം

(എ) 304

(ബി) ഓരോ വിദ്യാലയത്തിലും പഠിക്കുന്ന കുട്ടികളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു. ഉണ്ട്.

(സി) ജോലി സ്ഥിരത, ഭൗതിക സാഹചര്യം, ശമ്പള വർദ്ധന, യാത്രാ ബത്തകൾ തുടങ്ങിയവ സംബന്ധിച്ച പരാതികൾ നിലവിലുണ്ട്. 12-11-2015-ൽ ബഹു. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ MGLC-കളുടെ അപ്ഗ്രഡേഷൻ സംബന്ധിച്ച വിഷയം വീണ്ടും മന്ത്രിസഭായോഗത്തിനു മുമ്പായി സമർപ്പിക്കാൻ തീരുമാനമായിട്ടുണ്ട്.

(ഡി) അദ്ധ്യാപകർക്ക് പ്രതിമാസം 5,000 രൂപയാണ് ഓണറേറിയമായി നൽകിവരുന്നത്. നിലവിൽ ഒക്ടോബർ, നവംബർ മാസങ്ങളിലെ ശമ്പളം മുടങ്ങിയിട്ടുണ്ട്.

(ഇ) 167 എണ്ണം

(എഫ്) വിവരം ശേഖരിച്ചുവരുന്നു.

## മദ്റസത്തുൽ ഹമീദിയ എൽ.പി.സ്കൂളിലെ അദ്ധ്യാപകർക്ക് ആനുകൂല്യങ്ങൾ നൽകുന്നതിന് നടപടി

88(2950) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികളുടെ കുറവുമൂലം അടച്ച് പൂട്ടിയ കോഴിക്കോട് സബ്ജില്ല മദ്റസത്തുൽ ഹമീദിയ എൽ.പി.സ്കൂളിലെ അദ്ധ്യാപകർക്ക് സർക്കാർ സ്കൂളിലേയ്ക്ക് പുനർനിയമനം നൽകിയെങ്കിലും അർഹതപ്പെട്ട പ്രൊമോഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നില്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത അദ്ധ്യാപകരുടെ സർവ്വീസ് റഗുലറൈസ് ചെയ്യുന്നതിൽ എന്തെങ്കിലും നിയമ തടസ്സം ഉണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) ഇവരുടെ സർവ്വീസ് റഗുലറൈസ് ചെയ്ത് അർഹതപ്പെട്ട ആനുകൂല്യങ്ങൾ നൽകാൻ ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

## അക്കാഡമിക്ക് നിലവാരം ഉയർത്താൻ പദ്ധതി

89(2952) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എ.റ്റി.ജോർജ് :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ അക്കാഡമിക്ക് നിലവാരം ഉയർത്താൻ കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ-സി) അക്കാഡമിക് നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായുള്ള കർമ്മപരിപാടികളാണ് വിവിധ സ്കീമുകളിലൂടെ നടപ്പിലാക്കിവരുന്നത്.

അദ്ധ്യാപകർക്ക് പരിശീലനം, ക്ലസ്റ്റർതല പരിശീലനം, ഇന്റേണൽ റിപ്പോർട്ട് മിഷൻ, തത്സ്ഥല പിന്തുണ സംവിധാനം, മികച്ച ബോധനക്രമം തുടങ്ങിയവ സ്വീകരിച്ചുവരുന്നു.

**സ്കൂളുകളിൽ ഉച്ചഭക്ഷണ പദ്ധതി**

90(2953) ശ്രീ. സി.ദിവാകരൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. കെ.രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ കുട്ടികളുടെ എണ്ണം കണക്കാക്കി ഉച്ചഭക്ഷണ നിരക്ക് വർദ്ധിപ്പിക്കണമെന്ന സംസ്ഥാന മോണിറ്ററിംഗ് സമിതിയുടെ ശിപാർശ നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത സമിതിയുടെ ശിപാർശകൾ നടപ്പാക്കാൻ കഴിയാതെ പോയതെന്തുകൊണ്ടാണെന്ന് വിശദമാക്കുമോ ;

(ബി) ഒന്നു മുതൽ എട്ടു വരെയുള്ള എത്ര സ്കൂളുകളിൽ ഉച്ചഭക്ഷണ പരിപാടി നടപ്പാക്കുന്നുണ്ട് ;

(സി) പ്രസ്തുത പദ്ധതിക്കായി ഓരോ കുട്ടിക്കും എത്ര രൂപ വീതം നൽകുന്നുണ്ട്; തുക അപര്യാപ്തമായതിനാൽ ഉച്ച ഭക്ഷണ പരിപാടി പ്രതിസന്ധിയിലേക്ക് നീങ്ങുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അത് പരിഹരിക്കുന്നതിന് എന്തു നടപടിയാണുള്ളത് ?

ഉത്തരം

(എ) ഇക്കാര്യം ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

(ബി) 12358 സ്കൂളുകളിൽ ഉച്ചഭക്ഷണപദ്ധതി നടപ്പിലാക്കുന്നുണ്ട്.

(സി) സ്കൂൾ പ്രവൃത്തിദിവസം കുട്ടിയൊന്നിന് 5 രൂപ നിരക്കിൽ നിലവിൽ നൽകിവരുന്നു. ആയതിനുള്ള തുക അപര്യാപ്തമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ നടത്തിപ്പിന് മുൻകൂറായി ഫണ്ട് പ്രഥമാദ്ധ്യാപകർക്ക് നൽകുന്നതിനാൽ പദ്ധതിയുടെ നടത്തിപ്പിന് പ്രതിസന്ധി നേരിടുന്നതായിട്ട് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിൽ കുട്ടിയൊന്നിന് 5 രൂപ എന്ന നിരക്കിൽ നൽകിവരുന്ന തുക വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ സജീവ പരിഗണനയിലാണ്.

**കളരിപ്പയറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിപ്പിക്കുന്നതിന് നടപടി**

91(2954) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ തനതു ആയോധനമുറയായ കളരിപ്പയറ്റ് വിദ്യാഭ്യാസ വകുപ്പിന്റെ അധീനതയിലുള്ള സ്ഥാപനങ്ങളിൽ പരിശീലിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) കളരിപ്പയറ്റ് കുട്ടികളുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിനും ജീവിതശൈലി കൃത്യതയുള്ളതാക്കുന്നതിനും സഹായിക്കുമെന്ന വസ്തുതകൾ വിദ്യാഭ്യാസ വകുപ്പ് പരിഗണിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കളരിപ്പയറ്റ് സ്കൂളുകളിൽ പരിശീലിപ്പിക്കുന്നതിനുവേണ്ടി കളരിപ്പയറ്റ് ഫെഡറേഷൻ ഓഫ് ഇന്ത്യ ഒരു നിവേദനം നൽകിയിരുന്നു. ആയതിന്റെ സാധുത പരിശോധിക്കുന്നതിനായി സ്പോർട്സ് കൗൺസിലിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

**വെഞ്ഞാറമൂട് ഗവ. യു.പി. സ്കൂളിന് കെട്ടിട നിർമ്മാണം**

92(2955) <u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെഞ്ഞാറമൂട് ഗവ. യു.പി. സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് തുക അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) ഏത് ഫണ്ടിൽ നിന്നാണ് പ്രസ്തുത തുക അനുവദിച്ചിട്ടുള്ളത്; എത്ര തുക; പ്രവൃത്തി നടപ്പിലാക്കുന്നത് ഏത് ഏജൻസിയാണ്; എന്നത്തേക്ക് പ്രവൃത്തി ആരംഭിക്കാൻ കഴിയും; വിശദാംശം നൽകുമോ ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ബാധകമല്ല.

**ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ സഹായങ്ങൾ**

93(2957) <u>ശ്രീ. പി. തിലോത്തമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത് ;

(ബി) ഭിന്നശേഷിയുള്ള കുട്ടികളെ പഠിപ്പിക്കുന്നതിന് അദ്ധ്യാപകർക്ക് പ്രത്യേക പരിശീലനം നൽകുന്നുണ്ടോ; ഇപ്രകാരം ഭിന്നശേഷിയുള്ള കുട്ടികൾക്കായി ആലപ്പുഴ ജില്ലയിൽ ഏതെല്ലാം വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നുണ്ട്; ഇവിടെ എല്ലാ വിഷയങ്ങളും പഠിപ്പിക്കുന്നതിന് ആവശ്യത്തിന് അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ടോ ;

(സി) ഭിന്നശേഷിയുള്ള കുട്ടികളെ പഠിപ്പിക്കുന്ന വിദ്യാലയങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ ചർച്ചചെയ്യുന്നതിന് സ്ഥിരം സംവിധാനമുണ്ടോ; എങ്കിൽ ആരുടെ ചുമതലയിലാണ് ഈ സംവിധാനം പ്രവർത്തിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലും സ്പെഷ്യൽ സ്കൂളുകളിലും പഠിക്കുന്ന ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് കേന്ദ്ര-സംസ്ഥാന സർക്കാർ പദ്ധതികളനുസരിച്ച് ഹോസ്റ്റൽ അലവൻസ്, ബോർഡിംഗ് ഗ്രാന്റ്, യൂണിഫോം അലവൻസ്, ട്രാൻസ്പോർട്ട് അലവൻസ്, ബുക്ക് ആന്റ് സ്റ്റേഷനറി അലവൻസ് തുടങ്ങി വിവിധ സാമ്പത്തിക ആനുകൂല്യങ്ങളും സഹായോപകരണങ്ങളും നൽകി വരുന്നു. കൂടാതെ പ്രത്യേക പരിശീലനം നേടിയ അദ്ധ്യാപകർ, റിസോഴ്സ് അദ്ധ്യാപകർ, അറ്റൻഡന്റ്/ആയമാർ എന്നിവരുടെ സേവനങ്ങളും നൽകി വരുന്നു. മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കായുള്ള സ്ഥാപനങ്ങൾക്ക് സംസ്ഥാന സർക്കാർ പ്ലാൻ ഫണ്ട് മുഖാന്തരം നൽകുന്ന ഗ്രാന്റ് വർഷം തോറും നൽകുന്നുണ്ട്. ചില സ്ഥാപനങ്ങൾക്ക് കേന്ദ്ര സർക്കാരിന്റെ ദീൻ ദയാൽ ഡിസേബിൾഡ് റീഹാബിലിറ്റേഷൻ സ്കീമിൽനിന്നും (DDRS) സാമ്പത്തിക സഹായവും ലഭിച്ചുവരുന്നു.

(ബി) ഭിന്നശേഷിയുള്ള കുട്ടികളെ പഠിപ്പിക്കുന്നതിന് നിയമിക്കപ്പെട്ട അദ്ധ്യാപകർ B.Ed. in Special Education/Diploma in Special Education പാസ്സായിട്ടുള്ളവരാണ്. ഇതിനുപുറമേ വിദ്യാഭ്യാസ വകുപ്പ്, ഡയറ്റ്, ആർ.എം.എസ്.എ., എസ്.എസ്.എ., എസ്.ഇ.ആർ.ടി. എന്നീ ഏജൻസികൾ മുഖേന നടത്തുന്ന അദ്ധ്യാപക പരിശീലനങ്ങളിലും ഈ അദ്ധ്യാപകരെ പങ്കെടുപ്പിക്കുന്നു. ആലപ്പുഴ ജില്ലയിലെ എല്ലാ പൊതു വിദ്യാലയങ്ങളിലും ഭിന്നശേഷിയുള്ള കുട്ടികൾക്ക് പഠിക്കുന്നതിനുള്ള സാഹചര്യം ഒരുക്കിയിട്ടുണ്ട്. സങ്കലിത വിദ്യാഭ്യാസം (IEDSS) പദ്ധതിയനുസരിച്ച് 34 അദ്ധ്യാപകരെ ആലപ്പുഴ ജില്ലയിൽ നിയമിച്ചിട്ടുണ്ട്. എസ്.എസ്.എ. വഴിയും റിസോഴ്സ് അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട്.

(സി) സങ്കലിത വിദ്യാഭ്യാസം/സംയോജിത വിദ്യാഭ്യാസം എന്നിവ നടപ്പാക്കുന്നതിന് സ്ഥിര സംവിധാനം വിദ്യാഭ്യാസ വകുപ്പിൽ നിലവിലുണ്ട്. നടത്തിപ്പ് ചുമതല ഡെപ്യൂട്ടി ഡയറക്ടർ (ഐ.ഇ.ഡി)-ക്ക് ആണ്. സ്പെഷ്യൽ സ്കൂളുകളുടെ പ്രത്യേക ചുമതല നിർവ്വഹിക്കുന്നത് വിദ്യാഭ്യാസ വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർ (എംപ്ലോയ്മെന്റ്) ആണ്. വിദ്യാഭ്യാസ വകുപ്പിൽ ഇവരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് മാത്രമായി ഒരു സ്ഥിര സംവിധാനം നിലവിൽ ഇല്ല.

**കൊയിലാണ്ടിയിൽ വിദ്യാഭ്യാസ വകുപ്പ് നടപ്പാക്കിയ വികസന പദ്ധതികൾ**

94(2958) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിദ്യാഭ്യാസ വകുപ്പ് കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നടപ്പാക്കിയ വിവിധ വികസന പദ്ധതികൾ ഏതെല്ലാം;

(ബി) ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്ര; വിശദമായി പദ്ധതി ലിസ്റ്റ് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**ഹയർസെക്കണ്ടറി അധ്യാപകരുടെ സ്ഥലംമാറ്റം**

95(2961) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കണ്ടറി അധ്യാപകരുടെ 2015 - 16-ലെ സ്ഥലംമാറ്റം സംബന്ധിച്ച് ഉണ്ടായിട്ടുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ നിർദ്ദേശം അനുസരിച്ച് അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ കമ്മിറ്റി പ്രസ്തുത സ്ഥലം മാറ്റത്തെക്കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് നൽകിയിട്ടുണ്ടോ ; എങ്കിൽ റിപ്പോർട്ടിലെ കണ്ടെത്തലുകൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(സി) സ്ഥലംമാറ്റത്തിലെ അപാകത കാരണം സ്കൂളുകളിൽ പഠനം മുടങ്ങുന്നുവെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹാരിക്കുവാൻ എന്ത് നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഉണ്ട്. റിപ്പോർട്ടിലെ കണ്ടെത്തലുകൾ അനുബന്ധമായി ചേർക്കുന്നു.*

(സി) ഉണ്ട്. ഇത് പരിഹരിക്കുവാൻ അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള അടിയന്തര നടപടികൾ ഹയർസെക്കണ്ടറി ഡയറക്ടർ സ്വീകരിച്ചുവരുന്നു.

**വിദ്യാലയങ്ങളിൽ ബയോഗ്യാസ് പ്ലാന്റുകൾ**

96 (T2962) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാലയങ്ങളിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) ഏതെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>ഉത്തരം</u>

(എ-സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

**Walk with a Scholar പദ്ധതി**

97(2964) ശ്രീ. ഐ.സി.ബാലകൃഷ്ണൻ :
ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

* ലൈബ്രറിയിൽക വച്ചിട്ടുണ്ട്

(എ) സംസ്ഥാനത്ത് "Walk with a Scholar" പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരളത്തിലെ നിലവിലെ 41 സർക്കാർ ആർട്സ് & സയൻസ് കോളേജുകളിലും പുതുതായി ആരംഭിച്ച സർക്കാർ കോളേജുകളിൽ 8 എണ്ണത്തിലും 150 എയ്ഡഡ് കോളേജുകളിലും ഈ പദ്ധതി നടപ്പിലാക്കിവരുന്നു. ഓരോ കോളേജിലും ഡിഗ്രി ക്ലാസുകളിൽ പഠിക്കുന്ന ഓരോ വർഷത്തേയും 30 കുട്ടികൾക്ക് വീതമാണ് ഈ പദ്ധതിയുടെ പ്രയോജനം നേരിട്ട് ലഭിക്കുന്നത്. കോളേജിൽ ആദ്യ വർഷ ബിരുദ കോഴ്സിൽ ചേരുന്ന ഒരു വിദ്യാർത്ഥിയുടെ ജീവിത ലക്ഷ്യം കണ്ടെത്തി അതിലേക്ക് എത്തിപ്പെടാൻ വിദ്യാർത്ഥിക്കുവേണ്ട പ്രചോദനവും പരിശീലനവും നൽകുക എന്നതാണ് പരിപാടിയുടെ മുഖ്യലക്ഷ്യം. മൂന്ന് വർഷവും വിദ്യാർത്ഥികൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കത്തക്ക വിധത്തിലാണ് പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. ഓരോ വിദ്യാർത്ഥിയേയും കോളേജിലെ ഒരു ആന്തരിക ഉപദേഷ്ടാവിന്റെ (ഇന്റേണൽ മെന്റർ) കീഴിലാക്കുന്നു. ഈ ഉപദേഷ്ടാവ് കോളേജിലെ ഒരു അദ്ധ്യാപകനോ അദ്ധ്യാപികയോ ആയിരിക്കും. വിദ്യാർത്ഥിക്കൊപ്പം സഞ്ചരിച്ച് വിദ്യാർത്ഥിക്കുവേണ്ടി പിന്തുണ നൽകുക എന്നതാണ് ആന്തരിക ഉപദേഷ്ടാവിന്റെ മുഖ്യ കർത്തവ്യം. അതോടൊപ്പം തന്നെ അനുയോജ്യമായ ബാഹ്യ ഉപദേഷ്ടാക്കളുടെ (എക്സ്റ്റേൺ മെന്റേഴ്സ്) മാർഗ്ഗ നിർദ്ദേശ പരിപാടികളും വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നു. ഇതുവഴി വിദ്യാർത്ഥിക്ക് തന്റെ ലക്ഷ്യത്തിനനുസരിച്ച് മുന്നോട്ട് പോകാൻ കഴിയും. സ്ഥാപനത്തിന് പുറത്തുള്ള വിദഗ്ധരുടെ ഉപദേശം ലഭിക്കുന്നതിനായി നിശ്ചിത മണിക്കൂറുകൾ ഉപദേഷ്ടാവിന് നൽകുന്നുണ്ട്. അവരെ നേരിട്ട് കാണുവാനും സംവദിക്കുവാനും അവരുടെ നേട്ടങ്ങളിൽനിന്നും പ്രചോദനം നേടി മുന്നേറാനും ബാഹ്യ ഉപദേഷ്ടാവിന്റെ സാന്നിദ്ധ്യം സഹായിക്കുന്നു.

(സി) ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള "വാക്ക് വിത്ത് എ സ്കോളർ" പദ്ധതി ഉൾപ്പെടുന്ന പുതിയ സംരംഭങ്ങൾക്കായി ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടിയുടെ കീഴിൽ ഒരു പ്രത്യേക ഓഫീസ് പ്രവർത്തിക്കുന്നു. കോളേജ് തലത്തിൽ പദ്ധതിയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ ഒരു കോ-ഓർഡിനേറ്ററും

പ്രവർത്തിക്കുന്നു. ഈ കോ-ഓർഡിനേറ്റർ കോളേജിൽ പ്രവർത്തിക്കുന്ന അദ്ധ്യാപകനും കോളേജ് കൗൺസിലിന്റെ അംഗീകാരത്തോടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നയാളുമാണ്. ഈ സാമ്പത്തിക വർഷം വാക്ക് വിത്ത് എ സ്കോളർ പദ്ധതിക്കായി പദ്ധതി ശീർഷകത്തിൽ 5 കോടി രൂപ സർക്കാർ വകയിരുത്തിയിട്ടുണ്ട്.

## തൃക്കരിപ്പൂർ പോളിടെക്നിക്കിൽ പുതിയ തസ്തികകൾ

98(2965) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ പോളിടെക്നിക്കിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ ; എങ്കിൽ ഏതെല്ലാം തസ്തികകളാണ് സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ;

(ബി) ഇവിടെ ട്രേഡ് ഇൻസ്ട്രക്ടറുടെ തസ്തിക സൃഷ്ടിക്കുന്നുണ്ടോ ; പ്രസ്തുത തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച് എന്നത്തേക്ക് തീരുമാനമാകുമെന്ന് വ്യക്തമാക്കുമോ;

(സി) ഉന്നത വിദ്യാഭ്യാസ വകുപ്പ് എൽ സെക്ഷനിലെ ഇ-349519 നമ്പർ ഫയലിന്റെ നിലവിലുള്ള സ്ഥിതി സംബന്ധിച്ച വിവരങ്ങൾ വിശദമാക്കാമോ ?

### ഉത്തരം

(എ-സി) തൃക്കരിപ്പൂർ പോളിടെക്നിക്കിൽ താഴെ പറയുന്ന തസ്തികകൾ സൃഷ്ടിക്കുന്നതിനായി സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച ശിപാർശ ഇ-349519 നമ്പർ ഫയലിൽ സർക്കാർ പരിശോധിച്ചുവരുന്നു. അധിക സാമ്പത്തിക ബാദ്ധ്യത വരുമെന്നതിനാൽ വിശദമായ പരിശോധനയ്ക്കുശേഷമേ അന്തിമ തീരുമാനമെടുക്കാനാകൂ.

| | | |
|---|---|---|
| ലക്ചറർ ഇൻ ബയോമെഡിക്കൽ എഞ്ചിനീയറിംഗ് | - | 2 |
| ഡെമോൺസ്ട്രേറ്റർ | - | 1 |
| ട്രേഡ് ഇൻസ്ട്രക്ടർ | - | 1 |
| ട്രേഡ്സ്മാൻ | - | 1 |

## വലപ്പാട് ശ്രീരാമ പോളിടെക്നിക്കിൽ ഓട്ടോമൊബൈൽ എൻജിനീയറിംഗ്

**കോഴ്സ്**

99(2968) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടിക നിയോജകമണ്ഡലത്തിലെ വലപ്പാട് ശ്രീരാമ ഗവ. പോളിടെക്നിക്കിൽ ഓട്ടോമൊബൈൽ എൻജിനീയറിംഗ് കോഴ്സ് ആരംഭിക്കുന്നതു സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശങ്ങൾ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(ബി) ഇതു സംബന്ധിച്ച് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിലുള്ള L1/ 38219/14 നമ്പർ ഫയൽ പ്രകാരമുള്ള നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(സി) ശ്രീരാമ പോളിടെക്നിക്കിൽ ഓട്ടോമൊബൈൽ എൻജിനീയറിംഗ് കോഴ്സ് ഉടൻ അനുവദിച്ച് ഉത്തരവാകുമോയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) പ്രസ്തുത കോഴ്സ് ആരംഭിക്കുന്നതിന് എ.ഐ.സി.റ്റി.ഇ-യുടെ അംഗീകാരം ഇതുവരെ ലഭിച്ചിട്ടില്ല.

(ബി) പ്രസ്തുത ഫയൽ പ്രകാരം പുതുതായി ആട്ടോമൊബൈൽ കോഴ്സ് ആരംഭിക്കുന്നതിനു എ.ഐ.സി.റ്റി.-യ്ക്ക് അപേക്ഷ സമർപ്പിക്കുവാൻ പ്രിൻസിപ്പാളിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) എ.ഐ.സി.റ്റി.-യുടെ അംഗീകാരം ലഭിച്ച ശേഷമേ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കാനാവൂ.

**സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ തുല്യത സർട്ടിഫിക്കറ്റ്**

100(2970) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ മറ്റ് സംസ്ഥാനങ്ങളിൽനിന്ന് ഡിപ്ലോമ സർട്ടിഫിക്കറ്റുകൾ നേടിയവർക്ക് തുല്യത സർട്ടിഫിക്കറ്റ് നൽകുന്നത് ആരാണെന്ന് വ്യക്തമാക്കുമോ;

(ബി) മറ്റ് സംസ്ഥാനങ്ങളിൽനിന്ന് ലാറ്ററൽ എൻട്രി സ്കീംവഴി പോളി ഡിപ്ലോമ നേടിയവർക്ക് ഇവിടത്തെ പോളിടെക്നിക്കിന് തുല്യമായ സർട്ടിഫിക്കറ്റ് ഇപ്പോൾ നൽകുന്നുണ്ടോ; മുമ്പ് ഇവ കൊടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതു വർഷം വരെയാണ് ഇത്തരം തുല്യത സർട്ടിഫിക്കറ്റുകൾ കൊടുത്തിട്ടുള്ളത്;

(സി) തമിഴ്നാട്ടിലെ പോളിടെക്നിക്കുകളിൽനിന്ന് ഡിപ്ലോമ, ലാറ്ററൽ എൻട്രി സ്കീമിൽ പൂർത്തിയാക്കിയവർക്ക് ഇവിടത്തെ ഡിപ്ലോമക്കാർക്ക് തുല്യമായ സർട്ടിഫിക്കറ്റ് ലഭിക്കാൻ എന്ത് ചെയ്യണമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ.

(ബി) ജി.ഒ.(എംഎസ്.)നമ്പർ 56/2014/ഉ.വി.വ. തീയതി 31-1-2014 സർക്കാർ ഉത്തരവിന് മുമ്പ് അന്യസംസ്ഥാനങ്ങളിൽനിന്നും ലാറ്ററൽ എൻട്രി വഴി ദ്വിവൽസര പോളിടെക്നിക്ക് ഡിപ്ലോമ കോഴ്സ് പാസായവർക്ക് തുല്യതാ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്.

(സി) ജി.ഒ.(എംഎസ്.)നമ്പർ 455/2014/ഉ.വി.വ. തീയതി 9-7-2014, ജി.ഒ.(എംഎസ്.)നമ്പർ 42/2015/ഉ.വി.വ. തീയതി 7-2-2015 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം അന്യസംസ്ഥാനങ്ങളിൽനിന്നും ലാറ്ററൽ എൻട്രിവഴി ദ്വിവൽസര പോളിടെക്നിക്ക് ഡിപ്ലോമ കോഴ്സ് പാസായവർക്ക് സാങ്കേതിക പരീക്ഷാ വിഭാഗം നടത്തുന്ന സ്ക്രീനിംഗ് ടെസ്റ്റ് പാസായാൽ തുല്യതാ സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

**വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ തസ്തികയിലേക്കുള്ള പ്രൊമോഷൻ**

101(2976) <u>ശ്രീ. കെ. അച്ചുതൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ ട്രേഡ് ഇൻസ്ട്രക്ടർമാരുടെ പ്രൊമോഷൻ തസ്തികയായ വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ തസ്തികയിലേക്കുള്ള പ്രൊമോഷൻ രണ്ട് വർഷത്തിൽ കൂടുതലായി നടക്കുന്നില്ല എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ട്രേഡ് ഇൻസ്ട്രക്ടർമാരുടെ പ്രൊമോഷനുവേണ്ടി ഗവൺമെന്റ് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ;

(സി) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ നിലവിലുള്ള സർവ്വീസ് റൂളിലെ

അപാകതകൾ പരിഹരിച്ച് ഭേദഗതി വരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) 12-10-2012-ൽ നിലവിൽ വന്ന ജി.ഒ.(എംഎസ്.)നമ്പർ 503/12 സ്പെഷ്യൽ റൂൾ പ്രകാരം വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർമാരുടെ നേരിട്ടുള്ള നിയമനത്തിനും തസ്തികമാറ്റം വഴിയുള്ള നിയമനത്തിനും 1:1 എന്ന അനുപാതം നിശ്ചയിച്ചിട്ടുണ്ട്. നിലവിൽ ബൈട്രാൻസ്ഫർ വഴിയുള്ള നിയമനങ്ങളുടെ എണ്ണം ഉയർന്ന് നിൽക്കുന്നതിനാൽ 1:1 അനുപാതം കേഡർ സെട്രങ്ത് അടിസ്ഥാനത്തിൽ ക്രമീകരിക്കുന്നതുവരെ ഉണ്ടാകുന്ന ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതുണ്ട്. കേഡർ സ്ട്രെങ്ത് അടിസ്ഥാനത്തിലുള്ള 1:1 അനുപാതം പൂർത്തിയായാൽ മാത്രമേ ബൈട്രാൻസ്ഫർ നിയമനം നടത്താൻ കഴിയുകയുള്ളൂ.

(സി) നിലവിലുള്ള സർവ്വീസ് റൂളിൽ അപാകതകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**വിദ്യാർത്ഥി വ്യവസായ സംരംഭകത്വ പദ്ധതി**

102(2978) <u>ശ്രീ. എ. എ. അസീസ്</u> : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിദ്യാർത്ഥി വ്യവസായ സംരംഭകത്വ പദ്ധതിയിൻകീഴിൽ വിദ്യാഭ്യാസ വകുപ്പ് നാളിതുവരെ നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

സംസ്ഥാനത്തെ വ്യവസായ, വിവര സാങ്കേതിക വകുപ്പുകൾ, സർവ്വകലാശാലകൾ, ടെക്നോപാർക്ക് ടി ബി ഐ., കാക്കനാട്ടുള്ള സ്റ്റാർട്ട് അപ്പ് വില്ലേജ്, സംസ്ഥാനത്തെ 8 സർക്കാർ എഞ്ചിനീയറിംഗ് കോളേജുകൾ, 4 പോളിടെക്നിക്ക് കോളേജുകൾ, കളമശ്ശേരിയിലെ സൂപ്പർവൈസറി ഡെവലപ്മെന്റ് സെന്റർ തുടങ്ങിയ സ്ഥാപനങ്ങൾ വ്യവസായ സംരംഭകത്വ പദ്ധതിയുമായി സഹകരിക്കുന്നുണ്ട്. വിദ്യാർത്ഥികളുടെ സംരംഭങ്ങൾക്ക് പ്രചോദനം നൽകേണ്ടത് കേരളത്തിന്റെ വികസനത്തിന് അനിവാര്യമാണെന്ന് കണ്ടതിനാൽ സംരംഭകത്വ ക്ലബ്ബുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സംരംഭകത്വ ക്ലബുകൾ സ്ഥാപിക്കുന്നതിന്റെ സംസ്ഥാനതല ഉദ്ഘാടനം 15-1-2014-ന് ടെക്നോപാർക്കിൽ

ബഹു. മുഖ്യമന്ത്രി നിർവഹിക്കുകയുണ്ടായി. സാധാരണ ക്ലബുകളിൽനിന്ന് വ്യത്യസ്തമായി സംരംഭകത്വ ക്ലബ്ബുകൾ സൊസൈറ്റികളായി രജിസ്റ്റർ ചെയ്യുകയും പൂർണ്ണമായും വിദ്യാർത്ഥികൾതന്നെ നടത്തുകയും ചെയ്യുന്നു. എല്ലാ കോളേജുകളിലും ഇത്തരം ക്ലബുകൾ സ്ഥാപിക്കുക എന്നതാണ് ലക്ഷ്യം. സംസ്ഥാന ബഡ്ജറ്റിന്റെ ഒരു ശതമാനം യുവാക്കൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി മാറ്റിവയ്ക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. വിദ്യാർത്ഥി സംരംഭകത്വ പദ്ധതിയെ എല്ലാ സർവ്വകലാശാലകളും അക്കാദമിക് റെഗുലേഷൻസിലും ഉൾപ്പെടുത്തുക, സർവ്വകലാശാലകളിൽ ഇതിനുവേണ്ടി പ്രത്യേക സെൽ ആരംഭിക്കുക, ഇൻക്യൂബേറ്റർ അംഗീകരിച്ച പ്രോജക്റ്റുകൾ വിദ്യാർത്ഥികളുടെ അവസാന വർഷ പ്രോജക്റ്റിന്റെ ഭാഗമാക്കി സിലബസ്സ് അനുസരിച്ച് മാർക്ക് നൽകുക, ആയിരം കോളേജുകളിൽ ബൂട്ട് ക്യാമ്പുകൾ സംഘടിപ്പിക്കുക, അയ്യായിരം ബിരുദ വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത് ഭാവിയിൽ വിവിധ മേഖലകളിൽ തിളങ്ങുന്നതിന് നേതൃത്വ പരിശീലനം നൽകുക തുടങ്ങിയ പദ്ധതികളാണ് ഉദ്ദേശിക്കുന്നത്. ടെക്നോളജി ബിസിനസ്സ് ഇൻകുബേറ്റർ സ്ഥാപിക്കുന്നതിനായി 2015-16 ബഡ്ജറ്റ് പ്രസംഗത്തിൽ സംസ്ഥാനത്തെ സർവ്വകലാശാലകൾക്ക് 1 കോടി രൂപ വീതം നൽകുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.

**സാക്ഷരത നിരക്ക്**

103(2981) ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളം സാക്ഷരതാ നിരക്കിൽ എത്രാം സ്ഥാനത്താണ്;

(ബി) സാക്ഷരത വർദ്ധിപ്പിക്കുന്നതിന് ആവിഷ്കരിക്കുന്ന നൂതന പദ്ധതികൾ ഏതെല്ലാം;

(സി) സാക്ഷരതാ തുടർ വിദ്യാഭ്യാസ രംഗത്തുണ്ടായ നേട്ടങ്ങൾ ഏതെല്ലാമാണ്;

(ഡി) അട്ടപ്പാടി ആദിവാസി മേഖലയിലെ നിരക്ഷരതാ നിർമ്മാർജ്ജനം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരളം സാക്ഷരതാ നിരക്കിൽ ഒന്നാം സ്ഥാനത്താണ്.

(ബി) സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി മുഖേന സാക്ഷരത

വർദ്ധിപ്പിക്കുന്നതിനായി അക്ഷരലക്ഷം എന്ന പേരിൽ ഒരു പുതിയ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(സി) സാക്ഷരതാ തുടർ വിദ്യാഭ്യാസ രംഗത്ത് നാലാംതരം, ഏഴാംതരം കോഴ്സുകൾ സാക്ഷരതാ മിഷൻ നടത്തിവരുന്നു. കൂടാതെ 2006-07-ൽ ആരംഭിച്ച പത്താംതരം തുല്യതാ കോഴ്സ് ഒമ്പതു ബാച്ചുകൾ പൂർത്തിയാവുകയും 88473 പേർക്ക് പത്താംതരം തുല്യത നേടിയെടുക്കുവാനും കഴിഞ്ഞിട്ടുണ്ട്. ഭാഷാ ന്യൂനപക്ഷ വിഭാഗങ്ങളായ കന്നഡ/തമിഴ് മേഖലകളിൽ നാല്, ഏഴ്, പത്ത് തുല്യതാ കോഴ്സുകൾ വ്യാപിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. കേന്ദ്ര ഭരണ പ്രദേശങ്ങളായ മാഹി, ലക്ഷദ്വീപ് സമൂഹങ്ങളിലും ഗൾഫ് രാജ്യങ്ങളായ അബുദാബി, ഖത്തർ എന്നിവിടങ്ങളിലും പത്താംതരം തുല്യതാ കോഴ്സ് നടത്തിവരുന്നു. പത്താംതരം തുല്യതാ പരീക്ഷ വിജയിച്ച പഠിതാക്കൾക്ക് തൊഴിൽ മേഖലകളിൽ ജോലിക്കയറ്റത്തിനും ഉന്നത വിദ്യാഭ്യാസത്തിനും അവസരം ലഭിച്ചിട്ടുണ്ട്. മാത്രമല്ല പത്താംതരം തുല്യതാ സർട്ടിഫിക്കറ്റ് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന പരീക്ഷകൾക്ക് യോഗ്യതയായി അംഗീകരിച്ചിട്ടുണ്ട്.

2015-ൽ ആരംഭിച്ച ഹയർസെക്കണ്ടറി തുല്യതാ കോഴ്സ് ഇന്ത്യയിലെ തന്നെ ആദ്യത്തെ സംരംഭമാണ്. ഔപചാരിക ഹയർസെക്കണ്ടറിക്ക് സമാനമായി ഹ്യൂമാനിറ്റീസ്, കോമേഴ്സ് ഗ്രൂപ്പുകളിലായിട്ടാണ് ഹയർസെക്കണ്ടറി തുല്യതാ കോഴ്സ് ആരംഭിച്ചിട്ടുള്ളത്. ഈ കോഴ്സിന്റെ ആദ്യ ബാച്ചിൽ സംസ്ഥാനത്തൊട്ടാകെ ആകെ 18,675 പഠിതാക്കൾ രജിസ്റ്റർ ചെയ്ത് പഠനം നടത്തിവരുന്നു. ഹയർസെക്കണ്ടറി തുല്യതാ കോഴ്സ് 2016 മുതൽ ഗൾഫ് രാജ്യങ്ങളിലേക്കും കേന്ദ്രഭരണ പ്രദേശങ്ങളിലേക്കും വ്യാപിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സാക്ഷരതാ മിഷന്റെ തുടർവിദ്യാ കേന്ദ്രങ്ങൾവഴി വരുമാന വർദ്ധക പരിപാടികൾ, ജീവിത ഗുണമേന്മ വർദ്ധക പരിപാടികൾ, വ്യക്തിഗത താൽപര്യപോഷണ പരിപാടികൾ എന്നിവ വിവിധ ഏജൻസികളുടെ സഹായത്തോടെ സമൂഹത്തിലെ വിവിധ ആളുകൾക്കായി സംഘടിപ്പിച്ച് പരിശീലനം നൽകാനും സാധിച്ചിട്ടുണ്ട്. അന്ധർക്കായി മലപ്പുറം ജില്ലയിൽ ബ്രെയിൽ സാക്ഷരതാ പദ്ധതി വിജയകരമായി നടപ്പിലാക്കി. കേരളത്തിലെ മുഴുവൻ ജില്ലകളിലും വിവരാവകാശ നിയമത്തെക്കുറിച്ചും, വിദ്യാഭ്യാസ അവകാശ നിയമത്തെക്കുറിച്ചുമുള്ള ബോധവൽക്കരണ ക്ലാസ്സുകൾ നടത്താൻ സാധിച്ചു. ജയിലുകളിൽ കഴിയുന്ന തടവുകാരെ അക്ഷരങ്ങളുടെ ലോകത്തേക്ക് എത്തിക്കുന്നതിനായി ജയിൽ സാക്ഷരതാ പരിപാടി ആരംഭിച്ചു. അട്ടപ്പാടിയിലെ ആദിവാസികൾക്കിടയിൽ സാക്ഷരത വർദ്ധിപ്പിക്കുന്നതിനായി അട്ടപ്പാടി ആദിവാസി പദ്ധതിക്ക് തുടക്കം കുറിക്കാൻ സാധിച്ചു. പ്രാഥമിക വിദ്യാഭ്യാസം നേടാൻ കഴിയാതെപോയ കേരളത്തിലെ മുഴുവൻ പേർക്കും നാലാംതരം തുല്യതാ വിദ്യാഭ്യാസം നേടിക്കൊടുക്കാനായി അതുല്യം എന്ന പേരിൽ പുതിയ

പദ്ധതി ആരംഭിച്ചു. ഈ പദ്ധതിയിലൂടെ കേരളത്തെ പ്രാഥമിക വിദ്യാഭ്യാസം നേടുന്ന ആദ്യ സംസ്ഥാനമെന്ന പദവിയിലെത്തിക്കുന്നതിന് കഴിയുമെന്നാണ് പ്രതീക്ഷ.

(ഡി) അട്ടപ്പാടി ആദിവാസി മേഖലയിൽ നിരക്ഷരതാ നിർമ്മാർജ്ജനത്തിന് ആദിവാസി പ്രത്യേക സാക്ഷരത തുല്യതാ പരിപാടി ആരംഭിച്ചു. ഇതിന്റെ സമഗ്ര സാക്ഷരതാ സർവ്വേ പൂർത്തീകരിക്കാൻ സാധിച്ചു. പഠിതാക്കളെ പഠിപ്പിക്കുന്നതിനായി അട്ടപ്പാടിയിലെ 192 ഊരുകളിലും ഇൻസ്ട്രക്ടർമാരെ തെരഞ്ഞെടുത്തിട്ടുണ്ട്. ഡിസംബർ അവസാനത്തോടെ ആദിവാസി ഊരുകളിൽ ക്ലാസ്സുകൾ ആരംഭിക്കുന്നതാണ്.

**പട്ടയം നൽകൽ**

104(2982) <u>ശ്രീ. ജോസ് തെറ്റയിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിൽ അയ്യമ്പുഴ ഗ്രാമപഞ്ചായത്തിലെ കണ്ണിമംഗലത്തെയും പാണ്ടുപാറയിലെയും റവന്യൂ ഭൂമിയിൽ വർഷങ്ങളായി താമസിക്കുന്ന നിവാസികൾക്ക് പട്ടയം നൽകുന്നതിലെ തടസ്സങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) പട്ടയം നൽകുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്നും ആയത് എന്നത്തേക്ക് നല്കാൻ സാധിക്കുമെന്നും വ്യക്തമാക്കുമോ;

(സി) ഇതു സംബന്ധിച്ച ഫയലുകളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ&ബി) അയ്യമ്പുഴ വില്ലേജ് ഹിൽടാക്ക് പരിധിയിൽ വരാത്തതിനാലാണ് നിലവിലെ ഭൂപരിധിയിൽ കൂടുതൽ ഭൂമി ഉള്ളവർക്ക് ഭൂമി പതിവ് നൽകുന്നതിന് തടസ്സമായി നിൽക്കുന്ന ഘടകം. അയ്യമ്പുഴ വില്ലേജ് ഹിൽടാക്ക് ആയി പ്രഖ്യാപിക്കുന്നതിന് വേണ്ടിയുള്ള ശിപാർശ സർക്കാർ പരിശോധിക്കുകയും നിയമവകുപ്പ് അഭിപ്രായപ്പെട്ടതനുസരിച്ച് അയ്യമ്പുഴ വില്ലേജിലെ മുഴുവൻ ഭൂമിയും ഹിൽടാക്സ് ആയി ഉൾപ്പെടുത്തേണ്ടതുണ്ടോ എന്നും, വിഭജനത്തിന് ശേഷമുള്ള മഞ്ഞപ്ര വില്ലേജ് ഹിൽടാക്ക് ആയി പ്രസ്തുത ചട്ടങ്ങളിൽ നിലനിർത്തേണ്ടതുണ്ടോ എന്നും കൂടി പരിശോധിച്ച് റിപ്പോർട്ട് നൽകുവാൻ ലാൻഡ് റവന്യൂ കമ്മീഷണറോട് സർക്കാർ നിർദ്ദേശിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടില്ല.

(സി) ജില്ലാ കളക്ടറേറ്റിലെ എൽ2-46675/04 നമ്പരിലും ആലുവ താലൂക്ക് ഓഫീസിൽ സി4-6400/2004 നമ്പരിലും, ലാൻഡ് റവന്യൂ കമ്മീഷണറുടെ

ഓഫീസിൽ LRJ7/5910/12-ാം നമ്പരിലും, സെക്രട്ടേറിയറ്റ് റവന്യൂ (എ) വകുപ്പിലെ 44956/എ 3/09/റവ നമ്പർ ഫയലിലും നടപടികൾ സ്വീകരിച്ചുവരുന്നു.

**കുടിയേറ്റ ഭൂമിക്ക് പട്ടയം**

105(2983) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജോയിന്റ് വെരിഫിക്കേഷൻ കഴിഞ്ഞ, കൈവശ രേഖയുള്ള കുടിയേറ്റ ഭൂമിയുള്ളവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(ബി) 1977 ജനുവരി 1-ന് മുൻപ് കുടിയേറിയവർക്ക് പട്ടയം നൽകണമെന്ന് കോടതി വിധിയുണ്ടോ ;

(സി) തിരുവനന്തപുരം ജില്ലയിൽ ഇത്തരത്തിലുള്ള എത്ര അപേക്ഷകൾ നിലവിൽ ഉണ്ട് ; ഇവർക്ക് പട്ടയ വിതരണത്തിനുള്ള നടപടികൾ ഉടൻ സ്വീകരിക്കുമോ ?

ഉത്തരം

(എ) കേരള സംസ്ഥാനത്ത് 1993-ലെ പ്രത്യേക ചട്ടം (1-1-1977-ന് മുമ്പുള്ള വനഭൂമി കൈയ്യേറ്റം ക്രമീകരിക്കൽ) പ്രകാരം റവന്യൂ-വനം വകുപ്പുകളുടെ സംയുക്ത പരിശോധന കഴിഞ്ഞതും കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചതുമായ എല്ലാ പ്രദേശങ്ങളിലും പട്ടയം നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി)1960-ലെ ഭൂമി പതിവ് നിയമത്തിലെ വകുപ്പ് 7-ന്റെ പിൻബലത്തിൽ കേരള സർക്കാർ രൂപം നൽകിയ 1993-ലെ പ്രത്യേക ഭൂമി പതിവ് ചട്ടം (1-1-1977-ന് മുമ്പുള്ള വനഭൂമി കൈയ്യേറ്റം ക്രമീകരിക്കൽ) പ്രകാരം 1-1-1977-ന് മുമ്പുള്ള വനഭൂമി കയ്യേറ്റത്തിന് പ്രസ്തുത ചട്ടത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി കൈവശക്കാർക്ക് പട്ടയം നൽകുന്നതിന് നിയമസാധുത നൽകിയിട്ടുണ്ട്.

(സി) തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് താലൂക്കിൽ 650 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ പ്രകൃതിക്ഷോഭം**

106(2984) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014 മെയ് മാസം കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ വിവിധ ഗ്രാമപഞ്ചായത്തുകളിലുണ്ടായ പ്രകൃതി ക്ഷോഭത്തിൽ നഷ്ടം സംഭവിച്ചവർക്ക് നഷ്ട പരിഹാരം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആർക്കൊക്കെയാണ്; എത്ര രൂപ നഷ്ട പരിഹാരം നൽകി; ഇല്ലായെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) കൃഷി നാശം സംഭവിച്ചവർക്ക് കൃഷി വകുപ്പ് മുഖേന എത്ര രൂപ നഷ്ടപരിഹാരമായി തിട്ടപ്പെടുത്തിയിട്ടുണ്ട്; ഇതു സംബന്ധിച്ച് ക്യാബിനറ്റ് തീരുമാനം ഉണ്ടായിട്ടുണ്ടോ;

(സി) മീനച്ചിൽ വൈക്കം താലൂക്കുകളിലെ നഷ്ടപരിഹാരമായി സർക്കാർ കണക്കാക്കിയിരിക്കുന്നത് എത്ര രൂപയാണ്?

<u>ഉത്തരം</u>

(എ) വീടുകൾക്കുണ്ടായ നാശനഷ്ടങ്ങൾക്ക് ആശ്വാസ ധനസഹായം നൽകിയിട്ടുണ്ട്. ആശ്വാസ ധനസഹായം ലഭിച്ചവരുടെ വിവരം താഴെ ചേർക്കുന്നു:

| ക്രമനമ്പർ | പേര് വിലാസം | അനുവദിച്ച തുക |
|---|---|---|
| 1 | വാസന്തി കീഴൂർ, മുളക്കുളം | 5000 |
| 2 | മൈഥിലി, കുറുവേലിക്കുഴി, മുളക്കുളം | 8000 |
| 3 | രാജേഷ് വാളംതുരുത്തിൽ, മാഞ്ഞൂർ | 4000 |
| 4 | പൊന്നമ്മ പുത്തുങ്കൽ, കടുത്തുരുത്തി | 10,000 |
| 5 | ബെന്നി കുഴിത്തടത്തിൽ, ഞീഴൂർ | 5000 |
| 6 | ബിജു പൊത്തൻ പ്ലാക്കൽ | 4000 |
| 7 | ബാബു ഓളം കുട്ടിയിൽ, മുട്ടുചിറ | 3000 |
| 8 | രത്നമ്മ കുഞ്ഞിറത്താനത്ത്, മാഞ്ഞൂർ | 3500 |
| | ആകെ | 42500 |

കൃഷിനാശത്തിനുള്ള ആശ്വാസ ധനസഹായം വിതരണം ചെയ്തിട്ടില്ല. പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കൃഷിനാശത്തിന് ഓരോ വിളയ്ക്കും നൽകുന്ന ധനസഹായത്തിന്റെ തോത് 1-4-2012 മുതൽ പുനർനിർണ്ണയിച്ചിരുന്നു. മേൽപ്രകാരം വിളകൾക്ക് നിശ്ചയിച്ചിരുന്ന ധനസഹായം എസ്.ഡി.ആർ.എഫ്. മാനദണ്ഡ

പ്രകാരമുള്ളതിനേക്കാൾ കൂടുതൽ ആയിരുന്നു. കേന്ദ്ര സർക്കാർ എസ്.ഡി. ആർ.എഫ്. മാനദണ്ഡങ്ങൾ പരിഷ്കരിച്ചപ്പോൾ ഈയിനത്തിൽ കർഷകർക്ക് ലഭിച്ചിരുന്ന ധനസഹായത്തിൽ വളരെയധികം കുറവ് വരുകയുണ്ടായി. പ്രസ്തുത തുക കൃഷി വകുപ്പിന്റെ ഫണ്ടിൽനിന്നും കണ്ടെത്തുന്നകാര്യം പ്രസ്തുത വകുപ്പിൽ പരിശോധിക്കുന്നുണ്ട്.

(ബി) കൃഷി വകുപ്പ് മുഖേന 1,66,51,075 രൂപ (ഒരു കോടി അറുപത്തിയാറ് ലക്ഷത്തി അൻപത്തിയൊന്നായിരത്തി എഴുപത്തിയഞ്ച് രൂപ മാത്രം) നഷ്ട പരിഹാരമായി തിട്ടപ്പെടുത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച ക്യാബിനറ്റ് തീരുമാനം ഉണ്ടായിട്ടില്ല.

(സി) മീനച്ചിൽ താലൂക്ക് - 87,48,132 (എൺപത്തിയേഴ് ലക്ഷത്തി നാല്പത്തിയെട്ടായിരത്തി ഒരുന്നൂറ്റി മുപ്പത്തി രണ്ട് രൂപ മാത്രം) വൈക്കം താലൂക്ക്- 45,00,920 (നാല്പത്തിയഞ്ച് ലക്ഷത്തി തൊള്ളായിരത്തി ഇരുപത് രൂപാ മാത്രം.

## നി.കെ.ഭൂമി, എനിമീസ് പ്രോപ്പർട്ടി എന്നീ ഇനത്തിലുള്ള ഭൂമി

107(2985) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ നെടിയിരുപ്പ് വില്ലേജിൽ നി.കെ.ഭൂമി, എനിമീസ് പ്രോപ്പർട്ടി എന്നീ ഇനത്തിൽ എത്ര ഭൂമിയുണ്ടെന്നും അവ ഏതെല്ലാമാണെന്നും വിശദമാക്കുമോ;

(ബി) ഇവിടങ്ങളിൽ എന്തെങ്കിലും ഖനന പ്രവർത്തനങ്ങൾ നടക്കുന്നുണ്ടോ എന്ന് പരിശാധന നടത്തുമോ?

ഉത്തരം

(എ) നി.കെ. ഭൂമിയിനത്തിൽ നെടിയിരുപ്പ് വില്ലേജിൽ ബ്ലോക്ക് 36-ൽ 1.4920 ഹെക്ടറും, ബ്ലോക്ക് 35-ൽ 0.2360 ഹെക്ടർ ഭൂമിയും ഉണ്ട്. എനിമി പ്രോപ്പർട്ടി ഇനത്തിൽ ബ്ലോക്ക് 35-ൽ സർവ്വേ നമ്പർ 273/6-ൽപ്പെട്ട 0.2680 ഹെക്ടർ ഭൂമിയും, പഴയ സർവ്വേ നമ്പർ 46/1, 259/4pt, 245/7, 232/5, 247/2pt, 245/1 എന്നിവയിലെ 8.18 ഏക്കറിൽ 1/9 ഷെയറും ഉണ്ട്.

(ബി) ഖനന പ്രവർത്തനങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ഓൾ കേരളാ ലാന്റ് സർവ്വേയേഴ്സ് അസോസിയേഷൻ

108(2987) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓൾ കേരളാ ലാന്റ് സർവ്വേയേഴ്സ് അസോസിയേഷൻ എന്തെങ്കിലും നിവേദനം സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അവരുടെ നിവേദനത്തിൽ എന്തെല്ലാം ആവശ്യങ്ങളാണ് ഉന്നയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ആവശ്യങ്ങളിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമേ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1. സ്വകാര്യ സർവ്വേയർമാർക്ക് ലൈസൻസ് അനുവദിക്കുക.

2. ആധാരത്തോടൊപ്പം സ്കെച്ച് വച്ചുകൊണ്ടുള്ള രജിസ്ട്രേഷൻ നടപ്പിലാക്കുക

3. ബാങ്ക് ഇതര ധനകാര്യ സ്ഥാപനങ്ങൾക്ക് വ്യക്തിഗത വായ്പ എടുക്കുന്ന അവസരത്തിൽ ലൊക്കേഷൻ സ്കെച്ച് ആവശ്യപ്പെടുമ്പോൾ ലൈസൻസ്ഡ് സർവ്വേയർമാരുടെ സേവനം തേടുവാൻ ബാങ്ക് മുതലായ ധനകാര്യ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുക

4. സർവ്വേ സംബന്ധമായ ആവശ്യങ്ങൾക്ക് ഫീൽഡ് മെഷർമെന്റ് ബുക്ക് (എഫ്.എം.ബി.) പകർപ്പ് അപേക്ഷയും, ഫീസും നൽകിയാൽ യാതൊരു തടസ്സവും കൂടാതെ ലൈസൻസ് സർവ്വേയർമാർക്ക് ലഭ്യമാക്കുവാൻ നിർദ്ദേശം നൽകുക എന്നീ ആവശ്യങ്ങളാണ് ഉന്നയിച്ചിട്ടുള്ളത്.

(സി) 1. സംസ്ഥാനത്ത് ടോറൻസ് നടപ്പിലാക്കിയിട്ടുള്ള താലൂക്കുകളിൽ നിശ്ചിത യോഗ്യതയുള്ളവർക്ക് ലൈസൻസ് വിതരണം ചെയ്തു വരുന്നു. മറ്റു ജില്ലകളിൽ പ്രൈവറ്റ് സർവ്വേയർമാർക്ക് ലൈസൻസ് വിതരണം ചെയ്യുന്ന വിഷയം പരിശോധിച്ചുവരുന്നു.

2. ആധാരത്തോടൊപ്പം സ്കെച്ച് വച്ചുകൊണ്ടുള്ള രജിസ്ട്രേഷൻ നടപ്പിലാക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

3. ബാങ്ക് മുതലായ ധനകാര്യ സ്ഥാപനങ്ങളിലെ വ്യക്തിഗത വായ്പവിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ലൊക്കേഷൻ സ്കെച്ച് തയ്യാറാക്കുന്ന വിഷയം പ്രസ്തുത സ്ഥാപനങ്ങളുടെ പരിധിയിൽപ്പെടുന്നവയായതിനാൽ വകുപ്പിൽ നടപടിയില്ല.

4. നിയമാനുസൃത ഫീസ് ഒടുക്കുന്നയാൾക്ക് സർവ്വേ ഓഫീസുകളിൽ നിന്നും യഥാസമയം സ്കെച്ചുകൾ വിതരണം ചെയ്തുവരുന്നു.

**ഭൂമി പതിച്ചു നൽകൽ ചട്ടം**

109(2988) ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള ഭൂമി പതിച്ചു നൽകൽ ചട്ടങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; ഇതിനായി പുറപ്പെടുവിച്ച വിജ്ഞാപനം പിന്നീട് പിൻവലിക്കുകയുണ്ടായോ;

(ബി) പ്രസ്തുത മാറ്റം വരുത്തുവാനിടയായ സാഹചര്യം എന്തായിരുന്നു; ഇതിന് മുമ്പായി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ലാന്റ് അസൈൻമെന്റ് റൂൾസിലെ നിർദ്ദിഷ്ട ഭേദഗതി, 2005 വരെയുള്ള മുഴുവൻ കയ്യേറ്റങ്ങൾക്കും നിയമസാധുത നല്കുന്നതായിരുന്നുവോ; പതിച്ചുനൽകുന്ന ഭൂമി 25 വർഷം കഴിഞ്ഞേ കൈമാറാവൂ എന്ന വ്യവസ്ഥയിൽ മാറ്റം വരുത്തിയിട്ടുണ്ടോ;

(ഡി) കയ്യേറ്റം നടത്തി കൈവശംവച്ചുവരുന്ന സർക്കാർ ഭൂമിയിന്മേൽ പ്രസ്തുത ഭേദഗതി പ്രകാരം, അർഹതയുള്ളവരുടെ കണക്കുകൾ ശേഖരിച്ചിരുന്നുവോ; പ്രസ്തുത ഭൂമി മൊത്തം എത്ര ഏക്കർ ആണ്; വിശദാംശങ്ങൾ നല്കുമോ?

<u>ഉത്തരം</u>

(എ) 1964-ലെ കേരള ഭൂമി പതിവ് ചട്ടം 7(2)(iii), (v) എന്നിവ പ്രകാരം പതിച്ചു നൽകുന്നതിനുള്ള വരുമാന പരിധി 1,00,000 രൂപയിൽ നിന്നും 3,00,000 രൂപയായി ഉയർത്തി ചട്ടം ഭേദഗതി ചെയ്യുന്നതിനും 1-6-2015-ന് 10 വർഷം പൂർത്തിയാക്കുന്ന മലയോര മേഖലയിലെ സർക്കാർ ഭൂമിയിലെ പാട്ട കൈവശങ്ങൾ, പ്രതിഷേധാർഹമല്ലാത്ത കയ്യേറ്റങ്ങളും പതിച്ചുനൽകുന്നതിന് വ്യവസ്ഥ ഉൾപ്പെടുത്തിയും എസ്.ആർ.ഒ. നമ്പർ 436/2015 തീയതി 4-7-2015 [ജി.ഒ.(പി)

നമ്പർ 217/15/ആർ.ഡി., തീയതി 1-6-2015] പ്രകാരം സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. ടി വിജ്ഞാപനം എസ്.ആർ.ഒ. നമ്പർ 702/15, തീയതി 16-10-2015 [ജി.ഒ.(പി) 570/15/റവ തീയതി 14-10-2015] പ്രകാരം പിൻവലിച്ചിട്ടുള്ളതാണ്.

(ബി) ദശാബ്ദങ്ങൾക്ക് മുമ്പ് മലയോര മേഖലയിൽ താമസിച്ച് വരുകയും പട്ടയം കിട്ടാതെ ബുദ്ധിമുട്ടുകയും ചെയ്യുന്ന അർഹരായ ഗുണഭോക്താക്കൾക്ക് പട്ടയം ലഭ്യമാക്കുന്നതിന് വേണ്ടിയാണ് പ്രസ്തുത മാറ്റം വരുത്തുവാൻ സർക്കാർ തീരുമാനിച്ചത്. ഇത് സംബന്ധിച്ച് ബഹു. റവന്യൂ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 24-3-2015-ന് കൂടിയ യോഗത്തിലാണ് കൂടുതൽ ഗുണഭോക്താക്കൾക്ക് പട്ടയം ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശം ഉണ്ടായത്. മറ്റ് പഠനങ്ങളൊന്നും ഇക്കാര്യത്തിൽ നടത്തിയിട്ടില്ല.

(സി) നിർദ്ദിഷ്ട ഭേദഗതി 2005 വരെയുള്ള മലയോര മേഖലയിലെ പ്രതിഷേധാർഹമല്ലാത്ത കയ്യേറ്റ ഭൂമി പതിച്ചുനൽകുന്നതിന് അനുമതി നൽകുന്നതിനായിട്ടാണ് പുറപ്പെടുവിച്ചത് എന്ന് കാണുന്നു. ഭൂരഹിതർക്ക് പതിച്ചു നൽകുന്ന ഭൂമി 25 വർഷം കഴിഞ്ഞേ കൈമാറാവൂ എന്ന വ്യവസ്ഥയിൽ മാറ്റം വരുത്തിയിട്ടില്ല. എന്നാൽ 1964-ലെ ഭൂമി പതിവ് ചട്ടം 7(1) പ്രകാരം കൈവശ ഭൂമി പതിച്ചുനൽകുന്നത് കൈമാറ്റം ചെയ്യുന്നതിനുള്ള നിയന്ത്രണം ഒഴിവാക്കി സർക്കാർ ഉത്തരവായിട്ടുണ്ട്. [ജി.ഒ.(പി) നമ്പർ 525/2013/ആർ.ഡി. തീയതി 27-11-2013, ജി.ഒ.(പി) നമ്പർ 425/ 2014/ആർ.ഡി. തീയതി 30-9-2014]

(ഡി) ഭേദഗതി പിൻവലിച്ച സാഹചര്യത്തിൽ തുടർനടപടി സ്വീകരിച്ചിട്ടില്ല.

## ഭൂമി കൈമാറ്റം

110(2989) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ വളപട്ടണം വില്ലേജിലെ റീ-സർവ്വേ 33/1- ൽപ്പെട്ട 1.51 ഏക്കർ ഭൂമി സി.എച്ച്. മുഹമ്മദ്കോയ സ്മാരക ഗവ.ഹയർ സെക്കണ്ടറി സ്കൂൾ, വളപട്ടണത്തിന്, ഭൂമി കൈമാറ്റ വ്യവസ്ഥ പ്രകാരം കൈമാറുന്നതിനായി നൽകിയിരുന്ന അപേക്ഷയിൽ റവന്യൂ വകുപ്പിലുള്ള 38710/എൽ2/റവ. നമ്പർ ഫയലിൽ അന്തിമ തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) പ്രസ്തുത വിഷയത്തിൽ കോഴിക്കോട് കളക്ടറേറ്റിൽ നിലവിലുള്ള എൽ1/2014/36280/11 നമ്പർ ഫയൽ പ്രകാരം ഭൂമി കൈമാറ്റ ശിപാർശ സർക്കാരിലേക്ക് ലഭിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(സി) പ്രസ്തുത വിഷയത്തിൽ തലശ്ശേരി സബ്കളക്ടർ ഓഫീസിൽ നിലവിലുള്ള സി/11554/14 നമ്പർ ഫയലിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ വിഷയത്തിൽ പെർമിസീവ് സാങ്ഷനെങ്കിലും അടിയന്തരമായി ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) ഇല്ല. കണ്ണൂർ വളപട്ടണം വില്ലേജിലെ റീ-സർവ്വേ 33/1-ൽപ്പെട്ട 1.51 ഏക്കർ ഭൂമി സി.എച്ച്. മുഹമ്മദ് കോയ സ്മാരക ഗവ. ഹയർസെക്കണ്ടറി സ്കൂളിന് കളിസ്ഥലം നിർമ്മിക്കുന്നതിന് ഭൂമി കൈമാറി കിട്ടുന്നതിന് നിശ്ചിത പ്രൊഫോർമയിൽ അപേക്ഷ ജില്ലാ കളക്ടറിൽ നിന്നും ലഭ്യമാക്കുന്നതാണ്.

(ബി) ഭൂമി കൈമാറ്റ ശിപാർശ സർക്കാരിൽ ലഭിച്ചിട്ടില്ല.

(സി&ഡി) പ്രസ്ഇുത വിഷയത്തിൽ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി 4-12-2015-ന് തലശ്ശേരി സബ് കളക്ടർ സ്ഥലം നേരിട്ടു സന്ദർശിച്ചിരുന്നു. മേൽ ഭൂമി കോഴിക്കോട് ജില്ലാ കളക്ടറുടെ അധീനതയിലുള്ള ഭൂമിയായതിനാൽ ഭൂമി കൈമാറ്റ ശുപാർശ കോഴിക്കോട് ജില്ലാ കളക്ടർ മുഖാന്തിരം ഉടൻ സമർപ്പിക്കുന്നതാണ് എന്ന് കണ്ണൂർ ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

**ഭൂമി മണ്ണിട്ട് നികത്തിയത് സംബന്ധിച്ച പരാതി**

111(2990) <u>ശ്രീ. മാത്യു റ്റി. തോമസ്</u> : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവല്ല താലൂക്കിൽ കാവുംഭാഗം വില്ലേജിൽ ഇടിഞ്ഞില്ലം ഭാഗത്ത് റവന്യൂ രേഖകളിൽ നിലം എന്ന് രേഖപ്പെടുത്തിയിട്ടുള്ള 10 ഏക്കറോളം ഭൂമി മണ്ണിട്ട് നികത്തിയത് സംബന്ധിച്ച് നൽകിയിട്ടുള്ള പരാതിയിൽ എന്ത് നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

കാവുംഭാഗം വില്ലേജിൽ ബ്ലോക്ക് നമ്പർ 7-ൽ റീ-സർവ്വേ 167/8-1, 168/2,3,4, 169/1,3,4 എന്നീ സർവ്വേ നമ്പരുകളിൽ ഉൾപ്പെട്ട 2.13.61 ഹെക്ടർ നിലങ്ങളിൽ മണ്ണ് നിക്ഷേപിക്കുന്നതിന് നിബന്ധനകൾക്ക് വിധേയമായി 12-6-2006-ൽ പത്തനംതിട്ട ജില്ലാ കളക്ടർ സി4-28196/06/കെ.ഡിസ് നമ്പരായി ഉത്തരവായിരുന്നതാണ്. പെരിങ്ങര ഗ്രാമപഞ്ചായത്ത് പ്രസിദ്ധീകരിച്ചിട്ടുള്ള ഡേറ്റാബാങ്കിൽ ടി നിലങ്ങളും

168/5, 169/2, 167/4, 170/1 എന്നീ സർവ്വേ നമ്പരുകളിൽപ്പെട്ടതുമായ നിലങ്ങളും നികത്തി പുരയിടം എന്ന് നോട്ടിഫൈ ചെയ്തിട്ടുള്ളതും ആകുന്നു. ടി സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് പെരിങ്ങര ഗ്രാമപഞ്ചായത്തിൽനിന്നും അനുമതി നൽകിയിട്ടുള്ളതാണ്. ബഹു. കേരള ഹൈക്കോടതിയുടെ 18-5-2014-ലെ WP(C)7037/14 നമ്പർ ഉത്തരവ് പ്രകാരം റോഡ് നിരപ്പിൽ നിന്നും താഴ്ന്ന കിടക്കുന്ന ഭാഗങ്ങൾ മാത്രം നിബന്ധനകൾക്ക് വിധേയമായി നിരപ്പാക്കുന്നതിന് തിരുവല്ല റവന്യൂ ഡിവിഷണൽ ആഫീസർ അനുമതി നൽകിയിട്ടുള്ളതാണ്. ഈ വിഷയത്തിൽ ജോസഫ് ജോൺ ചിറപ്പുറമ്പിൽ പെരുംതുരിത്തി എന്നയാൾ സമർപ്പിച്ച പരാതിയിൽ ടിയാന് തിരുവല്ല റവന്യൂ ഡിവിഷണൽ ഓഫീസിൽ നിന്നും മേൽസൂചിപ്പിച്ച പ്രകാരം മറുപടി നല്കിയിട്ടുള്ളതും, ശ്രീ. ജോസഫ് ജോൺ ബഹു. കേരള ഹൈക്കോടതിയിൽ WP(C) 27737/2014-ാം നമ്പരായി ഹർജി ഫയൽ ചെയ്തിട്ടുള്ളതും ആണ്. ഈ കേസിൽ 16-11-2015-ന് ബഹു. കേരള ഹൈക്കോടതിയിൽ തിരുവല്ല റവന്യൂ ഡിവിഷണൽ ഓഫീസർ കൗണ്ടർ അഫിഡവിറ്റ് ഫയൽ ചെയ്തിട്ടുണ്ട്.

**ഭൂമി പോക്കുവരവു ചെയ്യുന്നതിനുള്ള കാലതാമസം**

112(2991) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി താലൂക്ക് ഓഫീസിന്റെ പരിധിയിലുള്ള പ്രദേശങ്ങളിൽ ഭൂമി പോക്കുവരവു ചെയ്തു കിട്ടുന്നതിനുള്ള അപേക്ഷകളിൽ തീരുമാനം എടുക്കുന്നതിന് വളരെയേറെ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വളരെക്കാലമായി ഇത്തരത്തിൽ പരാതികളുണ്ടായിട്ടും ഇത് പരിഹരിക്കപ്പെടാത്തത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഭൂമി പോക്കുവരവു ചെയ്തുകിട്ടുന്നതിനായി നിലവിൽ എത്ര അപേക്ഷകളുണ്ടെന്നും ഇവ പരിഗണനയ്ക്കെടുത്തിയിട്ട് എത്ര നാളുകളായെന്നും വിശദമാക്കാമോ;

(ഡി) കഴിഞ്ഞ ഒരു വർഷക്കാലയളവിൽ പരാതികൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കൊച്ചി താലൂക്ക് ഓഫീസിൽ ലഭിക്കുന്ന പോക്കുവരവ് അപേക്ഷകളിൽ

ഭൂരിഭാഗവും പുറമ്പോക്ക് പതിവ്/ദേവസ്വം പാട്ടാവകാശം/ലാന്റ് ട്രൈബ്യൂണൽ കുടികിടപ്പവകാശം എന്നിവ പ്രകാരമുള്ള പട്ടയങ്ങളിൽനിന്നും ആധാരങ്ങൾ എഴുതി നൽകിയിട്ടുള്ള കൈമാറ്റ അപേക്ഷകളാണ് ലഭിക്കുന്നത്. കൂടാതെ 15 വില്ലേജുകൾ ഉള്ളതിൽ 8 വില്ലേജുകളിൽ മാത്രമാണ് റീസർവ്വേ നടപടികൾ പൂർത്തിയായിട്ടുള്ളത്. റീ-സർവ്വേ പൂർത്തിയായിട്ടുള്ള വില്ലേജുകളിൽ ധാരാളം റീ-സർവ്വേ അപാകതകൾ സർവ്വേയർമാരുടെ സേവനമുപയോഗിച്ച് പരിഹരിക്കേണ്ട ആവശ്യകത ഉണ്ടാകുന്നുണ്ട്. മേൽപ്പറഞ്ഞ പട്ടയങ്ങളുടെ നിജസ്ഥിതി ഉറപ്പുവരുത്തേണ്ട സാഹചര്യം കാരണമാണ് സമയബന്ധിതമായി അപേക്ഷകൾ തീർപ്പാക്കുവാൻ കഴിയാത്തത്.

(സി) 2015 നവംബർ മാസം 30-ാം തീയതി വരെ 425 അപേക്ഷകൾ നിലവിലുണ്ട്.

(ഡി) പരാതികൾ പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ ചുവടെ ചേർക്കുന്നു:

1. താലൂക്ക് പരിധിയിൽ വരുന്ന 15 വില്ലേജുകളിലെയും പോക്കുവരവ് അപേക്ഷകൾ അഡീഷണൽ തഹസീൽദാർ നേരിട്ട് പരിശോധിച്ച് തീർപ്പ് കൽപ്പിക്കുന്ന രീതിയാണ് തുടർന്നുപോന്നിരുന്നത്. അപേക്ഷകളുടെ ബാഹുല്യംകൊണ്ട് ഇക്കാര്യത്തിൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിന് തർക്കരഹിത അപേക്ഷകൾ 2 വില്ലേജുകൾക്ക് ഒരു ചാർജ്ജ് ഓഫീസർ എന്ന നിലയ്ക്ക് നിയമിച്ച് അപേക്ഷകൾ വേഗത്തിൽ തീർപ്പാക്കിവരുന്നുണ്ട്.

2. ലഭിക്കുന്ന അപേക്ഷകളിൽ നിയമ പ്രശ്നങ്ങളോ സാങ്കേതിക അപാകതകളോ ഇല്ലാത്തവ സമയബന്ധിതമായി തീർപ്പാക്കുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുള്ളതും അപ്രകാരം നടപ്പിലാക്കി വരുന്നുമുണ്ട്.

3. കൂടുതൽ സർവ്വേയർമാരുടെ സേവനം ലഭ്യമാക്കുന്നതിന് ശ്രമിച്ചുവരുന്നു.

4. ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു.

**പുതിയ താലൂക്കുകളിലെ തസ്തികകളും പശ്ചാത്തല സൗകര്യങ്ങളും**

113(2992) <u>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി എത്ര താലൂക്കുകൾ അനുവദിച്ചുവെന്നും അവ ഏതെല്ലാമാണെന്നും വിശദമാക്കുമോ ;

(ബി) ഇവിടെ ഏതെല്ലാം തസ്തികകൾ അനുവദിച്ചു; ഇനി ഏതെല്ലാം തസ്തികകൾ സൃഷ്ടിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്നും വിശദമാക്കുമോ ;

(സി) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കൊണ്ടോട്ടി അടക്കമുള്ള താലൂക്കുകൾക്ക് മിനി സിവിൽ സ്റ്റേഷൻ പണിയുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(ഡി) കൊണ്ടോട്ടി താലൂക്കിൽ നിലവിൽ എത്ര സർവ്വെ സ്റ്റാഫുകൾ ഉണ്ടെന്നും പ്രവർത്തനബാഹുല്യം കണക്കിലെടുത്ത് കൂടുതൽ സ്റ്റാഫിനെ നിയമിക്കുമോയെന്നും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) 12 താലൂക്കുകൾ. പ്രസ്തുത താലൂക്കുകളുടെ വിവരം അനുബന്ധം - എ ആയി ഉൾപ്പെടുത്തിയിരിക്കുന്നു.

(ബി) പുതിയ താലൂക്കിലേക്ക് അനുവദിച്ച തസ്തികകൾ അനുബന്ധം - ബി ആയി ഉൾപ്പെടുത്തിയിരിക്കുന്നു. പുതിയ താലൂക്കുകളിലേക്ക് ഇനി തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച വിവരം ഇപ്പോൾ പരിഗണനയിലില്ല.

(സി) സംസ്ഥാനത്ത് പുതിയതായി രൂപീകരിച്ച 12 താലൂക്കുകളിൽ പത്തനംതിട്ട ജില്ലയിലെ കോന്നി, കോഴിക്കോട് ജില്ലയിലെ താമരശ്ശേരി എന്നീ താലൂക്കുകൾ മിനി സിവിൽ സ്റ്റേഷനിലാണ് പ്രവർത്തിച്ചുവരുന്നത്. പുതിയതായി രൂപീകരിച്ച മറ്റ് താലൂക്കുകളായ കാട്ടാക്കട, വർക്കല, ചാലക്കുടി, പട്ടാമ്പി, ഇരിട്ടി, വെള്ളരിക്കുണ്ട് എന്നിവയ്ക്ക് മിനി സിവിൽ സ്റ്റേഷൻ/കെട്ടിട നിർമ്മാണത്തിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൊണ്ടോട്ടി, മഞ്ചേശ്വരം, ഇടുക്കി എന്നീ താലൂക്കുകൾക്ക് കെട്ടിടം പണിയുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക്, തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) കൊണ്ടോട്ടി താലൂക്കിൽ നിലവിൽ സർവ്വേ സ്റ്റാഫിലെ ഒരു സർവെയർ ജോലി ചെയ്തുവരുന്നുണ്ട്. പ്രവർത്തനബാഹുല്യം കണക്കിലെടുത്ത് കൂടുതൽ സ്റ്റാഫിനെ നിയമിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

**മാലോം കുണ്ടുപ്പള്ളി-പടയംകല്ലിലെ അനധികൃത ക്വാറിയും ക്രഷറും**

114(2993) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ ബളാൽ പഞ്ചായത്തിൽ ഇ.എഫ്.എൽ. നോട്ടിഫൈഡ് മേഖലയുടെയും റിസർവ്ഡ് വനമേഖലയുടെയും സമീപ പ്രദേശമായ മാലോം കുണ്ടുപ്പള്ളി-പടയംകല്ലിൽ അനധികൃത ക്വാറിയും ക്രഷറും പ്രവർത്തന സജ്ജമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ചൈത്രവാഹിനി പുഴയുടെ കൈവഴി പ്രദേശവും ആനത്താരയുള്ള പ്രദേശവുമായ ഇവിടെ ക്വാറിയും ക്രഷറും യാഥാർത്ഥ്യമായാൽ ഗൗരവമായ പാരിസ്ഥിതിക ആഘാതം ഉണ്ടാകുമെന്നകാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത പ്രദേശം ജില്ലാ കളക്ടർ തുടങ്ങിയ അധികാരികൾ സന്ദർശിച്ച് പ്രസ്തുത വിഷയത്തിന്മേൽ റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) മാലോം കുണ്ടുപ്പള്ളി-പടയംകല്ലിലെ ക്വാറിക്ക് നിലവിൽ ബളാൽ ഗ്രാമപഞ്ചായത്ത് ലൈസൻസ് പുതുക്കി നൽകിയിട്ടില്ല. ക്രഷർ യൂണിറ്റിന് പ്രവർത്തനാനുമതിയും നല്കിയിട്ടില്ല. എന്നാൽ ക്രഷർ ബിൽഡിംഗ് നിർമ്മിക്കുന്നതിന് വേണ്ടി കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾ അനുശാസിക്കുന്ന പ്രകാരം കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. ക്രഷർ യൂണിറ്റിൽ ആകെ 392.5 കുതിര ശക്തിയുള്ള യന്ത്രസാമഗ്രികൾ സ്ഥാപിക്കാൻ അനുവാദവും നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥലത്ത് കരിങ്കൽ ക്വാറി നടത്തുന്നതിനുള്ള അനുമതിയും ക്രഷറിന് രജിസ്ട്രേഷനും ഡീലേഴ്സ് ലൈസൻസും ജിയോളജി വകുപ്പിൽനിന്നും നല്കിയിട്ടില്ല.

(ബി) പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) പ്രസ്തുത സ്ഥലം പഞ്ചായത്ത് സെക്രട്ടറി സന്ദർശിച്ച് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ജില്ലാ ജിയോളജിസ്റ്റും പ്രസ്തുത സ്ഥലം സന്ദർശിച്ചിട്ടുണ്ട്.

**ക്വാറി യൂണിറ്റുകൾക്ക് പ്രവർത്തനാനുമതി**

115(2994) <u>ശ്രീ. രാജു എബ്രഹാം</u> :

ശ്രീ. കെ. സുരേഷ് കുറുപ്പ് :

ശ്രീ. കെ. കെ. ജയചന്ദ്രൻ :

ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-ൽ റവന്യൂ വകുപ്പ് പ്രവർത്തനാനുമതി നൽകിയ ക്വാറി യൂണിറ്റുകൾ നിയമവ്യവസ്ഥകൾ പാലിച്ചിട്ടുള്ളവയാണോ ; വ്യക്തമാക്കുമോ;

(ബി) അനധികൃതമായും സർക്കാർ ഭൂമി കയ്യേറിയും സംസ്ഥാനത്ത് ക്വാറികൾ പ്രവർത്തിക്കുന്നതായി അറിയാമോ; ഇത്തരം കേസുകളിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**ദുരന്ത നിവാരണ സംവിധാനങ്ങൾ**

116(2995) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദുരന്ത നിവാരണത്തിനായി റവന്യൂ വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ ഏതെല്ലാമാണ്;

(ബി) അടിയന്തര ഘട്ടങ്ങളിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തിന് ഏതെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2005-ലെ ദുരന്ത നിവാരണ നിയമത്തിനനുസൃതമായി മുഖ്യമന്ത്രി ചെയർമാനായും, റവന്യൂ വകുപ്പുമന്ത്രി വൈസ് ചെയർമാനായും ദുരന്ത നിവാരണ അതോറിറ്റിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. അതോറിറ്റിയെ സഹായിക്കാനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനും റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കൺവീനറുമായി സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയും പ്രവർത്തിക്കുന്നു. ദുരന്ത നിവാരണത്തിനുള്ള 2005-ലെ ദേശീയ നിയമത്തിലെ നിബന്ധനകൾ അനുസരിച്ച് സംസ്ഥാന സർക്കാർ ഗസ്റ്റ് വിജ്ഞാപനത്തിലൂടെ 14 ജില്ലകളിലും ദുരന്ത നിവാരണത്തിനുള്ള ജില്ലാതല അതോറിറ്റികൾ സ്ഥാപിച്ചിട്ടുണ്ട്. ദേശീയ

അതോറിറ്റിയും സംസ്ഥാന അതോറിറ്റിയും ആവിഷ്കരിച്ചിട്ടുള്ള മർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച്, ജില്ലയിൽ ദുരന്ത നിവാരണത്തിനുള്ള ആസൂത്രണം, ഏകോപനം, നടപ്പാക്കൽ എന്നിവ ജില്ലാതല അതോറിറ്റികൾ ചെയ്യുന്നു. ജില്ലാതല അതോറിറ്റിയിൽ ജില്ലാ കളക്ടർ ചെയർമാനും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കോ-ചെയർമാനുമാണ്. ആരോഗ്യ വകുപ്പിലെ ഡോക്ടർമാർ, നഴ്സുമാർ, കൃഷി വകുപ്പ്, വിദ്യുച്ഛക്തി ബോർഡ്, ഗ്രാമ വികസന വകുപ്പ്, നാഷണൽ സർവ്വീസ് സ്കീം വോളന്റിയർമാർ, യു.ജി.സി. അദ്ധ്യാപകർ, എക്സൈസ് ഉദ്യോഗസ്ഥർ, റവന്യൂ വകുപ്പ്, അഗ്നിശമന വകുപ്പ്, ജനമൈത്രി പോലീസ്, റെഡ് ക്രോസ്, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്സ്, എൻ.സി.സി., മറ്റ് സന്നദ്ധ സംഘടനകൾ, പൊതുജനങ്ങൾ എന്നിവർക്ക് വിവിധ ദുരന്ത നിവാരണ വിഷയങ്ങളിലായി പരിശീലനം നടത്തി വരുന്നു. അംഗൻവാടി ടീച്ചർമാർക്കും, ആശാവർക്കർമാർക്കും ദുരന്ത നിവാരണത്തിലും വർദ്ധിച്ചുവരുന്ന ടാങ്കർ ലോറി ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ രാസദുരന്തങ്ങൾ കൈകാര്യം ചെയ്യുന്നതിൽ പോലീസ് സേനയിലെ വിവിധ ഉദ്യോഗസ്ഥർക്കും, കേരളത്തിലെ ഭൂചലന സാദ്ധ്യതകളുടെ വെളിച്ചത്തിൽ ദുരന്ത പ്രതിരോധ കെട്ടിടനിർമ്മാണ രീതികളെക്കുറിച്ച് വിവിധ ജില്ലകളിലെ എഞ്ചിനീയർമാർക്കും സിവിൽ എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്കും പരിശീലനം നൽകുന്നു. ദുരന്ത നിവാരണ അവബോധത്തിനായി ബന്ധപ്പെട്ട വിഷയത്തിൽ നിരവധി പുസ്തകങ്ങളും, ലഘുലേഖകളും ദുരന്ത നിവാരണ സെന്റർ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനവും ദുരന്തങ്ങളും എന്ന മേഖലയിൽ വിവിധ വികസന നിരീക്ഷണ ഗവേഷണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ആവശ്യമായ ഫണ്ടനുവദിച്ചുകൊണ്ട് മഴപ്പൊലിമ പോലുള്ള വരൾച്ചാ ലഘൂകരണ പ്രവർത്തനങ്ങളും നടത്തിവരുന്നു.

(ബി) സ്ഥിതിഗതികൾ വിലയിരുത്തുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും ലാന്റ് റവന്യൂ കമ്മീഷണറേറ്റിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന സംസ്ഥാനതല കൺട്രോൾ റൂമും, ജില്ലാ കളക്ടറേറ്റുകളിൽ ജില്ലാതല കൺട്രോൾ റൂമുകളും പ്രവർത്തിക്കുന്നുണ്ട്. ദുരന്ത സമയങ്ങളിൽ ആ ദുരന്തവുമായി ബന്ധപ്പെട്ട വകുപ്പ് നോഡൽ വകുപ്പായി പ്രവർത്തിക്കുന്നു. പ്രസ്തുത അവസരത്തിലും ഒന്നിൽ കൂടുതൽ വകുപ്പുകളുമായി ബന്ധപ്പെട്ട ദുരന്തമുണ്ടാകുന്ന സാഹചര്യത്തിലും പ്രസ്തുത വകുപ്പുകളുമായി ബന്ധപ്പെട്ട് ആവശ്യമായ നിർദ്ദേശങ്ങൾ നൽകി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു. കൂടാതെ ദുരന്ത മുന്നറിയിപ്പ് അവലോകനം, പഠനം, വിദഗ്ദ്ധോപദേശം എന്നിവയ്ക്കായി സ്റ്റേറ്റ് എമർജൻസി ഓപ്പറേഷൻ സെന്ററും (എസ്.ഇ.ഒ.സി.) അതോറിറ്റിയുടെ കീഴിൽ പ്രവർത്തിച്ചുവരുന്നു. ഇതിനുപുറമേ 14

ജില്ലകളിലും ജില്ലാ അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രങ്ങൾ (DEOC) പ്രവർത്തിക്കുന്നു. കൂടാതെ ചുഴലിക്കാറ്റ് മൂലമുള്ള ദുരന്തങ്ങൾ നേരിടുന്നതിനായി ദേശീയ ചുഴലിക്കാറ്റ് പ്രതിരോധ പദ്ധതി നടപ്പിലാക്കിവരുന്നു. ഇടിമിന്നൽ, കടൽക്ഷോഭം, എന്നിവ പ്രകൃതി ദുരന്തങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി നാശനഷ്ടങ്ങൾക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും ആശ്വാസ ധനസഹായം അനുവദിച്ചുവരുന്നു. അണക്കെട്ട് ഉൾപ്പെടെയുള്ള മേഖലകളിൽ, വൈദ്യുതി ബോർഡിന്റെ സഹകരണത്തോടുകൂടി ഭൂകമ്പ മാപിനികൾ സ്ഥാപിച്ചിട്ടുണ്ട്. ദുരന്ത നിവാരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായുള്ള സംസ്ഥാന ദുരന്ത പ്രതികരണ സേന 2012-ൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ദുരിത ബാധിതർക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും ആശ്വാസ ധനസഹായം അനുവദിക്കുന്നുണ്ട്. ദുരന്ത മുന്നൊരുക്ക നടപടികൾ സ്വീകരിക്കുന്നതിനായി സംസ്ഥാന ദുരന്ത ലഘൂകരണ നിധി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി പ്രവർത്തിച്ച് ദുരന്ത നിവാരണ അവബോധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. അടിയന്തര ഘട്ടങ്ങളിൽ വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും അടിയന്തര നടപടി എടുക്കുന്നതിനും ജില്ലാ ആസ്ഥാനങ്ങളിലും താലൂക്ക് ആസ്ഥാനങ്ങളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ പ്രവർത്തിച്ചുവരുന്നു.

## റവന്യൂ ലാൻറ് ഇൻഫർമേഷൻ സിസ്റ്റം

117(2996) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ ലാൻറ് ഇൻഫർമേഷൻ സിസ്റ്റം നടപ്പാക്കാൻ കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

### ഉത്തരം

(എ) ഉണ്ട്.

(ബി) ആധുനിക വിവര സാങ്കേതികവിദ്യയുടെ സഹായത്തോടെ വസ്തുവിന്റെ

പോക്കുവരവ്/ജമമാറ്റം നടപടികൾ വേഗത്തിലും സുതാര്യമായും കുറ്റമറ്റ രീതിയിലും നടപ്പിലാക്കുകയും ഏകോപിപ്പിക്കുകയും, ചെയ്യുന്ന ഓൺലൈൻ പോക്കുവരവ് ആണ് ഈ പദ്ധതിയുടെ പ്രധാന ഉദ്ദേശ്യലക്ഷ്യം. നിലവിലെ സംവിധാനം അനുസരിച്ച് പോക്കുവരവ് ചെയ്യുന്നതിനുള്ള കാലതാമസവും, യഥാവിധി പോക്കുവരവ് നടക്കാതെയും, നടത്താതെയും ഉണ്ടാകുന്ന ബുദ്ധിമുട്ടുകളും ജനങ്ങൾക്ക് പരിഹരിച്ചുകിട്ടുകയും വില്ലേജ് റിക്കാർഡുകളിൽ കൃത്യമായ രേഖപ്പെടുത്തലുകൾ ഉണ്ടാവുകയും ചെയ്യുന്നു. മാത്രമല്ല, സർക്കാർ ഭൂമി യാതൊരു കാരണവശാലും അനധികൃതമായി കൈമാറ്റം ചെയ്യപ്പെടാതിരിക്കാനും രജിസ്റ്റർ ചെയ്ത ആധാരങ്ങളുടെ സമയബന്ധിതമായ ജമമാറ്റം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽ നിന്നോ, നിരീക്ഷണത്തിൽ നിന്നോ മാറിപ്പോകാതിരിക്കാനും ഈ സംവിധാനം സഹായകരമാണ്. ഭൂമി കൈമാറ്റങ്ങളുമായി ബന്ധപ്പെട്ട സുതാര്യതയാണ് മറ്റൊരു ഉദ്ദേശ്യലക്ഷ്യം. കൂടാതെ ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കുന്ന വില്ലേജുകളിൽ ഭൂനികുതി ഓൺലൈനായി അടയ്ക്കുന്നതിനുള്ള ഓൺലൈൻ പേയ്മെന്റ് സൗകര്യവും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(സി) റെലിസ് Ver.2 ഉപയോഗിച്ചുള്ള സംയോജിത ഓൺലൈൻ പോക്കുവരവ് നിലവിൽ തിരുവനന്തപുരം ജില്ലയിലെ 17 വില്ലേജുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. റെലിസ് Ver.1 ഉപയോഗിച്ചുള്ള ഓൺലൈൻ പോക്കുവരവ് 15-9-2011 മുതൽ പാലക്കാട് ജില്ലയിലെ 17 വില്ലേജുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. ഈ വില്ലേജുകളും ഉടൻതന്നെ റെലിസ് Ver.2 വില്ലേജ് മാറുന്നതാണ്. ഈ സംവിധാനം സംസ്ഥാനമൊട്ടാകെ നടപ്പിലാക്കുന്നതിന് 17-10-2015-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 575/2015/റവന്യൂ പ്രകാരം ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ആദ്യഘട്ടമായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും പെട്ട 420 വില്ലേജുകളിലേക്കുകൂടി 31-3-2016-നകം ഈ സംവിധാനം വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരുന്നു. കൂടാതെ 21-1-2015-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 550/2015/പൊ.ഭ.വ. പ്രകാരം ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കുന്നതിനോടനുബന്ധിച്ചുള്ള വിവര സാങ്കേതിക വിദ്യയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ചുമതല കേരള സ്റ്റേറ്റ് ഐ.റ്റി. മിഷൻ ഡയറക്ടർക്ക് നൽകിയിട്ടുള്ളതുമാണ്.

**വെളിയം വില്ലേജ് ആഫീസിന് കെട്ടിടം**

118(2997) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര താലൂക്കിൽപ്പെട്ട വെളിയം വില്ലേജ് ആഫീസിന്റെ

നിലവിലെ കെട്ടിടത്തിന് എത്ര വർഷത്തെ പഴക്കമുണ്ട്;

(ബി) പ്രസ്തുത ആഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ എസ്റ്റിമേറ്റിൽ റവന്യൂ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത കെട്ടിട നിർമ്മാണം സ്മാർട്ട് വില്ലേജ് പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തിയാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) 50 വർഷത്തിലധികം പഴക്കമുണ്ട്.

(ബി) വെളിയം വില്ലേജാഫീസ് കെട്ടിട നിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി നല്കുന്നതിനുള്ള നടപടികൾ പരിശോധിച്ചുവരുന്നു.

(സി) സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതി 2015-16-ലേക്ക് തെരഞ്ഞെടുത്ത 8 വില്ലേജുകളിൽ, കൊട്ടാരക്കര താലൂക്കിലെ വെളിയം വില്ലേജോഫീസ് ഉൾപ്പെട്ടു വരുന്നില്ല.

## റവന്യൂ രേഖകളുടെ കമ്പ്യൂട്ടർവൽക്കരണം

119(2998) <u>ശ്രീ. പി. തിലോത്തമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ രേഖകളുടെ കമ്പ്യൂട്ടർവൽക്കരണ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ;

(ബി) കേരളത്തിലെ എത്ര ശതമാനം റവന്യൂ ഓഫീസുകളിൽ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയായെന്നും സർട്ടിഫിക്കറ്റുകൾ അടക്കം എല്ലാ രേഖകളും കമ്പ്യൂട്ടർവഴി നൽകുന്നുവെന്നും പറയാമോ ;

(സി) എപ്പോഴേയ്ക്ക് ബന്ധപ്പെട്ട രേഖകൾ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ ?

<u>ഉത്തരം</u>

(എ) വില്ലേജ് റെക്കോർഡുകളുടെ കമ്പ്യൂട്ടർവൽക്കരണം നാഷണൽ

ഇൻഫർമാറ്റിക്സ് സെന്ററിന്റെ (എൻ.ഐ.സി.) സഹായത്തോടെ വികസിപ്പിച്ചെടുത്തിട്ടുള്ള റവന്യൂ ലാന്റ് ഇൻഫർമേഷൻ സിസ്റ്റം (റെലിസ്) എന്ന സോഫ്റ്റ്‌വെയർ ഉപയോഗിച്ച് നടപ്പിലാക്കിവരുന്നു. റെലിസ് പദ്ധതി മുഖേന റവന്യൂ രേഖകൾ കമ്പ്യൂട്ടർവൽക്കരിക്കുകയും തുടർന്ന് ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കുകയുമാണ് ചെയ്യുന്നത്. പാലക്കാട് ജില്ലയിലെ ആലത്തൂർ, വടക്കാഞ്ചേരി എന്നീ സബ് രജിസ്ട്രാർ ഓഫീസുകളുടെ അധികാരപരിധിയിൽ വരുന്ന 17 വില്ലേജുകളിൽ റെലിസ് Ver.1 പരീക്ഷണാടിസ്ഥാനത്തിൽ ഉപയോഗിച്ചുകൊണ്ട് 15-9-2011 മുതൽ പദ്ധതി നടപ്പാക്കിയിരുന്നു. ഇതിലുള്ള അപാകതകൾ കൂടി പരിഹരിച്ച് ആവശ്യമായ ഭേദഗതികൾ വരുത്തി ആയത് പരിഷ്കരിക്കുകയും അതുപയോഗിച്ചു കൊണ്ട് റവന്യൂ, രജിസ്ട്രേഷൻ, സർവ്വേ വകുപ്പുകളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് 17-8-2015 മുതൽ തുടങ്ങിയ സംയോജിത ഓൺലൈൻ പോക്കുവരവ് തിരുവനന്തപുരം ജില്ലയിലെ 17 വില്ലേജുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനമൊട്ടാകെ ഈ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആദ്യഘട്ടമായി 31-3-2016-നകം ടി പദ്ധതി സംസ്ഥാനത്തെ 420 വില്ലേജുകളിലെ ഭൂസംബന്ധമായ രേഖകൾ കമ്പ്യൂട്ടർവത്കരിച്ച് അവിടങ്ങളിൽ ഓൺലൈൻ പോക്കുവരവ് ഏർപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

(ബി) നിലവിൽ പാലക്കാട് ജില്ലയിലെ 17 വില്ലേജുകളിലും തിരുവനന്തപുരം ജില്ലയിലെ 17 വില്ലേജുകളിലും ഭൂമി സംബന്ധമായ രേഖകൾ കമ്പ്യൂട്ടർവത്കരിച്ച് ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. റവന്യൂ വകുപ്പിൽനിന്നും അനുവദിക്കുന്ന 24 ഇനം സർട്ടിഫിക്കറ്റുകൾ ഇ-ഡിസ്ട്രിക്ട് പദ്ധതിയിലൂടെ സംസ്ഥാനത്തെ എല്ലാ താലൂക്ക്/വില്ലേജ് ഓഫീസുകളിൽനിന്നും നൽകിവരുന്നു.

(സി) 17-10-2015-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 575/2015/ റവന്യൂ പ്രകാരം സംസ്ഥാനമൊട്ടാകെ റവന്യൂ, രജിസ്ട്രേഷൻ, സർവ്വേ വകുപ്പുകളെ ബന്ധിപ്പിച്ചു കൊണ്ടുള്ള സംയോജിത ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ആദ്യഘട്ടമായി 31-3-2016-നകം സംസ്ഥാനത്തെ 420 വില്ലേജുകളിലെ ഭൂസംബന്ധമായ രേഖകൾ കമ്പ്യൂട്ടർവത്കരിച്ച് അവിടങ്ങളിൽ ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് എല്ലാ വില്ലേജുകളിലെയും രേഖകൾ കമ്പ്യൂട്ടർവത്കരിക്കുന്നതിന് സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**കായൽ കയ്യേറ്റം**

120(2999) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാപകമായി കായൽ കയ്യേറ്റം നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിവിധ ജില്ലകളിലായി ജലസ്രോതസ്സുകളിൽ നടക്കുന്ന ഇത്തരം കയ്യേറ്റങ്ങൾ സംബന്ധിച്ച റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഉള്ളടക്കം വിശദമാക്കുമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് കായൽ കയ്യേറ്റം സംബന്ധിച്ച് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) കയ്യേറിയ കായൽ പ്രദേശങ്ങൾ തിരിച്ചു പിടിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; ഇതിന്റെ ഭാഗമായി കയ്യേറിയ എത്ര പ്രദേശങ്ങൾ തിരിച്ചു പിടിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ഇ) സംസ്ഥാനത്താകെയുള്ള കായൽ കയ്യേറ്റത്തിന്റെ അളവ് എത്ര വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) തിരുവനന്തപുരം ജില്ലയിൽ വെള്ളായണി, ആക്കുളം, കഠിനംകുളം എന്നീ കായലുകളുടെ പുറമ്പോക്ക് ഭൂമി സ്വകാര്യ വ്യക്തി കയ്യേറിയിട്ടുണ്ട്. ചിറയിൻകീഴ് താലൂക്കിന്റെ പരിധിയിൽപ്പെട്ട കായലുകളിൽ വ്യാപകമായ കായൽ കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കൊല്ലം ജില്ലയിൽ വ്യാപകമായ കയ്യേറ്റം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആലപ്പുഴ ജില്ലയിൽ അമ്പലപ്പുഴ, ചേർത്തല, കുട്ടനാട് താലൂക്കുകളിൽ കായൽ കയ്യേറ്റം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാർത്തികപ്പള്ളി താലൂക്കിൽ കായൽ കയ്യേറ്റം റിപ്പോർട്ട് ചെയ്തിട്ടില്ല. ചെങ്ങന്നൂർ മാവേലിക്കര താലൂക്കുകളിൽ കായൽ കയ്യേറ്റം ഇല്ലാത്തതാണ്. കോട്ടയം ജില്ലയിൽ കോട്ടയം താലൂക്കിൽ കുമരകം വില്ലേജിൽ ഉൾപ്പെട്ടുവരുന്ന വേമ്പനാട് കായലിൽ കയ്യേറ്റം നടന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എറണാകുളം ജില്ലയിൽ വ്യാപകമായ കായൽ കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പത്തനംതിട്ട, ഇടുക്കി, വയനാട്, പാലക്കാട് എന്നീ ജില്ലകളിൽ കായൽ പ്രദേശങ്ങളില്ല. മലപ്പുറം, കണ്ണൂർ, കാസർഗോഡ്, കോഴിക്കോട്, തൃശ്ശൂർ എന്നീ ജില്ലകളിൽ കയ്യേറ്റം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ചേർത്തല താലൂക്കിൽ 5 കേസുകളിലായി 19.9 ആർസ് കായൽ കയ്യേറ്റം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിൽ കാപ്പിക്കോ റിസോർട്ട്സിന്റെ

കയ്യേറ്റവുമായി ബന്ധപ്പെട്ട് കേസ് നിലവിലുള്ളതിനാൽ ടി റിസോർട്ടുടമകൾ കയ്യേറിയിട്ടുള്ളതായി ബോധ്യപ്പെട്ടിട്ടുള്ള 2.9397 ഹെക്ടർ സർക്കാർ ഭൂമി തിരിച്ചുപിടിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. കൂടാതെ പാണാവള്ളി വില്ലേജിൽ ചെറിയ തുരുത്തിൽ ആകെയുള്ള 1.61.86 ഹെക്ടർ സർക്കാർ ഭൂമിയിലെ പതിച്ചുകൊടുത്തിട്ടുള്ളതു കഴിച്ച് ബാക്കി സ്ഥലം തിരിച്ചുപിടിക്കുന്നതിനുള്ള സർവ്വേ ജോലികൾ പുരോഗമിച്ചുവരുന്നു. കൊല്ലം ജില്ലയിൽ 28.40 ആർ സ്ഥലം തിരിച്ചുപിടിച്ചിട്ടുണ്ട്. കോട്ടയം ജില്ലയിൽ കോട്ടയം താലൂക്കിൽ കുമരകം വില്ലേജിൽ ബ്ലോക്ക് 12-ൽ ഇടശ്ശേരി ടവേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് ഉടമകളിൽനിന്ന് 1.78.80 ഹെക്ടർ കായൽ പുറമ്പോക്ക് തിരിച്ചു പിടിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിൽ കോടതിയുടെ പരിഗണനയിൽ ഒരു കേസ് നിലവിലുണ്ട്. പത്തനംതിട്ട, തൃശ്ശൂർ, പാലക്കാട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ കേസുകൾ റിപ്പോർട്ട് ചെയ്തിട്ടില്ല.

(ഡി) കൊല്ലം ജില്ലയിൽ 28.40 ആർ സ്ഥലം തിരിച്ചുപിടിച്ചിട്ടുണ്ട്. കോട്ടയം ജില്ലയിൽ കോട്ടയം താലൂക്കിൽ കുമരകം വില്ലേജിൽ ബ്ലോക്ക് 12-ൽ ഇടശ്ശേരി ടവേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് ഉടമകളിൽ 1.78.80 ഹെക്ടർ കായൽ പുറമ്പോക്ക് തിരിച്ചുപിടിച്ചിട്ടുണ്ട്. അമ്പലപ്പുഴ താലൂക്കിൽ മുല്ലയ്ക്കൽ വില്ലേജിൽ ആകെ 8.30 ആർ രണ്ടു വ്യക്തികൾ കയ്യേറിയിട്ടുള്ളതും ഇതിൽ 4.93 ആർസ് കയ്യേറ്റം കോടതി പരിഗണനയിലും ബാക്കിയുള്ള 3.30 ആർസ് കയ്യേറ്റം ഒഴിപ്പിക്കുന്നതിന് കെ.എൽ.സി. ആക്ട് പ്രകാരവും കേസെടുത്ത് നടപടി സ്വീകരിച്ചുവരുന്നു. ചേർത്തല താലൂക്കിൽ 5 കേസുകളിലായി 19.9 ആർസ് കായൽ കയ്യേറ്റം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിൽ കാപ്പിക്കോ റിസോർട്ട്സിന്റെ കയ്യേറ്റവുമായി ബന്ധപ്പെട്ട് കേസ് നിലവിലുള്ളതിനാൽ ടി റിസോർട്ടുടമകൾ കയ്യേറിയിട്ടുള്ളതായി ബോധ്യപ്പെട്ടിട്ടുള്ള 2.9397 ഹെക്ടർ സർക്കാർ ഭൂമി തിരിച്ചുപിടിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ലാത്തതാണ്. കൂടാതെ പാണാവള്ളി വില്ലേജിൽ ചെറിയ തുരുത്തിൽ ആകെയുള്ള 1.61.86 ഹെക്ടർ സർക്കാർ ഭൂമിയിലെ പതിച്ചുകൊടുത്തിട്ടുള്ളതു കഴിച്ച് ബാക്കി സ്ഥലം തിരിച്ചുപിടിക്കുന്നതിനുള്ള സർവ്വേ ജോലികൾ പുരോഗമിച്ചുവരുന്നു. കുട്ടനാട് താലൂക്കിൽ കൈനകരി വില്ലേജിൽ ബ്ലോക്ക് നമ്പർ 9-238/2-ൽപ്പെട്ട ഭൂതപ്പാണ്ടം കായലിന്റെ അനധികൃത കയ്യേറ്റം ഒഴിപ്പിക്കുന്നതിന് കെ.എൽ.സി. ആക്ട് പ്രകാരം നടപടി സ്വീകരിച്ചുവരുന്നു. കയ്യേറ്റം ബോധ്യപ്പെട്ടിട്ടുള്ള എല്ലാ താലൂക്കുകളിലും കോടതി കേസുകൾ നിലവിലില്ലാത്ത കയ്യേറ്റങ്ങളിൽ കെ.എൽ.സി. ആക്ട് പ്രകാരം ഒഴിപ്പിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

(ഇ) തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ 03.5125

ഹെക്ടർ കായൽ പുറമ്പോക്ക് കയ്യേറിയിട്ടുള്ളതും ചിറയിൻകീഴ് താലൂക്കിലെ കയ്യേറ്റത്തിന്റെ വിസ്തീർണ്ണം തിട്ടപ്പെടുത്തിയിട്ടില്ലാത്തതുമാണ്. കൊല്ലം ജില്ലയിൽ പുറമ്പോക്ക് ഭൂമി കൈവശമുള്ളവർ 01.41.20 സ്ഥലം കയ്യേറിയതായി കണ്ടെത്തിയിട്ടുണ്ട്. കോട്ടയം ജില്ലയിൽ കോട്ടയം താലൂക്ക് പരിധിയിൽ 6.42.30 ഹെക്ടർ കായൽ കയ്യേറിയിട്ടുണ്ട്. മലപ്പുറം ജില്ലയിൽ പൊന്നാനി താലൂക്കിൽ 5 ഏക്കർ കായൽ കയ്യേറിയതായി കണ്ടെത്തിയിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ കായൽ കയ്യേറ്റം റിപ്പോർട്ട് ചെയ്തിട്ടുള്ള 3 താലൂക്കുകളിലായി 25.84 ആർസ് കായൽ പുറമ്പോക്ക് ഒഴിപ്പിക്കുവാനായി കെ.എൽ.സി. ആക്ട് പ്രകാരം നടപടി സ്വീകരിച്ചുവരുന്നു.

## റവന്യൂ വകുപ്പിലെ കമ്പ്യൂട്ടർവത്ക്കരണം

121(3000) <u>ശ്രീ. സാജു പോൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) വകുപ്പിന്റെ എല്ലാ സേവനങ്ങളും പൂർണ്ണമായി കമ്പ്യൂട്ടർവത്ക്കരിച്ചിട്ടുണ്ടോ; വിശദവിവരം നൽകാമോ; ഇല്ലെങ്കിൽ പൂർണ്ണമായി കമ്പ്യൂട്ടർവത്ക്കരണം നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) റവന്യൂ വകുപ്പിലെ എല്ലാ സേവനങ്ങളും പൂർണ്ണമായി കമ്പ്യൂട്ടർവത്കരിച്ചിട്ടില്ല. റവന്യൂ വകുപ്പിൽ നിന്നുമുള്ള സേവനങ്ങൾ പൊതുജനങ്ങൾക്ക് വേഗത്തിലും സുതാര്യമായും ഗുണമേന്മയോടും കൂടി കമ്പ്യൂട്ടർവത്കരണത്തിലൂടെ ലഭ്യമാക്കുക എന്നതാണ് ഇ-ഗവേണൻസ് പദ്ധതി നടപ്പിലാക്കുന്നതോടെ പ്രധാനമായും ലക്ഷ്യമിടുന്നത്. അപേക്ഷകന് എപ്പോഴും, എവിടെ നിന്നു വേണമെങ്കിലും സർട്ടിഫിക്കറ്റുകൾക്ക് ഓൺലൈനായി അപേക്ഷിക്കുകയും ലഭ്യമാകുകയും ചെയ്യുന്ന സംവിധാനമാണ് ഇ-ഡിസ്ട്രിക്ട് പദ്ധതിയിലൂടെ ലക്ഷ്യമിട്ടിട്ടുള്ളതും നടപ്പിലാക്കി വരുന്നതും. ഓൺലൈൻ ആയി വില്ലേജാഫീസർക്ക്/തഹസീൽദാർക്ക് എത്തുന്ന അപേക്ഷകൾ പരിശോധിച്ച ശേഷം ഡിജിറ്റൽ ഒപ്പോടുകൂടിയ സർട്ടിഫിക്കറ്റുകൾ അനുവദിച്ചു നൽകുന്നു. പദ്ധതിവഴി റവന്യൂ വകുപ്പിൽനിന്നും നൽകുന്ന 24 ഇനം സർട്ടിഫിക്കറ്റുകൾ ഓൺലൈനായി നൽകിവരുന്നു. വസ്തുവിന്റെ പോക്കുവരവ്/ജമമാറ്റം നടപടികൾ വേഗത്തിലും, സുതാര്യമായും, കുറ്റമറ്റ രീതിയിലും നടപ്പിലാക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടുകൂടിയാണ് സംയോജിത ഓൺലൈൻ പോക്കുവരവ് പദ്ധതി നടപ്പിലാക്കി വരുന്നത്. പോക്കുവരവ്

ചെയ്യുന്നതിനുള്ള കാലതാമസവും യഥാവിധി പോക്കുവരവ് നടക്കാതെയും നടത്താതെയും ഉണ്ടാകുന്ന ബുദ്ധിമുട്ടുകളും ജനങ്ങൾക്ക് ഓൺലൈൻ പോക്കുവരവ് മുഖേന പരിഹരിച്ചുകിട്ടുകയും, വില്ലേജ്, റിക്കാർഡുകളിൽ കൃത്യമായ രേഖപ്പെടുത്തലുകൾ ഉണ്ടാവുകയും ചെയ്യുന്നു. മാത്രമല്ല സർക്കാർ ഭൂമി യാതൊരു കാരണവശാലും കൈമാറ്റം ചെയ്യപ്പെടുന്നില്ല എന്നുറപ്പാക്കുന്നതിനും പോക്കുവരവുകളും, രജിസ്റ്റർ ചെയ്ത ആധാരങ്ങളുടെ സമയബന്ധിതമായ ജമമാറ്റവും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽനിന്നോ, നിരീക്ഷണത്തിൽനിന്നോ മാറിപ്പോകാതിരിക്കുന്നതിനും ഈ സംവിധാനം ഉതകുന്നതാണ്. ഭൂമി കൈമാറ്റങ്ങളുമായി ബന്ധപ്പെട്ട സുതാര്യതയാണ് മറ്റൊരു പ്രധാന ലക്ഷ്യം. സർക്കാർ ഭൂമി സംബന്ധിച്ച രേഖകൾ നൂതന സാങ്കേതിക വിദ്യയുടെ സാധ്യത ഉപയോഗപ്പെടുത്തി കേന്ദ്രീകൃതമായി സൂക്ഷിക്കുക എന്ന ലക്ഷ്യത്തോടെയാണ് കേരള സ്റ്റേറ്റ് ലാന്റ് ബാങ്ക് രൂപീകരിച്ചിട്ടുള്ളത്. സർക്കാർ ഭൂമി കണ്ടെത്തി തിട്ടപ്പെടുത്തുക, ജാഗ്രതയോടെ സംരക്ഷിക്കുക, വിവേകപൂർവ്വം അവയിൽ നിന്നുള്ള ആദായം വർദ്ധിപ്പിക്കുക, വികസന പ്രവർത്തനങ്ങൾക്ക് വേഗത്തിൽ ഭൂമി ലഭ്യമാക്കുക മുതലായവയാണ് മറ്റു പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ. ജില്ലാ കളക്ടറേറ്റുകളെ ഉദ്ദേശിച്ചുള്ള ഒരു ഫയൽ മാനേജ്മെന്റ് സിസ്റ്റമാണ് ഡി.സി. സ്യൂട്ട്. നാഷണൽ ഇ-ഗവേണൻസ് പദ്ധതിയുടെ ഭാഗമായി ഇ-ഓഫീസ് സംവിധാനം ലാന്റ് റവന്യൂ കമ്മീഷണറേറ്റിലും 14 ജില്ലാ കളക്ടറേറ്റുകളിലും 21 റവന്യൂ ഡിവിഷണൽ ഓഫീസുകളിലും 75 താലൂക്ക് ഓഫീസുകളിലും ഘട്ടംഘട്ടമായി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇത് നടപ്പിലാകുന്നതോടുകൂടി ടി ഓഫീസുകളിലെ ഫയൽ പ്രോസസ്സിംഗ് പൂർണ്ണമായും ഇലക്ട്രോണിക്സ് രീതിയിലേക്ക് മാറുന്നതാണ്. റവന്യൂ റിക്കവറി സംബന്ധിച്ച പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും വേഗത്തിൽ തീരുമാനമെടുക്കുന്നതിനും ആർ. ആർ. ഓൺലൈൻ എന്ന സംവിധാനം ഉപയോഗിക്കുന്നു. പൂർണ്ണമായി കമ്പ്യൂട്ടർവത്കരണം നടപ്പിലാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

**റവന്യൂ സംബന്ധമായ പ്രവർത്തനങ്ങൾക്കുള്ള കർമ്മ പദ്ധതി**

122(3001) ശ്രീ. പി. എ. മാധവൻ :

ശ്രീ. ആർ. സെൽവരാജ് :

ശ്രീ. എം. പി. വിൻസെന്റ് :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ സംബന്ധമായ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സുഗമമാക്കുന്നതിനും കർമ്മ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതിയിലൂടെ കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) റവന്യൂ സംബന്ധമായ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സുഗമമാക്കുന്നതിനും കർമ്മ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്.

(ബി) 1. ഭൂരഹിതരില്ലാത്ത കേരളം പദ്ധതി :-

ഭൂരഹിതരായ കുടുംബങ്ങൾക്ക് വീട് വയ്ക്കുന്നതിനുവേണ്ടി മൂന്ന് സെന്റ് ഭൂമി വീതം പതിച്ചു കൊടുക്കുന്ന പദ്ധതിയാണിത്.

2. ഇ-ഡിസ്ട്രിക്റ്റ് പദ്ധതി:-

പൊതുജനങ്ങൾക്ക് വിരൽതുമ്പിൽ സേവനം എത്തിക്കുക എന്ന ആശയം ലക്ഷ്യമാക്കി റവന്യൂ വകുപ്പ് നൽകുന്ന ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ് തുടങ്ങിയ 24-ഓളം ഇനം സർട്ടിഫിക്കറ്റുകൾ ഇ-ഡിസ്ട്രിക്റ്റ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയിട്ടുണ്ട്.

3. ഓൺലൈൻ പോക്ക് വരവ് സംവിധാനം:-

കേരളത്തിലെ റവന്യൂ, സർവ്വേ, രജിസ്ട്രേഷൻ വകുപ്പുകളിലെ സംവിധാനങ്ങളെ സംയോജിപ്പിച്ചുകൊണ്ട് പോക്കുവരവ് നടപടികൾ സുതാര്യമാക്കുന്നതിന് ലക്ഷ്യമിട്ട് സർക്കാർ തുടങ്ങിയ ഓൺലൈൻ പോക്കുവരവ് പദ്ധതി തിരുവനന്തപുരം ജില്ലയിലെ 17 വില്ലേജുകളിലും പാലക്കാട് ജില്ലയിലെ 17 വില്ലേജുകളിലും നടപ്പിൽ വന്നുകഴിഞ്ഞു. സംസ്ഥാനത്ത് എല്ലാ ജില്ലകളിലും നടപ്പാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

4. വില്ലേജ് ഓഫീസ്, താലൂക്ക് രൂപീകരണം

സംസ്ഥാനത്ത് ഒരു പഞ്ചായത്തിന് ഒരു വില്ലേജ് എന്ന നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി വില്ലേജ് ഓഫീസുകൾ ഇല്ലാത്ത 31 പഞ്ചായത്തുകളിൽ 31 വില്ലേജുകൾ രൂപീകരിച്ചു. ആയതുപോലെ, സംസ്ഥാനത്ത് ഭരണ സൗകര്യാർത്ഥം പുതുതായി 12 താലൂക്കുകളും രൂപീകരിച്ചു.

5. <u>വില്ലേജ് ഓഫീസുകളുടെ പരിഷ്കരണം:-</u>

വില്ലേജ് ഓഫീസുകളുടെ സമഗ്ര പരിഷ്കരണം ലക്ഷ്യമാക്കി കൊണ്ട് വിഭാവനം ചെയ്ത SMART പദ്ധതിയുടെ ഭാഗമായി 2 ഘട്ടങ്ങളിലായി സംസ്ഥാനത്തുടനീളം തെരഞ്ഞെടുക്കപ്പെട്ട 25 വില്ലേജുകൾ നവീകരിച്ചു കഴിഞ്ഞു.

6. <u>പുഴ മുതൽ പുഴ വരെ പദ്ധതി</u> :-

നാശോന്മുഖമായികൊണ്ടിരിക്കുന്ന പുഴകളെയും കായലുകളെയും സംരക്ഷിച്ച് അവയുടെ പുനരുജ്ജീവനത്തിനായി ലക്ഷ്യമിട്ടാണ് ഈ പദ്ധതി രൂപ കല്പന ചെയ്തിട്ടുള്ളത്.

(സി) 1. <u>ഭൂരഹിതരില്ലാത്ത കേരളം പദ്ധതി</u>യുടെ ഒന്നാംഘട്ടത്തിൽ 2,43,928 ഗുണഭോക്താക്കളെ കണ്ടെത്തുകയും രണ്ടാംഘട്ടത്തിലെ ഗുണഭോക്താക്കളുടെ എണ്ണം കണക്കാക്കിയും വരുന്നു. ഒന്നാം ഘട്ടത്തിൽ 36,491 പട്ടയങ്ങളും രണ്ടാം ഘട്ടത്തിൽ 6946 പട്ടയങ്ങളും ഉൾപ്പെടെ 43,437 പേർക്ക് പട്ടയം അനുവദിക്കുകയും ചെയ്തു. കണ്ണൂർ കാസർഗോഡ്, ഇടുക്കി എന്നീ ജില്ലകളിലെ അർഹരായി കണ്ടെത്തിയ മുഴുവൻ കുടുംബങ്ങൾക്കും ഭൂമി വിതരണം ചെയ്തുകൊണ്ട് ഈ മൂന്നു ജില്ലകളെയും രാജ്യത്തിലെ ആദ്യത്തെ ഭൂരഹിതരില്ലാത്ത ജില്ലകളായി പ്രഖ്യാപിച്ചിട്ടുണ്ട്.

2. <u>ഇ-ഡിസ്ട്രിക്ട്</u> പദ്ധതി പ്രകാരം നാളിതുവരെ 1,69,59,074 അപേക്ഷകൾ തീർപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്.

3. <u>ഓൺലൈൻ പോക്കുവരവ് സംവിധാനം</u> എന്ന പദ്ധതിയുടെ പ്രാരംഭ പ്രവർത്തനം എന്ന നിലയിൽ തിരുവനന്തപുരം ജില്ലയിലെ 17 വില്ലേജുകളിൽ വിജയകരമായി ഈ പദ്ധതി നടപ്പിൽ വരുത്തിയിട്ടുണ്ട്. 2015 ഡിസംബർ 31-നുള്ളിൽ സംസ്ഥാനത്തുടനീളം 300-ഓളം വില്ലേജുകളിൽ ഈ പദ്ധതി നടപ്പിൽ വരുത്തുന്നതാണ്. ഈ പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനായി 4 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

4. <u>സംസ്ഥാനത്ത് നിലവിൽ വില്ലേജ് ഓഫീസുകൾ</u> ഇല്ലാത്ത 31 ഗ്രാമപഞ്ചായത്തുകളിൽ 29-5-2013-ലെ സ.ഉ.(എംഎസ്.)നമ്പർ 230/13/റവന്യൂ, 20-10-2012-ലെ സ.ഉ.(എംഎസ്.) 392/12/ റവന്യൂ എന്നീ ഉത്തരവുകൾ പ്രകാരം 31 വില്ലേജുകളുടെയും

വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി. ഇവയിൽ 29 വില്ലേജുകളിൽ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. ബാക്കിയുള്ള 2 വില്ലേജുകൾക്ക് കെട്ടിടം കണ്ടെത്തി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

5. SMART വില്ലേജ് പദ്ധതിയുടെ ഭാഗമായി 2 ഘട്ടങ്ങളിലായി 25 വില്ലേജുകൾ നവീകരിച്ചു കഴിഞ്ഞു. 3-ാം ഘട്ടത്തിൽ തിരഞ്ഞെടുക്കപ്പെട്ട 9 വില്ലേജുകളുടെ പദ്ധതി നിർവ്വഹണം അന്തിമഘട്ടത്തിലാണ്. മൂന്നു ഘട്ടങ്ങളിലായി 11.09 കോടി രൂപ ഈ പദ്ധതിക്ക് വകയിരുത്തിയിട്ടുണ്ട്.

6. പുഴ മുതൽ പുഴ വരെ പദ്ധതി:-

റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ച് നടപ്പിൽ വരുത്തുവാനുള്ള പദ്ധതികൾ പരിശോധിക്കുന്നതിന് സംസ്ഥാന ഉന്നതതല സമിതിയുടെ 29-11-2013-ലെ യോഗം സംസ്ഥാനത്തെ നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന നദികളുടെ സംരക്ഷണത്തിനായി "പുഴ മുതൽ പുഴ വരെ" പദ്ധതിക്ക് രൂപം നൽകി. പ്രാഥമികമായി ഭാരതപ്പുഴ, അച്ചൻകോവിൽ എന്നീ നദികളുടെ തീരം ഫലവൃക്ഷങ്ങൾ, പൂമരങ്ങൾ, വള്ളിച്ചെടികൾ എന്നിവ നട്ടു വളർത്തി പരിപാലിക്കുന്നതിനായി 15-11-2014-ലെ സ.ഉ. (എംഎസ്.) 475/14/റവന്യൂ പ്രകാരം 10 കോടി രൂപ അനുവദിച്ച് ഭരണാനുമതി നൽകിയിട്ടുണ്ട്.

## റവന്യൂ കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ

123(3002) ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം രാജധാനി ഹോട്ടൽ സമുച്ചയം ഉടമയും തിരുവനന്തപുരം കിഴക്കേകോട്ട 'സംതൃപ്തി ' യിൽ താമസക്കാരനുമായ ഡോ. ബിജുരമേഷിന് റവന്യൂവകുപ്പിൽ എത്ര സ്റ്റേ നിലവിലുണ്ട്; ഇവ ഏതെല്ലാമാണെന്ന് വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ടിയാന് റവന്യൂ കുടിശ്ശിക എത്ര തുകയുണ്ട് ; പ്രസ്തുത തുക പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമായിരുന്നു ;

(സി) തിരുവനന്തപുരം ശ്രീ പത്മനാഭസ്വാമിക്ഷേത്രം വക സ്വത്തുകൾ

കയ്യേറിയതുമായി ബന്ധപ്പെട്ട് പരാതികൾ റവന്യൂ വകുപ്പിൽ നിലവിലുണ്ടോ; എങ്കിൽ പരാതിക്കാർ ആരൊക്കെയാണെന്നും പരാതി സംബന്ധിച്ച വിവരങ്ങളും വിശദമാക്കാമോ;

(ഡി) പ്രസ്തുത പരാതികൾ പരിഹരിക്കുന്നതിലേയ്ക്കായി റവന്യൂ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സ്റ്റേ നിലവിലില്ല.

(ബി) റവന്യൂ കുടിശ്ശിക ഇല്ല എന്നതാണ് ലാന്റ് റവന്യൂ കമ്മീഷണർ അറിയിച്ചിട്ടുള്ളത്.

(സി&ഡി) നിലവിൽ പരാതികളൊന്നും ലഭിച്ചിട്ടില്ല.

**ലാന്റ് അക്വിസേഷൻ ആക്ട് പ്രകാരം ഭൂമി ഏറ്റെടുക്കൽ**

124(3003) <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ലാന്റ് അക്വിസേഷൻ ആക്ട് പ്രകാരം പൊതു ആവശ്യങ്ങൾക്ക് ഭൂമി ഏറ്റെടുക്കുന്നതിന് തടസ്സങ്ങൾ ഉണ്ടോ; എങ്കിൽ ആയത് എന്താണെന്ന് വിശദീകരിക്കുമോ;

(ബി) എന്നുമുതലാണ് ഭൂമി ഏറ്റെടുക്കുന്നതിനു തടസ്സങ്ങൾ ഉണ്ടായതെന്നും ആയത് ഒഴിവാക്കുവാൻ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ;

(സി) കൊല്ലം ജില്ലയിലെ പള്ളിക്കമണ്ണടി പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കൽ നടപടി ആരംഭിച്ചത് എന്നാണ്; പ്രസ്തുത ഭൂമി ഏറ്റെടുത്ത് നൽകുവാനുണ്ടായ തടസ്സങ്ങൾ എന്തായിരുന്നു; നിലവിലെ അവസ്ഥ എന്താണ്; വ്യക്തമാക്കുമോ;

(ഡി) നിലവിലുള്ള നിയമങ്ങൾ അനുസരിച്ച് ഭൂമി എന്നത്തേക്ക് ഏറ്റെടുത്ത് നൽകുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നിലവിൽ തടസ്സങ്ങൾ ഇല്ല.

(ബി) 1894-ലെ സ്ഥലമെടുപ്പ് നിയമപ്രകാരം നടപടികൾ സ്വീകരിച്ചുവന്ന സ്ഥലം ഏറ്റെടുക്കൽ കേസ്സുകളിൽ പുതിയ ഭൂമി ഏറ്റെടുക്കൽ നിയമമായ Right to fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act 2013 നിലവിൽ വന്ന 2014 ജനുവരി 1 മുതൽ തുടർ നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച് സർക്കാർ മാർഗ്ഗനിർദ്ദേശം നൽകി ഉത്തരവ് ഉണ്ടായ തീയതിയായ 5-7-2014 വരെ താൽക്കാലികമായി ഭൂമി ഏറ്റെടുക്കൽ നടപടികൾ തടസ്സപ്പെട്ടിരുന്നു.

(സി) കൊല്ലം ജില്ലയിലെ പള്ളിക്കമണ്ണടി പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചത് 9-4-2013-ന് ആണ്. 1894-ലെ സ്ഥലമെടുപ്പ് നിയമപ്രകാരം നടപടികൾ സ്വീകരിച്ചുവന്ന ഈ സ്ഥലം ഏറ്റെടുക്കൽ കേസ്സിൽ പുതിയ ഭൂമി ഏറ്റെടുക്കൽ നിയമമായ Right to fair Copensation and Transparency in Land Acquisition, Rehabilitation and Resettlement Act (RFCTLA RR Act, 2013) നിലവിൽ വന്ന 2014 ജനുവരി 1 മുതൽ തുടർ നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച് സർക്കാർ ഉത്തരവ് ഉണ്ടായ തീയതിയായ 5-7-2014 വരെ താൽക്കാലികമായി ഭൂമി ഏറ്റെടുക്കൽ നടപടികൾ തടസ്സപ്പെട്ടിരുന്നതാണ്. തുടർന്ന് 15-11-2011-ലെ G.O.(MS)No. 419/2011/RD ഉത്തരവ് പ്രകാരം രൂപീകരിച്ച ജില്ലാതല പർച്ചേസ് കമ്മിറ്റി (DLPC) സ്ഥലവില സംബന്ധിച്ച് ധാരണയിലെത്തുന്നതിനായി 3-3-2015-ന ഭൂവുടമകളുമായി ചർച്ച നടത്തിയിരുന്നു. ടി കമ്മിറ്റി നിർദ്ദേശിച്ച സ്ഥലവില അംഗീകരിച്ചുകൊണ്ട് ആകെയുള്ള 23 ഭൂവുടമകളിൽ 3 പേർ മാത്രമാണ് സമ്മതപത്രം നൽകിയിരുന്നത്. ടി സാഹചര്യത്തിൽ സ്ഥലവില സംബന്ധിച്ച് ധാരണയിലെത്തുന്നതിനായി വീണ്ടും DLPC യോഗം 8-10-2015-ന വിളിച്ചിരുന്നുവെങ്കിലും ഭൂവുടമകളാരും തന്നെ പ്രസ്തുത യോഗത്തിൽ പങ്കെടുക്കാത്ത സാഹചര്യത്തിൽ ടി യോഗം നടന്നിട്ടില്ലാത്തതാണ്. പ്രസ്തുത സാഹചര്യത്തിൽ പുതിയ ഭൂമി ഏറ്റെടുക്കൽ നിയമത്തിലെ വകുപ്പുകൾ പ്രകാരം ഭൂമി ഏറ്റെടുക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

(ഡി) RFCT LA RR Act, 2013-ന്റെ അടിസ്ഥാനത്തിലുള്ള ചട്ടങ്ങൾ രൂപീകരിച്ചിട്ടുള്ള സാഹചര്യത്തിൽ പുതിയ നിയമപ്രകാരമുള്ള അർത്ഥന ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

### ലാന്റ് ട്രിബ്യൂണലുകൾ

125 (3004) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിക്കിടക്കുന്ന പട്ടയം അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് നിലവിലുള്ള ലാന്റ് ട്രിബ്യൂണലുകൾ വിഭജിച്ച് ഉത്തരവായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവ് പ്രാബല്യത്തിൽ വന്നിട്ടുണ്ടോ; ഇതിന് ആവശ്യമായ ജീവനക്കാരെ അനുവദിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഉത്തരവ് നടപ്പിലാക്കി എന്ന് പട്ടയവിതരണം പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) ഉദ്യോഗസ്ഥതലത്തിൽ ഇതു സംബന്ധിച്ച യോഗം വിളിച്ചു ചേർത്തിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ലാന്റ് ട്രിബ്യൂണലുകളിൽ തീർപ്പാക്കാതെ കിടക്കുന്ന കേസ്സുകൾ തീർപ്പാക്കുന്നതിനായി, കൂടുതൽ കേസ്സുകൾ നിലവിലുള്ള തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലെ 28 സ്പെഷ്യൽ തഹസിൽദാർമാർക്കും കണ്ണൂർ ജില്ലയിലെ വടക്കേക്കളം പ്രദേശത്തെ അപേക്ഷകൾ പരിഗണിക്കുന്നതിന് ASL സ്പെഷ്യൽ തഹസിൽദാർക്കും ലാന്റ് ട്രിബ്യൂണലിന്റെ അധിക ചുമതല നൽകി ഉത്തരവാകുകയും ആയത് പ്രാബല്യത്തിൽ വരികയും ചെയ്തിട്ടുണ്ട്. എൽ.റ്റി.യുടെ ചുമതല ലഭിച്ചിട്ടുള്ള ASL സ്പെഷ്യൽ തഹസിൽദാരുടെ ഓഫീസിൽ ആവശ്യമായ ജീവനക്കാരെ അനുവദിച്ചിട്ടുണ്ട്. മറ്റ് സ്പെഷ്യൽ തഹസിൽദാർമാർ അവരുടെ ഓഫീസിൽ നിലവിലുള്ള ജീവനക്കാരെ തന്നെയാണ് ഉപയോഗിക്കുന്നത്.

(ബി) തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലായി തീർപ്പാക്കുവാനുള്ള കേസ്സുകൾ എത്രയും വേഗം തീർപ്പാക്കുന്നതിനാണ് കൂടുതൽ ലാന്റ് ട്രിബ്യൂണലുകളെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ടി ലാന്റ് ട്രിബ്യൂണലുകൾക്ക് കേസ്സുകൾ തീർപ്പാക്കുന്നതിന് ആറ് മാസത്തേക്കാണ് അധികാരം നൽകിയിട്ടുള്ളത്.

(സി) ഉദ്യോഗസ്ഥതലത്തിൽ 27-11-2015-ന് ലാന്റ് ബോർഡ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ പുതുതായി രൂപീകരിച്ച ലാന്റ് ട്രിബ്യൂണൽ തഹസിൽദാർമാരുടെയും നിലവിലുള്ള ലാന്റ് ട്രിബ്യൂണൽ തഹസിൽദാർമാരുടെയും യോഗം വിളിച്ച് പ്രവർത്തന പുരോഗതി വിലയിരുത്തുകയും, ക്രമീകരണങ്ങൾ പൂർത്തിയാക്കി സമയബന്ധിതമായി ക്രയ സർട്ടിഫിക്കറ്റുകൾ അനുവദിക്കുന്നതിന് നിർദ്ദേശം

നൽകുകയും ചെയ്തിട്ടുണ്ട്.

**പദ്ധതി പ്രവർത്തനങ്ങൾക്കായി ഭൂമി ഏറ്റെടുക്കൽ**

126(3005) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ പദ്ധതി പ്രവർത്തനങ്ങൾക്കായി സ്ഥലമേറ്റെടുക്കുന്നതു സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; ഏതെല്ലാം പദ്ധതികൾക്കാണ് ഭൂമി ഏറ്റെടുക്കുന്നത്; എത്ര അളവിൽ ഭൂമി ഏറ്റെടുക്കേണ്ടിവരും; ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഏറ്റെടുക്കുന്ന ഭൂമിക്ക് വില നൽകുന്നതിന് എന്തു തുക വേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; ആയതിനു വകയിരുത്തപ്പെട്ട തുക എത്ര;

(സി) വികസനപ്രവർത്തനങ്ങൾക്കായി ഭൂമി ഏറ്റെടുത്ത വകയിൽ ഭൂവുടമകൾക്ക് ഇനിയും പണം നൽകാനുണ്ടോ; ഇതിന് എന്തു തുക വേണ്ടിവരും; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി&സി) വിവരം ശേഖരിച്ചു വരുന്നു.

**നെന്മാറ നിയോജക മണ്ഡലത്തിലെ പട്ടയം**

127(3006) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ നിന്നും പട്ടയം ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷകളിൽ ഏത് വർഷം വരെയുള്ളവ തീർപ്പാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പഞ്ചായത്തിലും ഇനി തീർപ്പാക്കാനുള്ള അപേക്ഷകളെ സംബന്ധിച്ച വിശദാംശം നൽകാമോ;

(സി) പട്ടയവിതരണത്തിലെ കാലതാമസം ഒഴിവാക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) മുതലമട പഞ്ചായത്തിലെ ഹിയറിംഗ് കഴിഞ്ഞ എത്ര പ്രസ്തുത അപേക്ഷകളാണ് തീർപ്പാക്കാനുള്ളത്; ആയത് എന്ന് ലഭ്യമാക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) റവന്യൂ ഉടമസ്ഥതയിലുള്ള ഭൂമി പതിവ് അപേക്ഷകളിൽ 2010 വരെയുള്ളവ തീർപ്പാക്കിയിട്ടുള്ളവയാണ്. റബ്ബർ പ്ലാന്റേഷൻ, മലയോരഭൂമി, വനഭൂമി എന്നിവയിലുൾപ്പെട്ട അപേക്ഷകളിൽ ഭൂമി പതിവ് ചട്ടം അനുശാസിക്കുന്നവയിൽ കൂടുതൽ ഭൂമി കൈവശമുള്ള അപേക്ഷകളിൽ 10 വർഷത്തിൽ കൂടുതൽ കാലയളവുള്ള അപേക്ഷകൾ തുടങ്ങിയവ തീർപ്പായിട്ടില്ലാത്തവയുണ്ട്.

(ബി) മുതലമട - 29, എലവഞ്ചേരി - 3, നെന്മാറ - 31, അയിലൂർ - 5, കയറാടി - 29, പല്ലശ്ശന - 10, കൊല്ലങ്കോട് - 9, വല്ലങ്ങി - 71, നെല്ലിയാമ്പതി - 86, തിരുവാഴിയാട് - 10.

(സി) ഉണ്ട്. വില്ലേജ് ഓഫീസർമാർക്ക് അടിയന്തരമായി റിപ്പോർട്ട് നൽകുന്നതിന് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ നടപടി പൂർത്തിയായവ ലാന്റ് അസൈൻമെന്റ് കമ്മിറ്റിയിൽ അംഗീകാരത്തിനായി സമർപ്പിക്കുന്നതിനുള്ള തുടർനടപടികൾ ത്വരിതപ്പെടുത്തുന്നുമുണ്ട്.

(ഡി) മുതലമട ഗ്രാമപഞ്ചായത്തിൽ ഭൂമി പതിവ് കമ്മിറ്റി പാസ്സാക്കിയ കേസുകൾ ബാക്കിയില്ലാത്തതാണ്. നിലവിൽ 29 അപേക്ഷകൾ ബാക്കിയുണ്ട്. ആയതിന്മേൽ ത്വരിതഗതിയിൽ നടപടി സ്വീകരിച്ചുവരുന്നു.

**പുതുതായി ആരംഭിച്ച താലൂക്കുകൾ**

128(3007) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി എത്ര താലൂക്കുകൾ ആരംഭിക്കുമെന്നാണ് ഈ സർക്കാർ പ്രഖ്യാപിച്ചതെന്ന് വിശദമാക്കാമോ;

(ബി) ഇതിൽ നാളിതുവരെ എത്ര താലൂക്ക് ഓഫീസുകൾ ആരംഭിച്ചെന്ന് വിശദമാക്കാമോ;

(സി) ഇതിനായി പുതുതായി എത്ര തസ്തികകൾ സൃഷ്ടിച്ചെന്നും ഏതൊക്കെ തസ്തികകളാണ് സൃഷ്ടിച്ചതെന്നും വിശദമാക്കാമോ?

ഉത്തരം

(എ&ബി) 7-8-2013-ലെ സ.ഉ.(കൈ) നമ്പർ 329/2013/റവ നമ്പർ ഉത്തരവു

പ്രകാരം പുതുതായി 12 താലൂക്കുകൾ രൂപീകരിച്ചിട്ടുണ്ട്.

(സി) പുതുതായി 656 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. തസ്തികകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | തസ്തികകളുടെ പേര് | എണ്ണം |
|---|---|---|
| 1 | തഹസിൽദാർ/അഡീഷണൽ തഹസിൽദാർ | 24 |
| 2 | ഡെപ്യൂട്ടി തഹസിൽദാർ/ജൂനിയർ സൂപ്രണ്ട് | 120 |
| 3 | ഹെഡ് ക്ലാർക്ക് | 12 |
| 4 | എൽ.ഡി./യു.ഡി. ക്ലാർക്ക് | 440 |
| 5 | യു.ഡി. ടൈപ്പിസ്റ്റ് | 12 |
| 6 | എൽ.ഡി. ടൈപ്പിസ്റ്റ് | 12 |
| 7 | ഡ്രൈവർ | 12 |
| 8 | അറ്റൻഡർ | 12 |
| 9 | പാർട്ട് ടൈം സ്വീപ്പർ (സ്വീപ്പിംഗ് ഏരിയ അനുസരിച്ച് മാത്രം) | 12 |
| | ആകെ | 656 |

ഇത് കൂടാതെ 102 തസ്തികകൾ പുനർവിന്യാസംവഴി കണ്ടെത്തുകയും ചെയ്തു.

**കോട്ടയം ജില്ലയിലെ റവന്യൂ അദാലത്ത്**

129(3008) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ ഓരോ താലൂക്കുകളിലും റവന്യൂ അദാലത്തുവഴി എത്ര പരാതികൾ പരിഹരിച്ചു എന്ന് വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര റവന്യൂ അദാലത്തുകൾ നടത്തിയെന്ന് വിശദമാക്കുമോ;

(സി) തുടർന്നുള്ള റവന്യൂ അദാലത്തുകൾ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കോട്ടയം ജില്ലയിലെ വിവിധ താലൂക്കുകളിൽ റവന്യൂ അദാലത്ത് വഴി പരിഹരിച്ച പരാതികളുടെ എണ്ണം ചുവടെ ചേർക്കുന്നു:

| താലൂക്ക് | ആകെ പരിഹരിച്ച പരാതികളുടെ എണ്ണം |
|---|---|
| കോട്ടയം | 1320 |
| മീനച്ചിൽ | 1691 |
| വൈക്കം | 1432 |
| ചങ്ങനാശ്ശേരി | 1381 |
| കാഞ്ഞിരപ്പള്ളി | 1284 |

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോട്ടയം ജില്ലയിൽ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ 2-11-2012-ന് പ്രീ റവന്യൂ അദാലത്തും, 6-2-2015-ന് റവന്യൂ സർവ്വേ അദാലത്തും നടത്തുകയുണ്ടായി.

(സി) തുടർന്നുള്ള റവന്യൂ അദാലത്തുകൾ നടത്തുന്ന കാര്യം ഇപ്പോൾ തീരുമാനിച്ചിട്ടില്ല.

**ആലപ്പുഴ ജില്ലയിൽ അനുവദിച്ച റോഡുകൾ**

130(3009) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ആലപ്പുഴ ജില്ലയിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച റോഡുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇതിൽ പ്രവൃത്തി പൂർത്തീകരിച്ച റോഡുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രവൃത്തി പൂർത്തീകരിക്കാത്ത റോഡുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി റോഡുകളുടെ നിർമ്മാണ പ്രവർത്തികൾക്ക് കിലോമീറ്ററിന് എന്തു തുകയാണ് അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത തുക വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ലിസ്റ്റ് അനുബന്ധം I ആയി ചേർക്കുന്നു*

(ബി) ലിസ്റ്റ് അനുബന്ധം II ആയി ചേർക്കുന്നു*

(സി) ലിസ്റ്റ് അനുബന്ധം III ആയി ചേർക്കുന്നു*

(ഡി) സാധാരണ റോഡുകളുടെയും ഗ്രാമീണ റോഡുകളുടെയും പുനരുദ്ധാരണത്തിന് Ordinary Repair (OR)-ന്റെയും Periodical Repair (PR)-ന്റെയും തുകയുടെ 15% വരെയും മലമ്പ്രദേശങ്ങളിൽ OR-ന്റെയും PR-ന്റെയും 20% വരെയുമാണ് അനുവദിക്കുന്നത്. OR-ഉം PR-ഉം ലഭ്യമല്ലാത്ത കേസുകളിൽ സംസ്ഥാന പാതകളുടെയും പ്രധാന ജില്ലാ പാതകളുടെയും പുനരുദ്ധാരണത്തിന് കിലോമീറ്ററിന് 1 ലക്ഷം രൂപ നിരക്കിലും ഗ്രാമീണ റോഡുകൾക്ക് 60,000 രൂപ നിരക്കിലും ആണ് നിലവിൽ അനുവദിക്കുന്നത്.

(ഇ) 1-4-2015 മുതൽ പ്രാബല്യത്തോടെ വർദ്ധിപ്പിച്ചിട്ടുള്ള തുകയാണ് നിലവിൽ അനുവദിക്കുന്നത്. കേന്ദ്ര സർക്കാർ കാലാകാലങ്ങളിൽ പുതുക്കി നിശ്ചയിക്കുന്ന തുകയാണ് അനുവദിച്ചുവരുന്നത്.

**മഴയിലും വെള്ളപ്പൊക്കത്തിലും തകർന്ന വീടുകൾ**

131(3010) <u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 വർഷത്തിൽ പലതവണയുണ്ടായ കനത്തമഴയിലും വെള്ളപ്പൊക്കത്തിലും വാമനപുരം നിയോജക മണ്ഡലത്തിലെ എത്ര വീടുകൾ പൂർണ്ണമായും എത്ര വീടുകൾ ഭാഗികമായും തകർന്നിട്ടുണ്ട്; എത്ര രൂപയുടെ കൃഷിനാശം സംഭവിച്ചിട്ടുണ്ട് എന്നീ കണക്കുകൾ വിശദമാക്കുമോ;

(ബി) ഇത്തരത്തിൽ നാശനഷ്ടം സംഭവിച്ച എത്രപേർക്ക് നഷ്ടപരിഹാരം നല്കി; ഓരോരുത്തർക്കും നല്കിയ നഷ്ടപരിഹാരത്തുക എത്രയാണെന്നുമുള്ള വിശദവിവരങ്ങൾ നല്കുമോ?

<u>ഉത്തരം</u>

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ 8 വീടുകൾ പൂർണ്ണമായും 543 വീടുകൾ ഭാഗികമായും തകർന്നിട്ടുണ്ട്. 4,86,200 രൂപയുടെ കൃഷിനാശം സംഭവിച്ചിട്ടുണ്ട്.

(ബി) ഭവന നാശം സംഭവിച്ച 104 പേർക്ക് ആശ്വാസ ധനസഹായം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അനുവദിച്ചിട്ടുണ്ട്. ആശ്വാസ ധനസഹായം അനുവദിച്ചവരുടെ വിവരം അനുബന്ധമായി ചേർക്കുന്നു*. 2015-ലെ കൃഷി നാശത്തിന് ആശ്വാസ ധനസഹായം വിതരണം ചെയ്തിട്ടില്ല.

## ട്രെഷർ ടോവ് ആക്ട്

132(3011) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രെഷർ ടോവ് ആക്ട് പ്രകാരം ഈ സർക്കാരിന്റെ കാലത്ത് ലഭ്യമായ വസ്തു വകകളെ സംബന്ധിച്ചുള്ള വിവരങ്ങളുടെ ക്രോഡീകരണം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത ആക്ട് പ്രകാരമുള്ള വസ്തുക്കളുടെ അടിസ്ഥാനമൂല്യം പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇത്തരത്തിൽ ലഭിക്കുന്ന വസ്തുക്കൾ ഏറ്റെടുക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന നടപടി ക്രമങ്ങൾ വിശദമാക്കുമോ?

### ഉത്തരം

(എ) ക്രോഡീകരിച്ചിട്ടില്ല. കണ്ണൂർ ജില്ലയിൽ തലശ്ശേരിയിൽനിന്നും മാത്രമേ ഈ സർക്കാരിന്റെ കാലത്ത് ട്രെഷർ ടോവ് ആക്ട് പ്രകാരം വസ്തുവകകൾ ലഭിച്ചിട്ടുള്ളൂ. തുറമുഖ വകുപ്പിന്റെ ഓഫീസിന്റെ അരികിൽനിന്നും 8 പീരങ്കികൾ ആണ് ഇപ്രകാരം കണ്ടെത്തിയത്.

(ബി) 1968-ലെ ട്രെഷർ ടോവ് ആക്ട് വകുപ്പ് 3 പ്രകാരം അടിസ്ഥാനമൂല്യം 25 രൂപയാണ്. ആയത് പരിഷ്കരിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

(സി) 1968-ലെ കേരള ട്രെഷർ ടോവ് ആക്ട്, 1971-ലെ അനുബന്ധ ചട്ടങ്ങൾ എന്നിവയിൽ നിഷ്കർഷിച്ചിട്ടുള്ള നടപടിക്രമങ്ങൾ ആണ് ഇത്തരത്തിൽ ലഭിക്കുന്ന വസ്തുക്കൾ ഏറ്റെടുക്കുന്നതിന് പാലിക്കേണ്ടത്.

## അങ്കമാലി മിനി സിവിൽ സ്റ്റേഷന്റെ പ്രവർത്തനം

133(3012) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിൽ പണി പൂർത്തിയായി

കൊണ്ടിരിക്കുന്ന അങ്കമാലി മിനി സിവിൽ സ്റ്റേഷനിലേക്ക് സർക്കാർ ഓഫീസുകൾ മാറ്റി പ്രവർത്തനം ആരംഭിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(ബി) ഏതെല്ലാം ഓഫീസുകളാണ് മിനി സിവിൽ സ്റ്റേഷനിലേക്ക് മാറ്റുന്നതിനായി ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) അങ്കമാലി നിയോജക മണ്ഡലത്തിൽ പണി പൂർത്തിയായി കൊണ്ടിരിക്കുന്ന അങ്കമാലി മിനി സിവിൽ സ്റ്റേഷനിലേക്ക് സർക്കാർ ഓഫീസുകൾ മാറ്റി പ്രവർത്തനം ആരംഭിക്കുന്നതിന് മുന്നോടിയായി ബഹുമാനപ്പെട്ട അങ്കമാലി എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിലും, അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റ്, തഹസിൽദാർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ മിനി സിവിൽ സ്റ്റേഷനിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ഓഫീസുകളിലെ ഉദ്യോഗസ്ഥരുടെ യോഗം 18-11-2015-ന് ചേരുകയുണ്ടായി. മിനി സിവിൽ സ്റ്റേഷന്റെ പണി പൂർത്തിയാകുന്ന മുറയ്ക്ക് സിവിൽ സ്റ്റേഷന്റെ പ്രവർത്തനം ആരംഭിക്കാവുന്നതാണ്.

(ബി) 1. സബ് ട്രഷറി, അങ്കമാലി

2. സബ് രജിസ്ട്രാർ ഓഫീസ്, അങ്കമാലി
3. വില്ലേജ് ഓഫീസ്, അങ്കമാലി
4. അഗ്രികൾച്ചറൽ ഓഫീസ്
5. അസിസ്റ്റന്റ് ഡയറക്ടർ, അഗ്രികൾച്ചറൽ ഓഫീസ്
6. അസിസ്റ്റന്റ് എഡ്യൂക്കേഷൻ ഓഫീസ്
7. ഐ.സി.ഡി.എസ്. ഓഫീസ്, അങ്കമാലി
8. ലേബർ ഓഫീസ്
9. ടോറന്റ് സർവ്വേ ഓഫീസ്
10. എൽ.എ. തഹസിൽദാരുടെ ഓഫീസ്, നെടുമ്പാശ്ശേരി
11. ജോയിന്റ് ആർ.ടി.ഒ. ഓഫീസ്

12. പി.ഡബ്യൂ. റോഡ്സ് സെക്ഷൻ ഓഫീസ്
13. എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ്, അങ്കമാലി
14. ഓഡിറ്റോറിയം
15. മിനി കോൺഫറൻസ് ഹാൾ

**ഭൂമിക്ക് പട്ടയം നൽകാൻ നടപടി**

134(3013) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തളിപ്പറമ്പ് താലൂക്ക് പെരിങ്ങോം വില്ലേജിലെ കുപ്പോൾ-ചിറ്റടി കോളനിയിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 8 പേർ ഉൾപ്പെടെയുള്ള പത്ത് പേർ കഴിഞ്ഞ 40 വർഷത്തിലേറെയായി കൈവശം വച്ച് വീടുവച്ച് താമസിച്ചുവരുന്ന ഭൂമിക്ക് പട്ടയം നൽകാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

പെരിങ്ങോം വില്ലേജിലെ റീ.സ.നമ്പർ 228/5-ൽ ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ 1-ാം ഘട്ടത്തിലെ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിന് 118 പ്ലോട്ടുകളായി തിരിച്ചിരുന്നു. എന്നാൽ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യേണ്ടിയിരുന്ന ഭൂമി അളന്ന് തിരിക്കുന്നതിനായി സർവ്വേയർമാർ പ്രസ്തുത ഭൂമിയിൽ ചെന്നപ്പോൾ ടി ഭൂമിയിൽ കയ്യേറി താമസിച്ചുവരുന്ന 10 കുടുംബങ്ങളും പെരിങ്ങോം കർഷക സംഘവും അളവ് തടസ്സപ്പെടുത്തുകയുണ്ടായി. തുടർന്ന് ജില്ലാ കളക്ടർ തലത്തിൽ കയ്യേറ്റക്കാരുമായി നടത്തിയ ചർച്ച പ്രകാരം 6 കുടുംബങ്ങൾക്ക് 24 സെന്റ് വീതവും 3 കുടുംബങ്ങൾക്ക് 8 സെന്റ് വീതവും ഒരു കുടുംബത്തിന് 10 സെന്റും നൽകുന്നത് സംബന്ധിച്ച് കണ്ണൂർ ജില്ലാ കളക്ടറിൽനിന്നും അന്തിമ റിപ്പോർട്ട് ലഭ്യമാക്കി തുടർനടപടി സ്വീകരിക്കുന്നതാണ് എന്ന് ലാന്റ് ബോർഡ് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

**നദികളിലെ സാൻഡ് ഓഡിറ്റിംഗ്**

135(3014) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിവർ ബാങ്ക് അറ്റ്ലസും സാൻഡ് ഓഡിറ്റിംഗും എത്ര നദികളിൽ നടന്നിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; എങ്കിൽ ഇതിനു മേൽനോട്ടം വഹിച്ചതാരാണ്;

(ബി) കാസർഗോഡ് ജില്ലയിൽ ഏതെല്ലാം പുഴകളിലാണ് റിവർബാങ്ക് അറ്റ്ലസും സാൻഡ് ഓഡിറ്റിംഗും പൂർത്തിയാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) ചന്ദ്രഗിരിപ്പുഴയിൽ എത്ര അനധികൃത കടവുകൾ ഉണ്ട്; പ്രസ്തുത കടവുകളിലെല്ലാം സാൻഡ് ഓഡിറ്റിംഗ് സർവ്വേ നടന്നിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണ്?

<u>ഉത്തരം</u>

(എ) നെയ്യാർ, കരമന, കല്ലട, ഇത്തിക്കര, ചാലക്കുടി, അഞ്ചരക്കണ്ടി, കബനി, ചന്ദ്രഗിരി എന്നീ നദികളുടെ റിവർബാങ്ക് അറ്റ്ലസും, കബനി, വാമനപുരം, നെയ്യാർ, പെരിയാർ, പമ്പ, കല്ലട, മൂവാറ്റുപുഴ, ചാലിയാർ, കടലുണ്ടി, ചന്ദ്രഗിരി, കുറ്റ്യാടി, അഞ്ചരക്കണ്ടി, കരുവന്നൂർ, ഇത്തിക്കര എന്നീ നദികളുടെ സാന്റ് ആഡിറ്റ് റിപ്പോർട്ടും ലഭ്യമായിട്ടുണ്ട്. സ.ഉ.(എം.എസ്.) 338/12/റവ തീയതി 12-9-2012 പ്രകാരം സംസ്ഥാനത്തിലെ 20 നദികളിലെ സാന്റ് ആഡിറ്റിംഗ് നടത്തുന്നതിനായി സ്വകാര്യ ഏജൻസികളെ നിയോഗിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇവയിൽ മേൽപ്പറഞ്ഞ 14 നദികളിലെ സാന്റ് ആഡിറ്റിംഗ് പൂർത്തിയാക്കി റിപ്പോർട്ട് NCESS/CWRDM പരിശോധിച്ച ശേഷം റിവർ മാനേജ്മെന്റ് സെല്ലിന്റെ ശുപാർശയോടെ സർക്കാരിലേക്ക് സമർപ്പിക്കുകയും സർക്കാർ ഈ റിപ്പോർട്ട് വിശദമായി പരിശോധിച്ച് 14 നദികളിലെ മണൽ ലഭ്യത സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) കാസർഗോഡ് ജില്ലയിൽ ചന്ദ്രഗിരിപ്പുഴയുടെ റിവർബാങ്ക് അറ്റ്ലസും സാൻഡ് ഓഡിറ്റിംഗ് റിപ്പോർട്ടും പൂർത്തിയാക്കിയിട്ടുണ്ട്.

(സി) ചന്ദ്രഗിരിപ്പുഴയിൽ അനധികൃത കടവുകളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല.

**അങ്കമാലി താലൂക്ക് രൂപീകരണം**

136(3015) <u>ശ്രീ. ജോസ് തെറ്റയിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ ആലുവ, പറവൂർ, കുന്നത്തുനാട് താലൂക്കുകളുടെ അതിർത്തി പുനർനിർണ്ണയിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന്

വ്യക്തമാക്കാമോ;

(ബി) ആലുവ താലൂക്കിന്റെ പരിധിയിലെ 16 വില്ലേജ് ആഫീസുകളിൽ 9 എണ്ണവും അങ്കമാലി മണ്ഡലത്തിലായതിനാലും ജില്ലയുടെ വടക്കേയറ്റത്തെ മലയോരപഞ്ചായത്തുകളിലെ ജനങ്ങൾക്ക് ആലുവ താലൂക്കിൽ എത്തുന്നത് ദുഷ്കരമായതിനാലും അങ്കമാലി ആസ്ഥാനമായി പുതിയ താലൂക്ക് രൂപീകരിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; താലൂക്ക് രൂപീകരിക്കുന്നതിനുള്ള കാലതാമസത്തിന് കാരണം വിശദമാക്കാമോ;

(സി) താലൂക്ക് രൂപീകരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) ടി താലൂക്കുകളുടെ അതിർത്തി പുനർ നിർണ്ണയിക്കാൻ നടപടികളൊന്നും എടുത്തിട്ടില്ല.

(ബി&സി) അങ്കമാലി താലൂക്ക് രൂപീകരണം സംബന്ധിച്ച വിഷയം ഇപ്പോൾ പരിഗണനയിലില്ല.

**കയ്യംതടം കോളനിയിലെ കുടുംബങ്ങൾക്ക് പട്ടയം**

137(3016) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പട്ടുവം ഗ്രാമപഞ്ചായത്തിലെ കയ്യംതടത്ത് രാജീവ് ദശലക്ഷം കോളനിയിൽ എത്ര കുടുംബങ്ങൾ താമസിക്കുന്നുണ്ട്; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കുടുംബങ്ങൾക്ക് പട്ടയം ലഭിക്കാത്തതിനാൽ അവർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത കുടുംബങ്ങൾക്ക് റേഷൻ കാർഡ്, കുടിവെള്ളം എന്നിവയ്ക്ക് അപേക്ഷിക്കുന്നതിനും വീട് പുതുക്കിപ്പണിയുന്നതിനും സാധിക്കാത്തതിനാൽ അവർക്ക് പട്ടയം നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) പട്ടുവം ഗ്രാമ പഞ്ചായത്തിലെ കയ്യംതടത്ത് രാജീവ് ദശലക്ഷം കോളനിയിൽ 26 കുടുംബങ്ങൾ താമസിക്കുന്നുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പ്രസ്തുത താമസക്കാരുടെ അർഹത പരിശോധിച്ച് കേരള ഭൂപരിഷ്കരണ നിയമപ്രകാരം ഭൂമി പതിച്ചു നൽകുന്നതിലേക്കായി അർഹത പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ട തഹസീൽദാർക്ക് ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

**കൊങ്ങാട് മണ്ഡലത്തിൽ ഭൂമി നൽകിയവർ**

138(3018) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിത കേരളം പദ്ധതി പ്രകാരം കൊങ്ങാട് മണ്ഡലത്തിൽപ്പെട്ട എത്ര പേർക്ക് ഭൂമി നൽകി എന്നുള്ള വിവരം നൽകുമോ; വിശദാംശം നൽകുമോ;

(ബി) ഇതിൽ എസ്.സി.,എസ്.ടി.വിഭാഗങ്ങളിൽപ്പെടുന്നവരുടെ വിശദാംശം നൽകുമോ?

ഉത്തരം

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം കോങ്ങാട് നിയമസഭാ മണ്ഡലത്തിൽപ്പെട്ട ഗുണഭോക്താക്കളിൽ 132 പേർക്ക് ഒന്നാംഘട്ടമായി ഭൂമി അനുവദിച്ചിട്ടുണ്ട്. പ്രസ്തുത മണ്ഡലത്തിൽ നിന്ന് 1443 കുടുംബങ്ങളെയാണ് പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിരുന്നത്. 1311 ഗുണഭോക്താക്കൾക്ക് കൂടി പദ്ധതി പ്രകാരം ഭൂമി നൽകേണ്ടതായിട്ടുണ്ട്.

(ബി) ഒന്നാംഘട്ടത്തിൽ എസ്.സി. വിഭാഗത്തിൽപ്പെട്ട 52 ഗുണഭോക്താക്കൾക്ക് പട്ടയം നൽകിയിരുന്നു. പട്ടികവർഗ്ഗത്തിൽപ്പെട്ട ഗുണഭോക്താക്കൾ പട്ടയ വിതരണത്തിൽ ഉൾപ്പെട്ടിരുന്നില്ല.

**മുസിരിസ് പൈതൃകപദ്ധതിയുടെ ഭാഗമായ പോലീസ് മ്യൂസിയത്തിന് ഭൂമി ഏറ്റെടുക്കുന്നതിന് സ്വീകരിച്ച നടപടി**

139(3019) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുസിരിസ് പൈതൃകപദ്ധതിയുടെ ഭാഗമായ നിർദ്ദിഷ്ട പോലീസ് മ്യൂസിയത്തിനായി കണ്ടെത്തിയ ഭൂമി ഏറ്റെടുക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ ;

(ബി) ഭൂമി ഏറ്റെടുക്കുന്നതിനുള്ള കാലതാമസം എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; നിർദ്ദിഷ്ട പോലീസ് മ്യൂസിയം എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് അറിയാമോ ?

<u>ഉത്തരം</u>

(എ&ബി) മുസിരിസ് പൈതൃക പദ്ധതിയുടെ ഭാഗമായി പോലീസ് മ്യൂസിയത്തിന് ഭൂമി പൊന്നുംവിലയ്ക്ക് ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് തൃശ്ശൂർ ജില്ലയിൽ ഇതുവരെയും റിക്വസിഷൻ ലഭ്യമായിട്ടില്ല.

**ഭൂനികുതി സ്വീകരിക്കാത്തത്**

140(3020) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ ചില പ്രദേശങ്ങളിൽ ഭൂനികുതി സ്വീകരിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏതൊക്കെ വില്ലേജ് പരിധിയിൽപ്പെടുന്ന പ്രദേശങ്ങളിലാണ് നികുതി സ്വീകരിക്കാത്തത്; ഇതിനുള്ള കാരണം വ്യക്തമാക്കുമോ; ആയത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) തിരൂരങ്ങാടി താലൂക്കിലെ പെരുവള്ളൂർ വില്ലേജിലെ പെരുവള്ളൂർ അംശത്തിൽ വരുന്ന വിവിധ റീ-സർവ്വേകളിൽപ്പെട്ട ഭൂമിക്ക് നികുതി സ്വീകരിക്കുന്നില്ല. തിരൂരങ്ങാടി ലാന്റ് ബോർഡിന്റെ 18-3-2006-ലെ സി.ആർ. 522/1973 നമ്പർ നടപടിക്രമപ്രകാരം മിച്ചഭൂമിയായി ഏറ്റെടുക്കാൻ ഉത്തരവായിരുന്ന മേൽപ്പറഞ്ഞ ഭൂമി, നിരവധി കുടുംബങ്ങൾ ആധാരം, ക്രയസർട്ടിഫിക്കറ്റ് എന്നിവ സഹിതം കൈവശം വച്ചുവരുന്നു. എന്നാൽ മിച്ചഭൂമിയായി പ്രഖ്യാപിക്കപ്പെട്ട സ്ഥലം സർക്കാർ ഭൂമിയായതിനാലും കേരള ഭൂപരിഷ്കരണ നിയമത്തിന്റെ രണ്ടാം വകുപ്പ് ഒന്നാം ഉപവകുപ്പിന്റെ പരിധിയിൽ വരുന്നതിനാലും ടി ഭൂമിക്ക് നികുതി സ്വീകരിക്കുവാൻ സാധിക്കുകയില്ല. ടി ഭൂമിയുടെ കൈവശാവകാശത്തിനായി കേരള ഭൂപരിഷ്കരണ നിയമം വകുപ്പ് 85(8) പ്രകാരം താലൂക്ക് ലാന്റ് ബോർഡ് മുമ്പാകെ ഹർജി സമർപ്പിക്കുന്നതിന് ടി കുടുംബങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പൊന്നാനി താലൂക്കിൽ പൊന്നാനി നഗരം, ഈഴവത്തിരുത്തി, മാറഞ്ചേരി, വെളിയങ്കോട്, ആലങ്കോട്, നന്നംമുക്ക് എന്നീ വില്ലേജുകളിൽ മിച്ചഭൂമിയായി ഏറ്റെടുക്കാൻ ഉത്തരവായിട്ടുള്ളതും അന്യകൈവശമായതിനാൽ ഏറ്റെടുക്കാൻ കഴിയാത്തതുമായ ഭൂമിക്ക് നികുതി സ്വീകരിക്കുന്നില്ല.

ഏറനാട് താലൂക്കിലെ മലപ്പുറം വില്ലേജിൽ 465/1-ൽ ഉൾപ്പെട്ട 7 ഏക്കർ 45

സെന്റ് ഭൂമി മിച്ചഭൂമിയായി ഏറ്റെടുത്തതിനാൽ പ്രസ്തുത ഭൂമിക്ക് നികുതി സ്വീകരിക്കുന്നില്ല. ഊർങ്ങാട്ടിരി വില്ലേജിൽ മിച്ചഭൂമിയായി ഏറ്റെടുത്ത് പതിച്ച് കൊടുക്കാത്തതും, മിച്ചഭൂമി കേസിൽ ഉൾപ്പെട്ടതും, പുറമ്പോക്ക് കൈവശം വച്ച് വരുന്നതുമായ ഭൂമിക്ക് നികുതി സ്വീകരിക്കുന്നില്ല. പെരകമണ്ണ വില്ലേജിൽ നിക്ഷിപ്ത വനഭൂമി പതിച്ച കൊടുക്കൽ നിയമപ്രകാരം പതിച്ചുകൊടുത്ത ഭൂമിക്കും ക്വാറി നടത്തിപ്പും മറ്റ് നിയമ ലംഘനം നടത്തുന്ന ഭൂമിക്കും നികുതി സ്വീകരിക്കുന്നില്ല. പയ്യനാട് വില്ലേജിലെ സത്രം വക ഭൂമിക്കും, പന്തല്ലൂർ വില്ലേജിലെ സുപ്രീം കോടതിയിൽ കേസുള്ള 300 ഏക്കറോളം വരുന്ന ഭൂമിക്കും നികുതി സ്വീകരിക്കുന്നില്ല. നിലമ്പൂർ താലൂക്കിലെ കേരള എസ്റ്റേറ്റ് വില്ലേജിൽ സി2 ഡിവിഷനിൽപ്പെട്ട 257.79 ഏക്കർ തോട്ടഭൂമിയുടെ നികുതി സ്വീകരിക്കുന്നില്ല. ഇത് സംബന്ധിച്ച് ബഹു. ഹൈക്കോടതി മുമ്പാകെ ഡബ്ല്യൂ.പി.(സി) 36009/15 നമ്പരായി കേസ് നിലവിലുണ്ട്.

## വരൾച്ച ദുരിതാശ്വാസത്തിനായി അനുവദിച്ച തുക

141(3021) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014, 2015 എന്നീ വർഷങ്ങളിൽ കൊല്ലം ജില്ലയിൽ വരൾച്ച ദുരിതാശ്വാസത്തിനായി എത്ര തുക നൽകിയെന്ന് വിശദമാക്കുമോ;

(ബി) വിതരണം ചെയ്ത തുകയുടെ വിശദവിവരം ജില്ല തിരിച്ച് നൽകുമോ;

(സി) തുക അനുവദിക്കാത്ത ജില്ലകളുണ്ടെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ)

| സാമ്പത്തിക വർഷം | അനുവദിച്ച തുക (രൂപയിൽ) |
|---|---|
| 2013-14 | 2,11,00,000 |
| 2014-15 | 1,00,00,000 |

(ബി) വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) ബാധകമല്ല.

## പാലക്കാട് ജില്ലയിലെ റവന്യൂ റിക്കവറി നടപടി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

142(3022) <u>ശ്രീ. എം. ചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 30-11-2015-ന് അവസാനിച്ച കാലയളവിൽ സ്റ്റേ ഉൾപ്പെടെ റവന്യൂ റിക്കവറി ഇനത്തിൽ എത്ര രൂപയാണ് പാലക്കാട് ജില്ലയിൽനിന്നും പിരിച്ചെടുക്കുവാനുള്ളത്;

(ബി) ഇതിൽ എത്ര രൂപയ്ക്കുള്ള സ്റ്റേ അനുവദിച്ചിട്ടുണ്ട്; ഗവൺമെന്റ് സ്റ്റേ, കോടതി നൽകിയ സ്റ്റേ, മറ്റ് അധികാര സ്ഥാപനം നൽകിയ സ്റ്റേ എന്നിവ പ്രത്യേകം അറിയിക്കാമോ;

(സി) ബാങ്കിലേക്ക് ഈട് നൽകാതെയും വിദ്യാഭ്യാസ വായ്പ എടുത്തവരും കാർഷിക വായ്പ എടുത്തവരും കുടിയിരുപ്പ് അല്ലാതെ മറ്റു സ്ഥാവരജംഗമ സ്വത്തുക്കൾ ഇല്ലാത്തവരുമായ കുടിശ്ശികക്കാരിൽനിന്നും എങ്ങനെയാണ് തുക പിരിച്ചെടുക്കുന്നത്;

(ഡി) ഇത്തരം കേസുകൾ എത്രയുണ്ട്; ഇവ പരിശോധിച്ച് റവന്യൂ റിക്കവറി നടപടി നിർത്തിവയ്ക്കുന്നതിനോ അല്ലെങ്കിൽ തിരികെ അയയ്ക്കുന്നതിനോ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പാലക്കാട് ജില്ലയിൽ സ്റ്റേ ഉൾപ്പെടെ റവന്യൂ റിക്കവറി ഇനത്തിൽ ആകെ 2,83,91,93,282 രൂപ കുടിശ്ശികയുണ്ട്.

(ബി) മേൽ സംഖ്യയിൽ സ്റ്റേ അനുവദിച്ചുള്ള ഇനത്തിൽ ആകെ 2,11,44,43,165 രൂപയാണ്. ഇതിൽ ഗവൺമെന്റ് സ്റ്റേ ഇനത്തിൽ 35,72,03,447 രൂപയും കോടതി സ്റ്റേ ഇനത്തിൽ 1,53,97,40,211 രൂപയും മറ്റ് അധികാര സ്ഥാപനങ്ങൾ നൽകിയിട്ടുള്ള സ്റ്റേ ഇനത്തിൽ 21,74,99,507 രൂപയുമാണ് ഉള്ളത്.

(സി) സർക്കാർ തലത്തിൽ വായ്പാ കുടിശ്ശികകൾ ഈടാക്കുന്നത് കേരള റവന്യൂ റിക്കവറി നിയമം 1968-ൽ അനുശാസിക്കുന്ന നിയമങ്ങളും ചട്ടങ്ങളും ആസ്പദമാക്കിയാണ്.

(ഡി) ബാങ്കുകൾ വായ്പാ കുടിശ്ശിക ഈടാക്കുന്നതിനായി നൽകുന്ന അർത്ഥനകളിൽ വായ്പ സംബന്ധിച്ച വിവരങ്ങൾ നൽകാത്തതിനാൽ വായ്പയുടെ ഇനം തരം എന്നിവയുടെ വിവരങ്ങൾ ലഭ്യമല്ല. സ്ഥാവരജംഗമ വസ്തുക്കളൊന്നും ഇല്ലാത്തവരുടെ പേരിലുള്ള ആർ.ആർ. നടപടികൾ നിർത്തിവയ്ക്കേണ്ടത് റിക്കവറി ഉദ്യോഗസ്ഥരുടെ വിവേചനാധികാര പരിധിയിൽ വരുന്നതിനാൽ പ്രസ്തുത ഉദ്യോഗസ്ഥർക്ക് ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണ്.

**പെരിങ്ങോം വില്ലേജിലെ മിച്ചഭൂമി**

143(3023) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പ് താലൂക്കിൽ പെരിങ്ങോം വില്ലേജിൽ ശ്രീ. കെ.യു. ജോണിൽനിന്നും RS No. 85-ൽ ഏറ്റെടുത്ത മിച്ചഭൂമി എത്ര പേർക്ക് അനുവദിച്ചിട്ടുണ്ടെന്നും അവരിൽ എത്ര പേർക്ക് ഭൂമി അളന്ന് തിട്ടപ്പെടുത്തി നൽകിയിട്ടുണ്ടെന്നും അറിയിക്കാമോ;

(ബി) ഭൂമി അളന്ന് തിട്ടപ്പെടുത്തി നൽകുന്നത് പ്ലോട്ട് നമ്പർ ക്രമത്തിലാണോ;

(സി) പ്ലോട്ട് നമ്പർ ക്രമത്തിലല്ലാതെ ആർക്കൊക്കെ ഭൂമി അളന്ന് നൽകിയിട്ടുണ്ടെന്നും ആയതിനുള്ള കാരണം എന്താണെന്നും വിശദമാക്കാമോ;

(ഡി) അനുവദിച്ച കിട്ടിയ മുഴുവൻ പേർക്കും ഭൂമി അളന്ന് തിട്ടപ്പെടുത്തി കൊടുക്കാൻ സമയബന്ധിത നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പെരിങ്ങാം വില്ലേജിൽ ശ്രീ. കെ. യു. ജോണിൽനിന്നും ഏറ്റെടുത്ത R.S.No.85-ൽപ്പെട്ട മിച്ച ഭൂമിയിൽ ആകെ 1963 പ്ലോട്ടുകൾ അനുവദിച്ചിട്ടുണ്ട്. ആയതിൽ 10 സെന്റ് വീതം 1400 പ്ലോട്ടുകൾ ഇതിനകം അളന്ന് തിട്ടപ്പെടുത്തി നൽകിയിട്ടുണ്ട്.

(ബി) അതെ.

(സി) നൽകിയിട്ടില്ല.

(ഡി) നടപടി സ്വീകരിക്കുന്നതാണ്.

**മൂന്നാറിലെ ഭൂമി കയ്യേറ്റങ്ങൾ**

144(3024) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാറിലെ ഭൂമി കയ്യേറ്റങ്ങൾ സംബന്ധിച്ച് നിലവിലുള്ള കേസുകൾ ഏതെല്ലാമാണ്; ഏതെല്ലാം കേസുകളിൽ ഹൈക്കോടതിയിൽനിന്നും വിധി പ്രസ്താവം ഉണ്ടായിട്ടുണ്ട്; വിശദമാക്കുമോ;

(ബി) പ്രസ്തുത കേസുകളിൽ ഏതിലെല്ലാമാണ് സർക്കാർ ഭാഗം പരാജയപ്പെട്ടുപോയിരിക്കുന്നത്; പരാജയപ്പെട്ട കേസുകളിൽ സർക്കാർ അപ്പീൽ

സമർപ്പിച്ചിട്ടുണ്ടോ; അപ്പീൽ പോകാതിരുന്നത് ഏതെല്ലാം കേസുകളിലാണ്?

ഉത്തരം

(എ) മൂന്നാറിലെ ഭൂമി കയ്യേറ്റവുമായി ബന്ധപ്പെട്ട് നിലവിൽ 103 കേസുകളാണ് ഫയൽ ചെയ്തിട്ടുള്ളത് 41 കേസുകളിൽ ബഹു. ഹൈക്കോടതി വിധി പ്രസ്താവിച്ചിട്ടുണ്ട്. കേസുകളിലെ പരാതിക്കാർ പട്ടയം ലഭിക്കുന്നതിന് ആവശ്യമായ അപേക്ഷ ബന്ധപ്പെട്ട അധികാരികൾക്ക് സമർപ്പിക്കണമെന്നും അപേക്ഷയിൽ നിയമാനുസൃതമായ തീരുമാനം കൈക്കൊള്ളണമെന്നുമാണ് ബഹു. ഹൈക്കോടതി വിധിച്ചിട്ടുള്ളത്.

(ബി) ഇത്തരം കേസുകളിൽ സർക്കാർ പരാജയപ്പെടുന്നതായി കാണുന്നില്ല.

**നെൽവയൽ സംരക്ഷണ നിയമപ്രകാരം സ്ഥലം നികത്തുന്നതിന് അനുമതി**

145(3025) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽവയൽ സംരക്ഷണ നിയമപ്രകാരം ഏതെല്ലാം ആവശ്യങ്ങൾക്ക് എത്ര സെന്റ് സ്ഥലം നികത്തുന്നതിന് അനുവാദമുണ്ടെന്ന് വിശദമാക്കുമോ;

(ബി) പത്ത് സെന്റിൽ താഴെ നെൽവയൽ വാങ്ങി ആരാധനാലയങ്ങൾ പണിതിരിക്കുന്ന ഭൂമിയുടെ തരംതിരിവ് തടസ്സം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ഭൂമിയുടെ തരംതിരിവിനും കെട്ടിട നിർമ്മാണം പൂർത്തിയാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട നിയമപ്രകാരം പൊതു ആവശ്യങ്ങൾക്കും വീട് വയ്ക്കുന്നതിനും വേണ്ടി ടി നിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമായി നെൽവയൽ നികത്തുന്നതിന് അനുമതി നൽകാം. വീട് വയ്ക്കുന്നതിന് അനുയോജ്യമായ ഭൂമി ഇല്ലാത്തപക്ഷം, നെൽവയലിന്റെ ഉടമസ്ഥന് താമസിക്കുന്നതിന് വീട് വയ്ക്കാൻ പഞ്ചായത്ത് ഏരിയയിൽ പത്തും, മുനിസിപ്പാലിറ്റി/കോർപ്പറേഷൻ ഏരിയയിൽ അഞ്ചും സെന്റ് നെൽവയൽ രൂപാന്തരപ്പെടുത്തുന്നതിന് അനുമതി നൽകുവാൻ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട നിയമത്തിൽ വ്യവസ്ഥയുണ്ട്.

(ബി) പൊതു ആവശ്യങ്ങൾക്കും, വീട് വയ്ക്കുന്നതിനും അല്ലാത്ത ആവശ്യങ്ങൾക്കൊന്നും നെൽവയൽ രൂപാന്തരപ്പെടുത്താൻ പ്രസ്തുത നിയമത്തിൽ വ്യവസ്ഥയില്ല. ആരാധനാലയങ്ങൾ പ്രസ്തുത നിയമത്തിലെ പൊതു ആവശ്യത്തിന്റെ

നിർവ്വചനത്തിൽ ഉൾപ്പെടുന്നില്ല.

(സി) ബാധകമല്ല.

**കൊച്ചിയിലെ അനധികൃത ഭൂമികയ്യേറ്റം**

146(3026) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈവശംവച്ച് വരുന്നതായ ഭൂമി പതിച്ചു കിട്ടുന്നതിനായി 2015 ജൂൺ ഒന്നിനു മുൻപ് വരെ എത്രപേർ കൊച്ചി താലൂക്ക് ഓഫീസിൽ അപേക്ഷ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കൊച്ചി താലൂക്ക് ഓഫീസിന്റെ പരിധിയിൽ സർക്കാർ ഉടമസ്ഥതയിലുള്ള ഭൂമി അനധികൃതമായി കൈവശം വച്ചുവരുന്നവർ ഉണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) 2015 ജൂൺ ഒന്നിന് മുമ്പ് ഭൂമി കൈവശം വച്ച് വരുന്നതായി അവകാശപ്പെട്ട് എറണാകുളം ജില്ലയിലെ കൊച്ചി താലൂക്ക് ഓഫീസിൽ 967 പേർ ഭൂമി പതിവിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(ബി) എറണാകുളം ജില്ലയിലെ കൊച്ചി താലൂക്ക് ഓഫീസിന്റെ പരിധിയിൽ 11 കേസുകളിലായി 0.54.59 ഹെക്ടർ ഭൂമി കയ്യേറ്റം ചെയ്ത് സ്വകാര്യ വ്യക്തികൾ കൈവശം വച്ചുവരുന്നു.

**കേരളത്തിലെ ഭൂരഹിതർ**

147(3027) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിച്ച ഭൂമിക്കായി അപേക്ഷ നൽകിയിട്ടുള്ള എത്ര ഭൂരഹിതരാണ് ഓരോ ജില്ലയിലുമുള്ളത്; വ്യക്തമാക്കുമോ;

(ബി) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ അപേക്ഷ നൽകിയ എത്ര പേർക്ക് ഇനിയും ഭൂമി നൽകുവാനുണ്ട്; വ്യക്തമാക്കുമോ;

(സി) കൈവശ ഭൂമിക്ക് പട്ടയം നൽകുവാനുള്ള എത്ര അപേക്ഷകളാണ് ഓരോ ജില്ലയിലുമുള്ളത്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മിച്ചഭൂമി ഏറ്റെടുത്തശേഷം ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ വിജ്ഞാപനം നടത്തി അപേക്ഷകൾ സ്വീകരിക്കുകയും ലഭ്യമായ മിച്ചഭൂമി, അർഹരായ അപേക്ഷകർക്ക് കേരള ഭൂപരിഷ്കരണ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം വിതരണം ചെയ്യുകയുമാണ് ചെയ്യുന്നത്. ആയതിനാൽ മിച്ചഭൂമിയ്ക്കായി അപേക്ഷ നൽകി കാത്തിരിക്കുന്ന സ്ഥിതിയല്ല.

(ബി) 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ 36,491 പട്ടയങ്ങളും രണ്ടാം ഘട്ടത്തിൽ 6,946 പട്ടയങ്ങളും (ആകെ 43,437 പട്ടയങ്ങൾ) വിതരണം ചെയ്തിട്ടുണ്ട്. ഇനി 2,01,082 ഗുണഭോക്താക്കൾക്ക് ഭൂമി നൽകുവാനുണ്ട്.

(സി) വിവരം ശേഖരിച്ചുവരുന്നു.

**കാസർകോട് ജില്ലയിൽ ഭൂമി പതിച്ചുനൽകാനുള്ള നടപടി**

148(3028) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിൽ പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിൽ താമസിച്ചുവരുന്ന എത്ര കുടുംബങ്ങൾക്കാണ് ഭൂമി പതിച്ചുനൽകാൻ ബാക്കിയുള്ളതെന്ന് വിശദമാക്കാമോ;

(ബി) പട്ടികജാതി -പട്ടികവർഗ്ഗ കോളനികളിൽ താമസിച്ചുവരുന്ന പ്രസ്തുത വിഭാഗത്തിലെ എത്ര കുടുംബങ്ങൾക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഭൂമി പതിച്ചുനൽകിയിട്ടുണ്ടെന്ന് താലൂക്ക്-വില്ലേജ് തിരിച്ച് വ്യക്തമാക്കാമോ;

(സി) ഇനിയും ഭൂമി നൽകാത്തവർക്ക് ആയത് നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിൽ പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിൽ താമസിച്ചുവരുന്ന 412 കുടുംബങ്ങൾക്ക് ഭൂമി പതിച്ച് നൽകാൻ ബാക്കിയുണ്ട്.

(ബി) കാസർഗോഡ് ജില്ലയിൽ പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിൽ താമസിച്ചുവരുന്ന പ്രസ്തുത വിഭാഗത്തിലെ 650 കുടുംബങ്ങൾക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭൂമി പതിച്ചുനൽകിയിട്ടുണ്ട്.

കാസർഗോഡ് താലൂക്ക് - 368

| | | |
|---|---|---|
| ഹോസ്ദുർഗ്ഗ് താലൂക്ക് | - | 96 |
| വെള്ളരിക്കുണ്ട് താലൂക്ക് | - | 179 |
| മഞ്ചേശ്വരം താലൂക്ക് | - | 7 |
| ആകെ | - | 650 |

(സി) ഉണ്ട്. കാസർഗോഡ് ജില്ലയിലെ അർഹരായ മുഴുവൻ കോളനി നിവാസികൾക്കും ഭൂമി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## കുന്നംകുളം ആസ്ഥാനമായി പുതിയ താലൂക്ക്

149(3029) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂവിസ്തൃതി കൊണ്ടും, വില്ലേജുകളുടെ എണ്ണം കൊണ്ടും ഏറ്റവും വലിയ താലൂക്കായ തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിനെ വിഭജിച്ച് കുന്നംകുളം ആസ്ഥാനമായി പുതിയ താലൂക്ക് അനുവദിക്കണമെന്ന ആവശ്യവുമായി ബന്ധപ്പെട്ട് എം. എൽ. എ. നൽകിയ കത്തിന്മേൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) 74 വില്ലേജുകൾ ഉൾപ്പെടുന്നതിനാൽ ജോലി ഭാരം നിമിത്തം നിശ്ചിത സമയ പരിധിക്കുള്ളിൽ അപേക്ഷകർക്ക് സേവനം ലഭ്യമാകുന്നില്ലായെന്നതു കണക്കിലെടുത്ത് പ്രസ്തുത താലൂക്കിനെ വിഭജിച്ച് കുന്നംകുളം ആസ്ഥാനമായി പുതിയ താലൂക്ക് അനുവദിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

### ഉത്തരം

(എ&ബി) കുന്നംകുളം ആസ്ഥാനമായി പുതിയ താലൂക്ക് രൂപീകരിക്കണമെന്നതു സംബന്ധിച്ച വിഷയത്തിൽ ലാന്റ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

## പെരിന്തട്ട വില്ലേജിലെ മിച്ചഭൂമി

150(3030) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തളിപ്പറമ്പ് താലൂക്ക് പെരിന്തട്ട വില്ലേജിൽ ഉണ്ണോളി കുടുംബങ്ങളിൽനിന്നും മിച്ചഭൂമി ഏറ്റെടുക്കുമ്പോൾ ജൻമിക്ക് നിലനിർത്തിയ ഭൂമി അളന്ന് തിരിച്ച്

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

കൊടുക്കണമെന്നുള്ള 3-9-2015-ലെ ഹൈക്കോടതി വിധി നടപ്പിലാക്കുന്ന മുറയ്ക്ക് പതിച്ച് കിട്ടിയ 81 പേരുടെയും ഭൂമി അളന്ന് തിരിച്ച് കൊടുക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

3-9-2015-ലെ WP(C)11557/10-ൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധിയുടെ അടിസ്ഥാനത്തിൽ ഭൂമി അളന്ന് തിരിക്കുന്ന നടപടികൾ പുരോഗമിച്ച് വരികയാണ്. ഈ നടപടികൾ പൂർത്തീകരിക്കുന്നതുവരെ പ്രസ്തുത ഭൂമി മറ്റുള്ളവർക്ക് പതിച്ച് നൽകരുതെന്ന 5-4-2010-ലെ ബഹു. ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവിന് പ്രാബല്യം ഉണ്ട്. ഭൂമി അളന്ന് തിരിക്കുന്ന നടപടികൾ ഉടൻ പൂർത്തിയാക്കുന്നതാണ് എന്ന് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

**കൊയിലാണ്ടി മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ**

151(3031) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ റവന്യൂ വകുപ്പ് മുഖേന കൊയിലാണ്ടി മണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ എന്തെല്ലാം; ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്ര; വിശദമാക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് റിവർ മാനേജ്മെന്റ് ഫണ്ടിൽനിന്ന് കൊയിലാണ്ടി മണ്ഡലത്തിലെ ഏതെല്ലാം പദ്ധതികൾക്ക് അംഗീകാരം നൽകി; എത്ര തുക ഓരോ പദ്ധതിക്കും അനുവദിച്ചു ; വിശദമാക്കുമോ;

(സി) ഈ സർക്കാരിന്റെ കാലയളവിൽ കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ എത്ര പേർക്ക് പട്ടയം നൽകിയിട്ടുണ്ട്; പഞ്ചായത്ത് അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത എത്ര അപേക്ഷകൾ ഇനി കളക്ടറേറ്റിൽ തീർപ്പാക്കാനുണ്ട്?

ഉത്തരം

(എ) കൊയിലാണ്ടി മണ്ഡലത്തിൽ റവന്യൂ വകുപ്പ് മുഖേന നടപ്പിലാക്കിയ പ്രവർത്തനങ്ങൾ:- പയ്യോളി പഞ്ചായത്തിൽ ഫൂട്ട് ബ്രിഡ്ജിന്റെ മുകൾ ഭാഗത്ത് കുറ്റ്യാടി പുഴയിൽ കോട്ടത്തുരുത്തി ദ്വീപിന്റെ സംരക്ഷണ പ്രവൃത്തിക്കായി 44.50

ലക്ഷം രൂപ അനുവദിക്കുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) റിവർ മാനേജ്മെന്റ് ഫണ്ട് പ്രകാരം അംഗീകാരം നൽകിയ പദ്ധതികൾ:-

1. പയ്യോളി പഞ്ചായത്തിൽ ഫൂട്ട് ബ്രിഡ്ജിന്റെ മുകൾ ഭാഗത്ത് കുറ്റ്യാടി പുഴയിൽ കോട്ടത്തുരുത്തി ദ്വീപിന്റെ സംരക്ഷണ പ്രവർത്തി : 44.50 ലക്ഷം രൂപ : പ്രവർത്തി പൂർത്തീകരിച്ചു.

2. പയ്യോളി പഞ്ചായത്തിൽ കുറ്റ്യാടി പുഴയിൽ കോട്ടത്തുരുത്തി ദ്വീപിന്റെ സംരക്ഷണ പ്രവർത്തി : 44.50 ലക്ഷം രൂപ ; ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ 190 പേർക്ക് പട്ടയം വിതരണം ചെയ്തിട്ടുണ്ട്. ആയത് പഞ്ചായത്തടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു:

| | | | |
|---|---|---|---|
| 1. | ചേമഞ്ചേരി പഞ്ചായത്ത് | - | 20 |
| 2. | ചെങ്ങോട്ടുകാവ് പഞ്ചായത്ത് | - | 25 |
| 3. | കൊയിലാണ്ടി നഗരസഭ | - | 68 |
| 4. | മൂടാടി പഞ്ചായത്ത് | - | 15 |
| 5. | തിക്കോടി പഞ്ചായത്ത് | - | 24 |
| 6. | പയ്യോളി മുനിസിപ്പാലിറ്റി | - | 38 |

(ഡി) കളക്ടറേറ്റിൽ അപേക്ഷകൾ തീർപ്പാക്കാൻ ബാക്കിയില്ല.

## ഭൂരഹിതരുടെ കണക്കെടുപ്പ്

152(3032) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരില്ലാത്ത പദ്ധതിയുടെ ആദ്യപടിയായി ഭൂരഹിതരുടെ കണക്കെടുപ്പ് നടത്തുമെന്ന 2012-13 ലെ ബഡ്ജറ്റ് പ്രഖ്യാപനം നടപ്പാക്കാനായിട്ടുണ്ടോ ;

(ബി) എങ്കിൽ ഭൂരഹിതരുടെ ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

### ഉത്തരം

(എ) നടപ്പാക്കിയിട്ടുണ്ട്. ഭൂരഹിതരില്ലാത്ത കേരളം പദ്ധതി നടപ്പിലാക്കുന്നതിന്റെ ആദ്യപടിയായി 9-3-2012 മുതൽ 15-2-2013 വരെ സംസ്ഥാനത്തെ ഭൂരഹിതരായവരിൽ

നിന്നും അപേക്ഷ ക്ഷണിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ 2,91,757 അപേക്ഷകൾ ലഭിച്ചിരുന്നു. ഇതിൻപ്രകാരം അന്വേഷണം നടത്തി അർഹരായവരുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചു. തുടർന്ന് രണ്ടാംഘട്ടമായി 1-2-2014 മുതൽ 31-3-2014 വരെ വീണ്ടും അപേക്ഷ ക്ഷണിച്ചു. ഇതിൻപ്രകാരം 67,281 അപേക്ഷകൾ ലഭിച്ചിരുന്നു. രണ്ട് ഘട്ടങ്ങളിലുമായി ഭൂരഹിതർ എന്ന നിലയിൽ ആകെ 3,59,038 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. പദ്ധതിയുടെ മാനദണ്ഡങ്ങൾക്കനുസൃതമായി ഒന്നാംഘട്ടത്തിൽ ലഭിച്ചിരുന്ന അപേക്ഷകളിൽനിന്ന് 2,43,928 അപേക്ഷകർ സംസ്ഥാനത്തെ അർഹരായ ഭൂരഹിത കുടുംബങ്ങൾ ആണെന്ന് കണ്ടെത്തി ലിസ്റ്റ് പ്രസിദ്ധീകരിച്ചു. രണ്ടാംഘട്ടത്തിൽ ലഭിച്ച അപേക്ഷകളിൽനിന്നും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഒന്നും രണ്ടും ഘട്ടങ്ങളായി ലഭ്യമായിരുന്ന അപേക്ഷകളുടെ എണ്ണവും ഒന്നാം ഘട്ടത്തിലെ അപേക്ഷകളിൽനിന്നും കണ്ടെത്തിയിരുന്ന ഭൂരഹിത കുടുംബങ്ങളുടെ എണ്ണവും ജില്ലതിരിച്ച് അനുബന്ധമായി ചേർത്തിട്ടുണ്ട്.* 1-2-2014 മുതൽ 31-3-2014 വരെയുള്ള കാലയളവിലും മുഖ്യമന്ത്രിയുടെ പൊതുജന സമ്പർക്ക പരിപാടി, റവന്യൂ വകുപ്പുമന്ത്രിയുടെ ജില്ലാതല റവന്യൂ സർവ്വേ അദാലത്ത് എന്നിവ മുഖേനയും ലഭ്യമായ അപേക്ഷകളിൽ നിന്നുള്ള ഭൂരഹിത കുടുംബങ്ങളെ നിർണ്ണയിക്കുന്ന തിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു.

## പട്ടികജാതി മിശ്രവിവാഹിതരുടെ മക്കൾക്ക് ജാതി സർട്ടിഫിക്കറ്റ് നൽകുന്നത്

153(T 3033) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട സമുദായങ്ങളിലെ ആൾക്കാർ തമ്മിൽ മിശ്രവിവാഹം നടത്തിയാൽ അവർക്കുണ്ടാകുന്ന മക്കൾക്ക് ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സർട്ടിഫിക്കറ്റ് ലഭിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) പട്ടികവിഭാഗത്തിൽപ്പെട്ട സമുദായത്തിലെ ആൾക്കാർ തമ്മിൽ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മിശ്രവിവാഹം നടത്തിയാൽ അവർക്കുണ്ടാകുന്ന കുട്ടികൾക്ക്, അവർ മാതാപിതാക്കളിൽ ആരുടെ സമുദായത്തിന്റെ ആചാരനുഷ്ഠാനങ്ങൾ പ്രകാരമാണോ ജീവിക്കുന്നത് എന്ന് അന്വേഷണം നടത്തി, സ.ഉ.(കൈ) 109/2008/പ.ജ.പ.വ.വി.വ. നമ്പർ ഉത്തരവിലെ വ്യവസ്ഥകൾക്ക് അനുസൃതമായി ജാതി സർട്ടിഫിക്കറ്റ് നൽകി വരുന്നു.

(ബി) ഉണ്ട്. പരാതികൾ ലഭിക്കുന്ന മുറയ്ക്ക് അന്വേഷണം നടത്തി, ആവശ്യമെന്ന് കാണുന്ന കേസുകളിൽ തുടർനടപടി സ്വീകരിക്കാറുണ്ട്.

**പുറമ്പോക്കുഭൂമി പതിച്ചുനൽകൽ**

154(3034) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുളം പുറമ്പോക്കുകളിലും, പാറ പുറമ്പോക്കുകളിലും താമസിക്കുന്നവർക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതിയോടുകൂടി കൈവശ സ്ഥലം പതിച്ചു കൊടുക്കുവാൻ തീരുമാനം ആയിട്ടുണ്ടോ;

(ബി) എങ്കിൽ അവർക്ക് സമയബന്ധിതമായി പട്ടയം നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) 1964-ലെ കേരള ഭൂമി പതിവ് ചട്ടം 11(2)(i), (viii) കേരള ഭൂസംരക്ഷണ നിയമം വകുപ്പുകൾ (3), (4) എന്നിവ പ്രകാരം കുളം, പാറ പുറമ്പോക്കുകൾ പതിച്ചു നൽകാൻ വ്യവസ്ഥയില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതിയോടുകൂടി പ്രസ്തുത പുറമ്പോക്കുകൾ പതിച്ചു നൽകുന്നത് സംബന്ധിച്ച വിഷയത്തിൽ സർക്കാർ അന്തിമ തീരുമാനം എടുത്തിട്ടില്ല. എന്നാൽ 23-9-2015-ലെ സ.ഉ.(എം എസ്.)നമ്പർ 484/2015/റവ. ഉത്തരവ് പ്രകാരം പാറയായി കാണപ്പെടുന്ന സ്ഥലം സർവ്വേ ചെയ്ത് പാറ പുറമ്പോക്കിൽ നിലനിർത്തുന്നതിനും ബാക്കി സ്ഥലം അളന്ന് പുറമ്പോക്കിലേക്ക് മാറ്റി അർഹരായ കൈവശക്കാർക്ക് പട്ടയം നൽകുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**പുറമ്പോക്ക് ഭൂമി പതിച്ചുനൽകൽ**

155(3035) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള പുറമ്പോക്ക് ഭൂമി പതിച്ചു നൽകുകയുണ്ടായി; വിശദാംശം ലഭ്യമാക്കാമോ;

(ബി) പാലക്കാട് ജില്ലയിൽ ഏതെല്ലാം റവന്യൂ പുറമ്പോക്ക് ഭൂമി ഏതെല്ലാം സ്ഥാപനങ്ങൾക്ക്-വ്യക്തികൾക്ക് പതിച്ചു നൽകുകയുണ്ടായി; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്ഥാപനങ്ങൾക്ക് പതിച്ചു നൽകിയ റവന്യൂ പുറമ്പോക്കിന്റെ വിശദാംശങ്ങൾ അനുബന്ധം (എ)* ആയി ചേർക്കുന്നു. 31.115 വ്യക്തികൾക്ക് റവന്യൂ പുറമ്പോക്ക് ഭൂമി പതിച്ചു നൽകിയിട്ടുണ്ട്. ജില്ലതിരിച്ചുള്ള കണക്ക് അനുബന്ധം (ബി) ആയി ചേർക്കുന്നു.* ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം ആകെ വനാവകാശരേഖകളും ഉൾപ്പെടെ 1,48,119 പട്ടയങ്ങൾ നൽകിയിട്ടുണ്ട്.

(ബി) പാലക്കാട് താലൂക്കിൽ പാലക്കാട് 3 വില്ലേജിൽ പാലക്കാട് പ്രസ്സ് ക്ലബ്ബിന് 3.5 സെന്റ് ഭൂമി പതിച്ചുനൽകിയിട്ടുണ്ട്. കൂടാതെ പാലക്കാട് 3 വില്ലേജിൽ മിച്ചഭൂമി ഏറ്റെടുത്ത പൊതു ആവശ്യത്തിനായി മാറ്റിവച്ചിട്ടുള്ള 25 സെന്റ് ഭൂമി സെന്റൊന്നിന് 1,15,000 രൂപ ഈടാക്കി കേരള പബ്ലിക് സർവ്വീസ് കമ്മീഷന് പി.എസ്.സി. ഓഫീസ് നിർമ്മിക്കുന്നതിനായി വിട്ടുനൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാലക്കാട് താലൂക്കിൽ ശ്രീ. അൻപൻ, സീനിയർ കറസ്പോണ്ടന്റ്, ദിനതന്തി, കുന്നത്തൂർമേട് എന്ന വ്യക്തിക്ക് 2 സെന്റ് ഭൂമി പതിച്ചുനൽകിയിട്ടുണ്ട്. ചിറ്റൂർ താലൂക്കിൽ 58 പേർക്ക് 1.2055 ഹെക്ടർ ഭൂമി, ഭൂമി പതിവ് ചട്ടപ്രകാരം പതിച്ചു നൽകിയിട്ടുണ്ട്. കൂടാതെ ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം 2114 പേർക്കായി ആകെ 114.27 ഏക്കർ ഭൂമി അനുവദിച്ചിട്ടുണ്ട്.

**പുറമ്പോക്കു ഭൂമി സ്വകാര്യ വ്യക്തിയുടെ പേരിൽ നൽകൽ**

156(3036) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം തമലം ത്രിവിക്രമംഗലം ശ്രീമഹാവിഷ്ണു ക്ഷേത്രത്തിന് മുൻവശമുള്ള പുറമ്പോക്കു ഭൂമി റീ-സർവ്വേയ്ക്കുശേഷം സ്വകാര്യ വ്യക്തിയുടെ പേരിൽ അനധികൃതമായി നൽകിയതിനെതിരെ ദേവസ്വം സ്പെഷ്യൽ തഹസിൽദാർ തിരുവനന്തപുരം ജില്ലാ കളക്ടർക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത റിപ്പോർട്ടിന്മേലും ക്ഷേത്രോപദേശക സമിതിയുടെ പരാതിയിലും സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത ആറ്റുപുറമ്പോക്ക് ഭൂമി അളന്നുതിരിച്ച് സർക്കാർ ഭൂമിയായി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നിലനിർത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) നൽകിയിട്ടുണ്ട്.

(ബി) ക്ഷേത്രഭൂമിയായ പുറമ്പോക്ക് പതിച്ചു കൊടുത്തതായ പരാതി സ്പെഷ്യൽ തഹസിൽദാർ ഭൂസംരക്ഷണം, തിരുവിതാംകൂർ ദേവസ്വം ബോർഡിന് റിപ്പോർട്ടിനായി നൽകുകയും ടി റിപ്പോർട്ടിൽ പ്രസ്തുത ക്ഷേത്രത്തിന് സമീപം താമസിക്കുന്ന ശ്രീ. നാരായണൻ പോറ്റി എന്നയാൾ പുറമ്പോക്ക് ഭൂമി കയ്യേറിയിട്ടുള്ളതായും ആയതിന്റെ അടിസ്ഥാനത്തിൽ റീ-സർവ്വേ ക്യാമ്പ് ഓഫീസ് കുര്യാത്തിയിലെ ഹെഡ് സർവ്വേയറെക്കൊണ്ട് സ്ഥലം സർവ്വേ ചെയ്യുകയും സർവ്വേ നമ്പർ 2004-ൽ പതിനാറ് സെന്റ് സ്ഥലം 16945, 7535 എന്നീ നമ്പരുകളിൽ കരമൊടുക്കി വരുന്നതും, ടി സ്ഥലത്തിന് മൂന്ന് വശവും വ്യക്തമായ അതിർത്തിയുള്ളതുമാണ്. പുഴ പുറമ്പോക്ക് ഭാഗത്ത് അതിർത്തിയില്ലാത്തതായ ഭാഗമാണ് കൈയ്യേറിയിട്ടുള്ളത്. മെഷർമെന്റ് സ്കെച്ച്, ഡിവൈഡ് സ്കെച്ച് എന്നിവയുടെ അടിസ്ഥാനത്തിൽ ഭൂമിയിൽ റീഫിക്സ് ചെയ്ത് പുനഃപരിശോധിച്ച് റിക്കാർഡ് തയ്യാറാക്കിയിട്ടുള്ളതുമാണ്.

(സി) ആറ്റു പുറമ്പോക്കു ക്ഷേത്രഭൂമിയും പ്രത്യേകമായി അളന്ന് തിരിച്ച് സ്കെച്ച് തയ്യാറാക്കുന്നതിന് താലൂക്ക് സർവ്വേയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ദുരിതാശ്വാസ ഫണ്ട്**

157(3037) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പ് ദുരിതാശ്വാസ ഫണ്ടിൽ ഉൾപ്പെടുത്തി ആലപ്പുഴ ജില്ലയിൽ വിതരണം ചെയ്ത തുകയുടെ വിശദാംശങ്ങൾ താലൂക്ക് തിരിച്ച് വ്യക്തമാക്കുമോ;

(ബി) മാവേലിക്കര താലൂക്കിൽ 2011-12, 2012-13, 2013-14, 2014-15 കാലയളവിൽ ദുരിതാശ്വാസനിധിയിൽ നിന്നും വിതരണംചെയ്ത തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) മാവേലിക്കര താലൂക്കിൽ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം

ലഭിച്ച ഗുണഭോക്താക്കളുടെ പേരും മേൽവിലാസവുമടക്കമുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ)

| താലൂക്ക് | വിതരണം ചെയ്ത തുക |
|---|---|
| ചേർത്തല | 10,00,24,500 |
| അമ്പലപ്പുഴ | 15,74,97,500 |
| കുട്ടനാട് | 4,08,60,000 |
| കാർത്തികപ്പള്ളി | 13,61,24,657 |
| മാവേലിക്കര | 5,62,71,000 |
| ചെങ്ങന്നൂർ | 3,48,08,000 |

(ബി)

| സാമ്പത്തിക വർഷം | വിതരണം ചെയ്ത തുക |
|---|---|
| 2011-12 | 70,62,500 |
| 2012-13 | 84,02,500 |
| 2013-14 | 20,27,500 |
| 2014-15 | 1,87,43,500 |

(സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം ലഭിച്ച ഗുണഭോക്താക്കളുടെ പേരും മേൽവിലാസവും ലഭ്യമാക്കുന്നത് പ്രായോഗികമല്ല.

## സ്മാർട്ട് വില്ലേജ്

158(3038) ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്മാർട്ട് വില്ലേജ് ആരംഭിക്കുന്നതിന് കർമ്മപദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവയിൽനിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശത്തോടു കൂടിയാണ് 'സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഇതനുസരിച്ച് വില്ലേജ് ഓഫീസുകളിൽ നിന്നുള്ള സേവനങ്ങൾ പൗരന് ഏത് സമയത്ത് എവിടെ വച്ചും (Any time Any Where) ലഭ്യമാക്കുവാനാണ് ലക്ഷ്യമിടുന്നത്. ഇതിനായി ഇ-ഗവേണൻസ്, എം-ഗവേണൻസ് എന്നിവയെ പരമാവധി ആശ്രയിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(സി) സ്മാർട്ട് വില്ലേജ് പദ്ധതി നടത്തിപ്പിനായി ആദ്യഘട്ടമായി 14 വില്ലേജ് ഓഫീസുകളെ നവീകരിച്ച് സ്മാർട്ട് വില്ലേജ് ഓഫീസുകളായി മാറ്റുന്നതിന് 1 കോടി 60 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുള്ളതും, മേൽ തുക വിനിയോഗിച്ചു കൊണ്ട് 14 ജില്ലകളിലും തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള പ്രസ്തുത വില്ലേജുകളുടെ നവീകരണം പൂർത്തിയായിട്ടുള്ളതുമാണ്. സ്മാർട്ട് വില്ലേജ് പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ പുതിയ സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ നിർമ്മാണത്തിനായി 3.29 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുള്ളതും തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, പാലക്കാട്, വയനാട്, കണ്ണൂർ തുടങ്ങി 8 ജില്ലകളിലായി 11 വില്ലേജാഫീസുകൾ സ്മാർട്ട് റവന്യൂ ഓഫീസ് മാതൃകയിൽ നിർമ്മിക്കുന്നതിന് തെരഞ്ഞെടുത്തിട്ടുള്ളതും ഇവയിൽ 7 വില്ലേജ് ഓഫീസുകളുടെ നിർമ്മാണം പൂർത്തിയാവുകയും, 4 എണ്ണത്തിന്റെ നിർമ്മാണം ത്വരിതഗതിയിൽ പുരോഗമിച്ചു വരികയുമാണ്. സ്മാർട്ട് വില്ലേജ് പദ്ധതിയുടെ മൂന്നാംഘട്ടത്തിൽ 9 വില്ലേജാഫീസുകളുടെ നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുള്ളതും, തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, പാലക്കാട് തുടങ്ങി 5 ജില്ലകളിലായി 8 വില്ലേജാഫീസുകൾ സ്മാർട്ട് റവന്യൂ ഓഫീസ് മാതൃകയിൽ നിർമ്മിക്കുന്നതിന് തെരഞ്ഞെടുത്തിട്ടുള്ളതും പ്രസ്തുത വില്ലേജുകളുടെ നിർമ്മാണത്തിന് 344.55 ലക്ഷം രൂപയുള്ള എസ്റ്റിമേറ്റ് അംഗീകരിച്ച് ഉത്തരവായിട്ടുള്ളതുമാണ്.

**കോട്ടപ്പുറം കുടിവെള്ള പദ്ധതിക്ക് പുറമ്പോക്ക് ഭൂമി**

159(3039) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടപ്പുറം കുടിവെള്ള പദ്ധതിയുടെ ആവശ്യത്തിലേക്കായി പുറമ്പോക്ക് ഭൂമി ലഭ്യമാക്കുന്ന നടപടിയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇക്കാര്യത്തിൽ റവന്യൂ വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടായ കാലതാമസത്തിന്റെ കാരണം വിശദമാക്കുമോ;

(സി) ഇതിന് കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെ മാതൃകാപരമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മുളവന വില്ലേജിൽ ബ്ലോക്ക് 9-ൽ റീ-സർവ്വേ നമ്പർ 38-ൽപ്പെടുന്ന സർക്കാർ പുറമ്പോക്കിൽനിന്നും 02.02 ആർ വസ്തു റവന്യൂ വകുപ്പിൽ ഉടമസ്ഥാവകാശം നിലനിർത്തി പഞ്ചായത്തിന് ഓവർ ഹെഡ് ടാങ്ക് നിർമ്മിക്കുന്നതിന് അനുമതി നൽകുന്നതിന് ജില്ലാ കളക്ടർ റിപ്പോർട്ട് നൽകിയിരുന്നു. റോഡ് പുറമ്പോക്ക് സ്ഥലം പതിവിന് വിധേയമല്ലാത്തതിനാലും പഞ്ചായത്തിന്, ഭൂമി കൈമാറ്റ വ്യവസ്ഥ പ്രകാരം സർക്കാർ പുറമ്പോക്ക് നൽകാൻ നിർവ്വാഹമില്ലാത്തതിനാലുമാണ് വസ്തുവിന്റെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ തന്നെ നിലനിർത്തി പഞ്ചായത്ത്/വാട്ടർ അതോറിറ്റിക്ക് പെർമിസ്സീവ് സാങ്ഷൻ നൽകുന്നതിന് ജില്ലാ കളക്ടർ ശിപാർശ നൽകിയിട്ടുള്ളത്. ഇതുസംബന്ധിച്ച തുടർ നടപടികൾ സ്വീകരിക്കുന്നതിന് പേരയം ഗ്രാമപഞ്ചായത്തിന്റെ അർത്ഥനാപത്രം, ഭൂമിയുടെ കമ്പോളവില നിർണ്ണയ പത്രിക എന്നിവ ലഭ്യമാക്കുന്നതിന് സർക്കാർ നിർദ്ദേശിച്ചെങ്കിലും പഞ്ചായത്തിൽ നിന്നും റിക്കാർഡുകൾ ലഭ്യമായിട്ടില്ല.

(ബി) പേരയം ഗ്രാമപഞ്ചായത്തിന്റെ അർത്ഥനാപത്രം, ഭൂമിയുടെ കമ്പോളവില നിർണ്ണയ സ്റ്റേറ്റ്മെന്റ് എന്നിവ ലഭിക്കാത്തതിനാലാണ് കാലതാമസം ഉണ്ടായിട്ടുള്ളത്.

(സി) റവന്യൂ വകുപ്പിൽ കാലതാമസമുണ്ടായോ എന്നു പരിശോധിച്ച് മനഃപൂർവ്വമായ കാലതാമസം ഉണ്ടായിട്ടുണ്ടെങ്കിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**കാസർഗോഡ്-പട്ടയത്തിനുള്ള അപേക്ഷകൾ**

160(3040) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് താലൂക്ക് ആഫീസിൽ നിലവിൽ പട്ടയത്തിനുള്ള എത്ര അപേക്ഷകൾ തീർപ്പാകാതെ കിടക്കുന്നുണ്ട്; കാരണം വ്യക്തമാക്കുമോ; ഇതു സംബന്ധിച്ച വിവരം അപേക്ഷകരെ അറിയിച്ചിട്ടുണ്ടോ; പ്രസ്തുത അപേക്ഷകളുടെ കാലപ്പഴക്കവും അപേക്ഷകരുടെ പേരു വിവരവും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷകൾ പരിഹരിക്കപ്പെടാത്തത് ആരുടെ വീഴ്ച മൂലമാണ്; അവർക്കെതിരെ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) കാസർഗോഡ് താലൂക്ക് ഓഫീസിൽ നിലവിൽ 157 അപേക്ഷകൾ തീർപ്പാക്കാനുണ്ട്. ടി അപേക്ഷകർക്ക് പട്ടയം നല്കുന്നതിനുള്ള നടപടി വിവിധ ഘട്ടങ്ങളിലാണ്. ഈ വിവരം അപേക്ഷകരെ രേഖാമൂലം അറിയിക്കാറില്ല. അർഹരായ മുഴുവൻ അപേക്ഷകളിൽ ഭൂമി പതിവിനുള്ള വിശദമായ പ്രൊപ്പോസൽ വില്ലേജ് ഓഫീസർമാരിൽനിന്നും ലഭ്യമാക്കി അടിയന്തരമായി പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) അപേക്ഷകൾ പരിഹരിക്കപ്പെടുന്ന കാര്യത്തിൽ വീഴ്ച ഉണ്ടായിട്ടില്ലെന്നും സമയബന്ധിതമായി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

**വനാതിർത്തി ജില്ലകളിലെ പട്ടയ നടപടികൾ**

161(3041) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനവുമായി അതിർത്തി പങ്കിടുന്ന വിവിധ ജില്ലകളിൽ വനം-റവന്യൂ വകുപ്പുകളുടെ ജോയിന്റ് വെരിഫിക്കേഷൻ പൂർത്തിയാക്കിയ പ്രദേശങ്ങളിലെ പട്ടയ നടപടികൾ പൂർത്തിയാക്കുവാൻ എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) വനവുമായി അതിർത്തി പങ്കിടുന്ന ജില്ലകളിലെ ഏതെല്ലാം പ്രദേശങ്ങളിൽ, കോടതി കേസുകൾ നിലനിൽക്കുന്നതിനാൽ പട്ടയ നടപടികൾ പൂർത്തിയാക്കാൻ സാധിക്കാത്ത സാഹചര്യം നിലനിൽക്കുന്നുണ്ടെന്ന വിവരം ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(സി) രജിസ്റ്റർചെയ്തിട്ട് 100 വർഷത്തിലധികമായ ആധാരം മുഖേന ഭൂമി കൈവശം വച്ചിട്ടുള്ളതും നിലവിൽ പട്ടയം ലഭിച്ചിട്ടില്ലാത്തതുമായ സ്ഥലങ്ങൾ ഏതൊക്കെ ജില്ലയിൽ ഉണ്ടെന്ന് താലൂക്ക് - വില്ലേജ് അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ; പ്രസ്തുത വ്യക്തികൾക്ക് പട്ടയം നൽകുവാൻ എന്തൊക്കെ

നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ജോയിന്റ് വെരിഫിക്കേഷൻ പൂർത്തീകരിച്ചതും കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചതുമായ എല്ലാ പ്രദേശങ്ങളിലും പട്ടയം നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(ബി) കൊല്ലം ജില്ലയിലെ വനഭൂമിയുമായി ബന്ധപ്പെട്ട് ഒരു കേസിൽ കൊട്ടാരക്കര മുൻസിഫ് കോടതിയിൽ (ഒ.എസ്.524/92) കേസ് നില നിൽക്കുന്നതിനാൽ തുടർ നടപടികൾ സ്വീകരിക്കാൻ സാധിച്ചിട്ടില്ല. ഇടുക്കി ജില്ലയിലെ മാങ്കുളം വില്ലേജിൽ കോടതി നിർദ്ദേശപ്രകാരമുള്ള അതിരുതിരിയ്ക്കൽ നടന്നുവരുന്നതിനാൽ പട്ടയ നടപടിക്ക് താമസം നേരിടുന്നുണ്ട്. കോട്ടയം ജില്ലയും പത്തനംതിട്ട ജില്ലയും ഉൾപ്പെടുന്ന ആലപ്ര, വലിയകാവ്, കരിക്കാട്ടൂർ റിസർവ് വനപ്രദേശങ്ങളിലെ ഭൂമിയുടെ അവകാശം സംബന്ധിച്ച് ബഹു. ഹൈക്കോടതിയിൽ എം.എസ്.എ.1/81 കേസുള്ളതിനാൽ കാഞ്ഞിരപ്പള്ളി താലൂക്കിലെ മണിമല വില്ലേജിൽ ഉൾപ്പെട്ട ആലപ്ര പ്രദേശത്തെ പട്ടയം നൽകുന്ന നടപടി തടസ്സപ്പെട്ടിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ 10 കേസ്സുകളിൽ കോടതി വ്യവഹാരമുള്ളതിനാൽ തടസ്സം നേരിട്ടു. വയനാട് ജില്ലയിലെ മേപ്പാടി റേഞ്ചിന്റെ പരിധിയിൽപ്പെടുന്നതും കോട്ടപ്പടി വില്ലേജിൽ വരുന്നതുമായ മേപ്പാടിക്കുന്ന് പ്രദേശത്തെ സുമാർ 2 ഏക്കർ സ്ഥലത്ത് കോടതി കേസ്സുള്ളതിനാൽ സംയുക്ത പരിശോധന പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല.

(സി) ഇത്തരം കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**വില്ലേജാഫീസ് കെട്ടിടങ്ങൾ**

162(3042) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റവന്യൂ വകുപ്പിന് സ്വന്തമായി എത്ര വില്ലേജാഫീസ് കെട്ടിടങ്ങൾ ഉണ്ടെന്ന് പറയാമോ;

(ബി) ഇവയിൽ പഴക്കം കൊണ്ട് ജീർണ്ണാവസ്ഥയിലുള്ള എത്ര കെട്ടിടങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പൊതുജനങ്ങളുടെ വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾക്കനുസരിച്ച് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി പഴയ കെട്ടിടങ്ങൾക്ക് പകരം പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുവാൻ നടപടികൾ സ്വീകരിക്കുമോ;

(ഡി) ഈ സർക്കാരിന്റെ കാലത്ത് വില്ലേജാഫീസുകൾക്ക് എത്ര കെട്ടിടങ്ങൾ നിർമ്മിച്ച നൽകിയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 1468 കെട്ടിടങ്ങൾ.

(ബി) 180 കെട്ടിടങ്ങൾ.

(സി) ഫണ്ട് ലഭ്യതക്കനുസരിച്ച് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) 41 കെട്ടിടങ്ങൾ.

**ഭൂരഹിതർക്ക് ഭൂമി**

163(3043) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലയിൽ ഇനിയും ഭൂമി നൽകാനുള്ള എത്ര കുടുംബങ്ങൾ ഉണ്ട് ; അസംബ്ലി മണ്ഡലം അടിസ്ഥാനത്തിൽ വിശദമാക്കുമോ ?

ഉത്തരം

പാലക്കാട് ജില്ലയിൽ ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിലേക്ക് ലഭ്യമായ 28,524 അപേക്ഷകളിൽനിന്നും 23,874 ഭൂരഹിത കുടുംബങ്ങളെ പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിരുന്നു. ആയതിനാൽ 2,114 പേർക്ക് ഒന്നാംഘട്ടമായി പട്ടയം അനുവദിച്ചിരുന്നു. ബാക്കി വരുന്ന 21,760 പേർക്ക് ഭൂമി അനുവദിക്കേണ്ടതായിട്ടുണ്ട്. അസംബ്ലി മണ്ഡലം തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ. | അസംബ്ലി മണ്ഡലം | ഭൂമി ലഭിക്കേണ്ട കുടുംബങ്ങളുടെ എണ്ണം |
|---|---|---|
| 1. | മണ്ണാർക്കാട് | 2,432 |
| 2. | തരൂർ | 1,759 |
| 3. | ആലത്തൂർ | 1,632 |
| 4. | തൃത്താല | 840 |
| 5. | പട്ടാമ്പി | 1,161 |

| | | |
|---|---|---|
| 6. | ഷൊർണ്ണൂർ | 711 |
| 7. | ഒറ്റപ്പാലം | 1,887 |
| 8. | ചിറ്റൂർ | 2,152 |
| 9. | നെന്മാറ | 2,497 |
| 10. | കോങ്ങാട് | 1,326 |
| 11. | മലമ്പുഴ | 1,703 |
| 12. | പാലക്കാട് | 3,660 |
| | ആകെ | 21,760 |

**ചാലക്കുടിയിലെ താലൂക്ക് ഓഫീസിന് പുതിയ കെട്ടിടം**

164(3044) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വളരെ പരിമിതമായ സൗകര്യങ്ങളോടുകൂടി പ്രവർത്തിക്കുന്ന ചാലക്കുടിയിലെ താലൂക്ക് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) വ്യവസായ വകുപ്പിൽനിന്നും മുനിസിപ്പാലിറ്റിക്ക് അനുവദിച്ചു നൽകിയ റീ ഫാക്ടറീസ് വക സ്ഥലത്ത് പ്രസ്തുത കെട്ടിട നിർമ്മാണം നടത്താൻ അവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) തൃശ്ശൂർ ജില്ലയിലെ ചാലക്കുടി താലൂക്കാഫീസ് കെട്ടിട നിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പിൽനിന്നും ലഭിച്ച 5 കോടി രൂപയുടെ പ്രൊപ്പോസൽ പ്ലാനിംഗ് ബോർഡിൽ 2015-16 സാമ്പത്തിക വർഷത്തിൽ അംഗീകാരത്തിനായി സമർപ്പിച്ചുവെങ്കിലും ഫണ്ട് പരിമിതി കാരണം അംഗീകാരം ലഭിച്ചിട്ടില്ല.

(ബി) വ്യവസായ വകുപ്പിൽനിന്നും മുനിസിപ്പാലിറ്റിക്ക് അനുവദിച്ചു നൽകിയ റീ ഫാക്ടറീസ് വക സ്ഥലത്ത് മിനി സിവിൽ സ്റ്റേഷൻ പണിയുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചു വരികയാണ്.

**കണ്ണൻദേവൻ കമ്പനിയുടെ കൈവശമുള്ള ഭൂമി**

165(3045) <u>ശ്രീ. എം. ചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാറിൽ കണ്ണൻ ദേവൻ കമ്പനിക്ക് (KDHP Ltd) എത്ര ഹെക്ടർ സ്ഥലമാണ് പാട്ടത്തിനു നല്കിയിട്ടുള്ളത്;

(ബി) പാട്ടവ്യവസ്ഥ ലംഘിച്ചുകൊണ്ട് കമ്പനി ഭൂമി കൈമാറ്റം നടത്തിയതായി കണ്ടെത്തിയിട്ടുണ്ടോ;

(സി) എങ്കിൽ എത്ര ഹെക്ടർ ഭൂമിയാണ് കൈമാറ്റം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) ചട്ടങ്ങൾക്കുവിരുദ്ധമായി കൈമാറ്റം നട<u>ത്തു</u>കയും കൈവശം വയ്ക്കുകയും ചെയ്തിട്ടുള്ള ഭൂമി തിരിച്ചെടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) 57359.14 ഏക്കർ പാട്ട ഭൂമി ഉള്ളതായി കാണുന്നു.

(ബി) ഉണ്ട്.

(സി & ഡി) 1971-ന് മുമ്പ് പാട്ട വ്യവസ്ഥ ലംഘിച്ച് KDHP കമ്പനി കൈമാറ്റം നടത്തിയ ഭൂമി 1971-ലെ KDH നിയമപ്രകാരം സർക്കാരിൽ നിക്ഷിപ്തമാണ്. 1971-ന് മുമ്പായി കണ്ണൻദേവൻ കമ്പനി മതസംഘടനകൾ, വ്യക്തികൾ, എസ്റ്റേറ്റുകൾ, സംഘടനകൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ എന്നിവർക്ക് തീറായും ഗിഫ്റ്റായും ലീസായും 7171.31.400 ഏക്കർ ഭൂമിയും 1976-ന് ശേഷം ടാറ്റാ ടീ കമ്പനി 24.295 ഏക്കർ ഭൂമിയും കൈമാറ്റം നടത്തിയിട്ടുണ്ട്. ടാറ്റാ ടീ കമ്പനിയുടെ കൈവശത്തിലിരിക്കുന്ന ഭൂമിയുടെ രേഖകൾ വ്യാജമാണെന്നും, ആയതിനാൽ പ്രസ്തുത ഭൂമി തിരിച്ചെടുക്കേണ്ടതാണെന്നുമുള്ള നിലപാടാണ് സർക്കാർ ബഹു. കേരളാ ഹൈക്കോടതി മുമ്പാകെ എടുത്തിട്ടുള്ളത്.

**നെൽവയലുകളും തണ്ണീർത്തടങ്ങളും നികത്തൽ**

166(3046) <u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് താലൂക്കിൽ വേങ്ങേരി, ചേവായൂർ, കോട്ടൂളി, നെല്ലിക്കോട് വില്ലേജുകളിലെ നെൽവയലുകളും, തണ്ണീർത്തടങ്ങളും നിക<u>ത്തു</u>ന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത വില്ലേജുകളിൽ തണ്ണീർത്തടങ്ങളും, നെൽവയലുകളും സംരക്ഷിക്കുന്നതിനായി വില്ലേജ് ഓഫീസർമാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇത്തരം കേസുകളിൽ ബന്ധപ്പെട്ട് വില്ലേജ് ഓഫീസർമാർ ഭൂ ഉടമകൾക്ക് സ്റ്റോപ്പ് മെമ്മോ നൽകുകയും കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം വകുപ്പ് 13 പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

(സി) അനധികൃത തരംമാറ്റം ശ്രദ്ധയിൽപ്പെടുന്ന കേസുകളിൽ ഭൂ ഉടമകൾക്ക് സ്റ്റോപ്പ് മെമ്മോ നൽകുകയും കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം വകുപ്പ് 13 പ്രകാരമുള്ള തുടർ നടപടികൾക്കായി വിശദമായ റിപ്പോർട്ട് ജില്ലാ കളക്ടർക്ക് സമർപ്പിക്കുകയും ചെയ്യുന്നു.

**കാലവർഷത്തിലെ കുറവ്**

167(3047) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 വർഷത്തിൽ സംസ്ഥാനത്ത് കാലവർഷത്തിൽ കുറവ് അനുഭവപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര ശതമാനത്തിന്റെ കുറവാണ് വന്നിട്ടുള്ളത്; ഇതിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) നടപ്പു വർഷം വേനലിന്റെ പ്രത്യാഘാതം കൂടുതലായിരിക്കുമെന്ന സൂചനകളുണ്ടോ;

(ഡി) ഇതു നേരിടുന്നതിന് ആവശ്യമായ മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 26% കുറവ് വന്നിട്ടുണ്ട്. എന്നാൽ കാലവർഷം 26% കുറഞ്ഞെങ്കിലും തുലാവർഷത്തിൽ ലഭിക്കേണ്ട മഴ 20% കൂടുതൽ മഴ ലഭിച്ചതിനാൽ കാലവർഷത്തെ മഴയുടെ കുറവിന്റെ പ്രത്യാഘാതങ്ങൾ തീവ്രമായി ഉണ്ടാവുകയില്ല

എന്ന് വിലയിരുത്തിയിട്ടുണ്ട്.

(സി&ഡി) നടപ്പു വർഷം വേനലിന്റെ പ്രത്യാഘാതം കൂടുതലായിരിക്കുമെന്ന സൂചനയില്ല. എന്നാൽ സ.ഉ.(സാധാ)നമ്പർ 5634/2015/ഡി.എം.ഡി. തീയതി 8-10-2015 പ്രകാരം വരൾച്ച നേരിടുന്നതിനുള്ള തയ്യാറെടുപ്പ് പ്രവർത്തനങ്ങൾക്കായി 1 കോടി രൂപാ വീതം ജില്ല കളക്ടർമാർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

## ബഡ്ജറ്റുകളിൽ റവന്യൂവകുപ്പിൽ പ്രഖ്യാപിച്ച പദ്ധതികൾ

168(3048) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-14, 2014-15 വർഷങ്ങളിലെ ബഡ്ജറ്റിൽ റവന്യൂ വകുപ്പ് പ്രഖ്യാപിച്ച പദ്ധതികൾ എന്തെല്ലാമാണ്; എത്ര തുക ഓരോ വർഷവും നീക്കിവച്ചു; ഇതിൽ നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാം;

(ബി) നടപ്പാക്കാതെ വന്ന പദ്ധതികൾവഴി എത്ര രൂപ ലാപ്സായി എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അനുബന്ധം 'എ' ആയി കൊടുത്തിരിക്കുന്നു.*

(ബി) പ്രഖ്യാപിത പദ്ധതികൾ എല്ലാം നടപ്പിലാക്കിവരുന്നു.

## വെള്ളരിക്കുണ്ട് താലൂക്ക് മിനി സിവിൽ സ്റ്റേഷൻ കെട്ടിട നിർമ്മാണം

169(3049) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി അനുവദിച്ച താലൂക്കുകളിൽ മിനി സിവിൽ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അവ ഏതൊക്കെ താലൂക്കുകളിലാണെന്ന് വ്യക്തമാക്കുമോ;

(സി) വെള്ളരിക്കുണ്ട് താലൂക്കിൽ മിനി സിവിൽ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ&ബി) ഉണ്ട്. സംസ്ഥാനത്ത് പുതുതായി അനുവദിച്ച കാട്ടാക്കട, വർക്കല, ചാലക്കുടി, ഇരിട്ടി, വെള്ളരിക്കുണ്ട് താലൂക്കകൾക്ക് മിനി സിവിൽ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പട്ടാമ്പി, കോന്നി താലൂക്കകൾക്ക് മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) വെള്ളരിക്കുണ്ട് താലൂക്കിൽ മിനി സിവിൽ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി ലഭിക്കുന്നതിനുവേണ്ടി Executive Engineer, PWD Buildings-ൽ നിന്നും 5 കോടി രൂപയുടെ പ്രാഥമിക എസ്റ്റിമേറ്റും പ്ലാനും അടക്കമുള്ള പ്രൊപ്പോസൽ പൊതുമരാമത്ത് വകുപ്പിന് നൽകിയിട്ടുണ്ട്.

## മുല്ലപ്പെരിയാർ ഡാമിലെ ഉയർന്ന ജലനിരപ്പ്

170(3050) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് ക്രമാതീതമായി ഉയർന്നതിനാൽ ജലനിരപ്പിൽ ആശങ്ക ഉണ്ടായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ജനങ്ങളുടെ ആശങ്ക പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നല്കാമോ ;

(ബി) അപകട സാഹചര്യത്തിൽ പ്രദേശത്തെ വൈദ്യുതിബന്ധം വിച്ഛേദിക്കപ്പെടുന്നതിനാൽ പ്രദേശത്ത് വെളിച്ചം, സൈറൺ, ടെലികമ്മ്യൂണിക്കേഷൻ തുടങ്ങിയവ എപ്രകാരം പ്രവർത്തിക്കും എന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) അടഞ്ഞുകിടക്കുന്ന എസ്റ്റേറ്റ് വഴികൾ 24 മണിക്കൂറും തുറന്നിടുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ;

(ഡി) ദ്രുതകർമ്മസേനയുടെ സേവനം എല്ലായിടത്തും ലഭ്യമാക്കിയിട്ടുണ്ടോ ;

(ഇ) പ്രദേശം ഉൾപ്പെടുന്ന പഞ്ചായത്തുകൾക്ക് അടിയന്തര സാഹചര്യം നേരിടുന്നതിന് ആവശ്യമായ ഫണ്ട് അനുവദിക്കുമോ?

ഉത്തരം

(എ) ഉണ്ട്. മുല്ലപ്പെരിയാർ ഡാമിലെ ജലം തുറന്നുവിടേണ്ട സാഹചര്യം ഉണ്ടാകുമ്പോൾ എന്തെങ്കിലും അനിഷ്ട സംഭവങ്ങൾ ഉണ്ടാകാൻ ഇടയായാൽ ജനങ്ങളെ സംരക്ഷിത സ്ഥാനങ്ങളിൽ എത്തിക്കുന്നതിനും ദുരന്ത നിവാരണ പ്രവർത്തനങ്ങൾ നടത്തുന്നതിനുമായി ടി പ്രദേശത്തെ പല മേഖലകളായി തിരിച്ച് സർവ്വേ ചെയ്ത് സംരക്ഷിത സ്ഥാനങ്ങളുടെയും റോഡുകളുടെയും സ്ഥാനങ്ങൾ രേഖപ്പെടുത്തിയ മാപ്പുകളും ജനങ്ങളുടെയും വളർത്തു മൃഗങ്ങളുടെയും വീടുകളുടെയും വിശദമായ കണക്കുകളും ലൊക്കേഷനുകളും ശേഖരിച്ച് വച്ചിട്ടുള്ളതാണ്. ജനങ്ങളുടെ ആശങ്ക ദൂരീകരിക്കുന്നതിന് പൊതുജനങ്ങൾ/ജനപ്രതിനിധികളിൽ നിന്നും ഒരാൾ കൺവീനർ ആയും വില്ലേജ് ഓഫീസർ ഫെസിലിറ്റേറ്ററായും തദ്ദേശ വാസികളെ ഗ്രൂപ്പുകളായി തിരിച്ചിട്ടുണ്ട്. അവരുടെ ഇടയിൽ ബോധവൽക്കരണവും കൗൺസിലിംഗ്/പാലിയേറ്റീവ് നടപടികളും സ്വീകരിച്ചിട്ടുണ്ട്. മുല്ലപ്പെരിയാർ അണക്കെട്ട് സംബന്ധിച്ച് എന്തെങ്കിലും അപകടമുണ്ടായാൽ ജലം ഉയർന്നെത്താവുന്ന പരമാവധി ഉയരം നിർണ്ണയിച്ച് ഭൂമിയിൽ അടയാളപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത മേഖലയ്ക്കുള്ളിൽ വസിക്കുന്ന മുഴുവൻ ജനങ്ങളുടെയും വിശദാംശങ്ങളും സ്ഥാവരജംഗമ വസ്തുക്കളുടെ വിവരശേഖരണവും നടത്തി ഭൂവിവര സാങ്കേതിക വിദ്യയിൽ ക്രോഡീകരിച്ച് ദുരന്ത പ്രതികരണത്തിന് ചുമതലയുള്ള വകുപ്പുകൾക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത മേഖലയിലെ ചെറു ഭൂചലനങ്ങൾ നിരീക്ഷിക്കുന്നതിന് ഡിജിറ്റൽ ഭൂകമ്പമാപിനികളുടെ ഒരു ശൃംഖല സ്ഥാപിച്ചിട്ടുണ്ട്. ടി പ്രദേശത്ത് 2104 തദ്ദേശ വാളണ്ടിയർമാരെ പരിശീലിപ്പിച്ച് സജ്ജരാക്കിയിട്ടുണ്ട്. 6 ഗ്രാമ പഞ്ചായത്തുകളിൽ ഗ്രാമപഞ്ചായത്ത് ദുരന്ത നിവാരണ കമ്മിറ്റികൾ രൂപീകരിക്കുകയും പ്രദേശത്തെ വിദ്യാലയങ്ങളിൽ കുട്ടികളുടെ ആശങ്ക ദൂരീകരിക്കുന്നതിനായി കൗൺസിലിംഗ് നടത്തുകയും ഇടുക്കി ജില്ലയിലെ റവന്യൂ ഉദ്യോഗസ്ഥർക്കായി അടിയന്തരഘട്ട പ്രവർത്തന പരിശീലനം നടത്തുകയും ചെയ്തിട്ടുണ്ട്. ഈ വർഷം ജലനിരപ്പ് 137.8 അടിയിൽ എത്തിയപ്പോൾ ജനപ്രതിനിധികളുടെയും വകുപ്പുകളുടെയും യോഗം വിളിച്ച് ചേർക്കുകയും പ്രസ്തുത യോഗത്തിൽ എടുത്ത തീരുമാനങ്ങൾക്ക് വിധേയമായി പ്രദേശത്തെ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തു. തുടർന്ന് പ്രസ്തുത പ്രവർത്തനത്തിന്റെ അവലോകനം 5-12-2015-ലും 7-12-2015-ലും നടത്തുകയുമുണ്ടായി.

(ബി) അപകട സാഹചര്യമുണ്ടായാൽ പ്രദേശത്ത് വെളിച്ചം, സൈറൺ, ടെലികമ്മ്യൂണിക്കേഷൻ തുടങ്ങിയവയ്ക്ക് തകരാറുണ്ടാകാൻ പാടുള്ളതല്ല എന്ന് KSEB-ക്കും BSNL-നും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ANERT-ന്റെ സഹകരണത്തോടെ സോളാർ LED ബൾബുകളും പോലീസ്/റവന്യൂ വകുപ്പുകൾ മുഖാന്തിരം പബ്ലിക് അഡ്രസ്സ് സിസ്റ്റവും ടെലീകമ്മ്യൂണിക്കേഷന് ഹാം റേഡിയോയുടെ പ്രവർത്തനവും ക്രമീകരിച്ചിട്ടുണ്ട്.

(സി) അടഞ്ഞുകിടക്കുന്ന എസ്റ്റേറ്റ് വഴി 24 മണിക്കൂറും തുറന്നു കൊടുക്കണമെന്ന് കാണിച്ച് എസ്റ്റേറ്റ് അധികാരികൾക്ക് പീരുമേട് തഹസിൽദാർ മുഖേന നോട്ടീസും ജാഗ്രതാ നിർദ്ദേശവും നൽകിയിട്ടുണ്ട്. ആയതിലേക്ക് ആവശ്യമായ ഉറപ്പും ലഭിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) മുല്ലപ്പെരിയാർ ക്രൈസിസ് മാനേജ്മെന്റിന്റെ കീഴിൽ അടിയന്തര നടപടികൾ സ്വീകരിക്കുന്നതിനായി 10 ലക്ഷം രൂപ ഇടുക്കി ജില്ലാ കളക്ടർക്ക് അനുവദിച്ചിട്ടുണ്ട്.

**കൈവശകൃഷിക്കാർക്ക് പട്ടയം**

171(3051) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ 1-1-1977-ന് മുമ്പുള്ളതും സംയുക്ത പരിശോധന പൂർത്തിയാക്കിയതുമായ ഏതൊക്കെ പ്രദേശങ്ങളിലെ കൈവശകൃഷിക്കാർക്കാണ് ഇനി പട്ടയം നൽകാനുള്ളത്; ഇവിടങ്ങളിൽ പട്ടയം നൽകുന്നതിന് ഇനിയും എന്തൊക്കെ നടപടികളാണ് പൂർത്തീകരിക്കാനുള്ളത്;

(ബി) റാന്നി നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന പെരുമ്പെട്ടി, അറയാഞ്ഞിലിമൺ, ചൂരക്കുഴി, മടന്തമൺ, തെക്കേതൊട്ടി, ഇടമുറി, തോമ്പിക്കണ്ടം, പമ്പാവാലി തുടങ്ങിയ സ്ഥലങ്ങളിൽ ഓരോ പ്രദേശത്തും എത്ര കുടുംബങ്ങൾക്കാണ് ഇനിയും പട്ടയം നൽകാനുള്ളത്; ഓരോ പ്രദേശത്തും പട്ടയം നൽകുന്നതിനായി ഇതേവരെ എന്തൊക്കെ നടപടികളാണ് പൂർത്തീകരിച്ചിട്ടുള്ളത്; ഇനിയും ഇവിടെ പട്ടയം നൽകാൻ എന്തൊക്കെ നടപടികൾ പൂർത്തീകരിക്കാനുണ്ട്; ഇതിനായി എത്ര സമയം വേണ്ടി വരുമെന്ന് അറിക്കുമോ; ഈ സർക്കാരിന്റെ കാലാവധി പൂർത്തിയാകും മുൻപ് പ്രസ്തുത നടപടികൾ പൂർത്തീകരിച്ച് പട്ടയവിതരണം സാദ്ധ്യമാകുമോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പത്തനംതിട്ട ജില്ലയിൽ റാന്നി ഫോറസ്റ്റ് ഡിവിഷന്റെ കീഴിൽ വരുന്ന ഫോറസ്റ്റ് റേഞ്ചുകളായ റാന്നി, വടശ്ശേരിക്കര ഗൂഡിക്കൽ റേഞ്ചുകളിൽപ്പെട്ട റാന്നി താലൂക്കിലെ വടശ്ശേരിക്കര, പെരുനാട്, അത്തിക്കയം, കൊല്ലമുള്ള എന്നീ വില്ലേജുകളിലെ പ്രദേശങ്ങളിൽ റവന്യൂ-വനം വകുപ്പിന്റെ സംയുക്ത പരിശോധന കഴിഞ്ഞിട്ടുണ്ട്. ഇതിൽ വടശ്ശേരിക്കര വില്ലേജിലെ ഒളികല്ല്, പെരിനാട്

വില്ലേജിലെ അട്ടത്തോട്, കൊല്ലമുള്ള വില്ലേജിലെ അരയാഞ്ഞിലിമണ്ണ്, നാറാണംതോട്, മണക്കയം എന്നീ പ്രദേശങ്ങളും അത്തിക്കയം വില്ലേജിലെ കടമുരുട്ടി, ചണ്ണ തുടങ്ങിയ പ്രദേശങ്ങളും ഉൾപ്പെട്ടുവരുന്നു. മല്ലപ്പള്ളി താലൂക്കിൽ പെരുമ്പെട്ടി വില്ലേജിൽ വലിയകാവ് റിസർവ് വനഭൂമിയുടെ ഭാഗമായിരുന്ന 111.17.75(H) ഭൂമിയിൽ സംയുക്ത പരിശോധന നടത്തിയിട്ടുള്ളതും 1-1-1977-ന് മുമ്പ് വനഭൂമി കയ്യേറിയവർക്ക് പട്ടയം അനുവദിക്കുന്നതിന്റെ ഭാഗമായി കൈവശ രേഖ നൽകിയിട്ടുള്ളതുമാണ്. കോന്നി ഫോറസ്റ്റ് ഡിവിഷന്റെ പരിധിയിൽ കോന്നി താലൂക്കിൽ ഉൾപ്പെട്ട തണ്ണിത്തോട്, ചിറ്റാർ, സീതത്തോട്, കലഞ്ഞൂർ വില്ലേജുകളിലെ കൈവശ കൃഷിക്കാർക്ക് പട്ടയം നൽകാനുണ്ട്. സംയുക്ത പരിശോധന കഴിഞ്ഞ പ്രദേശങ്ങളിലെ കൈവശക്കാർക്ക് പട്ടയം നൽകുന്നതിനുള്ള കേന്ദ്രാനുമതിക്കായി പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളതാണ്. കേന്ദ്ര സർക്കാരിന്റെ തീരുമാനം ഉണ്ടാകുന്ന മുറയ്ക്ക് പട്ടയം നൽകുന്നതാണ്.

(ബി) റാന്നി മണ്ഡലത്തിൽ ഉൾപ്പെട്ടുവരുന്ന പെരുമ്പെട്ടി, മല്ലപ്പള്ളി താലൂക്കിലാണ്. പെരുമ്പെട്ടി വില്ലേജിൽ വലിയകാവ് റിസർവ് വനഭൂമിയിൽ ജണ്ടയ്ക്ക് പുറത്തു വരുന്ന വനഭൂമി അനധികൃതമായി കുടിയേറ്റക്കാർ കൈയ്യേറി വീട് വച്ചു താമസിച്ചു വരുന്നതുമാണ്. 1-1-1977-ന് മുമ്പ് അനധികൃതമായി കയ്യേറി വീട് വച്ചു താമസിച്ചു വരുന്നവർക്ക് പട്ടയം നൽകുന്നതിന്റെ ഭാഗമായി റവന്യൂ-വനം വകുപ്പുകൾ സംയുക്തമായി പരിശോധന നടത്തുകയും കയ്യേറിയ 414 പേരിൽ 401 പേർക്ക് കൈവശരേഖ അനുവദിച്ചിട്ടുള്ളതുമാണ്. റാന്നി താലൂക്കിലെ പഴവങ്ങാടി വില്ലേജിലെ ചൂരക്കുഴി പ്രദേശത്തെ ആകെയുള്ള 224 കൈവശങ്ങളിൽ 2015 സെപ്തംബറിൽ നടന്ന പട്ടയമേളയിൽ 174 പട്ടയം വിതരണം ചെയ്തു. ബാക്കി നൽകാനുള്ള പട്ടയം ഉടൻ നൽകുന്നതാണ്. കൊല്ലമുള്ള വില്ലേജിലെ പമ്പാവാലി പ്രദേശത്തെ പട്ടയം ലഭിക്കുവാനുണ്ടായിരുന്ന 290 കൈവശങ്ങളിൽ 207 കൈവശക്കാർക്ക് 2015 സെപ്തംബറിൽ നടത്തിയ പട്ടയമേളയിൽ പട്ടയം വിതരണം ചെയ്തു. ബാക്കി വിതരണം ചെയ്യാനുള്ള നടപടികൾ പൂർത്തിയായി വരുന്നു. അത്തിക്കയം വില്ലേജിലെ മടന്തമൺ 46 ഏക്കറിലെ നിവാസികൾക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. അരയാഞ്ഞിലിമണ്ണ്, തെക്കേതൊടി, ഇടമുറി, തോമ്പിക്കണ്ടം എന്നീ പ്രദേശത്ത് പട്ടയം ലഭിക്കാനുള്ള കൈവശങ്ങൾ തിട്ടപ്പെടുത്തിയിട്ടില്ല. ടി സ്ഥലങ്ങൾ സർവ്വേ ചെയ്ത് തിട്ടപ്പെടുത്തി റെക്കാർഡുകൾ തയ്യാറാക്കി തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**1961-ലെ വനനിയമം**

172(3052) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ജില്ലകളിൽ വനവുമായി അതിർത്തി പങ്കിടുന്ന പ്രദേശങ്ങളിൽ 1961-ലെ വനനിയമപ്രകാരം ഏതൊക്കെ പ്രദേശങ്ങൾ വനമായി വിജ്ഞാപനം ചെയ്തിട്ടുണ്ട്; പ്രസ്തുത വിജ്ഞാപനത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്തെ ഏതെങ്കിലും ജില്ലയിൽ പട്ടയവുമായി ബന്ധപ്പെട്ട് ജോയിന്റ് വെരിഫിക്കേഷൻ നടത്തുകയും പ്രസ്തുത സ്ഥലം സബ്ഡിവിഷൻ ചെയ്യുകയും അങ്ങിനെയുള്ള ഒരേ പ്രദേശത്ത് പട്ടയം ലഭിച്ചിട്ടുള്ളതും ലഭിച്ചിട്ടില്ലാത്തുമായ പ്രദേശങ്ങൾ അടുത്തടുത്ത സബ് ഡിവിഷൻ നമ്പരായി നിലനിൽക്കുന്നുണ്ടോ; എങ്കിൽ ആ സ്ഥലങ്ങൾ ഏതൊക്കെ; അവ ജില്ല, താലൂക്ക്, വില്ലേജ് ക്രമത്തിൽ വ്യക്തമാക്കുമോ?

ഉത്തരം

(എ) എറണാകുളം ജില്ലയിലെ കോതമംഗലം, മൂവാറ്റുപുഴ, കുന്നത്തുനാട്, ആലുവ താലൂക്കുകളിലെ വിവിധ പ്രദേശങ്ങൾ വനഭൂമിയായി വിജ്ഞാപനം ചെയ്തിട്ടുണ്ട്. പാലക്കാട് ജില്ലയിൽ പാലക്കാട് ഫോറസ്റ്റ് ഡിവിഷനു കീഴിൽ ചേനാത്ത് നായർ, ധോണി, വാളയാർ എന്നീ റിസർവ് വനപ്രദേശങ്ങൾ 1961-ലെ വനനിയമം നടപ്പിലാക്കുന്നതിന് മുമ്പ് നോട്ടിഫൈ ചെയ്തതാണെങ്കിലും 1961-ലെ വന നിയമം ബാധകമായിട്ടുള്ളതാണ്. മലപ്പുറം ജില്ലയിൽ നിലമ്പൂർ ഡിവിഷന്റെ പരിധിയിൽ വരുന്ന ചുവടെ സൂചിപ്പിക്കുന്ന സ്ഥലങ്ങൾ 1961-ലെ വന നിയമപ്രകാരം റിസർവ് ചെയ്തിട്ടുണ്ട്.

| | |
|---|---|
| പൊക്കോട് | 291.44 (ഹെ.) |
| വെള്ളച്ചിപ്പാലി, എടക്കോട്, വുല്ലൂർ, ഏലഞ്ചേരി, മുതലമണ്ണ | 1894.88 |
| അരിമ്പ്രക്കുത്ത് | 130.21 |
| ചാലിയപ്പുറം | 3.60 |
| പനയങ്കോട് | 343.88 |
| വള്ളുവശ്ശേരി | 371.36 |
| ഏറമ്പാടം | 226.41 |
| അരുവാക്കോട് | 99.63 |
| ആരവല്ലീക്കാവ് | |

| | |
|---|---|
| കാനക്കത്ത് | 253.18 |
| ചാത്തംപുറായ് | 294.34 |
| കരിയംമുരിയം | 1121.45 |
| നെല്ലിക്കത്ത് | 808.98 |

(ബി) വിവരം ശേഖരിച്ചുവരുന്നു.

## അമ്പലപ്പുഴ കടൽക്ഷോഭത്തിൽപ്പെട്ടവരുടെ പുനരധിവാസം

173(3054) <u>ശ്രീ. ജി. സുധാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിൽ കടൽക്ഷോഭത്തിൽപ്പെട്ട് വീടും സ്ഥലവും നഷ്ടപ്പെട്ട കരിനില വികസന ഏജൻസി, പുറക്കാട്, പുറക്കാട് പഴയ പഞ്ചായത്ത് ഓഫീസ്, വണ്ടാനം ശിശുവിഹാർ എന്നിവിടങ്ങളിൽ എത്ര കുടുംബങ്ങൾ താമസിക്കുന്നുണ്ട്;

(ബി) അമ്പലപ്പുഴ മണ്ഡലത്തിൽ കടൽ ക്ഷോഭത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട എത്ര കുടുംബങ്ങൾ റെയിൽവേ പുറമ്പോക്കിൽ ടെന്റ് കെട്ടിയും വാടക വീടുകളിലും ബന്ധുവീടുകളിലും കഴിയുന്നു;

(സി) ഇവരെ പുനരധിവസിപ്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(ഡി) ക്യാമ്പുകളിലും ടെന്റുകളിലും വാടക വീടുകളിലും ബന്ധുവീടുകളിലും കഴിയുന്ന ഇവർക്ക് സൗജന്യ റേഷൻ നൽകാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കരിനില വികസന ഏജൻസിയിൽ 11 കുടുംബങ്ങളും പുറക്കാട് പഴയ പഞ്ചായത്ത് ഓഫീസിൽ 8 കുടുംബങ്ങളും വണ്ടാനം ശിശുവിഹാറിൽ 9 കുടുംബങ്ങളും താമസിക്കുന്നുണ്ട്.

(ബി) 78 കുടുംബങ്ങൾ.

(സി&ഡി) ജില്ലാ കളക്ടറിൽനിന്നും വിശദമായ റിപ്പോർട്ട് വാങ്ങി പരിശോധിക്കുന്നതാണ്.

**പ്രകൃതിക്ഷോഭത്തിൽ തകരുന്ന വീടുകൾക്ക് നഷ്ടപരിഹാരം**

174(3055) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലവർഷക്കെടുതിയിലും പ്രകൃതിക്ഷോഭത്തിലും പൂർണ്ണമായോ ഭാഗികമായോ തകരുന്ന വീടുകൾക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത നഷ്ട പരിഹാര തുക വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത ഇനത്തിൽ എത്ര രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) തിരുവനന്തപുരം ജില്ലയിലെ വിവിധ താലൂക്കുകളിലായി എത്ര രൂപ എത്ര പേർക്ക് ഓരോ വർഷവും ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) പൂർണ്ണ ഭവനനാശം, ഗുരുതര ഭവനനാശം : (20-5-2015-ലെ G.O. (MS)194/2015/DMD സർക്കാർ ഉത്തരവ് പ്രകാരം)

പ്ലെയിൻ ഏരിയകളിൽ 95,100 രൂപ, ഹില്ലി ഏരിയകളിൽ 1,01,900 രൂപ എന്നിങ്ങനെ ആശ്വാസ ധനസഹായം നൽകുന്നു. പൂർണ്ണ ഭവനനാശം സംഭവിച്ച വീടുകൾക്കുള്ള ആശ്വാസ ധനസഹായം 2 ലക്ഷം രൂപവരെ അനുവദിക്കും. ആയത് നാശനഷ്ടങ്ങളുടെ തോതനുസരിച്ചാണ് കണക്കാക്കുന്നത്.

ഭാഗിക ഭവനനാശം :

നാശനഷ്ടം ചുരുങ്ങിയത് 15% എങ്കിലും ഉള്ള പക്ക വീട് - 5,200 രൂപ

നാശനഷ്ടം ചുരുങ്ങിയത് 15% എങ്കിലും ഉള്ള കച്ച വീട് - 3,200 രൂപ

Damaged/Destroyed Huts-കൾ 4,100 രൂപ എന്നിങ്ങനെ ആശ്വാസ ധനസഹായം നൽകുന്നു. ഭാഗികമായി കേടുപാടുകൾ സംഭവിച്ച വീടുകൾക്കുള്ള ധനസഹായം പരമാവധി അൻപതിനായിരം രൂപയാണ്.

(ബി) 1-4-2015 മുതൽ പ്രാബല്യത്തോടെ വർദ്ധിപ്പിച്ചിട്ടുള്ള തുകയാണ് നിലവിൽ അനുവദിക്കുന്നത്. കേന്ദ്ര സർക്കാർ കാലാകാലങ്ങളിൽ പുതുക്കി നിശ്ചയിക്കുന്ന തുകയാണ് അനുവദിച്ചുവരുന്നത്.

(സി) 135,52,55,869 (നൂറ്റി മുപ്പത്തിയഞ്ചു കോടി അമ്പത്തിരണ്ടു ലക്ഷത്തി അമ്പത്തയ്യായിരത്തി എണ്ണൂറ്റി അറുപത്തിയൊമ്പത്) രൂപ മാത്രം.

(ഡി) വിശദവിവരം അനുബന്ധം I ആയി ചേർക്കുന്നു.*

## പുരാതന റവന്യൂ രേഖകൾ

175(3056) ശ്രീ. വർക്കല കഹാർ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരാതന റവന്യൂ രേഖകൾ കേട്ടുകൂടാതെ സൂക്ഷിക്കുന്നതിനായി കർമ്മപദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

## ഉത്തരം

(എ) ഉണ്ട്.

(ബി) ഇ-രേഖ പദ്ധതി പ്രകാരം സംരക്ഷിക്കപ്പെട്ട റിക്കോർഡുകൾ വേഗതയിലും സുതാര്യമായും പൊതുജനത്തിന് ലഭ്യമാക്കുവാനായി ഇന്റർനെറ്റ്, ടച്ച് സ്ക്രീൻ കിയോസ്ക് എന്നിവയുടെ സഹായത്താൽ "Online payment gateway" വഴി പണമടച്ച് കൈപ്പറ്റുവാനും അതിലൂടെ സർവ്വേ വകുപ്പിന്റെ സേനവങ്ങളെ കൂടുതൽ ആധുനികവത്കരിച്ച് ജനകീയവും, സുതാര്യവും ആക്കുന്നതിനും കേരളാ ലാന്റ് ഇൻഫർമേഷൻ മിഷന്റെ ഭൂമി കേരളം പദ്ധതിയുടെ പൂർത്തീകരണത്തിലൂടെ ലക്ഷ്യമിടുന്നു.

(സി) കേരളാ ലാന്റ് ഇൻഫർമേഷൻ മിഷന്റെ 9-ാമത് എംപവേർഡ് കമ്മിറ്റിയിൽ സർവ്വേ വകുപ്പിലെ പുരാതന റിക്കാർഡുകൾ ഭൗതികമായി സംരക്ഷിക്കുന്നതിനും ഡിജിറ്റൈസ് ചെയ്യുന്നതിനും, അവ ഓൺലൈൻ ആയി പൊതുജനങ്ങൾക്ക് നൽകുന്നതിനുമായി ഇ-രേഖ എന്ന പദ്ധതിക്ക് അംഗീകാരം നൽകുകയുണ്ടായി. കേന്ദ്രാവിഷ്കൃത പദ്ധതിയായ എൻ.എൽ.ആർ.എം.പി.-യിൽ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉൾപ്പെടുത്തി ടി പദ്ധതി നടപ്പാക്കാനായി 5 കോടി രൂപ അനുവദിക്കുകയും ജില്ലകളിൽ 1 വീതം ഡിജിറ്റൈസേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിനായി 3.50 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 12 ജില്ലകളിൽ ഡിജിറ്റൈസേഷൻ സെന്ററുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഡിജിറ്റൈസ് ചെയ്തതായ സർവ്വേ റെക്കോർഡുകളെല്ലാം പൊതുജനങ്ങൾക്ക് ലഭ്യമാക്കുവാൻ വേണ്ടി GIS അധിഷ്ഠിതമായ സോഫ്റ്റ്‌വെയർ സംവിധാനം ഒരുക്കുന്നതിനും ഡാറ്റ ഡിജിറ്റലായി സൂക്ഷിക്കുന്നതിനായി ബാക്ക് അപ്പ് സെർവർ സംവിധാനവും നൽകുന്നതിനും 9-ാം എംപവേർഡ് കമ്മിറ്റി അനുമതി നൽകിയിട്ടുണ്ട്. ആയതിന് സർക്കാർ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഇ-ടെണ്ടർ മുഖാന്തിരം സർവർ വാങ്ങുന്ന പദ്ധതി അന്തിമ ഘട്ടത്തിലാണ്. കൂടാതെ ജില്ലാതലങ്ങളിലുള്ള റെക്കോർഡുകൾ സംരക്ഷിക്കുന്നതിനായുള്ള മോഡേൺ സർവ്വേ റെക്കോർഡ് റൂമുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**കൊട്ടാരക്കര താലൂക്ക് ആഫീസിലെ സർവ്വയർ തസ്തിക**

176(3058) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര താലൂക്ക് ആഫീസിൽ നിലവിൽ എത്ര സർവ്വയർ തസ്തികകളുണ്ട്;

(ബി) സർവ്വയർമാരുടെ എണ്ണത്തിലെ കുറവുമൂലം സർവ്വേ ജോലികൾ കാര്യക്ഷമമായി നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കൊട്ടാരക്കര താലൂക്ക് ആഫീസിലേക്ക് കൂടുതൽ സർവ്വയർമാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2 തസ്തികകൾ.

(ബി&സി) ഉണ്ട്. താലൂക്കിലുള്ള 2 തസ്തിക കൂടാതെ അധികമായി 4 ജീവനക്കാരെ റീ-സർവ്വേ ഓഫീസുകളിൽനിന്ന് ജോലിക്രമീകരണ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. നിലവിൽ താലൂക്കിൽ സർവ്വയർ തസ്തിക ഒഴിവില്ല.

**ലീഗൽ മെട്രോളജി റൂൾസ്**

177(3060) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. പി. എ. മാധവൻ :

ശ്രീ. എം. എ. വാഹീദ് :

ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലീഗൽ മെട്രോളജി റൂൾസ് നടപ്പാക്കാൻ കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ-സി) ലീഗൽ മെട്രോളജി വകുപ്പിനെ സംബന്ധിച്ച് ലീഗൽ മെട്രോളജി എൻഫോഴ്സ്മെന്റ് റൂൾസ്, ലീഗൽ മെട്രോളജി സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് എന്നിവയാണ് ഉള്ളത്. ഇതിൽ ലീഗൽ മെട്രോളജി എൻഫോഴ്സ്മെന്റ് റൂൾസ് G.O.(MS)5/2012/CAD dated 20-7-2012 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ലീഗൽ മെട്രോളജി വകുപ്പിലെ ഉദ്യോഗസ്ഥരുടെ ഔദ്യോഗിക കർത്തവ്യ നിർവ്വഹണം പ്രസ്തുത റൂളിനെ ആധാരമാക്കിയാണ് നടത്തുന്നത്. വ്യാപാരികളും മറ്റും കൊണ്ടുവരുന്ന അളവു തൂക്ക ഉപകരണങ്ങൾ കൃത്യതയുള്ളതാണോയെന്ന് ഉറപ്പുവരുത്തി, ആയത് മുദ്ര പതിപ്പിച്ച് നൽകുകയാണ് ലീഗൽ മെട്രോളജി വകുപ്പിലെ ഉദ്യോഗസ്ഥർ ചെയ്തു വരുന്നത്. വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ യോഗ്യത, പരിശീലനം എന്നിവ ഉള്ള പ്രാപ്തരായ ഉദ്യോഗസ്ഥരുടെ സേവനം ഉപയോഗപ്പെടുത്തുക എന്നതാണ് ലക്ഷ്യമാക്കുന്നത്. കൂടാതെ, സമയബന്ധിതമായി, അളവുകളും തൂക്കങ്ങളും, സംബന്ധിച്ച് ലഭിക്കുന്ന പരാതി പരിഹരിച്ച് പരമാവധി ഉപഭോക്തൃ സംരക്ഷണം ഉറപ്പുവരുത്തുക എന്നതുകൂടി ഉദ്ദേശിക്കുന്നു. ലീഗൽ മെട്രോളജി വകുപ്പിലെ ഉദ്യോഗസ്ഥരുടെ നിയമനം, യോഗ്യത തുടങ്ങിയ വിഷയങ്ങളാണ് ലീഗൽ മെട്രോളജി സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിൽ പ്രതിപാദിക്കുന്നത്. പ്രസ്തുത റൂൾസ് G.O.(P)No. 1/2013/CAD dated 29-1-2013, G.O.(P)No. 2/2013/CAD dated 29-1-2013 എന്നിവ പ്രകാരം പുറപ്പെടുവിച്ചെങ്കിലും കേന്ദ്ര ചട്ടമായ ലീഗൽ മെട്രോളജി ജനറൽ റൂൾസ് 2011-ൽ നിന്നും വിഭിന്നമായി യോഗ്യതകൾ നിശ്ചയിച്ചതിനാൽ ബന്ധപ്പെട്ട റൂൾസ് പരിശോധിച്ച നിയമസഭാ

സമിതി പ്രസ്തുത റൂൾ റദ്ദ് ചെയ്ത് കേന്ദ്ര ചട്ടങ്ങൾക്ക് അനുസൃതമായി പുതിയ റൂൾസ് പുറപ്പെടുവിക്കുവാൻ നിർദ്ദേശിക്കുകയും സർക്കാർ ആയത് തത്വത്തിൽ അംഗീകരിക്കുകയും ചെയ്തിരുന്നു. ഇതിന്റെ തുടർച്ചയായി കേന്ദ്ര ചട്ടങ്ങൾക്കനുസൃതമായി സർക്കാർ പുതിയ കരട് ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചു വരികയാണ്.

**കയർ മേഖലയെ ശാക്തീകരിക്കുന്നതിന് സഹായം**

178(3061) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കയർ മേഖല ശാക്തീകരിക്കുന്നതിന് കേന്ദ്ര സർക്കാരിൽനിന്നും ലഭ്യമാകുന്ന സഹായങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

കയർ വികസന വകുപ്പ് നടപ്പിലാക്കി വരുന്ന "കയറും കയറുൽപ്പന്നങ്ങളുടെയും വിൽപ്പനയ്ക്കുള്ള വിപണി വികസന സഹായം" (Market Development Assistance-MDA) എന്ന പദ്ധതിക്ക് കേന്ദ്രത്തിൽനിന്നും വിഹിതം ലഭിച്ചു വരുന്നു. വിപണന വികസന ധനസഹായമായി കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും 50:50 എന്ന അനുപാതത്തിലാണ് വഹിക്കുന്നത്. കയറും കയറുൽപ്പന്നങ്ങൾ പ്രോത്സാഹിപ്പിക്കൽ, വിപണിവികസന പരിപാടി മുതലായവയ്ക്ക് നിബന്ധനകൾക്ക് വിധേയമായി കേന്ദ്ര വിഹിതവും ചേർത്ത് പദ്ധതി വിഹിതം ഉപയോഗിക്കുന്നു.

**കയർ മേഖലയ്ക്ക് ഊർജ്ജം നൽകുന്ന കർമ്മപദ്ധതികൾ**

179(3062) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ മേഖലയ്ക്ക് ഊർജ്ജം നൽകുന്നതിന് കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ

സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) നിലവിലുള്ള പദ്ധതികൾ തുടർന്നു വരുന്നതോടൊപ്പം കയർ മേഖലക്ക് ഊർജ്ജം നൽകുന്നതിനും സമഗ്ര വികസനവും മുന്നിൽ കണ്ടുകൊണ്ട് തൊണ്ട് സംഭരണത്തിനും ചകിരി ഉല്പാദനത്തിനും വേണ്ടി പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് 2010-ലും 2012-ലും തൊണ്ട് സംഭരണ പദ്ധതി നടപ്പിലാക്കിയെങ്കിലും പ്രതീക്ഷിച്ച നേട്ടം ഈ മേഖലയിൽ കൈവരിക്കാൻ ഇപ്പോഴും കഴിഞ്ഞിട്ടില്ല. ഈ പോരായ്മ പരിഹരിക്കുന്നതിനും കയർ മേഖലയ്ക്ക് ആവശ്യമായ ചകിരിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനുമായി തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് നിലവിലുണ്ടായിരുന്ന പദ്ധതിയിൽ സമഗ്രമായ മാറ്റങ്ങൾ വരുത്തിക്കൊണ്ട് തൊണ്ട് സംഭരണവും ചകിരി ഉല്പാദനവും എന്ന ഒരു പുതിയ പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതി നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ സ്വീകരിച്ചുവരുന്നു.

(ബി) കേരളത്തിൽ ലഭ്യമാകുന്ന തൊണ്ട് സംഭരിച്ച് ചകിരി ഉല്പാദിപ്പിച്ച് കയർ മേഖലയ്ക്ക് ആവശ്യമായ ചകിരിയുടെ ലഭ്യത ഉറപ്പാക്കി കയർ മേഖലയിലെ ചകിരി ക്ഷാമത്തിന് ശാശ്വതമായ പരിഹാരം കാണുന്നതിനും അതുവഴി കയർ മേഖലയിലെ തൊഴിലാളികൾക്ക് തൊഴിൽ സ്ഥിരതയും മികച്ച വരുമാനവും ഉറപ്പാക്കി കയർ വ്യവസായം പരിപോഷിപ്പിക്കുന്നതിനുമാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്.

(സി) 5-2-2015-ലാണ് തൊണ്ട് സംഭരണ പദ്ധതി പരിഷ്കരിച്ച് തൊണ്ട് സംഭരണവും ചകിരി ഉല്പാദനവും പദ്ധതി നടപ്പാക്കുന്നതിന് അനുമതി നൽകിയത്. കയർ വകുപ്പിലെ ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചുകൊണ്ടും സംസ്ഥാനത്തെ കയർ മേഖലയിലെ സഹകരണ സംഘങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് പ്രോജക്ട് തിരിച്ചും സെമിനാറുകൾ നടത്തി പ്രസ്തുത പദ്ധതിയെക്കുറിച്ച് വിശദീകരിച്ചിരുന്നു. കയർ വികസന ഡയറക്ടറുടെ നിയന്ത്രണത്തിൽ കയർ വികസന ഡയറക്ടറേറ്റിൽ പ്രവർത്തിക്കുന്ന സെൽ ആണ് പദ്ധതിയുടെ പ്രവർത്തനം സംസ്ഥാന തലത്തിൽ ഏകോപിപ്പിക്കുന്നത്. പദ്ധതി പ്രകാരം രൂപീകരിക്കേണ്ട ചകിരി, കയർ എന്നിവയുടെ വിലനിർണ്ണയ സമിതി രൂപീകരിച്ചുകൊണ്ട് 12-10-2015-ൽ സർക്കാർ ഉത്തരവായിട്ടുണ്ട്. കമ്മിറ്റിയുടെ ആദ്യയോഗം 27-11-2015-ന് ആലപ്പുഴയിൽ വച്ച് കൂടുകയും പച്ചത്തൊണ്ടിൽനിന്നും ഉല്പാദിപ്പിക്കുന്ന ചകിരി ഒരു കിലോയ്ക്ക് 17 രൂപയായും ഉണക്കത്തൊണ്ടിൽനിന്നും ഉല്പാദിപ്പിക്കുന്ന ചകിരി ഒരു കിലോയ്ക്ക് 14 രൂപയായും നിശ്ചയിച്ചിട്ടുണ്ട്. പദ്ധതിയിലെ മാനദണ്ഡങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള

റിവോൾവിംഗ് ഫണ്ട് നൽകുന്നതിനും ഉൾപ്പെടെയുള്ള മറ്റ് ആനുകൂല്യങ്ങൾ നൽകുന്നതിനുമായി 1,65,00,000 രൂപ 10 പ്രോജക്ട് ഓഫീസുകൾക്ക് അനുവദിച്ചിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിനുള്ള തുടർ നടപടികളും സ്വീകരിച്ചുവരുന്നു.

**കയർ ഉൽപ്പാദന മേഖലയിലെ പ്രതിസന്ധി**

180(3063) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ ഉൽപ്പാദന മേഖലയിലെ പ്രതിസന്ധി വിലയിരുത്തിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് ആകെ എത്ര കയർ തൊഴിലാളികൾ ഉണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കുമോ;

(സി) സംസ്ഥാനത്ത് ആകെ എത്ര കയർ സംഘങ്ങൾ ഉണ്ടെന്ന് ജില്ല തിരിച്ച് പറയാമോ;

(ഡി) കയർ തൊഴിലാളികൾക്ക് മിനിമം കൂലി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ എത്രയെന്നും തൊഴിലാളികൾക്കു നൽകുന്ന മറ്റ് ആനുകൂല്യങ്ങൾ എന്തൊക്കെയെന്നും വിശദമാക്കാമോ;

(ഇ) കയർ തൊഴിലാളികൾക്ക് പെൻഷൻ അനുവദിക്കുന്നുണ്ടോ; എങ്കിൽ എത്ര; ആയത് വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കയർ മേഖലയിലെ പ്രതിസന്ധി വിലയിരുത്തി അപ്പപ്പോൾ അവ പരിഹരിക്കുന്നതിനുള്ള വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു. ചകിരിയുടെ ദൗർലഭ്യം കയർ മേഖല നേരിടുന്ന ഒരു പ്രധാന പ്രശ്നമാണ്. ഇത് പരിഹരിക്കുന്നതിനും കയർ മേഖലയ്ക്ക് ആവശ്യമായ ചകിരിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനുമായി തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് നിലവിലുണ്ടായിരുന്ന പദ്ധതിയിൽ സമഗ്രമായ മാറ്റങ്ങൾ വരുത്തിക്കൊണ്ടുള്ള ഒരു പുതിയ പദ്ധതി - 'തൊണ്ട് സംഭരണവും ചകിരി ഉല്പാദനവും' നടപ്പാക്കുന്നതിന് സർക്കാർ അംഗീകാരം നൽകിക്കഴിഞ്ഞു. പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ സ്വീകരിച്ചുവരുന്നു. കയർഫെഡ് നവംബർ 2013 മുതൽ 2014 മേയ് 23 വരെ 12,04,81,802 രൂപ വിലവരുന്ന 43710.82 ക്വിന്റലും 6-8-2014 മുതൽ 5-9-2014 വരെ 4,35,56,658 രൂപ വില വരുന്ന 16040.45 ക്വിന്റലും ചകിരി സബ്സിഡി നിരക്കിൽ നൽകി. ഇതുമൂലം

ചകിരി ദൗർലഭ്യം ഒരു പരിധിവരെ പരിഹരിക്കാൻ കഴിഞ്ഞു. നാളികേര വികസന ബോർഡുമായിട്ടുള്ള പ്രോജക്ടിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. അർഹമായ എല്ലാ സംഘങ്ങൾക്കും പുനരുദ്ധാരണ പദ്ധതി പ്രകാരം 2011-2012, 2012-13, 2013-14, 2014-15 എന്നീ വർഷങ്ങളിൽ യഥാക്രമം 9,54,73,406, 8,96,92,648, 1,45,25,260, 15,84,250 രൂപ പ്രവർത്തന മൂലധനമായി അനുവദിച്ചു. കയർപിരി സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിന് 2011-12-ൽ 1,27,50,175 രൂപയും 2012-13-ൽ 2,07,59,149 രൂപയും 2013-14-ൽ 11,20,75,971 രൂപയും 2014-15-ൽ 10,44,66,655 രൂപയും അനുവദിച്ചു. നടപ്പുവർഷം ഈ ഇനത്തിൽ സംഘങ്ങൾക്ക് 3,83,85,775 രൂപ അനുവദിക്കുന്നതിനുള്ള ഭരണാനുമതി നൽകുകയും 61,37,463 രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കയർപിരി, ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർതന്നെ നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കി വരുന്നു. കയർപിരി, കയറുല്പന്ന മേഖലകളിലെ കുറഞ്ഞ കൂലി യഥാക്രമം 300 രൂപയായും 500 രൂപയായും വർദ്ധിപ്പിച്ചു. കയർ സംഭരണത്തിനായി 2012-13, 2013-14 വർഷങ്ങളിൽ കയർഫെഡിന് പ്രവർത്തന മൂലധനമായി 5.00 കോടി രൂപ വീതം അനുവദിച്ചു. കയർ ക്രയവില സ്ഥിരതാ പദ്ധതി നടപ്പിലാക്കാൻ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷന് 2012-13 വർഷം 18,39,60,000 രൂപയും 2013-14 വർഷം 4,62,37,000 രൂപയും 2014-15 വർഷം 8,98,13,000 രൂപയും 2015-16-ൽ 8,00,00,000 രൂപയും അനുവദിച്ചു. കയർ മേഖലയിൽ എല്ലാവിധ ആധുനിക രീതിയിലുള്ള മെഷീനറികൾ നിർമ്മിക്കാനുള്ള കയർ മെഷിനറി ഫാക്ടറി ആലപ്പുഴയിൽ പ്രവർത്തനം ആരംഭിച്ചു.

(ബി) സഹകരണ മേഖലയിൽ, ഏകദേശം 90,000 ത്തോളം പേർക്ക് തൊഴിൽ ലഭിക്കുന്നുണ്ട്. സഹകരണ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളെക്കാൾ കൂടുതൽ പേർ സ്വകാര്യമേഖലകളിൽ പണിയെടുക്കുന്നുണ്ട്. ഇവരുടെ കൃത്യമായ കണക്ക് ലഭ്യമല്ല.

(സി) സംസ്ഥാനത്ത് ആകെ 1,013 കയർ സംഘങ്ങൾ ഉണ്ട്. സംസ്ഥാനത്ത് കയർ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നത് ജില്ലാ അടിസ്ഥാനത്തിൽ അല്ല. സംസ്ഥാനത്തെ 10 കയർ പ്രോജക്ട് ഓഫീസുകളുടെ കീഴിലാണ് പ്രസ്തുത 1013 സംഘങ്ങൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത്. 10 പ്രോജക്ട് ഓഫീസുകളും അവയുടെ കീഴിലുള്ള സംഘങ്ങളുടെ എണ്ണവും (ബ്രായ്ക്കറ്റിൽ) ഇവയാണ് - 1. ചിറയിൻകീഴ് (89), 2. കൊല്ലം (157), 3. കായംകുളം (136), 4. ആലപ്പുഴ (240), 5. വൈക്കം

(60), 6. നോർത്ത് പറവൂർ (52), 7. തൃശ്ശൂർ (35), 8. പൊന്നാനി (64), 9. കോഴിക്കോട് (103), 10. കണ്ണൂർ (77).

(ഡി) കയർപിരി മേഖലയിൽ 300 രൂപയും, കയറുല്പന്ന മേഖലയിൽ 360 രൂപയും മിനിമം കൂലിയായി നിശ്ചയിച്ചിട്ടുണ്ട്. കയർ തൊഴിലാളിക്ഷേമനിധി ബോർഡിൽ അംഗമായ കയർ തൊഴിലാളികൾക്ക് ചുവടെ പറയുന്ന ആവശ്യങ്ങൾക്ക് ധനസഹായങ്ങൾ നൽകി വരുന്നു:

1. വിദ്യാഭ്യാസം
2. വിവാഹം
3. പ്രസവ ധനസഹായം
4. സ്ഥിരാസ്വാധീനം
5. താൽക്കാലികാസ്വാധീനം
6. ചികിത്സാ ധനസഹായം
7. അപകട മരണം
8. ശവസംസ്കാരം
9. പെൻഷൻ
10. കുടുംബ പെൻഷൻ

(ഇ) കയർ തൊഴിലാളികൾക്ക് പ്രതിമാസം 600 രൂപാ നിരക്കിൽ പെൻഷൻ അനുവദിച്ചുവരുന്നു. പെൻഷൻ തുക വർദ്ധിപ്പിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

**കയർ തൊഴിലാളികളുടെ പുനരധിവാസം**

181(3064) <u>ശ്രീ. വി. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ കാരണങ്ങളാൽ തൊഴിൽ നഷ്ടപ്പെട്ട കയർ തൊഴിലാളികളെ പുനരധിവസിപ്പിക്കാൻ ഏതെങ്കിലും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പദ്ധതിക്കായും നീക്കിവച്ച തുകയെത്രയെന്നും പ്രസ്തുത ഇനത്തിലെ ചെലവെത്രയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) കയർ തൊഴിലാളികളുടെ ഉന്നമനത്തിനും കയർ വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനും ഈ മേഖലയുടെ സമഗ്ര വികസനത്തിനുമായി നിലവിലുള്ള താഴെ പറയുന്ന പദ്ധതികളെല്ലാം കാര്യക്ഷമമായി നടപ്പിലാക്കി വരുന്നു:

1. കയർ സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതി പ്രകാരം സ്ഥിര/പ്രവർത്തന മൂലധനം നൽകുന്നു.
2. കയർ സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനം ഉൾപ്പെടെയുള്ള ധനസഹായം നൽകി വരുന്നു.
3. കയറും കയറുല്പന്നങ്ങളുടെയും വില്പനക്കുള്ള വിപണി വികസന സഹായം (50% സംസ്ഥാന വിഹിതം) (MDA) നൽകി വരുന്നു.
4. കയർ മേഖലയിലെ സംരംഭകർക്ക് മാർജിൻ മണി വായ്പ നൽകുന്നു.
5. പ്രത്യേക നിക്ഷേപ സഹായ പദ്ധതിയിലൂടെ (Special Investment Subsidy) സബ്സിഡി നൽകി വരുന്നു.
6. കയർ വ്യവസായത്തിൽ നിയന്ത്രിത യന്ത്രവൽക്കരണം നടപ്പിലാക്കുന്നു.
7. ഉല്പാദനവും വിപണന പ്രചോദനവും (PM) പദ്ധതിയിലൂടെ ആനുകൂല്യം നൽകി വരുന്നു.
8. വില വ്യതിയാനം പരിഹരിക്കുന്നതിനുള്ള ഫണ്ട് നൽകി വരുന്നു.
9. കയർ മേഖലയിൽ ക്ലസ്റ്റർ വികസന പരിപാടി നടപ്പിലാക്കി വരുന്നു.
10. കയർ സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം നൽകുന്നു.
11. കയർ ജിയോ ടെക്സ്റ്റയിൽസ് വികസന പരിപാടി നടപ്പിലാക്കുന്നു.

മേൽപ്പറഞ്ഞ പദ്ധതികൾക്കു പുറമേ സംസ്ഥാനത്തെ കയർ മേഖല പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി കയർ മേഖലയ്ക്ക് ആവശ്യമായ ചകിരിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് നിലവിലുണ്ടായിരുന്ന

പദ്ധതിയിൽ സമഗ്രമായ മാറ്റങ്ങൾ വരുത്തിക്കൊണ്ട് 'തൊണ്ട് സംഭരണവും ചകിരി ഉല്പാദനവും ' എന്ന ഒരു പുതിയ പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. കേരളത്തിൽ ലഭ്യമാകുന്ന തൊണ്ട് സംഭരിച്ച്, ചകിരി ഉൽപ്പാദിപ്പിച്ച് കയർ മേഖലയ്ക്ക് ആവശ്യമായ ചകിരിയുടെ ലഭ്യത ഉറപ്പാക്കി കയർ മേഖലയിലെ ചകിരി ക്ഷാമത്തിന് ശാശ്വതമായ പരിഹാരം കാണുന്നതിനും അതുവഴി കയർ മേഖലയിലെ തൊഴിലും വരുമാനവും വർദ്ധിപ്പിച്ച് തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുന്നതിനുമായാണ് പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്.

(ബി) കയർ മേഖലയിൽ നടപ്പുവർഷം ഓരോ പദ്ധതിക്കായും നീക്കിവച്ച തുകയേയും ഓരോ ഇനത്തിലും 2015 ഡിസംബർ 4 വരെയുള്ള ചെലവിനേയും സംബന്ധിച്ച കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.*

**എ.പി.എൽ./ബി.പി.എൽ. മാനദണ്ഡങ്ങൾ-പുതിയ റേഷൻ കാർഡ്**

182(3065) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ റേഷൻ കാർഡുടമകളിൽ എ.പി.എൽ./ബി.പി.എൽ. വിഭാഗങ്ങളെ തെരഞ്ഞെടുത്തതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ വിശദീകരിക്കാമോ;

(ബി) ബി.പി.എൽ. വിഭാഗങ്ങൾക്ക് ഏതെല്ലാം തരത്തിലുള്ള ആനുകൂല്യങ്ങളാണ് റേഷൻ കടകൾവഴി ലഭ്യമാക്കുന്നത്;

(സി) നിലവിൽ ഏതെല്ലാം സാഹചര്യങ്ങളിലാണ് എ.പി.എൽ റേഷൻ കാർഡ് ബി.പി.എൽ. വിഭാഗത്തിലേക്ക് മാറ്റി നൽകുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 14-1-2011-ലെ സ.ഉ.(കൈ)നമ്പർ 16/11/ത.സ്വ.ഭ.വ., 27-4-2012-ലെ സ.ഉ.(കൈ)നമ്പർ 112/12/ത.സ്വ.ഭ.വ., 7-7-2014-ലെ സ.ഉ.(കൈ)നമ്പർ 21/14/ ഭ.സി.സ.വ. എന്നീ ഉത്തരവുകൾക്ക് അനുസൃതമായാണ് ദേശീയഭക്ഷ്യസുരക്ഷാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനായി മുൻഗണനാ വിഭാഗത്തെ തെരഞ്ഞെടുക്കുന്നത്.

(ബി) നിലവിൽ ബി.പി.എൽ. വിഭാഗത്തിന് പ്രതിമാസം 25 കിലോ അരി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

1 രൂപ നിരക്കിലും 7 കിലോ ഗോതമ്പ് 2 രൂപ നിരക്കിലും, കാർഡിലെ ഒരംഗത്തിന് 400 ഗ്രാം പഞ്ചസാരയും, വൈദ്യുതീകരിച്ച വീടുകൾ ഉള്ള കാർഡുടമകൾക്ക് 1 ലിറ്റർ മണ്ണെണ്ണയും അല്ലാത്തവർക്ക് 4 ലിറ്റർ മണ്ണെണ്ണയും ലഭിക്കുന്നുണ്ട്.

(സി) 27-4-2012-ലെ സ.ഉ.(കൈ)നമ്പർ 112/12/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം;

1. ആശ്രയ വിഭാഗത്തിൽ ഉൾപ്പെട്ടവർ
2. മാനസികവും ശാരീരികവുമായി വൈകല്യമുള്ളവർ
3. ഓട്ടിസം ബാധിച്ചവർ
4. ഭർത്താവ് മരണമടഞ്ഞ സ്ത്രീകൾ
5. എയ്ഡ്സ്, ക്യാൻസർ രോഗികളും ഡയാലിസിസിന് വിധേയരാകുന്നവരും
6. പരസഹായമില്ലാതെ ജീവിക്കുവാൻ കഴിയാത്തവരും, ശരീരം തളർന്ന് ശയ്യാവലംബരായവും എന്നീ വിഭാഗത്തിൽ ഉൾപ്പെടുന്നവർ ജില്ലാ കളക്ടർക്ക് അപേക്ഷ നൽകുന്ന പക്ഷം അന്വേഷണത്തിനു ശേഷം അർഹതയുടെ അടിസ്ഥാനത്തിൽ എ.പി.എൽ. കാർഡുകൾ ബി.പി.എൽ. കാർഡുകളാക്കി നൽകിവരികയാണ് നിലവിൽ ചെയ്യുന്നത്.

**ഹോട്ടലുകളിൽ അമിത വില നിയന്ത്രിക്കുന്നതിന് നടപടി**

183(3066) <u>ശ്രീ. എളമരം കരീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോട്ടലുകളിൽ അമിത വില നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് പ്രഖ്യാപിച്ചിരുന്നത്; ആയത് ഫലപ്രദമായി നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(ബി) മുൻ സർക്കാർ നടപ്പിലാക്കിയ മാവേലി ഹോട്ടൽ ശൃംഖല ഈ സർക്കാർ അധികാരമേറ്റശേഷം അടച്ചുപൂട്ടാൻ ഇടയായ സാഹചര്യം എന്തെന്ന് വിശദമാക്കുമോ;

(സി) മിതമായ നിരക്കിൽ ഭക്ഷണ പദാർത്ഥങ്ങൾ വിതരണം ചെയ്യുന്നതിന്

തൃപ്തി ന്യായവില ഹോട്ടലുകൾ തുടങ്ങുമെന്ന ബഡ്ജറ്റ് പ്രഖ്യാപനം നടപ്പാക്കാനായിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഇതുവരെ എന്ത് തുക ചെലവഴിച്ചുവെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി എത്ര ന്യായവില ഹോട്ടലുകൾ തുടങ്ങുകയുണ്ടായി എന്നറിയിക്കാമോ?

ഉത്തരം

(എ) ഹോട്ടലുകളിൽ അമിത വില ഈടാക്കുന്നത് തടയുന്നതിനായി ഭക്ഷണ സാധനങ്ങളുടെ വിലവിവരപ്പട്ടിക പ്രദർശിപ്പിക്കുന്നത് നിർബന്ധമാക്കിയിട്ടുണ്ട്. നിയമലംഘനം നടത്തുന്നവർക്കെതിരെ 1977 -ലെ കേരളാ ഫുഡ് സ്റ്റഫ്സ് (Display of Prices by Catering Establishment Order) പ്രകാരം നടപടി സ്വീകരിക്കുന്നു. ഹോട്ടലുകളിലെ ഭക്ഷണ സാധനങ്ങളുടെ വില വർദ്ധനവ് നിയന്ത്രിക്കുന്നതിനായുള്ള ബിൽ പ്രസിദ്ധീകരണ സ്റ്റേജിലാണ്.

(ബി) 24-6-2011 വരെ മാവേലി ഹോട്ടലുകൾ പ്രവർത്തിക്കുന്നതിനാവശ്യമായ ഭക്ഷ്യധാന്യങ്ങൾ സപ്ലൈകോയിൽ നിന്നും നല്കിയിരുന്നു. ഫണ്ടിന്റെ അപര്യാപ്തതമൂലം മാവേലി ഹോട്ടലുകളുടെ പ്രവർത്തനത്തിനാവശ്യമായ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യാൻ സപ്ലൈകോയ്ക്ക് സാധിച്ചിട്ടില്ല എന്നതാണ് കാരണം.

(സി&ഡി) സംസ്ഥാനത്ത് താലൂക്ക് അടിസ്ഥാനത്തിൽ തൃപ്തി ഹോട്ടലുകൾ ആരംഭിക്കണമെന്ന് ബഡ്ജറ്റ് പ്രഖ്യാപനം ഉണ്ടായതിന്റെ അടിസ്ഥാനത്തിൽ കുടുംബശ്രീ പ്രോജക്ട് ഉണ്ടാക്കുകയും യൂണിറ്റുകളെ ഹോട്ടലുകൾ ആരംഭിക്കുവാൻ സജ്ജരാക്കുകയുമുണ്ടായി. എന്നാൽ ഇതിനായി താലൂക്കുകളിൽ സ്ഥലം കണ്ടെത്താൻ കഴിയാത്തതുമൂലം തൃപ്തി ഹോട്ടലുകൾ ആരംഭിച്ചിട്ടില്ല.

**സപ്ലൈകോയ്ക്ക് നൽകിയ സബ്സിഡി തുക**

184(*T3067) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2005 മുതൽ ഓരോ വർഷവും സപ്ലൈകോയ്ക്ക് നൽകിയ സബ്സിഡി തുക എത്രയാണ് എന്നറിയിക്കുമോ?

ഉത്തരം

* T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

വിപണി ഇടപെടലിനായി 2005 മുതൽ 2016 നവംബർ വരെ സപ്ലൈകോയ്ക്ക് നൽകിയ സബ്സിഡി തുകയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| വർഷം | ലഭിച്ച തുക (കോടിയിൽ) |
|---|---|
| 2005-06 | 10 |
| 2006-07 | 30 |
| 2007-08 | 50 |
| 2008-09 | 105 |
| 2009-10 | 83 |
| 2010-11 | 76.31 |
| 2011-12 | 118.35 |
| 2012-13 | 135 |
| 2013-14 | 116.02 |
| 2014-15 | 70 |
| 2015-16 (നവംബർ വരെ) | 64 |

## എ.പി.എൽ. വിഭാഗക്കാർക്ക് കുറഞ്ഞ നിരക്കിൽ റേഷൻ സാധനങ്ങൾ നൽകുന്നതിന് പദ്ധതി

185(3068) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എ.പി.എൽ. വിഭാഗക്കാർക്ക് കുറഞ്ഞ നിരക്കിൽ റേഷൻ സാധനങ്ങൾ നൽകുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട് ;

(ബി) എന്തെല്ലാം നേട്ടങ്ങളാണ് പ്രസ്തുത പദ്ധതിവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ

സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ ?

ഉത്തരം

(എ) എ.പി.എൽ. വിഭാഗക്കാരിൽ പിന്നാക്കം നില്ക്കുന്നവർക്ക് കുറഞ്ഞ നിരക്കിൽ അരി വിതരണം ചെയ്യുന്നതിനായി അവരെ എ.പി.എൽ. (എസ്.എസ്.) വിഭാഗത്തിൽ ഉൾപ്പെടുത്തി 2 രൂപ നിരക്കിൽ അരി വിതരണം ചെയ്തു വരുന്നു.

(ബി) 2 രൂപ നിരക്കിൽ അരി വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കിയതിലൂടെ കേന്ദ്ര സർക്കാർ മാനദണ്ഡങ്ങൾ പ്രകാരം, സംസ്ഥാനത്തിന് അനുവദിച്ച ബി.പി.എൽ. വിഭാഗത്തിൽ നിന്നും പുറത്തായിട്ടുള്ള താഴ്ന്ന വരുമാനക്കാർക്ക് കുറഞ്ഞ നിരക്കിൽ റേഷൻ സാധനങ്ങൾ ലഭ്യമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

(സി) 2 രൂപ നിരക്കിൽ അരി വിതരണം ചെയ്യുന്ന പദ്ധതി ഇപ്പോൾ നിലവിലുണ്ട്. ഈ പദ്ധതി 2009 മേയ് 22-ാം തീയതിയിലാണ് ആരംഭിച്ചത്. നിലവിൽ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത് 41,53,067 കുടുംബങ്ങൾക്കാണ്. പട്ടികജാതി, പട്ടികവർഗ്ഗം, മത്സ്യത്തൊഴിലാളികൾ, ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളവർ എന്നിവർക്കാണ് ഈ പദ്ധതിയിൽ തുടക്കത്തിൽ പ്രയോജനം ലഭിച്ചത്. എന്നാൽ ഇപ്പോൾ എ.പി.എൽ. വിഭാഗത്തിൽപ്പെട്ട കർഷക തൊഴിലാളികൾ, കശുവണ്ടി, കൈത്തറി, ബീഡി, പനമ്പ്, ഈറ്റ, ഖാദി, ചെറുകിട തോട്ടം തുടങ്ങിയ മേഖലകളിലെ മുഴുവൻ കൂലിവേലക്കാർക്കും ദേശീയ തൊഴിൽ ഉറപ്പ് പദ്ധതിയിൽ 50 ദിവസമെങ്കിലും പണിയെടുത്തിട്ടുള്ള എല്ലാ തൊഴിലാളികൾക്കും കൂടി 2 രൂപ പദ്ധതി വ്യാപിപ്പിച്ചു. ഈ പദ്ധതി എ.പി.എൽ. വിഭാഗത്തിൽപ്പെട്ട കൂടുതൽ വിഭാഗങ്ങളിലേക്ക് വ്യാപിപ്പിച്ചതിനെ തുടർന്ന് അനുബന്ധമായി ചേർത്തിരിക്കുന്ന വിഭാഗങ്ങൾക്ക് രണ്ടു രൂപ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കി വരുന്നു.

**വിപണി ഇടപെടലിനായി കൺസ്യൂമർ ഫെഡിന് നൽകിയ തുക**

186(3069) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12 മുതൽ 2015-16 വരെ ഓരോ സാമ്പത്തിക വർഷവും വിപണി ഇടപെടലിനായി കൺസ്യൂമർ ഫെഡിന് നൽകിയ തുക എത്രയെന്ന് സാമ്പത്തിക വർഷാടിസ്ഥാനത്തിൽ പ്രത്യേകമായി വ്യക്തമാക്കാമോ;

(ബി) 2006-07 മുതൽ 2010-11 വരെ ഓരോ സാമ്പത്തിക വർഷവും വിപണി

ഇടപെടലിനായി കൺസ്യൂമർ ഫെഡിന് നൽകിയ തുക എത്രയെന്ന് സാമ്പത്തിക വർഷാടിസ്ഥാനത്തിൽ പ്രത്യേകമായി വിശദമാക്കാമോ?

<u>ഉത്തരം</u>

| | | | |
|---|---|---|---|
| (എ) | 2011-12 | - | 30 കോടി |
| | 2012-13 | - | 69.50 കോടി |
| | 2013-14 | - | 80 കോടി |
| | 2014-15 | - | 50 കോടി |
| | 2015-16 | - | 25 കോടി |
| | ആകെ | | 254.50 കോടി |
| (ബി) | 2006-07 | - | 1.71 കോടി |
| | 2007-08 | - | 15 കോടി |
| | 2008-09 | - | 11 കോടി |
| | 2009-10 | - | 20 കോടി |
| | 2010-11 | - | 70 കോടി |
| | ആകെ | | 117.71 കോടി |

**വിപണി ഇടപെടൽ**

187(3070) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിപണി ഇടപെടലിനായി സപ്ലൈകോയ്ക്ക് 2011-12, 2012-13, 2013-14, 2014-2015, 2015-2016 സാമ്പത്തിക വർഷങ്ങളിൽ എന്ത് തുക വീതമാണ് നൽകിയത്;

(ബി) പ്രസ്തുത ആവശ്യത്തിലേക്കായി 2006-07, 2007-08, 2008-09, 2009-10, 2010-11 എന്നീ സാമ്പത്തിക വർഷങ്ങളിൽ സപ്ലൈകോയ്ക്ക് അനുവദിച്ച തുക എത്രവീതമായിരുന്നു; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വിപണി ഇടപെടലിനായി 2011-12 മുതൽ 2015-16 വരെ സർക്കാർ അനുവദിച്ച തുകയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു:

| വർഷം | ലഭിച്ച തുക (കോടിയിൽ) |
|---|---|
| 2011-12 | 118.35 |
| 2012-13 | 135 |
| 2013-14 | 116.02 |
| 2014-15 | 70 |
| 2015-16 (നവംബർ വരെ) | 64 |

(ബി) വിപണി ഇടപെടലിനായി 2006 മുതൽ 2011 വരെ അനുവദിച്ച തുകയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു:

| വർഷം | ലഭിച്ച തുക (കോടിയിൽ) |
|---|---|
| 2006-07 | 30 |
| 2007-08 | 50 |
| 2008-09 | 105 |
| 2009-10 | 83 |
| 2010-11 | 76.31 |

**പുതിയ റേഷൻ കടകൾ**

188(3071) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വി. റ്റി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ റേഷൻ കടകൾ തുടങ്ങുന്നതിന് എന്തെല്ലാം കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ

സ്വീകരിച്ചിട്ടുണ്ട്?

<u>ഉത്തരം</u>

(എ) നിലവിൽ പുതിയ റേഷൻ കടകൾ തുടങ്ങുന്നതിനായി സമീപസ്ഥമായ കടകളിലെ കാർഡുകളുടെ എണ്ണം 400-ൽ കുറയാതെ പുതിയതായി തുടങ്ങുന്ന കടയ്ക്ക് കുറഞ്ഞത് 400 കാർഡ് ലഭിക്കേണ്ടതാണ്. എന്നാൽ തീരെ ഗതാഗത സൗകര്യമില്ലാത്തിടത്തും, പട്ടികവർഗ്ഗ മേഖലകളിലും ആവശ്യമായ ഇളവുകൾ നൽകി പുതിയ കടകൾ അനുവദിക്കുന്നുണ്ട്.

(ബി) പൊതുവിതരണ ശൃംഖല എല്ലാ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കുകയും എല്ലാ വിഭാഗം ജനങ്ങൾക്കും ഇതിന്റെ പ്രയോജനം ലഭ്യമാക്കി വിലക്കയറ്റം നിയന്ത്രിക്കുകയും ഭക്ഷ്യസുരക്ഷ ഉറപ്പാക്കുകയും ചെയ്യുക.

(സി) പുതിയ റേഷൻ കട അനുവദിക്കണമെന്ന ആവശ്യത്തിന്മേൽ ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെയും സിവിൽ സപ്ലൈസ് ഡയറക്ടറുടെ ശിപാർശയുടെയും അടിസ്ഥാനത്തിൽ കേരള റേഷനിംഗ് ഓർഡറിലെ വ്യവസ്ഥകൾക്ക് അനുസൃതമായി പുതിയ റേഷൻ കടകൾ അനുവദിച്ച് നൽകുന്നു.

### പുതിയ റേഷൻ ഷോപ്പ്

189(3072) <u>ശ്രീ. റ്റി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട പഞ്ചായത്തിലെ ചേരിയത്ത് പുതിയ റേഷൻ ഷോപ്പ് അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ജനസാന്ദ്രത വളരെ കൂടുതലുള്ള ചേരിയത്ത് ഒരു പുതിയ റേഷൻ ഷോപ്പ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) മങ്കട പഞ്ചായത്തിലെ ചേരിയത്ത് പുതിയ റേഷൻ ഷോപ്പ് അനുവദിക്കണമെന്ന ആവശ്യം സർക്കാർ പരിശോധിച്ച് വരുന്നു.

### പുതിയ മാവേലി മെഡിക്കൽ സ്റ്റോറുകൾ

190(3073) <u>ശ്രീ. എ. റ്റി. ജോർജ്</u> :
<u>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി</u> :
<u>ശ്രീ. ജോസഫ് വാഴയ്ക്കൻ</u> :
<u>ശ്രീ. കെ. ശിവദാസൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ മാവേലി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>ഉത്തരം</u>

(എ) നിലവിൽ സപ്ലൈകോയുടെ കീഴിൽ കേരളത്തിലുടനീളം 102 മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനമൊട്ടാകെ പുതിയ സപ്ലൈകോ മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നതിന് പദ്ധതികൾ ആസൂത്രണം ചെയ്തു വരുന്നു. സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളുടെ എണ്ണം കുറവുള്ള വടക്കൻ കേരളത്തിൽ മെഡിക്കൽ സ്റ്റോർ ശൃംഖല വ്യാപിപ്പിക്കുന്നതിനായി അനുയോജ്യമായ സ്ഥലങ്ങളിൽ പൊതുപ്രവർത്തകരുടെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും ആശുപത്രികളുടെയും സഹകരണത്തോടെ അനുയോജ്യമായ കെട്ടിടം കണ്ടെത്തുന്നതിനും മെഡിക്കൽ സ്റ്റോർ ആരംഭിക്കുന്നതിനുള്ള ശ്രമങ്ങൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. അനുയോജ്യമായ സ്ഥലത്ത് സപ്ലൈകോയ്ക്ക് സാമ്പത്തിക ബാധ്യത ഉണ്ടാക്കാതെ പ്രവർത്തിക്കുവാൻ സാധിക്കുന്ന സ്ഥലങ്ങളിൽ കെട്ടിടം ലഭിക്കുന്ന മുറയ്ക്ക് മെഡിക്കൽ സ്റ്റോറുകൾ ആരംഭിച്ചുവരുന്നു.

(ബി) കൂടുതൽ പ്രദേശങ്ങളിലെ പൊതുജനങ്ങൾക്ക് പ്രയോജനപ്രദമായ രീതിയിൽ പരമാവധി വിലക്കുറവിൽ ഗുണനിലവാരമുള്ള മരുന്നുകൾ ലഭ്യമാക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായിട്ടാണ് സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളുടെ ശൃംഖല വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്. MRP-യിൽ നിന്നും 40% വരെ വില കുറവിലാണ് മരുന്നുകൾക്ക് സപ്ലൈകോ വിൽപ്പന വില നിശ്ചയിച്ചിരിക്കുന്നത്. ഇൻസുലിൻ 18% വിലകുറച്ചാണ് വിൽക്കുന്നത്. കൂടാതെ BPL കുടുംബങ്ങൾക്ക് പ്രതിമാസം 1000 രൂപ വരെ വിലയുള്ള മരുന്നുകൾക്ക് 25% വിലക്കിഴിവ് കൂടി നൽകി വരുന്നു. സമരംമൂലവും മറ്റും സ്വകാര്യ മരുന്നു കടകൾ അടഞ്ഞുകിടക്കുന്ന അവസരങ്ങളിൽ പോലും പൊതുജനങ്ങൾക്ക് സപ്ലൈകോയുടെ സേവനങ്ങൾ ലഭ്യമായിരിക്കും. സാമൂഹ്യ പ്രതിബദ്ധതയുള്ള സ്ഥാപനമെന്ന നിലയിൽ കൂടുതൽ സ്ഥലങ്ങളിലേക്ക് സേവനം ലഭ്യമാക്കുകയും ആശുപത്രി പരിസരങ്ങളിൽ

പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകളിൽ 24 മണിക്കൂർ സേവനം ലഭ്യമാക്കുകയും ചെയ്തു വരുന്നു. കൂടാതെ വിവിധ സർക്കാർ ആശുപത്രികളിൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, പ്രൈമറി ഹെൽത്ത് സെന്റർ എന്നിവയിലൂടെ നടപ്പാക്കുന്ന RSBY/JSSK പദ്ധതികൾക്ക് ആവശ്യമായ മരുന്നുകളും ഉപകരണങ്ങളും പരമാവധി വിലക്കുറവിൽ സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളിൽനിന്നും ലഭ്യമാക്കുന്നുണ്ട്.

(സി) സപ്ലൈകോ മാനദണ്ഡങ്ങൾക്കനുസൃതമായി മെഡിക്കൽ സ്റ്റോറുകൾക്ക് സാധ്യതയുള്ള സ്ഥലങ്ങളിൽ അനുയോജ്യമായ കെട്ടിടം കണ്ടെത്തി സാധ്യതാ പഠന റിപ്പോർട്ട് സഹിതം പ്രൊപ്പോസൽ സമർപ്പിക്കുവാൻ എല്ലാ റീജിയണൽ മാനേജർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. അവ ലഭിക്കുന്ന മുറയ്ക്ക് പുതിയ സപ്ലൈകോ മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 18 പുതിയ മെഡിക്കൽ സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ 4 പുതിയ മെഡിക്കൽ സ്റ്റോറുകൾ തുറന്ന് പ്രവർത്തിക്കുന്നതിന് സജ്ജമായി വരികയാണ്.

**അവശ്യ വസ്തുക്കളുടെ വില വർദ്ധന**

191(3074) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സംസ്ഥാനങ്ങളിലെ വരൾച്ചയും വെള്ളപ്പൊക്കവും കാരണം ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ അവശ്യ വസ്തുക്കളുടെ വില അതി ഭീമമായി വർദ്ധിക്കും എന്ന മുന്നറിയിപ്പ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പച്ചക്കറികളും ധാന്യങ്ങളുൾപ്പെടെയുള്ള അവശ്യ വസ്തുക്കളുടെ വില ക്രമാതീതമായി വർദ്ധിച്ചിട്ടും സിവിൽ സപ്ലൈസിനും കൺസ്യൂമർ ഫെഡിനും ഇതു സംബന്ധിച്ച് ഒന്നും ചെയ്യാൻ കഴിയുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അതിരൂക്ഷമായ വിലക്കയറ്റത്തിൽ നിന്ന് ജനങ്ങളെ രക്ഷിക്കുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തനത്തിന് ആവശ്യമായ ഫണ്ട് ലഭ്യമാക്കുമോ: വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) അതിഭീമമായ വർദ്ധനവ് ഉണ്ടാവുമെന്ന് കരുതുന്നില്ല.

(ബി) ഇല്ല. സിവിൽ സപ്ലൈസ് വകുപ്പും, സിവിൽ സപ്ലൈസ് കോർപ്പറേഷനും കാര്യക്ഷമമായും ഫലപ്രദമായും വിപണിയിൽ ഇടപെടുന്നുണ്ട്.

(സി) ഈ സാമ്പത്തിക വർഷം വിപണി ഇടപെടലിനായി ബഡ്ജറ്റ് വിഹിതമായി അനുവദിച്ച 65 കോടി രൂപയിൽ 64 കോടി രൂപയും സപ്ലൈകോയ്ക്ക് നൽകിയിട്ടുണ്ട്. കൂടാതെ 35 കോടി രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

## നെല്ല് സംഭരണം

192(*T3075) <u>ശ്രീ. എ. കെ. ബാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ കർഷകരിൽനിന്നും നെല്ലുസംഭരിക്കുന്നത് എത്ര രൂപയ്ക്കാണ്; എത്ര ടൺ നെല്ല് ഒന്നും രണ്ടും വിളകളിൽനിന്നും സംഭരിച്ചു; ജില്ലതിരിച്ചുള്ള കണക്ക് നൽകുമോ;

(ബി) സംഭരിച്ച മുഴുവൻ നെല്ലിന്റെയും വില കർഷകർക്ക് നൽകിയോ; ഇല്ലെങ്കിൽ നൽകാനുള്ള തുകയും നൽകിയ തുകയും ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(സി) നെല്ല് സംഭരണത്തിനായി സപ്ലൈകോയ്ക്ക് കഴിഞ്ഞ ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്നോ; എത്ര തുക വകയിരുത്തി; അതിൽ എത്ര തുക ചെലവഴിച്ചു ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സപ്ലൈകോ കർഷകരിൽ നിന്നും നെല്ലുസംഭരിക്കുന്നത് 21.50 രൂപയ്ക്കാണ്. 2015-16 ഒന്നാം സീസണിൽ 7-12-2015 വരെ 150799.201 മെ. ടൺ.

| | | |
|---|---|---|
| തിരുവനന്തപുരം | - | 113.593 മെ. ടൺ |
| കൊല്ലം | - | 3.609 മെ. ടൺ |
| പത്തനംതിട്ട | - | 7.541 മെ. ടൺ |
| ആലപ്പുഴ | - | 40082.196 മെ. ടൺ |
| കോട്ടയം | - | 16695.580 മെ. ടൺ |
| എറണാകുളം | - | 133.308 മെ. ടൺ |
| തൃശ്ശൂർ | - | 2100.362 മെ. ടൺ |

* T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

| | | |
|---|---|---|
| പാലക്കാട് | - | 91492.219 മെ. ടൺ |
| മലപ്പുറം | - | 105.432 മെ. ടൺ |
| കണ്ണൂർ | - | 38.847 മെ. ടൺ |
| കാസർഗോഡ് | - | 26.514 മെ. ടൺ |
| ആകെ | - | 150799.201 മെ. ടൺ |

2015-16 രണ്ടാം സീസണിൽ നെല്ല് സംഭരണം ആരംഭിച്ചിട്ടില്ല.

(ബി) സംഭരിച്ച മുഴുവൻ നെല്ലിന്റെയും വില കർഷകർക്ക് നൽകിയിട്ടില്ല. കുടിശ്ശിക തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കർഷകർക്ക് നൽകുവാനുള്ള തുകയുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

(സി) നെല്ല സംഭരണത്തിനായി സപ്ലൈകോയ്ക്ക് കഴിഞ്ഞ ബഡ്ജറ്റിൽ 190 കോടി രൂപ വകയിരുത്തി. അതിൽ 190 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

## നെല്ല് സംഭരണം

193(*T 3076) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം ഒന്നാം വിള കൊയ്ത്ത് ആരംഭിച്ചത് മുതൽ നെല്ല് സംഭരിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) സപ്ലൈകോ ഒന്നും രണ്ടും വിള സംഭരണത്തിന് നിശ്ചയിച്ചിരുന്ന സമയം ഏതായിരുന്നു;

(സി) കൊയ്ത്ത് കാലത്ത് തന്നെ സംഭരണം ആരംഭിക്കാതിരുന്നത് മൂലം കൃഷിക്കാർക്കുണ്ടായ നഷ്ടം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ വർഷം നാളിതുവരെ സംഭരിച്ച നെല്ല് എത്രയാണ്; ഉല്പാദനത്തിന്റെ എത്ര ശതമാനം സംഭരിച്ചു; നെല്ല് സംഭരിച്ച ഇനത്തിൽ കൃഷിക്കാർക്ക് കൊടുത്തു തീർപ്പാക്കാൻ ബാക്കിയുള്ള തുക എത്ര; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(എ) ഈ വർഷം ഒന്നാം വിള നെല്ല് സംഭരണം ആരംഭിച്ചത് 29-9-2015 മുതൽ ആയിരുന്നു. പ്രസ്തുത കാലപരിധി നിശ്ചയിക്കുന്നത് കേന്ദ്ര സർക്കാർ ആകുന്നു.

(ബി) കേന്ദ്ര സർക്കാരാണ് ഒന്നും രണ്ടും വിളയ്ക്കുള്ള നെല്ല് സംഭരണ സമയപരിധി നിശ്ചയിക്കുന്നത്. 2015-16 ഒന്നാം സീസൺ 2015 സെപ്റ്റംബർ 29 മുതൽ ഡിസംബർ 31 വരെയും രണ്ടാം സീസൺ 2016 ജനുവരി 1 മുതൽ മേയ് 31 വരെയുമാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) 2015-16 ഒന്നാം സീസണിൽ 7-12-2015 വരെ 150799.201 മെ. ടൺ നെല്ല് സംഭരിച്ചു. സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ ഓൺലൈനായി രജിസ്റ്റർ ചെയ്തിരിക്കുന്ന കർഷകരുടെ പാടശേഖരങ്ങളിൽ നിന്നും ഉല്പാദിപ്പിച്ച നെല്ല് കൊയ്തെടുക്കുന്ന മുറയ്ക്ക് സംഭരിച്ചുകൊണ്ടിരിക്കുന്നു. നെല്ല് സംഭരിച്ച വകയിൽ കൃഷിക്കാർക്ക് 7-12-2015 വരെ 273,16,44,410 രൂപ കൊടുത്തു കഴിഞ്ഞു. ഇനി 87,80,46,944 രൂപ കൊടുത്തു തീർക്കുവാനുണ്ട്.

## നെല്ല് സംഭരണം

194(3077) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ നെൽ കർഷകർക്ക് 30-11-2015 വരെ നെല്ല് സംഭരിച്ച വകയിൽ എത്ര രൂപ ഇനിയും കൊടുത്തു തീർക്കുവാനുണ്ടെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത തുക എന്നത്തേക്ക് കൊടുത്തു തീർക്കുവാനാകുമെന്ന് വ്യക്തമാക്കുമോ;

(സി) നെല്ലിന്റെ സംഭരണവില വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശ്യമുണ്ടോ;

(ഡി) സ്വകാര്യ നെല്ല് സംരംഭകരെയും ഇടനിലക്കാരെയും ഒഴിവാക്കുന്നതിനും കർഷകരെ സംരക്ഷിക്കുന്നതിനും ആവശ്യമായ സമഗ്ര നിയമനിർമ്മാണം കൊണ്ടു വരുമോയെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) പാലക്കാട് ജില്ലയിലെ നെൽ കർഷകർക്ക് 30-11-2015 വരെ നെല്ല് സംഭരിച്ച വകയിൽ 38,34,02,805 രൂപ കൊടുത്തു തീർക്കുവാനുണ്ട്.

(ബി) നെൽ കർഷകർക്ക് നൽകാനായി സപ്ലൈകോയ്ക്ക് തുക അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

(സി) നെല്ലിന്റെ സംഭരണവില 21.50 രൂപയായി ഉയർത്തി ഉത്തരവായിട്ടുണ്ട്.

(ഡി) സ്വകാര്യ നെല്ല് സംരംഭകരെയും ഇടനിലക്കാരെയും ഒഴിവാക്കുന്നതിനും കർഷകരെ സംരക്ഷിക്കുന്നതിനും ആവശ്യമായ സമഗ്ര നിയമ നിർമ്മാണം നടത്തേണ്ടത് കൃഷി വകുപ്പാണ്. കൃഷി വകുപ്പിൽ നിന്നും വിവരം ശേഖരിച്ചുവരുന്നു.

## റേഷൻ കടകളുടെ കമ്പ്യൂട്ടർവത്കരണം

195(3078) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകളുടെ കമ്പ്യൂട്ടർവത്കരണത്തിന്റെ പുരോഗതി വിശദമാക്കുമോ;

(ബി) റേഷൻ സാധനങ്ങൾ വാങ്ങുന്ന ഉപഭോക്താവിന് നിർബന്ധമായും ബില്ല് കൊടുക്കണമെന്ന വ്യവസ്ഥ പലപ്പോഴും പാലിക്കപ്പെടുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതി പരിഹരിക്കുന്നതിനായി സ്വീകരിക്കുന്ന നടപടികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) റേഷൻ വിതരണം കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കാൻ വകുപ്പിൽ എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷൻ നടപ്പാക്കി വരുന്നുണ്ട്. പദ്ധതിയുടെ മോഡൽ പൈലറ്റ് തിരുവനന്തപുരം, എറണാകുളം ജില്ലകളിലെ 11 കടകളിൽ ആരംഭിച്ചിട്ടുണ്ട്. ഗുണഭോക്താവിനെ ബയോമെട്രിക് ഐഡന്റിഫിക്കേഷൻ മുഖേന തിരിച്ചറിഞ്ഞ് റേഷൻ വിതരണം നടത്തുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. എന്നാൽ പൈലറ്റ് പദ്ധതിയുടെ ഭാഗമായി ആധാർ ഇല്ലാത്തതോ ആധാർ ആതന്റിക്കേഷൻ പരാജയപ്പെടുകയോ ചെയ്താൽ OTP (One Time Password) മുഖേനയും റേഷൻ വിതരണം നടത്തി വരുന്നു. 22 റേഷൻ കടകൾ പൈലറ്റിന്റെ ഭാഗമായി നവീകരിച്ചിട്ടുണ്ട്. MSDG (മൊബൈൽ സർവ്വീസ് ഡെലിവറി ഗേറ്റ് വേ) മുഖാന്തിരം ഗുണഭോക്തൃവിഹിതം സംബന്ധിച്ചും കൈപ്പറ്റിയ വിഹിതം സംബന്ധിച്ചും SMS ലഭ്യമാക്കുന്നുണ്ട് പദ്ധതി നടപ്പാക്കുന്നതിന് വേണ്ടി വിവിധ തലങ്ങളിലുള്ള കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ അപെക്സ് കമ്മിറ്റി, സംസ്ഥാന ഭക്ഷ്യവകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ SPeMT (State Project e-Mission Team), സിവിൽ സപ്ലൈസ് കമ്മീഷണറുടെ

അദ്ധ്യക്ഷതയിൽ ടെക്നിക്കൽ കമ്മിറ്റി എന്നിവയും ഇതുകൂടാതെ ഒരു പ്രോജക്ട് ഇംപ്ലിമെന്റിംഗ് യൂണിറ്റും (PIU) രൂപീകരിച്ചിട്ടുണ്ട്. ഡാറ്റാബേസ് കൈകാര്യം ചെയ്യുന്നതിന് ഒരു Postgre SQL ഡാറ്റാബേസ് വിദഗ്ധനെയും ഒരു സിസ്റ്റം അഡ്മിനിസ്ട്രേറ്ററെയും നിയമിച്ചിട്ടുണ്ട്. വേൾഡ് ഫുഡ് പ്രോഗ്രാമിന്റെ സാങ്കേതിക സഹായം പ്രോജക്ടിനു ലഭ്യമാണ്. സിസ്റ്റം ഇന്റഗ്രേറ്ററായി കെൽട്രോണിനെ തെരഞ്ഞെടുത്തിട്ടുണ്ട്. എല്ലാ താലൂക്ക് സപ്ലൈ ഓഫീസുകളിലും കമ്പ്യൂട്ടറുകളും നെറ്റ്‌വർക്കും ലഭ്യമാക്കിയിട്ടുണ്ട്.

(ബി) റേഷൻ സാധനങ്ങൾ വാങ്ങുന്ന ഉപഭോക്താക്കൾക്ക് കൃത്യമായും വ്യക്തമായും ബില്ലെഴുതി നൽകണമെന്ന് നിയമത്തിൽ തന്നെ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇത് പാലിക്കപ്പെടാതിരിക്കുന്ന ചില സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബിൽ നൽകാത്തതായി ശ്രദ്ധയിൽപ്പെടുന്ന വ്യാപാരികൾക്കെതിരെ കേരള റേഷനിംഗ് ഓർഡറിന്റെ അടിസ്ഥാനത്തിൽ കർശനമായ ശിക്ഷാ നടപടികൾ സ്വീകരിച്ചു വരുന്നു.

**ഭക്ഷ്യ സുരക്ഷാ നിയമം**

196(3079) ശ്രീ. എളമരം കരീം :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ സുരക്ഷാ നിയമം നടപ്പാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാരിന്റെ രൂക്ഷ വിമർശനം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് എന്നു വരെയാണ് സംസ്ഥാനത്തിന് സമയം പുതുക്കി അനുവദിച്ചിട്ടുള്ളത്;

(ഡി) പ്രസ്തുത സമയ പരിധിക്കുള്ളിൽ സൗകര്യങ്ങൾ ഏർപ്പെടുത്തിയില്ലെങ്കിൽ എല്ലാ വിഭാഗം ജനങ്ങൾക്കും സബ്സിഡി നിരക്കിൽ റേഷൻ കിട്ടാത്ത അവസ്ഥ ഉണ്ടാകും എന്നത് അറിവുള്ളതാണോ;

(ഇ) പ്രസ്തുത പദ്ധതി നടപ്പിലാക്കുമ്പോൾ സംസ്ഥാനത്തെ ബഹുഭൂരിപക്ഷം

ജനങ്ങളും റേഷൻ പരിധിക്ക് പുറത്താകും എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ ഇത് ഒഴിവാക്കുന്നതിനായി പ്രത്യേക പദ്ധതി പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഭക്ഷ്യസുരക്ഷാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനായി മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തൽ, പൊതുവിതരണ രംഗത്ത് കമ്പ്യൂട്ടർവൽക്കരണം, പരാതി പരിഹാര സംവിധാനം എന്നീ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സംസ്ഥാന സർക്കാരിന്റെ അഭ്യർത്ഥന കണക്കിലെടുത്ത് സംസ്ഥാനത്ത് 1-4-2016 മുതൽ ഭക്ഷ്യസുരക്ഷാ നിയമം നടപ്പാക്കുവാൻ കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

(ഡി) ദേശീയ ഭക്ഷ്യസുരക്ഷാ നിയമം 31-3-2016-നകം നടപ്പിലാക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. 31-3-2016 വരെയുള്ള ഭക്ഷ്യധാന്യങ്ങൾ കേന്ദ്രം സംസ്ഥാനത്തിന് അനുവദിച്ചിട്ടുണ്ട്. കേരളത്തിന് അർഹതപ്പെട്ട സബ്സിഡി ധാന്യങ്ങൾ നഷ്ടപ്പെടുകയില്ല.

(ഇ & എഫ്) ദേശീയ ഭക്ഷ്യസുരക്ഷാ നിയമം 2013-ന്റെ അടിസ്ഥാനത്തിൽ 14.25 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങളാണ് കേരളത്തിന് ലഭ്യമാകുന്നത്. മുൻഗണനാ വിഭാഗത്തിൽപ്പെടുന്ന ജനങ്ങൾക്ക് 10.13 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങൾ ആവശ്യമായി വരും. അവശേഷിക്കുന്ന 4.12 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങൾ പൊതുവിഭാഗം റേഷൻ കാർഡുടമകൾക്കും വിതരണം ചെയ്യാൻ സാധിക്കും. എന്നാൽ 16.24 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യം കേരളത്തിന് ലഭിക്കണമെന്നാണ് സംസ്ഥാനത്തിന്റെ ആവശ്യം. ഇത് കഴിഞ്ഞ 3 വർഷത്തെ വിട്ടെടുപ്പിന്റെ ശരാശരിയാണ്. ഈ വിഷയം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തി ഇത് നേടിയെടുക്കാനുള്ള ശ്രമത്തിലാണ്.

**റേഷൻ കാർഡ് പുതുക്കി ലഭിക്കാത്തതുമൂലമുള്ള ബുദ്ധിമുട്ടുകൾ**

197(3080) <u>ശ്രീ. പി. തിലോത്തമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ റേഷൻ കാർഡ് ലഭിക്കാൻ കാലതാമസം നേരിടുന്നതിനാൽ

റേഷൻ കാർഡിൽ പുതുതായി ഒരാളെ ഉൾപ്പെടുത്തുന്നതിനോ, പേര് റിഡക്ഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിനോ, ഒരാൾക്ക് പുതുതായി റേഷൻ കാർഡ് എടുക്കുന്നതിനോ സാധിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കാലതാമസം ഒഴിവാക്കുന്നതിന് സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ബി) റേഷൻ കാർഡിന്റെ അഭാവത്തിൽ പുതുതായി വീടുവച്ച് താമസം തുടങ്ങുമ്പോൾ കറണ്ട് കണക്ഷൻ, ഗ്യാസ് കണക്ഷൻ എന്നിവയ്ക്ക് അപേക്ഷിക്കാൻ കഴിയാത്ത സാഹചര്യം ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം ഘട്ടങ്ങളിൽ താൽക്കാലിക കാർഡുകൾ നൽകുന്ന സംവിധാനം നിലവിലുണ്ട്.

**നെല്ല് സംഭരണത്തിലെ പ്രതിസന്ധി**

198(*T 3081) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെല്ല് സംഭരണം ഏത് രീതിയിലാണ് സർക്കാർ നടത്തി വരുന്നത് ;

(ബി) നെല്ല് സംഭരണത്തിൽ മില്ലുടമകൾ പിൻമാറുന്ന സാഹചര്യം നിലവിലുണ്ടോ ; എങ്കിൽ എന്താണ് കാരണമെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(സി) നെല്ല് സംഭരണം യഥാസമയം നടത്തുന്നതിനും കർഷകരെ പ്രതിസന്ധിയിൽനിന്നും രക്ഷിക്കുന്നതിനും സർക്കാർ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) നെല്ലിന് നല്ല വില കർഷകന് ലഭിക്കുന്നതിനുമായി സർക്കാർ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) കേരള സംസ്ഥാനത്ത് നെല്ല് സംഭരണ പദ്ധതി നടപ്പിലാക്കുന്നതിന്

* T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

നിർവ്വഹണ ഏജൻസിയായി സപ്ലൈകോയെ ചുമതലപ്പെടുത്തിയിരിക്കുന്നു. കർഷകർ ഉല്പാദിപ്പിക്കുന്ന നെല്ല് ഏറ്റെടുക്കുന്നതിനും അത് അവിടെ നിന്നും കൊണ്ടു പോകുന്നതിനും സുരക്ഷിതമായി സംഭരിച്ച് വയ്ക്കുന്നതിനും സമയബന്ധിതമായി സംസ്കരിച്ച് അരിയാക്കുന്നതിനും സ്വകാര്യ മില്ലുടമകളുമായി സപ്ലൈകോ ഉടമ്പടി ചെയ്തിട്ടുണ്ട്. ഇതിന്റെ മേൽനോട്ടം വഹിക്കുന്നതിന് ജില്ലാ തലത്തിൽ പാഡി മാർക്കറ്റിംഗ് ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്.

(ബി) നെല്ല് സംഭരണത്തിൽ നിന്ന് മില്ലുടമകൾ പിൻമാറുന്ന സാഹചര്യം നിലവിലില്ല. എന്നാൽ സംഭരിച്ച നെല്ല് മുഴുവനും അനുവദിച്ച സമയത്തിനുള്ളിൽ സംസ്കരിച്ച് തരുവാൻ പറ്റാതെ വന്ന ചില മില്ലുകൾ സപ്ലൈകോയുമായുള്ള ഉടമ്പടി ഉപേക്ഷിച്ച് പോയിട്ടുണ്ട്.

(സി) നെല്ല് സംഭരണത്തിന്റെ കാലാവധി നേരത്തെതന്നെ കർഷകരെ അറിയിക്കുയും അതുപ്രകാരം ഓൺലൈൻ മുഖേന രജിസ്റ്റർ ചെയ്ത കർഷകരുടെ നെല്ല് സംഭരിക്കുകയും ചെയ്യുന്നു.

(സി) നെല്ലിന് നല്ല വില കർഷകന് ലഭിക്കുന്നതിനായി കിലോ ഗ്രാമിന് 19 രൂപയായിരുന്ന സംഭരണ വില ഇപ്പോൾ 21.50 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. രാജ്യത്തെ ഏറ്റവും ഉയർന്ന സംഭരണ വിലകളിലൊന്നാണിത്.

**റേഷൻ കാർഡുകളിലെ തെറ്റുതിരുത്തൽ**

199(3082) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി താലൂക്ക് സപ്ലൈ ഓഫീസിന്റെ പരിധിയിലുള്ള റേഷൻ കാർഡുകളിലെ തെറ്റുതിരുത്തൽ നടപടികൾ പൂർത്തിയാക്കി എന്നത്തേക്ക് വിതരണം ചെയ്യുമെന്ന് വ്യക്തമാക്കാമോ;

(ബി) റേഷൻ കാർഡ് വിതരണം ചെയ്യുന്നതിലെ കാലതാമസം എന്തുകൊണ്ടാണ്; ടി പ്രവൃത്തി നടപ്പാക്കുന്നതിന് ഇതുവരെ എത്ര തുക ചെലവഴിച്ചു; ടി പ്രവൃത്തി നടപ്പാക്കുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 31-3-2016 മുതൽ വിതരണം ചെയ്യുവാൻ കഴിയും.

(ബി) ദേശീയ ഭക്ഷ്യഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനായി മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തുന്നതിനായി സമഗ്രമായ വിവരങ്ങൾ കാർഡുടമകളിൽനിന്നും ശേഖരിച്ച് ടി വിവരങ്ങളുടെ അടിസ്ഥാനത്തിൽ എൻ.ഐ.സി.-യുടെ സഹായത്തോടെ, പ്രത്യേക പ്രോഗ്രാം രൂപകൽപന ചെയ്ത് റാങ്ക് ചെയ്ത് മുൻഗണനാ പട്ടിക തയ്യാറാക്കുന്നതിന് തീരുമാനമാവുകയും ആയതിന്റെ അടിസ്ഥാനത്തിൽ നിലവിലെ റേഷൻ കാർഡുകൾ പുതുക്കുന്നതിനുള്ള ജോലികൾ ആരംഭിക്കുകയും ചെയ്തു. സാങ്കേതികപരവും, സമഗ്രവുമായ വിവരശേഖരണവും, ഡാറ്റാ എൻട്രിയും, ആധികാരികത ഉറപ്പുവരുത്തി ചെയ്യുന്നതിനാലാണ് കാലതാമസം നേരിടുന്നത്. ഈ പ്രവർത്തികൾ നടപ്പാക്കുന്നതിന് ഇതുവരെ 30.79 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ചെലവഴിച്ച തുകയുടെ വിശദവിവരം ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 1. | അഡ്മിനിസ്ട്രേഷൻ എക്സ്പെൻസ് | 1,19,87,479 |
| 2. | ഫോം പ്രിന്റ് ചെയ്ത വകയിൽ | 3,34,47,676 |
| 3. | ഐ.ഇ.സി. | 23,95,000 |
| 4. | ഫോട്ടോ ക്യാമ്പുകൾ | 8,45,82,288 |
| 5. | ഡാറ്റാ എൻട്രി | 17,52,01,754 |
| 6. | മറ്റ് ചെലവുകൾ | 2,78,067 |
| | ആകെ | 30,78,92,264 |

സർക്കാർ ഏജൻസിയായ സി-ഡിറ്റ് ആണ് റേഷൻ കാർഡ് പുതുക്കലിന്റെ ടോട്ടൽ സൊല്യൂഷൻ പ്രൊവൈഡർ. ഡാറ്റാ എൻട്രി നടത്തുന്നതിനായി, സി-ഡിറ്റിന് പുറമേ അക്ഷയ, കുടുംബശ്രീ എന്നീ ഏജൻസികളുടെയും സേവനം ലഭ്യമാക്കിയിരുന്നു.

## സപ്ലൈകോ സാധനങ്ങളുടെ വിലനിയന്ത്രണം

200(3083) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സപ്ലൈകോ മുഖേന വിതരണം ചെയ്യുന്ന സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനും സബ്സിഡി ലഭ്യമാക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

വിപണിയിലുണ്ടായ വിലവർദ്ധന പിടിച്ചു നിർത്തുന്നതിനും അതുവഴി പൊതുജനങ്ങൾക്ക് ആശ്വാസമേകുന്നതിനായും സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേനയുള്ള വിപണിയിടപെടൽ പദ്ധതിയുടെ ഭാഗമായി ചെറുപയർ, വൻകടല, വൻപയർ, ഉഴുന്ന് ബോൾ, തുവര പരിപ്പ്, മുളക്, മല്ലി, പഞ്ചസാര, ജയ അരി, കുറവ അരി, മട്ട അരി, പച്ചരി, വെളിച്ചെണ്ണ എന്നീ 13 ഇനം അവശ്യ സാധനങ്ങൾ സബ്സിഡി വിലയിൽ സപ്ലൈകോ വിൽപ്പനശാലകൾവഴി വിറ്റുവരുന്നു. യഥാർത്ഥ ഉപഭോക്താവിന് സബ്സിഡി സാധനങ്ങൾ ലഭ്യമാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് അവയുടെ വിൽപ്പന റേഷൻ കാർഡുകൾവഴി നിയന്ത്രിക്കുകയും അതുവഴി സബ്സിഡി സാധനങ്ങളുടെ ദുരുപയോഗ സാധ്യത തികച്ചും ഇല്ലാതാക്കുകയും ചെയ്യുന്നു. സബ്സിഡി സാധനങ്ങളുടെ സ്റ്റോക്ക് ആവശ്യത്തിന് എല്ലാ വിൽപ്പന ശാലകളിലും ഉറപ്പുവരുത്തുന്നതിനും അവയുടെ ദുരുപയോഗം തടയുന്നതിനും S.P. റാങ്കിലുള്ള ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ വിജിലൻസ് സ്ക്വാഡുകൾ വഴിയും ഇന്റേണൽ ഓഡിറ്റ് വിഭാഗം ജൂനിയർ മാനേജർ (മാർക്കറ്റിംഗ് & ഇൻസ്പെക്ഷൻ) എന്നിവർ മുഖേനയും വിൽപ്പനശാലകളിൽ പരിശോധന നടത്തിവരുന്നു. കൂടാതെ പൊതുജനങ്ങൾക്ക് സബ്സിഡി സാധനങ്ങൾ ലഭിക്കുന്നു എന്ന് ഉറപ്പാക്കാൻ എല്ലാ മാവേലി, സൂപ്പർ മാർക്കറ്റ് തലത്തിൽ ഉപഭോക്തൃ കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നു. അവശ്യസാധനങ്ങൾ കമ്പോളത്തിൽ തടസ്സമില്ലാതെ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുവാൻ സപ്ലൈകോയ്ക്ക് സാധിച്ചിട്ടുണ്ട്. ഇത് വിപണിവില പിടിച്ചു നിർത്താൻ വളരെയധികം സഹായിച്ചിട്ടുണ്ട്.

**സപ്ലൈകോ ഔട്ട്ലെറ്റുകൾ**

201(3084) ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സപ്ലൈകോ ഔട്ട്ലെറ്റുകളിൽ നിത്യോപയോഗ സാധനങ്ങൾ ആവശ്യത്തിന് ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; വ്യക്തമാക്കുമോ?

ഉത്തരം

എല്ലാ മാവേലി സ്റ്റോറുകളിലും അവശ്യ സാധനങ്ങളുടെ ലഭ്യത ഉറപ്പു വരുത്തുന്നതിനായി സപ്ലൈകോ താഴെപറയുന്ന നടപടികൾ എടുത്തിട്ടുണ്ട്.

1. കൂടുതൽ നിത്യോപയോഗ സാധനങ്ങൾ ശേഖരിക്കുന്നതിനായി 500 ച.

അടിയെങ്കിലും വിസ്തീർണ്ണമുള്ള സൗകര്യപ്രദമായ കെട്ടിടങ്ങളിലാണ് പുതിയ മാവേലി സ്റ്റോറുകൾ അനുവദിക്കുന്നത്. സ്ഥലക്കുറവുള്ള മാവേലി സ്റ്റോറുകളിലും സൂപ്പർ മാർക്കറ്റുകളിലും കൂടുതൽ സ്ഥല സൗകര്യം ലഭ്യമാക്കുന്നതിന് നിർദ്ദേശങ്ങൾ നൽകി നടപ്പിലാക്കി വരുന്നു.

2. സ്ഥല സൗകര്യം കുറഞ്ഞ വിൽപ്പനശാലകളിലേയ്ക്ക് കൂടുതൽ പ്രാവശ്യം സാധനങ്ങൾ എത്തിച്ചുകൊടുക്കുന്നു.

3. മുൻ മാസങ്ങളിലെ വിൽപ്പന, കഴിഞ്ഞ വർഷം ഇതേ മാസങ്ങളിലെ വിൽപ്പന, ഉത്സവ സീസൺ മുതലായവ കണക്കിലെടുത്ത് എല്ലാ വിൽപ്പന ശാലകളിലും ആവശ്യത്തിന് അവശ്യ സാധനങ്ങൾ എത്തിച്ചു കൊടുക്കുവാൻ എല്ലാ ഡിപ്പോകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

4. സപ്ലൈകോയുടെ വാഹനങ്ങൾ ലഭ്യമല്ലാത്ത സന്ദർഭങ്ങളിൽ സ്വകാര്യ വാഹനങ്ങൾ ഉപയോഗപ്പെടുത്തിയും അവശ്യ സാധനങ്ങൾ എത്രയും വേഗം വിൽപ്പനശാലകളിലെത്തിക്കാൻ എല്ലാ ഡിപ്പോ മാനേജർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

5. കൂടാതെ എസ്.പി. തലത്തിലുള്ള ഉദ്യോഗസ്ഥൻ (വിജിലൻസ് ഓഫീസർ) മാവേലി സ്റ്റോറുകളിൽ മിന്നൽ പരിശോധന നടത്തി അവശ്യ സാധനങ്ങൾ ആവശ്യാനുസരണം ഉണ്ട് എന്ന് ഉറപ്പുവരുത്താറുണ്ട്.

6. സബ്സിഡി സാധനങ്ങൾ സപ്ലൈകോയുടെ എല്ലാ വിൽപ്പനശാലകളിലും ആവശ്യത്തിന് ലഭ്യമാക്കുവാനുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പൊതുജനങ്ങൾക്ക് സബ്സിഡി സാധനങ്ങൾ കൃത്യമായി ലഭിക്കുന്നു എന്ന് ഉറപ്പാക്കാൻ എല്ലാ മാവേലി സൂപ്പർ മാർക്കറ്റ് തലത്തിലും ഓരോ ഔട്ട് ലൈറ്റും കേന്ദ്രീകരിച്ച് സാമൂഹിക പ്രവർത്തകരും ജനപ്രതിനിധികളും സപ്ലൈകോയുടെ ഉദ്യോഗസ്ഥരും ഉൾപ്പെട്ട ഉപഭോക്തൃ കമ്മിറ്റികൾ രൂപീകരിച്ച് പൊതുജനങ്ങൾക്ക് അവിടെ പരാതി അറിയിക്കാനും പരിഹരിക്കാനുമുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

7. ആവശ്യമായ സമയങ്ങളിൽ ഒരു ഡിപ്പോയിൽനിന്ന് മറ്റ് ഡിപ്പോകളിലേക്കും സാധനങ്ങൾ എത്തിച്ചു കൊടുക്കാനുള്ള നിർദ്ദേശം എല്ലാ മേഖലാ മാനേജർമാർക്കും നൽകിയിട്ടുണ്ട്.

8. ഇത്തരത്തിൽ വിപണിയിൽ കുറഞ്ഞ വിലയ്ക്ക് സ്റ്റോക്ക് എത്തിച്ച് വില വർദ്ധന ഉണ്ടാകാവുന്ന എല്ലാ സാഹചര്യങ്ങളും ഒഴിവാക്കുന്നതിനുള്ള നടപടികൾ തുടർന്നു വരുന്നുണ്ട്.

## സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ സഞ്ചിത നഷ്ടം

202(3085) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ സഞ്ചിത നഷ്ടം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) കോർപ്പറേഷനെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലേക്ക് നയിച്ച സാഹചര്യം വിശദമാക്കാമോ;

(സി) കമ്പോള ഇടപെടലിനായി സർക്കാരിൽനിന്ന് ധനസഹായം ലഭിക്കുന്നുണ്ടോ; കാലാകാലങ്ങളിൽ കോർപ്പറേഷൻ ആവശ്യപ്പെട്ട തുക നൽകുകയുണ്ടായോ; ഇല്ലെങ്കിൽ കുടിശ്ശിക എത്ര;

(ഡി) സാമ്പത്തിക പ്രതിസന്ധിയുടെ ഫലമായി കോർപ്പറേഷന്റെ ചില്ലറ വില്പന കേന്ദ്രങ്ങൾ പൂട്ടാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) വിപണിയിടപെടൽ പദ്ധതിമൂലമാണ് സപ്ലൈകോയ്ക്ക് സാമ്പത്തിക പ്രതിസന്ധി ഉണ്ടായത്.

(സി) ഉണ്ട്. ഈ സർക്കാർ അധികാരമേറ്റ ശേഷം സപ്ലൈകോയ്ക്ക് വിപണിയിടപെടൽ പദ്ധതിക്കായി അനുവദിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ഡി) ഇല്ല.

## സിവിൽ സപ്ലൈസിൽ സബ്സിഡി നിരക്കിൽ സാധനങ്ങൾ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

203(3087) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 ആരംഭത്തിൽ സിവിൽ സപ്ലൈസ് വില്പന കേന്ദ്രങ്ങൾ വഴി എത്ര സാധനങ്ങൾ സബ്സിഡി നിരക്കിൽ നൽകിയിരുന്നു എന്ന് അറിയിക്കാമോ; ആയതിനായി എത്ര തുക ചെലവാക്കിയിരുന്നു;

(ബി) നിലവിൽ എത്ര സാധനങ്ങൾ ഇതേ രീതിയിൽ സബ്സിഡി നിരക്കിൽ നൽകുന്നുണ്ടെന്ന് അറിയിക്കുമോ; അതിനായി എത്ര തുക ചെലവാക്കുന്നുണ്ട്;

(സി) പ്രസ്തുത കേന്ദ്രങ്ങൾവഴി വില്പന നടത്തുന്ന ഉല്പന്നങ്ങളുടെ വില ഒരു കാലഘട്ടത്തിൽ എത്രത്തോളം വർദ്ധിപ്പിച്ചു എന്ന് പറയുമോ;

(ഡി) വില്പനയ്ക്കായുള്ള ഉല്പന്നങ്ങൾ തെരഞ്ഞെടുക്കുമ്പോൾ ആയതിന്റെ ഘടനയിൽ ചെറുകിട വൻകിട എന്ന വ്യത്യാസം എത്രമാത്രം വരുത്തിയിട്ടുണ്ട്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) ഉഴുന്ന് ബോൾ, ഉഴുന്ന് പിളർന്നത്, വൻപയർ, തുവര പരിപ്പ്, പീസ് പരിപ്പ്, മുളക്, മല്ലി, ജീരകം, കടുക്, ഉലുവ, പഞ്ചസാര, മട്ട അരി, പച്ചരി, ബോധന അരി എന്നിവയായിരുന്നു സപ്ലൈകോയുടെ ഔട്ട്ലെറ്റുകൾവഴി സബ്സിഡി നിരക്കിൽ വിതരണം ചെയ്തിരുന്നത്. സപ്ലൈകോ വിൽപ്പനശാലകളിൽ പൊതുവെ വിൽപ്പന കുറവുള്ള കടുക്, ജീരകം, ഉലുവ, ഉഴുന്ന് പിളർന്നത്, പീസ് പരിപ്പ്, ബോധന അരി എന്നിവയെ സബ്സിഡി നൽകുന്ന ഇനങ്ങളിൽനിന്നും ഒഴിവാക്കി, ജനങ്ങൾക്ക് കൂടുതലായി ആവശ്യമുള്ള ചെറുപയർ, വൻകടല, ജയ അരി, കുറവ അരി, വെളിച്ചെണ്ണ എന്നിവയെ ഉൾപ്പെടുത്തി 6-7-2012-ൽ സബ്സിഡി സാധനങ്ങൾ പുനർനിർണ്ണയിച്ചിരുന്നു. 13 ഇനം സാധനങ്ങളാണ് സബ്സിഡി ഇനത്തിൽ വിൽപ്പന നടത്തുന്നത്. 2010-11 മുതൽ വിപണി ഇടപെടലിനായി സപ്ലൈകോ ചെലവഴിച്ച തുകയുടെയും സർക്കാർ നൽകിയ ധനസഹായത്തിന്റെയും വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു.*

(സി) അനുബന്ധം 2 ആയി ചേർക്കുന്നു. 1-12-2014 മുതൽ ഏതാനും സബ്സിഡി സാധനങ്ങളുടെ വില കുറച്ചിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) സപ്ലൈകോയിലൂടെ വിറ്റഴിക്കുന്നതിനായി ആവശ്യമായ ഉൽപ്പന്നങ്ങൾ ഔട്ട് ലെറ്റ് മാനേജർമാർ അതാത് സ്ഥലത്തെ ഉപഭോക്താക്കളുടെ അഭിരുചിക്കനുസരിച്ച് ഇൻഡന്റ് തയ്യാറാക്കുകയും ഡിപ്പോ തലത്തിൽ ക്രോഡീകരിച്ച്, ഡിപ്പോ തലത്തിൽ വാങ്ങുന്നവർക്ക് അവിടെ നടക്കുന്ന DMC-യുടെ അംഗീകാരത്തോടെ വാങ്ങുകയും ഹെഡ് ഓഫീസ് തലത്തിൽ പർച്ചെയ്സ് ഓർഡർ നൽകുന്നവയുടെ ഇൻഡന്റ് ഹെഡ് ഓഫീസിൽ നൽകുകയുമാണ് ചെയ്യുന്നത്. ഹെഡ് ഓഫീസ് തലത്തിലും ഡിപ്പോ തലത്തിലും ഒട്ട്ലെറ്റ് മാനേജർമാരുടെ ആവശ്യകതയനുസരിച്ച് വൻകിട ചെറുകിട വ്യത്യാസമില്ലാതെയാണ് ഉത്പന്നങ്ങൾ തെരഞ്ഞെടുക്കുന്നത്.

**മിനറൽ വാട്ടറിന്റെ ഗുണനിലവാരം**

204(*T 3088) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും ദേവസ്യവും കുടുംബക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന മിനറൽ വാട്ടറിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് ഏത് വകുപ്പിനെയാണ് അധികാരപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) സംസ്ഥാനത്തിനകത്ത് പ്രവർത്തിക്കുന്ന മിനറൽ വാട്ടർ കമ്പനികളുടെ പ്രവർത്തനവും ഉൽപന്നങ്ങളുടെ ഗുണനിലവാരവും പരിശോധിക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) കുപ്പിവെള്ളത്തിന്റെ വിപണന വില ഏകീകരിക്കുന്നതിനും അമിതവില ഈടാക്കുന്നത് തടയുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന മിനറൽ വാട്ടറിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് വേണ്ടി 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമ പ്രകാരം ഭക്ഷ്യസുരക്ഷാ വകുപ്പിനെയാണ് അധികാരപ്പെടുത്തിയിരിക്കുന്നത്.

(ബി) സംസ്ഥാനത്തു വിൽക്കുന്ന കുപ്പിവെള്ളം നിശ്ചിത ഗുണനിലവാരമുള്ളതാണെന്ന് ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനത്തെ എല്ലാ സ്ഥലങ്ങളിലും ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരുടെ പ്രത്യേക സ്ക്വാഡുകൾ പരിശോധന നടത്തി സാമ്പിളുകൾ

---

* T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ശേഖരിച്ച് പരിശോധനയ്ക്ക് അയയ്ക്കാറുള്ളതും നിശ്ചിതഗുണനിലവാരമില്ലാത്തതോ അൺ സെയ്ഫ് ആയോ കണ്ടെത്തുന്ന ഉല്പന്നത്തിന്റെ ഉൽപാദന വിതരണ വിൽപ്പന കേന്ദ്രങ്ങൾക്കെതിരെ 2006-ലെ ഭക്ഷ്യസുരക്ഷ ഗുണനിലവാര നിയമപ്രകാരം നടപടി സ്വീകരിക്കാറുണ്ട്.

(സി) ഈ വിഷയം ഇപ്പോൾ പരിഗണനയിൽ ഇല്ല.

**സിവിൽ സപ്ലൈസിന്റെ ആലപ്പുഴ ജില്ലയിലെ വില്പന കേന്ദ്രങ്ങൾ**

205(3089) <u>ശ്രീ. ജി. സുധാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ സിവിൽ സപ്ലൈസിന്റെ എത്ര വില്പന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുവെന്ന് വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആലപ്പുഴ ജില്ലയിൽ പുതുതായി എത്ര വില്പന കേന്ദ്രങ്ങൾ ആരംഭിച്ചുവെന്നും ആയത് എവിടെയെല്ലാമെന്നും വിശദമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ആലപ്പുഴ ജില്ലയിൽ ലാഭകരമല്ലാത്തതായി പ്രവർത്തിക്കുന്ന സിവിൽ സപ്ലൈസിന്റെ എത്ര ചില്ലറ വില്പന കേന്ദ്രങ്ങൾ കണ്ടെത്തിയിട്ടുണ്ടെന്നും അതിൽ എത്രയെണ്ണത്തിന്റെ പ്രവർത്തനം നിർത്തിയിട്ടുണ്ടെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ)

| | | |
|---|---|---|
| 1. | മാവേലി സ്റ്റോർ | 58 എണ്ണം |
| 2. | സൂപ്പർ മാർക്കറ്റ് | 34 എണ്ണം |
| 3. | പീപ്പിൾസ് ബസാർ | 1 എണ്ണം |
| 4. | മെഡിക്കൽ സ്റ്റോർ | 13 എണ്ണം |
| 5. | എൽ.പി.ജി. ഔട്ട് ലെറ്റ് | 1 എണ്ണം |

| | | |
|---|---|---|
| 6. | പെട്രോൾ ബങ്ക് | 1 എണ്ണം |
| 7. | മൊബൈൽ മാവേലി സ്റ്റോർ | 1 എണ്ണം |
| | ആകെ | 109 എണ്ണം |

(ബി)

1. കുട്ടനാട് താലൂക്കിലെ പുളിങ്കുന്ന് മാവേലി സ്റ്റോർ
2. കാർത്തികപ്പള്ളി താലൂക്കിലെ കരുവാറ്റ മാവേലി സ്റ്റോർ
3. മൊബൈൽ മാവേലി സ്റ്റോർ, ചേർത്തല (അരൂർ)

(സി) സപ്ലൈകോയുടെ പ്രവർത്തന ലക്ഷ്യം പൊതുവിപണിയിൽ സജീവമായി ഇടപെട്ട് അവശ്യഭക്ഷ്യ വസ്തുക്കൾ ന്യായവിലയ്ക്ക് ആവശ്യത്തിന് പൊതുജനങ്ങൾക്ക് എത്തിക്കുന്നതിനും അതുവഴി പൊതുവിപണിയിലെ അവശ്യ സാധനങ്ങളുടെ വില വർദ്ധനവ് നിയന്ത്രിച്ച് പൊതുജനങ്ങൾക്ക് ആശ്വാസമേകണം എന്നതാണ്. വിപണിയിടപെടൽ പദ്ധതിയുടെ ഭാഗമായി സപ്ലൈകോ 13 ഇനം അവശ്യ ഭക്ഷ്യ വസ്തുക്കൾ പൊതുവിപണി വിലയേക്കാൾ 20 മുതൽ 60% വരെ വിലകുറച്ച് സപ്ലൈകോ വിൽപ്പന ശാലകളിലൂടെ വിതരണം ചെയ്തുവരുന്നു. മാത്രവുമല്ല സപ്ലൈകോയുടെ ഭൂരിപക്ഷം മാവേലി സ്റ്റോറുകളും പ്രവർത്തിക്കുന്നത് കേരളത്തിന്റെ പിന്നോക്ക പ്രദേശങ്ങളിലാണ്. മേൽ സാഹചര്യത്തിൽ സപ്ലൈകോയുടെ ചില്ലറ വിൽപ്പനശാലകളായ മാവേലി സ്റ്റോറുകൾ, സൂപ്പർ മാർക്കറ്റുകൾ, പീപ്പിൾസ് ബസാറുകൾ എന്നിവയുടെ ലാഭനഷ്ട കണക്കുകൾ പ്രത്യേകമായി കണക്കാക്കാറില്ല. ആയതിനാൽ തന്നെ ലാഭകരമല്ല എന്ന കാരണത്താൽ മേൽ വിൽപ്പനശാലകളുടെ പ്രവർത്തനം നിർത്തിയിട്ടില്ല.

## മലപ്പുറം ജില്ലയിലെ മാവേലി സ്റ്റോറുകൾ

206(3090) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലപ്പുറം ജില്ലയിൽ എത്ര മാവേലി സ്റ്റോറുകൾ ആരംഭിച്ചു; അത് എവിടെയെല്ലാമാണ്; വ്യക്തമാക്കുമോ;

(ബി) മലപ്പുറം മണ്ഡലത്തിൽ എത്ര മാവേലി സ്റ്റോറുകൾ അനുവദിച്ചുവെന്നും അവ ഓരോന്നും പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ എന്നും വിശദമാക്കാമോ;

(സി) മലപ്പുറം ജില്ലയിൽ പുതുതായി മാവേലി സ്റ്റോറുകൾ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

## ഉത്തരം

(എ) 22 അവ താഴെ ചേർക്കുന്നു :

| ക്രമ നമ്പർ | മാവേലി സ്റ്റോറിന്റെ പേര് | ഗ്രാമപഞ്ചായത്തിന്റെ പേര് |
|---|---|---|
| (1) | (2) | (3) |
| 1. | അച്ചനമ്പലം | കണ്ണമംഗലം |
| 2. | ചെട്ടിപ്പറമ്പ് | കോട്ടൂർ |
| 3. | നടുവത്ത് | തിരുവാലി |
| 4. | മേൽമുറി | ആലത്തൂർപടി |
| 5. | വിളയിൽ | മുതുവല്ലൂർ |
| 6. | കുറുകോൽ | വളവന്നൂർ |
| 7. | എരുമമുണ്ട | ചുങ്കത്തറ |
| 8. | തച്ചിങ്ങടം | കീഴാറ്റൂർ |
| 9. | പനങ്ങാങ്ങര | പുഴക്കാട്ടിരി |
| 10. | പടിക്കൽ | മൂന്നിയൂർ |
| 11. | വെറ്റിലപ്പാറ | ഊർങ്ങാട്ടിരി |
| 12. | വള്ളുവമ്പ്രം | പൂക്കോട്ടൂർ |
| 13. | മുക്കീലപീടിക | എടയൂർ |
| 14. | പടപ്പറമ്പ് | കുറുവ |
| (1) | (2) | (3) |
| 15. | പുതിയേടത്ത് പറമ്പ് | പുളിക്കൽ |
| 16. | എടപ്പറ്റ | എടപ്പറ്റ |
| 17. | കോഴിക്കോട്ടുപറമ്പ് | മങ്കട |
| 18. | നിറമരുതൂർ | നിറമരുതൂർ |
| 19. | പഞ്ചായത്ത്പടി | ഊരകം |
| 20. | കാരാട്പറമ്പ് | വാഴയൂർ |
| 21. | ചപ്പനങ്ങാടി | പൊന്മള |

| | | |
|---|---|---|
| 22. | ചക്കാലക്കുത്ത് | നിലമ്പൂർ മുൻസിപ്പാലിറ്റി |

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലപ്പുറം നിയോജക മണ്ഡലത്തിൽ 3 മാവേലി സ്റ്റോർ അനുവദിക്കുകയും അവയെല്ലാം പ്രവർത്തിച്ചു തുടങ്ങുകയും ചെയ്തിട്ടുണ്ട്.

(സി) സപ്ലൈകോ വിൽപ്പനശാലകളില്ലാത്ത പഞ്ചായത്തുകളിൽ മാവേലി സ്റ്റോറുകൾ അനുവദിക്കുന്നതിനാണ് സപ്ലൈകോ നിലവിൽ മുൻഗണന നൽകുന്നത്. സർക്കാർ മാനദണ്ഡപ്രകാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുവാൻ ബന്ധപ്പെട്ട പഞ്ചായത്ത് തയ്യാറാകുന്ന മുറയ്ക്ക്, സാധ്യതാപഠന റിപ്പോർട്ടിന്റെയും ജീവനക്കാരുടെ ലഭ്യതയുടെയും അടിസ്ഥാനത്തിൽ പുതിയ മാവേലി സ്റ്റോർ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## ന്യായവില ഷോപ്പുകളിലെ താല്ക്കാലിക തൊഴിലാളികൾ

207(3091) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ന്യായവില ഷോപ്പുകളിൽ പായ്ക്കിംഗ് സെക്ഷനിൽ ദിവസ വേതനക്കാരായ എത്ര താല്ക്കാലിക തൊഴിലാളികളാണ് ജോലി ചെയ്ത് വരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തൊഴിലാളികളുടെ ജോലി സമയവും ദിവസവേതനവും എത്രയാണെന്ന് അറിയിക്കുമോ;

(സി) തൊഴിലാളികൾക്ക് ഇ. എസ്.ഐ. ആനുകൂല്യങ്ങളോ തൊഴിൽ സുരക്ഷയോ ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ;

(ഡി) ഇവരെ ജോലിയിൽ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഇ) സപ്ലൈകോ ഒരു പാക്കറ്റ് ഉൽപ്പന്നം പായ്ക്ക് ചെയ്യുന്നതിന് തൊഴിലാളികൾക്ക് എത്ര രൂപയാണ് വേതനമായി നൽകേണ്ടി വരുന്നതെന്നും പാക്ക് ചെയ്ത ഉൽപ്പന്നങ്ങൾക്ക് എത്ര രൂപയാണ് പാക്കിംഗ് ചാർജ്ജായി ഈടാക്കുന്നതെന്നും അറിയിക്കുമോ?

### ഉത്തരം

(എ) സപ്ലൈകോ സൂപ്പർ മാർക്കറ്റുകളിൽ 832 പായ്ക്കിംഗ് തൊഴിലാളികൾ

ജോലി ചെയ്യുന്നു.

(ബി) പ്രസ്തുത തൊഴിലാളികൾ അവരുടെ സൗകര്യപ്രദമായ സമയത്ത് പായ്ക്കറ്റ് ഒന്നിന് 50 പൈസ എന്ന നിരക്കിൽ ജോലി ചെയ്യുന്നു.

(സി) നൽകുന്ന വേതനത്തിന്റെ അടിസ്ഥാനത്തിൽ ഇ.പി.എഫ്., ഇ.എസ്.ഐ. ആനുകൂല്യങ്ങൾ നൽകിവരുന്നു.

(ഡി) തൽക്കാലം പരിഗണനയിലില്ല.

(ഇ) സപ്ലൈകോയിൽ ഒരു പാക്കറ്റ് ഉൽപ്പന്നം പായ്ക്ക് ചെയ്യുന്നതിന് തൊഴിലാളിക്ക് പായ്ക്കറ്റ് ഒന്നിന് 50 പൈസ എന്ന നിരക്കിൽ നൽകിവരുന്നു. ഉപഭോക്താവിൽനിന്ന് ഈടാക്കുന്ന പായ്ക്കിംഗ് ചാർജ് അനുബന്ധമായി ചേർക്കുന്നു.*

## ഹൈപ്പർ മാർക്കറ്റുകൾ

208(3092) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹൈപ്പർ മാർക്കറ്റുകൾ ആരംഭിക്കുന്നതിന് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ&ബി) മികച്ച സേവനങ്ങളും ആധുനിക സൗകര്യങ്ങളും എല്ലാത്തരം ഉപഭോക്താക്കൾക്കും മിതമായ നിരക്കിൽ ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ സപ്ലൈകോയുടെ സ്വന്തമായുള്ള സ്ഥലത്ത് ഹൈപ്പർ മാർക്കറ്റുകൾ നടത്തിവരുന്നു. ആധുനിക സൗകര്യങ്ങളോട് കൂടിയ റാക്കുകൾ, ബില്ലിംഗ് രീതികൾ, ട്രോളി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

എന്നിവയ്ക്ക് പുറമേ എല്ലാ സാധനങ്ങളും സ്വയം പരിശോധിച്ച് ബോധ്യപ്പെട്ട് തൃപ്തിയായി തിരഞ്ഞെടുക്കാനുള്ള സൗകര്യങ്ങളും ഇത്തരം ഹൈപ്പർ മാർക്കറ്റുകളിലൂടെ സാധാരണ ജനങ്ങൾക്ക് ലഭ്യമാകുന്നുണ്ട്. സബ്സിഡി നിരക്കിലുള്ള 13 ഇനം അവശ്യസാധനങ്ങൾക്കും മറ്റെല്ലാ നിത്യോപയോഗ സാധനങ്ങൾക്കും പുറമേ മറ്റ് പ്രാദേശിക ഉപഭോക്തൃ താത്പര്യ ഉത്പന്നങ്ങളും, സപ്ലൈകോയുടെ ഹൈപ്പർമാർക്കറ്റുകളിലൂടെ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നുണ്ട്. ആയതിനാൽ ഒരു കുടുംബത്തിന് ആവശ്യമായ പരമാവധി എല്ലാ സാധനങ്ങളും, പൊതുജനങ്ങൾ ആഗ്രഹിക്കുന്ന വിവിധ ബ്രാന്റുകളിലുള്ള മറ്റ് എല്ലാ ഉത്പന്നങ്ങളും വളരെ കുറഞ്ഞ നിരക്കിൽ ഉപഭോക്തൃ ചൂഷണം ഒഴിവാക്കി ആധുനിക സൗകര്യങ്ങളോടെ ഒരു കുടക്കീഴിൽ ലഭ്യമാക്കുകവഴി മികച്ച സാധനങ്ങൾ യഥേഷ്ടം തെരഞ്ഞെടുക്കുന്നതിനും അതോടൊപ്പം തന്നെ ഷോപ്പിംഗ് ഒരു അനുഭവമാക്കാനും സാധിക്കുന്നു.

(സി) തലശ്ശേരി, കോട്ടയം, എറണാകുളം, തിരുവനന്തപുരം എന്നിവിടങ്ങളിൽ സപ്ലൈകോയുടെ ഹൈപ്പർമാർക്കറ്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കരുനാഗപ്പള്ളിയിൽ ഹൈപ്പർമാർക്കറ്റിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട് അതുടനെ തന്നെ പ്രവർത്തനം ആരംഭിക്കുന്നതാണ്. പിറവം ഹൈപ്പർമാർക്കറ്റ് കം സബർബൻ മാളിന്റെ നിർമ്മാണം പുരോഗമിക്കുന്നു. തിരുവല്ല, കൊല്ലം എന്നിവിടങ്ങളിൽ ഹൈപ്പർ മാർക്കറ്റിനുള്ള പദ്ധതിക്ക് നടപടികൾ ആരംഭിച്ചിട്ടുണ്ട്.

### സൂപ്പർ മാർക്കറ്റുകൾ ആരംഭിക്കുന്നതിന് കർമ്മപദ്ധതി

209(3093) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ സൂപ്പർ മാർക്കറ്റുകൾ ആരംഭിക്കുന്നതിന് കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ

സ്വീകരിച്ചിട്ടുണ്ട്?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) മികച്ച സേവനങ്ങളും, ആധുനിക സൗകര്യങ്ങളും എല്ലാത്തരം ഉപഭോക്താക്കൾക്കും മിതമായ നിരക്കിൽ ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടു കൂടിയാണ് സപ്ലൈകോ സൂപ്പർ മാർക്കറ്റുകൾ നടത്തി വരുന്നത്. ആധുനിക സൗകര്യങ്ങളോടു കൂടിയ റാക്കുകൾ, ബില്ലിംഗ് രീതികൾ, ട്രോളികൾ എന്നിവയ്ക്ക് പുറമേ എല്ലാ സാധനങ്ങളും സ്വയം പരിശോധിച്ച് ബോധ്യപ്പെട്ട് തൃപ്തിയായി തെരഞ്ഞെടുക്കാനുള്ള സൗകര്യങ്ങളും ഇത്തരം സൂപ്പർ മാർക്കറ്റുകളിലൂടെ സാധാരണ ജനങ്ങൾക്ക് ലഭ്യമാകുന്നുണ്ട്. സബ്സിഡി നിരക്കിലുള്ള 13 ഇനം അവശ്യ സാധനങ്ങൾക്കും മറ്റെല്ലാ നിത്യോപയോഗ സാധനങ്ങൾക്കും പുറമേ പ്രാദേശിക ഉപഭോക്തൃ താൽപ്പര്യ ഉല്പന്നങ്ങളും സപ്ലൈകോയുടെ സൂപ്പർ മാർക്കറ്റുകളിലൂടെ ഉപഭോക്താക്കൾക്ക് ലഭ്യമാകുന്നുണ്ട്. ആയതിനാൽ ഒരു കുടുംബത്തിന് ആവശ്യമായ പരമാവധി എല്ലാ നിത്യോപയോഗ സാധനങ്ങളും, പൊതുജനങ്ങൾ ആഗ്രഹിക്കുന്ന വിവിധ ബ്രാൻഡുകളിലുള്ള മറ്റ് എല്ലാ ഉല്പന്നങ്ങളും വളരെ കുറഞ്ഞ നിരക്കിൽ ഉപഭോക്തൃ ചൂഷണം ഒഴിവാക്കി ആധുനിക സൗകര്യങ്ങളോടെ ഒരു കുടക്കീഴിൽ വിതരണം ചെയ്യുക എന്നതാണ് സൂപ്പർ മാർക്കറ്റുകൾ കൊണ്ട് ഉദ്ദേശിക്കുന്നത്. ആയതിനാൽ മികച്ച സാധനങ്ങൾ യഥേഷ്ടം തെരഞ്ഞെടുക്കുന്നതിനും അതോടൊപ്പം തന്നെ ഷോപ്പിംഗ് ആസ്വദിക്കുന്നതിനും എല്ലാ ഉപഭോക്താക്കൾക്കും സാധിക്കുന്നു.

(സി) കച്ചവട സാധ്യതയുള്ള സ്ഥലങ്ങളിൽ പുതിയ സൂപ്പർ മാർക്കറ്റുകൾ ആരംഭിക്കുന്നതു കൂടാതെ ശരാശരി പ്രതിമാസ വിറ്റുവരവ് 10 ലക്ഷം രൂപയിൽ കൂടുതലുള്ള മാവേലി സ്റ്റോറുകളെ സൂപ്പർ മാർക്കറ്റുകളായി ഉയർത്തുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നുണ്ട്. ഇപ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആകെ 51 സൂപ്പർ മാർക്കറ്റുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

**പുതുക്കിയ റേഷൻ കാർഡ് വിതരണം**

210(3094) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കിയ റേഷൻ കാർഡ് വിതരണത്തെ സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അപേക്ഷകർക്ക് യഥാസമയം റേഷൻ കാർഡ് വിതരണം ചെയ്യാൻ കഴിയാതെ വന്നിട്ടുണ്ടോ; എങ്കിൽ അത് ഗുരുതരമായ ഒരു വീഴ്ചയായി കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ അത്തരമൊരു വീഴ്ചയ്ക്ക് കാരണമെന്താണ് ;

(സി) റേഷൻകാർഡ് പുതുക്കുന്നതിനുള്ള അപേക്ഷാഫോം വിതരണം മുതൽ പുതിയ കാർഡിലെ തെറ്റ് തിരുത്തൽ വരെയുണ്ടായ കാര്യക്ഷമതയില്ലായ്മ പൊതുജനങ്ങൾക്ക് വളരെയേറെ ബുദ്ധിമുട്ടുകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പുതുക്കിയ റേഷൻകാർഡിനുള്ള അപേക്ഷ, അക്ഷയകേന്ദ്രങ്ങൾ വഴിയോ അല്ലാതെയോ ഓൺലൈനായി സ്വീകരിച്ചിരുന്നുവെങ്കിൽ സമാന സാഹചര്യം ഉണ്ടാകുമായിരുന്നോ എന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(ഇ) പുതുക്കിയ റേഷൻകാർഡ്, അപേക്ഷകർക്ക് അതിവേഗം നൽകുന്നതിനും പൊതുജനങ്ങൾക്ക് ഇതുമായി ബന്ധപ്പെട്ട് കൂടുതൽ പ്രയാസങ്ങൾ സൃഷ്ടിക്കാതിരിക്കുന്നതിനും ശ്രദ്ധ നൽകുമോ ?

<u>ഉത്തരം</u>

(എ) റേഷൻകാർഡ് വിതരണത്തെ സംബന്ധിച്ച് പരാതികളില്ല. കരട് അപേക്ഷ ഫോമുകളെ കുറിച്ചാണ് പരാതി വന്നിട്ടുള്ളത്.

(ബി) 31-3-2016 മുതൽ പുതിയ കാർഡുകൾ വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. ഇപ്പോൾ നിലവിലുള്ള കാർഡിൽ എല്ലാ ആനുകൂല്യങ്ങളും കാർഡുടമയ്ക്ക് ലഭിക്കുന്നുണ്ട്. മാത്രമല്ല, പുതിയ വീടുകളിലേക്ക് താമസം മാറുന്നവർക്ക് 6 മാസത്തേക്ക് താൽക്കാലിക കാർഡുകൾ നൽകുന്നുണ്ട്. ആയതിനാൽ ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാവുന്നില്ല.

(സി) ഇല്ല. പൊതുജനങ്ങൾക്ക് അപേക്ഷാ ഫാറങ്ങൾ അവരവരുടെ റേഷൻ കടയിലൂടെയാണ് വിതരണം ചെയ്തിരുന്നത്. ഫോട്ടോ ക്യാമ്പുകൾ റേഷൻ കടകളുടെ സമീപത്തായാണ് സംഘടിപ്പിച്ചിരുന്നത്. ഇതിനുപുറമേ മൊബൈൽ ഫോട്ടോ യൂണിറ്റുകൾ പ്രവർത്തിച്ചിരുന്നു. ക്യാമ്പുകളിൽ ഫോട്ടോ എടുക്കാൻ സാധിക്കാത്തവർക്ക് പഞ്ചായത്തുകൾ കേന്ദ്രീകരിച്ചും താലൂക്ക് സപ്ലൈ ഓഫീസുകൾ കേന്ദ്രീകരിച്ചും സൗകര്യങ്ങൾ ഏർപ്പെടുത്തിയിരുന്നു. വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടും രേഖകൾ സമർപ്പിച്ചതിൽ അപാകതകൾ ബോദ്ധ്യപ്പെട്ടതിനാൽ തെറ്റുകൾ തിരുത്തുന്നതിനായി ഓൺലൈൻ സൗകര്യം നൽകിയതിനുപുറമേ ഡാറ്റാ എൻട്രി ഫോറത്തിന്റെ പകർപ്പ് അവരവരുടെ റേഷൻ കടകളിലൂടെ നൽകി രേഖപ്പെടുത്തിയ ഡാറ്റായുടെ കൃത്യത ഉറപ്പുവരുത്തുകയാണ്.

(ഡി) അവരവരുടെ റേഷൻ കടകളിലൂടെ അപേക്ഷ സ്വീകരിക്കുന്നതാണ്

ഗുണഭോക്താക്കൾക്ക് സൗകര്യം, അതിനാലാണ് എ.ആർ.ഡി.-കൾവഴി വിതരണം നടത്തിയത്. അക്ഷയ കേന്ദ്രങ്ങളേക്കാൾ അവരുടെ കടകളിൽനിന്ന് അപേക്ഷ വാങ്ങുന്നതാണ് ജനങ്ങൾക്ക് സൗകര്യം.

(ഇ) പുതിയ കാർഡുകൾ 31-3-2016 മുതൽ വിതരണം ചെയ്യുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. നിലവിലുള്ള കാർഡിൽ എല്ലാ ആനുകൂല്യങ്ങളും ഗുണഭോക്താക്കൾക്ക് ലഭിക്കുന്നുണ്ട്.

**അവശ്യസാധന വിലവർദ്ധനവ്**

211(3095) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആവശ്യസാധന വില വർദ്ധനവ് തടയുന്നതിനായി എത്ര തുക ബഡ്ജറ്റിൽ വകയിരുത്തുകയുണ്ടായി എന്ന് അറിയിയ്ക്കാമോ ;

(ബി) ഇതിനായി എത്ര തുക വിനിയോഗിച്ചിട്ടുണ്ട് ; പ്രസ്തുത ഇനത്തിൽ ഓരോ വർഷവും എത്ര തുകയാണ് കുടിശ്ശികയായിരിക്കുന്നത് ; വ്യക്തമാക്കുമോ;

(സി) ബഡ്ജറ്റിൽ വകയിരുത്തുന്നതും വിനിയോഗിക്കുന്നതും തമ്മിലുള്ള അന്തരം സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തനത്തെ ഏത് തരത്തിൽ ബാധിച്ചിട്ടുണ്ട് എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അവശ്യസാധന വിലവർദ്ധന തടയുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു:

| വർഷം | ബജറ്റിൽ വകയിരുത്തിയ തുക (കോടിയിൽ) |
|---|---|
| 2011-12 | 50 |
| 2012-13 | 50 |
| 2013-14 | 60 |
| 2014-15 | 65 |
| 2015-16 | 65 |

(ബി) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| വർഷം | സർക്കാർ നൽകിയതുക (കോടിയിൽ) | കോർപ്പറേഷനു ചെലവായതുക (കോടിയിൽ) | കോർപ്പറേഷനു ലഭിക്കുവാനുള്ള കുടിശ്ശിക (കോടിയിൽ) |
|---|---|---|---|
| 2011-12 | 118.35 | 164.96 | 46.61 |
| 2012-13 | 135 | 288.55 | 153.55 |
| 2013-14 | 116.02 | 320.79 | 204.77 |
| 2014-15 | 70 | 257.78 | 187.78 |
| 2015-16 (സെപ്റ്റംബർ വരെ) | 64 | 110.23 | 46.23 |

(സി) പരിശോധിക്കുന്നതാണ്.

**നിത്യോപയോഗ സാധനങ്ങൾ റേഷൻകടകൾവഴി വിതരണം**

212(3096) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വില അനിയന്ത്രിതമായി വർദ്ധിക്കുന്നതിനാൽ അവ റേഷൻ കടകൾവഴി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇല്ലെങ്കിൽ നിത്യോപയോഗ സാധനങ്ങൾ റേഷൻ കടകൾവഴി ജനങ്ങൾക്ക് ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) നിത്യോപയോഗ സാധനങ്ങളായ അരി, ഗോതമ്പ്, പഞ്ചസാര, ആട്ട, മണ്ണെണ്ണ എന്നിവ സബ്സിഡി നിരക്കിൽ റേഷൻ കടകൾവഴി നല്കി വരുന്നു. ബി.പി.എൽ. കാർഡുടമകൾക്ക് 25 കിലോഗ്രാം അരി 1 രൂപ നിരക്കിലും 7 കിലോഗ്രാം ഗോതമ്പ് 2 രൂപ നിരക്കിലും നല്കി വരുന്നു. സംസ്ഥാനത്ത് 14.63 ലക്ഷത്തോളം ബി.പി.എൽ. കാർഡുകൾ നിലവിലുണ്ട്. എ.പി.എൽ.

കാർഡുകൾക്ക് കിലോയ്ക്ക് 8.90 രൂപ നിരക്കിൽ 9 കിലോഗ്രാം അരിയും കിലോഗ്രാമിന് 6.70 രൂപ നിരക്കിൽ 2 കിലോഗ്രാം ഗോതമ്പും നല്കിവരുന്നു. ഈ വിഭാഗത്തിൽപ്പെട്ട 21 ലക്ഷത്തോളം എ.പി.എൽ. കാർഡുടമകൾ നിലവിലുണ്ട്. എ.പി.എൽ. വിഭാഗത്തിൽപ്പെട്ട രണ്ടു രൂപ നിരക്കിലുള്ള ഭക്ഷ്യധാന്യ വിതരണ പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് (സബ്സിഡി സ്കീം) കിലോയ്ക്ക് 2 രൂപ നിരക്കിൽ 9 കിലോഗ്രാം അരിയും കിലോഗ്രാമിന് 6.70 രൂപ നിരക്കിൽ 2 കിലോഗ്രാം ഗോതമ്പും നൽകിവരുന്നു. ഈ വിഭാഗത്തിൽപ്പെട്ട 41.5 ലക്ഷത്തോളം എ.പി.എൽ. സബ്സിഡി കാർഡുടമകൾ നിലവിലുണ്ട്. എ.എ.വൈ. വിഭാഗത്തിൽപ്പെട്ടവർക്ക് 1 രൂപ നിരക്കിൽ 35 കിലോഗ്രാം അരി നൽകിവരുന്നു. എ.എ.വൈ. വിഭാഗത്തിൽപ്പെട്ട 5.85 ലക്ഷത്തോളം കാർഡുടമകൾ നിലവിലുണ്ട്. പാവപ്പെട്ടവരിൽ പാവപ്പെട്ടവരും ആദിവാസി വിഭാഗങ്ങളും വിധവകളും മാരകമായ രോഗം ബാധിച്ചവരുമാണ്. ഈ പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്നത്. അന്നപൂർണ്ണ കാർഡുടമകൾക്ക് പ്രതിമാസം 10 കിലോഗ്രാം അരി സൗജന്യമായി നൽകി വരുന്നു. അന്നപൂർണ്ണ വിഭാഗത്തിൽപ്പെട്ട മുപ്പതിനായിരത്തോളം കാർഡുടമകൾ നിലവിലുണ്ട്. 65 വയസ്സ് കഴിഞ്ഞ വാർദ്ധക്യകാല പെൻഷന് അർഹതയുള്ള എന്നാൽ പെൻഷൻ ലഭിക്കാത്ത വയോജനങ്ങളെയാണ് അന്നപൂർണ്ണ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതുകൂടാതെ കിലോഗ്രാമിന് 13.50 രൂപ നിരക്കിൽ ബി.പി.എൽ./എ.എ.വൈ. വിഭാഗത്തിലെ ഓരോ അംഗത്തിനും 400 ഗ്രാം പഞ്ചസാര ഓരോ മാസവും നൽകുന്നുണ്ട്. ഉത്സവകാലങ്ങളിൽ എല്ലാ കാർഡുടമകൾക്കും 1 കിലോഗ്രാം വീതം സ്പെഷ്യൽ പഞ്ചസാരയും നൽകിവരുന്നു. എല്ലാ വൈദ്യുതീകരിച്ച വീടുള്ള കുടുംബങ്ങൾക്കും ഒരു ലിറ്റർ/അര ലിറ്റർ മണ്ണെണ്ണയും വൈദ്യുതീകരിക്കാത്ത വീടുള്ള കുടുംബങ്ങൾക്ക് 4 ലിറ്റർ മണ്ണെണ്ണയും ലിറ്ററിന് 17/18 രൂപ നിരക്കിൽ ഓരോ മാസവും നൽകുന്നുണ്ട്.

**വിലക്കയറ്റം തടയാൻ സർക്കാർ സിവിൽ സപ്ലൈസിന് നൽകിയ തുക**

213(3097) <u>ശ്രീ. പി. തിലോത്തമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിലക്കയറ്റം തടയാൻ കഴിഞ്ഞ സർക്കാർ കാലയളവിൽ സിവിൽ സപ്ലൈസിന് വിവിധ സന്ദർഭങ്ങളിലായി ആകെ നൽകിയ തുക എത്രയായിരുന്നുവെന്ന് പറയാമോ;

(ബി) വിലക്കയറ്റം ചെറുക്കാൻ ഈ സർക്കാർ നാളിതുവരെ സിവിൽ സപ്ലൈസിന് നൽകിയ ആകെ തുക എത്രയാണെന്ന് പറയാമോ;

(സി) സിവിൽ സപ്ലൈസിന് സർക്കാർ നൽകിയെന്ന് പറയുന്ന തുക പൂർണ്ണമായും വിനിയോഗിക്കപ്പെട്ടോ എന്നും തുക വകമാറ്റിയിട്ടുണ്ടോ എന്നും ഇതിന്റെ വിനിയോഗത്തിൽ എന്തെങ്കിലും അഴിമതി നടന്നിട്ടുണ്ടോ എന്നും പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഈ അന്വേഷണത്തിൽ വെളിപ്പെടുന്ന വസ്തുതകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) വിലക്കയറ്റം തടയുന്നതിനായി കഴിഞ്ഞ സർക്കാർ വിപണി ഇടപെടൽ ഇനത്തിൽ അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു:

| വർഷം | അനുവദിച്ച തുക (കോടിയിൽ) |
|---|---|
| 2006-07 | 30 |
| 2007-08 | 50 |
| 2008-09 | 105 |
| 2009-10 | 83 |
| 2010-11 | 76.31 |

(ബി) വിലക്കയറ്റം തടയുന്നതിനായി ഈ സർക്കാർ വിപണി ഇടപെടലിന് നൽകിയ തുക സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു:

| വർഷം | അനുവദിച്ച തുക (കോടിയിൽ) |
|---|---|
| 2011-12 | 118.35 |
| 2012-13 | 135 |
| 2013-14 | 116.02 |
| 2014-15 | 70 |
| 2015-16 (സെപ്തംബർ വരെ) | 64 |

(സി) സിവിൽ സപ്ലൈസ് കോർപ്പറേഷന് സർക്കാരിൽനിന്നും ലഭിച്ച തുക

അതത് ഇനങ്ങളിൽ തന്നെ പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ട്. സർക്കാർ അനുവദിച്ച തുക വകമാറ്റി ചെലവഴിച്ചതായോ ഫണ്ട് വിനിയോഗം സംബന്ധിച്ച് അഴിമതി സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നടന്നതായോ അറിവില്ല.

**സബ്സിഡിയായി നൽകുന്ന ഭക്ഷ്യവസ്തുക്കൾ**

214(3098) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകളിലും മാവേലി സ്റ്റോറുകളിലും സബ്സിഡിയായി നൽകുന്ന ഭക്ഷ്യവസ്തുക്കൾ ഉപഭോക്താവിന് ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നുവെന്ന് വിശദമാക്കുമോ ;

(ബി) ആയതിനുള്ള പരിശോധനാ സംവിധാനം നിലവിലുണ്ടോ ;

(സി) എ.പി.എൽ., ബി.പി.എൽ. വിഭാഗങ്ങൾക്ക് പ്രതിമാസം ഏതെല്ലാം ഭക്ഷ്യവിഭവങ്ങളാണ് നൽകുന്നത് ; ആയതിന്റെ വിശദാംശം കടയുടെ മുമ്പിൽ പ്രദർശിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

**ഉത്തരം**

(എ) റേഷൻ കടകളിൽ കൂടി നൽകുന്ന ഭക്ഷ്യവസ്തുക്കൾ യഥാർത്ഥ ഉപഭോക്താവിന് ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തുവാൻ ശക്തവും ഫലപ്രദവുമായ സംവിധാനം നിലവിലുണ്ട്. അർഹരായ ഉപഭോക്താക്കൾക്ക് അർഹമായ അളവിലും തൂക്കത്തിലും ഭക്ഷ്യസാധനങ്ങൾ ലഭ്യമാകുന്നു എന്നുറപ്പ് വരുത്തുന്നതിനായി റേഷനിംഗ് ഇൻസ്പെക്ടർമാർ മുതൽ മുകളിലോട്ടുള്ള സിവിൽ സപ്ലൈസ് വകുപ്പിലെ ഉദ്യോഗസ്ഥന്മാർ റേഷൻകടകളിൽ നിരന്തരം പരിശോധന നടത്തുന്നു. കൂടാതെ റേഷൻകാർഡുകളും റേഷൻകടകളിലെ റിക്കാർഡുകളുമായി ഒത്തുനോക്കി കാര്യക്ഷമമായ പരിശോധന നടത്തണമെന്ന് നിർദ്ദേശം നല്കിയിട്ടുള്ളതും അത്തരത്തിൽ പരിശോധന നടന്നുവരുന്നതുമാകുന്നു. റേഷൻകടകളിലൂടെ പ്രതിമാസം വിതരണം ചെയ്യുന്ന ഭക്ഷ്യസാധനങ്ങളുടെ അളവും നിരക്കും പത്രമാദ്ധ്യമങ്ങളിലൂടെ കമ്മീഷണറേറ്റിൽനിന്നും, കൂടാതെ തന്മാസം ആദ്യംതന്നെ ജില്ലയിലെ അതാത് മാസത്തെ വിതരണക്രമവും വിലയും മാദ്ധ്യമങ്ങളിലൂടെ ജില്ലാ സപ്ലൈ ഓഫീസിൽ നിന്നും പ്രസിദ്ധപ്പെടുത്തുന്നു. കൂടാതെ റേഷൻ കടകളിൽ, വില വിവരപ്പട്ടികയും പ്രതിമാസ ലഭ്യതയും ഉപഭോക്താക്കൾ കാണത്തക്കവിധം എഴുതി പ്രദർശിപ്പിക്കണമെന്ന് നിർദ്ദേശം നല്കിയിട്ടുണ്ട്. വിലവിവരപ്പട്ടിക പ്രദർശിപ്പിക്കാത്ത കടയുമടകൾക്കെതിരെ

കേരള റേഷനിംഗ് ഓർഡർ പ്രകാരം നടപടി സ്വീകരിക്കുന്നു. റേഷൻ കടകളിൽ വിതരണം ചെയ്യുന്ന റേഷൻ സാധനങ്ങളുടെ സാമ്പിൾ കടയിൽ പ്രദർശിപ്പിക്കുകയും ഉപഭോക്താക്കൾക്ക് അവ കണ്ട് ബോധ്യപ്പെടുകയും ചെയ്യാവുന്നതാണ്. കൂടാതെ, എഫ്.സി.ഐ. മുതൽ എ.ആർ.ഡി. വരെയുള്ള പൊതു വിതരണ ശൃംഖല സമ്പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു. സപ്ലൈകോ മാവേലി സ്റ്റോറുകളിലും അനുബന്ധ സ്ഥാപനങ്ങളിലും റേഷൻ കാർഡിന്റെ അടിസ്ഥാനത്തിൽ സബ്സിഡി അനുവദിക്കുന്ന സാധനങ്ങൾ പ്രതിമാസം നിശ്ചിത അളവിൽ നിജപ്പെടുത്തി ഉപഭോക്താവിന് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സബ്സിഡി സാധനങ്ങളുടെ സ്റ്റോക്ക് ആവശ്യത്തിന് സപ്ലൈകോയുടെ എല്ലാ വില്പനശാലകളിലും ഉറപ്പുവരുത്തുന്നതിനും അവയുടെ ദുരുപയോഗം തടയുന്നതിനും പോലീസ് സൂപ്രണ്ട് റാങ്കിലുള്ള ഉദ്യോഗസ്ഥന്റെ (വിജിലൻസ് ഓഫീസർ) നേതൃത്വത്തിൽ വിജിലൻസ് സ്ക്വാഡുകൾ മുഖേനയും ഇന്റേർണൽ ഓഡിറ്റ് വിഭാഗം, മാർക്കറ്റിംഗ് & ഇൻസ്പെക്ഷൻ വിഭാഗം എന്നിവ മുഖേനയും വില്പനശാലകളിൽ പരിശോധന നടത്തി വരുന്നുണ്ട്. കൂടാതെ, പൊതുജനങ്ങൾക്ക് സബ്സിഡി സാധനങ്ങൾ കൃത്യമായി ലഭിക്കുന്നു എന്ന് ഉറപ്പാക്കാൻ എല്ലാ മാവേലി സ്റ്റോർ/സൂപ്പർ മാർക്കറ്റ് തലത്തിലും ഓരോ ഔട്ട് ലെറ്റും കേന്ദ്രീകരിച്ച് സാമൂഹ്യപ്രവർത്തകരും, ജനപ്രതിനിധികളും സപ്ലൈകോയുടെ ഉദ്യോഗസ്ഥരും ഉൾപ്പെട്ട ഉപഭോക്തൃ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് പരാതി അറിയിക്കാനും പരിഹരിക്കാനുമുള്ള സംവിധാനവും അവിടെ ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ഉണ്ട്. റേഷനിംഗ് ഇൻസ്പെക്ടർമാർ മുതൽ മുകളിലോട്ടുള്ള സിവിൽ സപ്ലൈസ് വകുപ്പിലെ ഉദ്യോഗസ്ഥന്മാർ റേഷൻകടകളിൽ നിരന്തരം പരിശോധന നടത്തുന്നു. കൂടാതെ സപ്ലൈകോയിലെ സ്ഥാപനങ്ങളിൽ നിശ്ചിത കാലയളവിൽ പരിശോധന നടത്തി കൃത്യത ഉറപ്പ് വരുത്തുന്നുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ഡിപ്പോ തലത്തിലും മേഖലാ കാര്യാലയതലത്തിലും, കേന്ദ്ര കാര്യാലയതലത്തിലും പ്രവർത്തന അവലോകനം നടത്തുകയും പ്രശ്നങ്ങൾ പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ സപ്ലൈകോ വില്പനശാലകളുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി സപ്ലൈകോയുടെ കീഴിൽ സുസജ്ജമായ ഒരു ആഡിറ്റ് & ഇൻസ്പെക്ഷൻ വിഭാഗം പ്രവർത്തിക്കുന്നുണ്ട്. ഇൻസ്പെക്ഷനായി നിയോഗിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥർ ഔട്ട് ലെറ്റുകളിൽ ക്രമാനുഗതമായി പരിശോധന നടത്തി റിപ്പോർട്ട് അതാത് ഡിപ്പോ മാനേജർമാർക്ക് സമർപ്പിക്കുകയും ഡിപ്പോ മാനേജർമാർ അത് വിലയിരുത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

(സി) എ.പി.എൽ. ബി.പി.എൽ. വിഭാഗങ്ങൾക്ക് പ്രതിമാസം ലഭ്യമാകുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവ് അനുബന്ധമായി ചേർക്കുന്നു.* റേഷൻകടകളിൽ, വിലവിവരപ്പട്ടികയും പ്രതിമാസ ലഭ്യതയും ഉപഭോക്താക്കൾ കാണത്തക്കവിധം "സ്റ്റോക്ക്-കം-പ്രൈസ് ബോർഡ്" എഴുതി പ്രദർശിപ്പിക്കണമെന്ന് നിർദ്ദേശം നല്കിയിട്ടുണ്ട്. വിലവിവരപ്പട്ടിക പ്രദർശിപ്പിക്കാത്ത കടയുടമകൾക്കെതിരെ കേരള റേഷനിംഗ് ഓർഡർ പ്രകാരം കർശന നടപടി സ്വീകരിക്കുന്നു.

## സപ്ലൈകോയിലെ തസ്തികകൾ

215(3099) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിലവിൽ വന്ന സപ്ലൈകോ ഔട്ട് ലെറ്റുകൾ എത്ര; ഇതിന് ആനുപാതികമായി സപ്ലൈകോയിൽ സൃഷ്ടിച്ചിട്ടുള്ള തസ്തികകൾ എത്രയെന്ന് വിശദമാക്കുമോ;

(ബി) കഴിഞ്ഞ 5 വർഷത്തിനിടെ പുതിയതായി നിയമിച്ച അസിസ്റ്റന്റ് സെയിൽസ്മാൻമാർ എത്ര; അതിൽ എത്ര പേർ ഇപ്പോഴും തുടരുന്നുണ്ട്; ഒന്നിൽകൂടുതൽ ഔട്ട് ലെറ്റുകളുടെ ചാർജ് വഹിക്കുന്ന എത്ര ജീവനക്കാർ ഉണ്ട്; ഇവർക്ക് ചാർജ് അലവൻസ് നൽകിയിട്ടുണ്ടോ;

(സി) നിലവിൽ സീനിയർ അസിസ്റ്റന്റ് I, സീനിയർ അസിസ്റ്റന്റ് II എന്നീ തസ്തികകളിൽ കോർപ്പറേഷൻ സ്റ്റാഫിന് പ്രൊമോഷൻ നൽകാനുള്ള തടസ്സം എന്തെന്ന് വ്യക്തമാക്കുമോ;

(ഡി) ഡെപ്യൂട്ടേഷൻ നിർത്തലാക്കുന്നതിന്റെ ഭാഗമായി ജീവനക്കാർക്ക് ഓപ്ഷൻ നൽകാനുള്ള തീരുമാനം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ഇ) സപ്ലൈകോയിൽ കോമൺ സർവ്വീസ് റൂൾ നടപ്പിലാക്കിയോ; വിശദാംശം വ്യക്തമാക്കുമോ;

(എഫ്) കോൺട്രിബ്യൂട്ടറി പെൻഷൻ സപ്ലൈകോയിൽ നടപ്പിലാക്കി തുടങ്ങിയോ; വിശദമാക്കുമോ;

(ജി) പ്രൊഡക്ടിവിറ്റി കൗൺസിലിന്റെ റിപ്പോർട്ട് പ്രകാരം പുതിയതായി സൃഷ്ടിച്ച തസ്തികകൾ എത്ര ; വ്യക്തമാക്കുമോ; സപ്ലൈകോയിലെ ഡെപ്യൂട്ടേഷൻ നിർത്തലാക്കുന്നതിനായി റിപ്പോർട്ട് സമർപ്പിക്കാൻ നിയമിച്ച ബിഫുകുമാർ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കമ്മീഷൻ റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിലവിൽ വന്ന സപ്ലൈകോ ഔട്ട് ലെറ്റുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*. ആനുപാതികമായി തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടില്ല.

(ബി) പുതിയതായി നിയമിച്ച അസിസ്റ്റന്റ് സെയിൽസ്മാൻമാരുടെ എണ്ണം 2032 ആണ്. ആയതിൽ 960 പേർ ഇപ്പോഴും തുടരുന്നുണ്ട്. ഒന്നിൽ കൂടുതൽ ഔട്ട് ലെറ്റുകളുടെ ചാർജ് വഹിക്കുന്ന 55 ജീവനക്കാർ ഉണ്ട്; ഇവർക്ക് ചാർജ് അലവൻസ് നൽകുന്നില്ല.

(സി) തടസ്സമൊന്നുമില്ല.

(ഡി) പരിശോധിക്കുന്നതാണ്.

(ഇ) ഇല്ല. കോമൺ സർവ്വീസ് റൂൾ നടപ്പിലാക്കുന്നതിനുള്ള കരട് ചട്ടം സപ്ലൈകോ മാനേജിംഗ് ഡയറക്ടറിൽനിന്നും ലഭിച്ചിട്ടില്ല.

(എഫ്) സപ്ലൈകോ ജീവനക്കാർക്കായി നാഷണൽ പെൻഷൻ സ്കീം (NPS) നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചു വരുന്നു.

(ജി) സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗൺസിലിന്റെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടില്ല. സപ്ലൈകോയിലെ ഡെപ്യൂട്ടേഷൻ നിർത്തലാക്കുന്നതിനായി സർക്കാർ കമ്മീഷനെ നിയോഗിച്ചിട്ടില്ല.

**ഭക്ഷ്യസുരക്ഷാ പദ്ധതി**

216(3101) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസുരക്ഷാ പദ്ധതിയുമായി ബന്ധപ്പെട്ട് പൂർത്തിയാക്കേണ്ട നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ടോ ; ഇല്ലെങ്കിൽ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നടപടിക്രമങ്ങൾ യഥാസമയം പൂർത്തീകരിക്കാത്തതുമൂലം എ.പി.എൽ. സബ്സിഡി നഷ്ടമാകാൻ ഇടയുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) കേന്ദ്രം നിഷ്കർഷിച്ച സമയപരിധിക്കുള്ളിൽ നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യം കേന്ദ്രത്തെ യഥാസമയം അറിയിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) കേന്ദ്രം നിഷ്കർഷിച്ച മാനദണ്ഡങ്ങൾ അടിയന്തരമായി പൂർത്തീകരിച്ച് ഇതുമായി ബന്ധപ്പെട്ടുണ്ടായിട്ടുള്ള ആശങ്കകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ദേശീയ ഭക്ഷ്യഭദ്രതാ നിയമം 2013 നടപ്പിലാക്കുന്നത് സംബന്ധിച്ച പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. ഭക്ഷ്യഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനായി നാല് കാര്യങ്ങൾ പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്.

1. മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തൽ
2. വാതിൽപ്പടി റേഷൻ വിതരണം
3. പൊതുവിതരണ രംഗത്ത് സമ്പൂർണ്ണ കമ്പ്യൂട്ടർവത്ക്കരണം
4. പരാതി പരിഹാര സംവിധാനം

ദേശീയ ഭക്ഷ്യഭദ്രതാ നിയമപ്രകാരം മുൻഗണനാ വിഭാഗത്തെ കണ്ടെത്തേണ്ടതായിട്ടുണ്ട്. കുടുംബത്തിലെ 18 വയസ്സിൽ കുറയാത്ത വനിതാ അംഗത്തെ കുടുംബമേധാവി ആക്കിയാണ് റേഷൻ കാർഡുകൾ നൽകേണ്ടത്. ഇതിനായി ആവശ്യമായ വിവരശേഖരണം നടത്തുന്നതിനായി പ്രീ-പോപ്പുലേറ്റഡ് ഫോറം റേഷൻ കടകളിലൂടെ കാർഡുടമകൾക്ക് വിതരണം ചെയ്യുകയും ഫോട്ടോ എടുക്കുന്നതിനായി ക്യാമ്പുകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രീ-പോപ്പുലേറ്റഡ് ഫോറത്തിലൂടെ ലഭ്യമായ വിവരങ്ങൾ ഉപഭോക്താക്കൾക്ക് കാണുവാൻ ഓൺലൈൻവഴി അവസരം നൽകിയിരുന്നു. എന്നാൽ ഇതിലൂടെ ലഭ്യമായ പ്രതികരണം കുറവായതിനാൽ ഡേറ്റാ എൻട്രി പ്രിന്റൗട്ടുകൾ കാർഡുടമകളുടെ പരിശോധനയ്ക്കായി അതാത് റേഷൻ കടകളിൽ ലഭ്യമാക്കിയതിൽ കാർഡുടമകൾ തിരുത്തൽ വരുത്തിയതിന്റെ അടിസ്ഥാനത്തിൽ ഡേറ്റാ എൻട്രി ഇപ്പോൾ പൂർത്തീകരിച്ചുവരികയാണ്. ഡേറ്റാ എൻട്രി പൂർത്തിയാക്കി അർഹരായ കുടുംബങ്ങളുടെ കരട് ലിസ്റ്റ് പ്രസിദ്ധീകരിച്ച് അതിന്മേൽ പരാതികളും ആക്ഷേപങ്ങളും സ്വീകരിച്ച് സോഷ്യൽ ആഡിറ്റ് കമ്മിറ്റി അർഹരായ കുടുംബങ്ങളുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതും തുടർന്ന് റേഷൻ കാർഡുകൾ അച്ചടിച്ച് വിതരണം ചെയ്യുന്നതുമാണ്. ഈ നടപടികൾ 2016 മാർച്ച് 31-നകം പൂർത്തിയാക്കി 1-4-2016 മുതൽ സംസ്ഥാനത്ത് ദേശീയ ഭക്ഷ്യഭദ്രതാ

നിയമം പൂർണ്ണമായി നടപ്പിലാക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ദേശീയ ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാക്കുമ്പോൾ വാതിൽപ്പടി വിതരണം (റേഷൻകടകളിൽ നേരിട്ട് വകുപ്പിന്റെ മേൽനോട്ടത്തിൽ റേഷൻ സാധനങ്ങൾ എത്തിക്കൽ) നടത്തേണ്ടതുണ്ട്.

സംസ്ഥാനത്തെ റേഷൻ കടകൾ കമ്പ്യൂട്ടർവത്ക്കരിക്കുന്നതിന്റെ ഭാഗമായി എന്റ്-റ്റു-എന്റ് കമ്പ്യൂട്ടറൈസേഷൻ എന്ന പദ്ധതി നടപ്പിൽ വരുത്തുന്നതാണ്. തിരുവനന്തപുരം ജില്ലയിലെ 10 കടകളിലും എറണാകുളം ജില്ലയിലെ 7 കടകളിലും പരീക്ഷണാടിസ്ഥാനത്തിൽ ഇ-പോസ് (ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ) മെഷീനുകൾ സ്ഥാപിക്കുകയും മറ്റ് ജില്ലകളിലേക്ക് പദ്ധതി വ്യാപിപ്പിക്കുന്നതിനായി നടപടികൾ സ്വീകരിച്ച് വരികയും ചെയ്യുന്നു. കെൽട്രോണിനെയാണ് എന്റ്-റ്റു-എന്റ് കമ്പ്യൂട്ടറൈസേഷന്റെ സിസ്റ്റം ഇന്റഗ്രേറ്ററായി നിയോഗിച്ചിട്ടുള്ളത്. ദേശീയ ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാക്കുമ്പോൾ സ്റ്റേറ്റ് ഫുഡ് കമ്മീഷനും ജില്ലാതല പരാതി പരിഹാര സെല്ലും രൂപീകരിക്കേണ്ടതുണ്ട്. പരാതി പരിഹാര സംവിധാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി 101 തസ്തികകൾ അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) ദേശീയ ഭക്ഷ്യഭദ്രതാ നിയമം 2013 നടപ്പിലാക്കുന്നതിനുള്ള സമയ പരിധിയായ 31-3-2016 വരെയുള്ള ഭക്ഷ്യധാന്യങ്ങൾ കേന്ദ്രം സംസ്ഥാനത്തിന് അനുവദിച്ചിട്ടുണ്ട്. കേരളത്തിന് അർഹമായ സബ്സിഡി നഷ്ടപ്പെടുകയില്ല.

(സി) സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടതുപ്രകാരം ദേശീയ ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാക്കുന്നതിന് 31-3-2016 വരെ സമയം കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്.

(ഡി) പദ്ധതിയുടെ പ്രയോജനം കൃത്യമായി യഥാർത്ഥ ഗുണഭോക്താക്കളിലേക്ക് എത്തിക്കുവാൻ ആവശ്യമായ സമയം അനിവാര്യമാണ് ആയത് ആവശ്യപ്പെട്ടിട്ടുണ്ട്.

**പൊതുവിപണിയിലെ വിലനിലവാരം**

217(3103) <u>ശ്രീ. ബാബു എം. പാലിശ്ശേരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിപണിയിൽ ഉഴുന്ന്, സാമ്പാർപരിപ്പ്, പയർ, ചെറുപയർ, കടല തുടങ്ങിയവയുടെ വില കിലോയ്ക്ക്, നിലവിൽ എത്ര രൂപ വീതമാണ്;

(ബി) രൂക്ഷമായ വിലക്കയറ്റം നിയന്ത്രിക്കാൻ ഭക്ഷ്യവകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) 8-12-2015-ലെ പൊതുവിപണിയിൽ ഉഴുന്ന്, സാമ്പാർ പരിപ്പ്, പയർ, ചെറുപയർ, കടല തുടങ്ങിയവയുടെ വില കിലോയ്ക്ക് ഓരോ ജില്ലയിലെയും സംസ്ഥാന

ശരാശരി വിലയും അനുബന്ധമായി ചേർക്കുന്നു.*

(ബി) രൂക്ഷമായ വിലക്കയറ്റമില്ല, ചില ഇനങ്ങൾക്ക് മാത്രമാണ് വർദ്ധനവുള്ളത്. പൊതുവിപണിയിൽ കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തടയുന്നതിന് ഭക്ഷ്യ പൊതുവിതരണ വകുപ്പ് ഉദ്യോഗസ്ഥർ മാത്രമായും പോലീസ്, ലീഗൽ മെട്രോളജി എന്നീ വകുപ്പുകളുമായും ചേർന്ന് പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് സംയുക്തമായി പരിശോധനകൾ നടത്തുന്നുണ്ട്. ഭക്ഷ്യ പൊതുവിതരണ വകുപ്പിൽ സംസ്ഥാന തലത്തിൽ വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിലും ജില്ലാ തലത്തിൽ ജില്ലാ സപ്ലൈ ഓഫീസറുടെ നേതൃത്വത്തിലും താലൂക്ക് തലത്തിൽ താലൂക്ക് സപ്ലൈ ഓഫീസറുടെ നേതൃത്വത്തിലും ശക്തമായ പരിശോധനകളും റെയ്ഡും നടത്തുന്നു. കൂടാതെ അവശ്യ സാധനങ്ങൾ ഉൾപ്പെടെ എല്ലാ സാധനങ്ങളുടെയും വില വർദ്ധനവ് തടയുന്നതിനായി പൊതുവിതരണ ശൃഖലയിലൂടെ ഭക്ഷ്യധാന്യങ്ങൾ സബ്സിഡി നിരക്കിൽ വിതരണം നടത്തുന്നു. മാത്രമല്ല സപ്ലൈകോയുടെ സൂപ്പർ മാർക്കറ്റ്, ന്യായവില ഷോപ്പുകൾ, പീപ്പിൾസ് ബസാറുകൾ മുതലായവയിലൂടെ സബ്സിഡി നിരക്കിൽ പയറുവർഗ്ഗങ്ങളുടെ വിലക്കയറ്റം തടയുന്നതിനായി നിശ്ചിത അളവിൽ വിതരണം നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**റേഷൻകാർഡ് പുതുക്കുന്ന നടപടി**

218(3104) <u>ശ്രീ. എ. കെ. ബാലൻ</u> :
<u>ശ്രീ. ജെയിംസ് മാത്യു</u> :
<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u> :
<u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ റേഷൻ കാർഡ് തയ്യാറാക്കുന്നതിനുള്ള കരാർ ഏത് ഏജൻസിക്കാണ് നൽകിയിട്ടുള്ളത്; കരാർ പ്രകാരം പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കേണ്ടത് എന്നായിരുന്നു; പുതിയ കാർഡ് തയ്യാറാക്കുന്നതിന് എന്തെല്ലാം നടപടിക്രമങ്ങളാണ് കരാറിൽ വ്യവസ്ഥ ചെയ്തിരുന്നത്;

(ബി) കാർഡ് തയ്യാറാക്കുന്നതിനുള്ള വിവരശേഖരണ പ്രക്രിയയിൽ വ്യാപകമായ ക്രമക്കേടുകളും തെറ്റുകളും കടന്നുകൂടാനുണ്ടായ സാഹചര്യം വിശദമാക്കുമോ; വിവരശേഖരണത്തിന് സ്വീകരിച്ച രീതി എന്തായിരുന്നു;

(സി) കാർഡ് പുതുക്കുന്ന പ്രവർത്തനം എന്തു തുകയ്ക്കാണ് നൽകിയിരുന്നത്;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഇത് സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; കരാർ ഏജൻസിക്ക് ഇതിനകം എത്ര തുക നൽകിക്കഴിഞ്ഞു എന്ന് വിശദമാക്കുമോ;

(ഡി) കരാർ നൽകിയതിലും കാർഡ് തയ്യാറാക്കൽ പ്രക്രിയ പൂർത്തിയാകാതെ ഏജൻസിക്ക് പണം നൽകിയതിലും അഴിമതി നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) കാർഡ് പുതുക്കി നൽകുന്ന നടപടി അനന്തമായി നീളുന്നത് ഭക്ഷ്യ സുരക്ഷാ പദ്ധതിയിൽനിന്നും കേരളം പുറത്താകുന്നതിന് കാരണമാകാനിടയുണ്ടോ?

<u>ഉത്തരം</u>

(എ) പുതിയ റേഷൻ കാർഡ് തയ്യാറാക്കുന്നതിന് ഒരു ഏജൻസിക്കും കരാർ നൽകിയിട്ടില്ല. പൊതുവിതരണ വകുപ്പ് എൻ.ഐ.സി.-യുടെ സഹായത്തോടെയാണ് ടി പ്രവർത്തി നടപ്പിൽ വരുത്തുന്നത്. സർക്കാർ ഏജൻസിയായി സി-ഡിറ്റ് ആണ് റേഷൻ കാർഡ് പുതുക്കലിന്റെ ടോട്ടൽ സൊല്യൂഷൻ പ്രൊവൈഡർ. വകുപ്പ് നൽകുന്ന നിർദ്ദേശങ്ങൾക്കനുസൃതമായി റേഷൻ കാർഡ് പുതുക്കലിന്റെ വിവിധ ഘട്ടങ്ങളായ പ്രീ-പോപ്പുലേറ്റഡ് ഫോറം പ്രിന്റിംഗ്, ഫോട്ടോ എടുക്കൽ, ഡാറ്റാ എൻട്രി നടത്തൽ, കരട്/അന്തിമ മുൻഗണനാ പട്ടിക അച്ചടിച്ച് നൽകൽ, റേഷൻ കാർഡിന്റെ പുറം ചട്ട അച്ചടിച്ച്, ഇന്നർ ഷീറ്റുകളുമായി ചേർത്ത് നൽകൽ എന്നിവയാണ് സി-ഡിറ്റ് ചെയ്യുന്നത്. ഡാറ്റാ എൻട്രിക്കായി സർക്കാർ ഏജൻസികളായ അക്ഷയയും കുടുംബശ്രീയുടെ ഐ.റ്റി. യൂണിറ്റായ ഉന്നതി കൺസോർഷ്യവും ഏർപ്പെട്ടിട്ടുണ്ട്. ഇന്നർഷീറ്റുകൾ അച്ചടിച്ച് നൽകുന്നതിനായി കേരള ബുക്സ് & പബ്ലിക്കേഷൻ സൊസൈറ്റിയെയാണ് ഏൽപ്പിച്ചിരിക്കുന്നത്.

(ബി) വിവരശേഖരണത്തിനായി റേഷൻ കടകൾവഴി നൽകിയിരുന്ന പ്രീ-പോപ്പുലേറ്റഡ് ഫോറത്തോടൊപ്പം വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങളടങ്ങിയ ലഘുരേഖയും നൽകിയിരുന്നു. വ്യക്തമായി പൂരിപ്പിച്ച് നൽകുന്നതിനായി ആവശ്യമായ പ്രചാരണം സംസ്ഥാനതലത്തിലും പ്രാദേശിക തലത്തിലും നൽകിയിരുന്നു. കാർഡുടമകളെ സഹായിക്കുന്നതിന് റേഷൻ കട ലൈസൻസികൾക്ക് പരിശീലനം നൽകിയിരുന്നു. പൊതുജനങ്ങളുടെ സംശയങ്ങൾ ദൂരീകരിക്കുന്നതിനായി സിവിൽ സപ്ലൈസ് കമ്മീഷണറേറ്റും ജില്ലാ സപ്ലൈ ഓഫീസുകളും കേന്ദ്രമാക്കി കൺട്രോൾ റൂം പ്രവർത്തിച്ചിരുന്നു. 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺസ്യൂമർ ഹെൽപ്പ് ലൈനോടൊപ്പം രാവിലെ 6 മണി മുതൽ രാത്രി 10 വരെ പ്രവർത്തിക്കുന്ന മൂന്ന് ഫോണുകളും സംശയ നിവാരണത്തിനായി പ്രവർത്തിച്ചിരുന്നു. ഫോട്ടോ ക്യാമ്പുകളിൽ

കാർഡുടമകളെ സഹായിക്കുന്നതിനായി ഹെൽപ്പ് ഡെസ്കുകളും ഏർപ്പെടുത്തിയിരുന്നു. ഡാറ്റാ എൻട്രി നടത്തിയശേഷം തെറ്റുകൾ തിരുത്തുന്നതിനായി റേഷൻ കടകളിലൂടെ കരട് ഡേറ്റാ ഫോം സൗജന്യമായി നൽകിയിരുന്നു. തെറ്റ് തിരുത്തൽ രേഖപ്പെടുത്തുന്നതിനായി ഓൺലൈൻ സൗകര്യവും ഏർപ്പെടുത്തിയിരുന്നു.

(സി) വിവിധ ഘട്ടങ്ങളിലായി വിവിധ ഏജൻസികൾക്ക് നൽകിയ തുക താഴെ പറയുന്നു.

| | | |
|---|---|---|
| <u>സി-ഡിറ്റ്</u> | | |
| പ്രീ-പോപ്പുലേറ്റഡ് ഫോറം അച്ചടി | - | 2,34,56,037 |
| ഫോട്ടോ ക്യാമ്പുകൾ | - | 8,45,82,286 |
| ഡാറ്റാ എൻട്രി | - | 9,05,47,505 |
| <u>അക്ഷയ</u> | | |
| ഡാറ്റാ എൻട്രി | - | 5,96,11,908 |
| <u>ഉന്നതി (കുടുംബശ്രീ)</u> | | |
| ഡേറ്റാ എൻട്രി | - | 2,73,37,073 |

(ഡി) ഇല്ല.

(ഇ) 31-3-2016-ന് റേഷൻ കാർഡുകൾ നൽകുന്ന നടപടികൾ പൂർത്തിയാക്കു മെന്നതിനാൽ ഇപ്രകാരമുള്ള ഒരാശങ്കയ്ക്കും വകയില്ല.

**അസിസ്റ്റന്റ് സെയിൽസ്മാൻമാരുടെ ഒഴിവുകൾ**

219(3105) <u>ശ്രീ. വി. ശിവൻകുട്ടി</u> : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോട്ടയം ജില്ലയിൽ 2013 ഏപ്രിൽ 22-ാം തീയതി നിലവിൽ വന്ന ഭക്ഷ്യ പൊതുവിതരണ വകുപ്പിലെ അസിസ്റ്റന്റ് സെയിൽസ്മാൻ റാങ്ക് ലിസ്റ്റിൽ നിന്നും എത്രപേരെ നിയമിച്ചുവെന്നും പ്രസ്തുത തസ്തികയിൽ ഇപ്പോൾ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും പ്രസ്തുത ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിനുള്ള

നടപടികളുടെ പുരോഗതി എന്താണെന്നും വിശദമാക്കുമോ?

ഉത്തരം

കോട്ടയം ജില്ലയിൽ 2013 ഏപ്രിൽ 22-ാം തീയതി നിലവിൽ വന്ന അസിസ്റ്റന്റ് സെയിൽസ്മാൻ റാങ്ക് ലിസ്റ്റിൽനിന്നും, രാജിവെച്ചവരുടെ ഒഴിവുകളിലേക്കുള്ള നിയമനമടക്കം 276 നിയമന ഉത്തരവുകൾ സപ്ലൈകോ നൽകിയിട്ടുണ്ട്. നിലവിലുള്ള 2 എൻ.ജെ.ഡി. ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## സിവിൽ സപ്ലൈസ് കോർപ്പറേഷനിലുള്ള ജീവനക്കാർ

220(3106) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിലവിൽ എത്ര ജീവനക്കാർ ഉണ്ട്; വ്യക്തമാക്കുമോ; ഇതിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നവർ എത്ര; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിലവിൽ 3112 ജീവനക്കാർ ഉണ്ട്. ഇതിൽ 1105 പേർ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നവരാണ്.

## ഭക്ഷണസാധനങ്ങളുടെ വില നിയന്ത്രണം

221(3107) ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോട്ടലുകളിലെ ഭക്ഷണ സാധനങ്ങളുടെ വില നിയന്ത്രിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) ഭക്ഷണ സാധനങ്ങൾക്ക് അമിതവില ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടിയാണ് സ്വീകരിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(സി) ഭക്ഷണ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനായുള്ള നിയമം എന്ന്

പ്രാബല്യത്തിലാകുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ-സി) ഹോട്ടലുകളിലെ ഭക്ഷണ സാധനങ്ങൾക്ക് അമിത വില ഈടാക്കുന്നത് തടയുന്നതിനായി ഹോട്ടലുകളിൽ വിൽക്കപ്പെടുന്ന ഭക്ഷണ സാധനങ്ങളുടെ വില വിവരപ്പട്ടിക പ്രദർശിപ്പിക്കുന്നത് നിർബന്ധമാക്കിയിട്ടുണ്ട്. നിയമ ലംഘനം നടത്തുന്നവർക്കെതിരെ 1977-ലെ കേരളാ ഫുഡ് സ്റ്റഫ്സ് (Display of Prices by Catering Establishment Order) പ്രകാരം നടപടി സ്വീകരിക്കുന്നു. ഹോട്ടലുകളിലെ ഭക്ഷണ സാധനങ്ങളുടെ വില വർദ്ധനവ് നിയന്ത്രിക്കുന്നതിനായുള്ള നിയമനിർമ്മാണം അന്തിമഘട്ടത്തിലാണ്.

## സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം

222(3108) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2005 മുതൽ നാളിതുവരെ സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായത്തിലൂടെ വിതരണം നടത്തുന്നതിനായി സംസ്ഥാനത്തിന് അനുവദിച്ച അരി, ഗോതമ്പ്, പഞ്ചസാര, മണ്ണെണ്ണ തുടങ്ങിയവയുടെ അളവ് എത്ര വീതമായിരുന്നുവെന്ന വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

2005-06 വർഷം മുതൽ 2015-16 വർഷം നവംബർ വരെ ഓരോ വർഷവും സംസ്ഥാനത്തിന് അനുവദിച്ച റേഷൻ വസ്തുക്കളുടെ അളവ് ഇനം തിരിച്ച് അനുബന്ധമായി ചേർത്തിരിക്കുന്നു.*

## ഭക്ഷ്യസുരക്ഷാനിയമം

223(3109) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസുരക്ഷാനിയമം നടപ്പാക്കുന്നതിലെ കാലതാമസം വ്യക്തമാക്കുമോ ;

(ബി) ഭക്ഷ്യസുരക്ഷാനിയമം നടപ്പാക്കുന്നതിനായി ഇനിയും എന്തെല്ലാം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അടിസ്ഥാന സൗകര്യങ്ങളാണ് നിർവ്വഹിക്കേണ്ടതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത നിയമം എന്നേക്ക് പൂർത്തിയാക്കാനാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) യഥാർത്ഥ മുൻഗണനാക്കാരെ കണ്ടെത്തിയതിനുശേഷമേ ഭക്ഷ്യ ഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുകയുള്ളൂ. ഇതോടൊപ്പം വാതിൽപ്പടി റേഷൻ വിതരണം, പൊതുവിതരണ രംഗത്ത് കമ്പ്യൂട്ടർവൽക്കരണം, പരാതി പരിഹാര സംവിധാനം എന്നീ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ദേശീയഭക്ഷ്യ ഭദ്രതാ നിയമപ്രകാരം മുൻഗണനാവിഭാഗത്തെ കണ്ടെത്തേണ്ടതായിട്ടുണ്ട്. കുടുംബത്തിലെ 18 വയസ്സിൽ കുറയാത്ത വനിതാ അംഗത്തെ കുടുംബമേധാവി ആക്കിയാണ് റേഷൻ കാർഡുകൾ നൽകേണ്ടത്. ഇതിനായി ആവശ്യമായ വിവരശേഖരണം നടത്തുന്നതിനായി പ്രീ-പോപ്പുലേറ്റഡ് ഫോറം റേഷൻ കടകളിലൂടെ കാർഡുടമകൾക്ക് വിതരണം ചെയ്യുകയും പ്രത്യേക ക്യാമ്പ് സംഘടിപ്പിച്ച് കുടുംബത്തിലെ 18 വയസ്സിൽ കുറയാത്ത വനിതാ അംഗത്തിന്റെയും വനിതകൾ ഇല്ലാത്തതോ 18 വയസ്സ് തികഞ്ഞ വനിതാ അംഗങ്ങൾ ഇല്ലാത്തതോ ആയ കുടുംബങ്ങളുടെ കാര്യത്തിൽ മുതിർന്ന പുരുഷ അംഗത്തിന്റെ ഫോട്ടോ എടുക്കുന്നതിനായി ക്യാമ്പുകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രീ-പോപ്പുലേറ്റഡ് ഫോറത്തിലൂടെ ലഭ്യമായ വിവരങ്ങളുടെ കൃത്യത ഉറപ്പുവരുത്താൻ ഗുണഭോക്താക്കൾക്ക് ഓൺലൈൻവഴി അവസരം നൽകിയിരുന്നു. എന്നാൽ ഇതിലൂടെ ലഭ്യമായ പ്രതികരണം കുറവായതിനാൽ ഡേറ്റാ എൻട്രി പ്രിന്റൗട്ടുകൾ കാർഡുടമകളുടെ പരിശോധനയ്ക്കായി അതാത് റേഷൻ കടകൾവഴി ലഭ്യമാക്കിയതിൽ കാർഡുടമകൾ തിരുത്തൽ വരുത്തിയതിന്റെ അടിസ്ഥാനത്തിൽ ഡേറ്റാ എൻട്രി ഇപ്പോൾ പൂർത്തീകരിച്ച് വരികയാണ്. ഡേറ്റാ എൻട്രി പൂർത്തിയാക്കി അർഹരായ കുടുംബങ്ങളുടെ കരട് ലിസ്റ്റ് പ്രസിദ്ധീകരിച്ച് അതിന്മേൽ പരാതികളും ആക്ഷേപങ്ങളും സ്വീകരിച്ച് സോഷ്യൽ ആഡിറ്റ് കമ്മിറ്റി അർഹരായ കുടുംബങ്ങളുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതും തുടർന്ന് റേഷൻ കാർഡുകൾ അച്ചടിച്ച് വിതരണം ചെയ്യുന്നതുമാണ്. ഈ നടപടികൾ 2016 മാർച്ച് 31-നകം പൂർത്തിയാക്കി 1-4-2016 മുതൽ സംസ്ഥാനത്ത് ദേശീയ ഭക്ഷ്യഭദ്രതാ നിയമം പൂർണ്ണമായി നടപ്പിലാക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കുമ്പോൾ വാതിൽപ്പടി വിതരണം (റേഷൻകടകളിൽ നേരിട്ട് വകുപ്പിന്റെ മേൽനോട്ടത്തിൽ റേഷൻ സാധനങ്ങൾ എത്തിക്കൽ) നടത്തേണ്ടതുണ്ട്.

സംസ്ഥാനത്തെ റേഷൻ കടകൾ കമ്പ്യൂട്ടർവത്ക്കരിക്കുന്നതിന്റെ ഭാഗമായി എന്റ്-റ്റു-എന്റ് കമ്പ്യൂട്ടറൈസേഷൻ എന്ന പദ്ധതി നടപ്പിൽ വരുത്തുന്നതാണ്. തിരുവനന്തപുരം ജില്ലയിലെ 10 കടകളിലും എറണാകുളം ജില്ലയിലെ 7 കടകളിലും പരീക്ഷണാടിസ്ഥാനത്തിൽ ഇ-പോസ് (ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ) മെഷീനുകൾ സ്ഥാപിക്കുകയും മറ്റ് ജില്ലകളിലേക്ക് പദ്ധതി വ്യാപിപ്പിക്കുന്നതിനായി നടപടികൾ സ്വീകരിച്ച് വരികയും ചെയ്യുന്നു. കെൽട്രോണിനെയാണ് എന്റ്-റ്റു-എന്റ് കമ്പ്യൂട്ടറൈസേഷന്റെ സിസ്റ്റം ഇന്റഗ്രേറ്ററായി നിയോഗിച്ചിട്ടുള്ളത്. ദേശീയ ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാക്കുമ്പോൾ സ്റ്റേറ്റ് ഫുഡ് കമ്മീഷനും ജില്ലാതല പരാതി പരിഹാര സെല്ലും രൂപീകരിക്കേണ്ടതുണ്ട്. പരാതി പരിഹാര സംവിധാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി 101 തസ്തികകൾ അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

(സി) 2016 മാർച്ച് 31-നകം റേഷൻ കാർഡുകൾ വിതരണം ചെയ്ത് 1-4-2016 മുതൽ സംസ്ഥാനത്ത് ദേശീയ ഭക്ഷ്യഭദ്രതാ നിയമം പൂർണ്ണമായി നടപ്പിലാക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

## വിലക്കയറ്റനിയന്ത്രണം

224(3110) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിലക്കയറ്റം നിയന്ത്രിക്കുന്നതിനുള്ള വിപണി ഇടപെടൽ എത്രത്തോളം വിജയിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) ക്രിസ്തുമസ് കാലത്തെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്നും ഇതിനായി സപ്ലൈകോയ്ക്ക് എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(സി) സപ്ലൈകോവഴി സബ്സിഡി നിരക്കിൽ ഏതൊക്കെ ഉൽപ്പന്നങ്ങൾ എത്ര അളവു വീതമാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) വിപണിയിലുണ്ടായ വിലവർദ്ധന പിടിച്ചു നിർത്തുന്നതിനും അതുവഴി പൊതുജനങ്ങൾക്ക് ആശ്വാസമേകുന്നതിനായും സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേനയുള്ള വിപണിയിടപെടൽ പദ്ധതി കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. ഇതിലേക്കായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

1. നിത്യോപയോഗ സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും വില നിലവാരം പിടിച്ചു നിർത്തുന്നതിനും വേണ്ടി 13 ഇനം അവശ്യ സാധനങ്ങൾ സബ്സിഡി വിലയിൽ സപ്ലൈകോ വിൽപ്പനശാലകൾ വഴി വിറ്റുവരുന്നു:

2. അരിയും പലവ്യഞ്ജനങ്ങളും കൂടാതെ FMCG സാധനങ്ങൾ മാർക്കറ്റ് വിലയേക്കാൾ കുറഞ്ഞ നിരക്കിൽ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നു.

3. യഥാർത്ഥ ഉപഭോക്താവിന് സബ്സിഡി സാധനങ്ങൾ ലഭ്യമാക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് അവയുടെ വിൽപ്പന റേഷൻ കാർഡുകൾവഴി നിയന്ത്രിക്കുകയും അതുവഴി സബ്സിഡി സാധനങ്ങളുടെ ദുരുപയോഗ സാധ്യത തികച്ചും ഇല്ലാതാക്കുകയും ചെയ്യുന്നു.

4. കൂടാതെ പൊതുജനങ്ങൾക്ക് സബ്സിഡി സാധനങ്ങൾ അനുവദനീയമായ അളവിൽ ലഭിക്കുന്നു എന്ന് ഉറപ്പാക്കാൻ എല്ലാ മാവേലി സൂപ്പർ മാർക്കറ്റ് തരത്തിലും ഉപഭോക്തൃ കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നുണ്ട്.

5. ഗോതമ്പു പൊടിയുടെ വില വർദ്ധന തടയുന്നതിനായി സപ്ലൈകോ വിൽപ്പനശാലകൾ, റേഷൻ കടകൾ എന്നിവ വഴി ഫോർട്ടിഫൈഡ് ആട്ട ഒരു കിലോ പാക്കറ്റിന് 15 രൂപ നിരക്കിൽ വിതരണം നടത്തി വരുന്നു.

6. പൊതുവിപണിയിലേതിനേക്കാൾ 20% മുതൽ 30% വരെ വിലക്കുറവിൽ തേയില, കാപ്പിപൊടി, കറിപൗഡറുകൾ, കായം, വാളൻപുളി, ഏലം, അപ്പംപൊടി, പുട്ടുപൊടി, മഞ്ഞൾപൊടി എന്നിവ ശബരി എന്ന പേരിൽ വിപണിയിൽ വിൽപ്പന നടത്തി വരുന്നു.

7. ഉത്സവകാലങ്ങളിൽ വില വർദ്ധന നിയന്ത്രിക്കാൻ പ്രത്യേക ഉത്സവകാല ചന്തകൾ നടത്തിവരുന്നു.

   ഇത്തരത്തിൽ വിപണിയിൽ കുറഞ്ഞ വിലയ്ക്ക് സ്റ്റോക്ക് എത്തിച്ച് വിലവർദ്ധന ഉണ്ടാകാവുന്ന എല്ലാ സാഹചര്യങ്ങളും ഒഴിവാക്കുന്നതിനുള്ള നടപടികളെടുത്തുവരുന്നുണ്ട്.

(ബി) കഴിഞ്ഞ വർഷങ്ങളിലെ പോലെതന്നെ ഈ വർഷവും ക്രിസ്തുമസ് പുതുവത്സര ഉത്സവകാലത്ത് വിപണിയിൽ സജീവമായി ഇടപെട്ട് പൊതുജനങ്ങൾക്ക് ക്രിസ്തുമസിന് ആവശ്യമായ ഉല്പന്നങ്ങൾ ഉൾപ്പെടെ എല്ലാ അവശ്യവസ്തുക്കളും ന്യായവിലയ്ക്ക്

കേരളത്തിലുടനീളം സപ്ലൈകോ വിൽപ്പനശാലകൾവഴി ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നു. ഈ വർഷം തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കോട്ടയം എന്നിവിടങ്ങളിൽ ആരംഭിച്ച 4 മെട്രോ ഫെയറുകൾക്കു പുറമേ 14-12-2015-ാം തീയതി മുതൽ 24-12-2015-ാം തീയതി വരെ സപ്ലൈകോയുടെ സൂപ്പർ മാർക്കറ്റുകൾ, പീപ്പിൾസ് ബസാറുകൾ, ഹൈപ്പർ മാർക്കറ്റുകൾ എന്നിവയോടനുബന്ധിച്ച് 424 ക്രിസ്തുമസ് മാർക്കറ്റുകൾ പ്രവർത്തിക്കുന്നതാണ്. ഈ സാമ്പത്തിക വർഷം വിപണി ഇടപെടലിനായി ബഡ്ജറ്റ് വിഹിതമായി അനുവദിച്ച 65 കോടി രൂപയിൽ 64 കോടി രൂപയും സപ്ലൈകോയ്ക്ക് നൽകിയിട്ടുണ്ട്. ഇതുകൂടാതെ 35 കോടി രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

(സി) സപ്ലൈകോ വഴി സബ്സിഡി നിരക്കിൽ നൽകുന്ന ഉല്പന്നങ്ങളുടെ അളവു സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**ഭൂമിയുടെ ന്യായവില**

225(3111) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയുടെ ന്യായവില സംബന്ധിച്ച അപാകതകൾ തീർക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട് ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

<u>ഉത്തരം</u>

(എ) കേരള മുദ്രപത്ര നിയമം വകുപ്പ് 28 എ 4-ാം ഉപവകുപ്പിൽ ഭേദഗതി വരുത്തിക്കൊണ്ട് അന്തിമ ന്യായവില സംബന്ധിച്ച അപ്പീലുകൾ സമർപ്പിക്കുന്നതിനുള്ള കാലപരിധി വിജ്ഞാപന തീയതി മുതൽ 30 ദിവസം എന്നത് ഒരു വർഷമായി നീട്ടുകയും മതിയായ കാരണമുണ്ടെന്ന് ബോദ്ധ്യപ്പെടുന്ന സംഗതികളിൽ ഒരു വർഷത്തിനുശേഷം സമർപ്പിക്കപ്പെടുന്ന അപ്പീലുകളും പരിഗണിക്കുവാൻ വ്യവസ്ഥ ചെയ്യുകയും ചെയ്തു. അപ്പീലിന്മേലുള്ള ജില്ലാ കളക്ടറുടെ ഉത്തരവിൽ അതൃപ്തി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉള്ളവർക്ക് റിവ്യൂഹർജി സമർപ്പിക്കുന്നതിന് കേരള മുദ്രപത്ര നിയമം 28 എ വകുപ്പിന്റെ (5) ഉപവകുപ്പിൽ പുതുതായി വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. അപ്പീലുകളുടെ ത്വരിതഗതിയിലുള്ള തീർപ്പാക്കലിനായി ഗവൺമെന്റ് സെക്രട്ടറി തലത്തിൽ തുടർച്ചയായും കൂടാതെ ചീഫ് സെക്രട്ടറി തലത്തിലും കോൺഫറസുകൾ നടത്തി അപാകതകൾ പരിഹരിക്കുന്നതു സംബന്ധിച്ച് അവലോകനങ്ങൾ നടത്തുകയും അപ്പീലുകൾ തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. അപ്പീലുകൾ ലഭിക്കുന്നത് ഒരു തുടർപ്രക്രിയ ആയതിനാൽ തുടർന്നു ലഭിക്കുന്ന അപ്പീലുകളും പരിഗണിച്ചു വരുന്നുണ്ട്. വിലനിർണ്ണയത്തിലെ അപാകതകൾ സംബന്ധിച്ച അപ്പീലുകൾ തീർപ്പാക്കുന്ന പ്രവർത്തനം ജില്ലാ കളക്ടർ തലത്തിലും വില നിർണ്ണയിക്കാൻ വിട്ടുപോയ ഭൂമിയുടെ വില നിർണ്ണയിക്കുന്ന പ്രവർത്തനം ആർ.ഡി.ഒ. തലത്തിലുമാണ് നടക്കുന്നത്. ഫെയർവാല്യൂ പുതുക്കുന്നത് സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുന്നതിന് ഒരു സംസ്ഥാനതല സബ് കമ്മിറ്റി രൂപവത്കരിക്കാൻ തീരുമാനിക്കുകയുണ്ടായി. ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി (റവന്യൂ), ലാന്റ് റവന്യൂ കമ്മീഷണർ, രജിസ്ട്രേഷൻ ഐ.ജി., 4 ജില്ലാ കളക്ടർമാർ, 4 സബ് കളക്ടർമാർ എന്നിവർ ചേർന്നുള്ളതാണ് സബ് കമ്മിറ്റി. റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിയാണ് ചെയർമാൻ.

(ബി&സി) ന്യായവില നിർണ്ണയത്തെക്കുറിച്ച് പൊതുജനങ്ങളുടെ പരാതികൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഫെയർ വാല്യൂ നിശ്ചയിച്ചതിലെ അപാകതകൾ പരിഹരിക്കുന്നതിനുള്ള അപ്പീൽ സംബന്ധിച്ച് ജില്ലാ കളക്ടർ തീരുമാനം എടുക്കുന്നതിനുള്ള സമയപരിധി 90 ദിവസം എന്നത് 60 ആയി കുറച്ചുകൊണ്ട് 1995-ലെ The Kerala Stamp (Fixation of Fair Value of Land) Rules-ൽ ഭേദഗതി വരുത്തി 9-10-2015-ലെ G.O.(P)185/2015/TD നമ്പരായി ഉത്തരവായിട്ടുണ്ട്. റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്യുന്നതിനായി 1995-ലെ The Kerala Stamp (Fixation of Fair Value of Land) Rules -ൽ 5 A എന്ന ഒരു ചട്ടം കൂടി ചേർത്തിട്ടുമുണ്ട്.

**വസ്തു രജിസ്ട്രേഷൻ മുഖേനയുള്ള വരവ്**

226(3112) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വസ്തു രജിസ്ട്രേഷന്റെ എണ്ണം ദിനംപ്രതി കുറഞ്ഞു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം എന്തെന്ന് വെളിപ്പെടുത്തുമോ; 2011 മുതൽ നാളിതുവരെ ഓരോ വർഷവും എത്ര രജിസ്ട്രേഷനാണ് സംസ്ഥാനത്ത്

നടന്നതെന്നും രജിസ്ട്രേഷൻ ഫീസ് ഇനത്തിൽ എത്ര തുക സർക്കാരിന് ലഭിച്ചുവെന്നും വ്യക്തമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ ഓരോ വർഷവും വസ്തുവിന്റെ ന്യായവിലയിലുണ്ടായ വർദ്ധനവ് എത്ര ശതമാനമാണെന്നും ആയതിന് സർക്കാരിനു ലഭിച്ച ആകെ തുക എത്രയെന്നും വ്യക്തമാക്കുമോ;

(സി) ന്യായവില ഉയർത്തുന്നുവെങ്കിലും സർക്കാരിന്റെ വരുമാനത്തിൽ കുറവ് വരുന്നത് പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതു പരിശോധിക്കാൻ എന്തു നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാരിന്റെ കാലയളവിനുള്ളിൽ നാളിതുവരെ എപ്പോഴെല്ലാം സ്റ്റാമ്പ് ഡ്യൂട്ടിയിൽ ഇളവ്/വർദ്ധനവ് നടത്തിയെന്നും ആയതുവഴി സർക്കാരിന് ലഭിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ ; ഇവയിൽ കുറവുണ്ടായിട്ടുണ്ടെങ്കിൽ ആയതിന്റെ കാരണം എന്താണ്എന്നും അത് പരിഹരിക്കുന്നതിനായി എന്തു നടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ;

(ഇ) ഈ സർക്കാർ വന്നതിനുശേഷം രജിസ്ട്രേഷൻ വകുപ്പിൽ വ്യാപകമായ അഴിമതി നടക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട്എത്ര റെയ്ഡുകൾ നടത്തുകയുണ്ടായി; എത്ര തുക ഇതിലൂടെ കണ്ടെടുത്തു; ഏതെല്ലാം ഉദ്യോഗസ്ഥർ ഇതുമായി ബന്ധപ്പെട്ട് പിടിക്കപ്പെട്ടുവെന്നും അവർക്കെതിരെ സ്വീകരിച്ച (വകുപ്പ്തല/ക്രിമിനൽ) നടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഓരോ വർഷവും രജിസ്ട്രേഷന്റെ എണ്ണം കുറഞ്ഞുവരുന്നുണ്ട്. 2011-12 മുതലുള്ള ആധാരങ്ങളുടെ എണ്ണവും രജിസ്ട്രേഷൻ ഫീസും സംബന്ധിച്ച കണക്കുകൾ ചുവടെ ചേർക്കുന്നു:

| സാമ്പത്തിക വർഷം | ആധാരങ്ങളുടെ എണ്ണം | രജിസ്ട്രേഷൻ ഫീസ് (തുക കോടിയിൽ) |
|---|---|---|
| 2011-12 | 1310573 | 755.77 |
| 2012-13 | 1278072 | 713.00 |
| 2013-14 | 1179064 | 775.98 |
| 2014-15 | 1053918 | 764.79 |

| | | |
|---|---|---|
| 2015-16(നവംബർ വരെ) | 646302 | 533.40 |

(ബി) ഈ സർക്കാരിന്റെ ഭരണകാലത്ത് ഒരു പ്രാവശ്യം മാത്രമാണ് ന്യായവില വർദ്ധിപ്പിച്ചത്. 1-4-2010 മുതൽ പ്രാബല്യത്തിൽ വന്ന ന്യായവിലയിൽ 50% വർദ്ധനവ് 14-11-2014-ലെ G.O.(P)188/14/TD നമ്പർ വിജ്ഞാപനം മുഖേന 17-11-2014-ൽ നിലവിൽ വന്നു. 2014 ഒക്ടോബർ മാസം വരെയുള്ള വരുമാനവും ന്യായവില വർദ്ധിപ്പിച്ച ശേഷമുള്ള 2015 ഒക്ടോബർ മാസം വരെയുള്ള വരുമാനവും താരതമ്യം ചെയ്തതിൽ ഈ സാമ്പത്തിക വർഷം വരുമാനത്തിൽ 121.63 കോടി രൂപയുടെ വർദ്ധനവാണുള്ളത്.

(സി) 2014 നവംബറിലാണ് ന്യായവില വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവായത്. 2014 ഒക്ടോബർ മാസം വരെയുള്ള വരുമാനവും ന്യായവില വർദ്ധിപ്പിച്ച ശേഷമുള്ള 2015 ഒക്ടോബർ മാസം വരെയുള്ള വരുമാനവും താരതമ്യം ചെയ്തതിൽ ഈ സാമ്പത്തിക വർഷം വരുമാനത്തിൽ 121.63 കോടി രൂപയുടെ വർദ്ധനവാണുള്ളത്.

(ഡി) വിവിധ കാരണങ്ങളുടെ മുദ്രനിരക്ക് കാലോചിതമായി വർദ്ധിപ്പിക്കുകയും കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭൂമിയുടെ സ്റ്റാമ്പ് ഡ്യൂട്ടിയിൽ ഇളവ്/വർദ്ധനവ് വരുത്തിയതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച തുകയുടെ പ്രത്യേകം കണക്കുകൾ സൂക്ഷിച്ചിട്ടില്ല.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വകുപ്പുതല റെയ്ഡുകൾ ഒന്നും നടത്തിയിട്ടില്ല. വിജിലൻസ് വകുപ്പ് നടത്തിയ റെയ്ഡുകൾ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

**പിണറായി സബ് രജിസ്ട്രാർ ഓഫീസ്**

227(3113) <u>ശ്രീ. കെ. കെ. നാരായണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിണറായിയിൽ സബ് രജിസ്ട്രാർ ഓഫീസ് സ്ഥാപിക്കുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. 2011-12 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ

ഉൾപ്പെടുത്താനുള്ള പദ്ധതികളുടെ കൂട്ടത്തിൽ പിണറായിയിൽ പുതിയ സബ് രജിസ്ട്രാർ ഓഫീസ് ആരംഭിക്കുന്നതിനുള്ള ശുപാർശ സമർപ്പിച്ചിരുന്നുവെങ്കിലും ഫണ്ടിന്റെ ലഭ്യതക്കുറവുമൂലം തുടർനടപടികൾക്ക് കഴിഞ്ഞിട്ടില്ല.

**ബാധ്യതാ സർട്ടിഫിക്കറ്റുകൾ തയ്യാറാക്കുന്നതിലെ കാലതാമസം**

228(3114) <u>ശ്രീ. അൻവർ സാദത്ത്</u> :

<u>ശ്രീ. എ. റ്റി. ജോർജ്</u> :

<u>ശ്രീ. സണ്ണി ജോസഫ്</u> :

<u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാധ്യതാ സർട്ടിഫിക്കറ്റുകൾ തയ്യാറാക്കുന്നതിലെ കാലതാമസം ഒഴിവാക്കാൻ എന്തെല്ലാം കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട് ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇതു നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

<u>ഉത്തരം</u>

(എ) ബാധ്യതാ സർട്ടിഫിക്കറ്റുകൾ തയ്യാറാക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനായി ബാധ്യതാ സർട്ടിഫിക്കറ്റിനുള്ള അപേക്ഷകൾ ഓൺലൈനായി നൽകുന്നതിനുള്ള പദ്ധതി തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിൽ നടപ്പിലാക്കിയിട്ടുണ്ട്. ഡിജിറ്റൽ ഒപ്പോടുകൂടിയ ബാധ്യതാ സർട്ടിഫിക്കറ്റുകൾ ഓൺലൈൻ മുഖേന ലഭ്യമാക്കുന്നതിനുള്ള നടപടിക്രമം തിരുവനന്തപുരം ജില്ലയിൽ പൂർത്തീകരിക്കുകയും മറ്റ് ജില്ലകളിൽ നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ദ്രുതഗതിയിൽ നടന്നുവരികയും ചെയ്യുന്നു.

(ബി) പൊതുജനങ്ങൾക്ക് സബ് രജിസ്ട്രാർ ഓഫീസുകളിൽ നേരിട്ടു പോകാതെ ഓൺലൈൻ ആയി ബാധ്യതാ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കാൻ കഴിയുക എന്നതാണ് ഈ പദ്ധതി മുഖേന ഉദ്ദേശിക്കുന്നത്.

(സി) BSNL, KSWAN എന്നീ ഏജൻസികളുടെ സഹായത്തോടുകൂടി Leased Line സർക്യൂട്ട് കണക്റ്റിവിറ്റി എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലും നൽകുന്നതിനുള്ള നടപടി അവസാനഘട്ടത്തിലാണ്. എൻ.ഐ.സി.-യുടെ സോഫ്റ്റ്‌വെയർ സംവിധാനത്തിലൂടെ സബ് രജിസ്ട്രാർ ഓഫീസുകളിലെ ഡാറ്റാ, സ്റ്റേറ്റ് ഡാറ്റാസെന്ററിൽ കേന്ദ്രീകരിക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

**പൊന്നാനി സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടം**

229(3115) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി സബ് രജിസ്ട്രാർ ഓഫീസ് വർഷങ്ങളായി യാതൊരു സൗകര്യവുമില്ലാതെ പ്രവർത്തിക്കുന്നതുമൂലം പൊതുജനത്തിന് അനുഭവപ്പെടുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സിവിൽ സ്റ്റേഷനിലേക്കോ അല്ലെങ്കിൽ ഇപ്പോൾ പ്രവർത്തിക്കുന്ന കെട്ടിടത്തിലെ ഗ്രൗണ്ട് ഫ്ലോറിൽ മറ്റേതെങ്കിലും സ്ഥലത്തേക്കോ സ്ഥിരം സംവിധാനത്തോടെ മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പുതിയ കെട്ടിട നിർമ്മാണത്തിനായി തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്നും കെട്ടിട നിർമ്മാണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും അറിയിക്കുമോ?

**ഉത്തരം**

(എ) ഉണ്ട്.

(ബി) സിവിൽ സ്റ്റേഷനിൽ സ്ഥലം ലഭ്യമാക്കുന്നതിനായി ശ്രമം നടത്തിയിരുന്നുവെങ്കിലും സ്ഥലം ലഭിച്ചിരുന്നില്ല. ഇപ്പോൾ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ളോറിലും സ്ഥലം ലഭ്യമല്ല. ടി ആഫീസിന് കെട്ടിടം നിർമ്മിക്കുന്നതിനായി സ്ഥലം ലഭ്യമാക്കുന്നതിനുള്ള ശ്രമം നടന്നുവരുന്നു.

(സി) 2015-16 ബഡ്ജറ്റിൽ പുതിയ കെട്ടിട നിർമ്മാണത്തിനായി തുക അനുവദിച്ചിട്ടില്ല.

**ചേമഞ്ചേരി സബ് രജിസ്ട്രാർ ഓഫീസ് പുനർ നിർമ്മാണം**

230(3116) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം

മറുപടി നൽകുമോ:

(എ) ചേമഞ്ചേരി സബ് രജിസ്ട്രാർ ഓഫീസ് പുനർ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് നാളിതുവരെ സർക്കാരിന് ആരിൽ നിന്നെല്ലാം നിവേദനം ലഭിച്ചിട്ടുണ്ട്; പ്രസ്തുത നിവേദനത്തിൽ ഓരോന്നിലും സ്വീകരിച്ചിട്ടുള്ള നടപടികൾ ബന്ധപ്പെട്ട ഫയൽ നമ്പർ സഹിതം വിശദമാക്കാമോ;

(ബി) ചേമഞ്ചേരി സബ് രജിസ്ട്രാർ ഓഫീസ് പുനർ നിർമ്മിക്കുന്നതിനുള്ള നടപടികൾ എപ്പോൾ പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ചേമഞ്ചേരി സബ് രജിസ്ട്രാർ ഓഫീസ് പുനർനിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ചേമഞ്ചേരി മണ്ഡലം കോൺഗ്രസ് കമ്മിറ്റി പ്രസിഡന്റ്, ആൾ കേരള ഡോക്യുമെന്റ് റൈറ്റേഴ്സ് & സ്ക്രൈബ്സ് അസോസിയേഷൻ ചേമഞ്ചേരി യൂണിറ്റ്, തിരുവങ്ങൂർ എച്ച്.എസ്.എസ്. സോഷ്യൽ സയൻസ് ക്ലബ് കൺവീനർ മുതലായവരിൽനിന്ന് നിവേദനങ്ങൾ സർക്കാരിന് ലഭിച്ചിരുന്നു. കൂടാതെ, ഈ വിഷയത്തിൽ ബഹു. കൊയിലാണ്ടി എം.എൽ.എ. ശ്രീ. കെ. ദാസൻ, ബഹു. രജിസ്ട്രേഷൻ വകുപ്പുമന്ത്രിക്ക് 3-5-2013, 30-7-2015 എന്നീ തീയതികളിൽ കത്തുകളും നൽകിയിട്ടുണ്ട്. 12842/ഇ 3/2013/നി.വ. നമ്പരിലുള്ള ഫയൽ ഈ വിഷയം സംബന്ധിച്ച് സർക്കാരിൽ ഇപ്പോഴുണ്ട്. ഈ ഫയലിൽ, രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ റിപ്പോർട്ട് ആവശ്യപ്പെട്ട് 12-6-2013, 17-8-2015 തീയതികളിൽ കത്തുകൾ നൽകിയിരുന്നു. ആയതിന് സർക്കാരിൽ ഒരു ഇടക്കാല മറുപടി ലഭ്യമായിട്ടുണ്ട്. മുകളിൽ സൂചിപ്പിച്ച മറ്റ് നിവേദനങ്ങൾ ലഭ്യമായപ്പോൾ ആയവ തുടർ നടപടികൾക്കായി രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന് അയച്ചു കൊടുക്കുകയാണുണ്ടായത്.

(ബി) ക്വിറ്റ് ഇന്ത്യാ പ്രക്ഷോഭവുമായി ബന്ധപ്പെട്ട പഴയ കെട്ടിടം ഇപ്പോൾ ചേമഞ്ചരി ഗ്രാമപഞ്ചായത്തിന്റെ അധീനതയിലാണ്. നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ചേമഞ്ചേരി സബ് രജിസ്ട്രാർ ഓഫീസിന് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനായി ചേമഞ്ചേരി ഗ്രാമപഞ്ചായത്ത് സ്ഥലം വാഗ്ദാനം ചെയ്തിട്ടുണ്ട്. ടി സ്ഥലം രജിസ്ട്രേഷൻ വകുപ്പിന്റെ പേരിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. സ്ഥലം രജിസ്ട്രേഷൻ വകുപ്പിന്റെ പേരിൽ ലഭ്യമായതിനുശേഷം മാത്രമേ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

**പാലക്കാട് വടക്കഞ്ചേരി സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണം**

231(3117) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് വടക്കഞ്ചേരി സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണം ഏതുവരെയായെന്ന് വ്യക്തമാക്കുമോ;

(ബി) കെട്ടിട നിർമ്മാണത്തിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) കെട്ടിട നിർമ്മാണം വേഗത്തിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 5-1-2013-ലെ സ.ഉ.(സാധാ)നം. 21/2013/നി.വ. പ്രകാരം വടക്കഞ്ചേരി സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണത്തിന് 45 ലക്ഷം രൂപയുടെ ഭരണാനുമതി സർക്കാർ നൽകിയിട്ടുണ്ടെങ്കിലും കെട്ടിട നിർമ്മാണം നാളിതുവരെ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല.

(ബി) ഉണ്ട്. പാലക്കാട് ആർ.ഡി.ഒ.-യുടെ 27-9-2006-ലെ സി.4344/ 2005-ാം നമ്പർ ഉത്തരവുപ്രകാരം ടി കെട്ടിട നിർമ്മാണത്തിനായി ഏറ്റെടുത്ത വസ്തുവിന്റെ സമീപ വസ്തുക്കളുടെ ഉടമസ്ഥരായ ശ്രീ. വി. എം. ജോർജ്ജ്, ശ്രീ. തോമസ് സിറിയക്ക് എന്നിവർ ചേർന്ന്, സർക്കാർ അവരുടെ സ്ഥലം കൈയ്യേറിയെന്നു കാണിച്ച് ആലത്തൂർ മുൻസിഫ് കോടതിയിൽ OS-402/ 2013-ാം നമ്പരായി കേസ് ഫയൽ ചെയ്തിട്ടുണ്ട്. ടി കേസിന്മേലുള്ള അന്വേഷണത്തിന്റെ ഭാഗമായി 24-11-2015-ൽ അഭിഭാഷക കമ്മീഷൻ സ്ഥലം സന്ദർശിച്ച് സർവ്വേ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. ആയതിന്മേൽ തുടർ നടപടികൾ ആയിട്ടില്ല.

(സി) ടി കേസിന്മേൽ രജിസ്ട്രേഷൻ വകുപ്പിന് അനുകൂലമായ വിധി വന്നതിനു ശേഷമേ കെട്ടിട നിർമ്മാണ നടപടികളുമായി മുന്നോട്ടുപോകുവാൻ സാധിക്കുകയുള്ളൂ.

**ബാധ്യതാ സർട്ടിഫിക്കറ്റുകൾ ഓൺലൈനിൽ ലഭ്യമാക്കുന്നത്**

232(3118) <u>ശ്രീ. ഹൈബി ഈഡൻ</u> :
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> :
<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u> :

ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാധ്യതാ സർട്ടിഫിക്കറ്റുകൾ ഓൺലൈനിൽ ലഭ്യമാക്കാൻ എന്തെല്ലാം കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) സബ് രജിസ്ട്രാർ ഓഫീസുകളിൽനിന്ന് നൽകുന്ന ഇന്റർനെറ്റ് അധിഷ്ഠിത സേവനങ്ങളുടെ ഭാഗമായി ബാധ്യതാ സർട്ടിഫിക്കറ്റിനുള്ള അപേക്ഷകൾ ഓൺലൈനായി നൽകുന്നതിനുള്ള പദ്ധതി തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിൽ നടപ്പിലാക്കിയിട്ടുണ്ട്. ഡിജിറ്റൽ ഒപ്പോടുകൂടിയ ബാധ്യതാ സർട്ടിഫിക്കറ്റുകൾ ഓൺലൈൻ മുഖേന ലഭ്യമാക്കുന്നതിനുള്ള നടപടിക്രമം തിരുവനന്തപുരം ജില്ലയിൽ പൂർത്തീകരിക്കുകയും മറ്റ് ജില്ലകളിൽ നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ദ്രുതഗതിയിൽ നടന്നുവരികയും ചെയ്യുന്നു.

(ബി) പൊതുജനങ്ങൾക്ക് സബ് രജിസ്ട്രാർ ഓഫീസുകളിൽ നേരിട്ടു പോകാതെ ഓൺലൈൻ മുഖേന ബാധ്യതാ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കാൻ കഴിയുകയെന്നതാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്.

(സി) BSNL, KSWAN എന്നീ ഏജൻസികളുടെ സഹായത്തോടുകൂടി Leased Line സർക്ക്യൂട്ട് കണക്ടിവിറ്റി എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലും നൽകുന്നതിനുള്ള നടപടി അവസാനഘട്ടത്തിലാണ്. എൻ.ഐ.സി.-യുടെ സോഫ്റ്റ്‌വെയർ സംവിധാനത്തിലൂടെ സബ് രജിസ്ട്രാർ ഓഫീസുകളിലെ ഡേറ്റ, സ്റ്റേറ്റ് ഡേറ്റാ സെന്ററിൽ കേന്ദ്രീകരിക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

**ആധാരങ്ങൾ ഡിജിറ്റൈസ് ചെയ്യാൻ കർമ്മ പദ്ധതി**

233(3119) ശ്രീ. കെ. അച്ചുതൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സബ് രജിസ്ട്രാർ ഓഫീസുകളിലെ ആധാരങ്ങൾ ഡിജിറ്റൈസ് ചെയ്യാൻ കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇതു നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) രജിസ്ട്രേഷൻ വകുപ്പിൽ ആധാര പകർപ്പുകൾ ഡിജിറ്റൽ രൂപത്തിലാക്കുന്നതിനുള്ള കർമ്മ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്.

(ബി) നിലവിൽ ആധാരപ്പകർപ്പുകൾക്കായുള്ള അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട രജിസ്റ്റർ തെരഞ്ഞുനോക്കി ആധാരം കണ്ടുപിടിച്ച് ഡിജിറ്റൽ ക്യാമറയുടെയും കമ്പ്യൂട്ടറിന്റെയും സഹായത്താൽ പകർപ്പ് തയ്യാറാക്കുന്ന രീതിയാണ് അവലംബിച്ചിരിക്കുന്നത്. ഇതിനായി ബന്ധപ്പെട്ട ആധാരം അടങ്ങുന്ന രജിസ്റ്റർ തെരഞ്ഞുനോക്കുന്നതിനുള്ള കാലതാമസവും അപേക്ഷകളുടെ എണ്ണവും സമയപരിധിക്കുള്ളിൽ സേവനം നൽകുന്നതിന് തടസ്സമാകുന്നു. ഈ കാലതാമസം പരിഹരിക്കുന്നതിനായി നിലവിൽ സബ് രജിസ്ട്രാർ ഓഫീസുകളിൽ സൂക്ഷിച്ചു വരുന്ന ആധാര വാല്യങ്ങൾ സ്കാൻ ചെയ്തു ഡിജിറ്റൽ രൂപത്തിലേക്ക് മാറ്റി, നിലവിലെ രജിസ്ട്രേഷൻ ഡേറ്റയുടെ ഭാഗമാക്കിക്കൊണ്ട് ആധാര പകർപ്പുകൾ ഉടനടി നല്കാവുന്ന തരത്തിലുള്ള സേവനമാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്.

(സി) കൊട്ടാരക്കര (അഡീഷണൽ), നേമം, ചാല, പട്ടം, ശാസ്തമംഗലം, തിരുവല്ലം, തിരുവനന്തപുരം (പ്രിൻസിപ്പൽ) എന്നീ സബ് രജിസ്ട്രാർ ഓഫീസുകളിലെ രജിസ്റ്റർ വാല്യങ്ങളുടെ സ്കാനിംഗ് നടപടി ഭാഗികമായി പൂർത്തിയായിട്ടുണ്ട്. ആധാരങ്ങൾ ഡിജിറ്റൈസ് ചെയ്യുന്ന പദ്ധതി നടപ്പിലാക്കുന്നതിനായി കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ ലാന്റ് റെക്കോർഡ്സ് മോഡേണൈസേഷൻ പ്രോഗ്രാമിലൂടെ 320 ലക്ഷം രൂപയ്ക്ക്, 2015-16 സാമ്പത്തിക വർഷം ഭരണാനുമതി ലഭ്യമായിട്ടുണ്ട്.

**കോട്ടയം (കോടിമത) കുമരകം ചേർത്തല ടൂറിസ്റ്റ് ഹൈവേ**

234(3120) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12 ബജറ്റിൽ പ്രത്യേക പരിഗണന നൽകി നടപ്പിലാക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയ കോട്ടയം (കോടിമത) കുമരകം ചേർത്തല നാലുവരി ടൂറിസ്റ്റ് ഹൈവേ നിർമ്മാണ പദ്ധതി നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ ;

(ബി) ഇതിനായി വകയിരുത്തിയ തുകയെത്ര ; പദ്ധതിയുടെ ചെലവിലേക്കായി ഇതിനകം ഖജനാവിൽനിന്നും പിൻവലിച്ച തുകയെത്ര; വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഇല്ല, പ്രസ്തുത പദ്ധതിയുടെ വിശദമായ പദ്ധതിരേഖ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) ടി പദ്ധതിക്കായി 2011-12-ലെ ബഡ്ജറ്റിൽ 5 കോടി രൂപ വകയിരുത്തിയിരുന്നു. പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയ വകയിൽ കൺസൾട്ടൻസി ഫീസായി 1,18,50,000 രൂപ കെ.ആർ.എഫ്.ബി.-യുടെ ഫണ്ടിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട്.

**മാനാഞ്ചിറ - വെള്ളിമാട് കുന്ന് റോഡ് വികസനം**

235(3121) <u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മാനാഞ്ചിറ - വെള്ളിമാട് കുന്ന് റോഡ് വികസനവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ബി) പ്രസ്തുത വികസന പ്രവർത്തനങ്ങൾക്ക് എത്ര ചെലവാണ് പ്രതീക്ഷിക്കുന്നത്;

(സി) പ്രസ്തുത പ്രവർത്തനങ്ങൾക്കായി ഇതുവരെ എത്ര തുകയാണ് അനുവദിച്ചത്; ഇതു സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ ;

(ഡി) ഈ പ്രവൃത്തി എന്ന് പൂർത്തീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കോഴിക്കോട് നഗര റോഡു വികസന പദ്ധതിയുടെ ഭാഗമായി മാനാഞ്ചിറ-വെള്ളിമാടുകുന്ന് റോഡ് നാലുവരിപാതയായി വികസിപ്പിക്കുന്നതിന് 26-2-2014-ലെ ജി.ഒ.(കൈ)നമ്പർ 23/14/പൊ.മ.വ. പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത റോഡ് വികസനത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) മാനാഞ്ചിറ-വെള്ളിമാടുകുന്ന് റോഡ് വികസനത്തിന് 412.38 കോടി രൂപയുടെ ചെലവാണ് പ്രതീക്ഷിക്കുന്നത്.

(സി) ഭൂമി ഏറ്റെടുക്കുന്ന നടപടികൾക്കായി 4-3-2015-ലെ സ.ഉ.(സാധാ) നമ്പർ 344/2015/പൊ.മ.വ. സർക്കാർ ഉത്തരവ് പ്രകാരം 25 കോടിരൂപയും 26-6-2015-ലെ സ.ഉ.(സാധാ) നമ്പർ 880/2015/പൊ.മ.വ. സർക്കാർ ഉത്തരവ് പ്രകാരം 10 കോടി രൂപയും 1-10-2015-ലെ സ.ഉ.(സാധാ. നമ്പർ 1503/2015/ പൊ.മ.വ. സർക്കാർ ഉത്തരവ് പ്രകാരം 25 കോടി രൂപയും ഈ ആവശ്യത്തിലേക്കായി ഭൂമി വിട്ടുനൽകുന്ന സർക്കാർ സ്ഥാപനങ്ങളുടെ ചുറ്റുമതിൽ നിർമ്മിക്കുന്നതിനായി 4 കോടി രൂപയും ഉൾപ്പെടെ 64 കോടി രൂപയാണ് പ്രസ്തുത പദ്ധതിക്കായി ഇതുവരെ അനുവദിച്ചിട്ടുള്ളത്. പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തിയായാലുടൻ മാനാഞ്ചിറ-വെള്ളിമാട് കുന്ന് റോഡിന്റെ വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് സമയബന്ധിതമായി പൂർത്തിയാക്കുന്നതാണ്.

**പരമ്പരാഗത തിരുവാഭരണ പാതയിലെ പാലങ്ങൾ**

236(3122) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി നിയോജക മണ്ഡലത്തിലെ പരമ്പരാഗത തിരുവാഭരണ പാതയിലുള്ള പേരൂർച്ചാൽ കടവിൽ പമ്പാ നദിക്ക് കുറുകെ നിർമ്മിക്കുന്ന പേരുർ സ്പിൽ പാലത്തിന്റെ നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണ്; നിർമ്മാണം തടസ്സപ്പെട്ടിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ; നദിയിൽ വെള്ളം കുറയുന്ന ഫെബ്രുവരി മുതൽ ഏപ്രിൽ വരെയുള്ള കാലത്ത് നിർമ്മാണം പൂർത്തീകരിക്കാൻ കഴിയുംവിധം ഇത് പുനരാരംഭിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) തിരുവാഭരണ പാതയിലെ വേണാട്ടു കടവിലും പൂവത്തുംകാട് കടവിലും പാലങ്ങൾ തീർത്തെങ്കിലും ഇവിടെ സമീപ റോഡുകളുടെ നിർമ്മാണം പൂർത്തീകരിക്കാത്തതിനാൽ പാലത്തിലൂടെ വാഹനയാത്ര നടത്താൻ കഴിയാത്ത സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവിടെ സമീപ റോഡുകൾ നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇവയ്ക്ക് ഭരണാനുമതി

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ലഭിക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ഇത്തവണ ശബരിമല ഉത്സവത്തിന് തിരുവാഭരണ ഘോഷയാത്രയ്ക്ക് സുഗമമായി യാത്ര ചെയ്യാൻ കഴിയുംവിധം ഇരു പാലങ്ങളുടെയും സമീപ റോഡുകളുടെയും നിർമ്മാണം പൂർത്തീകരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പേരൂർച്ചാൽ പാലം നിർമ്മാണത്തിന്റെ ഫൗണ്ടേഷന്റെ പണികൾ 90%വും സബ് സ്ട്രക്ചർ 50%വും പൂർത്തിയായി. സൂപ്പർ സ്ട്രക്ചറിന്റേയും പണികൾ നടന്നു വരുന്നു. കീക്കോഴൂർ സൈഡിലെ ആദ്യ സ്പാനിന്റെ ഒരു ബീമിന്റെ പണി പൂർത്തിയായി. അതിന്റെ പ്രീ സ്ട്രെസിംഗ് 10-12-2015-ൽ നടത്താൻ ഉദ്ദേശിക്കുന്നു. ഒരു പിയർ ക്യാപ്പിനു വേണ്ട ഷട്ടറിംഗും കമ്പികെട്ടും നടന്നുകൊണ്ടിരിക്കുന്നു. മണിയാർ ഡാം തുറക്കുന്നതിനാൽ വേനൽക്കാലത്തും ജലനിരപ്പ് കുറയാത്തത് പണിയെ സാരമായി ബാധിച്ചു. കൂടാതെ കരാറുകാരന്റെ ഭാഗത്ത് നിന്നുണ്ടായ വീഴ്ചകൾ കാരണവും നിർമ്മാണം മന്ദഗതിയിലായി. എന്നാൽ ഇപ്പോൾ പണികൾ പുനരാരംഭിച്ചു തുടർന്നുവരുന്നു.

(ബി) പോങ്ങോട്ടുകടവ് പാലത്തിന്റെ സമീപ റോഡുകൾ വാഹനങ്ങൾ പോകുന്നതിന് തടസ്സമില്ലാത്ത വിധം ക്രമീകരിച്ചിട്ടുണ്ട്. ടി സമീപ റോഡുകളുടെ ചിപ്പിംഗ് കാർപെറ്റിന്റെ പണികളുടെയും കുളിക്കടവിന്റെ പണികളുടെയും ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. പൂവത്തുംമൂട് കടവ് പാലത്തിന്റെ സമീപ റോഡുകൾ 7 മീറ്റർ വീതിയിൽ ടാറിംഗ് പൂർത്തീകരിച്ച് ഗതാഗതത്തിന് തുറന്നു കൊടുത്തിട്ടുണ്ട്.

(സി) തിരുവാഭരണ ഘോഷയാത്ര കടന്നു പോകുന്ന കാലയളവിനു മുമ്പുതന്നെ പാലങ്ങളുടേയും സമീപ റോഡുകളുടെയും പണികൾ പൂർത്തീകരിക്കുന്നതാണ്.

**പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കിയ നിർമ്മാണ പ്രവൃത്തികൾ**

237(3123) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ

എന്തെല്ലാമാണെന്ന് വിശദമാക്കാമോ ; ഓരോ പ്രവൃത്തികളുടെയും പേരും തുകയും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് നോർത്ത് നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് നിരത്ത്, ദേശീയപാത, കെട്ടിട വിഭാഗങ്ങൾ നടപ്പിലാക്കിയ പ്രവൃത്തികളും അവയുടെ പേരും, തുകയും അനുബന്ധമായി ചേർത്തിരിക്കുന്നു*. ഇതുകൂടാതെ കോഴിക്കോട് നഗരറോഡ് വികസന പദ്ധതിയിൽ ഉൾപ്പെട്ട കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ താഴെപ്പറയുന്ന റോഡുകളുടെ നിർമ്മാണ പ്രവൃത്തികളുടെ എഗ്രിമെന്റ് വയ്ക്കുകയും യൂട്ടിലിറ്റി ഷിഫ്റ്റിംഗ് പൂർത്തിയാകുന്ന മുറയ്ക്ക് നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതുമാണ്.

1. ഗാന്ധി റോഡ് - മിനി ബൈപ്പാസ് റോഡ്
2. പനത്തുതാഴം - CWRDM റോഡ്
3. വെള്ളിമാട് കുന്ന് - കോവൂർ റോഡ്
4. എരഞ്ഞിപ്പാലം - അരയടത്ത് പാലം റോഡ്

**പി. ഡബ്ല്യൂ.ഡി.വർക്കുകളുടെ ഗുണനിലവാരം**

238(3124) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> :
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> :
<u>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി</u> :
<u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.ഡബ്ല്യൂ.ഡി. വർക്കുകളുടെ ഗുണനിലവാരം സാക്ഷ്യപ്പെടുത്തുന്നതിന് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. പൊതുമരാമത്ത് വകുപ്പിലെ പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ചുമതലയിൽ റീജിയണൽ ലാബുകളും മറ്റ് എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലാബുകൾ സ്ഥാപിച്ച പ്രവർത്തനം നടപ്പാക്കി വരുന്നു. ദേശീയപാത ജോലികളുടെ ഗുണനിലവാര പരിശോധനയ്ക്ക് ആവശ്യമായ എല്ലാ സംവിധാനങ്ങളോടും കൂടിയ ലബോറട്ടറി സംവിധാനങ്ങൾ കരാർ പ്രകാരം സൈറ്റിൽ കോൺട്രാക്ടർ സ്ഥാപിക്കേണ്ടതാണ്. ടെസ്റ്റുകൾ ദേശീയപാതയുടെ കീഴിലുള്ള ഗുണനിലവാര പരിശോധനാ വിംഗിന്റെ മേൽനോട്ടത്തിലാണ് നടത്തുന്നത്. ടാറിംഗ് പ്രവൃത്തികൾ ഉള്ള സ്ഥലങ്ങളിൽ പ്ലാന്റ് സൈറ്റിലും, റോഡുകളിലും എത്തി ബിറ്റുമിൻ എക്സ്ട്രാക്ടർ, സീവ്സ്, തെർമോമീറ്റർ എന്നിവ ഉപയോഗിച്ച് ടാറിന്റെ അളവ്, മെറ്റീരിയലുകളുടെ ഗുണനിലവാരം, ചൂട്, ഘനം, എന്നിവ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നു. 15-10-2015-ന് ശേഷം ടെണ്ടർ ചെയ്യുന്ന എല്ലാ പ്രവൃത്തികൾക്കും ഗുണനിലവാര പരിശോധന നിർബന്ധമാക്കി കരാർ വ്യവസ്ഥയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അഞ്ചു കോടിയിൽ കൂടുതൽ വരുന്ന പ്രവൃത്തികൾക്ക് ടെക്നിക്കൽ ഓഡിറ്റ് ചെയ്യുന്നതിനും നിഷ്കർഷിക്കുന്നു.

(ബി) ഇതുവഴി പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള നിർമ്മാണ പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കാനും മെച്ചപ്പെടുത്തുവാനും സാദ്ധ്യമാകും. ആദ്യ രണ്ടു ലെവൽ ടെസ്റ്റിംഗ് പൂർണ്ണമായും ഉറപ്പുവരുത്തുന്നതിനാണ് ടെക്നിക്കൽ ഓഡിറ്റ് ചെയ്യുവാൻ ഉദ്ദേശിക്കുന്നത്. ഇതുമൂലം പൊതുമരാമത്ത് വകുപ്പ് നടപ്പാക്കുന്ന എല്ലാ പ്രവൃത്തികളും durable and sustainable ആയിരിക്കും എന്നുള്ളത് ഉറപ്പുവരുത്താനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) 28.533 കോടിയുടെ പദ്ധതികൾ ക്വാളിറ്റി കൺട്രോൾ വിഭാഗത്തിനായി ആവിഷ്കരിച്ചിട്ടുണ്ട്. അതിനായുള്ള ഭരണാനുമതിയും ലഭ്യമാക്കിയിട്ടുണ്ട്. ക്വാളിറ്റി കൺട്രോൾ മാന്വൽ, ക്വാളിറ്റി കൺട്രോൾ ലാബ് മാന്വൽ എന്നിവ പ്രസിദ്ധീകരിച്ച് ഗുണനിലവാരം പരിശോധിക്കാൻ എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ഓഫീസും ലാബുകളും പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. എഞ്ചിനീയർമാർക്കും ജീവനക്കാർക്കും പരിശീലന പരിപാടികൾ നടപ്പിലാക്കി വരുന്നു. കരാറുകാർക്ക് ക്വാളിറ്റി ഉറപ്പുവരുത്തുന്നതിനുള്ള ആവശ്യകത മനസ്സിലാക്കുന്നതിനും കേരളം

മുഴുവൻ ആറു സ്ഥലങ്ങളിലായി awareness programme നടത്തി തുടർന്നും ട്രെയിനിംഗ് നൽകുന്നുണ്ട്.

**എം.സി. റോഡ് വികസനം**

239(3125) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.സി റോഡ് വികസനം സംബന്ധിച്ച് ഈ സർക്കാർ സ്വീകരിച്ച നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ നടപടികളും നഷ്ടപരിഹാര വിതരണവും പൂർത്തീകരിച്ചിട്ടുണ്ടോ; ഇനി എത്ര പേർക്ക് നഷ്ടപരിഹാരം നല്കുവാനുണ്ട്; ഇവരുടെ നഷ്ടപരിഹാരം എന്ന് കൊടുത്തു തീർക്കും; വിശദമാക്കുമോ;

(സി) എം.സി റോഡിന്റെ വികസനം സംബന്ധിച്ച് ഏതൊക്കെ റീച്ചുകളിലെ പണികളാണ് ഈ വർഷം ആരംഭിച്ചിട്ടുള്ളത് എന്നും ഏതൊക്കെ റീച്ചുകളുടെ ടെണ്ടർ നടപടി പൂർത്തീകരിച്ചു എന്നും പണികൾ എന്നാരംഭിക്കുമെന്നും വ്യക്തമാക്കുമോ?

**ഉത്തരം**

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ലോകബാങ്ക് ധനസഹായത്തോടെയുള്ള കെ.എസ്.ടി.പി.-രണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി എം.സി. റോഡിന്റെ ചെങ്ങന്നൂർ മുതൽ മൂവാറ്റുപുഴ വരെയുള്ള റോഡിന്റെ അപ്ഗ്രഡേഷൻ പണികൾ തുടങ്ങുവാൻ കഴിഞ്ഞു. ചെങ്ങന്നൂർ - ഏറ്റുമാനൂർ, ഏറ്റുമാനൂർ - മൂവാറ്റുപുഴ എന്നീ റോഡുകൾ രണ്ട് റീച്ചുകളായി നിർമ്മാണ പ്രവർത്തനം വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. ഇതോടൊപ്പം തിരുവല്ല ബൈപ്പാസിന്റെ പണിയും പുരോഗമിച്ചുവരുന്നു. ചെങ്ങന്നൂർ - ഏറ്റുമാനൂർ റോഡ് നിർമ്മാണം 24-9-2017-ലും ഏറ്റുമാനൂർ - മൂവാറ്റുപുഴ റോഡ് നിർമ്മാണം 3-8-2016-ലും തിരുവല്ല ബൈപ്പാസ് നിർമ്മാണം 6-9-2016-ലും പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ബി) 95% ഭൂമി ഏറ്റെടുക്കൽ പൂർത്തിയായിട്ടുണ്ട്. 983 പേർക്ക് നഷ്ട പരിഹാരം നൽകാനുണ്ട്. നഷ്ടപരിഹാരം കൈപ്പറ്റുവാൻ കക്ഷികളെ അറിയിക്കുന്ന നടപടികൾ ത്വരിതപ്പെടുത്തിയിട്ടുണ്ട്. ടി കക്ഷികൾ കെ.എസ്.ടി.പി. മുവാറ്റുപുഴ ഡിവിഷനുമായി ബന്ധപ്പെടുന്ന മുറയ്ക്ക് നഷ്ട പരിഹാരം കൊടുത്തു തീർക്കുന്നതാണ്.

(സി) ഈ വർഷം (2015) പണികളൊന്നും പുതുതായി ആരംഭിച്ചിട്ടില്ല.

എം.സി. റോഡിന്റെ ചെങ്ങന്നൂർ മുതൽ ഏറ്റുമാനൂർ വരെയുള്ള റോഡ് നിർമ്മാണം 25-11-2014-ലും ഏറ്റുമാനൂർ - മൂവാറ്റുപുഴ റോഡ് നിർമ്മാണം 4-2-2014-ലും തിരുവല്ല ബൈപ്പാസ് നിർമ്മാണം 19-6-2013-ലും ആണ് തുടങ്ങിയത്. ഈ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. ഇനി റീച്ചുകളൊന്നും ടെണ്ടർ ചെയ്യാനില്ല.

**ബി.എം.&ബി.സി. മാതൃകയിൽ റോഡ് നിർമ്മാണം**

240(3126) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ ചൂനാട് - താമരക്കുളം റോഡ് ബി.എം.& ബി.സി. മാതൃകയിൽ നിർമ്മിക്കുന്നതിന് ആവശ്യമായ തുക അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് ഭരണാനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ഡി) തട്ടാമ്പലം - മാന്നാർ റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കുമോ;

(ഇ) പ്രസ്തുത റോഡിന്റെ നിർമാണപ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ശിപാർശ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

(ബി) എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല.

(സി) എസ്റ്റിമേറ്റ് തയ്യാറാക്കി ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(ഡി&ഇ) ലെവൽസ് എടുത്ത് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

**ബി.എം.ആന്റ് ബി.സി. സാങ്കേതികവിദ്യയിൽ നിർമ്മിക്കപ്പെട്ട റോഡുകൾ**

241(3127) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബി.എം.ആന്റ് ബി.സി. സാങ്കേതിക വിദ്യയിൽ നിർമ്മിക്കപ്പെട്ട റോഡുകൾ നിശ്ചിത കാലാവധിക്കുള്ളിൽ പുനരുദ്ധാരണ പ്രവൃത്തികൾ നടത്താത്തതു കാരണം തകർന്ന് ഗതാഗത യോഗ്യമല്ലാതായിത്തീരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എല്ലാ ജില്ലകളിലും അത്തരം റോഡുകൾ പരിശോധിച്ച് നിശ്ചിത കാലാവധിക്കുള്ളിൽ അവ പുനരുദ്ധരിച്ച് അവയുടെ ഗുണമേന്മ നിലനിർത്തുവാനും അതുവഴി സർക്കാരിനുണ്ടാകുന്ന അധിക ചെലവ് ഒഴിവാക്കുവാനും നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്ത് ബി.എം. ആന്റ് ബി.സി. സാങ്കേതികവിദ്യയിൽ നിർമ്മിക്കപ്പെട്ട റോഡുകൾ നിശ്ചിത കാലാവധിക്കുള്ളിൽ പുനരുദ്ധാരണ പ്രവൃത്തികൾ നടത്താത്തതു കാരണം തകർന്ന് ഗതാഗത യോഗ്യമല്ലാതായിത്തീരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**പി.ഡബ്ല്യൂ ഡി. റസ്റ്റ് ഹൗസുകളിലെ കെയർടേക്കർ നിയമനം സംബന്ധിച്ച്**

242(3128) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി കെട്ടിട നിർമ്മാണം പൂർത്തീകരിച്ച പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസുകളിൽ ആവശ്യത്തിന് ജീവനക്കാരും കെയർടേക്കർമാരും ഇല്ലാത്തതിനാൽ പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകാനാകാതെ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് പരിഹാരം കാണുവാൻ പൊതുമരാമത്തു വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) കടുത്തുരുത്തി പി.ഡബ്ല്യൂ .ഡി. റസ്റ്റ് ഹൗസിൽ കെയർടേക്കർ നിയമനവും പുതിയ പോസ്റ്റുകൾ രൂപീകരിക്കുന്നതും സംബന്ധിച്ച് ചീഫ് എഞ്ചിനീയർക്ക് നൽകിയിരുന്ന നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; റസ്റ്റ് ഹൗസിന്റെ പ്രവർത്തനത്തിന് താൽക്കാലിക ജീവനക്കാരെയെങ്കിലും നിയമിച്ച് പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പൊതുമരാമത്ത് വകുപ്പിൽ അധികമായുള്ളവരിൽ, യോഗ്യതയുള്ള ജീവനക്കാരെ പുനർവിന്യസിച്ചുകൊണ്ട് റസ്റ്റ് ഹൗസ് പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പി.ഡബ്ല്യൂ.ഡി. മാന്വൽ പരിഷ്കരണം

243(3129) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.ഡബ്ല്യൂ.ഡി. മാന്വൽ പരിഷ്കരണത്തിന് കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) പി.ഡബ്ല്യൂ.ഡി. മാന്വൽ കാലോചിതമായി പരിഷ്കരിച്ച് G.O.(P)No. 13/2012/PWD തീയതി 1-2-2012 പ്രകാരം ഉത്തരവായിട്ടുണ്ട്.

(ബി) പൊതുമരാമത്ത് വകുപ്പിന്റെ ആധുനികവത്ക്കരണത്തിന് ഇത് വളരെയധികം സഹായകമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. പണിയുടെ ഗുണ നിലവാരം, ഉദ്യോഗസ്ഥരുടെയും കരാറുകാരുടെയും കാര്യക്ഷമത എന്നിവയിൽ പ്രകടമായ മാറ്റം ഉണ്ടാകുമെന്ന് കരുതുന്നു. വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

(സി) 21-3-2012-ലെ ജി.ഒ.(പി)നമ്പർ 32/2012/പൊ.മ.വ. പ്രകാരം പരിഷ്കരിച്ച മാന്വൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. എങ്കിലും വിവിധ ഭാഗങ്ങളിൽ നിന്നുണ്ടായ പരാതിയുടെ അടിസ്ഥാനത്തിൽ പരിഷ്കരിച്ച മാന്വലിലെ അപാകതകൾ പരിഹരിക്കാനും കൂടുതൽ മെച്ചപ്പെടുത്തുന്നതിനും വേണ്ടി ഒരു ടെക്നിക്കൽ കമ്മിറ്റിയെ നിയമിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് ഗവൺമെന്റ് പരിശോധിച്ച് വരികയാണ്.

**ഒരു മണ്ഡലത്തിൽ ഒരു പൊതുമരാമത്ത് ഓഫീസ്**

244(3130) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എല്ലാ നിയോജക മണ്ഡലങ്ങളിലും പൊതുമരാമത്ത് വകുപ്പിന്റെ ഒരു ഓഫീസ് സ്ഥാപിക്കണമെന്ന് ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എല്ലാ നിയോജക മണ്ഡലങ്ങളിലും പൊതുമരാമത്ത് വകുപ്പിന്റെ ഓരോ ഓഫീസ് സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് സാങ്കേതിക തടസ്സമുണ്ടെങ്കിൽ പൊതുമരാമത്ത് വകുപ്പിന്റെ ഒരു ഓഫീസ് പോലുമില്ലാത്ത മങ്കട മണ്ഡലത്തിൽ വകുപ്പിന്റെ ഒരു ഓഫീസ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സർക്കാരിന്റെ നൂറ് ദിന പരിപാടിയിൽ ഉൾപ്പെടുത്തിയിരുന്ന ഒരു ഇനമാണ് നിയോജകമണ്ഡലാടിസ്ഥാനത്തിലുള്ള പി.ഡബ്ല്യൂ.ഡി. സെക്ഷനുകളുടെ പുനഃക്രമീകരണം. പൊതുമരാമത്ത് വകുപ്പ് റോഡ്സ് സെക്ഷനുകൾ നിയോജക മണ്ഡലാടിസ്ഥാനത്തിൽ പുനഃക്രമീകരിക്കുന്നതിനുവേണ്ടിയുള്ള പഠനം നടത്തുവാൻ നാറ്റ്പാക്കിനെ ചുമതലപ്പെടുത്തിയിരുന്നു. ഇതേപ്പറ്റി നാറ്റ്പാക്ക് പഠനം നടത്തുകയും നിയമസഭയിലെ ബാങ്ക്വറ്റ് ഹാളിൽ വച്ച് ബഹു. മുഖ്യമന്ത്രി, ബഹു. സ്പീക്കർ, മറ്റു മന്ത്രിമാർ എന്നിവരുടെ മുമ്പാകെ ഒരു പ്രസന്റേഷൻ നടത്തുകയും ചെയ്തിരുന്നു. പ്രസ്തുത പ്രസന്റേഷന്റെ അടിസ്ഥാനത്തിൽ പല എം.എൽ.എ.-മാരും അവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സമർപ്പിക്കുകയുണ്ടായി. നാറ്റ്പാക്കിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുതിയതായി സെക്ഷൻ ഓഫീസുകൾ രൂപീകരിക്കുന്നത് ഉൾപ്പെടെയുള്ള നിർദ്ദേശങ്ങൾ ലഭിച്ചു. എന്നാൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നത് സാമ്പത്തിക ബാധ്യത ഉണ്ടാകുമെന്നതിനാൽ, ഓരോ നിയോജകമണ്ഡലത്തിലും ഒരു സെക്ഷനെങ്കിലും വരുന്ന രീതിയിൽ പുനഃക്രമീകരിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവ് (എം. എസ്.)നമ്പർ 65/13/പൊ.മ.വ. തീയതി 3-8-2013 പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

**നേമം മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് നിർമ്മിക്കാനുദ്ദേശിക്കുന്ന പാലങ്ങൾ**

245(3131) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന പാലങ്ങൾ ഏതൊക്കെയാണെന്നും ആയതിന്റെ ഓരോന്നിന്റേയും പുരോഗതിയും വിശദമാക്കുമോ ;

(ബി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങളിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടെങ്കിൽ ആയത് എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) നേമം നിയോജകമണ്ഡലത്തിലെ കല്ലടിമുഖം പാലം നിർമ്മിക്കുന്നതിന് 14-7-2009-ലെ സ.ഉ.(സാധാ)നമ്പർ 1044/2009/പൊ.മ.വ. പ്രകാരം 500 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പാലം നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന് 22-12-2014-ന് ഉഭയകക്ഷി സമ്മതപ്രകാരം തീരുമാനമാവുകയും സ്ഥലത്തിന്റെ വില നിശ്ചയിച്ച് റവന്യൂ വകുപ്പിൽനിന്നും 18-6-2015-ലെ സ.ഉ.(സാധാ)നമ്പർ 3121/2015/റവ. പ്രകാരം ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. പാലത്തിനും അപ്രോച്ച് റോഡിനും ആവശ്യമായ ഭൂമി ലഭ്യമാക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. മധുപാലം പാലം നിർമ്മിക്കുന്നതിന് 30-5-2013-ലെ സ.ഉ.(സാധാ)നമ്പർ 773/2013/പൊ.മ.വ. പ്രകാരം 700 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പാലത്തിന്റെ ഡിസൈൻ തയ്യാറായിട്ടുണ്ട്. ഉഭയകക്ഷി സമ്മതപ്രകാരം സ്വകാര്യ വ്യക്തികളിൽനിന്നും ഭൂമി ഏറ്റെടുക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പള്ളത്തുകടവ് പാലം നിർമ്മിക്കുന്നതിന് 14-8-2009-ലെ സ.ഉ.(സാധാ) നമ്പർ 1185/09/ പൊ.മ.വ. പ്രകാരം 850 ലക്ഷം രൂപയുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പാലം നിർമ്മാണത്തിന് തിരുവല്ലം മണക്കാട് വില്ലേജുകളിലായി 244.45 സെന്റ് ഭൂമി ഏറ്റെടുക്കേണ്ടതുണ്ട്. ഉഭയകക്ഷി സമ്മതപ്രകാരം സ്വകാര്യ വ്യക്തികളിൽ നിന്നു ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മുടവൻമുഗൾ പാലം നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. പനത്തുറ പാലത്തിന് ആവശ്യമായ ഫണ്ട് ലഭ്യമല്ലാതിരുന്നതിനാൽ ഭരണാനുമതി നൽകിയിട്ടില്ല. തിരുവല്ലം ഇടയാർ പാലം നിർമ്മിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ പൂർത്തിയായി. ഡിസൈൻ തയ്യാറാക്കിവരുന്നു. കീഴാറന്നൂർ പാലം, മാങ്കോട്ടുകടവ് പാലം എന്നിവയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടന്നുവരുന്നു.

**ഒൺ ടൈം മെയിന്റനൻസ് പദ്ധതി**

246(3132) <u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ഏതെല്ലാം നിയോജകമണ്ഡലങ്ങളിൽ നിന്നാണ് 'ഒൺ ടൈം മെയിന്റനൻസ് പദ്ധതിയിൽ' ഉൾപ്പെടുത്തി റോഡുകൾ നന്നാക്കുന്നിനുള്ള അപേക്ഷകൾ ലഭിച്ചതെന്ന് വിശദമാക്കുമോ;

(ബി) ഓരോ അപേക്ഷയും ലഭിച്ച തീയതിയും അപേക്ഷിച്ച പ്രവൃത്തികൾക്ക് അംഗീകാരം നൽകിയ തീയതിയും വിശദമാക്കുമോ;

(സി) ഏതെല്ലാം മണ്ഡലങ്ങളിലെ അപേക്ഷകൾക്കാണ് ഇതുവരെ അംഗീകാരം നൽകാതിരുന്നതെന്ന് വിശദമാക്കുമോ; ആയതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കോഴിക്കോട് നോർത്ത്, കോഴിക്കോട് സൗത്ത്, ബേപ്പൂർ, കുന്ദമംഗലം, എലത്തൂർ, പേരാമ്പ്ര, കൊയിലാണ്ടി, കൊടുവള്ളി, തിരുവമ്പാടി, ബാലുശ്ശേരി, വടകര, നാദാപുരം, കുറ്റ്യാടി എന്നീ നിയോജക മണ്ഡലങ്ങളിൽ നിന്നാണ് അപേക്ഷകൾ ലഭിച്ചിട്ടുള്ളത്.

(ബി&സി) കോഴിക്കോട് ജില്ലയിലെ എല്ലാ നിയോജകമണ്ഡലങ്ങളിലും ഒൺ ടൈം മെയിന്റനൻസ് പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ചിട്ടുണ്ട്.

**പാലം പണി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ**

247(3133) <u>ശ്രീ. തോമസ് ചാണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണാനുമതി ലഭ്യമായ കുട്ടനാട്ടിലെ കൈനകരി മുട്ടേൽ പാലത്തിന്റെ നിർമ്മാണത്തിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) തട്ടാശ്ശേരി പാലത്തിന് അടുത്ത വർഷത്തെ ബഡ്ജറ്റിൽ ഭരണാനുമതി ലഭ്യമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ;

(സി) ചമ്പക്കുളം പാലം പണി പൂർത്തീകരിക്കുന്നതിന് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി റീടെൻഡർ ചെയ്യുന്നതിനു ശേഷം സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) വൈശ്യംഭാഗം (കഞ്ഞിപാടം) പാലം നിർമ്മാണം പൂർത്തീകരിക്കുന്നതിന്

സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കുട്ടനാട്ടിലെ കൈനകരി മുട്ടേൽ പാലത്തിന് 2010-ൽ 680 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയെങ്കിലും തുടർനടപടികൾ സ്വീകരിച്ചില്ല. പുതുക്കിയ ഭരണാനുമതിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

(ബി) പ്രസ്തുത പാലത്തിന്റെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നതേയുള്ളൂ.

(സി) പ്രസ്തുത പാലത്തിന്റെ ബാലൻസ് വർക്ക് ടെണ്ടർ ചെയ്തെങ്കിലും കരാറുകാർ ആരും പങ്കെടുത്തില്ല. റീ ടെണ്ടർ ചെയ്തിട്ടുണ്ട്.

(ഡി) പാലത്തിന്റെ പ്രവൃത്തികൾ പുരോഗമിച്ചു വരുകയാണ്. പുതുക്കിയ ഭരണാനുമതിയ്ക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

**റോഡ് വികസന പദ്ധതി**

248(3134) <u>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)</u> :

<u>ശ്രീമതി കെ. കെ. ലതിക</u> :

<u>ശ്രീമതി പി. അയിഷാ പോറ്റി</u> :

<u>ശ്രീ. സി. കെ സദാശിവൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ റോഡ് വികസന പദ്ധതിക്ക് കേന്ദ്രസർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ ;

(ബി) ഏതെല്ലാം പുതിയ റോഡുകളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; ഇവ ഓരോന്നും എത്ര വർഷത്തിനകം പൂർത്തിയാക്കുമെന്ന് വിശദമാക്കാമോ ;

(സി) സംസ്ഥാന സർക്കാർ സമർപ്പിച്ച ഏത് പദ്ധതി അംഗീകരിച്ചു കൊണ്ടാണ് കേന്ദ്രസർക്കാരിന്റെ അനുമതി ലഭ്യമായിട്ടുള്ളത് ; ഇതിനായി എന്തു തുകയാണ് കേന്ദ്രം അനുവദിച്ചിട്ടുള്ളത് ; ഇതിനകം ലഭ്യമായ തുകയെത്രയാണ്?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) സംസ്ഥാന റോഡ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ റോഡുകളുടെ വിവരം താഴെ ചേർക്കുന്നു:

പാക്കേജ് 'എ' :

വിദ്യാനഗർ-മായിപ്പാടി-സീതാംഗോളിറോഡ്-കാസർഗോഡ് ജില്ല

ഉപ്പള-കനിയന റോഡ് - കാസർഗോഡ് ജില്ല

പാക്കേജ് 'ബി' :

കാഞ്ഞിരപ്പള്ളി-കാഞ്ഞിരംകവല റോഡ് - കോട്ടയം ജില്ല

വെള്ളനാട്-ചെറ്റച്ചൽ റോഡ് - തിരുവനന്തപുരം ജില്ല

ഈ റോഡുകൾ പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ ദേശീയ നിലവാരത്തിൽ നവീകരിക്കുന്നതിനും ശേഷം 13 വർഷം ദേശീയ നിലവാരത്തിൽ തന്നെ പരിപാലിക്കുന്നതിനുമാണ് ഉദ്ദേശിച്ചിട്ടുള്ളത്. പാക്കേജ് 'എ'-യിൽ ഉൾപ്പെട്ട റോഡുകൾക്ക് 17-12-2015-ന് അവസാന തീയതി വച്ച് ടെണ്ടർ ക്ഷണിച്ചിരിക്കുകയാണ്.

(സി) ബാധകമല്ല.

**റോഡു നിർമ്മാണത്തിൽ പ്ലാസ്റ്റിക് ഉൾപ്പെടുത്തുന്നത്**

249(3135) ശ്രീ. കെ. എൻ. എ.ഖാദർ :

ശ്രീ. വി. എം .ഉമ്മർ മാസ്റ്റർ :

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശീയപാതകൾ ഉൾപ്പെടെയുള്ള റോഡുകളുടെ ഗുണനിലവാരം ഉയർത്താൻ നിർമ്മാണ രീതിയിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) റോഡു നിർമ്മാണത്തിൽ പ്ലാസ്റ്റിക് കൂടി നിർബന്ധമായി ഉൾപ്പെടുത്താനുള്ള നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ റോഡു നിർമ്മാണത്തിനാവശ്യമായ പ്ലാസ്റ്റിക് ലഭ്യമാക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്.

(സി) റോഡ് നിർമ്മാണത്തിനാവശ്യമായ പ്ലാസ്റ്റിക് ശുദ്ധീകരിച്ച് കഷ്ണങ്ങളാക്കി ശേഖരിച്ച് നൽകുന്നതിന് Clean Kerala Company Limited തയ്യാറാണ് എന്നറിയിച്ചിട്ടുണ്ട്.

**മലയോര ഹൈവേ അലൈൻമെന്റ്**

250(3136) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മലയോര ഹൈവേ അലൈൻമെന്റിന് അനുമതി നൽകിയിട്ടുണ്ടോ ; എങ്കിൽ എന്നാണ് അനുമതി നൽകിയത്; ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) കാസർഗോഡ് ജില്ലയിൽ അടുത്ത കാലത്ത് പ്രസ്തുത അലൈൻമെന്റിൽ മാറ്റം വരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് മലയോര ഹൈവേ അലൈൻമെന്റിന് 6-7-2009-ൽ അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഇല്ല.

**അയിലം പാലം നിർമ്മാണം**

251(3137) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അയിലം പാലം നിർമ്മാണം ഏതു ഘട്ടത്തിലാണെന്നും ഉദ്ഘാടനം എന്ന് നടത്തുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(ബി) അയിലം പാലം നിർമ്മാണത്തിനായി എന്തു തുക അനുവദിച്ചിട്ടുണ്ട്; എന്തു തുക ഇതുവരെ കരാറുകാർക്ക് നൽകിയിട്ടുണ്ട്; പാലം നിർമ്മാണം എന്നാണ് ആരംഭിച്ചത്;

(സി) നിർമ്മാണ പ്രവർത്തനം എത്രയും പെട്ടെന്ന് പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) അയിലം പാലത്തിന് 25.32 മീറ്റർ നീളത്തിൽ 32 സ്പാനുകളാണ് ഉള്ളത്. 3 സ്പാനുകളുടെയും നിർമ്മാണം പൂർത്തിയായിട്ടുണ്ട്. പ്രസ്തുത പാലത്തിന്റെ അപ്രോച്ച് റോഡിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

(ബി) അയിലം പാലം നിർമ്മാണത്തിന് സർക്കാർ ഉത്തരവ് നമ്പർ 1044/2009/പി.ഡബ്ല്യൂ.ഡി. തീയതി 14-7-2009 പ്രകാരം 540 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 34885268.47 രൂപ കരാറുകാർക്ക് ടി പാലത്തിന്റെ നിർമ്മാണത്തിലേക്കായി നൽകിയിട്ടുണ്ട്. 29-12-2010-ലാണ് പാലം നിർമ്മാണം ആരംഭിച്ചത്.

(സി) നിർമ്മാണ പ്രവർത്തനം എത്രയും പെട്ടെന്ന് പൂർത്തിയാക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

**മണ്ഡല ആസ്തിവികസന പദ്ധതി**

252(3138) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി പൊതുമരാമത്ത് വകുപ്പ് നിർവ്വഹിക്കുന്ന പ്രവൃത്തികളുടെ നാളിതു വരെയുള്ള പുരോഗതി വിശദമാക്കുമോ ;

(ബി) ഭരണാനുമതി ലഭിച്ച ഏതെല്ലാം പ്രവൃത്തികൾക്ക് സാങ്കേതിക അനുമതി ലഭിക്കുവാനുണ്ടെന്നും സാങ്കേതിക അനുമതി ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോയെന്നും വിശദമാക്കുമോ ;

(സി) സാങ്കേതിക അനുമതിയും ടെൻഡർ നടപടികളും സ്വീകരിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗത്തിൻകീഴിൽ ഗവ. മുഹമ്മദൻസ് ബോയ്സ് എച്ച്.എസ്.എസ്., ഗവ. ഗേൾസ് എച്ച്.എസ്.എസ്. ആലപ്പുഴ, ഗവ. ഹൈസ്കൂൾ പറവൂർ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. നിരത്തു

വിഭാഗവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(ബി&സി) ഭരണാനുമതി ലഭിച്ചതിൽ സാങ്കേതികാനുമതി നൽകാനുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു. സാങ്കേതികാനുമതിയും ടെണ്ടർ നടപടികളും സ്വീകരിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.*

**തീരദേശ ഹൈവേ**

253(3139) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ തീരദേശ ഹൈവേയുടെ നിർമ്മാണപുരോഗതി വിലയിരുത്തിയിട്ടുണ്ടോ ;ഏങ്കിൽ വിശദാംശം നൽകുമോ;

(ബി) ഇതിനായി ജില്ലയിൽ സ്ഥലമെടുപ്പ് പൂർത്തിയാക്കാനും, റോഡു നിർമ്മാണം പൂർത്തീകരിക്കാനും ബാക്കിയുള്ളത് ഏതെല്ലാം മണ്ഡലത്തിൽ, എവിടെയെല്ലാം എത്ര കിലോമീറ്റർ വീതം എന്ന് വ്യക്തമാക്കുമോ;

(സി) നിലവിലെ തടസ്സങ്ങൾ നീക്കി ജില്ലയിലെ തീരദേശ ഹൈവേയുടെ നിർമ്മാണം പൂർത്തീകരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ തീരദേശ റോഡായ ആലപ്പുഴ – അർ<u>ത്തുങ്ക</u>ൽ - ചെല്ലാനം റോഡ് 0/000 മുതൽ 32/740 വരെ ഉള്ള ഭാഗത്തിൽ, 0/000 മുതൽ 1/650 വരെയുള്ള ഭാഗം ഒഴികെയുള്ള റോഡ് ബി.എം.&ബി.സി. ചെയ്തിട്ട് ആറു വർഷമായി. ആലപ്പുഴ ടൗണിൽ 2 കി.മീ. ദേശീയപാത ബൈപ്പാസിന്റെ ഭാഗമാണ്. അതിന്റെ പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. അതിനുശേഷമുള്ള 1.5 കി.മീ. റോഡിൽ പുനഃരുദ്ധാരണം നടത്തേണ്ടതായിട്ടുണ്ട്. വാടാപ്പൊഴി പാലം മുതൽ മത്സ്യഗന്ധി ജംഗ്ഷൻ വരെ മിസ്സിംഗ് ലിങ്ക് 475 മീറ്റർ നിർമ്മാണത്തിനുവേണ്ടിയുള്ള സ്ഥലമെടുപ്പ് നടപടികൾ പുരോഗമിക്കുന്നു. തുടർന്നുള്ള ഭാഗം എൻ.എച്ച്.എസ്.എൻ.എം.എച്ച്.എസ്. ജംഗ്ഷൻ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മുതൽ പുറക്കാട്-ഇരട്ടക്കുളങ്ങര മത്സ്യഗന്ധി ജംഗ്ഷൻ വരെയുള്ള 15.85 കി.മീ. ഭാഗം നിലവിൽ 20 മി.മീ. ചിപ്പിംഗ് കാർപ്പെറ്റ് ജോലികൾ ചെയ്തിട്ടുണ്ട്. തുടർന്നുള്ള തോട്ടപ്പള്ളി-തൃക്കുന്നപ്പുഴ റോഡ് 7.6 കി.മീ. ബി.എം.&ബി.സി. ജോലികൾ പൂർത്തിയായിട്ടുണ്ട്. തുടർന്നുള്ള തൃക്കുന്നപ്പുഴ-വലിയഴീക്കൽ റോഡ് 15.70 കി.മീ.-ൽ ആദ്യത്തെ 5 കി.മീ. ബി.എം.&ബി.സി. ജോലികൾ പുരോഗമിച്ചു വരുന്നു. തുടർന്നുള്ള ഭാഗത്തിന്റെ പുനഃരുദ്ധാരണ പ്രവർത്തനങ്ങൾക്കുള്ള 12 കോടി രൂപയുടെ എസ്റ്റിമേറ്റ് സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) അരൂർ, ചേർത്തല, ആലപ്പുഴ, അമ്പലപ്പുഴ, ഹരിപ്പാട് മണ്ഡലങ്ങളിലാണ് സ്ഥലമെടുപ്പു പ്രവൃത്തികളും, നിർമ്മാണ പ്രവൃത്തികളും പൂർത്തീകരിക്കുവാനുള്ളത്. ആലപ്പുഴ മണ്ഡലത്തിൽപ്പെട്ട ബി.എം.&ബി.സി. ചെയ്യുവാനുള്ള 0/000 മുതൽ 1/650 വരെയുള്ള ഭാഗവും അമ്പലപ്പുഴ മണ്ഡലത്തിൽപ്പെട്ട ആലപ്പുഴ ടൗണിലുള്ള 1.50 കി.മീ. റോഡും, 475 മീറ്റർ മിസ്സിംഗ് ലിങ്കും, ഹരിപ്പാട് മണ്ഡലത്തിലുള്ള തോട്ടപ്പള്ളിവരെയുള്ള ഭാഗവും, തോട്ടപ്പള്ളി മുതൽ വലിയഴീക്കൽ വരെയുള്ള ഭാഗവുമാണ് പൂർത്തീകരിക്കുവാനുള്ളത്.

(സി) റോഡ് വീതി കൂട്ടുന്നതിനുവേണ്ടി സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതാണ്.

**ശബരിമല റോഡുകൾ**

254(3140) <u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല റോഡുകളിൽ ഹെവി മെയിന്റനൻസ് പദ്ധതി നടപ്പിലാക്കുന്നത് പൂർത്തിയായിട്ടുണ്ടോ; ഇതിനായി ഇതുവരെ എന്ത് തുക ചെലവഴിച്ചിട്ടുണ്ട്; ഇതുമൂലം എന്തെല്ലാം പ്രയോജനങ്ങളാണ് പ്രതീക്ഷിക്കുന്നത്;

(ബി) തീർത്ഥാടനകാലം തുടങ്ങിയ ശേഷവും ശബരിമലയിലേക്കുള്ള വിവിധ റോഡുകളുടെ പണി പൂർത്തിയാക്കിയിട്ടില്ല എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതിനായി അനുവദിച്ച തുകയിൽനിന്ന് എത്ര തുക ഉപയോഗിച്ച്

ഇതുവരെ പണി നടത്താനായിട്ടുണ്ടെന്ന വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പൂർത്തിയായിട്ടുണ്ട്. ഇതിനായി 5412 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. അഞ്ച് വർഷം ഈ റോഡ് കേട്പാടുകൾ ഇല്ലാതെ കരാറുകാരൻ തന്നെ സംരക്ഷിക്കുന്നതുമൂലം ശബരിമലയിലേക്കുള്ള ഗതാഗതം സുഗമമാക്കുവാൻ കഴിയും.

(ബി) മഴ പണികളെ തടസ്സപ്പെടുത്തിയെങ്കിൽ പോലും, പ്രധാന പാതകളുടെയെല്ലാം പണി പൂർത്തീകരിച്ചിട്ടുണ്ട്. മറ്റ് അനുബന്ധ റോഡുകളുടെ പണികൾ പുരോഗമിച്ചുവരുന്നു.

(സി) ശബരിമല റോഡുകൾക്കായി ഭരണാനുമതി നൽകിയ മുഴുവൻ തുകയ്ക്കുള്ള പ്രവൃത്തികൾ തുടങ്ങിയിട്ടുണ്ട്.

**മമ്പറം പാലത്തിന്റെ പുനർനിർമ്മാണം**

255(3141) <u>ശ്രീ. കെ. കെ. നാരായണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ-കൂത്തുപറമ്പ്-മാനന്തവാടി-സ്റ്റേറ്റ് ഹൈവേയിലുള്ള മമ്പറം പാലത്തിന്റെ പുനർനിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) മമ്പറം പാലത്തിന്റെ പ്രവൃത്തി എന്നത്തേക്ക് ടെണ്ടർ ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) മമ്പറം പാലത്തിന്റെ പുനർനിർമ്മാണത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരുന്നു. ആവശ്യമായ ഭൂമി ലഭ്യമായ ശേഷം തുടർനടപടി സ്വീകരിക്കുന്നതാണ്.

**തരൂർ മണ്ഡലത്തിൽ പി.ഡബ്ള്യൂ.ഡി. നടപ്പാക്കിക്കൊണ്ടിരിക്കുന്ന പ്രവൃത്തികൾ**

256(3142) <u>ശ്രീ. എ. കെ. ബാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് നടപ്പാക്കിക്കൊണ്ടിരിക്കുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) എം.എൽ.എ.-യുടെ ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണ്; ഓരോ പ്രവൃത്തിയുടെയും നിർമ്മാണപുരോഗതി വ്യക്തമാക്കാമോ;

(ഡി) കാലവർഷത്തിൽ പൊട്ടിപ്പൊളിഞ്ഞ പി.ഡബ്ള്യു. ഡി. റോഡുകൾ നന്നാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) കെട്ടിടവിഭാഗത്തിൻ കീഴിൽ തരൂർ മണ്ഡലത്തിൽ നടപ്പാക്കി കൊണ്ടിരിക്കുന്ന പ്രവൃത്തികൾ, പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നുള്ള വിശദാംശങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു.* നിരത്തുവിഭാഗത്തിൻ കീഴിൽ തരൂർ മണ്ഡലത്തിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പ്രവൃത്തികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു.* അതിൽ അത്തിപ്പൊറ്റ പാലം പുനർനിർമ്മാണം ഒഴികെ മറ്റ് പ്രവൃത്തികൾ 2016 മാർച്ച് 31-ന് നകം പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) എം.എൽ.എ. ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് കെട്ടിട വിഭാഗത്തിനു കീഴിൽ നടപ്പാക്കുന്ന പ്രവൃത്തികളുടെയും പ്രസ്തുത പ്രവൃത്തികളുടെ നിർമ്മാണപുരോഗതിയുടെയും വിശദാംശങ്ങൾ അനുബന്ധം III ആയി ചേർത്തിരിക്കുന്നു.* നിരത്തുവിഭാഗത്തിൻ കീഴിൽ 2013-14 എം.എൽ.എ.-യുടെ ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് തിരുവടി-പാലാട്ടുതറ-തോട്ടുപാലം നിർമ്മാണം കി.മീ.0/800-1/400 വരെ അപ്രോച്ച് റോഡ് നിർമ്മാണം എഗ്രിമെന്റ് നടപടികൾ പൂർത്തിയായിട്ടുണ്ട്. പ്രവൃത്തി ഉടൻ ആരംഭിക്കുന്നതാണ്.

(ഡി) കാലവർഷത്തിൽ പൊട്ടിപ്പൊളിഞ്ഞ പി.ഡബ്ല്യൂ.ഡി. റോഡുകൾ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നന്നാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കാലവർഷത്തിൽ പൊട്ടിപ്പൊളിഞ്ഞ പൊതുമരാമത്ത് റോഡുകളുടെ കുഴിയടയ്ക്കൽ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നുണ്ട്.

## പ്രധാന നിരത്തുകളിലെ ജംഗ്ഷനുകളുടെ പുനഃക്രമീകരണം

257(3143) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന നിരത്തുകളിലെ ജംഗ്ഷനുകൾ വീതി കൂട്ടി ശാസ്ത്രീയമായി പുനഃക്രമീകരിക്കാൻ ആലോചനയുണ്ടോ;

(ബി) എങ്കിൽ പ്രധാന ജംഗ്ഷനുകളിൽ തിരക്കും അപകടങ്ങളും ഒഴിവാക്കുവാനും സുഗമമായ ഗതാഗതത്തിനും ഉപയുക്തമാവും വിധം ജംഗ്ഷനുകൾ രൂപാന്തരപ്പെടുത്തുന്നതിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ പ്രധാന നിരത്തുകളിലെ ജംഗ്ഷനുകൾ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് വീതി കൂട്ടി, ശാസ്ത്രീയമായി പുനഃക്രമീകരിച്ച് തിരക്കും, അപകടവും ഒഴിവാക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നു. ഇതിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കാവുന്നതാണ്.

## റാന്നി നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന്റെ കീഴിൽ നടക്കുന്ന നിർമ്മാണങ്ങൾ

258(3144) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന്റെ കീഴിൽ നടക്കുന്ന നിർമ്മാണങ്ങൾ ഏതൊക്കെയാണ്; ഓരോന്നിന്റെയും പുരോഗതി വിശദാംശങ്ങൾ സഹിതം ലഭ്യമാക്കാമോ;

(ബി) ഏതൊക്കെ പ്രവൃത്തികളാണ് ഇപ്പോൾ നിർത്തിവെച്ചിട്ടുള്ളത്; ആയതിന്റെ കാരണം വ്യക്തമാക്കുമോ; പ്രവൃത്തി പുനരാരംഭിയ്ക്കുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; ഓരോന്നും വിശദാംശങ്ങൾ സഹിതം വ്യക്തമാക്കാമോ?

ഉത്തരം

(എ) റാന്നി നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന്റെ കീഴിൽ നടക്കുന്ന നിർമ്മാണങ്ങളുടെയും അവയുടെ പുരോഗതിയുടെയും

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) 1. റാന്നി താലൂക്ക് ആശുപത്രിയിൽ സിവിൽ വർക്ക് പൂർത്തിയായി. ലിഫ്റ്റിന്റെ പണി പൂർത്തിയായിട്ടില്ല. കരാറുകാരന്റെ വിസമ്മതംമൂലം നിർത്തിവച്ചിരുന്ന പണി ഇപ്പോൾ പുനരാരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

2. റാന്നി താലൂക്ക് ആശുപത്രി മോർച്ചറി നിർമ്മാണം, ജനറേറ്റർ റൂമിലേക്കുള്ളവഴി ലഭിക്കാത്തതുമൂലം പണി നിർത്തി വച്ചിരിക്കുകയാണ്.

**തങ്കളം-കോയിപ്പള്ളി ബൈപ്പാസ് നിർമ്മാണം**

259(3145) <u>ശ്രീ. റ്റി. യു. കുരുവിള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം തങ്കളം-കോയിപ്പള്ളി ബൈപ്പാസ് നിർമ്മാണത്തിന്റെ കാലതാമസത്തിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ;

(ബി) 2.5 കോടി രൂപ അനുവദിച്ചിട്ടും ഇതിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തീകരിക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം പദ്ധതികൾ സമയ ബന്ധിതമായി തീർപ്പ് കല്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത റോഡിന്റെ പ്രാധാന്യം പരിഗണിച്ച് സമയബന്ധിതമായി നിർമ്മാണം പൂർത്തീകരിക്കാൻ നടപടികൾ ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) സർവ്വേ ഡിപ്പാർട്ട്മെന്റ് സ്ഥലം അളന്നപ്പോൾ ഒരു വ്യക്തിയുടെ (ശ്രീ. പി.ഡി. ആന്റണി) സർവ്വേ നമ്പർ മാറിപ്പോകുകയും, അദ്ദേഹത്തിന് നഷ്ട പരിഹാരം കിട്ടാത്തതിനാൽ കേസ് കൊടുക്കുകയും ചെയ്തതിനാലാണ് കോതമംഗലം-തങ്കളം-കോഴിപ്പള്ളി ബൈപ്പാസ് നിർമ്മാണത്തിൽ കാലതാമസം നേരിട്ടത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി&ഡി) വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ മാത്രമേ ഇത്തരം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പദ്ധതികൾ സമയബന്ധിതമായി തീർക്കുവാൻ സാധിക്കുകയുള്ളൂ. ഇതിനുള്ള ശ്രമങ്ങൾ പൊതുമരാമത്ത് വകുപ്പിന്റെ ഭാഗത്ത് നിന്നും സ്വീകരിക്കുന്നതാണ്.

**നാഷണൽ ഹൈവേ വീതി കൂട്ടൽ**

260(3146) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലൂടെ കടന്നു പോകുന്ന എൻ.എച്ച് 66 (പഴയത് എൻ.എച്ച് 17), പരിയാരം ആയുർവ്വേദ കോളേജ് മുതൽ പരിയാരം മെഡിക്കൽ കോളേജ് വരെയുള്ള ഭാഗം വീതി കൂട്ടി നിർമ്മാണം നടത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

2015-16 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ദേശീയപാത 66 (പഴയ ദേശീയപാത 17-ൽ) കി.മീ. 104/000 മുതൽ 126/000 വരെ ക്യാരേജ്‌വേ വീതി കൂട്ടുന്നതിനും വളവ് നിവർത്തുന്നതിനും, ഷോൾഡർ ഉറപ്പുള്ളതാക്കുന്നതിനും ഡ്രെയ്നേജ്, റോഡ് സുരക്ഷ എന്നിവ ഉൾപ്പെടുത്തി 678 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന് ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത എസ്റ്റിമേറ്റിൽ, മേൽ പരാമർശിച്ച ദേശീയപാതയുടെ ഭാഗം കൂടി വീതി കൂട്ടുന്നതിനുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

**അഞ്ചൽ ബൈപ്പാസ് റോഡ്**

261(3147) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുമരാമത്ത് വകുപ്പ് മന്ത്രി ഉത്ഘാടനം നിർവ്വഹിച്ച, പുനലൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ടതും രണ്ടര കോടി രൂപയുടെ ഭരണാനുമതി ലഭിച്ച് ടെൻഡർ നടപടികൾ പൂർത്തീകരിച്ചതുമായ അഞ്ചൽ ബൈപാസ് റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവച്ചതിന്റെ കാരണം വ്യക്തമാക്കുമോ; വിശദാംശങ്ങൾ നൽകുമോ; പ്രസ്തുത പ്രവർത്തിയുടെ തുടർ പ്രവർത്തനങ്ങൾക്ക് എത്ര തുക ആവശ്യമുണ്ടെന്നും ആയത് എന്ന് അനുവദിക്കുമെന്നും ആയതിലേക്ക് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ; നിർത്തിവച്ചിട്ടുള്ള പ്രസ്തുത ബൈപ്പാസ് റോഡിന്റെ നിർമ്മാണം ഉടൻ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ

സ്വീകരിക്കുമോ?

<u>ഉത്തരം</u>

അഞ്ചൽ ബൈപ്പാസിന്റെ അനുമതി കിട്ടിയ ഭാഗത്തെ സംരക്ഷണ ഭിത്തിയുടെ വേലകൾ ഏകദേശം പകുതി ഭാഗം പൂർത്തിയായിട്ടുണ്ട്. തുടർവേലകൾ ചെയ്യണമെങ്കിൽ മേൽപ്പറഞ്ഞ ഭാഗം മണ്ണിട്ട് ഉയർത്തിയെങ്കിൽ മാത്രമേ സാധിക്കുകയുള്ളൂ. മണ്ണെടുക്കുവാൻ ആവശ്യമായ അനുമതി ബന്ധപ്പെട്ട മൈനിംഗ് & ജിയോളജി വകുപ്പിൽനിന്നും ലഭിച്ചിട്ടില്ല. അനുമതി കിട്ടുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുന്നതാണ്. നിലവിൽ ഏകദേശം 15 കോടിയോളം രൂപ ബാക്കി പണികൾക്ക് ആവശ്യമാണ്. ആയതിലേക്കുള്ള എസ്റ്റിമേറ്റ് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്.

**ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണം**

262(3148) <u>ശ്രീ. വി. ചെന്താമരാക്ഷൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനായി ഏതെല്ലാം നിയോജക മണ്ഡലങ്ങൾക്കാണ് ഫണ്ട് അനുവദിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം നാളിതുവരെ ഫണ്ട് അനുവദിക്കാത്ത നിയോജകമണ്ഡലങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത നിയോജക മണ്ഡലങ്ങൾക്ക് അടിയന്തരമായി ഫണ്ട് അനുവദിക്കാനുള്ള നടപടി സർക്കാർ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിന് അനുവദിച്ചിട്ടുള്ള നിയോജകമണ്ഡലങ്ങളുടെ പട്ടിക അനുബന്ധം I ആയി ചേർത്തിട്ടുണ്ട്.* ഇത് കൂടാതെ വീണ്ടും കൂടുതൽ തുക അനുവദിച്ചിട്ടുണ്ട്.

(ബി&സി) പ്രസ്തുത പദ്ധതി പ്രകാരം നാളിതുവരെ എസ്റ്റിമേറ്റ് സമർപ്പിച്ച എല്ലാ നിയോജകമണ്ഡലങ്ങൾക്കും ഫണ്ട് അനുവദിച്ചിട്ടുണ്ട്.

**തൊഴിൽ വകുപ്പിലെ സ്പെഷ്യൽ റൂൾ ഭേദഗതി**

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

263(3149) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിലെ അസിസ്റ്റന്റ് ലേബർ ആഫീസർ ഗ്രേഡ് -2 തസ്തിക നിയമനവുമായി ബന്ധപ്പെട്ട് 1991 -ലെ ലേബർ സബോർഡിനേറ്റ് സർവ്വീസ് റൂൾ പരിഷ്കരിക്കുന്നതിന് ഏതെങ്കിലും സർവ്വീസ് സംഘടനകളുടെയോ ജീവനക്കാരുടെ പ്രതിനിധികളുടെയോ അപേക്ഷ ലഭ്യമായിട്ടുണ്ടോ;

(ബി) 1991-ലെ ലേബർ സബോർഡിനേറ്റ് സർവ്വീസ് റൂൾ പരിഷ്കരണവുമായി ബന്ധപ്പെട്ട് ഏതെങ്കിലും പഠന റിപ്പോർട്ട് തൊഴിൽ വകുപ്പിൽ ലഭ്യമായിട്ടുണ്ടോ;

(സി) കേരള അഡ്മിനിസ്റ്റേറ്റീവ് ട്രൈബ്യൂണലിലെ ഒ. എ. 663/15 നമ്പർ കേസിലെ വിധി പ്രകാരം തൊഴിൽ വകുപ്പിലെ സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യണമെന്ന് സർക്കാരിനോട് നിർദ്ദേശിച്ചിട്ടുണ്ടോ;

(ഡി) അസിസ്റ്റന്റ് ലേബർ ഗ്രേഡ്-II തസ്കികയിലേക്കുള്ള നിയമനവുമായി ബന്ധപ്പെട്ട് നിലവിലുള്ള സ്പെഷ്യൽ റൂൾ ഇപ്പോൾ ഭേദഗതി ചെയ്യേണ്ടതില്ല എന്ന ലേബർ കമ്മീഷണറുടെ ശിപാർശ അവഗണിച്ച് ഭേദഗതി നടപടികളുമായി മുന്നോട്ട് പോകുന്നതിൽ ക്രമക്കേട് നടന്നതായ ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ) ഇല്ല. എന്നാൽ പി.എസ്.സി. റാങ്ക് ഹോൾഡേഴ്സ് സ്റ്റേറ്റ് അഡ്മിനിസ്റ്റേറ്റീവ് ട്രൈബ്യൂണലിനെ സമീപിച്ചിട്ടുണ്ട്.

(ബി) ഇല്ല. എങ്കിലും ബന്ധപ്പെട്ട വിഭാഗങ്ങളുമായി ചർച്ചകൾ നടത്തിയും ഇക്കാര്യത്തിൽ തീരുമാനമെടുക്കാവുന്നതാണ്.

(സി) അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് 2 നിയമനവുമായി ബന്ധപ്പെട്ട് പി.എസ്.സി. റാങ്ക് ഹോൾഡേഴ്സ് നൽകിയ ഹർജി തീർപ്പാക്കിക്കൊണ്ട് റാങ്ക് ഹോൾഡേഴ്സിന്റെ ആവശ്യം പരിഗണിക്കണമെന്നും നിയമാനുസൃതം ആവശ്യമായ ഉത്തരവുകൾ സർക്കാർ പുറപ്പെടുവിക്കണമെന്നും അവരെ യഥാവിധി കേൾക്കണമെന്നും ബഹു. ട്രൈബ്യൂണൽ വിധി പ്രസ്താവിച്ചിട്ടുണ്ട്.

(ഡി) ഇല്ല.

**താനൂർ ബദർപള്ളി പാലം**

264(3150) <u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഡ്ജറ്റിൽ പ്രഖ്യാപിച്ച താനൂർ ബദർപള്ളി പാലത്തിന്റെ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(സി) ഭരണാനുമതി നൽകി പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ-സി) ബദർപള്ളി പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ നടപടി പൂർത്തീകരിച്ചു. പാലത്തിന്റെ ഡിസൈൻ തയ്യാറാക്കി വരുന്നു. ആയത് ലഭ്യമായ ശേഷമേ തുടർ നടപടി സ്വീകരിക്കുന്നതിന് സാധിക്കുകയുള്ളൂ.

**ഗ്രീൻ ബിൽഡിംഗ് പോളിസി**

265(3151) <u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u> :
<u>ശ്രീ. എം. പി. വിൻസെന്റ്</u> :
<u>ശ്രീ. എം. എ. വാഹീദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രീൻ ബിൽഡിംഗ് പോളിസി നടപ്പാക്കുന്നതിന് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>ഉത്തരം</u>

(എ) പൊതുമരാമത്ത് വകുപ്പ് 2014 മാർച്ച് മുതൽ തയ്യാറാക്കുന്ന എല്ലാ രൂപകല്പനകളും ഹരിത നിർമ്മാണ തത്വങ്ങൾക്കനുസൃതമായാണ് ചെയ്യുന്നത്. അതനുസരിച്ച് ഗൃഹയുടെ (GRIHA - Green Rating of Integrated Habitat Assessment) സ്റ്റാർ പദവി ലഭ്യമാകുന്ന രീതിയിലാണ് കെട്ടിടങ്ങൾ രൂപകല്പന ചെയ്യുന്നത്. ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സുകളുടെ ടൈപ്പ് ഡിസൈനും ഹരിത നിർമ്മാണ തത്വങ്ങൾക്കനുസൃതമായാണ് ചെയ്തിട്ടുള്ളത്. ഹരിത നിർമ്മാണ

തത്ത്വങ്ങളെ സംബന്ധിച്ച് അവബോധം സൃഷ്ടിക്കുന്നതിലേക്കായി പൊതുമരാമത്ത് വകുപ്പിലെ എല്ലാ ഉദ്യോഗസ്ഥർക്കും, കേരളമൊട്ടാകെ, പരിശീലന ക്ലാസുകൾ നടത്തിയിട്ടുണ്ട്.

(ബി) ഊർജ്ജ പ്രതിസന്ധിയും ജലദൗർലഭ്യവും പല കാരണങ്ങൾ കൊണ്ടുള്ള അന്തരീക്ഷ പരിസര മലിനീകരണവും ഇന്നു നേരിടുന്ന പ്രധാന പ്രശ്നങ്ങളാണ്. കെട്ടിട നിർമ്മാണമേഖലയാണ് ഇവയെല്ലാം നല്ലൊരു ശതമാനം കാരണമാകുന്നതും ഇതിന് ഒരു പരിധിവരെയെങ്കിലും പരിഹാരം കാണുവാനാണ് ഈ നയം നടപ്പിലാക്കുകവഴി ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ഹരിത നിർമ്മാണ രീതി അവലംബിക്കുകവഴി 40%ത്തോളം ഊർജ്ജത്തിന്റെയും, ജലത്തിന്റെയും ഉപയോഗം കുറയ്ക്കുവാൻ കഴിയും. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ പരമാവധി ഉപയോഗപ്പെടുത്തുകവഴി മെയിൻ ഗ്രിഡിനെ ആശ്രയിക്കുന്നത് കുറയ്ക്കുവാൻ കഴിയും. മഴവെള്ള സംഭരണവും ജലത്തിന്റെ പുനർചാക്രീകരണവും നയത്തിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. കാര്യക്ഷമമായ മലിനീകരണ നിർമ്മാർജ്ജന സംസ്കരണ പദ്ധതികളും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവ കർശനമായി നടപ്പാക്കുന്നതിലേക്കായി നിലവിലുള്ള നിർമ്മാണ ചട്ടങ്ങളിൽ ഇവ ഉൾപ്പെടുന്നതാണ്. എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡിലെ (ECBC) വ്യവസ്ഥകൾ നയത്തിൽ നടപ്പാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. അങ്ങനെ ഊർജ്ജക്ഷമമായ വൈദ്യുതോപകരണങ്ങൾ മാത്രം ഉപയോഗിക്കാനും അതുവഴി വൈദ്യുതിയുടെ അളവ് കുറയ്ക്കുവാനും കഴിയും. പരമാവധി നിർമ്മാണസ്ഥലത്തോട് ഇണങ്ങുന്ന നിർമ്മാണ രീതി അവലംബിക്കാനും ഹരിതാഭയും വൃക്ഷലതാദികളും പരമാവധി നിലനിർത്തുവാനും നയം വ്യവസ്ഥ ചെയ്യുന്നു. ഹരിതഗൃഹ വാതകങ്ങളുടെ (green house gases) പുറന്തള്ളൽ കുറയ്ക്കുക എന്ന പ്രധാന ലക്ഷ്യം കൈവരിക്കാനുള്ള നടപടികൾ സ്വീകരിക്കുകവഴി മെച്ചപ്പെട്ട ഒരു ജീവിത സാഹചര്യം സൃഷ്ടിക്കുവാനും നയം വ്യവസ്ഥ ചെയ്യുന്നു. പരിമിതമായി വരുന്ന അസംസ്കൃത വസ്തുക്കളുടെയും നിർമ്മാണ സാമഗ്രികളുടെയും ഉപഭോഗം കുറച്ച് ഫ്ളൈ ആഷ് പോലുള്ള ബദൽ നിർമ്മാണ വസ്തുക്കൾ ഉപയോഗിക്കുവാൻ നയം വ്യവസ്ഥ ചെയ്യുന്നു.

(സി) ഊർജ്ജ സംരക്ഷണത്തിനും പരിസ്ഥിതി സംരക്ഷണത്തിനും ആവശ്യമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ചേലക്കര മണ്ഡലത്തിലെ റോഡുകൾ**

266(3152) <u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിൽ 2014-15 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി

പുനരുദ്ധാരണ പ്രവൃത്തികൾ നടത്തിയ റോഡുകളുടെ വിശദാംശങ്ങളും അതിനു വേണ്ടി വിനിയോഗിച്ച തുക ഉൾപ്പടെയുള്ള വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) 2015-16 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി പുനഃരുദ്ധാരണ പ്രവൃത്തികൾ നടത്തേണ്ട റോഡുകളുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സർക്കാരിനു മുന്നിൽ സമർപ്പിക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) കഴിഞ്ഞ പ്രകൃതിക്ഷോഭത്തിൽ തകർന്ന് ഗതാഗത യോഗ്യമല്ലാതായി കിടക്കുന്ന പ്രസ്തുത റോഡുകളുടെ പുനരുദ്ധാരണത്തിന് ഭരണാനുമതി നൽകുവാൻ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ചേലക്കര മണ്ഡലത്തിൽ 2014-15 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി പുനരുദ്ധാരണ പ്രവൃത്തികളൊന്നും നടത്തിയിട്ടില്ല.

(ബി&സി) 1. പഴയന്നൂർ ഏളനാട് റോഡ് - 2 കോടി

2. ചെറുതുരുത്തി-കിള്ളിമംഗലം റോഡ് - 1 കോടി

3. മണലാടി-പാഞ്ഞാൾ-വെട്ടിക്കൊട്ടിരി റോഡ് - 1 കോടി

4. ചിറ്റണ്ട-തലശ്ശേരി റോഡ്-1 കോടി എന്നീ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ഭരണാനുമതി നൽകുന്നകാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

**വൺടൈം മെയിന്റനൻസ്**

267(3153) <u>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൺടൈം മെയിന്റനൻസ് പ്രകാരം ഏതൊക്കെ മണ്ഡലങ്ങളിലാണ് പി.ഡബ്ല്യു.ഡി. വകുപ്പ് മുഖേന തുക അനുവദിച്ചിട്ടുള്ളതെന്നും എത്ര കോടി രൂപയാണ് ഇതിനായി അനുവദിച്ചതെന്നും മണ്ഡലം തിരിച്ച് വ്യക്തമാക്കുമോ;

(ബി) എസ്റ്റിമേറ്റ് സമർപ്പിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും മെയിന്റനൻസ് തുക അനുവദിക്കാത്ത എത്ര മണ്ഡലങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(സി) തുക അനുവദിക്കുന്നതിന് എന്തെങ്കിലും മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ;

വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വൺടൈം മെയിന്റനൻസ് പ്രകാരം 2015-16 കാലയളവിൽ 400 കോടി രൂപ അനുവദിച്ചിട്ടുണ്ട്. നിയോജകമണ്ഡലം തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.* ഇത് കൂടാതെ പ്രവൃത്തികൾക്ക് വീണ്ടും കൂടുതൽ തുക അനുവദിച്ചിട്ടുണ്ട്.

(ബി) എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടും തുക അനുവദിക്കാത്ത മണ്ഡലങ്ങളൊന്നും തന്നെയില്ല.

(സി) ഓരോ മണ്ഡലങ്ങളിലെയും എം.എൽ.എ.-മാരുടെ നിവേദനത്തിലെ ആവശ്യപ്രകാരം പ്രവർത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിൽ സമർപ്പിക്കുന്നവയിൽ മുൻഗണനയുടെ അടിസ്ഥാനത്തിലും ഫണ്ടിന്റെ ലഭ്യതയനുസരിച്ചുമാണ് ഭരണാനുമതി നൽകിയത്.

**ദേശീയപാത വികസനം**

268(3154) <u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഹൈവേ വികസനത്തിന് കേരളം സ്ഥലം ഏറ്റെടുത്ത് നൽകുന്ന കാര്യത്തിൽ അനാസ്ഥ കാണിക്കുന്നതായി നാഷണൽ ഹൈവേ അതോറിറ്റി പരാതി ഉന്നയിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) എൻ.എച്ച്-17-ൽ കാസർഗോഡിനപ്പുറം കർണ്ണാടക സർക്കാരിന്റെ പരിധിയിലുള്ള ഭാഗത്തിന്റെ ഹൈവേ വികസന പദ്ധതി പൂർത്തിയായിവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സംസ്ഥാന സർക്കാർ ഹൈവേ വികസനത്തിനായി സ്ഥലം ഏറ്റെടുത്ത് നൽകുന്നതിന് വരുത്തുന്ന കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ?

<u>ഉത്തരം</u>

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) സ്ഥലമെടുപ്പിലുള്ള കാലതാമസം കാരണം ദേശീയപാത 47 (പുതിയ എൻ.എച്ച്. 66)ന്റെ തലപ്പാടി മുതൽ കഴക്കൂട്ടം വരെയുള്ള വികസനത്തിൽനിന്നും നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ പിൻമാറുകയുണ്ടായി. ഈ സാഹചര്യത്തിൽ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരുമായി നിരന്തരം ചർച്ചകൾ നടത്തിയതിന്റെ അടിസ്ഥാനത്തിൽ ദേശീയപാതയുടെ വീതി 45 മീറ്ററായി അംഗീകരിച്ച് സംസ്ഥാന സർക്കാർ G.O.(MS) നമ്പർ 94/2014/PWD dated 25-10-2014 പ്രകാരം ഉത്തരവിറക്കിയിട്ടുണ്ട്.സ്ഥലമെടുപ്പ് പൂർത്തീകരിക്കുന്നതിലേക്കായി അലൈൻമെന്റിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുവാൻ സംസ്ഥാന ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ഉന്നതതല കമ്മിറ്റി രൂപീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ഈ വികസനത്തിനു വേണ്ടിയുള്ള ഡി.പി.ആർ. തയ്യാറാക്കാൻ കേന്ദ്ര സർക്കാർ ടെണ്ടർ വിളിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ നിരന്തരമായ അഭ്യർത്ഥന പ്രകാരം കേന്ദ്ര മന്ത്രാലയം ദേശീയപാത 47 (പുതിയ എൻ.എച്ച്. 66-ന്റെ) തുടർന്നുള്ള ഭാഗത്തിന്റെ നിർമ്മാണം പുനരാരംഭിക്കുവാൻ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ മറ്റ് ദേശീയപാതകളായ എൻ.എച്ച്. 49, എൻ.എച്ച്. 208, എൻ.എച്ച്. 212, എൻ.എച്ച്. 213, എൻ.എച്ച്. 220 എന്നിവ കേന്ദ്ര സർക്കാരിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കോറിഡോർ അപ്രോച്ചിൽ ഘട്ടംഘട്ടമായി പേവ്ഡ് ഷോൾഡറോടു കൂടിയ 2 വരിപ്പാതയായി വികസിപ്പിക്കാനുള്ള നടപടികൾ എടുത്തുവരുന്നു. പുതുതായി ഭരണിക്കാവ് മുതൽ പത്തനംതിട്ടവഴി വണ്ടിപ്പെരിയാറിലേക്കുള്ള എൻ.എച്ച്. 183 എയും അടിമാലി മുതൽ ഇടുക്കിവഴി വണ്ടിപ്പെരിയാറിലേക്കുള്ള എൻ.എച്ച്. 185 ഉം കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ വിഴിഞ്ഞം തുറമുഖത്തിനെ കഴക്കൂട്ടം ബൈപ്പാസും എൻ.എച്ച്. 47-ഉം ആയി ബന്ധിപ്പിക്കുന്ന റോഡ്, എൻ.എച്ച് 17-ഉം കണ്ണൂർ എയർപോർട്ടുമായി ബന്ധിപ്പിക്കുന്ന റോഡ്, ദേശീയപാത 47-ൽ ആലപ്പുഴയിൽ തുടങ്ങി ചങ്ങനാശ്ശേരിവഴി 14-ാം മൈലിൽ എത്തുന്ന റോഡ്, പുതുതായി പ്രഖ്യാപിച്ച ദേശീയപാത 183 എ-യിൽ ളാഹ മുതൽ തീർത്ഥാടന കേന്ദ്രമായ പമ്പയുമായി ബന്ധപ്പെടുത്തുന്ന റോഡ് എന്നിവ ദേശീയപാതകളായി പ്രഖ്യാപിക്കുവാൻ വിവിധ ഘട്ടങ്ങളിൽ സംസ്ഥാന സർക്കാർ കേന്ദ്രത്തോട് അഭ്യർത്ഥിക്കുകയുണ്ടായി. ഇതിലേക്കായി അനുകൂലമായ നടപടികളാണ് കേന്ദ്ര സർക്കാർ എടുത്തുവരുന്നത്. പുതുതായി പ്രഖ്യാപിച്ച ദേശീയപാത 183 എ, 185 എന്നിവയുടെ വികസനത്തിനായി കേന്ദ്ര സർക്കാരിന്റെ വാർഷിക പദ്ധതി

2015-16-ൽ 100 കോടി രൂപയുടെ പദ്ധതി ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(ബി) സ്ഥലമേറ്റെടുക്കുന്നതിനെതിരെയുള്ള ജനങ്ങളുടെ എതിർപ്പുകാരണം നാഷണൽ ഹൈവേ 17-ഉം നാഷണൽ ഹൈവേ 47-ഉം 45 മീറ്റർ വീതിയിൽ 4 വരിയായി വികസിപ്പിക്കുന്നതിനാവശ്യമായ സ്ഥലം ഏറ്റെടുക്കാൻ സംസ്ഥാന സർക്കാരിന് കഴിഞ്ഞിട്ടില്ല. ഈ സാഹചര്യത്തിൽ കേരളത്തിലെ ഈ ഭാഗത്തെ ദേശീയപാതാ വികസനത്തിൽനിന്നും ദേശീയപാതാ അതോറിറ്റി പിൻവാങ്ങിയെങ്കിലും സംസ്ഥാന സർക്കാർ നൽകിയ ഉറപ്പിന്റെ അടിസ്ഥാനത്തിൽ ഈ തീരുമാനം കേന്ദ്ര സർക്കാർ പുനഃപരിശോധിക്കാൻ തയ്യാറായിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) സ്ഥലമെടുപ്പിലുണ്ടായ കാലതാമസം സംസ്ഥാന സർക്കാരിന്റെ അനാസ്ഥകൾ കൊണ്ടല്ല. മറിച്ച് പദ്ധതി ബാധിതരിൽനിന്നും ഉണ്ടാകുന്ന ശക്തമായ എതിർപ്പുകളാണ് സ്ഥലമെടുപ്പുമായി മുന്നോട്ട് പോകുവാൻ തടസ്സമാകുന്നത്. അലൈൻമെന്റ് സംബന്ധിച്ച തർക്കങ്ങൾ പരിഹരിച്ച ശേഷം സ്ഥലമെടുപ്പ് നടപടികൾ ഉടൻ പുനരാരംഭിക്കുന്നതാണ്.

### പൂജപ്പുര -മുടവൻമുകൾ റോഡ് നവീകരണം

269(3155) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നേമം നിയോജക മണ്ഡലത്തിലെ പൂജപ്പുര-മുടവൻമുകൾ റോഡിന്റെ നവീകരണ നിർമ്മാണ പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കുമെന്നും, ആയതിനായി അനുവദിച്ചിരിക്കുന്ന തുക എത്രയാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

നേമം നിയോജകമണ്ഡലത്തിലെ പൂജപ്പുര-മുടവൻമുകൾ റോഡിന്റെ നവീകരണ-നിർമ്മാണ പ്രവൃത്തിക്കായി 140 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ കഴിയുന്നതാണ്.

### തൈച്ചേരി പാലം, ജീമംഗലം പാലം എന്നിവയുടെ നിർമ്മാണം

270(3156) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ തൈച്ചേരി പാലം, ജീമംഗലം പാലം എന്നിവയുടെ

നിർമ്മാണത്തിന് സാമ്പത്തിക അനുമതി ലഭ്യമാകുന്നതിനുവേണ്ടി ധനകാര്യ വകുപ്പിൽനിന്നും ആവശ്യപ്പെട്ട റിപ്പോർട്ട് പൊതുമരാമത്ത് വകുപ്പ് നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) അടിയന്തരമായി നൽകണമെന്നാവശ്യപ്പെട്ട പ്രസ്തുത റിപ്പോർട്ട് നാളിതുവരെ നൽകാത്തതിന്റെ കാരണം വിശദമാക്കാമോ;

(സി) പ്രസ്തുത റിപ്പോർട്ടുകൾ ഏഴ് ദിവസത്തിനകം ധനകാര്യവകുപ്പിൽ എത്തിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ഡി) അപകടാവസ്ഥയിലുള്ള തൈച്ചേരി പാലത്തിലൂടെ ബസ് സർവ്വീസുകൾ ഉൾപ്പെടെയുള്ള വാഹന ഗതാഗതം നിർത്തിവച്ചിരിയ്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ഉത്തരം</u>

(എ-സി) തൈച്ചേരി പാലം, ജീമംഗലം പാലം എന്നിവയുടെ നിർമ്മാണാനുമതി ലഭ്യമാകുന്നതിനുള്ള പ്രൊപ്പോസലിന്മേൽ ധനകാര്യ വകുപ്പ് ആവശ്യപ്പെട്ട റിപ്പോർട്ട് പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ തയ്യാറാക്കി വരുന്നു. ആയത് ലഭ്യമായാലുടൻ തുടർനടപടി സ്വീകരിക്കുന്നതാണ്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**നബാർഡ് പദ്ധതി മുഖേന കൊല്ലം ജില്ലയിൽ അനുവദിച്ച പ്രവൃത്തികൾ**

271(3157) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊല്ലം ജില്ലയിൽ നബാർഡ് മുഖേന അനുവദിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ നിയോജക മണ്ഡലം തിരിച്ച് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലുള്ള സ്ഥിതി വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊല്ലം ജില്ലയിൽ നബാർഡ് മുഖേനെ അനുവദിച്ച പ്രവൃത്തികളുടെ വിശദാംശങ്ങളും ടി പ്രവൃത്തികളുടെ നിലവിലുള്ള സ്ഥിതിയും അനുബന്ധമായി ചേർത്തിരിക്കുന്നു.*

**പൊന്നാനി കർമ്മ റോഡിന് അനുവദിച്ച തുക**

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

272(3158) <u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി കർമ്മ റോഡിന് നാളിതുവരെ എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്;

(ബി) എന്തെല്ലാം പ്രവൃത്തികളാണ് ഇതുവരെ പൂർത്തീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ;

(സി) എത്ര തുകയുടെ ബില്ലുകളാണ് ഇതുവരെ കരാർ എടുത്ത കമ്പനിക്ക് നൽകിയിട്ടുള്ളത്;

(ഡി) എത്ര ശതമാനം പ്രവൃത്തികളാണ് പൂർത്തീകരിച്ചിട്ടുള്ളത്; ആകെ തുകയുടെ എത്ര ശതമാനം നാളിതുവരെ കരാറുകാർക്ക് നൽകിയിട്ടുണ്ട്;

(ഇ) പ്രസ്തുത നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പൊന്നാനി കർമ്മ റോഡിന് നാളിതുവരെ 1400 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) താഴെ പറയുന്ന പ്രവൃത്തികളാണ് പൂർത്തിയാക്കിയിട്ടുള്ളത്.

| | | | |
|---|---|---|---|
| 1. | എർത്ത് ഫില്ലിംഗ് | - | 5/630 മുതൽ 2/720 വരെ (2.930 കി.മീ.) |
| 2. | ഡി.ആർ.മാസെന്ററി | - | 5/630 മുതൽ 2/235 വരെ (3.395 കി.മീ.) |
| 3. | ബെൽറ്റ് കോൺക്രീറ്റ് | - | 5/630 മുതൽ 3/800, 3/090-2/720(2.18 കി.മീ.) |
| 4. | ജി.എസ്.ബി. | - | 5/630-3/230(2.40 കി.മീ.) |
| 5. | ഡബ്ല്യൂ.എം.എം. | - | 5/630-3/230(2.40 കി.മീ.) |
| 6. | പൈപ്പ് കൽവർട്ട് | - | 17 എണ്ണം |
| 7. | ഡംപിംഗ് റബിൾസ് | - | 5/630-5/305, 4/630-3/090, |

2/740-2/240

(സി) 12,70,26,300 രൂപ, കരാർ എടുത്ത കമ്പനിക്ക് നൽകിയിട്ടുണ്ട്.

(ഡി) 80% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ആകെ തുകയുടെ 76% നൽകിയിട്ടുണ്ട്.

(ഇ) 31-12-2015 വരെ നിർമ്മാണത്തിനുള്ള സമയം നീട്ടി നൽകിയിട്ടുണ്ട്.

**കായംകുളം അസംബ്ലി മണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ**

273(3159) ശ്രീ. സി. കെ സദാശിവൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം അസംബ്ലി മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ ഒറ്റത്തവണ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച (2014-15) പ്രവൃത്തികൾ ഏതൊക്കെയെന്നും, ഓരോ പ്രവൃത്തികളുടേയും നിലവിലുള്ള പുരോഗതി എന്തെന്നും വിശദമാക്കാമോ ?

ഉത്തരം

കായംകുളം അസംബ്ലി മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ ഒറ്റത്തവണ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ പ്രവൃത്തികൾ സംബന്ധിച്ച വിശദവിവരം അനുബന്ധമായി ചേർക്കുന്നു.* പ്രസ്തുത പ്രവൃത്തികളുടെ ടെണ്ടർനടപടികൾ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഓഫീസിൽ പൂർത്തിയായി വരുന്നു.

**ചൂണ്ടൽ പഴുന്നാന-മരത്തംകോട് റോഡിലെ പുനരുദ്ധാരണ പ്രവൃത്തി**

274(3160) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് റോഡ് വിഭാഗം കുന്നംകുളം സെക്ഷനു കീഴിൽ വരുന്ന ചൂണ്ടൽ പഴുന്നാന-മരത്തംകോട് റോഡിലെ 2 കോടി രൂപ ഭരണാനുമതിയുള്ള 1-ാം റീച്ച് പുനരുദ്ധാരണ പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) 2-ാം റീച്ച് പുനരുദ്ധാരണത്തിനായി 1.55 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച പ്രവൃത്തിയുടെ നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണ്; വിശദാംശം വ്യക്തമാക്കാമോ ; പ്രസ്തുത റോഡിന്റെ ബാക്കി ഭാഗംകൂടി പുനരുദ്ധാരണം ചെയ്യുന്നതിന് തുക അനുവദിച്ച് ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ചൂണ്ടൽ പഴുന്നാന-മരത്തംകോട് റോഡ് ഒന്നാം റീച്ച് പുനരുദ്ധാരണ പ്രവൃത്തി നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

(ബി) രണ്ടാം റീച്ച് പുനരുദ്ധാരണത്തിനുള്ള പ്രവൃത്തിയുടെ 155 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. പ്രസ്തുത റോഡിന്റെ ബാക്കി ഭാഗം കൂടി പുനരുദ്ധാരണം ചെയ്യുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നകാര്യം പരിശോധിക്കുന്നതാണ്.

**എറണാകുളം ജില്ലയിലെ റോഡുകളുടെ നവീകരണം**

275(3162) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ റോഡുകളുടെ ദൈർഘ്യം നിയോജക മണ്ഡലാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ജില്ലയിൽ വിവിധ പദ്ധതികൾ പ്രകാരം റോഡുകളുടെ പുനരുദ്ധാണത്തിനും അറ്റകുറ്റ പണികൾക്കുമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനുവദിച്ച തുക എത്രയാണെന്ന് നിയോജക മണ്ഡലാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

**മലപ്പുറം കോട്ടപ്പടി ബൈപ്പാസ് നിർമ്മാണം**

276(3163) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം കോട്ടപ്പടി ബൈപ്പാസ് നിർമ്മാണ നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) പ്രസ്തുത പദ്ധതിക്കായുള്ള സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ;

(സി) സാങ്കേതിക നടപടികൾ പൂർത്തീകരിച്ച് എന്നത്തേക്ക് ബൈപ്പാസ് റോഡ് പണി ആരംഭിക്കുവാൻ സാധിക്കുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ&ബി) മലപ്പുറം-കോട്ടപ്പടി ബൈപ്പാസ് റോഡുകൾ 1-ഉം 2-ഉം ഘട്ടങ്ങൾക്ക്

സ്ഥല ഉടമകൾ മുൻകൂറായി വിട്ട് തന്നിരുന്ന ഭാഗങ്ങൾ മാത്രമാണ് റോഡാക്കി മാറ്റുവാൻ കഴിഞ്ഞിട്ടുള്ളത്. ഈ റോഡുകൾ പൂർത്തീകരിക്കുന്നതിനാവശ്യമായതും ഭൂ ഉടമകൾ മുൻകൂറായി വിട്ടുതരാത്ത ഭാഗങ്ങൾ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പിൽ നടന്നുവരികയാണ്. സ്ഥലമെടുപ്പ് നടപടികൾക്കായി പൊതുമരാമത്ത് വകുപ്പ് നൽകേണ്ടതായ എല്ലാ രേഖകളും റവന്യൂ വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. നിലം നികത്തുന്നതിനായി സെക്രട്ടറിയേറ്റിലെ കൃഷി വകുപ്പിൽനിന്നും ലഭിക്കേണ്ട അനുമതിപത്രം ജില്ലാ കളക്ടർക്ക് ലഭിച്ചിട്ടില്ല.

(സി) ബൈപ്പാസുകൾ പൂർത്തീകരിക്കുന്നതനിന് ആവശ്യമായ സ്ഥലം റവന്യൂ വിഭാഗം ഏറ്റെടുത്ത് പൊതുമരാമത്ത് വകുപ്പിന് കൈമാറുന്ന മുറയ്ക്ക് മാത്രമേ റോഡ് പണി പൂർത്തീകരിക്കുവാൻ കഴിയുകയുള്ളൂ.

**അങ്കമാലി-മണ്ണൂത്തി റോഡിൽ നാലുവരിപ്പാതാനിർമ്മാണം**

277(3164) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ പാതാ 47 ൽ അങ്കമാലി-മണ്ണൂത്തി റോഡിൽ നാലുവരിപ്പാതയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് സിഗ്നലുകൾ, സ്ട്രീറ്റ് ലൈറ്റുകൾ, ബസ്സ് ബേകൾ, ബസ്സ് ഷെൽട്ടറുകൾ, സർവ്വീസ് റോഡുകൾ എന്നിവ പൂർത്തീകരിക്കാത്തത് മൂലം യാത്രക്കാർക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡിൽ, ചാലക്കുടി ഭാഗത്ത് അടിക്കടിയുണ്ടാകുന്ന വാഹനാപകടങ്ങൾ മൂലം നിരവധി ജീവനുകൾ നഷ്ടപ്പെട്ട സാഹചര്യം കണക്കിലെടുത്ത് അനുബന്ധ നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ പൂർത്തീകരിക്കുന്നതിനും സുരക്ഷാ നടപടികൾ സ്വീകരിക്കുന്നതിനും അടിയന്തര നിർദ്ദേശം നൽകുമോ;

(സി) സർവ്വീസ് റോഡുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ചാലക്കുടി സൗത്ത്, മുരിങ്ങൂർ, കൊരട്ടി തുടങ്ങിയ ജംഗ്ഷനുകളിലെ വെള്ളക്കെട്ട് പ്രശ്നം പരിഹരിക്കുവാൻ ആവശ്യമായ ഡ്രെയിനേജ് സൗകര്യം ഒരുക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത റോഡിൽ അനുബന്ധ നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള എസ്റ്റിമേറ്റ് സർക്കാരിന്റെ പരിഗണനയിലാണ്. ആവശ്യമായ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കാവുന്നതാണ്. തൃശ്ശൂർ മുതൽ അങ്കമാലിവരെയുള്ള റോഡിൽ അപകടങ്ങൾ ഉണ്ടാകുന്നത് പ്രധാനമായും അതിവേഗതയും അശ്രദ്ധമായി വണ്ടി ഓടിക്കുന്നതും കൊണ്ടാണെന്ന് ദേശീയപാതാ വികസന

അതോറിറ്റി അറിയിച്ചിട്ടുണ്ട്. ആയതിനാൽ ഇപ്പോൾ സ്ഥാപിച്ചിട്ടുള്ള സ്പീഡ് ഡിറ്റക്ഷൻ ക്യാമറകൾക്ക് പുറമേ കൂടുതൽ ക്യാമറകൾ സ്ഥാപിക്കുന്നതിന് ട്രാൻസ്പോർട്ട് വകുപ്പിനോട് നിർദ്ദേശിക്കുന്നതാണ്.

(സി) കൊരട്ടിയിൽ വെള്ളക്കെട്ടുള്ള ഭാഗത്ത് കൺസഷണയർ ഹ്യൂം പൈപ്പ് സ്ഥാപിക്കാൻ എത്തിയപ്പോൾ പൊതുജനങ്ങൾ തടസ്സപ്പെടുത്തുകയുണ്ടായി. ഈ പ്രവർത്തി പൂർത്തീകരിക്കേണ്ടതുണ്ടെന്ന് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ അറിയിച്ചിട്ടുണ്ട്. മുരിങ്ങൂരിൽ കോൺക്രീറ്റ് ഓടയുടെ പണികൾ കൺസഷണയർ പൂർത്തീകരിച്ചിട്ടുണ്ട്. എന്നിരുന്നാലും താഴ്ന്ന പ്രദേശമായതിനാൽ പഞ്ചായത്ത് അധികാരികളെ കൂടെ ഉൾപ്പെടുത്തി ഒരു സ്ഥായിയായ പരിഹാരം കാണുന്നതിന് നിർദ്ദേശിക്കുന്നതാണ്. ചാലക്കുടി തെക്ക് ഭാഗത്ത് വെഹിക്കുലർ അണ്ടർപ്പാസ് നിർമ്മിക്കുന്നത് സർക്കാർ പരിശോധിച്ചുവരുന്നു. ഈ ഭാഗത്ത് അണ്ടർപാസ് നിർമ്മാണം പൂർത്തിയാകുന്നതോടെ വെള്ളക്കെട്ട് സ്ഥിരമായി പരിഹരിക്കാൻ കഴിയുമെന്ന് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ അറിയിച്ചിട്ടുണ്ട്.

**ധർമ്മടം നിയോജക മണ്ഡലത്തിലെ മരാമത്തുപ്രവൃത്തികൾ**

278(3165) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധർമ്മടം നിയോജകമണ്ഡലത്തിൽ പൊതുമരാമത്തു വകുപ്പിന്റെ കീഴിൽ എന്തൊക്കെ പ്രവൃത്തികളാണ് കഴിഞ്ഞ അഞ്ച് വർഷമായി പൂർത്തീകരിച്ചിട്ടുള്ളത് എന്നും പൂർത്തീകരിക്കാൻ ബാക്കിയുള്ള പ്രവൃത്തികൾ ഏതെല്ലാമെന്നും പ്രത്യേകം പ്രത്യേകം വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ ഏതൊക്കെ ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ധർമ്മടം നിയോജക മണ്ഡലത്തിൽ കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ നിരത്ത്, കെട്ടിട വിഭാഗങ്ങളിലായി പൂർത്തീകരിച്ചിട്ടുള്ളതും പൂർത്തീകരിക്കാൻ ബാക്കിയുള്ളതുമായ പ്രവൃത്തികൾ അനുബന്ധമായി ചേർത്തിരിക്കുന്നു*. ദേശീയപാത 66 ൽ കി.മീ. 167/000 മുതൽ 174/000 വരെ ഐ.ആർ.ക്യൂ.പി. പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. പൂർത്തീകരിക്കാൻ ബാക്കിയുള്ള പുതിയ മൊയ്തു പാലത്തിന്റെ നിർമ്മാണ പ്രവൃത്തി അവസാനഘട്ടത്തിലാണ്.

**പേരാമ്പ്ര നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**

279(3166) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡ് ആന്റ് ബ്രിഡ്ജ്സ്,

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ബിൽഡിംഗ്സ് വിഭാഗങ്ങൾ 2011-12 മുതൽ പേരാമ്പ്ര നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന വ്യക്തമാക്കുമോ;

(ബി) 2011-12 മുതൽ നാളിതുവരെ ഏതെല്ലാം പദ്ധതികൾക്ക് അനുമതി ലഭിച്ചുവെന്നും അവയുടെ അടങ്കൽ തുക എത്രയാണെന്നും നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡ് ആന്റ് ബ്രിഡ്ജസ്, ബിൽഡിംഗ്സ് വിഭാഗങ്ങൾ 2011-2012 മുതൽ പേരാമ്പ്ര നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(ബി) 2011-12 മുതൽ നാളിതുവരെ ഏതെല്ലാം പദ്ധതികൾക്ക് അനുമതി ലഭിച്ചുവെന്നും അവയുടെ അടങ്കൽ തുക എത്രയാണെന്നും നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നുമുള്ള വിവരങ്ങൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

**പേരാമ്പ്ര ബൈപ്പാസ് നിർമ്മാണം**

280(3167) <u>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര ബൈപ്പാസ് നിർമ്മാണത്തിന്റെ നാളിതുവരെയുള്ള പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ;

(ബി) ബൈപ്പാസ് നിർമ്മാണം ത്വരിതഗതിയിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) പേരാമ്പ്ര ബൈപ്പാസ് നിർമ്മാണത്തിനായി 14-7-2009-ലെ സ.ഉ. (സാധാ)നമ്പർ 1045/2009/പൊ.മ.വ. പ്രകാരം 730 ലക്ഷം രൂപയുടെ ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകുകയും, 14-10-2010-ലെ സി.ഇ./ആർ& ബി/കെ.കെ. ഡി./10228/2009 പ്രകാരം അലൈൻമെന്റ് അംഗീകരിക്കുകയുമുണ്ടായി. ഭൂവുടമകളിൽ ചിലർ നിർദ്ദിഷ്ട അലൈൻമെന്റിനെതിരെ കേസ് ഫയൽ ചെയ്തിരുന്നുവെങ്കിലും ബഹു. ഹൈക്കോടതി അവ തള്ളുകയുണ്ടായി. 28-10-2013-ന് നടന്ന ഹൈലെവൽ കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ സോഷ്യോ

---

*

എക്കണോമിക് സർവ്വേ റിപ്പോർട്ട് സർക്കാരിൽ ലഭ്യമായിട്ടുണ്ട്. എന്നാൽ പരാമർശിത ബൈപ്പാസ് നിർമ്മാണത്തിന് ആവശ്യമായ ഭൂമിയിൽ 0.7 ഹെക്ടർ സ്ഥലം പാടശേഖരമായതിനാൽ കൃഷി വകുപ്പിൽനിന്നും 2008-ലെ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം നിരാക്ഷേപ പത്രം ലഭിക്കുന്നതിനായി കോഴിക്കോട് നിരത്തു വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ കൃഷി ഓഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ബൈപ്പാസ് നിർമ്മാണത്തിനാവശ്യമായ ഭൂമി നെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരം ഏറ്റെടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി കോഴിക്കോട് നിരത്തു വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ 10-7-2015-ലെ ഡിബി2/3627/2006 നമ്പർ കത്ത് പ്രകാരം കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

**അരീക്കോട് ഫുട്ബോൾ സ്റ്റേഡിയം നിർമ്മാണം**

281(3168) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം പൂർത്തിയാക്കിയ അരീക്കോട് ഫുട്ബോൾ സ്റ്റേഡിയത്തിന്റെ ആസ്തി വികസന ഫണ്ട് തുകയായ 150 ലക്ഷം രൂപയുടെ ലെറ്റർ ഓഫ് ക്രെഡിറ്റിനുള്ള പ്രൊപ്പോസൽ ഉത്തരവിറങ്ങി നാലു മാസത്തിലധികമായിട്ടും മലപ്പുറം ജില്ലാ ബിൽഡിംഗ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽനിന്ന് ഉചിതമാർഗ്ഗേന സമർപ്പിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയതിനുള്ള എൽ.ഒ.സി. പ്രൊപ്പോസൽ അടിയന്തരമായി തയ്യാറാക്കി സമർപ്പിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) അരീക്കോട് ഫുട്ബോൾ സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട്, 150 ലക്ഷം രൂപയുടെ ലെറ്റർ ഓഫ് ക്രെഡിറ്റിനുള്ള പ്രൊപ്പോസൽ, മലപ്പുറം പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ ഓഫീസിൽ സമർപ്പിച്ചിട്ടുണ്ട്. ഇതിന്മേലുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ലെറ്റർ ഓഫ് ക്രെഡിറ്റ് പ്രൊപ്പോസൽ അടിയന്തിരമായി തയ്യാറാക്കി സമർപ്പിക്കുന്നതിന് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**നായരമ്പലം നെടുങ്ങാട് പള്ളിപ്പാലം നിർമ്മാണം**

282(3169) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നായരമ്പലം നെടുങ്ങാട് പള്ളിപ്പാലത്തിന്റെ നിർമ്മാണത്തിനുള്ള പ്രോജക്റ്റ് റിപ്പോർട്ട് പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിക്ക് അനുമതി നൽകുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) നായരമ്പലം നെടുമങ്ങാട് പള്ളിപ്പാലം നിർമ്മിക്കുന്നതിനുള്ള 650 ലക്ഷം രൂപയുടെ വിശദമായ പദ്ധതി നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു.

**എലത്തൂർ നിയോജകമണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ**

283(3170) <u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എലത്തൂർ നിയോജക മണ്ഡലത്തിൽ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി പൊതുമരാമത്ത് വകുപ്പ് റോഡ് ബിൽഡിംഗ്സ് വിഭാഗത്തിൽ എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ഇവയിൽ പൂർത്തീകരിച്ച പ്രവൃത്തികൾ ഏതെല്ലാമെന്നും, പൂർത്തീകരിക്കാത്ത പ്രവൃത്തികൾ ഏതെല്ലാമെന്നുമുള്ള വിശദവിവരങ്ങൾ വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ&ബി) എലത്തൂർ നിയോജക മണ്ഡലത്തിൽ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി റോഡ്സ്, ബിൽഡിംഗ്സ് വിഭാഗങ്ങളിൽ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെയും അവയിൽ പൂർത്തീകരിച്ചതും പൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**എലത്തൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ**

284(3171) <u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമരാമത്ത് വകുപ്പ് കോഴിക്കോട് ജില്ലയിലെ എലത്തൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പ്രവൃത്തികളുടെ ലിസ്റ്റ് ലഭ്യമാക്കാമോ;

(ബി) ഇതിലേതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചെന്നും ഇനി ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ടെന്നുമുള്ള വിശദമായ റിപ്പോർട്ട് ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമരാമത്ത് വകുപ്പ് കോഴിക്കോട് ജില്ലയിലെ എലത്തൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെയും അതിൽ പൂർത്തീകരിച്ചതും ഇനി പൂർത്തീകരിക്കാനുള്ള പ്രവൃത്തികളുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**തൃക്കരിൽ ഗവ.പോളിടെക്നിക്**

285(3172) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ തൃക്കരിൽ ഗവ.പോളിടെക്നിക് കോളേജിൽ വർഷങ്ങളായി മുടങ്ങിക്കിടന്നിരുന്ന കെട്ടിടങ്ങളുടെ നിർമ്മാണത്തിന് പുതുക്കിയ ഭരണാനുമതി നൽകി മാസങ്ങൾ കഴിഞ്ഞിട്ടും പ്രവൃത്തി പുനരാരംഭിക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തി എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

കാസർഗോഡ് ജില്ലയിൽ തൃക്കരിപ്പൂർ ഗവ. പോളിടെക്നിക് കോളേജിൽ വർഷങ്ങളായി മുടങ്ങിക്കിടന്നിരുന്ന കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് വേണ്ടി 723 ലക്ഷം രൂപയ്ക്ക് പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതിക അനുമതി നൽകി പ്രവൃത്തി പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**റോഡുകളിൽ ബസ് ഷെൽട്ടറുകൾ**

286(3173) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ മുഴുവൻ പി.ഡബ്ല്യൂ.ഡി റോഡുകളിലും ബസ് ബേ/ ഷെൽട്ടറുകൾ നിർമ്മിക്കുവാനായി ആരംഭിച്ച 'പ്രതീക്ഷ' നാളിതുവരെ ഏതെങ്കിലും

പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ടോ;

(ബി) പ്രതീക്ഷയെ സർക്കാർ അക്രെഡിറ്റഡ് ഏജൻസി ആയി അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത സംരംഭത്തിന്റെ പ്രവർത്തനത്തിനായി എത്ര തുകയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്?

ഉത്തരം

(എ) പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) 7-8-2015-ലെ G.O.(P) 339/15/Fin ഉത്തരവുപ്രകാരം എസ്.പി.വി. വിഭാഗത്തിൽ ഉൾപ്പെടുത്തി പ്രതീക്ഷാ ബസ് ഷെൽട്ടേഴ്സ് കേരള ലിമിറ്റഡിനെ അക്രെഡിറ്റഡ് ഏജൻസിയായി അംഗീകരിച്ചിട്ടുണ്ട്.

(സി) പ്രതീക്ഷാ ബസ് ഷെൽട്ടേഴ്സിന്റെ പ്രവർത്തനത്തിനായി 2013-14-ലെ ബഡ്ജറ്റിൽ ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**കുന്നംകുളം മുതൽ കടവല്ലൂർ വരെയുള്ള റോഡ് നിർമ്മാണം**

287(3174) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ, കുറ്റിപ്പുറം പി.ഡബ്ല്യു.ഡി. റോഡിലെ കുന്നംകുളം മുതൽ കടവല്ലൂർ വരെയുള്ള ഭാഗത്തിൽ റോഡ് നിർമ്മാണത്തിലെ അശാസ്ത്രീയതകൊണ്ടും വർദ്ധിച്ച വാഹന തിരക്കുകൊണ്ടും വാഹന അപകടങ്ങൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റോഡ് വീതികൂട്ടി ടാർ ചെയ്ത് ഡിവൈഡർ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

തൃശ്ശൂർ, കുറ്റിപ്പുറം പി.ഡബ്ല്യൂ.ഡി. റോഡിലെ പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിച്ചത് കെ.എസ്.ടി.പി. ആണ്. അപകടങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നടപടി സ്വീകരിക്കുന്നതാണ്. വീതി കൂട്ടി ഡിവൈഡർ സ്ഥാപിക്കുന്നതിന് സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്.

**കാസർകോഡ് നിയോജക മണ്ഡലത്തിലെ റോഡുകൾ**

288(3175) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർകോഡ്

നിയോജക മണ്ഡലത്തിൽ എത്ര പുതിയ റോഡുകൾ അനുവദിച്ചിട്ടുണ്ട് ; റോഡുകളുടെ പേരും അനുവദിച്ച ഫണ്ടും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത റോഡുകളുടെ പണി ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ എപ്പോൾ ആരംഭിച്ചു എന്നും നിർമ്മാണം പൂർത്തിയാക്കിയിട്ടില്ലായെങ്കിൽ നിലവിലെ അവസ്ഥ എന്താണെന്നും വ്യക്തമാക്കാമോ ;

(സി) അനുവദിച്ച റോഡുകളുടെ പണി ആരംഭിച്ചിട്ടില്ലായെങ്കിൽ അതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കാമോ ; വീഴ്ച വരുത്തിയവർക്കെതിരെ എന്തുനടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ?

<u>ഉത്തരം</u>

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് നിയോജകമണ്ഡലത്തിൽ അനുവദിച്ച പുതിയ റോഡുകളുടെ പേരും അനുവദിച്ച തുകയും പ്രവൃത്തികളുടെ അവസ്ഥയും അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) പ്രവൃത്തി ആരംഭിച്ചിട്ടില്ലാത്ത ചെർക്കളപാടി എതിർത്തോട് റോഡ് കി.മീ.0/000 മുതൽ 5/200 വരെ (200 ലക്ഷം) പ്രവൃത്തി റിസ്ക് & കോസ്റ്റ് ആയി എഗ്രിമെന്റ് ടെർമിനേറ്റ് ചെയ്യാൻ ഉള്ള നടപടികൾ കോഴിക്കോട് നിരത്തുകളും പാലങ്ങളും വിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഓഫീസിൽ സ്വീകരിച്ചുവരുന്നു. ആയതിന് ഡിപ്പാർട്ട്മെന്റ് തലത്തിൽ യാതൊരു വീഴ്ചയും വരുത്തിയിട്ടില്ല.

**കൊയിലാണ്ടി നിയമസഭ സാമാജികനിൽനിന്ന് ലഭിച്ച നിവേദനങ്ങൾ**

289(3176) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ ഭരണകാലത്ത് കൊയിലാണ്ടി മണ്ഡലത്തിലെ വിവിധ വികസന ആവശ്യങ്ങൾക്കായി കൊയിലാണ്ടി നിയമസഭ സാമാജികനിൽ നിന്ന് ബഡ്ജറ്റ് പ്രൊപ്പോസൽ, നിവേദനങ്ങൾ എന്നിങ്ങനെ പൊതുമരാമത്ത് മന്ത്രിയ്ക്കും പൊതുമരാമത്ത് സെക്രട്ടറിക്കും ലഭിച്ചവ ഏതെല്ലാം ; വിശദമായി പകർപ്പ് സഹിതം വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത നിവേദനങ്ങളിൽ ഓരോന്നിലും സ്വീകരിച്ച നടപടികൾ ഫയൽ നമ്പർ സഹിതം വിശദമായി വ്യക്തമാക്കുമോ; ഓരോ ഫയലും ഇപ്പോൾ ഏത് ഓഫീസിലാണ് പെൻഡിംഗ് ആയി നിൽക്കുന്നത് എന്ന് വിശദമാക്കുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പെൻഡിംഗ് ആയി നിൽക്കുന്ന പ്രസ്തുത ഫയലുകൾ നോക്കാൻ ബാദ്ധ്യതപ്പെട്ട ഓഫീസ് മേധാവികൾ ആരെല്ലാം എന്ന് വിശദമാക്കുമോ;

(ഡി) കൊയിലാണ്ടി മണ്ഡലത്തിലെ കൊല്ലം, പയ്യോളി എന്നിവിടങ്ങളിൽ ആർ.ഒ.ബി. നിർമ്മിക്കുന്നത് സംബന്ധിച്ച് ലഭിച്ചിട്ടുള്ള നിവേദനങ്ങൾ ഏതെല്ലാമായിരുന്നു ; പ്രസ്തുത നിവേദനങ്ങളിൽ ഓരോന്നിലും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ഇ) കൊല്ലം റെയിൽവേ മേൽപാലത്തിന് ഫീസിബിലിറ്റി സ്റ്റഡി / ഇൻവെസ്റ്റിഗേഷൻ നടത്താൻ കേന്ദ്ര ബജറ്റിൽ അലോക്കേഷൻ ഉണ്ടോ ; ഉണ്ടെങ്കിൽ റഫറൻസ് നൽകി വിശദമാക്കുമോ?

<u>ഉത്തരം</u>

(എ-ഇ) വിവരം ശേഖരിച്ചുനൽകുന്നതാണ്.

**ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ റോഡുകളുടെ നവീകരണം**

290(3177) <u>ശ്രീ. എം. ഹംസ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ പി.ഡബ്ല്യു.ഡി. റോഡുകൾ ഗതാഗത യോഗ്യമല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡുകളുടെ നവീകരണത്തിനായി തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്ര; വിശദാംശം ലഭ്യമാക്കുമോ;

(സി) നവീകരണത്തിനായുള്ള പ്രവൃത്തികൾ എന്ന് ആരംഭിക്കും; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ-സി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ഗതാഗത യോഗ്യമല്ലാത്ത റോഡുകളുടെ നവീകരണത്തിന് ചുവടെ ചേർത്ത പ്രവൃത്തികൾക്കായി 36 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ അറ്റകുറ്റപ്പണികൾ ആരംഭിച്ചിട്ടുണ്ട്.

<u>ഉപരിതലം പുതുക്കൽ</u>

ഒറ്റപ്പാലം-ചെർപ്പുളശ്ശേരി റോഡ് കി.മീ.10/000-10/800

| | |
|---|---|
| (Working Chainage 0/000-10/600) | 25 ലക്ഷം |
| അടിയന്തര പാച്ച് പ്രവൃത്തികൾ | |
| അമ്പലപ്പാറ-മണ്ണൂർറോഡ് കി.മീ. 0/000-10/725 | 1.5 ലക്ഷം |
| അമ്പലപ്പാറ-മേലൂർ-കീഴൂർ റോഡ് കി.മീ. 0/000-9/250 | 2.00 ലക്ഷം |
| ലക്കിടി-റെയിൽവേ സ്റ്റേഷൻ റോഡ് കി.മീ. 0/000-3/600 | 1.5 ലക്ഷം |
| കടമ്പഴിപ്പുറം-ചിരട്ടിമല-വേങ്ങശ്ശേരി റോഡ് | |
| കി.മീ. 0/000-5/000 | 1.5 ലക്ഷം |
| ഒറ്റപ്പാലം-റെയിൽവേ സ്റ്റേഷൻ റോഡ് കി.മീ. 0/000-0/600 | 1.00 ലക്ഷം |
| ഒറ്റപ്പാലം-ചെർപ്പുളശ്ശേരി റോഡ് കി.മീ. 10/000-16/000 | 3.50 ലക്ഷം |

## കോഴിക്കോട് കോരപ്പുഴ പാലം

291(3178) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോഴിക്കോട് ജില്ലയിലെ കോരപ്പുഴ പാലം പുതുക്കിപ്പണിയുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദമായ വിവരങ്ങൾ വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത പാലം പുതുക്കിപ്പണിയുന്നതിന് 2015-16-ലെ സംസ്ഥാന ബഡ്ജറ്റ് പ്രസംഗത്തിൽ സൂചിപ്പിച്ചിട്ടുള്ള ഫണ്ട് പൊതുമരാമത്ത് വകുപ്പിന് ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ നിർമ്മാണ പ്രവർത്തനങ്ങൾ എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ ?

### ഉത്തരം

(എ) കോഴിക്കോട് ജില്ലയിലെ കോരപ്പുഴ പാലം നിർമ്മിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ പൂർത്തിയായി ഡിസൈൻ തയ്യാറാക്കി വരുന്നു.

(ബി) പ്രസ്തുത പ്രവൃത്തി 2015-16-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ഡിസൈൻ ഡ്രോയിംഗ് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി

സ്വീകരിക്കുന്നതാണ്.

**കോഴിക്കോട് ജില്ലയിലെ പാലത്ത്-പാലോളിത്താഴം റോഡ്**

292(3179) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേളന്നൂർ പഞ്ചായത്തിലെ ജപ്പാൻ കുടിവെള്ള പദ്ധതിക്കായി കുഴി എടുത്തത് കാരണം കോഴിക്കോട് ജില്ലയിലെ പാലത്ത്-പാലോളിത്താഴം പി.ഡബ്ല്യു.ഡി. റോഡ് അപകടകരമാംവിധം ഗതാഗത യോഗ്യമല്ലാതെ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡിൽ അറ്റകുറ്റപ്പണി നടത്തുന്നതിന് ജപ്പാൻ കുടിവെള്ള പദ്ധതി നടത്തിപ്പുകാർ സർക്കാരിൽ പണമടച്ചിട്ടുണ്ടോ ; എങ്കിൽ എത്ര തുക അടച്ചിട്ടുണ്ട്; ഇല്ലെങ്കിൽ എന്തുകൊണ്ട് പണം അടച്ചിട്ടില്ല എന്ന് വ്യക്തമാക്കുമോ;

(സി) അറ്റകുറ്റപ്പണി നടത്തുന്നതിന് ജപ്പാൻ കുടിവെള്ള പദ്ധതി നടത്തിപ്പുകാർ അനുമതി തേടിയിട്ടുണ്ടോ ; എങ്കിൽ അനുമതി നല്കിയിട്ടുണ്ടോയെന്ന വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത റോഡ് ഗതാഗതയോഗ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) പാലത്ത്-പാലോളിത്താഴം റോഡ് ചേളന്നൂർ പഞ്ചായത്തിന്റെ അധീനതയിൽ ആയിരുന്ന സമയത്താണ് ജെ.ഐ.സി.എ. പ്രവൃത്തി ആരംഭിച്ചത്. റോഡ് പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിച്ച സമയത്ത് പ്രസ്തുത ജെ.ഐ.സി.എ. പ്രവൃത്തിക്ക് അനുമതി നൽകിയ വിവരം പൊതുമരാമത്ത് വകുപ്പിനെ അറിയിച്ചിട്ടില്ല. പഞ്ചായത്ത് റോഡുകളിൽ ജെ.ഐ.സി.എ. പൈപ്പ് ഇടാനുള്ള കിടങ്ങുകൾ നന്നാക്കാൻ വേണ്ടി ജെ.ഐ.സി.എ. തന്നെയാണ് റീഫോർമേഷൻ പ്രവൃത്തികളും നടത്തുന്നത്.

(ഡി) നടപടി സ്വീകരിക്കുന്നതാണ്.

**കുന്നംകുളം ഗവണ്മെൻറ് ബോയ്സ് ഹൈസ്കൂൾ ഇൻഡോർ സ്റ്റേഡിയം**

293(3180) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന് നിർമ്മാണ ചുമതലയുള്ള കുന്നംകുളം ഗവൺമെന്റ് ബോയ്സ് ഹൈസ്കൂൾ ഗ്രൗണ്ടിൽ നിർമ്മിക്കുന്ന ഇൻഡോർ

സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവൃത്തി ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് എന്നത്തേയ്ക്ക് പ്രവർത്തനം ആരംഭിക്കാൻ കഴിയും ;

(ബി) വേഗത്തിൽ പ്രവൃത്തി പൂർത്തീകരിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) 12-11-2015-ലെ സ.ഉ. (സാധാ)നമ്പർ 1672/2015/ പൊ.മ.വ. നമ്പർ ഉത്തരവ് പ്രകാരം കുന്നംകുളം ബോയ്സ് ഹൈസ്കൂൾ ഗ്രൗണ്ടിൽ നിർമ്മിക്കുന്ന ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവൃത്തിയുടെ ടെണ്ടർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്. എഗ്രിമെന്റ് ഉടനെ വച്ച് പ്രവൃത്തി വേഗത്തിൽ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## അമ്പലപ്പുഴ മണ്ഡലത്തിൽ വൺടൈം മെയിന്റനൻസ് ഫണ്ടിൽ ഉൾപ്പെടുത്തിയ റോഡുകൾ

294(3181) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 വർഷത്തിൽ അമ്പലപ്പുഴ മണ്ഡലത്തിൽ വൺടൈം മെയിന്റനൻസ് ഫണ്ടിൽ ഉൾപ്പെടുത്തി പുനരുദ്ധാരണം നടത്താൻ എന്തു തുക അനുവദിച്ചുവെന്നും അത് ഏതെല്ലാം റോഡുകൾക്കാണെന്നും വ്യക്തമാക്കുമോ ;

(ബി) ഇതിനുള്ള ഭരണാനുമതി ലഭിച്ചത് എന്നാണ് ; നാളിതുവരെയായിട്ടും എല്ലാ പ്രവൃത്തികളുടേയും ടെൻഡർ നടപടികൾ സ്വീകരിക്കുവാൻ കഴിയാത്തത് എന്തുകൊണ്ടാണ്; വിശദമാക്കുമോ ;

(സി) ആലപ്പുഴ പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ബി&ആർ) ഓഫീസിലും തിരുവനന്തപുരം സൂപ്രണ്ടിംഗ് എഞ്ചിനീയറിംഗ് ഓഫീസിലും ഉണ്ടായിട്ടുള്ള കാലതാമസത്തെക്കുറിച്ച് അന്വേഷിക്കുമോ ;

(ഡി) അടിയന്തരമായി വൺടൈം മെയിന്റനൻസ് സ്കീമിൽ ഭരണാനുമതി നൽകിയ റോഡുകളുടെ ടെണ്ടർ നടപടി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) 14-7-2015-ൽ ഭരണാനുമതി നൽകി. എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നൽകിയ ശേഷമാണ് ടെണ്ടർ നടപടി സ്വീകരിക്കുന്നത്. ഈ നടപടി പൂർത്തീകരിക്കുന്നതിനാണ് കാലതാമസം ഉണ്ടായത്.

(സി) അന്വേഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) നടപടി സ്വീകരിച്ചുവരുന്നു.

**പെരിങ്ങോം ഗവൺമെന്റ് കോളേജിന് കെട്ടിടം**

295(3182) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിൽ അനുവദിച്ച പെരിങ്ങോം ഗവൺമെൻറ് കോളേജിന് കെട്ടിടം നിർമ്മിക്കുന്നതിന് ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 3 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച് 7 മാസമായിട്ടും സാങ്കേതിക അനുമതി ലഭിക്കാത്തതിൻെറ കാരണം വിശദമാക്കുമോ ;

(ബി) സാങ്കേതിക അനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കെട്ടിടം പ്രവൃത്തി എപ്പോൾ ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) പയ്യന്നൂർ മണ്ഡലത്തിൽ അനുവദിച്ച പെരിങ്ങോം ഗവൺമെന്റ് കോളേജ് കെട്ടിടത്തിന്റെ റിവൈസ്ഡ് ആർക്കിടെക്ച്ചർ ഡ്രോയിംഗ് തയ്യാറാക്കി നൽകുന്നതിനായി ചീഫ് ആർക്കിടെക്റ്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാകുന്നമുറയ്ക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**റോഡുകളുടെ വികസനത്തിനും നിർമ്മാണത്തിനുമുള്ള കേന്ദ്ര സഹായം**

296(3183) <u>ശ്രീ. കെ. അജിത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന റോഡുകളുടെ വികസനത്തിനും നിർമ്മാണത്തിനുമായി കേന്ദ്ര ഗവൺമെൻറ് സഹായം ലഭിക്കാറുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) സംസ്ഥാന റോഡുകളുടെ വികസനത്തിന് കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ടെങ്കിൽ കഴിഞ്ഞ അഞ്ചുവർഷം ലഭിച്ച തുക വർഷം തിരിച്ച് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാന റോഡുകളുടെ വികസനത്തിനും നിർമ്മാണത്തിനുമായി

കേന്ദ്ര ഗവൺമെന്റ് സഹായം ലഭിക്കാറുണ്ട്. കഴിഞ്ഞ അഞ്ചുവർഷം ലഭിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**പയ്യന്നൂർ നിയോജക മണ്ഡലത്തിലെ ജില്ലാ റോഡുകളുടെ നിർമ്മാണം**

297(3184) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നിയോജക മണ്ഡലത്തിലെ മേജർ ജില്ലാ റോഡുകൾ അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിച്ച റോഡുകൾ ഏതൊക്കെയാണെന്നും പ്രസ്തുത റോഡുകളുടെ നിർമാണം എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നും അറിയിക്കുമോ;

(ബി) ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ട് പ്രവൃത്തികൾ ആരംഭിക്കാത്ത റോഡുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; പ്രസ്തുത റോഡുകളുടെ പ്രവൃത്തികൾ എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ;

(സി) ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചിട്ടും ടെണ്ടർ നടപടികൾ പൂർത്തീകരിക്കാത്ത പ്രവൃത്തികൾ ഏതൊക്കെയാണെന്നും അവയുടെ നിർമ്മാണം എപ്പോൾ ആരംഭിക്കുമെന്നും അറിയിക്കുമോ;

(ഡി) ഭരണാനുമതി മാത്രം ലഭിച്ച ഏതെല്ലാം പ്രവൃത്തികൾ ഉണ്ടെന്നും നിലവിലുള്ള അവസ്ഥ എന്താണെന്നും വിശദമാക്കുമോ?

ഉത്തരം

(എ) അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(ബി) ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ട് ആരംഭിക്കാത്ത പ്രവൃത്തികൾ ഒന്നും തന്നെയില്ല.

(സി) വിശദാംശം അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

(ഡി) മേൽപറഞ്ഞ പ്രവൃത്തികൾ കൂടാതെ ഭരണാനുമതി ലഭിച്ച മറ്റു പ്രവൃത്തികളൊന്നും തന്നെയില്ല.

**അമിനിറ്റീസ് സെന്റർ, ബസ്സ് ഷെൽട്ടർ നിർമ്മാണം**

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

298(3185) ശ്രീ. വർക്കല കഹാർ :

ശ്രീ. ഹൈബി ഈഡൻ :

ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അമിനിറ്റീസ് സെന്ററുകളും ആധുനിക ബസ്സ് ഷെൽട്ടറുകളും നിർമ്മിക്കുന്നതിന് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ-സി) സംസ്ഥാനത്ത് അമിനിറ്റീസ് സെന്ററുകൾ നിർമ്മിക്കുന്നതിന് ആശ്വാസ് അമിനിറ്റീസ് കേരള ലിമിറ്റഡ് എന്ന പേരിലും ബസ് ഷെൽട്ടറുകൾ നിർമ്മിക്കുന്നതിന് പ്രതീക്ഷാ ബസ് ഷെൽട്ടേഴ്സ് കേരള ലിമിറ്റഡ് എന്ന പേരിലും കമ്പനികൾ രൂപീകരിച്ചിട്ടുണ്ട്. യാത്രക്കാർക്കായി വൃത്തിയും വെടിപ്പുമുള്ള ടോയ്‌ലെറ്റ് സൗകര്യങ്ങളോടുകൂടിയ വിശ്രമ കേന്ദ്രങ്ങൾ ഒരുക്കുകയാണ് ആശ്വാസ് പബ്ലിക് അമിനിസ്റ്റീസിന്റെ ലക്ഷ്യം പ്രസ്തുത അമിനിറ്റീസ് കേന്ദ്രങ്ങളിൽ ടോയ്‌ലെറ്റ് സൗകര്യത്തിനു പുറമേ ലഘു ഭക്ഷണശാലകൾ, മെമെന്റോ ഷോപ്പുകൾ, വിശ്രമ സൗകര്യം, യാത്രികർക്കാവശ്യമായ വിവരങ്ങൾ എന്നിവ പ്രദാനം ചെയ്യാനും ഉദ്ദേശ്യമുണ്ട്. നിലവിൽ 6 പദ്ധതികൾ ഏറ്റെടുത്തു നടത്തി വരുന്നുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള പാതയോരങ്ങളിൽ ആധുനിക രീതിയിലുള്ള ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾ ഒരുക്കുകയാണ് പ്രതീക്ഷാ ബസ് ഷെൽട്ടേഴ്സിന്റെ ലക്ഷ്യം. CIAL മാതൃകയിലാണ് ബസ് ഷെൽട്ടറുകൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. നിലവിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് നഗരങ്ങളിലെ 83 സ്ഥലങ്ങളിൽ ബസ് ഷെൽട്ടറുകൾ ഒരുക്കുന്നതിന് കരാർ വച്ചിട്ടുണ്ട്.

**വെഞ്ഞാറമൂട് ജംഗ്ഷനിലെ ഗതാഗതക്കുരുക്ക്**

299(3186) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരം - കോട്ടയം എം.സി. റോഡിൽ വെഞ്ഞാറമൂട് ജംഗ്ഷനിലെ ഗുരുതരമായ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്നും ഇനി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും

വിശദമാക്കുമോ?

<u>ഉത്തരം</u>

ലോകബാങ്ക് ധനസഹായത്തോടെ നടപ്പിലാക്കിയ കെ.എസ്.ടി.പി. ഒന്ന് പദ്ധതിയിൽപ്പെടുത്തി വെഞ്ഞാറമൂട് ജംഗ്ഷൻ ഉൾപ്പെടെ എം.സി. റോഡിന്റെ തൈക്കോട് മുതൽ ചെങ്ങന്നൂർ വരെയുള്ള റോഡിന്റെ അപ്ഗ്രഡേഷൻ പണി 2011-ൽ പൂർത്തിയാക്കി. ഇതിൽ ഉൾപ്പെടുത്തി വെഞ്ഞാറമൂട് ജംഗ്ഷനിൽ ലഭ്യമായ സ്ഥലങ്ങൾ ഉപയോഗിച്ച് വികസനം പൂർത്തിയാക്കിയതാണ്. കൂടാതെ ശബരിമല തീർത്ഥാടന സീസൺ പ്രമാണിച്ച് വെഞ്ഞാറമൂട് ജംഗ്ഷനിലെ കുഴികൾ അടച്ച് സഞ്ചാരയോഗ്യമാക്കിയിട്ടുണ്ട്. ഈ റോഡിൽ കൂടി വാഹന ഗതാഗതം വളരെയധികം വർദ്ധിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇപ്പോൾ ലോക ബാങ്ക് ധനസഹായത്തോടുകൂടി നടപ്പിലാക്കുന്ന കെ.എസ്.ടി.പി. രണ്ട് പദ്ധതിയിൽപ്പെടുത്തി ഈ ജംഗ്ഷൻ ഉൾപ്പെടെയുള്ള കഴക്കൂട്ടം-തൈക്കോട്-അടൂർ റോഡിനെ ഒരു മോഡൽ റോഡ് സേഫ്റ്റി കോറിഡോറായി വികസിപ്പിക്കുന്നത് വിഭാവനം ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തിയിൽപ്പെടുത്തി വെഞ്ഞാറമൂട് ജംഗ്ഷനിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനായി ആവശ്യമായ റോഡ് സുരക്ഷാ ക്രമീകരണങ്ങളും, ജംഗ്ഷൻ വികസനവും, ഉപരിതലം പുതുക്കലും ചെയ്യുന്നതാണ്. ഈ പ്രവൃത്തിയുടെ ടെണ്ടർ വിളിക്കുവാനുള്ള നടപടിക്രമങ്ങൾ അവസാന ഘട്ടത്തിലാണ്. ഉടൻതന്നെ ടെണ്ടർ ചെയ്ത് ഇതിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാൻ സാധിക്കും.

**പന്നിക്കുഴി പാലത്തിന്റെ നിർമ്മാണം**

300(3187) <u>ശ്രീ. മാത്യു റ്റി. തോമസ്</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എം.സി.റോഡിനായി പണിതുകൊണ്ടിരിക്കുന്ന പന്നിക്കുഴി പാലത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് ഗതാഗതത്തിനു എന്ന് തുറന്നു കൊടുക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

ലോക ബാങ്ക് ധനസഹായത്തോടെ നടപ്പിലാക്കി വരുന്ന കെ.എസ്.ടി.പി. രണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണ പ്രവൃത്തി നടത്തുന്ന പന്നിക്കുഴി പാലത്തിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ഇരുവശങ്ങളിലേക്കുമുള്ള അപ്രോച്ച്

റോഡിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു. 2015 ഡിസംബർ 31-ാം തീയതിയോടുകൂടി നിർമ്മാണം പൂർത്തിയാക്കി ഗതാഗതത്തിന് തുറന്നു കൊടുക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

## വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ കെട്ടിടനിർമ്മാണം

301(3188) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നിർമ്മാണം ആരംഭിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കെട്ടിടങ്ങൾ പൂർത്തീകരിക്കാത്തതുമൂലം അദ്ധ്യയനത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം കെട്ടിട നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്ത എത്ര പദ്ധതികൾ ഉണ്ടെന്നും അവ പൂർത്തിയാക്കാൻ എത്ര തുക വേണ്ടിവരുമെന്നും ജില്ല തിരിച്ച് വിശദമാക്കുമോ;

(സി) പ്രസ്തുത കെട്ടിട നിർമ്മാണ പദ്ധതികൾ പൂർത്തീകരിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) കെട്ടിട നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്ത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ജില്ല തിരിച്ചുള്ള പേരുവിവരങ്ങളും അവയ്ക്കാവശ്യമായ തുകയും പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടികളും അനുബന്ധമായി ചേർത്തിരിക്കുന്നു.*

## ഗവൺമെന്റ് ക്വാർട്ടേഴ്സുകൾ

302(3189) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര ഗവൺമെന്റ് ക്വാർട്ടേഴ്സുകൾ നിലവിലുണ്ട്; ഗസറ്റഡ് ഓഫീസർ ക്വാർട്ടേഴ്സ് , നോൺ ഗസറ്റഡ് ഓഫീസർ ക്വാർട്ടേഴ്സ് എന്നിവയുടെ ജില്ല തിരിച്ചുള്ള

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ക്വാർട്ടേഴ്സുകളിലെ അനധികൃത താമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) പാലക്കാട് ജില്ലയിൽ എത്ര ഗവൺമെന്റ് ക്വാർട്ടേഴ്സുകൾ ഒഴിഞ്ഞു കിടക്കുന്നുവെന്നും എത്രയെണ്ണത്തിൽ ജീവനക്കാർ താമസിക്കുന്നുവെന്നും വ്യക്തമാക്കുമോ; ക്വാർട്ടേഴ്സിനുള്ള അപേക്ഷകരുടെ വിവരങ്ങൾ ഗസറ്റഡ്, നോൺ ഗസറ്റഡ് എന്നിങ്ങനെ തരം തിരിച്ച് ലഭ്യമാക്കുമോ;

(ഡി) പാലക്കാട് ജില്ലയിൽ ക്വാർട്ടേഴ്സ് അനുവദിക്കുന്നതിൽ ക്രമക്കേട് നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

**കൊല്ലങ്കോട് ബൈപ്പാസ്**

303(3190) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൻമാറ നിയോജകമണ്ഡലത്തിൽ കൊല്ലങ്കോട് ബൈപ്പാസിന്റെ ഭൂമി ഏറ്റെടുക്കുവാൻ നടപടി ഏത് ഘട്ടം വരെയായി എന്ന് വിശദമാക്കുമോ ;

(ബി) കൊല്ലങ്കോട് ബൈപ്പാസിന്റെ ഭൂമി ഏറ്റെടുക്കൽ നടപടി ഏത് വർഷം മുതൽ തുടങ്ങിയതാണ് ; നാളിതുവരെ നടത്തിയ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം നൽകുമോ ;

(സി) ബൈപാസ്സിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികൾ എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) കൊല്ലങ്കോട് ബൈപ്പാസിന് ഭൂമി ഏറ്റെടുക്കുന്നതിന്റെ ഭാഗമായി പൊന്നുംവില നടപടിക്രമമനുസരിച്ച് 4(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിനായി പദ്ധതി

ചെലവിന്റെ 25% (2,64,30,000 രൂപ) മുൻകൂറായി കെട്ടിവയ്ക്കുന്നതിന് സ്പെഷ്യൽ തഹസിൽദാർ, എൽ.എ. നമ്പർ 1 പാലക്കാട് ആവശ്യപ്പെട്ടതനുസരിച്ച് പ്രസ്തുത തുക അനുവദിക്കുന്നതിനുള്ള ഒരു ലെറ്റർ ഓഫ് ക്രിഡിറ്റ് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ചിരുന്നു. ഇതുസംബന്ധിച്ച് ധനകാര്യ വകുപ്പ് ആവശ്യപ്പെട്ട അധിക വിവരങ്ങൾ ലഭ്യമാക്കുവാൻ നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി&സി) 14-7-2009-ലെ സ.ഉ.(സാധാ) നമ്പർ 1045/09/പൊ.മ.വ. പ്രകാരം കൊല്ലങ്കോട് ബൈപ്പാസ് നിർമ്മാണത്തിന് 1300 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ബൈപ്പാസിന്റെ ഭൂമി ഏറ്റെടുക്കൽ നടപടി 22-4-2009-നാണ് ആരംഭിച്ചത്. നിർദ്ദിഷ്ട സ്ഥലത്തിന്റെ അതിർത്തി നിർണ്ണയിച്ച് കല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. വയൽ നികത്തുന്നതിന് ആവശ്യമായ അനുമതി ലഭിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ പൂർത്തിയായ ശേഷം ടെണ്ടർ ക്ഷണിച്ച് പ്രവൃത്തി ആരംഭിക്കുന്നതാണ്.

**പൊതുമരാമത്ത് വകുപ്പ് റോഡുകളുടെ ഗുണനിലവാരം**

304(3191) <u>ശ്രീ. സാജു പോൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് റോഡുകളുടെ ഗുണനിലവാരം പരിശോധിച്ചിട്ടുണ്ടോ;

(ബി) വകുപ്പിന് കീഴിലുള്ള ആകെ റോഡുകളുടെ ദൈർഘ്യവും അവയിൽ ബി.എം.&ബി.സി. റോഡുകളുടെ ദൈർഘ്യവും എത്രയെന്ന് ജില്ലതിരിച്ച് അറിയിക്കുമോ;

(സി) എന്തൊക്കെ പദാർത്ഥങ്ങളാണ് ബി.എം&ബി.സി. റോഡുകളുടെ നിർമ്മാണത്തിന് ഉപയോഗിക്കുന്നത്;

(ഡി) എല്ലാ റോഡുകളും ബി.എം.&.ബി.സി. ചെയ്യുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ കീഴിൽ

എസ്.എച്ച്., എം.ഡി.ആർ. വിഭാഗങ്ങളിലായി 3182 കിലോമീറ്റർ റോഡുകളാണുള്ളത്. അവയുടെ (ബി.എം.&ബി.സി. ചെയ്തവ ഉൾപ്പെടെ) ജില്ലതിരിച്ചുള്ള വിവരങ്ങൾ ശേഖരിച്ചു നല്കുന്നതാണ്. ദേശീയപാത വിഭാഗത്തിൽ ആകെ 1781.56 കി.മീ. റോഡാണ് നിലവിലുള്ളത്. ഇവയെല്ലാം തന്നെ ബി.എം.&ബി.സി. ഉപയോഗിച്ചാണ് നിർമ്മിച്ചിരിക്കുന്നത്. റോഡുകളുടെ ജില്ലതിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(സി) ബിറ്റുമിൻ, വിവിധ ഗ്രേഡിംഗിലുള്ള മെറ്റലുകൾ എന്നിവ നിശ്ചിത അനുപാതത്തിൽ മിക്സിംഗ് നടത്തി പ്ലാന്റിൽ കൂട്ടി കലർത്തിയാണ് ബി.എം.& ബി.സി.-യ്ക്ക് ആവശ്യമായ മിക്സുകൾ തയ്യാറാക്കുന്നത്.

(ഡി) ദേശീയപാതാ വിഭാഗത്തിൻകീഴിലുള്ള എല്ലാ റോഡുകളും ബി.എം.& ബി.സി. ഉപയോഗിച്ചാണ് നിർമ്മിച്ചിരിക്കുന്നത്. നിരത്ത് വിഭാഗത്തിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കൂടുതൽ റോഡുകൾ ബി.എം.&ബി.സി. ചെയ്യുവാൻ നടപടി സ്വീകരിച്ചുവരുന്നു.

**പൊതുമരാമത്ത് വകുപ്പിൽ ഇ-ടെണ്ടർ**

305(3192) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. ആർ. സെൽവരാജ് :

ശ്രീ. എം. പി. വിൻസെൻറ് :

ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിൽ ഇ-ടെൻഡർ ഏർപ്പെടുത്താൻ കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശാദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ ധനസഹായത്തോടെയുള്ള നാഷണൽ ഇ-ഗവേണൻസ് പ്രോഗ്രാമിന്റെ (NeGP) ഭാഗമായി 2011 ഡിസംബർ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മുതൽ പൊതുമരാമത്ത് വകുപ്പിൽ ഇ-ടെണ്ടറിംഗ് ആരംഭിച്ചിട്ടുണ്ട്. ഇതിനു വേണ്ടിയുള്ള സോഫ്റ്റ്‌വെയർ നാഷണൽ ഇൻഫോർമാറ്റിക് സെന്റർ (NIC) ആണ് വികസിപ്പിച്ചിട്ടുള്ളത്. സർക്കാർ ഉത്തരവ് ജി.ഒ.(പി)നമ്പർ72/2011/പൊ.മ.വ. തീയതി 3-12-2011 പ്രകാരം 2011 ഡിസംബർ 7 മുതൽ പരീക്ഷണാടിസ്ഥാനത്തിൽ റോഡ്സ് & ബ്രിഡ്ജസ് സൗത്ത് സർക്കിൾ ഓഫീസിൽ പ്രീ-ക്വാളിഫിക്കേഷൻ പ്രവർത്തികൾക്ക് ഇ-ടെണ്ടറിംഗ് സമ്പ്രദായം ആരംഭിച്ചു. തുടർന്ന് 4-2-2012 മുതൽ പൊതുമരാമത്ത് വകുപ്പിലെ എല്ലാ സർക്കിൾ ഓഫീസുകളിലെയും 2 കോടി രൂപയും അതിനു മുകളിലും വരുന്ന പ്രീ-ക്വാളിഫിക്കേഷൻ പ്രവൃത്തികൾക്ക് ഇ-ടെണ്ടറിംഗ് ബാധകമാക്കി. എന്നാൽ 1-2-2012-ലെ ജി.ഒ.(പി)നമ്പർ 13/2012/ പൊ.മ.വ. പ്രകാരം പൊതുമരാമത്ത് വകുപ്പ് മാന്വൽ പരിഷ്കരിച്ചപ്പോൾ പ്രീ-ക്വാളിഫിക്കേഷൻ പ്രവൃത്തികളുടെ അടങ്കൽ തുകയുടെ പരിധി 5 കോടി രൂപയായി വർദ്ധിപ്പിക്കുകയുണ്ടായി. ഇന്ന് പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കുന്ന 25 ലക്ഷത്തിനു മുകളിൽ വരുന്ന എല്ലാ വർക്കുകൾക്കും ഇ-ടെണ്ടറിംഗ് ബാധകമാണ്.

(ബി) പൊതുമരാമത്ത് വകുപ്പിലെ ടെണ്ടറിംഗ് നടപടികൾ കൂടുതൽ കാര്യക്ഷമതയോടെയും സുതാര്യതയോടെയും വേഗത്തിൽ പൂർത്തിയാക്കുവാൻ ഇ-ടെണ്ടറിംഗ് വഴി സാധിക്കും. കോൺട്രാക്ടർമാർക്ക് പൊതുമരാമത്ത് ഓഫീസുകളിൽ നേരിട്ട് ഹാജരാകാതെ തന്നെ വെബ്സൈറ്റിൽനിന്നും ടെണ്ടർ ഡോക്യുമെന്റ്സ് വായിക്കാനും ടെണ്ടറിൽ പങ്കെടുക്കുവാനും സാധിക്കും. ഇ-ടെണ്ടറുകളുടെ നിലവിലെ അവസ്ഥ, പങ്കെടുത്ത കരാറുകാർ മുതലായ വിശദവിവരങ്ങൾ ഇ-ടെണ്ടറിംഗ് വെബ്സൈറ്റ് വഴി പൊതുജനങ്ങൾക്ക് അറിയുവാൻ സാധിക്കും. ഈ സംവിധാനത്തിൽ ടെണ്ടർ ക്ഷണിക്കുന്ന ഉദ്യോഗസ്ഥന് ടെണ്ടർ രേഖകൾ, ഷെഡ്യൂൾ എന്നിവ അദ്ദേഹത്തിന്റെ Digital Signature ഉപയോഗിച്ച് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാവുന്നതാണ്. കരാറുകാർക്ക് ഇവ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. കരാറുകാർക്ക് സ്വകാര്യ കമ്പ്യൂട്ടർവഴി Online ആയി എവിടെനിന്നും ടെണ്ടർ സമർപ്പിക്കുവാൻ കഴിയുന്നതാണ്.

(സി) കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ ധനസഹായത്തോടെയുള്ള നാഷണൽ ഇ-ഗവേണൻസ് പ്രോഗ്രാമിന്റെ ഭാഗമായി (NeGP) എൻ.ഐ.സി.-യുടെ സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് പൊതുമരാമത്ത് വകുപ്പിൽ ഇ-ടെണ്ടറിംഗ് നടപ്പിലാക്കിയത്. സംസ്ഥാന ഐ.റ്റി. വകുപ്പും, ധനവകുപ്പും ഇതിന്റെ പ്രവർത്തനവുമായി

സഹകരിക്കുന്നുണ്ട്. നിരതദ്രവ്യം അടക്കുന്നതിലേക്കായി എസ്.ബി.റ്റി.യും ഇതുമായി സഹകരിക്കുന്നുണ്ട്. ഈ പദ്ധതിയുടെ ഏകോപനം നിർവ്വഹിക്കുന്നത് കേരള സ്റ്റേറ്റ് ഐ.റ്റി. മിഷൻ ആണ്.

## പൊതുമരാമത്ത് വകുപ്പിൽ ഇ-പേമെന്റ് സംവിധാനം

306(3193) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ ഇ-പേയ്മെന്റ് സംവിധാനം ഏർപ്പെടുത്താൻ കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിൽ 10-1-2012 തീയതിയിലെ സർക്കാർ ഉത്തരവ് (പി) നമ്പർ 6/2012/PWD പ്രകാരം ഇ-പേയ്മെന്റ് നടപ്പിലാക്കാൻ ഉത്തരവായിട്ടുണ്ട്. ഇതിനെ തുടർന്ന് 15-2-2012 തീയതിയിലെ സർക്കാർ സർക്കുലർ നമ്പർ 28609/H3/2010/PWD പ്രകാരം വിശദമായ നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത സംവിധാനം മുഖേന പൊതുമരാമത്ത് വകുപ്പിലെ കരാറുകാരുടെയും മറ്റും പണമിടപാടുകൾ സുതാര്യമാക്കുന്നതിനും കരാറുകാർ ഓഫീസുകളിൽ കയറിയിറങ്ങുന്ന രീതി നിർത്തലാക്കുന്നതിനും സാധിക്കും. കരാറുകാർക്ക് പൊതുമരാമത്ത് വകുപ്പിൽനിന്നും കിട്ടേണ്ടതായ തുക, അവരുടെ അക്കൗണ്ടിൽ നേരിട്ട് സുതാര്യവും സുരക്ഷിതവുമായി, താരതമ്യേന എളുപ്പത്തിലും ലഭ്യമാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. പണമിടപാടുകൾ വേഗത്തിലും മികവുറ്റ രീതിയിലും നടത്തുന്നതിനും അഴിമതി ഇല്ലാതാക്കുന്നതിനും ഇ-പേയ്മെന്റ് സംവിധാനം മുഖേന പൊതുമരാമത്ത് വകുപ്പിലെ കരാറുകാർക്ക് അവർ ചെയ്യുന്ന പ്രവൃത്തികളുടെ തുക നേരിട്ട് അവരുടെ അക്കൗണ്ടിലേക്ക് ലഭ്യമാക്കാൻ സാധിക്കും.

(സി) പൊതുമരാമത്ത് വകുപ്പ്, ധനകാര്യ വകുപ്പ്, ഐ.റ്റി. വകുപ്പ്, എൻ.ഐ.സി.,

എസ്.ബി.ഐ., എസ്.ബി.റ്റി. തുടങ്ങിയവയാണ് ഈ സംവിധാനവുമായി സഹകരിക്കുന്നത്. ബിൽ ഡിസ്കൗണ്ട് സമ്പ്രദായംവഴിയുള്ള പേയ്മെന്റ് പൂർണ്ണമായും ഇ-പെയ്മെന്റ് വഴിയാക്കിയിട്ടുണ്ട്.

## കൊണ്ടോട്ടി മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

307(3194) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി മണ്ഡലത്തിലെ പൊതുമരാമത്ത് ബിൽഡിംഗ് വിഭാഗത്തിൽ ഉൾപ്പെടുന്ന, കൊണ്ടോട്ടി ഗവൺമെന്റ് കോളേജിന് ആസ്തിവികസന ഫണ്ടിൽ നിന്നും 2.50 കോടി രൂപ ചെലവിൽ നിർമ്മിക്കുന്ന കെട്ടിടത്തിന്റെ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും ആയത് എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്നും വിശദമാക്കുമോ ;

(ബി) പ്രസ്തുത മണ്ഡലത്തിലെ വാഴക്കാട് പഞ്ചായത്തിലെ ചാലിയപ്രം ഗവൺമെൻറ് സ്കൂളിന് ഒരു കോടി രൂപ ചെലവിൽ നിർമ്മിക്കുന്ന കെട്ടിടത്തിന്റെ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും ആയത് എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്നും വിശദമാക്കുമോ ;

(സി) കൊണ്ടോട്ടി പൊതുമരാമത്ത് റസ്റ്റ് ഹൗസിൻെറ മുകൾനില പണിയുന്ന പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും ആയത് എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്നും വിശദമാക്കുമോ ?

### ഉത്തരം

(എ) കൊണ്ടോട്ടി ഗവൺമെന്റ് കോളേജ് കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) ചാലിയപ്രം ഗവൺമെന്റ് സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്.

(സി) കൊണ്ടോട്ടി പൊതുമരാമത്ത് റസ്റ്റ് ഹൗസിന്റെ മുകൾനില പണിയുന്ന പ്രവൃത്തിക്ക് സാങ്കേതികാനുമതി നല്കുന്നതിനുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

## ഡിസ്ട്രിക്ട് ഫ്ലാഗ്ഷിപ്പ് ഇൻഫ്രാസ്ട്രക്ച്ചർ പ്രോജക്ട്

308(3195) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന "ഡിസ്ട്രിക്ട് ഫ്ലാഗ്ഷിപ്പ് ഇൻഫ്രാസ്ട്രക്ച്ചർ പ്രോജക്ട്"-ന്റെ പ്രവർത്തനം ഏതു ഘട്ടം വരെയായി; വ്യക്തമാക്കുമോ;

(ബി) പദ്ധതി നടത്തിപ്പിനുള്ള രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ;

(സി) പദ്ധതി പ്രകാരം ഓരോ ജില്ലയിലും നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഒരു മെഗാപദ്ധതി നടപ്പിലാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി 21 പദ്ധതികൾ ഉൾപ്പെടുത്തി രൂപീകരിച്ചിട്ടുള്ള ഡിസ്ട്രിക്ട് ഫ്ളാഗ്ഷിപ്പ് ഇൻഫ്രാസ്ട്രക്ചർ പ്രോജക്ടിന് 10-6-2015-ലെ സ.ഉ.(സാധാ)നമ്പർ 801/15/പൊ.മ.വ. പ്രകാരം തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതികളിൽ ഉൾപ്പെടുന്ന 10 പദ്ധതികളുടെ വിശദമായ രൂപരേഖ തയ്യാറാക്കുകയും അവയ്ക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിച്ചുവരികയുമാണ്.

(സി) പദ്ധതി പ്രകാരം ഓരോ ജില്ലയിലും നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്നുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

## ദേശീയപാതകളുടെ വികസനം

309(3196) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേശീയപാതകളുടെ വികസനത്തിനായി കഴിഞ്ഞ 5 വർഷമായി ചെലവഴിച്ച തുക എത്രയെന്നും ഈ തുക മുഴുവൻ കേന്ദ്രത്തിൽനിന്നും ലഭിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്തെ ദേശീയപാതകൾ ഏതൊക്കെയെന്നും ഈ പാതകൾക്കായി കഴിഞ്ഞ 5 വർഷമായി ചെലവഴിച്ച തുകയും പ്രത്യേകം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

വ്യക്തമാക്കുമോ ;

(സി) ഏതൊക്കെ ദേശീയ പാതകളാണ് നാലുവരിപാതകൾ ആക്കുന്നതെന്നും ഓരോന്നിനും ചെലവഴിക്കുന്ന തുക എത്രയെന്നും പദ്ധതി പുരോഗതി എത്രയെന്നും ആവശ്യമായ സ്ഥലം ഏറ്റെടുക്കൽ പൂർത്തിയാക്കിയിട്ടുണ്ടോ എന്നും വെളിപ്പെടുത്താമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ ദേശീയപാതകളുടെ വികസനത്തിനായി കഴിഞ്ഞ 5 വർഷം 1095.18 കോടി രൂപ ചെലവഴിച്ചു. ഇതിൽ കേന്ദ്ര സർക്കാരിന്റെ പേ ആന്റ് അക്കൗണ്ട് ഓഫീസർ നിരസിച്ച 68.10 കോടി രൂപയും സി.ആർ.എഫിൽ നിന്നും ലഭിക്കാനുള്ള 98.05 കോടി രൂപയും ഒഴികെയുള്ള തുക കേന്ദ്രത്തിൽ നിന്നും ലഭിച്ചു.

(ബി) സംസ്ഥാനത്തെ ദേശീയപാതകൾ എൻ.എച്ച്.17, എൻ.എച്ച്.47, എൻ.എച്ച്.49, എൻ.എച്ച്.208, എൻ.എച്ച്.212 എൻ.എച്ച്.213, എൻ.എച്ച്.220, എന്നിവയാണ് ദേശീയപാതകളുടെ വികസനത്തിനായി കഴിഞ്ഞ 5 വർഷമായി 1095.18 കോടി രൂപ ചെലവഴിച്ചു.

(സി) സംസ്ഥാനത്തെ പ്രധാനപ്പെട്ട ദേശീയ പാതകളായ എൻ.എച്ച്.17, എൻ.എച്ച്.47 എന്നിവ നാലുവരിപ്പാതയായി വികസിപ്പിക്കുന്നത് കേന്ദ്ര സർക്കാരിന്റെ എൻ.എച്ച്.ഡി.പി. ഫേയസ്-2&3-ൽ ഉൾപ്പെടുത്തി ദേശീയപാത വികസന അതോറിറ്റി മുഖാന്തിരമാണ്. ഇതിനാവശ്യമായ 1434.01 ഹെക്ടർ സ്ഥലത്തിൽ 205.54 ഹെക്ടർ ഇപ്പോൾ ഏറ്റെടുത്തിട്ടുണ്ട്. ഇപ്പോൾ ഇതിന്റെ പുതുക്കിയ ഡി.പി.ആർ. തയ്യാറാക്കാനുള്ള നടപടികൾ കേന്ദ്ര സർക്കാർ സ്വീകരിച്ചു വരികയാണ്. ഡി.പി.ആർ. തയ്യാറാക്കുമ്പോൾ മാത്രമേ സ്ഥലമെടുപ്പിനെ സംബന്ധിച്ച് വിശദവിവരം ലഭ്യമാകുകയുള്ളൂ. മറ്റ് ദേശീയപാതകളുടെ വികസനത്തിനാവശ്യമായ സ്ഥലത്തിന്റെ വിശദാംശങ്ങൾ ഡി.പി.ആർ. പൂർത്തീകരിച്ച ശേഷമേ അറിയുവാൻ കഴിയുകയുള്ളൂ. ഡി.പി.ആർ. തയ്യാറാക്കി അംഗീകാരം ലഭിച്ചശേഷമേ ആവശ്യമായ തുകയുടെ വിശദാംശം ലഭ്യമാകുകയുള്ളൂ.

**കല്ല്യാശ്ശേരി മണ്ഡലത്തിലെ പാലങ്ങൾ**

310(3197) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡലത്തിലെ പട്ടുവം കോട്ടക്കീൽക്കടവ് പാലത്തിന്റെ

നിർമ്മാണ പുരോഗതി അറിയിക്കുമോ;

(ബി) പാലത്തിന്റെ ഡിസൈൻ പുതുക്കിയതിനെത്തുടർന്ന് എന്തൊക്കെ മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത്;

(സി) ഇപ്പോൾ പാലത്തിന് ആകെ എത്ര സ്പാൻ ഉണ്ട്; ഇതിൽ എത്ര സ്പാനിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്;

(ഡി) പാലത്തിന്റെ നിർമ്മാണം എപ്പോഴേക്ക് പൂർത്തിയാക്കാൻ കഴിയും;

(ഇ) കല്ല്യാശ്ശേരി മണ്ഡലത്തിലെ വണ്ണാത്തിക്കടവ്, മൂലക്കീൽ കാവിൻമുനമ്പ് പാലങ്ങളുടെ നിർമ്മാണത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

ഉത്തരം

(എ) കല്യാശ്ശേരി മണ്ഡലത്തിലെ പട്ടുവം കോട്ടക്കീൽക്കടവ് പാലത്തിന്റെ നിർമ്മാണം ദ്രുതഗതിയിൽ നടന്നുവരുന്നു.

(ബി) പാലത്തിന്റെ ഡിസൈൻ പുതുക്കിയതിനെത്തുടർന്ന് പാലത്തിന്റെ നീളം 8 സ്പാനിൽ നിന്ന് 10 സ്പാനാക്കി മാറ്റുകയും പാലത്തിന്റെ സ്ലാബ് പ്രീ സ്ട്രസ്ഡ് ആക്കി മാറ്റുകയും ചെയ്തിട്ടുണ്ട്.

(സി) ഇപ്പോൾ പാലത്തിനാകെ 10 സ്പാൻ ഉണ്ട്. ആയതിൽ 6 എണ്ണം പൂർത്തിയായിട്ടുണ്ട്.

(ഡി) പാലത്തിന്റെ നിർമ്മാണം 31-3-2016-ൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ഇ) കല്ല്യാശ്ശേരി മണ്ഡലത്തിലെ വണ്ണാത്തിക്കടവ് പാലത്തിന്റെ ഡിസൈൻ തയ്യാറാക്കി വരുന്നു. കാവിൽ മുനമ്പ് പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടന്നു വരുന്നു. മൂലക്കിൽകടവ് പാലത്തിന്റെ പുതുക്കിയ ഡിസൈൻ തയ്യാറാക്കി വരുന്നു.

**പടിപുരയ്ക്കൽ പടി - എടത്വാ റോഡ് നിർമ്മാണം**

311(3198) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പടിപുരയ്ക്കൽ പടി - എടത്വാ റോഡ് നിർമ്മാണത്തിന്റെ അലൈൻമെന്റ്

മാറ്റി എന്ന പരാതിയിന്മേൽ സ്വീകരിച്ച നടപടി എന്തെന്ന് വിശദമാക്കുമോ ;

(ബി) നിലവിലെ പി. ഡബ്യ്യ.ഡി. റോഡിൽനിന്നും കനറ്റിത്രപാലം വഴി കടന്നുപോകുന്ന ജില്ലാ പഞ്ചായത്ത് റോഡിൽ കൂടി കണ്ടങ്കരിവഴി ചമ്പക്കുളം പടിപുരയ്ക്കൽ ക്ഷേത്രത്തിൽ എത്തുന്ന രീതിയിൽ മുൻ പ്ലാൻ അനുസരിച്ച് റോഡ് നിർമ്മിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പടിപുരയ്ക്കൽപടി-എടത്വാ റോഡ് നിർമ്മാണത്തിന്റെ അലൈൻമെന്റ് മാറ്റി എന്നുള്ള പരാതികൾ ഒന്നുംതന്നെ ലഭിച്ചതായി റിപ്പോർട്ടു ചെയ്തിട്ടില്ല.

(ബി) എഗ്രിമെന്റ് നമ്പർ 3/എസ്.ഇ.എസ്.സി./15-16 തീയതി 9-4-2015 പ്രകാരം ശ്രീ. എ. സി. കോശി എന്നയാൾ ജോലി ഏറ്റെടുത്ത് പ്രവൃത്തി തുടങ്ങിയെങ്കിലും, സ്ഥലം ഉടമയുടെ പരാതിയിൻമേൽ ആലപ്പുഴ മുൻസിഫ് കോടതി ഇപ്പോൾ ജോലി നിർത്തി വയ്പ്പിച്ചിരിക്കുകയാണ്.

**കുത്താമ്പുള്ളി - മായന്നൂർ റോഡും പാലവും നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി**

312(3199) <u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിലെ കുത്താമ്പുള്ളി - മായന്നൂർ റോഡും പാലവും നിർമ്മിക്കുന്നതിന് മുൻ സർക്കാരിന്റെ കാലത്ത് ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) നബാർഡ് ധനസഹായത്തോടെയുള്ള പ്രസ്തുത പദ്ധതി നടപ്പിലാക്കാത്ത സാഹചര്യത്തിൽ ഇപ്പോൾ പദ്ധതിയുടെ പുതുക്കിയ എസ്റ്റിമേറ്റ് സഹിതം ഭരണാനുമതിക്കായി സമർപ്പിക്കപ്പെട്ടിട്ടുള്ള വിവരം അറിയുമോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതി നബാർഡ് ധനസഹായത്തോടെ പൂർത്തിയാക്കുമെന്ന് ഉറപ്പ് നൽകിയിട്ടുണ്ടോ;

(ഡി) എങ്കിൽ നബാർഡ് ധനസഹായത്തോടെ നടപ്പു സാമ്പത്തിക വർഷം തന്നെ ഫണ്ട് അനുവദിച്ച് ഭരണാനുമതി ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 28-2-2011-ലെ സ.ഉ.(സാധാ) നമ്പർ 372/2011/പൊ.മ.വ. ഉത്തരവ് പ്രകാരം അപ്രോച്ച് റോഡിനും സ്ഥലം ഏറ്റെടുക്കുന്നതിനുമായി 500 ലക്ഷം രൂപയുടെ ഭരണാനുമതിയും 7-7-2011-ലെ സ.ഉ.(സാധാ) നമ്പർ 900/2011/ പൊ.മ.വ. പ്രകാരം 747 ലക്ഷം രൂപയ്ക്കുള്ള ഭരണാനുമതിയും നൽകിയിട്ടുണ്ട്.

(ബി-ഡി) ഇപ്പോൾ പരിഗണനയിൽ ഇല്ല.

**കുട്ടംവാതുക്കൽ കടവ് പാലം**

313(3200) <u>ശ്രീ. സി. കെ. സദാശിവൻ</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കരുനാഗപ്പള്ളി, കായംകുളം, ഹരിപ്പാട് മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന കുട്ടംവാതുക്കൽ കടവ് പാലത്തിന്റെ നിർമ്മാണത്തിന്റെ തൽസ്ഥിതി വിശദമാക്കാമോ?

<u>ഉത്തരം</u>

കുട്ടംവാതുക്കൽ കടവ് പാലം നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**ആർ.ഐ.ഡി.എഫ്.- 20-ലുൾപ്പെടുത്തിയ പദ്ധതികൾ**

314(3201) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.ഐ.ഡി.എഫ്.- 20 ലുൾപ്പെടുത്തി പൊതുമരാമത്ത് വകുപ്പിന് എത്ര കോടി രൂപയുടെ പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത് ; പദ്ധതികളും അവയ്ക്ക് അനുവദിച്ച തുകയും വ്യക്തമാക്കാമോ ;

(ബി) അനുവദിക്കപ്പെട്ട പദ്ധതികളിൽ ഏതൊക്കെ പദ്ധതികളാണ് ടെണ്ടർ ചെയ്തിട്ടുള്ളത്; ഇവയിൽ എഗ്രിമെന്റ് വച്ചിട്ടുള്ളവ എത്ര ; എത്ര പ്രവൃത്തികളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട് എന്ന വിവരം പേരുസഹിതം അറിയിക്കുമോ ;

(സി) പദ്ധതിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്ന സമയത്തെ പി.ഡബ്ള്യു.ഡി. ഷെഡ്യൂൾ ഓഫ് റേറ്റിൽ ഇപ്പോൾ മാറ്റം വന്നിട്ടുള്ളതിനാൽ, സാങ്കേതികാനുമതിക്കായി എസ്റ്റിമേറ്റുകൾ സമർപ്പിക്കുമ്പോൾ പഴയ എസ്റ്റിമേറ്റിനേക്കാൾ ദൂരം കുറയുന്നതിനാൽ വീണ്ടും ഇതനുസരിച്ച് ഭരണാനുമതി പുതുക്കണമെന്നും ദൂരം

കുറയുന്നതിനാൽ സ്വാഭാവികമായും അനുവദിക്കപ്പെട്ട തുകയിലും കുറവു വരുത്തണമെന്നും പൊതുമരാമത്ത് വകുപ്പ് നിലപാട് എടുത്തിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ കാരണം വിശദാംശം സഹിതം വ്യക്തമാക്കാമോ ;

(ഡി) ആർ.ഐ.ഡി.എഫ്-20 ൽ അനുവദിക്കപ്പെട്ട എത്ര പ്രവൃത്തികൾക്ക് ഇത്തരത്തിൽ മാറ്റം വരുത്തി ഉത്തരവ് വീണ്ടും നൽകേണ്ടിവന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; ഏതൊക്കെ പ്രവൃത്തികളുടെ എത്രവീതം തുക ഇങ്ങനെ കുറച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ആർ.ഐ.ഡി.എഫ്.-20-ൽ ഉൾപ്പെടുത്തി പൊതുമരാമത്ത് വകുപ്പിന് 255.1899 കോടി രൂപയുടെ പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. പദ്ധതികളും അവയ്ക്ക് അനുവദിച്ച തുകയും അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(ബി) അനുവദിക്കപ്പെട്ട പദ്ധതികളിൽ 25 എണ്ണം ടെണ്ടർ ചെയ്യുകയും ഇതിൽ 21 എണ്ണം എഗ്രിമെന്റ് വച്ച് പണി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

(സി) ഭരണാനുമതി ലഭിക്കുന്ന പദ്ധതികൾക്ക് ചെയിനേജിൽ വ്യത്യാസം വരികയോ, ഭരണാനുമതിയിലെ പദ്ധതിയുടെ ഉദ്ദേശത്തിന് കാതലായ മാറ്റം വന്നാലോ സാങ്കേതികാനുമതി നൽകുന്നതിനു മുമ്പായി സർക്കാരിൽനിന്നും അംഗീകാരം നൽകേണ്ടതുണ്ട്. അല്ലാത്തപക്ഷം കൂടിയ തുകയ്ക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി പുതുക്കിയ ഭരണാനുമതിക്ക് സർക്കാർ അംഗീകാരം നൽകേണ്ടതുണ്ട്.

(ഡി) ആർ.ഐ.ഡി.എഫ്.20-ൽ ഉൾപ്പെട്ട പത്തനംതിട്ട ജില്ലയിലെ അയ്യല അരുവച്ചാൽകുഴി റോഡിന് സാങ്കേതികാനുമതി നൽകേണ്ട ഘട്ടത്തിൽ കോസ്റ്റ് ഇൻഡെക്സിൽ വ്യത്യാസം വന്നതിനാൽ എസ്റ്റിമേറ്റ് തുകയിൽ വ്യത്യാസം വരാതെ ചെയിനേജിൽ കുറവു വരുത്തി തയ്യാറാക്കിയ പുതുക്കിയ പദ്ധതി റിപ്പോർട്ടിന് ഭരണാനുമതി നൽകുന്നതിന് സർക്കാർ പരിഗണിച്ചുവരുന്നു.

**കോവളം-വടമൺ-ഏറം PWD റോഡ്**

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

315(3202) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട അഞ്ചൽ ഗ്രാമ പഞ്ചായത്തിലെ കോവളം-വടമൺ-ഏറം പി. ഡബ്ല്യൂ. ഡി. റോഡിൽ ഏറം ഭാഗത്ത് ഒരു കലുങ്ക് തകർന്ന് നിലവിൽ വാഹന ഗതാഗതം നിർത്തി വച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത കലുങ്കിന്റെ പുനർനിർമ്മാണത്തിന് എന്തൊക്കെ അടിയന്തര നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അപകടനിലയിലായ കലുങ്ക് പുനർനിർമ്മിക്കുന്നതിനായി എസ്റ്റിമേറ്റ് എടുക്കുകയും 10 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. എത്രയും വേഗത്തിൽ നിർമ്മാണ പ്രവൃത്തി പൂർത്തിയാക്കാൻ കഴിയുന്നതാണ്.

(2830, 2834, 2835, 2836, 2837,2838, 2839, T2840, 2842, 2843, 2844, 2846, 2847, 2849, 2850, 2851, 2855, 2856, 2858, 2859, 2862, 2863, 2864, 2886, 2887, 2892, 2902, 2909, 2914, 2920, 2926, 2937, 2942, 2947, 2951, 2956, 2959, 2960, 2963, 2966, 2967, 2969, 2971, 2972, 2973, 2974, 2975, 2977, 2979, 2980, 2986, 3017, 3053, 3057, 3059, 3086, 3100, 3102, 3161 എന്നീ നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

9.30 AM]

# II അടിയന്തര പ്രമേയം

## ബാർ കോഴ സംബന്ധിച്ച ക്വിക്ക് വെരിഫിക്കേഷൻ

മി. സ്പീക്കർ: എക്സൈസ് വകുപ്പുമന്ത്രി ബാർ ഉടമകളിൽനിന്ന് കൈക്കൂലി വാങ്ങിയെന്ന പരാതി സംബന്ധിച്ച് ഒരിക്കൽ അന്വേഷിച്ചതാണെന്ന സർക്കാർ വാദവും വിജിലൻസ് റിപ്പോർട്ടും തള്ളിക്കൊണ്ട് ക്വിക്ക് വെരിഫിക്കേഷൻ

നടത്താൻ തൃശ്ശൂർ വിജിലൻസ് കോടതി ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നതുമൂലം ഉളവായിട്ടുള്ള സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. കെ. സുരേഷ് കുറുപ്പ്, വി. എസ്. സുനിൽ കുമാർ, ജോസ് തെറ്റയിൽ, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, VC 06/2014/SIU(1) എന്ന കേസിൽ ബിജു രമേശ് തിരുവനന്തപുരം JFCM II കോടതി മുമ്പാകെ 164/CrPC പ്രകാരം മൊഴി നല്കി. പ്രസ്തുത മൊഴിയിൽ എക്സൈസ് വകുപ്പുമന്ത്രി ശ്രീ. കെ. ബാബുവിനെതിരെ ചില ആരോപണങ്ങൾ ഉന്നയിക്കുകയുണ്ടായി. ബാർ ലൈസൻസ് ഫീ കുറയ്ക്കുന്നതുമായി ബന്ധപ്പെട്ട് എക്സൈസ് വകുപ്പുമന്ത്രിയുടെ നിർദ്ദേശപ്രകാരം 10 കോടി രൂപ ബാർ അസോസിയേഷൻ ഭാരവാഹികൾ പലർക്കും നല്കിയെന്നാണ് പറഞ്ഞത്. ഈ ആരോപണം ശ്രദ്ധയിൽപ്പെട്ടയുടൻ SIU(1) എസ്.പി. സുകേശിനോട് നേരത്തെ അന്വേഷിച്ചുകൊണ്ടിരിക്കുന്ന കേസിന്റെ ഭാഗമായി ഈ കേസ് അന്വേഷിക്കാൻ കഴിയുമോയെന്ന് രേഖാമൂലം ആരാഞ്ഞു. എക്സൈസ് വകുപ്പുമന്ത്രിക്കെതിരായ ആരോപണം തികച്ചും വ്യത്യസ്തമാണെന്നും ഇത് താൻ അന്വേഷിച്ചുകൊണ്ടിരിക്കുന്ന കേസിന്റെ ഭാഗമല്ലായെന്നും എസ്.പി. സുകേശൻ മറുപടി നല്കി. തുടർന്ന് വിജിലൻസ് ഡയറക്ടർ ഈ ആരോപണത്തിന്മേൽ ഒരു പ്രാഥമിക അന്വേഷണം നടത്തുന്നതിന് ഉത്തരവിട്ടു. പ്രിലിമിനറി എൻക്വയറിക്ക് പ്രാപ്തനായ ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്താൻ എറണാകുളം റേഞ്ച് വിജിലൻസ് എസ്.പി.യെ ചുമതലപ്പെടുത്തി. ഈ അന്വേഷണം എറണാകുളം യൂണിറ്റ് ഡിവൈ.എസ്.പി. നടത്തിയിട്ടുള്ളതാണ്. പ്രസ്തുത അന്വേഷണത്തിൽ ബിജു രമേശ് 164/CrPC സ്റ്റേറ്റ്മെന്റിൽ പറയാത്ത ചില ആരോപണങ്ങളും കൂടി ഉന്നയിച്ചു. അതിൽ 50 ലക്ഷം രൂപ താൻ നേരിട്ട് എക്സൈസ് വകുപ്പുമന്ത്രിയുടെ പി.എ.-യ്ക്ക് നല്കിയതായി പറഞ്ഞു. എല്ലാ ആരോപണങ്ങളെക്കുറിച്ചും ബന്ധപ്പെട്ട എല്ലാ സാക്ഷികളെയും കണ്ട് സമഗ്രമായ അന്വേഷണം നടത്തി വെളിവായ വസ്തുതകളുടെ വെളിച്ചത്തിൽ നിയമാനുസൃതം തുടർനടപടികൾ സ്വീകരിക്കാൻ പര്യാപ്തമല്ലായെന്ന് ബോദ്ധ്യപ്പെട്ടു. വ്യവസ്ഥാപിതമായ രീതിയിൽ അന്വേഷണം നടത്തി ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നടപടി അവസാനിപ്പിക്കുകയാണുണ്ടായത്. എന്നാൽ ഈ വിഷയം സംബന്ധിച്ച് അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ട് മലയാളവേദി പ്രസിഡന്റ് ജോർജ് വട്ടുകുളം തൃശ്ശൂർ വിജിലൻസ് കോടതിയിൽ നല്കിയ പരാതി ക്രിമിനൽ MP/910/2015 നമ്പരായി ഫയലിൽ സ്വീകരിച്ച് ഒരു ക്വിക്ക് വെരിഫിക്കേഷന് ഉത്തരവായിട്ടുള്ളതാണ്.

വിജിലൻസ് നടത്തിയ അന്വേഷണം ബഹുമാനപ്പെട്ട കോടതി തള്ളിയെന്നു പറയുന്നത് ശരിയല്ല. വിജിലൻസ് റിപ്പോർട്ട് ബഹുമാനപ്പെട്ട കോടതി ആവശ്യപ്പെടുകയോ പരിശോധിക്കുകയോ ചെയ്തിട്ടില്ലാത്തതാണ്. പരാതിക്കാരനായ ജോർജ് വട്ടുകുളവും ബിജു രമേശും ഏഷ്യാനെറ്റ് ചാനലിലെ ജിമ്മി ജെയിംസുമായി നടത്തിയ അഭിമുഖത്തിന്റെ സി.ഡി. ബഹുമാനപ്പെട്ട വിജിലൻസ് കോടതിയിൽ പരാതിയോടൊപ്പം ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ ഇതൊരു പുതിയ ആരോപണമെന്നുള്ള രീതിയിലാകാം കോടതി ക്വിക്ക് വെരിഫിക്കേഷന് ഉത്തരവിട്ടത്. കോടതി നിർദ്ദേശിച്ച സമയ പരിധിക്കുള്ളിൽ തന്നെ (23-1-2016) അന്വേഷണം നടത്തി റിപ്പോർട്ട് കോടതിമുമ്പാകെ സമർപ്പിക്കുന്നതാണ്.

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്:</u> സർ, അഴിമതിയിൽ മുങ്ങിക്കുളിച്ച് മലീമസമായ ഒരു ഗവൺമെന്റിന്റെ ദുർഗന്ധപൂരിതമായ വിവിധ നടപടികളാണ് ഓരോ ദിവസവും പുറത്തുവന്നുകൊണ്ടിരിക്കുന്നത്. മന്ത്രി ശ്രീ. കെ. ബാബുവിനെതിരെ ഉയർന്ന അഴിമതിയാരോപണങ്ങളെ സംബന്ധിച്ചും ഗവൺമെന്റ് അദ്ദേഹത്തെ രക്ഷിക്കാൻ നടത്തുന്ന ശ്രമങ്ങളെക്കുറിച്ചും പ്രതിപക്ഷ ഉപനേതാവ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ കഴിഞ്ഞ ദിവസം ഈ സഭയിൽ അവതരിപ്പിക്കുകയുണ്ടായി. ആ സമയത്ത് ആഭ്യന്തര വകുപ്പുമന്ത്രി നല്കിയ മറുപടി, ഇതുസംബന്ധിച്ച് എല്ലാ അന്വേഷണങ്ങളും നടന്നു; തെളിവുകളെടുത്തു; അതിനകത്ത് യാതൊരു കഴമ്പുമില്ലായെന്ന് മനസ്സിലായതിനെ തുടർന്ന് കേസ് മുമ്പോട്ടുകൊണ്ടുപോകേണ്ട എന്നു തീരുമാനിച്ചു എന്നാണ്. ഇതുപറഞ്ഞതിനുശേഷം ദിവസങ്ങൾക്കകം തൃശ്ശൂർ വിജിലൻസ് കോടതി ഈ കാര്യത്തിൽ അന്വേഷണം തൃപ്തികരമല്ലാത്തതുകൊണ്ട് ക്വിക്ക് വെരിഫിക്കേഷൻ നടത്തി നിശ്ചിതദിവസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കണമെന്ന് ഗവൺമെന്റിനോടും വിജിലൻസിനോടും ആവശ്യപ്പെട്ടു. കോടതി ഉത്തരവ് വളരെ വ്യക്തമാണ്, " But the Complainant submits that the Vigilance Enquiry by the VACB will not bring out the truth since R1 is a Minister in the Council of Ministers. Obviously, VACB is a wing under the Government in which R1 is a Minister. എന്നുവച്ചാൽ ഈ ഗവൺമെന്റിന്റെ കീഴിലുള്ള വിജിലൻസ് എൻക്വയറി ശ്രീ. കെ. ബാബു (R1) മിനിസ്റ്ററായിരിക്കുന്ന കാലത്തോളം തൃപ്തികരമായി നടത്താൻ കഴിയില്ലായെന്നാണ് കോടതി പറഞ്ഞത്. കോടതി ശ്രീ. കെ. ബാബു രാജി വച്ച് പോകണമെന്ന് പറഞ്ഞില്ലായെന്നേയുള്ളൂ. പിന്നീട് പറഞ്ഞിരിക്കുന്നത്, " But the truth should not be shut out, however influential the persons are......" എന്നാണ്. ഈ ആളുകൾ എത്ര സ്വാധീനമുള്ളവരാണെങ്കിലും സത്യം മാഞ്ഞുപോകരുതെന്ന് കോടതി പറഞ്ഞു. In my view, quick verification by the VACB under the orders of this Court is highly essential. I am fortified by........ എന്നും കോടതി പറഞ്ഞു. ഇവർ എന്ത് എൻക്വയറി

നടത്തിയെന്നാണ് പറയുന്നത്? അടച്ചിട്ട മുറിയിലിരുന്ന് ഇവർ പറഞ്ഞാൽ കേൾക്കുന്ന ഉദ്യോഗസ്ഥരെക്കൊണ്ട് സാക്ഷികളോട് ചോദിപ്പിച്ച് ഇവർക്ക് തോന്നിയ മൊഴി എഴുതി വാങ്ങി. ശ്രീ. ബിജു രമേശ് ഉൾപ്പെടെയുള്ളവർ പറഞ്ഞില്ലേ ഞങ്ങൾ പറഞ്ഞ മൊഴിയല്ല ഇയാൾ എഴുതിയത്; ഇയാൾ ഞങ്ങളെ ഭീഷണിപ്പെടുത്തി; ഞങ്ങൾ പറഞ്ഞ കാര്യങ്ങൾ എഴുതിയെടുത്തില്ലായെന്ന്. എന്നിട്ട് അതിനെക്കുറിച്ച് തിരക്കിയോ; അടച്ചിട്ട മുറിയിലിരുന്ന് playable ആയ ഒരു പോലീസ് ഉദ്യോഗസ്ഥനെക്കൊണ്ട് മൊഴിയെടുപ്പിച്ച് കേസില്ലായെന്ന് പറയുക; ഇത് ആരെ കബളിപ്പിക്കാനാണ്; ഇതെല്ലാം വിശ്വസിക്കാൻ ഇവിടെ ഇരിക്കുന്നവരൊക്കെ കോത്താഴത്തു കാരാണോ; കേരളത്തിലെ ജനങ്ങൾ ഇത്രയും മണ്ടന്മാരാണോ? ഇവർ മൊഴിയെടുത്തപ്പോഴെല്ലാം ഇത് വീഡിയോ റെക്കോർഡ് ചെയ്യാമായിരുന്നില്ലേ; ഇതിനൊരു ട്രാൻസ്പാരൻസി വേണ്ടേ; ഈ ഗവൺമെന്റിൽ മന്ത്രിയായിരിക്കുന്ന ഒരാളെക്കുറിച്ച് മൊഴി എടുക്കുമ്പോൾ ഇത് രഹസ്യമായി ചെയ്യേണ്ടതാണോ; ചെവിയിൽ മന്ത്രിക്കുന്നതാണോ; വീഡിയോ റെക്കോർഡിംഗ് അടക്കമുള്ളവ എടുത്തിട്ട് ഇത് സുതാര്യമാണെന്ന് പറയാനുള്ള തന്റേടം നിങ്ങൾക്കുണ്ടോ; പിന്നെ എന്ത് എൻക്വയറിയാണ് നിങ്ങൾ നടത്തിയത്? ഈ എൻക്വയറി യാതൊരുതരത്തിലും നിയമവിധേയമായ കാര്യമല്ല. ശ്രീ. കെ. എം. മാണിയുടെ കാര്യത്തിൽ ശ്രീ. രമേശ് ചെന്നിത്തല പറഞ്ഞത് ലളിതകുമാരി കേസിന്റെ അടിസ്ഥാനത്തിൽ എഫ്.ഐ.ആർ. എടുക്കണമെന്നാണ്. ഇപ്പോൾ ലളിതകുമാരി കേസ് എവിടെപ്പോയി? ഇതെല്ലാം ശ്രീ. കെ. ബാബുവിന്റെ കാര്യത്തിൽ ബാധകമല്ലേ? അവസാനം ശ്രീ. കെ. എം. മാണി രാജി വച്ച് ശിംശോന്റെ മുടി മുറിച്ച മാതിരി എല്ലാ അധികാരവും നഷ്ടപ്പെട്ട് ബലമില്ലാതെ അദ്ദേഹം ഇവിടെയിരിക്കുന്നു. അങ്ങനെ ശ്രീ. കെ. എം. മാണിയെ ഇറക്കിവിട്ടു. ശ്രീ. കെ. ബാബുവിനെ സംരക്ഷിക്കുന്നു. ഇത് എവിടത്തെ ന്യായമാണ്? ലളിതകുമാരി കേസിൽ കോടതി പറഞ്ഞത് വെറാസിറ്റി അന്വേഷിക്കേണ്ട കാര്യമില്ലായെന്നാണ്. ശ്രീ. രമേശ് ചെന്നിത്തല മുമ്പൊരിക്കൽ ഇവിടെ പറഞ്ഞല്ലോ, " The scope of preliminary enquiry is not to verify the veracity or otherwise of the information received. But only to ascertain whether the information reveals any cognizable offence. മുമ്പ് ശ്രീ. കെ. എം. മാണിക്കെതിരെ അടിയന്തരപ്രമേയ വേളയിൽ ഇതുതന്നെ ഉന്നയിച്ചല്ലോ; ശ്രീ. കെ. ബാബുവിന് ഇത് ബാധകമല്ലേ? ഇവിടെ 'cognizable offence' നടന്നുവെന്നുള്ളത് ഈ മൊഴിയിൽത്തന്നെ വ്യക്തമല്ലേ; അതിൽ കൂടുതൽ പറയേണ്ട കാര്യമെന്താണ്? ശ്രീ. കെ. എം. മാണിയുടെ കാര്യത്തിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്താൻ കാണിച്ച അതേ ശുഷ്കാന്തി ശ്രീ. കെ. ബാബുവിന്റെ കാര്യത്തിൽ കാണിക്കാത്തതെന്തു കൊണ്ടാണ്? ആര് മൊഴി നല്കി; എവിടെ മൊഴി നല്കി; ഈ മൊഴി എന്താണ്? ഇവർ രഹസ്യമായി മൊഴി രേഖപ്പെടുത്തി അത് കോടതിയിൽ പോയി പറയുകയാണ്. വിജിലൻസ് ഇപ്പോഴും

ക്വിക്ക് വെരിഫിക്കേഷൻ നടത്തുന്നതിനെക്കുറിച്ചാണ് പറയുന്നത്. ഈ എൻക്വയറിയിൽ ഞാൻ തൃപ്തനല്ലായെന്ന് ഓർഡർ ഇട്ടതിനുശേഷവും ഇവർ എന്താണ് ഇപ്പോൾ ചെയ്തിരിക്കുന്നത്? ഹൈക്കോടതിയിൽ ശ്രീ. സുനിൽ കുമാറിന്റെ കേസിൽ ഒരു അഫിഡവിറ്റ് കൊടുത്തിരിക്കുന്നു. ഇവിടെ ശ്രീ. രമേശ് ചെന്നിത്തല മുമ്പ് പറഞ്ഞ കാര്യങ്ങളെല്ലാം വീണ്ടും ആവർത്തിച്ചു, ഞങ്ങൾ മൊഴിയെടുത്തു, സാക്ഷികളെ പരിശോധിച്ചു, ഒരു തെളിവുമില്ല. തെളിവ് ഇവരാണോ തീരുമാനിക്കേണ്ടത്? കോടതി തീരുമാനിക്കേണ്ട കാര്യം, ഒരു പ്രാഥമിക അന്വേഷണം നടത്തിയ ഘട്ടത്തിൽതന്നെ തെളിവില്ലായെന്ന് പറയുന്നു. ശ്രീ. കെ. എം. മാണിയുടെ കാര്യത്തിൽ ആ ന്യായം ബാധകമാകാതിരുന്നത് എന്തു കൊണ്ടാണ്? ശ്രീ. കെ. ബാബുവിന്റെ കാര്യത്തിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യാത്തതെന്തുകൊണ്ടാണ്? ഇതെല്ലാം വിശ്വസിച്ച് വിഴുങ്ങാൻ കേരളത്തിലെ ജനങ്ങൾ മണ്ടന്മാരല്ലെന്ന് നിങ്ങൾ ഓർക്കണം. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വരുന്ന എല്ലാ കേസുകളും ഇത്തരത്തിൽ മാസീവ് കവർ അപ് ആണ്. ഇത്തരത്തിലൊരു കവർ അപ് ഒരു ഗവൺമെന്റും തങ്ങൾക്കെതിരായുള്ള ആരോപണത്തെക്കുറിച്ച് നടത്തിയിട്ടില്ല. സോളാർ കേസിൽ ഇപ്പോൾ പറയുന്നത് ഭാര്യയെ കൊന്നതിന്റെ പേരിൽ ശിക്ഷിക്കപ്പെട്ട പ്രതിയുടെ മൊഴി വിശ്വസിക്കാമോ എന്നാണ്. അങ്ങനെ എവിടെയാണ് പറഞ്ഞിരിക്കുന്നത്? മാണി സാർ പറയട്ടെ. മറ്റൊരു കേസിൽ ശിക്ഷിക്കപ്പെട്ട പ്രതിയുടെ മൊഴി അവിശ്വസനീയമാണെന്ന് നിയമത്തിൽ എവിടെയെങ്കിലും ആരെങ്കിലും പറഞ്ഞിട്ടുണ്ടോ? രണ്ടു തട്ടിപ്പുകാരിൽ ഒരാളായ ബിജു രാധാകൃഷ്ണൻ, എന്റെ കയ്യിൽ സി. ഡി.യുണ്ടെന്ന് പറഞ്ഞു. സി.ഡി.-യുണ്ടെന്ന് കരുതി ഞങ്ങൾ ആരും രോമാഞ്ചം കൊള്ളുന്നില്ല. സി.ഡി. ഉണ്ടാകാതിരിക്കട്ടെ എന്നാണ് ഞങ്ങളെല്ലാവരും ആഗ്രഹിക്കുന്നത്. ബിജു രാധാകൃഷ്ണൻ പറഞ്ഞ മൊഴിയുടെ അടിസ്ഥാനത്തിൽ ഗവൺമെന്റ് നിയമിച്ച എൻക്വയറി കമ്മീഷൻ അത് കണ്ടെടുക്കാൻ പോയപ്പോൾ കമ്മീഷന് അത് കണ്ടെടുക്കാൻ പോകാമോയെന്നാണ് ശ്രീ. രമേശ് ചെന്നിത്തല ചോദിച്ചത്.

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:</u> സർ, പോയിന്റ് ഓഫ് ഓർഡർ.... ബാർകോഴ സംബന്ധിച്ച കേസിനാണ് അടിയന്തരപ്രമേയത്തിന് നോട്ടീസ് കൊടുത്തിരിക്കുന്നത്. അദ്ദേഹം പറയുന്നത് വേറെ കാര്യങ്ങളാണ്. ഇത് ഓർഡറിലാണോ? I want a ruling.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട കെ. സുരേഷ് കുറുപ്പ്, ചെയർ പറയുന്നത് ശ്രദ്ധിക്കണം. അങ്ങ് ഇവിടെ അടിയന്തരപ്രമേയത്തിന് നോട്ടീസ് കൊടുത്തിരിക്കുന്ന വിഷയങ്ങളിൽ ഒതുങ്ങിനിന്ന് സംസാരിക്കണം. മറ്റുവിഷയങ്ങളിലേയ്ക്ക് പോകരുത്.

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: അങ്ങ് പറയുന്ന ഏത് കാര്യവും അനുസരിച്ച്

ഞാൻ സംസാരിക്കാം. ശ്രീ. കെ. ബാബുവിന്റെ കേസിലും ഇതിനുമുൻപ് വന്ന ശ്രീ. കെ. എം. മാണിയുടെ കേസിലും സോളാർ അഴിമതി അന്വേഷണ കാര്യത്തിലുമെല്ലാം കേസ് അട്ടിമറിക്കാനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. ജനകീയ പ്രക്ഷോഭത്തെത്തുടർന്ന് സോളാർ കുംഭകോണത്തിന്റെ കാര്യത്തിൽ ഗവൺമെന്റ് ഒരു എൻക്വയറി കമ്മീഷനെ നിയമിച്ചു. ആ എൻക്വയറി കമ്മീഷനെ ശ്രീ. രമേശ് ചെന്നിത്തല ഭീഷണിപ്പെടുത്തിയതിന്റെ കാര്യമെന്താണ്; അതിന് എങ്ങനെ ധൈര്യം വന്നു; ആ എൻക്വയറി കമ്മീഷന് ഗവൺമെന്റ് എന്തെങ്കിലും തെളിവുകൾ കൊടുത്തോ; ഇവർ പിടിച്ചെടുത്ത ലാപ് ടോപ്പോ സി.ഡി.-യോ കൊടുക്കാതെ എൽ.ഡി.എഫ്.-ന്റെ ഒരു കത്തും തിരുവനന്തപുരത്തെ ഒരു പൗരാവകാശ സമിതി കൊടുത്ത കത്തുമാണ് സോളാർ എൻക്വയറി കമ്മീഷനുമുൻപിൽ ഈ ഗവൺമെന്റ് ഹാജരാക്കിയത്.

<u>മി. സ്പീക്കർ</u>: ശ്രീ. കെ. സുരേഷ് കുറുപ്പ്, അങ്ങ് വിഷയത്തിൽ ഒതുങ്ങിനിന്ന് സംസാരിക്കണം.

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന നാൾമുതൽ ഇന്നുവരെ എല്ലാ കാര്യങ്ങളും മറച്ചുവയ്ക്കുകയാണ്. എന്നിട്ട് പറയുന്നത് ഞങ്ങളെല്ലാം അന്വേഷിക്കുന്നുണ്ടെന്നാണ്. അവർ പറഞ്ഞാൽ കേൾക്കുന്ന ഉദ്യോഗസ്ഥന്മാരെക്കൊണ്ട് അന്വേഷിപ്പിക്കുക, എന്നിട്ട് കുറ്റവിമുക്തരാക്കുക ഇതാണ് ചെയ്തുകൊണ്ടിരിക്കുന്നത്. ശ്രീ. കെ.എം. മാണിക്ക് എതിരായി എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യണമെന്ന് നിർബന്ധമുണ്ടായിരുന്നു. രജിസ്റ്റർ ചെയ്തത് ശരിയാണ്. ആ ശരി ശ്രീ. കെ. ബാബുവിന്റെ കാര്യത്തിൽ കാണിക്കാത്തതെന്താണ്; ഇതിന്റെയൊക്കെ veracity നോക്കാൻ ഇവർ ആരാണ്? Veracity നോക്കേണ്ട കാര്യമില്ലായെന്നാണ് ലളിതകുമാരി കേസിൽ വളരെ വ്യക്തമായി പറഞ്ഞത്. CrPC section 164 പ്രകാരം മജിസ്ട്രേറ്റിന് മുൻപിൽ കൊടുത്ത സ്റ്റേറ്റ്മെന്റിൽ ശ്രീ. കെ. ബാബുവിന് നേരിട്ട് അൻപതു ലക്ഷം രൂപ കൈക്കൂലി കൊടുത്തുവെന്ന് ബിജു രമേശ് പറയുന്നു. അതിൽ കൂടുതൽ എന്ത് തെളിവാണ് വേണ്ടത്; അത് വച്ചുതന്നെ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യണ്ടേ? എന്നിട്ട് അതിനെ സംബന്ധിച്ച് തിരുവനന്തപുരത്ത് അന്വേഷിക്കാതെ ഒരു ടെറിട്ടോറിയൽ ജൂറിസ്ഡിക്ഷനുമില്ലാത്ത എറണാകുളത്ത് കൊണ്ടുപോയി അന്വേഷിക്കുന്നു. കൈക്കൂലി കൊടുത്തത് ഇവിടെ, കൈക്കൂലി ചോദിച്ചത് ഇവിടെ, കൈക്കൂലി പണം കൈമാറിയത് തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റിൽ വച്ച്. ഇതിനുമുൻപ് ഈ നാട്ടിൽ ഏതെങ്കിലും ഒരു മന്ത്രിക്കെതിരെ ഞാൻ സെക്രട്ടേറിയറ്റിൽ കൊണ്ടുപോയി കൈക്കൂലി കൊടുത്തുവെന്ന് പറഞ്ഞ് ആരോപണം വന്നിട്ടുണ്ടോ? അതും വാങ്ങി നാണമില്ലാതെ കാറിന്റെ ഡിക്കിക്കകത്ത് ഇട്ടില്ലേ ഈ മന്ത്രി; അതിനും സാക്ഷികളില്ലേ? ഇതെല്ലാം പറഞ്ഞിട്ടും തെളിവില്ല, തെളിവില്ലായെന്ന്

പറഞ്ഞ് ഈ നാടിനെ വിശ്വസിപ്പിക്കാൻ ശ്രമിക്കുന്ന ഇവർ ആരെയാണ് കബളിപ്പിക്കാൻ നോക്കുന്നത്; സീസറിന്റെ ഭാര്യയെക്കുറിച്ച് ഇനിയും കോടതി ഓർമ്മിപ്പിക്കണോ? ശ്രീ. കെ. എം. മാണിയുടെ കാര്യത്തിൽ കോടതി പരാമർശിച്ചത് ശ്രീ. കെ. ബാബുവിനും ബാധകമല്ലേ? ആരോപണവിധേയനായ ഒരു മന്ത്രി അധികാരത്തിൽ തുടരരുത് എന്ന് കോടതി പറഞ്ഞത് ശ്രീ. കെ. എം. മാണിയുടെ കാര്യത്തിൽ മാത്രമല്ല എല്ലാ മന്ത്രിമാർക്കും ബാധകമാണ്. അന്വേഷണം നേരിടുന്ന മന്ത്രി ശ്രീ. കെ. ബാബുവിനെ അധികാരത്തിലിരുത്തി രക്ഷപ്പെടുത്തുക, അധികാരത്തിലിരുന്ന ശ്രീ. കെ. എം. മാണിയെ പുറകിൽനിന്ന് ചവിട്ടി പുറത്താക്കുക. അതാണ് ഇപ്പോൾ ഈ ഗവൺമെന്റ് നടപ്പിലാക്കിയത്. ഈ രണ്ടുതരം നീതി ആർക്കുവേണ്ടിയാണ്? എല്ലാവർക്കും ഒരേ നീതി. അഴിമതിക്കാരാരും രക്ഷപ്പെടരുത്. അഴിമതിക്കാർ നിയമത്തിനുമുൻപിൽ വരണം. നിയമത്തിനുമുൻപിൽ വരുന്നതിനുപകരം രക്ഷപ്പെടാൻ നടത്തുന്ന അവസാനത്തെ ശ്രമങ്ങളാണ് ശ്രീ. കെ. ബാബുവും ശ്രീ. രമേശ് ചെന്നിത്തലയും മുഖ്യമന്ത്രിയുടെ അനുഗ്രഹാശിസ്സുകളോടെ നടത്തിക്കൊണ്ടിരിക്കുന്നത്. ഈ നാട്ടിൽ നീതി നടപ്പിലാക്കേണ്ട, കുറ്റകൃത്യങ്ങൾ അന്വേഷിക്കേണ്ട ആഭ്യന്തര വകുപ്പുമന്ത്രി ഇങ്ങനെ ചെയ്യാമോ? മന്ത്രിമാർ ആരെങ്കിലും കുറ്റം ചെയ്താൽ അവരുടെ പേരിലൊന്നും ഒരു കുറ്റവുമില്ല, അവരുടെ പേരിൽ അന്വേഷണം നടത്തേണ്ട കാര്യമില്ല, അവരാരും ഒരു തെറ്റും ചെയ്തിട്ടില്ല, അവരാരും അഴിമതി നടത്തിയിട്ടില്ലായെന്ന് ആവർത്തിച്ചാവർത്തിച്ച് പറയുകയാണ്. ഈ ഗവൺമെന്റ് നടത്തുന്ന വൃത്തിഹീനമായ നീക്കങ്ങൾ അങ്ങ് മനസ്സിലാക്കണം. കോടതി ഉത്തരവിനെത്തുടർന്ന് അഭിമാനമുണ്ടെങ്കിൽ ശ്രീ. കെ. ബാബു രാജിവയ്ക്കണം. അല്ലെങ്കിൽ നാളെ വേറെ കോടതി ഉത്തരവുവരും. സീസറിന്റെ ഭാര്യയെക്കുറിച്ച് വീണ്ടും കോടതി പറയും. കോടതി ഒരാളെക്കുറിച്ച് മാത്രം പറഞ്ഞതല്ല അത്. ഈ നാട്ടിൽ അധികാരത്തിൽ ഇരിക്കുന്ന എല്ലാവരെയും കുറിച്ച് പറഞ്ഞതാണ്. ജനാധിപത്യവും അഴിമതിയും ഒന്നിച്ചു പോകില്ല. ജനാധിപത്യത്തിന്റെ അടിസ്ഥാന തത്ത്വങ്ങൾക്ക് എതിരാണ് ഈ ഗവൺമെന്റ് കാണിക്കുന്ന അഴിമതി. ആരോടും കാശ് വാങ്ങിക്കുക, എന്തിനും ഭീഷണിപ്പെടുത്തി കാശ് വാങ്ങിക്കുക, ബാർ ലൈസൻസ് ഫീസ് കുറയ്ക്കാൻ വേണ്ടി കൈക്കൂലി വാങ്ങിക്കുക, ബാർ പൂട്ടാനും തുറക്കാനും കൈക്കൂലി വാങ്ങിക്കുക ഇതെല്ലാം നാട്ടിൽ പാട്ടല്ലേ? ബിയർ പാർലറിന് കാശ് വാങ്ങിയില്ലേ? അതെല്ലാം വീണ്ടും വരാനിരിക്കുന്നതല്ലേയുള്ളൂ. അതുകൊണ്ട് വിജിലൻസ് കോടതിയുടെ ഉത്തരവു പ്രകാരം ക്വിക്ക് വെരിഫിക്കേഷൻ നടക്കുന്ന ഈ സമയത്ത് ശ്രീ. കെ. ബാബു അധികാരത്തിൽ തുടരാൻ പാടില്ലായെന്നുള്ളത് കേരളത്തിന്റെ ആവശ്യമാണ്, കേരളത്തിലെ ജനതയുടെ ആവശ്യമാണ്. വിശ്വസിച്ച് അധികാരമേൽപ്പിച്ച ഇവർ ഈ നാട്ടിലെ ജനങ്ങളെ നോക്കി അവരുടെ മുഖത്ത് കാർക്കിച്ചു

തുപ്പിക്കൊണ്ടിരിക്കുകയാണ്. ശ്രീ. കെ. ബാബു അധികാരത്തിൽ തുടരരുത്. ബഹു. മന്ത്രി അധികാരത്തിൽ തുടരുന്ന ഗുരുതരമായ സ്ഥിതി വിശേഷത്തെ സംബന്ധിച്ച് അടിയന്തരമായി സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ശ്രീ. കെ. സുരേഷ് കുറുപ്പ് ചില കാര്യങ്ങൾ അറിയാതെയായിരിക്കും സംസാരിച്ചതെന്ന് ഞാൻ കരുതുകയാണ്. തൃശ്ശൂർ വിജിലൻസ് കോടതി വിധിയുടെ രണ്ടാമത്തെ പാരഗ്രാഫ്, അദ്ദേഹം വായിച്ചത് ഞാൻ ഒരിക്കൽക്കൂടി വായിക്കാം. I have persuaded the complaint, Shri. Shailajan learned Additional Legal Advisor states that Vigilance Enquiry is being conducted by VACB. He filed an objection. ഏറ്റവും പ്രസക്തമായ ഭാഗം ഞാൻ വായിക്കുകയാണ്. But the complainant submits that the vigilance enquiry by VACB will not bring out the truth. ജഡ്ജി അല്ല പറഞ്ഞത്. Since R1 is a Minister of Council of Ministers (R1 means Shri. K. Babu). Obviously, VACB is a wing under the Government in which R1 is a Minister, but the truth should not be shut out, however the influential persons are; വി.എ.സി.ബി.-യുടെ അന്വേഷണത്തെപ്പറ്റി കംപ്ലയിനന്റ് പറഞ്ഞ കാര്യമാണ് ഇവിടെ പറയുന്നത്. കോടതി സത്യം മൂടിവയ്ക്കാൻ ആഗ്രഹിക്കുന്നില്ല, അന്വേഷണം നടക്കണമെന്നാണ് പറഞ്ഞത്. അതിന്റെ അർത്ഥമെന്താണ്? ബഹുമാനപ്പെട്ട കോടതി ശ്രീ. കെ. ബാബു കുറ്റക്കാരനാണെന്ന് എവിടെയാണ് കണ്ടെത്തിയിട്ടുള്ളത്? പറയുന്ന കാര്യങ്ങൾ സത്യമായി പറയണം. കംപ്ലയിനന്റ് പറഞ്ഞ കാര്യം കോടതി എടുത്തു പറയുകയും ഒരു തുടരന്വേഷണം നടത്തുകയും ചെയ്യണമെന്ന് പറഞ്ഞാൽ ശ്രീ. കെ. ബാബു കുറ്റക്കാരനാണെന്ന് കോടതി എവിടെയാണ് പറഞ്ഞിട്ടുള്ളത്? പ്രതിപക്ഷ ഉപനേതാവ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ നേരത്തെ ഉന്നയിച്ച കാര്യങ്ങൾക്ക് മറുപടി പറഞ്ഞപ്പോൾ ക്വിക്ക് വെരിഫിക്കേഷനും പ്രിലിമിനറി എൻക്വയറിയും ഒന്നുതന്നെയാണെന്ന് ഞാൻ പറഞ്ഞു. രണ്ടും എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യുന്നതിനുമുമ്പ് നടത്തുന്ന പ്രാഥമിക അന്വേഷണം മാത്രമാണ്. കെ.എം. മാണി സാറിന്റെയും ശ്രീ. കെ. ബാബുവിന്റെയും കേസിന്റെ അന്വേഷണങ്ങളിൽ ഒരു ഇരട്ടനീതിയുമുണ്ടായിട്ടില്ല. മാണി സാറിന്റെ കേസിൽ പ്രാഥമികാന്വേഷണം നടന്നപ്പോൾ സാക്ഷികളാരും വന്ന് ആരോപണം നിഷേധിച്ചില്ല. അതേസമയം, ശ്രീ. കെ. ബാബുവിന്റെ കാര്യത്തിൽ പ്രാഥമികാന്വേഷണം നടത്തിയപ്പോൾ പറഞ്ഞിട്ടുള്ള എല്ലാ സാക്ഷികളും വന്ന് ആരോപണങ്ങൾ നിഷേധിച്ചു. ആ സാഹചര്യത്തിലാണ് എഫ്.ഐ.ആർ. എടുക്കണ്ടായെന്നുള്ള തീരുമാനം വന്നത്.

In primafacie, there is no evidence to initiate any legal action against the SO (SO means Shri. K. Babu), based on either 164 statement of Biju Ramesh or his subsequent statement given during the enquiry. ഈ ആരോപണത്തിൽ കഴമ്പില്ലായെന്ന് കണ്ടെത്തി.

ശ്രീ. കെ. സുരേഷ് കുറുപ്പ്: ആരെയാണ് ചോദ്യം ചെയ്തത്?

ശ്രീ. രമേശ് ചെന്നിത്തല: ഈ അന്വേഷണ റിപ്പോർട്ട് ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ കൈവശമുണ്ട്. ശ്രീ. സുരേഷ് കുറുപ്പ് ചോദിക്കുന്നു ആരെയാണ് ചോദ്യം ചെയ്തതെന്ന്? ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഈ റിപ്പോർട്ട് ഇവിടെ വായിച്ചതാണ്. ഇതൊരു പബ്ലിക് ഡോക്യുമെന്റാണ്. എത്രപേരെ ചോദ്യം ചെയ്തുവെന്നുള്ള കാര്യം ഇതിലുണ്ട്. ഞാൻ എല്ലാവരുടേയും പേരുകൾ വായിക്കുന്നില്ല. എത്രയോ ആളുകളെ ചോദ്യം ചെയ്തിരിക്കുന്നു. ഇത് പബ്ലിക് ഡോക്യുമെന്റാണ്. ആർക്കും കിട്ടുന്നതാണ്. ശ്രീ. കെ. സുരേഷ് കുറുപ്പിന് സംശയമുണ്ടെങ്കിൽ ഞാൻ അതിന്റെ കോപ്പി തരാം. ഒരു കേസിൽ പ്രാഥമിക അന്വേഷണം നടക്കുമ്പോൾ ബന്ധപ്പെട്ട എല്ലാവരേയും ചോദ്യം ചെയ്ത്, കേസിൽ കഴമ്പില്ലായെന്ന് കണ്ടെത്തുമ്പോൾ എഫ്.ഐ.ആർ. എടുക്കാനുള്ള മാർഗ്ഗമില്ലായെങ്കിൽ എഫ്.ഐ.ആർ. എടുക്കാതിരിക്കുന്നതിനുള്ള അധികാരം അന്വേഷണ ഉദ്യോഗസ്ഥനുണ്ട്. ഇവിടെ എന്താണ് സംഭവിച്ചത്? ഈ സർക്കാരിന്റെ മദ്യനയത്തിൽ പ്രതിഷേധിച്ച്, മദ്യനയം വന്നപ്പോൾ ചിലരുടെ ലൈസൻസ് പോയി, ബാർ നഷ്ടപ്പെട്ടു, അവർ സർക്കാരിനെതിരെ ഉന്നയിച്ച ആരോപണങ്ങളാണ് ഇവിടെയുള്ളത്. മാണി സാറിനെതിരായിട്ടുള്ള ആരോപണം അങ്ങനെയാണ് വന്നത്. ആ ആരോപണം അന്വേഷിച്ച് അതിൽ മാണി സാർ കുറ്റം ചെയ്തിട്ടില്ല എന്ന് ശക്തമായ വിജിലൻസ് റിപ്പോർട്ട് കോടതിയിൽ കൊടുത്തിരിക്കുന്നു. ആരോപണത്തിൽ സത്യമില്ലായെന്ന് വിജിലൻസ് കണ്ടെത്തി. ശ്രീ കെ. സുരേഷ് കുറുപ്പ് വസ്തുതകൾ മറച്ചുവയ്ക്കുകയാണ്. മാണി സാർ കുറ്റം ചെയ്തിട്ടില്ലായെന്ന് സംശയാതീതമായി തെളിഞ്ഞ സാഹചര്യത്തിലാണ് ബഹുമാനപ്പെട്ട വിജിലൻസ് കോടതി തിരുവനന്തപുരത്ത് റിപ്പോർട്ട് സമർപ്പിച്ചത്. ഇതേ കാര്യത്തിലാണ് ശ്രീ. കെ. ബാബുവിന്റെ റിപ്പോർട്ടും സമർപ്പിച്ചത്. ഇതെല്ലാം ബിസിനസ് താൽപ്പര്യങ്ങൾ മുൻനിർത്തിയുള്ള ആരോപണങ്ങളാണ്. ഒരു സ്വതന്ത്രസാക്ഷിയും ഈ സാക്ഷിയെ ചോദ്യം ചെയ്ത സമയത്ത് ഇവിടെ പറഞ്ഞിട്ടില്ല. ഇന്ററസ്റ്റഡ് വിറ്റ്നസ് അല്ലാതെ ആരും ഇവിടെ പറഞ്ഞിട്ടില്ല. അതും പരസ്പരവിരുദ്ധമായ കാര്യങ്ങളാണ് പറയുന്നത്. ഇവിടെ സി.ഡി. പരിശോധിച്ചതാണ്. സി.ഡി.-യുടെ കാര്യമെന്താണ്? സി.ഡി.-യിൽ മോഡിഫിക്കേഷൻ വരുത്തിയിട്ടുണ്ടെങ്കിൽ അത് സ്വീകരിക്കാൻ നിവൃത്തിയില്ല. അൻവർ Vs. പി. കെ.

ബഷീർ കേസിന്റെ കാര്യം ഞാൻ നേരത്തെ പറഞ്ഞതാണ്. ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ വിധിയാണ്. ഈ കാര്യം മാത്രമല്ല അന്വേഷിച്ചത്. എല്ലാം അന്വേഷണം നടത്തി. അതും ഞാൻ വായിക്കാം. The Hon'ble Supreme Court judgment in Lalithakumari Vs. Government of UP & others to probing whether there is any primafacie evidence in the allegation raised by the SO in 164 statement. I have probed into various other connected allegations made by the complainant which do not figure in the 164 statement. 164 സ്റ്റേറ്റ്മെന്റിൽ പറയാത്ത കംപ്ലെയ്നന്റ് പറഞ്ഞ മറ്റ് കാര്യങ്ങൾ കൂടി അന്വേഷിച്ചു. However, I could not find any trustworthy evidence to take further action on the allegations for registering a vigilance case. CrPC 164 സ്റ്റേറ്റ്മെന്റിൽ പറയാത്ത കംപ്ലെയ്നന്റ് പറഞ്ഞ കാര്യങ്ങളെപ്പറ്റിയും അന്വേഷണ ഉദ്യോഗസ്ഥർ അന്വേഷിച്ചു. അതിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യാനായി ഒരു തെളിവുമില്ലായെന്ന് കണ്ടാൽ ആ അന്വേഷണ ഉദ്യോഗസ്ഥൻ എന്ത് ചെയ്യണം?

ശ്രീ. കെ. സുരേഷ് കുറുപ്പ്: വിജിലൻസ് കോടതി എന്തിനാണ് ക്വിക്ക് വെരിഫിക്കേഷൻ വേണമെന്ന് പറഞ്ഞത്?

ശ്രീ. രമേശ് ചെന്നിത്തല: വിജിലൻസ് കോടതി എന്തുകൊണ്ടാണ് അങ്ങനെ പറഞ്ഞതെന്നാണ് എനിക്കും സംശയം? ഞാൻ കോടതിയെ ചോദ്യം ചെയ്യുന്നില്ല. റിപ്പോർട്ട് എന്തുകൊണ്ട് കോടതി വാങ്ങിയില്ല? ഈ റിപ്പോർട്ട് എന്തുകൊണ്ട് പരിശോധിച്ചില്ല? ഏഷ്യാനെറ്റിൽ ജിമ്മിയുമായി നടത്തിയ പോയിന്റ് ബ്ലാങ്ക് പരിപാടിയിൽ ഒരു സി.ഡി. കാണിച്ചുവെന്നുള്ളതിന്റെ പേരിലാണ് അന്വേഷണം. ക്വിക്ക് വെരിഫിക്കേഷന് ഞങ്ങൾ എതിരല്ല. അന്വേഷിക്കട്ടെ. ഒന്നല്ല നൂറ് അന്വേഷണം നടത്തട്ടെ. ഗവൺമെന്റ് അതിന് എതിരല്ല. ഇക്കാര്യത്തിൽ ഗവൺമെന്റിന് ഒന്നും മറച്ചുവയ്ക്കാനില്ല. ഈ കാര്യം വ്യക്തമായി അന്വേഷിക്കട്ടെ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: തൃശ്ശൂർ വിജിലൻസ് കോടതി ഈ സർക്കാർ സമർപ്പിച്ച പ്രിലിമിനറി എൻക്വയറി റിപ്പോർട്ടും ഡിവൈ.എസ്.പി. യുടെ എൻക്വയറി റിപ്പോർട്ടും തള്ളിക്കളഞ്ഞിരിക്കുകയാണ്. ഒരു പെറ്റീഷണർ കോടതിയെ സമീപിച്ച് സംശയം പ്രകടിപ്പിച്ചപ്പോൾ ആ പെറ്റീഷണറുടെ കൂടെയാണ് കോടതി നിന്നിരിക്കുന്നത്. ആ പെറ്റീഷണറുടെ സംശയം ദൂരീകരിക്കത്തക്ക വിധത്തിൽ ഒരന്വേഷണം നേരത്തെ നടത്തിയിട്ടില്ല. അതുകൊണ്ട് ക്വിക്ക് വെരിഫിക്കേഷൻ നടത്തണമെന്ന് കോടതി പറഞ്ഞു. ശ്രീ. കെ. എം. മാണിയുടെ കേസിൽ ക്വിക്ക് വെരിഫിക്കേഷൻ നടത്തണമെന്ന് പറഞ്ഞത് ഹൈക്കോടതിയാണ്. അങ്ങനെയാണ് ക്വിക്ക് വെരിഫിക്കേഷൻ നടത്തിയത്. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി

യഥാർത്ഥത്തിൽ ശ്രീ. കെ. ബാബുവിനെ ന്യായീകരിക്കാൻ വിദണ്ഡവാദങ്ങൾ എഴുന്നള്ളിക്കുന്നത് ഇനിയെങ്കിലും ഒന്ന് നിർത്തണം.

ശ്രീ. രമേശ് ചെന്നിത്തല: അങ്ങ് പറഞ്ഞ രണ്ട് കാര്യങ്ങളും തെറ്റാണ്. ഒന്ന്, വിജിലൻസ് കോടതി നമ്മുടെ റിപ്പോർട്ട് കണ്ടിട്ടില്ല, ചോദിച്ചിട്ടുമില്ല. റിപ്പോർട്ട് തള്ളിക്കളഞ്ഞുവെന്ന് പറഞ്ഞത് ശരിയല്ല. മാണി സാറിന്റെ പേരിൽ ക്വിക്ക് വെരിഫിക്കേഷനിട്ടത് കോടതിയല്ല, വിജിലൻസ് ഡയറക്ടറാണ്. അങ്ങ് പറഞ്ഞ രണ്ട് കാര്യവും ശരിയല്ല. ഈ സി.ഡി.യുടെ ശബ്ദരേഖ ഡയറക്ടർ തന്നെ പരിശോധിച്ചതാണ്. എഫ്.എസ്.എൽ. റിപ്പോർട്ട് പരിശോധിച്ചപ്പോൾ അതിൽ ഡിലീഷൻ, മോഡിഫിക്കേഷൻ എന്നിവ നടത്തിയിട്ടുണ്ട്. ടാമ്പറിംഗ് ഉണ്ടായതു കൊണ്ടാണ് ഇതിനകത്ത് എവിഡൻസറി വാല്യൂ ഇല്ലാത്തത്. എവിഡൻസ് ആക്ട് പ്രകാരം ഒരു സി.ഡി. തെളിവായി അംഗീകരിക്കണമെങ്കിൽ സ്വീകരിക്കേണ്ട ചില മാനദണ്ഡങ്ങളെപ്പറ്റി സുപ്രീംകോടതി വ്യക്തമായി പറഞ്ഞിട്ടുണ്ട്. അതല്ലാതെ സ്വീകരിക്കാൻ കഴിയില്ല. വിജിലൻസ് കോടതി ഒരു ഉത്തരവ് നൽകിയിരിക്കുന്നു. ആ ഉത്തരവിൽ നടപടി സ്വീകരിക്കാൻ ഗവൺമെന്റിന് ബാദ്ധ്യതയുണ്ട്. ഗവൺമെന്റ് അത് ചെയ്യും. വിജിലൻസ് അത് ചെയ്യും. ജനുവരി 23-ാം തീയതിക്ക് മുമ്പ് ഈ അന്വേഷണ റിപ്പോർട്ട് കോടതിയിൽ സമർപ്പിക്കുന്നതാണ്.

ശ്രീ. വി. എസ്. സുനിൽ കുമാർ: ബഹുമാന്യനായ കെ. എം. മാണിക്ക് എതിരായി എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത സമയത്ത്, ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച അടിയന്തരപ്രമേയത്തിന് മറുപടി പറഞ്ഞപ്പോൾ അങ്ങ് ഈ സഭയിൽ പറഞ്ഞ കാര്യം ഞാൻ വായിക്കുകയാണ്. "ബഹുമാനപ്പെട്ട സുപ്രീം കോടതി വ്യക്തമായി സൂചിപ്പിക്കുന്നത് ഒരു പരാതി കിട്ടിക്കഴിഞ്ഞാൽ ആ പരാതിയെ സംബന്ധിച്ചിടത്തോളം 154 ഐ.പി.സി. പ്രകാരം എഫ്.ഐ.ആർ തയ്യാറാക്കണമെന്നുള്ളത് തന്നെയാണ്. അഞ്ച് കേസുകളിൽ ഈ കാര്യത്തിൽ പ്രാഥമികാന്വേഷണം നടത്തണമെന്ന് പറയുന്നുണ്ട്. കൊഗ്നിസിബിൾ ഒഫൻസുണ്ടോയെന്ന മാത്രമാണ്, ഉന്നയിക്കപ്പെടുന്ന കാര്യങ്ങളുടെ സത്യാവസ്ഥയോ നിജസ്ഥിതിയോ ഉന്നയിക്കപ്പെട്ട ആരോപണം സത്യമാണോ കള്ളമാണോ എന്ന് പരിശോധിക്കുന്നില്ല. പ്രാഥമികമായി അന്വേഷിച്ച് ഇക്കാര്യത്തിൽ കൊഗ്നിസിബിൾ ഒഫൻസുണ്ടെങ്കിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യണമെന്നും മാത്രമാണ് പറയുന്നത്. ബിജു രമേശ് ഉന്നയിച്ച ആരോപണങ്ങളും അതിനോടൊപ്പം തന്നെ അദ്ദേഹവുമായി ബന്ധപ്പെട്ട് രണ്ടുപേരും കൂടി പറഞ്ഞ മൊഴികളും അടിസ്ഥാനരഹിതമായ കാര്യങ്ങളാണെങ്കിൽപ്പോലും മൊഴിയുടെ വിശ്വാസ്യതയും സത്യസന്ധതയും കണക്കിലെടുക്കാതെ അത് മുഖവിലയ്ക്കെടുത്ത് ഒഫൻസ് ഡിസ്ക്ലോസ് ചെയ്യുകയാണെങ്കിൽ എഫ്.ഐ.ആർ

എടുക്കണം. സുപ്രീം കോടതി ലളിതകുമാരി കേസിൽ വ്യക്തമായി പറയുകയാണ്, ഒരു ആരോപണം ഉന്നയിച്ചുകഴിഞ്ഞാൽ പ്രിലിമിനറി എൻക്വയറി ആവശ്യമായ അഞ്ച് കേസ്സുകളിൽ..........."ഈ സാഹചര്യത്തിലാണ് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിരിക്കുന്നത്. മാണി സാറിന്റെ കേസിൽ പറഞ്ഞിട്ടുള്ള ആരോപണങ്ങളുടെ നിജസ്ഥിതിയും അതിന്റെ വസ്തുത എന്താണെന്നും അതിൽ കഴമ്പുണ്ടോയെന്നും പരിശോധിച്ചിട്ടില്ല. ഇതൊന്നും പരിശോധിക്കാതെയാണ് ശ്രീ. കെ. എം. മാണിക്കെതിരെ എഫ്.ഐ.ആർ. ഇട്ടതെന്ന് പറഞ്ഞ അങ്ങ് എന്തുകൊണ്ടാണ് ശ്രീ. കെ. ബാബുവിന്റെ കാര്യത്തിൽ ഇതെല്ലാം പരിശോധിച്ചശേഷമേ എഫ്.ഐ.ആർ. ഇടുകയുള്ളൂവെന്ന് പറയുന്നത്?

ശ്രീ. രമേശ് ചെന്നിത്തല: ശ്രീ. വി. എസ്. സുനിൽ കുമാർ കഥയറിയാതെ ആട്ടം കാണുകയാണ്. ഞാൻ പറഞ്ഞ കാര്യത്തിൽത്തന്നെ ഉറച്ചുനിൽക്കുന്നു. മാണി സാറിന്റെ കാര്യത്തിൽ അതിന്റെ വെറാസിറ്റി നോക്കിയിട്ടില്ല. ഈ കാര്യത്തിൽ പ്രാഥമിക പരിശോധന നടത്തിയപ്പോൾ ഈ സംഭവവുമായി ബന്ധപ്പെട്ട് പണം കൊടുത്തിട്ടില്ലായെന്ന് മുഴുവൻ സാക്ഷികളും വന്നുപറഞ്ഞു, ഞങ്ങളിത് ചെയ്തിട്ടില്ലെന്ന് പറയുന്നു. പ്രാഥമികമായി ഒരു കൊഗ്നിസിബിൾ ഒഫൻസ് റിവീൽ ചെയ്യാത്തതുകൊണ്ടാണ് ഇതിൽ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യാതിരുന്നത്. ശ്രീ. സുരേഷ് കുറുപ്പ് ചോദിച്ചു, പോലീസ് ഉദ്യോഗസ്ഥൻമാർ അടച്ചിട്ട മുറിയിൽ വച്ചാണോ തെളിവെടുത്തതെന്ന്. പുത്തരിക്കണ്ടം മൈതാനത്തു വച്ചാണോ തെളിവെടുപ്പ് നടത്തേണ്ടത്? സി.ഡി കണ്ടെത്താനുള്ള ശ്രമത്തിനിടയിൽ പരാജയപ്പെട്ടുപോയ പ്രതിപക്ഷത്തിന്റെ മ്ലാനമായ മുഖമാണ് നമ്മളിവിടെ കാണുന്നത്. ഭാര്യയെ കൊന്ന, അറുപത് കേസുകളിൽപ്പെട്ട ഒരു കൊടുംകുറ്റവാളിയുടെ വാക്ക് വിശ്വസിച്ചിറങ്ങിയ നിങ്ങൾ ഇളിഭ്യരായിയെന്നുള്ളതാണ് സത്യം. നിങ്ങൾക്ക് നാണമില്ലേ? ഒരു കൊടുംകുറ്റവാളിയുടെ വാക്ക് വിശ്വസിച്ചിറങ്ങിയ നിങ്ങളാണ് ഇളിഭ്യരായത്. ഇവിടെ സുരേഷ് കുറുപ്പ് പറഞ്ഞു .....(ബഹളം)... I am on my legs....

മി. സ്പീക്കർ: .....(ബഹളം)......ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ്, ചെയർ പറയരുത് എന്ന് പറഞ്ഞെങ്കിലും അങ്ങും അത് പറഞ്ഞു. സ്വാഭാവികമായും മിനിസ്റ്റർ അതിന് മറുപടി പറയേണ്ടേ? ...(ബഹളം)......അത് പറഞ്ഞതു കൊണ്ടാണ് മറുപടി പറയേണ്ടി വന്നത്.

10.00 AM]

ശ്രീ. രമേശ് ചെന്നിത്തല: Sir, I'm on my legs. ഇവിടെ ശ്രീ. കെ. സുരേഷ്

കുറുപ്പ് സി.ഡി.-യുടെ കാര്യം പറഞ്ഞു. ശ്രീ. കെ. സുരേഷ് കുറുപ്പിന്റെ പ്രയാസം ഞങ്ങൾക്കറിയാം. ഇതുപോലെ ഒരു കൊടുംകുറ്റവാളിയുടെ വാക്ക് വിശ്വസിച്ചിറങ്ങിയ നിങ്ങൾക്ക് പറ്റിയ അമളിക്ക് സർക്കാരിനെ കുറ്റപ്പെടുത്തിയിട്ട് കാര്യമില്ല. .....(ബഹളം)......ഞാൻ സോളാർ എൻക്വയറി കമ്മീഷനെ ഭീഷണിപ്പെടുത്തിയെന്ന് ശ്രീ. കെ. സുരേഷ് കുറുപ്പ് പറഞ്ഞു. ഞാൻ ആരെയും ഭീഷണിപ്പെടുത്തിയിട്ടില്ല. സോളാർ എൻക്വയറി കമ്മീഷന് ഈ ഗവൺമെന്റ് എല്ലാ സഹകരണവുമാണ് നൽകിയിട്ടുള്ളത്. ആഭ്യന്തര വകുപ്പാണ് നൽകിയിട്ടുള്ളത്. പക്ഷേ സോളാർ കമ്മീഷൻ എന്നുപറയുന്നത് ജഡ്ജിയല്ല. സോളാർ കമ്മീഷൻ കോടതിയല്ല. പോലീസിനെയും മാധ്യമങ്ങളെയും സോളാർ കമ്മീഷൻ വിമർശിച്ചാൽ ആഭ്യന്തര വകുപ്പുമന്ത്രി എന്നുള്ള നിലയിൽ പോലീസിന്റെ വാദങ്ങൾ/ അഭിപ്രായങ്ങൾ പറയാനുള്ള സ്വാതന്ത്ര്യം എനിക്കില്ലേ; ഞാൻ അത് പറയണ്ടേ; ഞാൻ പറഞ്ഞത് എന്താണ്; ജീവപര്യന്തം തടവിന് ശിക്ഷിക്കപ്പെട്ട് പൂജപ്പുര സെൻട്രൽ ജയിലിൽ കഴിയുന്ന ഒരു പ്രതിയെ അന്യസംസ്ഥാനത്ത് കൊണ്ടുപോകുമ്പോൾ മതിയായ സുരക്ഷിതത്വം ഏർപ്പെടുത്തണമെന്നാണ് ഞാൻ പറഞ്ഞത്. കൊണ്ടുപോയത് ശരിയല്ല എന്നാണ് ഞാൻ പറഞ്ഞത്. ഞാൻ അതിൽ ഉറച്ചുനിൽക്കുന്നു. ഈ പ്രതി ചാടിപ്പോയിരുന്നെങ്കിൽ ശ്രീ. കോടിയേരി ബാലകൃഷ്ണൻ എന്തുപറയുമായിരുന്നു; ആഭ്യന്തര വകുപ്പുമന്ത്രിയുടെ പോലീസ് ഈ പ്രതിയെ രക്ഷപ്പെടുത്താൻ സഹായിച്ചു എന്നല്ലേ പറയാൻ പോകുന്നത്; നിങ്ങൾ കൊണ്ടുവരുന്ന അടിയന്തരപ്രമേയം എന്തായിരിക്കുമായിരുന്നു; ബിജു രാധാകൃഷ്ണനെ ആഭ്യന്തര വകുപ്പുമന്ത്രിയും പോലീസും ചേർന്ന് രക്ഷപ്പെടുത്തി എന്നല്ലേ പറയാൻ പോകുന്നത്; അതുകൊണ്ട് ഇത്തരം പുകമറ ഉണ്ടാക്കി സർക്കാരിനെതിരെയുള്ള ആരോപണങ്ങൾ ഉയർത്തിപ്പിടിക്കാം എന്നു നിങ്ങൾ കരുതേണ്ട; ഇതൊന്നും ജനങ്ങൾ വിശ്വസിക്കാൻ പോകുന്നില്ല. കേരളത്തിലെ എല്ലാ പ്രമുഖ ദിനപത്രങ്ങളും എഡിറ്റോറിയലും എഴുതി. 'അപഹാസ്യമായ സി.ഡി. യാത്ര'. മലയാള മനോരമ ഉൾപ്പെടെയുള്ള എല്ലാ പത്രങ്ങളും എഴുതി. ഈ സംസ്ഥാനത്ത്....പ്രതിപക്ഷം ഒരു കാര്യം ഏറ്റെടുക്കുമ്പോൾ...;നിങ്ങൾ ജനങ്ങളോട് ഉത്തരവാദിത്വമുള്ളവരാണ്....(ബഹളം)......I'm on my legs.

മി. സ്പീക്കർ: .....(ബഹളം).....പ്ലീസ്...പ്ലീസ്...

ശ്രീ. രമേശ് ചെന്നിത്തല: സർ, .....(ബഹളം)......ഞാൻ ഇതൊന്നും പറയാൻ ഉദ്ദേശിച്ചതല്ല. ശ്രീ. കെ. സുരേഷ് കുറുപ്പ് പറഞ്ഞതുകൊണ്ട് എനിക്ക് മറുപടി പറയാനുള്ള ബാദ്ധ്യതയില്ലേ? ഞാൻ സി.ഡി. വിവാദം പറയാൻ ഉദ്ദേശിച്ചതല്ല. അവിടെ നിന്നും പറയുമ്പോൾ ഞങ്ങളും കേൾക്കണം. ഞങ്ങൾക്ക് പറയാനുള്ളത് നിങ്ങളും കേൾക്കണം. സി.ഡി. വിവാദം ഇവിടെ കൊണ്ടുവന്നത് ശ്രീ.കെ സുരേഷ്കുറുപ്പാണ്. ഞാനല്ല.

ഒരുകാര്യം മനസ്സിലാക്കേണ്ടത്, ഞാൻ ഒരു കമ്മീഷനെയും ഭീഷണിപ്പെടുത്തിയിട്ടില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഇന്നലെ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചത് സി.ഡി. പ്രശ്നം പറഞ്ഞിട്ടാണ്. നാളെ ഞങ്ങൾ ഒരു അടിയന്തരപ്രമേയം കൊണ്ടുവരാം. അങ്ങ് അത് അനുവദിച്ചാൽ മതി.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, രണ്ട് പേർ ചേർന്ന് നടത്തിയ തട്ടിപ്പ്, ഈ നാട്ടിൽ അവരെയെല്ലാം ചുമന്നുകൊണ്ട് നടന്നതും 'കൊണ്ടുനടന്നതും നീയേ ചാപ്പാ, കൊണ്ടുകൊല്ലിച്ചതും നീയേ ചാപ്പാ' എന്നുപറഞ്ഞതും ഞങ്ങൾ അല്ലല്ലോ? ഇതെല്ലാം നിങ്ങൾ ചെയ്തതാണ്. ഇവരൊക്കെ കേരളത്തിനുമുന്നിൽ പൊട്ടി വീണതാണോ; ഇവരെല്ലാം മുഖ്യമന്ത്രിയുടെ ഓഫീസ് ഉപയോഗിച്ചില്ലേ; ഒരു കേസ്സിൽ പ്രതിയായി ശിക്ഷിക്കപ്പെട്ട ഒരാൾ കോടതിയുടെ മുമ്പിൽ ഒരു മൊഴി കൊടുത്താൽ ആ മൊഴി അവിശ്വസിക്കണം എന്ന് എവിടെയാണ് പറഞ്ഞിരിക്കുന്നത്?.....(ബഹളം)......

ശ്രീ. രമേശ് ചെന്നിത്തല: സർ,.....(ബഹളം)......ഏതായാലും ബിജുരാധാകൃഷ്ണന് ശ്രീ. കെ. സുരേഷ് കുറുപ്പിനെക്കാൾ നല്ല ഒരു വക്കീലിനെ കിട്ടാനില്ല. അക്കാര്യത്തിൽ അദ്ദേഹത്തിന് ആഹ്ലാദിക്കാം. ഞാൻ അവസാനിപ്പിക്കുകയാണ്. ഇവിടെ ഒരു കാര്യം എനിക്ക് പറയാനുണ്ട്. സത്യത്തെ സത്യമായി കാണാനും വസ്തുതകളെ വസ്തുതകളായി കാണാനും തയ്യാറാകണം. ശ്രീ. കെ. ബാബുവിന്റെ പേരിൽ ഒരു ആരോപണത്തിനും തെളിവില്ലാത്ത സാഹചര്യത്തിലാണ് കേസ്സെടുക്കാതിരുന്നത്. ക്വിക്ക് വെരിഫിക്കേഷൻ നടക്കട്ടെ. ക്വിക്ക് വെരിഫിക്കേഷൻ മാത്രമല്ല ഹൈക്കോടതിയിൽ ഇപ്പോൾ എത്ര കേസ്സാണ്; ശ്രീ. വി. എസ്. സുനിൽ കുമാർ ഹൈക്കോടതിയിൽ സി.ബി.ഐ. അന്വേഷണം ആവശ്യപ്പെട്ട് കൊടുത്ത കേസ്സിന്റെ വിചാരണ നടന്നുകൊണ്ടിരിക്കുകയാണ്. ഒരിക്കൽ സി.ബി.ഐ. അന്വേഷണം തള്ളിയതാണ്. ഇന്ന് ഒരു കേസ്സുണ്ട്, അത് നടന്നു കൊണ്ടിരിക്കുകയാണ്. തിരുവനന്തപുരം വിജിലൻസ് കോടതിയിൽ ഒരു കേസ്സുണ്ട്. നിരവധി കേസ്സുകൾ നടക്കുകയാണ്. ഇതിനെ ഒന്നും ഗവൺമെന്റിന് ഭയമില്ല. അന്വേഷണം നടക്കട്ടെ. പ്രാഥമികമായ അന്വേഷണത്തിൽ തെളിവുകൾ കണ്ടെത്താത്തതിന്റെ പേരിലാണ് എഫ്.ഐ.ആർ. സമർപ്പിക്കാത്തത്, കേസ്സെടുക്കാത്തത്. ക്വിക്ക് വെരിഫിക്കേഷൻ നടക്കട്ടെ. ജനുവരി 23-ാം തീയതിയ്ക്കകം അന്വേഷണ റിപ്പോർട്ട് ബഹുമാനപ്പെട്ട കോടതിയിൽ സമർപ്പിക്കും എന്ന് ഞാൻ അറിയിക്കുന്നു. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ശ്രീ. എ. കെ. ബാലൻ: സർ, പ്രിലിമിനറി എൻക്വയറി സംബന്ധിച്ച് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ഇവിടെപ്പറഞ്ഞു. 11 ഡോക്യുമെന്റ്സ് ഈ

പ്രിലിമിനറി എൻക്വയറിയുടെ ഭാഗമായി വന്നിട്ടുണ്ട്. ഏതെങ്കിലും ഒരു ഡോക്യുമെന്റ് താങ്കൾ വായിച്ചിട്ടുണ്ടോ ?

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഒരു അന്വേഷണം നടക്കുമ്പോൾ അന്വേഷണ ഉദ്യോഗസ്ഥന് മുന്നിൽ വരുന്ന എല്ലാ തെളിവുകളും പരിശോധിച്ച ശേഷമാണ് അദ്ദേഹം ഒരു നിഗമനത്തിൽ എത്തുന്നത്. അങ്ങനെയൊരു നിഗമനത്തിൽ എത്തിയിട്ടാണ് ഒരു പ്രാഥമികമായ അന്വേഷണത്തിലൂടെ Prima facie കേസ്സില്ല എന്ന തെളിഞ്ഞതിന്റെ അടിസ്ഥാനത്തിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യാതിരുന്നത്. ....(ബഹളം)......

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ. കെ. ബാബു</u>): സർ, ബഹുമാനപ്പെട്ട കെ. സുരേഷ് കുറുപ്പ് അദ്ദേഹത്തിന്റെ പ്രസംഗത്തിൽ, 164 സ്റ്റേറ്റ്മെന്റിൽ എനിക്ക് പണം തന്നതായി ബിജു രമേശ് പറഞ്ഞിട്ടുണ്ടെന്ന് പറഞ്ഞു. യഥാർത്ഥത്തിൽ 164 സ്റ്റേറ്റ്മെന്റിൽ അങ്ങനെ പറഞ്ഞിട്ടുണ്ടെങ്കിൽ ഞാൻ ഈ നിമിഷം രാജി വയ്ക്കാം. ഇല്ലാത്ത കാര്യങ്ങൾ ക്വാട്ട് ചെയ്യരുത്. ബഹുമാനപ്പെട്ട കെ. സുരേഷ് കുറുപ്പ് ഒരു വക്കീൽ കൂടിയാണ്. ആ 164 സ്റ്റേറ്റ്മെന്റ് അങ്ങ് ഒന്ന് വായിക്കണം. രണ്ടാമത്തെ കാര്യം, ഈ ആരോപണം വന്ന സന്ദർഭത്തിൽ ഞാൻ എറണാകുളം അഡീഷണൽ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ ഒരു മാനനഷ്ടക്കേസ് കൊടുത്തു. മറുപടി വളരെ വൈകി കിട്ടി. അതിനുശേഷം ഞാൻ കേസ്സും ഫയൽ ചെയ്തു. ശ്രീ. ബിജു രമേശ് ആ കേസ് സ്റ്റേ ചെയ്യുകയാണ് ആദ്യം ചെയ്തത്. ഞാൻ കൊടുത്ത മാനനഷ്ടക്കേസ് സ്റ്റേ ചെയ്യിക്കാനാണ് ശ്രമിച്ചത്. പിന്നീട് ആ കേസ്സിൽ ഹാജരായി ജാമ്യമെടുത്തു. ഈ കേസിന്റെ വിചാരണ വേളയിൽ സത്യം തെളിയിക്കും എന്നാണ് അദ്ദേഹം മാധ്യമങ്ങളിലൂടെ പറഞ്ഞത്. എറണാകുളം അഡീഷണൽ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ ഞാൻ കൊടുത്ത കേസ്സിന്റെ വിചാരണ സന്ദർഭത്തിൽ അദ്ദേഹത്തിന്റെ കയ്യിൽ എനിക്കെതിരായി കൃത്യമായി എന്തെങ്കിലും തെളിവുകളുണ്ടെങ്കിൽ അത് തെളിയിക്കാനുള്ള അവസരമായിരുന്നു ഉണ്ടായിരുന്നത്. ശ്രീ. ബിജു രമേശ് എന്താണ് ചെയ്തത്; അദ്ദേഹം ഹൈക്കോടതിയിൽ പോയി വിചാരണ സ്റ്റേ ചെയ്തു. ആ സ്റ്റേ ഇല്ലായിരുന്നുവെങ്കിൽ 26-ാം തീയതി മുതൽ വിചാരണ ആരംഭിക്കും. അദ്ദേഹത്തിന് ഈ കേസ് തെളിയിക്കുന്നതിന് ധാരാളം അവസരം ഉണ്ടായി. എന്തുകൊണ്ടാണ് അദ്ദേഹം വിചാരണയിൽനിന്നും പിൻമാറിയത്? മൂന്നാമത്തെ കാര്യം, ഈ പ്രശ്നത്തിൽ 164 സ്റ്റേറ്റ്മെന്റിലും വിജിലൻസ് എസ്.പി. ശ്രീ. സുകേശന് മുമ്പിൽ നാല് പ്രാവശ്യം കൊടുത്ത മൊഴിയിലും പല പ്രാവശ്യം മീഡിയകളിൽ ചർച്ച ചെയ്ത സന്ദർഭങ്ങളിലൊന്നും എന്റെ പേര് ഒരിക്കലും പറഞ്ഞിട്ടില്ല. പിന്നീട് കഴിഞ്ഞ മാർച്ച് 30-ന് 164 സ്റ്റേറ്റുമെന്റ് കൊടുത്തതിനുശേഷം അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു. മാർച്ച് 31-ന് ഞാനൊരു പത്രസമ്മേളനം നടത്തിയതിനുശേഷം മാത്രമാണ് അദ്ദേഹം എനിക്ക് 50 ലക്ഷം രൂപ എന്റെ ഓഫീസിൽ കൊണ്ടുവന്നു തന്നു എന്ന് മൊഴികൊടുത്തത്. അതിന് മുമ്പ് ഒരിക്കലും

പറഞ്ഞിട്ടില്ല. 2013 ഏപ്രിൽ 2-ന് നടന്ന ഒരു യോഗവുമായി ബന്ധപ്പെട്ട് അദ്ദേഹം അഴിമതി ആരോപണം ഉന്നയിക്കുന്നത് 2 കൊല്ലം കഴിഞ്ഞാണ്. അദ്ദേഹത്തിന്റെ 9 ബാർ ഹോട്ടലുകൾ പൂട്ടിയതിന് ശേഷമാണ്. അതിന് മുമ്പ് അദ്ദേഹം നടത്തിയ പത്രസമ്മേളനത്തിൽ എനിക്ക് പണം തന്നിട്ടില്ലെന്ന് പറഞ്ഞിട്ടുണ്ട്. കേരള കൗമുദി പത്രത്തിൽ അതിനൊരു ബോക്സ് ന്യൂസ് കൊടുക്കുകയും ചെയ്തിരുന്നു. ഇതൊരു പുകമറ സൃഷ്ടിക്കലാണ്. ഇത് വിവിധ കോടതികളുടെ പരിഗണനയിൽ ഇരിക്കുകയാണ്. ഈ അടിയന്തരപ്രമേയത്തിന് നോട്ടീസ് കൊടുത്ത എം.എൽ.എ.-മാർ ഉൾപ്പെടെയുള്ള ആളുകൾ കൊടുത്ത കേസ് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലാണ്. അതുവരെ കാത്തിരുന്നുകൂടേ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്. നിങ്ങൾക്ക് കോടതിയിൽ ഇപ്പോൾ വലിയ വിശ്വാസമാണല്ലോ; നിങ്ങൾ എന്താണ് കോടതിയുടെ അന്തിമ തീരുമാനം വരെ കാത്തിരിക്കാത്തത്? നിങ്ങളെ സംബന്ധിച്ചിടത്തോളം ഒരു പുകമറ സൃഷ്ടിച്ചേ തീരൂ. ഞാൻ ഒരു കാര്യം കൂടി ചോദിക്കുകയാണ്, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും സി.പി.ഐ.(എം.)-ന്റെ സംസ്ഥാന സെക്രട്ടറിയും ഇവിടെയുണ്ട്. നിങ്ങൾ ഒരു കാര്യം പറയാമോ, നിങ്ങൾക്ക് അവസരമുണ്ടായാൽ ഈ ബാർ ഹോട്ടലുകൾ തുറന്നുകൊടുക്കില്ലെന്ന് ഈ സഭയിൽ ഉറപ്പ് പറയാമോ? ... (ബഹളം)........

ഒരു കാര്യം കൂടി, കഴിഞ്ഞ ഡിസംബർ 15-ന് 7.00 മണിക്ക് ഇവിടെയുള്ള സി.പി.ഐ.(എം.) എം.എൽ.എ.-യുടെ വീട്ടിൽ വച്ച് സി.പി.ഐ.(എം.)-ന്റെ ഒരു നേതാവിനോട് ഈ ഗവൺമെന്റിനെ വലിച്ച് താഴെയിടണമെന്ന് ശ്രീ. ബിജു രമേശ് ആവശ്യപ്പെട്ടു. കൂടുതൽ മന്ത്രിമാർക്കെതിരെ ആരോപണം ഉന്നയിക്കാൻ അന്ന് ആ നേതാവ് ഉപദേശിച്ചു. അതിനുശേഷം മാത്രമാണ് എനിക്കെതിരെ ആരോപണം ഉന്നയിച്ചത്. ഈ കേസ് കോടതിയുടെ പരിഗണനയിലാണ്. അതിന്റെ മെരിറ്റിലേക്ക് കടക്കുന്നില്ല. കോടതി വിധി വരട്ടെ, അപ്പോൾ നമുക്ക് ചർച്ച ചെയ്യാം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രിയുടേയും ബഹുമാനപ്പെട്ട മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രിയുടേയും വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, അടിയന്തര പ്രമേയത്തിലൂടെ ഉന്നയിച്ച ഗുരുതരമായ പ്രശ്നങ്ങൾക്ക് യുക്തിസഹമായ മറുപടി പറയാൻ സർക്കാരിന് കഴിഞ്ഞിട്ടില്ല. ഇരുട്ടുകൊണ്ട് ഓട്ടയടയ്ക്കുന്നത് പോലുള്ള മറുപടിയല്ലേ നിങ്ങൾ പറഞ്ഞിരിക്കുന്നത്? അങ്ങനെ പറയാനല്ലേ നിങ്ങൾക്ക് കഴിയൂ.

നഗ്നമായ അഴിമതി നടത്തുന്നതിൽ മാത്രമല്ല, നട്ടാൽ കുരുക്കാത്ത നുണ പറയുന്നതിലും നിങ്ങൾ മോശക്കാരല്ലെന്ന് തെളിഞ്ഞിരിക്കുകയാണ്. ശ്രീ. ഉമ്മൻ ചാണ്ടി മന്ത്രിസഭയിലുള്ള മന്ത്രിമാർക്കുള്ള വിരുത് അംഗീകരിക്കേണ്ടത് തന്നെയാണ്. ഇവർക്കെല്ലാം സാക്ഷാൽ ശ്രീ. ഉമ്മൻ ചാണ്ടി തന്നെയാണ് മാതൃകാപുരുഷൻ. 'ചക്കിക്കൊത്ത ചങ്കരൻ' എന്ന് പണ്ടുള്ളവർ പറഞ്ഞിരിക്കുന്നത് വെറുതെയല്ല. എന്താണ് കാര്യം; ഈ സഭാസമ്മേളനം ആരംഭിച്ച ഘട്ടത്തിൽ ബാർ കോഴയുമായി ബന്ധപ്പെട്ട് മന്ത്രി ശ്രീ. കെ. ബാബുവിനെതിരെ പ്രതിപക്ഷം അടിയന്തരപ്രമേയം അവതരിപ്പിക്കാൻ ശ്രമിച്ചിരുന്നു. ഒരു കോടി രൂപ കൈക്കൂലി വാങ്ങിയ ശ്രീ. കെ. എം. മാണിക്ക് മന്ത്രിസഭയിൽ നിന്ന് രാജിവച്ച് പുറത്തു പോകേണ്ടിവന്നു. എന്നാൽ 10 കോടി രൂപ കോഴ വാങ്ങിയെന്ന ആരോപണത്തിന് വിധേയനായ ശ്രീ. കെ. ബാബു ഇപ്പോഴും മന്ത്രിസഭയിൽ തുടരുന്നു. ശ്രീ. കെ. എം. മാണിക്കെതിരെ ക്വിക്ക് വെരിഫിക്കേഷൻ നടത്തി എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് അന്വേഷിച്ചതിന്റെ ഫലമായാണ് അദ്ദേഹത്തിന് പുറത്തു പോകേണ്ടിവന്നത്. എന്നാൽ മാണി ഗ്രൂപ്പുകാർ തന്നെ ആക്ഷേപിക്കുന്നതു പോലെ ശ്രീ. കെ. എം. മാണിക്കെതിരെ ഉയർന്നതിനേക്കാൾ ഗുരുതരമായ ആരോപണമാണ്. ശ്രീ. കെ. ബാബുവിനെതിരെ ഉയർന്നിട്ടുള്ളത്. എന്നിട്ടും സ്വന്തം പാർട്ടിക്കാരനായതു കൊണ്ട് ക്വിക്ക് വെരിഫിക്കേഷൻ നടത്താതെ മന്ത്രി ശ്രീ. കെ. ബാബുവിനെ ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തല കൗശലപൂർവ്വം രക്ഷപ്പെടുത്താൻ ശ്രമിക്കുകയാണ് ചെയ്തത്. ഇക്കാര്യം സഭയിൽ ചൂണ്ടിക്കാട്ടിയപ്പോൾ ശ്രീ. രമേശ് ചെന്നിത്തല പറഞ്ഞ മറുപടി, പ്രാഥമിക അന്വേഷണം നടത്തി തെളിവില്ലെന്ന് കണ്ട് ശ്രീ. കെ. ബാബുവിന്റെ കേസിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യുന്നത് ഒഴിവാക്കുകയായിരുന്നു എന്നാണ്. എന്നാൽ, പ്രാഥമിക അന്വേഷണം എന്നത് വിജിലൻസ് മാന്വലിൽ ഇല്ലാത്തതാണ്. പിന്നെ എങ്ങനെയാണ് നിയമത്തിൽ ഇല്ലാത്ത ഒരു അന്വേഷണം നടത്തി ശ്രീ. കെ. ബാബുവിനെ കുറ്റവിമുക്ത നാക്കിയതെന്ന് ചോദിച്ചപ്പോൾ അത്യന്തം വിചിത്രമായ മറുപടിയാണ് അന്ന് ശ്രീ. രമേശ് ചെന്നിത്തല പറഞ്ഞത്. പ്രാഥമിക അന്വേഷണവും ക്വിക്ക് വെരിഫിക്കേഷനും ഒന്നുതന്നെയാണെന്നാണ് അദ്ദേഹം സഭയിൽ തട്ടിവിട്ടത്. ഇപ്പോൾ ബഹുമാനപ്പെട്ട തൃശ്ശൂർ വിജിലൻസ് കോടതി ഉത്തരവിട്ടിരിക്കുന്നത് ശ്രീ. കെ. ബാബുവിന്റെ കേസിൽ ക്വിക്ക് വെരിഫിക്കേഷൻ ഒഴിച്ചുകൂടാനാവാത്തതാണ് എന്നാണ്. ക്വിക്ക് വെരിഫിക്കേഷൻ നടത്താതെ പ്രാഥമിക അന്വേഷണം നടത്തി മന്ത്രി ശ്രീ. കെ. ബാബുവിനെ രക്ഷപ്പെടുത്താൻ ശ്രമിച്ചത് തികച്ചും തെറ്റാണെന്നല്ലേ ഈ കോടതി വിധിയുടെ ലളിതമായ അർത്ഥം. ശ്രീ. രമേശ് ചെന്നിത്തല ഈ കോടതി വിധിക്ക് എന്തെങ്കിലും വ്യാഖ്യാനം കണ്ടെത്തുമോ എന്തോ? ശ്രീ. രമേശ് ചെന്നിത്തല പറയുന്നതുപോലെ, 'ലളിതകുമാരി Vs. സ്റ്റേറ്റ് ഓഫ് ഉത്തർപ്രദേശ് കേസ് ഉദ്ധരിച്ചാണല്ലോ ഓരോരോ ന്യായം

കണ്ടെത്തുന്നത്. ശ്രീ. കെ. എം. മാണിക്കെതിരെ ക്വിക്ക് വെരിഫിക്കേഷൻ നടത്തിയതിനുശേഷം 'ലളിതകുമാരി Vs. സ്റ്റേറ്റ് ഓഫ് ഉത്തർപ്രദേശ് കേസിന്റെ അടിസ്ഥാനത്തിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യാതെ നിവൃത്തിയില്ലാ യിരുന്നുവെന്നാണ് അന്ന് ശ്രീ. രമേശ് ചെന്നിത്തല പറഞ്ഞ മറുപടി. എന്നാൽ, ശ്രീ. കെ. ബാബുവിന്റെ കോഴക്കേസിലും 'ലളിതകുമാരി Vs. സ്റ്റേറ്റ് ഓഫ് ഉത്തർപ്രദേശ് കേസാണല്ലോ ആധാരം. ഇതിലാകട്ടെ ശ്രീ. രമേശ് ചെന്നിത്തല പറയുന്നതുപോലെ ക്വിക്ക് വെരിഫിക്കേഷൻ എന്ന് പറയാവുന്ന പ്രാഥമിക അന്വേഷണം നടത്തിയെന്നാണ്. അങ്ങനെയാണെങ്കിലും 'ലളിതകുമാരി Vs. സ്റ്റേറ്റ് ഓഫ് ഉത്തർപ്രദേശ് കേസിന്റെ അടിസ്ഥാനത്തിൽ ശ്രീ. കെ. ബാബുവിനെതിരെയും എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യേണ്ടതായിരുന്നില്ലേ? കേസ് അന്വേഷണവും അതുമായി ബന്ധപ്പെട്ട നടപടികളുമൊക്കെ ബന്ധപ്പെട്ട നിയമത്തിന്റേയും ചട്ടങ്ങളുടേയും ബഹുമാനപ്പെട്ട സുപ്രീംകോടതി വിധി പ്രസ്താവങ്ങളുടേയും അടിസ്ഥാനത്തിൽ അല്ലേ; അല്ലാതെ നമുക്കാർക്കെങ്കിലും ഇഷ്ടമില്ലെന്ന് വച്ചിട്ടോ അസുഖകരമാണെന്ന് കരുതിയോ നിയമം അനുശാസിക്കാത്ത കാര്യങ്ങൾ ചെയ്യാമോ? നിയമം നിയമത്തിന്റെ വഴിക്ക് പോകുമെന്നാണല്ലോ ശ്രീ. ഉമ്മൻ ചാണ്ടിയും ശ്രീ. രമേശ് ചെന്നിത്തലയുമൊക്കെ എപ്പോഴും കൊട്ടിഘോഷിക്കുന്നത്. എന്നിട്ട് എന്താണ് ശ്രീ. കെ. ബാബുവിന്റെ കോഴക്കേസ് വന്നപ്പോൾ നിയമം ചെന്നിത്തല വഴി പോയത്? ആഭ്യന്തര വകുപ്പുമന്ത്രി മറുപടി പറയണം. ഇത് മാത്രമല്ല, ഏത് കേസും ആഭ്യന്തര വകുപ്പുമന്ത്രി ചെന്നിത്തല വഴിയാണ് സർക്കാർ കൊണ്ടുപോകുന്നത്. കഴിഞ്ഞ ദിവസം കണ്ടില്ലേ, സോളാർ കുംഭകോണം അന്വേഷിക്കുന്ന ജസ്റ്റിസ് ശിവരാജൻ കമ്മീഷൻ പോലും ചെന്നിത്തലവഴി കാര്യങ്ങൾ നീക്കണം എന്നാണ് ആഭ്യന്തര വകുപ്പുമന്ത്രി പറയുന്നത്. ഒരു ജുഡീഷ്യൽ കമ്മീഷനെ നിയോഗിച്ചുകഴിഞ്ഞാൽ കമ്മീഷന് സ്വതന്ത്രമായി പ്രവർത്തിക്കാൻ അനുവദിക്കുകയല്ലേ വേണ്ടത്. അത് ചെയ്യാതെ കമ്മീഷനെതിരെ ആരോപണങ്ങൾ ഉന്നയിച്ച് കമ്മീഷനെ സമ്മർദ്ദത്തിലാക്കാനും ഭീഷണിപ്പെടുത്താനുമല്ലേ സർക്കാർ ശ്രമിക്കുന്നത്. അതിന്റെ ഏറ്റവും ഒടുവിലത്തെ ഉദാഹരണമല്ലേ ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തല തന്നെ കമ്മീഷനെതിരെ ചന്ദ്രഹാസമിളക്കുന്നത്. എന്താണ് ഇതിന് കാരണം? ഇതുവരെ കമ്മീഷന് മുമ്പിൽ ലഭിച്ച തെളിവുകൾ, മുഖ്യമന്ത്രിയും അദ്ദേഹത്തിന്റെ ഓഫീസും പ്രതിയാകാനുള്ള എല്ലാ തെളിവുകളും കമ്മീഷന് മുമ്പാകെ വന്നുകഴിഞ്ഞു. അതുകൊണ്ടല്ലേ ഈ മന്ത്രിമാരും സർക്കാരും സോളാർ കമ്മീഷനെ ശ്വാസംമുട്ടിക്കാൻ ശ്രമിക്കുന്നത്. സോളാർ കമ്മീഷന്റെ കണ്ടെത്തലുകൾ അലോസരമുണ്ടാക്കുമെന്ന് കരുതി അത് പരമാവധി വൈകിപ്പിക്കാനല്ലേ സർക്കാർ ശ്രമിക്കുന്നത്. സോളാർ കമ്മീഷന് മുമ്പിൽ ഹാജരാകുന്നത് ഒഴിവാക്കാനുള്ള തന്ത്രങ്ങളല്ലേ ശ്രീ. ഉമ്മൻ ചാണ്ടി പയറ്റിക്കൊണ്ടിരിക്കുന്നത്. അതിന്റെ ടെസ്റ്റ് ഡോസ് അല്ലേ ശ്രീ. ഉമ്മൻ ചാണ്ടിക്ക് വളരെ

വേണ്ടപ്പെട്ട മണലൂർ എം.എൽ.എ. ശ്രീ. പി. എ. മാധവനെ ഉപയോഗിച്ച് പരീക്ഷിച്ചുകൊണ്ടിരിക്കുന്നത്. സോളാർ കേസ്സിൽ പ്രതി സ്ഥാനത്തേയ്ക്ക് പരിഗണിക്കപ്പെടാൻ എല്ലാ യോഗ്യതയുമുള്ള ആളാണ് ശ്രീ. പി. എ. മാധവൻ. അദ്ദേഹത്തിന് അന്വേഷണ കമ്മീഷൻ 8(1)B അനുസരിച്ച് നോട്ടീസ് നൽകിയത് അതുകൊണ്ടാണ്. ഇതുവരെ തട്ടാമുട്ടി ന്യായങ്ങൾ പറഞ്ഞ് ഒഴിഞ്ഞു നിൽക്കാൻ ശ്രമിക്കുകയായിരുന്നു. കമ്മീഷൻ കർശന നടപടി സ്വീകരിച്ചതിനെ തുടർന്ന് സീനിയർ അഭിഭാഷകനെ ഇറക്കി പയറ്റിനോക്കി. എന്നാൽ കമ്മീഷൻ തടസ്സവാദങ്ങൾ അനുവദിക്കാതെ, എം.എൽ.എ. ശ്രീ. പി. എ. മാധവൻ തന്നെ കമ്മീഷനു മുൻപിൽ ഹാജരാകണമെന്ന ഉത്തരവ് നൽകി. ഇതിനെതിരെ ഹൈക്കോടതിയിൽ നിന്നും സ്റ്റേ വാങ്ങുന്നതിനാണ് ഇപ്പോൾ ശ്രീ. ഉമ്മൻ ചാണ്ടിയും ശ്രീ. പി. എ. മാധവനും ശ്രമിക്കുന്നത്. അങ്ങനെ ചെയ്യാതിരിക്കാൻ കഴിയില്ലല്ലോ; അടുത്ത ഊഴം ശ്രീ. ഉമ്മൻ ചാണ്ടിയുടേത് ആണല്ലോ, 8(1)B നോട്ടീസ് ലഭിക്കേണ്ട അടുത്ത ആൾ ശ്രീ. ഉമ്മൻ ചാണ്ടിയാണ്. കമ്മീഷനു മുൻപിൽ ഹാജരാകുന്നതിൽ നിന്ന്, ക്രോസ് വിസ്താരത്തിൽ നിന്ന് ഒഴിയുന്നതിനു വേണ്ടിയാണ് ശ്രീ. ഉമ്മൻ ചാണ്ടി ഇപ്പോൾ ഈ വിദണ്ഡവാദങ്ങൾ xxx* നടത്തി ക്കൊണ്ടിരിക്കുന്നത്. നിയമം നിയമത്തിന്റെ വഴിക്ക് എന്ന് ആണയിടുന്ന മുഖ്യമന്ത്രിയുടെ ഇരട്ട മുഖമാണ് ഇവിടെ വ്യക്തമാക്കുന്നത്. സോളാറിനെപ്പോലെ, ബാർ കോഴയുടെ കാര്യത്തിലും കേസ്സ് അട്ടിമറിക്കാനുള്ള ഗൂഢതന്ത്രങ്ങളാണ് സർക്കാർ പയറ്റിക്കൊണ്ടിരിക്കുന്നത്. ശ്രീ. ഉമ്മൻ ചാണ്ടി അദ്ദേഹത്തിന് കഴിയുന്നതു പോലെ ഓരോന്നു ചെയ്യുന്നു, അവസരം കിട്ടുമ്പോൾ ശ്രീ. ചെന്നിത്തലയും സമാനമായ പണികൾ നടത്തിക്കൊണ്ടിരിക്കുകയാണ്.അതാണ് സോളാർകമ്മീഷനെ ഭീഷണിപ്പെടുത്തുന്നതിൽ നിന്ന് തെളിയുന്നത്. ശ്രീ. കെ. ബാബുവിനെതിരായ കോഴക്കേസ്സ് അന്വേഷണത്തിന്റെ കാര്യത്തിൽ ആഭ്യന്തരവകുപ്പു മന്ത്രി സഭയെ തെറ്റിദ്ധരിപ്പിക്കുകയാണ് ചെയ്തത്. അദ്ദേഹം ഇല്ലാത്ത നിയമം സഭയിൽ കൊണ്ടുവരുന്നു, ഉള്ള നിയമത്തിന് തന്റെ സ്വന്തം വ്യാഖ്യാനങ്ങൾ നൽകുന്നു. ഇത് വെള്ളരിക്കാപ്പട്ടണമാണോ? കൊള്ളരുതായ്മകൾ മാത്രമേ കാട്ടൂ എന്ന വാശിയിലല്ലേ ഈ സർക്കാർ. സർക്കാർ കാട്ടുന്ന സകല കൊള്ളരുതായ്മകൾക്കുമെതിരായി വിധികൾ പുറപ്പെടുവിക്കുകയല്ലേ ബഹുമാനപ്പെട്ട സുപ്രീംകോടതി ഉൾപ്പെടെയുള്ള വിവിധ കോടതികൾ ചെയ്തുകൊണ്ടിരിക്കുന്നത്. എന്നിട്ടും ഈ സർക്കാരിന് അശേഷം ലജ്ജ തോന്നുന്നില്ലല്ലോ; ശ്രീ. കെ. എം. മാണിയെ സേഫ്.....സേഫ് എന്നുപറഞ്ഞ് ഒടുവിൽ നാറ്റിച്ച ആളാണ്, അദ്ദേഹത്തെ മന്ത്രിസഭയിൽനിന്ന് പുറത്ത് ചാടിച്ചു. ആ അടവ് മറ്റൊരു രൂപത്തിൽ ശ്രീ. കെ. ബാബുവിന് നേരെ ചെന്നിത്തല പ്രയോഗിക്കുകയാണ്. ക്വിക്ക്

* സഭാദ്ധ്യക്ഷന്റെ ഉത്തരവിൽ പ്രകാരം രേഖയിൽനിന്നും നീക്കം ചെയ്തു.

വെരിഫിക്കേഷൻ വേണ്ടി വരുമെന്ന് ചെന്നിത്തലയ്ക്ക് അറിയാമായിരുന്നില്ലേ? അറിയാഞ്ഞിട്ടല്ല. ഇതൊക്കെ അപ്പച്ചന്റെ ഒരു തമാശയല്ലേ അല്ലേ രമേശ്? അത് കോടതിയിൽ വന്ന് കോടതിയുടെ തട്ടുകൂടി കിട്ടിയതിനു ശേഷമാകുമ്പോൾ ബന്ധുവിനെ അൽപ്പം കൂടി നാറ്റിക്കാമല്ലോ! ഇനി ഏതായാലും കോടതി വിധി വന്നതിനുശേഷം ക്വിക്ക് വെരിഫിക്കേഷൻ നടത്താതെ നിവൃത്തിയില്ലല്ലോ? ക്വിക്ക് വെരിഫിക്കേഷനും കഴിഞ്ഞ് ഒടുവിൽ എഫ്.ഐ.ആർ. -ഉം ഇടേണ്ടി വരും. അപ്പോൾ ശ്രീ. കെ. ബാബുവിന് ഒരടി കൂടി ആകും. പിന്നേയും ബാബുവിന്റെ കോഴക്കേസ്സ് ജനമദ്ധ്യത്തിൽ അലക്കിക്കൊണ്ടിരിക്കും. അവസാനം ശ്രീ. കെ. എം. മാണിക്ക് സംഭവിച്ചതു പോലെ തന്നെ ശ്രീ. കെ. ബാബുവിനും നാണംകെട്ട് മന്ത്രി സഭയിൽ നിന്നും ഇറങ്ങിപ്പോകേണ്ടിവരും. അതുകൂടി കണ്ട് ഐ ഗ്രൂപ്പുകാരനായ ചെന്നിത്തല ഉള്ളിൽ ഊറി.....ഊറി....ചിരിക്കുന്നത് നമുക്ക് കാണാം. ക്വിക്ക് വെരിഫിക്കേഷൻ നടത്തുന്ന പശ്ചാത്തലത്തിൽ ഇനി എങ്ങനെയാണ് ശ്രീ. കെ. ബാബുവിന് മന്ത്രിസഭയിൽ തുടരാൻ കഴിയുക? നാണവും മാനവും ഉള്ള ആർക്കും കഴിയുന്നതല്ല. എന്നിട്ടും ചടഞ്ഞുകൂടി ഇവിടെ ഇരുന്നിട്ട് ന്യായീകരിക്കുവാൻ ശ്രമിക്കുകയാണ് ഇക്കൂട്ടർ. അതിനാൽ ബാബു ഉടൻ രാജിവയ്ക്കണമെന്ന് ഞാൻ ശക്തിയായി ആവശ്യപ്പെടുകയാണ്. അടിയന്തരപ്രമേയം ചർച്ച ചെയ്താൽ നിങ്ങൾക്ക് മറുപടി പറയുവാൻ കഴിയുകയില്ല. അത് പേടിച്ചിട്ടാണല്ലോ നിങ്ങൾ അടിയന്തരപ്രമേയം അനുവദിക്കാതിരിക്കുന്നത്. ഇതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ നേതാവ് ശ്രീ. വി. എസ്. അച്യുതാനന്ദനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. സി. ദിവാകരൻ: സർ, ബഹുമാനപ്പെട്ട നിയമസഭാ അംഗവും അഭിഭാഷകനുമായ ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച അടിയന്തര പ്രമേയത്തിന്റെ പൂർണ്ണ ഉത്തരവാദിത്വം ഭരണക്കാർക്ക് ഉള്ളതാണ്. സമാനമായ കേസ്സാണ് മാണി സാറുമായി ബന്ധപ്പെട്ട് ഉണ്ടായിരുന്നത്. മാണി സാറിന് ഇതുണ്ടായപ്പോൾ അന്ന് ഗവൺമെന്റ് എടുത്ത നടപടിക്രമങ്ങളിൽനിന്ന് തികച്ചും വ്യത്യസ്തമായ സമീപനമാണ് ഇന്ന് സ്വീകരിച്ചിരിക്കുന്നത്. ഇതാണ് പ്രതിപക്ഷത്തിന്റെ ആക്ഷേപം. ഒരേ സഭയിൽ രണ്ട് നീതി. ശ്രീ. കെ. എം.മാണിസാർ തന്നെ പലപ്പോഴും പറഞ്ഞിട്ടുള്ളതാണ്. അന്വേഷണം കോടതി തള്ളിക്കളഞ്ഞിരിക്കുന്നു. ആത്മാഭിമാനമുള്ള ഒരു സംവിധാനത്തിൽ എടുക്കുന്ന തീരുമാനം കോടതി തള്ളിയാൽ, ആ തീരുമാനം എടുക്കാനുള്ള സാഹചര്യം എന്തായിരുന്നു; ആ

തീരുമാനം എടുക്കാൻ പ്രേരിപ്പിച്ചത് ആരാണ്? ആ തീരുമാനത്തിന്റെ പൂർണ്ണ ഉത്തരവാദിത്വം ആഭ്യന്തര വകുപ്പുമന്ത്രിക്ക് ഉള്ളതാണ്. പ്രൈമറി എൻക്വയറി നടത്തി കുറ്റവിമുക്തനാണ് ശ്രീ. കെ. ബാബു എന്നു പറഞ്ഞത് അങ്ങാണ്. അങ്ങയുടെ ഗവൺമെന്റിന്റെ തീരുമാനത്തെയാണ് തൃശ്ശൂർ വിജിലൻസ് കോടതി ചവറ്റുകുട്ടയിൽ എടുത്ത് കളഞ്ഞത്. നിങ്ങളുടെ ഗവൺമെന്റിന്റെ നടപടിക്രമങ്ങൾ പൂർണ്ണമായും തെറ്റായിരുന്നു. എന്നിട്ടും വീണ്ടും ഒരു നിരീക്ഷണം കൂടി കോടതി നടത്തിയിട്ടുണ്ട്, അത് ആ പരാതി കൊടുത്ത ആൾ ഉന്നയിച്ച വാദഗതി കോടതി അംഗീകരിക്കുന്നു എന്നാണ്. ഈ സാഹചര്യത്തിൽ മന്ത്രി തൽസ്ഥാനത്ത് തുടർന്നാൽ ക്വിക്ക് വെരിഫിക്കേഷൻ അല്ല, സത്യം പുറത്ത് കൊണ്ടുവരാൻ പ്രയാസമുണ്ടാകും. Shut down the truth എന്നാണ് പറയുന്നത്. സത്യത്തിനെ അടച്ചുവയ്ക്കേണ്ടിവരും അധികാരത്തിന്റെ സ്വാധീനങ്ങളുണ്ടാകും, ഇതിൽ കൂടുതൽ എങ്ങനെയാണ് ഒരു കോടതി പറയേണ്ടത്. ഇറങ്ങിപ്പോകൂ എന്നു പറയുന്നതിന് പകരം, ഈ സ്ഥിതി തുടർന്നാൽ സത്യം പുറത്തുവരില്ല എന്നാണ് കോടതിയുടെ നിരീക്ഷണം. ക്വിക്ക് വെരിഫിക്കേഷൻ നടത്തുന്ന കാര്യം അങ്ങ് ഇവിടെ പറഞ്ഞു. ബഹുമാനപ്പെട്ട ബാബുവിനെ ഇവിടെ കാണുന്നില്ല. ഈ സംഭവങ്ങൾ പൊട്ടിപ്പുറപ്പെട്ടപ്പോൾ ശ്രീ. കെ. എം. മാണിയുടെ കാര്യത്തിൽ അന്ന് ശ്രീ. എ. കെ. ആന്റണി പറഞ്ഞത് ധാർമ്മികമായി തീരുമാനം എടുത്തുകൂടെ എന്നാണ്. ധാർമ്മികം എന്നു പറയുന്നത് വ്യക്തിപരം എന്നാണ്. മാണി സാർ നടത്തിയ പത്രസമ്മേളനം അന്ന് ഞാൻ കണ്ടതാണ്. അദ്ദേഹം പറഞ്ഞത് ഞാൻ നിരപരാധിയാണ്, പക്ഷേ എന്റെ ധർമ്മബോധത്തിന് കോടതി വിട്ടിരിക്കുകയാണ് അതുകൊണ്ട് ഇത് ശരിയല്ലാ എന്നുതോന്നി ഞാൻ സ്വയം രാജിവയ്ക്കുകയാണ് എന്നാണ്. ആ സംഭവം ഇവിടെയുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കെ. ബാബുവിന്റെ മുൻപിൽ അങ്ങയെക്കാൾ ഉന്നതനായ മന്ത്രി വെട്ടിത്തുറന്ന ഒരു പാതയുണ്ട് നിങ്ങളുടെ മന്ത്രിസഭയിൽ ഏറ്റവും പഴക്കം ചെന്ന മന്ത്രി. അദ്ദേഹം പറഞ്ഞത് ഈ ആരോപണത്തിൽ ഞാൻ നിരപരാധിയാണ്, പിന്നെ കോടതിയുടെ നിരീക്ഷണങ്ങൾ നോക്കിയപ്പോൾ എന്റെ മനോധർമ്മത്തിന് വിട്ടിരിക്കുകയാണ്, എന്റെ മനോധർമ്മം അനുസരിച്ച് ഞാൻ രാജിവയ്ക്കുകയാണ്, ആരും സമ്മർദ്ദം ചെലുത്തിയിട്ടില്ല എന്നാണ്. അങ്ങനെയുള്ള ഒരു മന്ത്രിയെ വഴിയാധാരമാക്കിയില്ലേ? യു.ഡി.എഫിന്റെ സദാചാരപരമായ തത്വങ്ങളെ ഉയർത്തിപ്പിടിച്ച ശ്രീ. കെ. എം. മാണിയെ സ്ഥാനഭ്രഷ്ടനാക്കി അദ്ദേഹത്തെ നിരായുധനാക്കിയിട്ട് ഇത്രയും ക്രൂരമായ ഒരു സമീപനം ചെയ്യാമോ? അതുകൊണ്ടാണ് ഞങ്ങൾ പറയുന്നത് ശ്രീ. കെ. എം.ബാബുവിന്റെ മുന്നിൽ ശ്രീ. കെ. എം. മാണിയുടെ വഴിയുണ്ട്. ഇന്ന് അങ്ങ് പറഞ്ഞത് എന്താണ്, ഇനി കോടതി പറയട്ടെ കുറച്ച്

കാത്തിരുന്നാൽ മതി എന്നാണ്. ഞങ്ങൾ കുറച്ച് കാത്തിരുന്നാൽ മതി. എന്താണ് അതിന്റെ ഉദ്ദേശം? കാത്തിരുന്നാൽ നിങ്ങൾ പുറത്തുപോകേണ്ടി വരുമെന്നത് നിങ്ങൾക്കു തന്നെ അറിയാം. അതാണ് ഞങ്ങൾ ഇവിടെ ഉന്നയിച്ചത്. അതിന് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ഒരുപാട് ആക്രമണങ്ങൾ ഞങ്ങളുടെ നേർക്ക് നടത്തി. ഞങ്ങളുടെ നേർക്ക് എന്തിനാണ് ഇങ്ങനെ? ഇതൊന്നും ഞങ്ങൾ കൊണ്ടുവന്ന ആരോപണങ്ങൾ അല്ല. ഇത് കൊടുത്ത ആൾ ജീവിച്ചിരിപ്പുണ്ട്. അയാൾക്കെതിരായി മാനനഷ്ടക്കേസ്സുകളും തർക്കങ്ങളും വഴക്കുകളുമൊക്കെ നടക്കുന്നു. കേരളത്തിലെ മാധ്യമങ്ങൾ ഇത് ഏറ്റുപറയുന്നു. കേരളത്തിലെ ജനങ്ങൾ ഇത് നോക്കിക്കൊണ്ടിരിക്കുന്നു, കണ്ടുകൊണ്ടിരിക്കുന്നു. നിങ്ങൾ തരം കിട്ടുമ്പോഴെല്ലാം പ്രതിപക്ഷത്തിന്റെ നേർക്ക് കയറിയിട്ട് എന്താണ് കാര്യം? നിങ്ങൾ സത്യസന്ധമായി കാര്യങ്ങൾ തെളിയിക്കണം. ശ്രീ. കെ. എം. മാണിയുടെ കാര്യം ഞങ്ങൾ അംഗീകരിച്ചല്ലോ; അദ്ദേഹം രാജിവച്ചല്ലോ; അദ്ദേഹം തെറ്റുകാരനാണോ; കുറ്റവാളിയാണോ; കോഴ വാങ്ങിയിട്ടുണ്ടോ? ഇല്ലാ എന്നല്ലേ അങ്ങ് പറഞ്ഞത്; പിന്നെ രാജിവച്ചതെന്തിനാണ്? അങ്ങ് ഇവിടെ സ്റ്റേറ്റ്മെന്റ് നടത്തി. ശ്രീ. കെ. എം. മാണിയുടെ കാര്യത്തിൽ യാതൊരു കുഴപ്പവുമില്ല, നിരപരാധിയും, നിഷ്കളങ്കനുമാണ്. എന്തിനാണ് രാജിവയ്പ്പിച്ച് ഇവിടെ ഇരുത്തിയിരിക്കുന്നത്; മന്ത്രിസഭയിൽ എടുക്കാനുള്ള തന്റേടം കാണിക്കണ്ടേ; അത് തന്നെയാണ് ഞങ്ങൾ പറയുന്നത്, ശ്രീ. കെ. ബാബുവിന്റെ കാര്യത്തിൽ നിങ്ങൾ എടുക്കുന്നത് ഇരട്ടത്താപ്പ് നയമാണെന്ന് കേരളത്തിലെ മുഴുവൻ ആളുകൾക്കും അറിയാം. അത് രാഷ്ട്രീയ താൽപ്പര്യമാണ് അല്ലാതെ അതിനകത്ത് യാതൊരു ആദർശവുമില്ല. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി, അങ്ങ് ഞങ്ങളെ കൈകാര്യം ചെയ്യുമ്പോൾ കുറേക്കൂടി ആഭ്യന്തര വകുപ്പുമന്ത്രിയുടെ സമീപനത്തിൽ വ്യത്യസ്ഥത വേണമെന്ന് ഞങ്ങൾ ആഗ്രഹിച്ചു പോകുകയാണ്. ഞങ്ങൾ മുഖ്യമന്ത്രിക്കെതിരെ ഒരു ആരോപണവും ഉന്നയിച്ചില്ല, നിങ്ങൾക്കെതിരെ ആരോപണം ഉന്നയിച്ചില്ല, ശ്രീ. കെ. ബാബുവിനെതിരെ ഞങ്ങളല്ല ആരോപണം കൊണ്ടുവന്നത്, ശ്രീ. കെ. എം. മാണിക്കെതിരായിട്ടും ഞങ്ങൾ അല്ല ആരോപണങ്ങൾ കൊണ്ടുവന്നത്. ഈ രാജ്യത്ത് ഉയർന്നു വരുന്ന പ്രശ്നങ്ങൾ നിയമസഭയിൽ ഉന്നയിച്ചുകൊണ്ട് ശക്തമായ നിലപാട് എടുക്കുകയെന്നുള്ളത് പ്രതിപക്ഷത്തിന്റെ ജനാധിപത്യപരമായ കടമയാണ്, മിസ്റ്റർ രമേശ്, അങ്ങ് പാർലമെന്റിൽ ഇരുന്ന ആളല്ലേ; അങ്ങേക്ക് അതറിഞ്ഞുകൂടെ? അങ്ങയുടെ പാർട്ടി ഇപ്പോൾ അവിടെ എന്താണ് ചെയ്യുന്നത്? നാഷണൽ ഹെറാൾഡ് അഴിമതിക്കേസ്സിൽ എന്താണ് ചെയ്യുന്നത്? അവിടെ പാർലമെന്റ് സ്തംഭിപ്പിച്ചിട്ട് എത്ര നാളായി? ഞങ്ങൾ ഇന്നലെ ഗതികെട്ട്, ഗതിയില്ലാതെ, സ്പീക്കർ അനുമതി നിഷേധിച്ചപ്പോഴല്ലേ പോയത്; അത് നിഷേധിക്കാമോ? ജനാധിപത്യത്തിൽ ഏത്

വിഷയവുമാകട്ടെ, ഒരു അടിയന്തരപ്രമേയം സീറോ അവറിൽ കൊണ്ടുവന്നാൽ, അത് പ്രതിപക്ഷത്തിന്റെ അവകാശമാണ്. അതിനെ നിങ്ങൾ നഗ്നമായി ലംഘിച്ചു. നിങ്ങൾക്ക് ഞങ്ങളെ പറഞ്ഞു തോൽപ്പിച്ചാൽ നിങ്ങൾക്ക് വോട്ടെടുപ്പിൽ രണ്ട് വോട്ട് കൂടുതൽ കിട്ടും. പക്ഷെ സത്യം സത്യമാണ്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, അങ്ങ് ക്ഷമിക്കണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അങ്ങ് മന്ത്രിയായിരുന്നു. ഈ സെഷനിൽ എല്ലാ ദിവസവും അടിയന്തരപ്രമേയം ഉണ്ടായിരുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്ത് ഞങ്ങൾ പ്രതിപക്ഷത്തായിരുന്നപ്പോൾ എന്തുവന്നാലും അടിയന്തരപ്രമേയത്തിന് അനുമതി തരില്ലായിരുന്നു. അന്ന് സ്പീക്കറായിരുന്ന ശ്രീ. കെ. രാധാകൃഷ്ണനോട് ചോദിക്കു. ഞങ്ങൾ അടിയന്തരപ്രമേയത്തിന് നോട്ടീസ് കൊടുത്തുകഴിഞ്ഞാൽ അവിടെ മാറ്റിവയ്ക്കും. അനുവദിച്ചാൽ ഭാഗ്യം, അല്ലെങ്കിൽ ഫസ്റ്റ് സബ്മിഷൻ. ഇത് പുതിയ കാര്യമൊന്നുമല്ല.

ശ്രീ. സി. ദിവാകരൻ: സർ, അങ്ങ് ഓർമ്മപ്പെടുത്തിയത് നന്നായി. മന്ത്രിയെന്നുള്ള നിലയിൽ എന്റെ വകുപ്പിൽ വന്നിട്ടുള്ള എല്ലാ അടിയന്തരപ്രമേയത്തിനും അന്നുതന്നെ മുഖ്യമന്ത്രിയോട് പറഞ്ഞ് ചർച്ച അനുവദിച്ചിട്ടുണ്ട്, അതിൽ അങ്ങും പങ്കെടുത്തിട്ടുണ്ട്. എല്ലാ കാര്യത്തിനും അങ്ങനെ പറയണ്ട. പക്ഷേ ഇന്നലെ നിങ്ങൾ ചെയ്തത് ശരിയാണോ; സീറോഅവർ ആർക്കുള്ളതാണ്? സീറോഅവർ പ്രതിപക്ഷത്തിന്റെ ആവശ്യങ്ങൾ ഉന്നയിക്കാനുള്ളതാണ്. ഇവർ വലിയ ചാരിത്ര്യം പറയുന്നുണ്ടല്ലോ. ഇവർ പാർലമെന്റ് സ്തംഭിപ്പിച്ചിട്ട് എത്രദിവസമായി; എന്താണ് കാര്യം?

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് വിഷയത്തിലേക്ക് വരണം. എട്ട് മിനിട്ടായി.

ശ്രീ. സി. ദിവാകരൻ: സർ, സബ്ജക്ട് വേറെയാണെങ്കിലും സമാനമായ സംഭവങ്ങളാണ് നടക്കുന്നത്. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയുടെ ഇന്നത്തെ പ്രസ്താവന പരിഗണിക്കുകയാണെങ്കിൽ നിരപരാധിയായ മാണി സാർ രാജിവച്ച അതേ സാഹചര്യം തന്നെയാണ് അങ്ങ് നിരപരാധിയാണെന്ന് പറയുന്ന ശ്രീ. കെ. ബാബുവിന്റെ മുൻപിലുമുള്ളത്. അത് നിങ്ങൾ തീരുമാനിക്കണം. തീരുമാനിച്ചില്ലെങ്കിൽ കേരളത്തിലെ ജനങ്ങളും ചരിത്രവും നിങ്ങൾക്ക് മാപ്പുതരില്ല. ഇക്കാര്യം സഭ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. സി. ദിവാകരനും

അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. മാത്യു റ്റി. തോമസ്: സർ, 164 സ്റ്റേറ്റ്മെന്റിൽ എവിടെയെങ്കിലും തന്റെ പേര് പറഞ്ഞിട്ടുണ്ടെങ്കിൽ രാജിവയ്ക്കാമെന്നാണ് ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി ഈ ചർച്ചയിൽ ഇടപെട്ടുകൊണ്ട് പറഞ്ഞത്. ശ്രീ. ബിജു രമേശ് കൊടുത്ത 164 സ്റ്റേറ്റ്മെന്റിൽ പറഞ്ഞിരിക്കുന്നത്, മന്ത്രി ആവശ്യപ്പെട്ട സ്ഥലത്ത് ഏൽപ്പിക്കാൻ പറഞ്ഞ ആളുകൾക്കെല്ലാം പണം കൊടുത്തു എന്നാണ്. മന്ത്രിക്കും കൊടുത്തുവെന്ന് അനുബന്ധമായി പറഞ്ഞിട്ടുണ്ട്.

മത്സ്യബന്ധനവും എക്സൈസും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. കെ ബാബു): സർ, ശ്രീ. കെ. സുരേഷ് കുറുപ്പിന്റെ പ്രസംഗത്തിൽ പറഞ്ഞുവെന്നാണ് ഞാൻ പറഞ്ഞത്. ശ്രീ. കെ. സുരേഷ് കുറുപ്പിന്റെ പ്രസംഗത്തിൽ എനിക്കു തന്നതായിട്ട് 164-ൽ പറഞ്ഞുവെന്നുള്ള കാര്യമാണ് ഞാൻ ക്വാട്ട് ചെയ്തത്.

ശ്രീ. മാത്യു റ്റി. തോമസ്: സർ, ശരി. അപ്പോൾ 164-ൽ മന്ത്രിക്ക് കൊടുത്തു എന്ന് പറഞ്ഞിട്ടില്ല. മന്ത്രി പറഞ്ഞ ആളുകൾക്ക് പറഞ്ഞ സ്ഥലത്ത് പറഞ്ഞ സമയത്ത് കൊടുത്തുവെന്നാണ് അദ്ദേഹം പറഞ്ഞത്. അങ്ങനെയുള്ളൊരു മന്ത്രി രാജി വയ്ക്കാതിരിക്കാൻ പാടുണ്ടോ; നേരിട്ട് വാങ്ങിയിട്ടില്ലെന്ന് പറഞ്ഞുകൊണ്ട് ഒരു മന്ത്രി ഈ കസേരയിൽ ഇരിക്കുന്നത് ശരിയാണോ എന്നുകൂടി പറയണം. പറഞ്ഞ ആളുകൾക്ക് പറഞ്ഞ സ്ഥലത്തുവച്ച് കൊടുത്തതേയുള്ളൂവെന്നും ഞാൻ നേരിട്ട് വാങ്ങിയിട്ടില്ലെന്നുമാണ് മന്ത്രിയുടെ ഇപ്പോഴത്തെ പ്രതിരോധം. ഈ മന്ത്രി ആ കസേരയിൽ ഇരിക്കാൻ പാടുണ്ടോ; നേരത്തെ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. കെ. എം. മാണി രാജി വച്ചപ്പോൾ അന്ന് സർക്കാർ എന്താണ് പറഞ്ഞത്; ഈ മന്ത്രി നിഷ്കളങ്കനും നിരപരാധിയുമാണ്, പക്ഷേ ലളിതകുമാരി വന്ന് മന്ത്രിയെ ആവാഹിച്ച് കേസെടുപ്പിക്കേണ്ടി വന്നു എന്നാണ്. എന്താണ്, ലളിതകുമാരി ശ്രീ. കെ. ബാബുവിന്റെ അടുത്തേക്ക് വരാത്തത്; ശ്രീ. കെ. എം. മാണി രാജി വയ്ക്കാനുണ്ടായ സാഹചര്യം അദ്ദേഹം വാങ്ങിയ തുക കുറവായിപ്പോയതു കൊണ്ടാണോ; യു.ഡി.എഫ്.-ന്റെ നിലവാരം തകർത്ത് ഒരു കോടി രൂപ വാങ്ങിയെന്നുള്ളതാണോ? വളരെ നിഷ്പക്ഷമായി ഞാൻ ചോദിക്കുകയാണ്, ശ്രീ. കെ. എം. മാണിയുടെ കേസാണോ ശ്രീ. കെ. ബാബുവിന്റെ കേസാണോ കൂടുതൽ ഗുരുതരമായിട്ടുള്ളത്? തുക ഒരു കോടി രൂപയിൽ നിന്ന് 10 കോടി രൂപയായി വർദ്ധിച്ചു എന്നുള്ളത് മാത്രമല്ല ബഹുമാന്യനായ ശ്രീ. കെ. എം. മാണി തന്നെ പറയുന്നതനുസരിച്ച് ഒരു ഡയറക്ട് എവിഡൻസാണ് ശ്രീ. കെ. ബാബുവിന്റെ കേസിലുള്ളത്. ഞാൻ കൊടുത്തു എന്ന് ശ്രീ. ബിജു രമേശ് പറഞ്ഞിരിക്കുകയാണ്.

കൊടുത്തത് കണ്ടുവെന്നല്ല. ഒരു കോടി രൂപയെന്നത് 10 കോടി രൂപയായി വർദ്ധിച്ചു എന്നതുമാത്രമല്ല, നേരിട്ടുകൊടുത്തു എന്നാണ് ആരോപണം. ഡയറക്ടായിട്ടുള്ള എവിഡൻസാണ് ശ്രീ. കെ. ബാബുവിന്റെ കേസിൽ വന്നിരിക്കുന്നത്. അതുകൊണ്ട് ശ്രീ. കെ. എം. മാണിയുടെ കേസിന്റെ നൂറിരട്ടി ഗൗരവമായ ഒരു വിഷയമാണ് ശ്രീ. കെ. ബാബുവുമായി ബന്ധപ്പെട്ട ഈ കേസിൽ ഉന്നയിക്കപ്പെട്ടിട്ടുള്ളത്. ഇവിടെ രണ്ട് നീതി നടപ്പാക്കിയെന്നുപറഞ്ഞത് ആരാണ്? യു.ഡി.എഫ്.-ലെ പ്രമുഖ കക്ഷിയുടെ നേതാവായ, രാജി വച്ച മന്ത്രി ശ്രീ. കെ. എം. മാണി പറഞ്ഞിരിക്കുന്നു മന്ത്രിസഭയിൽ രണ്ട് നീതി എന്ന്. അങ്ങനെ പറഞ്ഞിട്ടില്ലെന്ന് അദ്ദേഹം പറയട്ടെ. മന്ത്രിസഭയിൽ കോൺഗ്രസ് മന്ത്രിമാർക്ക് ഒരു നീതിയെന്നും ഘടകകക്ഷി മന്ത്രിമാർക്ക് മറ്റൊരു നീതി എന്നുമുള്ള ആക്ഷേപമുന്നയിച്ചത് കേരള കോൺഗ്രസിന്റെ ചെയർമാനായ ശ്രീ. കെ. എം. മാണി മാത്രമല്ല, രാജ്യസഭാ ഡെപ്യൂട്ടി ചെയർമാനായ ശ്രീ. പി. ജെ. കുര്യൻ കെ.പി.സി.സി. യോഗത്തിലും അങ്ങനെ പ്രസംഗിച്ചുവെന്ന് പത്രവാർത്ത വന്നില്ലേ; അങ്ങനെ രണ്ട് നീതി ഒരു മന്ത്രിസഭയിൽ രണ്ട് മന്ത്രിമാർക്ക് പാടുണ്ടോ; വളരെ ഗൗരവമായ, നേരത്തെ നടന്ന കേസുമായി നോക്കിയാൽ നൂറിരട്ടി ഗുരുതരമായ ഒരു കേസിൽ രാജി, കേസ്, എഫ്.ഐ.ആർ., അന്വേഷണം, തൊണ്ടിയെടുക്കൽ എന്നിവ ഒന്നുമില്ല. എല്ലാത്തിനേയും നിസ്സാരവൽക്കരിച്ചു കൊണ്ട് അഴിമതിയെ മൂടിവയ്ക്കാനുള്ള ശ്രമത്തെയാണ് അടിയന്തരപ്രമേയ ചർച്ചയിലൂടെ പുറത്തുകൊണ്ടുവരാൻ ഞങ്ങൾ ശ്രമിച്ചത്. അതിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മാത്യു റ്റി. തോമസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗവും സഭവിട്ട് പുറത്തുപോയി.)

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, നമ്മുടെ സംസ്ഥാനം കഴിഞ്ഞ കുറേ നാളുകളായി സംശയത്തോടെ ചർച്ച ചെയ്യുന്ന വിഷയമാണ് ബാർകോഴ കേസ്. ഈ സംശയം ദൂരീകരിച്ച് സത്യം പുറത്തുകൊണ്ടുവരേണ്ട പ്രാഥമിക ഉത്തരവാദിത്വം ആർക്കാണ്; നിയമ നടപടികളിലൂടെയും തുറന്ന സംവാദത്തിലൂടെയുമാണ് ഇതിന് സാധിക്കുക. നിയമനടപടികൾ കോടതിയിൽ നടക്കട്ടെ. ഏത് കോടതിയായാലും കോടതിയിൽ ചെന്നപ്പോഴെല്ലാം ഗവൺമെന്റിന്റെ നിലപാടിനെ സാധൂകരിച്ചിട്ടില്ല എന്നാണ് ജനങ്ങൾ വിശ്വസിക്കുന്നത്. കോടതിയുടെ മുൻപിൽപോലും സാധൂകരിക്കാൻ കഴിയാത്ത, ജനങ്ങളുടെ സംശയമായി നിൽക്കുന്നൊരു പ്രശ്നം പൊതുജനങ്ങളേയും പ്രതിപക്ഷത്തേയും ബോധ്യപ്പെടുത്താൻ കഴിയുന്നില്ല. ഈ ഒരു സാഹചര്യത്തിലാണ് ഒരു തുറന്ന ചർച്ചയിലൂടെ ഈ പ്രശ്നത്തിന്റെ സത്യാവസ്ഥ ജനങ്ങളെ ബോധ്യപ്പെടുത്തണമെന്ന്

ഞങ്ങൾ ആവശ്യപ്പെടുന്നത്. അത് ജനാധിപത്യപരമായൊരു ആവശ്യമാണ്. പ്രതിപക്ഷ ധർമ്മമാണ്. അതിന് ഞങ്ങൾ ശ്രമിക്കുമ്പോൾ മന്ത്രിമാർ ഇവിടെ പറയുന്ന കാര്യങ്ങൾ പരസ്പര വിരുദ്ധമാണ്. ഒരു മന്ത്രിസഭയിലെ രണ്ട് മന്ത്രിമാർക്കെതിരെ രണ്ടുതരം നിലപാടെടുക്കുന്നത് എന്തുകൊണ്ടാണെന്നുള്ളതാണ് ഞങ്ങളിവിടെ ഉന്നയിക്കുന്നത്. ആഭ്യന്തര വകുപ്പുമന്ത്രി ഇപ്പോഴും എന്തിനാണ് പിടിച്ചുനിൽക്കാൻ ശ്രമിക്കുന്നത്; വെരിഫിക്കേഷനും ക്വിക്ക് വെരിഫിക്കേഷനും ഒന്നാണെങ്കിൽ മാണി സാറിന്റെ കാര്യത്തിൽ ആ വെരിഫിക്കേഷൻ നടത്തിയാൽ പോരായിരുന്നോ; എന്തിനാണ് ക്വിക്ക് വെരിഫിക്കേഷൻ; ക്വിക്ക് വെരിഫിക്കേഷൻ നടത്തേണ്ടി വരുമ്പോൾ എഫ്.ഐ.ആർ. തയ്യാറാക്കേണ്ടിവരും. വെരിഫിക്കേഷൻ നടത്തുമ്പോൾ എഫ്.ഐ.ആർ. വേണ്ടിവരില്ല. ലളിതകുമാരി പറഞ്ഞതുകൊണ്ടാണ് മാണി സാറിനെതിരെ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് ക്വിക്ക് വെരിഫിക്കേഷൻ നടത്തേണ്ടി വന്നത്. ശ്രീ. കെ. ബാബുവിന്റെ കാര്യത്തിൽ ലളിതകുമാരി അങ്ങനെ പറഞ്ഞിട്ടേയില്ല. ഈ ന്യായം ആരെ ബോധ്യപ്പെടുത്താനാണ്; അങ്ങനെ ബോധ്യപ്പെടുത്താൻ കഴിയാത്ത, സംശയത്തിന്റെ പുകമറയിൽ ഒരു സർക്കാർ നിൽക്കുമ്പോൾ പ്രതിപക്ഷത്തിന്റെ ആവശ്യം അംഗീകരിച്ച് ചർച്ച ചെയ്യുകയാണ് വേണ്ടിയിരുന്നത്. ആ ചർച്ച നിഷേധിച്ച സർക്കാരിന്റെ നിലപാടിൽ ഞാനും എന്റെ കക്ഷിയും പ്രതിഷേധിക്കുന്നു. ഞങ്ങൾ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. എ. കെ. ശശീന്ദ്രനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗവും സഭവിട്ട് പുറത്തുപോയി.)

(സഭയിൽ നിന്നും പുറത്തുപോയ അംഗങ്ങൾ അൽപ്പസമയത്തിനകം സഭയിൽ വീണ്ടും ഹാജരായി.)

ശ്രീ. പി. എ. മാധവൻ: സർ, ഇന്ന് വാക്കൗട്ട് പ്രസംഗത്തിനിടയിൽ ആദരണീയനായ നമ്മുടെ പ്രതിപക്ഷ നേതാവ്, നിർഭാഗ്യവശാൽ ഞാൻ ഏറെക്കുറെ സോളാർ കേസിൽ പ്രതിയാണ് എന്നുവരാവുന്ന തരത്തിൽ വളരെ മോശമായ രീതിയിലുള്ളൊരു പരാമർശം ഇവിടെ നടത്തി. ഞാൻ സോളാർ കേസുമായി പ്രത്യക്ഷമായോ പരോക്ഷമായോ ബന്ധപ്പെട്ട ആളല്ല. എനിക്ക് കഴിഞ്ഞ സെപ്റ്റംബർ 7-ാം തീയതി സോളാർ കമ്മീഷൻ മുൻപാകെ ഹാജരാകണമെന്നൊരു നോട്ടീസ് കിട്ടി. കേരള നിയമസഭയുടെ പെറ്റീഷൻസ് കമ്മിറ്റി അംഗമെന്നുള്ള നിലയിൽ എനിക്ക് അന്ന് കമ്മിറ്റി യോഗത്തിൽ പങ്കെടുക്കേണ്ടതുള്ളതിനാൽ മറ്റൊരു ദിവസത്തേയ്ക്ക് മാറ്റിത്തരണമെന്ന് വക്കീൽ മുഖാന്തിരം ആവശ്യപ്പെട്ടു. ഒരു പൗരൻ എന്ന നിലയിൽ നിയമത്തിന്റെ ആനുകൂല്യം എനിക്ക് അർഹതപ്പെട്ടതാണ്. സോളാർ കമ്മീഷന് മുൻപാകെ

ഹാജരാകുന്നതുമായി ബന്ധപ്പെട്ട് ഞാനൊരു വക്കീലിനെ നിയോഗിച്ചു. അത് അംഗീകരിക്കാത്ത ഒരു കമന്റ് സോളാർ കമ്മീഷന്റെ ഭാഗത്തുനിന്ന് വന്നു. ആ കമന്റിന് ശേഷമുള്ള സമൻസ് എനിക്കിതുവരെ കിട്ടിയിട്ടില്ല. സോളാർ കമ്മീഷന്റെ മുൻപിൽ ആവശ്യമില്ലാത്ത കാര്യങ്ങൾ പറയാൻ ബാധ്യതപ്പെട്ട ആളല്ല ഞാൻ. സോളാർ കമ്മീഷനെന്നല്ല ഇൻഡ്യാ രാജ്യത്ത് ഏത് നിയമ വ്യവസ്ഥിതിയെയും 100 ശതമാനം വിധേയത്വത്തോടുകൂടി അനുസരിക്കുന്ന ഒരാളാണ് ഞാൻ. xxx *

## III ശ്രദ്ധ ക്ഷണിക്കൽ

### 1. കണ്ണൂർ വിമാനത്താവള നിർമ്മാണം

ശ്രീ. സണ്ണി ജോസഫ് : സർ, ഉത്തര മലബാറിന്റെ രണ്ട് പതിറ്റാണ്ട് കാലത്തെ സ്വപ്നമാണ് കണ്ണൂർ വിമാനത്താവള പദ്ധതി. കണ്ണൂരിന് ചിറക് മുളയ്ക്കുന്ന ദിനങ്ങൾ എണ്ണി കാത്തിരിക്കുന്നവരാണ് ഇവിടെയുള്ള ജനങ്ങൾ. സംസ്ഥാനത്തിന്റെ വികസന പദ്ധതികളിൽ പ്രമുഖ സ്ഥാനമാണ് ഈ പദ്ധതിക്കുള്ളത്. മലബാറിന്റെ വലിയ സമ്പത്ത് എന്നുപറയുന്നത് ഗൾഫ് രാജ്യങ്ങളുൾപ്പെടെ വിദേശത്ത് ജോലി ചെയ്യുന്ന ആളുകളാണ്. ഇവരുടെ വിമാനയാത്രാ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ കണ്ണൂർ വിമാനത്താവളം വലിയ പങ്ക് വഹിക്കുമെന്ന കാര്യത്തിൽ സംശയമില്ല. വാണിജ്യ-വ്യാപാര മേഖലകളിലും ഈ വിമാനത്താവളം വലിയ കുതിപ്പിന് അവസരമൊരുക്കും. കൈത്തറിപോലുള്ള വ്യവസായങ്ങളുടെ വലിയ പ്രതീക്ഷയാണ് ഈ വിമാനത്താവളം. ടൂറിസം വികസനത്തിനുള്ള സാധ്യതയും ചെറുതല്ല.

കർണ്ണാടക സംസ്ഥാനത്തിലെ കൂർഗ് ജില്ലയിലെ ആളുകൾക്കും അതുപോലെ വയനാട് ജില്ലയിലെ മാനന്തവാടി താലൂക്കിലെ ആളുകൾക്കുമെല്ലാം കണ്ണൂർ വിമാനത്താവളമാണ് യാത്രാസൗകര്യമൊരുക്കുന്നതെന്ന കാര്യവും ഏവരും അംഗീകരിക്കുന്നു. ഇത് ഗവൺമെന്റിന്റെ ഫ്ലാഗ്ഷിപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. 2014 ഫെബ്രുവരി 2-ന് ബഹുമാന്യനായ അന്നത്തെ കേന്ദ്ര പ്രതിരോധ വകുപ്പുമന്ത്രി ശ്രീ. എ. കെ. ആന്റണി പ്രവർത്തനോദ്ഘാടനം നിർവ്വഹിച്ചു. റൺവേ, ടെർമിനലുകൾ, ടാക്സിബേ, ഉൾപ്പെടെയുള്ളവയുടെ ഒന്നാം ഘട്ടത്തിന്റെ പ്രവൃത്തി പുരോഗമിക്കുകയാണ്. വ്യോമയാന-പ്രതിരോധ-ആഭ്യന്തര മന്ത്രാലയങ്ങളുടെ അനുമതിയും പാരിസ്ഥിതിക അനുമതിയും ലഭിച്ചിട്ടുണ്ട്. അതുപോലെ സർക്കാർ ഓഹരി 26 ശതമാനത്തിൽ നിന്നും 35 ശതമാനമായി ഉയർത്തി എന്നുള്ളതാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമെടുത്ത

* സഭാദ്ധ്യക്ഷന്റെ ഉത്തരവിൽ പ്രകാരം രേഖയിൽനിന്നും നീക്കം ചെയ്തു.

നിർണ്ണായകമായൊരു തീരുമാനമെന്ന് പറയുന്നത്. സ്വകാര്യ നിക്ഷേപകർക്ക് രണ്ട് ലക്ഷത്തിലധികം രൂപ ഏറ്റവും കുറഞ്ഞ ഷെയർ സംഖ്യയായി നിശ്ചയിച്ചത് പല എം.എൽ.എ.മാരും ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ്. ഇപ്പോൾ അത് ചുരുങ്ങിയത് 50,000 രൂപയായി കുറച്ചിട്ടുണ്ട്. ഇതിലൂടെ സാധാരണക്കാർക്കും ഓഹരി പങ്കാളിത്തം ഉറപ്പുവരുത്തിയിട്ടുണ്ട്. അതുപോലെ എയർപോർട്ട് അതോറിറ്റി ഓഫ് ഇൻഡ്യ 26 ശതമാനം ഓഹരി എടുക്കുന്നതിന് തയ്യാറായിട്ടുണ്ട്. കൂടാതെ ബാങ്ക് വായ്പകളൊരുക്കാനും ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. എന്നാൽ സമയബന്ധിതമായി ഈ പ്രവൃത്തി പൂർത്തിയാക്കുന്നതിനെ സംബന്ധിച്ച് ഇപ്പോഴുള്ള ആശങ്ക നിലനിൽക്കുകയാണ്. 29-1-2014-ൽ ബഹുമാനപ്പെട്ട മന്ത്രി റൂൾ 300 അനുസരിച്ചുള്ള ഒരു സ്റ്റേറ്റുമെന്റ് സഭയിൽ നടത്തിയിരുന്നു. അതുപോലെതന്നെ 9-3-2015-ന് 15-ാം നമ്പർ നക്ഷത്രചിഹ്നമിട്ട ചോദ്യത്തിനുള്ള മറുപടിയിലും 40 ശതമാനം പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്ന് വ്യക്തമാക്കിയിരുന്നു. എന്നത്തേയ്ക്ക് പരീക്ഷണപ്പറക്കൽ നടക്കുമെന്നും ഇതിന്റെ കൊമേഴ്സ്യൽ അടിസ്ഥാനത്തിലുള്ള ഓപ്പറേഷൻസ് എപ്പോൾ ആരംഭിക്കാൻ സാധിക്കുമെന്ന കാര്യത്തിലും ഒരു വ്യക്തത കൈവരുത്തേണ്ടതായിട്ടുണ്ട്. റൺവേയുടെ നീളം സംബന്ധിച്ച് മാധ്യമങ്ങളിലൊക്കെ ചർച്ച നടക്കുകയാണ്. യഥാർത്ഥത്തിൽ റൺവേയ്ക്ക് ആവശ്യമായിട്ടുള്ള നീളം എത്രയാണ്; 4000 മീറ്ററാണോ അതോ അതിൽ കുറവാണോ; അതിനെ സംബന്ധിച്ച് പ്ലാനിലും പ്രോജക്ടിലുമൊക്കെ വ്യക്തതയുണ്ടോ? ഭൂമി ഏറ്റെടുക്കുന്ന പ്രക്രിയ എവിടെ വരെയെത്തി? ഭൂവുടമകൾ ഇപ്പോഴും ആശങ്കയിൽ നിൽക്കുകയാണ്. ഭൂമി ഏറ്റെടുക്കൽ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ സാധിക്കണം. അതുപോലെ അനുബന്ധ ഗതാഗത സൗകര്യങ്ങൾ വിമാനത്താവളത്തിലേക്ക് വിവിധ ജില്ലകളിൽനിന്നും എത്തിച്ചേരുന്നതിന് റോഡ് മാർഗ്ഗമുള്ള ഗതാഗതം, കണ്ണൂർ - മട്ടന്നൂർ റൂട്ടിലുള്ള റെയിൽപ്പാത നിർമ്മാണം, ഇത്തരം കാര്യങ്ങളെല്ലാം വളരെ സജീവമായി ഗവൺമെന്റിന്റെ പരിഗണനയിൽ വരേണ്ട വിഷയങ്ങളാണ്. ഗ്രീൻ ഫീൽഡ് റോഡിനുവേണ്ടി പല യോഗങ്ങൾ വിളിച്ചുവെങ്കിലും സ്ഥലമുടമകളുടെ എതിർപ്പിനെത്തുടർന്ന് പ്രാവർത്തികമാക്കാൻ കഴിയാത്ത ഒരു സാഹചര്യം നിലനിൽക്കുകയാണ്. ഈ വിമാനത്താവളത്തിലെ ആദ്യത്തെ പരീക്ഷണപ്പറക്കൽ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; കൂടുതൽ നടപടികൾ സ്വീകരിക്കുമോ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ. കെ. ബാബു</u>) : സർ, കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ പ്രയോജനത്തെ സംബന്ധിച്ച്

ബഹുമാനപ്പെട്ട അംഗം സണ്ണി ജോസഫ് തന്നെ വിശദീകരിക്കുകയുണ്ടായി. മലബാറിന്റെ വികസനത്തിൽ ഏറ്റവും കൂടുതൽ സഹായകരമാകാൻ പോകുന്ന ഒരു പദ്ധതിയാണ് കണ്ണൂർ എയർപോർട്ട്. സംസ്ഥാനത്തിന്റെ സ്വപ്നപദ്ധതിയും ഗവൺമെന്റിന്റെ ഫ്ലാഗ്ഷിപ്പ് പദ്ധതികളിൽ ഒന്നുമാണിത്. ഈ വിമാനത്താവളത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അതിവേഗം പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. പദ്ധതിക്കാവശ്യമായ 2200 ഏക്കർ ഭൂമിയിൽ 1891.01 ഏക്കർ ഭൂമി ഇതിനകം തന്നെ ഏറ്റെടുത്തു കഴിഞ്ഞു. റവന്യൂ വകുപ്പും നോഡൽ ഏജൻസിയായ കിൻഫ്രയുമാണ് ഭൂമി ഏറ്റെടുത്തു കൊണ്ടിരിക്കുന്നത്. ആവശ്യമായ ബാക്കി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്. 1,892 കോടി രൂപ ചെലവ് വരുന്ന ഈ പദ്ധതിക്കുവേണ്ടി 1,000 കോടി രൂപ ഓഹരി മൂലധനമായും 892 കോടി രൂപ ബാങ്ക് വായ്പയുമായിട്ടാണ് സമാഹരിക്കുന്നത്. ഓഹരി മൂലധനത്തിൽ സർക്കാർ വിഹിതമായ 35 ശതമാനം അതായത് 350 കോടി രൂപ ഭൂമിയുടെ വിലയായി സർക്കാർ നൽകുന്നു. ബി.പി.സി.എൽ. ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ വിഹിതം 23 ശതമാനം അതായത് 230 കോടി രൂപയും എയർപോർട്ട് അതോറിറ്റി ഓഫ് ഇൻഡ്യയുടെ വിഹിതം 20 ശതമാനം അതായത് 200 കോടി രൂപയുമാണ്. ബാക്കി 22 ശതമാനം വ്യക്തികൾക്കും മറ്റ് സ്ഥാപനങ്ങൾക്കുമായി നീക്കിവച്ചിരിക്കുകയാണ്. ഇതിൽ 900 കോടി രൂപ (90 ശതമാനം) ഇതിനകംതന്നെ സമാഹരിക്കുകയോ ഉറപ്പുകൾ ലഭ്യമാക്കുകയോ ചെയ്തിട്ടുണ്ട്. എയർപോർട്ട് അതോറിറ്റി ഓഫ് ഇൻഡ്യ 100 കോടി രൂപ (10 ശതമാനം) നിക്ഷേപിച്ചു കഴിഞ്ഞു. ബാക്കി 100 കോടി രൂപയുടെ നിക്ഷേപം സംബന്ധിച്ച നടപടികൾ നടന്നുവരുന്നു. കാനറാ ബാങ്കിന്റെ നേതൃത്വത്തിലുള്ള കൺസോർഷ്യവുമായി ബന്ധപ്പെട്ട് 892 കോടി രൂപയുടെ വായ്പ സംബന്ധിച്ച ധാരണാപത്രം 21-5-2015-ൽ ഒപ്പുവയ്ക്കുകയുണ്ടായി. പദ്ധതി പ്രവർത്തനവുമായി ബന്ധപ്പെട്ട് 5-11-2013-ന് എയർസൈഡ് പ്രവൃത്തികൾക്കുള്ള 694 കോടി രൂപയുടെയും 25-6-2014-ന് ടെർമിനൽ ബിൽഡിംഗിനുള്ള 498.70 കോടി രൂപയുടെയും രണ്ട് പ്രധാന കരാറുകൾ എൽ. ആന്റ് റ്റി. കമ്പനിക്ക് സ്വകാര്യ ടെണ്ടർ നടപടികളിലൂടെ നൽകുകയുണ്ടായി. റൺവേ പ്രവൃത്തികളുടെ 65 ശതമാനവും ടെർമിനൽ പ്രവൃത്തികളുടെ 55 ശതമാനവും ഇതിനകം തന്നെ പൂർത്തിയായി കഴിഞ്ഞു. ബാക്കിയുള്ള നിർമ്മാണ പ്രവൃത്തികളായ ലിഫ്റ്റ്, എസ്കലേറ്റർ, ഫയർ ടെന്റർ എന്നിവയുടെ വർക്ക് അവാർഡ് ചെയ്തുകഴിഞ്ഞു. എ.റ്റി.എഫ്. എയർക്രാഫ്റ്റ്, ഫ്യൂവൽ ഫാം എന്നിവ നടത്തുന്നതിന് ബി.പി.സി.എൽ.-കിയാൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന ജോയിന്റ് വെഞ്ചർ കമ്പനി രൂപീകരിച്ചുകഴിഞ്ഞു. 2014

സെപ്റ്റംബർ 17-ന് മെറ്റീരിയോളജിക്കൽ സേവനങ്ങൾക്കുവേണ്ടി കേന്ദ്ര മെറ്റീരിയോളജി വകുപ്പുമായി ധാരണാപത്രം ഒപ്പുവച്ചു. 2015 സെപ്റ്റംബർ മുതൽ തുടർച്ചയായി പെയ്ത മഴ, പാറ പൊട്ടിക്കുന്നതിന് എതിരെയുള്ള പ്രാദേശിക പ്രതിഷേധങ്ങൾ, ക്വാറി ലൈസൻസ് സംബന്ധിച്ച് പഞ്ചായത്തിന്റെ ഭാഗത്തു നിന്നുണ്ടായ കാലതാമസം ഇതെല്ലാം പദ്ധതി പ്രവർത്തനങ്ങളെ സാരമായി ബാധിക്കുകയും ഏകദേശം അഞ്ചുമാസത്തെ കാലതാമസത്തിന് ഇടയാക്കുകയും ചെയ്തു. എങ്കിലും 2015 ഡിസംബർ 31-ാം തീയതി നിശ്ചയിച്ചിട്ടുള്ള പരീക്ഷണ പറക്കൽ 2016 ജനുവരി മാസത്തിൽത്തന്നെ സാധ്യമാക്കുന്നതിനുള്ള ഊർജ്ജിതമായ പ്രവർത്തനങ്ങൾ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. 2016 മേയ് മാസത്തിൽ വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനം നടത്താൻ സജ്ജമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. 2015 ഡിസംബർ 11-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കേന്ദ്ര വ്യോമയാന വകുപ്പുമന്ത്രിയെ കാണുകയും പരീക്ഷണ പറക്കലിനുള്ള അനുമതി നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം നൽകുകയും ചെയ്തു. റോഡുകളെ സംബന്ധിച്ച് ഇവിടെ പറയുകയുണ്ടായി. മൂന്ന് റോഡുകൾ പി.ഡബ്ല്യു.ഡി.-യെക്കൊണ്ട് ചെയ്യിക്കാൻ മന്ത്രിസഭാ യോഗം അനുമതി നൽകിക്കഴിഞ്ഞു. റെയിൽപ്പാത നിർമ്മാണവുമായി ബന്ധപ്പെട്ട് കഴിഞ്ഞ 11-ാം തീയതി കേന്ദ്ര റെയിൽവേ വകുപ്പുമന്ത്രിയുമായുള്ള ചർച്ചയിൽ കണ്ണൂർ-മട്ടന്നൂർ റെയിൽപ്പാതയുടെ അലൈൻമെന്റ് നിശ്ചയിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കണമെന്ന് നിവേദനം നൽകിയിട്ടുണ്ട്. ഗ്രീൻ ഫീൽഡ് റോഡിന്റെ കാര്യം അദ്ദേഹം പറഞ്ഞത് ശരിയാണ്. ഗ്രീൻ ഫീൽഡ് റോഡിന്റെ സർവ്വേ നടത്തുന്നതിനുള്ള രാഷ്ട്രീയ-സാമൂഹികാന്തരീക്ഷം അവിടെയില്ല. അതുകൊണ്ട് അതുമായി ബന്ധപ്പെട്ട നടപടികൾ പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. ജില്ലാ കളക്ടറെ അതിനുവേണ്ടി ചുമതലപ്പെടുത്തിയിട്ടുണ്ട്. 2015 ഡിസംബർ 31-ന് സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവെങ്കിലും ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിൽ മഴയായിരുന്നതുകൊണ്ട് കുറെ ദിവസങ്ങൾ നഷ്ടപ്പെട്ടു. കൂടാതെ പ്രാദേശികമായി കുറെ എതിർപ്പുകൾ ഉണ്ടായി, പാറ പൊട്ടിക്കുന്നതിനുള്ള ബ്ലാസ്റ്റിംഗ് ലൈസൻസ് നൽകുവാൻ പഞ്ചായത്ത് വിസമ്മതിച്ചത് കുറെ കാലതാമസമുണ്ടാക്കി. എന്നിരുന്നാലും കേന്ദ്ര ഗവൺമെന്റ് അനുമതി നൽകുകയാണെങ്കിൽ ജനുവരി മാസത്തിൽ പരീക്ഷണപ്പറക്കൽ നടത്താൻ സാധിക്കുന്നതാണ്.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, കൊമേഴ്സ്യൽ സർവ്വീസുകൾ ആരംഭിക്കുമ്പോൾ ആവശ്യമായ സർവ്വീസുകൾ വിദേശത്തേക്ക് വരത്തക്കവിധത്തിൽ വിമാന കമ്പനികളുമായി മുൻകൂട്ടി എന്തെങ്കിലും ചർച്ചകൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ

അതിന്റെ റിസൽട്ട് കൂടി വ്യക്തമാക്കണം. കൂടാതെ റൺവേയുടെ യഥാർത്ഥ നീളം എത്രയെന്നതുകൂടി വ്യക്തമാക്കണം.

ശ്രീ. കെ. ബാബു: സർ, വിമാനക്കമ്പനികൾ ഇവിടെ സർവ്വീസ് ആരംഭിക്കത്തക്കവിധത്തിൽ ചർച്ചകൾ നടത്തിയിട്ടുണ്ട്. അടുത്തകാലത്ത് ആസ്ട്രേലിയയിൽ വച്ച് ഒരു ഇന്റർനാഷണൽ കോൺഫറൻസ് നടന്നിരുന്നു. ആ കോൺഫറൻസിൽ കമ്പനിയുടെ മാനേജിംഗ് ഡയറക്ടറും മറ്റു ചില ഉദ്യോഗസ്ഥരും പങ്കെടുത്തിരുന്നു. പല വിമാന കമ്പനികളും ഇവിടെ സർവ്വീസ് നടത്താൻ തയ്യാറാണെന്ന് അറിയിച്ചിട്ടുണ്ട്. അതുപോലെ ശ്രീ. സണ്ണി ജോസഫ് ചൂണ്ടിക്കാണിച്ച മറ്റൊരു കാര്യം റൺവേയുടെ നീളം സംബന്ധിച്ചാണ്. ഇതിന്റെ റൺവേ നേരത്തെ 3050 മീറ്ററാണ് വിഭാവനം ചെയ്തിരുന്നത്. ഞങ്ങൾ അത് 3400 മീറ്റർ ആക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. അതിനുവേണ്ടി സ്ഥലം ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. റൺവേയുടെ നീളം കൂട്ടുന്നതിനുവേണ്ടി സ്ഥലം ഏറ്റെടുക്കേണ്ടത് 75 ഏക്കറാണ്. ഈ 75 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള സർവ്വേ പൂർത്തിയായി. അത് ഉടനെതന്നെ ഏറ്റെടുക്കും. അതുപോലെ 133 ഏക്കർ സ്ഥലം (റൺവേയ്ക്കുവേണ്ടിയുള്ളതല്ല) ഏറ്റെടുക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. ഈ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടി ഇപ്പോൾ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള എസ്.എൽ.ഇ.സി.-യുടെ മുമ്പിലാണ്. റൺവേ 3400 മീറ്റർ ആക്കുന്നതിനുവേണ്ടി 206 ഏക്കർ ഭൂമി ഏറ്റെടുക്കുന്നുണ്ട്. ശ്രീ. സണ്ണി ജോസഫ് സൂചിപ്പിച്ച 4000 മീറ്റർ റൺവേ എന്നത് ഇൻഡ്യയിൽ ബാംഗ്ലൂർ, ഹൈദ്രാബാദ്, ഡൽഹി എയർപോർട്ടുകൾക്ക് മാത്രമാണുള്ളത്. 20 കൊല്ലം പൂർത്തിയാക്കുന്ന നെടുമ്പാശ്ശേരി എയർപോർട്ടിലെ റൺവേയുടെ നീളം 3400 മീറ്ററാണ്. ഇൻഡ്യയിലെ മറ്റെല്ലാ എയർപോർട്ടുകൾക്കും 3400 മീറ്റർ റൺവേയാണുള്ളത്. മംഗലാപുരം എയർപോർട്ടിന് 2400 മീറ്റർ റൺവേയാണുള്ളത്. അതുപോലെ കരിപ്പൂരിൽ 2700 മീറ്റർ റൺവേയാണ്. 3400 മീറ്റർ റൺവേ തന്നെ വലിയ വിമാനങ്ങൾ ഇറങ്ങുന്നതിന് പര്യാപ്തമാണ്. 777, 747 വിമാനങ്ങൾ ഒരു ബുദ്ധിമുട്ടുമില്ലാതെ 3400 മീറ്റർ റൺവേയിൽ ഇറങ്ങാൻ സാധിക്കും. 3400 മീറ്റർ റൺവേയിൽ എയർബസ് 380 കൂടി ഇറങ്ങാൻ സാധിക്കും. 4000 മീറ്റർ റൺവേ കൊണ്ട് 25 കൊല്ലത്തിനിടയിൽ ഒരു പ്രയോജനവും ഉണ്ടാകാൻ പോകുന്നില്ല. അതുകൊണ്ട് 4000 മീറ്റർ റൺവേ വേണമെന്നുള്ള വാദം നിരർത്ഥകമാണെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഏതായാലും 4000 മീറ്റർ വേണമെന്നുള്ള ഒരു പ്രചരണം അവിടെ നടക്കുന്നുണ്ട്. സമയബന്ധിതമായി

ഇതിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിച്ചു കൊണ്ടിരിക്കുകയാണ്.

## 2. കയർമേഖല നേരിടുന്ന പ്രതിസന്ധി

ഡോ. ടി. എം. തോമസ് ഐസക് : സർ, നിയമസഭ തുടങ്ങിയതിനു ശേഷം മിക്കവാറും എല്ലാ സമ്മേളനങ്ങളിലും ബഹുമാനപ്പെട്ട ചേർത്തല അംഗം ശ്രീ. പി. തിലോത്തമനോ അല്ലെങ്കിൽ ഞാനോ കയറിന്റെ വിഷയം അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരാറുണ്ട്. ചില കാര്യങ്ങൾ നടന്നിട്ടില്ല എന്നുള്ളതല്ല പക്ഷേ, ഓരോ മാസം കഴിയുന്തോറും പ്രശ്നം കൂടുതൽ ഗൗരവത്തിൽ ആയിക്കൊണ്ടിരിക്കുകയാണ്. ഇന്നത്തെ പ്രശ്നത്തിന്റെ ഗൗരവം അങ്ങേയ്ക്കും മറ്റെല്ലാവർക്കും അറിയാവുന്ന കാര്യമാണ്. നമ്മുടെ പരമ്പരാഗത വ്യവസായമായ കയർ, തമിഴ്നാട്ടിലെയും മറ്റും യന്ത്രവത്കൃത മേഖലയുമായി കടുത്ത മത്സരം നേരിട്ടുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് അടിയന്തരമായി ഈ വ്യവസായത്തെ ആധുനികവൽക്കരിക്കണമെന്നുള്ള കാര്യത്തിൽ തർക്കമില്ല. അതിന് കുറച്ചു സമയമെടുക്കും. അപ്പോൾ നിലവിലുള്ള തൊഴിലാളികളുടെ കൂലിയും തൊഴിലും സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുണ്ട്. നാളെ ഈ പ്രശ്നം വരുന്നില്ല. എന്തുകൊണ്ടെന്നാൽ പുതിയ തലമുറയിലുള്ളവർ ഈ തൊഴിലിന് വരികയില്ല. പക്ഷേ, ചില ദൗർഭാഗ്യവാന്മാരായവർ ഇപ്പോൾ ഈ മേഖലകളിൽ പണിയെടുക്കുന്നുണ്ട്. അവരെ സംരക്ഷിക്കാനുള്ള ചുമതല നമ്മൾ ഏറ്റെടുക്കണം. ഇത് കയറിനുമാത്രമല്ല, ബീഡി, കൈത്തറി തുടങ്ങി എല്ലാ പരമ്പരാഗത മേഖലകളിലും സ്വീകരിക്കേണ്ട ഒരു സംരക്ഷണ നയമാണ്. ഇതു സംബന്ധിച്ച് സമരങ്ങളും പ്രക്ഷോഭങ്ങളുമുണ്ടായി ഒരു ധാരണയിലെത്തിയെങ്കിലും ഒത്തുതീർപ്പുകൾ ഫലപ്രദമായി നടപ്പാക്കുന്നില്ല എന്നുള്ളതാണ് എന്റെ ആക്ഷേപം. അതിൽ ഒന്നാമത്തെ കാര്യം, പിരിച്ച കയർ സംഭരിക്കപ്പെടുന്നില്ല. ഇങ്ങനെ സംഭരിക്കപ്പെടാതിരിക്കുന്നതിന് രണ്ട് കാരണങ്ങളുണ്ട്. ഒന്ന്, അതിന് വില നിശ്ചയിക്കാൻ വില നിർണ്ണയ കമ്മിറ്റിയുണ്ട്. ഉല്പാദന ചെലവ് നോക്കി വില നിർണ്ണയിക്കാമെന്നാണ് തീരുമാനിച്ചിരുന്നത്. എന്നാൽ അതിന് കഴിയില്ല. അതുകൊണ്ട് കൊടുത്താൽ നഷ്ടമാണ്, പ്രവർത്തിച്ചുകഴിഞ്ഞാൽ നഷ്ടത്തിലാകുന്നു. രണ്ട്, ഇനി ആരെങ്കിലും കൊടുത്ത് സംഭരിച്ചു കഴിഞ്ഞാൽ കയർഫെഡിന് ഇപ്പോൾ രണ്ടുമാസത്തെ കുടിശ്ശികയുണ്ട്. ഇതിനുമുമ്പ് ഇറക്കിയ കയറിനും ഭാഗീകമായി ഇനിയും പണം ബാക്കി നിൽക്കുന്നു എന്നുള്ളതാണ് അവസ്ഥ. ഇതാണ് ഏറ്റവും ഗൗരവമായിട്ടുള്ള പ്രശ്നം. അടിയന്തരമായി വില നിർണ്ണയിച്ച് കയർ സംഭരിക്കുന്നതിനുള്ള നടപടി അങ്ങ് സ്വീകരിക്കേണ്ടതുണ്ട്. മറ്റൊന്ന്, സർക്കാർ തൊണ്ടുസംഭരണത്തിനുവേണ്ടി ഒരു നല്ല സ്കീം കൊണ്ടുവന്നു. തൊണ്ടിന് ഒരു രൂപ ഇരുപത്തേഴ് പൈസ വരെ സബ്സിഡി ലഭ്യമാക്കുന്ന ഒരു സ്കീമാണത്.

ദൗർഭാഗ്യവശാൽ അത് നടപ്പായിട്ടില്ല എന്നുള്ളതാണ് സത്യം. ഇതിൽ രണ്ട് കാര്യങ്ങളാണുള്ളത്. ഒന്ന്, തൊണ്ട് സംഭരിച്ചാൽ മാത്രമേ പൈസ കിട്ടുകയുള്ളൂ. പക്ഷേ, അതിനുള്ള റിവോൾവിംഗ് ഫണ്ട് നിലവിലുള്ള സംഘങ്ങൾക്ക് കൊടുക്കുന്നില്ല. വർക്കിംഗ് ക്യാപ്പിറ്റൽ അവർക്ക് ലഭ്യമാക്കിയിട്ടില്ല. ഇവ സംഭരിച്ചു കഴിഞ്ഞാൽതന്നെ തെക്കൻപ്രദേശങ്ങളിൽ ഇപ്പോഴും തൊണ്ട് വെള്ളത്തിലിട്ട് ചീയിച്ചാണ് ചകിരിയാക്കുന്നത്. എന്നാൽ പച്ചത്തൊണ്ടിന്റെ ചകിരി എടുത്താൽ മാത്രമേ ഇതിന് സബ്സിഡി ലഭിക്കുകയുള്ളൂ. 7,000 രൂപയാണ് ആകെ ഈയിനത്തിൽ തിരുവനന്തപുരം ജില്ലയിൽ നൽകിയിട്ടുള്ളതെന്നതാണ് കണക്കുകളിൽ നിന്നും മനസ്സിലാകുന്നത്. ചിറയിൻകീഴിൽ ഇതിന്റെയൊരു സ്പെഷ്യൽ പ്രോജക്ടുള്ളതാണ്. അതുകൊണ്ട് ഈ തൊണ്ട് സംഭരണ പരിപാടി അവലോകനം ചെയ്ത് അത് ഫലപ്രദമായി നടപ്പാക്കുന്നതിനാവശ്യമായ റിവോൾവിംഗ് ഫണ്ടും മറ്റും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. മറ്റൊന്ന് യന്ത്രങ്ങളുടെ കാര്യമാണ്. സാമാന്യം നല്ല രീതിയിലുള്ള തൊണ്ടുതല്ലുയന്ത്രം ഇപ്പോൾ വന്നിട്ടുണ്ട്. അതുപോലെ ഇന്നിപ്പോൾ കയർ പിരിക്കാനുള്ള പിരിയന്ത്രങ്ങൾ ഉല്പാദനക്ഷമത കൂട്ടുന്നതാണ്. പക്ഷേ, ഇതൊന്നും നൽകപ്പെടുന്നില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. എത്രയോ സംഘങ്ങളിലുള്ളവർ ഞങ്ങൾക്ക് തൊണ്ടുതല്ലുന്ന യന്ത്രം വേണം, വാങ്ങിത്തരുമോ എന്ന് ചോദിച്ചുകൊണ്ട് എന്നെ സമീപിക്കുന്നവരുണ്ട്. ചേർത്തലയിൽ ഇപ്പോൾ സംഘർഷം ഉണ്ടായത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടു കാണുമെന്ന് കരുതുന്നു. അവിടെ സ്വകാര്യ മേഖലയിൽ പൊള്ളാച്ചിയിലുള്ള യന്ത്രങ്ങൾ വന്നു. ഒരു യന്ത്രം 40 പേരുടെ പണി കളയുമെന്നൊക്കെയാണ് പറയുന്നത്. അതുകൊണ്ട് അവിടെ റാട്ട്-ൽ  പിരിക്കുന്നവരുടെ കയർ, വൈക്കം കയർ ഫാക്ടറികൾ വാങ്ങുന്നില്ല. ഇത് ഗൗരവമായിട്ടുള്ള പ്രശ്നമായി മാറി, യന്ത്രക്കയർ തടയുന്നതിലേയ്ക്കുവരെ എത്തി ചേർന്നിരിക്കുകയാണ്. അതങ്ങനെ വന്നാൽ ഫാക്ടറി മേഖലയിലും സ്തംഭനം ഉണ്ടാകുമെന്നുള്ളതുകൊണ്ട് അതൊരു കോഷ്യസായിട്ടുള്ള പോളിസിയിലാണ് നിൽക്കുന്നത്. അടിയന്തരമായി ആ പ്രദേശത്ത്, സഹകരണ സംഘങ്ങളിൽ യന്ത്രക്കയർ പിരിക്കാനുള്ള യന്ത്രങ്ങൾ നല്കുന്നതിനുള്ള നടപടി അങ്ങ് സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഫാക്ടറി മേഖലയിൽ ഒത്തുതീർപ്പ് വ്യവസ്ഥകൾ നടപ്പാക്കുന്നില്ല. ഡി.സി. മില്ലിലെ നീണ്ട സമരത്തിനു ശേഷം ലേബർ കമ്മീഷണർ വിളിച്ച യോഗത്തിൽ രണ്ടുമാസത്തിനുള്ളിൽ തൊഴിലാളി ക്കർഹതപ്പെട്ട ഗ്രാറ്റുവിറ്റിയും മറ്റ് കാര്യങ്ങളും നൽകി പിരിഞ്ഞു പോകാൻ അനുവദിക്കും എന്നുപറഞ്ഞിട്ട് മാസം ആറായി. ഇത്തരത്തിലുള്ള പ്രശ്നങ്ങൾ വരുന്നത് ഈ മേഖലയിൽ സംഘർഷങ്ങൾക്കിടയാക്കുന്നു. ക്ഷേമ പ്രവർത്തനങ്ങളെക്കുറിച്ച് പറയുന്നില്ല, ഞാൻ പറയുന്ന അടിസ്ഥാനപരമായിട്ടുള്ള കാര്യങ്ങളെല്ലാം ചെയ്യാൻ പറ്റിയില്ലെങ്കിലും അടിയന്തരമായി ഒന്നിടപെട്ട് കാര്യങ്ങൾ ചെയ്തില്ലെങ്കിൽ ഈ വ്യവസായം ഏതാനും മാസങ്ങൾക്കുള്ളിൽ

നിശ്ചലമാകുന്ന ഒരവസ്ഥയാണ് ഉള്ളത്.

11.00 AM]

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, കയർ മേഖലയിലെ പ്രതിസന്ധി വിലയിരുത്തി അപ്പപ്പോൾ പരിഹരിക്കുന്നതിന് സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. ചകിരിയുടെ ദൗർലഭ്യം കയർ മേഖല നേരിടുന്ന ഒരു പ്രധാനപ്പെട്ട പ്രശ്നമാണ്. കയർ മേഖലയ്ക്കാവശ്യമായ ചകിരിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് നിലവിലുണ്ടായിരുന്ന പദ്ധതിയിൽ സമഗ്ര മാറ്റം വരുത്തി 'തൊണ്ട് സംഭരണവും ചകിരി ഉൽപ്പാദനവും' എന്ന ഒരു പുതിയ പദ്ധതി നടപ്പാക്കുന്നതിന് സർക്കാർ അംഗീകാരം നൽകിക്കഴിഞ്ഞു. പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചുവരികയാണ്. ഇതിന്റെ ഭാഗമായി പദ്ധതിയിലെ മാനദണ്ഡങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ആനുകൂല്യങ്ങൾ നൽകുന്നതിനായി 1.65 കോടി രൂപ അനുവദിച്ചുകഴിഞ്ഞു. കൂടാതെ നാളികേര വികസനബോർഡുമായി ബന്ധപ്പെട്ട് 102.79 ലക്ഷം രൂപയുടെ പ്രോജക്ടിന് സർക്കാർ അനുമതി നൽകിക്കഴിഞ്ഞിട്ടുണ്ട്. കയർ മേഖലയിലെ ചകിരി ദൗർലഭ്യം പരിഹരിക്കുന്നതിന് സർക്കാർ 2013-14-ൽ കയർഫെഡ്-ന് സബ്സിഡിയായി 4.86 കോടി രൂപ നൽകുകയും കയർഫെഡ് 59,790 ക്വിന്റൽ ചകിരി വാങ്ങി സംഘങ്ങൾക്ക് നൽകുകയും ചെയ്തു. ഗവൺമെന്റ് സ്വീകരിച്ച ശക്തമായ നടപടികളുടെ ഫലമായി ചകിരി ദൗർലഭ്യം ഒരു പരിധി വരെ പരിഹരിക്കാനും ചകിരി വില കിലോയ്ക്ക് 17 രൂപയായി കുറയ്ക്കുവാനും കഴിഞ്ഞു. അർഹമായ എല്ലാ സംഘങ്ങൾക്കും പുനരുദ്ധാരണ പദ്ധതി പ്രകാരം 2011-12, 2012-13, 2013-14, 2014-15 എന്നീ വർഷങ്ങളിൽ യഥാക്രമം 9,54,73,406 രൂപ, 8,96,92,648 രൂപ, 1,45,25,260 രൂപ, 15,84,250 രൂപ എന്നിങ്ങനെ പ്രവർത്തന മൂലധനമായി അനുവദിച്ചിട്ടുണ്ട്. കയർപിരി സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിന് 2011-12-ൽ 1,27,50,175 രൂപയും 2012-13-ൽ 2,07,59,149 രൂപയും 2013-14-ൽ 11,20,75,971 രൂപയും 2014-15 സാമ്പത്തിക വർഷത്തിൽ 10,44,66,655 രൂപയും അനുവദിച്ചു. നടപ്പുവർഷം ഈയിനത്തിൽ സംഘങ്ങൾക്ക് 3,53,85,775 രൂപ അനുവദിക്കുന്നതിനുള്ള ഭരണാനുമതിയും കൂടാതെ 61,37,463 രൂപ അനുവദിച്ചുകൊണ്ടുള്ള ഫണ്ട് റിലീസിംഗിനും ഉത്തരവ് ലഭിച്ചിട്ടുണ്ട്. കയർപിരി-ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർ തന്നെ നൽകുന്ന രീതിയിൽ 'ഇൻകം സപ്പോർട്ട് സ്കീം' നടപ്പിലാക്കിവരുന്നു. കയർപിരി-കയറുൽപ്പന്ന മേഖലയിലെ കുറഞ്ഞ കൂലി യഥാക്രമം 300 രൂപയും 500 രൂപയുമായി വർദ്ധിപ്പിച്ചു. കയർ സംഭരിച്ചതിൽ സംഘങ്ങൾക്ക് കയർഫെഡ് നൽകാനുള്ള മുഴുവൻ തുകയും യഥാസമയം നൽകുന്നതിനും സംഘങ്ങളിൽ

സ്റ്റോക്കുള്ള കയർ സംഭരിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കയർ സംഭരണത്തിനായി ഈ സർക്കാർ കയർഫെഡിന്റെ പ്രവർത്തന മൂലധനമായി 18.537 കോടി രൂപ അനുവദിച്ചു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലയളവിൽ കയർഫെഡ് 1,42,150 ക്വിന്റൽ കയർ സംഭരിച്ചപ്പോൾ ഈ ഗവൺമെന്റിന്റെ കാലയളവിൽ കയർഫെഡ് ഇതുവരെ 3,01,553 ക്വിന്റൽ കയർ സംഭരിച്ചു കഴിഞ്ഞിട്ടുണ്ട്. 'ക്രയ വില സ്ഥിരതാ പദ്ധതി' (PPS) പ്രകാരമുള്ള ടേണോവർ 2011-12, 2012-13, 2013-14, 2014-15 വർഷങ്ങളിൽ യഥാക്രമം 5093.82 ലക്ഷം രൂപയും 5996.15 ലക്ഷം രൂപയും 8749.98 ലക്ഷം രൂപയും 9628.90 ലക്ഷം രൂപയും വർദ്ധിപ്പിച്ചു. കയർ മേഖലയിൽ ആധുനിക രീതിയിലുള്ള യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. കയർ മേഖലയിൽ ആധുനിക രീതിയിലുള്ള എല്ലാവിധ മെഷീനുകളും നിർമ്മിക്കുന്നതിന് കയർ മെഷീൻ ഫാക്ടറി ആലപ്പുഴയിൽ പ്രവർത്തനം ആരംഭിച്ചു. കയർ പൊതുമേഖലാ സ്ഥാപനങ്ങളിലേയും കയർഫെഡിന്റേയും ആഭ്യന്തര-വിദേശ വിപണനം വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. കടാശ്വാസ പദ്ധതിയിൻകീഴിൽ ആറുമാസത്തെ മൊറട്ടോറിയം പ്രഖ്യാപിച്ച് ഉത്തരവായിട്ടുണ്ട്. ചെറുകിട ഉൽപ്പാദകസംഘങ്ങൾക്കും മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങൾക്കും ആവശ്യമായ കയർ, കയർപിരി സംഘങ്ങളിൽ നിന്നും കയർഫെഡ് സംഭരിച്ച് നൽകുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കാര്യക്ഷമമായി പ്രവർത്തിക്കുന്ന കയർ സഹകരണ സംഘങ്ങൾക്ക് പ്രവർത്തന മൂലധനം നൽകുന്നതിനും കയർ കടാശ്വാസ പദ്ധതി വീണ്ടും നടപ്പിലാക്കുന്നതിനുമുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. ബഹുമാനപ്പെട്ട അംഗം ആധുനികവൽക്കരണത്തിന്റെ കാര്യം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ആധുനിക വൽക്കരണത്തിന്റെ ഭാഗമായി എല്ലാ സഹകരണ സംഘങ്ങളും ആവശ്യപ്പെടുന്നത് അനുസരിച്ച് ഡീഫൈബറിംഗ് മെഷീൻ, ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ എന്നിവയുൾപ്പെടെ നൽകാൻ തയ്യാറാണ്. പല സംഘങ്ങളും അപേക്ഷ നൽകിയിട്ടുണ്ട്. അപേക്ഷ നൽകിയതിന്റെ അടിസ്ഥാനത്തിൽ അതൊക്കെ അനുവദിച്ചുകൊടുക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതുപോലെ ഉൽപ്പാദിപ്പിച്ച കയർ സംഭരിക്കുന്നില്ലെന്ന് ബഹുമാനപ്പെട്ട അംഗം ഇവിടെ പറയുകയുണ്ടായി. മുൻപ് നമ്മൾ ഒരു ചർച്ച നടത്തിയ അവസരത്തിൽ അങ്ങ് ഇക്കാര്യം ആവശ്യപ്പെട്ടതനുസരിച്ച് അന്ന് സംഭരിച്ചുവച്ചിരുന്ന മുഴുവൻ കയറും ഏറ്റെടുക്കുകയുണ്ടായി. അതുകൊണ്ടാണ് 3,01,553 ക്വിന്റൽ കയർ സംഭരിച്ചു എന്നുള്ള കണക്ക് കയർഫെഡിൽനിന്നും എടുക്കാൻ കഴിഞ്ഞത്. കൂടുതൽ സംഭരണം നടക്കുന്നുണ്ട് എന്നുള്ളത് ഒരു സത്യാവസ്ഥയാണ്. തൊണ്ട് സംഭരിക്കുന്ന സഹകരണ സംഘങ്ങൾക്ക് പ്രോത്സാഹനം എന്നുള്ള നിലയിൽ 2 ലക്ഷം രൂപ റിവോൾവിംഗ് ഫണ്ട് കൊടുക്കാൻ സർക്കാർ തയ്യാറാണ്. പക്ഷേ തൊണ്ട് സംഭരണം കൃത്യമായി നടത്തണം. അങ്ങ് സൂചിപ്പിച്ച ചില സഹകരണ സംഘങ്ങളുടെ കാര്യങ്ങൾ

എടുത്തുപറഞ്ഞാൽ, ഞാൻ നേരിട്ട് പോയി പരിശോധന നടത്തിയ ചിറയിൻകീഴ് പോലെയുള്ള മേഖലകളിൽ സർക്കാർ പണം അനുവദിച്ചിട്ടുപോലും തൊഴിൽ കൊടുക്കുന്നതിന് തയ്യാറാകാതെ ഫണ്ട് ബാങ്കിൽ നിക്ഷേപിച്ച സഹകരണ സംഘങ്ങളുണ്ട്. അത്തരം സംഘങ്ങൾക്ക് പ്രോത്സാഹനം കൊടുക്കാൻ കഴിയുമോയെന്ന് കൂടി ആലോചിക്കണം. തൊഴിലാളികൾക്ക് തൊഴിൽ കൊടുക്കുന്നതിനു വേണ്ടിയാണ് ഗവൺമെന്റ് ബഡ്ജറ്റിൽ തുക വകകൊള്ളിച്ചുകൊണ്ട് ഇത്തരം പദ്ധതികൾ ആസൂത്രണം ചെയ്യുന്നത്. പക്ഷേ തൊഴിലാളികൾക്ക് ന്യായമായി തൊഴിൽ ലഭ്യമല്ലാത്ത സാഹചര്യം ചിലയിടങ്ങളിലെങ്കിലുമുണ്ട്. ചില ആളുകൾ മനഃപൂർവ്വമായി ചെയ്യുന്നു എന്നു ഞാൻ പറയുകയല്ല. അത്തരം സംഘങ്ങളെ പ്രോത്സാഹിപ്പിക്കാൻ കഴിയില്ല. തൊഴിൽ കൊടുക്കുന്ന സംഘങ്ങൾക്ക് അവശ്യം വേണ്ടുന്ന എല്ലാ പ്രോത്സാഹനവും കൊടുത്ത് ഈ പരമ്പരാഗത വ്യവസായത്തെ പിടിച്ചുനിർത്തുന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമെന്ന് ഈ സഭയിൽ പറയാൻ ആഗ്രഹിക്കുന്നു

ഡോ. ടി. എം. തോമസ് ഐസക്: സർ, വിലനിർണ്ണയ കമ്മിറ്റി യോഗം ചേർന്ന് ഉൽപ്പാദനച്ചെലവിലധിഷ്ഠിതമായ വില നിർണ്ണയിക്കുന്നതിന് നിർദ്ദേശം നൽകുമോ; കയർ കയറ്റിയിറക്ക് സംഘങ്ങൾക്ക് നൽകാനുള്ള രണ്ടുമാസത്തെ കുടിശ്ശിക അടിയന്തരമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. അടൂർ പ്രകാശ്: സർ, വില നിർണ്ണയക്കമ്മിറ്റി വിളിച്ചു ചേർക്കുന്നതിനാവശ്യമായ നിർദ്ദേശം നൽകുന്നതാണ്. അതുപോലെ സംഘങ്ങൾക്ക് കുടിശ്ശിക നൽകാനുണ്ടെങ്കിൽ അത് പരിശോധിച്ച് അതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകുന്നതാണ്.

## IV സബ്മിഷൻ

### 1. പുതുതായി ആരംഭിച്ച മെഡിക്കൽകോളേജുകളുടെ ഏറ്റെടുക്കൽ

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ): സർ, കേരളത്തിലെ എല്ലാ ജില്ലകളിലും മെഡിക്കൽ കോളേജുകൾ ആരംഭിക്കുമെന്ന കപട വാഗ്ദാനമാണ് ഈ സർക്കാർ നൽകിയത്. നിലവിലുള്ള എല്ലാ താലൂക്ക് ആശുപത്രികളുടേയും മുന്നിൽ മെഡിക്കൽ കോളേജ് എന്ന ബോർഡ് തൂക്കിയതല്ലാതെ യാതൊരു നടപടിയും പൂർത്തീകരിച്ചിട്ടില്ല. നിലവിലുള്ള മെഡിക്കൽ കോളേജുകളുടെ പ്രവർത്തനം അവതാളത്തിലായി എന്നതാണ് ഈ നടപടിമൂലമുണ്ടായിട്ടുള്ളത്. മഞ്ചേരി, ഇടുക്കി, പാലക്കാട് എന്നിവയാണ് അഡ്മിഷൻ നടക്കുന്ന പുതിയ കോളേജുകൾ. കാസർഗോഡും, വയനാട്ടിലും മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിനായി ഓരോ കല്ല് ഇട്ടിട്ടുണ്ട്. കോന്നിയിലും തിരുവനന്തപുരത്തെ ജനറൽ ആശുപത്രിക്കും ഓൾ ഇന്ത്യാ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ലഭിച്ചിട്ടില്ല. പക്ഷേ അവിടെ ഓരോ സ്ഥലത്തും അറുപതോളം ഡോക്ടർമാരേയും മറ്റ് സ്റ്റാഫിനേയും നിയമിച്ച് കോടിക്കണക്കിന് രൂപ

ശമ്പളം നൽകിക്കൊണ്ടിരിക്കുകയാണ്. ഇവിടെ നിയമിച്ച വിദഗ്ദ്ധന്മാരായ ഡോക്ടർമാർ രാവിലെ അവിടെ വന്ന് ഈച്ചയടിച്ചിരിക്കുകയാണ്. അവർക്ക് യാതൊരു ജോലിയുമില്ല. ഇരിക്കാൻ കസേര പോലുമില്ല. ജോലി ചെയ്യാതെ ലക്ഷക്കണക്കിന് രൂപ ശമ്പളം പറ്റാൻ സർക്കാർ അവസരമൊരുക്കിയിരിക്കുകയാണ്. അതേസമയം, പ്രവർത്തിക്കുന്ന മഞ്ചേരി, ഇടുക്കി, പാലക്കാട് എന്നീ മെഡിക്കൽ കോളേജുകളിൽ ആവശ്യത്തിന് ഡോക്ടർമാരും സ്റ്റാഫുകളും കെട്ടിടങ്ങളുമില്ല. അവിടെ അഡ്മിഷൻ ലഭിച്ച കുട്ടികൾക്ക് ഇരിക്കാൻ ബഞ്ചുപോലുമില്ലാതെ കറങ്ങിനടക്കുകയാണ്. ഇത്രയും വലിയൊരു കെടുകാര്യസ്ഥത കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമാണ്. സർക്കാരിന്റെ കീഴിലുള്ള മെഡിക്കൽ വിദ്യാഭ്യാസം ആന കയറിയ കരിമ്പിൻകാടുപോലെ ആരോഗ്യ വകുപ്പുമന്ത്രി ചവിട്ടി മെതിച്ചിട്ടിരിക്കുകയാണ്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് പാരിപ്പള്ളിയിൽ ഒരു ഇ.എസ്.ഐ. മെഡിക്കൽ കോളേജ് സ്ഥാപിക്കാൻ തീരുമാനിക്കുകയുണ്ടായി. 2012-ൽ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരത്തോടുകൂടി അതിന്റെ പ്രവർത്തനം ആരംഭിക്കാനുള്ള എല്ലാ നടപടികളും ആരംഭിച്ചതാണ്. ഇതിനുവേണ്ടി 540 കോടി രൂപയാണ് ഇ.എസ്.ഐ. കോർപ്പറേഷൻ അനുവദിച്ചത്. ബി.ജെ.പി. സർക്കാർ അധികാരത്തിൽ വന്നപ്പോൾ മെഡിക്കൽ കോളേജുകൾ ഇ.എസ്.ഐ. കോർപ്പറേഷൻ നടത്തേണ്ടതില്ലെന്ന് തീരുമാനിച്ചു. തൊഴിലാളികളുടെ പണം മുടക്കി അവർക്ക് സൗജന്യചികിത്സ ലഭിക്കുന്നതിനു വേണ്ടി ആരംഭിച്ച ഇ.എസ്.ഐ. മെഡിക്കൽ കോളേജ് ഇപ്പോൾ ത്രിശങ്കു സ്വർഗ്ഗത്തിലാണ്. അത് സർക്കാർ ഏറ്റെടുക്കുമെന്ന് പറഞ്ഞിരുന്നെങ്കിലും തൊഴിലാളികൾക്ക് കിട്ടേണ്ട ആനുകൂല്യം സംബന്ധിച്ച് ഒരു ഉറപ്പും നൽകാൻ സർക്കാർ തയ്യാറായിട്ടില്ല. ഒരു യോഗംപോലും വിളിക്കാൻ ഇതുവരെ ആരോഗ്യ വകുപ്പുമന്ത്രിക്ക് സമയം ലഭിച്ചിട്ടില്ല. കേരളത്തിൽ പുതുതായി ആരംഭിച്ച മെഡിക്കൽ കോളേജുകളുടെ നടത്തിപ്പ് സംബന്ധിച്ച് വലിയ അസംതൃപ്തി നിലനിൽക്കുന്ന സാഹചര്യത്തിൽ ഞാൻ ചൂണ്ടിക്കാണിച്ച കാര്യങ്ങൾ സംബന്ധിച്ച് ഒരു ഉന്നതതല അന്വേഷണം നടത്തണമെന്ന് ശക്തിയായി ആവശ്യപ്പെടുകയാണ്.

## V ക്രമപ്രശ്നം

### പ്രസംഗത്തിലെ ഭാഗങ്ങൾ സഭാരേഖയിൽനിന്നും നീക്കം ചെയ്യൽ

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, ഒരു ചെറിയ കാര്യം കൂടി എനിക്ക് പറയാനുണ്ട്. ചട്ടം 303 പ്രകാരം ക്രമപ്രശ്നമായി ഈ വിഷയം സഭയിൽ ഉന്നയിക്കുന്നതിന് അനുവാദം നൽകണമെന്ന് ഞാൻ ബഹുമാനപ്പെട്ട സ്പീക്കറോട് അഭ്യർത്ഥിക്കുന്നു.

2015 ഡിസംബർ 3-ാം തീയതി സഭയിൽ പ്രതിപക്ഷം സോളാർ കോഴവിവാദം സംബന്ധിച്ച് കൊണ്ടുവന്ന അടിയന്തരപ്രമേയ ചർച്ചയിൽ എന്റെ പ്രസംഗത്തിലെ പലഭാഗങ്ങളും സഭാരേഖയിൽനിന്നും നീക്കം ചെയ്തിരിക്കുന്നു. ഞാൻ സഭയിൽ ചെയ്ത പ്രസംഗത്തിന് വ്യക്തിപരമായി വിശദീകരണങ്ങൾ മന്ത്രിമാരും എം.എൽ.എ.മാരും നൽകിയതാണ്. ആ സമയം സഭയിൽ ഉണ്ടായിരുന്ന ശ്രീമാൻ സി. പി. മുഹമ്മദ് എം.എൽ.എ. എന്റെ പ്രസംഗത്തിൽ എന്തോ അസംബന്ധമുണ്ടെന്ന് പറയുകയും ബഹുമാനപ്പെട്ട സ്പീക്കർ അത് പരിശോധിക്കാമെന്ന് പറയുകയും ചെയ്യുകയുണ്ടായി. ചട്ടം 307-ൽ പറയുന്നതു പോലെ അസഭ്യമോ സഭ്യേതരമോ ആയ പദപ്രയോഗങ്ങൾ ഏതെങ്കിലും ഒരെണ്ണം എന്റെ പ്രസംഗത്തിൽ അങ്ങേയ്ക്ക് ചൂണ്ടിക്കാണിക്കാൻ കഴിയുമോ? അങ്ങ് സ്വതന്ത്രവും നീതിപൂർവ്വവുമായ തീരുമാനങ്ങളാണ് കൈക്കൊള്ളേണ്ടത്. അല്ലാതെ ഭരണപക്ഷം ആവശ്യപ്പെട്ടതനുസരിച്ച് എന്റെ പ്രസംഗത്തിന്റെ സിംഹഭാഗവും നീക്കിയത് ശരിയായ നടപടിയല്ല. സഭാനാഥന്റെ തീരുമാനം പക്ഷപാതപരമായിരിക്കാൻ പാടില്ല, സമചിത്തതയും സമഭാവനയും ഉള്ളതാകണം. ജനവികാരമാണ് പ്രതിപക്ഷം സഭയിൽ പ്രകടിപ്പിക്കുന്നത്. പ്രതിപക്ഷത്തിന്റെ പ്രസംഗങ്ങൾ കത്രികക്കിരയാക്കി സഭാരേഖയിൽനിന്ന് ഒഴിവാക്കുന്നത് നിഷ്പക്ഷനായ സഭാനാഥന് ഭൂഷണമല്ല. അതുകൊണ്ട് അങ്ങ് മനസ്സിരുത്തി എന്റെ പ്രസംഗം മുഴുവൻ വായിച്ചു നോക്കണമെന്നും അതിൽ അസഭ്യമോ സഭ്യേതരമോ ആയ ഏതെങ്കിലും പദം ഉണ്ടോയെന്നും ചൂണ്ടിക്കാണിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്, അങ്ങ് ഈ സമയത്ത് സബ്മിഷനാണ് ഇവിടെ ഉന്നയിക്കാനുള്ളത്. ഇങ്ങനെ ഒരു വിഷയമുണ്ടെങ്കിൽ അങ്ങേയ്ക്ക് പ്രത്യേക സമയം അനുവദിക്കുമായിരുന്നു. സബ്മിഷന്റെ കൂടെ ഈ വിഷയം വേണ്ടായിരുന്നു.

<u>ശ്രീ. വി. എസ്. അച്ചുതാനന്ദൻ</u>: ഒരു ചെറിയ കാര്യം കൂടി പറഞ്ഞുവെന്ന് മാത്രമേയുള്ളൂ. ഞാൻ അവതരിപ്പിച്ച സബ്മിഷനാണ് ഏറ്റവും പ്രധാനം.

## സബ്മിഷൻ (തുടർച്ച)

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (<u>ശ്രീ. വി. എസ്. ശിവകുമാർ</u>): സർ, കേരളത്തിൽ പുതിയ മെഡിക്കൽ കോളേജുകൾ ആരംഭിച്ചതുമായി ബന്ധപ്പെട്ടുള്ള പ്രശ്നമാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ ഉന്നയിച്ചത്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സർക്കാർ

മേഖലയിൽ 5 മെഡിക്കൽ കോളേജുകൾ മാത്രമാണ് ഉണ്ടായിരുന്നത്. എല്ലാ ജില്ലകളിലും ഒരു സർക്കാർ മെഡിക്കൽ കോളേജ് സ്ഥാപിക്കുക എന്നതാണ് ഈ സർക്കാരിന്റെ നയം. ജില്ലാ ജനറൽ ആശുപത്രികളെ മെഡിക്കൽ കോളേജ് ആക്കി ഉയർത്തണമെന്ന കഴിഞ്ഞ കേന്ദ്ര സർക്കാരിന്റെ അഭിപ്രായമനുസരിച്ച് മറ്റ് പല സംസ്ഥാനങ്ങളും ഇത്തരത്തിലുള്ള നടപടികളുമായി മുന്നോട്ടുപോയിട്ടുണ്ട്. ഇതിന്റെ ഭാഗമായി സർക്കാർ മേഖലയിൽ നേരത്തെ നിലവിലുണ്ടായിരുന്ന 5 മെഡിക്കൽ കോളേജുകൾ കൂടാതെ മഞ്ചേരി, ഇടുക്കി എന്നിവിടങ്ങളിലും എസ്.സി. ഡിപ്പാർട്ടുമെന്റിന്റെ ആഭിമുഖ്യത്തിൽ പാലക്കാടും പുതിയ മെഡിക്കൽ കോളേജുകൾ സ്ഥാപിച്ച് എം.ബി.ബി.എസ്. കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്. കൊച്ചി മെഡിക്കൽ കോളേജ് സംസ്ഥാന സർക്കാർ ഏറ്റെടുത്തു. പാലക്കാട് മെഡിക്കൽ കോളേജിൽ എസ്.സി. വിഭാഗത്തിനുമാത്രമായി 70 ശതമാനം സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്. ഇന്ത്യയിൽ ആദ്യമായാണ് ഇപ്രകാരം എസ്.സി. വിഭാഗത്തിന് 70 ശതമാനം സീറ്റുകൾ സംവരണം ചെയ്തിട്ടുള്ള ഒരു മെഡിക്കൽ കോളേജ് ആരംഭിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സർക്കാർ മേഖലയിലുള്ള മെഡിക്കൽ കോളേജുകളിൽ 900 എം.ബി.ബി.എസ്. സീറ്റുകളാണ് ഉണ്ടായിരുന്നത്. 3 പുതിയ മെഡിക്കൽ കോളേജുകൾ ആരംഭിക്കുകയും എറണാകുളം മെഡിക്കൽ കോളേജ് ആരോഗ്യ വകുപ്പ് ഏറ്റെടുക്കുകയും ചെയ്തതോടുകൂടി സീറ്റുകളുടെ എണ്ണം 900-ൽ നിന്നും 1250 ആയി വർദ്ധിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിലും പുതുതായി മെഡിക്കൽ കോളേജുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

തിരുവനന്തപുരത്തും കോന്നിയിലും മെഡിക്കൽ കോളേജുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരികയാണ്. തിരുവനന്തപുരം ജനറൽ ആശുപത്രി കോമ്പൗണ്ടിൽ പുതിയ മെഡിക്കൽ കോളേജിനുവേണ്ടിയുള്ള കെട്ടിടത്തിന്റെ 70,000 സ്ക്വയർ ഫീറ്റ് സ്ട്രക്ച്ചർ പൂർത്തീകരിച്ചുകഴിഞ്ഞു. 'എ' ബ്ലോക്കിൽ 4 നിലകളും 'ബി' ബ്ലോക്കിൽ 2 നിലകളും 'സി' ബ്ലോക്കിൽ ലക്ച്ചർ ഹാളിന്റെ സ്ട്രക്ച്ചറും 'ഡി' ബ്ലോക്കിൽ 2 നിലകളും പൂർത്തീകരിച്ചു. തിരുവനന്തപുരത്തുള്ള ഈ പുതിയ മെഡിക്കൽ കോളേജിനുവേണ്ടി 190 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ഇതിനകം 35 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. അടുത്ത ബഡ്ജറ്റിൽ ആവശ്യമായ തുക വകയിരുത്തുന്നതാണ്. ഈ മെഡിക്കൽ കോളേജിനുവേണ്ടി 108 തസ്തികകൾ സൃഷ്ടിക്കുകയും ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. ജനറൽ ആശുപത്രി മെഡിക്കൽ കോളേജ് ആയി മാറുമ്പോൾ ഹെൽത്ത് സർവ്വീസിലെ ജീവനക്കാർക്കുള്ള സേവന-വേതന വ്യവസ്ഥകളിൽ യാതൊരുവിധ മാറ്റവും ഉണ്ടാകില്ല. പെരിഫറൽ

ആശുപത്രിയെ ശക്തിപ്പെടുത്തിക്കൊണ്ടാണ് ജനറൽ ആശുപത്രി കോമ്പൗണ്ടിൽ മെഡിക്കൽ കോളേജ് ആരംഭിക്കുന്നത്. പുതിയ മെഡിക്കൽ കോളേജിന്റെ അംഗീകാരത്തിനുവേണ്ടി ഇന്ത്യൻ മെഡിക്കൽ കൗൺസിലിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അടുത്ത വർഷം അവിടെ അഡ്മിഷൻ ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. 108 പോസ്റ്റുകൾ ക്രിയേറ്റ് ചെയ്ത് നിയമനം നടത്തിയത് സംബന്ധിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അവരെ അവിടെ നിയമിച്ചുവെന്നുള്ളത് യാഥാർത്ഥ്യമാണ്. പുതുതായി തുടങ്ങുന്ന ഈ മെഡിക്കൽ കോളേജുകളിൽ മെഡിക്കൽ കൗൺസിലിന്റെ ഇൻസ്പെക്ഷൻ ഏതുസമയത്തും നടക്കും. ഇൻസ്പെക്ഷൻ നടക്കുമ്പോൾ അവിടെ ആവശ്യത്തിന് സ്റ്റാഫ് ഉണ്ടാകുന്നതിനുവേണ്ടിയാണ് ഇങ്ങനെ നിയമിച്ചത്.

കോന്നി മെഡിക്കൽ കോളേജിനായി 352 കോടി രൂപയുടെ ഭരണാനുമതി നൽകി. നബാർഡിൽ നിന്നുള്ള 142 കോടി രൂപയുടെ ധനസഹായം ഉൾപ്പെടെ 156.5 കോടി രൂപ ഇതിനകം അനുവദിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജിനു വേണ്ടി നാലുനില കെട്ടിടം പൂർത്തീകരിച്ചുകഴിഞ്ഞു. 108 തസ്തികകൾ അനുവദിക്കുകയും അംഗീകാരത്തിനായി മെഡിക്കൽ കൗൺസിലിൽ അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. അടുത്ത വർഷം അവിടെ കോഴ്സ് ആരംഭിക്കാൻ കഴിയുന്നതാണ്.

കാസർഗോഡ് മെഡിക്കൽ കോളേജിനുവേണ്ടി 288 കോടി രൂപയുടെ ഭരണാനുമതി നൽകി. 57 കോടി രൂപയുടെ ധനസഹായവും കാസർഗോഡ് പാക്കേജിൽ നിന്ന് 25 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ നടന്നുവരുന്നു.

വയനാട് മെഡിക്കൽ കോളേജിനുവേണ്ടി ചന്ദ്രപ്രഭാ ട്രസ്റ്റ് 50 ഏക്കർ സ്ഥലം സൗജന്യമായി നൽകിയിട്ടുണ്ട്. ഇതിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്. സംസ്ഥാനത്ത് പി.പി.പി. മോഡലിൽ ഹരിപ്പാട് മെഡിക്കൽ കോളേജ് ആരംഭിക്കും. ഇതിനുവേണ്ടി ഒരു പ്രത്യേക കമ്പനി - ഇൻഫ്രാമെഡ് രൂപീകരിച്ച് സ്ഥലം ഏറ്റെടുക്കൽ പൂർത്തിയായിവരുന്നു. നബാർഡ് 89 കോടി രൂപയും സംസ്ഥാന സർക്കാർ 25 കോടി രൂപയും സ്ഥലം ഏറ്റെടുക്കുന്നതിന് അനുവദിച്ചിട്ടുണ്ട്.

ഇടുക്കി, മഞ്ചേരി എന്നിവിടങ്ങളിലെ മെഡിക്കൽ കോളേജുകളിൽ ഇൻഡ്യൻ മെഡിക്കൽ കൗൺസിന്റെ വ്യവസ്ഥകൾക്കനുസരിച്ചുള്ള തസ്തികകൾ സൃഷ്ടിച്ച് നിയമനങ്ങൾ നടത്തി അതിന്റെ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. രണ്ട് മെഡിക്കൽ കോളേജുകളിലുമായി വിവിധ വിഭാഗങ്ങളിലായി 300-ഓളം

തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇടുക്കി മെഡിക്കൽ കോളേജിന് 260 കോടി രൂപയുടെയും മഞ്ചേരി മെഡിക്കൽ കോളേജിന് 160 കോടി രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ ഇടുക്കി മെഡിക്കൽ കോളേജിനുവേണ്ടി നബാർഡ് ധനസഹായം ഉൾപ്പെടെ 99 കോടി രൂപ അനുവദിച്ചുകഴിഞ്ഞു. മഞ്ചേരി മെഡിക്കൽ കോളേജിനുവേണ്ടി 37.5 കോടി രൂപ ഇതിനകം അനുവദിച്ചിട്ടുണ്ട്. വരും വർഷങ്ങളിൽ ആവശ്യമായ തുക അനുവദിക്കുന്നതാണ്. ഇതുപോലെ ഓരോ വർഷവും ഇൻഡ്യൻ മെഡിക്കൽ കൗൺസിലിന്റെ നിബന്ധനയനുസരിച്ചുള്ള തസ്തികകൾ സൃഷ്ടിക്കുകയാണ്. മഞ്ചേരിയിലും ഇടുക്കിയിലും പുതുതായി സ്ഥാപിച്ച മെഡിക്കൽ കോളേജുകൾക്കാണ് യഥാക്രമം കഴിഞ്ഞവർഷവും ഈ വർഷവും അക്കാഡമിക് തലത്തിൽ സംസ്ഥാനത്ത് ഒന്നാം റാങ്ക് ലഭിച്ചത്.

ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ചൂണ്ടിക്കാണിച്ച മറ്റൊരു കാര്യം, പാരിപ്പള്ളിയിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ഇ.എസ്.ഐ. മെഡിക്കൽ കോളേജ് സംബന്ധിച്ചാണ്. ഇ.എസ്.ഐ. കോർപ്പറേഷന്റെ ആവശ്യപ്രകാരം കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അംഗീകരിച്ച ധാരണപ്രകാരം 12-10-2015-ൽ സംസ്ഥാന സർക്കാരും ഇ.എസ്.ഐ. കോർപ്പറേഷനും മെഡിക്കൽ കോളേജ് ഏറ്റെടുക്കുന്നത് സംബന്ധിച്ച് ധാരണാപത്രം ഒപ്പുവച്ചുകഴിഞ്ഞു. 1-1-2015-ൽ ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കേരള കാഷ്യൂ വർക്കേഴ്സ് സെന്ററും മുൻ തൊഴിലാളി സംഘടനകളും ചേർന്ന് ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിലും സർക്കാർ ഇക്കാര്യം ബോദ്ധ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ഹൈക്കോടതി സ്റ്റേ ഒഴിവാക്കി ധാരണാപത്രം ഒപ്പുവയ്ക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടു പോയി. ഇ.എസ്.ഐ. കോർപ്പറേഷനുമായി സർക്കാർ ഒപ്പുവച്ച ധാരണാ പത്രത്തിന്റെ അടിസ്ഥാനത്തിൽ എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് സ്കീമിൽ ഇൻഷ്വർ ചെയ്തിട്ടുള്ള തൊഴിലാളികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും സൗജന്യ ചികിത്സ ഉറപ്പുവരുത്തും. ഈ മെഡിക്കൽ കോളേജിലെ 35 ശതമാനം എം.ബി.ബി.എസ്. സീറ്റുകൾ ഇ.എസ്.ഐ. കോർപ്പറേഷനുകീഴിൽ ഇൻഷ്വർ ചെയ്തിട്ടുള്ള വ്യക്തികളുടെ കുട്ടികൾക്ക് പ്രവേശനം നൽകുന്നതിന് മാറ്റിവയ്ക്കുന്നതാണ്. അവിടെ അടുത്ത വർഷം അദ്ധ്യയനം ആരംഭിക്കാൻ സാധിക്കും. ഇതിനായി മെഡിക്കൽ കൗൺസിലിന്റെ അംഗീകാരത്തിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. മെഡിക്കൽ കൗൺസിൽ നിഷ്കർഷിച്ചിട്ടുള്ളതു പ്രകാരം അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുവേണ്ടി ധനകാര്യ വകുപ്പ് നടപടികൾ സ്വീകരിച്ചു വരികയാണ്.

പരിയാരം മെഡിക്കൽ കോളേജ് ഏറ്റെടുക്കുന്നത് സർക്കാർ തത്വത്തിൽ അംഗീകരിച്ചുകഴിഞ്ഞു. ഇതിനായി മന്ത്രിസഭാ ഉപസമിതിയെ നിയോഗിച്ചിട്ടുണ്ട്. മന്ത്രിസഭാ ഉപസമിതിയുടെ നിർദ്ദേശങ്ങൾ ഉടൻതന്നെ ക്യാബിനറ്റ് പരിഗണിക്കുന്നതാണ്. ഇൻഡ്യൻ മെഡിക്കൽ കൗൺസിലിന്റെ മാനദണ്ഡപ്രകാരമുള്ള സൗകര്യങ്ങളാണ്

ഓരോ വർഷവും പുതിയ മെഡിക്കൽ കോളേജുകൾക്കുവേണ്ടി ഒരുക്കുന്നത്. ചികിത്സാരംഗത്ത് നിലവിലുള്ള 5 മെഡിക്കൽ കോളജുകളുടെ നിലവാരത്തിലേയ്ക്ക് ഇവയെ ഘട്ടംഘട്ടമായി ഉയർത്തിക്കൊണ്ടുവരാൻ കഴിയും. തിരുവനന്തപുരം മെഡിക്കൽ കോളേജിലോ  കോഴിക്കോട് മെഡിക്കൽ കോളേജിലോ ലഭിക്കുന്ന ചികിത്സാ സൗകര്യങ്ങളെല്ലാം ഒരുമിച്ച് പുതിയ മെഡിക്കൽ കൊളേജുകളിൽ കൊടുക്കാൻ കഴിയില്ല. ഘട്ടംഘട്ടമായി ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക എന്നുള്ളതാണ് ഗവൺമെന്റിന്റെ സമീപനം. അത് ചെയ്തുകൊണ്ടിരിക്കുകയാണ്.

ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ലഭിച്ചാൽ മാത്രമേ പുതിയ മെഡിക്കൽ കോളേജുകൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ എന്ന സാഹചര്യമാണുള്ളത്. അതെല്ലാം നമ്മൾ സാറ്റിസ്ഫൈ ചെയ്യുകയാണ്. നമ്മുടെ സംസ്ഥാന രൂപീകരണത്തിനുശേഷം 1953 വരെ 5 മെഡിക്കൽ കോളേജുകൾ മാത്രമാണുണ്ടായിരുന്നത്. നാല് വർഷത്തിനകം 4 പുതിയ മെഡിക്കൽ കോളേജുകൾ ആരംഭിച്ചതിലൂടെ 350 പുതിയ എം.ബി.ബി.എസ്. സീറ്റുകൾ നമുക്ക് ലഭ്യമായിട്ടുണ്ട്. എല്ലാ ജില്ലകളിലും പുതിയ മെഡിക്കൽ കോളേജുകൾ ആരംഭിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. പുതിയ മെഡിക്കൽ കോളേജുകൾ ആരംഭിക്കുമ്പോൾ 1850 സീറ്റുകളിൽക്കൂടി എം.ബി.ബി.എസ്-ന് അഡ്മിഷൻ കൊടുക്കാൻ കഴിയും. മെഡിക്കൽ വിദ്യാഭ്യാസത്തിന്റെ ഒരു ഹബ് ആയി കേരളത്തെ മാറ്റാനാണ് ഉദ്ദേശിക്കുന്നത്. അതിനുള്ള ഫണ്ട് അനുവദിക്കുകയും പോസ്റ്റ് ക്രിയേഷൻ നടത്തുകയും ചെയ്തിട്ടുണ്ട്. ഘട്ടം ഘട്ടമായി കാര്യങ്ങൾ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. മെഡിക്കൽ കോളേജുകൾ ആരംഭിക്കുമ്പോൾ അവിടത്തെ ചികിത്സാ സൗകര്യങ്ങൾ നിലവിലുള്ള മെഡിക്കൽ കോളേജുകളിലേതു പോലെ ആയിത്തീരാൻ കുറച്ച് സമയമെടുക്കും. അതിന് ഘട്ടം ഘട്ടമായി ഓരോ വർഷവും ബഡ്ജറ്റിൽ തുക അനുവദിച്ചുകൊണ്ട് ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക എന്നതാണ് ഗവൺമെന്റിന്റെ സമീപനം.

## 2. പ്രകൃതിക്ഷോഭത്തിനുള്ള മുൻകരുതലുകൾ

ശ്രീ. സി. എഫ്. തോമസ്: സർ, കഴിഞ്ഞ ശനിയാഴ്ച മലയാള മനോരമ പത്രത്തിൽ വന്ന ഒരു പ്രധാനപ്പെട്ട റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. 'ദക്ഷിണേന്ത്യയിൽ പ്രളയ സാധ്യത' എന്നാണ് റിപ്പോർട്ടിന്റെ തലക്കെട്ട്. അതിൽ പറയുന്നത്, "ദക്ഷിണേന്ത്യയിൽ സാധാരണയിൽ കവിഞ്ഞ മഴയും എൽ-നിനോ പ്രതിഭാസംമൂലം വെള്ളപ്പൊക്കവും ഉണ്ടായേക്കുമെന്ന് യു.എൻ. റിപ്പോർട്ട്. നിലവിലുള്ള എൽ-നിനോ അടുത്ത വർഷം ആദ്യം വരെ തുടരും. ഏഷ്യാ പസഫിക്കിലെ എൽ-നിനോ 1998-ൽ

ഉണ്ടായതിനേക്കാൾ ശക്തമായിരിക്കുമെന്നും യു.എൻ. റിപ്പോർട്ടിൽ പ്രത്യേകം പറയുന്നുണ്ട്." തമിഴ്നാട്ടിലെ അനുഭവങ്ങൾ നമ്മൾ കണ്ടതാണ്. ഗവൺമെന്റ് ഇക്കാര്യങ്ങൾ ശ്രദ്ധിക്കണമെന്നും ആവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിക്കണമെന്നും മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഏപ്രിൽ 22-ന് പുറപ്പെടുവിച്ച ആദ്യഘട്ട കാലാവസ്ഥാ പ്രവചനത്തിൽ ഇന്ത്യയിൽ പൊതുവിൽ ദീർഘകാലാടിസ്ഥാനത്തിൽ ലഭിക്കേണ്ട ശരാശരി മഴയുടെ 93 ശതമാനമായിരിക്കും ലഭിക്കാൻ സാധ്യതയെന്നും പസഫിക്ക് മഹാസമുദ്രത്തിൽ താരതമ്യേന ശക്തി കുറഞ്ഞ എൽ-നിനോ അവസ്ഥ നിലനിൽക്കുന്നുവെന്നും അറിയിച്ചിരുന്നു. എൽ-നിനോ എന്നാൽ ലളിതമായ ഭാഷയിൽ പസഫിക്ക് മഹാ സമുദ്രത്തിന്റെ മധ്യഭാഗത്ത് രൂപപ്പെടുന്ന ചൂടേറിയ സമുദ്ര ജലപ്രവാഹത്തെയാണ് ഉദ്ദേശിക്കുന്നത്. ഏപ്രിൽ മാസത്തിൽ ലഭിച്ച പ്രവചനത്തിന്റെ അടിസ്ഥാനത്തിൽ 26-5-2015-ന് സംസ്ഥാന ദുരിതാശ്വാസ കമ്മീഷണറായ റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുകൂട്ടുകയും മുൻകരുതൽ എന്ന നിലയ്ക്ക് ഇതുമായി ബന്ധപ്പെട്ട് 26 തീരുമാനങ്ങളെടുക്കുകയും ചെയ്തു. ഓഗസ്റ്റ് മാസത്തിൽ ലഭിച്ച പ്രവചനത്തെ മുൻനിർത്തി കാലവർഷം സെപ്റ്റംബർ അവസാനം വരെ 26 ശതമാനം കുറവാണെന്ന വസ്തുത കൂടി പരിഗണിച്ചുകൊണ്ട് ദീർഘകാലാടിസ്ഥാനത്തിൽ വരൾച്ചയെ നേരിടാൻ എട്ട് ഇന പ്രവൃത്തികൾ നടത്തിവരുന്നു. ഒരുവശത്ത് മഴ കൂടുതലുണ്ടാകും എന്ന മുന്നറിയിപ്പ് ലഭിക്കുമ്പോൾത്തന്നെ വരൾച്ചയെക്കുറിച്ചുള്ള മുന്നറിയിപ്പും ഉണ്ട്. ഈ കാര്യങ്ങൾ പ്രത്യേകമായി പരിശോധിച്ച് പഠിച്ച് ഗവൺമെന്റ് സ്വീകരിക്കേണ്ട മുൻകരുതലുകൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

### 3. ബസ് അപകടത്തിൽ മരണപ്പെട്ടവരുടെ കുടുംബങ്ങൾക്കുള്ള ധനസഹായം

ശ്രീ. ഇ. പി. ജയരാജൻ: സർ, കഴിഞ്ഞ നവംബർ 23-ന് മലപ്പുറം ജില്ലയിലെ ഐക്കരപ്പടിയിൽ ഒരു വിവാഹപ്പാർട്ടിയുടെ വാഹനം ലോറിയുമായി കൂട്ടിയിടിച്ച് ഒരു പഞ്ചായത്തിലെ ഒരു പ്രദേശത്തെ ഇരുപതിലധികം ആളുകൾക്ക് ഗുരുതരമായി പരിക്കേൽക്കുകയും മട്ടന്നൂർ സ്വദേശികളായ അഞ്ച് പേർ മരണമടയുകയും ചെയ്ത ദു:ഖകരമായ സംഭവമുണ്ടായി. ഈ അപകടത്തിൽപ്പെട്ടവരെല്ലാം എടയന്നൂർ, പാലോട്, തിരൂർ പ്രദേശങ്ങളിലുള്ളവരാണ്. എടയന്നൂരിലെ പി. ദേവകി, കെ. രവീന്ദ്രൻ, ഓമന എന്ന ശശികല, 13 വയസ് പ്രായമുള്ള എം.കെ. സൂര്യ എന്ന

വിദ്യാർത്ഥിനി, 10 വയസ്സുകാരനായ എം. കെ. അതുൽ എന്നിവരാണ് മരണ മടഞ്ഞത്. മരണമടഞ്ഞവരുടെ കുടുംബത്തിന് ഡിസംബർ 3-ലെ ക്യാബിനറ്റ് തീരുമാനപ്രകാരം 2 ലക്ഷം രൂപ വീതം ധനസഹായം അനുവദിച്ചുകൊണ്ട് ഗവൺമെന്റ് ഉത്തരവായിട്ടുണ്ട്. മരണപ്പെട്ടവരെല്ലാം കുടുംബത്തിന്റെ ആശ്രയവും പ്രതീക്ഷയുമായിരുന്നു. അതുകൊണ്ട് 10 ലക്ഷം രൂപയെങ്കിലും ധനസഹായമായി നൽകണമെന്നാവശ്യപ്പെട്ടാണ് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കത്ത് നൽകിയിരുന്നത്. ധനസഹായം 5 ലക്ഷം രൂപയെങ്കിലുമായി വർദ്ധിപ്പിക്കണം. അതുപോലെ ഗുരുതരമായി പരിക്ക് പറ്റിയ 5 പേരുടെ സ്ഥിതി മരണപ്പെട്ടവരേക്കാൾ കഷ്ടത്തിലാണ്. എഴുന്നേറ്റ് നടക്കാനോ ഇനിയൊരു സാധാരണ ജീവിതം നയിക്കാനോ കഴിയാത്ത അവസ്ഥയിലാണ് അവർ. അവർക്കും ഇതുപോലുള്ള സാമ്പത്തിക സഹായം നൽകാൻ നടപടിയുണ്ടാകണം. പ്രസ്തുത അപകടത്തിൽ പരിക്കേറ്റ ശ്രീമതി അജിതയ്ക്ക് കോഴിക്കോട് മെഡിക്കൽ കോളേജിൽ ആവശ്യമായ ചികിത്സ കിട്ടാതെ വളരെ അപകടകരമായ നിലയിലായതിനെത്തുടർന്ന് മിംസ് ആശുപത്രിയിൽ ചികിത്സയിലാണ്. ചികിത്സയ്ക്കാവശ്യമായ തുക ഗവൺമെന്റ് നൽകുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ടെങ്കിലും അതിന്റെ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. അതുകൊണ്ട് ആ ഉത്തരവ് പുറപ്പെടുവിക്കണം. അപകടത്തിൽ പരിക്കേറ്റ് കഴിയുന്നവരെയും ഇപ്പോൾ ചികിത്സയിലുള്ളവരെയും സഹായിക്കാനുള്ള നടപടിയുണ്ടാകണം. മറ്റൊന്ന്, ഈ കേസ് കൊണ്ടോട്ടി പോലീസ് സ്റ്റേഷൻ അതിർത്തിയിലാണ്. കൊണ്ടോട്ടി പോലീസ് കേസ് രജിസ്റ്റർ ചെയ്യുന്നതിലും തുടർ നടപടി സ്വീകരിക്കുന്നതിലും കുറ്റകരമായ അനാസ്ഥയാണ് കാണിച്ചുകൊണ്ടിരിക്കുന്നത്. അപകടത്തിൽപ്പെട്ടവർ പോലീസ് സ്റ്റേഷനിൽ ചെന്നപ്പോൾ അനുകൂലമായ സമീപനം അവിടെനിന്നുണ്ടായില്ല. എഫ്.ഐ.ആർ-ന്റെ കോപ്പിയോ ഇതുമായി ബന്ധപ്പെട്ട മറ്റ് കാര്യങ്ങളോ മരണപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്ക് നൽകാൻ തയ്യാറായില്ല. നാടിനെയാകെ നടുക്കിയ ദുഃഖകരമായ ഒരു സംഭവമാണിത്. അതുകൊണ്ട് ഇക്കാര്യത്തിൽ പോലീസിന്റെ ഭാഗത്തുനിന്ന് ശക്തമായ നടപടിയുണ്ടാകണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഈ കേസ് സംബന്ധിച്ച് പോലീസ് വളരെ താൽപ്പര്യത്തോടുകൂടി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രതിയെ അറസ്റ്റ് ചെയ്യുകയും കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്യുകയും ചെയ്തിരുന്നു. കുറെ ദിവസങ്ങൾക്കുശേഷം കോടതിയിൽനിന്ന് ജാമ്യം വാങ്ങി. ആ കേസിന്റെ കാര്യത്തിൽ എല്ലാവിധത്തിലുള്ള നടപടികളുമുണ്ടാകും. ഇക്കാര്യത്തിൽ യാതൊരു തരത്തിലുള്ള വീഴ്ചയും ഉണ്ടാവുകയില്ല എന്ന് വ്യക്തമാക്കുകയാണ്. ശ്രീ. ഇ. പി.

ജയരാജൻ പറഞ്ഞതുപോലെ ആ അപകടത്തിൽ പരിക്ക് പറ്റിയ ചിലരുടെ അവസ്ഥ വളരെ കഷ്ടമാണ്. അവരുടെ ചികിത്സാ ചെലവ് ഗവൺമെന്റ് വഹിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇവരുടെ ചികിത്സാ ചെലവ് എത്രവരുമെന്ന് കണക്കാക്കി ഗവൺമെന്റിനെ അറിയിക്കാൻ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിട്ടുണ്ട്. അറിയിച്ചാലുടൻതന്നെ ആ ചെലവ് ഗവൺമെന്റ് വഹിക്കുന്നതാണ്. മരിച്ചവർക്ക് രണ്ട് ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഇതുപോലുള്ള അപകടങ്ങളുണ്ടാകുമ്പോൾ സാധാരണ സ്വീകരിക്കുന്ന നടപടിക്രമമാണ് ഇതിലും സ്വീകരിച്ചിട്ടുള്ളത്. അതിൽ കൂടുതലായി എന്തെങ്കിലും ചെയ്യാൻ കഴിയുമോയെന്ന് പരിശോധിക്കാം.

## 4. ചാലക്കുടി താലൂക്ക് ഓഫീസ് രൂപീകരണം

ശ്രീ. ബി. ഡി. ദേവസ്സി: സർ, പുതിയതായി ചാലക്കുടി താലൂക്ക് രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ട് രണ്ട് വർഷത്തോളം പിന്നിട്ടിട്ടും താലൂക്കടിസ്ഥാനത്തിൽ പ്രവർത്തിക്കേണ്ട വിവിധ ഓഫീസുകൾ ഇനിയും അനുവദിക്കപ്പെട്ടിട്ടില്ല. ഡി.ഇ.ഒ. ഓഫീസ്, താലൂക്ക് വ്യവസായ ഓഫീസ്, സഹകരണ വകുപ്പ് അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസ്, ലീഗൽ മെട്രോളജി ഓഫീസ്, താലൂക്ക് സ്റ്റാറ്റിസ്റ്റിക്സ് ഓഫീസ്, എക്സൈസ് സർക്കിൾ ഓഫീസ്, സബ്കോടതി, വെറ്ററിനറി പോളിക്ലിനിക് തുടങ്ങി നിരവധി വകുപ്പുകളുടെ താലൂക്കുതല ഓഫീസുകൾ ചാലക്കുടി താലൂക്കിൽ അനുവദിച്ച് പ്രവർത്തനം ആരംഭിക്കാൻ അടിയന്തരനടപടികൾ സ്വീകരിക്കേണ്ടതുണ്ട്. കൂടാതെ ചാലക്കുടിയിൽ താലൂക്ക് ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കേണ്ടതുണ്ട്. വ്യവസായ വകുപ്പിൽനിന്നും ചാലക്കുടി മുനിസിപ്പാലിറ്റിക്ക് കൈമാറുന്നതിന് അനുമതി നൽകിയ ചാലക്കുടി റിഫ്രാക്ടറീസ് ലിമിറ്റഡ് വക സ്ഥലം നടപടികളുടെ ഭാഗമായി ഇപ്പോൾ റവന്യൂ വകുപ്പിന്റെ കൈവശമാണ്. ടി സ്ഥലത്ത് ചാലക്കുടി താലൂക്ക് ഓഫീസിന് പുതിയ കെട്ടിടം പണിയുന്നതിന് ആവശ്യമായ സ്ഥലം വിട്ടുനൽകുന്നതിന് ചാലക്കുടി മുനിസിപ്പാലിറ്റി സമ്മതം അറിയിച്ചിട്ടുള്ളതുമാണ്. ഈ സാഹചര്യത്തിൽ പ്രസ്തുത സ്ഥലത്ത് താലൂക്ക് ഓഫീസ് കെട്ടിടം പണിയുന്നതിനും ബാക്കി സ്ഥലം ചാലക്കുടി മുനിസിപ്പാലിറ്റിക്ക് കൈമാറുന്നതിനുമാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, താലൂക്ക് രൂപീകരിക്കണമെന്നത് ചാലക്കുടി നിവാസികളുടെ ഒരു ചിരകാലാഭിലാഷമായിരുന്നു. താലൂക്ക് രൂപീകരിച്ചു. ഇപ്പോൾ താലൂക്ക് ഓഫീസിനുവേണ്ടി 5 കോടി രൂപയുടെ പ്രൊപ്പോസൽ തയ്യാറാക്കി പ്ലാനിംഗ് ബോർഡിന് സമർപ്പിച്ചിരിക്കുകയാണ്. ഫണ്ടിന്റെ പരിമിതി

കാരണം പ്ലാനിംഗ് ബോർഡിൽനിന്ന് അനുമതി ലഭിച്ചിട്ടില്ല. ഫണ്ടും ഭരണാനുമതിയും ലഭിക്കുന്ന മുറയ്ക്ക് വ്യവസായ വകുപ്പിൽ നിന്നും മുനിസിപ്പാലിറ്റിക്ക് ലഭിച്ച സ്ഥലത്ത് കെട്ടിടനിർമ്മാണം ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. ഫണ്ടും ഭരണാനുമതിയും ലഭിക്കേണ്ടതായ പ്രശ്നമുണ്ട്. ഇക്കാര്യം പ്രത്യേകം പരിശോധിക്കാം.

## 5. ടോൾ നൽകുന്നതിൽനിന്നും പഞ്ചായത്തുകളെ ഒഴിവാക്കൽ

ശ്രീ. എ. എം. ആരിഫ്: സർ, അരൂർ, അരൂക്കുറ്റി പഞ്ചായത്തുകളിലെ ജനങ്ങൾ നിത്യേന എറണാകുളത്ത് പോകാൻ ആശ്രയിക്കുന്നത് കുമ്പളം ടോൾ പ്ലാസയിലൂടെയാണ്. 3 കിലോമീറ്റർ ചുറ്റളവിലാണ് ഇപ്പോൾ ടോൾ പ്ലാസയുള്ളത്. അവിടെ സാധാരണ ജനങ്ങൾ ആശ്രയിക്കുന്ന ആട്ടോറിക്ഷ ഉൾപ്പെടെയുള്ള വാഹനങ്ങളെല്ലാം ഈ ടോൾ പ്ലാസയിലൂടെ കടന്ന് പോകേണ്ടതാണ്. മരട് പഞ്ചായത്തിലെ ജനങ്ങൾക്ക് ചില എക്സംപ്ഷൻസ് കൊടുത്തിട്ടുണ്ട്. ടോൾ റൂൾ പ്രകാരം 20 കിലോമീറ്റർ ചുറ്റളവിലുള്ളവർക്ക് ഇളവുകൾ കിട്ടേണ്ടതുണ്ട്. എന്നാൽ ഈ ആനുകൂല്യങ്ങളൊന്നും അരൂർ, അരൂക്കുറ്റി പഞ്ചായത്തുകളിലെ ജനങ്ങൾക്ക് കിട്ടിയിട്ടില്ല. അവിടത്തെ ജനങ്ങളുടെ യാത്രാ വാഹനങ്ങൾക്ക് എക്സംപ്ഷൻ നൽകി സഹായിക്കണമെന്നാണ് എന്റെ സബ്മിഷൻ.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാംഹിം കുഞ്ഞ്): സർ, കുമ്പളം പാലത്തിൽ ടോൾ പിരിക്കുന്നത് 1956-ലെ National Highways Act Section 8(A), 2008-ലെ National Highways Fee (Determination and Collection) Rules പ്രകാരമാണ്. ഇക്കാര്യത്തിൽ നേരിട്ട് ഇടപെടാൻ കേരള ഗവൺമെന്റിന് ബുദ്ധിമുട്ടാണെങ്കിലും ഇങ്ങനെയുള്ള സ്ഥലങ്ങളിൽ സമീപ പ്രദേശങ്ങളിലെ പഞ്ചായത്തുകൾക്കും സമീപവാസികൾക്കും കൺസഷൻ നൽകാൻ ഗവൺമെന്റ് ആവശ്യപ്പെടാറുണ്ട്. അതനുസരിച്ച് 20 കിലോമീറ്റർ ചുറ്റളവിൽ താമസിക്കുന്ന, വാണിജ്യ ആവശ്യത്തിനല്ലാത്ത വാഹനങ്ങൾക്ക് പ്രതിമാസം 230 രൂപ ടോൾ ഇളവ് നൽകുന്നുണ്ടെന്നാണ് അറിയിച്ചിട്ടുള്ളത്. ഇക്കാര്യം പരിശോധിച്ച് ഇളവ് കിട്ടുന്നില്ലെങ്കിൽ തീർച്ചയായും അത് ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കാം. അരൂർ, അരൂക്കുറ്റി പഞ്ചായത്തുകളിലെ നിവാസികളെ മുഴുവനായി ടോൾ പിരിവിൽ നിന്നും ഒഴിവാക്കാൻ സാധിക്കില്ല. 20 കിലോമീറ്റർ ചുറ്റളവിൽ താമസിക്കുന്ന ആളുകൾക്ക് ഇളവ് ലഭിക്കുന്നില്ലെങ്കിൽ അത് പരിശോധിച്ച് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## 6. സമഗ്ര കുടിവെള്ള പദ്ധതി

ശ്രീ. റ്റി. വി. രാജേഷ്: സർ, എന്റെ നിയോജകമണ്ഡലത്തിൽ ഏറ്റവും കൂടുതൽ ജനസാന്ദ്രതയുള്ള ഒരു പഞ്ചായത്താണ് മാടായി പഞ്ചായത്ത്. അതിന്റെ രണ്ട് ഭാഗം പുഴയും ഒരു ഭാഗം കടലുമാണ്. ഇവിടെ ഭൂരിഭാഗം സ്ഥലങ്ങളിലും വെള്ളത്തിന്റെ ലവണസാന്ദ്രത കൂടുതലായതിനാൽ കിണർ വെള്ളം ഉപയോഗ ശൂന്യമാണ്. മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ഒരു മേഖല കൂടിയാണിത്. ജപ്പാൻ കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്തിട്ടുണ്ട്. അതിൽ മാടായി പഞ്ചായത്തിനും വെള്ളം കൊടുക്കാം എന്നൊരു പ്രൊവിഷനുണ്ട്. മാത്രമല്ല, ഈ പഞ്ചായത്തിന് തൊട്ടടുത്തുള്ള ഏഴോം, മാട്ടൂൽ പഞ്ചായത്തുകൾ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിൽ സമഗ്ര കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന് 586 ലക്ഷം രൂപയുടെ പ്രോജക്ട് കേരള വാട്ടർ അതോറിറ്റി സമർപ്പിച്ചിട്ടുണ്ട്. ജപ്പാൻ കുടിവെള്ള പദ്ധതിയിൽനിന്ന് വെള്ളം ലഭ്യമാക്കി ഈ പഞ്ചായത്തിലെ കുടിവെള്ളക്ഷാമത്തിന് ശാശ്വതപരിഹാരം കാണുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, കല്ല്യാശ്ശേരി മണ്ഡലത്തിലെ മാടായി ഗ്രാമപഞ്ചായത്തിലെ കുടിവെള്ള പദ്ധതിക്കായി 5.86 കോടി രൂപയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്. പദ്ധതിക്ക് നബാർഡിന്റെ സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള പ്രൊപ്പോസൽ എത്രയും വേഗം സമർപ്പിക്കുന്നതാണ്.

## 7. കരുനാഗപ്പള്ളി സർക്കാർ ആർട്സ് കോളേജിന്റെ പ്രവർത്തനം

ശ്രീ. സി. ദിവാകരൻ: സർ, സർക്കാർ മേഖലയിൽ കോളേജ് ആരംഭിക്കുമെന്ന നിയമസഭയിലെ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ കരുനാഗപ്പള്ളിയിലും കോളേജ് അനുവദിച്ചു. അടിസ്ഥാന സൗകര്യങ്ങളെല്ലാം ഒരുക്കിവച്ച്, ഫണ്ടും മാറ്റിവച്ച് ഒരു വർഷമായി കാത്തിരിക്കുന്നെങ്കിലും ഇതുസംബന്ധിച്ച് യാതൊരു നടപടിയും ഉണ്ടായിട്ടില്ല. എത്രയും പെട്ടെന്ന് ഇതിന്റെ പ്രവർത്തനം ആരംഭിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, 2013-14-ലെ ബഡ്ജറ്റിന്റെ മറുപടി പ്രസംഗത്തിൽ സർക്കാർ/എയ്ഡഡ് കോളേജ് ഇല്ലാത്തതും സ്ഥലം ലഭ്യമാകുന്നതുമായ എല്ലാ നിയോജകമണ്ഡലങ്ങളിലും ആർട്സ് ആന്റ് സയൻസ് കോളേജുകൾ ആരംഭിക്കുമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി

പ്രഖ്യാപിച്ചിരുന്നു. സർക്കാർ മേഖലയിലോ എയ്ഡഡ് മേഖലയിലോ ആർട്സ് ആന്റ് സയൻസ് കോളേജുകൾ നിലവിൽ ഇല്ലാതിരുന്ന 22 നിയോജക മണ്ഡലങ്ങളിൽ ഒന്നാണ് കരുനാഗപ്പള്ളി നിയോജകമണ്ഡലം. കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ കോളേജിന് ആവശ്യമായ സ്ഥലം കണ്ടെത്തുകയും കെട്ടിട നിർമ്മാണത്തിന് ആവശ്യമായ സാമ്പത്തികസഹായം അസറ്റ് ഡെവലപ്മെന്റ് ഫണ്ടിൽനിന്നും അനുവദിക്കുകയും കെട്ടിട നിർമ്മാണം പൂർത്തിയാകുന്നതുവരെ ക്ലാസ്സുകൾ താൽക്കാലികമായി നടത്തുവാനുള്ള കെട്ടിടം കണ്ടെത്തി സർക്കാരിനെ അറിയിക്കുവാനും ബഹുമാനപ്പെട്ട കരുനാഗപ്പള്ളി എം.എൽ.എ. യോട് വിദ്യാഭ്യാസ വകുപ്പുമന്ത്രി അർദ്ധ ഔദ്യോഗിക കത്ത് മുഖേന ആവശ്യപ്പെട്ടിരുന്നു. കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ ആർട്സ് ആന്റ് സയൻസ് കോളേജ് ആരംഭിക്കുന്നതിന് ആവശ്യമായ സ്ഥലം കണ്ടെത്തൽ, കെട്ടിട നിർമ്മാണത്തിന് ആവശ്യമായ സാമ്പത്തിക സഹായം ആസ്തി വികസന ഫണ്ടിൽനിന്നും അനുവദിക്കൽ, ക്ലാസ്സുകൾ താൽക്കാലികമായി നടത്തുവാനുള്ള കെട്ടിടം കണ്ടെത്തൽ തുടങ്ങിയ വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ കത്തിലെ നിർദ്ദേശങ്ങൾക്ക് ഒരുക്കമാണെന്നും അതനുസരിച്ച് നിർദ്ദിഷ്ട കോളേജ് നിർമ്മാണത്തിന് ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കണമെന്നും ബഹുമാനപ്പെട്ട എം.എൽ.എ. ആവശ്യപ്പെട്ടിട്ടുണ്ട്. ഈ വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്കായി 6-10-2015-ൽ സമർപ്പിച്ചെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചതിനാൽ തീരുമാനം മാറ്റിവയ്ക്കുകയായിരുന്നു. അടുത്ത മന്ത്രിസഭാ യോഗത്തിൽ ഇക്കാര്യം പരിഗണിച്ച് തീരുമാനമെടുക്കുന്നതാണ്.

## 8. അരുവിക്കര ഡാം റിസർവോയർ മാലിന്യമുക്തമാക്കൽ

ശ്രീ. കെ. എസ് ശബരീനാഥൻ: സർ, തിരുവനന്തപുരം നഗരത്തിന്റെ ജല സ്രോതസ്സാണ് അരുവിക്കര ഡാം. നഗരത്തിലേക്കും നഗരത്തിന്റെ പ്രാന്ത പ്രദേശങ്ങളിലേക്കും ഭരണസിരാകേന്ദ്രങ്ങളിലേയ്ക്കും കുടിവെള്ളം എത്തുന്നത് ഈ ഡാമിൽ നിന്നാണ്. നഗരത്തിന്റെ ജീവിതചര്യയുടെ ഗതി നിയന്ത്രിക്കുന്നതിൽ ഏറ്റവും പ്രധാനപ്പെട്ട പങ്ക് അരുവിക്കര ഡാമിൽനിന്നും എത്തുന്ന കുടിവെള്ളത്തിന് തന്നെയാണ്. ഇപ്പോൾ ഡാമിലും ജലസംഭരണിയിലും പായൽ, പ്ലാസ്റ്റിക്ക്, മറ്റ് ജൈവ-അജൈവ മാലിന്യങ്ങൾ എന്നിവ അടിഞ്ഞുകൂടുകയും പല ഭാഗങ്ങളിലും താമരയും കോരപ്പുല്ലും കൊണ്ട് മൂടപ്പെട്ടിരിക്കുകയുമാണ്. ഇതുകാരണം നാല് ചതുരശ്ര കിലോമീറ്റർ ശേഷിയുള്ള ഡാമിന്റെ സംഭരണശേഷി കുറഞ്ഞിരിക്കുകയാണ്. അതോടൊപ്പം മേൽപ്പറഞ്ഞ കാരണങ്ങളാൽ നഗരത്തിൽ ലഭിക്കുന്ന കുടിവെള്ളത്തിന്റെ ശുദ്ധതയെക്കുറിച്ച് ചില ആശങ്കകൾ പത്ര-ദൃശ്യ

മാധ്യമങ്ങളിൽ വന്നിരുന്നു. ഈ സാഹചര്യം മുന്നിൽക്കണ്ട് ജലസംഭരണിയിലെ ചെളിയും മറ്റ് മാലിന്യങ്ങളും നീക്കി ഡാമിന്റെ സംഭരണശേഷി വർദ്ധിപ്പിക്കാനുള്ള നടപടികൾ കൈക്കൊള്ളണ മെന്ന് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, അരുവിക്കര ഡാമിന്റെ വൃഷ്ടിപ്രദേശത്ത് അടിഞ്ഞുകൂടിയിരിക്കുന്ന മണ്ണും മണലും ചെളിയും നീക്കം ചെയ്ത് ഡാമിന്റെ ആഴം കൂട്ടുന്നതിനും മലിനീകരണം കുറയ്ക്കുന്നതിനും വേണ്ടി തിരുവനന്തപുരം ജില്ലാ കളക്ടറുടെ നിർദ്ദേശപ്രകാരം കേരള സ്റ്റേറ്റ് മിനറൽ ഡിപ്പാർട്ടുമെന്റ് നടത്തിയ പഠന റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റിക്ക് സമർപ്പിച്ചത് പരിശോധിച്ച് വരികയാണ്. റിസർവോയറിൽ അടിഞ്ഞുകൂടിയ പായലും മറ്റ് കളകളും അടിയന്തരമായി മാറ്റുവാൻ ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

## 9. പുല്ലൂർ കശുവണ്ടി ഫാക്ടറി

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിലെ പുല്ലൂർ കശുവണ്ടി ഫാക്ടറി കാഷ്യു ഡവലപ്മെന്റ് കോർപ്പറേഷന്റെ കീഴിലുള്ള ഫാക്ടറിയാണ്. അത് ഏതാനും നാളുകളായി അടഞ്ഞുകിടക്കുകയാണ്. മിനിമം കൂലി 30 ശതമാനം വർദ്ധനവോടെ നടപ്പാക്കിയെങ്കിലും കൂടുതൽ തൊഴിൽ ദിനങ്ങൾ കൊടുക്കാൻ സാധിക്കാത്തതുകൊണ്ട് 800-ഓളം തൊഴിലാളികൾ വലിയ ബുദ്ധിമുട്ടിലാണ്. ഈ കശുവണ്ടി ഫാക്ടറി അടിയന്തരമായി തുറന്ന് പ്രവർത്തിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, ഇരിങ്ങാലക്കുട നിയോജക മണ്ഡലത്തിൽ മാത്രമല്ല, കശുവണ്ടി വികസന കോർപ്പറേഷന്റെ എല്ലാ ഫാക്ടറികളും ഏതാനും മാസങ്ങളായി അടഞ്ഞു കിടക്കുകയാണ്. അതിന്റെ കാരണങ്ങൾ സഭ ചർച്ച ചെയ്തിട്ടുള്ളതിനാൽ ഞാൻ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. ഈ വിഷയം സംബന്ധിച്ച് കഴിഞ്ഞ ആഴ്ച ചില തീരുമാനത്തിൽ എത്തിയിട്ടുണ്ട്. ജനുവരി മാസത്തിനകം ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കാനുള്ള നടപടികളുമായി ഗവൺമെന്റ് മുന്നോട്ടുപോവുകയാണ്. അതിന്റെ ഭാഗമായി മെമ്പർ സൂചിപ്പിച്ച ഫാക്ടറിയും തുറന്ന് പ്രവർത്തിക്കും.

## 10. C-APT-നെ അഴിമതി മുക്തമാക്കൽ

ശ്രീ. ബി. സത്യൻ: സർ, രാജ്യത്ത് നിലനിൽക്കുന്ന നിയമവ്യവസ്ഥയെ വെല്ലുവിളിച്ചുകൊണ്ട് ഒരു സർക്കാർ ഉദ്യോഗസ്ഥൻ നിരന്തരമായി നടത്തുന്ന

അഴിമതി കഥ നിരവധി തവണ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടും അതുസംബന്ധിച്ച് നടപടി ഉണ്ടാകാത്തതിനെ തുടർന്നാണ് സംഘടനകളും മാധ്യമങ്ങളും അഴിമതി സംബന്ധിച്ച വസ്തുതകൾ പുറത്ത് വന്നത്. തുടർന്ന് അങ്ങയുടെ ഗവൺമെന്റ് തന്നെ വിജിലൻസ് അന്വേഷണത്തിന് ഉത്തരവിടുകയും ആയതിന്റെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ വരുന്ന C-APT മാനേജിംഗ് ഡയറക്ടർ പ്രൊഫ. സജിത് വിജയരാഘവനെ വിജിലൻസ് ഡെപ്യൂട്ടി സൂപ്രണ്ട് തിരുവനന്തപുരം V.C 8/2015/SIU ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. സസ്പെന്റ് ചെയ്ത് തുടരന്വേഷണം നടത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട്, അങ്ങ് നേതൃത്വം നൽകുന്ന സർക്കാരിന്റെ കീഴിലുള്ള വിജിലൻസ് ഡിപ്പാർട്ടുമെന്റ് ആണ്. അങ്ങേക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടും അതുസംബന്ധിച്ച് യാതൊരു നടപടിയും സ്വീകരിക്കാത്തതുവഴി കുറ്റാരോപിതനായ ആൾക്ക് നിലവിലുള്ള നിയമ വ്യവസ്ഥയെ വെല്ലുവിളിക്കാനും അതുവഴി വ്യവസ്ഥാപിതമായ നിയമവാഴ്ച നിലനിൽക്കുന്ന സംസ്ഥാനത്ത് മാനേജിംഗ് ഡയറക്ടർ തൽസ്ഥാനത്തിരുന്ന് ടി ഉദ്യോഗസ്ഥൻ നടത്തുന്ന തുടർന്നുള്ള പ്രവർത്തനങ്ങൾ സത്യസന്ധമായ അന്വേഷണത്തെ ബാധിക്കും. നിലയിലുള്ള തെളിവുകൾ നശിപ്പിക്കാനും കക്ഷികളെ സ്വാധീനിക്കാനും ഉൾപ്പെടെയുള്ള കാര്യങ്ങൾ ചെയ്യുവാനുള്ള സ്വാതന്ത്ര്യമാണ് അങ്ങ് നൽകുന്നതെന്ന് സവിനയം ഓർമ്മിപ്പിക്കുകയാണ്. ടി എം.ഡി.യെ സസ്പന്റ് ചെയ്ത് അന്വേഷണത്തിന് വേണ്ട സഹായം നൽകുകയാണ് ചെയ്യേണ്ടത്. അങ്ങ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഈ സ്ഥാപനം ഒരു സന്ദർഭത്തിൽ സംസ്ഥാനത്തെ ഏറ്റവും വലിയ കുട്ടപ്പിരിച്ചുവിടൽ നേരിട്ടതാണെന്ന് അങ്ങേയ്ക്ക് അറിയാവുന്നതാണ്. അങ്ങ് ഉൾപ്പെടെയുള്ള ആളുകൾ വലിയ പരിശ്രമം നടത്തിയാണ് ആ സ്ഥാപനത്തെ ഇപ്പോൾ മുന്നോട്ട് കൊണ്ടുപോകുന്നത്. പാഠപുസ്തക പ്രിന്റിംഗ് രംഗത്ത് ഉയർന്നുവന്നിട്ടുള്ള അഴിമതി ആരോപണങ്ങൾ, മെഷിനറി വാങ്ങിയതിൽ ഉണ്ടായിട്ടുള്ള അഴിമതി തുടങ്ങി എത്ര അഴിമതി കേസ്സുകളാണുള്ളത്. സ്ഥാപനത്തിലെ എം.ഡി.യെ സംബന്ധിച്ചിടത്തോളം ഉയർന്നു വന്നിട്ടുള്ള ഏറ്റവും വലിയ അഴിമതിയാണിത്. ലോട്ടറി ടിക്കറ്റ് പ്രിന്റിംഗ് അഴിമതി, പത്താം ക്ലാസ് പാഠപുസ്തക അച്ചടിയിലെ അഴിമതി സംസ്ഥാന ധനകാര്യ വകുപ്പ് വിഭാഗം നടത്തിയ അന്വേഷണ റിപ്പോർട്ടിലും വലിയ അഴിമതി കണ്ടെത്തിയിരിക്കുന്നു. ലോട്ടറി പ്രിന്റിംഗിന് വേണ്ടി വേരിയബിൾ ഡാറ്റാ പ്രിന്റിംഗ് മെഷിനറി വാങ്ങിയതിലെ അഴിമതി തുടങ്ങിയ നിരവധി അഴിമതിക്കഥകൾ ......(മൈക്ക് ഓഫ്)............

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. ബി. സത്യൻ, പറയേണ്ട കാര്യങ്ങൾ

പറഞ്ഞല്ലോ. വിദ്യാഭ്യാസ വകുപ്പുമന്ത്രി മറുപടി പറയും.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, സംസ്ഥാന വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള C-APT, 2012 മുതൽ പ്രിന്റിംഗിനുവേണ്ടി മെഷിനറി വാങ്ങിയതും ലോട്ടറി ടിക്കറ്റിൽ ബാർ കോഡിംഗ് നമ്പരിടുന്നതിനായി വേരിയബിൾ ഡാറ്റാ പ്രിന്റർ സ്വകാര്യ സ്ഥാപനത്തിൽനിന്നും വാടകയ്ക്ക് എടുത്തതുമായി ബന്ധപ്പെട്ട് വിഇ.03/14/എസ്.ഐ.യു. നമ്പരായി നടത്തിയ വിജിലൻസ് അന്വേഷണത്തിൽ താഴെപ്പറയുന്ന ആരോപണവിധേയരായ ഉദ്യോഗസ്ഥർക്കെതിരെ 4-12-2015-ൽ വിസി/08/15/എസ്.ഐ.യു.II നമ്പരായി വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

1. ശ്രീ. സജിത് വിജയരാഘവൻ, എം.ഡി, സി-ആപ്റ്റ്
2. ശ്രീ. വി. ജയഗോപാൽ, ഓഫീസർ ഇൻ-ചാർജ്, പർച്ചേസ് (മെറ്റീരിയൽ ഡിവിഷൻ), സി-ആപ്റ്റ്
3. ശ്രീ. പി. വി. ദിനേശൻ, മെമ്പർ, ടെണ്ടർ ഇവാല്യുവേഷൻ കമ്മിറ്റി
4. ശ്രീ. രാംകുമാർ ഗണേശൻ, മാനേജിംഗ് പാർട്ണർ, M/s. അൻസാല,

   ചെന്നൈ
5. ശ്രീ. പി.ബി. പ്രസാദ്, മാനേജിംഗ് ഡയറക്ടർ, M/s. എക്സ്പ്രസ് പ്രിന്റിംഗ് സൊല്യൂഷൻ ലിമിറ്റഡ്, ചെന്നൈ.

2015-16 വർഷത്തെ 1 മുതൽ 8 വരെയുള്ള ക്ലാസ്സുകളിലെ പാഠപുസ്തക അച്ചടി സി-ആപ്റ്റ് പുറംകരാർ നൽകിയതുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന അഴിമതി ആരോപണങ്ങളിന്മേൽ സെക്രട്ടേറിയറ്റ് ധനകാര്യ പരിശോധനാ വിഭാഗം നടത്തിയ അന്വേഷണ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നു. വിസി08/15/ എസ്.ഐ.യു.II നമ്പരായി രജിസ്റ്റർ ചെയ്തിട്ടുള്ള കേസ്സിന്റെ തീർപ്പിനനുസൃതമായി ഇക്കാര്യത്തിലും ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

## 11. കെ.എസ്.ഇ.ബി. മസ്ദൂർ തസ്തിക

ശ്രീ. കെ. ശിവദാസൻ നായർ: സർ, കെ.എസ്.ഇ.ബി. മസ്ദൂർ തസ്തികയിൽ നിലവിലുള്ള പി.എസ്.സി. ലിസ്റ്റിൽനിന്നും പത്തനംതിട്ട ജില്ലയിലെ ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിക്കുന്നതിനുവേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. തിരുവനന്തപുരം-179, കണ്ണൂർ-116, തൃശ്ശൂർ-382, എറണാകുളം-140,

പാലക്കാട്-293, മലപ്പുറം-279, കോഴിക്കോട്-228 എന്നിങ്ങനെയാണ് മറ്റ് ജില്ലകളിൽ നിയമനം നടത്തിയിരിക്കുന്നത്. എന്നാൽ ലിസ്റ്റ് നിലവിൽ വന്ന് രണ്ടുവർഷം കഴിഞ്ഞതിനു ശേഷവും പത്തനംതിട്ട ജില്ലയിൽ വെറും രണ്ടുപേർക്ക് മാത്രമാണ് നിയമനം ലഭിച്ചിട്ടുള്ളത്. ഇലക്ട്രിക്കൽ സർക്കിൾ, പത്തനംതിട്ട 30-7-2015-ൽ ചീഫ് എഞ്ചിനീയർക്ക് അയച്ചുകൊടുത്തിട്ടുള്ള റിപ്പോർട്ടിൻപ്രകാരം 15 വേക്കൻസി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആ കത്തിന്റെ കോപ്പി എന്റെ കൈവശമുണ്ട്. മറ്റ് ജില്ലകളിലൊക്കെ പ്രൊമോഷൻ നടത്തി. ഈ ജില്ലയിൽ മാത്രമെ പ്രൊമോഷൻ നടത്താനുള്ളൂ. ഉദ്യോഗാർത്ഥികളുടെ പേര് ലിസ്റ്റിൽ വന്നതിനുശേഷം അവർക്ക് ജോലി ഇന്ന് കിട്ടും നാളെ കിട്ടും എന്നുപറഞ്ഞ് പ്രതീക്ഷിച്ചിരിക്കുകയാണ്. രണ്ട് വർഷം കഴിഞ്ഞു. ഒരു നിയമനവും അവിടെ നടക്കുന്നില്ല. ഈ ജില്ലയിൽ മാത്രം ഈ നിലയിൽ പോകുന്നത് ശരിയാണോ; അവിടെ ഈ ലിസ്റ്റിൽനിന്ന് മസ്ദൂർ തസ്തികയിൽ നിയമനം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

<u>ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്)</u>: സർ, പത്തനംതിട്ട ജില്ലയിൽ ഇപ്പോൾ സാങ്ഷൻഡ് സ്ട്രെങ്ത് 225 ആണ്. എന്നാൽ അവിടെ 226 ആളുകളെ നിയമിച്ചിട്ടുണ്ട്. രണ്ട് സെക്ഷനുകൾ പുതുതായി തുടങ്ങിയിട്ടുണ്ട്. ആ രണ്ട് സെക്ഷനുകളിലും കൂടി 12 വേക്കൻസികളുണ്ട്. അതിന്റെ സ്റ്റാഫ് സ്ട്രെങ്ത് ഫിക്സ് ചെയ്തുവന്നിട്ടില്ല. അതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഡിസ്ട്രിക്ട് റിക്രൂട്ട്മെന്റ് ബോർഡ് (ഡി.ആർ.ബി.) ആണ് ഇവിടത്തെ നിയമനങ്ങൾ നടത്തുന്നത്. ആ ജില്ലയിൽ ഒഴിവ് വന്നാൽ മാത്രമേ ചെയ്യാൻ കഴിയുകയുള്ളൂ. ബാക്കി ജില്ലയിലേക്ക് ഇവിടത്തെ ആളുകളെ നിയമിക്കാൻ കഴിയുകയില്ല. അതാണ് പി.എസ്.സി. അംഗീകരിച്ചിട്ടുള്ള തത്വം. ബാക്കി ജില്ലകളിലെ കണക്ക് ഇദ്ദേഹം പറഞ്ഞത് ശരിയാണ്. അതായത് അവിടെയൊക്കെ വേക്കൻസിയുള്ളത് ഫിൽ ചെയ്യുന്നുണ്ട് എന്നാണ് അതിന്റെ അർത്ഥം. ഏതായാലും 225 തസ്തികകളാണ് ഇപ്പോൾ സാങ്ഷൻഡായിട്ടുള്ളത്. എന്നാൽ ഒരു പോസ്റ്റ് ഇപ്പോൾ കൂടുതലാണുള്ളത്. രണ്ട് സെക്ഷനുകൾ പുതുതായി രൂപീകരിച്ചിട്ടുണ്ട്. അവിടെ 12 പോസ്റ്റുകൾ വരുന്നുണ്ട്. അതിന് ഫിനാൻസ് ഡിപ്പാർട്ടുമെന്റിന്റെ സാങ്ഷൻ കിട്ടിയിട്ടില്ല. അത് കിട്ടി കഴിഞ്ഞാലുടൻ നിയമിക്കുന്നതാണ്. പക്ഷെ, ഒരു തടസ്സമുള്ളത് സുപ്രീം കോടതിയിൽനിന്ന് വന്ന ഒരു വിധിയാണ്. ഇടുക്കി ജില്ല മുതൽ ഇങ്ങോട്ടുള്ള ജില്ലകളിൽ കോൺട്രാക്ടർമാരുടെ കീഴിൽ വർക്ക് ചെയ്തിരുന്ന ആളുകളെ റഗുലറൈസ് ചെയ്യണമെന്ന് പറഞ്ഞ് സുപ്രീം കോടതിയുടെ വിധി വന്നിട്ടുണ്ട്. ലേബർ കമ്മീഷണറോട് പ്രയോറിറ്റി ലിസ്റ്റ് തയ്യാറാക്കാൻ പറഞ്ഞിരിക്കുകയാണ്. ആ ആളുകളെ റഗുലറൈസ് ചെയ്ത് അവർക്ക് അപ്പോയിന്റ്മെന്റ് നൽകുന്നതുവരെ

വേറെ ആരെയും നിയമിക്കാൻ പാടില്ലെന്നും ആ തസ്തികകൾ വേക്കന്റായി ഇടണമെന്നും ആ വിധിയിൽ പറഞ്ഞിട്ടുണ്ട്. ആ ഒരു തടസ്സമുണ്ട്. എന്നാലും ഒഴിവുള്ള സ്ഥലങ്ങളിൽ നിയമിച്ചുകൊണ്ടിരിക്കുകയാണ്. പത്തനംതിട്ട ജില്ലയോട് പ്രത്യേകമായ ഒരവഗണനയും ഉണ്ടായിട്ടില്ല. അവിടെ വേക്കൻസി ഇല്ലാത്തതു കൊണ്ടാണെന്നറിയിക്കുന്നു. എന്നാലും, ഈ 11 പേരെയും എങ്ങനെ നിയമിക്കാൻ കഴിയുമെന്ന് പരിശോധിച്ച് പരമാവധി നടപടികൾ കൈക്കൊള്ളുന്നതാണ്.

## 12. വനാവകാശ നിയമം

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, നമ്മുടെ വനാവകാശ നിയമത്തിന്റെ കാതൽ സാമൂഹ്യ വനാവകാശം നൽകുകയെന്നതാണ്. ആ സങ്കൽപ്പത്തെ അട്ടിമറിച്ചു കൊണ്ട് വ്യക്തിഗത അവകാശം നൽകുന്നതിനുള്ള നടപടികളുമായാണ് ഇപ്പോൾ സർക്കാർ മുമ്പോട്ടുപോയിക്കൊണ്ടിരിക്കുന്നത്. ഡിസംബർ മാസത്തിനകം ഈ നിയമം അനുശാസിക്കുന്ന വിധത്തിലുള്ള പ്രവൃത്തികൾ പൂർത്തീകരിക്കണമെന്നാണ് കേന്ദ്ര ഗവൺമെന്റ് നിഷ്കർഷിക്കുന്നത്. ഈ സമയമായിട്ടും ഇതു സംബന്ധിച്ച് ജില്ലാ-പ്രാദേശിക തലത്തിൽ രൂപീകരിക്കേണ്ട സമിതികളുടെ രൂപീകരണം പൂർത്തിയായിട്ടില്ല. അത് പൂർത്തിയായാൽ മാത്രമെ ആദിവാസികൾക്ക് യഥോചിതം അപേക്ഷകൾ നൽകാനും ആ അപേക്ഷകളിന്മേൽ ഉപജില്ലാ സമിതികൾക്ക് അവരുടെ ശിപാർശകൾ മേൽത്തട്ടിലേക്ക് അയയ്ക്കാനും കഴിയുകയുള്ളൂ. ഡിസംബർ മാസം തീരാൻ പോകുകയാണ്. ആദിവാസികൾക്ക് വനഭൂമിയിലുള്ള അവകാശം സംരക്ഷിക്കുന്നതിനുവേണ്ടി ഒരു വലിയ ലക്ഷ്യത്തോടുകൂടി പാസ്സാക്കിയ നിയമം പ്രാവർത്തികമാക്കാതെ അട്ടിമറിക്കപ്പെടുന്നതുമൂലം ആദിവാസികളോടുള്ള ഒരു കടുത്ത വിവേചനമാണ് നാം കാണിക്കുന്നത്. അതവസാനിപ്പിച്ച് നിയമം അനുശാസിക്കുന്ന വിധത്തിലുള്ള പരിപാടികൾ നടപ്പിലാക്കാൻ സർക്കാർ ജാഗ്രത കാണിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാനഭ്യർത്ഥിക്കുന്നത്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, 1-1-2008 മുതൽ ഈ നിയമം നടപ്പാക്കേണ്ടതാണ്. പക്ഷെ ആ കാലഘട്ടത്തിൽ ഇത് കൃത്യമായി നടപ്പാക്കാൻ സാധിച്ചിട്ടില്ല. ഞാൻ ആരേയും കുറ്റപ്പെടുത്തുന്നില്ല. ഊരുകൂട്ടങ്ങളടങ്ങുന്ന വനാവകാശ കമ്മിറ്റി, സബ് ഡിവിഷൻ കമ്മിറ്റി, ജില്ലാതല കമ്മിറ്റി എന്നീ സമിതികളാണ്

യഥാർത്ഥത്തിൽ ഇക്കാര്യങ്ങൾ നോക്കുന്നത്. ജില്ലാതല കമ്മിറ്റിയിൽ ജില്ലാ കളക്ടറാണ് ചെയർമാൻ. ജില്ലാ കളക്ടർ അദ്ധ്യക്ഷനായ കമ്മിറ്റിയാണ് ടൈറ്റിൽ കൊടുക്കാനുള്ള അർഹതപ്പെട്ടവരെ സെലക്ട് ചെയ്യുന്നത്. സംസ്ഥാനതലത്തിൽ ചീഫ് സെക്രട്ടറി ചെയർമാനായി മറ്റൊരു കമ്മിറ്റിയുമുണ്ട്. ഇപ്പോൾ സമയത്തിന്റെ ചുരുക്കംകൊണ്ട് ഞാനതിന്റെ യഥാർത്ഥത്തിലുള്ള പൊസിഷൻ മാത്രം പറയാം. ഇവിടെ ജില്ലാതല കമ്മിറ്റി അംഗീകരിച്ച 327 അപേക്ഷകളിൽ 146 എണ്ണത്തിന് ടൈറ്റിൽ നൽകിയിട്ടുണ്ട്. ഊരുകളിലെ വികസന ആവശ്യത്തിന് ഗ്രാമസഭ പാസ്സാക്കി വനം വകുപ്പിന് ലഭിച്ചിട്ടുള്ള അപേക്ഷകളിൽ 471 സാമൂഹ്യ അവകാശങ്ങളിലായി 213 ഏക്കർ വനഭൂമി അനുവദിച്ച് നൽകികഴിഞ്ഞിട്ടുണ്ട്. 2015 ഒക്ടോബർ വരെ വ്യക്തിഗത അവകാശത്തിന് ലഭിച്ച 35,206 അപേക്ഷകളിൽ ഗ്രാമസഭ പാസ്സാക്കിയിട്ടുള്ളത് 31,301 അപേക്ഷകളാണ്. അതിൽ 24,898 അപേക്ഷകൾക്ക് ഇതിനോടകം ടൈറ്റിൽ കൊടുത്തുകഴിഞ്ഞു. സബ്ഡിവിഷൻ കമ്മിറ്റികളും ജില്ലാതല കമ്മിറ്റികളും തള്ളിക്കളഞ്ഞ അപേക്ഷകൾ 3,934 ആണ്. ഇനി തീർപ്പുകൽപ്പിക്കാൻ അവശേഷിക്കുന്നത് 955 അപേക്ഷകളാണ്. 33,073 ഏക്കർ വനഭൂമിയാണ് ഇപ്രകാരം ടൈറ്റിൽ കൊടുത്തിട്ടുള്ളത്. അവശേഷിക്കുന്ന 955 അപേക്ഷകളിന്മേൽകൂടി വേഗത്തിൽ നടപടി എടുക്കാൻ ശ്രമിക്കുന്നതാണ്.

## 13. നിർമ്മാണ മേഖലയിലെ പ്രതിസന്ധി

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: സർ, കേരളത്തിലെ എല്ലാവിധ നിർമ്മാണ പ്രവർത്തനങ്ങളും നടത്തിയിരുന്നത് മണൽ ഉപയോഗിച്ചാണ്. സുലഭമായി നദികളിൽനിന്ന് ലഭിച്ചിരുന്ന മണൽ ഇന്ന് കിട്ടാക്കനിയായി മാറിയിരിക്കുന്നു. ഇതുമൂലം നിർമ്മാണ പ്രവർത്തനങ്ങളാകെ താറുമാറായിരിക്കുകയാണ്. മണൽ ലഭിക്കാൻ പ്രയാസമുള്ളതിനാൽ ഗുണഭോക്താക്കൾ എം-സാന്റ് ഉപയോഗിക്കാൻ തുടങ്ങിയെങ്കിലും കോടതി ഇടപെടൽമൂലം ക്വാറി നടത്താൻ കഴിയാത്ത സാഹചര്യത്തിൽ എം-സാന്റ് ലഭിക്കാനും ബുദ്ധിമുട്ടനുഭവിക്കുന്നു. ഒരു വീട് നിർമ്മിക്കുന്നതിന് സർക്കാർ സഹായമായി നൽകുന്നത് 2,00,000 രൂപയാണ്. ഇത്തരമൊരു വീട് നിർമ്മിക്കാൻ ചുരുങ്ങിയത് 500 ക്യൂട്ട് മണലെങ്കിലും വേണം. ചുരുങ്ങിയത് 75,000 രൂപ പൂഴിക്ക് മാത്രമായി ഉപയോഗിക്കേണ്ടിവരുന്നു. ദേശീയ ഹരിത ട്രിബ്യൂണലിന്റെയും സുപ്രീംകോടതിയുടെയും വിധിപ്രകാരം മണൽ വാരൽ താൽക്കാലികമായി നിർത്തിവച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ

മണൽ ഓഡിറ്റ് പൂർത്തിയായ 20 നദികളിൽ മണൽ ഖനനം നിയമാനുസൃതം നടത്തുന്നതിന് അനുമതി നൽകിയും ഓഡിറ്റ് പൂർത്തിയായിട്ടില്ലാത്ത നദികളിൽ മൂന്ന് മാസംവരെ താൽക്കാലിക അനുമതി നൽകിയും 15-11-2014-ന് സർക്കാർ ഉത്തരവായി. എന്നാൽ മൂന്ന് മാസത്തിനകം ഓഡിറ്റ് പൂർത്തിയാകാത്ത സാഹചര്യത്തിൽ വീണ്ടും നൽകിയ എക്സ്റ്റൻഷൻ കാലാവധി കഴിഞ്ഞെങ്കിലും മണൽ ഓഡിറ്റ് പൂർത്തിയാക്കിയ ചാലിയാർ പോലെയുള്ള നദികളിൽ മണലെടുക്കുന്നതിന് അനുമതി നൽകിയിട്ടില്ല. ഈ സ്ഥിതിവിശേഷം മണൽത്തൊഴിലാളികളുടെ നൂറുകണക്കിന് കുടുംബങ്ങളെ പട്ടിണിയിലാക്കുകയും നിർമ്മാണ മേഖലയും പ്രത്യേകിച്ച് വീടുവയ്ക്കുന്ന സാധാരണക്കാരെയും ഗുരുതരമായി ബാധിക്കുകയും ചെയ്തു. ചാലിയാർ പുഴയുടെ കാര്യത്തിൽ സർക്കാർ രണ്ട് മാസത്തിനകം തീരുമാനമെടുക്കണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശിച്ചിരുന്നുവെങ്കിലും ഇപ്പോഴും പ്രശ്നം പരിഹരിച്ചിട്ടില്ല. ഇക്കാര്യത്തിൽ അടിയന്തരമായി ഇടപ്പെട്ട് പരിഹാരമുണ്ടാക്കണ മെന്നാവശ്യപ്പെടുന്നു.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, നദികളിൽ നിന്നുള്ള അശാസ്ത്രീയവും അനിയന്ത്രിതവുമായ മണൽ ഖനനം നദികളുടെ പാരിസ്ഥിതിക ജൈവ വ്യവസ്ഥിതിയെ പ്രതികൂലമായി ബാധിക്കുമെന്ന വസ്തുത ഉൾക്കൊണ്ടാണ് 2001-ൽ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും അനുബന്ധ ചട്ടങ്ങളും പുറപ്പെടുവിച്ചിട്ടുള്ളത്. ഇത്തരത്തിൽ പൊതു താല്പര്യാർത്ഥമാണ് നദീസംരക്ഷണത്തിനും നദികളിൽനിന്നും മണൽ വാരൽ നിയന്ത്രിക്കുന്നതിനുമുള്ള നടപടികൾ വ്യവസ്ഥ ചെയ്തിട്ടുള്ളത്. 2002-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ചട്ടങ്ങളിലെ 30-ാം വകുപ്പ് അനുസരിച്ച് സർക്കാർ മൂന്ന് വർഷം കൂടുമ്പോൾ ഓരോ ജില്ലയിലുമുള്ള നദികളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിലേക്കായി ലഭ്യമായ മണലിന്റെ അളവ് തിട്ടപ്പെടുത്തണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. പ്രസ്തുത വ്യവസ്ഥ പ്രകാരം സംസ്ഥാനത്തിലൂടെ ഒഴുകുന്ന 20 പ്രധാന നദികളുടെ സാന്റ് ഓഡിറ്റിംഗ് നടത്തുവാൻ ഈ മേഖലയിലെ പ്രമുഖരായ ഏജൻസികളെ ചുമതലപ്പെടുത്തി ഉത്തരവ് ഇറക്കിയിട്ടുണ്ട്. ഭാരതപ്പുഴ, ചാലക്കുടി, കരമന, കബനി, വാമനപുരം, നെയ്യാർ, ഇത്തിക്കര, പെരിയാർ, പമ്പ, കല്ലട, മൂവാറ്റുപ്പുഴ, മീനച്ചൽ, ചാലിയാർ, കടലുണ്ടി, വളപട്ടണം, ചന്ദ്രഗിരി, കുറ്റ്യാടി, അഞ്ചരക്കണ്ടി, കരവണ്ണൂർ, അച്ചൻകോവിലാർ തുടങ്ങിയവയാണ് പ്രസ്തുത നദികൾ. മേൽപ്പടി നദികളിൽ കബനി, വാമനപുരം, നെയ്യാർ, പെരിയാർ, പമ്പ, കല്ലട, മൂവാറ്റുപ്പുഴ, ചാലിയാർ, കടലുണ്ടി, ചന്ദ്രഗിരി, കുറ്റ്യാടി, അഞ്ചരക്കണ്ടി, കരവണ്ണൂർ, ഇത്തിക്കര എന്നീ 14 നദികളുടെ സാന്റ് ഓഡിറ്റിംഗ് പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കപ്പെടുകയും പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവുകൾ

പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. മേപ്പടി നദികൾ പമ്പ, പെരിയാർ, കടലുണ്ടി, ഇത്തിക്കര, ചാലിയാർ, മൂവാറ്റുപ്പുഴ എന്നിവയിൽ ഖനന ആവശ്യത്തിന് മണൽ ലഭ്യമാണെന്ന വസ്തുത ആധാരമാക്കി പാരിസ്ഥിതിക അനുമതി ലഭ്യമായ ശേഷം നിശ്ചിത അളവിൽ മണൽ ഖനനത്തിന് അനുമതി നൽകുവാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ബാക്കിയുള്ള നദികളിൽ ആവശ്യമായ മണൽ ലഭ്യമല്ലെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ മണൽ വാരൽ നിരോധിച്ചിട്ടുണ്ട്. ശേഷിക്കുന്ന 6 നദികളുടെ പഠനം ത്വരിതപ്പെടുത്തി താമസിക്കാതെ റവന്യൂ കമ്മീഷണറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. നദികളിൽനിന്നും ആവശ്യമുള്ള തോതിൽ മണൽ ലഭ്യമല്ലാത്ത സാഹചര്യം നിർമ്മാണ മേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടെന്നുള്ളത് വസ്തുതയാണ്. ഇക്കാര്യത്തിൽ നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും അതീതമായ സമീപനം സ്വീകരിച്ചുകൊണ്ട് പ്രശ്നപരിഹാരത്തിനായി മണൽ ഖനനം അനുവദിക്കാനാകില്ല. പരിസ്ഥിതി പ്രശ്നങ്ങൾ മുൻനിർത്തി നദികളിലെ മണൽ ഖനനത്തിന് നിലവിൽ കർശന നിയന്ത്രണങ്ങൾ പാലിക്കണമെന്ന ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെയും ഹൈക്കോടതിയുടെയും വിധിന്യായങ്ങൾ നിഷ്കർഷിക്കുന്നുണ്ട്. ശാസ്ത്രീയമായ മണൽ ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പാരിസ്ഥിതിക അനുമതി ലഭ്യമായതിനുശേഷം മാത്രമേ മണൽ വാരലിന് അനുമതി നൽകാവൂ എന്നാണ് മേൽപ്പറഞ്ഞ വിധിന്യായത്തിൽ നിഷ്കർഷിച്ചിട്ടുള്ളത്. സംസ്ഥാനത്തെ 44 നദികളിൽ മണൽ ഓഡിറ്റിംഗിന് സജ്ജീകരണമേർപ്പെടുത്തിയിട്ടുള്ള 20 നദികൾക്കുപുറമെ ബാക്കിയുള്ള 24 നദികൾകൂടി ഓഡിറ്റിംഗ് പൂർത്തിയാക്കി മണൽ ലഭ്യത തിട്ടപ്പെടുത്തിയതിനുശേഷം അനുമതി നൽകുന്ന കാര്യവും അനന്തരനടപടിയും അനുവർത്തിക്കുന്നതാണ്.

## 14. വൈദ്യുതി ശ്മശാനം

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലെ നഗരസഭയിൽ ഒരു ശ്മശാനം സ്ഥാപിക്കണമെന്ന ആവശ്യമാണ് ഞാൻ ഉന്നയിക്കുന്നത്. എന്റെ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ ദിവസം മുനിസിപ്പാലിറ്റിയിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബത്തിൽ ഒരു മരണമുണ്ടായിട്ട് അടക്കാൻ സ്ഥലമില്ലാതെ അടുക്കള കുഴിച്ച് ശവം സംസ്കരിക്കേണ്ട ഗതികേട് ഉണ്ടായി. അതിനുമുമ്പ് റോഡിന്റെ സൈഡിൽ അടക്കേണ്ട ഒരവസ്ഥയും ഉണ്ടായിട്ടുണ്ട്. വളരെ പാവപ്പെട്ടവരും സാധാരണക്കാരുമായിട്ടുള്ള ആളുകൾക്ക് ഇതൊരു വലിയ പ്രശ്നമായി മാറി കൊണ്ടിരിക്കുകയാണ്. ഈ പ്രശ്നത്തിന് ഒരു പരിഹാരം കാണുന്നതിനുവേണ്ടി നഗരസഭയിൽ ഒരു വൈദ്യുത ശ്മശാനം നിർമ്മിക്കുന്നതിനുള്ള നടപടി ഉണ്ടാകണമെന്നാണ് ഈ സബ്മിഷനിൽ കൂടി അഭ്യർത്ഥിക്കുന്നത്.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ചെങ്ങന്നൂർ നഗരസഭാ പ്രദേശത്ത് നിലവിൽ പൊതുശ്മശാനങ്ങളില്ല. ഹിന്ദുസമുദായത്തിൽപ്പെട്ടവർ സ്വന്തം സ്ഥലങ്ങളിലും മറ്റ് മതക്കാർ പള്ളികളിലും മൃതദേഹം മറവ് ചെയ്തുവരുന്നു. പൊതുശ്മശാനം നിർമ്മിക്കുന്നതിന് നഗരസഭാ കൗൺസിൽ ആലോചിക്കുകയും ഇതിനായി വാർഷിക പദ്ധതിയിൽ തുക വകയിരുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ അനുയോജ്യമായ സ്ഥലം കണ്ടെത്താൻ സാധിക്കാത്തതിനാൽ ശ്മശാനം നിർമ്മിക്കുന്നതിന് സാധിച്ചിട്ടില്ല. എല്ലാ നഗരസഭകളിലും ശ്മശാന സൗകര്യങ്ങൾ ഒരുക്കുകയെന്ന ലക്ഷ്യത്തോടുകൂടി നഗരപ്രദേശങ്ങളിൽ നഗരകാര്യ വകുപ്പുമുഖേന വാതക ശ്മശാനങ്ങളുടെ സ്ഥാപനം എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിലേക്കാവശ്യമായ പ്രൊപ്പോസലുകൾ സമർപ്പിക്കാൻ എല്ലാ നഗരസഭകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം അഞ്ച് നഗരസഭകളിൽ gas crematorium-ന് ഫണ്ട് നൽകിയിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കായി പത്തുകോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ചെങ്ങന്നൂർ നഗരസഭ ശ്മശാനത്തിനായി സ്ഥലം കണ്ടെത്തി പ്രൊപ്പോസൽ സമർപ്പിക്കുന്ന മുറയ്ക്ക് ഫണ്ട് ഉടൻതന്നെ അനുവദിക്കുന്നതാണ്.

## 15. കാസർഗോഡ് ജില്ലയിൽ എക്സൈസ് സർക്കിൾ ഓഫീസും റെയ്ഞ്ച് ഓഫീസും

ശ്രീ. പി. ബി. അബ്ദുൾ റസാക് : സർ, കർണ്ണാടക, ഗോവ സംസ്ഥാനങ്ങളോട് അടുത്തുനിൽക്കുന്ന കാസർഗോഡുവഴി സംസ്ഥാനത്തേയ്ക്ക് മദ്യം, മയക്കുമരുന്ന്, മറ്റ് ലഹരി പദാർത്ഥങ്ങൾ എന്നിവയുടെ കള്ളക്കടത്ത് തടയുന്നതിനായി ജില്ലയിൽ എക്സൈസ് വകുപ്പിന്റെ പ്രവർത്തനം കൂടുതൽ ശക്തമാക്കണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്. കാസർഗോഡ് ജില്ലയിൽ എക്സൈസ് വകുപ്പിന് വർഷങ്ങൾക്ക് മുമ്പുള്ള സ്റ്റാഫ് പാറ്റേണാണുള്ളത്. എന്നാൽ നിത്യേന ആയിരക്കണക്കിന് വാഹനങ്ങൾ കടന്നുപോകുന്നതും വാളയാർ കഴിഞ്ഞാൽ സംസ്ഥാനത്തിന് ഏറ്റവുമധികം നികുതി വരുമാനം നൽകുന്നതുമായ മഞ്ചേശ്വരം ചെക്ക് പോസ്റ്റുൾപ്പടെയുള്ള ജില്ലയിലെ എക്സൈസ് ഉദ്യോഗസ്ഥരുടെ നിരവധി തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. ജില്ലയിൽ പുതുതായി ആരംഭിച്ച താലൂക്കുകളിൽ എക്സൈസ് വകുപ്പിന്റെ സർക്കിൾ ഓഫീസും റെയ്ഞ്ച് ഓഫീസും ആരംഭിക്കുകയും ആവശ്യമായ കൂടുതൽ സ്ഥലങ്ങളിൽ ചെക്ക് പോസ്റ്റുകൾ സ്ഥാപിക്കുകയും ചെയ്താൽ കള്ളക്കടത്തുകൾ തടയുന്നതിനും എക്സൈസ് വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാനും സാധിക്കും. ഏറെ പ്രാധാന്യം നിറഞ്ഞതും അതീവ ജാഗ്രതയോടുകൂടി പ്രവർത്തിക്കേണ്ടതുമായ എക്സൈസ് വകുപ്പ് നന്നായി പ്രവർത്തിക്കുന്നതിനുവേണ്ടി

നിലവിലുള്ള ഒഴിവുകൾ നികത്തുകയും ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തേ മതിയാകൂ. പി.എസ്.സി. ലിസ്റ്റിൽ നിയമനം പ്രതീക്ഷിച്ച് കാത്തിരിക്കുന്ന നിരവധി ഉദ്യോഗാർത്ഥികൾ ജില്ലയിലുണ്ട്. ഇവർക്ക് നിയമനം നൽകി ഒഴിവുകൾ നികത്തുന്നതിനും അതുവഴി എക്സൈസ് വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമാവശ്യമായ അടിസ്ഥാന സൗകര്യങ്ങളും വാഹനങ്ങളും നൽകണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : സർ, അയൽ സംസ്ഥാനമായ കർണ്ണാടകവുമായി അതിർത്തി പങ്കിടുന്ന കാസർഗോഡ് ജില്ലയിൽ ഒരു മേജർ ചെക്ക്പോസ്റ്റും രണ്ട് താൽക്കാലിക ചെക്ക്പോസ്റ്റുകളുമാണ് നിലവിലുള്ളത്. സംസ്ഥാനത്ത് 12 പുതിയ താലൂക്കുകൾ രൂപീകരിച്ചപ്പോൾ അതിൽ മഞ്ചേശ്വരം ഉൾപ്പെടെ രണ്ടെണ്ണം കാസർഗോഡ് ജില്ലയിലാണ്. ഈ പുതിയ താലൂക്കുകളിൽ പുതിയ എക്സൈസ് സർക്കിൾ ഓഫീസുകൾ രൂപീകരിക്കണമെന്ന എക്സൈസ് കമ്മീഷണറുടെ ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്. കൂടാതെ താൽക്കാലിക ചെക്ക്പോസ്റ്റുകളായ ആവൂർ, പെർള എന്നിവ സ്ഥിരം ചെക്ക് പോസ്റ്റുകളാക്കണമെന്ന ശിപാർശ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ പിന്നീട് പരിഗണിക്കുന്നതിനായി മാറ്റി വച്ചിരുന്നു. എന്നാൽ ഈ ചെക്ക്പോസ്റ്റുകൾ സ്ഥിരപ്പെടുത്തുന്നത് വളരെയേറെ അനിവാര്യമായതുകൊണ്ട് ഈ നിർദ്ദേശം ഈ സാമ്പത്തിക വർഷം തന്നെ പരിഗണിക്കുന്നതാണ്. പുതിയ താലൂക്കുകളിൽ എക്സൈസ് സർക്കിൾ ഓഫീസുകൾ രൂപീകരിച്ചിട്ടില്ല. എങ്കിലും അതുൾപ്പെടുന്ന ഭൂപ്രദേശത്തിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നിലവിലുള്ള സർക്കിൾ ഓഫീസുകളും റെയ്ഞ്ച് ഓഫീസുകളും വളരെ കാര്യക്ഷമമായി നടത്തുന്നുണ്ട്. അതിർത്തി കടന്നുള്ള മദ്യക്കടത്ത് തടയുന്നതിനുവേണ്ടി സ്ഥിരം ചെക്ക്പോസ്റ്റുകളില്ലാത്ത സ്ഥലങ്ങളിൽ താൽക്കാലിക ചെക്ക്പോസ്റ്റുകൾ സ്ഥാപിച്ച് പ്രവർത്തനം ശക്തിപ്പെടുത്തുന്നതാണ്. കാസർഗോഡ് ജില്ലയിൽ 6 സിവിൽ എക്സൈസ് ഓഫീസർമാരുടെയും ഒരു വനിതാ സിവിൽ എക്സൈസ് ഓഫീസറുടെയും 5 പ്രിവന്റീവ് ഓഫീസർമാരുടെയും ഒഴിവുകൾ മാത്രമാണ് നിലവിലുള്ളത്. അത് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതും പി.എസ്.സി. ശിപാർശ ചെയ്യുന്ന മുറയ്ക്ക് ഒഴിവുകൾ നികത്തുന്നതുമാണ്.

## 16. വടകര നാഷണൽ ഹൈവേയിലെ അപകട സാധ്യത

ശ്രീ. സി. കെ. നാണു: സർ, വടകര മണ്ഡലത്തിലെ ഗവൺമെന്റ് മടപ്പള്ളി കോളേജിനടുത്തുള്ള നാഷണൽ ഹൈവേയിൽ റോഡിന്റെ വളവിൽ നിരന്തരമായി വാഹന അപകടങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. കുറച്ചുദിവസങ്ങൾക്ക് മുമ്പ് രാത്രി ഈ വളവിൽ വച്ച് വാതക ടാങ്കർ ലോറിയും കാറും തമ്മിൽ കൂട്ടിയിടിച്ച് അപകടകരമായ രൂപത്തിൽ മറിയുകയുണ്ടായി. ഭാഗ്യത്തിന് ഒരു ഓട്ടോറിക്ഷാ

ഡ്രൈവർ ജീവൻ പണയം വച്ച് പരിശ്രമിച്ചതിന്റെ ഫലമായിട്ടാണ് ആ കാറിലുണ്ടായിരുന്നവരുടെ ജീവൻ രക്ഷിക്കാൻ സാധിച്ചത്. കോഴിക്കോട് ജില്ലാ കളക്ടർ, തഹസീൽദാർ ഫയർഫോഴ്സ് തുടങ്ങിയ എല്ലാ ഉദ്യോഗസ്ഥരും അവിടെയുണ്ടായിരുന്നു. അടിയന്തരമായി ആ റോഡിന് വീതി കൂട്ടാനും അതുപോലെ തന്നെ അപകടകരമായ ആ പ്രദേശങ്ങളിൽ വാഹനങ്ങളെ ബോധ്യപ്പെടുത്തുന്ന രൂപത്തിലുള്ള സിഗ്നലുകൾ വയ്ക്കാനും അപകട സാധ്യതാ ബോർഡുകൾ വയ്ക്കാനും ആവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : സർ, ദേശീയപാത 17-ൽ കണ്ണൂർമുതൽകുറ്റിപ്പുറം വരെ നാലുവരിപ്പാതയായി വികസിപ്പിക്കുവാനുള്ള പ്രൊപ്പോസൽ നിലവിലുണ്ട്. ഈ നാലുവരിപ്പാതയുടെ അലൈൻമെന്റിൽ ഉൾപ്പെടുന്നതാണ് അങ്ങ് സബ്മിഷനിലൂടെ ഉന്നയിച്ച ഭാഗം. സ്ഥലമെടുപ്പിന്റെ കാലതാമസം കാരണം കേന്ദ്ര ഗവൺമെന്റ് ഈ പദ്ധതിയിൽ നിന്ന് പിൻമാറി. എന്നാൽ സംസ്ഥാന സർക്കാരിന്റെ അഭ്യർത്ഥന പ്രകാരം ദേശീയപാതാ വികസന പദ്ധതി പുനഃരാരംഭിക്കാൻ കേന്ദ്ര മന്ത്രാലയം തയ്യാറാവുകയും ഇതിനായി പുതിയ ഡി.പി.ആർ. തയ്യാറാക്കുവാൻ ദേശീയപാതാ അതോറിറ്റി ടെണ്ടർ വിളിക്കുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ. ഉന്നയിച്ച റോഡിന്റെ ഭാഗത്ത് 10 മീറ്റർ വീതിയുണ്ട്. മണ്ണിട്ട് ഉയർത്തിയാണ് ഇവിടെ റോഡ് പണിതിരിക്കുന്നത്. ഇവിടെ വളവായതിനാൽ അമിത വേഗതയിൽ വരുന്ന വാഹനങ്ങൾ അപകടത്തിൽപ്പെടാറുണ്ട്. റോഡ് വലതുഭാഗത്തേക്ക് വീതി കൂട്ടിയാൽ മാത്രമേ പരിപൂർണ്ണമായും സുരക്ഷിതമാകുകയുള്ളൂ. അതിനായി സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ. ആവശ്യപ്പെട്ടതുപോലെ അപകടങ്ങൾ കുറയ്ക്കുന്നതിന് ആവശ്യമായ സ്ഥലം ഏറ്റെടുത്ത് റോഡ് വീതി കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. താൽക്കാലികമായി അപകടം ഒഴിവാക്കുന്നതിന് ജാഗ്രതാ നിർദ്ദേശം സൂചിപ്പിക്കുന്ന സൈൻ ബോർഡുകൾ സ്ഥാപിക്കാനും ഗാർഡ് സോണുകൾ ഇല്ലാത്തിടത്ത് അവ സ്ഥാപിക്കാനും നടപടികൾ എടുത്തുവരുന്നു. ദേശീയപാത 17-ന്റെ നാലുവരിപ്പാത വികസനം പൂർത്തിയാകുന്നതോടുകൂടി ഇതിന് ശാശ്വത പരിഹാരം ഉണ്ടാകുന്നതാണ്.

### 17. അങ്കമാലിയിലെ ഗതാഗതക്കുരുക്ക്

ശ്രീ. ജോസ് തെറ്റയിൽ: സർ, 13-ാം കേരള നിയമസഭയുടെ പതിനഞ്ച് സമ്മേളനങ്ങളിലും ഞാനും ശ്രീ. സാജു പോളും മാറി മാറി ഉന്നയിക്കുന്ന ഒരു കാര്യമാണ് കാലടി ശ്രീശങ്കരാചാര്യ പാലത്തിന്റെ പ്രശ്നം. 42 കോടി രൂപ അനുവദിച്ചിട്ട് മൂന്നരക്കൊല്ലം കഴിഞ്ഞു. അലൈൻമെന്റ് പൂർത്തിയായിട്ടും ഒരു

നടപടിയും സ്വീകരിച്ചിട്ടില്ല. ഓരോ പ്രാവശ്യവും ഓരോ കാര്യം പറയുമെന്നല്ലാതെ ഒന്നും നടന്നിട്ടില്ല. മറ്റൊരു പ്രധാനപ്പെട്ട കാര്യം, അങ്കമാലിയിലെ ബൈപ്പാസിന്റെ കാര്യമാണ്. 2012-ൽ ഈ ബൈപ്പാസ് സംബന്ധമായ ഒരു യോഗം ബഹുമാനപ്പെട്ട മന്ത്രി ബന്ധപ്പെട്ട ആളുകളുമായി നടത്തുകയുണ്ടായെങ്കിലും ഇക്കാര്യത്തിൽ ഒരു പുരോഗതിയുമുണ്ടായിട്ടില്ല. ഇത് ഈ ഗവൺമെന്റിന്റെ കാലത്ത് നടക്കില്ലെങ്കിൽ അക്കാര്യം പറയണം, ഒരു വിരോധവുമില്ല. ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തുകയാണ്.

12.00 Noon]

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, 2012-ൽ കാലടി ശ്രീശങ്കരാചാര്യ പാലത്തിന് സമാന്തരമായ ഒരു പാലം നിർമ്മിക്കാൻ 42 കോടി രൂപയുടെ ഭരണാനുമതി കൊടുത്തു. നിർഭാഗ്യവശാൽ അലൈൻമെന്റ് സംബന്ധിച്ച് നിരന്തരമായ തർക്കം നിലനിന്നതുകൊണ്ട് അത് പരിഹരിക്കാൻ സാധിച്ചില്ല. ഇപ്പോൾ അലൈൻമെന്റ് ശരിയായിട്ടുണ്ട്. ഏറ്റവും കുറഞ്ഞത് പാലത്തിന്റെ അപ്പുറവുമിപ്പുറവുമുള്ള സ്ഥലമെങ്കിലും ബഹുമാനപ്പെട്ട എം.എൽ.എ.-മാരായ ശ്രീ. സാജു പോളും ശ്രീ. ജോസ് തെറ്റയിലും ഇടപെട്ട് എടുത്തുതന്നാൽ നടപടിയുമായി മുന്നോട്ടുപോകാമെന്ന് സമ്മതിച്ചിട്ടുള്ളതാണ്. അതെങ്കിലും എടുത്തു തരാനുള്ള സംവിധാനം ചെയ്തിട്ടില്ല. ബഹുമാനപ്പെട്ട എം.എൽ.എ.മാർ മുൻകൈയെടുത്ത് ഒരു അഡ്വാൻസ് പൊസഷൻ ലഭ്യമാക്കിയാൽ ഉടൻതന്നെ അതിന് ടി.എസ്. കൊടുത്ത് ടെണ്ടർ വിളിക്കുന്നതാണ്. അതുപോലെ അദ്ദേഹം ഉന്നയിച്ച അങ്കമാലി ബൈപ്പാസിനായി റിപ്പോർട്ട് നൽകാൻ കിറ്റ്കോയ്ക്ക് വേണ്ട നിർദ്ദേശം കൊടുത്തിട്ടുണ്ട്. കിറ്റ്കോയുടെ റിപ്പോർട്ട് കിട്ടിയാലുടൻ അങ്കമാലി ബൈപ്പാസ് പി.പി.പി. മോഡലിൽ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## 18. കണ്ണൂർ-വളപട്ടണം-മാഹി ബൈപ്പാസിന് പ്രത്യേക സ്കീം

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി: സർ, വളപട്ടണം-മാഹി നാലുവരിപ്പാത അടിയന്തരമായി ആരംഭിക്കണമെന്നുള്ളതാണ് എന്റെ ആവശ്യം. സംസ്ഥാനത്തെ ഏറ്റവും ഇടുങ്ങിയ നാഷണൽ ഹൈവേയാണ് മാഹി-തലശ്ശേരി. കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ മുഴപ്പിലങ്ങാട്-മാഹി 12 കിലോമീറ്റർ നാലുവരി പാത ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതുകൊണ്ടുമാത്രം ആ ഭാഗത്തെ പ്രശ്നം പരിഹരിക്കപ്പെടുകയില്ല. വളപട്ടണം-മാഹി പാതയ്ക്കായി 10 വില്ലേജുകളിൽ സർവ്വേ നടത്തി ലാന്റ് അക്വിസിഷന്റെ നടപടിക്രമത്തിന്റെ അവസാനഘട്ടമായ 3D പോലും ഡിക്ലയർ ചെയ്തതാണ്. 50 ശതമാനം ആളുകൾ അവരുടെ ലാന്റ് അക്വിസിഷൻ രേഖകൾ ഡെപ്യൂട്ടി കളക്ടർ ഓഫീസിൽ നൽകിക്കൊണ്ട് അവരുടെ സ്ഥലത്തിന് അവർക്ക് ന്യായമായ വില കൊടുക്കണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്. രാഷ്ട്രീയമായ എതിർപ്പുകളൊക്കെ മാറ്റി ജനങ്ങൾ തന്നെ ഈ ലാന്റ് അക്വിസിഷന്

അനുകൂലമാണ്. തിരുവനന്തപുരത്ത് കോവളം മുതൽ ഒരു സ്ട്രെച്ച് പണി ആരംഭിച്ചതു പോലെ ഒരു സ്പെഷ്യൽ പദ്ധതിയായി കണക്കാക്കി കേന്ദ്ര ഗവൺമെന്റിനെ സമീപിക്കണം. ലാന്റ് അക്വിസിഷൻ നടപടി ഇപ്പോൾ അനുകൂലമായ സാഹചര്യത്തിൽ പ്രസ്തുത സ്ഥലമെടുക്കുകയും കേന്ദ്രത്തിൽനിന്ന് സഹായം വാങ്ങി ഭൂ ഉടമകളെ രക്ഷിക്കുകയും വേണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, ദേശീയപാത 17-ന്റെ അലൈൻമെന്റിൽ പാപ്പിനിശ്ശേരി മുതൽ എടക്കാട് വരെയുള്ള കണ്ണൂർ ബൈപ്പാസ്, തലശ്ശേരി-മാഹി ബൈപ്പാസ് എന്നിവ ഉൾപ്പെട്ടിട്ടുണ്ട്. ഇവ രണ്ടും കൂടി ചേർന്നതാണ് കണ്ണൂർ-വളപട്ടണം-മാഹി ബൈപ്പാസ്. ഈ പദ്ധതി കേന്ദ്ര ഗവൺമെന്റ് ഏറ്റെടുക്കില്ലെന്ന സ്ഥിതിവിശേഷമുണ്ടായപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഞാനുമൊക്കെ താല്പര്യമെടുത്ത് സംസ്ഥാന ഗവൺമെന്റ് തന്നെ ഈ പദ്ധതി ഏറ്റെടുത്ത് നടത്തിയാലോ എന്നാലോചിക്കുകയും ചെയ്തതാണ്. അക്കാര്യം ബഹുമാനപ്പെട്ട അംഗത്തിന് നല്ലതുപോലെ അറിയാവുന്നതാണ്. എന്നാൽ ഈ പദ്ധതി കേന്ദ്ര ഗവൺമെന്റ് തന്നെ നടത്തിയാൽ മതിയെന്ന് അദ്ദേഹമുൾപ്പെടെ യുള്ളവർ നിർദ്ദേശിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഞങ്ങൾ വീണ്ടും കേന്ദ്ര മന്ത്രിയ്ക്ക് നിവേദനം കൊടുത്തതിന്റെ ഫലമായി ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് അത് ഏറ്റെടുക്കുകയും നാലുവരിപ്പാതയാക്കാമെന്ന് സമ്മതിക്കുകയും അതിനുള്ള നടപടികളുമായി മുന്നോട്ടുപോകുകയുമാണ്. കേന്ദ്ര ഗവൺമെന്റ് ഡി.പി.ആർ.-നുള്ള ടെണ്ടർ നടപടികളുമായി മുന്നോട്ടുപോകുകയാണ്.

## 19. താനൂരിലെ ബദർപ്പള്ളി പാലത്തിന്റെ നിർമ്മാണം

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, താനൂർ നിയോജകമണ്ഡല ത്തിലൂടെ കടന്നുപോകുന്ന കനോലി കനാലിന് കുറുകെയുള്ള തിരൂർ-പരപ്പനങ്ങാടി റോഡിനെയും നിർദ്ദിഷ്ട തീരദേശ പാതയെയും ബന്ധിപ്പിക്കുന്ന ബദർപ്പള്ളി പാലത്തിനുവേണ്ടി മുറവിളി തുടങ്ങിയിട്ട് നാളുകളേറെയായി. ഏറെ ജനസാന്ദ്രതയുള്ള ഈ തീരപ്രദേശത്തെ ജനങ്ങളും നൂറുകണക്കിന് വിദ്യാർത്ഥികളും മത്സ്യ വ്യാപാരികളുമെല്ലാം ഈ പ്രദേശത്ത് പാലമില്ലാത്തതിനാൽ ഏറെ പ്രയാസത്തിലാണ്. ഇതിന്റെ പ്രാധാന്യം മനസ്സിലാക്കി ഇവിടെ പാലം പണിയുന്നതിന് പൊതുമരാമത്ത് വകുപ്പ് ആരംഭിച്ച പ്രാഥമിക നടപടികൾ ത്വരിതപ്പെടുത്തി ഭരണാനുമതി നൽകി പ്രവർത്തനം തുടങ്ങുന്നതിന് നടപടികളുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, താനൂർ നിയോജകമണ്ഡലത്തിലെ കനോലി കനാലിന് കുറുകെയുള്ള ബദർപ്പള്ളി പാലത്തിന്റെ നിർമ്മാണത്തിനായി ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തിയാക്കി. പാലത്തിന്റെ

ഡിസൈൻ തയ്യാറാക്കൽ ഡ്രിക് ബോർഡിൽ അവസാനഘട്ടത്തി ലാണ്. ഡിസൈൻ എത്രയുംവേഗം പൂർത്തിയാക്കി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

## 20. പാണത്തൂർ റോഡിന്റെ നവീകരണം

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഹോസ്ദുർഗ്-പാണത്തൂർ അന്തർസംസ്ഥാന പാതയെ സംബന്ധിച്ചിട്ടുള്ള ഒരു കാര്യമാണ് സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. ഞാൻ 2011-ൽ സഭയിൽ വന്ന കാലം മുതൽ ആവർത്തിച്ച് പറഞ്ഞു കൊണ്ടിരിക്കുന്ന കാര്യമാണെങ്കിലും ഇതുവരെയും അതിൽ ഒരു നടപടിയുമുണ്ടായിട്ടില്ല. 12-6-2014-ലും 18-12-2014-ലും സഭയിൽ ചോദിച്ച ചോദ്യത്തിന് എത്രയും പെട്ടെന്ന് ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്നും എസ്റ്റിമേറ്റ് തയ്യാറാക്കി തരണമെന്നുമൊക്കെ അങ്ങ് ആവശ്യപ്പെട്ടതായിരുന്നു. അതിനെ തുടർന്ന് 15-7-2015-ന് അങ്ങേക്ക് വീണ്ടും കത്ത് നൽകുകയും 29-7-2015-ന് എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുകയും ചെയ്തു. അതുമായി ബന്ധപ്പെട്ട് ഇതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഹോസ്ദുർഗ്ഗിൽ നിന്ന് 15 കി.മീ. വരെയുള്ള ആ റോഡ് പൂർത്തീകരിച്ചതും മെക്കാഡം ടാർ ചെയ്തതും കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ്. അന്തർസംസ്ഥാന പാത എന്ന നിലയിൽ കർണ്ണാടകത്തിലേയ്ക്ക് കടക്കണമെങ്കിൽ പാണത്തൂർവഴി കടന്നുപോകണം. അതിനാവശ്യമായ വിധത്തിൽ 29 കി.മീ. റോഡിന്റെ പണി പൂർത്തീകരിക്കാനും മെക്കാഡം ടാർ ചെയ്യാനുമാവശ്യമായ എസ്റ്റിമേറ്റ് സമർപ്പിച്ചിരിക്കുകയാണ്. കഴിഞ്ഞ നാലഞ്ചു വർഷമായി ആവർത്തിച്ചു പറയുന്ന ഒരു വിഷയമെന്ന നിലയിൽ ഇതിൽ ഇപ്പോഴെങ്കിലും ഒരു നടപടിയുണ്ടാകണമെന്ന് ആവശ്യപ്പെടുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച ഹോസ്ദുർഗ്ഗ്-പാണത്തൂർ റോഡ് 44.175 കി.മീ. ദൈർഘ്യമുള്ളതാണ്. അദ്ദേഹം ആവശ്യപ്പെട്ടതായ റോഡിന്റെ പ്രസ്തുത ഭാഗം തന്നെ 29 കി. മീ. ഉണ്ട്. ഇതിന് 45 കോടി രൂപയുടെ വിശദമായ എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ട്. ആ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പിന്റെ ശിപാർശയോടുകൂടി ധനകാര്യ വകുപ്പിന് സമർപ്പിക്കുന്നതാണ്.

## 21. കടുത്തുരുത്തി ആശുപത്രി കെട്ടിടനിർമ്മാണം

ശ്രീ. മോൻസ് ജോസഫ്: സർ, കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ വിവിധ ഗവൺമെന്റ് ആശുപത്രികളിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് സർക്കാരിന്റെ പരിഗണനയിലുള്ള ഫയലുകളിൽ തീർപ്പാക്കണമെന്നുള്ളതാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്ന ആവശ്യം. ഇന്ത്യയുടെ മുൻ രാഷ്ട്രപതി ഡോ. കെ. ആർ. നാരായണന്റെ ജന്മനാടായ ഉഴവൂരിൽ അദ്ദേഹത്തിന്റെ നാമധേയത്തിലുള്ള സ്പെഷ്യാലിറ്റി ഹോസ്പിറ്റലിന്റെ കെട്ടിടനിർമ്മാണം പൂർത്തിയായിരിക്കുകയാണ്. അത് ഉദ്ഘാടനം ചെയ്യാൻ കഴിയണമെങ്കിൽ അവിടെ ആവശ്യമായ തസ്തിക

അനുവദിക്കണം. അതിന്റെ ഫയലുകൾ ഗവൺമെന്റിന്റെ പരിഗണനയിലാണ്. ഈ മണ്ഡലത്തിൽ ഗവൺമെന്റ് അപ്ഗ്രേഡ് ചെയ്ത കുറവിലങ്ങാട് താലൂക്ക് ആശുപത്രി പ്രവർത്തിക്കാൻ കഴിയാത്ത സ്ഥിതിയിൽ നിൽക്കുകയാണ്, അതിനുള്ള തസ്തികയും അനുവദിച്ചിട്ടില്ല. അതും ഗവൺമെന്റിന്റെ പരിഗണനയിൽ നിൽക്കുന്ന ഫയലാണ്. ബഹുമാനപ്പെട്ട മന്ത്രി വി.എസ്. ശിവകുമാർ കടുത്തുരുത്തി മണ്ഡലത്തിൽ വന്നപ്പോൾ പ്രഖ്യാപിച്ചവയാണ് അവിടെയുള്ള രണ്ട് പി.എച്ച്.സി.കൾ. ആ 2 പി.എച്ച്.സി.-കളിൽ ഏറ്റവും കൂടുതൽ തിരക്ക് അനുഭവപ്പെടുന്ന കുറുപ്പന്തറ പി.എച്ച്.സി.-യിലും കടുത്തുരുത്തി പി.എച്ച്.സി.-യിലും 25 ബെഡ്ഡുള്ള കിടത്തി ചികിത്സാ കേന്ദ്രം ആരംഭിക്കുമെന്ന് ശ്രീ. കെ. എം. മാണി സാർ കഴിഞ്ഞ ബഡ്ജറ്റിലൂടെ അനൗൺസ് ചെയ്തതാണ്. അത് ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം തസ്തിക അനുവദിക്കാത്തതാണ്. ഈ നാല് ഹോസ്പിറ്റലുകളിലും തസ്തിക അനുവദിക്കുന്നത് സംബന്ധിച്ചുള്ള ഫയൽ തീർപ്പാക്കി എത്രയും പെട്ടെന്ന് അവിടത്തെ ജനങ്ങളെ സഹായിക്കണമെന്നാണ് ആരോഗ്യ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, കുറവിലങ്ങാട് താലൂക്ക് ആശുപത്രിയിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി പ്രൊപ്പോസൽ ലഭിച്ചിരുന്നുവെങ്കിലും 2013-14 സാമ്പത്തിക വർഷത്തിൽ ടി നിർമ്മാണത്തിന് തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ പരിഗണിക്കാൻ സാധിച്ചിരുന്നില്ല. ടി ആശുപത്രിയിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടറിൽനിന്നും ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. 16-1-2015-ലെ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ 35 താലൂക്ക് ആശുപത്രികളിൽ കാഷ്വാലിറ്റി യൂണിറ്റ് ആരംഭിക്കുന്നതിന്റെ ഭാഗമായി ഇവിടെ കാഷ്വാലിറ്റി യൂണിറ്റ് ആരംഭിച്ച് 4 കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ കടുത്തുരുത്തി, കുറുപ്പന്തറ പ്രൈമറി ഹെൽത്ത് സെന്ററുകളിൽ കിടത്തി ചികിത്സ അനുവദിക്കുന്നതിന് ഇവയെ 24 X 7 പ്രൈമറി ഹെൽത്ത് സെന്ററായി ഉയർത്തുകയും നിലവിലുള്ള ജീവനക്കാരുടെ എണ്ണത്തിൽ വർദ്ധനവ് വരുത്തേണ്ടതുമാണ്. നിലവിൽ 50-നും 75-നുമിടയിൽ രോഗികൾ മാത്രം ദിവസേന ചികിത്സയ്ക്കെത്തുന്ന ഈ സ്ഥാപനത്തിൽ പ്രാഥമിക ചികിത്സ നൽകുകയും വിദഗ്ധ ചികിത്സയ്ക്കായി താലൂക്ക്-ജില്ലാ ആശുപത്രികളിൽ റഫർ ചെയ്യുകയുമാണ് ചെയ്തുവരുന്നത്. കടുത്തുരുത്തി, കുറുപ്പന്തറ പ്രൈമറി ഹെൽത്ത് സെന്ററുകളെ സാമൂഹ്യാരോഗ്യ കേന്ദ്രമായി അപ്ഗ്രേഡ് ചെയ്യണമെന്ന ആവശ്യത്തിന്മേൽ ഈ പ്രൈമറി ഹെൽത്ത് സെന്ററുകളെ 24 X 7 പ്രൈമറി ഹെൽത്ത് സെന്ററുകളായി ഉയർത്തുന്നതായിരിക്കും അഭികാമ്യമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. കുറുപ്പന്തറ പ്രൈമറി ഹെൽത്ത് സെന്ററിൽ ഐ.പി. പ്രവർത്തിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളോ തസ്തികകളോ ലഭ്യമല്ല എന്ന ഡി.എം.ഒ.യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അടിസ്ഥാന സൗകര്യം വികസിപ്പിച്ച ശേഷം 24 X 7 പ്രൈമറി ഹെൽത്ത് സെന്ററായി ഉയർത്തുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കാൻ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം

നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച ഫയലുകളിന്മേൽ ധനകാര്യ വകുപ്പ് ചില വിശദീകരണങ്ങൾ ആവശ്യപ്പെട്ടു. അത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

## 22. ശബരിമലയെ ദേശീയ തീർത്ഥാടന കേന്ദ്രമാക്കൽ

ശ്രീ. രാജു എബ്രഹാം: സർ, കേരളത്തിൽ ഏറ്റവും കൂടുതൽ ഉറപ്പുകൾ ലഭിച്ചിട്ടുള്ളത് ശബരിമല ദേശീയ തീർത്ഥാടന കേന്ദ്രമാക്കുമെന്ന പേരിലാണ്. കഴിഞ്ഞ യു.പി.എ. ഗവൺമെന്റിന്റെ കാലത്ത് എട്ട് മന്ത്രിമാർ കേരളത്തിൽനിന്നും ഉണ്ടായിരുന്നിട്ടും ശബരിമല ദേശീയ തീർത്ഥാടന കേന്ദ്രമാക്കിയില്ല. മുമ്പ് ബി.ജെ.പി. ഗവൺമെന്റ് വന്നപ്പോഴും ആക്കിയില്ല. ശ്രീ. നരേന്ദ്ര മോദി കേരളത്തിൽ വരുമ്പോൾ ദേശീയ തീർത്ഥാടന കേന്ദ്രമാക്കുമെന്ന് പറഞ്ഞ് വലിയ പ്രചരണമുണ്ടായിരുന്നു. ഇക്കാര്യത്തെ സംബന്ധിച്ച് മുഖ്യമന്ത്രി നിവേദനം കൊടുത്തിട്ടും ദേശീയ തീർത്ഥാടന കേന്ദ്രമാക്കിയില്ല. ഇനിയെങ്കിലും ശബരിമലയെ ദേശീയ തീർത്ഥാടന കേന്ദ്രമാക്കി പ്രഖ്യാപിക്കാൻ ദേവസ്വം വകുപ്പുമന്ത്രിയെന്ന നിലയിൽ അങ്ങ് ആത്മാർത്ഥമായി മുൻകൈ എടുക്കുമോയെന്നാണ് അറിയേണ്ടത്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, ശബരിമല ശ്രീധർമ്മശാസ്താ ക്ഷേത്രം തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ളതും പെരിയാർ ടൈഗർ റിസർവ് വനപ്രദേശത്താൽ ചുറ്റിക്കിടക്കപ്പെടുന്നതും ഇന്ത്യയിലെയും വിദേശത്തെയും നിരവധി തീർത്ഥാടകർ എല്ലാ വർഷവും തീർത്ഥാടനത്തിനായി എത്തിച്ചേരുന്നതുമായ ക്ഷേത്രമാണ്. ജാതിമത വ്യത്യാസമില്ലാതെ നാനാതുറയിലുള്ള തീർത്ഥാടകർ എത്തിച്ചേരുന്ന ഈ ക്ഷേത്രം ഒരു ദേശീയ തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. എല്ലാ വർഷവും ഏകദേശം മൂന്ന് കോടിയിലേറെ തീർത്ഥാടകർ നവംബർ മുതൽ ജനുവരി വരെയുള്ള മാസങ്ങളിൽ തീർത്ഥാടനത്തിന് എത്തിച്ചേരുന്നതായി കണക്കാക്കപ്പെടുന്നു. ശബരിമല തീർത്ഥാടകർക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ഒരുക്കുന്നതിലേക്കായി ദേവസ്വം ബോർഡ് പദ്ധതികൾക്കു പുറമെ കോടിക്കണക്കിന് രൂപ സംസ്ഥാന സർക്കാർ ചെലവഴിക്കുന്നുണ്ട്. മാസ്റ്റർ പ്ലാൻ പദ്ധതി നടപ്പിലാക്കാൻ ഇതിനകം തന്നെ അറുപത്തിയഞ്ചു കോടി രൂപ ബഡ്ജറ്റിൽ ഉൾപ്പെടുത്തി അനുവദിച്ചുകഴിഞ്ഞു. ആ പദ്ധതികളെല്ലാം നടപ്പിലാക്കി കഴിഞ്ഞു. വിവിധ സർക്കാർ വകുപ്പുകളും സൗകര്യങ്ങൾ ഒരുക്കുന്നതിനുവേണ്ടി അതത് വകുപ്പുകളുടെ ബഡ്ജറ്റ് വിഹിതത്തിൽനിന്ന് വൻതുക ചെലവഴിച്ചുവരുന്നുണ്ട്. വനഭൂമി ലഭ്യമാകാത്തതാണ് ശബരിമല വികസനത്തിനുള്ള പ്രധാന തടസ്സം. ശബരിമലയെ ദേശീയ തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിച്ചാൽ വികസന പ്രവർത്തനങ്ങൾക്കാവശ്യമായ വനഭൂമി ലഭ്യമാക്കുന്നതിന് കഴിയും. തീർത്ഥാടകർക്കാവശ്യമായ കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്നതിന് ഇത് സഹായകമാകും. ശബരിമലയെ ദേശീയ തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും

വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ 'പ്രസാദ്' പദ്ധതിയിൽ ഉൾപ്പെടുത്തി 420 കോടി രൂപ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ടും 11-12-2015-ൽ മുഖ്യമന്ത്രിയും ഞാനും പ്രധാനമന്ത്രിയെ നേരിൽ സന്ദർശിച്ച് ചർച്ച നടത്തുകയും നിവേദനം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന് മുമ്പുതന്നെ കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട് വനം-പരിസ്ഥിതി വകുപ്പുമന്ത്രിക്കും പ്രധാനമന്ത്രിക്കും നിവേദനം നൽകിയിരുന്നു. ഇന്ന് വൈകുന്നേരം പ്രധാനമന്ത്രിയെ കാണുമ്പോൾ ഈ ആവശ്യം ശക്തമായി ഉന്നയിക്കുന്നതും ശബരിമലയെ ദേശീയ തീർത്ഥാടന കേന്ദ്രമാക്കി മാറ്റുന്നതിനുള്ള ധനസഹായം നൽകണമെന്ന് അഭ്യർത്ഥിക്കുന്നതുമാണ്.

## VI മേശപ്പുറത്തുവച്ച കടലാസുകൾ

### (1) ചട്ടം 47 (2) അനുസരിച്ചുള്ളത് ലിസ്റ്റ് I പ്രകാരം

1. വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിലെ 4348, പന്ത്രണ്ടാം സമ്മേളനത്തിലെ 4680, പതിനാലാം സമ്മേളനത്തിലെ 2485, 2495, 2503, 2506, 2508, 2510, 2520 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

2. റവന്യൂവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിലെ 2846, പതിനാലാം സമ്മേളനത്തിലെ 5197 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

### (2) ചട്ടം 236 (6) അനുസരിച്ചുള്ളത് ലിസ്റ്റ് II പ്രകാരം

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രിക്കുവേണ്ടി ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി(ശ്രീ. കെ. സി.

ജോസഫ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXXVII- വ്യവസായങ്ങൾ | 2014-15 | കേരളചെറുകിട വ്യവസായ വികസന കോർപ്പറേഷൻ ലിമിറ്റഡ് |

## VII റിപ്പോർട്ട് സമർപ്പണം

### 2015 -ലെ കേരള നഗര-ഗ്രാമാസൂത്രണ ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

1. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം നമ്പർ വിഷയ നിർണ്ണയ കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ 2015-ലെ കേരള നഗര-ഗ്രാമാസൂത്രണ ബില്ലിനെ സംബന്ധിച്ച വിഷയ നിർണ്ണയ കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നു.

2. പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റിയുടെ നൂറ്റിമൂന്ന് മുതൽ നൂറ്റിപ്പത്ത് വരെയുള്ള റിപ്പോർട്ടുകൾ.

ശ്രീ. മാത്യൂ റ്റി. തോമസ്: സർ, പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റി ചെയർമാനുവേണ്ടി സമിതി അംഗമായ ഞാൻ സമിതിയുടെ നൂറ്റിമൂന്ന് മുതൽ നൂറ്റിപ്പത്ത് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

3. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ നാൽപ്പത്തി ആറ് മുതൽ അമ്പത്തിരണ്ട് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. വർക്കല കഹാർ: സർ, ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ ചെയർമാനായ ഞാൻ സമിതിയുടെ നാൽപ്പത്തിയാറ് മുതൽ അമ്പത്തിരണ്ട് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

4. സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ ഇരുപത്തിയൊൻപത് മുതൽ മുപ്പത്തിരണ്ട് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. ലൂഡി ലൂയിസ്: സർ, സബോർഡിനേറ്റ് ലെജിസ്ലേഷൻ സംബന്ധിച്ച സമിതിയുടെ ചെയർമാനുവേണ്ടി സമിതി അംഗമായ ഞാൻ ഇരുപത്തയൊൻപത് മുതൽ മുപ്പത്തിരണ്ട് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

5. മേശപ്പുറത്തുവച്ച കടലാസ്സുകൾ സംബന്ധിച്ച സമിതിയുടെ പത്ത് മുതൽ പന്ത്രണ്ട് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. ജോസ് തെറ്റയിൽ : സർ, മേശപ്പുറത്തുവച്ച കടലാസ്സുകൾ സംബന്ധിച്ച സമിതിയുടെ ചെയർമാനായ ഞാൻ സമിതിയുടെ പത്ത് മുതൽ പന്ത്രണ്ട് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

## VIII ക്രമപ്രശ്നം

നിലവിലുള്ള ചട്ടങ്ങളിലെ ഭേദഗതി

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, കഴിഞ്ഞ ദിവസം ഞാൻ ഒരു ക്രമപ്രശ്നം ഉന്നയിച്ചിരുന്നു. അതിൽ ഗവൺമെന്റിറക്കിയ ഉത്തരവ് നിലവിലുള്ള ചട്ടങ്ങൾ ഭേദഗതി വരുത്തിക്കൊണ്ടല്ലെന്നും ബഹുമാനപ്പെട്ട കോടതി വിധിയുടെ അടിസ്ഥാനത്തിലാണെന്നും പറഞ്ഞുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി കോടതി വിധി വായിക്കുകയുണ്ടായി. ആ വിധിയിലെ 17-ാമത്തെ പാരഗ്രാഫാണ് അദ്ദേഹം വായിച്ചത്. അതിനുശേഷം വളരെ വ്യക്തമായി കോടതി തന്നെ പറയുന്നത്, 3 (b) നാഷണൽ ബിൽഡിംഗ് കോഡ് ഓഫ് ഇന്ത്യ ബാധകമാക്കൽ- ഈ ചട്ടങ്ങളിൽ നാഷണൽ ബിൽഡിംഗ് കോഡിലെ വ്യവസ്ഥകൾ പ്രതിപാദിച്ചിരിക്കുന്ന സ്ഥലങ്ങളിലെല്ലാം നിലവിലുള്ള കോഡിലുള്ള വ്യവസ്ഥകൾ പാലിക്കേണ്ടതാണെന്ന് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെന്ന കാര്യം കൂടി കോടതി സൂചിപ്പിക്കുന്നുണ്ട്. ഈ ഉത്തരവ് പറയുന്നതുതന്നെ, ആഭ്യന്തര വകുപ്പ് കേരള ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ്, 12 മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക് അഗ്നിസുരക്ഷാ വകുപ്പിന്റെ എൻ.ഒ.സി. നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ പരിഷ്കരിച്ച് ഉത്തരവുകൾ പുറപ്പെടുവിക്കുന്നുവെന്നാണ്. ഈ റൂളിലെ വ്യവസ്ഥകൾക്ക് മാറ്റം വരുത്താനുള്ള അധികാരം നിയമസഭയിലെ സബ്ജക്ട് കമ്മിറ്റിയിൽ മാത്രം അന്തർലീനമായിട്ടുള്ള കാര്യമാണ്. ഇത് ക്യാബിനറ്റ് ചേർന്ന് നിലവിലുള്ള വ്യവസ്ഥകൾക്ക് യാതൊരു മാറ്റവും വരുത്താൻ ഉദ്ദേശിക്കുന്നില്ലെങ്കിൽ ഈ കോടതി വിധിയെ അനുസരിച്ചാണെങ്കിൽ ഇത്തരമൊരു ഉത്തരവ് ഇറക്കാൻ സാധ്യമല്ല. മാത്രവുമല്ല, ഈ ഉത്തരവിൽ പറയുന്ന കാര്യം എന്താണെന്ന് വ്യക്തവുമല്ല. ഉത്തരവിലെ നാലാമത്തെ പാരഗ്രാഫിൽ പറയുന്നത്, സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നാഷണൽ ബിൽഡിംഗ് കോഡ് ഓഫ് ഇന്ത്യ, 2005 കെട്ടിട നിർമ്മാണത്തിനുള്ള മാർഗ്ഗരേഖ മാത്രമായതിനാൽ കെട്ടിട

നിർമ്മാണം സംബന്ധിച്ച് കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസിലെ നിയമ വ്യവസ്ഥകൾ അനുവർത്തിക്കുവാനും പ്രസ്തുത നിയമത്തിൽ നിർദ്ദേശിക്കപ്പെട്ടിട്ടില്ലാത്ത മേഖലകളിൽ മാത്രം നാഷണൽ ബിൽഡിംഗ് കോഡ് 2005 അനുവർത്തിച്ചാൽ മതിയെന്നും തീരുമാനിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. 3 (b) അനുസരിച്ച് ഈ ചട്ടങ്ങളിൽ നാഷണൽ ബിൽഡിംഗ് കോഡിൽ വ്യവസ്ഥകൾ പ്രതിപാദിച്ചിരിക്കുന്ന സ്ഥലങ്ങളിലെല്ലാം നിലവിലുള്ള കോഡിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണെന്ന് പറയുമ്പോൾ അത് പാലിക്കേണ്ടതില്ല പ്രസ്തുത നിയമത്തിൽ നിർദ്ദേശിക്കപ്പെട്ടിട്ടില്ലാത്ത മേഖലകളിൽ മാത്രം നാഷണൽ ബിൽഡിംഗ് കോഡ് ഓഫ് 2005 അനുവർത്തിച്ചാൽ മതിയെന്നും പറഞ്ഞുകൊണ്ട് ഉത്തരവിറക്കിയിരിക്കുന്നത് എന്തടിസ്ഥാനത്തിലാണെന്നുള്ളത് ഗവൺമെന്റ് വ്യക്തമാക്കണം. ഗവൺമെന്റിന് ഉത്തരവിറക്കാനുള്ള അധികാരമുണ്ട്. ഏതൊരു സാഹചര്യമനുസരിച്ചും ഉത്തരവുകൾ ഇറക്കാം. പക്ഷെ, ചട്ടവും വ്യവസ്ഥയും അനുസരിച്ചായിരിക്കണം. 1999-ലെ കേരള മുനിസിപ്പൽ കെട്ടിട നിർമ്മാണ ചട്ടത്തിൽ നാഷണൽ ബിൽഡിംഗ് കോഡ് ഓഫ് ഇന്ത്യ, 2005 ഇൻകോർപ്പറേറ്റ് ചെയ്തിരിക്കുന്ന ഏക സ്ഥലം അഗ്നിസുരക്ഷയുമായി ബന്ധപ്പെട്ട സ്ഥലമാണ്. അതിനകത്ത് വളരെ വ്യക്തമായി വീണ്ടും ആവർത്തിച്ചു പറയുകയാണ്, അഗ്നിസുരക്ഷയുമായി ബന്ധപ്പെട്ട എല്ലാ ആവശ്യങ്ങളും 1983-ലെ നാഷണൽ ബിൽഡിംഗ് കോഡ് ഓഫ് ഇന്ത്യയിലെ നാലാം ഭാഗത്തിലെ അഗ്നിസുരക്ഷ മാനദണ്ഡം അനുബന്ധം-II-ന് കീഴിലുള്ള മൂന്നാം നമ്പർ ഭേദഗതിയിൽ പറയുന്നതുപോലെയാണ്. ഇത് മാൻഡേറ്ററിയാണ്. നിയമത്തിൽ നാഷണൽ ബിൽഡിംഗ് കോഡ് ഇൻകോർപ്പറേറ്റ് ചെയ്തുകഴിഞ്ഞാൽ ഹൈക്കോടതി വിധിയിൽ തന്നെ പറയുന്നു, 3(b) അനുസരിച്ച് എവിടെയൊക്കെ നാഷണൽ ബിൽഡിംഗ് കോഡിലെ വ്യവസ്ഥകൾ ഉൾപ്പെട്ടിട്ടുണ്ടോ അത് പാലിക്കപ്പെടേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിരിക്കെ ഇതിനകത്ത് എന്ത് റിലാക്സേഷനാണ് ഗവൺമെന്റ് കൊടുത്തിരിക്കുന്നത്. നാഷണൽ ബിൽഡിംഗ് കോഡിനകത്ത് പറയുന്ന മൂന്ന് നിലയ്ക്ക് മുകളിലുള്ള കെട്ടിടങ്ങൾക്ക് പാലിക്കേണ്ടതായ ചുറ്റുമുള്ള പാത്ത്‌വേയുമായി ബന്ധപ്പെട്ടുള്ള വ്യവസ്ഥകളിൽ എന്തെങ്കിലും വിട്ടുവീഴ്ചകളോ കുറവുകളോ വരുത്തി ഗവൺമെന്റ് കൊടുത്തിട്ടുണ്ടോ; എന്താണ് ഗവൺമെന്റ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കണം. ഈ ഓർഡർ തന്നെ നിയമവ്യവസ്ഥകൾക്ക് വിരുദ്ധമാണ്, നിയമസഭയുടെ സബ്ജക്ട് കമ്മിറ്റി പരിശോധിക്കാതെ ഉദ്യോഗസ്ഥന്മാരുടെ കമ്മിറ്റി പരിശോധിച്ച റിപ്പോർട്ട് എന്താണ്; നിയമ വകുപ്പ് നൽകിയിരിക്കുന്ന ഉപദേശം എന്താണ്; അഡ്വക്കേറ്റ് ജനറലിന്റെ ഉപദേശം തേടിയിട്ടുണ്ടോ? ഈ ഉത്തരവിന് പിന്നിലുള്ള ക്യാബിനറ്റ് തീരുമാനം എന്താണെന്നതുസംബന്ധിച്ച രേഖകൾ മേശപ്പുറത്ത് വയ്ക്കാൻ ഗവൺമെന്റ് തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഇതേ വിഷയം കഴിഞ്ഞ പ്രാവശ്യം സഭയിൽ ഉന്നയിച്ചപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഞാനും വളരെ വിശദമായി മറുപടി പറഞ്ഞതാണ്. കെട്ടിടങ്ങൾക്ക് അഗ്നിസുരക്ഷാ വകുപ്പിന്റെ എൻ.ഒ.സി. നൽകുമ്പോൾ കേരള മുനിസിപ്പൽ ബിൽഡിംഗ് റൂളിലെ ചട്ടം 44 പാലിക്കണമെന്ന വ്യവസ്ഥയ്ക്ക് ഒരു ഇളവും എങ്ങും അനുവദിച്ചിട്ടില്ല. ആഭ്യന്തര വകുപ്പിൽനിന്നും 8-12-2015-ൽ പുറപ്പെടുവിച്ച ഉത്തരവിൽ പറഞ്ഞിട്ടുള്ളത്, നാഷണൽ ബിൽഡിംഗ് കോഡ് ഓഫ് ഇന്ത്യ - 2005 കെട്ടിട നിർമ്മാണത്തിനുള്ള മാർഗ്ഗരേഖ മാത്രമായതിനാൽ കെട്ടിട നിർമ്മാണം സംബന്ധിച്ച് കേരള മുനിസിപ്പൽ ബിൽഡിംഗ് റൂളിന്റെ നിയമ വ്യവസ്ഥകൾ അനുവർത്തിക്കാനും പ്രസ്തുത നിയമത്തിൽ നിർദ്ദേശിക്കപ്പെട്ടിട്ടില്ലാത്ത മേഖലകളിൽ മാത്രം നാഷണൽ ബിൽഡിംഗ് കോഡ് അനുവർത്തിച്ചാൽ മതിയെന്നുമാണ്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഇപ്പോൾ പുതിയ അർത്ഥമാണോ?

ശ്രീ. മഞ്ഞളാംകുഴി അലി: സർ, മുമ്പുണ്ടായിരുന്ന അതേ അർത്ഥം തന്നെയാണ്. ഇതിന്റെ അർത്ഥമൊന്നും മാറിയിട്ടില്ല. എന്നാൽ ഈ ഉത്തരവിന്റെ സംഗ്രഹമായി കൊടുത്തിരിക്കുന്നത് 12 മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക് അഗ്നിസുരക്ഷാ വകുപ്പിന്റെ എൻ.ഒ.സി. നൽകുന്ന മാനദണ്ഡങ്ങൾ പരിഷ്ക്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുക എന്നാണ്. മാനദണ്ഡങ്ങൾ പരിഷ്ക്കരിക്കുന്നു എന്ന ഉത്തരവിലെ പ്രയോഗമാണ് ആശയക്കുഴപ്പം ഉണ്ടാക്കിയതെന്ന് തോന്നുന്നു. നിലവിലുള്ള നിയമങ്ങളിൽ ഒരു മാറ്റവും വരുത്തിയിട്ടില്ലെന്നകാര്യം ഞാൻ ഒന്നുകൂടി വ്യക്തമാക്കുന്നു. ഇതാണ് എനിക്ക് ഇതിനെക്കുറിച്ച് പറയാനുള്ളത്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, എന്താണെന്നുള്ളത് വ്യക്തമാക്കണമെന്നാണ് ഞങ്ങൾ ആവശ്യപ്പെടുന്നത്.

മി. സ്പീക്കർ: ശ്രീ. വി. എസ്. സുനിൽ കുമാർ ചോദിച്ചതിന് മന്ത്രി മറുപടിയും പറഞ്ഞു. ഇനി അതിനെക്കുറിച്ച് ചർച്ച ചെയ്യുന്നത് ശരിയല്ല.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ബഹുമാനപ്പെട്ട ചെയർ റൂളിംഗ് നൽകിയ ഒരു വിഷയം ആയതുകൊണ്ടാണ് അത് വ്യക്തമാക്കണമെന്ന് പറയുന്നത്. ഇത് ഹൈക്കോടതിയുടെ വിധിയാണ്. ഈ ഉത്തരവിൽ പറയുന്ന കാര്യത്തിലെ കൺഫ്യൂഷനെപ്പറ്റി ഇവിടെ എല്ലാവരും പറഞ്ഞു. ഇവിടെ നമുക്ക് മനസ്സിലാകാത്ത കാര്യം പ്രസ്തുത നിയമത്തിൽ നിർദ്ദേശിക്കപ്പെട്ടിട്ടില്ലാത്ത ഭേദഗതികൾ എന്നാണ്. നാഷണൽ ബിൽഡിംഗ് കോഡ് അനുവർത്തിച്ചാൽ മതിയെന്നു പറയുന്നതിൽ

എന്താണ് അർത്ഥം; നാഷണൽ ബിൽഡിംഗ് കോഡ് നിർദ്ദേശിക്കപ്പെട്ട സ്ഥലത്ത് അനുവർത്തിക്കണമെന്ന് പറയുന്നതിനുപകരം നിർദ്ദേശിക്കപ്പെട്ടിട്ടില്ലാത്ത മേഖലകളിൽ മാത്രം അനുവർത്തിച്ചാൽ മതിയെന്നു പറഞ്ഞാൽ എന്താണ് അതിനർത്ഥം; എന്ത് അനീതിയാണ് ഇവിടെ നടക്കുന്നത്; ഇത് ആരെ സഹായിക്കാൻ വേണ്ടിയാണ്? ഇത് മറുപടി പറയേണ്ട കാര്യമാണ്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഉറങ്ങുന്ന ആളിനെ ഉണർത്താം. പക്ഷേ ഉറക്കം നടിക്കുന്ന ആളിനെ ഉണർത്താൻ കഴിയില്ല. ബഹുമാനപ്പെട്ട വി. എസ്. സുനിൽ കുമാർ അതുമാത്രമാണ് ചെയ്യുന്നത്.

മി. സ്പീക്കർ:....( ബഹളം) .... ശ്രീ. വി. എസ്. സുനിൽ കുമാർ, മന്ത്രി പറയുന്ന മറുപടി കേൾക്കണം. ഈ വിഷയം സംബന്ധിച്ച് 8-12-2015-ന് ബഹുമാനപ്പെട്ട മന്ത്രി നൽകിയ മറുപടി ചെയർ പരിശോധിച്ചു. സഭയെ തെറ്റിദ്ധരിപ്പിക്കത്തക്ക രീതിയിലുള്ള എന്തെങ്കിലും പരാമർശം മന്ത്രി നടത്തിയതായി കാണുന്നില്ല. ചട്ടങ്ങൾ പരിഷ്ക്കരിക്കാനുള്ള അധികാരം സബ്ജക്ട് കമ്മിറ്റിക്കാണെന്ന അംഗത്തിന്റെ വാദവും ശരിയല്ല. അത് ഗവൺമെന്റിൽ നിക്ഷിപ്തമായ അധികാരമാണ്. അപ്രകാരം ഇറക്കുന്ന ചട്ടങ്ങൾ സബ്ജക്ട് കമ്മിറ്റിയുടെ പരിശോധനയ്ക്ക് അയയ്ക്കണമെന്നേയുള്ളൂ. നിലവിലുള്ള ചട്ടങ്ങളിൽ യാതൊരു ഭേദഗതിയും വരുത്തിയിട്ടില്ലെന്ന മന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ ശ്രീ. വി. എസ്. സുനിൽ കുമാർ ഉന്നയിച്ച ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഇത് സബ്ജക്ട് കമ്മിറ്റിക്ക് അയച്ചിട്ടുണ്ടോ? ഭേദഗതി വരുത്തിയിട്ടുണ്ടോ? ....(മൈക്ക് ഓഫ്).....

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഇതിൽ ഒരു മാറ്റവും വരുത്തിയിട്ടില്ലാത്തതു കൊണ്ട് സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കേണ്ട ആവശ്യമില്ല.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഈ ഉത്തരവിന്റെ ഹെഡ്ഡിംഗ് തന്നെ പരിഷ്ക്കരിച്ച ഉത്തരവ് എന്നാണ്.

ശ്രീ. എ. കെ. ബാലൻ: സർ, ഗസറ്റിൽ കൊടുത്തുകഴിഞ്ഞാൽ ഭേദഗതി കൊടുത്ത് സംസാരിക്കാനുള്ള അനുവാദമുണ്ട്.

മി. സ്പീക്കർ: ഒരു ക്രമപ്രശ്നം ഇങ്ങനെ ചർച്ച ചെയ്യുന്നത് ശരിയല്ല. ബഹുമാനപ്പെട്ട വി. എസ്. സുനിൽ കുമാറിന് ആവശ്യത്തിന് സമയം കൊടുത്തുകഴിഞ്ഞു. അദ്ദേഹം അത് അവതരിപ്പിച്ചു. അതിനെക്കുറിച്ച് പരക്കെ ഒരു ചർച്ചയ്ക്ക് പോകുന്നത് ശരിയല്ല. ബഹുമാനപ്പെട്ട വി. എസ്. സുനിൽ കുമാർ ക്രമപ്രശ്നം ഉന്നയിച്ചു. അതിന് ബഹുമാനപ്പെട്ട മന്ത്രിയും ചെയറും മറുപടി പറഞ്ഞു.....(ബഹളം)...പ്ലീസ്....പ്ലീസ്.....

ശ്രീ. എ. കെ. ബാലൻ: സർ, ശ്രീ. വി. എസ്. സുനിൽ കുമാർ പറഞ്ഞത് തെറ്റാണെന്ന് പറയാൻ കഴിയില്ല.

മി. സ്പീക്കർ: അങ്ങനെയുണ്ടോയെന്ന് ചെയർ ഒന്നുകൂടി പരിശോധിക്കാം.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, നഗരാസൂത്രണ ബില്ലിന്മേലുള്ള അമെന്റ്മെന്റുകൾ കൊടുക്കേണ്ടത് നാളെ 11 മണിക്ക് മുമ്പാണ്. വളരെയധികം ക്ലോസുകളുള്ള ഈ ബിൽ അംഗങ്ങൾ നോക്കി നാളെ 11.00 മണിക്ക് മുമ്പായി അമെന്റ്മെന്റ് കൊടുക്കണമെന്ന് പറയുന്നത് എന്തൊരു അനീതിയാണ്. അതുകൊണ്ട് പതിനൊന്ന് മണി എന്നുള്ളത് അഞ്ച് മണി ആക്കിയാൽ മതി.

മി. സ്പീക്കർ: അഞ്ച് മണിയാക്കിയാൽ ഇതെല്ലാമെടുത്ത് പരിശോധിച്ച് മറ്റന്നാളത്തേയ്ക്ക് തയ്യാറാക്കി വരണ്ടേ?

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഈ ബിൽ ഇത്രയും ധൃതിയിൽ ചെയ്യുന്നതെന്തുകൊണ്ടാണ്; ഇതൊരു പ്രധാനപ്പെട്ട ബിൽ അല്ലേ?

മി. സ്പീക്കർ: ജനറൽ അമെന്റ്മെന്റ് കൊടുക്കേണ്ടത് രാവിലെ 11 മണി എന്നാണ് പറഞ്ഞിരിക്കുന്നത്. അത് മൂന്ന് മണി വരെ സമയം തരാം. അതല്ലെങ്കിൽ ഒരു രാത്രി കൊണ്ട് പിറ്റേ ദിവസത്തേയ്ക്ക് ഇത് തയ്യാറാക്കാൻ പറ്റുകയില്ല.

ശ്രീ. രാജു എബ്രഹാം: സർ, മൂന്നുമണി കഴിഞ്ഞിട്ടല്ലേ സഭ പിരിയുകയുള്ളൂ. പിന്നെ എപ്പോഴാണ് അംഗങ്ങൾക്ക് സമയം ലഭിക്കുക. അഞ്ച് മണി ആക്കിയാൽ മതി.

മി. സ്പീക്കർ: അതിനുശേഷം തയ്യാറാക്കാൻ കഴിയില്ല. നിയമസഭാ സ്റ്റാഫിന് സമയം വേണ്ടേ?

ശ്രീ. എ. കെ. ബാലൻ: സർ, അംഗങ്ങൾക്ക് അത് നോക്കാൻ സമയം ലഭിക്കണ്ടേ?

മി. സ്പീക്കർ: കാര്യോപദേശക സമിതി തീരുമാനിച്ചതനുസരിച്ചാണ് ഇതെല്ലാം ഷെഡ്യൂൾ ചെയ്തിട്ടുള്ളത്.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. വർക്കല കഹാർ]

## IX നിയമനിർമ്മാണകാര്യം

### സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തര ഘട്ടങ്ങളും

### 1. 2015-ലെ കേരള സ്പോർട്സ് (ഭേദഗതി) ബിൽ

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സ് സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2015-ലെ കേരള സ്പോർട്സ് (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, കേരളത്തിലെ സ്പോർട്സ് രംഗത്ത് പുതിയ ഉണർവ് കൊടുക്കുന്നതിനുവേണ്ടി ഉണ്ടാക്കിയിട്ടുള്ള ഒരു ബില്ലാണിത്. ഇത് ഓർഡിനൻസായി നേരത്തെ പുറപ്പെടുവിച്ചിരുന്നു. ആ ഓർഡിനൻസ് റീപ്ലെയ്സ് ചെയ്ത ബില്ലാണിത്. ഈ ബില്ലിന്റെ പ്രത്യേകത, ഇതുകൊണ്ട് പുതിയ ചില കൺസപ്റ്റ് ഉണ്ടാക്കുകയാണ് എന്നതാണ്. കായിക രംഗത്തുള്ള ആളുകളുടെ പ്രാതിനിധ്യം കുറഞ്ഞുപോകുന്നു എന്നുള്ളതാണ് സ്പോർട്സ് രംഗത്തുള്ള പ്രധാനപ്പെട്ട പ്രശ്നം. കായിക രംഗത്തുള്ള 15 ശതമാനം ആളുകളെങ്കിലും ഈ രംഗത്തേയ്ക്ക് വന്നേ മതിയാകൂ എന്നുള്ളതാണ് ഈ ബില്ലിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒരു വശം. 15 ശതമാനത്തിൽ കൂടുന്നതിൽ കുഴപ്പമില്ല. പക്ഷെ 15 ശതമാനത്തിൽ കുറയാൻ പാടില്ല. ദേശീയ അന്തർദേശീയ മത്സരങ്ങളിൽ പങ്കെടുത്തിട്ടുള്ള ആളുകളെ ജില്ലാ സ്പോർട്സ് കൗൺസിലിൽ വോട്ടവകാശമുള്ള അംഗങ്ങളാക്കി മാറ്റുകയാണ്. അതോടുകൂടി കായികരംഗത്തുള്ള ആളുകളുടെ പ്രാതിനിധ്യം വർദ്ധിപ്പിക്കാൻ കഴിയും. ഇതിന് ഒരു അഡ്മിനിസ്ട്രേറ്റീവ് ബോർഡുണ്ട്. ഈ അഡ്മിനിസ്ട്രേറ്റീവ് ബോർഡിന്റെ ഘടന തന്നെ കായിക രംഗത്തുള്ള ആളുകളെക്കൂടി ബന്ധിപ്പിക്കുന്നതിനു വേണ്ടിയുള്ളതാണ്. സ്പോർട്സ് കൗൺസിലുകൾ തമ്മിൽ തർക്കങ്ങളുണ്ട്. കഴിഞ്ഞ പ്രാവശ്യം ദേശീയ ഗെയിംസ് നടത്തിയ സന്ദർഭത്തിൽ ഈ തർക്കങ്ങളുണ്ടായിരുന്നതു കൊണ്ട് ചില അസോസിയേഷനുകളെ അതിൽ ബന്ധിപ്പിക്കാൻ കഴിഞ്ഞില്ല. പിന്നീട് നമ്മൾ തന്നെ അതിനകത്ത് മീഡിയേറ്റ് ചെയ്താണ് തർക്കപരിഹാരമുണ്ടാക്കിയത്. അതുകൊണ്ട് സംസ്ഥാന തർക്കപരിഹാര സമിതിയും അതൊടൊപ്പം ജില്ലാ അടിസ്ഥാനത്തിൽ തർക്കപരിഹാര സമിതിയും ഉണ്ടാക്കുകയാണ്. എന്തെങ്കിലും

തർക്കമുണ്ടായാൽ അത് പരിഹരിക്കുന്നതിനുവേണ്ടി അവർ ആരുടെയെങ്കിലും പിന്നാലെ നടന്ന് ശിപാർശയുടെ അടിസ്ഥാനത്തിൽ തർക്കപരിഹാരം ഉണ്ടാക്കുമായിരുന്നു. സംസ്ഥാനതലത്തിലുള്ള തർക്കപരിഹാര സമിതി, ജില്ലാതലത്തിലുള്ള തർക്ക പരിഹാര സമിതി എന്നിങ്ങനെ വ്യവസ്ഥാപിതമായ തർക്ക പരിഹാര സമിതിയുണ്ടാക്കി. ജില്ലാതലത്തിൽ ജില്ലാ കളക്ടർ ചെയർമാനായി വരും, ജില്ലാ പ്രസിഡന്റും അതിലുണ്ടാകും. ജില്ലാ അഡ്മിനിസ്ട്രേഷനും സ്പോർട്സ് കൗൺസിലിന്റെ ജില്ലാ കമ്മിറ്റിയും തമ്മിൽ ഒരു നല്ല ബന്ധമുണ്ടാക്കാൻ കഴിയും. സംസ്ഥാനത്ത് ഒരു സ്പോർട്സ് വികസന സമിതി വരുന്നതോടുകൂടി സ്പോർട്സ് രംഗത്തുള്ള കൂടുതൽ ആളുകൾക്ക് ഉപകരണങ്ങൾ കിട്ടാനും അവർക്ക് കളിസ്ഥലങ്ങൾ പ്രൊട്ടക്ട് ചെയ്യാനുമുള്ള നടപടികളിലേയ്ക്ക് പോകാൻ കഴിയും. അടുത്തത് കളിസ്ഥലങ്ങൾ ഏറ്റെടുക്കുക എന്നുള്ളതാണ്. കേരളം കണ്ടിട്ടുള്ളതിൽവച്ച് ഏറ്റവും വലിയ ബുദ്ധിമുട്ട്, വൺടൈം അറേഞ്ച്മെന്റ് എന്ന നിലയിൽ നമുക്ക് കുറെ സ്റ്റേഡിയങ്ങളൊക്കെയുണ്ടാകും. പക്ഷേ ആ സ്റ്റേഡിയങ്ങളൊന്നും മെയിന്റയിൻ ചെയ്യുന്നില്ല. അങ്ങനെ വരുന്നതു കൊണ്ട് അത് അബാൻഡൻഡ് സ്റ്റേഡിയമായി പോകുകയാണ്. സ്പോർട്സ് കൗൺസിലിൽനിന്നോ ഗവൺമെന്റിൽനിന്നോ സന്നദ്ധ സംഘടനകളൊക്കെ കൊടുക്കുന്ന പണം ഉപയോഗിച്ചുകൊണ്ടോ ഉണ്ടാക്കുന്ന ഗ്രൗണ്ടുകളും സ്റ്റേഡിയങ്ങളുമെല്ലാം ഉപേക്ഷിക്കപ്പെട്ട രൂപത്തിലേയ്ക്ക് പോകുന്നതുകൊണ്ട് സർവ്വ നാശത്തിലേയ്ക്കാണ് കൂപ്പുകുത്തുന്നത്. അത് വരാതിരിക്കുന്നതിന് അങ്ങനെയുള്ള സ്ഥലങ്ങളുടെ പരിപാലനം ഏറ്റെടുക്കുന്നതിനായി ഒരു പ്രൊവിഷൻ വച്ചുകൊണ്ടാണ് ഈ കളിസ്ഥലങ്ങൾ ഏറ്റെടുക്കുന്നതിനുള്ള നടപടി എടുത്തിട്ടുള്ളത്.

സ്പോർട്സ് ഇനങ്ങളുടെ ഒരു നിർവ്വചനമുണ്ട്, സ്പോർട്സ് ക്ലബ്ബുകൾക്ക് ഒരു നിർവ്വചനമുണ്ട്. അതോടൊപ്പം സ്പോർട്സ് വികസന നിധി നമ്മൾ രൂപീകരിക്കുകയാണ്. സ്പോർട്സ് രംഗത്തുള്ള പാവപ്പെട്ട കായികതാരങ്ങൾക്ക് ചികിത്സയ്ക്കുപോലും പണമില്ല. ചികിത്സിക്കാൻ നിവൃത്തിയില്ലാതെ എത്രയോ അപേക്ഷകളാണ് നമ്മുടെ മുമ്പിൽ വരുന്നത്. മറ്റ് ദേശീയ അന്തർദ്ദേശീയ മത്സരങ്ങളിൽ പോകുന്നതിനു വേണ്ടി, ചിലപ്പോൾ റെക്കഗ്നൈസ്ഡായിട്ടുള്ള സംഘടനകളായിരിക്കുകയില്ല, അവർക്ക് ഇൻവിറ്റേഷൻ കിട്ടിയാൽ പോകാൻ നിവൃത്തിയില്ലാത്ത ധാരാളം കായികതാരങ്ങളുണ്ട്. അതിന് ഒരു സ്പോർട്സ് വികസന നിധി രൂപീകരിക്കുക എന്നുള്ളതാണ് ഇതിന്റെ പ്രത്യേകത. ഈ പ്രത്യേകതകളെല്ലാം ഇപ്രാവശ്യത്തെ സ്പോർട്സ് ബില്ലിൽ ചേർത്തിട്ടുണ്ട്. അതിൽ കായിക താരങ്ങൾക്ക് മതിയായ പ്രാതിനിധ്യം കൊടുക്കുകയാണ്. ആ പ്രാതിനിധ്യം ഉറപ്പാക്കിക്കൊണ്ടാണ് ഈ ബിൽ ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. സബ്ജക്ട് കമ്മിറ്റി തലത്തിൽ ഈ

ബില്ലിനെക്കുറിച്ച് നന്നായി ചർച്ച ചെയ്തു. എല്ലാ ഭാഗത്തുനിന്നുമുള്ള അഭിപ്രായങ്ങൾ സ്വരൂപിച്ചുകൊണ്ട് ചില അമെന്റ്മെന്റുകൾ ഔദ്യോഗിക അമെന്റ്മെന്റുകളായി ഞാൻ കൊണ്ടുവരുന്നുണ്ട്. ഇവിടെ അംഗങ്ങൾ തന്നിട്ടുള്ള സ്വീകരിക്കാൻ കഴിയുന്ന അമെന്റ്മെന്റുകളുണ്ടെങ്കിൽ അതുംകൂടി സ്വീകരിച്ച് പെർഫെക്ടായി കുറ്റമറ്റ ഒരു നിയമമാക്കി ഇതിനെ മാറ്റണം. അതിനുവേണ്ടിയാണ് ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നത്.

<u>മി. സ്പീക്കർ:</u> ബില്ലിന്റെ ചർച്ച ആരംഭിക്കുകയാണ്. ചെയർ ആദ്യം ഒരു കാര്യം ബഹുമാനപ്പെട്ട അംഗങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു. ഇന്ന് മൂന്നു ബില്ലുകളുണ്ട്. ഈ ബില്ലിനു തന്നെ 21 ക്ലോസ്സുമുണ്ട്. അതുകൊണ്ട് സംസാരിക്കുന്ന അംഗങ്ങൾക്ക് സമയപരിധി പറയുന്നത് ശരിയല്ലെങ്കിൽ പോലും സ്വയം നിയന്ത്രിച്ച് ചുരുങ്ങിയ സമയംകൊണ്ട് സംസാരിക്കണമെന്ന് ചെയർ പ്രത്യേകം എടുത്തുപറയുന്നു.

<u>ഡോ. കെ. ടി. ജലീൽ :</u> സർ, 2015-ലെ കേരള സ്പോർട്സ് ഭേദഗതി ബില്ലുമായി ബന്ധപ്പെട്ട എന്റെ വിയോജനക്കുറിപ്പ് ഞാനിവിടെ അവതരിപ്പിക്കുകയാണ്. സ്പോർട്സ് കൗൺസിലുകളെ സർക്കാരിന്റെ ചൊൽപ്പടിക്ക് നിർത്താനുള്ള ഒരു നിയമനിർമ്മാണമാണിത്. ഇത് ജനാധിപത്യവിരുദ്ധമായിട്ടുള്ള നീക്കമാണ്. തെരഞ്ഞെടുക്കപ്പെടുന്ന എല്ലാ ബോഡികളിലും സർക്കാർ നോമിനികളെ കുത്തി നിറച്ച് അതിന്റെ ജനാധിപത്യ സ്വഭാവത്തെ ഇല്ലാതാക്കുക എന്നുള്ളത് ഈ സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. സ്പോർട്സ് രംഗത്ത് നിലനില്ക്കുന്ന ജനാധിപത്യത്തിന്റെ കഴുത്ത് ഞെരിച്ചാണ് ബഹുമാന്യനായ മന്ത്രി ഈ ബിൽ ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ഞങ്ങൾക്ക് തെരഞ്ഞെടുപ്പിനെ ഭയമില്ല, ഞങ്ങൾക്ക് ജനങ്ങളെ അഭിമുഖീകരിക്കുന്നതിൽ യാതൊരു സങ്കോചവുമില്ല എന്ന് യു.ഡി.എഫ്-ലുള്ളവർ എപ്പോഴും പറയാറുണ്ട്. ഒരു ഭാഗത്ത് അങ്ങനെ പറയുകയും തെരഞ്ഞെടുക്കപ്പെട്ട് വരുന്നവരുടെ എണ്ണത്തെക്കാൾ കൂടുതൽ പേരെ നോമിനേഷനിലൂടെ വരുത്തി തെരഞ്ഞെടുപ്പിന്റെ സ്പിരിറ്റിനെ ചോദ്യം ചെയ്യുകയും ചെയ്യുന്ന പ്രവണത എല്ലാരംഗത്തും ഈ സർക്കാർ അനുവർത്തിച്ചു വരികയാണ്. തെരഞ്ഞെടുക്കപ്പെട്ടു വരുന്നവരുടെ എണ്ണത്തേക്കാൾ കൂടുതൽ സർക്കാരിന്റെ നോമിനികളെ കുത്തിനിറച്ച് സർക്കാരിന്റെ ഇംഗിതത്തിന് വഴങ്ങുന്ന ഒരു സംവിധാനമാക്കി സിൻഡിക്കേറ്റുകളെ ഈ ഗവൺമെന്റ് മാറ്റി. സമാനമായ എന്നാൽ അതിനേക്കാൾ അപകടകരമായ ഒരു സംവിധാനമാണ് സ്പോർട്സ് കൗൺസിൽ രംഗത്ത് ഈ സർക്കാർ കൊണ്ടുവരാൻ പോകുന്നത്. 1953-ൽ കേണൽ ഗോദവർമ്മ രാജയാണ് കേരള സ്പോർട്സ് കൗൺസിലിന് രൂപം നല്കിയത്. തിരുവിതാംകൂർ-കൊച്ചി ചാരിറ്റബിൾ സൊസൈറ്റി ആക്ട് അനുസരിച്ച് സമൂഹത്തിലെ വിവിധ മേഖലകളിലുള്ള പ്രതിനിധികളുടെ

പങ്കാളിത്തത്തിലൂടെയാണ് ഈ കൗൺസിൽ അന്ന് രൂപീകരിച്ചിരുന്നത്. 1974-ലെ കേരള സർക്കാർ ഉത്തരവിലൂടെ സ്പോർട്സ് കൗൺസിൽ അതേ രീതിയിൽ പുനഃസംഘടിപ്പിച്ചു. കായിക മേഖലയുടെ സമഗ്ര വികസനത്തിനും ഫലപ്രദമായ പ്രവർത്തനങ്ങൾക്കുംവേണ്ടി കായികരംഗത്ത് ഒരു നിയമനിർമ്മാണം വേണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി കായിക നിയമം കൊണ്ടുവരണമെന്നുള്ള ആശയം 1980 കാലഘട്ടങ്ങളിൽ ഉയർന്നുവരികയും അതിന്റെ അടിസ്ഥാനത്തിൽ ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ ചെയർമാനായുള്ള ഒരു കമ്മിറ്റിയെ തത്സംബന്ധമായി സമഗ്രമായ ഒരു കരട് ആക്ടും നയവും തയ്യാറാക്കാൻ ഗവൺമെന്റ് നിയോഗിക്കുകയും ചെയ്തു. ഇതനുസരിച്ച് ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ കമ്മിറ്റി ഒരു സമഗ്രമായ കായിക നയവും കരട് സ്പോർട്സ് ആക്ടും തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിരുന്നു. എന്നാൽ സമയബന്ധിതമായി ഇത്തരമൊരു നിയമനിർമ്മാണം കൊണ്ടുവരാൻ മാറിമാറിവന്ന സർക്കാരുകൾ ശ്രമിച്ചിട്ടും നടക്കാതെ പോകുകയാണ് ഉണ്ടായത്. 2000-ൽ കേരള നിയമസഭ അന്തിമമായി കേരള സ്പോർട്സ് ആക്ട് നിയമസഭയിൽ അവതരിപ്പിച്ചു. സമഗ്രമായ ചർച്ചയ്ക്കും ആശയ വിനിമയങ്ങൾക്കും ഒടുവിലാണ് കേരള സ്പോർട്സ് ആക്ട്, 2000 കേരള നിയമസഭ പാസ്സാക്കിയത്. കാലാകാലങ്ങളിൽ സ്പോർട്സ് വകുപ്പ് കൈകാര്യം ചെയ്തിരുന്ന മന്ത്രിമാർ, സ്പോർട്സ് കൗൺസിൽ പ്രസിഡന്റുമാർ, കായിക സംഘടനകൾ, കായിക താരങ്ങൾ എന്നിവരുൾപ്പെടെ കായിക രംഗത്ത് പ്രവർത്തിക്കുന്ന എല്ലാവരുടെയും അഭിപ്രായങ്ങൾ സ്വരൂപിച്ച ശേഷമാണ് പ്രസ്തുത നിയമം അന്ന് പാസ്സാക്കപ്പെട്ടത്. 2000-ൽ നിയമം പാസ്സാക്കിയെങ്കിലും 2003-ലാണ് കേരള സ്പോർട്സ് ആക്ട്, 2000 അനുസരിച്ചുള്ള ചട്ടങ്ങൾ നിർമ്മിക്കാനുള്ള നടപടിക്രമങ്ങൾ സംസ്ഥാനത്ത് ആരംഭിക്കുന്നത്. മറ്റു പല ആക്ടുകൾക്കും വന്ന അതേ ദുർഗതി ഈ ആക്ടിനും വന്നു എന്ന് ചുരുക്കം. ആക്ട് പാസ്സാക്കിയതിനുശേഷം അതിന്റെ ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് മൂന്നുവർഷം കാലദൈർഘ്യമെടുത്തു എന്നുപറഞ്ഞാൽ അത് നിയമസഭയോട് ചെയ്യുന്ന ഏറ്റവും വലിയ അവഹേളനമായി മാത്രമേ കാണാൻ സാധിക്കുകയുള്ളൂ. 1953-ൽ സ്പോർട്സ് ആക്ടിന്റെ കരടിന് രൂപം നല്കിയപ്പോഴും 1947-ൽ സ്പോർട്സ് കൗൺസിലുകൾ പുനഃസംഘടിപ്പിച്ച അവസരത്തിലും ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയ നിർദ്ദേശമനുസരിച്ചും തെരഞ്ഞെടുപ്പ് ഉൾപ്പെടെയുള്ള ജനാധിപത്യ രീതികൾ അതേപടി നിലനിർത്തിയുമാണ് നിയമം കൊണ്ടുവന്നത്. ഇതിനുപുറമേ ജില്ലാ സ്പോർട്സ് കൗൺസിലുകളുടെയും കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെയും കായിക സംഘടനകളുടെയും പ്രവർത്തനങ്ങളിൽ സുതാര്യത ഉറപ്പുവരുത്തുന്ന തലത്തിലും കൂടിയാണ് സ്പോർട്സ് നിയമം അന്ന് നടപ്പിലാക്കിയത്. കേരള സ്പോർട്സ് ആക്ട്, 2000 അനുസരിച്ചുള്ള ആദ്യ

തെരഞ്ഞെടുപ്പ് ജില്ലാ സ്പോർട്സ് കൗൺസിലുകളിൽ 2008-ലും കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിൽ 2009-ലും നടത്തപ്പെടുകയും കൗൺസിലുകളുടെ പ്രവർത്തനങ്ങൾ ഫലപ്രദമായരീതിയിൽ അഞ്ചുകൊല്ലം നന്നായി മുന്നോട്ടു പോകുകയും ചെയ്തു. 2013-ൽ ജില്ലാ സ്പോർട്സ് കൗൺസിലുകളുടെയും 2014-ഒക്ടോബറിൽ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെയും ഭരണസമിതിയുടെ കാലാവധി അവസാനിച്ചെങ്കിലും പുതിയ ഭരണസമിതിയുടെ തെരഞ്ഞെടുപ്പ് നടത്തുവാൻ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലോ കേരള സർക്കാരോ തയ്യാറായില്ല. ഇത്തരമൊരു സാഹചര്യത്തിലാണ് കേരള സ്പോർട്സ് ആക്ട് അനുസരിച്ച് നിലവിലെ ഭരണസമിതി തുടരണമെന്നുള്ള വ്യവസ്ഥയിൽ 2008-ലെയും 2009-ലെയും തെരഞ്ഞെടുക്കപ്പെട്ട സമിതികൾ ഭരണം തുടർന്നുവന്നത്. തെരഞ്ഞെടുപ്പ് പ്രക്രിയയിലേയ്ക്ക് പോകാതെ നിലവിലുള്ള കേരള സ്പോർട്സ് ആക്ട് പ്രതിപാദിച്ചിരിക്കുന്ന വിവിധ ഭരണ സമിതികളിലേക്കുള്ള തെരഞ്ഞെടുപ്പ് നിർദ്ദേശങ്ങൾ ഭേദഗതി ചെയ്യുവാനാണ് സർക്കാർ ഇപ്പോൾ ശ്രമിക്കുന്നത്. 'ചെരുപ്പിനൊപ്പിച്ച് കാല് മുറിക്കുക' എന്ന് കേട്ടിട്ടുണ്ട്. ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇന്ന് ഈ ബിൽ ഇവിടെ അവതരിപ്പിച്ചതിലൂടെ അതാണ് ചെയ്തുകൊണ്ടിരിക്കുന്നത് അല്ലെങ്കിൽ ചെയ്തത് എന്ന് പറയേണ്ടി വന്നതിൽ എനിക്ക് അതിയായ ദുഃഖമുണ്ട്. ഇതേത്തുടർന്ന് 2015 സെപ്റ്റംബർ 18-ാം തീയതി കേരള ഗവർണ്ണർ 2000-ലെ കേരള സ്പോർട്സ് ആക്ട് ഭേദഗതി ചെയ്തുകൊണ്ടുള്ള ഒരു ഓർഡിനൻസ് പുറപ്പെടുവിച്ചു. ഈ ഓർഡിനൻസ് അനുസരിച്ച് സംസ്ഥാന ജില്ലാ സ്പോർട്സ് കൗൺസിലുകളിലേക്കുള്ള എല്ലാ തെരഞ്ഞെടുപ്പുകളും വേണ്ടെന്ന് വയ്ക്കുകയും അതിനുപകരമായി സംസ്ഥാന സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങളെ നിയമിക്കാവുന്ന ഭേദഗതിയാണ് ഇപ്പോൾ കൊണ്ടുവരികയും ചെയ്തത്. നിയമസഭാ സാമാജികർ, പഞ്ചായത്ത് പ്രസിഡന്റുമാർ, മേയർമാർ എന്നിവരിൽ നിന്നും അവരുടെ പ്രതിനിധികളെ തെരഞ്ഞെടുക്കുന്ന ആക്ടിലെ നിർദ്ദേശവും ഓർഡിനൻസിലൂടെ നിർത്തലാക്കി സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന രീതിയിൽ കൊണ്ടുവന്നിരിക്കുകയാണ്. ഇന്ത്യയ്ക്ക് മാതൃകയായി, തെരഞ്ഞെടുപ്പിലൂടെ കണ്ടെത്തുന്ന ഭരണ സമിതിയിലുള്ള ജില്ലാ സംസ്ഥാന സ്പോർട്സ് കൗൺസിൽ കേരളത്തിൽ മാത്രമാണ് പ്രവർത്തിക്കുന്നത്. അതാണ് ഈ ഓർഡിനൻസിലൂടെ സർക്കാർ അട്ടിമറിക്കുന്നതും ഇപ്പോൾ ആ ഓർഡിനൻസിൽ പറഞ്ഞ കാര്യങ്ങൾ നിയമ ഭേദഗതിയിലൂടെ സംസ്ഥാനത്ത് കൊണ്ടുവരാൻ ശ്രമിക്കുന്നതും. ഒരു ചർച്ചയോ ആശയ വിനിമയമോ സംവാദമോ നടത്താതെ ഏകപക്ഷീയമായ രീതിയിലാണ് ഇത്തരത്തിലുള്ള ഒരു ഭേദഗതി ബിൽ നടപ്പിലാക്കുവാൻ സർക്കാർ തീരുമാനിച്ചത്. ഇതുസംബന്ധിച്ച് ആരുമായിട്ടാണ് സർക്കാർ ചർച്ച നടത്തിയതെന്ന് വ്യക്തമാക്കാനുള്ള

ധാർമ്മികമായ ബാദ്ധ്യത ബഹുമാന്യനായ മന്ത്രിക്കുണ്ട്. ആരാണ് ഇത്തരത്തിലുള്ള ജനാധിപത്യ വിരുദ്ധമായിട്ടുള്ള നിർദ്ദേശങ്ങൾ സർക്കാരിന് മുന്നിൽ വച്ചത്; ഇക്കാര്യത്തിൽ പ്രതിപക്ഷവുമായി എന്തെങ്കിലും തരത്തിലുള്ള ആശയവിനിമയങ്ങൾ സർക്കാർ നടത്തിയിരുന്നുവോ; മുൻകാലങ്ങളിൽ സ്പോർട്സ് വകുപ്പ് കൈകാര്യം ചെയ്തിരുന്ന മന്ത്രിമാരുമായി ഇക്കാര്യം ഗവൺമെന്റ് ചർച്ച ചെയ്തിരുന്നുവോ; ആരാണ് ഈ മേഖലയിലെ ജനാധിപത്യത്തിന്റെ കഴുത്തറുക്കാനുള്ള പെർമിഷൻ അങ്ങേയ്ക്ക് നൽകിയത്? ഇതറിയാൻ ഈ സഭയ്ക്ക് താൽപ്പര്യമുണ്ട്. ഇത്തരത്തിലുള്ള ജനാധിപത്യ വിരുദ്ധ നീക്കങ്ങൾക്ക് നിയമ സാധുത നൽകി ശാശ്വതീകരിക്കാനാണ് ബഹുമാനപ്പെട്ട മന്ത്രി ശ്രമിക്കുന്നത്. കേരള സ്പോർട്സ് കൗൺസിൽ സ്ഥാപക പ്രസിഡന്റായിരുന്ന കേണൽ ജി.വി. രാജയോ, മുൻ പ്രസിഡന്റുമാരായിരുന്ന ജസ്റ്റിസ് ഗോവിന്ദൻ നായർ, ശൂരനാട് രാജശേഖരൻ, സി. മോഹനചന്ദ്രൻ, ടി. പി. ദാസൻ, മുൻ സ്പോർട്ട്സ് വകുപ്പുമന്ത്രിമാരായ കെ. പങ്കജാക്ഷൻ, ടി. വി. തോമസ്, ശ്രീ. പന്തളം സുധാകരൻ, ശ്രീ. ഡൊമിനിക് പ്രസന്റേഷൻ, ശ്രീ. എ. കെ. ആന്റണി, ശ്രീ. എം. വിജയകുമാർ ഉൾപ്പെടെ ആരും തന്നെ സ്പോർട്സ് കൗൺസിലിന്റെ ജനാധിപത്യ പ്രക്രിയയിൽ മാറ്റം വരുത്താൻ ആഗ്രഹിച്ചിരുന്നില്ല. അങ്ങല്ല സ്പോർട്സ് വകുപ്പ് കൈകാര്യം ചെയ്യുന്ന ആദ്യത്തെ യു.ഡി.എഫ്. മന്ത്രി. അങ്ങയുടെ മുൻഗാമികളായ യു.ഡി.എഫ്-ന്റെ തന്നെ ശ്രീ. ഡൊമിനിക് പ്രസന്റേഷൻ ഉൾപ്പെടെയുള്ള ആളുകൾ സ്പോർട്സ് വകുപ്പ് കൈകാര്യം ചെയ്ത ഘട്ടത്തിൽ അവരുടെ മനസ്സിൽപ്പോലും കൊണ്ടുവരാൻ ആഗ്രഹിക്കാത്തതാണ് അങ്ങ് മുൻകയ്യെടുത്ത് ഇപ്പോൾ കൊണ്ടുവരുന്നത്. അങ്ങാണ് ജനാധിപത്യത്തിന്റെ ആരാച്ചാർ എന്നല്ലേ ഇതിൽ നിന്നും ഞങ്ങൾ മനസ്സിലാക്കേണ്ടത്;അങ്ങയുടെ മുൻഗാമികളായ മര്യാദക്കാരും മാന്യന്മാരുമായിട്ടുള്ള ആളുകളുടെ മനോഗതം എന്തുകൊണ്ടാണ് അങ്ങേക്ക് തുടർന്നു പോകാൻ സാധ്യമാകാതെ വന്നത്? ഇത്യാദി കാര്യങ്ങൾ പലപ്പോഴും അങ്ങയെയാണ് യു.ഡി.എഫ്. സർക്കാർ ഏൽപ്പിക്കുന്നതെന്ന് തോന്നുന്നു. അങ്ങ് ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന കാലത്ത് പ്രതിലോമകരമായിട്ടുള്ള പല നീക്കങ്ങളും നടത്തി. യു.ഡി.എഫ്. ഗവൺമെന്റ് അങ്ങയെക്കൊണ്ട് അത് ചെയ്യിച്ചു. യു.ഡി.എഫ്. സർക്കാരിൽ മറ്റുപലരും ചെയ്യാൻ മടിക്കുന്നത്, അറയ്ക്കുന്നത് അങ്ങയെ ക്കൊണ്ടാണ് ചെയ്യിക്കുന്നത്. അങ്ങേക്ക് യാതൊരു മാനസ്സാക്ഷിക്കുത്തുമില്ലാതെ ഇത്യാദി കാര്യങ്ങൾ അവതരിപ്പിക്കാനാകുമെന്ന് ആരെക്കാളുമധികം യു.ഡി.എഫ്.-ന്റെ നേതാക്കന്മാർക്ക് അറിയാവുന്നതു കൊണ്ടാണോ അങ്ങയെത്തന്നെ ജനാധിപത്യ ധ്വംസനത്തിന്റെ ഉത്തരവാദിത്വം ബന്ധപ്പെട്ടവർ ഏൽപ്പിച്ചതെന്ന് അറിയാൻ ഞങ്ങൾക്ക് താൽപ്പര്യമുണ്ട്.

മി. ചെയർമാൻ: ഡോ. കെ. ടി. ജലീൽ, അങ്ങ് പ്രസംഗം ചുരുക്കണം.

ഡോ. കെ. ടി. ജലീൽ: സർ, കേരള കായിക മേഖലയുടെ മുന്നേറ്റത്തിനും, ഉയർച്ചയ്ക്കും വേണ്ടി ഇക്കാലമത്രയും നിലനിന്നിരുന്ന ജനാധിപത്യ സ്വഭാവത്തോടു കൂടിയ നിയമം ഒരു മുതൽക്കൂട്ടായിരുന്നു. 2015 സെപ്തംബർ 18-ന് സ്പോർട്സ് ആക്ട്, 2000-ന്റെ കഴുത്ത് ഞെരിച്ച് ഒരു ഓർഡിനൻസ് പുറപ്പെടുവിച്ചു. ഉടനെ തന്നെ ഏകദേശം 10 ജില്ലാ സ്പോർട്സ് കൗൺസിലുകളും 3 സംസ്ഥാന സ്പോർട്സ് അംഗങ്ങളും ഈ ജനാധിപത്യവിരുദ്ധ ഓർഡിനൻസിനെതിരായി ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ ഫയൽ ചെയ്യുകയുണ്ടായി. അതുമായി ബന്ധപ്പെട്ട വാദങ്ങൾ ഹൈക്കോടതിയിൽ ഇപ്പോൾ നടന്നുവരികയാണ്. മാത്രമല്ല ഈ റിട്ട് പെറ്റീഷന്റെ അന്തിമവിധി വരുന്നതുവരെ ജില്ലാ-സംസ്ഥാന സ്പോർട്സ് കൗൺസിലുകളുടെ കാര്യത്തിൽ തൽസ്ഥിതി തുടരണമെന്നും ഹൈക്കോടതി നിർദ്ദേശിച്ചിരുന്നു. ഹൈക്കോടതിയുടെ അത്തരമൊരു നിർദ്ദേശം നിലനിൽക്കെയാണ്, അതുമായി ബന്ധപ്പെട്ട കേസിൽ അന്തിമ തീർപ്പ് വരാത്ത സന്ദർഭത്തിലാണ് അങ്ങ് ധൃതിപിടിച്ച് സർക്കാരിന്റെ കാലാവധി അവസാനിക്കാൻ 4 മാസം മാത്രം ബാക്കിനിൽക്കേ ഈ ബിൽ അവതരിപ്പിക്കുന്നത് എന്നത് പ്രത്യേകമായി എടുത്തു പറയേണ്ട കാര്യം തന്നെയാണ്. ഹൈക്കോടതി വിധിയെപ്പോലും കാറ്റിൽ പറത്തിയാണ് ധൃതിപിടിച്ച് ഓർഡിനൻസിന് അനുസൃതമായുള്ള കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ ഭരണസമിതി നാമനിർദ്ദേശം ചെയ്തിരിക്കുന്നത്.

കേരള കായിക രംഗത്തിന്റെ വികസനത്തിന് തികച്ചും ഹാനികരമാണ് ദി കേരള സ്പോർട്സ് (അമെന്റ്മെന്റ്) ബിൽ 2015. കേരള സ്പോർട്സ് ആക്ട്, 2000 അനുസരിച്ചുള്ള തെരഞ്ഞെടുപ്പ് പ്രക്രിയ ഉടൻ നടത്തുവാൻ സർക്കാർ തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ജനാധിപത്യ രീതിയിൽ ജില്ലാ സ്പോർട്സ് കൗൺസിൽ മുതൽ സംസ്ഥാന സ്പോർട്സ് കൗൺസിൽ വരെ തെരഞ്ഞെടുപ്പ് നടത്തി പ്രതിനിധികളെ കണ്ടെത്തുന്ന രീതി ഇല്ലാതാക്കി നോമിനേഷൻ രീതിയിലേക്ക് ഈ പ്രസ്ഥാനത്തെ തള്ളിവിടുന്ന ജനാധിപത്യ വിരുദ്ധമായ ഈ ബില്ലിനെ എതിർക്കാതെ വയ്യ. ഒരു പ്രത്യേക നിധി രൂപീകരിക്കുമെന്ന് അങ്ങ് പ്രസംഗിച്ചപ്പോൾ സൂചിപ്പിക്കുകയുണ്ടായി. സ്പോർട്സ് മേഖലയുടെ വികാസത്തിനും അഭിവൃദ്ധിക്കും വേണ്ടി മുൻ സർക്കാരുകളും ഇത്തരത്തിലുള്ള നീക്കങ്ങൾ നടത്തിയിരുന്നു. ശ്രീ. എം. വിജയകുമാർ സംസ്ഥാനത്തിന്റെ സ്പോർട്സ് വകുപ്പ് കൈകാര്യം ചെയ്തിരുന്ന സന്ദർഭത്തിലാണ് സ്പോർട്സ് ലോട്ടറി നടപ്പിലാക്കിയത്. അന്ന് സ്കൂളുകളിൽ സ്പോർട്സ് ലോട്ടറി നൽകുകയും അതിലൂടെ ധനം സമാഹരിച്ചുകൊണ്ട് നിരാലംബരായിട്ടുള്ള കായികതാരങ്ങൾക്ക് അവരുടെ പ്രയാസം അകറ്റാനുള്ള

അവസരം ഒരുക്കിക്കൊടുക്കുകയും ചെയ്യുകയെന്നുള്ള ലക്ഷ്യത്തോടുകൂടിയാണ് അത് ആവിഷ്കരിച്ചത്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ദയവായി ആ ലോട്ടറിയെ കുറിച്ച് പറയരുത്. അതിന്റെ prize ഇതുവരെ കൊടുത്തിട്ടില്ല. അത് വേറൊരു വിഷയമാണ്. നമുക്കത് വേറെ ചർച്ച ചെയ്യാം.

ഡോ. കെ. ടി. ജലീൽ: സർ, ഞാൻ പറഞ്ഞുവരുന്നത് അത്തരത്തിലൊരു സ്പോർട്സ് ലോട്ടറി നടപ്പിലാക്കി. സ്കൂളുകളിൽ ലോട്ടറി നടത്താൻ പാടില്ലായെന്നു പറഞ്ഞുകൊണ്ട് അന്നത്തെ യു.ഡി.എഫ്.-ന്റെ ഘടകകക്ഷിയായ മുസ്ലീം ലീഗിന്റെ വിദ്യാർത്ഥി സംഘടന (എം.എസ്.എഫ്.) സമരം നടത്തി.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, അങ്ങ് പറഞ്ഞുവരുന്നത് കേരള സ്പോർട്സ് കൗൺസിലിന്റെ ഏറ്റവും കറുത്ത ഒരു അധ്യായമാണ്. ഇന്നുവരെ ഒന്നാം സമ്മാനമായ അംബാസിഡർ കാർ കൊടുത്തിട്ടില്ല. ആ ചർച്ചയിലേയ്ക്ക് പോകേണ്ട. അത് നമുക്ക് ഗുണം ചെയ്യുകയില്ല. നമുക്ക് ഈ ബില്ലിനെക്കുറിച്ച് ചർച്ച ചെയ്യാം.

ഡോ. കെ. ടി. ജലീൽ: അങ്ങ് സഭയോട് പറയൂ. അന്ന് സ്പോർട്സ് ലോട്ടറി നടപ്പിലാക്കാൻ ശ്രമിച്ചിട്ട് യാഥാർത്ഥ്യമായോ; അത് യാഥാർത്ഥ്യമാക്കാൻ യു.ഡി.എഫ്. സമ്മതിച്ചോ? അതേ കക്ഷികൾ തന്നെയാണ് കാരുണ്യ ലോട്ടറി നടപ്പിലാക്കിയത്. സ്പോർട്സ് രംഗത്ത് പ്രയാസങ്ങൾ അനുഭവിക്കുന്നവരെ സംരക്ഷിക്കാൻവേണ്ടി സ്പോർട്സ് ലോട്ടറി നടപ്പിലാക്കിയപ്പോൾ അത് മതവിരുദ്ധമാണെന്നും മതനിഷിദ്ധമാണെന്നും പറഞ്ഞ് എതിർത്തവർ എങ്ങനെയാണ് കാരുണ്യ ലോട്ടറിയെ അംഗീകരിക്കുന്നത്? ലോട്ടറി കാരുണ്യയുടെ പേരിലായാലും സ്പോർട്സിന്റെ പേരിലായാലും ലോട്ടറി അല്ലേ; അതിൽ എങ്ങനെയാണ് മുസ്ലീം ലീഗിന് ഒരു വകഭേദം വരുത്താൻ കഴിയുന്നത്? എൽ.ഡി.എഫ്-ന്റെ കാലത്ത് ഏതൊരു തീരുമാനമെടുത്താലും മതപരമായ, വിശ്വാസപരമായ കാര്യങ്ങൾ പറഞ്ഞ് അതിനെ എതിർക്കുകയാണ്. നിങ്ങൾ എങ്ങനെയാണ് ഈ നിധിയിലേക്ക് പണം സ്വരൂപിക്കാൻ ഉദ്ദേശിക്കുന്നത്? ഞങ്ങൾക്ക് അറിയാൻ താൽപ്പര്യമുണ്ട്. ഓരോ മത/ജാതി വിഭാഗക്കാരും ഭരണതലത്തിൽ തങ്ങളുടെ മതത്തിന് വിരുദ്ധമായ കാര്യങ്ങൾ ചെയ്യരുത് എന്ന് പറഞ്ഞുതുടങ്ങിയാൽ നമ്മുടെ രാജ്യത്തിന്റെ മതനിരപേക്ഷ സ്വഭാവമല്ലേ ദുർബലപ്പെടാൻ പോകുന്നത്; ഇതുതന്നെയല്ലേ ബി.ജെ.പി. മറ്റു സ്ഥലങ്ങളിലും പറഞ്ഞുകൊണ്ടിരിക്കുന്നത്?

മി. ചെയർമാൻ: ഡോ. കെ. ടി. ജലീൽ, പ്ലീസ് ...... കൺക്ലൂഡ്.

ഡോ. കെ. ടി. ജലീൽ: സർ, എങ്ങനെയാണ് അങ്ങ് ഈ നിധിയിലേയ്ക്ക് പണം സ്വരൂപിക്കാൻ ആഗ്രഹിക്കുന്നത്; സ്പോർട്സ് ലോട്ടറി അങ്ങ് പുനരാവിഷ്കരിക്കാൻ തയ്യാറാകുമോ; കാരുണ്യ ലോട്ടറി പോലെതന്നെ നമുക്ക് വളരെ നിഷ്പ്രയാസം ഈ

നിധിയിലേക്ക് ഭീമമായ തുക സമാഹരിക്കുന്നതിന് ഏറ്റവും പറ്റിയ ഒരു മാർഗ്ഗമാണ് അത്. ആ മാർഗ്ഗം സ്വീകരിക്കാൻ അങ്ങ് തയ്യാറാകുമോ? ഈ സഭയ്ക്ക് അത് അറിയാൻ താൽപ്പര്യമുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഈ ബില്ലിനെക്കുറിച്ചുള്ള ചർച്ചയുടെ അവസാനം ഞാൻ മറുപടി പറയുന്നുണ്ട്. സമയമില്ലാത്തതിനാൽ ഇടപെടുന്നില്ല. അങ്ങ് സ്പോർട്സ് ലോട്ടറിയെ സംബന്ധിച്ച് അസാംഗത്യമായി പറഞ്ഞു. അതൊരു വിവാദവും അന്വേഷണവിധേയവുമാണ്. അതിന് പണം പിരിച്ചിട്ടുണ്ട്, ലോട്ടറി നടത്തിയിട്ടുണ്ട്. സമ്മാനം മാത്രം ഇതുവരെ കൊടുത്തിട്ടില്ല. എന്നുകൊണ്ടെന്നുള്ള ആക്ഷേപം ഉണ്ട്. ആ ആക്ഷേപം തന്നെ വേറൊരു ഫയലാണ്. ഈ ബില്ലുമായി നേരിട്ട് ബന്ധമില്ലാത്തതുകൊണ്ട് ഞാൻ അതിലേക്ക് കടക്കുന്നില്ല. അങ്ങേക്ക് അത് നടത്തിയവരെ ആക്ഷേപിച്ചേ മതിയാകൂ എന്നുണ്ടെങ്കിൽ അങ്ങ് തുടർന്നു പൊയ്ക്കൊള്ളൂ.

ഡോ. കെ. ടി. ജലീൽ : സർ, കഴിഞ്ഞ നാലര വർഷമായി അതുസംബന്ധിച്ച് എന്തെങ്കിലും ആക്ഷേപങ്ങളുണ്ടായിട്ടുണ്ടെങ്കിൽ അതിന്റെ നിജസ്ഥിതി പുറത്തു കൊണ്ടുവരാൻ അങ്ങ് തയ്യാറായില്ലായെങ്കിൽ അങ്ങയുടെ കഴിവ് കേടായിട്ടല്ലേ അതിനെ ഞങ്ങൾ കാണേണ്ടത്? ഇടതുപക്ഷത്തിരിക്കുന്ന ഏതെങ്കിലുമൊരാൾക്ക് അതുമായി ബന്ധപ്പെട്ട ആക്ഷേപത്തിൽ വിദൂര ബന്ധമെങ്കിലുമുണ്ടെങ്കിൽ ഇരുപത്തിനാല് മണിക്കൂർ കൊണ്ട് അങ്ങ് ഇക്കാര്യത്തിൽ ശക്തമായി ഇടപെടുകയും ബന്ധപ്പെട്ടവരെ ജയിലിൽ അടയ്ക്കുകയും ചെയ്യുമായിരുന്നു. അങ്ങ് ആഭ്യന്തര വകുപ്പ് മന്ത്രിയായിരുന്നപ്പോൾ എത്രപെട്ടെന്നാണ് ആളുകളെ അറസ്റ്റ് ചെയ്ത് ജയിലിലാക്കിയത്? ഈ നാട്ടിലെ ആളുകൾക്ക് അതൊക്കെ അറിയാം. തീർത്തും ജനാധിപത്യവിരുദ്ധമായിട്ടുള്ള ഒരു ബില്ലാണിത്. എന്തിനാണ് തെരഞ്ഞെടുക്കപ്പെട്ടുവരുന്ന ഒരു ബോഡിയെ ഈ ഗവൺമെന്റ് ഭയപ്പെടുന്നത്; ജില്ലാ സ്പോർട്സ് കൗൺസിലിൽ തെരഞ്ഞെടുപ്പിലൂടെ പ്രതിനിധികൾ വരുന്നതിൽ എന്തിനാണ് നിങ്ങൾ ഭയപ്പെടുന്നത്; അവിടെ വച്ച് തെരഞ്ഞെടുപ്പിലൂടെ അധികാരത്തിൽ വരാമല്ലോ? സംസ്ഥാന സ്പോർട്സ് കൗൺസിലിലേക്ക് തെരഞ്ഞെടുക്കപ്പെട്ട് വരുന്നവരെ എന്തിനാണ് ഗവൺമെന്റ് ഭയപ്പെടുന്നത്? ഈ സർക്കാരിന്റെ ജനാധിപത്യത്തെ അട്ടിമറിക്കുന്ന ശ്രമത്തിന്റെ ഭാഗമായി മാത്രമേ ഇതിനെ ഞങ്ങൾക്ക് കാണാൻ കഴിയൂ.

മി. ചെയർമാൻ: ഡോ. കെ. ടി. ജലീൽ.......പ്ലീസ്...ഇന്ന് മൂന്ന് ബില്ലുകളുണ്ട്.

ഡോ. കെ. ടി. ജലീൽ: സർ, ഈ ബില്ലിന് പുറത്തുള്ള ഒരു കാര്യവും പറയുന്നില്ല. ഈ ബില്ലുമായി ബന്ധപ്പെട്ട വിഷയങ്ങൾ മാത്രമേ പറയുന്നുള്ളൂ. ഞാൻ അവസാനിപ്പിക്കുകയാണ്. തീർത്തും ജനാധിപത്യവിരുദ്ധമായിട്ടുള്ള ഈ നിയമത്തെ

അംഗീകരിക്കാൻ ഞങ്ങൾക്ക് കഴിയില്ല. ഇത് സ്പോർട്സ് കൗൺസിലുകൾ അനുഭവിച്ചിരുന്ന ആട്ടോണമസ് സ്വഭാവത്തെ, അവരുടെ സ്വയാധികാരത്തെ കവർന്നെടുക്കാൻ കൊണ്ടുവരുന്ന ബില്ലാണ്. ഇതൊരു ജനാധിപത്യ സർക്കാർ ചെയ്യേണ്ടതല്ല. പ്രത്യേകിച്ച് കോൺഗ്രസ്സിനെ പോലെ എപ്പോഴും ജനാധിപത്യത്തിന്റെ ഏറ്റവും ശക്തമായ സംവിധാനമെന്ന് അവകാശപ്പെടുന്ന ഒരു പാർട്ടിയുടെ നേതാവെന്ന നിലയിൽ അങ്ങ് ഇത് അവതരിപ്പിക്കേണ്ടിയിരുന്നില്ല. പക്ഷേ ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, മറ്റുള്ളവർക്ക് ചെയ്യാൻ കഴിയാത്ത, മനസ്സറയ്ക്കാത്ത പല കാര്യങ്ങളും അങ്ങയെക്കൊണ്ട് ചെയ്യിപ്പിച്ചിട്ടുണ്ട്. അതിന്റെ തനിയാവർത്തനമായി മാത്രമേ ഇതിനെ ഞങ്ങൾക്ക് കാണാൻ കഴിയൂ എന്നുപറഞ്ഞുകൊണ്ട് ഞാനെന്റെ വിയോജനക്കുറിപ്പ് ഇവിടെ അവതരിപ്പിക്കുകയാണ്.

ശ്രീ. റ്റി. വി. രാജേഷ്: സർ, ഞാൻ ഈ ബില്ലിനെ ശക്തമായി എതിർക്കുകയാണ്. നമ്മുടെ കായികരംഗത്തെ പ്രോത്സാഹിപ്പിക്കുന്നതിന് രൂപീകരിച്ചിട്ടുള്ള സ്പോർട്സ് കൗൺസിലിന്റെ ജനാധിപത്യ സ്വഭാവം പൂർണ്ണമായി ഇല്ലാതാക്കുന്നതിനാണ് ഗവൺമെന്റിന് ഏതാനും മാസങ്ങൾ മാത്രം കാലാവധിയുള്ള ഈ ഘട്ടത്തിൽ കോടതി വിധിയെപ്പോലും മറികടന്ന് വളരെ ധൃതിപിടിച്ച് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. ഇവിടെ വിയോജിപ്പ് രേഖപ്പെടുത്തിക്കൊണ്ട് എനിക്ക് മുമ്പ് സംസാരിച്ച ബഹുമാന്യനായ അംഗം ഡോ. കെ. ടി ജലീൽ ഇത്തരമൊരു ബിൽ കൊണ്ടുവരാനിടയായ ഗവൺമെന്റിന്റെ ഗൂഢലക്ഷ്യത്തെ കുറിച്ച് വിശദീകരിച്ചിരുന്നു. ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെടുന്ന കൗൺസിലുകളെ ഒഴിവാക്കി പൂർണ്ണമായും നോമിനേറ്റഡ് രീതി കൊണ്ടുവരാനാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. സർക്കാരിന് താൽപ്പര്യമുള്ളവരെ, തങ്ങളുടെ സ്വന്തക്കാരെ സ്പോർട്സ് കൗൺസിലിന്റെ തലപ്പത്ത് പ്രതിഷ്ഠിക്കാൻ വേണ്ടി മാത്രമാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. ഇപ്പോൾ ദേശീയ ഗെയിംസിന്റെ audit report പുറത്തുവന്നിട്ടുണ്ട്. ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട് നടന്നിട്ടുള്ള ഞെട്ടിപ്പിക്കുന്ന അഴിമതിയും ക്രമക്കേടുകളും സംബന്ധിച്ച് അതിൽ പരാമർശങ്ങളുണ്ട്. ഇവിടെ നേരത്തെ ചൂണ്ടിക്കാണിച്ചതുപോലെ, ഈ ബില്ലിൽ സ്പോർട്സ് വികസനത്തിനുവേണ്ടി ഒരു നിധി വിഭാവനം ചെയ്തിട്ടുണ്ട്. അത് കൈകാര്യം ചെയ്യുന്നത് ഒരു ട്രസ്റ്റാണ്. ആ ട്രസ്റ്റിന്റെ ചെയർമാൻ ബഹുമാന്യനായ വകുപ്പുമന്ത്രിയാണ്. സർക്കാർ സംവിധാനത്തിന്റെ കീഴിൽ എന്തിനാണ് ഒരു ട്രസ്റ്റ്? ഈ ട്രസ്റ്റിന് ഒരു സ്വകാര്യ സ്വഭാവമാണുള്ളത്. ഇത് ട്രാൻസ്പരന്റായിരിക്കില്ല. ഇത്തരത്തിൽ ഒരു ട്രസ്റ്റ് രൂപീകരിച്ചതെന്തിനാണ്; എന്താണ് അതിലൂടെ ഉദ്ദേശിക്കുന്നത്? ബഹുമാന്യനായ മന്ത്രി ഇപ്പോൾ പറഞ്ഞത് അത് സംബന്ധിച്ച് പിന്നീട് പറയാമെന്നാണ്. ആ കാര്യങ്ങൾ ഇവിടെ വ്യക്തമാക്കണം. ഈ ബില്ലുമായി

ബന്ധപ്പെട്ട് മന്ത്രി മറുപടി പറയുന്ന ഘട്ടത്തിൽ ഇക്കാര്യം വിശദീകരിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. സ്പോർട്സ് കൗൺസിലിന് ജനാധിപത്യ സ്വഭാവം കൊണ്ടുവന്നത് 2000-ൽ സഖാവ് ഇ. കെ. നായനാർ മുഖ്യമന്ത്രിയായിരുന്ന ഘട്ടത്തിലാണ്. നമ്മുടെ സ്പോർട്സ് കൗൺസിലുകളെ ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെടുന്ന കൗൺസിലാക്കി മാറ്റി. ഇവിടെ ബഹുമാന്യനായ മന്ത്രി വിദ്യാർത്ഥി യുവജന രാഷ്ട്രീയത്തിലൂടെ കടന്നുവന്നിട്ടുള്ള ആളാണ്. വേദികളിലൊക്കെ ജനാധിപത്യത്തിന്റെ അപ്പോസ്തലനായി തകർത്താടുന്ന ബഹുമാന്യനായ മന്ത്രി യഥാർത്ഥത്തിൽ ജനാധിപത്യത്തിന്റെ ആരാച്ചാരായി മാറിക്കഴിഞ്ഞിരിക്കുകയാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം എല്ലായിടത്തും നോമിനേഷനാണ്. ജനാധിപത്യത്തോട് ഈ സർക്കാരിന് കടുത്ത അലർജിയാണ്. ഇവിടെയും നമുക്കത് കാണാൻ കഴിയും. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സ്പോർട്സ് വകുപ്പ് കൈകാര്യം ചെയ്തിരുന്ന ഘട്ടത്തിൽ സ്പോർട്സ് കൗൺസിലുകളുടെ കാലാവധി അവസാനിച്ചു. അപ്പോൾ തെരഞ്ഞെടുപ്പ് നടത്തണമെന്ന സ്ഥിതി വന്നപ്പോൾ മുഖ്യമന്ത്രി പറഞ്ഞത് തെരഞ്ഞെടുപ്പ് നടത്താൻ നടപടി സ്വീകരിക്കുമെന്നാണ്. എന്നാൽ ബഹുമാന്യനായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ മന്ത്രിയായതിനുശേഷം അതിന് കടകവിരുദ്ധമായ നിലപാട് കൈക്കൊള്ളുകയാണ്. കായിക മേഖലയിലുള്ളവർ, കായിക മേഖലയുടെ വികസനം ആത്മാർത്ഥമായി ആഗ്രഹിക്കുന്നവർ, ഈ നീക്കത്തെ ഒരു കാരണവശാലും പിന്തുണയ്ക്കില്ല. ഇത്തരത്തിലൊരു നോമിനേറ്റഡ് കമ്മിറ്റിയുണ്ടാക്കുന്നത് അഴിമതിക്കു വേണ്ടിയാണ്. ഇത് സ്പോർട്സ് കൗൺസിലിന്റെ വികസനത്തിനുവേണ്ടിയല്ല. 2000-ലെ സ്പോർട്സ് ആക്ട് സ്പോർട്സ് കൗൺസിലുകളെ ജനാധിപത്യപരമായി പട്ടുത്തുയർത്താൻ ഉദ്ദേശിച്ചുകൊണ്ടായിരുന്നു. അവിടെ തെരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികൾ മാത്രമല്ല, ചില പ്രതിനിധികളെ പ്രത്യേകിച്ചും സ്പോർട്സ് രംഗത്ത് മികച്ച സംഭാവനകൾ നൽകിയിട്ടുള്ള ആളുകളെ, സ്പോർട്സ് വിദഗ്ദ്ധൻമാരെ, സർക്കാരിന് നോമിനേറ്റ് ചെയ്യാൻ നിലവിലുള്ള ആക്ടിൽ വ്യവസ്ഥയുണ്ടായിരുന്നു. യഥാർത്ഥത്തിൽ സ്പോർട്സ് രംഗത്തേയ്ക്ക് ചില പ്രഗത്ഭരായ ആളുകളെ കൊണ്ടുവരുന്നതിനുവേണ്ടിയാണ് അങ്ങനെയൊരു വ്യവസ്ഥ വച്ചിരുന്നത്. അവർ തെരഞ്ഞെടുപ്പിലൂടെ വരില്ല എന്നുപറയുന്നത് ശരിയല്ല. നേരത്തെയുള്ള ആക്ടിലും അത്തരം ആളുകളെ സ്പോർട്സ് കൗൺസിലിൽ കൊണ്ടുവരാൻ കഴിഞ്ഞു. ജില്ലാ സ്പോർട്സ് കൗൺസിലും ഇപ്പോൾ നോമിനേറ്റഡ് സമിതിയായി മാറാൻ പോകുകയാണ്. ജില്ലാ സ്പോർട്സ് കൗൺസിലിൽ ജില്ലാ കളക്ടർ ചെയർമാനും പിന്നെ ഒരു പ്രസിഡന്റും കൂടിയുണ്ട്. അതുസംബന്ധിച്ച് വ്യക്തതയുണ്ടാകണം. സ്പോർട്സ് കൗൺസിലിന് ഒരു പ്രസിഡന്റ് പോരെ? അതിന് ചെയർമാനും പ്രസിഡന്റും ആവശ്യമുണ്ടോ എന്നത് സംബന്ധിച്ചുകൂടി

വിശദീകരിക്കേണ്ടതായിട്ടുണ്ട്. നിരവധി ശ്രദ്ധേയരായ കായികതാരങ്ങളെ സംഭാവന ചെയ്ത നാടാണ് കേരളം. കഴിഞ്ഞ ദിവസം സംസ്ഥാന സ്കൂൾ കായികമേള കോഴിക്കോട് മെഡിക്കൽ കോളേജ് സ്റ്റേഡിയത്തിൽവച്ച് നടന്നു. നേരത്തെ ഒന്നോ രണ്ടോ ജില്ലകളിലെ ചില സ്കൂളുകൾ കേന്ദ്രീകരിച്ചായിരുന്നു കൂടുതൽ വിജയികളുണ്ടായിരുന്നതെങ്കിൽ ഇത്തവണ അതിൽനിന്നും വ്യത്യസ്തമായി എല്ലാ ജില്ലകളും നല്ല പോരാട്ടമാണ് ഈ കായികമേളയിൽ കാഴ്ചവച്ചത്. 20 മീറ്റ് റിക്കോർഡുണ്ടായി, 18 ദേശീയ റെക്കോർഡുകളുണ്ടായി. ഇതെല്ലാം ഈ മീറ്റിൽ പിറവികൊണ്ടു. നമുക്ക് പ്രതീക്ഷ അർപ്പിക്കാൻ കഴിയാവുന്ന നമ്മുടെ രാജ്യത്തിന്റെ ഭാവി വാഗ്ദാനങ്ങൾ എന്ന് നമുക്ക് നിസ്സംശയം പറയാൻ കഴിയാവുന്ന നിരവധി താരങ്ങൾ ഈ കായികമേളയിലൂടെ ഉയർന്നുവന്നിട്ടുണ്ട്. നമ്മുടെ ഒരു വിഷയമെന്തെന്നാൽ, ഇത്തരം കായികതാരങ്ങൾ പലരും ക്ഷണനേരം കൊണ്ട് ഉദിച്ച് അസ്തമിച്ച് പോകുകയാണ്. ഈ കാര്യത്തിൽ വലിയ ഉത്തരവാദിത്വം നമുക്കുണ്ട്. ആ ഉത്തരവാദിത്വം നമ്മൾ നിറവേറ്റേണ്ടതാണ്. സ്കൂളിലെ കായിക രംഗത്തിന്റെ സ്ഥിതി പരിശോധിക്കണം. സ്പോർട്സ് വകുപ്പുമന്ത്രിയല്ല വിദ്യാഭ്യാസ വകുപ്പാണ് അത് കൈകാര്യം ചെയ്യുന്നതെങ്കിൽപ്പോലും അക്കാര്യത്തിൽ ചിലമാറ്റങ്ങൾ ഉണ്ടാകേണ്ടതായിട്ടുണ്ട്. നമ്മുടെ സ്കൂൾ കായികരംഗം ഇന്ന് പരിതാപകരമായ അവസ്ഥയിലാണ്. പ്രത്യേകിച്ച് നമ്മുടെ സബ് ജില്ല, ജില്ലാ കായികമേളകൾ. ഇവിടെയിരിക്കുന്ന എം.എൽ.എ.മാരിൽ പലരും കായികമേളയുടെ ഭാരവാഹികളായി പ്രവർത്തിക്കുന്നവരാണ്. കായിക മേളകളിലെ പ്രധാനവിഷയം എന്താണ്? കായിക മേളകൾ നടത്താൻ ആവശ്യമായ ഫണ്ടില്ലാത്ത ഒരവസ്ഥയാണ്. നമ്മുടെ യുവജനോത്സവങ്ങൾക്ക്/ കലാമേളകൾക്ക് നൽകുന്ന പ്രാധാന്യം, അതിന് നൽകുന്ന ഫണ്ട്, കായിക മേളകൾക്ക് ലഭിക്കുന്നില്ലെന്നുള്ളത് വളരെ ഖേദകരമായ വസ്തുതയാണ്.

1.00 PM]

മാത്രമല്ല, നമ്മുടെ ജില്ലകളിൽ സ്കൂൾ സ്പോർട്സ് ഓർഗനൈസർ എന്നുപറയുന്ന ഒരു തസ്തിക ഉണ്ട്. ആ തസ്തിക ഉണ്ടെങ്കിലും ആ നിലയിൽ പ്രവർത്തിക്കാൻ അദ്ധ്യാപകരെ ലഭിക്കുന്നില്ല. ഇതും ഇന്ന് നമ്മുടെ സ്കൂൾ സ്പോർട്സ് മേഖല നേരിടുന്ന ഒരു പ്രശ്നമാണ്. നിരവധി വിദ്യാലയങ്ങളിൽ കായിക അദ്ധ്യാപകരില്ല. എസ്.എസ്.എൽ.സി. കഴിഞ്ഞുവരുന്ന മികച്ച കായിക താരങ്ങളുടെ തുടർ പരിശീലനത്തിനും മറ്റും സഹായിക്കേണ്ട ഹയർസെക്കണ്ടറി മേഖലയിൽ കായിക അദ്ധ്യാപകരില്ല. തീർച്ചയായും കായിക താരങ്ങളുടെ മുന്നോട്ടുപോക്കിനെ അത് വളരെ ദോഷകരമായി ബാധിക്കുന്നുണ്ട്. അക്കാര്യത്തിൽ

കൂടി ഒരു വ്യവസ്ഥയുണ്ടാകണം. ഹയർസെക്കണ്ടറി മേഖലയിൽ കായിക വിദ്യാഭ്യാസത്തിന് മതിയായ പ്രാധാന്യം നൽകേണ്ടതായിട്ടുണ്ട്. ഹയർസെക്കണ്ടറി മേഖലയിൽ കായികാദ്ധ്യാപകരെ നിയമിക്കാൻ അടിയന്തരമായി നടപടി സ്വീകരിക്കണം. സ്പോർട്സ് വകുപ്പുമന്ത്രി എന്ന നിലയിൽ ബഹുമാന്യനായ മന്ത്രി ഇക്കാര്യത്തിൽ പ്രത്യേകമായ താൽപ്പര്യമെടുക്കണമെന്നുകൂടി ഞാൻ ആവശ്യപ്പെടുകയാണ്. അതുപോലെ ബഹുമാന്യനായ സ്പോർട്സ് വകുപ്പുമന്ത്രിയോട് എനിക്ക് ഒരു കാര്യം പറയാനുണ്ട്. അദ്ദേഹം ശ്രവിക്കുമെന്നാണ് ഞാൻ കരുതുന്നത്. കേരളത്തിലെ ഏറ്റവും പ്രശസ്തമായ രണ്ട് സ്പോർട്സ് സ്കൂളുകളാണ് തിരുവനന്തപുരത്തെ ജി.വി. രാജാ സ്പോർട്സ് സ്കൂളും കണ്ണൂർ സ്പോർട്സ് ഡിവിഷനും. ഇന്ന് ആ സ്പോർട്സ് ഡിവിഷനുകളുടെ സ്ഥിതി വളരെ പരിതാപകരമാണ്. തിരുവനന്തപുരത്തെ അവസ്ഥ പത്രങ്ങളിലൂടെ നാം വായിക്കുന്നതാണ്. യഥാർത്ഥത്തിൽ പി. റ്റി. ഉഷ പഠിച്ചത് കണ്ണൂർ സ്പോർട്സ് ഡിവിഷനിലാണ്. ഇത്തവണ അവർക്കുണ്ടായിരുന്നത് വെറും ഏഴ് പോയിന്റ് മാത്രമാണ്. അവിടെ യാതൊരു സൗകര്യവുമില്ല. കുട്ടികൾക്ക് ചിട്ടയായ പരിശീലനം നടത്താനുള്ള സംവിധാനങ്ങളൊന്നും അവിടെ ഇല്ല. ആവശ്യത്തിനുള്ള സ്റ്റാഫ് ഇല്ല. അതുകൊണ്ട് ബഹുമാന്യനായ സ്പോർട്സ് വകുപ്പുമന്ത്രിയോട് എനിക്ക് പറയാനുള്ളത് - ജി.വി. രാജാ സ്കൂളും കണ്ണൂർ സ്പോർട്സ് ഡിവിഷനും ബഹുമാന്യനായ സ്പോർട്സ് വകുപ്പുമന്ത്രി എന്ന നിലയിൽ അങ്ങ് സന്ദർശിക്കണം എന്നാണ്. സമീപകാലത്തായി ഈ രണ്ട് സ്കൂളുകളിൽനിന്നും മികച്ച കായിക താരങ്ങൾ ഉയർന്നുവരാത്ത സാഹചര്യമാണ്. അത് എന്തുകൊണ്ടാണ് എന്ന് സ്പോർട്സ് വകുപ്പുമന്ത്രിയായ അങ്ങ് പരിശോധിക്കുകയും അക്കാര്യത്തിൽ ഇടപെട്ട് മാറ്റം വരുത്താൻ ആവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. ആർ. രാജേഷ്</u>: സർ, സ്കൂൾ കായിക മേളയെക്കുറിച്ച് ശരിയായ കാര്യങ്ങളാണ് അങ്ങ് പറയുന്നത്. പത്രത്തിലടക്കം വാർത്തകളുണ്ടായിരുന്നു. പ്രത്യേകമായ പരിഗണനയുള്ള സ്പോർട്സ് സ്കൂളുകൾ സ്കൂൾ കായികമേളയിൽ പിന്തള്ളപ്പെട്ടു. സ്പോർട്സ് സ്കൂൾ മാത്രമല്ല സാധാരണ സർക്കാർ വിദ്യാലയത്തിൽ പഠിക്കുന്ന കായികതാരങ്ങൾകൂടി പിന്തള്ളപ്പെടുകയാണ്. മാനേജ്മെന്റ് പ്രത്യേകമായ താൽപ്പര്യമെടുക്കുന്ന സ്കൂളുകളിൽനിന്നുള്ള വിദ്യാർത്ഥികൾ മാത്രമാണ് കായികമേളയിൽ നല്ല വിജയം കരസ്ഥമാക്കുന്നത്. നമ്മുടെ നാട്ടിൽ സ്റ്റേറ്റ് ലെവൽ കോമ്പറ്റീഷനിൽ മാത്രമാണ് പ്രൈസ് മണി ഉള്ളത്. റവന്യൂ തലത്തിലുള്ള മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പ്രൈസ് മണി ഏർപ്പെടുത്തണമെന്ന ഒരു നിർദ്ദേശം അങ്ങയുടെ ഈ ബില്ലിന്റെ ഭാഗമായി ചൂണ്ടിക്കാണിക്കുകയാണ്. അതുപോലെയാണ് മാനേജ്മെന്റ്

പ്രത്യേകമായ താൽപ്പര്യമെടുക്കുന്ന സ്കൂളിൽ പഠിക്കുന്ന കുട്ടികളാണ് അത്തരം മീറ്റുകളിലേയ്ക്ക് കടന്നുവരുന്നത്. അതിലെ പ്രധാനപ്പെട്ട പ്രശ്നം സർക്കാർ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് മേളയിലേക്ക് വരാൻ ആവശ്യമായ ഫണ്ടില്ല എന്നതാണ്. ഒന്നുകിൽ സ്പെഷ്യൽ ഫീസ് അല്ലെങ്കിൽ പി.റ്റി.എ.-യോ മാനേജ്മെന്റോ കൊടുക്കുന്ന ഫണ്ടുപയോഗിച്ചാണ് കുട്ടികൾ ഈ സ്കൂൾ കായികമേളയ്ക്ക് വരുന്നത്. അതുകൊണ്ട് സർക്കാർ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് മേളയിലേക്ക് വരുന്നതിന് സ്പോർട്സ് ഫണ്ട് കൊടുക്കാൻ ഗവൺമെന്റ് പദ്ധതി ആവിഷ്കരിക്കുമോ; ഈ ബില്ലിന്റെ ഭാഗമായി അങ്ങ് സംസാരിക്കുമ്പോൾ അതുകൂടി ചൂണ്ടിക്കാണിക്കുമോ; അക്കാര്യം വേണ്ടതാണ് എന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. റ്റി. വി. രാജേഷ്</u>: സർ, ഇവിടെ ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചത് വളരെ പ്രസക്തമായ കാര്യമാണ്. ഞാൻ ഇവിടെ പറഞ്ഞു, നമ്മുടെ സബ് ജില്ലാ/ജില്ലാ കായിക മേളകൾ നടത്താൻ പണം ഒരു വലിയ പ്രശ്നമാണ്. മൊത്തം സ്കൂൾ വിദ്യാർത്ഥികളിൽനിന്ന് പിരിഞ്ഞുകിട്ടുന്ന 40 ശതമാനം കലോത്സവത്തിന് മാറ്റിവയ്ക്കുമ്പോൾ 30 ശതമാനം മാത്രമാണ് കായികോത്സവത്തിന് മാറ്റിവയ്ക്കുന്നത്. ഈ തുക തീർത്തും അപര്യാപ്തമാണ്. അതുകൊണ്ട് പ്രത്യേകിച്ചും നമ്മുടെ സ്കൂൾ വിദ്യാർത്ഥികൾ പങ്കെടുക്കുന്ന ഇത്തരത്തിലുള്ള മത്സരങ്ങളിൽ അതിനാവശ്യമായ ഫണ്ട് മാറ്റിവയ്ക്കാൻ ശക്തമായ നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ. പുരുഷൻ കടലുണ്ടി:</u> സർ, 59-ാമത് സ്കൂൾ മേളയിൽ ഏറ്റവും കൂടുതൽ സ്വർണ്ണമെഡൽ നേടിയത് ഉഷാ സ്കൂൾ ഓഫ് അത്‌ലറ്റിക്സ് ആണ്. അന്ന് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ അവർക്ക് ഒരു സഹായധനത്തെക്കുറിച്ച് പറഞ്ഞിരുന്നു. അത് ഒപ്പിട്ടിട്ടുണ്ട് എന്ന് അദ്ദേഹം പറയുകയുണ്ടായി. എട്ടൊൻപത് കുട്ടികൾ സ്വർണ്ണ മെഡൽ വാങ്ങി വന്നപ്പോൾ വലിയ സ്വീകരണമാണ് നൽകിയത്. അവർക്ക് എത്രയും പെട്ടെന്ന് ധനസഹായം എത്തിച്ചുകൊടുക്കണം. അത്തരം സഹായങ്ങൾ സ്കൂളുകൾക്ക് ചെയ്യണം എന്ന് പറഞ്ഞതുകൊണ്ട് ഉഷാ സ്കൂൾ ഓഫ് അത്‌ലറ്റിക്സിനും ആ സഹായം ചെയ്യണം എന്നുപറയുകയാണ്.

<u>ശ്രീ. റ്റി. വി. രാജേഷ്</u>: സർ, ഉഷാ സ്കൂൾ ഓഫ് അത്‌ലറ്റിക്സിന് ധാരാളം സഹായങ്ങൾ ലഭിക്കുന്നുണ്ട്. പാവപ്പെട്ട കുട്ടികൾ പഠിക്കുന്ന പല സ്കൂളുകളിലെയും പരിതാപകരമായ അവസ്ഥയെക്കുറിച്ചാണ് ഞാൻ പറഞ്ഞത്. അവർക്ക് കൊടുക്കണം. കായികമേളയിൽ മികച്ച പ്രകടനം കാഴ്ചവച്ച പലരും വളരെ പാവപ്പെട്ടവരാണ്. ദാരിദ്ര്യത്തോടും പട്ടിണിയോടും പടവെട്ടിയാണ് അവർ ഇത്തരം മേഖലകളിലേക്ക് കടന്നുവരുന്നത്. അതുകൊണ്ട് അവർക്കാവശ്യമായ സഹായം നൽകേണ്ടതാണ്.

ഇവിടെ ധനസഹായത്തെക്കുറിച്ച് പറഞ്ഞു. 9-12-2015-ലെ മലയാള മനോരമ ദിനപത്രത്തിൽ 'ഈ കുതിപ്പുകളിൽ പ്രതീക്ഷയർപ്പിക്കാം' എന്നുപറഞ്ഞ് എഴുതിയ മുഖപ്രസംഗമുണ്ട്. അതിൽ പറയുന്ന ഒരു കാര്യം ഞാൻ വായിക്കാം.

മി. ചെയർമാൻ: ശ്രീ. റ്റി. വി. രാജേഷ്, പ്ലീസ്....കൺക്ലൂഡ്

ശ്രീ. റ്റി. വി. രാജേഷ് : സർ, വളരെ പ്രധാനപ്പെട്ട കാര്യമാണ് ഞാൻ പറയുന്നത്. 'ദേശീയ കായികമേളയിൽ മികവുകാട്ടുന്ന കുട്ടികൾക്ക് നൽകാറുള്ള പാരിതോഷിക തുകയുടെ കുടിശ്ശിക ഉടൻ കൈമാറുമെന്ന് മേളയുടെ ഉദ്ഘാടന ചടങ്ങിൽ വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. പി. കെ. അബ്ദു റബ്ബ് പ്രഖ്യാപിച്ചു'. അത് പ്രഖ്യാപനത്തിൽ ഒതുങ്ങാതെ നടപ്പിലാക്കുക എന്നതാണ് പ്രധാനം. അതുകൂടി ഞാൻ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. ഇവിടെ സ്പോർട്സിന്റെ വികസനത്തിനോ ഉന്നമനത്തിനോ വേണ്ടിയിട്ടല്ല ഈ ബിൽ. ബഹുമാന്യനായ സ്പോർട്സ് മിനിസ്റ്റർ 10-12-2015-ലെ മംഗളം പത്രത്തിൽ വന്ന വാർത്ത കേൾക്കണം. 'ഈ തിളക്കം മായാതെ കാക്കണം'. ഇത് മംഗളത്തിന്റെ മുഖപ്രസംഗമാണ്. ആ മുഖപ്രസംഗത്തിന്റെ ഏറ്റവും അവസാനത്തെ ഖണ്ഡിക ഞാൻ വായിക്കാം. 'സർക്കാർ കായികതാരങ്ങൾക്ക് വലിയ വാഗ്ദാനങ്ങൾ നൽകാറുണ്ടെങ്കിലും അതെല്ലാം നടപ്പിലാക്കുന്നതിനുള്ള ഇച്ഛാശക്തി കാട്ടാറില്ല എന്ന ദുരന്തവും കാണാം. 2008-ൽ ശ്രീ. എം. വിജയകുമാർ കായിക വകുപ്പുമന്ത്രിയായിരുന്നപ്പോൾ വർഷന്തോറും 50 കായികതാരങ്ങൾക്ക് സർക്കാർ ജോലി നൽകണമെന്ന് ഉത്തരവിട്ടിരുന്നു. പക്ഷേ അതിനൊരു തുടർച്ച പിന്നീടുള്ള ഭരണത്തിൽ ഉണ്ടായിട്ടില്ലെന്ന് കായിക കേരളം പരിതപിക്കുന്നു. കഴിഞ്ഞ മൂന്നുവർഷമായി കേരള സർക്കാർ ഒരൊറ്റ കായികതാരത്തിനും ജോലി നൽകിയിട്ടില്ല എന്ന ആക്ഷേപം ഉയർന്നുകഴിഞ്ഞു. ദേശീയ ഗെയിംസിലടക്കം മികച്ച പ്രകടനം കാഴ്ചവച്ച 475 കായിക താരങ്ങൾക്ക് ജോലി നൽകുമെന്ന ഈ സർക്കാരിന്റെ വാഗ്ദാനവും അസ്ഥാനത്തായി.' ഇതാണ് മംഗളം ദിനപ്പത്രത്തിന്റെ മുഖപ്രസംഗം. അതുപോലെ തന്നെ 26-6-2014-ന് ഞാൻ ഒരു സബ്മിഷൻ ഈ സഭയിൽ അവതരിപ്പിച്ചിരുന്നു. സബ്മിഷന്റെ വിഷയം 2010 മുതൽ മുടങ്ങി കിടക്കുന്ന സംസ്ഥാന സർവ്വീസിലേക്കുള്ള സ്പോർട്സ് ക്വാട്ട നിയമനങ്ങൾ ഉടൻ നികത്തുന്നതിനും വരും വർഷങ്ങളിൽ യഥാസമയം നിയമനങ്ങൾ നടത്തുന്നതിനുമുള്ള നടപടി സ്വീകരിക്കണം എന്നതായിരുന്നു. ഈ സബ്മിഷന് ബഹുമാന്യനായ മന്ത്രി നൽകിയ മറുപടി ഇതാണ്. സ്പോർട്സ് ക്വാട്ട നിയമനങ്ങൾ നടത്തേണ്ട മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്ന നിർദ്ദേശങ്ങൾ പരിഗണിക്കുകയും തുടർന്ന് താഴെപ്പറയുന്ന മാറ്റങ്ങൾ വരുത്തുകയും ചെയ്തിട്ടുണ്ട്. മുൻകാലങ്ങളിൽ സ്പോർട്സ് ക്വാട്ട നിയമനത്തിന് ഓരോ കലണ്ടർ വർഷമാണ് പരിഗണിച്ചിരുന്നത്. ഇതിലുള്ള ന്യൂനതമൂലം 2010 മുതലുള്ള സ്പോർട്സ് ക്വാട്ട നിയമനത്തിന് ഓരോ സാമ്പത്തികവർഷമാണ് പരിഗണിക്കുന്നത്. കൂടാതെ ഓരോ വർഷവും വിഭിന്ന ശേഷിയുള്ളവർക്കായി രണ്ടുസീറ്റുകൾ സംവരണം ചെയ്യുന്നുണ്ട്. കായിക യുവജന

വകുപ്പിന്റെയും പൊതുഭരണ വകുപ്പിന്റെയും ആഭിമുഖ്യത്തിൽ പൊതുഭരണ വകുപ്പുസെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ കമ്മിറ്റിയുടെ ശിപാർശകൂടി ഉൾപ്പെടുത്തി 2010 മുതലുള്ള സ്പോർട്സ് ക്വാട്ട അപേക്ഷ ഓൺലൈനായി സ്വീകരിച്ച് നിയമനം നടത്താനുള്ള വിജ്ഞാപനം പ്രസിദ്ധീകരിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു. ഈ മറുപടി നൽകിയത് 20-06-2014-നാണ്. ഒരു വർഷം കഴിഞ്ഞിരിക്കുകയാണ്. ഇക്കാര്യത്തിൽ വല്ല താൽപ്പര്യവുമുണ്ടോ; പ്രഖ്യാപനം നടത്താനല്ല, അത് നടപ്പിലാക്കാനുള്ള ഇച്ഛാശക്തിയാണ് ഒരു സർക്കാരിൽനിന്ന് പ്രതീക്ഷിക്കുന്നത്. നമ്മുടെ രാജ്യത്ത് എങ്ങനെയാണ് സ്പോർട്സ് വളരുക? ഇതാണ് പ്രശ്നം. നമ്മൾ 5 വർഷമായി കേരളത്തിനകത്ത് സ്പോർട്സ് ക്വാട്ട നിയമനം നടത്തിയിട്ടില്ല. വിദ്യാർത്ഥി യുവജന പ്രസ്ഥാനത്തിലൂടെ കടന്നുവന്ന അങ്ങ് കുറച്ചുകാലമായി സ്പോർട്സ് വകുപ്പുമന്ത്രിയായി ഇരിക്കുകയാണ്. എന്തു ചെയ്തു; ഈ സഭയിൽ മറുപടി പറഞ്ഞിട്ട് 13 മാസം കഴിഞ്ഞു. ഇക്കാര്യത്തിൽ എന്തു നടപടിയാണ് സ്വീകരിച്ചത്? ഗവൺമെന്റിന് ഇക്കാര്യത്തിൽ യാതൊരു താൽപ്പര്യവുമില്ല. ഇത് എന്ന് നടത്തും; എപ്പോൾ നടത്തും എന്നത് സംബന്ധിച്ച് പ്രഖ്യാപനം നടത്താൻ ബഹുമാന്യനായ സ്പോർട്സ് വകുപ്പുമന്ത്രി തയ്യാറാകുമോ? അതിന് തയ്യാറാകണം എന്നാണ് ഞാൻ പറയുന്നത്. ഈ സഭയിൽത്തന്നെ സ്റ്റാർഡ് ചോദ്യമായി, അൺസ്റ്റാർഡ് ചോദ്യമായി, സബ്മിഷനായി നിരവധി തവണ ഇത് ഉന്നയിച്ചതാണ്. ഇപ്പോൾ 13 മാസം കഴിഞ്ഞിരിക്കുന്നു. ഇപ്പോഴും പ്രോസസ്സിലാണ്. ഈ പ്രോസസ് നടത്താൻ സർക്കാരിന് ഇനി നാലുമാസം മാത്രമേ ബാക്കിയുള്ളൂ. അങ്ങയുടെ കാലത്ത് മുടങ്ങിക്കിടക്കുന്ന ബാക്ക് ലോഗ് ആയ സ്പോർട്സ് നിയമനങ്ങൾ നടത്താൻ ബഹുമാന്യനായ മന്ത്രി മുൻകൈ എടുക്കുമോ ഇല്ലയോ എന്നാണ് എനിക്ക് അറിയേണ്ടത്. ബഹുമാന്യനായ മന്ത്രി ഇക്കാര്യത്തിൽ ഒരു പ്രതികരണം നടത്തും എന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. ഈ ബിൽ യഥാർത്ഥത്തിൽ നമ്മുടെ സ്പോർട്സ് മേഖലയിലെ ജനാധിപത്യത്തെ പൂർണ്ണമായും ഇല്ലാതാക്കുന്നതാണ്. അതുകൊണ്ട് ജനാധിപത്യത്തെ ഇല്ലാതാക്കുന്ന, സ്പോർട്സ് ജനാധിപത്യത്തിന്റെ കഴുത്ത് ഞെരിക്കുന്ന ഈ ബില്ലിനെ ഞാൻ ശക്തമായി എതിർക്കുകയാണ്. ഈ ബില്ലിനെതിരായിട്ടുള്ള എന്റെ പ്രതിഷേധം രേഖപ്പെടുത്തുകയാണ്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, "സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2015-ലെ കേരള സ്പോർട്സ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു."

ഈ ബിൽ എങ്ങനെയാണ് സ്പോർട്സിലെ ജനാധിപത്യത്തെ കൊല്ലുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. നോമിനേഷന്റെ കാര്യം പറഞ്ഞാൽ, എല്ലാക്കാലത്തും സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ പ്രസിഡന്റ് സർക്കാർ നിയമിക്കുന്ന ആളല്ലേ? ശ്രീ. ടി. പി. ദാസൻ അങ്ങനെ വന്നയാളാണ്. അതുപോലെ എല്ലാ

സ്പോർട്സ് കൗൺസിൽ പ്രസിഡന്റുമാരെയും സർക്കാരാണ് നിയമിക്കുന്നത്. പക്ഷെ ഞങ്ങൾക്ക് മറ്റൊരു കാര്യത്തിൽ അഭിമാനമുണ്ട്. എന്തുകൊണ്ടെന്നാൽ, ആദ്യമായി ഒരു സ്പോർട്സ് പേഴ്സനെ സ്പോർട്സ് കൗൺസിലിന്റെ പ്രസിഡന്റാക്കിയത് ഈ സർക്കാരാണ്. ആദ്യം ശ്രീമതി പത്മിനി തോമസ് ആയിരുന്നു. ഇപ്പോൾ ശ്രീമതി അഞ്ജു ബോബി ജോർജ്ജാണ്. ഞാൻ സ്പോർട്സ് വകുപ്പുമന്ത്രിയായിരുന്നപ്പോൾ കുറച്ചുകാലത്തേയ്ക്കെങ്കിലും ശ്രീമതി പി. ടി. ഉഷയുടെ കാര്യം ആലോചിച്ചതാണ്. അന്ന് അത് നടന്നില്ല. യു.ഡി.എഫ്. ഗവൺമെന്റിന്റെ ചിന്താഗതിയാണ് സ്പോർട്സ് രംഗത്തെ പ്രഗത്ഭരെ അതിന്റെ തലപ്പത്ത് കൊണ്ടുവരികയെന്നത്. ജില്ലാ സ്പോർട്സ് കൗൺസിൽ ഇലക്ഷന് നമ്മുടെ നാട്ടിൽ ഒത്തിരിയേറെ സ്പോർട്സ് ഡിസിപ്ലിൻസ് ഉണ്ട്. ചിലത് ആക്ടീവാണ്. ചിലത് ആക്ടീവല്ല. നിങ്ങൾ അന്ന് കൊണ്ടുവന്ന ബില്ലിൽ ആക്ടീവായ ക്രിക്കറ്റ്, ഫുട്ബോൾ, വോളീബോൾ, ഹോക്കി എന്നിവയ്ക്കൊപ്പം ഒട്ടും ആക്ടീവല്ലാത്ത ചില കടലാസ് സംഘടനകളും ഉണ്ട്. നമ്മുടെ നാട്ടിൽ ഫെൻസിംഗ് കുറച്ച് സ്ഥലത്ത് മാത്രമേ ഉള്ളൂ. അങ്ങനെ നിരവധിയെണ്ണമുണ്ട്. എല്ലാത്തിന്റേയും പേര് ഞാൻ പറയുന്നില്ല. എല്ലാവരെയും ഒരുപോലെ അതിൽ കൊണ്ടുവന്നും ഉദ്യോഗസ്ഥന്മാരെയും കൂടി അയച്ചല്ലേ ജില്ലാ സ്പോർട്സ് കൗൺസിൽ പിടിച്ചത്. അത് മുഴുവൻ ജനാധിപത്യമായിരുന്നോ?

<u>ശ്രീ. എ. പ്രദീപ്കുമാർ:</u> സർ, ബഹുമാനപ്പെട്ട അംഗം മുൻ സ്പോർട്സ് വകുപ്പുമന്ത്രി കൂടിയാണ്. അദ്ദേഹം കടലാസ് സംഘടനകളെ പ്രോത്സാഹിപ്പിക്കുന്നതിനെ കുറിച്ച് പറഞ്ഞു. ഞങ്ങളുടെ ഭാഗത്തുനിന്നും ഒരിക്കലും അങ്ങനെയൊരു സമീപനം ഉണ്ടായിട്ടില്ല. അങ്ങേക്ക് കാലുകൊണ്ട് വോളീബോൾ കളിക്കുന്ന കളി അറിയാമോ; ഇവിടെയൊന്നും ഇല്ലാത്ത കളിയാണത്. അതിന് ഓർഗനൈസേഷൻ ഉണ്ടാക്കി അതിന്റെ പ്രതിനിധികളെ വച്ച് സ്പോർട്സ് കൗൺസിലിൽ ഭൂരിപക്ഷം ഉണ്ടാക്കാൻ നോക്കിയത് നിങ്ങളാണ്. അത് അങ്ങ് ശ്രദ്ധിക്കേണ്ടതാണ്.

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:</u> സർ, അങ്ങേയ്ക്ക് ഒരു കാര്യം പിടികിട്ടിയല്ലോ; മലയാളികളായ നമ്മുടെ ഒരു സ്വഭാവം അനുസരിച്ച് ലോകത്തെവിടെയെങ്കിലും പുതിയ കളി എന്തെങ്കിലും വന്നുകഴിഞ്ഞാൽ അതിന്റെ ഒരു അസോസിയേഷൻ ഉണ്ടാക്കും. നമ്മുടെ നാട്ടിൽ പഞ്ചഗുസ്തിക്കൊന്നും സ്പോർട്സ് കൗൺസിൽ ഇപ്പോഴും അംഗീകാരം കൊടുത്തിട്ടില്ല. അങ്ങനെ ഒരുപാട് കാര്യങ്ങളുണ്ട്. ആക്ടീവായ സ്പോർട്സുകാരെ വച്ചല്ലേ സ്പോർട്സ് കൗൺസിൽ മുന്നോട്ടുകൊണ്ടു പോകേണ്ടതെന്നാണ് ഞാൻ പറഞ്ഞത്. അതുകൊണ്ട് ജനാധിപത്യ സ്വഭാവം കളഞ്ഞുവെന്ന് പറയുന്നതിൽ കാര്യമില്ല.

ഇവിടെ ജോലിയുടെ കാര്യം പറഞ്ഞു. ഇ. കെ. നായനാരുടെ കാലം മുതൽ ഒരു വർഷത്തിൽ 20 പേർക്ക് ജോലികൊടുക്കണമെന്ന തീരുമാനം ഉണ്ടായിരുന്നു.

ഞാൻ വകുപ്പുമന്ത്രിയായിരുന്ന സമയത്ത് 100 പേർക്ക് ഒരുമിച്ച് ജോലി കൊടുത്തിട്ടുള്ളതാണ്. ഇതിനായി ചീഫ് സെക്രട്ടറിയും ഹോം സെക്രട്ടറിയും ഡി.ജി.പി.-യുമൊക്കെയുള്ള ഒരു ഹൈ ലെവൽ കമ്മിറ്റിയുണ്ട്. അതിന് അന്താരാഷ്ട്ര തലത്തിൽ, ഒളിംപിക്സിൽ എന്നിങ്ങനെ സ്പെസിഫിക്കേഷനുണ്ട്. അങ്ങനെയുള്ളവർക്ക് ജോലി കൊടുത്തിട്ടുണ്ട്. നമ്മുടെ ദേശീയ ഹോക്കി താരം ശ്രീ. ശ്രീജേഷിന് ഡി.ഇ.ഒ. ആയി ഗസറ്റഡ് റാങ്കിൽ ജോലി കൊടുക്കാൻ തീരുമാനിച്ചിരിക്കുകയാണ്. നിങ്ങൾ ഇവിടെ ശ്രീമതി പി. ടി. ഉഷയുടെ കാര്യം പറഞ്ഞല്ലോ. എനിക്ക് അഭിമാനത്തോടെ പറയാൻ കഴിയും, അന്ന് ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് അല്ലായിരുന്നുവെങ്കിൽ ശ്രീമതി പി. ടി. ഉഷയ്ക്ക് അക്കാദമിക്ക് സ്ഥലം കിട്ടില്ല. ഇ. കെ. നായനാർ ഉൾപ്പെടെ മൂന്ന് ഗവൺമെന്റുകൾ മാറ്റിവച്ച ഫയലാണ് മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി, മന്ത്രി ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി എന്നിവരുടെ സഹായത്തോടെയാണ് പി.ടി. ഉഷ അക്കാഡമിക്ക് സ്ഥലം കൊടുക്കാൻ കഴിഞ്ഞത്. ഇന്നത് നല്ല രീതിയിൽ മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്നു. ശ്രീമതി മേഴ്സിക്കുട്ടന് എറണാകുളത്ത് ഒരു അക്കാദമിയുണ്ട്. അവരെ സഹായിക്കണം. ഇങ്ങനെയുള്ള കാര്യങ്ങളിൽ ഉദാരമായ തീരുമാനം എടുക്കുമെന്നാണ് എന്റെ വിശ്വാസം.

ഇപ്പോൾ പല കാര്യങ്ങളും പ്രൊഫഷണലായിക്കൊണ്ടിരിക്കുകയാണ്. ഇൻഡ്യൻ സൂപ്പർ ലീഗ് ഫുട്ബോൾ പ്രൊഫഷണലായി. ഇൻഡ്യൻ പ്രീമിയർ ലീഗ് ക്രിക്കറ്റ് പ്രൊഫഷണലായി. ക്രിക്കറ്റൊക്കെ ഇപ്പോൾ ഒരു സ്പോർട്സായി പറയാൻ കഴിയുമോ; അത് കാശുള്ളവരുടെ കളിയായി മാറിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് അങ്ങനെയുള്ള കാര്യങ്ങളിലല്ല, മറ്റു കാര്യങ്ങളിലും നമുക്ക് അവരെ സഹായിക്കാൻ കഴിയണം. ഇവിടെ പണത്തിന്റെ കുറവ് പറഞ്ഞു. തീർച്ചയായും ഞാൻ അങ്ങയെ അഭിനന്ദിക്കുകയാണ്. അങ്ങ് ഇവിടെ സ്പോർട്സ് വികസന നിധിയെക്കുറിച്ച് പറയുന്നുണ്ട്. ഇത് എങ്ങനെയാണ് സ്വകാര്യ ട്രസ്റ്റാകുന്നത്; ഇതിൽ മുഴുവനും ഉദ്യോഗസ്ഥന്മാരല്ലേ? സ്പോർട്സ് വകുപ്പുമന്ത്രി എക്സ്-ഒഫീഷ്യോ ചെയർമാൻ, സെക്രട്ടറി (സ്പോർട്സ് വകുപ്പ്) എക്സ്-ഒഫീഷ്യോ അംഗം, 4-5 പേരൊഴിച്ച് ബാക്കിയെല്ലാവരും ഉദ്യോഗസ്ഥന്മാരാണ്. ഗവൺമെന്റിന് ബഡ്ജറ്റ്വഴി കൂടുതൽ പണം കൊടുക്കാൻ കഴിയാതെ വരുന്ന സാഹചര്യത്തിൽ മറ്റ് സോഴ്സിലൂടെ പണം കണ്ടെത്തണം. മിക്കവാറും സർക്കാർ സ്കൂളിലൊക്കെ പണം കൊടുക്കാൻ നമുക്ക് കഴിയുന്നില്ല. വർഷാവസാനം 80-90 ലക്ഷം രൂപയാണ് നമ്മുടെ കയ്യിൽ കിട്ടുന്നത്. നാലോ അഞ്ചോ ലക്ഷം രൂപയായി പലപ്പോഴും കൊടുക്കുകയാണ്. ഇതുപോലൊരു നിധി രൂപീകരിക്കുമ്പോൾ നമ്മുടെ സർക്കാർ സ്കൂൾ അടക്കമുള്ള കലാലയങ്ങളിൽ ഇൻഫ്രാസ്ട്രക്ചർ ഉണ്ടാക്കാൻ കഴിയുന്ന ഒരു

നല്ല ഭേദഗതിയാണ് ഇത്. ഞാൻ അങ്ങയെ അഭിനന്ദിക്കുകയാണ്. ഇവിടെ സ്പോർട്ട്സ് ലോട്ടറി നടത്തി. അന്വേഷിച്ചുപോയി ലോട്ടറി എടുത്തയാളാണ് ഞാൻ. അതിനോടുള്ള ഇഷ്ടംകൊണ്ടാണ്. അതൊരു നല്ല കാര്യമാണ്. അതും മന്ത്രി ഇവിടെ പറഞ്ഞു. ഏതായാലും ഈ നിധി ഉണ്ടാകുന്നത് തീർച്ചയായും നന്നായിരിക്കും. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ കേരള സർവ്വകലാശാല യൂണിയൻ ചെയർമാനായിരുന്ന ആളാണ്. അദ്ദേഹം അന്തർ സർവ്വകലാശാല ഫെസ്റ്റിവൽ നടത്തി. പത്തിരുപത്തഞ്ച് സർവ്വകലാശാലകളെ പങ്കെടുപ്പിച്ചു കൊണ്ട് ഒരു വലിയ കായികമേള നടത്തി പാരമ്പര്യമുള്ള ആളാണ്. അദ്ദേഹം വിദ്യാർത്ഥിയായിരുന്ന കാലത്തും സ്പോർട്സിൽ വളരെയേറെ താൽപര്യമെടുക്കുകയും അതിനെ പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്ന ഒരാളാണ്. അങ്ങനെയുള്ള ഒരാൾ ഈ ബിൽ കൊണ്ടുവന്നപ്പോൾ ജനാധിപത്യ ഘാതകനാണെന്ന് പറയുന്നതിൽ അർത്ഥമില്ല. സത്യം പറഞ്ഞാൽ, ഒരു ജനാധിപത്യ വ്യവസ്ഥിതി റിയലായുള്ള സ്പോർട്സുകാരെ വച്ചുകൊണ്ട് ഇത് നന്നാക്കാനാണ് ശ്രമിക്കുന്നത്. അതുകൊണ്ട് അദ്ദേഹത്തെ അഭിനന്ദിച്ചുകൊണ്ട് ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുകയാണ്.

ശ്രീ. വി. ശിവൻകുട്ടി: സർ, "സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2015-ലെ കേരള സ്പോർട്സ് (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു."

കേരളത്തിലെ കായികലോകമാകെത്തന്നെ കേരള സ്പോർട്സ് (ഭേദഗതി) ബിൽ ഉറ്റുനോക്കുകയാണ്. കേരളത്തിന്റെ കായിക ചരിത്രം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെ കായികരംഗത്തെ ജനാധിപത്യത്തിന്റെ കശാപ്പുകാരനെന്ന് ഭാവിയിൽ എഴുതുമെന്നുള്ള കാര്യത്തിൽ യാതൊരു തർക്കവുമില്ല. ഇൻഡ്യയ്ക്കുതന്നെ മാതൃകയായ സ്പോർട്സ് നിയമമാണ് 2000-ൽ ഇ. കെ. നായനാരുടെ കാലത്ത് നിയമസഭയിൽ അവതരിപ്പിക്കുന്നതിന് തയ്യാറായത്. അന്നത്തെ സ്പോർട്സ് വകുപ്പുമന്ത്രി എ. സി. ഷണ്മുഖദാസ് ആയിരുന്നു. അദ്ദേഹം, മുൻ സ്പോർട്സ് കൗൺസിൽ പ്രസിഡന്റുമാരായിരുന്ന എം. കെ. ജോസഫും വി. ജി. ഗോവിന്ദൻ നായരും ഇൻഡ്യൻ ടീമിന്റെ ക്യാപ്റ്റനായിരുന്ന ബി. ബാലചന്ദ്രനും ക്രിക്കറ്റ് ബോർഡിന്റെ ദേശീയ സെക്രട്ടറിയായിരുന്ന കരുണാകരൻ നായരും അടങ്ങിയ പ്രമുഖരെ ഉൾപ്പെടുത്തി കൊണ്ടുള്ള കമ്മിറ്റിയെയാണ് നിയോഗിച്ചത്. 2015-ലെ കേരള സ്പോർട്സ് (ഭേദഗതി) ബില്ലിന്റെ നിർദ്ദേശങ്ങളുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽത്തന്നെ ഒരു കേസ് നിലനിൽക്കുകയാണ്. ബിൽ അവതരിപ്പിച്ചപ്പോൾ തന്നെ ഞാൻ തടസ്സവാദം ഉന്നയിച്ചതാണ്. W.P.(C) നമ്പർ 29977/2015(V) എന്ന കേസിൽ ഒരു സ്റ്റേ നിൽക്കുകയാണ്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ സ്ക്രൂട്ടിണിയിൽ ഇരിക്കുന്ന ഒരു വിഷയത്തിൽ, അതിനെ മറികടന്നുകൊണ്ട് ഈ

നിയമനിർമ്മാണം ഇവിടെ നടത്തുന്നത് കോടതിയലക്ഷ്യമാണെന്നുള്ള കാര്യം കൂടി സൂചിപ്പിക്കുകയാണ്. ബഹുമാനപ്പെട്ട സ്പോർട്സ് വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ 2015 നവംബർ മാസം 27-ാം തീയതി പ്രഖ്യാപിച്ച പുതിയ സ്പോർട്സ് കൗൺസിൽ അതുകൊണ്ടുതന്നെ കോടതിയലക്ഷ്യവും നിയമവിരുദ്ധവുമാണ്. ബഹുമാനപ്പെട്ട കായിക വകുപ്പുമന്ത്രിക്ക് എല്ലാ കാര്യവും വളരെ വാചാലമായും ഫലപ്രദമായും നല്ല മെയ്‌വഴക്കത്തോടെയും അഭിനയിച്ച് അവതരിപ്പിക്കുന്നതിനുള്ള കഴിവുണ്ട്. കഴിഞ്ഞ ദിവസം അദ്ദേഹം എന്നെ ഉദ്ദേശിച്ചാണ് പറഞ്ഞത്. നാഷണൽ ഗെയിംസിനെ സംബന്ധിച്ച് ഇവിടെ ബഹളം ഉണ്ടാക്കിയതെല്ലാം എനിക്ക് സംതൃപ്തിയായി. മൂന്ന്-നാല് മാസം കൂടിയല്ലേ ഇനി ഈ സഭയുള്ളൂ. അതുകഴിഞ്ഞാൽ നമ്മളെല്ലാം പുറത്തുപോകുകയാണല്ലോ.

ബഹുമാനപ്പെട്ട സ്പീക്കർ, അങ്ങ് ലോക്കൽ ഫണ്ട് ആഡിറ്റിൽ വിശ്വസിക്കുന്നുണ്ടോ? നാഷണൽ ഗെയിംസിനെ സംബന്ധിച്ചുള്ള ലോക്കൽ ഫണ്ട് ആഡിറ്റിന്റെ ഒരു കോപ്പി തരാം. കായിക വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ നാഷണൽ ഗെയിംസുമായി ബന്ധപ്പെട്ട് അതിൽ നിന്ന് ഫണ്ടെടുത്തിട്ടുണ്ടെന്നുള്ള ആക്ഷേപമൊന്നും ഞാൻ ഉന്നയിച്ചിട്ടില്ല, ഉന്നയിക്കുകയുമില്ല. നാഷണൽ ഗെയിംസിനെ സംബന്ധിച്ച് നേരത്തെതന്നെ ഉന്നയിക്കപ്പെട്ട കാര്യത്തിൽ ഞാനിപ്പോഴും ഉറച്ചുനിൽക്കുന്നു. ഹൈക്കോടതിയിൽ അതിനെ സംബന്ധിച്ച് സി.ബി.ഐ. അന്വേഷണം വേണമെന്നുള്ള കേസ് നിലനിൽക്കുകയാണ്. തീരുമാനമുണ്ടായിട്ടില്ല. ലോക്കൽ ഫണ്ട് ആഡിറ്റ് നടത്തിയ അന്വേഷണ റിപ്പോർട്ടിൽ അവർ പ്രാഥമികമായിത്തന്നെ 70 കോടി രൂപ കണ്ടെത്തിയിരിക്കുകയാണ്. എ.ജി.യുടെ ആഡിറ്റിന് വേണ്ടിയുള്ള ഡോക്കുമെന്റ്സ് കൊടുത്തിട്ടില്ല. ആഡിറ്റ് ഇതുവരെയും നടന്നിട്ടില്ല. മോഷണം നടത്തുന്നവർ ആരായിരുന്നാലും കണ്ടുപിടിക്കണം. അക്കാര്യത്തിൽ നമുക്ക് ഒരുമിച്ചുനിൽക്കാം. അതിൽ രാഷ്ട്രീയം നോക്കേണ്ട കാര്യമില്ല. ഇത് കേരളത്തിലെ കായികരംഗത്തിന്റെ വിഷയമാണ്. ലോക്കൽ ഫണ്ട് ആഡിറ്റിലുള്ളത് സി.പി.എം.-ന്റെ ലോക്കൽ കമ്മിറ്റി മെമ്പർമാരാണെന്ന് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ വേണമെങ്കിൽ പറഞ്ഞ് സമർത്ഥിക്കും. എന്തായാലും ലോക്കൽ ഫണ്ട് ആഡിറ്റിലുള്ളവർ സി.പി.എം. ഏരിയാ കമ്മിറ്റി മെമ്പർമാരും പാർട്ടിയുടെ ജില്ലാ കമ്മിറ്റി മെമ്പർമാരുമൊന്നുമല്ല. അവർ ഗവൺമെന്റിന്റെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻമാരാണ്. ക്രമക്കേടുകൾ നടന്നിട്ടുണ്ടെന്നുള്ളത് സംബന്ധിച്ച് ലോക്കൽ ഫണ്ട് അഡിറ്റിൽ കണ്ടെത്തിയിട്ടുണ്ടെന്നാണ് ഞാൻ സൂചിപ്പിക്കുന്നത്.

ജനാധിപത്യപരമായിട്ടുള്ള ഈ സംവിധാനത്തെ എന്തിനാണ് അട്ടിമറിക്കുന്നത്? എന്റെ സുഹൃത്ത് ശ്രീ. ഡൊമിനിക് പ്രസന്റേഷൻ എം.എൽ.എ. ഇവിടെ സൂചിപ്പിച്ചത് ശരിയാണ്. എല്ലാ കാലഘട്ടത്തിലും സ്പോർട്സ് കൗൺസിൽ പ്രസിഡന്റിനെയും വൈസ് പ്രസിഡന്റിനെയും നിയമിക്കുന്നത് ഗവൺമെന്റ് തന്നെയാണ്. ഏത് ഗവൺമെന്റ് വന്നാലും ഇത്തരത്തിൽ നോമിനേറ്റ് ചെയ്യാറുണ്ട്.

കായികരംഗവുമായി ബന്ധപ്പെട്ട പൊളിറ്റിക്കൽ ലീഡേഴ്സിനേയും നോമിനേറ്റ് ചെയ്യാറുണ്ട്. ഇല്ലെന്നൊന്നും പറയുന്നില്ല. ഇവിടെയുള്ള പ്രശ്നം, ജില്ലാ സ്പോർട്സ് കൗൺസിലുകൾ ഇലക്ടഡ് ബോഡികളാണ്. അവരെ വെറുതേയങ്ങ് ഇലക്ട് ചെയ്യുന്നതൊന്നുമല്ല. ഞാൻ ജില്ലാ ഫുട്ബോൾ അസോസിയേഷന്റെ പ്രസിഡന്റാണ്. ഞാൻ ഇന്നലെ പാളയത്തുവന്ന് ജില്ലാ ഫുട്ബോൾ അസോസിയേഷന്റെ പ്രസിഡന്റാണെന്ന് പ്രഖ്യാപിച്ച ആളല്ല. കേരള ഫുട്ബോൾ അസോസിയേഷനും ഇൻഡ്യൻ ഫുട്ബോൾ അസോസിയേഷനും ഓരോ നിശ്ചിതമായ നിയമങ്ങളുണ്ട്. ആ നിയമത്തിന്റെയും ബൈലായുടെയും അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ടീമുകൾ പ്രത്യേകിച്ച് ഫുട്ബോളിനെ സംബന്ധിച്ചിടത്തോളം രജിസ്റ്റർ ചെയ്തു കഴിഞ്ഞാൽ മൂന്ന് വർഷക്കാലം ലീഗ് കളിക്കണം. മൂന്ന് വർഷക്കാലം ലീഗ് കളിച്ചാൽ മാത്രമേ ആ ക്ലബ്ബിന് വോട്ടിംഗ് പവറുണ്ടാകുകയും ആക്ടീവ് ക്ലബ്ബായി മാറുകയുമുള്ളൂ. അങ്ങനെ തിരുവനന്തപുരം ജില്ലയിലുള്ള 46 ആക്ടീവ് ക്ലബ്ബുകളാൽ തെരഞ്ഞെടുക്കപ്പെട്ട ഡിസ്ട്രിക്ട് ഫുട്ബോൾ അസോസിയേഷൻ പ്രസിഡന്റാണ് ഞാൻ. ബഹുമാനപ്പെട്ട ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അതാണിവിടെ അട്ടിമറിച്ചിരിക്കുന്നത്. അദ്ദേഹം വലിയ ജനാധിപത്യ വിശ്വാസിയും ജനാധിപത്യത്തിന് വളരെയധികം പ്രാധാന്യം കൊടുക്കുന്ന കോൺഗ്രസിന്റെ യുവജന നേതാവായും വിദ്യാർത്ഥി നേതാവായും സർവ്വകലാശാല യൂണിയന്റെ ഭാരവാഹിയായുമൊക്കെ തിളങ്ങിനിന്നിരുന്ന വ്യക്തിത്വത്തിന് ഉടമയുമാണ്. അദ്ദേഹം ഇങ്ങനെയൊരു കശാപ്പുചെയ്യാൻ പാടുണ്ടോ? ജനാധിപത്യത്തെ തകർത്തിരിക്കുകയാണ്. കായികരംഗത്ത് സൗകര്യമുള്ള ആളുകളെ ഇഷ്ടംപോലെ നോമിനേറ്റ് ചെയ്യാൻ കഴിയുന്ന രൂപത്തിലേയ്ക്ക് കാര്യങ്ങൾ കൊണ്ടുപോകുകയാണ്. അതുകൊണ്ടുതന്നെ ഈ കൗൺസിലുകൾ പിരിച്ചുവിട്ടതിനെതിരായുള്ള കേസുണ്ട്. ബഹുമാനപ്പെട്ട സ്പീക്കർ റൂളിംഗ് നൽകിയതുകൊണ്ട് നമുക്ക് പിന്നൊന്നും പറയാൻ പറ്റില്ലല്ലോ. ഞാൻ നേരത്തെ കോടതി വിധിയെല്ലാം ഇവിടെ ഉദ്ധരിച്ചു. സംസ്ഥാന സ്പോർട്സ് കൗൺസിൽ കോൺസ്റ്റിറ്റ്യൂട്ട് ചെയ്യുന്നതിന് സ്റ്റേയൊന്നുമില്ല. ജില്ലാ സ്പോർട്സ് കൗൺസിലുകൾ റീ-കോൺസ്റ്റിറ്റ്യൂട്ട് ചെയ്യുന്നതിനെ സംബന്ധിച്ചുള്ള സ്റ്റേ നിൽക്കുകയാണ്, കോടതിയുടെ നിരീക്ഷണത്തിലാണ്. അത് മനസ്സിലാക്കാതെയാണ് ബഹുമാനപ്പെട്ട സ്പീക്കർ ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുന്ന ഈ സ്പോർട്സ് ബിൽ ചർച്ചയ്ക്ക് ആകാമെന്നുള്ള നിലയിൽ ഒരു റൂളിംഗ് നൽകുന്നതിന് തയ്യാറായത്. നിയമ വകുപ്പിന്റെ അനുമതിയില്ലാതെയാണ് ഈ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നത്. നിയമ വകുപ്പിന്റെ ഉത്തരവില്ലാതെ കാര്യങ്ങൾ ചെയ്തതിന്റെ ഫലമായി പല ബുദ്ധിമുട്ടുകളും നാം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. കോടതി തന്നെ സ്റ്റാറ്റസ്-കോ നിലനിർത്താൻ പറഞ്ഞിരിക്കുന്ന പല അംഗങ്ങളേയും പുറത്താക്കി, കൗൺസിലിനെ പിരിച്ചുവിട്ടു. നിയമവിരുദ്ധമായ ഓർഡിനൻസിലൂടെ ഒരു കൗൺസിലിനെ തട്ടിക്കൂട്ടുന്നതിന് നിയമ വകുപ്പിന് അംഗീകാരം നൽകാൻ കഴിയില്ല. അതുകൊണ്ടുതന്നെ നിയമ വകുപ്പിന്റെ അംഗീകാരം ലഭിച്ചിട്ടില്ല. നാല്-

നാലര മാസക്കാലം അവശേഷിക്കുന്ന അവസരത്തിൽ ബഹുമാനപ്പെട്ട സ്പോർട്സ് വകുപ്പുമന്ത്രി എന്ത് ലാഭത്തിനാണിത് ചെയ്തത്? അദ്ദേഹം എന്തിനാണ് ഈ കൊടുംപാതകം ചെയ്യുന്നത്? തെരഞ്ഞെടുപ്പുകഴിഞ്ഞ് പുതിയൊരു ഗവൺമെന്റ് വന്നതിനുശേഷം വളരെ ഗൗരവത്തോടെ ഇക്കാര്യങ്ങൾ ചർച്ച ചെയ്യുന്നതിൽ പ്രശ്നമില്ല. ജനാധിപത്യത്തിന്റെ കടയ്ക്കൽ കത്തിവയ്ക്കുന്ന കായിക മന്ത്രിയെന്നുള്ള പേര് എടുത്തുകൊണ്ട് പോകേണ്ട കാര്യമുണ്ടോ?

ഇതിൽ ചില വകുപ്പുകളിൽ മാറ്റം വരുത്തണമെന്നുള്ളതാണ് എന്റെ അഭിപ്രായം. 2015-ലെ കേരള സ്പോർട്സ് (ഭേദഗതി) ഓർഡിനൻസ് കേരളത്തിലെ കായിക രംഗത്തെത്തന്നെ നശിപ്പിക്കുന്ന രീതിയിലുള്ളതാണ്. ഈ ഭേദഗതിയിലൂടെ സർക്കാർ നോമിനേറ്റ് ചെയ്യുന്ന അഡ്മിനിസ്ട്രേറ്റീവ് ബോർഡിലൂടെ സ്പോർട്സ് കൗൺസിൽ സർക്കാരിന്റെ ഒരു ഡിപ്പാർട്ടുമെന്റായി മാറിയിരിക്കുകയാണ്. സ്പോർട്സ് കൗൺസിൽ ഒരു സ്വയംഭരണ സ്ഥാപനം പോലെ പ്രവർത്തിക്കേണ്ടതാണ്. ജില്ലാ സ്പോർട്സ് കൗൺസിലുകളും സംസ്ഥാന സ്പോർട്സ് കൗൺസിലുമെല്ലാം ഓട്ടോണമസ് ബോഡി പോലെ പ്രവർത്തിക്കേണ്ട സ്ഥാപനങ്ങളാണ്. ഈ ഓർഡിനൻസിലൂടെ ഇതൊരു ഡിപ്പാർട്ടുമെന്റായി മാറിയിരിക്കുന്നു. ശ്രീമതി അഞ്ജു ബോബി ജോർജ് കേരളത്തിന്റെയും ഇൻഡ്യയുടെയും അഭിമാനമാണ്. പുതിയ സ്പോർട്സ് കൗൺസിലിന്റെ പ്രസിഡന്റായി ആ കായിക താരത്തെ നിയോഗിച്ചതിൽ ഞാൻ അങ്ങയെ അഭിനന്ദിക്കുകയാണ്. നല്ല കാര്യം ചെയ്താൽ അഭിനന്ദിക്കുന്നതിൽ എനിക്കൊരു ബുദ്ധിമുട്ടുമില്ല. സ്പോർട്സ് കൗൺസിൽ പ്രസിഡന്റിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കുന്നതിനായി ഇവിടെ വന്നുപോയ ശ്രീമതി അഞ്ജു ബോബി ജോർജ് പിന്നീട് ഇവിടേയ്ക്ക് തിരിച്ചുവന്നിട്ടില്ല. അവർ ബാംഗ്ലൂരാണ്. അവർക്കൊരു താൽപര്യവുമില്ല. കായിക രംഗത്തെ ആളുകൾ പറയുന്നത് ഞാൻ വിശ്വസിക്കുന്നില്ല. അവർ പറയുന്നത്, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അഞ്ജു ബോബി ജോർജിനെ വിളിച്ചു ചോദിച്ചപ്പോൾ അവർ ഒരുപാട് തിരക്കുണ്ടെന്ന് പറഞ്ഞുവെന്നാണ്. സ്പോർട്സ് കൗൺസിലിന്റെ പ്രസിഡന്റാകുമ്പോൾ ഫുൾടൈം ഇവിടെനിന്ന് കാര്യങ്ങൾ ചെയ്യേണ്ടിവരും. അക്കാര്യത്തെ സംബന്ധിച്ച് പഴയ സ്പോർട്സ് വകുപ്പുമന്ത്രിക്കും അറിയാമല്ലോ. സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് ഫുൾടൈം ഇവിടെ വേണം. അപ്പോൾ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞുവെന്ന് പറയുന്നത് ഞാൻ വിശ്വസിക്കുന്നില്ല. തന്റെയൊരു നോമിനിയെ വൈസ് പ്രസിഡന്റാക്കിക്കൊള്ളാമെന്ന് അദ്ദേഹം പറഞ്ഞുവെന്നാണ് ഞാൻ കേട്ടത്. അദ്ദേഹം അങ്ങനെ പറയുമോ എന്നുള്ളതാണ് എനിക്ക് സംശയം. ഇത് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനോട് അസൂയയുള്ള ആരോ പറഞ്ഞുപരത്തുന്നതാണ്.

ശ്രീ. ബെന്നി ബെഹനാൻ: സർ, അങ്ങയോട് ഇതാരാണ് പറഞ്ഞത്?

ശ്രീ. വി. ശിവൻകുട്ടി: സർ,അത് ഞാൻ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ ചെവിയിൽ പറഞ്ഞുകൊടുക്കാം. അതല്ലേ നല്ലത്? ഒന്നാമത് കോൺഗ്രസിൽ എ.-യും ഐ.-യും തമ്മിൽ പ്രശ്നം വളരെ രൂക്ഷമായിക്കൊണ്ടിരിക്കുന്ന സന്ദർഭത്തിൽ ഞാൻ അത് ഇവിടെ പറയുന്നത് ശരിയാവില്ല. ബഹുമാനപ്പെട്ട തിരുവഞ്ചൂരിന്റെ സഹപാഠിയായിരുന്ന, സ്പോർട്സ് രംഗവുമായി യാതൊരു ബന്ധവുമില്ലാത്ത ശ്രീ. ഇബ്രാഹിം കുട്ടിയെയാണ് സ്പോർട്സ് കൗൺസിൽ വൈസ് പ്രസിഡന്റായി നിയമിച്ചിരിക്കുന്നത്. ശ്രീമതി അഞ്ജു ബോബി ജോർജ്ജ് ബാംഗ്ലൂരിൽ സ്ഥിരതാമസമാണ്. കോൺഗ്രസ്സ് അനുഭാവികളായ, ഇവിടെനിന്ന് കാര്യങ്ങൾ ചെയ്യാൻ കഴിയുന്ന എത്രയോ കായിക താരങ്ങൾ ഉണ്ട്. സി.പി.എം.-ന്റെ വലിയ ഒരു ഓട്ടക്കാരനെ നിങ്ങൾ വയ്ക്കുകയില്ല, വയ്ക്കണമെന്ന് ഞാൻ പറയുന്നുമില്ല. കേരള സ്പോർട്സ് കൗൺസിൽ കേന്ദ്രീകരിച്ചുനിന്നുകൊണ്ട് കാര്യങ്ങൾ ചെയ്യാൻ കഴിയുന്ന എത്രയോ ആൾക്കാർ നമുക്കുണ്ട്. ശ്രീമതി അഞ്ജു ബോബി ജോർജ്ജ് ആണെങ്കിൽ ബാംഗ്ലൂരിൽ കായിക അക്കാദമി സ്ഥാപിക്കുന്ന തിരക്കിലാണ്. അവർക്ക് ഇവിടെ ഒപ്പിടാൻ വരാൻ പോലും സൗകര്യമില്ല. അതുമാത്രമല്ല, ആ മാഡം ടാർജറ്റ് ഒളിംപിക്സ് ബോർഡ് സ്കീം അദ്ധ്യക്ഷയായും പ്രവർത്തിക്കുകയാണ്. എങ്ങനെയാണ് അവർക്ക് ഇവിടെ വരാൻ കഴിയുന്നത്? സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് സ്ഥാനം ഏറ്റെടുക്കുന്നതിന് ബുദ്ധിമുട്ടുണ്ടോ എന്ന് ആ മാഡം പറഞ്ഞിട്ടുണ്ടോ എന്ന വിവരം മന്ത്രി സഭയിൽ പറയും എന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. വല്ലപ്പോഴും വന്നിട്ട് പോയാൽ മതി എന്ന് മന്ത്രി പറഞ്ഞു, അതുകൊണ്ടാണ് അവർ ഇത് ഏറ്റെടുത്തത് എന്നാണ് പുറംവാതിലിൽ കൂടി കേൾക്കുന്നത്. ശ്രീ. ഇബ്രാഹിം കുട്ടി ബഹുമാനപ്പെട്ട തിരുവഞ്ചൂരിന്റെ ഉറ്റ സുഹൃത്തായിരുന്നു എന്ന വിവരം അവിടെയിരിക്കുന്ന എല്ലാ ആൾക്കാർക്കുമറിയാം. ആ കാര്യത്തിൽ സംശയമില്ല. 2015 ഡിസംബർ മാസം 1-ാം തീയതിയിലെ അസാധാരണ ഗസറ്റനുസരിച്ച് അദ്ദേഹത്തെ സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ വൈസ് പ്രസിഡന്റായാണ് നാമനിർദ്ദേശം ചെയ്തിരിക്കുന്നത്. ശ്രീ. ടി.കെ. ഇബ്രാഹിം കുട്ടി കേരള ത്രോ ബോൾ അസോസിയേഷന്റെ പ്രതിനിധിയാണ്. ഇതിന് വേറെയൊരു കാര്യം കൂടിയുണ്ട്. ത്രോ ബോൾ അസോസിയേഷന് കേന്ദ്ര കായിക മന്ത്രാലയത്തിന്റെ അംഗീകാരമില്ല. 2000-ലെ കേരള സ്പോർട്സ് ചട്ടത്തിൽ അദ്ധ്യായം 7, 55-ാം വകുപ്പ് അനുസരിച്ച് കേരള സ്പോർട്സ് മന്ത്രാലയത്തിന്റെ അംഗീകാരമുള്ള ദേശീയ ഫെഡറേഷന്റെ സംസ്ഥാന ഘടകത്തിനു മാത്രമേ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിൽ അംഗത്വം നൽകാൻ പാടുള്ളൂ.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

മി.സ്പീക്കർ: ബഹുമാനപ്പെട്ട ശിവൻകുട്ടി ഇന്ന് 3 ബില്ലുകൾ ഉണ്ട്, എല്ലാപേരും വളരെക്കുറച്ച് സമയമെടുത്ത് സംസാരിച്ചത് ഇന്ന് 3 ബില്ലുകൾ ഉള്ളതുകൊണ്ടാണ്. ഈ ബില്ലിനു തന്നെ 21 ക്ലോസ്സ് ഉണ്ട്. ഇപ്പോൾത്തന്നെ 16 മിനിറ്റായി. അങ്ങ് ദയവായി സഹകരിക്കണം.

ശ്രീ. എ. കെ. ബാലൻ: സർ, പോയിന്റ് ഓഫ് ഓർഡർ, സഭയിൽ ക്വാറം ഇല്ല. 13 പേർ മാത്രമേ ഉള്ളൂ. ക്വാറം നോക്കേണ്ടത് ബഹുമാനപ്പെട്ട സ്പീക്കറാണ്.

മി. സ്പീക്കർ: ക്വാറം തികയാൻ സ്പീക്കർ ഉൾപ്പെടെ 15 പേർ വേണം. ഇപ്പോൾ 16 പേരുണ്ട്.

ശ്രീ. വി. ശിവൻകുട്ടി: സർ, ഞാൻ അങ്ങ് പറഞ്ഞത് അനുസരിച്ചുകൊണ്ട് പരമാവധി ചുരുക്കാം. ഞാൻ അങ്ങ് പറഞ്ഞാൽ സാധാരണ എല്ലാ കാര്യങ്ങളും കേൾക്കാറുണ്ട്. അങ്ങ് ചിലപ്പോഴൊക്കെ ഞങ്ങളുടെ അവകാശങ്ങൾ നിഷേധിക്കുമ്പോഴല്ലേ അങ്ങോട്ടു വരുന്നത്. ഞാൻ പറഞ്ഞത് സ്പോർട്സ് ആക്ട് 2000-ൽ പറഞ്ഞിരിക്കുന്ന സംസ്ഥാന സ്പോർട്സ് സംഘടനകളുടെ രജിസ്ട്രേഷനും പ്രത്യേക അവകാശങ്ങളെയും സംബന്ധിച്ചാണ്. അതുപ്രകാരം ശ്രീ. ഇബ്രാഹിം കുട്ടിയെ വൈസ് പ്രസിഡന്റായി നിയമിച്ചിരിക്കുന്നത് നിയമവിരുദ്ധമാണ്. ബഹുമാനപ്പെട്ട സ്പീക്കർ അതു പരിശോധിക്കണം. സംസ്ഥാന സ്പോർട്സ് സംഘടനകളുടെ രജിസ്ട്രേഷനും പ്രത്യേക അവകാശങ്ങളും സംബന്ധിച്ച ആക്ട് മന്ത്രിയുടെ കയ്യിൽ ഉണ്ടാകും. വേണമെങ്കിൽ ഞാൻ മേശപ്പുറത്ത് വയ്ക്കാം. കബഡി അസോസിയേഷന്റെ പ്രതിനിധിയായി ശ്രീ. നജ്മുദീന്റെ നിയമനവും ചട്ട വിരുദ്ധമാണ്. കാരണം, ഇത് സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യയുടേയും കേരള സ്പോർട്സ് കൗൺസിലിന്റേയും കോണ്ടക്ട് റൂളിന് എതിരാണ്. ശ്രീ. നജ്മുദീന്റെ നിയമനം റദ്ദാക്കണമെന്ന് 2014 ജനുവരി മാസം 18-ാം തീയതിയിലെ 3344/A3/13/സ്പോർട്സ് ആന്റ് യൂത്ത് അഫയേഴ്സ് നമ്പർ കത്തിലൂടെ യു.ഡി.എഫ്. സർക്കാർ തന്നെ സ്പോർട്സ് കൗൺസിലിനോട് നിർദ്ദേശിച്ചിട്ടുള്ളതാണ്. അതിന്റെ കോപ്പിയും എന്റെ കയ്യിൽ ഉണ്ട്. ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇതൊന്നുമറിഞ്ഞില്ല. ആരൊക്കെയോ കുറിച്ചുകൊടുത്ത കാര്യങ്ങളുമായിട്ടാണ് അദ്ദേഹം ഇവിടെ വന്നത്. അദ്ദേഹം നല്ല രീതിയിൽ കാര്യങ്ങൾ ചെയ്യുന്ന ആളാണ്. മുൻ പ്രസിഡന്റായിരുന്ന അത്‌ലെറ്റ് ശ്രീമതി പത്മിനി തോമസിനെ വാൾപ്പയറ്റിന്റെ പ്രതിനിധിയായി ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത് വളരെ കഷ്ടമാണ്. ഞാൻ തിരുവനന്തപുരത്ത് മേയറായിരുന്നപ്പോൾ എന്നെ ഉൾപ്പെടുത്തിയിരുന്നു. ശ്രീ. എ.കെ. ആന്റണി ആയിരുന്നു അന്ന് കേരളത്തിന്റെ മുഖ്യമന്ത്രി. സ്പോർട്സ് വകുപ്പ് കൈകാര്യം ചെയ്തത് ആരാണ് എന്ന് എനിക്കറിയില്ല. ഇന്ന് കൊച്ചി മേയറെ ഉൾപ്പെടുത്തി. അതിൽ തർക്കമില്ല. യു.ഡി.എഫിന്റെ ഏക മേയറാണ്. ഒരു മേയറെ കിട്ടി അത് ഉൾപ്പെടുത്തി. പക്ഷേ മറ്റ് 5 എൽ.ഡി.എഫ്. മേയർമാരെ എന്തിനാണ് ഒഴിവാക്കിയത്; മറ്റു നഗരങ്ങളും വരണ്ടേ? യു.ഡി.എഫിന്റെ ആളെ ഉൾപ്പെടുത്തിക്കോളൂ, തർക്കമില്ല. ഇതെല്ലാം വ്യക്തിപരമായും രാഷ്ട്രീയപരമായും ചെയ്തിരിക്കുന്ന കാര്യങ്ങളാണ്. കേരള സ്പോർട്സ് കൗൺസിൽ ഭരണസമിതിയുടെ നേരത്തെയുണ്ടായിരുന്ന പേര്

സ്റ്റാൻഡിംഗ് കമ്മിറ്റി എന്നാണ്. അതിനെ ആരുടെയോ താൽപര്യങ്ങൾക്ക് വഴങ്ങി അഡ്മിനിസ്ട്രേറ്റീവ് ബോർഡ് എന്നാക്കി മാറ്റി. സ്പോർട്സ് കൗൺസിലിന് ഒരു സ്വയംഭരണാവകാശമുണ്ട്. ഈ ഓർഡിനൻസിന്റെ 3-ാം വകുപ്പിൽ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ എന്ന ശീർഷകത്തിൻകീഴിലുള്ള (ബി) മുതൽ (ജെ) വരെയുള്ള ഇനങ്ങൾ ജനവിരുദ്ധമായതിനാൽ വിട്ടുകളയേണ്ട ഭാഗമാണ്. ഇതിൽപ്പറയുന്ന കാര്യങ്ങളെല്ലാം കൂടി നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ എന്ന ശീർഷകത്തിന്റെ കീഴിലാക്കിയാൽ മതിയാകും. സ്പോർട്സ് നിയമത്തിൽ പറഞ്ഞിട്ടുള്ള തെരഞ്ഞെടുപ്പ് ഒഴിവാക്കാനാണ് സർക്കാർ ഇത്തരത്തിൽ ഒരു ഭേദഗതി നിർദ്ദേശിച്ചിരിക്കുന്നത്. ഈ ഓർഡിനൻസിന്റെ പ്രത്യേകത 2000-ലെ കേരള കായിക നിയമത്തിൽ എവിടെയെല്ലാം തെരഞ്ഞെടുപ്പിൽ കൂടി പ്രതിനിധികൾ വരണമെന്ന് പറയുന്നുണ്ടോ അതെല്ലാം മാറ്റി നോമിനേറ്റ് ചെയ്യണമെന്നാണ് നിർദ്ദേശിച്ചിരിക്കുന്നത്. ജനാധിപത്യം കാത്തു സൂക്ഷിക്കേണ്ട ഒന്നല്ലേ; ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന് ഒരു ജനാതിപത്യ പാരമ്പര്യമൊക്കെയില്ലേ? തൊട്ടപ്പുറത്ത് വലിയ പാരമ്പര്യമുള്ള ജനാധിപത്യത്തിന്റെ കാവൽക്കാരായി ശ്രീ. ആര്യാടൻ സാർ ഇരിക്കുകയല്ലേ? ഇങ്ങോട്ട് അതിന്റെ ഒരു കാറ്റെങ്കിലും അടിക്കണ്ടേ? 'മുല്ലപ്പൂമ്പൊടിയേറ്റുകിടക്കും കല്ലിനുമുണ്ടൊരു സൗരഭ്യം' എന്ന് പറയുംപോലെ വേണ്ടേ?

മി. സ്പീക്കർ: ബഹുമാനപ്പെട്ട ശിവൻകുട്ടി ഇപ്പോൾത്തന്നെ 24 മിനിട്ടായി.

ശ്രീ. വി. ശിവൻകുട്ടി : സർ, എത്ര മിനിട്ടുകൂടി എനിക്ക് അനുവദിക്കും. അതുകൂടി കഴിഞ്ഞ് അങ്ങ് ഇരിക്കാൻ പറഞ്ഞാൽ ഞാൻ അപ്പോൾ ഇരിക്കും.

മി. സ്പീക്കർ : അങ്ങനെ പറയില്ല. അത് അങ്ങയുടെ അധികാരമാണ്.

ശ്രീ. വി. ശിവൻകുട്ടി : സർ, ശ്രീ. എ. കെ. ബാലൻ പറഞ്ഞപോലെ ക്വാറം കുറവാണെങ്കിലും കാര്യം പറയണ്ടേ? ഞാൻ നിർത്താം. രാവിലെ എനിക്ക് അനുവദിച്ച സബ്മിഷൻ തന്നെ പോയി. ഞാൻ എഴുതിക്കൊണ്ട് വന്നതെല്ലാം പെട്ടെന്ന് വായിച്ച് നിർത്താം.

മി. സ്പീക്കർ : മേശപ്പുറത്ത് വച്ചാൽ മതി.

ശ്രീ. വി. ശിവൻകുട്ടി: ഇവിടെ മേശപ്പുറത്ത് വച്ചതുകൊണ്ട് ഒരു പ്രയോജനവുമില്ല. ഞാൻ മേശപ്പുറത്ത് വച്ച രേഖകൾ പോലെ ഇവിടെ മറ്റാരും വച്ചിട്ടില്ല. നിലവിൽ 2000-ലെ ആക്ട് പ്രകാരം ഗ്രാമ/ബ്ലോക്ക് പ്രസിഡന്റുമാർ, മുനിസിപ്പൽ ചെയർമാന്മാർ എന്നിവരിൽനിന്നും ഒരാളെ തെരഞ്ഞെടുക്കുമായിരുന്നു. അങ്ങനെ ഒരാളെ തെരഞ്ഞെടുത്താൽ എന്താണ് കുഴപ്പം? ഇപ്പോൾ പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും നിങ്ങൾക്ക് കുറഞ്ഞുപോയി. അത് മാറിയും

തിരിഞ്ഞുമൊക്കെ വരും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും അംഗങ്ങൾ പ്രതിനിധികളായി വരണം. മുമ്പ് നമുക്ക് ഓപ്പറേഷൻ ഒളിമ്പിയ ഉണ്ടായിരുന്നു. ഞാൻ പഞ്ചായത്ത് പ്രിസിഡന്റായിരുന്ന കാലത്ത് വി. ജി. ഗോവിന്ദൻ നായർ സ്പോർട്സ് കൗൺസിൽ പ്രസിഡന്റായിരുന്ന സമയത്ത് തുടങ്ങിയതായിരുന്നു ഓപ്പറേഷൻ ഒളിമ്പിയ. പഞ്ചായത്ത് തലത്തിലാണ് അതിന്റെ പ്രവർത്തനം നടത്തിയിരുന്നത്. അതുകൊണ്ട് ബ്ലോക്ക്, പഞ്ചായത്ത് തലങ്ങളിൽ നിന്നുമുള്ള അംഗങ്ങൾ പ്രതിനിധികളായി വരണം. ദേശീയ ഗെയിംസിനോടനുബന്ധിച്ച് കേരളത്തിൽ കുറെ നല്ല സ്റ്റേഡിയങ്ങൾ ഉണ്ടായിട്ടുണ്ട്. ആ സ്റ്റേഡിയങ്ങളിൽ പലതും നമുക്ക് പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല. ഉദാഹരണമായി വട്ടിയൂർക്കാവിലുള്ള ഷൂട്ടിംഗ് ഗ്രൗണ്ട്. ആ സ്റ്റേഡിയം നമുക്ക് പ്രയോജനപ്പെടുത്തണം. ഒളിംപിക്സിൽ മെഡൽ നേടുന്ന കായിക താരങ്ങൾക്ക് ഒരു കോടി രൂപ നൽകുമെന്ന് അങ്ങ് സഭയിൽ പറഞ്ഞപ്പോഴും പത്ര മാധ്യമങ്ങളിൽ വാർത്ത വന്നപ്പോഴും എനിക്കും സഭയിലുള്ളവർക്കും ആവേശം തോന്നി. ഇങ്ങനെയുള്ള പ്രഖ്യാപനങ്ങൾ ആർക്കുവേണമെങ്കിലും നടത്താം. ഒളിംപിക്സിൽ പങ്കെടുക്കാൻ തയ്യാറെടുപ്പ് നടത്തുന്നതിനായി ഒരു കോടി രൂപ കൊടുക്കുമെന്ന് പറഞ്ഞിരുന്നെങ്കിൽ കൊള്ളാമായിരുന്നു. ഒളിംപിക്സിൽ പങ്കെടുക്കാൻ വേണ്ടി ഒരുങ്ങുന്ന ഒരു കായിക താരത്തിന് വേണ്ട ട്രെയിനിംഗ് കൊടുത്ത്, ഭക്ഷണം കൊടുത്ത്, അവരെ ഏറ്റവും നല്ല മത്സരാർത്ഥിയാക്കി മാറ്റുന്നതിനുവേണ്ടി ഒരു കോടി രൂപ കൊടുക്കാമെന്ന് പറഞ്ഞെങ്കിൽ ശരിയാകുമായിരുന്നു. ആ കുട്ടികൾ പട്ടിണിയും ദാരിദ്ര്യവും സഹിച്ച് വളരെ പാടുപെട്ട് മന്ത്രിയുടെയോ ഗവൺമെന്റിന്റെയോ സഹായമില്ലാതെ കുട്ടിയുടെ അച്ഛന്റെയും അമ്മയുടെയും വീട്ടുകാരുടേയും പ്രയത്നം കൊണ്ട് പരിശീലനം നേടി നല്ലൊരു സമ്മാനം കിട്ടിയാൽ അപ്പോൾ നമ്മളെല്ലാം അവരുടെ അടുക്കലേക്ക് ഓടിപ്പോകും. ഞാൻ ഒരു കാര്യം കൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം. ഇപ്പോൾ കായിക താരങ്ങൾക്കുള്ള പെൻഷൻ പദ്ധതി നിർത്തലാക്കിയെന്നാണ് തോന്നുന്നത്. 38 ഇനം പെൻഷനുകളാണ് കേരളത്തിലുള്ളത്. കേരളത്തിൽ പെൻഷനില്ലാത്ത ആരുമില്ല. എന്തുകൊണ്ടാണ് കഷ്ടപ്പെട്ട് വളർന്നുവന്ന കായിക താരങ്ങൾക്ക് ഒരു പെൻഷൻ പദ്ധതി നടപ്പിലാക്കാനുള്ള ശ്രമം നടത്താത്തത്? കഴിഞ്ഞ 14 വർഷമായി കേരളത്തിലെ ഗ്ലാമർ ടീമുകളിലൊന്നായ ടൈറ്റാനിയത്തിന് വേണ്ടിയും സന്തോഷ് ട്രോഫി മത്സരത്തിൽ തമിഴ്നാടിനുവേണ്ടിയും കളിക്കുന്ന വളരെ ടാലന്റഡായിട്ടുള്ള ഒരു ഫുട്ബോൾ കളിക്കാരനാണ് ക്ലീറ്റസ്. മത്സ്യത്തൊഴിലാളി വിഭാഗത്തിൽപ്പെട്ട വളരെ പാവപ്പെട്ട കുടുംബത്തിൽപ്പെട്ട ക്ലീറ്റസിന് ഇതുവരെയായിട്ടും ഒരു ജോലി കൊടുക്കാൻ കഴിഞ്ഞോ?

ശ്രീ. ഇ. കെ. വിജയൻ : സർ, റാഞ്ചിയിൽ വച്ച് നടന്ന നാഷണൽ ഗെയിംസിൽ കോഴിക്കോട് ജില്ലയിൽനിന്നും പങ്കെടുത്ത രണ്ട് കുട്ടികൾ മൂന്ന്

സ്വർണ്ണമാണ് നേടിയത്. വളരെ പാവപ്പെട്ട വീടുകളിലെ കുട്ടികളാണ്. കായിക വകുപ്പുമായി ബന്ധപ്പെട്ടപ്പോൾ പ്രത്യേക പരിഗണന നൽകാൻ കഴിയില്ലെന്നാണ് പറഞ്ഞത്. അവർ പാലക്കാട് മേഴ്സി കോളേജിൽ പഠിക്കുന്ന പെൺകുട്ടികളാണ്. അതുപോലുള്ള കുട്ടികളെ പ്രോത്സാഹിപ്പിക്കാൻ കായിക വകുപ്പിനോ, വിദ്യാഭ്യാസ വകുപ്പിനോ എന്തെങ്കിലും ചെയ്യുവാൻ കഴിയുമോ എന്നതിനെപ്പറ്റി ഗൗരവതരമായി ആലോചിക്കേണ്ടതാണ്. ആ വിഷയം കൂടി പരിഗണനയിൽ വരേണ്ടതല്ലേയെന്ന് ബഹുമാനപ്പെട്ട അംഗത്തെ ഓർമ്മിപ്പിക്കുന്നു.

<u>ശ്രീ. വി. ശിവൻകുട്ടി</u> : ശരിയാണ്. ക്ലീറ്റസ് 2015-ൽ മുഖ്യമന്ത്രിക്ക് കൊടുത്ത പരാതിയുടെ കോപ്പിയാണ് എന്റെ കൈവശമിരിക്കുന്നത്. അദ്ദേഹം ഇപ്പോൾ ടൈറ്റാനിയം ഫുട്ബോൾ ടീമിന്റെ ക്യാപ്റ്റനാണ്, ഇപ്പോഴും ടൈറ്റാനിയത്തിന് വേണ്ടി കളിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് നിവേദനം കൊടുത്തതിനു ശേഷവും ഒരു പരിഗണനയും കൊടുക്കുന്നില്ല. അതുപോലെതന്നെ വളരെ ദയനീയമാണ് രണ്ട് വർഷം കേരളത്തിനുവേണ്ടി ഫുട്ബോൾ കളിച്ച തിരുവനന്തപുരത്തെ അജയകുമാറിന്റെ കാര്യവും. ഇതുവരെയും അദ്ദേഹത്തിന് ഒരു ജോലി കൊടുക്കുന്നതിന് ഈ സർക്കാരിന് കഴിഞ്ഞിട്ടില്ല. ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയം സ്പോർട്സ് ഹോസ്റ്റലിലെ കുട്ടികൾക്ക് ഭക്ഷണമുണ്ടാക്കിക്കൊടുക്കുന്ന ജോലിയിലിരിക്കെ അയാളെ പിരിച്ചുവിട്ടു. അത് അങ്ങ് അറിഞ്ഞിട്ടാണെന്ന് ഞാൻ വിശ്വസിക്കുന്നില്ല. അങ്ങ് ഒരു കോടി രൂപ കൊടുക്കുമെന്ന് പറയുമ്പോഴും പാചക ജോലിക്ക് നിൽക്കുന്ന താരങ്ങളെപ്പോലും പിരിച്ചുവിട്ടുകൊണ്ടിരിക്കുന്ന ഒരു സ്ഥിതിവിശേഷമാണുള്ളത്.

<u>ശ്രീ. എ. പ്രദീപ്കുമാർ</u> : സർ, ഞാൻ ഒരു കാര്യം മാത്രം സൂചിപ്പിച്ചുകൊണ്ട് നിർത്താം. ബഹുമാനപ്പെട്ട സ്പോർട്സ് വകുപ്പുമന്ത്രി സംസാരിച്ച സമയത്ത് സ്പോർട്സ് ലോട്ടറിയെക്കുറിച്ച് ഒരു പരാമർശം ആദ്യം നടത്തി. ആ സമയത്ത് ഞാൻ അതിനോടൊന്നും പ്രതികരിച്ചില്ല. അങ്ങ് രണ്ടാമത് വീണ്ടും ഇടപെട്ട് സംസാരിച്ചപ്പോൾ ഈ സഭയെ തെറ്റിദ്ധരിപ്പിക്കുന്ന നിലയിലായി. അത് ബോധപൂർവ്വമായിരിക്കില്ല എന്നാണ് തോന്നുന്നത്. അതുകൊണ്ട് അതിന്റെ വസ്തുത പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. സ്പോർട്സ് ലോട്ടറി കഴിഞ്ഞ സ്പോർട്സ് കൗൺസിലിന്റെ കാലത്തും വളരെ ശ്രദ്ധേയമായ നിലയിൽ നടത്തിയതായിരുന്നു. പക്ഷേ സ്പോർട്സ് കൗൺസിൽ നേരിട്ടല്ല അത് നടത്തിയത്. ഞങ്ങൾ അതിന്റെ ചർച്ചകളിൽ ഭാഗമായതാണ്. ലോട്ടറി ഡിപ്പാർട്ടുമെന്റാണ് സ്പോർട്സ് കൗൺസിലിന് വേണ്ടി ലോട്ടറി നടത്തിയത്. സ്പോർട്സ് കൗൺസിൽ ഒരു ഏജൻസി മാത്രമായാണ് പ്രവർത്തിച്ചത്. ടിക്കറ്റ് വിറ്റ് അതുവഴി 10 കോടിയോളം രൂപ സമാഹരിച്ച് ഗ്രൗണ്ടുകൾ പോലുള്ള ഇൻഫ്രാസ്ട്രക്ചർ ഉണ്ടാക്കാൻ കൊടുക്കുകയും ഞങ്ങളുടെ നാട്ടിലും അതിന്റെ ഗുണം കിട്ടുകയും ചെയ്തു. അങ്ങ് പറഞ്ഞ കാര്യം ശരിയാണ്. അതിന്റെ ഒന്നാം

സമ്മാനം കൊടുക്കാൻ നേരത്ത് ഒരു പ്രശ്നമുണ്ടായി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ് ടിക്കറ്റ് വിൽപ്പന നടത്തിയിരുന്നത്. പക്ഷേ പഞ്ചായത്തുകൾ വഴി വിറ്റ സമയത്ത് വിൽക്കാത്ത ടിക്കറ്റിനാണ് നറുക്ക് വീണത്. മിനിസ്റ്റർ പറഞ്ഞപ്പോൾ ഇങ്ങനെയൊരു തെറ്റിദ്ധാരണ വന്നു. വിൽക്കാത്ത ടിക്കറ്റിനാണ് നറുക്ക് വീണത്. അതുകൊണ്ട് അതിന്റെ ക്ലെയിം പഞ്ചായത്തിനാണെന്നും പറഞ്ഞ് അതിന്റെ പേരിൽ തർക്കം വരുകയും ബഹുമാനപ്പെട്ട കോടതിയുടെ പരിഗണനയിൽ വരുകയും ചെയ്ത വിഷയമാണ്. അതുകൊണ്ടാണ് അത് നിർത്തലാക്കിയത്. തുടർച്ചയായി ഗവൺമെന്റ് ചെയ്യേണ്ടതായിരുന്നു. അതിന്റെ ഓഡിറ്റെല്ലാം നടത്തി ക്ലിയറാക്കിയതാണ്. ഇത് മുമ്പും സഭയിൽ ചർച്ചയ്ക്കിടയായ വിഷയമാണ്. അങ്ങ് രണ്ടാമത് പറഞ്ഞപ്പോൾ ചെറിയ തെറ്റിദ്ധാരണ തോന്നിപ്പിച്ചു. അതുകൊണ്ട് അത് വ്യക്തമാക്കേണ്ടത് ഞങ്ങളുടെ ഉത്തരവാദിത്തമാണ്.

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, അങ്ങ് പറഞ്ഞതുകൊണ്ട് ഞാൻ ഒരു വാക്കുകൂടി പറഞ്ഞുകൊണ്ട് നിർത്തുകയാണ്. ഇവിടെ ചർച്ച ചെയ്യപ്പെടുന്ന ഈ ബിൽ കായികലോകത്തെ ഒരു കാരണവശാലും രക്ഷപ്പെടുത്താൻ ഉതകുന്നതല്ല. ഇത് കായിക രംഗത്തെ ജനാധിപത്യത്തെ നശിപ്പിക്കുകയാണ് ചെയ്യുന്നത്. ഇവിടെ അസോസിയേഷനുകളാണ് ഏറ്റവും നല്ല പ്രവർത്തനങ്ങൾ നടത്തുന്നത്. അസോസിയേഷനുകളിൽ പുനഃസംഘടന ആവശ്യമാണെന്ന് ബഹുമാനപ്പെട്ട മന്ത്രി അദ്ദേഹത്തിന്റെ ആമുഖ പ്രസംഗത്തിൽ പറഞ്ഞത് ശരിയാണ്. വർഷങ്ങളായി അസോസിയേഷനുകളിൽ ഒരിക്കലും മാറാതിരിക്കുന്ന കുറെ അംഗങ്ങളുണ്ട്. അസോസിയേഷനുകളെ നിയന്ത്രിക്കുന്നതിന് നിയമങ്ങൾ കൊണ്ടുവരുന്നതിൽ ഒരു തെറ്റുമില്ല. നമുക്ക് അസോസിയേഷനുകളിൽ മാറ്റങ്ങൾ വരുത്തേണ്ടത് അത്യാവശ്യമാണ്. അസോസിയേഷന്റെ കാര്യം മാത്രം പറയുന്നത് എന്തിനാണ്? ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ. ആയിട്ട് എത്ര വർഷമായി? ഞാനും ഇപ്പോൾ രണ്ടാമത്തെ പ്രാവശ്യമാണ് എം.എൽ.എ. ആകുന്നത്. കഴിഞ്ഞ ദിവസം പ്രസംഗിച്ചപ്പോൾ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞത് സ്ഥിരമായി പ്രസിഡന്റായും സെക്രട്ടറിയായും ഇരിക്കുന്നു എന്നാണ്. അസോസിയേഷൻകാരെ മാത്രം പറയേണ്ട കാര്യമില്ല. ഇവിടെ ഇരിക്കുന്ന ആരെങ്കിലും നാലുമാസം കഴിഞ്ഞുവരുന്ന തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നില്ല എന്ന് പറയുമോ? ഒരു ഗവൺമെന്റ് ഉത്തരവുകൂടി ഉദ്ധരിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. സഭ നടക്കുന്ന അവസരത്തിൽ സഭ അറിയാതെ ഇങ്ങനെ ഒരു ഉത്തരവ് ഇറക്കാനുള്ള അധികാരമുണ്ടോ എന്നതിനുള്ള റൂളിംഗ് അങ്ങ് നൽകണം. 2015 ഡിസംബർ മാസം 7-ാം തീയതി നിയമസഭാ സമ്മേളനം നടക്കുമ്പോൾ പൊതുഭരണ സർവ്വീസ് (ഡി) വകുപ്പ് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള 14652/എസ്.ഡി.1/2012 നമ്പർ ഉത്തരവുപ്രകാരം ഒരു കൊടുംചതിയാണ് കായിക താരങ്ങളോട് ചെയ്തിരിക്കുന്നത്. ഈ ഉത്തരവിന്റെ പകർപ്പ് എന്റെ കൈവശമുണ്ട്. അങ്ങ് പറഞ്ഞതനുസരിച്ച് മേശപ്പുറത്ത് വയ്ക്കുകയാണ്.

ഈ ഉത്തരവുപ്രകാരം ദേശീയതലത്തിലും സംസ്ഥാനതലത്തിലും ടീം ടൂർണമെന്റുകളിൽ പങ്കെടുത്ത് ഒന്നാം സ്ഥാനത്ത് എത്തുന്നവർക്കുപോലും സ്പോർട്സ് ക്വാട്ടയിൽ സർക്കാർ ജോലികൾ ലഭിക്കാത്ത ദുഃസ്ഥിതിയാണുള്ളത്. മേൽപ്പറഞ്ഞ സർക്കാർ ഉത്തരവുകാരണം ഈയിനത്തിൽ പ്രാഗത്ഭ്യം തെളിയിക്കുന്ന താരങ്ങൾ പൂർണ്ണമായും തഴയപ്പെടുകയും അത്‌ലറ്റുകൾ മാത്രം പരിഗണിക്കപ്പെടുകയും ചെയ്യുന്ന ഏകപക്ഷീയമായ നിയമ നടപടിയാണ് സൃഷ്ടിച്ചിരിക്കുന്നത്. ഈ ഉത്തരവ് എത്രയും പെട്ടെന്ന് പിൻവലിക്കണം. പിൻവലിച്ചില്ലെങ്കിൽ ഇതു നമുക്ക് വലിയ ദോഷമുണ്ടാക്കും.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : സർ, ഒരു പ്രധാനപ്പെട്ട കാര്യമാണ് അങ്ങ് സംസാരിച്ചുകൊണ്ടിരിക്കുന്നത്. ഖോഖോ പോലുള്ള മത്സരയിനങ്ങളിൽ ദേശീയ ചാമ്പ്യൻഷിപ്പിൽ വിജയിച്ചുവരുന്നവർക്കുപോലും ജോലി ലഭിക്കുന്ന സമയത്ത് ആവശ്യമായ ഒരു പരിഗണന ലഭിക്കുന്നില്ല എന്നുള്ള വലിയ പരാതി ഉയർന്നുവന്നിട്ടുണ്ട്. അത് ഏറ്റവും കൂടുതൽ കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിൽ ദേശീയ ചാമ്പ്യൻമാർക്കുപോലും യാതൊരുവിധ ആനുകൂല്യങ്ങളും നിയമന സമയത്ത് ലഭിക്കുന്നില്ല. ഈ കാര്യം സംസ്ഥാന സർക്കാർ വളരെയേറെ ഗൗരവപൂർവ്വം എടുത്ത് കേന്ദ്രത്തെ അറിയിക്കാനുള്ള ഒരു വിഷയമാണ് എന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. ശിവൻകുട്ടി: സർ, അതാണ് ഈ ഉത്തരവിൽ പറഞ്ഞിരിക്കുന്നത്. സഭ നടക്കുമ്പോൾ ഇങ്ങനെയൊരു ഉത്തരവ് ഇറക്കുന്നത് ശരിയാണോ? ഇത് സഭയിൽ വയ്ക്കേണ്ടതല്ലേ, എനിക്കറിയില്ല. ഇതിനെ സംബന്ധിച്ച് പരിജ്ഞാനമുള്ള ശ്രീ. ആര്യാടൻ മുഹമ്മദ് മറുപടി നൽകുമായിരിക്കും. എന്തായാലും സഭ നടക്കുന്ന സമയത്ത് ഇറക്കിയിരിക്കുന്ന ഉത്തരവ് ജനാധിപത്യ വിരുദ്ധമാണ്. ഈ ഉത്തരവുപ്രകാരം ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണന്റെ കായിക രംഗത്തെ ഒരു സ്വപ്നവും പൂവണിയാൻ പോകുന്നില്ല എന്നുള്ള കാര്യത്തിൽ ഒരു തർക്കവുമില്ല എന്ന് സൂചിപ്പിച്ചുകൊണ്ട് ഇതിനൊരു പുനർചിന്ത അപ്പുറത്തിരിക്കുന്ന യു.ഡി.എഫ്. കാർക്കെല്ലാം ഉണ്ടാകണമെന്നു പറഞ്ഞുകൊണ്ട് ബഹുമാനപ്പെട്ട സ്പീക്കറുടെ സമ്മർദ്ദത്തിന്റെ അടിസ്ഥാനത്തിൽ ഞാൻ നിർത്തുന്നു.

## X റൂളിംഗ്

മി. സ്പീക്കർ : ബഹുമാനപ്പെട്ട ശിവൻകുട്ടി അങ്ങയുടെ പ്രസംഗത്തിൽ സ്പീക്കറുടെ റൂളിംഗിനായി രണ്ടുകാര്യങ്ങൾ എടുത്തു പറഞ്ഞു. ഒന്ന്, സഭ നടക്കുമ്പോൾ ഗവൺമെന്റിന് ഉത്തരവു പുറപ്പെടുവിക്കുവാൻ പാടില്ല എന്നൊന്നുമില്ല, ഉത്തരവ് പുറപ്പെടുവിപ്പിക്കാവുന്നതാണ്. നയപരമായ തീരുമാനങ്ങൾ പുറത്തു പറയരുത്, സഭയിൽ പറയണം എന്നുമാത്രമേയുള്ളു. രണ്ട്, ഈ ബിൽ അവതരിപ്പിച്ച സമയത്ത് ബിൽ അവതരിപ്പിക്കുന്നതിനെതിരെ അങ്ങ് ഒരു ക്രമപ്രശ്നം ഉന്നയിച്ചു. അന്ന് ഞാൻ റൂളിംഗ് നല്കിയതാണ്. പക്ഷേ, ഇന്ന് അങ്ങയുടെ

പ്രസംഗത്തിൽ വീണ്ടും ആ റൂളിംഗിനെ ചോദ്യം ചെയ്തുകൊണ്ട് സംസാരിച്ചു. ഒരു കാര്യം ചെയർ പ്രത്യേകമായി അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. ഇത്തരത്തിൽ നിയമം നിർമ്മിക്കുന്ന സമയത്ത് ഒരു കോടതിയും ഇടപെടില്ല. നിയമം നിർമ്മിച്ചതിനുശേഷം കോടതിക്ക് അതിൽ തെറ്റുണ്ടെങ്കിൽ ഇടപെടാവുന്ന താണ്. ഞാൻ കോടതിയിലുള്ള ഒരു കേസ് അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. ഇതുമായി ബന്ധപ്പെട്ട് പശ്ചിമ ബംഗാളിൽ വന്ന ഒരു വിഷയം ഞാൻ വായിക്കാം. The Speaker of Legislative Assembly of West Bengal and the Calcutta High Court dealt with the question, whether any writ can be issued against the Legislative body preventing it from passing any Legislation. While answering the question negatively, the Court observed that the Legislatures are supreme within their allotted sphere എന്നാണ്. എന്നു പറഞ്ഞാൽ ബിൽ നിർമ്മിക്കുന്നതിന്റെ സുപ്രീം എന്നുപറയുന്നത് നമ്മളാണ്, അതിൽ കോടതി ഇടപെടാറില്ല. ഇവിടെ നിർമ്മിക്കുന്ന നിയമത്തിൽ എന്തെങ്കിലും തെറ്റുണ്ടെങ്കിൽ മാത്രമേ കോടതി ഇടപെടാറുള്ളൂ. അതുകൊണ്ടാണ് അന്ന് ഈ റൂളിംഗ് നൽകിയത്. ബിൽ അവതരിപ്പിക്കുന്നതിലും പാസ്സാക്കുന്നതിലും ഒരു തെറ്റുമില്ല എന്ന് ചെയർ അന്ന് റൂളിംഗ് നൽകിയതാണ്. അത് നൂറ് ശതമാനവും ശരിയാണെന്നുകൂടി ശ്രദ്ധയിൽപ്പെടുത്തുന്നു.

## നിയമനിർമ്മാണകാര്യം (തുടർച്ച)

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, അങ്ങയുടെ അനുമതിയോടുകൂടി ഒരു കാര്യം ചേർക്കുകയാണ്. സുപ്രീം കോടതി വിധിയുടെ പശ്ചാത്തലത്തിൽ 2006 ഏപ്രിൽ മാസം 14, 15 തീയതികളിൽ ഒരു പ്രത്യേക നിയമസഭാ സമ്മേളനം ചേർന്നു. അന്നത്തെ തെരഞ്ഞെടുപ്പിനുവേണ്ടി സഭയുടെ എല്ലാ പരിപാടികളും നിർത്തി വച്ചതാണ്. പക്ഷേ, അന്ന് മുല്ലപ്പെരിയാറിനെ സംബന്ധിച്ച് സുപ്രധാനമായ ഒരു വിധി വന്നപ്പോൾ കേരള സംസ്ഥാനത്തിന്റെ താല്പര്യം പരിഗണിക്കുന്നതിനുവേണ്ടി സർവ്വകക്ഷിയോഗം ചേർന്ന് സഭ കൂട്ടുന്നതിന് തീരുമാനിച്ചു. ഡാം സേഫ്റ്റി അതോറിറ്റിയും അത് സംബന്ധിച്ചുള്ള നിയമവും അതിനുശേഷമാണ് വന്നത്. അങ്ങനെയൊരു കീഴ്വഴക്കം ഉള്ളതുകൊണ്ട് ഞാൻ അതിനെക്കുറിച്ച് ഒരു വാദഗതിയിലേയ്ക്ക് പോകുന്നില്ല. അങ്ങയുടെ റൂളിംഗിനെ ഞാൻ ഒന്നുകൂടി സപ്ലിമെന്റ് ചെയ്യുന്നു. മാത്രമല്ല, ഇതിന് കേസ് കൊടുത്തിട്ടും കേസ് തള്ളി. രണ്ടെണ്ണത്തിന് അപ്പീൽ കൊടുത്തിട്ടും സ്റ്റേ കിട്ടിയില്ല. അതുകൊണ്ട് ശ്രീ. വി. ശിവൻകുട്ടി ഈ കാര്യങ്ങളെല്ലാം മനസ്സിലാക്കുന്ന ആളാണ്. അദ്ദേഹം വാദഗതി പ്രസ് ചെയ്യില്ല എന്നാണ് എന്റെ വിശ്വാസം. ഇവിടെ ഈ നിയമം എങ്ങനെ കൊണ്ടുവന്നു എന്നൊരു ചോദ്യമുണ്ട്. ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യരുടെ അദ്ധ്യക്ഷതയിൽ ഒരു കമ്മിറ്റി വച്ചതിനെക്കുറിച്ച് ബഹുമാനപ്പെട്ട അംഗങ്ങൾ സൂചിപ്പിച്ചിരുന്നു.

ഡോ. ജി. എസ്. ജി. അയ്യങ്കാർ ഐ.എ.എസ്.-നെയാണ് അദ്ധ്യക്ഷനാക്കിയത്. ജി. എസ്. ജി. അയ്യങ്കാർ ഇൻഡ്യയിൽ സ്ഥായിയായി ലീഡർഷിപ്പ് കൊടുത്തുകൊണ്ടിരിക്കുന്ന വ്യക്തിയാണ്. അദ്ദേഹമാണ് കമ്മിറ്റിയുടെ ചെയർമാൻ. അർജ്ജുന അവാർഡ് നേടിയ ഡോ. പലേൽ സിംഗ്, പത്മശ്രീ ലഭിച്ച ഡോ. പി. ടി. ഉഷ, ദ്രോണാചാര്യ അവാർഡ് ലഭിച്ച പ്രൊഫ. സണ്ണി തോമസ്, സ്പോർട്സ് കൗൺസിലിന്റെ പ്രതിനിധി എന്നിവരാണ് അഞ്ച് അംഗങ്ങൾ. ഈ അഞ്ച് അംഗങ്ങൾ അടങ്ങിയ കമ്മിറ്റിയാണ് ഇങ്ങനെ ഒരു നിയമം കൊണ്ടുവരണമെന്നും കായികതാരങ്ങൾക്ക് കൂടുതൽ പ്രാധാന്യം കൊടുക്കണമെന്നും ആവശ്യപ്പെട്ടത്. കായിക താരങ്ങളുടെ പേര് ഉച്ചരിക്കുകയും അവർക്കുവേണ്ടി വാദിക്കുകയും ചെയ്യുന്നവർ അവർക്ക് ചെന്നെത്താൻ പറ്റുന്ന സ്ഥലങ്ങൾ അടഞ്ഞുനിൽക്കുന്നത് ശരിയല്ല. ശ്രീ. ടി.പി. ദാസനെ പോലെയുള്ള ഒരു ആളിനെ കിട്ടാത്തതുകൊണ്ടല്ല. ഞങ്ങൾക്ക് വേണമെങ്കിൽ അങ്ങനെയുമെടുക്കാവുന്നതാണ്. പക്ഷേ, ഞങ്ങൾ നോക്കിയത് കായികരംഗം സുപ്രധാനമായതുകൊണ്ടാണ്. ശ്രീ. വി. ശിവൻകുട്ടി അത് അംഗീകരിച്ചല്ലോ? ആളുകൾ വന്നാൽ കുഴപ്പമില്ല. എന്നാൽ ആളുകൾ വന്നാൽ യാത്ര ചെയ്യാൻ നിമിത്തവും മുഹൂർത്തവുമാണ് അദ്ദേഹം നോക്കിയത്. ഞങ്ങൾ നിമിത്തവും മുഹൂർത്തവും നോക്കുന്നില്ല. വ്യക്തി ഇതിനകത്ത് ഗുണപരമായി പറ്റുമോ അത് കേരളത്തിന് അഭിമാനകരമാണോ എന്നുള്ളതാണ്. ഒരു കാര്യം കൂടി സൂചിപ്പിക്കാനുണ്ട്. ലോകത്തെ ഏറ്റവും പ്രശസ്തയായ വ്യക്തിയാണ് ശ്രീമതി അഞ്ജു ബോബി ജോർജ്. അവർ ഇൻഡ്യയുടെ നമ്പർ വൺ ആയി ആ രംഗത്തുനിൽക്കുകയാണ്. അതുകൊണ്ട് അങ്ങനെയുള്ള ഒരാളിന്റെ സേവനം നമുക്ക് കിട്ടുന്ന എന്നുള്ളത് വലിയ ഒരു കാര്യമാണ്. അതുകൊണ്ടാണ് അവരെ പ്രസിഡന്റാക്കികൊണ്ട് ഈ കമ്മിറ്റി റീകോൺസ്റ്റിറ്റ്യൂട്ട് ചെയ്തത്. ശ്രീ. ടി. കെ. ഇബ്രാഹിം കുട്ടിയുടെ കാര്യം ഇവിടെ സൂചിപ്പിച്ചു. അങ്ങേയ്ക്ക് ഓർമ്മയില്ലാത്തതു കൊണ്ടാകാം പറഞ്ഞത്. ശ്രീ. ടി. കെ. ഇബ്രാഹിം കുട്ടി അങ്ങ് പഠിച്ച കേരള യൂണിവേഴ്സിറ്റിയിലെ ഫുട്ബോൾ ടീമിന്റെ ക്യാപ്റ്റനായിരുന്നു. കേരള യൂണിവേഴ്സിറ്റിയിൽ നിന്നും എം.ജി. യൂണിവേഴ്സിറ്റിയിൽ കാർവ് ചെയ്ത് മാറിയപ്പോൾ ഫിസിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറായിരുന്നു. ഈ നിയമം അങ്ങനെ പ്രധാനപ്പെട്ട രൂപത്തിൽ വ്യക്തിഗതമായി കൊണ്ടുപോയത് കഷ്ടമായിപ്പോയി എന്നു ഞാൻ ഓർമ്മിപ്പിക്കുകയാണ്. 36 ഇലക്ടഡ് മെമ്പേഴ്സുള്ള അസോസി യേഷനിലെ പ്രതിനിധികളാണ് ശ്രീ. ടി. കെ. ഇബ്രാഹിം കുട്ടി, ശ്രീ. നജ്മുദീൻ, ശ്രീമതി പത്മിനി തോമസ് എന്നിവർ. അസോസിയേഷൻ എടുത്ത തീരുമാനത്തിൽ തെറ്റുണ്ടെങ്കിൽ അസോസിയേഷനോട് തിരുത്താൻ പറയണം. അതിനെക്കുറിച്ച് എന്തെങ്കിലും നിയമസഭയിൽ പറയുന്നതിൽ അർത്ഥമുണ്ടോ? അങ്ങേയ്ക്ക് അസോസിയേഷനെക്കുറിച്ചുള്ള എല്ലാ നിയമങ്ങളും അറിയാവുന്നതാണ്. ഇവരെ വ്യക്തിപരമായി ആക്ഷേപിക്കുന്നത് ശരിയാണോ? ഒരു ബില്ലിന്റെ മറ ഉപയോഗിച്ച് അവർക്കെതിരെ അസ്ത്രമെറിയുന്നത് കഷ്ടമായിപോയി. സത്യം

പറഞ്ഞില്ലെങ്കിൽ ഞാൻ പോലും ചെയ്യുന്നത് നീതിയല്ല എന്നുള്ളതുകൊണ്ട് ആ സത്യം പറയാൻ വേണ്ടിമാത്രം ഈ സന്ദർഭം വിനിയോഗിച്ചതാണ്. കായികതാരങ്ങൾക്ക് ജോലി കൊടുക്കുന്നതിനെക്കുറിച്ച് പറഞ്ഞു. ഉമ്മൻ ചാണ്ടി ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 445 കായിക താരങ്ങൾക്കാണ് കേരളത്തിൽ ജോലി കൊടുത്തിട്ടുള്ളത്. ഞാൻ അതിന്റെ ബ്രേക്ക്-അപ് കൂടി പറയാം. 2006 മുതൽ 2009 വരെ 110 നിയമനങ്ങൾ ഡ്യൂ ആയി കിടന്നു. അതിന്റെ ബാക്ക്‌ലോഗ് കൂടി നികത്തി 2012-ൽ ആ ആളുകൾക്കെല്ലാം നിയമനം കൊടുത്തു.

2.00 PM]

2010 മുതൽ 2015 വരെ 250 പേർക്ക് ജോലി നൽകാൻ 7-12-2015-ൽ ഉത്തരവിറക്കിയിട്ടുണ്ട്. അതിന്റെ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചു. ദേശീയ ഗെയിംസിലെ മെഡൽ ജേതാക്കളായ 74 പേർക്ക് നിയമനം നൽകുന്നതിനുള്ള നടപടികൾ നടത്തിക്കൊണ്ടിരിക്കുകയാണ്. അതിൽ സജൻ പ്രകാശ്, എലിസബത്ത് സൂസൻ കോശി, അനിൽഡ തോമസ്, അനു. ആർ എന്നീ 4 പേർക്ക് ഗസറ്റഡ് പോസ്റ്റിലാണ് നിയമനം നൽകിയത്. ശ്രീജേഷിന്റെ കാര്യം പറഞ്ഞു. കേരള ചരിത്രത്തിൽ ആദ്യമായി എട്ട് അഡ്വാൻസ് ഇൻക്രിമെന്റ് കൊടുത്ത് ഡി.ഇ.ഒ. ആയിട്ടാണ് ശ്രീജേഷിന് നിയമനം നൽകിയത്. എന്തുകൊണ്ടെന്നാൽ കേരളം മൈഗ്രേഷൻ സെന്ററാണ്. ഈ പറയുന്ന ആളുകളെല്ലാം കേരളത്തിൽ കളിച്ചു വളരേണ്ടവരാണ്. പക്ഷേ അവർ കേരളത്തിന് പുറത്തുള്ള ടീമുകളിലാണ്. ചിലർ ഇന്ത്യക്കുപുറത്താണ്. അവർക്ക് ജീവിക്കാൻ കഴിയത്തക്കവിധത്തിൽ തക്കതായ പ്രതിഫലം നൽകാൻ കഴിയുന്ന ടീമുകളും സംസ്ഥാന ഗവൺമെന്റുകളുമുണ്ട്. എന്തുകൊണ്ട് സർവ്വീസ് ടീം ഇന്ത്യയിലെ നമ്പർ വൺ ടീം ആകുന്നു; ഇതുപോലെയുള്ളവരെ ടീമിലെടുത്ത് ട്രെയിൻ ചെയ്യിച്ച മലയാളിക്കുട്ടികൾ സർവ്വീസ് ടീമിനുവേണ്ടി മലയാളികളോട് മത്സരിക്കുകയാണ്. ഞങ്ങൾ ആ രീതി മാറ്റാൻ ശ്രമിച്ചു. അതിന്റെ അടിസ്ഥാനത്തിൽ നാഷണൽ ഗെയിംസ് നടന്നപ്പോൾ കേരള ടീമിനെ ഫോൺ ചെയ്യുകയും ക്യാഷ് അവാർഡിനെക്കുറിച്ച് പറയുകയും ചെയ്തു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കായിക രംഗത്തുള്ളവർക്ക് ക്യാഷ് അവാർഡ് ഇനത്തിൽ മാത്രം പതിനാറരക്കോടി രൂപ കൊടുത്തിട്ടുണ്ട്. കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായിട്ടാണ് പതിനാറരക്കോടി രൂപയുടെ ക്യാഷ് അവാർഡ് നൽകി സ്പോർട്സ് താരങ്ങളെ പ്രോത്സാഹിപ്പിച്ചത്. ഇതൊക്കെ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നടന്നിട്ടുള്ള കാര്യമാണ്.

ശ്രീ. റ്റി. വി. രാജേഷ്: സർ, 7-12-2015-ൽ നിയമനം നടത്തുന്നതിനാവശ്യമായ തീരുമാനമെടുത്തതായി അങ്ങ് ഇവിടെ പറഞ്ഞു. എന്നാൽ ഞങ്ങളെ സമീപിച്ച പലരും പറഞ്ഞത് നിയമനം നൽകുന്നതുമായി ബന്ധപ്പെട്ട് യാതൊരു കാര്യവും മുന്നോട്ടുപോയിട്ടില്ലായെന്നാണ്. 2010 മുതൽ 2015 വരെയുള്ള സ്പോർട്സ് ക്വാട്ട

നിയമനങ്ങൾ നടന്നിട്ടില്ലായെന്ന് പറയുന്നു. എന്നാൽ കുറെ ആളുകൾക്ക് ജോലി കൊടുത്തതിന്റെ വിശദാംശങ്ങൾ അങ്ങ് ഇവിടെ പറഞ്ഞു. ഇതിലെ വാസ്തവം എന്താണ് ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് വിശ്വസിക്കണം. ഞാൻ ഒരു ഗവൺമെന്റ് ഓർഡർ പുറപ്പെടുവിച്ച ഡേറ്റല്ലേ പറയുന്നത്? 7-12-2015-ൽ ഞങ്ങൾ നോട്ടിഫിക്കേഷൻ ഇറക്കി. അതിനുമുമ്പ് ക്യാബിനറ്റിൽ ഡിസൈഡ് ചെയ്തു. നാഷണൽ ഗെയിംസ് കഴിഞ്ഞതിനുശേഷം കൂടിയ ക്യാബിനറ്റിൽ ഈ തീരുമാനമെടുത്തു. കാരണം കേരളത്തിന് ഏറ്റവും പ്രശസ്തി കിട്ടിയ കാര്യമാണ്. ഇന്ത്യയിലെ മറ്റെല്ലാ ടീമുകളേയും മാറ്റിനിർത്തി 163 മെഡലോടുകൂടി കേരള ടീം നാഷണൽ ഗെയിംസിന്റെ മുൻപന്തിയിൽ വന്നു. അങ്ങനെ മുന്നിൽ വന്ന ടീമിനെ പ്രോത്സാഹിപ്പിക്കേണ്ടത് ആവശ്യമാണെന്നുതോന്നി. കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായി 54 സ്വർണ്ണ മെഡൽ ലഭിച്ചു. ആ മെഡൽ ജേതാക്കളെ പ്രോത്സാഹിപ്പിക്കാൻ തീരുമാനിച്ചതിന്റെയടിസ്ഥാനത്തിലാണ് 7-12-2015-ൽ നോട്ടിഫിക്കേഷൻ ഇറക്കിയത്.

ശ്രീ. ഷാഫി പറമ്പിൽ: സർ, നമ്മുടെ പല കായിക താരങ്ങളും സ്കൂൾ ലെവലിൽ പെർഫോം ചെയ്യുമ്പോൾ ദേശീയതലത്തിൽത്തന്നെ വളരെ നല്ല റിസൾട്ട് ഉണ്ടാക്കുന്നുണ്ട്. നമ്മളെല്ലാവരും അഭിമാനത്തോടെയും പ്രതീക്ഷയോടേയും അവരെ കാണുന്നുണ്ട്. ഞാൻ ഇന്നലെ, ബഹുമാനപ്പെട്ട സെക്രട്ടറി ശ്രീ. ശിവശങ്കർ ഐ.എ.എസ്. ഉൾപ്പെടെയുള്ള ആളുകളുമായി ചർച്ച നടത്തിയപ്പോൾ പല പ്രതിഭകളേയും സ്വകാര്യ സമ്പത്തുപോലെ അല്ലെങ്കിൽ കൂടുതൽ എക്സ്പെർട്ട്സിന്റെ അടുത്തേയ്ക്ക് വിടാതിരിക്കാനുള്ള കോച്ചുമാരുടെ മനോഭാവമാണ് ഒരു ലെവൽ കഴിയുമ്പോൾ കുട്ടികളുടെ പെർഫോമൻസ് താഴേയ്ക്ക് പോകാനുള്ള പ്രധാന കാരണമെന്ന് അറിയാൻ കഴിഞ്ഞു. ഇത് തരണം ചെയ്യാൻ പുതിയ കായിക താരങ്ങളുടെ നല്ല സാന്നിദ്ധ്യമുള്ള ഈ കൗൺസിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അത്തരം കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കുന്നതിന് നിയമം ആവശ്യമാണെന്ന് കണ്ടതിനാലാണ് പുതിയ നിയമം കൊണ്ടുവരുന്നത്. 16 കോടി രൂപ കൊടുത്തു എന്നു പറഞ്ഞതിന്റെ actual figure കൂടി പറയാം. 16,97,16,335 (പതിനാറുകോടി തൊണ്ണൂറ്റിയേഴ് ലക്ഷത്തി പതിനാറായിരത്തി മുന്നൂറ്റിമുപ്പത്തിയഞ്ച്) രൂപയാണ് കേരള ഗവൺമെന്റ് ക്യാഷ് പ്രൈസിനത്തിൽ കൊടുത്തിട്ടുള്ളത്. അത് കേരളത്തിലെ സർവ്വകാല റിക്കോർഡുമാണ്. വിമർശനങ്ങൾ സ്വാഭാവികമാണ്. ആ വിമർശനങ്ങളിൽനിന്ന് ഞങ്ങൾ ഒളിച്ചോടില്ലെന്നു മാത്രമല്ല വിമർശനങ്ങൾ ഭയന്ന് ഒതുങ്ങി നിൽക്കുകയുമില്ല. ഇക്കാര്യങ്ങളെല്ലാം നീതി ബോധത്തോടെ കാണുകയാണ്. ഇതിന്റെ ജനാധിപത്യബോധം തകർത്തു എന്നാണ് ഡോ. കെ. ടി. ജലീൽ പ്രധാനമായും പറഞ്ഞത്. ജനപ്രതിനിധികൾ

കൗൺസിലിൽ വരത്തക്കവിധത്തിലുള്ള ഒരു സംവിധാനമാണ് വച്ചിട്ടുള്ളത്. 87 അംഗങ്ങളെയാണ് തെരഞ്ഞെടുക്കേണ്ടത്. അതിൽ 72 ആളുകളും വിവിധ തലങ്ങളിൽ തെരഞ്ഞെടുക്കപ്പെട്ടവരുടെ പ്രതിനിധികൾ തന്നെയാണ്. അതിൽ 36 ആളുകൾ കായിക രംഗത്തുനിന്നും തെരഞ്ഞെടുത്ത് വന്നിട്ടുള്ളവരാണ്. 14 പേർ ജില്ലകളിൽ നിന്നുള്ളവരും 5 പേർ എം.എൽ.എ.-മാരുടെ പ്രതിനിധികളുമാണ്. നമ്മളെല്ലാം തെരഞ്ഞെടുക്കപ്പെട്ട ആളുകളല്ലേ; നമ്മളല്ലേ രാജ്യസഭാംഗങ്ങളെ തെരഞ്ഞെടുക്കുന്നത്; അതുകൊണ്ട് രാജ്യസഭാംഗം ജനാധിപത്യ രീതിയിലൂടെ വന്നതല്ല എന്ന് നമുക്ക് വാദിക്കാൻ കഴിയുമോ; നമ്മൾ ഇന്ത്യൻ പ്രസിഡന്റിനെ തെരഞ്ഞെടുക്കുന്നവരല്ലേ; അതുകൊണ്ട് ഇന്ത്യൻ പ്രസിഡന്റ് ജനാധിപത്യത്തിലൂടെ വന്നതല്ലായെന്ന് പറയാൻ പറ്റുമോ?

ഡോ. കെ. ടി. ജലീൽ: സർ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരുടേയും എം.എൽ.എ.-മാരുടേയുമൊക്കെ പ്രതിനിധികളെ അതാത് ജില്ലകളിലെ എം.എൽ.എ.-മാരിൽനിന്നും തെരഞ്ഞെടുപ്പ് നടത്തി നിയമിക്കാൻ സാധിക്കില്ലേ; ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരുടെ പ്രതിനിധികളെ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരിൽനിന്നും തെരഞ്ഞെടുപ്പുനടത്തി സെലക്ട് ചെയ്യാൻ കഴിയാത്തത് എന്തുകൊണ്ടാണ്; സർക്കാർ നോമിനേറ്റ് ചെയ്യുന്നത് എന്തിനാണ് ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, തെരഞ്ഞെടുക്കപ്പെട്ട ഒരു പഞ്ചായത്ത് പ്രസിഡന്റിനെ അവിശ്വസിക്കുന്നതെന്തിനാണ്; തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് പ്രസിഡന്റിന് പഞ്ചായത്ത് പ്രസിഡന്റ് എന്നുള്ള അധികാരം ഉപയോഗിക്കാൻ അവകാശമുള്ള ആളല്ലേ; ഞാൻ ചോദിക്കട്ടെ, ഒരു രാജ്യസഭാംഗത്തെ നാം തെരഞ്ഞെടുക്കുകയല്ലേ;പ്രസിഡന്റ് ഓഫ് ഇന്ത്യയെ നമ്മൾ തെരഞ്ഞെടുക്കുകയല്ലേ; ....ബഹളം...... ഇത്രയും ബഹളമുണ്ടാക്കിയാൽ ഞാൻ എന്ത് ചെയ്യും?

ശ്രീ. എ. പ്രദീപ്കുമാർ: സർ, ഞാൻ വിദ്വേഷത്തോടെ ബഹളമുണ്ടാക്കുന്നതല്ല. ഞാൻ പറയുന്നത് ശ്രദ്ധിക്കാത്തതുകൊണ്ട് ഒച്ചവച്ച് പറയുന്നുവെന്ന് മാത്രമേയുള്ളൂ. ആനുപാതിക പ്രാതിനിധ്യമനുസരിച്ചാണ് രാജ്യസഭാംഗങ്ങൾക്ക് വോട്ടുചെയ്യുന്നത്. അതുപോലെ ആനുപാതിക പ്രാതിനിധ്യമനുസരിച്ച് എം.എൽ.എ.-മാരുടെ പ്രതിനിധികളെ സ്പോർട്സ് കൗൺസിലിൽ നേരത്തെ ഇലക്ട് ചെയ്തിരുന്നു. യൂണിവേഴ്സിറ്റി സിൻഡിക്കേറ്റിലേയ്ക്കും തെരഞ്ഞെടുക്കുന്നു. ആ സിസ്റ്റം നിങ്ങൾ തകർത്തു. അതിനെയാണ് ജനാധിപത്യത്തെ കശാപ്പ് ചെയ്തു എന്നുപറയുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇവിടെ ശ്രീ. വി. ശിവൻകുട്ടി രണ്ട് ആർഗ്യുമെന്റ്സ് പറഞ്ഞു. സ്പോർട്സ് കൗൺസിലിന് കൊടുക്കണമെന്ന് പറഞ്ഞ കൂട്ടത്തിൽ ചില സ്പോർട്സ് കൗൺസിലുകൾ കടലാസ് സംഘടനകളാണ്, അത്

പോക്കറ്റിലിട്ടുകൊണ്ട് നടക്കുകയാണ് എന്നുപറഞ്ഞു. ഞാൻ കുറ്റപ്പെടുത്തുന്നില്ല. 19 അസോസിയേഷനുകൾ പോക്കറ്റിൽ കൊണ്ടു നടക്കുന്ന ആളുകളെ എനിക്ക് കൃത്യമായിട്ടറിയാം. ഒരു അസോസിയേഷന്റെ കടലാസ് ഒരു പോക്കറ്റിൽ നിന്നും വേറൊരെണ്ണത്തിനെക്കുറിച്ച് ചോദിക്കുമ്പോൾ അടുത്ത പോക്കറ്റിൽനിന്നും എടുത്തുകൊടുക്കും. സ്പോർട്സ് രംഗത്തെ അങ്ങനെ തകർക്കാൻ കഴിയുമോ; ഇതിനോടൊക്കെ നമ്മൾ നല്ല സ്പിരിറ്റോടുകൂടി യോജിക്കണ്ടേ?

ശ്രീ. എ. പ്രദീപ്കുമാർ: സർ, 19 അസോസിയേഷനുകളെ പോക്കറ്റിലിട്ട് നടക്കുന്നത് ഇല്ലാതാക്കാൻ ഈ നിയമത്തിൽ എന്താണുള്ളത്?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇതിന്റെ നടത്തിപ്പ് എങ്ങനെയാണ് എന്നുള്ളതിനെക്കുറിച്ച് മൂന്നാം വായന വരുമ്പോൾ പറയും. ഇപ്പോൾ തൽക്കാലം ഇത് കേൾക്കു. ഇതൊരു പൊതുസമീപനമാണ്. ഇത് നമ്മുടെ നയമാണ്. പൊതുവായ നയത്തെക്കുറിച്ചാണ് ഞാൻ ഇവിടെ പറയുന്നത്. നാഷണൽ ഗെയിംസിനെ സംബന്ധിച്ച് ശ്രീ. വി. ശിവൻകുട്ടി ഇവിടെ പറയുകയുണ്ടായി. നാഷണൽ ഗെയിംസ് കേരളത്തിന് അഭിമാനമല്ലായിരുന്നോ? ആയിരത്തിലധികം കോടിരൂപയുടെ ഇൻഫ്രാസ്ട്രക്ച്ചർ ഉണ്ടായി എന്ന് അന്ന് വിമർശിച്ച ശ്രീ. വി. ശിവൻകുട്ടി ഇപ്പോൾ സമ്മതിച്ചല്ലോ? നാഷണൽ ഗെയിംസ് കേരളത്തിൽ നടത്താൻ വന്നപ്പോൾ എന്തിനാണ് അതിൽനിന്നും രാജിവച്ച് പോയത്? ഒരാൾ രാജിവയ്ക്കുന്നതിൽ എനിക്ക് വിഷമമില്ല. സ്പോർട്സ് കൗൺസിലിന്റെ ജില്ലാ പ്രസിഡന്റുമാർ രാജിവച്ചത് തെറ്റല്ലേ? ഏഴ് ജില്ലകളിൽ സ്പോർട്സ് നടത്താൻ തീരുമാനിച്ചത് നിങ്ങളുടെ ഗവൺമെന്റാണ്. ഞങ്ങൾ ചെയ്തതല്ല.

ശ്രീ. എ. കെ. ബാലൻ: സർ, ആദ്യം രാജി വച്ചത് ശ്രീ. കെ. മുരളീധരനും പിന്നീട് ഇപ്പോഴത്തെ ഡെപ്യൂട്ടി സ്പീക്കറുമാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, സ്പോർട്സ് കൗൺസിലിന്റെ ഭാരവാഹി എന്തിന് രാജിവച്ചുവെന്നാണ് ഞാൻ ചോദിച്ചത്.

ശ്രീ. കെ. മുരളീധരൻ: സർ, ഞാൻ അങ്ങനെ രാജിവച്ചിട്ടില്ല. കമ്മിറ്റിയുടെ കാലാവധി കഴിഞ്ഞതുകൊണ്ട് ഞാൻ അതിൽ തുടരേണ്ട ആവശ്യമില്ല. അതൊക്കെ തീരുമാനിക്കേണ്ടത് അക്രെഡിറ്റേഷൻ കമ്മിറ്റിയാണ്. ഞാൻ പത്രസമ്മേളനം വിളിച്ച് രാജിവച്ചുവെന്ന് പറഞ്ഞിട്ടില്ലല്ലോ? ആരെങ്കിലും എന്തെങ്കിലും പറഞ്ഞുവെന്ന് കരുതി രാജിവയ്ക്കുമോ? ഈ സഭയിലെ അംഗമെന്ന നിലയ്ക്ക് അങ്ങേയ്ക്ക് അറിയാമല്ലോ? രാജി വയ്ക്കേണ്ട സമയമാണെങ്കിൽ പരസ്യമായി പറഞ്ഞില്ലെങ്കിലും രാജിവയ്ക്കും. ഇതിൽ രാജിയൊന്നും കൊടുത്തിട്ടില്ല. കമ്മിറ്റിയുടെ കാലാവധി കഴിഞ്ഞു, ഞങ്ങളുടെ ഉത്തരവാദിത്വം ഒഴിഞ്ഞു. അതിന്റെ അർത്ഥം രാജിവച്ച എന്നാണോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ശ്രീ. കെ. മുരളീധരൻ പറഞ്ഞതു

തന്നെയാണ് സത്യം. അതേസമയം സ്പോർട്സ് നടത്താൻ വേണ്ടി മാത്രം ബാദ്ധ്യതപ്പെട്ട, നാഷണൽ ഗെയിംസ് നടത്താൻ ഏഴ് ജില്ലകൾ തെരഞ്ഞെടുത്ത അന്നത്തെ ഗവൺമെന്റിന്റെ പ്രതിനിധികൾ, അവർ ജില്ലാ സ്പോർട്സ് കൗൺസിലിന്റെ പ്രതിനിധികളായി. പൊളിറ്റിക്കലായി കൂടി വന്നുപെട്ടപ്പോൾ നടത്തേണ്ട ആളുകൾ അവിടെനിന്നും രാജിവച്ചു. എന്തൊരു കഷ്ടമാണ്? രാജിവച്ച സീറ്റുകൾ ഇപ്പോൾ ഫിൽ അപ് ചെയ്യരുതെന്നാണോ പറഞ്ഞുവരുന്നത്. എന്തൊരു വാദമാണ്? അതുകൊണ്ട് അതൊരു വാദമായി ഞാൻ നോക്കുന്നില്ല. ഞാൻ പറയുന്നത്, കായികതാരങ്ങൾക്ക് പ്രാതിനിധ്യമുണ്ട്. നിയമസഭാ സാമാജികരിൽ നിന്ന് അഞ്ച് അംഗങ്ങൾ, മുനിസിപ്പൽ കോർപ്പറേഷൻ മേയർമാരിൽനിന്ന് ഒരംഗം, മുനിസിപ്പൽ കൗൺസിൽ ചെയർപേഴ്സൺമാരിൽനിന്ന് ഒരംഗം, ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരിൽ നിന്ന് ഒരംഗം, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരിൽ നിന്ന് ഒരംഗം, ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാരിൽനിന്ന് ഒരംഗം, അംഗീകൃത അന്തർദേശീയ ചാമ്പ്യൻഷിപ്പുകളിൽ രാജ്യത്തെ പ്രതിനിധീകരിച്ച കായിക താരങ്ങളിൽനിന്ന് നാല് പ്രമുഖ കായിക താരങ്ങൾ. അങ്ങനെ അവർക്കുമാത്രമായി 26 കായിക താരങ്ങൾ. മൊത്തം വരുന്ന 87 ആളുകളിൽ 72 ആളുകളും വിവിധ തലങ്ങളെ പ്രതിനിധാനം ചെയ്യുന്നവരാണ്. അതുകൊണ്ട് ആ ഒരു വാദഗതി ഇനി ഇല്ല എന്നു ഞാൻ കണക്കാക്കുകയാണ്. ശ്രീ. വി. ശിവൻകുട്ടി നാഷണൽ ഗെയിംസിനെക്കുറിച്ച് പറഞ്ഞപ്പോൾ ഓഡിറ്റ് ഒബ്ജക്ഷൻ ഉണ്ടാകുമെന്ന് പറയുകയുണ്ടായി. അതിന് റിപ്ലൈ കൊടുക്കാനുള്ളവർ റിപ്ലൈ കൊടുക്കും. സർക്കാർ കാശ് മുടക്കി കാര്യം ചെയ്യുമ്പോൾ സ്വാഭാവികമായും ഓഡിറ്റ് ഒബ്ജക്ഷൻ ഉണ്ടാകും. അതിന് അവർ റിപ്ലൈ കൊടുക്കും. റിപ്ലൈ കൊടുത്ത് കാര്യങ്ങൾ തീർക്കും. അതിൽ ഞാൻ ഇടപെടേണ്ട കാര്യമില്ല. അത് നിയമപരമായ വഴിയിൽ പോകും. ഇവിടെ നേരത്തെ പറഞ്ഞതുപോലെ ആരാച്ചാർ എന്നൊക്കെ പറയുന്നത് കഷ്ടമാണ്. ഇത്രയും ദുർബലഹൃദയമുള്ള എനിക്ക് എങ്ങനെ ആരാച്ചാർ ആകാൻ സാധിക്കും? വളരെ കഷ്ടമായിപ്പോയി. അങ്ങനെയുള്ള പദപ്രയോഗങ്ങളൊന്നും പറയരുതായിരുന്നു.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ ഒരു ട്രസ്റ്റിനെ സംബന്ധിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അത് ഞാൻ ആവർത്തിക്കുകയാണ്. ഒരു ട്രസ്റ്റ് രൂപീകരിക്കാൻ ഒഫിഷ്യലായി വന്നതല്ലാതെ ഒരു സ്വകാര്യ വ്യക്തിയുമില്ല. പണ്ട് ഇവിടെ സ്പോർട്സ് മിനിസ്റ്റേഴ്സ് ഫണ്ട് ഉപയോഗിക്കുന്ന ഒരു സ്കീമുണ്ടായിരുന്നു. സ്പോർട്സ് മിനിസ്റ്റർ ആരായാൽ എന്താണ്? അതിൽ ഒരു വ്യക്തിയെയും സ്ഥിരപ്പെടുത്തിയിട്ടില്ലല്ലോ? അത് മാറിമാറി വരുന്നതല്ലേ? സ്പോർട്സ് മിനിസ്റ്റർ ഒരു സ്ഥിരമായ സ്ഥാനമല്ല. അതിൽ സ്പോർട്സ് മിനിസ്റ്റർ ചെയർമാൻ ആകും

സ്പോർട്സ് കൗൺസിൽ സെക്രട്ടറി ഉണ്ടാകും സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് ഉണ്ടാകും ഗവൺമെന്റിന്റെ ഫിനാൻസ് എക്സ്പെൻഡിച്ചർ സെക്രട്ടറി ഉണ്ടാകും സ്പോർട്സ് ഡയറക്ടറേറ്റിൽനിന്നും ഫിനാൻസ് ഓഫീസർ ഉണ്ടാകും പ്രഗത്ഭ കായിക താരങ്ങളുടെ അഞ്ച് പ്രതിനിധികളും ഉണ്ടാകും. ഇത് എന്ത് സ്വകാര്യ ട്രസ്റ്റ് എന്നാണ് പറയുന്നത്? ഈ തുക വിനിയോഗിക്കുന്നത് എന്തിനാണ്? ഒരു ഉദാഹരണം മാത്രം ഞാൻ പറയാം. റാഞ്ചിയിൽ വച്ച് ജൂനിയർ നാഷണൽ ചാമ്പ്യൻഷിപ്പ് നടക്കുകയുണ്ടായി. അവിടെ കുട്ടികൾക്ക് പോകാൻ നിവൃത്തിയില്ല. പെട്ടെന്ന് അവരെ വിമാനത്തിൽ വിടണം. സർക്കാരിന്റെ കയ്യിൽ പണമില്ല. വേണമെങ്കിൽ സർക്കാരിന് കയ്യുംകെട്ടി നോക്കി നിൽക്കാം. പക്ഷേ വിമാന ടിക്കറ്റ് ബുക്ക് ചെയ്ത് അവരെ വിടാൻ തീരുമാനിക്കുകയാണ് ഈ സർക്കാർ ചെയ്തത്. അങ്ങനെ തീരുമാനിച്ചതുകൊണ്ട് കേരളത്തിന് മെഡലും ഓവർഓൾ ചാമ്പ്യഷിപ്പും ലഭിച്ചു. അങ്ങനെയൊരു സന്നിഗ്ദ്ധ ഘട്ടം വരുമ്പോൾ, അല്ലെങ്കിൽ നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ, പാവപ്പെട്ട ആളുകൾ ചികിത്സിക്കാൻ കഴിയാതെ കഷ്ടപ്പെടുമ്പോൾ, കായിക താരങ്ങൾക്ക് പരിക്ക് ഉണ്ടാകുമ്പോൾ അല്ലെങ്കിൽ അവർക്ക് better training കൊടുക്കേണ്ട സന്ദർഭങ്ങളിൽ, അവർക്ക് വിദേശത്തോ അല്ലെങ്കിൽ ഒരു കോച്ചിന്റെ സേവനമോ കിട്ടേണ്ട സന്ദർഭം വരുമ്പോൾ, പണം കൊടുക്കാൻ ഇപ്പോൾ എന്താണ് ഒരു മാർഗ്ഗം? മുഖ്യമന്ത്രി ഉദാര മനസ്സുള്ള ആളായതുകൊണ്ട് ആ ഫണ്ടിൽനിന്ന് കുറച്ച് പണം ലഭിച്ചു. അതുകൊണ്ട് മാത്രം ആവില്ല. ഇതിന് സ്ഥായിയായ ഒരു സംവിധാനം വേണം. അതിനായി സ്പോർട്സ് രംഗത്ത് താൽപ്പര്യമുള്ള ആളുകളും ഗവൺമെന്റും ഗവൺമെന്റിതര സംഘടനകളും എല്ലാവരും കൂടി തരുന്ന തുക ഉപയോഗിച്ച് ഒരു കോർപ്പസ് ഫണ്ട് ഉണ്ടാക്കി അതിന്റെ നീതിപൂർവ്വമായ വിതരണത്തിനുവേണ്ടി ഗവൺമെന്റ് ഉദ്യോഗസ്ഥരെ തന്നെ വച്ച് അതിന്റെ ചെയർമാനായി സ്പോർട്സ് മിനിസ്റ്ററെ വയ്ക്കുക എന്നുള്ളതാണ് സംവിധാനം. അത് വരുന്നത് നല്ലതാണ് എന്നാണ് എന്റെ അഭിപ്രായം.

ഡോ. കെ. ടി. ജലീൽ: സർ, സ്പോർട്സ് മേഖലയിലെ അശരണരെ സഹായിക്കാൻ വേണ്ടിയുള്ള ഈ പദ്ധതിയിലേയ്ക്ക് എങ്ങനെയാണ് ധനശേഖരണം നടത്താൻ ഉദ്ദേശിക്കുന്നത്; ബഡ്ജറ്റ് പ്രൊവിഷനിലൂടെ ലഭിക്കുന്ന പണം മാത്രമാണോ അല്ലെങ്കിൽ പബ്ലിക് കോൺട്രിബ്യൂഷനോ അല്ലെങ്കിൽ മറ്റെന്തെങ്കിലും വഴികളാണോ ഉദ്ദേശിക്കുന്നത്? ഉദാഹരണത്തിന് നേരത്തെ ഇവിടെ സൂചിപ്പിച്ചതു പോലെ, സ്പോർട്സ് ലോട്ടറി പോലുള്ള സംരംഭങ്ങൾ പ്രയോജനപ്പെടുത്തി അതിലേയ്ക്ക് ധനശേഖരണം നടത്താനാണോ സർക്കാർ ഉദ്ദേശിക്കുന്നത്?

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, പ്രധാനമന്ത്രിയുമായി മന്ത്രിമാർക്ക് ഇന്ന് ഡിഷ്കഷനുള്ളതല്ലേ? ഇനി രണ്ട് ബില്ലുകളും കൂടി എടുക്കാനുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ ദീർഘനേരം സംസാരിക്കാൻ ഉദ്ദേശിക്കുന്നില്ല. ഇവിടെ അഞ്ചുപേർ ബില്ലിനെ സംബന്ധിച്ച് ദീർഘനേരം സംസാരിക്കുകയുണ്ടായി.

മി. സ്പീക്കർ: ചെയറിന് കുഴപ്പമില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, സഭയുടെ ടോട്ടൽ കോൺസെൻസസിനു വിരുദ്ധമായി ഞാൻ പെരുമാറുന്ന പ്രശ്നമില്ല. അതെല്ലാം പ്രൊസീഡിംഗ്സിൽ കിടക്കുകയും ഞാൻ ഒന്നും പറയാതെ പോകുകയും ചെയ്താൽ അഞ്ച് കൊല്ലം കഴിഞ്ഞ് സഭയിൽ വന്ന d റിക്കോർഡ് പരിശോധിക്കുമ്പോൾ എന്തു തോന്നും? അതുകൊണ്ട് ആ വാദഗതിയൊക്കെ നോക്കണമെന്നു മാത്രമേയുള്ളൂ.

സ്പോർട്സ് ലോട്ടറിയെക്കുറിച്ച് ഡോ. കെ. ടി. ജലീൽ പറഞ്ഞതുകൊണ്ട് ഞാൻ അതിന്റെ മറുപടി പറയുകയാണ്. സ്പോർട്സ് കൗൺസിലിന് ലോട്ടറി ടിക്കറ്റ് വിറ്റു. ഇപ്പോൾ ശ്രീ. എ. പ്രദീപ് കുമാർ പറഞ്ഞപ്പോഴാണ് കള്ളക്കളി പുറത്തുവന്നത്. അദ്ദേഹം പറഞ്ഞത് വിൽക്കാത്ത ലോട്ടറിക്കുകൂടി ഞങ്ങൾ ടിക്കറ്റ് എടുക്കാൻ തീരുമാനിച്ചുവെന്നാണ്. വിൽക്കാത്ത ലോട്ടറി ടിക്കറ്റ് കൂടി എടുക്കുമ്പോൾ, വിൽക്കാത്ത ആൾക്കാണ് ലോട്ടറി അടിച്ചത് എന്നു പറഞ്ഞാൽ, ഞാൻ ലോട്ടറി തുടങ്ങുന്നു, ഞാൻ ടിക്കറ്റ് വിൽക്കുന്നു, ഞാൻ അതെല്ലാം കൊണ്ടുവരുന്നു, എന്റെ കയ്യിൽ ഇരിക്കുന്നതും കൂടി കൂട്ടി ഞാൻ ലോട്ടറി എടുക്കുന്നു, എനിക്ക് തന്നെ പ്രൈസ് അടിക്കുന്നു. ഇതിൽ എന്ത് സുതാര്യതയാണുള്ളത്? അത് സുതാര്യതയല്ല.

ശ്രീ. എ. പ്രദീപ് കുമാർ: ......... (മൈക്ക് ഓഫ്)........

മി. സ്പീക്കർ: ശ്രീ. എ. പ്രദീപ് കുമാർ, അങ്ങ് ബഹളം വയ്ക്കുന്നത് എന്തിനാണ്? ഇങ്ങനെയാണോ സംസാരിക്കുന്നത്?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഗവൺമെന്റ് മാറുന്നുവെന്നുള്ളതു കൊണ്ട് ആ ഫയൽ ഒന്നും എടുക്കണ്ട എന്നുള്ള മാന്യമായ നിലപാടാണ് ഞാൻ സ്വീകരിച്ചത്. അതിനെ ഡോ. കെ. ടി. ജലീൽ ചോദ്യം ചെയ്തു. അത് ധനകാര്യ വകുപ്പിന്റെ ഇൻസ്പെക്ഷൻ വിംഗ് നോക്കട്ടെ.

ശ്രീ. എ. പ്രദീപ് കുമാർ: ......... (മൈക്ക് ഓഫ്)........

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഇങ്ങനെയൊക്കെ ധിക്കാരം പറയണോ; ഇങ്ങനെയൊക്കെ വാശി പിടിക്കണോ?

ശ്രീ. എ. പ്രദീപ്കുമാർ: ലോട്ടറി ഡിപ്പാർട്ടുമെന്റാണ് സ്പോർട്സ് കൗൺസിലിനുവേണ്ടി ലോട്ടറി വിൽപ്പന നടത്തിയത്. ലോട്ടറി ഡിപ്പാർട്ടുമെന്റാണ് ടിക്കറ്റ് അടിക്കുന്നത്. ഇവരുടെ ഏജൻസി മാത്രമായിട്ടാണ് സ്പോർട്സ് കൗൺസിൽ പ്രവർത്തിച്ചത്. അതിന്റെ ഓഡിറ്റ് നടത്തിയ മുഴുവൻ കണക്കുമുണ്ട്. ആ നറുക്കെടുപ്പിൽ ഒന്നാം സമ്മാനം വന്നതുമായി ബന്ധപ്പെട്ട് കോടതിയിൽ കേസ് വന്നു. അതാണ് പ്രശ്നം. അതിൽ എന്തെങ്കിലും ഉണ്ടെങ്കിൽ തുടർച്ചയായി വന്ന ഗവൺമെന്റുകൾക്ക് തീർപ്പുകൽപ്പിക്കാം. 10 കോടി രൂപ കളക്ട് ചെയ്ത് ഇവിടത്തെ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റിനുകൊടുത്ത ഒരു നല്ല പദ്ധതിയായിരുന്നു ഇത്. അതിനെ അങ്ങയെപ്പോലുള്ള ആളുകൾ ഇകഴ്ത്തി കാണിക്കുന്നത് ശരിയല്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് ദയവായി resume ചെയ്യൂ. എന്നെ മറുപടി പറയാൻ അനുവദിക്കൂ. എനിക്ക് മൈക്ക് ഉള്ളതുകൊണ്ട് അങ്ങയെക്കാളും ശബ്ദത്തിൽ വേണമെങ്കിൽ പറയാൻ പറ്റും. പക്ഷേ എന്റെ ജനാധിപത്യ ബോധം അത് അനുവദിക്കുന്നില്ല. അതാണ് പ്രശ്നം. ഞാൻ ആ ഇഷ്യൂ പറയാൻ വന്നതേയല്ല. ഇതിനെക്കാളും തീവ്രമായ പിരിമുറുക്കം ഈ രംഗത്ത് വന്നിട്ടുപോലും ഞാൻ ഇതിനെക്കുറിച്ച് ഒരു അക്ഷരം പോലും മിണ്ടിയിട്ടില്ല. പാവപ്പെട്ട ഡോ. കെ. ടി. ജലീലിനെക്കൊണ്ട് ഇതൊക്കെ പറയിപ്പിച്ച് ഈ വിഷയം ഇഷ്യൂ ആക്കുന്നത് എന്തിനാണ്? എന്നിട്ടും ഞാൻ എഴുന്നേറ്റ് ഇതിന്റെ ചർച്ച വേണോ എന്ന് ചോദിച്ചു. ആ സമയത്ത് സഭയിൽ ഉണ്ടായിരുന്ന ആളുകളെല്ലാം കേട്ടതാണ്. അത് ഡിബേറ്റ് ചെയ്യാത്ത രൂപത്തിൽ പോകാൻ പറ്റുന്ന ഐറ്റമൊക്കെ ഇവിടെ ഉണ്ട്. അത് ഡിബേറ്റ് ഇല്ലാതെ തന്നെ പൊയ്ക്കോളും. ഇവിടെ സ്പോർട്സ് ഡിവിഷനെ കുറിച്ചും ജി.വി. രാജ സ്പോർട്സ് സ്കൂളിനെക്കുറിച്ചും പറഞ്ഞു. എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റും സ്പോർട്സ് ഡിപ്പാർട്ടുമെന്റും കൂടി യോഗം ചേർന്ന് ജി.വി. രാജ സ്പോർട്സ് സ്കൂളിന് ഒരു പ്രത്യേക ക്രമീകരണമുണ്ടാക്കി. രണ്ട് ലീഡർഷിപ്പാണ് ആ സ്കൂളിൽ വേണ്ടത്. സ്പോർട്സിന്റെ ലീഡർഷിപ്പും മറ്റൊന്ന് സ്കൂളിന്റേതുമാണ്. ഇത് സംബന്ധിച്ച് പ്രാക്ടിക്കലായ സമീപനം വേണമെന്ന് ഞാനും വിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായി ഏകദേശ ധാരണയിലെത്തിയിട്ടുണ്ട്. അതോടുകൂടി ആ പ്രശ്നം പരിഹരിക്കാൻ സാധിക്കും. കണ്ണൂർ സ്പോർട്സ് ഡിവിഷന്റെ പ്രശ്നവും ഇതുപോലെ പരിഹരിക്കാൻ സാധിക്കുമോയെന്ന് പരിശോധിക്കാം. അതുപോലെ ഉഷ സ്കൂൾ ഓഫ് അത്‌ലറ്റിക്സിന്റെ കാര്യം പറഞ്ഞു. ഉഷ സ്കൂൾ ഓഫ് അത്‌ലറ്റിക്സിന് 43 ലക്ഷം രൂപയുടെ എ.എസ്. കൊടുത്തുകൊണ്ടുള്ള ഉത്തരവ് ഞാൻ ഒപ്പിട്ടിട്ടുണ്ട്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, മേഴ്സിക്കുട്ടൻ അക്കാഡമിയിലെ കുട്ടികൾ ഇത്തവണ മെഡൽ നേടിയിരുന്നു. അവർക്ക് മുൻകാലങ്ങളിൽ ഗ്രാന്റ്

കൊടുത്തിരുന്നു. എന്നാൽ കഴിഞ്ഞ വർഷം കൊടുത്തിട്ടില്ല. അതുകൂടി അങ്ങ് പരിശോധിക്കണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: മുൻ സ്പോർട്സ് വകുപ്പ് മന്ത്രിയായിരുന്ന അങ്ങയുടെ നിർദ്ദേശം വളരെ ഗൗരവമായി കാണുകയും ഗവൺമെന്റിന് ചെയ്യാൻ കഴിയുന്ന എല്ലാ സഹായങ്ങളും ചെയ്യുകയും ചെയ്യും. മേഴ്സിക്കുട്ടൻ അക്കാഡമി മാത്രമല്ല, ഈ രംഗത്തുള്ള പ്രഗത്ഭരായ ആളുകളെക്കൂടി കേരളത്തിൽ എങ്ങനെ ഉൾക്കൊള്ളിക്കാൻ കഴിയുമെന്നാണ് ആലോചിക്കുന്നത്. നാഷണൽ ഗെയിംസ് കഴിഞ്ഞതിനുശേഷം സ്റ്റേഡിയത്തിന്റെ സംരക്ഷണം സംബന്ധിച്ച ചർച്ചയിൽ ഒരു ലെഗസി പ്ലാൻ വേണമെന്ന് പറഞ്ഞു. ലെഗസി പ്ലാൻ കൊണ്ട് മാത്രമേ ഇതെല്ലാം സംരക്ഷിക്കാൻ കഴിയുകയുള്ളൂ. അതോടൊപ്പം ഇങ്ങനെ പല പ്രൊപ്പോസലുകൾ നമ്മുടെ മുന്നിലുണ്ട്. അവയെല്ലാം പരിശോധിക്കും. മുൻകാലങ്ങളിൽ കൊടുത്തിരുന്ന ഗ്രാന്റ് എന്തുകൊണ്ട് മുടങ്ങി എന്നത് പരിശോധിച്ച് ന്യായമായ തീരുമാനമെടുക്കും.

ശ്രീ. ആർ. രാജേഷ്: സർ, സർക്കാർ സ്കൂളുകളിൽനിന്ന് കുട്ടികളെ കായിക മേളയ്ക്ക് പങ്കെടുപ്പിക്കാനാവശ്യമായ ഫണ്ട് ലഭിക്കുന്നില്ല. സ്കൂൾ കായികമേളയുടെ റിസൽട്ട് പരിശോധിച്ചാൽ ഏറെനാൾ മുമ്പ് കോരുത്തോട് സി.കെ.എം. എച്ച്.എസ്., പിന്നീട് സെന്റ് ജോർജ്, ഇപ്പോൾ മാർ ബേസിൽ തുടങ്ങിയ മാനേജ്മെന്റ് സ്കൂളുകളാണ് മുന്നിൽ നിൽക്കുന്നത്. മാനേജ്മെന്റിന്റെ ഫണ്ട് ഉപയോഗപ്പെടുത്തിയാണ് അവർ കുട്ടികളെ പങ്കെടുപ്പിക്കുന്നത്. മാനേജ്മെന്റിന് താൽപ്പര്യമുള്ള സ്കൂളുകളിൽ മാത്രമാണ് കുട്ടികളെ കായിക മേളയ്ക്ക് പങ്കെടുപ്പിക്കുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് പറഞ്ഞത് നൂറ് ശതമാനവും ശരിയാണ്. ഈ കുട്ടികളിൽ പലരും വരുന്ന പശ്ചാത്തലം ഞാൻ പരസ്യമായി പറയുന്നില്ല. വളരെയേറെ ബുദ്ധിമുട്ടുകൾ അനുഭവിച്ചാണ് അവർ ഈ തലത്തിലേയ്ക്ക് എത്തുന്നത്. അതുകൊണ്ടാണ് നമ്മൾ സ്പോർട്സ് സഹായനിധി വേണമെന്ന് തീരുമാനിച്ചത്. അങ്ങനെയൊരു സഹായനിധിയുണ്ടെങ്കിൽ എലിജിബിളായിട്ടുള്ള ആളുകളെ സഹായിക്കാൻ കഴിയും. അങ്ങനെ സഹായിക്കുന്നതിനുവേണ്ടിയുള്ള ഒരു നിധിയുടെ പ്രൊവിഷനാണ് ഈ നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

ശ്രീ. എം. ഹംസ: സർ, നാഷണൽ സ്കൂൾ ഗെയിംസിൽ സ്വർണ്ണമെഡൽ നേടിയ കുമാരി ബബിതയ്ക്ക് വാണിയംകുളം പഞ്ചായത്ത് വീട് വച്ചുകൊടുക്കുന്നതിനുള്ള തീരുമാനമെടുത്തിരുന്നു. അതിനുള്ള അംഗീകാരം കിട്ടാത്ത കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആ തടസ്സം നീക്കി ആ കുട്ടിക്ക് പഞ്ചായത്ത് വീട് വച്ചുകൊടുക്കുന്നതിന് അനുമതി കൊടുക്കാൻ സ്പോർട്സ് വകുപ്പ് ഇടപെടുമോ; അങ്ങ് ഇടപെടുമോ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, നാഷണൽ സ്കൂൾ ഗെയിംസ് വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ അധികാര പരിധിയിൽ വരുന്നതാണ്. എന്നാൽ സ്പോർട്സുമായി ബന്ധപ്പെട്ട വിഷയമായതുകൊണ്ടും അങ്ങയെപ്പോലെ ഉത്തരവാദപ്പെട്ട അംഗം ഉന്നയിച്ചതുകൊണ്ടും ആ പരാതി എന്റെ മുന്നിലെത്തിയാൽ നിശ്ചയമായും അതിന് പരിഹാരമുണ്ടാക്കുന്നതാണ്.

<u>ശ്രീ. കെ. വി. വിജയദാസ്</u>: സർ, മാനേജ്മെന്റിന്റെ സഹായത്തോടുകൂടി വിദ്യാർത്ഥികളിൽ സ്പോർട്സ് വളർത്തിയെടുക്കുന്ന പ്രവണതയുണ്ടെന്നാണ് പറഞ്ഞത്. മാനേജ്മെന്റിന്റെ സഹായമില്ലാതെ അദ്ധ്യാപകരും നാട്ടുകാരും പഞ്ചായത്തും ചേർന്നുകൊണ്ട് ആ സ്കൂളിന്റെ പരിസരത്തുള്ള വിദ്യാർത്ഥികളെ മാത്രം വളർത്തിയെടുക്കുന്ന സ്കൂളാണ് പറളി സ്കൂൾ. പറളി സ്കൂളാണ് കഴിഞ്ഞ രണ്ട് വർഷമായി സംസ്ഥാന സ്കൂൾ അത്‌ലറ്റിക് മീറ്റിൽ രണ്ടാം സ്ഥാനവും ഒന്നാം സ്ഥാനവും നേടിയത്. ഈ വർഷം രണ്ടാം സ്ഥാനമാണുണ്ടായിരുന്നത്. 12 സ്വർണ്ണമെഡലുകളാണ് പറളി സ്കൂൾ നേടിയത്. ഒന്നാം സ്ഥാനം നേടിയ മാർ ബേസിലിന് 9 സ്വർണ്ണമെഡലുകളേ ലഭിച്ചുള്ളൂ. ഇത്തരം സ്കൂളുകൾക്ക് പ്രത്യേക പരിഗണന ലഭിക്കുമോയെന്നാണ് ചോദിക്കാനുള്ളത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഈ ബില്ലിന്റെ ചർച്ചയിൽ ഓരോ സ്കൂളുകളെക്കുറിച്ചും മറുപടി പറയാൻ കഴിയില്ല. പറളി സ്കൂളിനെക്കുറിച്ച് അങ്ങ് പറഞ്ഞത് ശരിയാണ്. പറളി സ്കൂൾ കേരളത്തിലെ ഏറ്റവും അഭിമാനകരമായ സ്പോർട്സ് ബാക്ഗ്രൗണ്ടുള്ള സ്കൂളാണ്. ഇതുപോലെ നമുക്ക് ചെയ്യാൻ കഴിയുന്ന എല്ലാ കാര്യങ്ങളും ചെയ്യും. സമയക്കുറവുമൂലം വ്യക്തിഗതമായി ഓരോ കാര്യത്തിനും മറുപടി പറയുന്നില്ല. ഡോ. എൻ. ജയരാജിന്റെ പിതാവിന്റെ നാമകരണത്തിൽ, ഞങ്ങളുടെ ഏറ്റവും ബഹുമാന്യനായ കെ. നാരായണക്കുറുപ്പ് സാറിന്റെ പേരുള്ള ആ സ്കൂളിന് ആവശ്യമായ എല്ലാ സഹായ സഹകരണങ്ങളും സ്പോർട്സ് ഡിപ്പാർട്ടുമെന്റിൽ നിന്ന് ചെയ്യുന്നതാണ്. ഇത്രയുമാണ് ഈ ചർച്ചയുമായി ബന്ധപ്പെട്ട് എനിക്ക് പറയാനുള്ളത്.

<u>മി. സ്പീക്കർ</u>: ശ്രീ. ഡൊമിനിക് പ്രസന്റേഷൻ, അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u>: ഭേദഗതി പ്രസ്സ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അവതരിപ്പിച്ച 1(എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. ശിവൻകുട്ടി, അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. വി. ശിവൻകുട്ടി</u>: ഭേദഗതി പ്രസ്സ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. വി. ശിവൻകുട്ടി അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2015-ലെ കേരള സ്പോർട്സ്

(ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ.........

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ..............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

2-ാം വകുപ്പ്

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു:

113. (ജി) ഉപവകുപ്പിൽ (xvi)-ാം ഖണ്ഡത്തിൽ "ആക്ട് " എന്ന വാക്ക് വരുന്ന രണ്ട് സ്ഥലങ്ങളിലും, പകരം "ആക്റ്റ് "എന്ന വാക്ക് ചേർക്കേണ്ടതാണ്.

ശ്രീമതി കെ. എസ്. സലീഖ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

114. ഖണ്ഡം 2(എ) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 2(i)-ൽ, 'അഡ്മിനിസ്ട്രേറ്റീവ് ബോർഡ് ' എന്ന വാക്കുകൾക്കു പകരം "തിരഞ്ഞെടുക്കപ്പെട്ട അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി " എന്നീ വാക്കുകൾ ചേർക്കുക.

120. ഖണ്ഡം 2(ബി) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (iv എ) താഴെ പറയും പ്രകാരം മാറ്റുക:

"(iv എ) ജില്ലാതല തർക്ക പരിഹാര സമിതി" എന്നാൽ "30-ാം വകുപ്പ് പ്രകാരം ജില്ലാ സ്പോർട്സ് കൗൺസിൽ അംഗങ്ങളിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന അഞ്ച് അംഗങ്ങൾ അടങ്ങിയ സമിതി എന്നർത്ഥമാകുന്നു; "

126. ഖണ്ഡം 2(സി) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (v എ) താഴെപ്പറയും പ്രകാരം മാറ്റുക:

"(v എ) "ജില്ലാ സ്പോർട്സ് കൗൺസിൽ ചെയർമാൻ" എന്നാൽ ബന്ധപ്പെട്ട റവന്യൂ ജില്ലയുടെ ജില്ലാ സ്പോർട്സ് കൗൺസിൽ

അംഗങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ആളും, തെരഞ്ഞെടുക്കപ്പെടുന്ന അംഗം ദേശീയ-അന്തർദേശീയ മത്സരങ്ങളിൽ പങ്കെടുത്തിട്ടുള്ള ആളും ആയിരിക്കേണ്ടതാണ്;"

129. ഖണ്ഡം 2(ഡി) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(vii എ) താഴെ പറയും പ്രകാരം മാറ്റുക :

"(vii എ) "നിധി" എന്നാൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ബന്ധപ്പെട്ട ആവശ്യങ്ങൾ നിറവേറ്റുന്നതിലേക്കായി നൽകുന്ന ഗ്രാന്റുകൾ ഉൾപ്പെടെ 34-എ വകുപ്പ് പ്രകാരം രൂപീകരിച്ച സംസ്ഥാന സ്പോർട്സ് വികസന നിധി എന്നർത്ഥമാകുന്നു;"

144. ഖണ്ഡം 2(ഇ) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 2(x ബി)-ക്ക് ശേഷം താഴെ പറയുന്നത് ചേർക്കുക, അതായത്:—

"വിശദീകരണം:—സംസ്ഥാനത്ത് കഴിഞ്ഞ പത്ത് വർഷമായി നടന്ന ദേശീയ-അന്തർദേശീയ സ്പോർട്സ് മീറ്റുകളുടെ ഉപയോഗത്തിനായി ആരംഭിച്ച എല്ലാ സ്റ്റേഡിയങ്ങളും അനുബന്ധ സ്ഥാപനങ്ങളും സ്പോർട്സ് ഉപകരണങ്ങളും ഉൾപ്പെടെ എല്ലാം എന്നർത്ഥമാകുന്നു;"

162. ഖണ്ഡം 2(ജി) പ്രകാരം പ്രധാന ആക്റ്റിൽ, പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(xvi എ) താഴെപ്പറയും പ്രകാരം മാറ്റുക:

"(xvi എ) "സ്പോർട്സ് ഡയറക്ടർ" എന്നാൽ സ്പോർട്സും യുവജനകാര്യവും വകുപ്പിന്റെ സെക്രട്ടറി എന്നർത്ഥമാകുന്നു;"

163. ഖണ്ഡം 2(ജി) പ്രകാരം പ്രധാന ആക്റ്റിൽ, പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(xvi ബി)-യിൽ, "തുറസ്സായ സ്ഥലം" എന്നീ വാക്കുകൾക്കു ശേഷം "സ്പോർട്സ് ഉപകരണങ്ങൾ" എന്നീ വാക്കുകൾ ചേർക്കുക.

170. ഖണ്ഡം 2(എച്ച്) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(xvii)-ൽ,—

(i) 'ദേശീയ അല്ലെങ്കിൽ അന്തർദേശീയ തലത്തിൽ' എന്നീ വാക്കുകൾക്ക് പകരം "ദേശീയ, അന്തർദ്ദേശീയ തലത്തിൽ" എന്ന വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

(ii) 'ഒരാൾ' എന്ന വാക്കിന്പകരം "ഒരാളോ അല്ലെങ്കിൽ രജിസ്റ്റർ

ചെയ്യാൻ വിട്ടുപോയ ഒരാൾ രജിസ്റ്റർ ചെയ്തതിനുശേഷം അംഗമാകുന്ന ഒരാളോ" എന്നീ വാക്കുകൾ ചേർക്കുക.

177. ഖണ്ഡം 2(ഐ)പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(xviii)-ൽ, "ഇരിപ്പിടത്തോടു കൂടിയ" എന്ന വാക്കിന്പകരം "ഇരിപ്പിടത്തോടുകൂടിയതും അത്ലറ്റുകൾക്കും കാണികൾക്കും വേണ്ടുന്ന സൗകര്യങ്ങൾ ഉറപ്പാക്കിയതുമായ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

118. ഖണ്ഡം 2 ഉപഖണ്ഡം (ബി), (ഡി), (ഐ) എന്നിവ പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (iv എ), (vii എ), (xviii എ) എന്നിവയിലെ "എന്നാൽ" എന്ന വാക്കിന് ശേഷം "പ്രധാന ആക്റ്റിന്റെ " എന്നീ വാക്കുകൾ ചേർക്കുക.

119. ഖണ്ഡം 2(ബി) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (iv എ)-യിലെ "30-ാം വകുപ്പ് " എന്നതിന് പകരം "30-ാം വകുപ്പിലെ (3)-ാം ഉപവകുപ്പ് " എന്നത് ചേർക്കുക.

130. ഖണ്ഡം 2(ഇ) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(x എ)-യിൽ,—

(i) "അടച്ചു കെട്ടിയതോ അല്ലാത്തതോ ആയ," എന്നത് ഒഴിവാക്കുക;

(ii) "ഉപയോഗിക്കുന്നതും ആയ" എന്നതിന്പകരം "ഉപയോഗിക്കാവുന്നതുമായ" എന്നത് ചേർക്കുക.

141. ഖണ്ഡം 2(ഇ) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(x ബി)-യിൽ, "അനുയോജ്യമാക്കിത്തീർത്ത" എന്നതിന് മുൻപ് "അനുയോജ്യമായതോ" എന്നത് ചേർക്കുക.

147. ഖണ്ഡം 2(എഫ്) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(xiv)-ൽ,—

(i) "കായിക മത്സരക്കളികൾ" എന്നതിന് പകരം "കായിക ഇനങ്ങൾ" എന്ന് ചേർക്കുക.

(ii) "ഇൻഡോർ ഗെയിംസ്" എന്നതിന് ശേഷം "എന്നിവയും" എന്ന വാക്ക് ചേർക്കുക.

(iii) "ഉൾപ്പെടുത്തിയിട്ടുള്ളവ" എന്നതിന് പകരം "ഉൾപ്പെടുത്തിയിട്ടുള്ളവയും" എന്ന് ചേർക്കുക.

(iv) "നടത്തപ്പെടുന്ന" എന്നതിന് പകരം "നടത്തപ്പെടുന്നവയും" എന്ന് ചേർക്കുക.

(v) "എന്നിവ" എന്നതിന് പകരം "എന്നിവയും" എന്നത് ചേർക്കുക.

179. ഖണ്ഡം 2(ഐ) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(xviii) താഴെപ്പറയും പ്രകാരം മാറ്റുക:

"(xviii) സ്റ്റേഡിയം എന്നാൽ സ്പോർട്സ് സൗകര്യം ഉള്ളതും കാഴ്ചക്കാർക്കും കായികതാരങ്ങൾക്കും മറ്റുള്ളവർക്കും ഇരിക്കാൻ സൗകര്യമുള്ളതുമായ, മേൽക്കൂരയുള്ളതോ ഇല്ലാത്തതോ ആയ മൈതാനം എന്നർത്ഥമാക്കുന്നു."

<u>ശ്രീ. എം. ഉമ്മർ :</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

122. ഖണ്ഡം 2 (സി) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (v എ)-യിൽ, "ചെയർമാൻ" എന്നതിന് പകരം "ചെയർപേഴ്സൺ " എന്നത് ചേർക്കുക.

127. ഖണ്ഡം 2(ഡി) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (vii എ)-യിൽ, "രുപീകരിച്ച" എന്ന വാക്കിന്പകരം "രൂപീകരിച്ച" എന്ന വാക്ക് ചേർക്കുക.

128. ഖണ്ഡം 2(ഡി) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(vii എ)-യിൽ, "സ്പോർട്സ് " എന്നതിനുപകരം "കായിക" എന്നത് ചേർക്കുക.

132. ഖണ്ഡം 2(ഇ) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(x എ)-യിൽ, "അഞ്ച്" എന്ന വാക്കിന് മുൻപ് "ആകെയുള്ള ഭൂമിയുടെ" എന്നീ വാക്കുകൾ ചേർക്കുക.

139. ഖണ്ഡം 2(ഇ) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(x ബി)-യിൽ, "കായികാഭ്യാസം" എന്ന വാക്കിന് പകരം "മറ്റ് കായിക മത്സരങ്ങൾ" എന്നീ വാക്കുകൾ ചേർക്കുക.

142. ഖണ്ഡം 2(ഇ) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(x ബി)-യിൽ,"അനുയോജ്യമാക്കിത്തീർത്ത" എന്ന വാക്കിന്

പകരം "ഉപയോഗയോഗ്യമാക്കി തീർത്ത്" എന്നീ വാക്കുകൾ ചേർക്കുക.

146. ഖണ്ഡം 2(എഫ്) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന ഖണ്ഡം 2(xiv)-ൽ, "നാട്ടിൻപുറത്തോ" എന്നതിന് പകരം "നാട്ടിൻ പുറങ്ങളിലോ" എന്നത് ചേർക്കുക.

148. ഖണ്ഡം 2(എഫ്) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(xiv)-ൽ, "മത്സരക്കളികൾ" എന്നതിന് പകരം "മത്സര ഇനങ്ങൾ" എന്നത് ചേർക്കുക.

150. ഖണ്ഡം 2(എഫ്) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(xiv)-ൽ, "നാഷണൽ ഗെയിംസിലോ" എന്നീ വാക്കുകൾക്കു ശേഷം "ഏതെങ്കിലും" എന്ന വാക്ക് ചേർക്കുക.

151. ഖണ്ഡം 2(എഫ്) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(xiv)-ൽ, "നാഷണൽ ഗെയിംസിലോ" എന്നതിനു പകരം "ദേശീയ ഗെയിംസിലോ" എന്നത് ചേർക്കുക.

153. ഖണ്ഡം 2(എഫ്) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(xiv)-ൽ, "കളിയായോ" എന്നതിന് പകരം "ഇനമായോ" എന്ന വാക്ക് ചേർക്കുക.

159. ഖണ്ഡം 2(ജി) പ്രകാരം പ്രധാന ആക്റ്റിൽ, പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(xvi എ)-യിൽ, "സ്പോർട്സും യുവജനകാര്യവും" എന്നീ വാക്കുകൾക്ക് പകരം "കായിക" എന്ന വാക്ക് ചേർക്കുക.

160. ഖണ്ഡം 2(ജി) പ്രകാരം പ്രധാന ആക്റ്റിൽ, പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(xvi എ)-യിൽ, "സർക്കാർ" എന്ന വാക്ക് നീക്കം ചെയ്യുക.

161. ഖണ്ഡം 2(ജി) പ്രകാരം പ്രധാന ആക്റ്റിൽ, പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(xvi എ)-യിൽ, "നിയമിച്ച" എന്ന വാക്കിന് പകരം "നിയമിക്കപ്പെട്ട" എന്ന വാക്ക് ചേർക്കുക.

176. ഖണ്ഡം 2(ഐ)പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(xviii)-ൽ, "നിരനിരയായ" എന്ന വാക്കിന്പകരം "തയ്യാറാക്കിയ" എന്ന വാക്ക് ചേർക്കുക.

ശ്രീ. എം. ഹംസ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

125. ഖണ്ഡം 2(സി) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(v എ)-യിൽ "എന്നാൽ ബന്ധപ്പെട്ട റവന്യൂ ജില്ലയുടെ കളക്ടർ

എന്നർത്ഥമാകുന്നു" എന്നീ വാക്കുകൾക്ക്പകരം, "എന്നാൽ കൗൺസിലിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ഒരാൾ എന്ന് അർത്ഥമാകുന്നു" എന്നീ വാക്കുകൾ ചേർക്കുക.

136. ഖണ്ഡം 2(ഇ) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(x എ)-യിൽ, "ഭാഗികമായോ" എന്ന വാക്ക് ഒഴിവാക്കുക.

143. ഖണ്ഡം 2(ഇ) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(x ബി)-യിൽ, "അനുയോജ്യമാക്കിത്തീർത്ത" എന്ന വാക്കിന് പകരം "അനുയോജ്യമാക്കിത്തീർക്കാവുന്ന" എന്ന വാക്ക് ചേർക്കുക.

152. ഖണ്ഡം 2(എഫ്) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(xiv)-ൽ, "ഒരു " എന്ന വാക്ക് ഒഴിവാക്കുക.

154. ഖണ്ഡം 2(എഫ്) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(xiv)-ൽ, "വിനോദമായോ കളിയായോ" എന്നതിനു ശേഷം "അതാത് കാലത്ത്" എന്ന വാക്ക് ചേർക്കുക.

158. ഖണ്ഡം 2(ജി) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(xvi)-ൽ "ജില്ലാ സ്പോർട്സ് സംഘടനയോട് " എന്നീ വാക്കുകൾക്ക് പകരം "ജില്ലാ സ്പോർട്സ് കൗൺസിലിൽ " എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

131. ഖണ്ഡം 2(ഇ) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(x എ)-യിൽ, "അടച്ചുകെട്ടിയതോ അല്ലാത്തതോ ആയ, കെട്ടിടം ഒന്നും ഇല്ലാത്തതും അല്ലെങ്കിൽ അഞ്ച് ശതമാനത്തിൽ അധികരിക്കാതെ കെട്ടിടങ്ങൾ ഉള്ളതും ഭാഗികമായോ മുഴുവനായോ പ്രധാനമായും സ്പോർട്സ് കാര്യങ്ങൾക്കായി ഉപയോഗിക്കുന്നതും ആയ," എന്നതിനു പകരം, "ചുറ്റുമതിൽ ഉള്ളതോ ഇല്ലാത്തതോ ആയ മുഴുവനായോ ഭാഗികമായോ കായിക വിനോദങ്ങൾക്കും കളികൾക്കും ആയി ഉപയോഗിക്കുന്നതും ആയ," എന്നത് ചേർക്കുക.

<u>ശ്രീ. തോമസ് ഉണ്ണിയാടൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

135. ഖണ്ഡം 2(ഇ) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(x എ)-യിൽ, "ഭാഗികമായോ മുഴുവനായോ" എന്നീ വാക്കുകൾ ഒഴിവാക്കുക.

140. ഖണ്ഡം 2(ഇ) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(x ബി)-യിൽ, "ആവശ്യത്തിലേക്ക്" എന്ന വാക്കിന്ശേഷം" പൂർണ്ണമായും" എന്ന വാക്ക് ചേർക്കുക.

157. ഖണ്ഡം 2(എഫ്) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(xiv)-ൽ, "പ്രഖ്യാപിച്ചിട്ടുള്ള" എന്നവാക്കിന് പകരം "അംഗീകരിച്ചിട്ടുള്ള" എന്ന വാക്ക് ചേർക്കുക.

ശ്രീ. ബെന്നി ബെഹനാൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

145. ഖണ്ഡം 2(എഫ്) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന ഖണ്ഡം 2(xiv)-ൽ, "ഔട്ട്ഡോർ ഇനങ്ങൾ" എന്നതിന് ശേഷം "സംസ്ഥാനത്ത്" എന്നത് ചേർക്കുക.

ശ്രീ. സി. മോയിൻകുട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

155. ഖണ്ഡം 2(എഫ്) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(xiv)-ൽ, "വിനോദമായോ കളിയായോ" എന്ന വാക്കുകൾക്കു ശേഷം "മത്സര ഇനമായോ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

164. ഖണ്ഡം 2(ജി) പ്രകാരം പ്രധാന ആക്റ്റിൽ, പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(xvi ബി)-യിൽ, "അല്ലെങ്കിൽ അതിന്റെ ഭാഗമായ അല്ലെങ്കിൽ അതിന് അനുബന്ധമായ ഏതെങ്കിലും" എന്നതിന് പകരം, "മുതലായ അടിസ്ഥാന സൗകര്യങ്ങളും വിവിധങ്ങളായ കളികൾക്കും കായിക വിനോദങ്ങൾക്കും കായിക മത്സരങ്ങൾക്കും വേണ്ട ഉപകരണങ്ങളും സാമഗ്രികളും ഉൾപ്പെടെ അനുബന്ധമായ ഏതെങ്കിലും സൗകര്യങ്ങളും" എന്നത് ചേർക്കുക.

സ്പോർട്സ് സൗകര്യമെന്നാൽ കളിസ്ഥലം മാത്രമല്ല, അടിസ്ഥാന സൗകര്യങ്ങളും വിവിധ കളികൾക്കും കായിക വിനോദങ്ങൾക്കും വേണ്ട ഉപകരണങ്ങളും സാമഗ്രികളും അനുബന്ധ ഉപകരണങ്ങളും കൂടിച്ചേർന്നതാണ്. അതുകൊണ്ട് സ്പോർട്സ് സൗകര്യം എന്ന നിർവ്വചനത്തിൽ ഇതുകൂടി ഉൾപ്പെടുത്തണമെന്നതാണ് എന്റെ ഭേദഗതി.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

169. ഖണ്ഡം 2(എച്ച്) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(xvii)-ൽ, "പങ്കെടുത്തിട്ടുള്ളതും, ഒരു കായിക താരമായി രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ ഒരാൾ" എന്നതിന് പകരം "പങ്കെടുത്തിട്ടുള്ള ഒരാൾ" എന്നത് ചേർക്കുക.

ശ്രീ. റ്റി. വി. രാജേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

174. ഖണ്ഡം 2(ഐ)പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(xviii)-ൽ, "കാഴ്ചക്കാർക്കായി നിരനിരയായ ഇരിപ്പിടത്തോടു കൂടിയ" എന്നീ വാക്കുകൾക്ക് പകരം "കാഴ്ചക്കാർക്കായുള്ള ഗാലറിയോടു കൂടിയ" എന്നീ വാക്കുകൾ ചേർക്കുക.

*വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 127, 132 എന്നീ നമ്പർ ഭേദഗതികളും 159-ാം നമ്പർ ഭേദഗതിയിലെ 'സ്പോർട്സും യുവജനകാര്യ വകുപ്പ്' എന്നതിന് പകരം 'കായിക യുവജനകാര്യ വകുപ്പ്' എന്ന ഭാഗവും ശ്രീ. റ്റി. വി. രാജേഷ് അവതരിപ്പിച്ച 174-ാം നമ്പർ ഭേദഗതിയും അംഗീകരിച്ചിരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകാര്യമല്ല.*

ശ്രീ. മാത്യു റ്റി. തോമസ്: സർ, ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 113-ാം നമ്പർ ഭേദഗതി, (ജി) ഉപവകുപ്പിൽ (xvi)-ാം ഖണ്ഡത്തിൽ "ആക്ട് " എന്ന വാക്ക് വരുന്ന രണ്ട് സ്ഥലങ്ങളിലും പകരം "ആക്റ്റ് "എന്ന വാക്ക് ചേർക്കേണ്ടതാണെന്നാണ്. ആ ഉപഖണ്ഡത്തിൽ തന്നെ നാല് സ്ഥലങ്ങളിൽ ആ വാക്ക് വരുന്നുണ്ട്. നാല് വാക്കും തിരുത്തണ്ടേ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ശ്രീ. മാത്യു റ്റി. തോമസ് അവതരിപ്പിച്ച ഓറൽ അമെന്റ്മെന്റ് ഞാൻ മൂവ് ചെയ്യുകയും അംഗീകരിക്കുകയും ചെയ്യുന്നു.

മി. സ്പീക്കർ: മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 127, 132 എന്നീ നമ്പർ ഭേദഗതികളും 159-ാം നമ്പർ ഭേദഗതിയിലെ 'സ്പോർട്സും യുവജനകാര്യ വകുപ്പ്' എന്നതിന് പകരം 'കായിക യുവജനകാര്യ വകുപ്പ്' എന്ന ഭാഗവും ശ്രീ. റ്റി. വി. രാജേഷ് അവതരിപ്പിച്ച 174-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീമതി കെ.എസ്. സലീഖ അവതരിപ്പിച്ച 114, 120, 126, 129, 144, 162, 163, 170, 177 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 118, 119, 130, 141, 147, 179 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 122, 128, 139, 142, 146, 148, 150, 151, 153, 160, 161, 176 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഹംസ അവതരിപ്പിച്ച 125, 136, 143, 152, 154, 158 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ അവതരിപ്പിച്ച 131-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 135, 140, 157 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 145-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. മോയിൻകുട്ടി അവതരിപ്പിച്ച 155-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 164-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 169-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്തപ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ാം വകുപ്പ്

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോഴ്സും സിനിമയും വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു:

181. (എ) ഉപവകുപ്പിൽ,—

1. (i)-ാം ഇനത്തിൽ "ഒഴിവാക്കേണ്ടതാണ് " എന്ന വാക്കിനു പകരം "വിട്ടുകളയേണ്ടതാണ് " എന്ന വാക്ക് ചേർക്കേണ്ടതാണ് ;

2. (ii)-ാം ഇനത്തിൽ, (കെ) ഖണ്ഡത്തിൽ "ജേർണലിസ്റ്റുകളിൽ" എന്ന വാക്കിനുപകരം "ജേർണലിസ്റ്റുമാരിൽ " എന്ന വാക്ക് ചേർക്കേണ്ടതാണ്.

3. (സി) ഉപവകുപ്പിൽ "ഒഴിവാക്കേണ്ടതാണ്" എന്ന വാക്കിനു പകരം "വിട്ടുകളയേണ്ടതാണ്" എന്ന വാക്ക് ചേർക്കേണ്ടതാണ്.

ശ്രീ. കെ. സുരേഷ് കുറുപ്പ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

183. ഖണ്ഡം3 (എ)(i) താഴെപ്പറയും പ്രകാരം മാറ്റുക: "(i) തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ " എന്ന ശീർഷകത്തിൻ കീഴിൽ (ബി),(ഇ), (എഫ്), (ജി), (എച്ച്), (ഐ), (ജെ) എന്നീ ഇനങ്ങൾ ഒഴിവാക്കുക."

ശ്രീ. എം. ഹംസ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

184. ഖണ്ഡം3 (എ) (i) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 3(3)-ൽ, "ഒഴിവാക്കേണ്ടതാണ്" എന്നതിന് പകരം "നിലനിറുത്തേണ്ടതാണ് " എന്നത് ചേർക്കുക.

196. ഖണ്ഡം 3(എ)(ii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 3(3)-ൽ, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങൾ എന്ന ശീർഷകത്തിന് താഴെയുള്ള ഇനം (ബി)-യിൽ, "നിയമസഭാ സാമാജികരിൽ നിന്നുള്ള അഞ്ച് അംഗങ്ങൾ" എന്നതിന് ശേഷം"ഇവരിൽ രണ്ട് പേർ വനിതകളായിരിക്കും" എന്ന് ചേർക്കുക. 184-ൽ നിലനിർത്തേണ്ടതാണ് എന്ന് ചേർത്താൽ മാത്രമെ ജനാധിപത്യ മാവുകയുള്ളൂ.

<u>ശ്രീ. എ. കെ. ബാലൻ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

187. ഖണ്ഡം3 (എ) (i) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 3(3)-ൽ, "തെരഞ്ഞെടുക്കപ്പെട്ട" എന്ന ശീർഷകത്തിൽ നിലവിലുള്ള (എ)-യ്ക്കു ശേഷം താഴെപ്പറയുന്നവ ചേർക്കുക:

"(ബി) ഓരോ ജില്ലാ സ്പോർട്സ് കൗൺസിലിൽനിന്നും ജില്ലാ പ്രസിഡന്റും ഒരു വൈസ് പ്രസിഡൻറും ഇവരിൽ ഒരാൾ വനിത ആയിരിക്കണം,

(സി) സംസ്ഥാനത്തെ ഓരോ സർവ്വകലാശാലയിൽനിന്നും കല്പിത കലാശാലകൾ ഒഴികെയുള്ളവയിൽനിന്ന്, സർവ്വകലാശാല യൂണിയൻ ജനറൽ കൗൺസിൽ അംഗങ്ങൾ, സർവ്വകലാശാലയെ പ്രതിനിധീകരിക്കുന്ന കളിക്കാരിൽനിന്ന് തെരഞ്ഞെടുക്കുന്ന ഓരോ പുരുഷ, വനിതാ താരങ്ങൾ,

(ഡി) സംസ്ഥാന നിയമസഭാംഗങ്ങൾ തങ്ങൾക്കിടയിൽ നിന്ന് തെരഞ്ഞെടുക്കുന്ന അഞ്ചംഗങ്ങൾ അവരിൽ ഒരാൾ പട്ടികജാതി/ വർഗ്ഗത്തിലുള്ളവരും ഒരാൾ വനിതയും ആയിരിക്കേണ്ടതാണ്.

(ഇ) സംസ്ഥാനത്തെ മുനിസിപ്പൽ കോർപ്പറേഷൻ മേയർമാരിൽ നിന്നും അവർ തെരഞ്ഞെടുക്കുന്ന ഒരാൾ,

(എഫ്) ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ തങ്ങളിൽനിന്ന് തെരഞ്ഞെടുക്കുന്ന രണ്ട് പേർ, അവരിൽ ഒരാൾ വനിത ആയിരിക്കേണ്ടതാണ്.

(ജി) മുനിസിപ്പൽ കൗൺസിൽ ചെയർ പേഴ്സൺമാർ തങ്ങൾക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന നാല് പേർ അവരിൽ രണ്ട് പേർ വനിതയായിരിക്കേണ്ടതാണ്."

എല്ലാ കാറ്റഗറിയിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്നവരെയാണ് ബില്ലിൽ ഉൾപ്പെടുത്തേണ്ടത്. എം.എൽ.എ.മാരുടെ പ്രതിനിധികളെ പോലും നാമനിർദ്ദേശം ചെയ്യുകയാണ്. തെരഞ്ഞെടുപ്പിൽ മിനിമം രണ്ട് എൽ.ഡി.എഫ്. എം.എൽ.എ.മാരെങ്കിലും തെരഞ്ഞെടുക്കപ്പെടും. പുതിയ ബില്ലിലൂടെ വേണമെങ്കിൽ അഞ്ച് പേരെയും ഭരണപക്ഷത്തുനിന്നും നോമിനേറ്റ് ചെയ്യാം. ഇത് ജനാധിപത്യപരമല്ല. ബഹുമാനപ്പെട്ട മന്ത്രി എന്തു

പറഞ്ഞാലും പ്രതിപക്ഷത്തോട് മാന്യമായ സമീപനം ഉണ്ടാകണം. ആനുപാതിക പ്രാതിനിധ്യപ്രകാരം എം.എൽ.എ.മാരിൽ നിന്നും പ്രതിനിധികളെ തെരഞ്ഞെടുക്കുന്നതായിരിക്കും നല്ലത്.

ശ്രീമതി കെ. എസ്. സലീഖ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

188. ഖണ്ഡം 3(എ)(i) താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുക: "(i) തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ എന്ന ശീർഷകത്തിൻ കീഴിൽ താഴെ പറയുന്നത് ചേർക്കുക:

(എ) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെട്ട സംസ്ഥാന സ്പോർട്സ് സംഘടനകളിൽനിന്നും സംഘടനകൾ തിരഞ്ഞെടുത്ത് അയയ്ക്കുന്ന ഒരംഗം വീതം ;

(ബി) ഓരോ ജില്ലാ സ്പോർട്സ് കൗൺസിലിൽ നിന്നും തിരഞ്ഞെടുപ്പിലൂടെ നിയോഗിക്കപ്പെടുന്ന ഒരംഗം വീതം;

(സി) സംസ്ഥാനത്തെ സർവ്വകലാശാലകൾ, കല്പിത സർവ്വകലാശാലകൾ എന്നിവയിൽനിന്നും ദേശീയ തലത്തിൽ സമ്മാനാർഹരിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന ഒരംഗം വീതം;

(ഡി) സംസ്ഥാന നിയമസഭാ സാമാജികരിൽനിന്നും ആനുപാതിക പ്രാതിനിധ്യ സമ്പ്രദായം അനുസരിച്ച് തിരഞ്ഞെടുക്കപ്പെടുന്ന അഞ്ച് അംഗങ്ങളിൽ രണ്ട് പേർ വനിതാ സാമാജികരും ഒരാൾ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അംഗം ആയിരിക്കേണ്ടതുമാണ് ;

(ഇ) സംസ്ഥാനത്തെ മുനിസിപ്പൽ കോർപ്പറേഷൻ മേയർമാർ അവരിൽനിന്നും തിരഞ്ഞെടുക്കപ്പെടുന്ന രണ്ട് പേരിൽ ഒരാൾ വനിത അംഗം ആയിരിക്കേണ്ടതുമാണ് ;

(എഫ്) സംസ്ഥാനത്തെ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരിൽനിന്നും തിരഞ്ഞെടുക്കപ്പെടുന്ന മൂന്നുപേരിൽ ഒരാൾ വനിതയും ഒരാൾ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അംഗവും ആയിരിക്കേണ്ടതുമാണ് ;

(ജി) സംസ്ഥാനത്തെ മുനിസിപ്പൽ കൗൺസിൽ ചെയർപേഴ്സൺമാരിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന മൂന്നുപേരിൽ ഒരാൾ വനിതയും

ഒരാൾ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അംഗവും ആയിരിക്കേണ്ടതുമാണ് ;

(എച്ച്) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരിൽനിന്നും തിരഞ്ഞെടുക്കപ്പെടുന്ന 3 അംഗങ്ങളിൽ ഒരാൾ വനിതയും ഒരാൾ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഒരംഗവും ആയിരിക്കേണ്ടതുമാണ്;

(ഐ) സംസ്ഥാനത്തെ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട 3 അംഗങ്ങളിൽ ഒരാൾ വനിതയും ഒരാൾ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഒരംഗവും ആയിരിക്കേണ്ടതുമാണ്;

(ജെ) സംസ്ഥാനത്തെ സ്പോർട്സ് സ്കൂളുകളിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന ഒരാൾ ;

(കെ) സംസ്ഥാനത്തെ സ്പോർട്സ് ജേർണലിസ്റ്റുകളിൽനിന്നും തിരഞ്ഞെടുക്കപ്പെടുന്ന 2 പേരിൽ ഒരാൾ വനിത ആയിരിക്കേണ്ടതുമാണ് ".

189. ഖണ്ഡം 3(എ)(ii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 3 (3)-ൽ, "സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങൾ" എന്ന ശീർഷകത്തിൻ കീഴിൽ (എ) മുതൽ (കെ) വരെയുള്ള ഇനം ഒഴിവാക്കുക.

223. ഖണ്ഡം 3 (ബി) ഒഴിവാക്കുക.

228. ഖണ്ഡം 3(സി) ഒഴിവാക്കുക.

229. ഖണ്ഡം 3(ഡി) ഒഴിവാക്കുക.

ശ്രീ. തോമസ് ഉണ്ണിയാടൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

191. ഖണ്ഡം 3(എ)(ii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 3 (3)-ൽ, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങൾ എന്ന ശീർഷകത്തിന് താഴെയുള്ള ഇനം (എ)-യിൽ, "മൂന്ന് " എന്നതിന് പകരം "അഞ്ച് " എന്ന് ചേർക്കുക.

195. ഖണ്ഡം 3(എ)(ii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 3(3)-ൽ, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങൾ എന്ന ശീർഷകത്തിന് താഴെ : (i) ഇനം (ബി) ഒഴിവാക്കുക.

203. ഖണ്ഡം 3(എ)(ii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 3(3)-ൽ, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങൾ എന്ന ശീർഷകത്തിന് താഴെയുള്ള ഇനം (ഡി) താഴെപ്പറയും പ്രകാരം മാറ്റുക:

"(ഡി) സംസ്ഥാന നിയമസഭാംഗങ്ങളിൽനിന്ന് ആനുപാതിക പ്രാതിനിധ്യ സമ്പ്രദായമനുസരിച്ച് ഒറ്റ കൈമാറ്റ വോട്ടുമൂലം തെരഞ്ഞെടുക്കപ്പെടുന്ന അഞ്ച് അംഗങ്ങൾ"

<u>ശ്രീ. മാത്യൂ. റ്റി. തോമസ്</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

198. ഖണ്ഡം 3(എ)(ii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 3(3)-ൽ, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങൾ എന്ന ശീർഷകത്തിന് താഴെയുള്ള ഇനം(ബി) താഴെ പറയും പ്രകാരം മാറ്റുക:

"(ബി) നിയമസഭയിലെ കക്ഷിനില പരിഗണിച്ച് ആനുപാതിക പ്രാതിനിധ്യം ഉറപ്പാക്കി സാമാജികരിൽ നിന്നുള്ള 5 അംഗങ്ങൾ ",

ശ്രീ. എ. കെ. ബാലൻ പറഞ്ഞ അതേ തത്വം ഉൾക്കൊള്ളിക്കാൻ വേണ്ടിയുള്ള ഭേദഗതിയാണ്.

<u>ശ്രീ. കെ. വി. വിജയദാസ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

201. ഖണ്ഡം 3(എ)(ii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 3(3)-ൽ സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങൾ എന്ന ശീർഷകത്തിൻ കീഴിലുള്ള ഇനം (ബി) താഴെപ്പറയും പ്രകാരം മാറ്റുക:

"(ബി) നിയമസഭാ സാമാജികരിൽ നിന്നുള്ള അഞ്ച് അംഗങ്ങളിൽ ഒരാൾവനിതയും മറ്റൊരാൾ SC/ST വിഭാഗത്തിൽ നിന്നുള്ളതുമായിരിക്കണം. വനിത സാമാജികളില്ലെങ്കിൽ ആയത്പൊതുമണ്ഡലത്തിൽ നിന്നുംതെരെഞ്ഞെടുക്കാവുന്നതാണ്."

208. ഖണ്ഡം 3 എ(ii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 3(3)-ൽ, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങൾ എന്ന ശീർഷകത്തിൻ കീഴിലുള്ള ഇനം (എച്ച്)-ന്റെ അവസാനം താഴെപ്പറയുന്ന വാക്കുകൾ കൂടി ചേർക്കുക, അതായത്, "കൂടാതെ ആരോഗ്യ സർവ്വകലാശാല, കേരള ശാസ്ത്രസാങ്കേതിക സർവ്വകലാശാല, മലയാളം സർവ്വകലാശാല എന്നിവിടങ്ങളിൽ നിന്നുള്ള ഓരോ പ്രതിനിധിയും ഉണ്ടാവേണ്ടതാണ്."

222. ഖണ്ഡം 3 (എ)(ii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 3(3)-ൽ, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങൾ എന്ന ശീർഷകത്തിൻ കീഴിലുള്ള ഇനം (എൽ) ആയി താഴെപ്പറയുന്നത് ചേർക്കുക:

(എൽ) സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജിൽ നിന്നുള്ള അസ്സോസിയേറ്റ് പ്രൊഫസറിൽ കുറയാത്ത റാങ്കിലുള്ള ഒരു 'ഓർത്തോപീഡിക് സർജൻ':

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

209. ഖണ്ഡം 3(എ)(ii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 3(3)-ൽ, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങൾ എന്ന ശീർഷകത്തിൻ കീഴിലുള്ള ഇനം (ഐ)-ൽ, "അന്തർദേശീയ" എന്നതിന് പകരം "ദേശീയ അന്തർദേശീയ" എന്നത് ചേർക്കുക.

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

210. ഖണ്ഡം 3(എ)(ii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 3(3)-ൽ, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങൾ എന്ന ശീർഷകത്തിന് താഴെയുള്ള ഇനം (ഐ)-യിൽ, "അന്തർദേശീയ നിലവാരമുള്ള കായിക താരങ്ങളെ വാർത്തെടുത്ത അല്ലെങ്കിൽ" എന്നീ വാക്കുകൾ ഒഴിവാക്കുക.

214. ഖണ്ഡം 3(എ)(ii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 3(3)-ൽ, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങൾ എന്ന ശീർഷകത്തിന് താഴെയുള്ള ഇനം (ജെ)-യിൽ, "അംഗീകൃത" എന്ന വാക്ക് ഒഴിവാക്കുക.

215. ഖണ്ഡം 3(എ) (ii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 3(3)-ൽ, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങൾ എന്ന ശീർഷകത്തിന് താഴെയുള്ള ഇനം (ജെ)-യിൽ "നാല് " എന്ന വാക്കിന് മുൻപ് "പതിനെട്ടു വയസ്സ് പൂർത്തിയായ" എന്നീ വാക്കുകൾ ചേർക്കുക.

217. ഖണ്ഡം 3(എ) (ii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 3(3)-ൽ, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന

അംഗങ്ങൾ എന്ന ശീർഷകത്തിന് താഴെയുള്ള ഇനം (കെ)-യിൽ, "സ്പോർട്സ്" എന്ന വാക്കിന് മുൻപ് "അംഗീകൃത" എന്ന വാക്ക് ചേർക്കുക.

224. ഖണ്ഡം 3 (ബി) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 3(4)-ൽ, "വൈസ്-പ്രസിഡന്റും" എന്നതിന്പകരം "വൈസ്-ചെയർപേഴ്സണും" എന്നത് ചേർക്കുക.

225. ഖണ്ഡം 3(ബി) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 3(4)-ൽ, "പ്രസിഡന്റും" എന്നതിനുപകരം "ചെയർപേഴ്സണും" എന്ന് ചേർക്കുക.

231. ഖണ്ഡം 3(ഡി) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 3(8)-ൽ, "മൂന്ന് തവണകളിൽ കൂടുതൽ" എന്നീ വാക്കുകൾക്ക് മുന്നിൽ "തുടർച്ചയായി" എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. ആർ. രാജേഷ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

211. ഖണ്ഡം 3(എ)(ii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 3(3)-ൽ, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങൾ എന്ന ശീർഷകത്തിന് താഴെയുള്ള ഇനം (ഐ)-യിൽ, "അന്തർദേശീയ നിലവാരമുള്ള കായിക താരങ്ങളെ വാർത്തെടുത്ത അല്ലെങ്കിൽ തങ്ങളുടെ നേട്ടങ്ങൾക്ക് രാജ്യത്തിന്റെ അംഗീകാരം ലഭിച്ച സ്പോർട്സ് കോച്ചുകൾക്കിടയിൽ നിന്നുള്ള രണ്ട് സ്പോർട്സ് കോച്ചുകൾ"എന്നീ വാക്കുകൾക്ക് പകരം "സ്പോർട്സ് കോച്ചുകൾക്കിടയിൽ നിന്നുള്ള "മൂന്ന്" സ്പോർട്സ് കോച്ചുകൾ" എന്നീ വാക്കുകൾ ചേർക്കുക.

216. ഖണ്ഡം 3(എ) (ii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 3(3)-ൽ, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങൾ എന്ന ശീർഷകത്തിന് താഴെയുള്ള ഇനം (ജെ)-യിൽ, "അംഗീകൃത അന്തർദേശീയ ചാമ്പ്യൻഷിപ്പുകളിൽ രാജ്യത്തെ പ്രതിനിധീകരിച്ച കായികതാരങ്ങളിൽ നിന്നുള്ള "നാല്" പ്രമുഖ കായികതാരങ്ങൾ, അവരിൽ രണ്ടു പേർ വനിതകൾ ആയിരിക്കേണ്ടതാണ്" എന്നീ വാക്കുകൾക്ക് പകരം "അഞ്ച്" പ്രമുഖ കായികതാരങ്ങൾ, അവരിൽ രണ്ടുപേർ വനിതകൾ" എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. കെ. ശിവദാസൻ നായർ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

218. ഖണ്ഡം 3(എ) (ii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 3(3)-ൽ, സർക്കാർ, നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങൾ എന്ന ശീർഷകത്തിന് താഴെയുള്ള ഇനം (കെ)-യിൽ, "രണ്ട് പേർ" എന്നതിന് പകരം "മൂന്ന് പേർ" എന്ന് ചേർക്കുക.

<u>ശ്രീ. കെ. എൻ. എ. ഖാദർ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

220. ഖണ്ഡം 3 (എ) (ii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 3(3)-ൽ, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങൾ എന്ന ശീർഷകത്തിൻ കീഴിൽ ഇനം (കെ)-യ്ക്കുശേഷം താഴെപ്പറയുന്ന ഇനം ചേർക്കുക:

"(എൽ) സംസ്ഥാനത്തോ പുറത്തോ കായികരംഗത്ത് ഫിസിയോ തെറാപ്പിസ്റ്റായി പ്രവർത്തിച്ച പരിചയമുള്ള ഒരു അംഗീകൃത മലയാളി ഫിസിയോ തെറാപ്പിസ്റ്റ്."

230. ഖണ്ഡം 3(ഡി) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 3(8)-ൽ, "മൂന്ന് തവണകളിൽ കൂടുതൽ" എന്നതിനു മുമ്പിൽ "തുടർച്ചയായി" എന്ന വാക്ക് ചേർക്കുക.

220-ാം നമ്പർ ഭേദഗതിയിൽ ഖണ്ഡം 3 (എ) (ii) പ്രകാരം ഭേദഗതി ചെയ്യുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 3(3)-ൽ, 'സംസ്ഥാന സ്പോർട്സ് കൗൺസിലിലേയ്ക്ക് സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങൾ' എന്ന ശീർഷകത്തിൽ ഒരു ഫിസിയോതെറാപ്പിസ്റ്റ് കൂടി വേണമെന്നാണ് എന്റെ ഭേദഗതി.

<u>ശ്രീ. റ്റി. വി. രാജേഷ്</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

200. ഖണ്ഡം 3(എ)(ii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 3(3)-ൽ, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങൾ എന്ന ശീർഷകത്തിൽ കീഴിൽ ഇനം(ബി) താഴെപ്പറയും പ്രകാരം മാറ്റുക:

(ബി) "നിയമസഭാ സാമാജികരിൽനിന്നുള്ള അഞ്ച് അംഗങ്ങൾ അവരിൽ ഒരാൾ വനിത ആയിരിക്കേണ്ടതാണ് "

221. ഖണ്ഡം 3 (എ) (ii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 3(3)-ൽ, സർക്കാർ, നാമനിർദ്ദേശം ചെയ്യുന്ന

അംഗങ്ങൾ എന്ന ശീർഷകത്തിൽ ഇനം (എൽ) ആയി താഴെപ്പറയുന്നത് ചേർക്കുക:

"(എൽ) സ്കൂൾ, കോളേജ് തലങ്ങളിലെ രണ്ട് വീതം കായികാധ്യാപകർ"

232. ഖണ്ഡം 3(ഡി) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 3(8)-ൽ, "മൂന്ന് തവണകളിൽ കൂടുതൽ" എന്നീ വാക്കുകൾക്ക്പകരം "തുടർച്ചയായി രണ്ട് തവണകളിൽ കൂടുതൽ" എന്നീ വാക്കുകൾ ചേർക്കുക.

അഞ്ച് അംഗങ്ങളിൽ ഒരാൾ വനിതയായിരിക്കണമെന്നാണ് എന്റെ ഭേദഗതി.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ശ്രീ. റ്റി. വി. രാജേഷ് അവതരിപ്പിച്ച 200-ാം നമ്പർ ഭേദഗതിയും ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അവതരിപ്പിച്ച 209-ാം നമ്പർ ഭേദഗതിയും അംഗീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. എ.കെ. ബാലൻ : സർ, ഞാൻ എന്റെ 187-ാം നമ്പർ ഭേദഗതിക്ക് പോൾ ആവശ്യപ്പെടുന്നു.

(ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രത്തിലെ സാങ്കേതിക തകരാറുമൂലം വോട്ട് രേഖപ്പെടുത്താൻ സാധിക്കാത്തതിനാൽ സഭാംഗങ്ങൾ രണ്ടായി പിരിഞ്ഞ് താഴെപ്പറയുംപ്രകാരം വോട്ടുരേഖപ്പെടുത്തി:)

അനുകൂലിക്കുന്നവർ :

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. കെ. അജിത്
3. ശ്രീ. എ. എം. ആരിഫ്
4. ശ്രീ. ബാബു എം. പാലിശ്ശേരി
5. ശ്രീ. എ. കെ. ബാലൻ
6. ശ്രീ. ഇ. ചന്ദ്രശേഖരൻ
7. ശ്രീ. ബി. ഡി. ദേവസ്സി
8. ശ്രീമതി ഗീതാ ഗോപി
9. ശ്രീ. ചിറ്റയം ഗോപകുമാർ
10. ശ്രീ. എം. ഹംസ

11. ഡോ. കെ. ടി. ജലീൽ
12. ശ്രീ. ജോസ് തെറ്റയിൽ
13. ശ്രീ. സി. കൃഷ്ണൻ
14. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
15. ശ്രീ. കെ കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
16. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
17. ശ്രീമതി കെ. കെ. ലതിക
18. ശ്രീ. മാത്യു റ്റി. തോമസ്
19. ശ്രീ. സി.കെ. നാണു
20. ശ്രീ. കെ. കെ. നാരായണൻ
21. ശ്രീ. പുരുഷൻ കടലുണ്ടി
22. ശ്രീ. എ. പ്രദീപ് കുമാർ
23. ശ്രീ. പി. ടി. എ. റഹീം
24. ശ്രീ. ആർ. രാജേഷ്
25. ശ്രീ. റ്റി. വി. രാജേഷ്
26. ശ്രീ. രാജു എബ്രഹാം
27. പ്രൊഫ. സി. രവീന്ദ്രനാഥ്
28. ശ്രീമതി കെ. എസ്. സലീഖ
29. ശ്രീ. കെ. സുരേഷ് കുറുപ്പ്
30. ശ്രീ. ഇ. കെ. വിജയൻ
31. ശ്രീ. കെ. വി. വിജയദാസ്

<u>പ്രതികൂലിക്കുന്നവർ</u> :

1. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
2. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
3. ശ്രീ. കെ. അച്ചുതൻ
4. ശ്രീ. അടൂർ പ്രകാശ്

5. ശ്രീ. അൻവർ സാദത്ത്
6. ശ്രീ. കെ. ബാബു
7. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
8. ശ്രീ. സി.എൻ. ബാലകൃഷ്ണൻ
9. ശ്രീ. വി. റ്റി. ബൽറാം
10. ശ്രീ. ബെന്നി ബെഹനാൻ
11. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
12. ശ്രീ. എ. റ്റി. ജോർജ്
13. ശ്രീ. ഹൈബി ഈഡൻ
14. ശ്രീമതി പി. കെ. ജയലക്ഷ്മി
15. ഡോ. എൻ. ജയരാജ്
16. ശ്രീ. കെ.സി. ജോസഫ്
17. ശ്രീ. ജോസഫ് വാഴക്കൻ
18. ശ്രീ. കെ.എൻ.എ. ഖാദർ
19. ശ്രീ. റ്റി. യു. കുരുവിള
20. ശ്രീ. ലൂഡി ലൂയിസ്
21. ശ്രീ. പി. എ. മാധവൻ
22. ശ്രീ. സി. പി. മുഹമ്മദ്
23. ശ്രീ. സി. മോയിൻകുട്ടി
24. ശ്രീ. ആര്യാടൻ മുഹമ്മദ്
25. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
26. ശ്രീ. കെ. മുരളീധരൻ
27. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
28. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

29. ശ്രീ. റോഷി അഗസ്റ്റിൻ

30. ശ്രീ. കെ. എസ്. ശബരീനാഥൻ

31. ശ്രീ. ആർ. സെൽവരാജ്

32. ശ്രീ. ഷാഫി പറമ്പിൽ

33. ശ്രീ. എൻ. ഷംസുദ്ദീൻ

34. ശ്രീ. കെ. ശിവദാസൻ നായർ

35. ശ്രീ. സണ്ണി ജോസഫ്

36. ശ്രീ. സി. എഫ്. തോമസ്

37. ശ്രീ. തോമസ് ഉണ്ണിയാടൻ

38. ശ്രീ. എം. ഉമ്മർ

39. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

40. ശ്രീ. പി. സി. വിഷ്ണുനാഥ്

41. ശ്രീ. കോവൂർ കുഞ്ഞുമോൻ

മി.സ്പീക്കർ: അനുകൂലിക്കുന്നവർ - 31

പ്രതികൂലിക്കുന്നവർ - 41

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

ശ്രീ .എ. കെ. ബാലൻ അവതരിപ്പിച്ച 187-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 181-ാം നമ്പർ ഔദ്യോഗിക ഭേദഗതിയും ശ്രീ. റ്റി. വി. രാജേഷ് അവതരിപ്പിച്ച 200-ാം നമ്പർ ഭേദഗതിയും ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അവതരിപ്പിച്ച 209-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 191, 195, 203 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 210, 214, 215, 217, 224, 225, 231 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 218-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 220, 230, എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 183-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഹംസ അവതരിപ്പിച്ച 184, 196 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 188, 189, 223, 228, 229 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മാത്യു റ്റി. തോമസ് അവതരിപ്പിച്ച 198-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. റ്റി. വി. രാജേഷ് അവതരിപ്പിച്ച 221, 232 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. വി. വിജയദാസ് അവതരിപ്പിച്ച 201, 208, 222 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ആർ. രാജേഷ് അവതരിപ്പിച്ച 211, 216 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. ബാലൻ: സർ, ഭരണപക്ഷത്തിരിക്കുന്ന പകുതി എം.എൽ.എ.മാർ പോലും ഈ നിയമത്തിന് അനുകൂലമല്ല. ഒരു നിയമമുണ്ടാക്കുമ്പോൾ പകുതി എം.എൽ.എ.മാരെങ്കിലും സഭയിൽ വേണ്ടതല്ലേ?

മി. സ്പീക്കർ: അപ്പുറത്തുള്ള എം.എൽ.എ.-മാരും സീറ്റിലില്ല. എം.എൽ.എ. മാരില്ലാത്തതിന്റെ കാരണം ചെയർ ആണോ പറയേണ്ടത്? ശ്രീ. എ. കെ. ബാലൻ, അങ്ങ് സീനിയർ മെമ്പറല്ലേ; അതിന് ചെയർ ആണോ മറുപടി പറയേണ്ടത്?

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ......

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

4-ാം വകുപ്പ്

ശ്രീമതി കെ. എസ്. സലീഖ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

236. ഖണ്ഡം 4(എ) (i) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 4(3)(i)-ൽ, "അഡ്മിനിസ്ട്രേറ്റീവ് ബോർഡിന്റേയും" എന്നീ വാക്കുകൾക്കുപകരം "തെരഞ്ഞെടുക്കപ്പെട്ട അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെയും" എന്നീ വാക്കുകൾ ചേർക്കുക.

238. ഖണ്ഡം 4(എ) (ii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 4(3)(ii)-ൽ, "അഡ്മിനിസ്ട്രേറ്റീവ് ബോർഡും" എന്നീ വാക്കുകൾക്ക് പകരം "തെരഞ്ഞെടുക്കപ്പെട്ട അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയും" എന്നീ വാക്കുകൾ ചേർക്കുക.

240. ഖണ്ഡം 4(എ) (iii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 4(3)(vi)-ൽ, "അഡ്മിനിസ്ട്രേറ്റീവ് ബോർഡിന്റെയും" എന്നീ വാക്കുകൾക്ക്പകരം "തെരഞ്ഞെടുക്കപ്പെട്ട അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെയും" എന്നീ വാക്കുകൾ ചേർക്കുക.

241. ഖണ്ഡം 4(ബി) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 4(4)-ൽ, "അഡ്മിനിസ്ട്രേറ്റീവ് ബോർഡിന്റെ" എന്നീ വാക്കുകൾക്ക് പകരം "തെരഞ്ഞെടുക്കപ്പെട്ട അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ" എന്നീ വാക്കുകൾ ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഭേദഗതികൾ ഏതെങ്കിലും സ്വീകാര്യമാണോ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഭേദഗതികൾ ഒന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 236, 238, 240, 241 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

5-ാം വകുപ്പ്

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു:

243. (എ) ഉപവകുപ്പിൽ, (സിഎ) ഖണ്ഡത്തിൽ "ഉടമസ്ഥാവകാശം" എന്ന വാക്കിന്പകരം "അവയുടെ നടത്തിപ്പ്" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

244. ഖണ്ഡം 5(എ) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(2)(സിഎ)-യിൽ, "മറ്റേതെങ്കിലും സംഘടനയോ" എന്നീ വാക്കുകൾക്ക് ശേഷം "വിദ്യാഭ്യാസ സ്ഥാപനങ്ങളോ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

245. ഖണ്ഡം 5(എ) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(2)(സിഎ)-യിൽ, "ആവശ്യത്തിനുവേണ്ടിയോ" എന്ന വാക്കിന്ശേഷം "അല്ലെങ്കിൽ" എന്ന വാക്ക് ചേർക്കുക.

246. ഖണ്ഡം 5(എ) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(2)(സിഎ)-യിൽ, "നടത്തിക്കൊണ്ടുപോകുകയോ" എന്ന വാക്കിന് പകരം "പരിപാലിച്ചുപോരുകയോ" എന്ന വാക്കുകൾ ചേർക്കുക.

247. ഖണ്ഡം 5(എ) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(2)(സിഎ)-യിൽ, "മാനേജ്മെന്റിനോ" എന്നതിന് പകരം "കൈകാര്യം ചെയ്യുന്നതിനോ" എന്ന വാക്കുകൾ ചേർക്കുക.

248. ഖണ്ഡം 5(എ) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(2)(സിഎ)-യിൽ,"സൗകര്യങ്ങൾ പരിഷ്കരിക്കുകയോ" എന്നീ വാക്കുകൾക്ക് മുൻപ് "കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ അനുമതി കൂടാതെ" എന്നീ വാക്കുകൾ ചേർക്കുക.

249. ഖണ്ഡം 5(എ) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(2)(സിഎ)-യിൽ, "ചെയ്യുന്നത്" എന്ന വാക്കിന്പകരം "ചെയ്യുകയോ," എന്ന വാക്കും ചിഹ്നവും ചേർക്കേണ്ടതാണ്.

250. ഖണ്ഡം 5(എ) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(2)(സിഎ)-ൽ, "കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ

അനുമതി കൂടാതെ" എന്നീ വാക്കുകൾ നീക്കം ചെയ്യുക.

251. ഖണ്ഡം 5(എ) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(2)(സിഎ)-ൽ, "ആവശ്യങ്ങൾക്ക്" എന്ന വാക്കിനുശേഷം വരുന്ന "വേണ്ടിയോ" എന്ന വാക്കിന്പകരം "വേണ്ടി ഉപയോഗിക്കുകയോ" എന്നീ വാക്കുകൾ ചേർക്കുക.

252. ഖണ്ഡം 5(എ) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(2)(സിഎ)-ൽ, "ഉടമസ്ഥാവകാശം" എന്ന വാക്കിനു മുൻപ് "യാതൊരു ഉപാധിയും കൂടാതെ" എന്നീ വാക്കുകൾ ചേർക്കുക.

256. ഖണ്ഡം 5(എ) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(2)(സിഎ)-യുടെ ക്ലിപ്തനിബന്ധനയിലെ "ഉദ്യോഗസ്ഥനെ കൊണ്ട്"എന്നതിന്പകരം"ഉദ്യോഗസ്ഥൻ ഉൾപ്പെടെയുള്ള മൂന്നംഗ സമിതിയെ ക്കൊണ്ട് "എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. എം. ഹംസ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

253. ഖണ്ഡം 5(എ) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(2)(സിഎ)-ൽ, "ഉടമസ്ഥാവകാശം സർക്കാരിന്" എന്നതിനുശേഷം "നിബന്ധനകൾക്ക് വിധേയമായി" എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. മോൻസ് ജോസഫ്:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

254. ഖണ്ഡം 5(എ) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(2)(സിഎ)-യുടെ ക്ലിപ്തനിബന്ധനയിൽ, "സർക്കാർ ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ കൊണ്ട്" എന്നീ വാക്കുകൾക്ക്പകരം "3 ഉദ്യോഗസ്ഥരെക്കൊണ്ട്" എന്ന അക്കവും വാക്കും ചേർക്കുക.

<u>ശ്രീ. കെ. എൻ. എ. ഖാദർ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

257. ഖണ്ഡം 5(എ) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(2)(സിഎ)-യുടെ ക്ലിപ്തനിബന്ധനയിലെ "നടത്തിപ്പിക്കേണ്ടതും" എന്നതിന്പകരം "നടത്തി ഇപ്രകാരം ബോധ്യപ്പെടേണ്ടതും" എന്ന് ചേർക്കുക.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

259. ഖണ്ഡം 5(എ) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(2) (സിഎ)-യ്ക്കുശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കുക, അതായത്:—

"(സിബി) സർക്കാർ ഏതെങ്കിലും സ്പോർട്സ് അസോസിയേഷനോ സംഘടനയ്ക്കോ, കൗൺസിലിനോ സ്പോർട്സ് സൗകര്യം ഒരുക്കുന്നതിനോ, ഓഫീസ് സൗകര്യം ഒരുക്കുന്നതിനോ സർക്കാർ ഭൂമി വിട്ടു നൽകിയിരിക്കുകയും, അത്തരം ഭൂമിയിൽ ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങളോ, നിർമ്മിതികളോ സ്പോർട്സ് ഇതര പ്രവർത്തനങ്ങൾക്ക് ദുരുപയോഗം ചെയ്യുന്നതായി കണ്ടാൽ അതിന്റെ ഉടമസ്ഥാവകാശം സർക്കാരിന് ഏറ്റെടുക്കാവുന്നതാണ്."

<u>ശ്രീ. പി. ഉബൈദുള്ള:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

260. ഖണ്ഡം 5(എ) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(2) (സിഎ)-യ്ക്കുശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കുക, അതായത്:—

"(സിബി) സർക്കാർ ഏതെങ്കിലും സ്പോർട്സ് അസോസിയേഷനോ സംഘടനയ്ക്കോ, കൗൺസിലിനോ സ്പോർട്സ് സൗകര്യം ഒരുക്കുന്നതിനോ, ഓഫീസ് സൗകര്യം ഒരുക്കുന്നതിനോ സർക്കാർ ഭൂമി വിട്ടുനൽകിയിരിക്കുകയും, അത്തരം ഭൂമിയിൽ ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങളോ, നിർമ്മിതികളോ സ്പോർട്സ് ഇതര പ്രവർത്തനങ്ങൾക്ക് ദുരുപയോഗം ചെയ്യുന്നതായി കണ്ടാൽ അതിൻെറ ഉടമസ്ഥാവകാശം സർക്കാരിന് ഏറ്റെടുക്കാവുന്നതാണ്".

<u>ശ്രീമതി കെ. എസ്. സലീഖ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

263. ഖണ്ഡം 5(ബി) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 5(3)-ൽ, "അഡ്മിനിസ്ട്രേറ്റീവ് ബോർഡിനോ" എന്ന വാക്കിന്പകരം "തെരഞ്ഞെടുക്കപ്പെട്ട അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിക്കോ" എന്നീ വാക്കുകൾ ചേർക്കുക.

<u>മി. സ്പീക്കർ:</u> ബഹുമാനപ്പെട്ട മിനിസ്റ്റർ, ഭേദഗതികൾ ഏതെങ്കിലും സ്വീകരിക്കുന്നുണ്ടോ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 243-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

എൻ. ജയരാജ് അവതരിപ്പിച്ച 244-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എം. ഉമ്മർ അവതരിപ്പിച്ച 245, 246, 247, 248, 249, 250, 251, 252, 256 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഹംസ അവതരിപ്പിച്ച 253-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 254-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 257-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 259-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 260-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 263-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്ത പ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

6-ാം വകുപ്പ്

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഞാൻ എന്റെ ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിക്കുന്നു.

264. 6-ാം വകുപ്പ് (4)-ാം ഉപവകുപ്പിന്റെ താഴെയുള്ള കുറിപ്പിൽ "മൂന്നിൽ രണ്ടും"എന്നീ വാക്കുകൾക്ക്പകരം "മൂന്നിൽ ഒന്നും" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

281. ഖണ്ഡം 6 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 6(1)(എഫ്)-ൽ,"(എ) ഇനത്തിൽ" എന്നതിന്പകരം "അംഗങ്ങളിൽ" എന്നത് ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

267. ഖണ്ഡം 6 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 6(1)-ൽ, "മേൽനോട്ടം വഹിക്കുന്നതിനായി" എന്നതിന് പകരം "മേൽനോട്ടം വഹിക്കുന്നതിനും ഭരണപരമായ ചുമതലകൾ നിർവ്വഹിക്കുന്നതിനുമായി" എന്നത് ചേർക്കുക.

270. ഖണ്ഡം 6 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 6(1) (സി)-യിൽ, "സ്പോർട്സ് വകുപ്പ്" എന്നതിന്പകരം "കായികവും യുവജനകാര്യവും വകുപ്പ്" എന്നത് ചേർക്കുക.

273. ഖണ്ഡം 6 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 6(1) (ഡി)-യിൽ, "ധനകാര്യ സെക്രട്ടറി (എക്സ്പെൻഡിച്ചർ)" എന്നതിന് പകരം "കേരള സർക്കാരിലെ ധനകാര്യ (എക്സ്പെൻഡിച്ചർ) വകുപ്പ്, സെക്രട്ടറി " എന്നത് ചേർക്കുക.

292. ഖണ്ഡം 6 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 6(2)-ൽ "കുറഞ്ഞത്" എന്ന വാക്ക് ഒഴിവാക്കുക.

302. ഖണ്ഡം 6 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 6(4)-ൽ, "ചേരേണ്ടതാണ്" എന്ന വാക്കിനുശേഷം";" എന്ന ചിഹ്നവും അതിനുശേഷം വരുന്ന "കുറിപ്പ്:" എന്നത് ഒഴിവാക്കി തുടർന്നു വരുന്നവ ക്ലിപ്തനിബന്ധനയായി ചേർക്കുക.

267-ാം നമ്പർ ഭേദഗതിയിൽ 6-ാം വകുപ്പിൽ സ്പോർട്സ് കൗൺസിലിന്റെ പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനായി ഒരു അഡ്മിനിസ്ട്രേറ്റീവ് ബോർഡ് രൂപീകരിക്കണമെന്ന് പറയുന്നുണ്ട്. മേൽനോട്ടം വഹിക്കുന്നതിനും ഭരണപരമായ ചുമതലകൾ നിർവ്വഹിക്കുന്നതിനും വേണ്ടിയാകണം ഈ അഡ്മിനിസ്ട്രേറ്റീവ് ബോർഡ് എന്ന് അർത്ഥം വരുന്നതാണ് എന്റെ ഭേദഗതി. അതുപോലതന്നെ 270 (6)(1)(സി)-ൽ ഗവൺമെന്റ് സെക്രട്ടറി സ്പോർട്സ് വകുപ്പ് എന്നാണ് ചേർത്തിട്ടുള്ളത്. എന്നാൽ സ്പോർട്സ് വകുപ്പ് എന്ന ഒരു പ്രത്യേക വകുപ്പിന് ഗവൺമെന്റ് സെക്രട്ടറി നിലവിലുള്ളതായി അറിയില്ല. കായികവും യുവജനകാര്യവും വകുപ്പ് എന്ന വകുപ്പിനുകീഴിലാണ് നിലവിൽ സ്പോർട്സ് വകുപ്പുള്ളത്. അതുകൊണ്ട് ആ രീതിയിൽ ഭേദഗതി ചെയ്യണം.

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

269. ഖണ്ഡം 6 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 6(1) (സി)-യിൽ, "ഗവൺമെന്റ് സെക്രട്ടറി, സ്പോർട്സ് വകുപ്പ്" എന്നീ വാക്കുകൾക്ക്പകരം "കായിക വകുപ്പിന്റെ ചുമതല വഹിക്കുന്ന ഗവൺമെന്റ് സെക്രട്ടറി"എന്നീ വാക്കുകൾ ചേർക്കുക.

278. ഖണ്ഡം 6 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 6(1)(ഇ)-യിൽ, "കായികവും യുവജനകാര്യവും" എന്നതിനു പകരം "കായിക" എന്നത് ചേർക്കുക.

300. ഖണ്ഡം 6 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 6(4)-ൽ, "പ്രസിഡന്റ്" എന്നതിന്പകരം "ചെയർപേഴ്സൺ" എന്ന് ചേർക്കുക.

269-ൽ ഗവൺമെന്റ് സെക്രട്ടറി, സ്പോർട്സ് വകുപ്പ് എന്നാണ് പറഞ്ഞിട്ടുള്ളത്. അത് കായിക വകുപ്പിന്റെ ചുമതല വഹിക്കുന്ന ഗവൺമെന്റ് സെക്രട്ടറി എന്നാക്കിയാൽ നല്ലതാണ്. അതുപോലെ 278-ൽ "കായികവും യുവജനകാര്യവും" എന്നത് "കായിക" എന്നാക്കണം.

<u>ശ്രീ. എം. ഹംസ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

272. ഖണ്ഡം 6 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 6(1) (സി)-യിൽ, "ഡെപ്യൂട്ടി സെക്രട്ടറിയുടെ" എന്നീ വാക്കുകൾക്ക്പകരം "ജോയിന്റ് സെക്രട്ടറിയുടെ" എന്നീ വാക്കുകൾ ചേർക്കുക.

275. ഖണ്ഡം 6 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 6(1)(ഡി)-യിൽ, "ഡെപ്യൂട്ടി സെക്രട്ടറിയുടെ" എന്നീ വാക്കുകൾക്ക്പകരം "ജോയിന്റ് സെക്രട്ടറിയുടെ" എന്നീ വാക്കുകൾ ചേർക്കുക.

294. ഖണ്ഡം 6 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 6(2)-ൽ, "കുറഞ്ഞത്" എന്നതിന്പകരം "നിർബന്ധമായും" എന്നത് ചേർക്കുക.

ശ്രീ. എ. കെ. ബാലൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

279. ഖണ്ഡം 6 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 6(1)-ൽ ഇനം (ഇ)-ക്കുശേഷം താഴെപ്പറയുന്ന ഇനം (എഫ്) ആയി ചേർക്കുകയും ശേഷിക്കുന്നവ പുനഃക്രമീകരിക്കുകയും ചെയ്യുക:

"(എഫ്) സംസ്ഥാന സ്പോർട്സ് കൗൺസിലിലെ എക്സ്-ഒഫീഷ്യോ അംഗങ്ങൾ ഒഴികെയുള്ളവരിൽനിന്ന് അവർ തെരഞ്ഞെടുക്കുന്ന എട്ടുപേർ അവരിൽ നാല് പേർ വനിതകളായിരിക്കേണ്ടതാണ് ;".

അഡ്മിനിസ്ട്രേറ്റീവ് ബോർഡ് രൂപീകരിക്കാനുള്ള തെരഞ്ഞെടുപ്പിൽ എക്സ്-ഒഫീഷ്യോ അംഗങ്ങളായി കൗൺസിലിൽ എത്തിയവരെ ഒഴിവാക്കണം. തെരഞ്ഞെടുപ്പിലൂടെ കൗൺസിലിൽ എത്തിയവരിൽ എട്ടുപേരെ തെരഞ്ഞെടുക്കണം. ബോർഡിൽ വനിതാ പ്രാതിനിധ്യം പരിമിതമാണ്. കേരളത്തിന്റെ കായികാഭി മാനങ്ങളേറെയും പെൺകുട്ടികളാണ്. അതുകൊണ്ട് ബോർഡിൽ പകുതിപ്പേർ വനിതകളായിരിക്കണം. ഇതാണ് എന്റെ ഭേദഗതി.

ശ്രീ. വി. ടി. ബൽറാം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

283. ഖണ്ഡം 6 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 6(1)(എഫ്)-ൽ, "മൂന്ന് അംഗങ്ങൾ" എന്നതിന്പകരം "രണ്ട് അംഗങ്ങൾ" എന്നത് ചേർക്കുക.

ശ്രീ. ലൂഡി ലൂയിസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

285. ഖണ്ഡം 6 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 6(1)(ജി)-യിൽ, "ഒരംഗം" എന്നതിന്പകരം "രണ്ട് അംഗങ്ങൾ" എന്നത് ചേർക്കുക.

ശ്രീ. സി. പി. മുഹമ്മദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

286. ഖണ്ഡം 6 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 6(1)(എച്ച്)-ൽ, "ഒരംഗം" എന്നതിനുപകരം "രണ്ട് അംഗങ്ങൾ" എന്നത് ചേർക്കുക.

ശ്രീ. കെ. വി. വിജയദാസ്:സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

287. ഖണ്ഡം 6 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിൽ വകുപ്പ് 6(1)(ഐ)-ൽ, "നാമനിർദ്ദേശം ചെയ്യുന്ന രണ്ടംഗങ്ങൾ, അവരിൽ ഒരാൾ വനിത ആയിരിക്കേണ്ടതാണ്" എന്നീ വാക്കുകൾക്ക് പകരം "നാമനിർദ്ദേശം ചെയ്യുന്ന നാല് അംഗങ്ങൾ, അവരിൽ ഒരാൾ വനിതയും മറ്റൊരാൾ SC/ST വിഭാഗത്തിൽ നിന്നുള്ളതു മായിരിക്കേണ്ടതാണ്" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. ആർ. രാജേഷ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

288. ഖണ്ഡം 6 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 6(1)(ഐ)-യിൽ, "രണ്ടംഗങ്ങൾ" എന്നതിന്പകരം "മൂന്ന് അംഗങ്ങൾ" എന്നത് ചേർക്കുക.

ശ്രീ. തോമസ് ഉണ്ണിയാടൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

293 ഖണ്ഡം 6 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിൽ വകുപ്പ് 6(2)-ൽ "കുറഞ്ഞത് മാസത്തിൽ ഒരു തവണയെങ്കിലും" എന്നീ വാക്കുകൾക്ക് പകരം "മാസത്തിൽ ഒരു തവണ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീമതി കെ. എസ്. സലീഖ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

296. ഖണ്ഡം 6 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിൽ വകുപ്പ് 6(2) താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുക:

"(2)തെരഞ്ഞെടുക്കപ്പെടുന്ന അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി കുറഞ്ഞത്

മാസത്തിൽ ഒരു തവണയെങ്കിലും യോഗം ചേരേണ്ടതും തുടർച്ചയായി മൂന്ന് യോഗങ്ങളിൽ പങ്കെടുക്കാത്ത അംഗങ്ങളുടെ അംഗത്വം നഷ്ടപ്പെടുന്നതുമാണ്;"

299. ഖണ്ഡം 6 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 6(3)-ൽ, "അഡ്മിനിസ്ട്രേറ്റീവ് ബോർഡ്" എന്നതിന്പകരം "തെരഞ്ഞെടുക്കപ്പെടുന്ന അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി" എന്നത് ചേർക്കുക.

304. ഖണ്ഡം 6 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിൽ വകുപ്പ് 6 (4) താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുക:

" '(4)' തെരഞ്ഞെടുക്കപ്പെടുന്ന അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി, സംസ്ഥാന സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് തീരുമാനിക്കുന്ന അങ്ങനെയുള്ള സ്ഥലത്തും സമയത്തും യോഗം ചേരേണ്ടതും മുൻയോഗങ്ങളിൽ തന്നെ അംഗങ്ങൾക്ക് അടുത്ത യോഗത്തെ സംബന്ധിച്ച് വിശദാംശങ്ങൾ പ്രസിഡന്റ് നൽകേണ്ടതുമാണ്.

306. ഖണ്ഡം 6 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 6(1) വകുപ്പ് താഴെപ്പറയും പ്രകാരം മാറ്റുക:

"6. <u>സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ തെരഞ്ഞെടുക്കപ്പെടുന്ന അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി.</u>—(1) സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കാനായി താഴെ പറയുന്ന തിരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങൾ അടങ്ങിയ ഒരു അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി സർക്കാർ രൂപീകരിക്കേണ്ടതാണ്, അതായത്:—

(എ) സംസ്ഥാന സ്പോർട്സ് കൗൺസിൽ പ്രസിഡന്റ്, അദ്ദേഹം അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ ചെയർപേഴ്സൺ ആയിരിക്കുന്നതാണ്;

(ബി) സംസ്ഥാന സ്പോർട്സ് കൗൺസിൽ വൈസ് പ്രസിഡന്റ്;

(സി) സ്പോർട്സ് വകുപ്പ് സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം നിയോഗിക്കുന്ന സ്പോർട്സ് വകുപ്പിലെ ജോയിന്റ് സെക്രട്ടറിയുടെ റാങ്കിൽ കുറയാത്ത, ഒരു ഉദ്യോഗസ്ഥൻ;

(ഡി) ധനകാര്യ വകുപ്പ് സെക്രട്ടറി (എക്സ്പെൻഡിച്ചർ) അല്ലെങ്കിൽ അദ്ദേഹം നിയോഗിക്കുന്ന ധനകാര്യ വകുപ്പിലെ ജോയിന്റ് സെക്രട്ടറിയുടെ റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ;

(ഇ) ഡയറക്ടർ, കായികവും യുവജന കാര്യവും വകുപ്പ്;

(എഫ്) സംസ്ഥാന സ്പോർട്സ് കൗൺസിലിലെ, തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളിൽനിന്നും സർക്കാർ തെരഞ്ഞെടുക്കപ്പെട്ട മൂന്ന് അംഗങ്ങളിൽ

ഒരാൾ വനിതയും ഒരാൾ പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെടുന്നവർ;

(ജി) ജില്ലാ സ്പോർട്സ് കൗൺസിലുകളിൽനിന്നും തിരഞ്ഞെടുക്കപ്പെടുന്ന ഒരംഗം;

(എച്ച്) സംസ്ഥാനത്തെ സർവ്വകലാശാലകളിൽ നിന്നുള്ള ഫിസിക്കൽ ഡയറക്ടർമാരിൽനിന്നും തിരഞ്ഞെടുക്കപ്പെടുന്ന ഒരംഗം;

(ഐ) അംഗീകൃത അന്തർദേശീയ ചാമ്പ്യൻഷിപ്പുകളിൽ രാജ്യത്തെ പ്രതിനിധീകരിച്ച കേരള കായിക താരങ്ങളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട രണ്ടംഗങ്ങൾ, അവരിൽ ഒരാൾ വനിത ആയിരിക്കേണ്ടതാണ്;

(ജെ) സംസ്ഥാന സ്പോർട്സ് കൗൺസിൽ സെക്രട്ടറി, അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ട അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ മെമ്പർ സെക്രട്ടറി ആയിരിക്കുന്നതാണ്;

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിക്കേണ്ട ആവശ്യമില്ല. ബഹുമാനപ്പെട്ട മിനിസ്റ്റർ ഏതെങ്കിലും ഭേദഗതി അംഗീകരിക്കുന്നുണ്ടോ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 278-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 270-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു. മറ്റ് ഭദഗതികൾ ഒന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ അവതരിപ്പിച്ച 264, 281 എന്നീ നമ്പർ ഔദ്യോഗിക ഭേദഗതികളും ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 278-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 270-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 267, 273, 292, 302 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 269, 300 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഹംസ അവതരിപ്പിച്ച 272, 275, 294 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 279-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. റ്റി. ബൽറാം അവതരിപ്പിച്ച 283-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. ലൂഡി ലൂയിസ് അവതരിപ്പിച്ച 285-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. പി. മുഹമ്മദ് അവതരിപ്പിച്ച 286-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. വി. വിജയദാസ് അവതരിപ്പിച്ച 287-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ആർ. രാജേഷ് അവതരിപ്പിച്ച 288-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 293-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 296, 299, 304, 306 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്തപ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>7-ാം വകുപ്പ്</u>

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>) : സർ, ഞാൻ എന്റെ ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു:

307. (1) (i)-ാം ഇനത്തിൽ "ഒഴിവാക്കേണ്ടതാണ്" എന്ന വാക്കിന്പകരം "വിട്ടുകളയേണ്ടതാണ് " എന്ന വാക്ക് ചേർക്കേണ്ടതാണ്.

(2)(ii)-ാം ഇനത്തിലെ ആദ്യവാചകത്തിന് കീഴിൽ "(എ) ഖണ്ഡത്തിന് പകരം താഴെ പറയുന്ന ഖണ്ഡവും ഇനങ്ങളും യഥാക്രമം ചേർക്കേണ്ടതാണ്, അതായത്:—" എന്നീ വാക്കുകളും അക്ഷരവും ബ്രാക്കറ്റും ചിഹ്നങ്ങളും വിട്ടുകളയേണ്ടതാണ്.

ശ്രീ. എം. ഹംസ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

308. ഖണ്ഡം 7(എ)(i) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 9(3)-ൽ, "ഒഴിവാക്കേണ്ടതാണ്;" എന്ന വാക്കിനും ചിഹ്നത്തിനും പകരം "നിലനിർത്തേണ്ടതാണ്;" എന്ന വാക്കും ചിഹ്നവും ചേർക്കുക.

318. ഖണ്ഡം 7 എ (ii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 9(3)(എ) (v)-ൽ "രണ്ടു പേർ" എന്ന വാക്കിന്പകരം "നാലുപേർ;" എന്ന വാക്ക് ചേർക്കുക.

334. ഖണ്ഡം 7(സി) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 9(4)-ൽ, "സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു പ്രസിഡന്റ് "എന്നീ വാക്കുകൾക്ക് പകരം "കൗൺസിലിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഒരു പ്രസിഡന്റ്" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. സി. മമ്മൂട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

309. ഖണ്ഡം 7(എ)(i) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 9(3)-ൽ, "ഒഴിവാക്കേണ്ടതാണ്" എന്ന വാക്കിന് പകരം "ഒഴിവാക്കേണ്ടതും ശേഷിക്കുന്ന ഭാഗത്തെ അർദ്ധവിരാമ ചിഹ്നം മാറ്റി പൂർണ്ണ വിരാമ ചിഹ്നം ചേർക്കേണ്ടതുമാണ് " എന്ന് ചേർക്കുക.

ശ്രീ. ബി. ഡി ദേവസ്സി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

315. ഖണ്ഡം 7 എ (ii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 9(3)-ൽ "നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിനുകീഴിലുള്ള (i), (ii), (iii) എന്നീ ഇനങ്ങൾ താഴെപ്പറയും പ്രകാരം മാറ്റുക:

"(i) ജില്ലയിലെ നിയമസഭാംഗങ്ങൾ എല്ലാവരും;

(ii) ജില്ലയിലെ മുനിസിപ്പൽ കോർപ്പേറഷൻ മേയർ;

(iii) ജില്ലയിലെ അംഗീകൃത കോച്ചുമാരിൽ നിന്ന് രണ്ട് പേർ;"

ശ്രീ. മോൻസ് ജോസഫ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

316. ഖണ്ഡം 7 എ (ii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 9(3)(എ)-ലെ ഇനം (ii) താഴെപ്പറയും പ്രകാരം മാറ്റുക:

"(ii) ജില്ലയിൽ മേയർ ഉണ്ടെങ്കിൽ മേയറും മുൻസിപ്പൽ കൗൺസിൽ ചെയർ പേഴ്സൺമാരിൽ നിന്ന് ഒരാൾ;"

325. ഖണ്ഡം 7(ബി)(i) പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 9(3)(ബി)(ii)-യിൽ, "ഒരു പുരുഷ കായികതാരവും ഒരു വനിതാ കായികതാരവും" എന്നതിനുപകരം "ദേശീയ, സംസ്ഥാന മത്സരങ്ങളിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയതോ, ഗോൾഡ് മെഡൽ നേടിയതോ ആയ ഒരു പുരുഷകായിക താരവും ഒരു വനിതാ കായികതാരവും" എന്ന് ചേർക്കുക.

330. ഖണ്ഡം 7(ബി) (ii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 9(3)(ബി) (iii) താഴെപ്പറയും പ്രകാരം മാറ്റുക:

"(iii) ജില്ലയിലെ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ ഏറ്റവും സീനിയറായ കായിക അദ്ധ്യാപകൻ;"

ശ്രീ. ഷാഫി പറമ്പിൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

319. ഖണ്ഡം 7 എ (ii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 9(3)(എ) (v)-ൽ "രണ്ടു പേർ" എന്ന വാക്കിനുശേഷം "അവരിൽ ഒരാൾ വനിതയുമായിക്കണം" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

320. ഖണ്ഡം 7 എ (ii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 9(3)(എ) (v)-ൽ "രണ്ടു പേർ;" എന്ന വാക്കിനും ചിഹ്നത്തിനും പകരം "രണ്ടു പേരും;" ഇതിൽ ഒരാൾ "അത്‌ലറ്റിക് ഇനങ്ങളിലും രണ്ടാമത്തെ ആൾ മറ്റേതെങ്കിലും കായിക ഇനത്തിലും

പരിശീലനം നൽകുന്ന വ്യക്തിയും ആയിരിക്കേണ്ടതാണ്;" എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

ഖണ്ഡം 7എ (ii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 9(3)(എ)(v)-ൽ ജില്ലാ സ്പോർട്സ് കൗൺസിലിലേക്ക് ജില്ലയിലെ അംഗീകൃത കോച്ചുമാരിൽനിന്നുള്ള രണ്ടുപേരെ സർക്കാരിന് നാമനിർദ്ദേശം ചെയ്യാമെന്നാണ് പറഞ്ഞിട്ടുള്ളത്. എന്നാൽ ഈ രണ്ടു കോച്ചുമാരിൽ ഒരാൾ അത്‌ലറ്റിക് ഇനങ്ങളിലെ പരിശീലകനും മറ്റെയാൾ മറ്റേതെങ്കിലും കായിക ഇനത്തിലെ പരിശീലകനുമാണെങ്കിൽ നന്നായിരിക്കും. ആ തരത്തിൽ അത് ചേർക്കണമെന്നതാണ് എന്റെ ഭേദഗതി.

ശ്രീമതി കെ. എസ്. സലീഖ :സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

322. ഖണ്ഡം 7എ (ii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 9(3)(എ)താഴെപ്പറയും പ്രകാരം മാറ്റുക:

"(എ) സർക്കാർ, തിരഞ്ഞെടുക്കപ്പെടുന്നവരിൽ നിന്നും,—

(i) ജില്ലയിലെ അസംബ്ലി നിയോജകമണ്ഡലങ്ങളെ പ്രതിനിധീകരിക്കുന്ന നിയമസഭാംഗങ്ങളിൽ നിന്നുള്ള മൂന്ന് അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതും അതിൽ ഒരു വനിത അംഗവും ഒരു പട്ടികജാതി-പട്ടികവർഗ്ഗ അംഗവും ഉണ്ടായിരിക്കേണ്ടതുമാണ്;

(ii) ജില്ലയിലുള്ള മേയർ അല്ലെങ്കിൽ മുനിസിപ്പൽ കൗൺസിൽ ചെയർപേഴ്സൺമാർക്കിടയിൽ നിന്നുള്ള ഒരാൾ;

(iii) ജില്ലയിലുള്ള ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരിൽ നിന്നുള്ള രണ്ട് അംഗങ്ങൾ അതിൽ ഒരാൾ വനിത;

(iv) ജില്ലയിലുള്ള ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരിൽനിന്ന് അവരുടെ ആകെ എണ്ണം അൻപതോ അതിൽ കുറവോ ആണെങ്കിൽ നാല് പേരും അതിൽ രണ്ട് വനിത ഉണ്ടായിരി ക്കേണ്ടതും അൻപതിൽ കൂടുതലാണെങ്കിൽ ആറു പേരും അതിൽ മൂന്ന് വനിതയും ഉണ്ടായിരിക്കേണ്ടതുമാണ്;

(v) ജില്ലയിലെ അംഗീകൃത കോച്ചുമാരിൽ നിന്നുള്ള രണ്ടു പേർ അതിൽ ഒരാൾ വനിത ആയിരിക്കേണ്ടതാണ്;

329. ഖണ്ഡം 7(ബി) (ii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 9(3)(ബി) (iii)-ൽ, "ഒരു കായിക അദ്ധ്യാപകൻ;" എന്നീ വാക്കുകൾക്കുപകരം "തെരഞ്ഞെടുക്കപ്പെടുന്ന രണ്ട് കായിക അദ്ധ്യാപകരിൽ ഒരു വനിത."; എന്നീ വാക്കുകൾ ചേർക്കുക.

335. ഖണ്ഡം 7(സി) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 9(4) താഴെപ്പറയും പ്രകാരം മാറ്റുക:

" (4) ജില്ലാ സ്പോർട്സ് കൗൺസിൽ അംഗങ്ങളിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഒരു പ്രസിഡന്റ് ഉണ്ടായിരിക്കേണ്ടതാണ്.";

ശ്രീ. ആർ. രാജേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

323. ഖണ്ഡം 7(ബി)(i) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 9(3)(ബി)(ii)-യിൽ, "ഒരു വിദ്യാർത്ഥിയും ഒരു വിദ്യാർത്ഥിനിയും" എന്നീ വാക്കുകൾക്ക് പകരം "മൂന്ന് കായിക താരങ്ങൾ-ഇതിലൊരാൾ വനിതയാകണം" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ. സുരേഷ് കുറുപ്പ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

326. ഖണ്ഡം 7(ബി)(i) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 9(3)(ബി)(ii)-യിൽ, "ഒരു വിദ്യാർത്ഥിയും ഒരു വിദ്യാർത്ഥിനിയും" എന്നീ വാക്കുകൾക്ക് ശേഷം "ഒരു പുരുഷ കായികതാരവും, ഒരു വനിതാ കായികതാരവും" എന്നീ വാക്കുകൾ ചേർക്കുക.

331. ഖണ്ഡം 7(ബി) (ii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 9(3)(ബി) (iii) ചുവടെ ചേർക്കും പ്രകാരം മാറ്റുക:

(iii) "ജില്ലയിലെ സ്കൂളുകളിൽനിന്നും, കോളേജുകളിൽ നിന്നും ഉള്ള ഓരോ കായിക അദ്ധ്യാപകർ"

326-ൽ ഒരു വിദ്യാർത്ഥിയും ഒരു വിദ്യാർത്ഥിനിയും എന്നീ വാക്കുകൾക്ക് ശേഷം ഒരു പുരുഷ കായികതാരവും ഒരു വനിതാ കായികതാരവും എന്നാണ് മാറ്റിയിട്ടുള്ളത്. അതിനകത്ത് വിദ്യാർത്ഥിയും വിദ്യാർത്ഥിനിയും മാറ്റരുത് എന്നാണ് എന്റെ ഭേദഗതി. പുരുഷ കായികതാരവും വനിതാ കായികതാരവുമുള്ളപ്പോൾ തന്നെ നേരത്തെയുണ്ടായിരുന്നതുപോലെ ഒരു വിദ്യാർത്ഥിയും വിദ്യാർത്ഥിനിയും അതിനകത്തുണ്ടാകണം. അതുപോലെ 331-ൽ ജില്ലയിലെ സ്കൂളുകളിൽനിന്നും

കോളേജുകളിൽനിന്നും ഉള്ള ഓരോ കായിക അദ്ധ്യാപകർ എന്നാക്കണം. ഇതിൽ സ്കൂളിൽ നിന്ന് മാത്രമാണുള്ളത്. കോളേജിൽ നിന്നുള്ള കായിക അദ്ധ്യാപകരും അതിനകത്ത് വരണം.

ശ്രീ. വി. ടി. ബൽറാം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

327. ഖണ്ഡം 7(ബി)(i) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 9(3)(ബി)(ii)-യിൽ, "ഒരു പുരുഷ കായികതാരവും ഒരു വനിതാ കായികതാരവും" എന്നീ വാക്കുകൾക്കുപകരം "രണ്ട് കായികതാരങ്ങൾ, അതിൽ ഒരാൾ വനിത ആയിരിക്കേണ്ടതാണ്" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

328. ഖണ്ഡം 7(ബി) (ii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 9(3)(ബി) (iii)-ൽ "സ്കൂളുകളിൽ" എന്ന വാക്ക് ഒഴിവാക്കുക.

ഡോ. കെ. ടി. ജലീൽ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

332. ഖണ്ഡം 7(ബി) (ii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 9(3)(ബി) (iii)-നു ശേഷം താഴെപ്പറയുന്നത് ചേർക്കുക, അതായത്:—

"(iv) കായിക മത്സരത്തിലോ കളികളിലോ അന്തർദേശീയ തലത്തിലോ ദേശീയതലത്തിലോ നേട്ടങ്ങൾ കൈവരിച്ചിട്ടുള്ള വിരമിച്ചതോ അല്ലാത്തതോ ആയ കായിക താരങ്ങളിൽ നിന്ന് രണ്ടു പേർ; "

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

340. ഖണ്ഡം 7(ഡി) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 9(7)-ൽ "മൂന്ന്" എന്ന വാക്കിന് മുമ്പായി "തുടർച്ചയായി" എന്ന വാക്ക് ചേർക്കുക.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി:സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

341. ഖണ്ഡം 7(ഡി) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 9(7)-ൽ, "എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്" എന്നതിനു പകരം "എന്നീ വാക്കുകൾ ചേർക്കേണ്ടതും", "തെരഞ്ഞെടുക്കപ്പെട്ടുവാൻ" എന്ന വാക്കിന്പകരം "തെരഞ്ഞെടുക്കപ്പെടാനോ, നാമനിർദ്ദേശം ചെയ്യപ്പെടാനോ എന്ന് ചേർക്കേണ്ടതുമാണ്" എന്നത് ചേർക്കുക

മി. സ്പീക്കർ : മറ്റ് ഭേദഗതികൾ അവതരിപ്പിക്കേണ്ട ആവശ്യമില്ല. ബഹുമാനപ്പെട്ട മന്ത്രി, ഏതെങ്കിലും ഭേദഗതി അംഗീകരിക്കുന്നുണ്ടോ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 326-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച മറ്റ് ഭേദഗതികൾ ഒന്നും സ്വീകരിക്കുന്നില്ല. 307-ാം നമ്പർ ഔദ്യോഗിക ഭേദഗതിയും ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 326-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എം. ഹംസ അവതരിപ്പിച്ച 308, 318, 334 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 309-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. ബി. ഡി. ദേവസ്സി അവതരിപ്പിച്ച 315-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 316, 325, 330 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഷാഫി പറമ്പിൽ അവതരിപ്പിച്ച 319-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 320-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 322, 329, 335 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ആർ. രാജേഷ് അവതരിപ്പിച്ച 323- ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 331-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. ടി. ബൽറാം അവതരിപ്പിച്ച 327-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 328-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ഡോ. കെ. ടി. ജലീൽ അവതരിപ്പിച്ച 332-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 340-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി അവതരിപ്പിച്ച 341-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്തപ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

3.00 PM]

8 -ാം വകുപ്പ്

ശ്രീമതി കെ. എസ്. സലീഖ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

345. ഖണ്ഡം 8 (എ) ഒഴിവാക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

346. ഖണ്ഡം 8(എ) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 11(i)-ൽ, "ചെയർമാനും പ്രസിഡന്റും" എന്നീ വാക്കുകൾക്കു പകരം "ചെയർമാനും വൈസ് -ചെയർമാനും" എന്നീ വാക്കുകൾ ചേർക്കുക.

351. ഖണ്ഡം 8(ബി) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 11(i)-ൽ, "ആറ്" എന്ന അക്കത്തിനുപകരം "7" എന്ന അക്കം ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

348. ഖണ്ഡം 8(എ) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 11(i)-ൽ, "ചെയർമാനും" എന്ന വാക്കിന്പകരം "ചെയർപേഴ്സണും" എന്ന വാക്ക് ചേർക്കുക.

349. ഖണ്ഡം 8(എ) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 11(i)-ൽ, "പ്രസിഡന്റും" എന്ന വാക്കിനുപകരം "വൈസ്-ചെയർ പേഴ്സണും" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. റ്റി. വി. രാജേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

350. ഖണ്ഡം 8 (ബി) ഒഴിവാക്കുക.

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

352. ഖണ്ഡം 8(ബി) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 11(i) താഴെപ്പറയും പ്രകാരം മാറ്റുക:

"(1) ജില്ലാ സ്പോർട്സ് കൗൺസിലിന് അതിന്റെ പ്രസിഡന്റും വൈസ്- പ്രസിഡന്റും സെക്രട്ടറിയും എക്സ്-ഒഫീഷ്യോ അംഗങ്ങൾ ഒഴികെയുള്ളവർ അവർക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന മൂന്ന് വനിതകൾ ഉൾപ്പെടെയുള്ള ആറുപേർ ഉൾപ്പെടുന്ന എക്സിക്യൂട്ടീവ് കമ്മിറ്റി ഉണ്ടായിരിക്കുന്നതാണ്."

ജില്ലാ സ്പോർട്സ് കൗൺസിൽ എക്സിക്യൂട്ടീവ് രൂപീകരിക്കുമ്പോൾ എക്സ്

ഒഫീഷ്യോ അംഗങ്ങളെ ഒഴിവാക്കി തെരഞ്ഞെടുക്കപ്പെട്ടവരിൽ നിന്നും തെരഞ്ഞെടുപ്പിലൂടെ ആറുപേരെ തെരഞ്ഞെടുക്കണം. അതിൽ മൂന്നുപേർ വനിതകളായിരിക്കണ മെന്നതാണ് എന്റെ ഭേദഗതി. സ്ത്രീകളാണ് ഈ രംഗത്ത് കൂടുതലുള്ളത്. അവർക്ക് പകുതി പ്രാതിനിധ്യം ആവശ്യമാണ്. ഇത് സ്വീകരിക്കുന്നതായിരിക്കും നല്ലത്. അല്ലെങ്കിൽ ഞാൻ വോട്ട് ആവശ്യപ്പെടും. വെറുതെ സമയം കളയണ്ട.

മി. സ്പീക്കർ: ഭീഷണിയാണോ? ബഹുമാനപ്പെട്ട മന്ത്രി ഏതെങ്കിലും ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഒരു സഭ ഭീഷണിക്ക് കീഴടങ്ങാമോ? ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ഈ ഭേദഗതിക്ക് വോട്ടിംഗ് ആവശ്യമുണ്ടോ, നമുക്ക് ശബ്ദവോട്ടോടുകൂടി നിരാകരിക്കാം.

ബഹുമാനപ്പെട്ട ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 352-ാം നമ്പർ ഭേദഗതിയെ

അനുകൂലിക്കുന്നവർ....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 345-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 346, 351 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 348, 349 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. റ്റി. വി. രാജേഷ് അവതരിപ്പിച്ച 350-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

8 -ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

8 -ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

9 -ാം വകുപ്പ്

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

355. ഖണ്ഡം 9 പ്രകാരം ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 12-ൽ "ചെയർമാൻ" എന്ന വാക്കിന് പകരം "ചെയർപേഴ്സൺ" എന്ന വാക്ക് ചേർക്കുക.

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 355-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

10-ാം വകുപ്പ്

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

358. ഖണ്ഡം 10 പ്രകാരം ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 13(1)-ൽ, "ചെയർമാൻ" എന്നതിന് പകരം "ചെയർപേഴ്സൺ" എന്ന് ചേർക്കുക.

360. ഖണ്ഡം 10 പ്രകാരം ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 13 (2)-ൽ, 'ചെയർമാന്റെ' എന്നതിന് പകരം "ചെയർപേഴ്സന്റെ" എന്ന് ചേർക്കുക.

361. ഖണ്ഡം 10 പ്രകാരം ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 13 (2)-ൽ, "പ്രസിഡന്റ്" എന്നതിന് പകരം "വൈസ്-ചെയർപേഴ്സൺ" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഏതെങ്കിലും ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 358, 360, 361 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

11-ാം വകുപ്പ്

ശ്രീമതി കെ. എസ്. സലീഖ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

363. ഖണ്ഡം 11(എ) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 14(1)-ൽ, "അഡ്മിനിസ്ട്രേറ്റീവ് ബോർഡിന്റെ" എന്നതിന് പകരം "തെരഞ്ഞെടുക്കപ്പെട്ട അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ" എന്നും "സെക്ഷൻ ഓഫീസറുടെ" എന്നതിനുപകരം "അണ്ടർ സെക്രട്ടറിയുടെ" എന്നും "ഡെപ്യൂട്ടേഷൻ അഥവാ സെലക്ഷൻ വഴി" എന്നതിനുപകരം "ഡെപ്യൂട്ടേഷൻ വഴി" എന്നും ചേർക്കുക.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

365. ഖണ്ഡം 11(എ) പ്രകാരം പകരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 14(1)-ൽ, "സെക്ഷൻ ഓഫീസറുടെ" എന്നീ വാക്കുകൾക്കു പകരം "അണ്ടർ സെക്രട്ടറിയുടെ" എന്നീ വാക്കുകൾ ചേർക്കുക.

368. ഖണ്ഡം 11(എ) പ്രകാരം പ്രധാന ആക്ടിന് പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 14(1)-ൽ, "അസിസ്റ്റന്റ് സെക്രട്ടറിയുടെ പദവിയിലോ" എന്ന വാക്കുകൾക്ക് പകരം "സമാന പദവിയിലോ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എം. ഹംസ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

369. ഖണ്ഡം 11 (എ) പ്രകാരം പ്രധാന ആക്ടിനു പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 14(1)-ൽ, "ഡെപ്യൂട്ടേഷൻ അഥവാ സെലക്ഷൻവഴി" എന്നീ

വാക്കുകൾക്ക് പകരം "അന്യത്രസേവന വ്യവസ്ഥയിൽ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

372. ഖണ്ഡം 11(എ) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 14(1)-ന്റെ ക്ലിപ്തനിബന്ധനയിൽ "അഞ്ചിൽ" എന്നതിന് പകരം "ഏഴിൽ" എന്ന് ചേർക്കുക.

374. ഖണ്ഡം 11(സി)പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെവകുപ്പ് 14(3)-ൽ, "ചെയർമാൻ" എന്നതിനുപകരം "ചെയർപേഴ്സൺ" എന്ന് ചേർക്കുക

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഏതെങ്കിലും ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 363-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 365, 368 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഹംസ അവതരിപ്പിച്ച 369-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 372, 374 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

12-ാം വകുപ്പ്

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി

(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു:

375. 30-ാം വകുപ്പിന്റെ (6), (7), (8) എന്നീ ഉപവകുപ്പുകൾ യഥാക്രമം അതിന്റെ (7), (8), (9) ഉപവകുപ്പുകളായി പുനരക്കം ചെയ്യേണ്ടതും അങ്ങനെ പുനരക്കം ചെയ്ത (7)-ാം ഉപവകുപ്പിന് മുമ്പായി താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതുമാണ്, അതായത് :—

" (6) ഈ വകുപ്പിൽ പരാമർശിച്ച പ്രകാരമുള്ള തർക്കങ്ങൾ പരിഹരിക്കുന്നതിന്, അതത് സംഗതിപോലെ, സംസ്ഥാന തർക്ക പരിഹാരസമിതിക്ക് അഥവാ ജില്ലാതല തർക്കപരിഹാര സമിതികൾക്ക്, ഒരു വ്യവഹാരത്തിന്റെ വിചാരണ നടത്തുമ്പോൾ 1908-ലെ സിവിൽ നടപടി നിയമ സംഹിത (1908-ലെ 5-ാം കേന്ദ്ര ആക്റ്റ്) പ്രകാരം ഒരു സിവിൽ കോടതിക്ക് വിനിയോഗിക്കാവുന്ന അതേ അധികാരങ്ങൾ ഉണ്ടായിരിക്കുന്നതും പ്രസ്തുത സമിതികളുടെ ഉത്തരവുകൾക്ക് ഒരു സിവിൽ കോടതി പുറപ്പെടുവിച്ച ഒരു ഡിക്രിയുടെ പ്രാബല്യം ഉണ്ടായിരിക്കുന്നതും ആയത് അധികാരിതയുള്ള സിവിൽ കോടതി മുഖേന നടപ്പാക്കാവുന്നതുമാണ്."

ശ്രീ. കെ. എൻ. എ. ഖാദർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

377. ഖണ്ഡം 12 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 30-ൽ,—

(i) ഉപവകുപ്പ് (1)-ന് ശേഷം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കുക:

"എന്നാൽ, സംസ്ഥാന തർക്കപരിഹാര സമിതി, ഈ ആക്ടിലെ 30(3) വകുപ്പ് പ്രകാരം രൂപീകൃതമാകുന്ന ജില്ലാതല തർക്ക പരിഹാര സമിതിയുടെ തീരുമാനത്തിനെതിരായി സമർപ്പിക്കപ്പെടുന്ന അപ്പീലുകളിന്മേൽ തീരുമാനമെടുക്കേണ്ടതുമാണ് ."

(ii) ഉപവകുപ്പ് (2) (എ)-യിലെ "സ്പോർട്സ് വകുപ്പിലെ" എന്നീ വാക്കുകൾ ഒഴിവാക്കുക.

379. ഖണ്ഡം 12 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 30(2)(എ)-യിൽ, "സ്പോർട്സ് വകുപ്പിലെ" എന്നത് ഒഴിവാക്കുക.

389. ഖണ്ഡം 12 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 30(2)(സി) താഴെ പ്പറയും പ്രകാരം മാറ്റുക:

"(സി) സംസ്ഥാനത്തെ കായിക രംഗത്ത് മികവ് തെളിയിച്ച ഒരു

വ്യക്തി ;"

394. ഖണ്ഡം 12 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 30(3)-ൽ, "ഉണ്ടാകുന്ന തർക്കം" എന്നതിന് മുൻപിലായി "ജില്ലാ സ്പോർട്സ് കൗൺസിലും ഏതെങ്കിലും സ്പോർട്സ് സംഘടനയും തമ്മിലോ ജില്ലാ സ്പോർട്സ് കൗൺസിലും ഏതെങ്കിലും സ്പോർട്സ് ക്ലബ്ബും തമ്മിലോ ഏതെങ്കിലും സ്പോർട്സ് സംഘടനയും സ്പോർട്സ് ക്ലബ്ബും തമ്മിലോ ഏതെങ്കിലും സ്പോർട്സ് ക്ലബ്ബും താരവും തമ്മിലോ" എന്നത് ചേർക്കുക.

403. ഖണ്ഡം 12 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 30(4)(സി)-യിൽ, "സംസ്ഥാന-ദേശീയ തലത്തിലെ മത്സരങ്ങളിൽ" എന്നതിനുപകരം "സംസ്ഥാന തലത്തിലെയെങ്കിലും കായിക മത്സരങ്ങളിൽ" എന്ന് ചേർക്കുക.

409. ഖണ്ഡം 12 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 30(5)-ൽ, "തീരുമാനംമൂലം സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും" എന്നത് "തീരുമാനത്തിൽ അതൃപ്തിയുള്ള പരാതിക്കാരനും" എന്ന് ചേർക്കുക.

418. ഖണ്ഡം 12 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 30(8)-ൽ, "ഉത്തരവുമൂലം സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും" എന്നതിനുപകരം "ഉത്തരവിൽ അതൃപ്തിയുള്ള പരാതിക്കാരനും" എന്നു ചേർക്കുക.

409-ാമത്തെ ഭേദഗതി, പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 30(5)ൽ ജില്ലാതല തർക്കപരിഹാര സമിതിയുടെ തീരുമാനം മൂലം സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും സംസ്ഥാന തർക്ക പരിഹാര സമിതി മുമ്പാകെ അപ്പീൽ സമർപ്പിക്കാമെന്ന് സൂചിപ്പിക്കുന്നു. ഈ തീരുമാനത്തിൽ 'അതൃപ്തിയുള്ള പരാതിക്കാരന് ' എന്ന് മാറ്റം വരുത്തണം. സങ്കടം എന്നതിനു പകരം ഗ്രീവൻസസ് എന്ന ഇംഗ്ലീഷ് വാക്കിന് മലയാളം വരുത്തിയതാണ്. മലയാളത്തിൽ ആകുമ്പോൾ അതൃപ്തിയുള്ള പരാതിക്കാരന് എന്നാക്കുന്നതാകും നല്ലത്.

<u>ശ്രീ. കെ. ശിവദാസൻ നായർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

380. ഖണ്ഡം 12 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 30(2) (എ)-യിൽ, " ജോയിന്റ് സെക്രട്ടറി" എന്നതിനു പകരം "ഡെപ്യൂട്ടി സെക്രട്ടറി" എന്ന് ചേർക്കുക.

ശ്രീ. എം. ഉമ്മർ :സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

383. ഖണ്ഡം 12 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 30(2)(എ)-യിൽ, "ചെയർമാൻ" എന്നതിനു പകരം "ചെയർപേഴ്സൺ" എന്ന് ചേർക്കുക.

391. ഖണ്ഡം 12 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 30(2)(സി) താഴെപ്പറയും പ്രകാരം മാറ്റുക:

" (സി) ദേശീയതലത്തിലെ മത്സരങ്ങളിൽ പങ്കെടുത്ത് അംഗീകാരം ലഭിച്ച ഒരു സ്പോർട്സ് വിദഗ്ദ്ധൻ."

393. ഖണ്ഡം 12 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 30(2)(സി)-യ്ക്കുശേഷം താഴെപ്പറയുന്ന ഇനം ചേർക്കുക:

" (ഡി) മൂന്ന് വർഷത്തിൽ കുറയാതെ ബാർ പ്രാക്ടീസുള്ള ഒരു അഭിഭാഷകൻ."

398. ഖണ്ഡം 12 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 30(4)(എ)-യിൽ, "ജില്ലയിലെ" എന്ന വാക്കിനു മുൻപ് "റവന്യൂ" എന്ന് ചേർക്കുക.

405. ഖണ്ഡം 12 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 30(4)(സി)-യിൽ, "സംസ്ഥാന" എന്നതിനുശേഷം വരുന്ന" ദേശീയ" എന്ന ചിഹ്നവും വാക്കും ഒഴിവാക്കുക.

415. ഖണ്ഡം 12 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 30(7)-ൽ, "2015-ലെ കേരള സ്പോർട്സ് (ഭേദഗതി) ഓർഡിനൻസ് (2015-ലെ12) പ്രാബല്യത്തിൽ വന്ന" എന്നതിനു പകരം"2015 സെപ്റ്റംബർ 18-ാം " എന്നു ചേർക്കുക.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

387. ഖണ്ഡം 12 പ്രകാരം പ്രധാന ആക്റ്റിന്റെ 30-ാം വകുപ്പിന് പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 30(2)(സി)-യിൽ, "ഒരു സ്പോർട്സ് വിദഗ്ധൻ" എന്നീ വാക്കുകൾക്ക് പകരം "രണ്ട് സ്പോർട്സ് വിദഗ്ധർ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീമതി കെ. എസ്. സലീഖ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

388. ഖണ്ഡം 12 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 30(2)(സി) താഴെപ്പറയും പ്രകാരം മാറ്റുക:

"(സി) രണ്ട് സ്പോർട്സ് വിദഗ്ദ്ധർ അതിൽ ഒരാൾ വനിത"

395. ഖണ്ഡം 12 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 30(3)-ൽ, "നാമനിർദ്ദേശം മുഖേന" എന്നീ വാക്കുകൾക്ക് പകരം "തെരഞ്ഞെടുക്കപ്പെട്ടവർ മുഖേന" എന്നീ വാക്കുകൾ ചേർക്കുക.

406. ഖണ്ഡം 12 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 30(4)താഴെപ്പറയുംപ്രകാരം മാറ്റുക:

"(4) ജില്ലാതല തർക്ക പരിഹാര സമിതിയിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:

(എ) ജില്ലയിലെ സീനിയറായ ഒരു ഡെപ്യൂട്ടി കളക്ടർ-ചെയർമാൻ;

(ബി) കുറഞ്ഞത് പത്ത് വർഷം ബാർ പ്രാക്ടീസുള്ള പ്രാക്ടീസ് ചെയ്തു വരുന്ന ഒരു അഭിഭാഷകൻ;

(സി) ജില്ല-സംസ്ഥാന-ദേശീയ തലത്തിലെ മത്സരങ്ങളിൽ പങ്കെടുത്ത് സമ്മാനാർഹരായ ജില്ലയിലെ രണ്ട് സ്പോർട്സ് താരം അതിൽ ഒരാൾ വനിത;

(ഡി) ജില്ലയിലെ അസംബ്ലി നിയോജകമണ്ഡലങ്ങളെ പ്രതിനിധീകരിക്കുന്ന അംഗങ്ങളാൽ തെരഞ്ഞെടുക്കപ്പെടുന്ന ഒരു നിയമസഭാംഗം ;"

413. ഖണ്ഡം 12 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 30(5)-ൽ, "അപ്പീൽ ബോധിപ്പിക്കാവുന്നതാണ്"എന്നീ വാക്കുകൾക്ക് പകരം " അപ്പീൽ ബോധിപ്പിക്കാവുന്നതും സംസ്ഥാന തർക്കപരിഹാര സമിതിയുടെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്." എന്ന് ചേർക്കുക.

എന്റെ 388-ാം നമ്പർ ഭേദഗതിയിൽ ഒരു സ്പോർട്സ് വിദഗ്ദ്ധൻ എന്നതിനു പകരം രണ്ട് സ്പോർട്സ് വിദഗ്ദ്ധർ അതിൽ ഒരാൾ വനിത എന്നാക്കണമെന്ന അഭിപ്രായമുണ്ട്.

ശ്രീ. മോൻസ് ജോസഫ് :സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

390. ഖണ്ഡം 12 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 30(2)(സി) താഴെ പറയും പ്രകാരം മാറ്റുക:

"(സി) സ്പോർട്സ് രംഗത്ത് 25 വർഷത്തെ പ്രാവീണ്യമുള്ള ഒരാൾ"

400. ഖണ്ഡം 12 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 30(4)(ബി)-യിൽ, "കുറഞ്ഞത് മൂന്നുവർഷം ബാർ പ്രാക്ടീസുള്ള പ്രാക്ടീസ് ചെയ്തുവരുന്ന" എന്നതിനുപകരം "5 വർഷം ബാർ പ്രാക്ടീസുള്ള" എന്ന് ചേർക്കുക.

404. ഖണ്ഡം 12 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 30(4)(സി)-യിൽ, "സംസ്ഥാന-ദേശീയ തലത്തിലെ മത്സരങ്ങളിൽ പങ്കെടുത്തിട്ടുള്ളതോ അംഗീകാരം നേടിയിട്ടുള്ളതോ" എന്നതിനു പകരം "മത്സരങ്ങളിൽ പങ്കെടുത്ത് ഒന്നാം സ്ഥാനം നേടിയതോ സ്വർണ്ണ മെഡൽ നേടിയതോ" എന്ന് ചേർക്കുക.

420. ഖണ്ഡം 12 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 30(8)-ൽ, "അപ്പലേറ്റ് ട്രൈബ്യൂണൽ മുൻപാകെ അപ്പീൽ ഫയൽ ചെയ്യാവുന്നതാണ്" എന്നതിനുപകരം "30 ദിവസത്തിനകം അപ്പീൽ ഫയൽ ചെയ്യാവുന്നതാണ്" എന്ന് ചേർക്കുക.

ശ്രീ. റ്റി. വി. രാജേഷ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

392. ഖണ്ഡം 12 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 30(2)(സി)-യ്ക്കുശേഷം താഴെപ്പറയുന്ന ഇനം ചേർക്കുക:

"(ഡി) കായികാധ്യാപക മേഖലയിൽ നിന്നുള്ള ഒരു അംഗം."

ശ്രീ. എം. ഹംസ :സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

399. ഖണ്ഡം 12 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 30(4)(എ)-യിൽ, "ഒരു ഡെപ്യൂട്ടി കളക്ടർ" എന്നതിനുപകരം "ഡെപ്യൂട്ടി കളക്ടർ (ജനറൽ)"എന്ന് ചേർക്കുക.

410. ഖണ്ഡം 12 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 30(5)-ൽ, "നിർണ്ണയിക്കപ്പെടാവുന്ന സമയത്തിനുള്ളിലും" എന്നതിനു പകരം "മുപ്പത് ദിവസങ്ങൾക്കകം" എന്ന് ചേർക്കുക.

ശ്രീ. എം. എ. വാഹിദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

401. ഖണ്ഡം 12 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 30(4)(ബി)-യിൽ, "മൂന്ന് വർഷം" എന്നതിന്പകരം "നാല് വർഷം" എന്ന് ചേർക്കുക.

ശ്രീ. ആർ. രാജേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

402. ഖണ്ഡം 12 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 30(4)(ബി)-യിൽ, "മൂന്ന് വർഷം" എന്നതിനുപകരം "അഞ്ച് വർഷം" എന്ന് ചേർക്കുക.

407. ഖണ്ഡം 12 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 30(4) (സി)-യ്ക്കുശേഷം താഴെപ്പറയുന്ന ഇനം ചേർക്കുക:

" (ഡി) സംസ്ഥാന-ദേശീയ തലത്തിൽ മത്സരങ്ങൾ നിയന്ത്രിച്ചിട്ടുള്ള അംഗീകാരമുള്ള, ജില്ലയിലെ ഒരു ഒഫീഷ്യൽ."

407- ൽ (ഡി) ഒരു ഉപവകുപ്പ് കൂടി ചേർക്കണം. സംസ്ഥാന ദേശീയ തലത്തിൽ മത്സരങ്ങൾ നിയന്ത്രിച്ചിട്ടുള്ള അംഗീകാരമുള്ള ജില്ലയിലെ ഒരു ഒഫീഷ്യൽ കൂടി വരണമെന്ന ഭേദഗതി കൂട്ടിച്ചേർക്കണം.

ശ്രീ. ബെന്നി ബെഹനാൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

408. ഖണ്ഡം 12 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 30(4) (സി)-യ്ക്കുശേഷം താഴെപ്പറയുന്ന ഇനം ചേർക്കുക:

" (ഡി) അന്തർദേശീയ, ദേശീയ തലത്തിലെ മത്സരങ്ങളിൽ പങ്കെടുത്തിട്ടുള്ളവർ, അംഗീകാരം നേടിയിട്ടുള്ളവർ ആയ ഒരു സ്പോർട്സ് താരം."

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

419. ഖണ്ഡം 12 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 30(8)-ൽ, "നിർണ്ണയിക്കപ്പെടാവുന്ന സമയത്തിനുള്ളിലും അങ്ങനെയുള്ള രീതിയിലും" എന്നതിന്പകരം "ഉത്തരവ് കൈപ്പറ്റി രണ്ട് മാസത്തിനകം" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഏതെങ്കിലും ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോഴ്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഔദ്യോഗിക ഭേദഗതി മാത്രം അംഗീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല. അതിനകത്ത് അപ്പീൽ

പ്രൊവിഷൻ ഉണ്ട്. സന്തോഷമായാലും സങ്കടമായാലും അപ്പീൽ കൊടുക്കണമെന്ന് തോന്നിയാൽ അപ്പീൽ കൊടുക്കാം. അതിനുള്ള അപ്പീൽ പ്രൊവിഷനാണ് കൊടുത്തിരിക്കുന്നത്. ഇന്ന രൂപത്തിലുള്ള സങ്കടം എന്ന പ്രശ്നമില്ല. അപ്പീൽ പ്രൊവിഷനുള്ളതുകൊണ്ട് ഈ ഭേദഗതിയുടെ ആവശ്യമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഒദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ......

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 377, 379, 389, 394, 403, 409, 418 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 380-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 383, 391, 393, 398, 405, 415 നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 387-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 388, 395, 406, 413 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 390, 400, 404, 420 എന്നീ നമ്പർ എന്നി ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. റ്റി. വി. രാജേഷ് അവതരിപ്പിച്ച 392-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഹംസ അവതരിപ്പിച്ച 399, 410 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. എ. വാഹീദ് അവതരിപ്പിച്ച 401-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ആർ. രാജേഷ് അവതരിപ്പിച്ച 402, 407 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 408-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 419-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള 12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 12-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

13-ാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, താഴെപ്പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു:

425. ഖണ്ഡം 13 (ബി) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 31(1 എ)(i)-ൽ, " അത് സ്പോർട്സ് വികസനത്തിനായി മാത്രം" എന്നതിന് പകരം "ഇപ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന സ്ഥാപനം പ്രധാനമായും സ്പോർട്സ് വികസനത്തിന് വേണ്ടി" എന്നത് ചേർക്കുക.

426. ഖണ്ഡം 13 (ബി) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 31(1 എ)(ii)-ൽ, "അതിന്റെ" എന്ന വാക്കിന് മുൻപായി "ഇപ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന സ്ഥാപനം" എന്നീ വാക്കുകൾ ചേർക്കുക.

433. ഖണ്ഡം 13(ബി) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 31(1 എ)(ii)-ൽ, "എഴുതി തയ്യാറാക്കിയ" എന്ന വാക്കുകൾക്ക് ശേഷം "അംഗീകരിക്കപ്പെട്ട" എന്ന വാക്ക് ചേർക്കുക.

രജിസ്ട്രേഷന് അപേക്ഷിക്കുന്ന സ്പോർട്സ് സംഘടനയ്ക്ക് എന്തെല്ലാം യോഗ്യതകൾ വേണമെന്ന് പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്നു. 31(1 എ)(ii)-ൽ, എഴുതി തയ്യാറാക്കിയ നിയമാവലി എന്ന് പറഞ്ഞിട്ടുണ്ട്.ഈ നിയമാവലി സംഘടന അംഗീകരിച്ചിട്ടുള്ള

തായിരിക്കണം. "അംഗീകരിക്കപ്പെട്ട" എന്ന വാക്ക് ചേർക്കാനാണ് ആ ഭേദഗതി പറഞ്ഞിട്ടുള്ളത്.

437. ഖണ്ഡം 13(ബി) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 31(1 എ)(iii)-ലെ, "രജിസ്ട്രേഷന് അപേക്ഷിക്കുന്ന ദിവസം വരെ" എന്നീ വാക്കുകൾക്ക് പകരം "പ്രസ്തുത സംഘടന" എന്നീ വാക്കുകൾ ചേർക്കുക.

442. ഖണ്ഡം 13(ബി) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 31 (1 എ)(iv)-ൽ,

(i) "നാല് വർഷമുള്ള ഒരു തവണയായിരിക്കുന്നതും" എന്നത് ഒഴിവാക്കി "അവർ ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ നാല് വർഷത്തേയ്ക്കായിരിക്കുന്നതും" എന്ന് ചേർക്കുകയും "ഭാരവാഹികൾക്ക്" എന്നത് ഒഴിവാക്കുകയും ചെയ്യുക.

(ii) ക്ലിപ്തനിബന്ധനയിലെ "ഭാരവാഹികൾ" എന്ന വാക്കിന് ശേഷം "പരമാവധി" എന്ന വാക്ക് ചേർക്കുകയും " 2015-ലെ കേരള സ്പോർട്സ് ഭേദഗതി ആക്റ്റ് പ്രാബല്യത്തിൽ വന്ന തീയതിയ്ക്കുശേഷം" എന്നത് ഒഴിവാക്കുകയും ചെയ്യുക.

456. ഖണ്ഡം 13(ബി) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 31(1 എ)(vii)-ലെ, "തലങ്ങളിൽ" എന്ന വാക്കിന് ശേഷം "കായിക മത്സരങ്ങളുടെ" എന്നീ വാക്കുകൾ ചേർക്കുക.

462. ഖണ്ഡം 13(ബി) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 31(1 എ)(IX)-ൽ,

(i) "ഒരു അംഗീകൃത സംഘടന മാത്രമേ ഉണ്ടാകാൻ പാടുള്ളൂ" എന്നതിന് പകരം "ഒരു സംഘടനയ്ക്ക് മാത്രമേ അംഗീകാരം നൽകാൻ പാടുള്ളൂ" എന്ന് ചേർക്കുക

(ii) " സാമ്പത്തിക സഹായങ്ങൾക്ക്" എന്നതിന് പകരം "സാമ്പത്തിക സഹായങ്ങൾക്കും" എന്ന് ചേർക്കുകയും

(iii) " അതായത്" എന്ന വാക്ക് ഒഴിവാക്കുകയും ചെയ്യുക

(iv) " ആനുകൂല്യങ്ങൾ" എന്നതിന്പകരം" ആനുകൂല്യങ്ങൾക്കും" എന്ന് ചേർക്കുക.

(v) " എന്നിവയ്ക്ക്" എന്ന വാക്ക് ഒഴിവാക്കുക.

467. ഖണ്ഡം 13(ബി) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 31(1 എ) (xii)-ൽ "അങ്ങനെയുള്ള യോഗങ്ങളിലേക്ക്" എന്ന വാക്കുകൾക്ക് പകരം "ഭാരവാഹികളെ തെരഞ്ഞെടുക്കുന്നതിനുള്ള യോഗങ്ങളിലേക്ക്" എന്നീ വാക്കുകൾ ചേർക്കുക.

13(ബി) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന 31(1 എ)-ൽ സംസ്ഥാന സ്പോർട്സ് സംഘടനകളുടെ ജനറൽ ബോഡി യോഗം ഉൾപ്പെടെ എല്ലാ യോഗത്തിലേയ്ക്കും സംസ്ഥാന സ്പോർട്സ് കൗൺസിൽ നിരീക്ഷകരെ അയയ്ക്കണം എന്ന് പറയുന്നുണ്ട്. എല്ലാ യോഗങ്ങളിലേക്കും ഇത്തരം നിരീക്ഷകരെ അയയ്ക്കേണ്ട ആവശ്യമില്ലെന്നാണ് തോന്നുന്നത്. ഭാരവാഹികളെ തെരഞ്ഞെടുക്കുന്നതുപോലുള്ള യോഗങ്ങളിലേക്ക് മതിയാകും. അല്ലെങ്കിൽ അതിന്റെ ഡെമോക്രാറ്റിക് ആയിട്ടുള്ള ഫംഗ്ഷനിംഗിന് ഒരു ഇന്റർഫിയറൻസായിരിക്കും. സന്തോഷമായാലും സങ്കടമായാലും ഈ ഭേദഗതി സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

471. ഖണ്ഡം 13 (ബി) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 31 (1 എ)-യിൽ,

(i) ഇനം (xiii)-ലെ "വാർഷിക റിപ്പോർട്ട്" എന്നത് "വാർഷിക റിപ്പോർട്ടും കണക്കുകളും" എന്ന് മാറ്റുക.

(ii) ഇനം (xiv)-ലെ "അതിന്റെ" എന്നതിന് പകരം "അത്" എന്ന് ചേർക്കുകയും "പ്രാപ്യമാക്കേണ്ടതുമാണ്" എന്നതിന് പകരം "ലഭ്യമാക്കേണ്ടതുമാണ്" എന്ന് ചേർക്കുകയും ചെയ്യുക.

475. ഖണ്ഡം 13(ബി) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 31(1 എ)-യിൽ,

(i) ഇനം (xv)-ലെ "രേഖകളുടെയും കണക്കുകളുടെയും സോഫ്റ്റ് കോപ്പികൾ" എന്നത് "രേഖകളും കണക്കുകളും സോഫ്റ്റ് കോപ്പി ഉൾപ്പെടെ" എന്ന് മാറ്റുക.

(ii) ഇനം(xvi)-ലെ "വർഷത്തിൽ ഒരിക്കലെങ്കിലും" എന്നതിന് പകരം "മൂന്ന് മാസത്തിൽ ഒരിക്കലെങ്കിലും" എന്ന് ചേർക്കുക.

(iii) ഇനം (xvii)-ലെ "അതിപ്രശസ്തരായ" എന്നത് ഒഴിവാക്കുക.

486. ഖണ്ഡം 13(ബി) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 31(1 എ)-യിലെ

(i) ഇനം (xix)-ലെ "ഇലക്ട്രോണിക് ഫോർമാറ്റിൽ" എന്ന വാക്കുകൾക്ക് പകരം "ഇലക്ട്രോണിക് ഫോർമാറ്റിലും " എന്ന വാക്കുകൾ ചേർക്കുക

(ii) ഇനം(xx)-ലെ "കായികതാരം" എന്നവാക്കിന് പകരം "സ്പോർട്സ് താരം" എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു:

429. ഖണ്ഡം 13(ബി) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 31(1 എ)(ii)-ൽ, "എല്ലാ വിഭാഗങ്ങളെയും പ്രതിനിധീകരിക്കുക" എന്നീ വാക്കുകൾക്ക് പകരം "എല്ലാ വിഭാഗങ്ങളെയും പ്രതിനിധീകരിക്കും വിധമുള്ള അംഗത്വ വിതരണം " എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

431. ഖണ്ഡം 13(ബി) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 31(1 എ)(ii)-ൽ, "പ്രോത്സാഹനം" എന്ന വാക്കിന് പകരം "പ്രോത്സാഹനവും നടത്തിപ്പും " എന്നീ വാക്കുകൾ ചേർക്കുക.

അതിൽ പ്രോത്സാഹനം എന്നതിന്റെ കൂടെ നടത്തിപ്പും എന്ന് കൂടി ചേർക്കണം.

ശ്രീ. എം. ഹംസ: സർ, താഴെപ്പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു:

432. ഖണ്ഡം 13(ബി) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 31(1 എ)(ii)-ൽ, "സ്വതന്ത്രമായ, എഴുതി തയ്യാറാക്കിയ" എന്നതിന് ശേഷം "സമഗ്രമായ" എന്ന വാക്ക് ചേർക്കുക.

444. ഖണ്ഡം 13(ബി) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 31(1 എ)(iv)-ൽ, "നാല്" എന്ന വാക്കിന് പകരം "മൂന്ന് " എന്ന വാക്ക് ചേർക്കുക.

476. ഖണ്ഡം 13(ബി) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 31(1 എ) (xvi)-ലെ "നാല്" എന്ന വാക്കിനു പകരം "മൂന്ന്" എന്ന വാക്ക് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ് : സർ, താഴെപ്പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു:

434. ഖണ്ഡം 13(ബി) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 31(1 എ)(ii)-ൽ, "നിയമാവലി" എന്ന വാക്കിന് മുൻപ് "സ്പോർട്സ് കൗൺസിൽ അംഗീകരിച്ച " എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

440. ഖണ്ഡം 13(ബി) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 31(1 എ)(iii)-ൽ, "മൂന്ന് വർഷത്തിൽ കൂടുതൽ കാലം സജീവമായി പ്രവർത്തിച്ചിരിക്കേണ്ടതാണ്" എന്നീ വാക്കുകൾക്ക് പകരം "മൂന്നുവർഷക്കാലം സ്പോർട്സും ഗെയിംസും നടത്തി പ്രവർത്തിച്ചിരിക്കേണ്ടതാണ്" എന്നീ വാക്കുകൾ ചേർക്കുക.

473. ഖണ്ഡം 13 (ബി) പ്രകാരം ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 31 (1 എ) (xiii)-ൽ, "പ്രസിദ്ധീകരിക്കേണ്ടതുമാണ്" എന്ന വാക്കിന് പകരം "പ്രസിദ്ധീകരിക്കേണ്ടതും എല്ലാ അംഗങ്ങൾക്കും വിതരണം ചെയ്യേണ്ടതുമാണ്" എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീമതി കെ. എസ്. സലീഖ</u> : സർ, താഴെപ്പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു:

435. ഖണ്ഡം 13(ബി) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 31(1 എ)(ii)-ൽ, "ഉണ്ടായിരിക്കേണ്ടതാണ്" എന്ന വാക്കിന് പകരം "ഉണ്ടായിരിക്കേണ്ടതും പ്രസ്തുത നിയമാവലിക്ക് സ്പോർട്സ് കൗൺസിലിന്റെ അംഗീകാരം ഉണ്ടായിരിക്കേണ്ടതുമാണ് " എന്നീ വാക്കുകൾ ചേർക്കുക.

439. ഖണ്ഡം 13(ബി) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 31(1 എ)(iii)-ൽ,

(i) "മൂന്ന്" എന്ന വാക്കിനു പകരം "അഞ്ച്" എന്ന വാക്ക് ചേർക്കുക.

(ii) "പ്രവർത്തിച്ചിരിക്കേണ്ടതാണ്" എന്ന വാക്കിന് പകരം "പ്രവർത്തിച്ചിരിക്കേണ്ടതും ആയതിൻെറ രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതുമാണ്" എന്നീ വാക്കുകളും ചേർക്കുക.

445. ഖണ്ഡം 13(ബി) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിൽ വകുപ്പ് 31(1 എ)(iv)-ൽ, "നാല് വർഷമുള്ള" എന്നീ വാക്കുകൾക്ക് പകരം "മൂന്നുവർഷമുള്ള" എന്നീ വാക്കുകളും ക്ലിപ്തനിബന്ധനയിൽ "എൺപത് വയസ്സ്" എന്നീ വാക്കുകൾക്ക് പകരം "അറുപത്തി അഞ്ച് വയസ്സ്" എന്നീ വാക്കുകളും ചേർക്കേണ്ടതാണ്.

455. ഖണ്ഡം 13(ബി) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 31(1 എ)(vi)-ൽ, "ചെയ്യേണ്ടതുമാണ്" എന്ന വാക്കിന്പകരം "ചെയ്യേണ്ടതും പ്രസ്തുത റിപ്പോർട്ട് ലോക്കൽ ഫണ്ട് ആഡിറ്റ് വിഭാഗത്തിന്റെ ആഡിറ്റിന് വിധേയമാക്കേണ്ടതുമാണ്;" എന്നീ വാക്കുകൾ ചേർക്കുക.

481. ഖണ്ഡം 13(ബി) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 31(1 എ) (xvii)-ൽ, "പതിനഞ്ച് ശതമാനത്തിൽ" എന്നീ വാക്കുകൾക്ക് പകരം "നാൽപത് ശതമാനത്തിൽ" എന്നീ വാക്കുകൾ ചേർക്കുക.

488. ഖണ്ഡം 13(ബി) പ്രകാരം ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 31(1 എ)(xx)-ൽ, " ആയിരിക്കേണ്ടതുമാണ്" എന്ന വാക്കിന്പകരം "ആയിരിക്കേണ്ടതും അറുപത്തി അഞ്ച് വയസ്സ് പൂർത്തിയാക്കിയവർ ആകാൻ പാടില്ലാത്തതും ആയിരിക്കേണ്ടതാണ്;" എന്നീ വാക്കുകൾ ചേർക്കുക.

489. ഖണ്ഡം 13 (സി) പ്രകാരം ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 31(2)-ൽ,"നാൽപ്പത്തി അഞ്ച്" എന്നീ വാക്കുകൾക്ക് പകരം "അൻപത്തി അഞ്ച്" എന്നീ വാക്കുകൾ ചേർക്കുക.

490. ഖണ്ഡം 13 (ഡി) പ്രകാരം ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 31(3)-ൽ "നാൽപ്പത്തി അഞ്ച്" എന്ന വാക്കിന് പകരം "അറുപത്തി അഞ്ച്" എന്ന വാക്ക് ചേർക്കുക.

491. ഖണ്ഡം 13 (ഇ) പ്രകാരം ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 31(6)-ൽ, "അഥവാ" എന്ന വാക്കിനു പകരം "സമർപ്പിക്കുകയും തർക്ക പരിഹാരമായില്ലെയെങ്കിൽ" എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> : സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു:

436. ഖണ്ഡം 13(ബി) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 31(1 എ) (iii) ഒഴിവാക്കുക.

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, താഴെപ്പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു:

446. ഖണ്ഡം 13(ബി) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന

വകുപ്പ് 31(1 എ)(iv) താഴെപ്പറയും പ്രകാരം മാറ്റുകയും ക്ലിപ്തനിബന്ധന ഒഴിവാക്കുകയും ചെയ്യുക:

" (iv)സംഘടന കാലാകാലങ്ങളിൽ പൊതുയോഗം ചേരുകയും വർഷത്തിൽ ഒരു തവണ പൊതുയോഗം ചേർന്ന് കണക്കുകൾ അവതരിപ്പിക്കുകയും പുതിയ ഭാരവാഹികളെ തെരഞ്ഞെടുക്കേണ്ടതുമാണ്. നിലവിലുള്ള ഭാരവാഹികൾക്ക് വീണ്ടും തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ അർഹതയുണ്ടായിരിക്കുന്നതാണ്. എന്നാൽ പ്രസിഡന്റോ സെക്രട്ടറിയോ അതാതു സംഘടന തീരുമാനിക്കും പ്രകാരം ഒരാളെങ്കിലും ബന്ധപ്പെട്ട കായിക ഇനത്തിൽ അഭിരുചി/പ്രാഗത്ഭ്യം തെളിയിച്ചിട്ടുള്ളവരായിരിക്കണം"

സ്പോർട്സ് സംഘടനകളുടെ ഭാരവാഹികളുടെ കാലാവധി 4 വർഷമാണെന്നാണ് ബില്ലിലുള്ളത്. ഇത് വളരെ നീണ്ടതാണ്. ഇത് ഒരു വർഷമായി ചുരുക്കണമെന്നതാണ് എന്റെ ഭേദഗതി. അതുപോലെ വർഷത്തിൽ ഒരു പ്രാവശ്യമെങ്കിലും ജനറൽ ബോഡി ചേരുകയും കണക്കുകൾ അവതരിപ്പിച്ച് അംഗീകാരം നേടുകയും വേണം. ഇത് കാര്യങ്ങൾ സുതാര്യമാക്കാനും അഴിമതി ഒഴിവാക്കുവാനും സഹായിക്കും, ഇതാണ് ഭേദഗതി.

465. ഖണ്ഡം 13(ബി) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 31(1 എ)(ix)-ൽ, "എന്നാൽ സംസ്ഥാന സംഘടനയിൽ, ഏറ്റവും കുറഞ്ഞപക്ഷം പത്ത് ജില്ലാതല സംഘടനകളെങ്കിലും അഫിലിയേറ്റ് ചെയ്തിരിക്കേണ്ടതാണ്" എന്നീ വാക്കുകൾക്ക് പകരം, "എന്നാൽ സംസ്ഥാനതല സംഘടനയിൽ ആ കായിക ഇനത്തിൽ ജില്ലാതലത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സംഘടനയുടെ ഭൂരിപക്ഷം സംഘടനകൾ അഫിലിയേറ്റ് ചെയ്താൽ മാത്രമാണ് സംസ്ഥാന തലത്തിൽ അംഗീകാരം ലഭിക്കുക;" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

സംസ്ഥാനതലത്തിൽ ഒരു സ്പോർട്സ് സംഘടനയ്ക്ക് അഫിലിയേഷൻ നൽകാൻ 10 ജില്ലാതല സംഘടനകളെങ്കിലും അഫിലിയേറ്റ് ചെയ്യണമെന്നാണ് ബില്ലിലുള്ളത്. അതിനുപകരം ജില്ലാതലത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സംഘടനകളുടെ ഭൂരിപക്ഷം സംഘടനകൾ അഫിലിയേറ്റ് ചെയ്താൽ മാത്രമാണ് സംസ്ഥാന തലത്തിൽ അംഗീകാരം ലഭിക്കുക. ഈ രൂപത്തിൽ ഭേദഗതി ചെയ്യണം.

<u>ശ്രീ. എം. ഉമ്മർ :</u> സർ, താഴെപ്പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു:

448. ഖണ്ഡം 13(ബി) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 31(1 എ)(iv)-ന്റെ ക്ലിപ്തനിബന്ധനയിൽ, "പന്ത്രണ്ട്" എന്ന വാക്കിന് മുൻപ് "പരമാവധി" എന്ന് ചേർക്കുക.

454. ഖണ്ഡം 13(ബി) പ്രകാരം ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 31(1 എ)(vi)-ലെ " ചാർട്ടേഡ് അക്കൗണ്ടന്റ് മുഖേന"എന്നീ വാക്കുകൾ നീക്കം ചെയ്യുക.

469. ഖണ്ഡം 13(ബി) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 31(1 എ) (xii)-ന് ശേഷം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക: "എന്നാൽ, അടിയന്തര പ്രാധാന്യമുള്ള വിഷയങ്ങളിൽ മേൽ തീരുമാനമെടുക്കുന്നതിനായി ചേരുന്ന യോഗത്തിന് (xii)-ലെ വ്യവസ്ഥ ബാധകമായിരിക്കുന്നതല്ല."

480. ഖണ്ഡം 13(ബി) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 31(1 എ) (xvii)-ൽ "കായികതാരങ്ങളെ" എന്നതിന് ശേഷം ചുവടെ ചേർക്കുന്ന ചിഹ്നവും വാക്കുകളും ചേർക്കുക:

" അവരുടെ അഭാവത്തിൽ സംസ്ഥാനതലത്തിൽ മത്സരത്തിൽ പങ്കെടുത്തിട്ടുള്ള കായികതാരങ്ങളെ"

483. ഖണ്ഡം 13(ബി) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 31(1 എ)(xvii)-യിൽ, "പതിനഞ്ച്" എന്ന വാക്കിന് പകരം "അഞ്ച്" എന്ന വാക്ക് ചേർക്കുക.

485. ഖണ്ഡം 13(ബി) പ്രകാരം ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 31(1 എ)(xviii) " ജില്ലാ സംഘടനകളും സംസ്ഥാന സംഘടനകളും" എന്നീ വാക്കുകൾക്ക് പകരം "സംസ്ഥാന സംഘടനകളും ജില്ലാ സംഘടനകളും" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു:

449. ഖണ്ഡം 13(ബി) പ്രകാരം ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 31(1 എ)(iv)-ന്റെ ക്ലിപ്തനിബന്ധനയിൽ,

"എൺപതു വയസ്സ്" എന്നീ വാക്കുകൾക്ക് പകരം "എഴുപതു വയസ്സ്" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

ഇതിനകത്ത് ഭാരവാഹികളുടെ വയസ്സ് എൺപത് വയസ്സ് വരെ എന്നാണ്. ഇത് കായിക സംഘടനയല്ലേ. 80 വയസ്സുവരെ ഒരു ഭാരവാഹിയിരിക്കുക എന്നു പറഞ്ഞാൽ, അത് 70 വയസ്സായി ക്ലിപ്തപ്പെടുത്തണമെന്നാണ് ഭേദഗതി.

ശ്രീ. ആർ. രാജേഷ്: സർ, താഴെപ്പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു:

450. ഖണ്ഡം 13(ബി) പ്രകാരം ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 31(1 എ)(iv)-ലെ ക്ലിപ്തനിബന്ധനയിൽ,

"എൺപത്" എന്ന വാക്കിന് പകരം "അറുപത്തി അഞ്ച്" എന്നീ വാക്കുകൾ ചേർക്കുക.

നേരത്തെ പറഞ്ഞ അതേ ഭേദഗതിയാണ്, ഭാരവാഹികളുടെ പ്രായം എൺപത് വയസ്സെന്നുള്ളത് 65 വയസ്സാക്കി മാറ്റണമെന്നതാണ് ഭേദഗതി.

482. ഖണ്ഡം 13(ബി) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 31(1 എ)(xvii)-ൽ, "പതിനഞ്ച്" എന്നവാക്കിന് പകരം "ഇരുപത്" എന്ന വാക്ക് ചേർക്കുക.

കായികതാരങ്ങളുടെ ശതമാനം ഉൾപ്പെടുന്നത് പതിനഞ്ച് ശതമാനം എന്നുള്ളത് ഇരുപത് ശതമാനമെങ്കിലുമാക്കി മാറ്റണം.

ശ്രീ. റ്റി. വി. രാജേഷ് : സർ, താഴെപ്പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു:

451. ഖണ്ഡം 13(ബി) പ്രകാരം ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 31(1 എ)(iv)-ന്റെ ക്ലിപ്തനിബന്ധനയിൽ, " എന്നാൽ, ഭാരവാഹികൾ പന്ത്രണ്ട് വർഷം അല്ലെങ്കിൽ മൂന്നു തവണ/എഴുപത് വയസ്സ് പൂർത്തിയാകൽ ഇതിൽ ഏതാണോ ആദ്യം അതിൽ കൂടുതൽ കാലം ഔദ്യോഗിക പദവി വഹിക്കാൻ പാടുള്ളതല്ല;"

470. ഖണ്ഡം 13(ബി) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 31(1 എ) (xiii)-ൽ, "വാർഷിക റിപ്പോർട്ട്" എന്നീ വാക്കുകൾക്ക് ശേഷം "സംഘടനയുടെ വെബ്സൈറ്റിൽ ഉൾപ്പെടെ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. സി. മമ്മൂട്ടി : സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു:

458. ഖണ്ഡം 13(ബി) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 31(1 എ)(viii)-ൽ, "അംഗത്വം പരിമിതപ്പെടുത്തേണ്ടതും" എന്ന വാക്കിന് ശേഷം "അങ്ങിനെയല്ലാത്ത" എന്ന വാക്ക് ചേർക്കുക.

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

463. ഖണ്ഡം 13(ബി) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 31(1 എ)(IX)-ലെ, "മാത്രമേ അനുവദനീയമായ സാമ്പത്തിക സഹായങ്ങൾക്ക് അതായത്, ഗ്രാന്റ്, ഗ്രേസ് മാർക്കുൾപ്പെടെയുള്ള മറ്റ് ആനുകൂല്യങ്ങൾ എന്നിവയ്ക്ക്" എന്നതിനുപകരം "മാത്രമേ സാമ്പത്തിക സഹായം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾക്ക്" എന്നീ വാക്കുകൾ ചേർക്കുക .

ശ്രീമതി കെ. കെ. ലതിക: സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

466. ഖണ്ഡം 13(ബി) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 31(1 എ) (ix)-ന്റെ അവസാനം താഴെപ്പറയുന്നത് ചേർക്കുക:

"എന്നാൽ മുഖ്യ ഭാരവാഹികളിൽ ഒരാൾ എങ്കിലും (പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ) വനിത ആയിരിക്കണം;"

ശ്രീ. ഷാഫി പറമ്പിൽ : സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു:

472. ഖണ്ഡം 13 (ബി) പ്രകാരം ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 31(1 എ) (xiii)-ൽ, "മേയ് 31-ാം" എന്നതിന് പകരം "ഏപ്രിൽ 30-ാം" എന്നത് ചേർക്കുക.

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു:

487. ഖണ്ഡം 13(ബി) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 31(1 എ)(xx)-ൽ, " സെക്രട്ടറിമാർ സംസ്ഥാന തലത്തിലെങ്കിലും" എന്നതിനുപകരം "സെക്രട്ടറിയോ പ്രസിഡന്റോ, ഒരാൾ എങ്കിലും സംസ്ഥാന തലത്തിൽ " എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു:

493. ഖണ്ഡം 13 (എഫ്)-ൽ, "(7) മുതൽ (11) വരെ" എന്നത് "(7) മുതൽ (10) വരെ" എന്നാക്കുക.

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ മൂവ് ചെയ്യേണ്ട ആവശ്യമില്ല.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോഴ്സും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ശ്രീ. റ്റി. വി. രാജേഷ് അവതരിപ്പിച്ച ഖണ്ഡം 13(ബി) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 31(1 എ) (xiii)-ൽ, "വാർഷിക റിപ്പോർട്ട്" എന്നീ വാക്കുകൾക്ക് ശേഷം "സംഘടനയുടെ വെബ്സൈറ്റിൽ ഉൾപ്പെടെ" എന്നീ വാക്കുകൾ ചേർക്കുക. എന്ന 470-ാം നമ്പർ ഭേദഗതിയും ശ്രീ. കെ.എൻ.എ. ഖാദർ അവതരിപ്പിച്ച ഖണ്ഡം 13 (ബി) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 31(1 എ)-യിൽ,

(i) ഇനം (xv)-ലെ "രേഖകളുടെയും കണക്കുകളുടെയും സോഫ്റ്റ് കോപ്പികൾ" എന്നത് "രേഖകളും കണക്കുകളും സോഫ്റ്റ് കോപ്പി ഉൾപ്പെടെ" എന്ന് മാറ്റുക.

(iii) ഇനം (xvii)-ലെ "അതിപ്രശസ്തരായ" എന്നത് ഒഴിവാക്കുക. എന്ന 475-ാം നമ്പർ ഭേദഗതിയും ഖണ്ഡം 13(ബി) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 31(1 എ)-യിലെ

(i) ഇനം (xix)-ലെ "ഇലക്ട്രോണിക് ഫോർമാറ്റിൽ" എന്ന വാക്കുകൾക്ക് പകരം "ഇലക്ട്രോണിക് ഫോർമാറ്റിലും" എന്ന വാക്കുകൾ ചേർക്കുക. എന്ന 486-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. റ്റി. വി. രാജേഷ് അവതരിപ്പിച്ച 470-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 475, 486 എന്നീ നമ്പർ ഭേദഗതികൾ ഭേദഗതികളോടെയും സഭ അംഗീകരിച്ചിരുന്നു. ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 425, 426, 433, 437, 442, 456, 462, 467, 471, 475(ii), 486(ii) എന്നീ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ അവതരിപ്പിച്ച 429-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അവതരിപ്പിച്ച 431-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഹംസ അവതരിപ്പിച്ച 432, 444, 476 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 434, 440, 473 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 435, 439, 445, 455, 481, 488, 489, 490, 491 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ അവതരിപ്പിച്ച 436-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 446, 465 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 448, 454, 469, 480, 483, 485 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 449-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ആർ. രാജേഷ് അവതരിപ്പിച്ച 450, 482 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. റ്റി. വി. രാജേഷ് അവതരിപ്പിച്ച 451-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 458-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ അവതരിപ്പിച്ച 463-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. ലതിക അവതരിപ്പിച്ച 466-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഷാഫി പറമ്പിൽ അവതരിപ്പിച്ച 472-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) അവതരിപ്പിച്ച 487-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) അവതരിപ്പിച്ച 493-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 13-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ....

ഭേദഗതി ചെയ്ത പ്രകാരമുള്ള 13-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 13-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

14-ാം വകുപ്പ്

ശ്രീ. എം. ഉമ്മർ: സർ, താഴെപ്പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു:

494. ഖണ്ഡം 14 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 31 എ (1)-ൽ " കണ്ടുപിടിക്കുന്നപക്ഷം" എന്നതിനുപകരം "ബോധ്യമാകുന്ന പക്ഷം" എന്ന വാക്ക് ചേർക്കുക.

510. ഖണ്ഡം 14 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 31 എ (3) ഒഴിവാക്കുക.

ശ്രീ. എ. കെ. ബാലൻ : സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു:

495. ഖണ്ഡം 14 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 31 എ(1)-ൽ, ഇനം (എ) ആയി താഴെപ്പറയുന്നത് ചേർക്കുകയും ശേഷിക്കുന്നവ പുനഃക്രമീകരിക്കുകയും ചെയ്യുക, അതായത് :—

" (എ) അർഹതയുള്ള കായികതാരത്തിന് അംഗത്വം നൽകാതിരിക്കുകയോ അർഹതയില്ലാത്തവർക്ക് അംഗത്വം നൽകുകയോ ചെയ്തതായി ജില്ലാ സ്പോർട്സ് കൗൺസിലിനു ബോധ്യപ്പെട്ടാൽ;".

ഇതിൽ സ്പോർട്സ് സംഘടനകളുടെ അംഗീകാരം പിൻവലിക്കുന്നതുമായി ബന്ധപ്പെട്ടുള്ളതാണ് ഇതിൽ സൂചിപ്പിച്ചിട്ടുള്ളത്. അർഹതയുള്ള കായിക താരത്തിന് അംഗത്വം നൽകാതിരിക്കുകയോ അർഹതയില്ലാത്തയാൾക്ക് അംഗത്വം നൽകുകയോ ചെയ്താലും ആ സംഘടനകളുടെ അംഗീകാരം പിൻവലിക്കാം എന്ന ഭേദഗതിയാണ്. പല താല്പര്യങ്ങളുടെയും പേരിൽ അർഹതപ്പെട്ട സംഘടനകളിൽ ചിലരുടെ അറിവോടെ തന്നെ ഇതിൽ കൃത്രിമം നടക്കാറുണ്ട്. ഇന്ത്യാ രാജ്യത്തിന്റെയും കേരളത്തിന്റെയും സ്പോർട്സിന്റെ സ്ഥിതി, രാഷ്ട്രീയമാണ് ഇതിന്റെയകത്ത് അതിപ്രസരമായിട്ട് വരുന്നത്, കഴിവല്ല. അതുകൊണ്ടാണ് ഞാൻ ഈ ഭേദഗതി കൊണ്ടുവരുന്നത്.

ശ്രീ. കെ. എൻ. എ. ഖാദർ : സർ, താഴെപ്പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു:

496. ഖണ്ഡം 14 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 31 എ(1)-ൽ;

(i) ഇനം (ബി)-യിലെ " ഗുരുതരമായ വീഴ്ച" എന്നതിന്പകരം "ഗുരുതരമായ വീഴ്ചയോ ക്രമക്കേടോ" എന്ന് ചേർക്കുക.

(ii) ഇനം (ഡി)-യിലെ " വകമാറ്റുകയോ" എന്നതിനുശേഷം "വിനിയോഗിക്കാതിരിക്കുകയോ" എന്ന് ചേർക്കുക.

(iii) ഇനം (ഇ) താഴെ പറയുന്ന പ്രകാരം മാറ്റുക:

" (ഇ) കൃത്രിമമായ രേഖകളും കണക്കുകളും സമർപ്പിക്കുക;"

(iv) ഇനം (എഫ്)-ലെ "തുടർച്ചയായി" എന്ന വാക്ക് ഒഴിവാക്കുക.

(v) ഇനം (ജി)-ലെ "ആഭ്യന്തര","ഗുരുതരമായ" എന്നീ വാക്കുകൾ ഒഴിവാക്കുക.

ശ്രീ. എ. കെ. ബാലൻ പറഞ്ഞതുപോലെ ഖണ്ഡം 14 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 31 എ(1)-ൽ; സ്പോർട്സ് സംഘടനകളുടെ അംഗീകാരം പിൻവലിക്കേണ്ട സാഹചര്യങ്ങളെക്കുറിച്ചാണ് പറയുന്നത്. ആ വകുപ്പിൽ ഉൾപ്പെടുത്തേണ്ട കാര്യങ്ങളാണ് ഭേദഗതിയായി ഞാൻ അവതരിപ്പിച്ചിട്ടുള്ളത്.

(i) ഇനം (ബി)-യിലെ " ഗുരുതരമായ വീഴ്ച" എന്നതിനുപകരം "ഗുരുതരമായ വീഴ്ചയോ ക്രമക്കേടോ" എന്ന് ചേർക്കുക.

(ii) ഇനം (ഡി)-യിലെ " വകമാറ്റുകയോ" എന്നതിനുശേഷം "വിനിയോഗിക്കാതിരിക്കുകയോ" എന്ന് ചേർക്കുക.

(iii) ഇനം (ഇ) താഴെ പറയുന്ന പ്രകാരം മാറ്റുക:

" (ഇ) കൃത്രിമമായ രേഖകളും കണക്കുകളും സമർപ്പിക്കുക;"

(iv) ഇനം (എഫ്)-ലെ "തുടർച്ചയായി" എന്ന വാക്ക് ഒഴിവാക്കുക.

(v) ഇനം (ജി)-ലെ "ആഭ്യന്തര", "ഗുരുതരമായ" എന്നീ വാക്കുകൾ ഒഴിവാക്കുക.

ഇവ കൂടി അംഗീകാരം പിൻവലിക്കുന്നതിനുള്ള വകുപ്പുകളിൽ കൂട്ടിച്ചേർക്കണമെന്ന് അപേക്ഷിക്കുന്നു.

504. ഖണ്ഡം 14 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 31 എ(1)-ൽ, ഇനം (ഐ)-ക്ക് ശേഷം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കുക:

"എന്നാൽ ഈ അന്വേഷണം മൂന്ന് മാസത്തിനുള്ളിൽ പൂർത്തീകരിക്കേണ്ടതും, അല്ലാത്തപക്ഷം അംഗീകാരം പുനഃസ്ഥാപിക്കപ്പെടേണ്ടതുമാണ്."

507. ഖണ്ഡം 14 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 31 എ(2) -ൽ, "പിൻവലിക്കാവുന്നതാണ്" എന്നതിന് പകരം "റദ്ദാക്കാവുന്നതാണ്" എന്ന വാക്ക് ചേർക്കുക.

ശ്രീമതി കെ. എസ്. സലീഖ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

499. ഖണ്ഡം 14 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 31 എ (1 ) -ലെ ഇനം (ജി)-യിൽ, "ആരോപിച്ചുകൊണ്ടുള്ള" എന്ന വാക്കിനു പകരം "കണ്ടെത്തികൊണ്ടുള്ള" എന്ന വാക്ക് ചേർക്കുക.

502. ഖണ്ഡം 14 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 31 എ(1)-ലെ ഇനം (എച്ച്)-ൽ, "ക്രമക്കേടുകൾ" എന്ന വാക്കിനുപകരം "ക്രമക്കേടുകൾ, നിയമവിരുദ്ധ നടപടികൾ, സ്പോർട്സ് ഉന്നമനത്തിന് എതിരെയുള്ള എന്നിവ" എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

506. ഖണ്ഡം 14 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 31 എ(2)-ൽ, "ഒരു അവസരം" എന്നീ വാക്കുകൾക്ക് പകരം "മതിയായ അവസരം" എന്നീ വാക്കുകൾ ചേർക്കുക.

509. ഖണ്ഡം 14 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 31 എ (2) (ബി)-യിൽ, "ക്രമക്കേട് സ്ഥിരീകരിക്കുകയാണെങ്കിൽ;" എന്നീ വാക്കുകൾക്കും ചിഹ്നത്തിനും പകരം "ക്രമക്കേട് കണ്ടെത്തുകയും അവ സ്ഥിരീകരിക്കുകയും ചെയ്താൽ;" എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

512. ഖണ്ഡം 14 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 31 എ(3)-ൽ, "ഭാരവാഹിക്ക് " എന്ന വാക്കിന് പകരം "ഏതെങ്കിലും ഒരു ഭാരവാഹി കുറ്റക്കാരനായി കണ്ടെത്തിയിട്ടുണ്ട് എങ്കിൽ പ്രസ്തുത ഭാരവാഹിക്ക്" എന്നീ വാക്കുകൾ ചേർക്കുക.

സർ, 502-ാം നമ്പർ ഭേദഗതിയിൽ പറഞ്ഞിട്ടുള്ളത്, മറ്റേതെങ്കിലും ഗുരുതരമായ ക്രമക്കേടുകൾ കണ്ടുപിടിക്കുന്ന അവസരത്തിലെന്നുള്ളത് "ക്രമക്കേടുകൾ" എന്ന വാക്കിനുപകരം "ക്രമക്കേടുകൾ, നിയമവിരുദ്ധ നടപടികൾ, സ്പോർട്സ് ഉന്നമനത്തിന് എതിരെയുള്ള എന്നിവ" എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കണമെന്നും 506-ാം നമ്പർ ഭേദഗതിയിൽ ഖണ്ഡം 14 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 31 എ (2)-ൽ,"ഒരു അവസരം" എന്നീ വാക്കുകൾക്കു പകരം "മതിയായ അവസരം" എന്നീ വാക്കുകൾ ചേർക്കേണ്ടതാണെന്നും 509-ാം നമ്പർ ഭേദഗതിയിൽ ഖണ്ഡം 14 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 31 എ(2)(ബി)-യിൽ, "ക്രമക്കേട് സ്ഥിരീകരിക്കുകയാണെങ്കിൽ;" എന്നീ വാക്കുകൾക്കും ചിഹ്നത്തിനും പകരം "ക്രമക്കേട് കണ്ടെത്തുകയും അവ സ്ഥിരീകരിക്കുകയും ചെയ്താൽ;" എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കണമെന്നുള്ളതാണ് എന്റെ ആവശ്യം.

ശ്രീ. മോൻസ് ജോസഫ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

500. ഖണ്ഡം 14 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 31 എ(1)-ലെ ഇനം (ജി)-യിൽ, "നിയമാനുസൃത അധികാര സ്ഥാനത്തിന്റെ റിപ്പോർട്ട് ലഭിച്ചാൽ;" എന്നതിനു പകരം "ക്രമക്കേടുകൾ ആരോപിച്ചു കൊണ്ടുള്ള പരാതിയിന്മേൽ നിയമാനുസൃതമായ അന്വേഷണം നടത്തി തെളിവുസഹിതം കുറ്റം ബോദ്ധ്യപ്പെട്ടാൽ;" എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

ശ്രീ. പുരുഷൻ കടലുണ്ടി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

501. ഖണ്ഡം 14 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 31 എ(1)-ലെ ഇനം (ജി) താഴെപ്പറയുന്ന പ്രകാരം മാറ്റുക:

"(ജി) സംഘടനയുടെ പ്രവർത്തനത്തിൽ ഗുരുതരമായ ക്രമക്കേടുകൾ ഉണ്ടെന്ന ആരോപണം ബന്ധപ്പെട്ട ജില്ലാ സ്പോർട്സ് കൗൺസിലിന്റെ പരിശോധനയിൽ പ്രഥമദൃഷ്ട്യാ ശരിയെന്ന് റിപ്പോർട്ട് ലഭിച്ചാൽ;"

503. ഖണ്ഡം 14 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 31 എ(1)ലെ ഇനം (ഐ) നീക്കം ചെയ്യുക.

ശ്രീ. പി. റ്റി. എ. റഹീം : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

508. ഖണ്ഡം 14 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 31 എ(2)-ലെ ഇനം (ബി)-യിൽ, "(ജി)" എന്ന അക്ഷരത്തിനും ചിഹ്നത്തിനും ശേഷം "(എച്ച്)" എന്ന അക്ഷരവും ചിഹ്നവും ചേർക്കുക.

ശ്രീ. തോമസ് ഉണ്ണിയാടൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

511. ഖണ്ഡം 14 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 31 എ(3)-ൽ, " ഭാരവാഹിക്ക്" എന്ന വാക്കിന് ശേഷം "സംസ്ഥാന സ്പോർട്സ് കൗൺസിൽ തീരുമാനിക്കുന്ന നിശ്ചിത കാലയളവ് കഴിയുന്നതുവരെ" എന്നീ വാക്കുകൾ ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ അംഗീകരിക്കുന്നുണ്ടോ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഭേദഗതികളൊന്നും അംഗീകരിക്കുന്നില്ല.

ശ്രീ. എ. കെ. ബാലൻ: സർ, എന്റെ 495-ാം നമ്പർ ഭേദഗതിയിൽ, "അർഹതയുള്ള കായിക താരത്തിന് അംഗീകാരം നൽകാതിരിക്കുകയോ അർഹതയില്ലാത്തവർക്ക് അംഗത്വം നൽകുകയോ ചെയ്തതായി ജില്ലാ സ്പോർട്സ് കൗൺസിലിന് ബോധ്യപ്പെട്ടാൽ; ഇത് ബഹുമാനപ്പെട്ട മന്ത്രിക്ക് സ്വീകരിക്കാൻ പറ്റുന്നതേയുള്ളൂ. എന്തേതായതുകൊണ്ട് ചിലപ്പോൾ സ്വീകരിക്കില്ല. നമ്മൾ രണ്ടും രണ്ട് ധ്രുവത്തിലാണുള്ളത്. അതുകൊണ്ട് ശ്രീ. കെ. എൻ. എ. ഖാദറിന്റെ 496-ാം നമ്പർ ഭേദഗതി വോട്ടിനിടണം. ഞാൻ പറഞ്ഞ ചില കാര്യങ്ങൾ അതിനകത്തുണ്ട്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി 496-ാം നമ്പർ ഭേദഗതി അംഗീകരിക്കുന്നുണ്ടോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ആ നിർദ്ദേശം നിയമത്തിന്റെ അകത്തു തന്നെയുണ്ട്. ഞാനും ശ്രീ. എ. കെ. ബാലനും തമ്മിലുള്ള ധ്രുവം ബാലനും വൃദ്ധനും തമ്മിലുള്ള ധ്രുവമായിരിക്കാം. ഏതായാലും ഈ ഭേദഗതി അംഗീകരിക്കാൻ പറ്റില്ല.

ശ്രീ. എ. കെ. ബാലൻ: സർ, ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 496-ാം നമ്പർ ഭേദഗതിക്ക് ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ :

1. ശ്രീ. കെ.വി. അബ്ദുൾ ഖാദർ
2. ശ്രീ. കെ. അജിത്
3. ശ്രീ. ബാബു എം. പാലിശ്ശേരി
4. ശ്രീ. ഇ. ചന്ദ്രശേഖരൻ
5. ശ്രീ. ബി. ഡി. ദേവസ്സി
6. ശ്രീ. ചിറ്റയം ഗോപകുമാർ
7. ശ്രീ. എം. ഹംസ
8. ശ്രീ. ജെയിംസ് മാത്യു
9. ഡോ. കെ. ടി. ജലീൽ
10. ശ്രീ. ജോസ് തെറ്റയിൽ
11. ശ്രീ. സി. കൃഷ്ണൻ
12. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
13. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
14. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
15. ശ്രീമതി കെ. കെ. ലതിക
16. ശ്രീ. മാത്യു റ്റി. തോമസ്
17. ശ്രീ. സി. കെ. നാണു
18. ശ്രീ. കെ. കെ. നാരായണൻ
19. ശ്രീ. എ. പ്രദീപ്കുമാർ
20. ശ്രീ. പുരുഷൻ കടലുണ്ടി
21. ശ്രീ. കെ. രാധാകൃഷ്ണൻ
22. ശ്രീ. ആർ. രാജേഷ്
23. ശ്രീ. റ്റി. വി. രാജേഷ്

24. ശ്രീ. രാജു എബ്രഹാം
25. പ്രൊഫ. സി. രവീന്ദ്രനാഥ്
26. ശ്രീ. സാജു പോൾ
27. ശ്രീമതി കെ. എസ്. സലീഖ
28. ശ്രീ. വി. ശശി
29. ശ്രീ. എ. കെ. ശശീന്ദ്രൻ
30. ശ്രീ. കെ. സുരേഷ് കുറുപ്പ്
31. ശ്രീ. ഇ. കെ. വിജയൻ
32. ശ്രീ. കെ. വി. വിജയദാസ്

<u>പ്രതികൂലിക്കുന്നവർ</u> :

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
3. ശ്രീ. കെ. അച്യുതൻ
4. ശ്രീ. അടൂർ പ്രകാശ്
5. ശ്രീ. അനൂപ് ജേക്കബ്
6. ശ്രീ. അൻവർ സാദത്ത്
7. ശ്രീ. കെ. ബാബു
8. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
9. ശ്രീ. വി. റ്റി. ബൽറാം
10. ശ്രീ. പി. കെ. ബഷീർ
11. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
12. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
13. ശ്രീ. എ. റ്റി. ജോർജ്
14. ശ്രീ. ഹൈബി ഈഡൻ

15. ശ്രീമതി പി. കെ. ജയലക്ഷ്മി
16. ഡോ. എൻ. ജയരാജ്
17. ശ്രീ. കെ.സി. ജോസഫ്
18. ശ്രീ. ജോസഫ് വാഴയ്ക്കൻ
19. ശ്രീ. കെ.എൻ.എ. ഖാദർ
20. ശ്രീ. കോവൂർ കുഞ്ഞുമോൻ
21. ശ്രീ. റ്റി. യു. കുരുവിള
22. ശ്രീ. ലൂഡി ലൂയിസ്
23. ശ്രീ. പി. എ. മാധവൻ
24. ശ്രീ. സി. മമ്മൂട്ടി
25. ശ്രീ. സി. പി. മുഹമ്മദ്
26. ശ്രീ. സി. മോയിൻകുട്ടി
27. ശ്രീ. മോൻസ് ജോസഫ്
28. ശ്രീ. ആര്യാടൻ മുഹമ്മദ്
29. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
30. ശ്രീ. കെ. മുരളീധരൻ
31. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
32. ശ്രീ. ഉമ്മൻ ചാണ്ടി
33. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
34. ശ്രീ. പാലോട് രവി
35. ശ്രീ. റോഷി അഗസ്റ്റിൻ
36. ശ്രീ. കെ. എസ്. ശബരീനാഥൻ
37. ശ്രീ. വി.ഡി. സതീശൻ
38. ശ്രീ. ആർ. സെൽവരാജ്

39. ശ്രീ. ഷാഫി പറമ്പിൽ

40. ശ്രീ. എൻ. ഷംസുദ്ദീൻ

41. ശ്രീ. കെ. ശിവദാസൻ നായർ

42. ശ്രീ. സണ്ണി ജോസഫ്

43. ശ്രീ. സി. എഫ്. തോമസ്

44. ശ്രീ. തോമസ് ഉണ്ണിയാടൻ

45. ശ്രീ. പി. ഉബൈദുള്ള

46. ശ്രീ. എം. ഉമ്മർ

47. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

48. ശ്രീ. എം. എ. വാഹീദ്

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 32

പ്രതികൂലിക്കുന്നവർ - 48

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 494, 510 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 495-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 496, 504, 507 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 499, 502, 506, 509, 512 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 500-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പുരുഷൻ കടലുണ്ടി അവതരിപ്പിച്ച 501, 503 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. റ്റി. എ. റഹീം അവതരിപ്പിച്ച 508-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 511-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ...................

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

15-ാം വകുപ്പ്

ശ്രീമതി കെ. എസ്. സലീഖ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

514. ഖണ്ഡം 15 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 32(3)-ൽ, "ജില്ലാതല തർക്കപരിഹാര സമിതി മുമ്പാകെ അപ്പീൽ ബോധിപ്പിക്കാവുന്നതാണ്" എന്നീ വാക്കുകൾക്ക് പകരം "ജില്ലാതല തർക്കപരിഹാരസമിതി മുമ്പാകെ അപ്പീൽ ബോധിപ്പിക്കാവുന്നതും പരിഹാരമായില്ലെങ്കിൽ സംസ്ഥാന തർക്ക പരിഹാര സമിതിയെ സമീപിക്കാവുന്നതും സമിതി തീരുമാനം അന്തിമവുമാണ്" എന്നീ വാക്കുകൾ ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി അംഗീകരിക്കുന്നുണ്ടോ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഭേദഗതി അംഗീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 514-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ...................

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

16-ാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

518. ഖണ്ഡം 16 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 34 എ(2)-ൽ, "ട്രസ്റ്റുകൾ" എന്ന വാക്കിനുശേഷം "വ്യക്തികൾ, സംഘടനകൾ" എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

538. ഖണ്ഡം 16 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 34 എ (4)(ii)-ന് നേരെയുള്ള ഒന്നാം കോളത്തിൽ, "ഗവൺമെന്റ് സെക്രട്ടറി (സ്പോർട്സ്)" എന്നതിന് പകരം "ഗവൺമെന്റ് സെക്രട്ടറി (കായികവും യുവജനകാര്യവും വകുപ്പ്)" എന്ന് ചേർക്കുക.

543. ഖണ്ഡം 16 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 34 എ(5)-ൽ, "കാര്യങ്ങൾ" എന്ന വാക്കിന് പകരം "ഭരണ നിർവ്വഹണം" എന്ന വാക്ക് ചേർക്കുക.

സർ, 518-ാം നമ്പർ ഭേദഗതിയിൽ, ഖണ്ഡം 16 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 34 എ (2)-ൽ, സംസ്ഥാന സ്പോർട്സ് വികസന നിധിയിൽ ആരിൽ നിന്നെല്ലാം സംഭാവന സ്വീകരിക്കാമെന്ന് വ്യക്തമാക്കുന്നുണ്ട്. അതിൽ വ്യക്തികളിൽനിന്നും ഏതെങ്കിലും സംഘടനകളിൽ നിന്നുമുള്ള നിയമ പ്രകാരമുള്ള സംഭാവനകൾ സ്വീകരിക്കുന്നതിന് സഹായിക്കുന്ന തരത്തിലുള്ളതാണ് എന്റെ ഭേദഗതി. ഇത് സ്പോർട്സ് കൗൺസിലിനെ വളരെ സാമ്പത്തികമായി സമ്പന്നമാക്കുന്ന ഭേദഗതിയാണ് ഞാൻ അവതരിപ്പിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കുമെന്ന് വിചാരിക്കുന്നു.

ശ്രീമതി കെ.എസ്. സലീഖ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

519. ഖണ്ഡം 16 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 34 എ(2)-ൽ, "സംഭാവനകളും" എന്ന വാക്കിനുശേഷം "ഉൾപ്പെടെ എല്ലാവിധ സാമ്പത്തിക സ്രോതസ്സുകളും ഉൾപ്പെടുന്ന " എന്നീ വാക്കുകൾ ചേർക്കുക.

526. ഖണ്ഡം 16 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 34 എ(3) (vi)-ൽ, "ഉചിതമായ സഹായം" എന്നീ വാക്കുകൾക്ക പകരം "ഉചിതമായ ചികിത്സയും ചികിത്സാ ധനസഹായം ഉൾപ്പെടെ മറ്റ്

സഹായങ്ങളും" എന്നീ വാക്കുകൾ ചേർക്കുക.

531. ഖണ്ഡം 16 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 34 എ(3)(viii)-ൽ, "കായിക രംഗത്തുള്ള താരങ്ങൾക്ക്" എന്നീ വാക്കുകൾക്കുപകരം "കായിക രംഗത്തുള്ള എല്ലാ താരങ്ങൾക്കും" എന്നീ വാക്കുകൾ ചേർക്കുക.

540. ഖണ്ഡം 16 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 34 എ(4)-ൽ, ഇനം (vii) താഴെ പറയും പ്രകാരം മാറ്റുക:

"(vii) ദേശീയ-അന്തർദേശീയ തലത്തിൽ സമ്മാനാർഹരായ കായിക താരങ്ങളിൽനിന്നും ആനുപാതിക പ്രാതിനിധ്യ സമ്പ്രദായം അനുസരിച്ച് ഒറ്റകൈമാറ്റ വോട്ടുമൂലം തിരഞ്ഞെടുക്കപ്പെടുന്ന അഞ്ച് അംഗങ്ങൾ, അതിൽ രണ്ട് പേർ വനിതകൾ ആയിരിക്കേണ്ടതുമാണ്."

ശ്രീ. ബെന്നി ബെഹനാൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

520. ഖണ്ഡം 16 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 34 എ(3)(i)-ൽ, "ദേശീയ അന്തർദേശീയ" എന്നീ വാക്കുകൾക്ക് പകരം "സംസ്ഥാന-ദേശീയ അന്തർദേശീയ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. വി. ഡി. സതീശൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

523. ഖണ്ഡം 16 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 34 എ(3)(v)-ൽ "അന്തർദേശീയ സഹകരണവും" എന്നതിന് പകരം "ദേശീയ അന്തർദേശീയ സഹകരണവും" എന്നത് ചേർക്കുക.

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

525. ഖണ്ഡം 16 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 34 എ(3) (vi)-ൽ, "പ്രശസ്ത" എന്ന വാക്ക് നീക്കം ചെയ്യുക.

534. ഖണ്ഡം 16 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 34 എ(4) (i)-ന് നേരെയുള്ള 3-ാം കോളത്തിൽ, " ചെയർമാൻ" എന്നതിനു പകരം "ചെയർപേഴ്സൺ" എന്ന് ചേർക്കുക.

539. ഖണ്ഡം 16 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 34 എ(4)(iii)-ന് നേരെയുള്ള ഒന്നാം കോളത്തിൽ, "പ്രസിഡന്റ്"

എന്നതിനു പകരം "ചെയർമാൻ" എന്ന് ചേർക്കുക.

<u>ശ്രീ. മോൻസ് ജോസഫ്</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

527. ഖണ്ഡം 16 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 34 എ(3)-യിൽ, ഇനം (vi) ആയി താഴെപ്പറയുന്നത് ചേർത്ത് ശേഷിക്കുന്നവ പുനരക്കം ചെയ്യുക:

"(vi) പരിക്കുപറ്റി ചികിത്സയിൽ കഴിയുന്ന മുൻകാല കായിക താരങ്ങൾക്ക് ചികിത്സാ ധനസഹായം നൽകുന്നതിന്;"

<u>ശ്രീ. വി. ടി. ബൽറാം</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

528. ഖണ്ഡം 16 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 34 എ(3)(vii)-ൽ, "അന്തർദേശീയ" എന്ന വാക്കിന് പകരം "ദേശീയ അന്തർദേശീയ" എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

529. ഖണ്ഡം 16 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 34 എ(3)(vii)-ൽ, "ഉചിതമായ" എന്ന വാക്കിനു ശേഷം "പ്രോത്സാഹന" എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. റ്റി. വി. രാജേഷ്</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

532. ഖണ്ഡം 16 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 34 എ(3)-ൽ, ഇനം (viii)-നു ശേഷം താഴെപ്പറയുന്നത് ഇനം (ix) ആയി ചേർക്കുക:

" (ix)കുട്ടികളുടെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിനായിട്ടുള്ള പദ്ധതികൾക്ക് ഉചിതമായ സഹായം ലഭ്യമാക്കുന്നതിന്;"

536. ഖണ്ഡം 16 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 34 എ(4)-ൽ,

(1) ഇനം (i)-ന് ശേഷം താഴെപ്പറയുന്നത് ഇനം(ii) ആയി ചേർത്ത് ശേഷിക്കുന്നവ പുനരക്കം ചെയ്യുക:

" (ii) നിയമസഭാ സാമാജികരിൽനിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് അംഗങ്ങൾ (എക്സ്-ഒഫീഷ്യോ)"

(2) അപ്രകാരം പുനരക്കം ചെയ്ത (vi), (vii) ഇനങ്ങൾക്ക് നേരെയുള്ള "അംഗം" എന്ന വാക്കിനുശേഷം (എക്സ്-ഒഫീഷ്യോ) എന്നീ ചിഹ്നങ്ങളും വാക്കും ചേർക്കുക.

542. ഖണ്ഡം 16 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 34 എ(4)(viii)-നു ശേഷം ഇനം (ix) ആയി താഴെപ്പറയുന്നത് ചേർക്കുക:

"(ix) കായികാധ്യാപക മേഖലയിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് അംഗങ്ങളും"

ശ്രീ. പി. റ്റി. എ. റഹീം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

537. ഖണ്ഡം 16 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 34 എ(4)-ൽ, ഇനം (i)-ന് ശേഷം താഴെപ്പറയുന്നത് ഇനം (ii) ആയി ചേർത്ത് ശേഷിക്കുന്നവ പുനഃക്രമീകരിക്കുക:

" (ii) നിയമസഭാംഗങ്ങൾ അവരിൽനിന്ന് ഇവരിൽ ഒരാൾ തെരഞ്ഞെടുക്കുന്ന അഞ്ച് പേർ വൈസ് -ചെയർമാൻ"

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ മൂവ് ചെയ്യേണ്ട ആവശ്യമില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ അംഗീകരിക്കുന്നുണ്ടോ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 520-ാം നമ്പർ ഭേദഗതിയും ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 525-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ ഒന്നും സ്വീകരിക്കുന്നില്ല.

ശ്രീ. മാത്യു റ്റി. തോമസ്: സർ, നേരത്തേ കെ.എൻ.എ. ഖാദർ, മൂവ് ചെയ്ത 270-ാം നമ്പർ ഭേദഗതി സ്വീകരിച്ചതുകൊണ്ട് 538-ാം നമ്പർ ഭേദഗതി സ്വീകരിച്ചേ പറ്റൂ. സ്പോർട്സ് എന്ന പദം മാറ്റി കായികവും യുവജനകാര്യവും വകുപ്പെന്ന ഭേദഗതി മന്ത്രി സ്വീകരിച്ചതാണ്. അതുകൊണ്ട് 538-ാം നമ്പർ ഭേദഗതി സ്വീകരിച്ചേ പറ്റുകയുള്ളൂ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, Consequent ആയിട്ടുള്ള അമെന്റ്മെന്റാണത്. അത് ഓട്ടോമാറ്റിക്കായി വന്നുകൊള്ളും. അതുകൊണ്ട് ഓരോന്നിനും നമ്മൾ സ്വീകരിക്കണമെന്ന് പറയേണ്ട ആവശ്യമില്ല.

മി. സ്പീക്കർ: ശ്രീ. ബെന്നി ബെഹനാന്റെ 520-ാം നമ്പർ ഭേദഗതിയും ശ്രീ. എം. ഉമ്മറിന്റെ 525-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 518, 538, 543 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 519, 526, 531, 540 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 523-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 534, 539 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 527 -ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു

ശ്രീ. വി. ടി. ബൽറാം അവതരിപ്പിച്ച 528-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 529-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. റ്റി. വി. രാജേഷ് അവതരിപ്പിച്ച 532, 536, 542 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. റ്റി. എ. റഹീം അവതരിപ്പിച്ച 537-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 16-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ...................

ഭേദഗതി ചെയ്ത പ്രകാരമുള്ള 16-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 16-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

17-ാം വകുപ്പ്

(ഭേദഗതി അവതരിപ്പിച്ചില്ല)

17-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ...................

17-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

17-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

17 എ വകുപ്പ്

ശ്രീ. മോൻസ് ജോസഫ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

546. ഖണ്ഡം 17 എ പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 42-ൽ, "തീർപ്പാക്കേണ്ടതായ ഏതെങ്കിലും തർക്കമോ" എന്നീ വാക്കുകൾക്ക് ശേഷം "പരിഹാരമോ" എന്ന വാക്ക് ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

547. ഖണ്ഡം 17 എ പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് (42)-ൽ, "തർക്കമോ" എന്നതിനുശേഷം "പരാതിയോ" എന്ന് ചേർക്കുക.

സർ, ഖണ്ഡം 17 എ യിൽ "തർക്കമോ" എന്നതിനുശേഷം "പരാതിയോ" എന്ന് ചേർക്കണമെന്നുള്ളതാണ്.

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

548. ഖണ്ഡം 17 എ പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 42-ൽ, "തർക്കമോ" എന്നതിനു പകരം "വിഷയമോ" എന്ന് ചേർക്കുക.

ശ്രീ. രാജു എബ്രഹാം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

549. ഖണ്ഡം 17 എ പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് (42) താഴെപ്പറയും പ്രകാരം മാറ്റുക:

"42. ഈ ആക്ട് പ്രകാരം രൂപീകരിച്ചിട്ടുള്ള അപ്പലേറ്റ് ട്രിബ്യൂണൽ അതിന്റെ മുമ്പാകെ എത്തുന്ന തർക്കത്തിൽ എടുക്കുന്ന തീരുമാനം സംബന്ധിച്ച് യാതൊരു വ്യവഹാരവും നിലനിൽക്കുന്നതല്ല."

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ അംഗീകരിക്കുന്നുണ്ടോ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഭേദഗതികൾ അംഗീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 546-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 547-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 548-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. രാജു എബ്രഹാം അവതരിപ്പിച്ച 549-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

17 എ വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ...................

17 എ വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

17 എ വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

18-ാം വകുപ്പ്

ശ്രീമതി കെ. എസ്. സലീഖ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

550. ഖണ്ഡം 18 പ്രകാരം ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 44(1)-ന്റെ ക്ലിപ്തനിബന്ധനയിൽ, "അൻപത് ശതമാനം" എന്നീ വാക്കുകൾക്ക് പകരം "അറുപത് ശതമാനം" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി അംഗീകരിക്കുന്നുണ്ടോ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഭേദഗതി അംഗീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 550-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

18-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ...................

18-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

18-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

19-ാം വകുപ്പ്

ശ്രീമതി കെ. എസ്. സലീഖ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

553. ഖണ്ഡം 19(എ) പ്രകാരം ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 45(2)(ജി)-യിൽ, "അഡ്മിനിസ്ട്രേറ്റീവ് ബോർഡിന്റെ മെമ്പർ" എന്നീ വാക്കുകൾക്കുപകരം"തിരഞ്ഞെടുക്കപ്പെട്ട അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ മെമ്പർ" എന്നീ വാക്കുകൾ ചേർക്കുക.

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

554. ഖണ്ഡം 19(എ) പ്രകാരം ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 45(2)(ജി) താഴെപറയും പ്രകാരം മാറ്റുക:

"ജി. സംസ്ഥാന സ്പോർട്സ് കൗൺസിൽ ബോർഡിന്റെ അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും"

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി അംഗീകരിക്കുന്നുണ്ടോ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഭേദഗതികൾ അംഗീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 553-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. സി. രവീന്ദ്രനാഥ് അവതരിപ്പിച്ച 554-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

19-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ...................

19-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

19-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

20-ാം വകുപ്പ്

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

555. ഖണ്ഡം 20 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 46 (2)-ലെ ഖണ്ഡം (എ എ) പ്രധാന ആക്ടിൽ നിലവിലുള്ള ഖണ്ഡം (ഡി)-ക്ക് പകരം ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഭേദഗതി സ്വീകാര്യമല്ല.

മി. സ്പീക്കർ: പ്രൊഫ. സി. രവീന്ദ്രനാഥ് അവതരിപ്പിച്ച 555-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

20-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ............

പ്രതികൂലിക്കുന്നവർ ............

20-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു

20-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

21-ാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

556. ഖണ്ഡം 21(2)-ലെ "കാര്യമോ" എന്നതിനുശേഷം "കാര്യങ്ങളോ" എന്നും "നടപടിയോ" എന്നതിനുശേഷം "നടപടികളോ"എന്നും ചേർക്കുക.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 556-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 556-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 21-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ...........

പ്രതികൂലിക്കുന്നവർ ...........

ഭേദഗതി ചെയ്ത പ്രകാരമുള്ള 21-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 21-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും

ശ്രീമതി കെ. എസ്. സലീഖ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

107. ദീർഘ ശീർഷകം താഴെപ്പറയും പ്രകാരം മാറ്റുക :

"കേരള സംസ്ഥാനത്ത് സ്പോർട്സും ഗെയിംസും പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പാക്കിയ 2000-ലെ കേരള സ്പോർട്സ് ആക്ടിൽ 2015-ലെ സ്പോർട്സ് നയങ്ങൾ നടപ്പിലാക്കുന്നതിനും അതിനായി സമിതികളെ തെരഞ്ഞെടുക്കുന്നത് ഒഴിവാക്കി നാമനിർദ്ദേശം ചെയ്യുവാൻ വ്യവസ്ഥ ചെയ്യുന്നതിനുംവേണ്ടി പ്രസ്തുത ആക്ട് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള ഒരു ബിൽ ".

110. ഖണ്ഡം1(2)-ൽ, “ 2015 സെപ്റ്റംബർ 18-ാം തീയതി" എന്നതിനു പകരം "2015 ഡിസംബർ 15-ാം തീയതി" എന്നത് ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

108. പീഠികയിൽ, "ഇതിനുശേഷം കാണുന്ന" എന്നീ വാക്കുകൾക്ക് പകരം "ഇനി പറയുന്ന" എന്ന വാക്ക് ചേർക്കുക.

112. ഖണ്ഡം1(2)-ൽ, "കരുതപ്പെടേണ്ടതാണ് " എന്ന വാക്കിന് പകരം "കരുതേണ്ടതാണ് " എന്ന വാക്ക് ചേർക്കുക.

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഇതിൽ ഏതെങ്കിലും ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 107, 110 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 108, 112 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ..............

പ്രതികൂലിക്കുന്നവർ ..............

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, 2015-ലെ കേരള സ്പോർട്സ് (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഞാൻ ദീർഘമായി ഒന്നും പറയുന്നില്ല. പ്രതിപക്ഷത്തുനിന്നും ഭരണപക്ഷത്തുനിന്നും വന്നിട്ടുള്ള ഭേദഗതികളിൽ രണ്ടെണ്ണം ഭാഗികമായും പതിനൊന്നെണ്ണം പൂർണ്ണമായും അങ്ങനെ പതിമൂന്നോളം ഭേദഗതികൾ അംഗീകരിച്ചു. ആറ് ഔദ്യോഗിക ഭേദഗതികളും കൊണ്ടുവന്നിട്ടുണ്ട്. ഈ ഭേദഗതികളെല്ലാംകൂടി വന്നപ്പോൾ ഈ ബില്ലിനെ വളരെ പെർഫെക്ട് ആക്കുന്ന തരത്തിലുള്ള നിർദ്ദേശങ്ങളാണ് വന്നിട്ടുള്ളത്. ഈ നിർദ്ദേശങ്ങളെല്ലാം പൂർണ്ണമായി ഉൾക്കൊണ്ടുകൊണ്ട് ഈ നിയമം നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഇത് കേരളത്തിനാവശ്യമായിട്ടുള്ള ഒരു നിയമമാണ്. വളരെ ഭംഗിയായും ട്രാൻസ്പെരന്റായും കൊണ്ടുപോകാൻ കഴിയുന്ന ഒരു സ്പോർട്സ് രംഗത്തിനുവേണ്ടിയുള്ള പരിശ്രമത്തിലും എല്ലാ ഭാഗത്തുനിന്നുമുള്ള ആളുകൾ സഹായിക്കണം. ഈ ബിൽ പാസ്സാക്കി തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. മാത്യു റ്റി. തോമസ്: സർ, ബഹുമാനപ്പെട്ട മന്ത്രി അംഗീകരിച്ച ഭേദഗതിയുടെ കണക്കുപറഞ്ഞാണ് മൂന്നാം വായനയിൽ ഈ ബിൽ കുറ്റമറ്റതാണെന്ന്

സ്ഥാപിക്കാൻ ശ്രമിച്ചത്. നിയമസഭ പാസ്സാക്കുന്ന ഒരു നിയമനിർമ്മാണം നാട്ടിലുണ്ടാക്കാൻ പോകുന്ന ഭവിഷ്യത്തുകളും പ്രയോജനങ്ങളുമാണ് മൂന്നാം വായനയിൽ ചർച്ച ചെയ്യുന്നത്. കേരളത്തിലെ നിയമനിർമ്മാണ ചരിത്രത്തിലെ ഒരു കറുത്ത അദ്ധ്യായം ഇന്ന് എഴുതിച്ചേർക്കുകയാണ്. കേരളത്തിലെ സ്പോർട്സ് രംഗത്തുണ്ടായിരുന്ന ജനാധിപത്യ അംശങ്ങൾ ഒന്നൊന്നായി കവർന്നെടുത്തു കൊണ്ട് നോമിനേഷൻ സമിതികളെ സംസ്ഥാനാടിസ്ഥാനത്തിലും ജില്ലാടിസ്ഥാനത്തിലും രൂപപ്പെടുത്താനുള്ള ബോധപൂർവ്വമായ ശ്രമം, ജനാധിപത്യത്തെ ഹനിക്കാൻ വേണ്ടിയുള്ള ശ്രമമാണ് ഈ ബില്ലിന്റെ പിന്നിലുള്ളത്. നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന എം.എൽ.എ.-മാർ, അവരുടെ പ്രതിനിധികൾ സംസ്ഥാന/ ജില്ലാ സ്പോർട്സ് കൗൺസിലിൽ വരുന്നത് ഇവിടത്തെ തെരഞ്ഞെടുപ്പിലൂടെയല്ല. സംസ്ഥാന സർക്കാരിന് അവരെ നോമിനേറ്റ് ചെയ്യാനുള്ള അധികാരമാണ് ഈ ബിൽ നൽകുന്നത്. ഞാൻ കൊടുത്ത ഭേദഗതി, രാഷ്ട്രീയ പാർട്ടികളുടെ കക്ഷി നിലയുടെ ആനുപാതിക ക്രമമനുസരിച്ചെങ്കിലും നോമിനേഷൻ ഉണ്ടാകണമെന്നായിരുന്നു. നിയമസഭയിൽ നിന്നുള്ള പ്രതിനിധികളെ നിയമസഭയ്ക്ക് തെരഞ്ഞെടുക്കാനുള്ള അവകാശം വേണമെന്ന ഭേദഗതിയാണ് ശ്രീ. എ. കെ. ബാലൻ കൊടുത്തത്. എന്നാൽ ഗവൺമെന്റ് ഇവരെ നോമിനേറ്റ് ചെയ്യുക തന്നെ വേണമെന്ന ജനാധിപത്യ വിരുദ്ധമായ നടപടിയാണ് നിയമസഭാംഗങ്ങളുടെ കാര്യത്തിൽ ചേർത്തിരിക്കുന്നത്. നിയമസഭാംഗങ്ങളുടെ കാര്യത്തിൽ മാത്രമല്ല ജില്ലാ സ്പോർട്സ് കൗൺസിലിലേയ്ക്കുള്ള ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരുടെയും പഞ്ചായത്ത് പ്രസിഡന്റുമാരുടെയും പ്രതിനിധികളെ സർക്കാർ നോമിനേറ്റ് ചെയ്യുന്നതിനുള്ള വ്യവസ്ഥയാണ് ഈ ബില്ലിലുള്ളത്. അങ്ങനെ കേരളത്തിലെ സ്പോർട്സ് സമിതികളെ നോമിനേറ്റഡ് സമിതികളായി മാറ്റിയെടുക്കാൻ ഉപകരിക്കുന്ന ഒരു നിയമമാണ് മന്ത്രി ഇവിടെ അവതരിപ്പിച്ച് പാസ്സാക്കുന്ന ഘട്ടത്തിലെത്തി നിൽക്കുന്നത്. അതുകൊണ്ട് ഇത് നിയമനിർമ്മാണ ചരിത്രത്തിലെ ഒരു കറുത്ത ഏടാണെന്ന് വളരെ വ്യക്തമായി ഞാൻ പറയാൻ ആഗ്രഹിക്കുന്നു. സ്പോർട്സ് രംഗത്ത് ഇതുവരെ ഉണ്ടായിരുന്ന ജനാധിപത്യ സ്വഭാവം പരിപൂർണ്ണമായി ഇല്ലാതാക്കാൻവേണ്ടി ആരുടെയോ പ്രേരണയാൽ കൊണ്ടുവന്നിരിക്കുന്ന ഒരു ബില്ലാണിത്. എന്താണ് ഇതിന്റെ പിന്നിലുള്ള സമ്മർദ്ദമെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഇന്ന് രാജ്യത്താകമാനം ജനാധിപത്യം ഭീഷണി നേരിടുകയാണെന്ന് വിലപിക്കുന്നവരാണ് അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്നവർ. ജനാധിപത്യത്തിനുപകരം അധികാര കേന്ദ്രീകരണ മുണ്ടാകുന്നുവെന്ന് പറയുമ്പോൾത്തന്നെ നിലവിലിരുന്ന ജനാധിപത്യ സമിതികളെ ഇല്ലായ്മ ചെയ്തുകൊണ്ട് അവിടേക്ക് നോമിനേറ്റഡ് സമിതികളെ കൊണ്ടുവരികയും ജനാധിപത്യ പ്രക്രിയയിൽനിന്ന് തിരിച്ചുപോക്കിന് വഴിവയ്ക്കുകയും ചെയ്യുന്ന ഒരു നിയമനിർമ്മാണമാണ് ഇപ്പോഴിവിടെ നടക്കുന്നത്. ഈ ബിൽ പാസ്സാക്കുന്നതിനെ ഞങ്ങൾ ശക്തിയായി എതിർക്കുകയാണ്.

മി. സ്പീക്കർ: 2015-ലെ കേരള സ്പോർട്സ് (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..............

പ്രതികൂലിക്കുന്നവർ ..............

ശ്രീ. മാത്യു റ്റി. തോമസ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. കെ. അബ്ദു റബ്ബ്
3. ശ്രീ. പി. ബി. അബ്ദുൾ റസാക്
4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
5. ശ്രീ. കെ. അച്ചുതൻ
6. ശ്രീ. അടൂർ പ്രകാശ്
7. ശ്രീ. എ. പി. അനിൽകുമാർ
8. ശ്രീ. അൻവർ സാദത്ത്
9. ശ്രീ. കെ. ബാബു
10. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
11. ശ്രീ. സി. എൻ. ബാലകൃഷ്ണൻ
12. ശ്രീ. വി. റ്റി. ബൽറാം
13. ശ്രീ. പി. കെ. ബഷീർ
14. ശ്രീ. ബെന്നി ബെഹനാൻ
15. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
16. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
17. ശ്രീ. എ. റ്റി. ജോർജ്
18. ശ്രീ. ഹൈബി ഈഡൻ
19. ശ്രീമതി പി. കെ. ജയലക്ഷ്മി

20. ഡോ. എൻ. ജയരാജ്
21. ശ്രീ. കെ.സി. ജോസഫ്
22. ശ്രീ. ജോസഫ് വാഴയ്ക്കൻ
23. ശ്രീ. കെ. എൻ. എ. ഖാദർ
24. ശ്രീ. കോവൂർ കുഞ്ഞുമോൻ
25. ശ്രീ. റ്റി. യു. കുരുവിള
26. ശ്രീ. ലൂഡി ലൂയിസ്
27. ശ്രീ. പി. എ. മാധവൻ
28. ശ്രീ. സി. മമ്മൂട്ടി
29. ശ്രീ. സി. പി. മുഹമ്മദ്
30. ശ്രീ. സി. മോയിൻകുട്ടി
31. ശ്രീ. മോൻസ് ജോസഫ്
32. ശ്രീ. ആര്യാടൻ മുഹമ്മദ്
33. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
34. ശ്രീ. കെ. മുരളീധരൻ
35. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
36. ശ്രീ. ഉമ്മൻ ചാണ്ടി
37. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
38. ശ്രീ. രമേശ് ചെന്നിത്തല
39. ശ്രീ. പാലോട് രവി
40. ശ്രീ. റോഷി അഗസ്റ്റിൻ
41. ശ്രീ. കെ. എസ്. ശബരീനാഥൻ
42. ശ്രീ. വി. ഡി. സതീശൻ
43. ശ്രീ. ആർ. സെൽവരാജ്
44. ശ്രീ. ഷാഫി പറമ്പിൽ

45. ശ്രീ. എൻ. ഷംസുദ്ദീൻ

46. ശ്രീ. കെ. ശിവദാസൻ നായർ

47. ശ്രീ. സണ്ണി ജോസഫ്

48. ശ്രീ. സി. എഫ്. തോമസ്

49. ശ്രീ. തോമസ് ഉണ്ണിയാടൻ

50. ശ്രീ. പി. ഉബൈദുള്ള

51. ശ്രീ. എം. ഉമ്മർ

52. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

53. ശ്രീ. എം. എ. വാഹീദ്

<u>പ്രതികൂലിക്കുന്നവർ :</u>

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ

2. ശ്രീ. കെ. അജിത്

3. ശ്രീ. ബാബു എം. പാലിശ്ശേരി

4. ശ്രീ. എ. കെ. ബാലൻ

5. ശ്രീ. ഇ. ചന്ദ്രശേഖരൻ

6. ശ്രീ. ബി. ഡി. ദേവസ്സി

7. ശ്രീമതി ഗീതാ ഗോപി

8. ശ്രീ. ചിറ്റയം ഗോപകുമാർ

9. ശ്രീ. എം. ഹംസ

10. ശ്രീ. ജെയിംസ് മാത്യു

11. ഡോ. കെ. ടി. ജലീൽ

12. ശ്രീ. ജോസ് തെറ്റയിൽ

13. ശ്രീ. സി. കൃഷ്ണൻ

14. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
15. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
16. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
17. ശ്രീമതി കെ. കെ. ലതിക
18. ശ്രീ. മാത്യു റ്റി. തോമസ്
19. ശ്രീ. സി. കെ. നാണു
20. ശ്രീ. കെ. കെ. നാരായണൻ
21. ശ്രീ. പുരുഷൻ കടലുണ്ടി
22. ശ്രീ. കെ. രാധാകൃഷ്ണൻ
23. ശ്രീ. പി. ടി. എ. റഹീം
24. ശ്രീ. ആർ. രാജേഷ്
25. ശ്രീ. റ്റി. വി. രാജേഷ്
26. ശ്രീ. രാജു എബ്രഹാം
27. പ്രൊഫ. സി. രവീന്ദ്രനാഥ്
28. ശ്രീ. സാജു പോൾ
29. ശ്രീമതി കെ. എസ്. സലീഖ
30. ശ്രീ. വി. ശശി
31. ശ്രീ. എ. കെ. ശശീന്ദ്രൻ
32. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
33. ശ്രീ. ഇ. കെ. വിജയൻ
34. ശ്രീ. കെ. വി. വിജയദാസ്

മി.സ്പീക്കർ: അനുകൂലിക്കുന്നവർ - 53

പ്രതികൂലിക്കുന്നവർ - 34

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

2. 2015-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2015-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. സി. ജോസഫ്: സർ, വളരെ പരിമിതമായ മൂന്ന് ഖണ്ഡങ്ങൾ മാത്രമുള്ള ഒരു ബില്ലാണിത്. ആദ്യഘട്ടത്തിൽ ഇതിവിടെ ചർച്ച ചെയ്തതാണ്. 55 വയസ്സുവരെ ക്ഷേമനിധിയിൽ അംഗമാകാനുള്ള അവകാശം ഉദാരവൽക്കരിച്ച് 60 വയസ്സുവരെയാക്കുന്ന ഭേദഗതിയാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. മാത്രമല്ല, നേരത്തെ 55 വയസ് പൂർത്തിയാകുകയും എന്നാൽ 60 വയസ്സ് പൂർത്തിയാകുന്നതിനുമുമ്പ് ക്ഷേമനിധിയിൽ അംഗമാകുന്നതിന് അപേക്ഷ നൽകിയിട്ടുള്ളവരുടെ അപേക്ഷകളെ ഈ ബിൽ സാധൂകരിക്കുകയും ചെയ്യുന്നു. ഈ ബിൽ നിരവധി പ്രവാസി സംഘടനകളുടെ വലിയൊരു ആവശ്യമാണ്. ഇത് അംഗീകരിച്ചുകഴിഞ്ഞാൽ 2009 ഫെബ്രുവരി മാസം 24-ാം തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്. ആ കാലഘട്ടത്തിനുശേഷമുള്ള എല്ലാ പ്രവാസികൾക്കും ഈ ബിൽ പ്രയോജനം ചെയ്യും. ഈ ബിൽ ഞാൻ അവതരിപ്പിക്കുകയാണ്.

മി. സ്പീക്കർ: ശ്രീ. എൻ. എ. നെല്ലിക്കുന്ന്, അങ്ങേക്ക് 1 (എ)നമ്പർ ഭേദഗതി അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2015-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

2008 -ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ഒരു കാര്യം 60 വയസ് പൂർത്തിയായിട്ടുള്ളതും 5 വർഷത്തിൽ കുറയാതെ അംശദായം അടച്ചിട്ടുള്ളതുമായ അംഗങ്ങൾക്ക് ക്ഷേമനിധിയിൽനിന്ന് പെൻഷൻ നൽകാമെന്നതാണ്. 2009 ഫെബ്രുവരി 24 -ാം തീയതി മുതലാണ് ആക്ടിന് പ്രാബല്യം നൽകിയിട്ടുള്ളത്. 18 വയസ്സിനും 55 വയസ്സിനും ഇടയിൽ പ്രായമുള്ള മറ്റ് വിധത്തിൽ അർഹരായ പ്രവാസികൾക്കാണ് പ്രിൻസിപ്പൽ ആക്ട് പ്രകാരം അംഗത്വം അനുവദിച്ചിട്ടുള്ളത്.

അതുകൊണ്ടുതന്നെ 2009 ഫെബ്രുവരി 24-ന് 55 വയസ്സ് കഴിഞ്ഞവർക്ക് അംഗത്വമെടുക്കാൻ കഴിയുമായിരുന്നില്ല. 55 വയസ്സിനു ശേഷവും 60 വയസ്സ് കഴിഞ്ഞിട്ടും വിദേശത്ത്, വിശിഷ്യ ഗൾഫ് മേഖലകളിൽ ജോലി ചെയ്യുന്ന ധാരാളം മലയാളികളുണ്ട്. അവർക്ക് നിയമത്തിലെ നിയന്ത്രണ വ്യവസ്ഥ കാരണം അംഗത്വമെടുക്കാൻ കഴിഞ്ഞിരുന്നില്ല. 60 വയസ്സുവരെയുള്ളവർക്ക് അംഗത്വം നൽകാൻ വ്യവസ്ഥ ചെയ്യാനുദ്ദേശിച്ചാണ് ഈ നിയമ ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. ഈ നിയമം നിലവിൽ വന്നിട്ട് ഏഴ് വർഷമായിരിക്കുന്നു. അന്ന് 55 വയസ്സുണ്ടായിരുന്നവർക്ക് ഇപ്പോൾ 62 വയസ്സായിട്ടുണ്ട്. പരമാവധി ആളുകൾക്ക് ആനുകൂല്യം അനുഭവവേദ്യമാക്കാനാണ് സാധാരണയായി ഭേദഗതി കൊണ്ട് ഉദ്ദേശിക്കുന്നത്. ആയതിനാൽ പരമാവധി പ്രായം 62 വയസ്സാക്കുന്നതാണ് നീതിപൂർവ്വമായ നടപടിയെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ള ഒരു കാര്യം. മറ്റൊന്ന് ഈ ബില്ലിൽ പറഞ്ഞിരിക്കുന്നത്, 'ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ സാധുതയോടെ എടുത്തതായും നല്കിയതായും കരുതപ്പെടേണ്ടതും അവ സംബന്ധിച്ച് എടുത്തിട്ടുള്ള യാതൊരു നടപടിയും ഒരു കോടതിയിലോ മറ്റ് അധികാര സ്ഥാനങ്ങളിലോ ചോദ്യം ചെയ്യപ്പെടാൻ പാടില്ലാത്തതുമാകുന്നു.' ഒരു ജനാധിപത്യ രാജ്യത്ത് ഇങ്ങനെയുള്ള ഒരു നിയമത്തിന് സാധുത നല്കാൻ പറ്റുമോയെന്നതിനെക്കുറിച്ച് പരിശോധിക്കണമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. മറ്റൊന്ന്, അംഗത്വം എടുത്ത് 5 വർഷം അംശദായം അടയ്ക്കുന്നവർക്കു മാത്രമേ പെൻഷന് അർഹതയുണ്ടാകൂ എന്ന നിബന്ധന വച്ചാൽ നിയമത്തിൽ നല്കുന്ന ഇളവ് ദുരുപയോഗം ചെയ്യപ്പെടുമെന്ന ആശങ്കയ്ക്ക് അർത്ഥമില്ലായെന്നുകൂടി ഞാൻ ഇവിടെ സൂചിപ്പിക്കുവാൻ ആഗ്രഹിക്കുന്നു. 5 വർഷത്തിൽ കൂടുതൽ അംശദായം അടയ്ക്കുന്നവർക്ക് പെൻഷൻ തുകയിൽ ആനുപാതിക വർദ്ധനവ് നല്കാൻ വ്യവസ്ഥ നിയമത്തിലുള്ളതിനാൽ വിവേചനം ഉണ്ടാകാൻ സാധ്യതയില്ല. ഈ ആക്ടിന് മുൻകാല പ്രാബല്യം നൽകേണ്ടി വരുന്നതുകൊണ്ടാണ് സാധൂകരണ വ്യവസ്ഥ ചേർക്കേണ്ടിവരുന്നത്. ഇതുകാരണം ഗുണഭോക്താക്കളുടെ എണ്ണം പരിമിതപ്പെടും. ഇപ്പോഴും പ്രവാസികളായി തുടരുന്ന അർഹതയുള്ള അനവധിപേർ ഒഴിവാക്കപ്പെടും. ആയതിനാൽ ഭേദഗതി നിയമത്തിനു വേണ്ടിയുള്ള ബില്ലിൽ യുക്തമായ മാറ്റം അനിവാര്യമാണെന്ന് ഞാനിവിടെ സൂചിപ്പിക്കുന്നു. പ്രവാസി ക്ഷേമനിധിയുടെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സർക്കാർ കാലോചിതമായി പരിഷ്കരിക്കേണ്ടതുണ്ട്. ഇപ്പോൾ കോർപ്പസ് ഫണ്ടിലേയ്ക്ക് ക്ഷേമനിധി അംഗങ്ങൾ അടച്ചുവരുന്ന അംശദായത്തിന്റെ 2% മാത്രമാണ് സർക്കാർ വിഹിതമായി നല്കിവരുന്നത്. ഇത് 10% ആയി വർദ്ധിപ്പിക്കണമെന്നാണ് എന്റെ ഒരു നിർദ്ദേശം. ഇപ്രകാരം സർക്കാർ വിഹിതം 10% ആയി വർദ്ധിപ്പിച്ചാലും സമീപ ഭാവിയിൽത്തന്നെ പെൻഷൻ കൊടുക്കേണ്ടിവരുന്ന പ്രവാസികളുടെ എണ്ണം വർദ്ധിക്കും. അതോടുകൂടി ക്ഷേമനിധിയുടെ സാമ്പത്തിക സ്ഥിതി കൂടുതൽ

ക്ഷയിക്കും. ഇത് മുൻകൂട്ടി കാണുകയും ക്ഷേമനിധിയുടെ കോർപ്പസ് ഫണ്ട് കൂടുതൽ ശക്തിപ്പെടുത്തുന്നതിനാവശ്യമായ പദ്ധതികൾക്ക് രൂപം നല്കുകയും ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണ്. പ്രവാസി ഭാരതീയരായ കേരളീയരുടെയും അവരുടെ കുടുംബത്തിന്റെയും അവകാശങ്ങൾ സംരക്ഷിക്കുന്നതിൽ, പ്രത്യേകിച്ച് കേരള സംസ്ഥാനത്ത് അവരുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുക എന്നതാണ് ഈ നിയമംകൊണ്ട് ഉദ്ദേശിക്കുന്നത്. അമ്മയുടെ വയറ്റിൽനിന്ന് വരുമ്പോൾത്തന്നെ നമ്മൾ കരഞ്ഞുകൊണ്ടാണ് വരുന്നത്; അപ്പോൾത്തന്നെ നമ്മുടെ കഷ്ടകാലം തുടങ്ങുന്നുവെന്ന് സാധാരണ പറയുന്നതുപോലെ പ്രവാസിയാകാൻ നിശ്ചയിക്കുമ്പോൾ തന്നെ നമ്മുടെ കഷ്ടകാലം തുടങ്ങുന്നു എന്നാണ് ഇപ്പോഴത്തെ അവസ്ഥ കാണുമ്പോൾ തോന്നുന്നത്. കാരണം ഒരു ഉദ്യോഗാർത്ഥിക്ക് വിസ ലഭിച്ച് ടിക്കറ്റെടുത്ത് കന്നി യാത്രയ്ക്കൊരുങ്ങുമ്പോൾത്തന്നെ പ്രശ്നം ആരംഭിക്കുകയാണ്. ഒരാൾക്ക് ഒരു വിസ കിട്ടിയാൽ ആ വിസയുടെ കാലാവധി 30 ദിവസമോ 60 ദിവസമോ ആയിരിക്കും. അല്ലെങ്കിൽ അയാൾക്ക് ഗൾഫ് നാടുകളിലുള്ള ജോബിന്റെ ഓഫർ ഒരു മാസത്തിനകം ആയിരിക്കും. 30 ദിവസത്തിനുള്ളിൽ അയാൾ ഗൾഫിൽ ചെന്ന് ജോലിയിൽ പ്രവേശിക്കണം. ഈ വിസ കിട്ടുമ്പോൾ അയാളുടെ കയ്യിൽ പാസ്പോർട്ട് ഉണ്ടാവുകയില്ല. പാസ്പോർട്ടിന് അപേക്ഷിച്ചാൽ കുറെ കടമ്പകൾ കടക്കേണ്ടതായി വരും. പാസ്പോർട്ട് ഉണ്ടെങ്കിൽ പാസ്പോർട്ട് പുതുക്കാൻ എസ്.പി. ഓഫീസിൽ പോയി സ്പെഷ്യൽ വെരിഫിക്കേഷൻ നടത്തിയാൽ ഒരാഴ്ച കൊണ്ട് പാസ്പോർട്ട് കിട്ടും. ഇന്ന് പോലീസ് സ്പെഷ്യൽ വെരിഫിക്കേഷൻ എന്നുപറഞ്ഞ് പുതിയ പാസ്പോർട്ടിന് അപേക്ഷ നല്കിയ ആളുകളെ മാസങ്ങളോളം വെരിഫിക്കേഷൻ നടത്താതെയും പാസ്പോർട്ട് എൻക്വയറി കൃത്യമായി നടത്താതെയും വിഷമിപ്പിക്കുന്നുണ്ടെന്ന് നമുക്കറിയാവുന്ന കാര്യമാണ്. പുതിയ പാസ്പോർട്ടിനു വേണ്ടി പല കടമ്പകളും വൈതരണികളും കടക്കേണ്ടതുണ്ട്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

<u>ശ്രീ. സാജു പോൾ</u>: സർ, പ്രവാസികളുടെ പ്രശ്നങ്ങളിൽ ഏറ്റവും സജീവമായി പ്രവർത്തിക്കുന്ന നിരവധി സംഘടനകളുണ്ട്. വിദേശത്തുവച്ച് ഒരപകടമോ മരണമോ സംഭവിച്ചാൽ ഏറ്റവും കൂടുതൽ ഇടപെടാൻ കഴിയുന്നത് ഈ സംഘടനകൾ വഴിയാണ്. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ ഈ പ്രവാസി സംഘടനകൾക്ക് അർഹമായിട്ടുള്ള പരിഗണനയോ അംഗീകാരമോ ഇതുവരെ നല്കിയിട്ടില്ലായെന്നുള്ളത് യാഥാർത്ഥ്യമാണ്. ഈ ക്ഷേമനിധി ബോർഡ് ഉൾപ്പെടെ കേരളത്തിലെ തൊഴിലാളിക്ഷേമ ബോർഡുകളിലെല്ലാം ഇത്രയേറെ അംഗങ്ങളെ ചേർക്കാൻ കഴിഞ്ഞത് തൊഴിലാളി സംഘടനകളുടെ സഹായത്താലാണ്. അത് അങ്ങേയ്ക്കും അറിയാവുന്ന കാര്യമാണല്ലോ. പ്രവാസി സംഘടനകളെക്കൂടി പരിഗണിച്ചുകൊണ്ടും അവർക്ക് അംഗീകാരം നല്കിക്കൊണ്ടും ഈ ക്ഷേമനിധിയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തണമെന്നുള്ള അഭിപ്രായം അങ്ങേയ്ക്ക് ഉണ്ടോ?

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:</u> സർ, ഞാനുമൊരു പ്രവാസിയാണ്. അതുകൊണ്ടുതന്നെ എനിക്കറിയാം, ഗൾഫ് നാടുകളിൽ പ്രവർത്തിക്കുന്ന നമ്മുടെ എംബസികളിൽനിന്നും അതുപോലെതന്നെ കോൺസുലേറ്റ് ജനറലുകളിൽനിന്നും ലഭിക്കുന്ന സേവനങ്ങളേക്കാൾ ഗൾഫിലെ മലയാളികൾക്ക് ഏറ്റവും കൂടുതൽ സേവനം ലഭിക്കുന്നത് ശ്രീ. സാജു പോൾ സൂചിപ്പിച്ച മലയാളി സംഘടനകളിൽ നിന്നാണ്. അതുകൊണ്ട് അവർക്ക് മതിയായ പരിഗണന നല്കണം എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല; നല്കേണ്ടതു തന്നെയാണ്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> വിയോജനക്കുറിപ്പുപോലും ഇല്ലാതെ പ്രതിപക്ഷം സഹകരിച്ച ഒരു ബില്ലാണിത്.

<u>ശ്രീ. പി. ഉബൈദുള്ള:</u> സർ, പ്രവാസികൾ പാസ്പോർട്ട് പുതുക്കുന്നതിനുവേണ്ടി കൊടുക്കുമ്പോൾ പോലീസ് വെരിഫിക്കേഷനുമായി ബന്ധപ്പെട്ടുകൊണ്ടുള്ള പ്രയാസങ്ങളൊക്കെ ഇവിടെ ബഹുമാനപ്പെട്ട എൻ. എ. നെല്ലിക്കുന്ന് പറയുകയുണ്ടായി. വിദേശത്ത് ജോലി ചെയ്യുന്ന സഹോദരന്മാർക്ക് അവരുടെ നേരത്തെയുള്ള പാസ്പോർട്ടിൽ ചെറിയ പിശക് വന്നിട്ടുണ്ടെങ്കിൽ അത് തിരുത്താനുള്ള അവസരം ഉണ്ടായിരുന്നു. അതിന് എം.എൽ.എ.-മാരുടെ സർട്ടിഫിക്കറ്റ് കൊടുക്കുന്നതോടൊപ്പം അതാത് പോലീസ് സ്റ്റേഷനിലെ സബ് ഇൻസ്പെക്ടർമാരുടെ സർട്ടിഫിക്കറ്റുകൂടി കൊടുത്താൽ എംബസി മുഖാന്തരം തിരുത്താനുള്ള അവസരം നൽകുന്നുണ്ട്. എന്നാൽ, എം.എൽ.എ.-മാർ സർട്ടിഫിക്കറ്റ് നൽകിയാലും പോലീസ് സ്റ്റേഷനിൽ നിന്ന് സർട്ടിഫിക്കറ്റ് കിട്ടാൻ വലിയ പ്രയാസമാണ്. ആ കാര്യം ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:</u> സർ, ഇങ്ങനെയുള്ള പല കാര്യങ്ങളും എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൃത്യസമയത്ത് പോലീസ് വെരിഫിക്കേഷൻ എൻക്വയറി നടക്കാത്തതുകൊണ്ട് വിസ നഷ്ടപ്പെട്ടവരും അതുമൂലം ജോലി തന്നെ നഷ്ടപ്പെട്ടവരുമായ കുറെ ഹതഭാഗ്യരുണ്ട്. ഇപ്പോഴും കാസർഗോഡ് ജില്ലയിലടക്കം സംസ്ഥാനത്തെ ചില ജില്ലാ പോലീസ് മേധാവികളുടെ ഓഫീസുകളിൽ പാസ്പോർട്ട് എൻക്വയറിയുമായി ബന്ധപ്പെട്ട കുറെ ഫയലുകൾ കെട്ടിക്കിടക്കുന്നുണ്ടെന്ന് നമുക്കെല്ലാവർക്കും അറിയാം. അതുമാത്രമല്ല, നിസ്സാര കാരണം പറഞ്ഞു കൊണ്ടാണ് ഈ പാസ്പോർട്ട് നിഷേധിക്കുന്നത്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> പ്ലീസ് കൺക്ലൂഡ്. ഒരു ബില്ലുകൂടി ഉണ്ട്.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:</u> സർ, ഒരുദാഹരണം ഞാൻ പറയാം, ഈയിടെ ഒരു പാസ്പോർട്ട് എൻക്വയറി നടന്നു. വിവാഹിതയായ ഒരു സ്ത്രീ ഭർത്താവിന്റെ വീട്ടിലെ അഡ്രസ്സാണ് പാസ്പോർട്ടിന് അപേക്ഷ നല്കുമ്പോൾ കൊടുത്തത്. പോലീസ്

എൻക്വയറിക്ക് വന്നപ്പോൾ ആ സ്ത്രീ അവരുടെ സ്വന്തം വീട്ടിൽ പോയിരുന്നു. സ്വന്തം അമ്മയേയും അച്ഛനേയും കാണാൻവേണ്ടി ഒരു ദിവസത്തേക്ക് ഭർത്താവിന്റെ വീട്ടിൽനിന്നും പോയതാണ്. ആ സ്ത്രീ അപേക്ഷയിൽ കാണിച്ചിരിക്കുന്ന അഡ്രസിലല്ല താമസിക്കുന്നതെന്ന് പോലീസ് റിപ്പോർട്ട് ചെയ്യുകയും അവരുടെ പാസ്പോർട്ട് നിഷേധിക്കുകയും ചെയ്തു. ഇങ്ങനെയുള്ള കുറെ ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാൻ സാധിക്കും. പ്രവാസി വകുപ്പ് ഇടപെടേണ്ടതായ ഗൗരവമായ ഒരു പ്രശ്നമാണിതെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുപോലെതന്നെ വിദേശത്ത് എത്തിപ്പെട്ടാലും പ്രശ്നംതന്നെയാണ്, വാഗ്ദാനം നല്കിയ ജോലി അവിടെ ലഭിക്കില്ല. മാനേജരുടെ കസേരയിലോ അക്കൗണ്ടന്റിന്റെ കസേരയിലോ ഇരുത്താമെന്ന് പറഞ്ഞായിരിക്കും വിസ നല്കി അവിടെ കൊണ്ടുപോകുന്നത്. അവിടെയെത്തിയാൽ അങ്ങനെയുള്ള ഒരു കസേരയും ഉണ്ടാകില്ല. പലപ്പോഴും ആടിനും ഒട്ടകത്തിനും വെള്ളം കൊടുക്കുന്ന ജോലിയാണ് ഡിഗ്രിയും പി.ജി.-യുമൊക്കെയുള്ള ആളുകൾക്ക് ചെയ്യേണ്ടി വരുന്നത്. ഇടത്തരക്കാരാണ് ഇങ്ങനെയുള്ള ചൂഷണം നടത്തുന്നത്. നമ്മുടെ സംസ്ഥാനത്ത് ഇങ്ങനെ വഞ്ചിക്കപ്പെടുന്നവർ ധാരാളമാണ്. ഇതും പ്രവാസി വകുപ്പ് വളരെ ഗൗരവമായി എടുക്കേണ്ട കാര്യമാണ്. അതുപോലെതന്നെ, അവിടെ ലാൻഡ് ചെയ്ത ഉടൻതന്നെ സ്പോൺസർ പാസ്പോർട്ട് വാങ്ങിവയ്ക്കും. വർഷങ്ങൾ കഴിഞ്ഞാലും പാസ്പോർട്ട് തിരിച്ചുകൊടുക്കുകയില്ല. ഇവർക്ക് പത്തോ പതിനഞ്ചോ വർഷം കഴിഞ്ഞാലും സ്വന്തം കുടുംബത്തിലേയ്ക്ക് വരാൻ സാധിക്കുകയില്ല. അങ്ങനെയുള്ള ധാരാളം മലയാളികൾ ഗൾഫ് നാടുകളിലുണ്ടെന്ന കാര്യം നമ്മൾ മനസ്സിലാക്കേണ്ടതുണ്ട്. അവരെക്കുറിച്ച് ഒരു വിവരവും ഇല്ല. വിസയും പാസ്പോർട്ടും ജോലിയുമില്ലാതെ ദുരിതങ്ങളുടെ മാറാപ്പ് ചുമക്കുന്ന ഹതഭാഗ്യരായ നമ്മുടെ സഹോദരന്മാരും പല കാരണങ്ങളാൽ ജയിലുകളിൽ കഴിയുന്ന ആളുകളും ഗൾഫ് നാടുകളിലുണ്ട്. അത്തരക്കാരുടെ കാര്യങ്ങൾ അറിയുന്നതിനു വേണ്ടി ഗൾഫ് നാടുകളിൽ ഒരു അദാലത്ത് വയ്ക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ മുൻപിൽ എനിക്ക് വയ്ക്കാനുള്ള നിർദ്ദേശം. ജീവിക്കാനും ജീവിപ്പിക്കാനും വേണ്ടിയാണ് നമ്മുടെ സഹോദരന്മാർ മരുപ്പച്ചതേടി മരുഭൂമിയിലേയ്ക്ക് പോകുന്നത്. എല്ലാ പ്രതീക്ഷകളും നഷ്ടപ്പെട്ട് നിരാശ്രയരായി കഴിയുന്ന അവരുടെ കുടുംബങ്ങൾക്കുവേണ്ടി നമുക്ക് എന്തുചെയ്യാൻ സാധിക്കുമെന്നതുംകൂടി ചിന്തിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. പുതിയ മരുപ്പച്ചകൾ തേടി ഗൾഫിൽ പോയ ആളുകൾക്ക് വർഷങ്ങളോളം ജോലി ഇല്ല. കുടുംബങ്ങൾ പട്ടിണിയിലാണ്. ആ കുടുംബത്തിന്റെ ഏക ആശ്രയമായിരിക്കും അയാൾ. പക്ഷെ അയാൾക്കും അവിടെ ജീവിക്കാൻ സാധിക്കുന്നില്ല, ഏത് കുടുംബത്തെ ജീവിപ്പിക്കാൻ വേണ്ടിയാണോ അയാൾ പോയത് ആ കുടുംബത്തിനും ഇവിടെ ജീവിക്കാൻ വഴിയില്ല. അത്തരം കുടുംബത്തിന് എന്തുസഹായം ചെയ്യാൻ സാധിക്കുമെന്നതുംകൂടി ചിന്തിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഗൾഫ് നാടുകളിൽനിന്നും തിരിച്ചുവരുമ്പോൾ, ഗൾഫിൽനിന്നും യാത്ര തുടങ്ങി വീട്ടിൽ എത്തുന്നതുവരെ കഷ്ടപ്പാടാണ്. 2015 ഡിസംബർ മാസം 2-ാം തീയതി കോഴിക്കോട് കരിപ്പൂർ വിമാനത്താവളത്തിൽ ഉണ്ടായ ഒരു സംഭവം

ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽകൊണ്ടുവരാൻ ആഗ്രഹിക്കുകയാണ്. ദുബായിൽനിന്നും കോഴിക്കോട് എയർപോർട്ടിൽ ഇൻഡിഗോ ഫ്ലൈറ്റിൽ വന്നിറങ്ങിയ ഹക്കീം റൂബ എന്ന ഒരു ഐ. ടി. പ്രൊഫഷണലിന് കസ്റ്റംസിൽനിന്നും സഹിക്കേണ്ടി വന്ന പീഡനത്തിന്റെ കഥ ഇപ്പോൾ സോഷ്യൽമീഡിയയിൽ വൈറലായി കൊണ്ടിരിക്കുകയാണ്. ആ ഐ. ടി. പ്രൊഫഷണൽ എനിക്ക് നന്നായി അറിയാവുന്ന, എന്റെ വീടിനടുത്ത് താമസിക്കുന്ന ഒരാളാണ്. അദ്ദേഹം ചെയ്ത തെറ്റ് എന്താണ്? പെട്ടി തുറക്കണമെന്ന് കസ്റ്റംസ് സൂപ്രണ്ട് പറഞ്ഞപ്പോൾ ദുബായ് എയർപോർട്ടിലും കോഴിക്കോട് കസ്റ്റംസും ഈ പെട്ടി സ്കാൻ ചെയ്തിട്ടുണ്ടെന്നും ഡ്യൂട്ടി കൊടുക്കേണ്ട ഒരു സാധനവും അനധികൃതമായി പെട്ടിയ്ക്കകത്ത് ഇല്ലായെന്നും അദ്ദേഹം പറഞ്ഞു. ഈ പെട്ടി താൻ തുറക്കാമെന്നും പക്ഷെ അത് റീ-പാക്ക് ചെയ്യുമ്പോൾ നിങ്ങൾക്കെന്നെ സഹായിക്കേണ്ടി വരുമെന്നും പറഞ്ഞപ്പോഴാണ് കസ്റ്റംസ് സൂപ്രണ്ട് രോഷാകുലനായത്. കാസർഗോഡുകാരൊക്കെ മോശക്കാരാണെന്നും അതുകൊണ്ട് നിന്നെ വിടാൻ പറ്റില്ലായെന്നും പറഞ്ഞു. മാത്രവുമല്ല ആ ചെറുപ്പക്കാരനെ ഇരുട്ടുമുറിയിൽ കൊണ്ടുപോയി ക്രൂരമായി മർദ്ദിക്കുകയും മുഖത്തടിക്കുയും മുഖത്തുനിന്നും ചോര ഒലിക്കുകയും ചെയ്ത കഥ പത്രത്തിലൂടെയും സോഷ്യൽ മീഡിയയിലൂടെയും നമ്മൾ മനസ്സിലാക്കിയതാണ്. ഇങ്ങനെയുള്ള ക്രൂരതകളാണ് ഗൾഫ് മലയാളികൾക്ക് സഹിക്കേണ്ടി വരുന്നത്. ഹക്കീം റൂബയെന്ന ചെറുപ്പക്കാരന്റെ കാര്യത്തിൽ പ്രവാസി വകുപ്പിന് എന്തുചെയ്യാൻ സാധിക്കുമെന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

മി. സ്പീക്കർ: ബഹുമാനപ്പെട്ട എൻ. എ. നെല്ലിക്കുന്ന്, ഇവിടെ നമ്മൾ ഒരു ധാരണയിലെത്തിയതല്ലേ; നമുക്ക് ഇനിയും ഒരു ബിൽ കൂടി ഉണ്ട്. ഇങ്ങനെ സംസാരിച്ചാൽ പിന്നെങ്ങനെയാണ്? പ്ലീസ് കൺക്ലൂഡ്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, ശ്രീ. എൻ. എ. നെല്ലിക്കുന്ന് പറഞ്ഞത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. കോഴിക്കോട് വിമാനത്താവളത്തിൽ വച്ച് ഹക്കീം എന്നയാൾക്ക് കസ്റ്റംസുകാരുടെ മർദ്ദനമുണ്ടായി. ഇപ്പോൾ അദ്ദേഹത്തിനെതിരായി പോലീസ് കേസെടുത്തിരിക്കുകയാണ്.

മി. സ്പീക്കർ: ശ്രീ. എൻ. എ. നെല്ലിക്കുന്ന് പ്ലീസ് കൺക്ലൂഡ്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, ഒന്നും പറയാതെ ബിൽ പാസ്സാക്കാൻ സാധിക്കുമോ; ഇക്കാര്യത്തിൽ ന്യായമായ അഭിപ്രായങ്ങൾ പ്രകടിപ്പിക്കേണ്ടേ; ഇതിനൊന്നും സമയമില്ലാതെ ബിൽ പാസ്സാക്കാൻ സാധിക്കുമോ? അതുകൊണ്ട് ചില കാര്യങ്ങൾ പറയണം. ബഹുമാനപ്പെട്ട എൻ. എ. നെല്ലിക്കുന്ന് ചൂണ്ടിക്കാണിച്ച ഇക്കാര്യം വളരെ പ്രധാനപ്പെട്ടതാണ്. സഭയുടെ ശ്രദ്ധയിൽ വരേണ്ട ഒരു കാര്യമാണ് അദ്ദേഹം പറഞ്ഞത്. മർദ്ദനമേറ്റ ഹക്കീമിനെതിരായി പോലീസ് കേസെടുത്ത് അദ്ദേഹത്തെ ബുദ്ധിമുട്ടിക്കുക യാണെന്ന കാര്യത്തെക്കുറിച്ച് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയുടെ നിലപാട് വ്യക്തമാക്കണമെന്ന് ആവശ്യപ്പെടുകയാണ്.

മി. സ്പീക്കർ: ശ്രീ. എൻ. എ. നെല്ലിക്കുന്ന് പ്ലീസ് കൺക്ലൂഡ്.

ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, എനിക്ക് ഒരു കാര്യം പറയാനുണ്ട്. ഇത് നിയമനിർമ്മാണ സഭയാണ്. ദോശ ചുടുന്നതുപോലെ ബില്ലുകൾ പാസ്സാക്കുന്നത് ശരിയല്ല. ചർച്ച ചെയ്യാൻ അവസരം കൊടുക്കണം. അല്ലെങ്കിൽ വേറൊരു ദിവസം കൊടുക്കണം. അത് ശരിയല്ല. ബഹുമാന്യനായ സ്പീക്കർ എല്ലാ അംഗങ്ങൾക്കും പറയാനുള്ള അവസരം കൊടുക്കണം. ഒരു ബിൽ എന്നുപറയുന്നത് നിയമമാണ്. നാളെ ഈ നിയമത്തിന്റെ എല്ലാ വശങ്ങളും പരിശോധിക്കണം. അതുകൊണ്ട് ദയവായി അങ്ങ് ആളുകളെ നിയന്ത്രിക്കരുത്. ചർച്ച ചെയ്യാൻ അവസരം കൊടുക്കണം. വല്ലപ്പോഴുമാണ് ബില്ലുകൾ വരാറുള്ളത്. ഇന്ന് സമയമില്ലെങ്കിൽ വേറൊരു ദിവസത്തേയ്ക്ക് മാറ്റി വയ്ക്കണം. അല്ലാതെ ബില്ലുകൾ ചർച്ച ചെയ്യാതെ പാസ്സാക്കാൻ തീരുമാനിക്കുന്നത് പാർലമെന്ററി ജനാധിപത്യത്തിന് ഗുണകരമല്ല. അത് ശരിയായ നടപടിയല്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ചെയറിനുവേണ്ടിയല്ല പറഞ്ഞത്. ബഹുമാനപ്പെട്ട മന്ത്രിമാർ പ്രധാനമന്ത്രിയുമായി ചർച്ചയ്ക്ക് പോകുന്നതുകൊണ്ട് സൗകര്യം ചെയ്തുതരാൻ വേണ്ടിയാണ് ചെയർ പറഞ്ഞത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഒരു കാര്യം ഞാൻ പറയാം. നിയമ നിർമ്മാണ സഭയാണ് ഇത്. അങ്ങ് അത് പ്രൊട്ടക്റ്റ് ചെയ്യേണ്ട ആളല്ലേ? ദയവായി ചർച്ച ചെയ്ത് ബില്ലുകൾ പാസ്സാക്കണം. ഇത് നിയമനിർമ്മാണമാണ്. ഈ രാജ്യത്തെ ജനങ്ങളെ ബാധിക്കുന്നതാണ് നിയമങ്ങൾ. അംഗങ്ങൾ ചർച്ച ചെയ്യട്ടെ. അതിനുള്ള അനുവാദം കൊടുക്കണം.

മി. സ്പീക്കർ: ശ്രീ. എൻ. എ. നെല്ലിക്കുന്ന്, അങ്ങേയ്ക്ക് ഇഷ്ടം പോലെ സംസാരിക്കാം.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : സർ, എന്റെ വീടിനടുത്ത് താമസിക്കുന്ന ചെറുപ്പക്കാരന് അകാരണമായി ഏൽക്കേണ്ടി വന്ന ക്രൂരമായ പീഡനം സഭയുടെ മുൻപിൽ കൊണ്ടുവരാൻ അവസരമില്ലെങ്കിൽ പിന്നെന്തിനാണ് ഞാൻ ആ മണ്ഡലത്തിലെ എം.എൽ.എ. ആണെന്ന് പറഞ്ഞ് ഇവിടെ വരുന്നത്?

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, കോഴിക്കോട് എയർപോർട്ടുമായി ബന്ധപ്പെട്ടുകൊണ്ട് ഇവിടെ ഉന്നയിച്ച കാര്യം വളരെ പ്രധാനമാണ്. ഹക്കീം റൂബയെന്ന ഒരു യാത്രക്കാരന് മാത്രമല്ല അതിനുശേഷം വന്ന ജയചന്ദ്രൻ എന്ന യാത്രക്കാരനും ഇതേ അനുഭവമുണ്ടായി. കോഴിക്കോട് എയർപോർട്ടിൽ ഇത്തരം സംഭവങ്ങൾ നിരന്തരം നടക്കുകയാണ്. എന്നുമാത്രമല്ല ഇപ്പോൾ ഹക്കീം റൂബയെന്ന യാത്രക്കാരനെതിരെ കേസെടുത്തുവെന്നാണ് അറിയുന്നത്. ഇക്കാര്യം വളരെയേറെ ഗൗരവമായി കാണേണ്ടതാണ്. എയർപോർട്ടിൽ വന്നിറങ്ങിയ യാത്രക്കാരനെ

കസ്റ്റംസുകാർ അകാരണമായി മർദ്ദിക്കുകയും അതിനെക്കുറിച്ചന്വേഷിക്കുവാൻ കസ്റ്റംസ് തന്നെ ഉത്തരവിടുകയും ചെയ്തു. അങ്ങനെ ഉത്തരവിട്ടതിനോടൊപ്പം തന്നെ യാത്രക്കാരനെതിരായി പോലീസ് കേസെടുത്ത സംഭവം കൂടി ഉണ്ടായിരിക്കുകയാണ്. അക്കാര്യത്തെക്കുറിച്ച് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയുടെ പ്രതികരണം ആവശ്യപ്പെടുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇക്കാര്യം എന്റെ ശ്രദ്ധയിൽപ്പെട്ടു. അത് അന്വേഷിക്കാനായി ചുമതലപ്പെടുത്തിയിട്ടുണ്ട്. ഞാൻ ബഹുമാനപ്പെട്ട മെമ്പറെ അക്കാര്യം അറിയിക്കുന്നതാണ്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഹക്കീമിന് എല്ലാവിധ നിയമസഹായവും ആഭ്യന്തര വകുപ്പുമന്ത്രിയും പ്രവാസി വകുപ്പുമന്ത്രിയും നൽകണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇങ്ങനെയുള്ള പീഡനങ്ങളും ക്രൂരതകളും ഒഴിവാക്കാൻ മംഗലാപുരം, കരിപ്പൂർ, നെടുമ്പാശ്ശേരി, തിരുവനന്തപുരം വിമാനത്താവളങ്ങളിൽ പ്രവാസി വകുപ്പിന്റെ കീഴിൽ ഹെൽപ്പ് ഡെസ്കുകൾ സ്ഥാപിക്കണമെന്ന നിർദ്ദേശമാണ് എനിക്ക് സഭയുടെ മുൻപിൽ വയ്ക്കാനുള്ളത്. ഒരു മാസത്തെ അവധിക്ക് നാട്ടിൽ വരുന്നവരാണ് നമ്മുടെ സഹോദരന്മാർ. ആ ഒരു മാസത്തിനുള്ളിൽ അവർക്ക് ഒരുപാട് കാര്യങ്ങൾ ചെയ്തു തീർക്കാനുണ്ടാകും. പുതിയ വീട് വയ്ക്കണം, മക്കളെ സ്കൂളിൽ ചേർക്കണം - ഇതിനൊന്നും അവർക്ക് സമയം കിട്ടുകയില്ല. ഇതിനുവേണ്ടി പല ഓഫീസുകളും അവർക്ക് കയറിയിറങ്ങേണ്ടതുണ്ട്. ഒരു വീട് വയ്ക്കാനുള്ള പെർമിഷനുവേണ്ടി പത്ത് ഓഫീസുകളിലെങ്കിലും ഗൾഫ് മലയാളികൾക്ക് കയറി ഇറങ്ങണം. അതിന് അവർക്ക് സമയം കിട്ടുകയില്ല. അതുകൊണ്ട് അവർക്കു വേണ്ടി ഒരു ഏകജാലക സംവിധാനം ഏർപ്പെടുത്തണമെന്നാണ് എനിക്ക് പറയാനുള്ളത്. ഗൾഫ് മലയാളികൾ പലപ്പോഴും പരാതിപ്പെടുന്ന ഒരു കാര്യമാണ് പീക്ക് ടൈമിലെ ടിക്കറ്റ് ചാർജ് വർദ്ധന. ടിക്കറ്റ് ചാർജ് പല മടങ്ങായി വർദ്ധിപ്പിക്കുന്നതിനാൽ ഗൾഫ് നാടുകളിൽ സ്കൂൾ അടയ്ക്കുമ്പോൾ കുടുംബസമേതം നാട്ടിലേയ്ക്ക് വരുന്ന സഹോദരീ സഹോദരന്മാർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് സംബന്ധിച്ച് എയർലൈൻസിനും കത്തുകൾ എഴുതി.

4.00 PM]

ശ്രീ. എ. കെ. ശശീന്ദ്രൻ: ഗൾഫ് യാത്രക്കാരോട് മാത്രമല്ല, ചെന്നൈയിൽ പ്രളയദുരന്തമുണ്ടായ സമയത്തുപോലും വിമാനക്കമ്പനികൾ യാത്രക്കാരിൽനിന്നും അമിതമായ ചാർജ്ജ് ഈടാക്കി ജനങ്ങളെ കൊള്ളയടിക്കുന്നകാര്യം ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതുകൂടി ഗവൺമെന്റിന്റെ പരിഗണനയ്ക്ക് വരേണ്ടതല്ലേ ?

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : മലയാളികളുടെ കഷ്ടപ്പാട് ചൂഷണം ചെയ്യുന്ന പല ആളുകളുമുണ്ട്. അതിൽ ഏറ്റവും കൂടുതൽ ചൂഷണം ചെയ്യുന്നത് എയർ ലൈൻസാണ്. അതിന് അവർ പറയുന്ന മറുപടി സാധാരണ പീക്ക് സമയത്ത് ടിക്കറ്റിന്റെ നിരക്ക് വർദ്ധിപ്പിച്ചാൽ മാത്രമേ മുതലാവുകയുള്ളൂ, അല്ലാത്ത സമയത്ത് ആളെ കിട്ടുന്നില്ലായെന്നാണ്. ആളില്ലാത്ത സമയത്ത് കൂടുതൽ സർവ്വീസ് നടത്താൻ പാടില്ലായെന്ന് സർക്കാർ എയർലൈൻസിന് ഒരു നിർദ്ദേശം നൽകണമെന്നാണ് എനിക്ക് പറയാനുള്ളത്. ആളില്ലാത്ത സമയത്ത് കൂടുതൽ സർവ്വീസ് നടത്തുമ്പോഴുണ്ടാകുന്ന നഷ്ടം പീക്ക് ടൈമിൽ മലയാളികളെ ചൂഷണം ചെയ്ത് ഈടാക്കുന്നുവെന്നതാണ് നമ്മൾ ശ്രദ്ധിക്കേണ്ട കാര്യം. അതുപോലെ എയർ ഇന്ത്യയോട് ബഡ്ജറ്റ് സർവ്വീസ് പീക്ക് ടൈമിൽ നടത്താനുള്ള നിർദ്ദേശംകൂടി നൽകണം. ചില ജില്ലകളിൽ ഒന്നിൽ കൂടുതൽ പാസ്പോർട്ട് സേവാകേന്ദ്രങ്ങളുണ്ട്. കാസർഗോഡാണ് ഏറ്റവും കൂടുതൽ ഗൾഫ് മലയാളികൾ അധിവസിക്കുന്ന ജില്ല. ആ ജില്ലയിൽ ഒരു പാസ്പോർട്ട് സേവാകേന്ദ്രവുമില്ലായെന്നകാര്യം ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. ഗൾഫ് മലയാളികളായ സഹോദരന്മാർ നാട്ടിലില്ലാത്ത സമയത്ത് അവരുടെ കുടുംബങ്ങൾക്ക് പല കേസ്സുകളേയും അഭിമുഖീകരിക്കേണ്ടിവരുന്നു. അവർക്ക് നിയമസഹായം നൽകാൻ ആളില്ല. അതുകൊണ്ട് പോലീസ് സ്റ്റേഷനുകളിൽ ഗൾഫ് മലയാളികൾക്കുവേണ്ടി പ്രത്യേക സംവിധാനം ഏർപ്പെടുത്തണമെന്ന ഒരു നിർദ്ദേശം ഞാൻ വയ്ക്കുകയാണ്. നാട്ടിൽ തിരികെ എത്തിയ പ്രവാസികൾക്കുള്ള നോർക്ക വകുപ്പിന്റെ പദ്ധതിയാണ് 'പ്രോജക്ട് ഫോർ റിട്ടേണിംഗ് എമിഗ്രന്റ്സ്'. ഇത് ഏറ്റവും ശ്ലാഘനീയമായ പദ്ധതിയാണെന്ന കാര്യത്തിൽ യാതൊരു സംശവുമില്ല. വിദേശത്തുനിന്നും സകലതും നഷ്ടപ്പെട്ട് തിരിച്ചുവരുന്ന ആളുകൾക്ക് ഇതേക്കുറിച്ച് അവബോധമില്ല. അതുകൊണ്ട് ഇതേക്കുറിച്ച് അവബോധം നൽകുന്നതിന് എല്ലാ എയർപോർട്ടുകളിലും ഇൻഫർമേഷൻ സെന്റർ വേണമെന്ന നിർദ്ദേശംകൂടി എനിക്ക് വയ്ക്കാനുണ്ട്. ആലപ്പുഴ, വയനാട്, കാസർഗോഡ് ഒഴികെയുള്ള ജില്ലകളിലാണ് ഇപ്പോൾ നോർക്ക സെൽ ഉള്ളത്. കാസർഗോഡും നോർക്ക സെൽ സ്ഥാപിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. പ്രവാസി കേരളീയരുടെ മൃതശരീരം സ്വന്തം നാട്ടിൽ കൊണ്ടുവരുന്നതിനുവേണ്ടി രൂപീകരിച്ച കാരുണ്യം പദ്ധതി വഴി ഇപ്പോൾ 50,000 രൂപയാണ് നൽകുന്നത്. അത് അപര്യാപ്തമാണ്. ആ തുക വർദ്ധിപ്പിക്കണം. ഒരാൾ വിദേശ രാജ്യത്തുവച്ച് മരണപ്പെട്ടാൽ അയാളുടെ മൃതശരീരം മാത്രം വന്നാൽ പോര. അവിടെ അയാളുടെ ബന്ധുക്കളുണ്ടാകും, സ്നേഹിതന്മാരുണ്ടാകും, അവരിൽ ഏതെങ്കിലും ഒരാൾക്ക് ആ മൃതശരീരത്തിനൊപ്പം വരാനുള്ള ചെലവുകൂടി സർക്കാർ നൽകണമെന്നാണ് എനിക്ക് നിർദ്ദേശിക്കാനുള്ളത്.

ഒരു കാര്യം കൂടി പറഞ്ഞുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയ ജനസമ്പർക്ക പരിപാടിയിൽ കുറേ ഗുണങ്ങളുണ്ടായി. അതിന്റെ ഫലമായി ധാരാളം സർക്കാർ ഉത്തരവുകളിറങ്ങിയെന്നതാണ് ഏറ്റവും വലിയ ഗുണം. കേരളീയനായ ഒരാൾ അന്യസംസ്ഥാനത്തോ വിദേശത്തോ വച്ച് മരണപ്പെട്ടാൽ അയാളുടെ ഡെത്ത് സർട്ടിഫിക്കറ്റ് ആരാണ് നൽകുന്നത് എന്നതിനെക്കുറിച്ചുള്ള ഒരു ആശങ്കയുണ്ടായിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയെത്തുടർന്ന് എവിടെയാണോ മൃതദേഹം മറവ് ചെയ്യുന്നത് അവിടത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഡെത്ത് സർട്ടിഫിക്കറ്റ് നൽകാമെന്നുള്ള ശ്രദ്ധേയമായ ഒരു ജി.ഒ. പുറത്തിറങ്ങി. പക്ഷേ വിദേശത്ത് മരണപ്പെടുന്ന പലർക്കും ഇപ്പോൾ ഡെത്ത് സർട്ടിഫിക്കറ്റ് കിട്ടാൻ വളരെ വൈഷമ്യം നേരിടുന്നുണ്ട്. ഒരു ഉദാഹരണം ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. നേപ്പാളിൽ കഴിഞ്ഞ വർഷമുണ്ടായ ഭൂകമ്പത്തിൽ കാസർഗോഡുള്ള ഒരു ഡോക്ടർ മരണപ്പെട്ടു. ആ മൃതശരീരം കാസർഗോഡ് കൊണ്ടുവന്ന് മറവുചെയ്തു. പക്ഷേ മുഖ്യമന്ത്രി നിർദ്ദേശിച്ചിട്ടും മരണപ്പെട്ട ആ ഡോക്ടറുടെ ഡെത്ത് സർട്ടിഫിക്കറ്റ് നൽകാൻ എൽ.എസ്.ജി.ഡി. ഇതുവരെ തയ്യാറായില്ലെന്നകാര്യം ഞാൻ സഭയുടെ മുമ്പാകെ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. പ്രവാസികാര്യ വകുപ്പ് കൈകാര്യം ചെയ്യുന്ന ശ്രീ. കെ. സി. ജോസഫ് വളരെ ശ്ലാഘനീയമായ പ്രവർത്തനങ്ങളാണ് ഗൾഫ് മലയാളികൾക്കുവേണ്ടി നടത്തുന്നതെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അദ്ദേഹത്തിന്റെ പ്രവർത്തനം ഇനിയും ഉഷാറാകട്ടെയെന്ന് ആശംസിച്ചുകൊണ്ടും ഈ ബില്ലിനെ അനുകൂലിച്ചുകൊണ്ടും ഈ ബിൽ അവതരിപ്പിച്ച ബഹുമാന്യനായ മന്ത്രിയെ മുക്തകണ്ഠം പ്രശംസിച്ചുകൊണ്ടും ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. പി. ടി. എ. റഹീം, അങ്ങേയ്ക്ക് 2(ബി) നമ്പർ ഭേദഗതി അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

ശ്രീ. പി. ടി. എ. റഹീം: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2015-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

16,25,653 പ്രവാസി മലയാളികളുണ്ടെന്നാണ് ഏറ്റവും അവസാനത്തെ കണക്കിൽ നിന്നും ലഭ്യമാകുന്നത്. 14,26,853 പേർ ഏതെങ്കിലും രീതിയിലുള്ള ജോലിയിൽ ഏർപ്പെട്ടിട്ടുള്ള ആളുകളാണ്. അവരെ ആശ്രയിച്ച് ജീവിക്കുന്ന അമ്പത് ലക്ഷം പ്രവാസി കുടുംബങ്ങൾ കേരളത്തിലുണ്ടെന്നാണ് കണക്ക്. അവിടെ ജോലി

ചെയ്യുന്ന മലയാളികളിൽ 78 ശതമാനം പേരും യുവാക്കളാണ്. മൊത്തമുള്ള മലയാളി പ്രവാസികളിൽ 90 ശതമാനം പേരും ഗൾഫ് മേഖലയിലാണ് ജോലി ചെയ്യുന്നത്. ഏറ്റവും കൂടുതൽ മലയാളി പ്രവാസികളുള്ളത് യു.എ.ഇ.-യിലാണ്. രണ്ടാം സ്ഥാനം സൗദി അറേബ്യയ്ക്കാണ്. കേരളത്തിലെ ഇടവക്കുടി പഞ്ചായത്തൊഴികെയുള്ള എല്ലാ സ്ഥലങ്ങളിലും പ്രവാസി മലയാളികളുണ്ടെന്നതാണ് പ്രത്യേകത. കേരളത്തെ മൊത്തം ബാധിക്കുന്നതാണ് പ്രവാസി മലയാളികളുടെ വിഷയം. ഏറ്റവും കൂടുതൽ പ്രവാസി മലയാളികളായ സ്ത്രീകൾ കോട്ടയം ജില്ലയിൽ നിന്നാണ്. ഏറ്റവും കൂടുതൽ മലയാളികൾ പ്രവാസികളായിട്ടുള്ളത് മലപ്പുറം ജില്ലയിൽ നിന്നാണ്. ഏറ്റവും കൂടുതൽ പ്രവാസികളുള്ള ഒറ്റപ്രദേശം കണ്ണൂർ ജില്ലയിലെ മാടായിയാണ്. ഞാൻ കൂടുതൽ സംസാരിക്കണമെന്ന് ആഗ്രഹിക്കുന്നില്ല. പ്രവാസി മലയാളികളിൽ 46 ശതമാനം പേരും 35 വയസിൽ താഴെയുള്ളവരാണ്. 55 വയസ്സിന് മുകളിലുള്ള ആളുകൾ അഞ്ച് ശതമാനത്തിൽ താഴെയാണ്. അവരെ ബാധിക്കുന്ന, അവർക്കുകൂടി ആനുകൂല്യം കൊടുക്കാനുള്ള ഒരു നിയമ നിർമ്മാണമാണ് ഇവിടെ നടക്കുന്നത്. ഇത് നിയമസഭയുടെ പ്രവാസി കാര്യസമിതി ശിപാർശ ചെയ്തിട്ടുള്ള തീരുമാനമാണ്. അത് നിയമമാക്കുന്നത് വളരെ നല്ല കാര്യമാണ്. അത്രയും ആളുകൾക്കുകൂടി ഇതിന്റെ ഗുണഫലം ലഭിക്കും. യഥാർത്ഥത്തിൽ ഇതൊന്നുമല്ല പ്രവാസികൾ അഭിമുഖീകരിക്കുന്ന വിഷയമെന്ന് ഇവിടെ സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട എൻ.എ. നെല്ലിക്കുന്ന് ശ്രീ. ഹക്കീം റൂബയുടെ കാര്യം ഇവിടെ സൂചിപ്പിച്ചപ്പോൾ പല ആളുകളും ഇടപെടുകയുണ്ടായി. കോഴിക്കോട് എയർപോർട്ടിൽ കൈക്കൂലി കൊടുക്കാത്ത ആളുകളെ ഇടിക്കാൻ സി.സി.ടി.വി. റിമൂവ് ചെയ്ത പ്രത്യേകം മുറിയുണ്ടെന്നാണ് പറയുന്നത്. ഏതെങ്കിലും രീതിയിൽ ചോദ്യം ചെയ്യുന്ന ആളുകളെ കസ്റ്റംസ് ഉദ്യോഗസ്ഥർ അവിടെ കൊണ്ടുപോയി ഇടിച്ച് അവരോട് പണം പിഴിയുന്ന ഒരു സാഹചര്യം ഇന്ന് കോഴിക്കോട് എയർപോർട്ടിലുണ്ടെന്നുള്ളത് ഒരു വസ്തുതയാണ്. ചില പ്രദേശങ്ങളിൽ നിന്നും വരുന്ന ആളുകളെ, പ്രത്യേകിച്ചും കാസർഗോഡുകാരാണെങ്കിൽ എല്ലാവരെയും പരിശോധിക്കണമെന്നാണ്. അതുപോലെയാണ് എന്റെ സ്ഥലമായ കൊടുവള്ളി. കൊടുവള്ളിയിലുള്ളവരാണെന്നു പറഞ്ഞാൽ പിന്നെ അവർ കുറ്റവാളികളാണ്, എല്ലാ കൊടുവള്ളിക്കാരും കുറ്റക്കാരാണെന്നാണ് പലപ്പോഴും കസ്റ്റംസ് ഉദ്യോഗസ്ഥർ പരസ്യമായി പറയുന്നത്. ശ്രീ. ഹക്കീം റൂബയുടെ വിഷയത്തിൽ ആഭ്യന്തര വകുപ്പ് കാര്യമായ പരിഗണന നൽകിയിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യം അന്വേഷിക്കുമെന്ന് പറഞ്ഞു. പക്ഷേ ഈ സംഭവം നടന്നിട്ട് കുറേ ആഴ്ചകളായി. ഈ വാർത്ത നവമാധ്യമങ്ങളിൽ വളരെ ശക്തമായി വന്നുകൊണ്ടിരിക്കുകയാണ്. ചില യുവജനസംഘടനകളൊക്കെ ഇയാൾക്കെതിരായി നടപടി സ്വീകരിക്കുന്നില്ലായെങ്കിൽ ഞങ്ങളുടെ സംഘടന ഇനി പ്രവർത്തിക്കുന്നില്ലായെന്നുള്ള രീതിയിൽ വരെ പ്രസ്താവനകൾ ഇറക്കിക്കഴിഞ്ഞു. ഇത് വളരെ ഗുരുതരമായ

വിഷയമാണെന്ന് ഗവൺമെന്റ് കരുതുന്നില്ലായെന്നാണ് എനിക്ക് തോന്നുന്നത്. പ്രവാസികാര്യ വകുപ്പുമന്ത്രി ആഭ്യന്തര വകുപ്പുമന്ത്രിക്കെഴുതണം. ഇതിന്റെയൊന്നും കാര്യമില്ലല്ലോ? കാരണം ഒരു പരാതി ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ ലോഡ്ജ് ചെയ്താൽ എഫ്.ഐ.ആർ. ഇടുകയെന്നുള്ളത് പ്രാഥമികമായ ചുമതലയാണ്. ഹക്കീം റൂബയുടെ കാര്യത്തിൽ ആ കാര്യമുണ്ടായില്ലായെന്നുമാത്രമല്ല, അദ്ദേഹത്തിനെതിരെ കേസെടുക്കുന്ന സമീപനമാണ് സ്വീകരിച്ചുവരുന്നത്. ഇവിടെ ബഹുമാനപ്പെട്ട എൻ. എ. നെല്ലിക്കുന്ന് പറഞ്ഞതുപോലെ, പോകുമ്പോൾ തുടങ്ങി തിരിച്ച് വീട്ടിലെത്തുന്നതുവരെ ചൂഷണമാണ് പലപ്പോഴും പ്രവാസികൾ അഭിമുഖീകരിക്കുന്നത്. നമ്മൾ കുറേ നേതാക്കന്മാർ പലപ്പോഴും അവർ ക്ഷണിച്ചിട്ട് അങ്ങോട്ട് പോകാറുണ്ട്. തിരിച്ചുവരുന്ന അവസരത്തിൽ കുറേ ഗിഫ്റ്റൊക്കെ തന്ന്, വേണ്ടെന്ന് പറഞ്ഞാലും എയർ പോർട്ടിൽ കൊണ്ടുതരും, നമ്മൾ സുഭിക്ഷമായി തിരിച്ചുപോരുമെന്നല്ലാതെ അവരുടെ കാര്യത്തിൽ വളരെ ശക്തമായി, ആത്മാർത്ഥമായി ഇന്നുവരെ ആരും ചർച്ചചെയ്തിട്ടില്ല. എയർലൈൻസിന്റെ കാര്യം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. സാധാരണ ഒരാൾക്ക് കൊടുക്കുന്ന ചാർജിന്റെ മൂന്നിരട്ടിയാണ് മൃതദേഹത്തിനു വേണ്ടി വസൂലാക്കുന്നത്. കൂടെ വരുന്ന ആളിനെ സംബന്ധിച്ചാണ് പറഞ്ഞത്. യഥാർത്ഥത്തിൽ ഈ പണം പ്രവാസി കാര്യവകുപ്പ് കൊടുക്കുന്നുണ്ട്. ചിലയിടങ്ങളിൽ അത് പരിശോധിച്ച്, പ്രയാസം അനുഭവിക്കുന്നവർക്ക് മൃതദേഹം കൊണ്ടുവരാനുള്ള പണം സൗജന്യമായി കൊടുക്കുന്നുണ്ട്. പക്ഷേ അത് മൂന്ന് ആളുകൾ സഞ്ചരിക്കുന്ന, അവരുടെ ടിക്കറ്റിന്റെ ഫെയർ കൊടുത്തിട്ടാണ് വരുന്നത്. അത് എങ്ങനെയായാലും സർക്കാരിന് ഗുരുതരമായ നഷ്ടമുണ്ടാക്കുന്ന ഒരു കാര്യമാണ്. അതുപോലെ ഇവിടെ സൂചിപ്പിച്ച മറ്റൊരു കാര്യം, പീക്ക് അവർ എന്ന് പറഞ്ഞ് വിമാനക്കമ്പനികൾ വലിയ കൊള്ളയാണ് നടത്തുന്നത്. ശ്രീ. എൻ. എ. നെല്ലിക്കുന്ന് പറഞ്ഞതിനോട് എനിക്ക് ചെറിയ വിയോജിപ്പുണ്ട്. കാരണം ന്യൂയോർക്കിൽ പോകുന്നതിനൊന്നും ഇത് ബാധകമല്ല. ന്യൂയോർക്കിൽ പോകുന്നതിന് ഇവിടെ നിന്നും ഗൾഫിൽ പോകുന്നതിന്റെ മൂന്നിരട്ടി ദൂരം സഞ്ചരിക്കണം. പക്ഷേ അവിടെയൊന്നും ഒരു പ്രശ്നവുമില്ല. ഗൾഫിലേയ്ക്ക് പോകുന്ന ആളുകളോട് മാത്രമാണ് ഈ വിവേചനം കാണിക്കുന്നത്. നമ്മുടെ നാട്ടിൽ നിന്നുള്ള പ്രവാസികളിൽ 90 ശതമാനം ആളുകളും ഗൾഫ് മേഖലയിലാണ് ജോലി ചെയ്യുന്നത്. അതുകൊണ്ട് ഇത്തരം ഗുരുതരമായ വിഷയങ്ങളാണ് ഇക്കാര്യത്തിൽ നമ്മൾ ചർച്ച ചെയ്യേണ്ടത്. ഈ ഭേദഗതി നിയമത്തെ സംബന്ധിച്ചിടത്തോളം കൂടുതൽ സംസാരിക്കണമെന്ന് ആഗ്രഹിക്കുന്നില്ല.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, ഈ ഭേദഗതിയിൽ 55 വയസ് 60 വയസ് ആക്കുക എന്നുള്ളത് എല്ലാവരും അംഗീകരിക്കുന്ന കാര്യമാണ്. പക്ഷേ ഈ നിയമം പൂർണ്ണമായും പ്രവാസികൾക്ക് ഗുണകരമാകണമെന്നുണ്ടെങ്കിൽ

ക്ഷേമനിധിയിൽ ചേർന്ന ആളുകൾ അടയ്ക്കുന്ന പണം റിട്ടയർമെന്റ് സമയത്ത് തിരിച്ചുനൽകിയാൽ മാത്രമേ ഇതിൽ ആളുകൾ ചേരുകയുള്ളൂ. അത് ആവർത്തിച്ച് പറയുകയല്ലാതെ മറ്റ് മാർഗ്ഗമുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. വയസ്സിന്റെ കാര്യത്തിൽ ശരിയാണ്. നമ്മൾ എല്ലാം ആവശ്യപ്പെട്ട സമവായമുള്ള കാര്യമാണ്. അതേ സമയം ഈ ക്ഷേമനിധിയിൽ മാത്രം അടച്ച കാശ് റിട്ടയർ ചെയ്യുമ്പോൾ തിരികെ കൊടുക്കുന്നില്ല. തിരികെ കൊടുക്കാനുള്ള സാമ്പത്തിക സ്ഥിതി ഇല്ല എന്നുള്ളതാണ് ബഹുമാനപ്പെട്ട പ്രവാസികാര്യ വകുപ്പുമന്ത്രി പറഞ്ഞത്. അടയ്ക്കുന്ന പണം തിരികെ കൊടുത്തില്ലെങ്കിൽ ഒരിക്കലും ഇതിനകത്ത് വലിയ തോതിൽ ആളുകൾ ചേരുകയില്ല. ഇക്കാര്യം അങ്ങ് മനസ്സിലാക്കുന്നുണ്ടോ?

<u>ശ്രീ. പി. ടി. എ. റഹീം</u>: തീർച്ചയായും. ഇത് വലിയ അട്രാക്റ്റീവ് ആയിട്ടുള്ള ഒരു സ്കീം ആണെന്ന് എനിക്ക് തോന്നുന്നില്ല. നേരത്തേ ശ്രീ. എൻ.എ. നെല്ലിക്കുന്ന്, ശ്രീ. സാജു പോൾ എന്നിവർ സൂചിപ്പിച്ചതുപോലെ ഗൾഫിൽ ഉള്ള ഒരുപാട് മലയാളി സംഘടനകൾ ഇതിനേക്കാൾ നല്ല അട്രാക്റ്റീവ് ആയിട്ടുള്ള സ്കീമുകളുമായി നല്ല പ്രവർത്തനങ്ങൾ നടത്തുന്നുണ്ട് എന്നുള്ളതാണ്. ഈ നിയമത്തിലെ 55 വയസ് 60 വയസ് ആക്കുക എന്നത് നല്ല കാര്യമാണ്. കാരണം എന്തോ ചെയ്യുന്നുണ്ട് എന്ന് വരുത്തിത്തീർക്കാനെങ്കിലും ഇതുകൊണ്ട് സാധിക്കും. ഇത് വലിയ ഒരു കാര്യമായിട്ടൊന്നും ഞാൻ കരുതുന്നില്ല. അതേയവസരത്തിൽ ടിക്കറ്റ് ഫെയറിന്റെ കാര്യത്തിലും മൃതദേഹം കൊണ്ടുവരുന്ന കാര്യത്തിലുമൊക്കെ ഏതെങ്കിലും ഒരു ഇടപെടൽ അത്യാവശ്യമാണ്. ഗൾഫിലേയ്ക്ക് വിമാനം പറത്തിക്കും എന്ന് പറഞ്ഞിട്ട് ഇതുവരെയും ഒന്നും കാണുന്നില്ല. എത്രയോ വിഷു കഴിഞ്ഞു പോയി. എവിടെയും ഒന്നും കാണുന്നില്ല. അങ്ങനെയുള്ള ഏതെങ്കിലും ക്രിയാത്മകമായ കാര്യങ്ങൾ ചെയ്തുകൊണ്ട് ഗൾഫുകാരെ സഹായിക്കുക എന്നുള്ളതാണ് നമ്മൾ ചെയ്യേണ്ട കാര്യം എന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി(<u>ശ്രീ. കെ. സി. ജോസഫ്</u>): സർ, ഇവിടെ ചർച്ചയിൽ ബഹുമാന്യനായ എൻ.എ. നെല്ലിക്കുന്ന്, ശ്രീ. പി.റ്റി.എ. റഹീം എന്നിവരും ചർച്ചയിൽ ഇടപെട്ട് സംസാരിച്ച ബഹുമാന്യരായ മെമ്പർമാരും പ്രവാസികളുടെ യഥാർത്ഥ ദുഃഖവും അവരുടെ ബുദ്ധിമുട്ടുകളും കഷ്ടപ്പാടുകളും വിവരിക്കുകയുണ്ടായി. നമ്മൾ ഒരു ഗൾഫുകാരൻ എന്ന് മനസ്സിൽ കാണുന്ന ചിത്രം സമ്പന്നനായ ഒരു മലയാളിയുടേതാണ്. ഇവിടെ പറഞ്ഞതുപോലെ 90 ശതമാനം ആളുകളും ഏറ്റവും പ്രയാസപൂർണ്ണമായ, ദുരിതപൂർണ്ണമായ ജീവിതം അനുഭവിക്കുന്ന ആളുകളാണ്. ഏറ്റവും കുറഞ്ഞ ശമ്പളം, പ്രതികൂലമായ ജീവിത സാഹചര്യങ്ങൾ, നാട്ടിലേയ്ക്ക് വരാൻ പോലും കഴിയാത്ത സാഹചര്യങ്ങൾ അങ്ങനെ പ്രവാസികളുടെ ദുഃഖം

സത്യത്തിൽ ഒരു വലിയ പ്രയാസമായി നമ്മുടെയെല്ലാം മനസ്സിൽ എപ്പോഴും ഉള്ളതാണ്. ഈ ബിൽ കൊണ്ട് വലിയ മാറ്റമുണ്ടാകുമെന്ന് ഞാൻ അവകാശപ്പെടുന്നില്ല. ഈ ബിൽ കൊണ്ട് ക്ഷേമനിധിയിലേക്കുള്ള അംഗത്വത്തിന് നേരത്തേ ഉണ്ടായിരുന്ന പരമാവധി പ്രായപരിധി 55 ആയിരുന്നത് 60 ആക്കുകയാണ്. അത് കേരളത്തിലെ എല്ലാ പ്രവാസികളും ഉന്നയിച്ച ഒരു ആവശ്യമായിരുന്നു. ചർച്ചയിൽ പറഞ്ഞ പ്രധാനപ്പെട്ട കാര്യങ്ങളൊക്കെ വളരെ ഗൗരവമായ കാര്യങ്ങളാണ്. ഇവിടെ പറഞ്ഞ കരിപ്പൂർ വിമാനത്താവളത്തിൽ ഉണ്ടായ സംഭവം ഇന്നലെ ബഹുമാന്യനായ കെ. എം. ഷാജി, എം.എൽ.എ. ഒരു സബ്മിഷന് നോട്ടീസ് കൊടുത്തിരുന്നതാണ്. ഇന്നലെ സഭ നടക്കാതെ പോയതുകൊണ്ട് ചർച്ചയ്ക്ക് വന്നില്ല. അത് വാട്ട്സ്-ആപ്പിലൂടെ ഞാനും കാണാൻ ഇടയായി. പത്രങ്ങളിൽ വായിക്കാൻ ഇടയായി. ഇക്കാര്യം സംബന്ധിച്ച് വാട്ട്സ്-ആപ്പിലെ മെസ്സേജ് ഒരു പരാതിയായി എടുത്ത് ഞാൻ തന്നെ ആഭ്യന്തര വകുപ്പുമന്ത്രിക്ക് ഇന്നലെ കൊടുക്കുകയുണ്ടായി. അദ്ദേഹം അത് അന്വേഷിക്കുന്നുണ്ട്. അതുപോലെ കസ്റ്റംസ് ഡയറക്ടറേറ്റിലും ഈ പരാതി അയച്ചുകൊടുത്തിട്ടുണ്ട്. വളരെ ക്രൂരമായ സമീപനമാണ് സ്വീകരിക്കുന്നത്. ഒന്നാമത്തെ കാര്യം ഈ വരുന്ന ആളുകളൊന്നും സമ്പന്നരായ ആളുകളല്ല. അവർ നാട്ടിലേയ്ക്ക് അവധിക്ക് വരുമ്പോൾ കൊണ്ടുവരുന്ന തുച്ഛമായ വസ്തുക്കളെല്ലാം പിടിച്ചെടുക്കുന്നു, അവരെ അപമാനിക്കുന്നു, അവരെ ദ്രോഹിക്കുന്നു. മലയാളിയെ ദ്രോഹിക്കുന്നത് കസ്റ്റംസ് ഡ്യൂട്ടിയിലുള്ള മലയാളി തന്നെയാണ്. അതാണ് ഏറ്റവും ദുഃഖകരമായ കാര്യം. ഇത് വളരെയേറെ പ്രയാസമുള്ള കാര്യമാണ്. തീർച്ചയായും അതിനകത്ത് ഇടപെടുന്നുണ്ട്. കരിപ്പൂർ പോലീസ് സ്റ്റേഷനിൽ കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. തീർച്ചയായും അന്വേഷണം നടത്തും. ആദ്യം പറഞ്ഞതുപോലെ നടപടി സ്വീകരിക്കുന്നതിൽ വീഴ്ചയുണ്ടാകുകയില്ല. ശ്രീ. സാജുപോൾ പറഞ്ഞതുപോലെ പ്രവാസി സംഘടനകൾ നമ്മുടെ ഒരു അത്താണിയാണ്. നോർക്ക വകുപ്പിന് വിദേശത്ത് പ്രത്യേക സംവിധാനങ്ങളില്ല. ഒരു പ്രശ്നമുണ്ടായാൽ പരിഹാരമുണ്ടാക്കുന്നത് പ്രവാസി സംഘടനകളിലൂടെയാണ്. അവർ കാണിക്കുന്ന പ്രത്യേകമായ താൽപ്പര്യം, അവരുടെ ക്ഷേമപ്രവർത്തനങ്ങൾ, ക്ഷേമരംഗത്തുള്ള വലിയ സംഭാവനകൾ ഒരിക്കലും വിസ്മരിക്കാൻ സാധിക്കുകയില്ല. ഒരു വിഷയമുണ്ടായാൽ പ്രവാസി സംഘടനകളുമായി ബന്ധപ്പെട്ടുകഴിഞ്ഞാൽ അവർ പ്രത്യേകമായ താൽപ്പര്യം എടുക്കുന്നു. മരിച്ച ആളുകളുടെ ബോഡി തിരിച്ചയയ്ക്കാൻ വേണ്ടി എന്തുപ്രശ്നത്തിലും ഇടപെടാനുള്ള അവരുടെ താൽപ്പര്യം നമുക്ക് വലിയ ഒരു അത്താണിയാണ്. ബഹുമാനപ്പെട്ട എൻ.എ. നെല്ലിക്കുന്ന് പറഞ്ഞതുപോലെ വിമാനത്താവളത്തിൽ ഹെൽപ്ഡെസ്ക്, സിംഗിൾ വിൻഡോ ഇത്തരം കാര്യങ്ങളൊക്കെ ഗൗരവമായി പരിഗണിക്കേണ്ടതാണ്. ഇപ്പോൾ എനിക്ക് ഉത്തരം പറയാൻ നിവൃത്തിയില്ലെങ്കിലും ഇവയൊക്കെ നമ്മൾ പരിഗണിക്കുന്ന വിഷയങ്ങളാണ്. ടിക്കറ്റിന്റെ അമിതമായ ചാർജ് വർദ്ധനവിന്റെ കാര്യം കഴിഞ്ഞ ദിവസം ഡൽഹിയിൽ പോയി പ്രധാനമന്ത്രിയെയും

കേന്ദ്ര സിവിൽ ഏവിയേഷൻ മന്ത്രിയെയും കണ്ടപ്പോൾ ഉന്നയിച്ചതാണ്. എയർ കേരള അനുവദിച്ചു കിട്ടുകയും സീസൺ സമയത്തുണ്ടായ അമിതമായ ടിക്കറ്റ് ചാർജ് വർദ്ധനവ് നിയന്ത്രണ വിധേയമാകുകയും വേണം. പുതിയ വ്യോമയാന നയം ആവിഷ്കരിക്കുമ്പോൾ സീസൺ പിരീഡിലുണ്ടാകുന്ന അമിതമായ ചാർജ് വർദ്ധനവ് നിയന്ത്രിക്കാൻ സാധിക്കണം. നിയന്ത്രണങ്ങൾ എടുത്തുമാറ്റി എയർ കേരള എക്സ്പ്രസ് യാഥാർത്ഥ്യമാക്കാനുള്ള സഹായം അപേക്ഷിച്ചിട്ടുണ്ട്. കാസർഗോഡ് ഒരു പാസ്പോർട്ട് കേന്ദ്രം വേണമെന്ന് ശ്രീ. എൻ.എ. നെല്ലിക്കുന്ന് പറഞ്ഞു. ഏതായാലും പാസ്പോർട്ട് കേന്ദ്രം എന്റെ വകുപ്പല്ല. അദ്ദേഹം പറഞ്ഞതുപോലെ കാസർഗോഡും വയനാട്ടും ആലപ്പുഴയിലും ഒരു മാസത്തിനുള്ളിൽ നോർക്ക വകുപ്പിന്റെ ഓഫീസ് ആരംഭിക്കുന്നതാണ്.

<u>ശ്രീ. കെ. ശിവദാസൻ നായർ</u>: സർ, പത്തനംതിട്ടയിലും ഒരു ഓഫീസ് ആവശ്യമാണ്.

<u>ശ്രീ. കെ. സി. ജോസഫ്</u>: പത്തനംതിട്ടയിൽ സ്ഥലം ലഭിച്ചിട്ടില്ലാത്തതുകൊണ്ടാണ് ആരംഭിക്കാത്തത്. കളക്ടറേറ്റിൽ സ്ഥലം ലഭ്യമായാൽ ഉടൻ ആരംഭിക്കും. സ്ഥലം ആവശ്യപ്പെട്ടിട്ടുണ്ട്. സ്ഥലം ലഭ്യമായാൽ ഈ ഒരു മാസത്തിനുള്ളിൽ കാസർഗോഡും വയനാട്ടും ആലപ്പുഴയിലും പത്തനംതിട്ടയിലും ആരംഭിക്കുന്നതാണ്.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ബഹുമാനപ്പെട്ട എൻ.എ. നെല്ലിക്കുന്ന് സംസാരിക്കുമ്പോൾ ഇടപെട്ട് ഒരു കാര്യം പറഞ്ഞിരുന്നു. പ്രവാസികളുടെ പാസ്പോർട്ടിൽ അഡ്രസ്സിൽ ചെറിയ തെറ്റുകൾ വന്നിട്ടുണ്ട്. ആ തെറ്റുകൾ തിരുത്താനുള്ള അവസരം ഇപ്പോൾ കൈവന്നു. എംബസി മുഖേന എം.എൽ.എ.-മാരുടെ സർട്ടിഫിക്കറ്റും പോലീസ് ആഫീസർമാരുടെ സർട്ടിഫിക്കറ്റും കൊടുത്താൽ തെറ്റുതിരുത്താമെന്നുള്ള അവസരം വന്നപ്പോൾ എം.എൽ.എ.-മാർ സർട്ടിഫിക്കറ്റ് കൊടുക്കുന്നുണ്ട്. എന്നാൽ പല പോലീസ് സ്റ്റേഷനുകളിൽനിന്നും സർട്ടിഫിക്കറ്റ് കൊടുക്കുന്നില്ല. ഇത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് പരിഹാരം കാണാൻ ശ്രമിക്കുമോ?

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, അക്കാര്യവും ഗൗരവമായി കണക്കിലെടുത്തുകൊണ്ട് പരിഹാരമുണ്ടാക്കാൻ നോർക്ക ഡിപ്പാർട്ടുമെന്റ് ശ്രമിക്കുന്നതാണ്.

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഈ ഭേദഗതി ഇവിടെ കൊണ്ടുവന്നത് വളരെ നല്ല ഉദ്ദേശത്തോടുകൂടിയാണ്. പക്ഷേ ഇതിനകത്ത് ചെറിയ പ്രശ്നങ്ങളുണ്ട്. ഇതിൽ രണ്ടാം വകുപ്പ് (എ) യിൽ 55 വയസ്സ് പൂർത്തിയായിട്ടുള്ളതും എന്നാൽ 60 വയസ്സ് പൂർത്തിയാകുന്നതിനുമുമ്പ് ക്ഷേമനിധിയിൽ അംഗമാകുകയും അഞ്ചുവർഷത്തിൽ കുറയാതെ അംശദായം അടയ്ക്കുകയും ചെയ്തിട്ടുള്ളതുമായ അംഗങ്ങൾക്കും കൽപ്പിത

അംഗങ്ങൾക്കും പെൻഷൻ നൽകുന്നതാണ് എന്നാണ് ഭേദഗതി ബില്ലിൽ വന്നിട്ടുള്ളത്. എന്നാൽ പ്രിൻസിപ്പൽ ആക്ട് 3 (4) (എ) യിൽ 60 വയസ്സ് പൂർത്തിയാകുന്നവർക്കും അഞ്ചുവർഷം അംശദായം അടച്ചിട്ടുള്ളവർക്കും പെൻഷൻ നൽകാൻ വ്യവസ്ഥ ചെയ്തിരിക്കുന്നു. അങ്ങനെയാണെങ്കിൽ ഭേദഗതി വരുത്തിയ പ്രകാരമുള്ള അംഗങ്ങൾക്ക് പെൻഷൻ നൽകുന്നത് എത്രാമത്തെ വയസ്സിലാണ്; ഇതിൽ ഇപ്പോഴത്തെ ഭേദഗതി പ്രകാരം 59-ാമത്തെ വയസ്സിലും 59 വയസ്സും 10 മാസമായാലും ഒരാൾക്ക് അംഗത്വമെടുക്കാം. രണ്ടുമാസം കൊണ്ട് പണമടച്ചയാൾ എങ്ങനെയാണ് പെൻഷൻ കൊടുക്കുന്നതിന് അർഹനാകുന്നത്; അതുപോലെ തന്നെ 60 വയസ്സാണെങ്കിൽ അഞ്ചുവർഷത്തെ അംശദായം അടയ്ക്കുന്നതിനുള്ള ബദൽ നിർദ്ദേശം ഉൾപ്പെടുത്തിയിട്ടുണ്ടോ; വൺടൈം പോലുള്ള നിർദ്ദേശം വേണ്ടേ? അതുപോലെ അഞ്ചുവർഷത്തെ അംശദായം പൂർണ്ണമായി അടച്ചാൽ മാത്രമേ പെൻഷന് അർഹത നേടാൻ കഴിയുകയുള്ളുവെങ്കിൽ അത് പ്രിൻസിപ്പൽ ആക്ടിലെ 3 (4) (എ)-യ്ക്ക് വിരുദ്ധമല്ലേ? അതായത് ഒരിടത്ത് വയസ് പറയുന്നത് 55 ആണ്. അങ്ങനെ പരസ്പരവിരുദ്ധമായി പ്രിൻസിപ്പൽ ആക്ടിലും ഭേദഗതി ബില്ലിലും നിലനിൽക്കുമ്പോൾ ഈ ആക്ട് നടപ്പിലാക്കാൻ വലിയ പ്രയാസം ഉണ്ടാകും. അക്കാര്യത്തിൽ ഞാനൊരു ഭേദഗതി കൊണ്ടുവന്നിട്ടുണ്ട്. അങ്ങ് ഇത് പരിശോധിച്ചു നോക്കി പറ്റുമെങ്കിൽ എടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഭേദഗതി അവതരിപ്പിക്കുമ്പോൾ ഇക്കാര്യം പറയാൻ കഴിയാത്തതുകൊണ്ടാണ് ഞാൻ ഇക്കാര്യം പറഞ്ഞത്.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, അങ്ങ് പറഞ്ഞത് ഗൗരവമായ കാര്യമാണെങ്കിലും അതിനാവശ്യമായ നടപടികൾ ഈ ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ക്ഷേമനിധിയിൽ അംഗമാകാനുള്ള പ്രായപരിധി 60 വയസ്സായി ഉയർത്തിയ ഭേദഗതിക്ക് 2009 ഫെബ്രുവരി 24 മുതൽ മുൻകാല പ്രാബല്യം കൊടുത്തിട്ടുണ്ട്. 2009 ഫെബ്രുവരി 24-ാം തീയതി 60 വയസ് പൂർത്തിയായിട്ടില്ലാത്ത ആളുകൾക്ക് ഈ ഭേദഗതിക്ക് ശേഷം ക്ഷേമനിധിയിൽ അംഗത്വമെടുക്കാൻ സാധിക്കും. അവർ 5 കൊല്ലത്തിൽ കുറയാതെ അംശദായം അടച്ചുകഴിഞ്ഞാൽ അവർക്കും കല്പിത അംഗങ്ങൾക്കും പെൻഷൻ കൊടുക്കുന്നതാണ്. അതുകൊണ്ട് ഈ നിയമം പാസ്സായിക്കഴിഞ്ഞാൽ 2009 ഫെബ്രുവരി 24-ന് ശേഷം 60 വയസ് പൂർത്തിയാകാത്ത ആർക്കും അപേക്ഷിക്കാൻ സാധിക്കും. അതുകൊണ്ട് അങ്ങ് പറഞ്ഞ പ്രയാസം ഉണ്ടാകുമെന്ന് തോന്നുന്നില്ല.

<u>ശ്രീ. എം. ഉമ്മർ:</u> സർ, ചിലർക്ക് 60 വയസ്സ് കഴിഞ്ഞാലും തുടരേണ്ടിവരും. 60 വയസ്സിൽ ക്ഷേമനിധിയിൽ അംഗമാകുന്ന ഒരാൾക്ക് 65 വയസ്സാകുമ്പോൾ മാത്രമേ റിട്ടയർ ചെയ്യാൻ സാധിക്കുകയുള്ളൂ. 60 വയസ്സിൽ പെൻഷൻ കൊടുക്കുകയെന്നാണ് പ്രിൻസിപ്പൽ ആക്ടിൽ പറയുന്നത്. അപ്പോൾ 60 വയസ്സിലും

65 വയസ്സിലും പെൻഷൻ കൊടുക്കേണ്ടിവരും. അതിന് ഒരു വ്യക്തതയില്ലാതെ പരസ്പര വിരുദ്ധമായാണ് നിലനിൽക്കുന്നത്. അതുകൊണ്ട് അങ്ങ് അത് പ്രത്യേകം ശ്രദ്ധിക്കണം. അല്ലെങ്കിൽ ഇംപ്ലിമെന്റ് ചെയ്യുന്ന സ്റ്റേജിൽ വളരെ പ്രയാസമുണ്ടാകും. രണ്ട് പ്രായം ഒരേ ആക്ടിൽ നിലനിൽക്കുകയാണ്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, അങ്ങനെ വരില്ല. കാരണം, ക്ഷേമനിധിയിൽ അംഗമാകാനുള്ള പ്രായം 55-ൽ നിന്ന് 60 ആയി വർദ്ധിപ്പിക്കുകയാണ്. ഈ ഭേദഗതി പാസ്സായിക്കഴിഞ്ഞാൽ 2009 ഫെബ്രുവരി 24-ന് 60 വയസ്സ് പൂർത്തിയാകാത്ത ആർക്കും അപേക്ഷിക്കുവാൻ സാധിക്കും. അവരുടെ അപേക്ഷയ്ക്ക് മുൻകാല പ്രാബല്യവും ഉണ്ടാകും. പക്ഷെ, അഞ്ച് കൊല്ലം അംശദായം അടച്ചാൽ മാത്രമേ പെൻഷൻ കൊടുക്കാൻ സാധിക്കുകയുള്ളൂ.

ഇവിടെ ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ചത് ശ്രീ. എൻ. എ. നെല്ലിക്കുന്നും ശ്രീ. പി. ടി. എ. റഹീമുമാണെങ്കിലും ശ്രീ. കെ. വി. അബ്ദുൾ ഖാദർ അടക്കമുള്ളവരുടെ സജീവമായ ഇടപെടലിന് തീർച്ചയായും വളരെയേറെ നന്ദി രേഖപ്പെടുത്തുന്നു. ഇനി 17-ാം തീയതി എൻ.ആർ.ഐ. കമ്മീഷനെക്കുറിച്ച് ചർച്ച ചെയ്യുന്നുണ്ട്. ആ സമയത്ത് നമുക്ക് വിശദമായി ചർച്ച ചെയ്യാം. സമയ പരിമിതിമൂലം ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണ്.

മി. സ്പീക്കർ: ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 1 (എ) ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 1 (എ) ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ടി. എ. റഹീം അവതരിപ്പിച്ച 2 (ബി) ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. ടി. എ. റഹീം: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി. ടി. എ. റഹീം അവതരിപ്പിച്ച 2 (ബി) ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2015-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .................

പ്രതികൂലിക്കുന്നവർ .................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

2-ാം വകുപ്പ്

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

114. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിലെ വകുപ്പ് 3(4)-ൽ ചേർക്കാനുദ്ദേശിക്കുന്ന ഖണ്ഡം (എഎ)-യിൽ, 'അൻപത്തി അഞ്ച് വയസ്സ്' എന്നതിനുപകരം 'അറുപത്തിരണ്ട് വയസ്സ്' എന്ന് ചേർക്കുക.

ശ്രീ. ആർ. രാജേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

115. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിലെ വകുപ്പ് 3(4)-ൽ ചേർക്കാനുദ്ദേശിക്കുന്ന ഖണ്ഡം (എഎ)-യിൽ, "അറുപത് വയസ്സ്" എന്നീ വാക്കുകൾക്കുപകരം "അറുപത്തിരണ്ട് വയസ്സ്" എന്നീ വാക്കുകൾ ചേർക്കുക.

ചീഫ് വിപ്പ് (ശ്രീ. തോമസ് ഉണ്ണിയാടൻ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

123. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിലെ വകുപ്പ് 3(4)ൽ ചേർക്കാനുദ്ദേശിക്കുന്ന ഖണ്ഡം (എഎ) യിൽ, "അഞ്ച് വർഷത്തിൽ" എന്നീ വാക്കുകൾക്കു പകരം "രണ്ട് വർഷത്തിൽ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീമതി കെ. എസ്. സലീഖ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

125. ഖണ്ഡം 2 പ്രകാരം പ്രധാന ആക്ടിലെ വകുപ്പ് 3 (4)-ൽ, ചേർക്കാനുദ്ദേശിക്കുന്ന ഖണ്ഡം (എഎ) താഴെപ്പറയും പ്രകാരം മാറ്റുക:

"(എഎ) അൻപത്തിയെട്ട് വയസ്സ് പൂർത്തിയായിട്ടുള്ളതും എന്നാൽ അറുപത്തിരണ്ട് വയസ്സ് പൂർത്തിയാകുന്നതിനുമുമ്പ് ക്ഷേമനിധിയിൽ അംഗമാകുകയും അറുപത്തിരണ്ട് വയസ്സിനു മുമ്പ് മൂന്നു വർഷത്തിൽ കുറയാത്ത അംശദായം അടയ്ക്കുകയും ചെയ്തിട്ടുള്ളതുമായ അംഗങ്ങൾക്കും കല്പിതാംഗങ്ങൾക്കും പെൻഷനും ചികിത്സാ സഹായങ്ങൾ ഉൾപ്പെടെ മറ്റ് അത്യാവശ്യ സഹായങ്ങളും നൽകുന്നതിനും ആയത് ഉറപ്പു വരുത്തുന്നതിനും പ്രവാസി കേരളീയർ (വിദേശം) മരണപ്പെട്ടാൽ അവരുടെ കുടുംബാംഗങ്ങൾക്ക് വേണ്ടുന്ന ധനസഹായം ഉൾപ്പെടെ നൽകുന്നതിനും"

ശ്രീ. കെ. വി. വിജയദാസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

129. ഖണ്ഡം 2 പ്രകാരം പ്രധാന ആക്ടിലെ വകുപ്പ് 3(4)-ൽ, ചേർക്കാനുദ്ദേശിക്കുന്ന ഖണ്ഡം (എഎ) താഴെപ്പറയും പ്രകാരം മാറ്റുക:

" (എഎ) അൻപത്തിയഞ്ച് വയസ്സ് പൂർത്തിയായിട്ടുള്ളതും എന്നാൽ അറുപത്തിയഞ്ച് വയസ്സ് പൂർത്തിയാകുന്നതിനുമുമ്പ് നിധിയിൽ അംഗമാവുകയും നാല് വർഷത്തിൽ കുറയാതെ അംശദായം അടയ്ക്കുകയും ചെയ്തിട്ടുള്ളതുമായ അംഗങ്ങൾക്കും കല്പിത അംഗങ്ങൾക്കും പെൻഷൻ നൽകുന്നതിന് "

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

130. ഖണ്ഡം 2 പ്രകാരം പ്രധാന ആക്ടിലെ വകുപ്പ് 3(4)-ൽ, ചേർക്കാനുദ്ദേശിക്കുന്ന (എഎ) ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധനയും വിശദീകരണവും ചേർക്കുക

" എന്നാൽ, ഈ ഉപവകുപ്പ് പ്രകാരം അംഗത്വം നൽകുന്നത് നിധിയിൽ മുമ്പ് അംഗത്വം നേടുകയും എന്നാൽ അൻപത്തിയഞ്ച് വയസ്സ് പൂർത്തീകരിച്ചു എന്ന കാരണത്താൽ നിയമപരമായി അംഗത്വം നഷ്ടപ്പെട്ടവർക്കുമാത്രമായി നിജപ്പെടുത്തിയിരിക്കുന്നതും, അങ്ങനെയുള്ള അംഗങ്ങൾക്ക് അഞ്ചുവർഷത്തെ അംശദായം ഒറ്റത്തവണ അടയ്ക്കാവുന്നതുമാകുന്നു. പ്രസ്തുത അംഗങ്ങൾക്ക് മാത്രം 60 വയസ്സിൽ അംഗത്വം നഷ്ടമാകും എന്ന വ്യവസ്ഥ ബാധകമല്ല.

വിശദീകരണം:— പ്രധാന ആക്ടിലും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലും പദ്ധതിയിലും എന്തുതന്നെ അടങ്ങിയിരുന്നാലും 2 (എഎ) ഉപവകുപ്പ് പ്രകാരം അപേക്ഷ നൽകിയിട്ടുള്ള ഏതൊരാൾക്കും അംഗത്വം നല്കുകയും അപ്രകാരം ആനുകൂല്യങ്ങൾ നൽകുകയും ചെയ്തതുമായി ബന്ധപ്പെട്ട എല്ലാ നടപടികളും, അപ്രകാരം നൽകിയിട്ടുള്ള അംഗത്വവും ആനുകൂല്യങ്ങളും ഈ ആക്ട് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്ടിന്റെ കീഴിൽ സാധുതയോടെ എടുത്തതായും നൽകിയതായും കരുതപ്പെടേണ്ടതും, ഇതു സംബന്ധിച്ച യാതൊരു വ്യവഹാരവും നിലനിൽക്കുന്നതല്ല."

ഇതുമായി ബന്ധപ്പെട്ട് മൂന്ന് ഭേദഗതികൾ ഞാൻ കൊണ്ടുവന്നിട്ടുണ്ട്. അങ്ങ് ആകെ ഒരു ക്ലോസ്സിൽ മാത്രമേ ഈ ഭേദഗതി കൊണ്ടുവന്നിട്ടുള്ളൂ. എന്റെ ഭേദഗതികൾ കൂടി അങ്ങ് കൂട്ടി വായിച്ചുനോക്കണം. അങ്ങ് മൈന്റ് അപ്ലൈ ചെയ്യണമെന്നാണ് എനിക്ക് പറയാനുള്ളത്. എന്റെ ഭേദഗതി വരുകയാണെങ്കിൽ അംഗങ്ങൾക്ക് പൂർണ്ണമായ പ്രൊട്ടക്ഷൻ കൊടുക്കുകയും പുറത്തുപോയ പരിമിതമായ അംഗങ്ങൾക്ക് മാത്രം അംഗത്വം കൊടുക്കുകയും ചെയ്യാം. ബാക്കിയുള്ളത് കൃത്യമായി പോകുകയും ചെയ്യും. അല്ലാതെ ഈ നിയമം പാസ്സായിക്കഴിഞ്ഞാൽ ഒരാൾ കോടതിയിൽ പോയാൽ ഇത് നിലനിൽക്കില്ലെന്ന് എനിക്കുറപ്പുണ്ട്. അതല്ലായെങ്കിൽ അടുത്ത ഒന്നോ രണ്ടോ മാസത്തിനുള്ളിൽ അമന്റ്മെന്റായി ഇവിടെ വീണ്ടും വരുമെന്നുള്ള കാര്യവും എനിക്കുറപ്പാണ്. അതുകൊണ്ട് അങ്ങ്

മെൻറ് അപ്പെ ചെയ്ത് ഒന്നോ രണ്ടോ മിനിട്ടെടുത്ത് ആലോചിച്ച് ഇത് സ്വീകരിക്കണമെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

131. ഖണ്ഡം 2 പ്രകാരം പ്രധാന ആക്ടിലെ വകുപ്പ് 3(4)-ൽ ചേർക്കാനുദ്ദേശിക്കുന്ന ഖണ്ഡം (എഎ) ക്കുശേഷം താഴെ പറയുന്ന ഖണ്ഡം (എബി) ആയി ചേർക്കുക.

" (എബി) അറുപത് വയസ്സ് പൂർത്തിയാവുന്ന അംഗത്തിന് അദ്ദേഹം അതുവരെ അടച്ച അംശദായ തുകയ്ക്ക് സമമായ തുക മടക്കി നൽകുന്നതിന്"

അഞ്ച് വർഷം അംശാദായം അടയ്ക്കണമെന്ന് നിർബന്ധം പിടിക്കേണ്ടെന്നാണ് എന്റെ അഭിപ്രായം. മൂന്ന് വർഷമേ അംശദായം അടയ്ക്കുന്നുള്ളുവെങ്കിൽ അതിനനുസരിച്ച് കൊടുത്താൽ മതി. അംശദായം അഞ്ചുവർഷത്തിൽ താഴെ ആയാലും അദ്ദേഹം എത്ര വർഷമാണോ അടച്ചത് ആ തുക മടക്കിക്കൊടുക്കാവുന്നതാണ്. ആ രൂപത്തിൽ ഭേദഗതി ചെയ്യുന്നതായിരിക്കും നല്ലത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഏതെങ്കിലും ഭേദഗതികൾ അംഗീകരിക്കുന്നുണ്ടോ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ശ്രീ. എം. ഉമ്മർ പ്രഗത്ഭനായ ഒരു അഭിഭാഷകനാണ്. അദ്ദേഹം പറഞ്ഞ വിശദീകരണ ക്ലോസ്സുകളെല്ലാം അഞ്ചാം വകുപ്പിലെ സാധൂകരണ ക്ലോസ്സിലുണ്ട്. മറ്റൊരു കാര്യം, 2009 ഫെബ്രുവരി 24 മുതൽ ഈ ബില്ലിന് പിൻകാല പ്രാബല്യമുള്ളതുകൊണ്ട് ആ തീയതിയിൽ 60 വയസ്സ് പൂർത്തിയായിട്ടില്ലാത്തവർക്കെല്ലാം ഇനിയും അംഗത്വം എടുക്കാം. അവർ അഞ്ച് വർഷം അംശദായം അടയ്ക്കണം. കാരണം അംശദായം ഒരുമിച്ച് അടച്ചുകഴിഞ്ഞാൽ പിറ്റേദിവസം പെൻഷൻ കൊടുക്കേണ്ടിവരും. അത് പ്രയാസമായിരിക്കും. പ്രത്യേകമായ സേഫ്റ്റി ക്ലോസാണിത്. ഇന്നലെ വരെ 55 വയസ്സായാണ് സീൽ ചെയ്തിരുന്നത്. അത് മാറ്റി 60 വയസ്സാക്കുകയാണ്. അഞ്ച് വർഷം അംശദായം അടയ്ക്കാതെ പെൻഷൻ കൊടുക്കാൻ നിവൃത്തിയില്ല. അതാണ് നിയമ വകുപ്പിന്റെയും അഭിപ്രായം. ഭേദഗതികൾ അംഗീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എ. കെ. ശശീന്ദ്രൻ അവതരിപ്പിച്ച 114-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ആർ. രാജേഷ് അവതരിപ്പിച്ച 115-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 123-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 125-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. വി. വിജയദാസ് അവതരിപ്പിച്ച 129-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 130-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 131-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ...........

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ാം വകുപ്പ്

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

132. ഖണ്ഡം 3(i) നീക്കം ചെയ്യുക.

144. ഖണ്ഡം 3(ii) നീക്കം ചെയ്യുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

140. ഖണ്ഡം 3(i) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 6(1)-ൽ "അറുപത് വയസ്സ്" എന്നീ വാക്കുകൾക്കുപകരം "അറുപത്തിഅഞ്ച് വയസ്സ്" എന്നീ വാക്കുകൾ ചേർക്കുക.

150. ഖണ്ഡം 3(ii) പ്രകാരം ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 6(2) -ൽ , "അറുപത് വയസ്സ്" എന്ന വാക്കുകൾക്ക പകരം "അറുപത്തിയഞ്ച് വയസ്സ്" എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

146. ഖണ്ഡം 3(ii)പ്രകാരം ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 6(2) ൽ, " അറുപത് വയസ്സ്" എന്നീ വാക്കുകൾക്ക് പകരം " അറുപത്തി രണ്ട് വയസ്സ് "എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീമതി കെ. എസ്. സലീഖ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

154. ഖണ്ഡം 3(iii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6(8) താഴെ പറയും പ്രകാരം മാറ്റുക:

"(8) ഒരു അംഗം/കല്പിത അംഗത്തിന്റെ അംഗത്വ കാലയളവ്, ക്ഷേമപദ്ധതിയിൽ ഒരംഗമായി ചേരുന്ന തീയതി മുതൽ മൂന്നുവർഷ കാലാവധി പൂർത്തിയാക്കി പെൻഷന് അർഹത നേടുന്ന തീയതി വരെ ആയിരിക്കുന്നതാണ്."

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

155. ഖണ്ഡം 3(iii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6(8) താഴെ പറയും പ്രകാരം മാറ്റുക:

"(8) ഒരംഗത്തിന്റെ അംഗത്വ കാലയളവ് ക്ഷേമപദ്ധതിയിൽ ഒരംഗമായി ചേരുന്ന തീയതി മുതൽ അറുപതു വയസു വരെയോ പെൻഷന് അർഹത നേടുന്നതീയതി വരെയോ ഏതാണ് രണ്ടാമത് വരുന്നത് അതുവരെയായിരിക്കും."

<u>ശ്രീ. കെ. എൻ. എ. ഖാദർ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

157. ഖണ്ഡം 3(iii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6(8)-ൽ, "ഒരംഗമായി" എന്ന വാക്കിന് പകരം "അംഗമായി" എന്ന വാക്ക് ചേർക്കുക.

<u>മി. സ്പീക്കർ:</u> ബഹുമാനപ്പെട്ട മിനിസ്റ്റർ, ഏതെങ്കിലും ഭേദഗതികൾ അംഗീകരിക്കുന്നുണ്ടോ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ശ്രീ. കെ. വി. അബ്ദുൾ ഖാദർ അവതരിപ്പിച്ച 155-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 157-ാം നമ്പർ ഭേദഗതിയും അംഗീകരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. കെ. വി. അബ്ദുൾ ഖാദർ അവതരിപ്പിച്ച 155-ാം ഭേദഗതിയും ശ്രീ. കെ. വി. അബ്ദുൾ ഖാദർ അവതരിപ്പിച്ച 157-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 132, 144 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 140, 150 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി അവതരിപ്പിച്ച 146-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 154-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ,

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ...........

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 4-ാം വകുപ്പ്

ശ്രീ. എം. ഉമ്മർ: സർ, 4-ാം വകുപ്പിൽ എന്റെ 159-ാം നമ്പർ ഭേദഗതിയുണ്ട്.

മി. സ്പീക്കർ: 159-ാം നമ്പർ ഭേദഗതി വകുപ്പ് പൂർണ്ണമായും നീക്കം ചെയ്യാനുള്ളതായതുകൊണ്ട് ക്രമാനുസൃതമല്ല.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .........

പ്രതികൂലിക്കുന്നവർ .........

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

5-ാം വകുപ്പ്

ശ്രീമതി കെ. എസ്. സലീഖ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

173. ഖണ്ഡം 5-ൽ, "അൻപത്തിയഞ്ച് വയസ്സ്" എന്നീ വാക്കുകൾക്കുപകരം "അൻപത്തി എട്ട് വയസ്സ്" എന്നും "അറുപത് വയസ്സ് " എന്നീ വാക്കുകൾക്ക് പകരം "അറുപത്തിരണ്ട് വയസ്സ് " എന്നും ചേർക്കുക.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

176. ഖണ്ഡം 5-ൽ, "കരുതപ്പെടേണ്ടതും അവ സംബന്ധിച്ച് എടുത്തിട്ടുള്ള യാതൊരു നടപടിയും യാതൊരു കോടതിയിലോ മറ്റ് അധികാര സ്ഥാനങ്ങളിലോ ചോദ്യം ചെയ്യപ്പെടാൻ പാടില്ലാത്തതുമാകുന്നു" എന്നീ വാക്കുകൾക്കുപകരം "കരുതപ്പെടേണ്ടതാണ് "എന്ന വാക്ക് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ ഏതെങ്കിലും ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ഭേദഗതികൾ ഒന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 173-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ അവതരിപ്പിച്ച 176-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .........

പ്രതികൂലിക്കുന്നവർ .........

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

മി. സ്പീക്കർ: ബഹുമാന്യരായ അംഗങ്ങൾ ഭേദഗതി അവതരിപ്പിക്കുമ്പോൾ സീറ്റ് മാറിയിരിക്കരുത്. സീറ്റ് മാറിയിരിക്കാൻ പറ്റുന്ന സമയമുണ്ട്, മാറിയിരിക്കാൻ പാടില്ലാത്ത സമയവുമുണ്ട്. അംഗങ്ങളുടെ പേര് വിളിക്കുന്ന സമയത്ത് സീറ്റ് മാറിയിരിക്കാൻ പാടില്ല.

ശ്രീമതി കെ. എസ്. സലീഖ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

107. ശീർഷകത്തിൽ, "(ഭേദഗതി)" എന്ന വാക്കിനും ചിഹ്നത്തിനും പകരം "(ചികിത്സാ സഹായം ഉൾപ്പെടെ അത്യാവശ്യ സഹായങ്ങൾ നൽകൽ ഭേദഗതി)" എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

108. ദീർഘ ശീർഷകം താഴെപ്പറയും പ്രകാരം മാറ്റുക:

"2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്റ്റിൻ പ്രകാരം അംഗത്വം നേടുന്നതിനുള്ള ഉയർന്ന പ്രായപരിധിയിൽ മാറ്റം വരുത്തി അഞ്ച് വർഷത്തിൽ കുറയാത്ത അംശദായം അടച്ചിട്ടുള്ള അംഗങ്ങൾക്കും കല്പിത അംഗങ്ങൾക്കും ആയി പ്രവാസി കേരളീയർക്ക് പ്രത്യേക സഹായ നിധിയിലൂടെ ചികിത്സ ഉൾപ്പെടെ മറ്റ് അത്യാവശ്യ സഹായങ്ങൾ ഉറപ്പുവരുത്തൽ വ്യവസ്ഥ ചെയ്യുന്ന ഒരു ബിൽ".

110. ഖണ്ഡം 1(2)-ൽ, "ഇത് 2009 ഫെബ്രുവരി 24-ാം തീയതി" എന്നതിന് പകരം "ഇത് 2015 ഡിസംബർ 15-ാം തീയതി" എന്നത് ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

109. ഖണ്ഡം 1(1)-ൽ,—

(i)"ആക്റ്റിന് " എന്ന വാക്കിനുപകരം "നിയമത്തിന്" എന്ന വാക്ക് ചേർക്കുക.

(ii)"ആക്റ്റ് " എന്ന വാക്കിനുപകരം "നിയമം" എന്ന വാക്ക് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ ഏതെങ്കിലും ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ഭേദഗതികൾ ഒന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 107, 108, 110 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ.എ. ഖാദർ അവതരിപ്പിച്ച 109-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .........

പ്രതികൂലിക്കുന്നവർ .........

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, 2015-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2015-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .........

പ്രതികൂലിക്കുന്നവർ .........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

### (3) 2015-ലെ ഹിന്ദു പിൻതുടർച്ച (കേരള ഭേദഗതി) ബിൽ

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2015-ലെ ഹിന്ദു പിൻതുടർച്ച (കേരള ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഇത് സെലക്ട് കമ്മിറ്റിക്ക് പോകുന്ന അവസരത്തിൽ ചർച്ച ചെയ്തതാണ്. ഈ സഭയുടെ എല്ലാഭാഗത്തുനിന്നും അനുകൂലിച്ച

ഒരു ഭേദഗതിയാണ്. ഒരു വകുപ്പുമാത്രമേയുള്ളൂ. നമ്മുടെ നിയമത്തിലെ ഒരു അപാകത, അത് ധാർമ്മികമായി ശരിയല്ലെന്ന് സമൂഹത്തിനാകെ ബോധ്യപ്പെട്ട ഒരു സാഹചര്യത്തിൽ കൊണ്ടുവന്ന ഭേദഗതിയാണ്. മരിച്ചുപോയ മകന്റെ അവകാശം കിട്ടിയ അമ്മ, അമ്മയുടെ അവകാശം അമ്മയുടെ കാലശേഷം ആ മരിച്ച മകന്റെ ഭാര്യയ്ക്കും മക്കൾക്കും മാത്രമായി കിട്ടത്തക്ക വിധത്തിലുള്ളൊരു ഭേദഗതിയാണ്. ഇന്ന് നിലവിലുള്ളതനുസരിച്ച് ആ അമ്മയുടെ എല്ലാ അവകാശികൾക്കും കിട്ടും. ഈ മരിച്ചുപോയ മകന്റെ അവകാശികൾക്കും കിട്ടും. പക്ഷേ എല്ലാവർക്കും കൂടി കിട്ടുന്നതിന്റെ ഭാഗമായിട്ടേ കിട്ടുകയുള്ളൂ. അത് തിരുത്തണമെന്ന് എല്ലാവരും അഭിപ്രായപ്പെട്ട സാഹചര്യത്തിൽ അതിനുവേണ്ടി കൊണ്ടുവന്ന ഒരു നിയമമാണ്. ഈ നിയമം സഭ ഐക്യകണ്ഠേന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ. മാത്യു റ്റി. തോമസ്</u>: സർ, വിയോജിപ്പ് രേഖപ്പെടുത്തുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞ പൊതുവികാരം ഈ സഭയുടേതാണ്. ആ വികാരം പരിപൂർണ്ണമായും ഈ നിയമത്തിലൂടെ നടപ്പിലാക്കാൻ പറ്റുമോ എന്ന ആശങ്കമാത്രമാണ് വിയോജനക്കുറിപ്പിലൂടെ ഞാൻ പ്രകടിപ്പിക്കാൻ ശ്രമിക്കുന്നത്. ഇന്ന് നിലവിലിരിക്കുന്ന ഹിന്ദു പിൻതുടർച്ചാവകാശ നിയമം 1956-ലെ കേന്ദ്ര നിയമമാണ്. ആ കേന്ദ്ര നിയമത്തിന് സംസ്ഥാന നിയമസഭ ഒരു ഭേദഗതി ഇപ്പോൾ അവതരിപ്പിക്കുകയാണ്. പിൻതുടർച്ച എന്നുപറയുന്നത് കൺകറന്റ് ലിസ്റ്റിൽപ്പെട്ടതാണ്, സമവർത്തി ലിസ്റ്റിൽപ്പെട്ട വിഷയമാണ്. സമവർത്തി ലിസ്റ്റിൽപ്പെട്ട ഒരു വിഷയത്തെ സംബന്ധിച്ച് സംസ്ഥാന നിയമസഭയ്ക്കും പാർലമെന്റിനും നിയമമുണ്ടാക്കാനുള്ള അവകാശമുണ്ട്. പാർലമെന്റ് ഉണ്ടാക്കുന്ന ഒരു നിയമത്തിന് വിരുദ്ധമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് സംസ്ഥാന നിയമസഭ ഒരു നിയമം നിർമ്മിച്ചാൽ പാർലമെന്റ് ഉണ്ടാക്കിയ നിയമത്തിലെ വ്യവസ്ഥകൾക്കായിരിക്കും അതിപ്രഭാവം. അതായിരിക്കും പ്രിവെയ്ൽ ചെയ്യുന്നത് എന്നാണ് ഭരണഘടനയിലെ വ്യവസ്ഥ. പാർലമെന്റ് ഉണ്ടാക്കിയ ഒരു നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി സംസ്ഥാനം ഒരു വ്യവസ്ഥയുണ്ടാക്കിയാൽ ആ വ്യവസ്ഥയും നിയമവും അസാധുവായിരിക്കുമെന്ന് ഭരണഘടനയുടെ 254-ാം അനുച്ഛേദത്തിൽ പറയുന്നുണ്ട്. എന്നാൽ അതേസമയം തന്നെ ഇൻഡ്യൻ രാഷ്ട്രപതിയുടെ അനുമതിക്കുവേണ്ടി മാറ്റിവയ്ക്കുകയും രാഷ്ട്രപതിയുടെ അനുമതി കിട്ടുകയും ചെയ്തുകഴിഞ്ഞാൽ നിയമസഭ ഉണ്ടാക്കിയ നിയമം പാർലമെന്റ് ഉണ്ടാക്കിയ നിയമത്തിന് വിരുദ്ധമാണെങ്കിൽ പോലും ആ സംസ്ഥാനത്ത് അതിപ്രഭാവമുണ്ടാകും എന്ന ഭരണഘടനയിലെ വകുപ്പ് ഉപയോഗിച്ചുകൊണ്ടാണ് നമ്മൾ ഈ ഭേദഗതിക്ക് തുനിയുന്നത്. ഇവിടെ ഗൗരവമായ പ്രശ്നം ഒരു വ്യക്തിനിയമത്തിലെ ഭേദഗതിയാണ് കൊണ്ടുവരുന്നത് എന്നതാണ്. വ്യക്തിനിയമത്തിലെ അടിസ്ഥാന തത്വമെന്നുപറയുന്നതുതന്നെ "the personal law travels with the person" എന്നാണ്. വ്യക്തി എങ്ങോട്ടു

സഞ്ചരിക്കുന്നുവോ അതോടൊപ്പം തന്നെ ഈ വ്യക്തിനിയമവും അദ്ദേഹത്തോടൊപ്പം പോകും. Hindu Succession ആക്റ്റെന്നു പറയുന്നത് ഏതൊരു ഹിന്ദുവിനും ആപ്ലിക്കബിളായ നിയമമാണ്. ആ ഹിന്ദു എവിടെപ്പോയാലും ഈ നിയമം പ്രാബല്യത്തിൽ വരണം. അപ്പോൾ കേരളത്തിലെ ഒരു ഹിന്ദു മറ്റൊരു സംസ്ഥാനത്തുപോയാൽ കേരള നിയമസഭ ഉണ്ടാക്കിയ നിയമം തമിഴ്നാട് സംസ്ഥാനത്ത് നടപ്പാക്കാൻ കഴിയുമോ; കേരളത്തിന് പുറത്തുള്ള സ്ഥാവരജംഗമ വസ്തുക്കളെ സംബന്ധിച്ച് വിൽപ്പത്രമെഴുതാതെ, കേരളത്തിൽ domiciled ചെയ്ത ഒരു ഹിന്ദു മരണപ്പെട്ടാൽ ഈ നിയമം അദ്ദേഹത്തിന് അവിടെ അപ്ലിക്കബിളാക്കാൻ കഴിയില്ല എന്നുള്ളതാണ് എറ്റവും പ്രധാനപ്പെട്ട പ്രശ്നം. അതുപോലെ നിയമത്തിലെ പ്രധാനപ്പെട്ട വ്യവസ്ഥയാണ് "law of the land" എന്നുപറയുന്നത്. ഈ രാജ്യത്തെ വ്യവസ്ഥ നാട്ടിലെ നിയമം എന്നുപറയുന്നതാണ്. Law of the land എന്നുപറയുന്നത് ഭൂമിയെ സംബന്ധിച്ചുള്ള വ്യവസ്ഥയെന്നല്ല. സമാനമായൊരു പ്രശ്നമുണ്ടായത് ക്രിസ്ത്യൻ സക്സെഷനെ സംബന്ധിച്ച് മേരി റോയി കേസിലാണ്. ദീർഘനാളുകളായി നമ്മുടെ സംസ്ഥാനത്ത് സ്വീകരിച്ചു നടപ്പാക്കിക്കൊണ്ടിരുന്ന നിയമം ക്രിസ്ത്യാനികളെ സംബന്ധിച്ച് ട്രാവൻകൂർ-കൊച്ചിൻ സക്സെഷൻ ആക്ട് എന്നതാണ്. അതിലെ പ്രധാനപ്പെട്ട വ്യവസ്ഥ ഒരു ക്രൈസ്തവ പുരുഷൻ മരണപ്പെട്ടാൽ ആ പിതാവിന്റെ സ്വത്ത് മക്കൾക്ക് തുല്യമായിട്ടല്ല ലഭിക്കുക. ആ സ്വത്ത് ഭാര്യക്കില്ല. ആൺകുട്ടിക്ക് എന്ത് സ്വത്ത് കിട്ടുന്നുവോ ആ സ്വത്തിന്റെ മൂന്നിലൊന്നോ അയ്യായിരം രൂപയോ ഏതാണ് കുറവ് അതുമാത്രമേ ഒരു പെൺകുട്ടിക്ക് കിട്ടുമായിരുന്നുള്ളൂ. അതാണ് കുറേ നാളുകളായി നാട്ടിൽ നടപ്പാക്കിക്കൊണ്ടിരുന്ന നിയമം. 1984 -ൽ സുപ്രീം കോടതി മേരി റോയ് കേസ്സിലൂടെ പറഞ്ഞു Law of the land, ഈ നാട്ടിലെ നിയമം അതല്ല. ക്രൈസ്തവരായ ആളുകൾക്ക് ബാധകമാകുന്നത് ഇന്ത്യൻ സക്സെഷൻ ആക്ട് 1955 നവംബർ മുതൽ നിലവിലുള്ള നിയമം ഇതാണ്. അപ്പോൾ 30 വർഷത്തോളം ഇവിടത്തെ ആളുകൾ സ്വീകരിച്ചു നടപ്പിലാക്കിക്കൊണ്ടിരുന്ന നിയമമാണിത്. Law of the land 1955 മുതൽ ഇന്ത്യൻ സക്സ്സെഷൻ ആക്ട് ആയിരുന്നു നിയമം എന്ന് സുപ്രീം കോടതി പറഞ്ഞപ്പോൾ ഉണ്ടായ പ്രശ്നമെന്താണ്? Law of the land നിലവിൽ വന്നു, നിരവധി കേസ്സുകൾ അതുമൂലം ഉണ്ടായി. അതുകൊണ്ട് പ്രശ്നം തീർന്നില്ല. ഇവിടെയുള്ള വൈരുദ്ധ്യം എന്നുപറയുന്നത് Personal Law travels with the person എന്നു പറയുന്നതും Law of the land എന്നുപറയുന്നതും തമ്മിൽ വൈരുദ്ധ്യമാകുകയാണ്. കേന്ദ്ര നിയമത്തിൽ സംസ്ഥാന നിയമസഭയ്ക്ക് അമെന്റ്മെന്റ് കൊണ്ടുവരാം, ഞാൻ അത് സമ്മതിക്കുന്നു. ഈ വിഷയം അവതരിപ്പിക്കുന്ന സമയത്ത് രാഷ്ട്രപതിയുടെ മുൻകൂർ അനുമതി വേണമെന്ന് ഒരു ആക്ഷേപം ഉന്നയിച്ചിരുന്നു. മുഖ്യമന്ത്രി അതിന് നൽകിയ മറുപടി, പാസ്സാക്കി കഴിഞ്ഞതിനു

ശേഷം അയച്ച് അനുമതി കിട്ടിയാൽ മതി എന്നാണ്. ഞാൻ അതിനോട് പൂർണ്ണമായും യോജിക്കുന്നു. ഇപ്പോൾ ഉള്ള പ്രശ്നമെന്താണ്? കേരളത്തിൽ ജനിച്ച ഒരു ഹിന്ദുവിന് മറ്റൊരു സംസ്ഥാനത്ത് വസ്തു ഉണ്ടെങ്കിൽ ഇപ്പോൾ നമ്മൾ പാസ്സാക്കുന്ന നിയമം അനുസരിച്ച് പേഴ്സണൽ ലാ, അദ്ദേഹത്തോടൊപ്പം തമിഴ്നാട്ടിലോ ആന്ധ്രാപ്രദേശിലോ ചെന്നു ചേരുമോ എന്നാണ്. അവിടുത്തെ ലാ ഓഫ് ദി ലാന്റ് ആകുമോ എന്ന കാര്യത്തിൽ ഒരു വൈരുദ്ധ്യം നിലനിൽക്കുന്നു എന്നുള്ളതുകൊണ്ടു തന്നെ ഈ നിയമ ഭേദഗതിക്ക് വലിയ നിയമപരമായ പ്രശ്നം ഉണ്ട് എന്നതാണ് ഞാൻ പ്രധാനമായും ചൂണ്ടിക്കാണിക്കാൻ ശ്രമിക്കുന്നത്. രണ്ടാമത്തെ പ്രശ്നം, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ ബിൽ അവതരിപ്പിച്ചപ്പോഴും ചർച്ചയിലും ഈ സഭ അംഗീകരിച്ച ഒരു വിഷയമാണ്. സ്വയാർജ്ജിത വസ്തു മകൻ കൈവശം വച്ച് മരണപ്പെട്ടാൽ ഹിന്ദു സക്സെഷൻ ആക്ടിലെ ക്ലാസ്സ് 1 ഹെയറിൽപ്പെട്ട ആളുകൾക്ക് പോകും. അമ്മയുണ്ട്, അമ്മക്ക് ആ വസ്തു ചെന്നുകഴിഞ്ഞാൽ അമ്മക്ക് ആ വസ്തു കരണം ചെയ്യാം, മറ്റാളുകൾക്ക് വിൽക്കാം, മകനും ഭാര്യയും കൂടി ഒരുമിച്ച് സമ്പാദിച്ചെടുത്ത വസ്തു ആണെങ്കിൽ പോലും അമ്മയ്ക്ക് കിട്ടുന്ന ഓഹരി അമ്മയ്ക്ക് കരണം ചെയ്യാം. അമ്മ ജീവിച്ചിരിക്കുന്ന കാലത്ത് മറ്റാളുകൾ വന്ന് വിൽപ്പത്രത്തിന് നിർബന്ധിച്ചാൽ അമ്മ എഴുതുന്ന വിൽപ്പത്രമനുസരിച്ചേ പോകുകയുള്ളൂ. നമ്മളെല്ലാപേരും എന്താണ് ഉദ്ദേശിക്കുന്നത് അത് പരിപൂർണ്ണമായും നടപ്പിലാക്കാൻ കഴിയാത്ത അവസ്ഥയുണ്ടാകും. ഇപ്പോൾ തന്നെ കേരളത്തിലെ നിരവധി കോടതികളിൽ ഇതു സംബന്ധിച്ച് കേസ്സുകൾ നിൽക്കുന്നുണ്ട്. പല ആളുകളും എന്നെ സമീപിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയേയും പല ആളുകളും കണ്ടിട്ടുണ്ട് എന്നാണ് അവർ എന്നോട് വന്നുപറയുന്നത്. എല്ലാപേർക്കും ഈ ഭേദഗതിയുടെ പ്രാരംഭ തീയതി അവരവരുടെ കേസ്സിനെ സംബന്ധിച്ച് ഇപ്പോൾ തന്നെ വകുപ്പ് തിരിച്ചുള്ള പരിശോധനയിൽ പല തീയതികളും നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. ഒന്നുകിൽ ഹിന്ദു സക്സെഷൻ ആക്ട് 1956-ൽ നിലവിൽ വന്ന കാലഘട്ടം മുതൽ പ്രാബല്യത്തിൽ ഉണ്ടെങ്കിൽ നിലവിലിരിക്കുന്ന കേസ്സുകളിൽ ഒരു വ്യക്തതയുണ്ടാകും. ഇതിനോടകം നമ്മൾ ഉദ്ദേശിക്കുന്ന ലക്ഷ്യം മകൻ മരണപ്പെട്ട് അമ്മക്ക് കിട്ടുന്ന വസ്തു അമ്മ വിൽപ്പത്രം എഴുതാതെ മരിച്ചാൽ മകന്റെ അനന്തരാവകാശികൾക്ക് മാത്രമായി ചെല്ലണം എന്നുള്ളതാണ്. അമ്മയ്ക്ക് എത്തിച്ചേരുന്ന വസ്തു പരിപൂർണ്ണമായ അവകാശമായി ഒരു absolute right ആയി അമ്മക്ക് കിട്ടിക്കഴിഞ്ഞാൽ ഹിന്ദു സക്സെഷൻ ആക്ടിലെ പ്രൊവിഷനനുസരിച്ച് തന്നെ പോകില്ലേ? അമ്മയുടെ വസ്തുവിനെ സംബന്ധിച്ച് ഞാൻ മുൻപേ പറഞ്ഞ സംസ്ഥാന പരിധി അവിടെ നിൽക്കട്ടെ. അത് ഞാൻ ഒന്നാമത്തെ വിഷയമായി ചൂണ്ടിക്കാണിച്ചു. അതുമാത്രമല്ല, മകന്റെ വസ്തുവിൽ അമ്മയ്ക്ക് കിട്ടുന്ന അവകാശത്തെ സംബന്ധിച്ച് അമ്മ

ജീവിച്ചിരിക്കുന്ന കാലത്ത് കരണമുണ്ടാക്കിക്കഴിഞ്ഞാൽ അമ്മയ്ക്ക് കിട്ടിയ ഓഹരി വിൽക്കാം, അതിനെ സംബന്ധിച്ച് മറ്റു കരണങ്ങൾ ജനിപ്പിക്കാം, അതിന്മേൽ ഈടുണ്ടാക്കാം, പണയപ്പെടുത്താം, ഇതൊക്കെ ചെയ്തുകഴിഞ്ഞാലും മകന്റെ ബന്ധുക്കൾക്ക് കിട്ടുന്ന ഒരു അവസ്ഥയുണ്ടാകില്ല. അപ്പോൾ എന്താണോ നമ്മൾ ലക്ഷ്യമിടുന്നത് അത് പരിപൂർണ്ണമായി നിർവ്വഹിക്കപ്പെടാൻ കഴിയുന്നില്ല. അതുകൊണ്ട് നിയമത്തിന്റെ വ്യവസ്ഥകളെയും, അതിന്റെ ഉദ്ദേശശുദ്ധിയെയും ഒന്നും ഞാൻ ചോദ്യം ചെയ്യുന്നില്ല. ഒന്ന്, ഞാൻ ആദ്യം പറഞ്ഞ നിയമപരമായ പ്രശ്നം നിലനിൽക്കുന്നു, രണ്ട്, പ്രായോഗികതലത്തിൽ ഈ ബുദ്ധിമുട്ടുകൾ ഉണ്ടാകാൻ പോകുന്നു. നിയമപരമായ കാര്യങ്ങൾ അവിടെ നിൽക്കട്ടെ. ഏതു മതത്തിൽപ്പെട്ട ആളുകളാണെങ്കിലും ജീവിച്ചിരിക്കുന്ന കാലത്ത് അവരുടെ സ്വത്തിനെ സംബന്ധിച്ച് വിൽപ്പത്രം എഴുതാനുള്ള പ്രേരണ കൊടുക്കുക എന്നുള്ളതാണ് നിയമനിർമ്മാണ കർത്താക്കൾ എന്ന നിലയിൽ ഇപ്പോഴത്തെ നിയമത്തിന്റെ പരിധിക്കുള്ളിൽ നിന്നുകൊണ്ട് നാം ചെയ്യേണ്ടുന്ന ഒരു ഉത്തരവാദിത്വം. ആ ഉത്തരവാദിത്വം കൂടി നാം ഏറ്റെടുക്കണം. ഈ രണ്ട് പ്രശ്നങ്ങളാണ് വിയോജനക്കുറിപ്പിലൂടെ ഞാൻ ഉന്നയിക്കാൻ ശ്രമിച്ചത്.

<u>ശ്രീ. ബാബു എം. പാലിശ്ശേരി</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2015-ലെ ഹിന്ദുപിന്തുടർച്ച (കേരള ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഈ ബില്ലിനെ സംബന്ധിച്ച് ഇന്ന് ചർച്ച ചെയ്തതാണ്. ഈ ബില്ലിന്റെ ഉദ്ദേശത്തെയും ലക്ഷ്യത്തെയും സംബന്ധിച്ച് ഒരു അഭിപ്രായവ്യത്യാസവും പൊതുവിൽ ആരും പ്രകടിപ്പിച്ചില്ല. നേരത്തേ ഇവിടെ വിയോജനക്കുറിപ്പ് അവതരിപ്പിച്ചുകൊണ്ട് ശ്രീ. മാത്യു റ്റി.തോമസ് പറഞ്ഞതും മുൻപത്തെ ചർച്ചയിൽ പലരും ഉന്നയിച്ചതുമായ വിഷയം വളരെ പ്രസക്തമാണ്. നമ്മൾ ഭേദഗതിയിലൂടെ പാസ്സാക്കുന്ന ഈ ബിൽ കേന്ദ്ര നിയമത്തിന് വിധേയമായിട്ടു മാത്രമേ നിലനിൽക്കുന്നുള്ളൂ. അത് കേന്ദ്രത്തിൽ അയച്ച് രാഷ്ട്രപതി ഒപ്പിട്ടു വരണം. കേന്ദ്രത്തിൽ നിലവിലുള്ളത് ഹിന്ദു പാരമ്പര്യത്തെ ഉയർത്തിപ്പിടിച്ചുനിൽക്കുന്ന ഒരു ഭരണകൂടമാണ്. അവിടെനിന്നും ഇതിന് അംഗീകാരം കിട്ടും എന്ന ഉറപ്പിന്റെ മുകളിലാണോ ഇത് അവതരിപ്പിക്കുന്നത്; അതല്ല മറ്റെന്തെങ്കിലും ലക്ഷ്യമുണ്ടോ? അങ്ങ് വളരെ സൂത്രശാലിയായ, തന്ത്രശാലിയായ ഒരു ഭരണകർത്താവാണ്. എങ്ങനെ വീണാലും നാലുകാലിൽ വീഴാൻ അങ്ങയെപ്പോലെ മിടുക്കുള്ള ഒരാൾ ഇപ്പോൾ ജീവിച്ചിരിപ്പുണ്ട് എന്നു ഞാൻ കരുതുന്നില്ല. എല്ലാ കാര്യത്തിനകത്തും വളരെ വിദഗ്ദ്ധമായി അത് പ്രയോഗിക്കുന്ന ആളാണ് താങ്കൾ. അതുകൊണ്ടുതന്നെ ഇപ്പറഞ്ഞ നിയമമനുസരിച്ച് അമ്മ മരിച്ചുപോയാൽ ചിലപ്പോൾ മറ്റു മക്കൾക്ക് ലഭിക്കും. അതല്ലെങ്കിൽ സാമ്പത്തിക ബുദ്ധിമുട്ട് ഉള്ള വീടാണ്,

പ്രയാസങ്ങൾ ഉണ്ട്, സഹോദരങ്ങൾക്ക് പ്രയാസമുണ്ട് എന്നാൽ അത് വിൽക്കും. അത് വിറ്റാൽ ഇതിന്റെ പ്രതിഫലം കിട്ടാൻ പോകുന്നില്ല. ഇവിടെ ബഹുമാനപ്പെട്ട മാത്യു റ്റി.തോമസ് പറഞ്ഞതുപോലെ മറ്റൊരു സംസ്ഥാനത്താണ് സ്വത്ത് കിടക്കുന്നതെങ്കിൽ അതും ഇവിടെ കിട്ടാൻ പോകുന്നില്ല. ഇതിന് കേന്ദ്രത്തിന്റെ അംഗീകാരം ഉണ്ടാകണം. അങ്ങനെ പ്രത്യേകിച്ച് ഗുണം ഒന്നും കിട്ടാൻ പ്രാഥമിക നോട്ടത്തിൽ സാധ്യതയില്ലാത്ത ഒരു ബിൽ അവതരിപ്പിക്കുന്നത് എന്തുകൊണ്ടാണ്? എന്താണ് ഇതിന്റെ പുറകിലുള്ള ഉദ്ദേശം എന്ന് എനിക്ക് അറിഞ്ഞുകൂടാ. ഞാൻ പറഞ്ഞതുപോലെ എന്തെങ്കിലും അങ്ങ് കണ്ടിട്ടുണ്ടാകും എന്ന കാര്യം എനിക്കുറപ്പാണ്. അത് അങ്ങേയ്ക്ക് ഗുണകരമാകും എന്ന വിധത്തിൽ അങ്ങ് കണ്ടിട്ടുണ്ടാകും. കാരണം, സമീപകാലത്തെ സംഭവ വികാസങ്ങൾ എല്ലാം നമുക്കറിവുള്ളതാണ്. കത്തി നിൽക്കുന്ന രാഷ്ട്രീയ സാഹചര്യം വന്നു. ആ രാഷ്ട്രീയ സാഹചര്യം വളരെപ്പെട്ടെന്ന് മാറിപ്പോയത് നമ്മളെല്ലാപേരും കണ്ടു. ഒരുപാട് ആളുകൾ ഞങ്ങളുടെ നേതാക്കൾ അടക്കമുള്ളവരുമൊക്കെ ഇന്ന് നടക്കുന്ന ആർ. ശങ്കറിന്റെ പരിപാടിക്ക് മുഖ്യമന്ത്രിയെ വിളിക്കാത്തതിലുള്ള പ്രതിഷേധം കക്ഷിരാഷ്ട്രീയഭേദമെന്യേ പറഞ്ഞു. അത് വിശ്വസിക്കുന്ന ലക്ഷക്കണക്കിന് ആൾക്കാർ കേരളത്തിലുണ്ട്. അതേ സമയത്തു തന്നെ അങ്ങനെയല്ല എന്നു വിശ്വസിക്കുന്ന ലക്ഷക്കണക്കിന് ആൾക്കാരുമുണ്ട്. സോഷ്യൽ മീഡിയയിൽ വന്നു കൊണ്ടിരിക്കുന്ന വാർത്തകളുണ്ട്. അങ്ങയെ വിളിച്ചതും ശ്രീ. വെള്ളാപ്പള്ളിയെക്കൊണ്ട് പിൻവലിപ്പിച്ചതിനു പുറകിലും അങ്ങയുടെ കുർമ്മ ബുദ്ധിയുണ്ട് എന്നു വിശ്വസിക്കുന്ന ആളുകളും പറയുന്ന ആളുകളും കുറിപ്പുകളിടുന്ന ആളുകളുമൊക്കത്തന്നെ നമ്മുടെ നാട്ടിലുണ്ട്. അതുകൊണ്ടാണ് ഞാൻ ഈ ആശങ്ക ഇവിടെ പ്രകടിപ്പിച്ചത്. വളരെ ഗൗരവത്തിൽ മതങ്ങളും ജാതികളുമൊക്കെ ചർച്ച ചെയ്യപ്പെടുന്ന ഒരു കാലഘട്ടത്തിലാണ് നമ്മൾ ജീവിക്കുന്നത്. തീർച്ചയായിട്ടും ആ ചർച്ചകൾ നടക്കുന്ന സമയത്തു തന്നെ ഒരു ലക്ഷ്യം കാണാത്ത ഈ ബിൽ വരികയാണ്. അങ്ങയുടെ കുർമ്മബുദ്ധിയെന്നു ഞാൻ പറഞ്ഞത്, അല്പം വളഞ്ഞതും കൂടിയായതുകൊണ്ട് അത് എന്താണ് ഉദ്ദേശിക്കുന്നതെന്ന് കുറച്ചു കഴിഞ്ഞാലേ അറിയാൻ പറ്റുകയുള്ളൂ. ഹിന്ദു മതത്തിലെ പിൻതുടർച്ചയ്ക്ക് അകത്തുള്ള കുറവ് നികത്തുന്നതിനുവേണ്ടിയാണ് ഇത് അവതരിപ്പിക്കുന്നതെങ്കിൽ നല്ലതു തന്നെ. തീർച്ചയായും അത് മതത്തിനകത്തെ നവോത്ഥാനം ചെറിയ അർത്ഥത്തിലെങ്കിലും വരുന്നതാണ്. ഹിന്ദു മതം എന്നുപറയുന്നത് തന്നെ അടുത്തകാലത്താണ് വന്നത്. അധികം നൂറ്റാണ്ടുകളൊന്നും ആയിട്ടില്ല. അത് ഒരു സംസ്കാരമാണ്. സിന്ധു നദീതടങ്ങളിൽ താമസിച്ചിരുന്ന ആളുകളുടെ സംസ്കാരവും ജീവിതരീതിയുമൊക്കെ മാറി അത് ഒരു മതം എന്ന രൂപത്തിലേയ്ക്ക് വന്നു കഴിഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട സ്പീക്കർ നേരത്തേ ധൃതികൂട്ടി. ഇപ്പോൾ നമ്മുടെ ചീഫ് വിപ്പും എന്നോട് നല്ല

സ്നേഹത്തോടെ പറയുന്നുണ്ട് വേഗം അവസാനിപ്പിക്കണം പ്രധാനമന്ത്രി വരുമ്പോഴേയ്ക്ക് പോകണം എന്നൊക്കെ പ്രധാനമന്ത്രി അവിടെ സമയം തന്നിട്ടുണ്ടോ? കേരള മുഖ്യമന്ത്രിക്ക് വിമാനത്തിൽനിന്ന് ഇറങ്ങി കാറിൽ കയറുന്നതുവരെയുള്ള സമയം നടന്നുകൊണ്ട് സംസാരിക്കാം എന്നുള്ളതല്ലാതെ അവിടെ പ്രത്യേക സമയം തന്നിട്ടില്ലല്ലോ? സാധാരണ പ്രധാനമന്ത്രിമാർ മുഖ്യമന്ത്രിമാർക്ക് കാര്യങ്ങൾ സംസാരിക്കാൻവേണ്ടി സമയം കൊടുക്കേണ്ടത് ഇങ്ങനെയാണോ? പോകാൻ തീരുമാനിക്കുന്നത് നല്ലതു തന്നെ. പക്ഷേ അപമാനിക്കുന്ന തരത്തിലുള്ള സമയമാണ് ചർച്ചയ്ക്ക് കൊടുത്തിട്ടുള്ളത് എന്നുകൂടി മനസ്സിലാക്കണം. പ്രധാനമന്ത്രി ഒരു സംസ്ഥാനത്ത് വന്നാൽ അദ്ദേഹത്തിന് 10 മിനിട്ട് സമയം സംസാരിക്കാൻ ധാരാളം കെട്ടിടങ്ങളും സ്ഥാപനങ്ങളുമൊക്കെ ഉണ്ട്. അവിടെയെവിടെയെങ്കിലുമിരുന്ന് 10 മിനിട്ട് സംസാരിക്കാനുള്ള സമയംപോലും കൊടുക്കാതെ ടോയ് ലെറ്റിലേക്കോ, അല്ലെങ്കിൽ കാറിലേയ്ക്കോ പോകുന്ന സമയത്ത് നമുക്ക് നടന്നു സംസാരിക്കാമെന്നമട്ടിൽ ഒരു മുഖ്യമന്ത്രിയോട് പെരുമാറുന്നതും ശരിയല്ല. ഞാൻ പറഞ്ഞു വന്നത്, മതങ്ങൾക്കുള്ളിൽ നിരവധി നവോത്ഥാനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ഹിന്ദു മതത്തിനകത്തും അതുതന്നെയാണ്. നമുക്കെല്ലാപേർക്കും അറിയാം എല്ലാപേർക്കും ആരാധിക്കുവാൻ കഴിയുന്ന ദൈവം പോലും ഹിന്ദു മതത്തിൽ ഉണ്ടായിരുന്നില്ല. ഒരോരുത്തർക്ക് ഓരോ ദൈവങ്ങളായിരുന്നു. ഒരു മതമെന്നു പറയാൻ പ്രയാസപ്പെടുന്ന രീതിയിൽ തന്നെ പല മതങ്ങളായിരുന്നു. ഉത്തരേന്ത്യയിൽ വൈഷ്ണവരും ശൈവരുമുണ്ട്. വൈഷ്ണവർ ശിവനെ ആരാധിക്കുന്നതിനെതിരാണ്. ശിവനെ ആരാധിക്കുന്നവർ വിഷ്ണുവിനെ ആരാധിക്കുന്നതിന് എതിരാണ്. മുപ്പത്തിമുക്കോടി ദൈവങ്ങളുള്ള ഒരു മതമാണ് ഹിന്ദു മതം. ആ മതത്തിൽ എല്ലാവർക്കും ആരാധിക്കാൻ കഴിയുന്ന ദൈവങ്ങൾ ഈ അടുത്ത കാലത്താണ് രൂപപ്പെട്ട് വന്നത്. നേരത്തെ പാവപ്പെട്ട ഹിന്ദു മത വിശ്വാസികൾക്ക് പ്രത്യേക ദൈവങ്ങളായിരുന്നു. ശിവനും ശ്രീരാമനും ശ്രീകൃഷ്ണനുമുൾപ്പടെയുള്ള കാണാൻ കൊള്ളാവുന്ന ദൈവങ്ങളെ എല്ലാവർക്കും ആരാധിക്കാൻ പറ്റില്ലായിരുന്നു. താഴ്ന്ന ജാതിയിൽപ്പെട്ടവർക്ക് പ്രത്യേകതരം ദൈവങ്ങളായിരുന്നു. നമുക്കറിയാം പറക്കുട്ടി, ഗുളികൻ, ചാത്തൻ നിങ്ങൾ അവരെയെല്ലാം ആരാധിച്ചോളൂ. ശിവനെയും വിഷ്ണുവിനെയും ആരാധിക്കാൻ കഴിയില്ല എന്ന ഒരു വിശ്വാസ രീതിയാണ് അതിനകത്തുണ്ടായിരുന്നത്. അതൊക്കെയാണ് ഇപ്പോൾ മാറി ഒരു മതം എന്ന രൂപത്തിൽ വന്നത്. അതൊന്നും ഒരു സുപ്രഭാതത്തിൽ ഉണ്ടായതല്ല അതിന്റെ പിന്നിൽ നിരവധി പ്രക്ഷോഭങ്ങൾ ഉണ്ടായിട്ടുണ്ട്. ആ പ്രക്ഷോഭങ്ങളെപ്പറ്റി നമുക്കെല്ലാപേർക്കു മറിയാം. ശ്രീനാരായണ ഗുരുദേവനേയും അയ്യൻകാളിയേയും പോലുള്ള സാമൂഹ്യ പരിഷ്കർത്താക്കളായ ആളുകളുടെയെല്ലാം വലിയ പോരാട്ടത്തിന്റെ ഫലമായിട്ടാണ് ഇതെല്ലാമുണ്ടായതെന്ന്

നമുക്കെല്ലാപേർക്കും അറിയാം. അതോടൊപ്പം നമുക്കെല്ലാപേർക്കും അറിയാവുന്ന ഒരു വസ്തുതകൂടിയുണ്ട്. ഇതുപോലുള്ള സാമൂഹിക പരിഷ്കരണ പോരാട്ടങ്ങൾ കേരളത്തിൽ മാത്രമല്ല നടന്നിട്ടുള്ളത്. തമിഴ്നാട്ടിൽ ഇതിനേക്കാൾ വലിയ പ്രക്ഷോഭങ്ങൾ ഇ.വി. രാമസ്വാമി നായ്ക്കരുടെ നേതൃത്വത്തിൽ നടന്നിട്ടുണ്ട്. അതുപോലെ മഹാരാഷ്ട്രയിലും ഇത്തരം പ്രക്ഷോഭങ്ങൾ നടന്നിട്ടുണ്ട്. പക്ഷേ അവിടെയൊന്നും ഈ മാറ്റങ്ങൾ ഉണ്ടായിട്ടില്ല. മാറ്റങ്ങൾ ഉണ്ടായത് കേരളത്തിൽ മാത്രമാണ്. കാരണം, അത്തരം പോരാട്ടങ്ങൾ ഏറ്റെടുക്കാനും പിൻതുടരാനുമൊക്കെ കമ്മ്യൂണിസ്റ്റ് പാർട്ടി ഇവിടെയുള്ളതു കൊണ്ടാണ് സ്ഥായിയായ മാറ്റങ്ങൾ കേരള സംസ്ഥാനത്ത് ഉണ്ടായത്. ആ പോരാട്ടങ്ങളിലൂടെ നാം നേടിയെടുത്ത ഒട്ടനവധി കാര്യങ്ങളുണ്ട്. എത്രയോ നൂറ്റാണ്ടുകളായി അടിമകളെപ്പോലെവഴി നടക്കാനും പരസ്പരം കാണാനും സ്പർശിക്കാനുമുള്ള അവകാശമില്ലാതെ അക്ഷരം പഠിക്കാനുള്ള അവകാശമില്ലാതെ വലിയൊരു ജനവിഭാഗം ഇവിടെയുണ്ടായിരുന്നു. ബഹുഭൂരിപക്ഷം വരുന്ന ആ ജനതയെ സ്വാതന്ത്ര്യത്തിന് ശേഷവും നിയമനിർമ്മാണത്തിന് ശേഷവുമൊക്കെ വിമോചനത്തിലൂടെ വലിയ മാറ്റങ്ങളുണ്ടാക്കാൻ സാധിച്ചു. അങ്ങനെ അവരുടെ ജീവിതത്തിൽ ഏറ്റവും വലിയ മാറ്റമുണ്ടായത് സംവരണത്തിലൂടെയാണ്. ആ സംവരണം അനുഭവിച്ചുകൊണ്ട് അതിലൂടെ എത്രയോ പാവപ്പെട്ട പിന്നണിയിൽ കിടന്ന ആളുകളുടെയെല്ലാം മക്കൾ ഇന്ന് പഠിച്ചുയർന്ന് ഉന്നത സ്ഥാനങ്ങളിലെത്തി. നമ്മുടെ രാഷ്ട്രപതിയായി കെ. ആർ. നാരായണനും പരമോന്നത കോടതിയുടെ ചീഫ് ജസ്റ്റിസായി ശ്രീ. കെ. ജി. ബാലകൃഷ്ണനും നിയമിതരായത് നമുക്കറിയാം ഇതുപോലുള്ള എത്രയോ ആളുകൾ ഉന്നത സ്ഥാനങ്ങൾ അലങ്കരിച്ചു. ഇന്ന് വളരെ പ്രധാനപ്പെട്ട ഒരു ദിവസമാണ്. ഇന്ന് നടക്കാൻ പോകുന്ന കാര്യം വളരെ പ്രധാനപ്പെട്ട ഒന്നാണ്. സംവരണം വേണ്ട എന്ന് പറയുന്നവർ രാജ്യം ഭരിക്കുന്നു. അതിനോട് സമരസപ്പെടാൻ തയ്യാറായി ഒരു വിഭാഗം ആളുകൾ നിൽക്കുന്നു. ശ്രീനാരായണ ഗുരുദേവന്റെ പേരിലുള്ള പ്രസ്ഥാനങ്ങളെല്ലാം അതിനായി തയ്യാറായി നിൽക്കുകയാണ്. സംവരണം വേണ്ടായെന്നുള്ള ഒരു സാഹചര്യം നമ്മുടെ രാജ്യത്ത് ഉണ്ടായിരിക്കുകയാണ്. അത്തരം ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. തീർച്ചയായും ഇത് വല്ലാത്ത അധഃപതനവും വല്ലാത്ത ചതിയുമാണ്. ഞാൻ ദീർഘിപ്പിക്കുന്നില്ല. ഈ സാഹചര്യവും പശ്ചാത്തലവുമെല്ലാം വച്ചുകൊണ്ട് തീർച്ചയായും ഈ ബിൽ എന്തിനുവേണ്ടി അവതരിപ്പിക്കുന്നു എന്നതിനെപ്പറ്റി ഒരു ആശങ്കയുണ്ട്. പക്ഷേ ഈ ബില്ലിലെ ഗുണവശങ്ങളെ ഞാൻ എതിർക്കുന്നില്ല.

ശ്രീ. എ. കെ. ബാലൻ : സർ, നേരത്തെ ശ്രീ. മാത്യു റ്റി. തോമസ് ചോദിച്ച ഒരു കാര്യത്തെപ്പറ്റി മറുപടി പറഞ്ഞില്ല. ഹിന്ദു മത വിശ്വാസിയായ ഒരാളുടെ അമ്മ ജീവിച്ചിരിക്കുമ്പോൾ അവരുടെ പ്രോപ്പർട്ടി വിൽക്കുവാനോ പണയം വയ്ക്കുവാനോ കഴിയുമോ?

ശ്രീ. ബാബു എം. പാലിശ്ശേരി : സർ, ഒന്നും ചെയ്യാൻ കഴിയില്ല. അതുകൊണ്ടാണ് ഞാൻ തുടക്കത്തിൽ പറഞ്ഞത് ഈ ബിൽ കൊണ്ട് ഒരു ഗുണവും ഉണ്ടാകാൻ പോകുന്നില്ലായെന്ന്. കാരണം, അമ്മ തീരുമാനിക്കുകയാണ് അല്ലെങ്കിൽ അമ്മയെക്കൊണ്ട് മറ്റുള്ളമക്കൾ തീരുമാനിപ്പിക്കുകയാണ്. അവർ നിർബന്ധിക്കുകയാണെങ്കിൽ അവിടെ ഒരു പുതിയ സാഹചര്യം ഉരിത്തിരിഞ്ഞ് വരികയാണ്. അങ്ങനെ വരുമ്പോൾ ആ പ്രോപ്പർട്ടി വിറ്റുപോകും. അതുപോലെ മറ്റൊരു സംസ്ഥാനത്താണ് കിടക്കുന്നതെങ്കിലും ആ പ്രോപ്പർട്ടിയും ഉപയോഗിക്കാൻ കിട്ടില്ല. ഈ ഭൂമി കിട്ടിയ വിവരംപോലും അറിയാത്ത അമ്മ ആകസ്മികമായി പെട്ടെന്ന് മരിച്ചുപോയാൽ ഒരു പക്ഷേ അവരുടെ മക്കൾക്ക് വന്നു ചേരുമെന്നല്ലാതെ മറ്റൊരു ഗുണവും ഇതുകൊണ്ട് ഉണ്ടാകുന്നില്ല. ഇപ്പോൾ നിരവധി പ്രധാനപ്പെട്ട ബില്ലുകൾ അവതരിപ്പിക്കാനുണ്ടായിരിക്കെ അതിന്റെ കൂട്ടത്തിൽ ഈ ബിൽ വളരെ ധൃതിപ്പെട്ട് അവതരിപ്പിക്കുകയും ഇപ്പോഴത്തെ രാഷ്ട്രീയ സാഹചര്യമെല്ലാം ഉരിത്തിരിയുകയും ഇപ്പോൾ വന്നുപെട്ടിരിക്കുന്ന അവസ്ഥയെല്ലാം ഉണ്ടാവുകയും അങ്ങയെപ്പോലെ അതിവിദഗ്ദനായ തന്ത്രശാലിയായ ഒരാൾ ഇത് അവതരിപ്പിക്കുകയും ചെയ്യുമ്പോൾ ഉണ്ടാകുന്ന ഒരു സംശയവും ആശങ്കയുമാണ് ഞാൻ പങ്ക് വച്ചത്. ഞാൻ എന്റെ വാക്കുകൾ ദീർഘിപ്പിക്കുന്നില്ല.

മി.സ്പീക്കർ : ശ്രീ. ബാബു എം. പാലിശ്ശേരി അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ബാബു എം. പാലിശ്ശേരി : സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി.സ്പീക്കർ : ശ്രീ. ബാബു എം. പാലിശ്ശേരി അവതരിപ്പിച്ച 2 (സി) നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ശ്രീ. മാത്യു റ്റി. തോമസും ശ്രീ. ബാബു എം. പാലിശ്ശേരിയും പറഞ്ഞ കാര്യങ്ങളിൽ ചില പോരായ്മകളുണ്ട്. ആ പോരായ്മകൾ ഈ ഭേദഗതിയിലുമുണ്ട്. അത് നമുക്ക് നിയന്ത്രിക്കാൻ കഴിയുമോ? ഒരു മകൻ മരിച്ച് അമ്മയ്ക്ക് അവകാശം കിട്ടുമ്പോൾ ആ അവകാശത്തിന് നിയന്ത്രണങ്ങൾ വയ്ക്കാൻ കഴിയില്ല. നിയന്ത്രണം വച്ചാൽ ആ സ്വത്ത് കിട്ടുന്നതിന്റെ പ്രയോജനം അമ്മയ്ക്കുണ്ടാകില്ല. അപ്പോൾ അമ്മയ്ക്ക് പൂർണ്ണ സ്വാതന്ത്ര്യമുണ്ട്. ആ സ്വാതന്ത്ര്യമുപയോഗിച്ച് അത് വിൽക്കണമെങ്കിൽ വിൽക്കാം, ആർക്കെങ്കിലും കൊടുക്കണമെങ്കിൽ കൊടുക്കാം. വിൽ എഴുതി വയ്ക്കുന്നുവെങ്കിൽ അങ്ങനെ ചെയ്യാം. ഇങ്ങനെയുള്ള എല്ലാ അവകാശവും അമ്മയ്ക്കുണ്ട്. ഈ ഭേദഗതി കൊണ്ട് ഉദ്ദേശിക്കുന്നത് വിൽഎഴുതിവയ്ക്കാതെ അമ്മ മകനിൽനിന്ന് അമ്മക്ക് കിട്ടിയ സ്വത്ത് അവർ മരിക്കുന്ന സമയത്ത് അവരുടെ അധികാര പരിധിയിലാണെങ്കിൽ അത് ഇന്നത്തെ വ്യവസ്ഥ അനുസരിച്ച് എല്ലാ അവകാശികൾക്കുംകൂടി പോകും. അത് നിയന്ത്രിച്ച് മരിച്ച ആളിന്റെ മക്കളുടെ അവകാശമായി വരുന്ന ഒരു

സാഹചര്യം ഉണ്ടാകണം. ഇതിനകത്ത് ലക്ഷ്യമിടുന്നതു തന്നെ ഈ ലിമിറ്റഡ് ആയിട്ടുള്ള കാര്യമാണ്. ആ ലിമിറ്റേഷൻ ഉണ്ട്. അത് തിരുത്താൻ പോയാൽ അതിനേക്കാൾ വലിയ ഒരു ആക്ഷേപം വരും. അതുകൊണ്ട് ആരെയും ദ്രോഹിക്കാതെ ആർക്കെതിരെയും ഒന്നും കൊണ്ടുവരാതെ അതേ സമയം ഈ അമ്മ മരിക്കുന്ന സമയത്ത് ഈ സ്വത്ത് അവശേഷിക്കുന്നുവെങ്കിൽ അത് മരിച്ചു പോയ മകന്റെ അവകാശികൾക്ക് മാത്രമായി കിട്ടുന്ന ഈ ഭേദഗതിയിൽ നമുക്ക് പൂർണ്ണ തൃപ്തിയില്ലെങ്കിലും പരിമിതമായി ചെയ്യാൻ കഴിയുന്നതാണ്. അതിനോട് സഹകരിച്ച് ഇത് പാസ്സാക്കിത്തരണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. മാത്യു റ്റി. തോമസ്: സർ, വ്യക്തി നിയമം വ്യക്തിയോടൊപ്പം സഞ്ചരിക്കുന്നുവെന്ന് പറയുമ്പോൾ കേരള നിയമസഭ പാസ്സാക്കുന്ന നിയമം മലയാളിയായ ഒരു ഹിന്ദുവിന് അന്യസംസ്ഥാനത്തുള്ള വസ്തുവിനെ എങ്ങനെ ബാധിക്കുമെന്നുള്ളത് നിയമപരമായി പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. ഉമ്മൻ ചാണ്ടി: അത് പരിശോധിച്ചിട്ടില്ല. പക്ഷേ നമ്മുടെ സ്റ്റേറ്റിലുള്ള അവകാശമെങ്കിലും അവർക്ക് കിട്ടുമല്ലോ. പുറത്തുള്ളതിനെക്കുറിച്ച് നമുക്ക് ആലോചിക്കാം. കഴിഞ്ഞ പ്രാവശ്യം ഇതിന് മുൻകാല പ്രാബല്യം കൊടുക്കണമെന്ന ആവശ്യം ഇവിടെ ഉന്നയിച്ചു. ഞങ്ങൾ അത് അങ്ങനെ കൊടുക്കാൻ പറ്റുമോയെന്ന് പരിശോധിച്ചു. പക്ഷേ അത് കൊടുക്കാൻ നിയമപരമായി തടസ്സമുണ്ടായിരുന്നു. അതുകൊണ്ടാണ് അത് നിൽക്കാതെ പോയത്. ശ്രീ. മാത്യു റ്റി. തോമസ് പറഞ്ഞ കാര്യം പരിശോധിക്കാം.

മി. സ്പീക്കർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2015-ലെ ഹിന്ദു പിൻതുടർച്ച (കേരള ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .........

പ്രതികൂലിക്കുന്നവർ .........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

2-ാം വകുപ്പ്

*Smt. K. S. Saleekha:* Sir, I move the following amendment.

114. In section 15(2)(c) proposed to be inserted in the Hindu Succession Act, 1956 (Central Act 30 of 1956) by clause 2, for the words " any property" substitute the words " any properties under the jurisdiction of State of Kerala."

*Shri K. Suresh Kurup* : Sir, I move the following amendment.

118. In section 15(2)(c) proposed to be inserted in the Hindu Succession Act, 1956 (Central Act 30 of 1956) by clause 2, after the words" her pre-deceased son" add the words and symbol "along with the eligible share of undivided property, that was due to the pre-deceased so

*Shri Mathew T. Thomas* : Sir, I move the following amendment.

119. In section 15(2)(c) proposed to be inserted in the Hindu Succession Act, 1956 (Central Act 30 of 1956) by clause 2,—

    (i) after the words "her pre-deceased son" the words "domiciled in Kerala" shall be added.

    (ii) after the words "the property" the following words shall be inserted, namely:—

"both movable and immovable irrespective of the location or place of investment."

ഇവിടെ ഉന്നയിച്ച വിഷയത്തിനുള്ള ഒരു ഭേദഗതിയാണ് ഇത്. അതായത് "her pre-deceased son"എന്ന വാക്കിനു പകരം " domiciled in Kerala" . കേരളത്തിൽ ജീവിച്ച ഒരാളെ എന്നാക്കിയാൽ "the property" എന്നതിനുശേഷം "both movable and immovable irrespective of the location or place of investment" എന്നുകൂടി ചേർത്താൽ മറ്റു വസ്തുക്കളെക്കൂടി ഈ ബില്ലിൽ ഉൾപ്പെടുത്താൻ സാധിക്കുമോ എന്ന് പരിശോധിക്കാനാണ്.

*Shri Thomas Unniyadan* : Sir, I move the following amendments.

121. In section 15(2)(c) proposed to be inserted in the Hindu Succession Act, 1956 (Central Act 30 of 1956) by clause 2, the words "not upon the other heirs referred to in sub-section (1) in the order specified therein, but" shall be deleted.

127. Section 15(2)(c) proposed to be inserted in the Hindu Succession Act, 1956 (Central Act 30 of 1956) by clause 2 shall be recast as follows:

"(c) Notwithstanding anything contained in any law, decree, order or any other judgement, any property inherited by a female Hindu from her pre-deceased son shall devolve upon the heirs of the pre-deceased son from whom she inherited the property."

*Shri K. V. Vijayadas :* Sir, I move the following amendment.

123. In Section 15(2)(c) proposed to be inserted in the Hindu Succession Act, 1956 (Central Act 30 of 1956) by clause 2, insert the words "legally proved" after the words "but upon the"

*Shri M. Ummer :* Sir, I move the following amendment.

125. In Section 15(2)(c) proposed to be inserted in the Hindu Succession Act, 1956 (Central Act 30 of 1956) by clause 2, add the following proviso, namely:—

"provided that the will registered by the deceased mother will become invalid, if the inherited property is not disposed by sale or other ways after the commencement of this Act."

*Shri K. N. A. Khader :* Sir, I move the following amendment.

126. Section 15(2)(c) proposed to be inserted in the Hindu Succession Act, 1956 (Central Act 30 of 1956) by clause 2, shall be recast as follows:

"(c) any property inherited by a female Hindu from her pre-deceased son shall devolve, upon the other heirs referred to in sub-section (1) in the order specifed therein, only if the pre-deceased son from whom she inherited the property has no heirs."

126- ൽ പറഞ്ഞിട്ടുള്ളത് അമ്മയുടെ മരണശേഷം മരിച്ചുപോയ മകന്റെ അനന്തരാവകാശികൾക്ക് കിട്ടാൻ വേണ്ടിയുള്ളതാണ്. മരിച്ചുപോയ മകന് അനന്തരാവകാശികൾ ഇല്ലെങ്കിൽ അമ്മയുടെ മറ്റവകാശികൾക്ക് പോകണമെന്നാണ് ഞാൻ ചേർത്തിട്ടുള്ള ഭേദഗതി.

*Shri A. K. Balan :* Sir, I move the following amendment.

128. Section 15(2)(c) proposed to be inserted in the Hindu Succession Act, 1956 (Central Act 30 of 1956) by clause 2, shall be recast as follows:

"(c) any property vested with a Hindu woman from her deceased son, upon her demise, shall devolve with heirs of the deceased son, from whom the property came into her possession."

*Shri K. Sivadasan Nair :* Sir, I move the following amendments.

130. After Section 15(2)(c) proposed to be inserted in the Hindu Succession Act, 1956 (Central Act 30 of 1956) by clause 2, the following clause shall be inserted, namely:—

"(d) It shall be applicable to all pending litigations in courts."

131. After Section 15(2)(c) proposed to be inserted in the Hindu Succession Act, 1956 (Central Act 30 of 1956) by clause 2, the following clause shall be inserted, namely:—

"(d) It shall have retrospective effect."

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, ഏതെങ്കിലും ഭേദഗതികൾ സ്വീകരിക്കാൻ സാധിക്കുമോ എന്നുനോക്കിയപ്പോൾ സ്വീകരിക്കാൻ ബുദ്ധിമുട്ടുണ്ട്. ഓരോ വകുപ്പും എടുത്തുപരിശോധിച്ചു. റിട്രോസ്പെക്ടീവ് ഇഫക്ട് സാധിക്കില്ല. അതുപോലെ 'movable'-ഉം 'immovable'-ഉം ചേർക്കണമെന്നു പറഞ്ഞിരുന്നു. movable-നും immovable-നും ഇത് ബാധകമായതുകൊണ്ട് അതിന്റെ ആവശ്യമില്ല. അതുകൊണ്ട് ഈ ഭേദഗതികൾ സ്വീകരിക്കാൻ സാധിക്കാത്ത സാഹചര്യമുണ്ട് എന്ന് വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു.

മി. സ്പീക്കർ : ശ്രീമതി കെ.എസ്. സലീഖ അവതരിപ്പിച്ച 114-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 118-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 121, 127 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മാത്യു. ടി. തോമസ് അവതരിപ്പിച്ച 119-ാം നമ്പർ  നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. വി. വിജയദാസ് ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 125-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 126-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 128 -ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 130, 131 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ......

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

*Smt. K. S. Saleekha* : Sir, I move the following amendments.

106. In the title, for the words "(KERALA AMENDMENT)" substitute the words and symbol "(KERALA STATE AMENDMENT)".

107. In the preamble, for the words "State of Kerala" substitute the words "State of Kerala and the places under its jurisdiction."

108. In clause 1(1), for the words and symbols "(Kerala Amendment)" substitute the words and symbols "(Kerala State Amendment)."

110. Clause 1(2), shall be recast as follows:

"(2) It extends to the places as a whole under the jurisdiction of State of Kerala."

113. Clause 1(3), shall be recast as follows:

"(3) It shall be come into force on the 15th day of December, 2015."

*Shri K. N. A. Khader* : Sir, I move the following amendments.

109. In clause 1(2), after the word "Kerala" the words "and the places under its jurisdiction" shall be added.

111. Clause 1(3), shall be recast as follows:

"(3) It shall be deemed to have come into force at once."

*Shri Thomas Unniyadan* : Sir, I move the following amendment.

112. Clause 1(3), shall be recast as follows:

"(3) It shall come into force with effect from 1-6-2011"

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, ഇവിടെ അവതരിപ്പിച്ച ഭേദഗതികൾ സ്വീകരിക്കുന്നതിന് ബുദ്ധിമുട്ടുണ്ട്.

മി. സ്പീക്കർ : ശ്രീമതി കെ.എസ്. സലീഖ അവതരിപ്പിച്ച 106, 107, 108, 110, 113 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ.എ. ഖാദർ അവതരിപ്പിച്ച 109, 111 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 112-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

മി. സ്പീക്കർ : ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ....

പ്രതികൂലിക്കുന്നവർ......

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, 2015-ലെ ഹിന്ദു പിൻതുടർച്ച (കേരള ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : 2015-ലെ ഹിന്ദു പിൻതുടർച്ച (കേരള ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.......

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

മി. സ്പീക്കർ : ഓർഡർ, ഓർഡർ, സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2015 ഡിസംബർ മാസം 16-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ വൈകുന്നേരം 5.03-ന് പിരിഞ്ഞു).